# തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ

**ജോൺ കച്ചിറമറ്റം**

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com

# തിരഞ്ഞെടുത്ത
# മുഖപ്രസംഗങ്ങൾ

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALAYALAM

**Thiranjedutha Mukhaprasngangal**

**By JOHN KACHIRAMATTAM**

FIRST PUBLISHED : 28-12-2004 (5th Birthday ofMaria Kachiramattam, the Grand daughter of the author)
PUBLISHED BY : DR. KACHIRAMATTAM FOUNDATION
COPY RIGHT : DR. KACHIRAMATTAM FOUNDATION
DTP SETTING : C-CAD COMPUTERS, ERATTUPETTA Ph:272852
COVER DESIGN : MILEN JACOB (GRATIA KOTTAYAM)
PRINTED AT : DEEPIKA OFFSET PRINTERS, KOTTAYAM
PRICE : Rs. 350/-

## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
2. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം - ജോൺ കച്ചിറമറ്റം
3. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം - ജോൺ കച്ചിറമറ്റം
4. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
5. കേരള സഭാരത്നങ്ങൾ - ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
6. കേരള സഭാരത്നങ്ങൾ - രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
7. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺ കച്ചിറമറ്റം
8. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺ കച്ചിറമറ്റം
9. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
10. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
11. Homilies and Reflections (2 parts) - Rev.Dr.A.Kachiramattam
12. Why American youth Turn to Budha "
13. Evolution in the human concept of God "
14. Re-discovery of India "
15. Catholic Eastern Churches "
16. Prepare the way of the Lord "
17. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം

## പണിപ്പുരയിൽ

ജാത്യൈക്യസംഘം (ചരിത്രം) - ജോൺകച്ചിറമററം
കേരള സഭാരത്നങ്ങൾ - മൂന്നാം ഭാഗം - "
കേരളദാസൻ എം.എം.വർക്കി ജീവചരിത്രം - "

www.malankaralibrary.com

# തിരഞ്ഞെടുത്ത
# മുഖപ്രസംഗങ്ങൾ

ജോൺ കച്ചിറമറ്റം

പ്രസദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655

04822 - 260434
ഫോൺ - 04822 - 261102
04822 - 260071

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്‌ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്)

നാലുദശാബ്ദക്കാലമായി എ.കെ.സി.സിയുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചിറമറ്റം ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമതിയുടെ ജനറൽ സെക്രട്ടറിയുമാണ്. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ

www.malankaralibrary.com

# സമർപ്പണം

സുശക്തമായ ഒരു സംഘടന കെട്ടിപ്പെടുക്കുന്നതിനുവേണ്ടി അഹോരാത്രം പരിശ്രമിച്ച നിരവധി സമുദായ സ്നേഹികൾ ദിവംഗതരായിട്ടുണ്ട്. എല്ലാ പ്രതിസന്ധികളെയും നേരിട്ട് നിർഭയം പ്രവർത്തിച്ച - പ്രീതിനോക്കാതെയും പേടികൂടാതെയും പ്രവർത്തിച്ച ആ മഹാത്മാക്കളുടെ പാവനസ്മരണയ്ക്കു മുൻപിൽ ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം


റവ. ഫാ. കച്ചിറമറ്റം ഫൗണ്ടേഷൻ ........ xi

ആമുഖം ........ xiii

അവതാരിക *ഷെവ. വർഗ്ഗീസ് കരിപ്പായിൽ* ........ xvii

ഒരു പഠനം *ബി. വെല്ലിംഗ്ടൺ* ........ xx

1 പ്രീതി നോക്കാതെയും
പേടി കൂടാതെയും ........ 29

2 സമുദായസംഘടന എന്തുകൊണ്ട്
വളരുന്നില്ല ........ 31

3 യുവജനസംഘടനയുടെ താക്കീത് ........ 42

4 സേവനതല്പരരായ യുവാക്കളോട് ........ 43

5 വിദേശമിഷനറിമാർ ........ 45

6 അതിർത്തിഗാന്ധിയുടെ ഇന്ത്യാസന്ദർശനം 48

7 ദേവാലയാക്രമണങ്ങൾ ........ 49

8 ഗൂഡല്ലൂർ കുടിയിറക്ക് ........ 50

9 കൊല്ലത്തു നടന്ന ദേവാലയാക്രമണവും ........ 52

10 മുപ്പതുലക്ഷം കത്തോലിക്കരോട് ........ 53

11 അഖിലേന്ത്യാ ബിഷപ്സ് കോൺഫറൻസ് ........ 54

12 പാസ്റ്ററൽ കൗൺസിൽ ........ 56

13 യുവജനസംഘടനയുടെ 3-ാം വാർഷികം ........ 58

14 കത്തോലിക്കാ കോൺഗ്രസ് രാഷ്ട്രീയം ........ 61

15 ക്രിസ്മസ് മംഗളങ്ങൾ ........ 63

16 ഒന്നരലക്ഷംപേർ കുടിയിറക്കു ഭീഷണിയിൽ 64

17 ഈ വെല്ലുവിളി നേരിടുക ........ 66

18 1972 സർവ്വകലാശാലാനിയമത്തിനെതിരെ . 67

1 വിദ്യാഭ്യാസഡയറക്ടറുടെ ഉത്തരവ്
പിൻവലിക്കുക ........ 68

2 ന്യൂനപക്ഷാവകാശം എടുത്തുകളയരുത് 69

3 കത്തോലിക്കാ വിദ്യാർത്ഥി
യുവജനനേതൃസമ്മേളനം ........ 69

4 എ.കെ.ചി.സി.ടി.എ. യുടെ നീക്കം ........ 70

5 ഇടവകതലത്തിൽ സന്നദ്ധ സംഘം ........ 71

6 മെത്രാന്മാരുടെ ശക്തി ........ 71

7 കുരുക്ഷേത്രത്തിലേക്ക് ........ 72

8 ഷെഡ് കെട്ടി പറ്റിപ്പിക്കാൻ നോക്കണ്ട ........ 73

9 ന്യൂനപക്ഷാവകാശം ബലികഴിച്ച് ........ 73

10 കളക്ടറേറ്റുകൾ പിക്കററുചെയ്യും ........ 74

11 ആക്ഷൻകമ്മിററി റിപ്പോർട്ട് ........ 75

12 ഒത്തുതീർപ്പുവ്യവസ്ഥകൾ ........ 79

13 എ.കെ.സി.സി. പ്രസിഡണ്ടിന് സ്വീകരണം . 81

14 അൽമായർക്ക് പങ്കാളിത്തം നൽകണം . 82

19 സെന്റ് തോമസ് ജൂബിലി ........ 83

20 ഒരു പുതിയകാൽവയ്പ് ........ 84

21 സുവിശേഷദൗത്യപ്രചരണജാഥ ........ 85

22 എ.കെ.സി.സി. പ്രവർത്തനമേഖല ........ 86

23 ഗൂഡല്ലൂർ പ്രശ്നം ചില യാഥാർത്ഥ്യങ്ങൾ ........ 87

24 പാസ്റ്ററൽ കൗൺസിലും
ചില സമുദായ സംഘടനകളും ........ 89

25 ജൂബിലി വർഷം ........ 80

26 കേരളകത്തോലിക്കായുവജനസംഘടന ........ 93

27 രാഷ്ട്രീയ അനിശ്ചിതത്വം ........ 100

28 എക്യുമിനിക്കൽ യൂത്ത് മൂവ്മെന്റ് ........ 101

29 ഈസ്റ്റർ ........ 101

30 ഹൈറേഞ്ച് കൺവെൻഷൻ ........ 102

31 ഭൂപരിഷ്കരണ നിയമത്തിലെ ന്യൂനതകൾ 103

32 ഭൂപരിഷ്കരണം - മെമ്മോറാണ്ടം ........ 104

33 ഇന്ദിരാഗാന്ധിക്കയച്ച കത്ത് ........ 108

34 ഏക പൊതു സമുദായ സംഘടന ........ 109

35 സാമ്പത്തികസംവരണം ........ 111

36 ദീപിക ........ 112

37 അവശക്രൈസ്തവപ്രശ്നങ്ങളും
പരിഹാരമാർഗ്ഗങ്ങളും ........ 113

38 കത്തോലിക്കാകോൺഗ്രസ്സ് വജ്രജൂബിലി ........ 117

39 കേരളത്തിലെ ക്രമസമാധാനനില ........ 119

40 ആക്ഷൻകൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് ........ 124

41 ഗൂഡല്ലൂർ മലയാളികർഷകർ ........ 128

42 ഗൂഡല്ലൂർ പ്രശ്നം
കേരളാഗവൺമെന്റ് ഇടപെടണം ........ 129

43 അവശക്രൈസ്തവകോർപ്പറേഷൻ ........ 130

44 അവശക്രൈസ്തവകോർപ്പറേഷന്
5 കോടി രൂപ ........ 131

45 എ.കെ.സി.സി. പ്രതിനിധിസംഘം
ഗൂഡല്ലൂരിൽ ........ 133

46 സെക്രട്ടറിയേററ് ധർണ ........ 142

47 ലത്തീൻ കത്തോലിക്കർ-രാഷ്ട്രീയപാർട്ടി ........ 146

48 ആചാര്യവിനോബാഭാവേ ........ 148

49 മൂവാററുപുഴ പ്രമേയങ്ങൾ ........ 149

50 പ്രവർത്തകക്യാമ്പ് ........ 153

51 24 മണിക്കൂർ ഉപവാസം ........ 154


www.malankaralibrary.com

52 അവശക്രൈസ്തവകോർപ്പറേഷൻ ........ 155
53 സത്യദീപത്തിന്റെ സംശയം ........ 157
54 നിലയ്ക്കൽ ദേവാലയം ........ 158
55 നിലയ്ക്കൽ പ്രശ്നം -
പ്രതിനിധിസമ്മേളന... ........ 161
56 സത്യദീപത്തിന് മറുപടി ........ 163
57 കുടിയിറക്കു ഭീഷണി ........ 166
58 ന്യൂനപക്ഷപിന്നോക്ക
സമുദായകൺവെൻഷൻ ........ 168
59 ഇന്ത്യൻ പ്രസിഡണ്ടിന് സ്വാഗതം ........ 169
60 മണ്ഡൽകമ്മീഷൻ ........ 170
61 മാർകരിയാററി ദ്വിശതാബ്ദി ........ 171
62 നവവത്സരമംഗളങ്ങൾ ........ 172
63 എ.കെ.സി.സി. വികസനഫണ്ട് ........ 173
64 മത്സ്യതൊഴിലാളിസമരം ........ 174
65 മത്സ്യതൊഴിലാളിസമരസഹായസമിതി ........ 175
66 മത്സ്യതൊഴിലാളിസമരം ........ 176
67 ഫാ.വടക്കന്റെ ബൈബിൾ പ്രസംഗയജ്ഞം 177
68 അങ്കമാലി ലിററിൽഫ്ളവർ ആശുപത്രി ........ 178
69 കോൾപിംഗ് ........ 179
70 എയ്ഡഡ് സ്കൂളുകൾ ........ 180
71 ഗവർണ്ണർപറഞ്ഞത് പ്രതിഷേധാർഹം ........ 181
72 ഭോപ്പാൽദുരന്തം ........ 182
73 1985 മദ്യവർജ്ജനവർഷം ........ 182
74 യുവജനവർഷം ........ 183
75 പൊതുതിരഞ്ഞെടുപ്പ് ........ 184
76 ഈസ്റ്റർ ........ 184
77 പാപ്പായുടെ ഭാരതസന്ദർശനം ........ 185
78 സിനഡിന്റെ അസാധാരണസമ്മേളനം ........ 186
79 കാർമ്മൽസ്കൂൾ ........ 187
80 മദർതെരേസ ........ 188
81 പാപ്പായുടെ കേരളസന്ദർശനം ........ 189
82 പാപ്പായുടെ ഇന്ത്യാസന്ദർശനം ........ 191
83 സ്വകാര്യവിദ്യാലയങ്ങൾ ........ 192
84 യോജനയിലെ മതവിരുദ്ധ ലേഖനങ്ങൾ ........ 193
85 മലയോരങ്ങളിൽ കുടിയിറക്കുഭീഷണി ........ 194
86 മാർപ്പാപ്പായ്ക്കു സ്വാഗതം ........ 195
87 മാർപ്പാപ്പായുടെ ഇന്ത്യാസന്ദർശനം ........ 196
88 എ.കെ.സി.സി. നേതൃകൺവെൻഷൻ ........ 197
89 എ.കെ.സി.സി. സമൂഹവിവാഹം ........ 188
90 കത്തോലിക്കാ നേതൃകൺവെൻഷൻ ........ 198
91 കത്തോലിക്കാ നേതൃസമ്മേളനം ........ 193
92 നേതൃസമ്മേളനം എന്തിന് ........ 201
93 സഭ സമൂഹത്തിലെ
തിരുത്തൽശക്തിയാകണം ........ 205
94 സൗജന്യനേത്രചികിത്സാക്യാമ്പ് ........ 208
95 പാഠപുസ്തകങ്ങൾ ........ 209
96 മാർ കരിയാററി-ഗോവർണ്ണദോർ ........ 211
97 പാഠപുസ്തകങ്ങൾ-മെമ്മോറാണ്ടം ........ 213
98 മാർകരിയാററി ദ്വിശതാബ്ദിസ്മരണിക ........ 217
99 തങ്കമണിയിലെ പോലീസ് തേർവാഴ്ച ........ 218
100 ആറാംതിരുമുറിവുനാടകം ........ 219
101 ആവിഷ്ക്കാരസ്വാതന്ത്ര്യം ........ 220
102 പാർപ്പിടവർഷം ........ 221
103 ഫാ.വള്ളമററത്തിനെതിരായ നടപടികൾ ........ 221
104 പൊതുതിരഞ്ഞെടുപ്പ് ........ 222
105 68-മത് വാർഷികം ........ 224
106 ദീപിക ശതാബ്ദി ........ 225
107 പൊതുതിരഞ്ഞെടുപ്പും രാഷ്ട്രീയ
സംഭവവികാസങ്ങളും ........ 226
108 വിദ്യാലയങ്ങളെയും
ആതുരാലയങ്ങളെയും ........ 227
109 കേരളാ ബഡ്ജററ് ........ 228
110 ലൂർദ്ദ്സ്വാമിയുടെ കേരളസന്ദർശനം ........ 230
111 രാജീവ്ഗാന്ധിക്ക് നിവേദനം ........ 231
112 കേരളസർക്കാരിന്റെ പുതിയ മദ്യനയം ........ 231
113 എഴുപതാം വയസ്സിലേക്ക് ........ 232
114 മരിയൻജൂബിലി ........ 234
115 തദ്ദേശസ്വയംഭരണം ........ 235
116 തദ്ദേശസ്വയംഭരണം ........ 236
117 കോടംതുരുത്ത് സിമിററി പ്രശ്നം ........ 237
118 സി.ബി.സി.ഐ. സമ്പൂർണ്ണ സമ്മേളനം ........ 239
119 സി.ബി.സി.ഐ. സമ്മേളനം ........ 240
120 ഇവാഞ്ചലൈസേഷൻ 2000 ........ 241
121 പെരുമൺദുരന്തം ........ 242
122 മരിയൻ വർഷാചരണം ........ 242
123 വീണ്ടും ദുരന്തം ........ 243
124 ആർ.എസ്സ്.എസ്സ്. മാർക്സിസ്റ്റ് സംഘട്ടനം ........ 244
125 വിദ്യാഭ്യാസചട്ടങ്ങളിലെ ഭേദഗതി ........ 245
126 എച്ച്.സി.എം.എസ്. സമരം ........ 246
127 ഉജ്ജ്വലറാലി ........ 247
128 സപ്തതിയാഘോഷം ........ 248
129 സി.ബി.സി.ഐ. ദേശീയോപദേശകസമിതി ........ 248
130 പൗരാവകാശസംരക്ഷണസമിതി ........ 249


www.malankaralibrary.com

131 കർഷകസമരം ........ 250
132 ഉപവസിച്ചു ........ 252
133 ക്നാനായ കത്തോ. കോൺഗ്രസ്സ് ........ 252
134 ക്നാനായ കത്തോ. സുവർണ്ണ ജൂബിലി ........ 253
135 രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും
നിവേദനം ........ 254
136 കത്തോലിക്കാദേശീയ സമ്മേളനം ........ 255
137 സത്യദീപത്തിന്റെ വിമർശനം ........ 256
138 സത്യദീപത്തിന് മറുപടി ........ 258
139 ഇന്ത്യൻ കാത്തലിക് സെന്റർ ........ 261
140 ലോകസഭാതിരഞ്ഞെടുപ്പ് ........ 262
141 വിദ്യാഭ്യാസനയം ........ 263
142 ഫാ.ഡി.എസ്. അമലോത്ഭവദാസ് ........ 263
143 അവാർഡുകൾ ........ 265
144 സ്നേഹിതരെ ഉണരുക ........ 266
145 ആക്രമണം മ്ലേച്ഛതരം ........ 267
146 ഗജറൗള പ്രതിഷേധം ........ 267
147 ഗജറൗള-ജോഗീശ്വരാ ........ 268
148 രാഷ്ട്രം അനിശ്ചിതത്വത്തിലേക്ക് ........ 269
149 ക്രൈസ്തവനേതൃത്വം എങ്ങോട്ട് ........ 272
150 നാം എങ്ങോട്ട് ........ 274
151 കേരളരാഷ്ട്രീയം ........ 275
152 ഇരവിപുരം സംഘട്ടനം ........ 278
153 വിദ്യാലയരാഷ്ട്രീയം ........ 280
154 സഭയിലെ തീരുമാന സമിതികളിൽ ........ 281
155 സ്വാതന്ത്ര്യദിനത്തിൽ ........ 282
156 അൽമായകാഹളം ........ 283
157 സീറോ-മലബാർ സഭയിലെ ഭിന്നതകൾ ........ 285
158 വർഗീയസംഘട്ടനങ്ങൾ ........ 286
159 പിന്തുടർച്ചാവകാശനിയമം ........ 287
160 സ്നേഹിതരേ ഉണരുക ........ 288
161 കേരളഭരണം ........ 290
162 പൊന്തിഫിക്കൽകമ്മീഷൻ ........ 291
163 ഈ നാടിനെ രക്ഷിക്കാൻ
ആർക്കുകഴിയും ........ 294
164 മണ്ഡൽകമ്മീഷൻ ........ 296
165 വഞ്ചിക്കപ്പെട്ട രാഷ്ട്രം ........ 297
166 കർഷകസമരത്തിന് പിന്തുണ ........ 298
167 മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ........ 299
168 കലാപങ്ങൾക്ക് ഉത്തരവാദികളാര് ........ 300
169 സീറോ-മലബാർ
മഹാമെത്രാപ്പോലീത്തൻ സഭ ........ 302
170 എയ്ഡ്സ് രോഗികൾക്ക് അഭയകേന്ദ്രം ........ 305
171 സ്വാതന്ത്ര്യദിനം ........ 305
172 ക്രൈസ്തവനേതൃത്വ സമ്മേളനം ........ 307
173 ഇന്ത്യൻ ജനാധിപത്യം ........ 308
174 മെത്രാന്മാരുടെ സംയുക്തഇടയലേഖനം ........ 310
175 മഹാരാഷ്ട്രാദുരിതം ........ 311
176 ക്രിസ്തുമസ് ........ 312
177 ഞങ്ങൾദുഃഖിക്കുന്നു ........ 312
178 ഇവരോസഭാസ്നേഹികൾ ........ 315
179 അമേരിക്ക ഇന്ത്യക്കെതിരെ ........ 317
180 മെത്രാന്മാരുടെ സിനഡിനുമുൻപിൽ ........ 318
181 ഭരണഘടനാഭേദഗതി ........ 321
182 ഇതോസൽഭരണം ........ 322
183 ഈ ദുർഭരണത്തിനെതിരെ ........ 324
184 ക്രൈസ്തവയുവജനങ്ങളോട് ........ 326
185 ജീവിതം സുന്ദരമാക്കാം ........ 329
186 റിലീജിയസ്ഫെല്ലോഷിപ്പ് ഫൗണ്ടേഷൻ ........ 332
187 ഭാരതത്തിലെ മുസ്ലീം സഹോദരങ്ങളോട് ........ 335
188 കേരളഭരണം ........ 337
189 ദുഃഖകരം ലജ്ജാകരം ........ 338
190 ജനം ഉണർന്നെഴുന്നേൽക്കണം ........ 340
191 മദ്യനിരോധനംയാഥാർത്ഥ്യമാകട്ടെ ........ 341
192 അഴിമതിക്കാരെയും
സാമൂഹ്യദ്രോഹികളെയും ........ 341
193 മദ്യനിരോധനം ഭരണഘടനാ ബാദ്ധ്യത ........ 342
194 പൊതുതിരഞ്ഞെടുപ്പ് ........ 343
195 ടി.വി.പുരത്ത് ഭീകരതപരത്തുന്നു ........ 344
196 ടി.വി.പുരം സിമറററി പ്രശ്നം ........ 345
197 ജൂലൈ 3 പ്രാർത്ഥനാദിനം ........ 349
198 കേരളത്തിലെ ക്രമസമാധാനനില ........ 350
199 പ്രൊബേററ് പ്രശ്നം - ടി.വി. പുരം ........ 351
200 അന്വേഷണം സ്വാഗതാർഹം ........ 353
201 ജനനേതാക്കൾ കാരാഗൃഹത്തിലേക്ക് ........ 354
202 സ്വാതന്ത്ര്യസുവർണ്ണജൂബിലി ........ 357
203 കാത്തലിക് ട്രസ്റ്റ് ........ 358
204 കുവൈററ് മലയാളി
കാത്തലിക് അസോസിയേഷൻ ........ 360
205 അന്വേഷണത്തിൽ സഹകരിക്കുക ........ 363
206 ഭാരതം എങ്ങോട്ട് ........ 364
207 ക്രൈസ്തവരുടെ സഹിഷ്ണുത ........ 367
208 ഇന്ത്യൻ ജനതയുടെ വിജയം ........ 369
209 പ്ലസ് ടു ഒരു സമുദായം കുറെ സത്യങ്ങൾ 370
210 സുവിശേഷവൽക്കരണം ........ 374
211 വിളനശിപ്പിക്കൽ സമരം ........ 375


www.malankaralibrary.com

212 ഭേദഗതി ബിൽ പിൻവലിക്കണം ..... 381
213 കേന്ദ്ര ഗവൺമെന്റ് അന്വേഷിക്കണം ..... 382
214 സിനഡംഗങ്ങളുമായി മെത്രാന്മാർ ചർച്ച നടത്തണം ..... 383
215 ഭീഷണിയുടെ സ്വരം ക്രൈസ്തവമല്ല ..... 383
216 ഉരുൾപൊട്ടിയ ദുരിതഭൂമിയിൽ ..... 384
217 മദർതെരേസ ..... 385
218 അഭിനന്ദന സന്ദേശം അയച്ചു ..... 386
219 ഭാരതാംബികേ കേഴുക ..... 387
220 തൃശൂർ സെന്റ് തോമസ് കോളേജ് ..... 389
221 ഘടകകക്ഷികൾ നിലപാട് വ്യക്തമാക്കണം . 390
222 നേതൃസമ്മേളനം ..... 391
223 ആക്ഷൻകൗൺസിൽ ..... 392
224 തൃശൂർ സെന്റ് തോമസ് കോളേജ് ..... 393
225 സീറോമലബാർ സഭയിലെ പിതാക്കന്മാർക്കയച്ച കത്ത് ..... 395
226 ഗർഭഛിദ്രത്തിനെതിരെ ഉപവാസം ..... 400
227 ലോകസഭാതിരഞ്ഞെടുപ്പ് ..... 401
228 കോയമ്പത്തൂർ സ്ഫോടനം ..... 402
229 ബുള്ളററിൻ സുവർണ്ണജൂബിലി ..... 404
230 കേരളം കടുത്തസാമ്പത്തിക പ്രതിസന്ധിയിൽ ..... 406
231 വടക്കേക്കളം കുടിയിറക്ക് ..... 408
232 കുരിശുകത്തിക്കൽ ..... 408
233 കുരിശുകത്തിക്കലിനെതിരെ അന്ത്യശാസനം ..... 410
234 കുരിശുകത്തിക്കൽ പിൻവലിക്കുകയാണാവശ്യം ..... 411
235 കുരിശുകത്തിക്കൽ ..... 412
236 വാജ്പേയ്ക്ക് ഒരുകത്ത് ..... 414
237 ദൂരദർശന്റെ നടപടി ..... 416
238 ദൈവദൂഷണക്കുററം ..... 417
239 ആണവസ്ഫോടനം ..... 419
240 ന്യൂനപക്ഷാവകാശധ്വംസനം ..... 421
241 ബി.ജെ.പി. സർക്കാർ എങ്ങോട്ട് ..... 422
242 രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ ക്രൈസ്തവസമൂഹം ..... 424
243 മെമ്പർഷിപ്പ് വർഷാചരണ ഉദ്ഘാടനം ..... 428
244 മലയാളി കാത്തലിക് ഫെല്ലോഷിപ്പ് ..... 429
245 നാം എങ്ങോട്ട്? ..... 431
246 പ്ലസ് ടു ചില ചിന്തകൾ ..... 342
247 രാഷ്ട്രപതിക്കും സോണിയാഗാന്ധിക്കും നിവേദനം ..... 433
248 സീറോ-മലബാർസഭ എപ്പിസ്കോപ്പൽ അസംബ്ലി ..... 434
249 മിഷനറിമാർക്ക് തോക്കിന്റെസംരക്ഷണമോ 436
250 അശീതിവർഷസമാപനം ..... 437
251 കുരിശുപള്ളിയെ തൊട്ടുകളിക്കേണ്ട ..... 438
252 സഭയ്ക്കു പുനരുജ്ജീവനം നൽകിയ അസംബ്ലി ..... 439
253 മതപരിവർത്തനമല്ല ലക്ഷ്യം ..... 442
254 ഗോവർണ്ണദോർ ചരമശതാബ്ദി ..... 443
255 കച്ചിറമററത്തിന്റെ നേതൃത്വം ..... 446
256 പാസ്റ്ററൽ കൗൺസിൽ അനുമോദിച്ചു ..... 447
257 അടിച്ചമർത്തപ്പെട്ടവർക്ക് മോചനം ..... 448
258 വൈക്കം സത്യാഗ്രഹം ..... 451
259 കോൺഗ്രസ്സ് രാഷ്ട്രീയം ..... 453
260 മുന്നണിഭരണം രാജ്യത്തിനാപത്ത് ..... 456
261 വിശാലകത്തോലിക്കാ നേതൃസമ്മേളനം ..... 458
262 കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ..... 461
263 മിഷനറിപീഡനങ്ങൾ ..... 464
264 ജീവൻ ജയന്തി ..... 467
265 പാപ്പാവീണ്ടും ഭാരതത്തിൽ ..... 468
266 ഫിലാഡൽഫിയാ കൺവെൻഷൻ ..... 469
267 ഫിലാഡൽഫിയാ കൺവെൻഷൻ ..... 471
268 പാറേമ്മാക്കൽ തോമ്മാകത്തനാർ ..... 474
269 ഗുജറാത്ത് ഫ്രീഡം ഓഫ് റിലീജിയൻ ബിൽ ..... 477
270 മാർ പോത്തനാമുഴിയുടെ പാസ്റ്ററൽ ലററർ ..... 478
271 സ്നേഹിതരേ ഉണരുക ..... 479
272 മാനവസമഗ്രവിമോചനവർഷം ..... 481
273 മഹാജൂബിലിവർഷം ..... 482
274 ആരാണ്കുററക്കാർ ..... 484
275 ഭാരതീയ വനിതകൾ ..... 486
276 ഭരണഘടന പുനഃപരിശോധന ..... 487
277 കുളംകലക്കി മീൻ പിടിക്കട്ടെ ..... 488
278 പൊതു പ്രവർത്തകപരിശീലന ക്യാമ്പ് ..... 489
279 വിദ്യാഭ്യാസ പ്രതിസന്ധി ..... 490
280 സീറോ-മലബാർ കാത്തലിക് കോൺഗ്രസ്സ് ഓഫ് നോർത്ത് അമേരിക്ക ..... 491
281 ന്യൂനപക്ഷകമ്മീഷൻ ..... 492
282 എ.കെ.സി.സി. സത്യാഗ്രഹം ..... 494
283 വാജ്പേയ് റോമിൽ ..... 494
284 കേരളകാത്തലിക് ഫെഡറേഷൻ ..... 495
285 പെരിഞ്ചോംകുട്ടി പദ്ധതി ..... 499

www.malankaralibrary.com

286 അസത്യപ്രചരണം നിറുത്തുക ..... 500
287 ന്യൂനപക്ഷകമ്മീഷൻ പിരിച്ചുവിടണം ..... 502
288 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ് ..... 504
289 ഈ പോക്ക് അപകടകരം ..... 505
290 കർഷകരെ സംഘടിക്കൂ ..... 507
291 രാജ്യംകണ്ട ഏററം വലിയ ദുരന്തം ..... 509
292 ചിക്കാഗോയിൽ സീറോ-മലബാർ രൂപത ..... 510
293 കേരളവും പൊതുതിരഞ്ഞെടുപ്പും ..... 512
294 ആദർശശുദ്ധിയും ധാർമ്മികമൂല്യവുമുള്ളവരെ ..... 514
295 പ്രകടനപത്രിക ..... 515
296 അൺഎയ്ഡഡ് സ്കൂളുകൾ ..... 517
297 ഐക്യജനാധിപത്യമുന്നണി ..... 520
298 കത്തോലിക്കാകോൺഗ്രസ്സും രാഷ്ട്രീയവും ..... 522
299 വെള്ളാപ്പള്ളിയുടെ ആരോപണം ..... 524
300 ലോകം യുദ്ധഭീതിയിൽ ..... 525
301 സിനഡ് തീരുമാനം ..... 527
302 പാലം കുലുങ്ങിയാലും ..... 527
303 2002 കർഷകവർഷമായി ആചരിക്കും ..... 528
304 കർഷകവർഷപ്രഖ്യാപനം ..... 529
305 നാം എങ്ങോട്ട് ..... 530
306 അൺഎയ്ഡഡ് സ്കൂളുകൾ ..... 531
307 സുപ്രീംകോടതിവിധിയും കേന്ദ്രഗവൺമെന്റും ..... 532
308 യു.ഡി.എഫ്. ഘടകകക്ഷികൾക്കെതിരെ ..... 533
309 മാർ മാത്യു അറയ്ക്കലിന്റെ പ്രശംസ ..... 535
310 വെള്ളാപ്പള്ളി പരിധികടക്കുന്നു ..... 535
311 ഡോ.എ.പി.ജെ. അബ്ദുൾകലാം ..... 537
312 ക്രൈസ്തവ-ആർ.എസ്സ്.എസ്സ്. ചർച്ച ..... 538
313 അമേരിക്കൻ തന്ത്രം ..... 539
314 വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി ..... 541
315 കർഷകരുടെ ആത്മഹത്യ ..... 542
316 തമിഴ്നാട്ടിലേക്ക് എ.കെ.സി.സി. പ്രതിനിധിസംഘം ..... 542
317 മതപരിവർത്തന ബിൽ ..... 543
318 മതപരിവർത്തന ബിൽ പിൻവലിക്കണം ..... 543
319 നേതൃസമ്മേളനം ..... 544
320 തമിഴ്നാട്ടിലെ മതപരിവർത്തന ബിൽ ..... 545
321 ഇൻഫാമിനെതിരെ ..... 548
322 ഉള്ളതുപറഞ്ഞാൽ ..... 550
323 മുത്തങ്ങായിലെ ചിലചിതറിയചിന്തകൾ ..... 551
324 സ്വാശ്രയകോളേജ് ..... 554
325 മുഖ്യമന്ത്രിയുടെ പ്രസ്താവന ..... 555
326 പ്രത്യാഘാതം ഗുരുതരം ..... 556
327 ന്യൂനപക്ഷാവകാശ വർഷം ..... 557
328 എ.കെ.പി.സി.ടി.എ. യുടെ നിഗമനം ..... 558
329 യു.ഡി.എഫ്. പരാജയകാരണം ..... 559
330 ആദിവാസിനേതാക്കളെ നിരുപാധികം ..... 560
331 ഐക്യരാഷ്ട്രസഭ ..... 561
332 ന്യൂനപക്ഷാവകാശവും കത്തോലിക്കാകോൺഗ്രസ്സും ..... 562
333 എ.കെ.സി.സി. പ്രതിനിധിസംഘം ഗുജറാത്തിൽ ..... 564
334 വിദ്യാഭ്യാസമരചരിത്രം ..... 565
335 മലയാളികാത്തലിക് ഫെല്ലോഷിപ്പ് ..... 565
336 നിധീരിക്കൽ മാണിക്കത്തനാർ ..... 566
337 2003 ഡിസംബർ 15 ..... 568
338 മുഖ്യമന്ത്രിക്ക് ഒരു തുറന്ന കത്ത് ..... 572
339 വിദ്യാഭ്യാസ അവകാശസംരക്ഷണസമിതി ..... 576
340 ഗവർണ്ണർ അംഗീകാരം നൽകരുത് ..... 578
341 ന്യൂനപക്ഷാവകാശ പ്രഖ്യാപന കൺവെൻഷൻ ..... 580
342 ന്യൂനപക്ഷാവകാശ കൺവെൻഷൻ പ്രമേയം ..... 581
343 അച്യുതാനന്ദന്റെ ഭീഷണി വിലപ്പോകില്ല ..... 583
344 സർക്കാർ സ്വാശ്രയകോളേജ് മാനേജ്മെന്റിനെതിരെ ..... 583
345 ഭീഷണി വിലപ്പോകില്ല (സെനററിന്റെ) ..... 584
346 പി.ജെ. ജോസഫിന്റെ രാജി ആവശ്യപ്പെട്ടവരോട് ..... 585
347 കാർഷികപ്രശ്നങ്ങൾ ..... 588
348 മാനന്തവാടി രൂപതക്കെതിരെ ..... 589
349 വയനാട്ടിലെ കർഷകരുടെയിടയിൽ ..... 590
350 കന്യാസ്ത്രീകൾക്കുനേരെയുള്ള ആക്രമണം ..... 593
351 ക്രൈസ്തവ നേതൃത്വം കമ്മ്യൂണിസ്റ്റ് പാർട്ടിയെ വെള്ളപൂശുമ്പോൾ ..... 595
352 രാഷ്ട്രീയക്കാരായ കത്തോലിക്കാ നേതാക്കളോട് ..... 609
എൺപത്തിയാറുകാരിയുടെ കഥ ..... 611


www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദി കരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാ ധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേ ജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥ മാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡ ങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ “കിക്കാമ്പ്”, “കിസ്ഹിലി”, തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കു കയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർ മേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർ ത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേ ജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം, ബൽഗാം ഡയോ സിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി,

www.malankaralibrary.com

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം പതിനേഴ് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. "തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ" എന്ന ഈ ഗ്രന്ഥം പതിനെട്ടാമത്തെ പുസ്തകമാണ്.

www.malankaralibrary.com

# ആമുഖം

കേരളകത്തോലിക്കരുടെ പൊതുസമുദായ സംഘടനയായിട്ടാണ് കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തനം ആരംഭിച്ചത്. കഴിഞ്ഞ കാലങ്ങളിൽ കത്തോലിക്കാകോൺഗ്രസ്സ് മുൻനിന്നു നടത്തിയ ബഹുജനപ്രക്ഷോഭണങ്ങളുടെ - പൗരസമത്വവാദ പ്രക്ഷോഭണം, നിവർത്തന പ്രക്ഷോഭണം, വിദ്യാഭ്യാസ പ്രക്ഷോഭണം-തുടങ്ങിയവയുടെ ചരിത്രം പരിശോധിക്കുമ്പോൾ - തിരുവിതാംകൂറിന്റെ ചരിത്രഗതിയെ കത്തോലിക്കാകോൺഗ്രസ്സ് എങ്ങിനെ തിരിച്ചുവിട്ടുവെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനശൈലിയിൽ കാതലായ മാറ്റം വന്നു. ഒരു സാമൂഹ്യസേവനസംഘടനയായിട്ടാണ് അതു പിന്നീട് പ്രവർത്തിച്ചത്. അതേസമയം കത്തോലിക്കരുടെ അവകാശങ്ങൾ ചോദ്യം ചെയ്യപ്പെട്ടപ്പോഴെല്ലാം കോൺഗ്രസ്സ് സടകുടഞ്ഞെഴുന്നേല്ക്കുകയും അവകാശസംരക്ഷണത്തിനായി പോരാടുകയും ചെയ്തു. സ്വകാര്യവിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ പനമ്പള്ളി ഗോവിന്ദമേനോനും, മുണ്ടശ്ശേരിയും, എ.കെ. ആന്റണിയും രംഗത്തുവന്നപ്പോൾ ക്രൈസ്തവതാല്പര്യം സംരക്ഷിക്കുവാൻ ധീരമായി പ്രവർത്തിച്ചത് എ.കെ.സി.സി.യായിരുന്നു. കുടിയിറക്ക്, മേൽച്ചാർത്ത് തുടങ്ങിയ കർഷകദ്രോഹനടപടികൾക്കെതിരായി ഉഗ്രപോരാട്ടമാണ് കോൺഗ്രസ്സ് നടത്തിയത്. ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം സംബന്ധിച്ച പ്രശ്നം രൂപം കൊണ്ടപ്പോൾ സമുദായത്തിന്റെ വിശാലതാല്പര്യം കണക്കിലെടുത്ത് പ്രവർത്തിക്കാൻ സംഘടനയ്ക്കു സാധിച്ചു. കത്തോലിക്കാ വൈദികർ വിവാഹം ആശീർവദിക്കുന്നതിന് ലൈസൻസ് എടുക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്താൻ ശ്രമിച്ചപ്പോഴും മതപരിവർത്തന സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതിനായി മദ്ധ്യപ്രദേശിൽ നിയോഗികമ്മറ്റി ശ്രമിച്ചപ്പോഴും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ മതപരിവർത്തനനിയമം കൊണ്ടുവന്നപ്പോഴും സഭയുടെയും സമുദായത്തിന്റെയും താല്പര്യത്തിനായി പ്രവർത്തിക്കുന്നതിന് കോൺഗ്രസ്സിന് സാധിച്ചു. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ദേവാലയങ്ങളും കത്തോലിക്കാസ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടപ്പോഴും കന്യാസ്ത്രീകളെയും വൈദീകരെയും ആക്രമിക്കുകയും വധിക്കുകയും ചെയ്തപ്പോഴും

www.malankaralibrary.com

ക്രൈസ്തവസമുദായത്തിന്റെ ശബ്ദമായി എ.കെ.സി.സി. മാറുകയുണ്ടായി. കത്തോലിക്കാ കോൺഗ്രസ്സിന്റെ സമ്പൂർണ്ണമായ ഒരു ചരിത്രം രചിച്ചാൽ മാത്രമേ സുദീർഘമായ ഈ സേവനപരമ്പര ഇന്നത്തെ തലമുറയെ ബോദ്ധ്യപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

1959-ലാണ് ഞാൻ കത്തോലിക്കാകോൺഗ്രസ്സിൽ അംഗത്വമെടുത്തത്. അതേവർഷം തന്നെ എ.കെ.സി.സി. പ്രതിനിധിസഭയിലേയ്ക്കും തിരഞ്ഞെടുക്കപ്പെടുവാനിടയായി. 1962 മുതൽ 1967 വരെ എ.കെ.സി.സി. പാലാരൂപതാസംഘം സെക്രട്ടറിയായി പ്രവർത്തിച്ചു. 1967-ൽ എ.കെ.സി.സി.ക്ക് ഒരു യുവജനവിഭാഗം രൂപീകരിച്ചപ്പോൾ അതിന്റെ സ്ഥാപകസെക്രട്ടറിയായി. തുടർന്ന് പ്രസിഡണ്ടും. പിന്നീട് കത്തോലിക്കാകോൺഗ്രസ്സ് ജനറൽസെക്രട്ടറിയായി 18 വർഷവും പ്രസിഡന്റായി 8 വർഷവും സേവനം അനുഷ്ഠിച്ചു. എ.കെ.സി.സി. ബുള്ളറ്റിൻ പത്രാധിപസമിതിയംഗം, ബുള്ളറ്റിൻ ചീഫ്എഡിറ്റർ, മാനേജിംഗ് എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചു.

കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡന്റ് എന്ന നിലയിൽ എന്റെ സഹപ്രവർത്തകർക്ക് ബുള്ളറ്റിനിൽക്കൂടി എഴുതിയ കത്തുകളും ബുള്ളറ്റിനിൽ എഴുതിയ മുഖപ്രസംഗങ്ങളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്ന് പലരും അഭിപ്രായപ്പെടുകയുണ്ടായി. കത്തുകൾ ഏതാനും മാസങ്ങൾക്കു മുമ്പ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ബുള്ളറ്റിനിൽ മൂന്നുവ്യാഴവട്ടക്കാലത്തിനിടയിൽ ഞാൻ എഴുതിയ മുഖപ്രസംഗങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ട മുഖപ്രസംഗങ്ങൾ എന്ന ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. മുഖപ്രസംഗങ്ങൾക്കു പുറമെ കത്തോലിക്കാകോൺഗ്രസ്സ് അംഗീകരിച്ച ഏതാനും പ്രമേയങ്ങളും സമർപ്പിച്ച ഏതാനും മെമ്മോറാണ്ടങ്ങളും സമകാലീനപ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് ഞാൻ പുറപ്പെടുവിച്ച ഏതാനും പ്രസ്താവനകളും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് വ്യാഴവട്ടക്കാലത്തിനിടയിൽ സമകാലീനപ്രശ്നങ്ങളോട് കത്തോലിക്കാകോൺഗ്രസ്സ്എങ്ങനെ പ്രതികരിച്ചു; കഴിഞ്ഞ കാലങ്ങളിൽ കത്തോലിക്കാകോൺഗ്രസ്സ് എങ്ങിനെ പ്രവർത്തിച്ചു എന്നു മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥം സഹായിക്കും എന്നാണ് എന്റെ വിശ്വാസം. യഥാർത്ഥത്തിൽ കഴിഞ്ഞ നാലുദശകങ്ങളിലെ കത്തോലിക്കാകോൺഗ്രസ്സ് ചരിത്രമാണ് ഈ ഗ്രന്ഥം.

www.malankaralibrary.com

കത്തോലിക്കാകോൺഗ്രസ്സ് ഇന്ന് ഒരു പ്രതിസന്ധിയിലാണ്. കോൺഗ്രസ്സിന്റെ ഭരണഘടനയ്ക്ക് വിരുദ്ധമായിട്ട് രൂപംകൊണ്ട ഒരു സമിതിയാണ് ഇന്ന് ഭരണം നടത്തുന്നത്. കത്തോലിക്കാകോൺഗ്രസ്സിൽ അംഗത്വംപോലുമില്ലാത്തവർ കോൺഗ്രസ്സിന്റെ ഭരണസമിതിയിൽ ഇന്ന് അംഗങ്ങളാണ്. ഈ പാകപ്പിഴകളെല്ലാം പരിഹരിച്ച് ഭരണഘടനനാസ്യൂതമാക്കണമെന്ന് ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടിട്ടും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഈ പ്രതിസന്ധിമൂലംകത്തോലിക്കാകോൺഗ്രസ്സ് ഒരു നൂറ്റാണ്ട് പിന്നോട്ടുപോയിരിക്കുകയാണ്.

നിയമവിരുദ്ധമായിട്ടാണെങ്കിലും - അങ്ങനെ രൂപീകരിക്കപ്പെടുന്ന സമതികളിൽ അംഗത്വം നേടിയെടുക്കുക - എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവരാണ് ഇതിന് ഉത്തരവാദികൾ. ആ സ്ഥാപിതതാല്പര്യക്കാർക്ക് അറിഞ്ഞോ അറിയാതെയോ കൂട്ടുനിൽക്കുന്നവരെ ചരിത്രം കുറ്റക്കാരായി വിധിക്കും എന്ന് എനിക്ക് ഉത്തമബോദ്ധ്യമുണ്ട്.

1997 നവംബർ 26-ലെ സത്യദീപം വാരികയുടെ മുഖപ്രസംഗത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ: ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കൾ എന്നാണ് ആ മുഖപ്രസംഗത്തിന്റെ തലക്കെട്ട്. "സഭയെ നന്നാക്കാൻ വേണ്ടി സംസാരിക്കുന്നവരും സഭയെ നശിപ്പിക്കാൻവേണ്ടി പ്രവർത്തിക്കുന്നവരും ചിലപ്പോൾ പറയുന്നത് ഒന്നുതന്നെയാകാം." സത്യദീപത്തിന്റെ ഈ വിലയിരുത്തൽ കത്തോലിക്കാകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇന്ന് ശരിയാണ്.

സംഘടനയെ നന്നാക്കാൻവേണ്ടിയെന്ന വ്യാജേന പ്രവർത്തിക്കുന്നവരും അതിനു കൂട്ടുനിൽക്കുന്നവരും സത്യദീപത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ തന്നെയാണ്. കഴിഞ്ഞ ഒരു വർഷമായി ഈ സംഘടനയെ നിഷ്പ്രഭമാക്കുന്നതിൽ അവർ വിജയിച്ചു. സമകാലീനപ്രശ്നങ്ങളോട് ഏറ്റുമുട്ടി കേരളത്തിന്റെ പൊതുജീവിതത്തിൽ എന്നും നിറഞ്ഞുനിന്ന കത്തോലിക്കാ കോൺഗ്രസ്സ്, 2003 ഡിസംബർ 15-നു ശേഷം അനങ്ങുവാൻ പാടില്ലാത്തവിധം ബന്ധനത്തിലായിരിക്കുന്നു. ഇങ്ങനെയൊരു സ്ഥിതിവിശേഷം സംജാതമായതിൽ സംഘടനയെ സ്നേഹിക്കുന്നവർ ഇന്ന് ദുഃഖിതരാണ്. ആ ദുഃഖത്തിന്റെ ആഴം മനസ്സിലാക്കുവാൻ സമുദായത്തിന് കഴിയണം.

ഉത്തരവാദിത്വരഹിതമായ ചിലരുടെ പ്രവർത്തനങ്ങൾകൊണ്ട് സമുദായസംഘടന 100 വർഷം പിന്നോട്ടു പോയിരിക്കുന്നു. ഈ പിന്നോട്ടുപോകൽ

www.malankaralibrary.com

രാജ്യത്തിനും സമുദായത്തിനും അപകടകരമാണ്. കോൺഗ്രസ്സിന്റെ കഴിഞ്ഞകാല പ്രതാപം വീണ്ടെടുക്കുവാൻ പ്രവർത്തകർക്ക് ഈ ഗ്രന്ഥം പ്രേരണ നൽകട്ടെയെന്നാശംസിക്കുന്നു.

കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനത്തിൽ എനിക്ക് വേണ്ട പ്രോത്സാഹനം നൽകിയ, കോൺഗ്രസ്സിന്റെ ബിഷപ്പ്ഡലഗേറ്റായിരുന്ന മോൺ. മാത്യു വെള്ളാങ്കൽ അവറുകളെ ഈ സന്ദർഭത്തിൽ ഞാൻ അഭിമാനപൂർവ്വം സ്മരിക്കുന്നു.

കഴിഞ്ഞ നാലു ദശാബ്ദകാലം പല രംഗങ്ങളിലും ഒന്നിച്ചു പ്രവർത്തിച്ച ഷെവ: വർഗ്ഗീസ് കരിപ്പായിൽ ആണ് ഈ ഗ്രന്ഥത്തിന് അവതാരിക എഴുതി അനുഗ്രഹിച്ചത്. കേരളത്തിന്റെ മത - സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ദശാബ്ദങ്ങളായി നിറഞ്ഞുനിൽക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് കരിപ്പായിൽ. ഈ അടുത്ത നാളുകളിലാണ് അദ്ദേഹം ഷെവലിയർ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടത്. പുതിയ സ്ഥാനലബ്ധിയിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. തിരക്കിനിടയിലും ഒരു അവതാരിക എഴുതിതന്ന് അനുഗ്രഹിച്ച ഷെവ. വർഗ്ഗീസ് കരിപ്പായിലിനോടുള്ള ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു.

അറുനൂറിലധികം പേജുകളുള്ള ഈ ഗ്രന്ഥം വായിച്ച് വിലയിരുത്തി ഒരു പഠനം നടത്തിയ മുൻമന്ത്രി ബി. വെല്ലിംഗ്ടണുമായി എനിക്ക് നാലരദശാബ്ദക്കാലത്തെ പരിചയമുണ്ട്. പല പ്രക്ഷോഭണങ്ങളിലും ഞങ്ങൾ ഒന്നിച്ച് പങ്കെടുത്തിട്ടുണ്ട്. ശ്രീ. ബി. വെല്ലിംഗ്ടണോടുള്ള നന്ദി പ്രകാശിപ്പിക്കട്ടെ.


ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. ജോലി ഭംഗിയായും കൃത്യസമയത്തും തയ്യാറാക്കിതന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് (ഈരാറ്റുപേട്ട) പ്രവർത്തകരോടും, ഭംഗിയായി അച്ചടിച്ച് തന്ന ദീപിക ഓഫ്സെറ്റ് പ്രിന്റേഴ്സ് പ്രവർത്തകരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

**ജോൺ കച്ചിറമറ്റം**

പിഴക്

28-12-2004

www.malankaralibrary.com



# അവതാരിക

**ഷെവലിയർ വർഗീസ് കരിപ്പായിൽ**

അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിന്റെ ഔദ്യോഗിക ജിഹ്വയായി അറിയപ്പെടുന്ന എ.കെ.സി.സി. ബുള്ളററിനിൽ അതിന്റെ പത്രാധിപരും പ്രസാധകനും ആയി മൂന്നുവ്യാഴവട്ടക്കാലമായി സേവനമനുഷ്ഠിക്കുന്ന പ്രസിഡന്റ് ശ്രീ.ജോൺ കച്ചിറമററം എഴുതിയ മുഖപ്രസംഗങ്ങളിലെയും ലേഖനങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട 352 എണ്ണം ചേർത്ത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കൃതിയാണ് "തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ" എന്ന ഗ്രന്ഥം. ഒരു ചരിത്രരേഖയായി ഭാവിതലമുറയ്ക്ക് കണക്കാക്കാവുന്ന 612 പേജുകളുള്ള ഈ വിശിഷ്ടഗ്രന്ഥം സഹൃദയരായ അനുവാചകരുടെ സമക്ഷം അവതരിപ്പിക്കുന്നതിന് എനിക്ക് അതിയായ സന്തോഷവും അതിലേറെ അഭിമാനവുമുണ്ട്.

വളരെ അപൂർവ്വമായി മാത്രമെ ഇത്തരത്തിലുള്ള ചരിത്ര പ്രധാന്യമുള്ള ഗ്രന്ഥങ്ങൾ കാണാറുള്ളു. എന്നാൽ ഒരു ചരിത്ര രചനയായോ സാഹിത്യസൃഷ്ടിയായോ ഈ ഗ്രന്ഥത്തെ പരിഗണിക്കേണ്ട. കഴിഞ്ഞ കുറേ പതിററാണ്ടുകളായി കേരളക്രൈസ്തവർ പൊതുവേയും സുറിയാനി കത്തോലിക്കർ പ്രത്യേകിച്ചും നേരിടേണ്ടിവന്ന സങ്കീർണ്ണപ്രശ്നങ്ങളുടെയും പരിഹാര നിർദ്ദേശങ്ങളുടെയും ഒരു വിലയിരുത്തലായിട്ടുവേണം ഈ ഗ്രന്ഥത്തെ വീക്ഷിക്കേണ്ടത്. കത്തോലിക്കാ സഭാംഗങ്ങൾക്ക് പഠിക്കുവാനും ചിന്തിക്കുവാനും ഉതകുന്നവിധം ഒത്തിരി ഒത്തിരി ചരിത്രസംഭവങ്ങളും അനുഭവപാഠങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഈ ഗ്രന്ഥത്തിൽ നിന്ന് സംലഭ്യമാകുമെന്നതിൽ തെല്ലും സംശയമില്ല.

ബ്രിട്ടീഷ്കാരുടെയും നാട്ടുരാജാക്കന്മാരുടെയും ഭരണത്തിൻ കീഴിൽ, ഒരു രീതിയിൽ പറഞ്ഞാൽ ഇരട്ട അടിമത്ത്വത്തിൻ കീഴിൽ,

www.malankaralibrary.com

വളർന്ന പഴയതലമുറകളുടെ ഭരണശൈലി, സഭാതലത്തിൽ പിൽക്കാലങ്ങളിലും പ്രകടമായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണല്ലോ. പുത്തൻകൂർ സഭാ വിഭാഗങ്ങളിലെ അത്മായർക്കും ഭരണാധികാരികൾക്കും ജനാധിപത്യവ്യവസ്ഥിതി യഥാകാലം ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു. മലബാർ സുറിയാനി സഭയ്ക്കു വെളിയിലും ശ്രീ കച്ചിറമററത്തിന് വിപുലമായ സുഹൃത്‌വലയം ഉണ്ടായിരുന്നതിനാലും, ഫാദർ വടക്കൻ, എം.എം.വർക്കി (ദാസൻ പത്രാധിപർ), എം.ഒ. ജോസഫ് നെടുംകുന്നം തുടങ്ങി യഥാർത്ഥ ജനാധിപത്യവാദികളുടെ പരിലാളന ഉണ്ടായിരുന്നതിനാലും, ആരിൽ നിന്നുമുള്ള പ്രീതിയ്ക്കോ, ഭീതിയ്ക്കോ വഴങ്ങാതെയിരുന്നതിനാലും കാലാകാലങ്ങളിൽ സ്വതന്ത്രചിന്തയോടെ ശ്രീ കച്ചിറമററം ലേഖനങ്ങളും പുസ്തകങ്ങളും എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസംഗങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള പ്രായോഗിക നിർദ്ദേശങ്ങളും വിമർശനങ്ങളും ചിലർക്കൊക്കെ അപ്രിയങ്ങളായിട്ടുണ്ടെങ്കിലും അവയെല്ലാം അശരണർക്ക് ആശ്വാസവും, സഭയുടെ കെട്ടുറപ്പിന് ഉപകരിക്കുന്നതുമായ സത്യങ്ങളാണെന്നുള്ളതിന് രണ്ടുപക്ഷമുണ്ടെന്നു തോന്നുന്നില്ല. സാധാരണജനങ്ങൾക്ക് പഠിക്കുവാനും ചിന്തിക്കുവാനും ഉതകുന്നവിധം ഒത്തിരി ഒത്തിരി ചരിത്രസംഭവങ്ങളും അനുഭവപാഠങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഈ ഗ്രന്ഥത്തിൽ നിന്ന് സംലഭ്യമാകുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ആധുനികകാലത്ത് രാഷ്ട്രീയപ്രവർത്തനവും പത്രപ്രവർത്തനവും സാഹിത്യ രചനയും പ്രധാനമായും വ്യത്യസ്ഥങ്ങളായ രണ്ടു ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണല്ലോ. ആദർശം ലക്ഷ്യമാക്കിയുള്ളവർ ന്യൂനപക്ഷവും, ആദായം ലക്ഷ്യമാക്കിയുള്ളവർ ഭൂരിപക്ഷവും ആയിട്ടാണ് ഇന്ന് കാണപ്പെടുന്നത്. ഒരു ഡസനിലേറെ ഗ്രന്ഥങ്ങളും നൂറ് കണക്കിന് ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ച് കേരളക്രൈസ്തവർക്ക് കാഴ്ചവച്ചിട്ടുള്ള ശ്രീ. ജോൺ കച്ചിറമററം ആദായം ലക്ഷ്യം വച്ചുകൊണ്ടായിരുന്നില്ലാ അപ്രകാരം ചെയ്തതെന്ന്, കഴിഞ്ഞ നാല്പതുവർഷത്തെ അദ്ദേഹവുമായുള്ള അടുത്ത പരിചയത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് സാക്ഷീകരിച്ച് പറയുവാൻ കഴിയും. പലപ്പോഴും ക്രിയാത്മക വിമർശനം (Constructive Criticism) ലേഖനങ്ങളിലൂടെ പ്രകടിപ്പിക്കുന്ന ശ്രീ കച്ചിറമററത്തിന് ഇന്നത്തെ തലമുറ ഒരുപക്ഷേ വേണ്ടത്ര

www.malankaralibrary.com

അംഗീകാരം നൽകുന്നില്ലെങ്കിൽകൂടി പ്രബുദ്ധമായ ഭാവിതലമുറ അദ്ദേഹത്തെ ആദരിക്കുമെന്നുള്ളതിൽ എനിയ്ക്ക് തെല്ലും സംശയമില്ല.


മലയോരകർഷകർക്കും കുടിയേററകർഷകർക്കും കാലാകാലങ്ങളിൽ കേരളത്തിലും ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും കുടിയിറക്കു ഭീഷണിയും പീഡനങ്ങളും ഉണ്ടായപ്പോൾ രാഷ്ട്രീയ പാർട്ടികളോ സഭാനേതൃത്വമോ സഹായഹസ്തം നീട്ടുന്നതിനുമുമ്പു തന്നെ കത്തോലിക്കാ കോൺഗ്രസ്സും കച്ചിറമററവും അതാതു സ്ഥലങ്ങളിൽ ഓടിയെത്തുകയും ഗവൺമെന്റുകളുടെയും മററു ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽ പ്രശ്നം അവതരിപ്പിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും പ്രസ്താവനകൾ ഇറക്കുകയും, മെമ്മോറാണ്ടം സമർപ്പിക്കുകയും സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്ത വസ്തുത അധികമാരും മറന്നിട്ടുണ്ടെന്നു തോന്നുന്നില്ല. കടലോരങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നപരിഹാരത്തിന് ലത്തീൻ കത്തോലിക്കാസംഘടനകളോടൊപ്പം സമരം ചെയ്തതും ആരും മറന്നിരിക്കുകയില്ല. 1958ലെ വിദ്യാഭ്യാസ സമരം തുടങ്ങി 1972 ലെ ഷെഡ് കോളജ് സമരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തകർക്കാനുള്ള കുത്സിതപ്രവർത്തനങ്ങൾക്ക് എതിരെയുള്ള സമരം തുടങ്ങിയവയിലെല്ലാം കത്തോലിക്കാ കോൺഗ്രസും കച്ചിറമററവും വഹിച്ച പങ്കിനെപ്പററി സാമാന്യമായ അറിവ് "തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ" എന്ന മഹത് ഗ്രന്ഥത്തിലൂടെ സാധാരണ ജനങ്ങൾക്ക് ലഭിയ്ക്കും.

ശ്രീ. ജോൺ കച്ചിറമററം പിൻതുടരുന്ന ആദർശപാതയിൽ ദീർഘനാൾ സഞ്ചരിച്ച് വരും തലമുറകൾക്ക് വെളിച്ചം പകരുവാൻ തക്കവിധം കൂടുതൽ ചരിത്രസൃഷ്ടികൾ രചിക്കുവാൻ ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. "തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ" എന്ന ഉത്കൃഷ്ട ഗ്രന്ഥം ബഹുജനസമക്ഷം സവിനയം അവതരിപ്പിച്ചുകൊള്ളുന്നു.

28-12-2004

(Varghese Karippayil)

www.malankaralibrary.com



# തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ ഒരു പഠനം

**ശ്രീ.ബി. വെല്ലിംഗ്ടൺ**

നാലരദശാബ്ദക്കാലമായി കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനത്തിനു സജീവമായ നേതൃത്വം നൽകുന്ന ഒരു സമുദായ സ്നേഹിയാണ് ശ്രീ. ജോൺ കച്ചിറമററം. കത്തോലിക്കാ കോൺഗ്രസ്സ് പാലാ രൂപതാ സംഘം സെക്രട്ടറിയെന്ന നിലയിൽ അഞ്ചുവർഷക്കാലം പ്രവർത്തിച്ച അദ്ദേഹം തുടർന്ന് 36 വർഷക്കാലം എ.കെ.സി.സി.യുടെ വർക്കിംഗ്കമ്മററിയംഗമായിരുന്നു. അതിൽ കോൺഗ്രസ്സിന്റെ യുവജനവിഭാഗമായ കത്തോലിക്കാ യുവജനസംഘടനയുടെ സ്ഥാപകജനറൽ സെക്രട്ടറിയെന്ന നിലയിൽ അഞ്ചുവർഷവും പ്രസ്തുത സംഘടനയുടെ പ്രസിഡണ്ട് എന്ന നിലയിൽ മൂന്നു വർഷവും സേവനമനുഷ്ഠിച്ചു. 18 വർഷക്കാലം കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായും എട്ടുവർഷക്കാലം പ്രസിഡണ്ടായും പ്രവർത്തിച്ചു. കോൺഗ്രസ്സിന്റെ ഔദ്യോഗിക ജിഹ്വയായ ബുള്ളററിന്റെ പത്രാധിപർ, ചീഫ് എഡിററർ, മാനേജിംഗ് എഡിററർ എന്നീ നിലകളിലും 32 വർഷക്കാലം പ്രവർത്തിച്ചിട്ടുണ്ട്. കത്തോലിക്കാകോൺഗ്രസ്സിന്റെ ചരിത്രത്തിൽ വർക്കിംഗ് കമ്മററിയിൽ തുടർച്ചയായി ഏററം കൂടുതൽ കാലം അംഗമായിരുന്നിട്ടുള്ളതും ജനറൽസെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ളതും കത്തോലിക്കാകോൺഗ്രസ്സ് ഭാരഹവാഹിത്വം വഹിച്ചിട്ടുള്ളതും ഏററം കൂടുതൽ കാലം ബുള്ളററിന്റെ ചീഫ് എഡിറററായി പ്രവർത്തിച്ചിട്ടുള്ളതും ശ്രീ. ജോൺ കച്ചിറമററം തന്നെ.

കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ തന്നെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ മേഖലകളിലും സാഹിത്യരചനയിലും നിർണ്ണായകമായ പലതും ചെയ്യുവാൻ കച്ചിറമററത്തിന് സാധിച്ചിട്ടുണ്ട്. കുടിയേററ കർഷകരുടെ അവകാശങ്ങൾക്കുവേണ്ടി നടന്ന പ്രക്ഷോഭണത്തിൽ ഫാ. വടക്കനോടും എ.കെ.ജി. യോടും ഒപ്പം നിന്നു പ്രവർത്തിച്ച ശ്രീ. കച്ചിറമററം ശ്രീമതി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥയ്ക്കെതിരെ പ്രവർത്തിച്ച മനുഷ്യവകാശധർമ്മഭടനാണ്. ശ്രീ. കച്ചിറമററത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മഹായോഗങ്ങളും മഹാപ്രകടനങ്ങളും അദ്ദേഹത്തിന്റെ സംഘടനാസാമർത്ഥ്യം

www.malankaralibrary.com

വിളിച്ചറിയിക്കുന്നതാണ്. കഴിഞ്ഞ ഒരു ദശാബ്ദമായി പുസ്തക പ്രസിദ്ധീകരണരംഗത്തും പുസ്തകരചനാരംഗത്തും അദ്ദേഹം പ്രത്യേകം ശ്രദ്ധപതിപ്പിച്ച് പ്രവർത്തിക്കുകയാണ്. ക്രൈസ്തവസാഹിത്യ ചരിത്രത്തിന് അദ്ദേഹം നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ അവിസ്മരണീയങ്ങളാണ്. സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ നൽകി മൺമറഞ്ഞുപോയ മഹാത്മാക്കളെ ഇന്നത്തെ തലമുറയ്ക്കു പരിചയപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ള കച്ചിറമററത്തിന്റെ യത്നങ്ങൾ എത്രയോ വലുതാണ്! ആ പ്രവർത്തനങ്ങളുടെ ആഴവും പരപ്പും നാം ശരിക്കും ഗ്രഹിച്ചിട്ടുണ്ടോ?

കഴിഞ്ഞ രണ്ടുമൂന്ന് ദശകങ്ങൾക്കുള്ളിൽ ഇവിടുത്തെ ക്രിസ്തീയസമൂഹം അഭിമുഖീകരിച്ചിട്ടുള്ള പല വെല്ലുവിളികളെയും പ്രശ്നങ്ങളെയും നേരിടുന്നതിൽ കച്ചിറമററം സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കുടിയേററകർഷകർ, മത്സ്യത്തൊഴിലാളികൾ, ഹരിജനങ്ങൾ, ദളിത് ക്രൈസ്തവർ, ന്യൂനപക്ഷവിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവർക്കെല്ലാം കച്ചിറമററത്തിന്റെ സേവനം ലഭിച്ചിട്ടുണ്ട്. കച്ചിറമററം വിളിച്ചുകൂട്ടിയിട്ടുള്ള നേതൃത്വസമ്മേളനങ്ങൾ സമൂഹത്തിൽ ഉളവാക്കിയിട്ടുള്ള ചലനങ്ങൾ സമകാലികർക്കൊക്കെ അറിയാം.

രാഷ്ട്രീയത്തിനതീതമായി സാമുദായിക പ്രശ്നങ്ങളിൽ ഇടപെടുവാൻ കച്ചിറമററം കാണിച്ചിട്ടുള്ള വിവേകം പ്രത്യേക പരാമർശമർഹിക്കുന്നു. ദീർഘകാലം കത്തോലിക്കാകോൺഗ്രസ്സിന്റെ സാരഥ്യം വഹിച്ച കച്ചിറമററം ഒരിക്കൽപോലും രാഷ്ട്രീയത്തെ സമുദായ പ്രവർത്തനവുമായി കൂട്ടിക്കുഴക്കുവാൻ ശ്രമിച്ചിട്ടില്ലെന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്.

തിരുവിതാംകൂറും കൊച്ചിയും മലബാറും പ്രത്യേക വിഭാഗങ്ങളിലായി നിലനിന്ന അവസരത്തിലാണ് കേരളാടിസ്ഥാനത്തിലുള്ള ഒരു സംഘടനയായി കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനം ആരംഭിച്ചത് റീത്തുകൾക്കും രൂപതകൾക്കുമതീതമായിട്ടാണ് അതു രൂപീകരിച്ചതും പ്രവർത്തിച്ചതും. ആ സംഘടനയ്ക്ക് ആരംഭത്തിൽപോലും വേണ്ട പ്രോത്സാഹനം ഹൈരാർക്കിയിൽ നിന്നുമുണ്ടായിട്ടില്ല. പിൽക്കാലത്തുള്ള അനുഭവവും അതുതന്നെയാണ്. കത്തോലിക്കാ കോൺഗ്രസ്സ് രൂപതകൾക്കും റീത്തുകൾക്കുമതീതമായി ഒരൊററ നേതൃത്വത്തിൻ കീഴിൽ വളർന്നുവരണമെന്നാണ് അൽമായസമൂഹം ആഗ്രഹിച്ചത് അതിനൊന്നാന്തരം തെളിവാണ് 1968-ൽ ആലുവായിൽ നടന്ന ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന വിഷയത്തെ കേന്ദ്രീകരിച്ച് നടന്ന റീജയണൽ സെമിനാർ തീരുമാനം. അതു താഴെ ചേർക്കുന്നു. 'സഭയിലെ എല്ലാ തീരുമാനസമിതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിദ്ധ്യം നൽകിയും എല്ലാ രൂപതകളിലും

www.malankaralibrary.com

ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും എ.കെ.സി.സി.യെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു" കേരളത്തിലെ സീറോ-മലബാർ, സീറോ-മലങ്കര, ലത്തീൻ വിഭാഗങ്ങളിലെ വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും കന്യാസ്ത്രീകളും അൽമായരും പങ്കെടുത്തസമ്മേളനത്തിന്റെ തീരുമാനം അന്നത്തെ ജനങ്ങളുടെ പൊതുവികാരമായിരുന്നു. ആ സമ്മേളനത്തിൽ പങ്കെടുത്ത യുവവൈദീകർ, മെത്രാന്മാരായി നിയുക്തരായി. അവർ അധികാരമേറ്റെടുത്തപ്പോൾ കത്തോലിക്കാകോൺഗ്രസ്സിനെ റീത്തുകളുടെയോ രൂപതകളുടെയോ സംഘടനകളായി വിഭജിക്കാനാണ് ശ്രമിച്ചത്. രൂപത അല്ലെങ്കിൽ റീത്ത് അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന സംഘടനകളുടെ ഫെഡറേഷൻ രൂപീകരിക്കണമെന്ന വാദവുമായി ചിലർ രംഗത്തുവന്നു. ഒരു ഫെഡറേഷൻ ആയി കത്തോലിക്കാ കോൺഗ്രസ്സിനെ അംഗീകരിക്കുവാൻപോലും അവർ തയ്യാറായില്ല. ലത്തീൻ കാരേക്കാൾ കൂടുതലായി ഈ വാദം ഉന്നയിച്ചത് ചില സിറിയൻ രൂപതകളിലെ മെത്രാന്മാരും അൽമായ പ്രമുഖരുമായിരുന്നു. 1972 ആയപ്പോഴേക്കും ഈ ഒരു ആശയത്തിന് ചില കേന്ദ്രങ്ങളിൽ വലിയ പ്രചാരം ഉണ്ടായി. ഒന്നോ രണ്ടോ വൈദീകമേലദ്ധ്യക്ഷന്മാർ മനസ്സുവച്ചാൽ അവരുടെ ആശയ പ്രചാരകന്മാരായി കുറെയാളുകൾ രംഗത്തുവരുമല്ലോ. കത്തോലിക്കാ കോൺഗ്രസ്സിനെ അതിന്റെ യഥാർത്ഥരൂപത്തിൽ - സ്ഥാപകപിതാക്കൾ ആഗ്രഹിച്ച രീതിയിൽ നിലനിർത്തുവാൻ വിട്ടുവീഴ്ചയില്ലാതെ നിലകൊണ്ട ഒരു നേതാവാണ് ശ്രീ. കച്ചിറമററം. ഈ സന്ദർഭത്തിൽ ഫാ. വടക്കൻ കച്ചിറമററത്തിന്റെ നിലപാടിനെ വിലയിരുത്തിക്കൊണ്ട് ഇപ്രകാരം എഴുതി "വീരകേരളചരിത്രം ഗാഢനിദ്രകൊള്ളുന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ സ്വത്വവും സ്വരൂപവും ഇല്ലാതാക്കാനുള്ള ചിലരുടെ നീക്കങ്ങളെ ക്രാന്തദർശിയായ കച്ചിറമററം എങ്ങനെ അതിജീവിച്ചുവെന്നത് പഠനാർഹമായ ഒരു വിഷയമാണ്"- 1989-ലാണ് വടക്കനച്ചൻ മേൽപറഞ്ഞ അഭിപ്രായം രേഖപ്പെടുത്തിയത്. കാൽനൂററാണ്ടുകാലം എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് കച്ചിറമററം പിടിച്ചുനിന്നു. അതേ സമയം സംഘടനയെ വിഭജിക്കാൻ ചില മെത്രാന്മാരോടൊന്നിച്ച് നിന്ന് ചരടുവലിച്ച വൈദീകരും അൽമായരും പരിശുദ്ധസിംഹാസനത്തിൽ നിന്നും ഉന്നതമായ ബഹുമതികൾ നേടി ഉന്നതസ്ഥാനികളായി. കത്തോലിക്കാ കോൺഗ്രസ്സ് സീറോ-മലബാറുകാരുടേതുമാത്രമായി തുടരണമെന്നും ഒരു പൊതു സംഘടന, ഫെഡറേഷൻ രൂപീകരിക്കുവാൻ കത്തോലിക്കാകോൺഗ്രസ്സ് തയ്യാറാകുന്നില്ലെങ്കിൽ കെ.സി.ബി.സി. മററുവഴികൾ ആരായുമെന്നും പല മെത്രാന്മാരും മുന്നറിയിപ്പുനൽകി. തുടർന്നുനടന്ന ചർച്ചകളുടെയടിസ്ഥാനത്തിൽ ഭരണഘടനയിൽ മാററം വരുത്താതെ എ.കെ.സി.സി.യുടെ പ്രവർത്തനം സീറോ മലബാർ രൂപതകളിൽ മാത്രമായി പരിമിതപ്പെടുത്താമെന്നും അഖില കേരള കത്തോലിക്കാ

www.malankaralibrary.com

കോൺഗ്രസ്സ് എന്ന പേര് അതേരീതിയിൽ തുടരാമെന്നും ഉളള ഒരു ജന്റിൽമെൻസ് എഗ്രിമെന്റിന് തയ്യാറാകേണ്ടിവന്നു. അങ്ങനെയാണ് കത്തോലിക്കാകോൺഗ്രസ്സ് ഇന്ന് പ്രവർത്തിക്കുന്നത്.

എന്റെ മുൻപിലിരിക്കുന്ന ഗ്രന്ഥം കഴിഞ്ഞ മൂന്നു വ്യാഴവട്ടക്കാലത്തെ കത്തോലിക്കാകോൺഗ്രസ്സിന്റെ ചരിത്രം തന്നെയാണ്. ശ്രീ. ജോൺകച്ചിറമററം എ.കെ.സി.സി. ബുളളററിനിൽ എഴുതിയ മുഖപ്രസംഗങ്ങളാണ് ഈ ഗ്രന്ഥത്തിലെ ഉളളടക്കമെന്നു പറയാം. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങളോടൊപ്പം ഈ കാലയളവിൽ കത്തോലിക്കാകോൺഗ്രസ്സ് അംഗീകരിച്ച പ്രമേയങ്ങളും സമർപ്പിച്ച മെമ്മോറാണ്ടങ്ങളും ചേർത്തിട്ടുണ്ട്. കൂടാതെ സമകാലീന പ്രശ്നങ്ങളോട് പ്രതികരിച്ചുകൊണ്ട് കത്തോലിക്കാകോൺഗ്രസ്സ് വർക്കിംഗ്കമ്മററിയും സംഘടനയുടെ ഭാരവാഹി എന്ന നിലയിൽ ജോൺകച്ചിറമററവും നടത്തിയ പ്രസ്താവനകളും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാംകൂടി കൂട്ടി വായിക്കുമ്പോൾ ആ കാലഘട്ടത്തിന്റെയും കത്തോലിക്കാകോൺഗ്രസ്സിന്റെയും ചരിത്രം നമ്മുടെ സ്മൃതിപഥത്തിൽ ഉയർന്നുവരും.

1996 ഏപ്രിൽ ലക്കം ബുളളററിനിൽ എഴുതിയ മുഖപ്രസംഗമാണ് ഈ ഗ്രന്ഥത്തിൽ ആദ്യമായി ചേർത്തിരിക്കുന്നത്. 'പ്രീതിനോക്കാതെയും പേടികൂടാതെയും' എന്നാണ് ആ മുഖപ്രസംഗത്തിന്റെ ശീർഷകം. കച്ചിറമററം കഴിഞ്ഞകാലങ്ങളിൽ എഴുതിയ എല്ലാ മുഖപ്രസംഗങ്ങളും ആരുടെയും പ്രീതിനോക്കാതെയും പേടികൂടാതെയും എഴുതിയതാണെന്നാണ് ആ മുഖപ്രസംഗത്തിൽ അടിവരയിട്ട് എഴുതിയിരിക്കുന്നത്. കച്ചിറമററത്തിനെ എനിക്ക് നാലരദശാബ്ദക്കാലത്തെ പരിചയമുണ്ട്. കച്ചിറമററത്തിന്റെ ജീവിതംതന്നെ ആരുടെയും പ്രീതിനോക്കാതെയും പേടികൂടാതെയുമാണ് നയിച്ചിട്ടുളളതെന്ന് പറയുവാൻ എനിക്കു സാധിക്കും. ഉടുമ്പൻചോലയിലെ കുടിയിറക്കിനെതുടർന്ന് ഫാ. വടക്കനും എ.കെ.ജിയുമായി സഹകരിച്ച് അമരാവതിയിൽ ദിവസങ്ങൾ താമസിച്ചുകൊണ്ട് സാമൂഹ്യപ്രവർത്തനം നടത്തിയത് ആരുടെയും പ്രീതിനോക്കാതെയാണ്. അന്ന് പല വൈദീകമേലദ്ധ്യക്ഷന്മാരും ഫാ. വടക്കന്റെ പ്രവർത്തനങ്ങളെ അനുകൂലിച്ചിരുന്നില്ല. എന്നിട്ടും കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തകനായിരുന്ന കച്ചിറമററം അഭിവന്ദ്യപിതാക്കന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ - ഫാ. വടക്കനോടും എ.കെ.ജി. യോടും ഒത്തുചേർന്നു പ്രവർത്തിച്ചു. ആരുടെയും പ്രീതിനോക്കിയില്ല, പേടിച്ചുമില്ല. കൊട്ടിയൂർ നിന്നും എന്റെ നേതൃത്വത്തിൽ നടന്ന കൊട്ടിയൂർ കർഷകജാഥക്ക് പല പിതാക്കന്മാരും മുടക്കുകല്പനകൾ പുറപ്പെടുവിച്ചപ്പോൾ ആ ജാഥയ്ക്ക് എല്ലാവിധ പിന്തുണയും കച്ചിറമററം നൽകിയത് പ്രീതിനോക്കാതെയും പേടികൂടാതെയും തന്നെയായിരുന്നു. കൊട്ടിയൂർ

www.malankaralibrary.com

കർഷകസമരത്തിലും ചുരുളികീരിത്തോട് കർഷകപ്രക്ഷോഭണത്തിലും (1964) കച്ചിറമററം നൂറുകണക്കിന് പോലീസുകാരുടെ ഭീഷണികളെ വെല്ലുവിളിച്ചുകൊണ്ട് പങ്കെടുത്തപ്പോഴും പ്രീതിനോക്കുകയോ പേടിക്കുകയോ ചെയ്തില്ല. ഗൂഡല്ലൂരിൽ എം.ജി. ആറിന്റെ സർക്കാരും കരുണാനിധിയുടെ സർക്കാരും കുടിയിറക്കുഭീഷണിയുമായി വന്നപ്പോൾ - നൂറുകണക്കിന് പോലീസുകാർ കുടിയിറക്കുമേഖലയിൽ റൂട്ടുമാർച്ച് നടത്തി ജനങ്ങളെ ഭയവിഹ്വലരാക്കിയപ്പോൾ അവിടെയെത്തി കർഷകസമരത്തിന് നേതൃത്വം നൽകിയത് ആരുടെയും പ്രീതിനോക്കാതെയും പേടികൂടാതെയും തന്നെയായിരുന്നു.

1975-ൽ ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയുണ്ടായല്ലോ. പല വിപ്ലവകാരികളും അടിയന്തരാവസ്ഥക്കാലത്ത് പഞ്ചപുച്ഛമടക്കി ജീവിച്ചപ്പോൾ അടിയന്തരാവസ്ഥക്കെതിരെ ധീരമായി പ്രവർത്തിച്ച ശ്രീ. ജോൺ കച്ചിറമററം ഒരിക്കലും ആരുടെയും പ്രീതിനോക്കി പ്രവർത്തിച്ചിട്ടില്ലെന്നും ആരെയും പേടിക്കാതെ ധീരമായി പ്രവർത്തിച്ചിട്ടുണ്ടെന്നും പറയുവാൻ എനിക്ക് സാധിക്കും. മനുഷ്യാവകാശപ്രവർത്തകനും മുൻനാഗാലാന്റ് ഗവർണ്ണറുമായ ഡോ. എം.എം. തോമസ് ഇപ്രകാരം എഴുതിയിരിക്കുന്നു. 'I note that he was also in the fore-front in organising people against the emergency in 1975, and in rendering help to the dependents of the detenues'

പ്രീതിനോക്കാതെയും പേടികൂടാതയും കച്ചിറമററം എഴുതിയ ഓരോ മുഖപ്രസംഗങ്ങളും, പ്രസ്താവനകളും, തയ്യാറാക്കിയ പ്രമേയങ്ങളും, സമർപ്പിച്ച മെമ്മോറാണ്ടങ്ങളും, കാലഘട്ടത്തിന്റെ സ്പന്ദനങ്ങളുൾക്കൊള്ളുന്നതു തന്നെയാണ്. നാലരദശാബ്ദക്കാലം കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തനത്തിന് നേതൃത്വം നൽകിയ കച്ചിറമററത്തിന്റെ ഈ ഗ്രന്ഥത്തിലെ രണ്ടാമത്തെ ലേഖനം സമുദായ സംഘടന എന്തുകൊണ്ട് വളരുന്നില്ലായെന്നതാണ്. വളരെ ദീർഘമായ ആ ലേഖനം സമുദായത്തിലെ എല്ലാ തലങ്ങളിലുംപെട്ടവർ വായിച്ചിരിക്കേണ്ടതാണ്. നൂറുവർഷത്തെ അനുഭവങ്ങൾ അക്കമിട്ട് നിരത്തി സമുദായസംഘടന ശക്തിപ്പെടാത്തതിന്റെ കാര്യകാരണങ്ങൾ നിരത്തിവയ്ക്കുകയാണ്. കത്തോലിക്കാ കോൺഗ്രസ്സിനെ പുറമെനിന്ന് വിമർശിക്കുന്നവരും സുശക്തമായ ഒരു സമുദായസംഘടന ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്ന സമുദായനേതൃത്വവും ഈ ലേഖനം ഒരാവർത്തിവായിക്കുന്നത് ഉചിതമായിരിക്കും.

ബാബറിമസ്ജിദ് തകർക്കപ്പെട്ടതിനെ തുടർന്ന് 1993 ജനുവരി ഒന്നിന് വഞ്ചിക്കപ്പെട്ട രാഷ്ട്രം എന്ന പേരിൽ എഴുതിയമുഖപ്രസംഗം ആദ്യന്തം ശ്രദ്ധേയമാണ്. ആ മുഖപ്രസംഗത്തിൽ പറയുകായാണ് 'സ്വതന്ത്ര ഇന്ത്യയുടെ

www.malankaralibrary.com

ചരിത്രത്തിലെ ഏററവും ദുഃഖപൂർണ്ണമായ ദിനമാണ് ഡിസംബർ 6. നൂററാണ്ടുകളായി ഇവിടെ നിലനിന്നുപോന്ന മതേതരത്വത്തിന് ഇതിൽപരം ആഘാതമേറ്റ മറ്റൊരു ദിവസമില്ല. ബാബറി മസ്ജിദിന് കേടുവരുത്തയവർ നൂററാണ്ടുകളായി ഭാരതം കൈമോശം വരാതെ കാത്തുസൂക്ഷിച്ച തത്വങ്ങളും മൂല്യങ്ങളുമാണ് നശിപ്പിച്ചത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ധീരനായകത്വം വഹിച്ച മുന്നണിപ്പോരാളികളും ഭാരതത്തിലെ ജനകോടികളും നട്ടുവളർത്തിയ മൂല്യങ്ങൾക്കാണ് ഇവിടെ ക്ഷതമേററിരിക്കുന്നത്. എല്ലാ മതവിഭാഗങ്ങളെയും ഒരുപോലെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന സനാതനധർമ്മമാണ് ഇവിടെ തകർന്നു വീണത്. ' എത്ര രൂക്ഷമായിട്ടാണ് ബാബറിമസ്ജിദ് തകർത്തതിനെപ്പററി എഴുതിയിരിക്കുന്നത്.

ഭാരതത്തിലെ മുസ്ലീം സഹോദരങ്ങളോട് എന്ന ശീർഷകത്തിൽ 1996 മാർച്ച് ലക്കത്തിൽ എഴുതിയ ലേഖനത്തിൽ ഇവിടെ മതസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്ന മുസ്ലീംങ്ങൾ, മുസ്ലീംരാഷ്ട്രങ്ങളിൽ നടക്കുന്ന ക്രൂരതയ്ക്കെതിരെ ശബ്ദമുയർത്തണമെന്നും ഏതെങ്കിലും വിധത്തിൽ അധികാര രാഷ്ട്രീയത്തിൽ വില പേശൽ നടത്തി മുതലെടുക്കുക എന്ന നയം മാററി രാഷ്ട്രത്തിന്റെ സമഗ്രപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക എന്ന ലക്ഷ്യം ഏറെറടുക്കുവാൻ ഇവിടുത്തെ ന്യൂനപക്ഷങ്ങൾ തയ്യാറാകണമെന്നും അതിന് ഇവിടുത്തെ ന്യൂനപക്ഷമായ മുസ്ലീംങ്ങൾ നേതൃത്വം കൊടുക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ലോകത്തിൽ ഏററവും കൂടുതൽ മുസ്ലീംങ്ങൾ അധിവസിക്കുന്ന രാജ്യം ഇന്ത്യയാണെന്നും അതിനാൽ മുസ്ലീം രാഷ്ട്രങ്ങളിലെ ന്യൂനപക്ഷ പീഡനങ്ങളെ ചെറുക്കുവാൻ ഇന്ത്യയിലെ മുസ്ലീം സഹോദരങ്ങൾ തയ്യാറാകണമെന്നും ആഹ്വാനം ചെയ്യുന്നു. ഈ മുഖലേഖനം ഏററം പ്രസക്തമായ കാര്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.

കേരളത്തിൽ ഓരോഗവൺമെന്റിന്റെ കാലത്തും നടക്കുന്ന ദുർഭരണത്തെ വിമർശിക്കുകയും നല്ലകാര്യങ്ങളെ പിന്താങ്ങുകയും ചെയ്യുന്ന ഒരു നിഷ്പക്ഷ നയമാണ് മുഖലേഖനങ്ങളിൽ ആദ്യന്തം കാണുക. രാഷ്ട്രീയത്തിനതീതമായി പൊതു പ്രശ്നങ്ങളെ വിലയിരുത്തുന്നതിൽ കത്തോലിക്കാ കോൺഗ്രസ്സ് നൂറുശതമാനവും വിജയിച്ചിട്ടുണ്ട്. മുന്നണി ഭരണമാണല്ലോ കേരളത്തിലും ഇന്ത്യയിലും നടക്കുന്നത്. മുന്നണി ഭരണം രാജ്യത്തിന് വരുത്തിവയ്ക്കുന്ന അപകടങ്ങളെപ്പററി മുഖപ്രസംഗത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. യാതൊരു ബഹുജനപിന്തുണയുമില്ലാത്ത ചില പാർട്ടികൾ ഉന്നയിക്കുന്ന അന്യായമായ ആവശ്യങ്ങൾക്കുമുൻപിൽ പോലും തലകുനിക്കുവാൻ ഘടകകക്ഷികൾ തയ്യാറാകുന്നത് അധികാരം നിലനിൽത്താനുള്ള വ്യഗ്രതയിലാണെന്നും അത് രാജ്യത്തിന്റെ സമഗ്ര പുരോഗതിക്ക് തടസ്സമായി തീരുമെന്നും മുഖപ്രസംഗത്തിലൂടെ സമർത്ഥിച്ചിട്ടുണ്ട്. ഇടതുപക്ഷ

www.malankaralibrary.com

ത്തുനിന്ന് തെററിപ്പിരിഞ്ഞ് വരുന്ന വ്യക്തികളെയും ഗ്രൂപ്പുകളെയും ഉൾപ്പെടുത്തി മുന്നണി രൂപീകരിച്ചതും മന്ത്രിസഭരൂപീകരിച്ചതും തെററാണെന്ന് തുറന്നുപറയുവാനും കച്ചിറമററം മടിക്കുന്നില്ല. ഈ ദുർഭരണത്തിനെതിരെ അണിനിരക്കുക എന്ന് ആഹ്വാനം ചെയ്തുകൊണ്ട് എഴുതിയ (05-10-1994) ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "സ്നേഹിതരേ ഉണരുക, നിഷ്ക്രിയരായി ഇരിക്കാതെ സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുവാൻ തയ്യാറെടുക്കുക" പ്രസ്തുത ലേഖനത്തിൽ സത്യസന്ധന്മാരും ആദർശധീരന്മാരുമായ നിരവധിയാളുകളുടെ സേവനങ്ങളെയും ധീരോദാത്തമായ പ്രവൃത്തികളെയും എണ്ണിയെണ്ണി പറഞ്ഞ് അനുസ്മരിക്കുന്നുണ്ട്. തുടർന്നദ്ദേഹം എഴുതുന്നു "വീരന്മാരും അതിസമർത്ഥന്മാരും ആയ പട്ടംതാണുപിള്ള, സി.കേശവൻ, എ.ജെ. ജോൺ, ടി.കെ., ടി.എം. വർഗ്ഗീസ് പനമ്പള്ളി ഗോവിന്ദമേനോൻ തുടങ്ങിയ ഭരണാധികാരികൾക്കൊന്നും മൂന്നുവർഷം തികച്ച ഭരിക്കാൻ സാധിച്ചിട്ടില്ല. അവരുടെ ചെരുപ്പുകളുടെ വള്ളികൾപോലും അഴിക്കാൻ കഴിവില്ലാത്തവർ ഇന്ന് അനേകവർഷങ്ങൾ തുടർച്ചയായി ഭരിക്കുന്നു. അവസരവാദ രാഷട്രീയത്തിന്റെ മുഖ്യവിജയമായി നമുക്കതിനെകണക്കാക്കാം."

ആർച്ച് ബിഷപ്പ് മാർജോസഫ് പൗവ്വത്തിലിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷന്റെ രൂപീകരണത്തെ സ്വാഗതം ചെയ്തുകൊണ്ട് എഴുതിയ മുഖപ്രസംഗം അങ്ങേയററം പ്രതീക്ഷകളോടെ തയ്യാറാക്കിയതായിരുന്നു. ആ ഫൗണ്ടേഷന്റെ പരാജയത്തെപ്പററി ചേർത്തിരിക്കുന്ന കുറിപ്പ് സംഘടനാ പ്രവർത്തകർ പ്രത്യേകം വായിച്ചിരിക്കേണ്ടതാണ്.

മലയോരകർഷകപ്രശ്നം, കുടിയിറക്ക്, കാർഷികപ്രശ്നങ്ങൾ, വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധികൾ, മദ്യനയം തുടങ്ങി എല്ലാ പ്രശ്നങ്ങളെപ്പററിയും അപ്പഴപ്പോൾ വിശകലനം ചെയ്ത് തയ്യാറാക്കിയ മുഖപ്രസംഗങ്ങളും പ്രസ്താവനകളും വായിക്കുമ്പോൾ സമകാലീനപ്രശ്നങ്ങളോട് കച്ചിറമററത്തിന്റെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് എങ്ങിനെ പ്രതികരിച്ചിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം.

സഭയ്ക്കുള്ളിലുള്ള പ്രശ്നങ്ങളെപ്പററി തികഞ്ഞ ആത്മസംയമനത്തോടെയാണ് കച്ചിറമററം എഴുതിയിട്ടുള്ളത്. അതേസമയം ധർമ്മരോഷവും അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്. ഇവരോ സഭാസ്നേഹികൾ എന്ന ലേഖനം നോക്കുക. ആരാധനാക്രമം, സഭയിലെ ഭരണസംവിധാനം തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടായഅഭിപ്രായവ്യത്യാസങ്ങളെത്തുടർന്ന് ഇരുഗ്രൂപ്പിലുംപെട്ടവർ നടത്തിയ പ്രവർത്തനങ്ങളെ എത്ര ശക്തമായ ഭാഷയിലാണ് വിമർശിച്ചിരിക്കുന്നത്. വളരെ തരംതാണരീതിയിൽ ലഘുലേഖകൾ അടിച്ചിറക്കിയ ഇരുഗ്രൂപ്പിലുംപെട്ട

www.malankaralibrary.com

വരോടായി അദ്ദേഹം ചോദിക്കുന്ന ചോദ്യം ഹൃദയാവർജ്ജകമാണ്. ഏതാനും ഭാഗം ഉദ്ധരിക്കട്ടെ. 'രാഷ്ട്രീയ നേതാക്കളെക്കാൾ തരംതാണ് പ്രവർത്തനവുമായിട്ടാണ് ഈയിടെ ചില സഭാസ്നേഹികൾ മുന്നിട്ടിറങ്ങിയിരിക്കുന്നത്. പൗരസ്ത്യസഭയോടുള്ള അവരുടെ സ്നേഹത്തിന്റെ പേരിലാണ് അവർ പോർവിളി മുഴക്കുന്നത്. സീറോ-മലബാർ സഭയെ അവരോളം സ്നേഹിക്കാൻ മററാരുമില്ലന്നാണ് അവരുടെ ചിന്ത യെന്ന് തോന്നും. അവരുടെ പ്രവർത്തനശൈലി ക്രൈസ്തവമാണോ? അവർ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരാണോ? ഇവരൊക്കെ സഭയുടെയും ക്രിസ്തുവിന്റെയും പേരിൽ ശബ്ദിക്കുവാൻ അർഹരാണോ? ഇവരൊക്കെ വിചാരി ക്കുന്നതുപോലെ സഭയും സഭാധികാരികളും പ്രവർത്തിച്ചില്ലെങ്കിൽ എല്ലാററി നെയും നശിപ്പിക്കുമെന്നവിധത്തിൽ അട്ടഹാസംമുഴക്കുന്നത് എന്തുധാർമ്മികത യുടെ പേരിലാണ്? എന്ത് നീതിബോധത്തിന്റെ പേരിലാണ്?' ഈ മുഖലേഖനം ഇരുകൂട്ടരുടെയും വിമർശനത്തിന് വിധേയമായി സീറോ-മലബാർ സഭയുടെ സിനഡ് സമ്മേളനം നടക്കുന്ന സ്ഥലത്തേയ്ക്ക് ഏതാനും വൈദികർ പ്രകടനം നടത്തിയതിനെയും അച്ചടക്കലംഘനം നടത്തിയതിനെയും വിമർശിച്ചുകൊണ്ട് കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവന ഒരു വിഭാഗത്തിന്റെ കടുത്ത അമർഷത്തിന് വിധേയമായി.

ഈ സന്ദർഭത്തിലാണ് ഏതാനും വൈദികരുടെ സഹകരണത്തോടെ കുരിശുചിഹ്നം കത്തിക്കാൻ ചിലർ തീരുമാനമെടുത്തത് കുരിശു കത്തിക്കലിനെതിരെ കത്തോലിക്കാകോൺഗ്രസ്സ് അന്ത്യശാസനം നൽകുകയും ആ സംരംഭത്തിൽ നിന്ന് തല്പരകക്ഷികൾ പിൻമാറിയില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടനൽകുമെന്ന് മുന്നറിയിപ്പുനൽകുകയും ചെയ്തു. അതേ തുടർന്ന് കുരിശുകത്തിക്കൽ വേണ്ടെന്നുവച്ചു.

ഈ ഗ്രന്ഥം ഒരാവർത്തിവായിച്ചാൽ കഴിഞ്ഞകാലങ്ങളിൽ കോൺഗ്രസ്സ് സ്വീകരിച്ച നടപടികൾ എത്രമാത്രം സമുചിതമായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. 2003 ഡിസംബർ 15-ന് ശേഷം ബുള്ളററിൻ പ്രസിദ്ധീകരിച്ചിട്ടില്ല. അതിന് ഇടയാക്കിയ കാരണങ്ങളെപ്പററി വിശദമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി പ്രതിസന്ധിയിലാണ്. സമുദായത്തിനുവേണ്ടി നിലകൊള്ളാൻ ഉണ്ടായിരുന്ന ഏക സംഘടനയും ഇപ്പോൾ നിശ്ചലമാക്കപ്പെട്ടിരിക്കുന്നു.

എങ്കിലും ശ്രീ. ജോൺ കച്ചിറമററം സമുദായത്തിന്റെ വികാരങ്ങൾ കണക്കിലെടുത്ത് വിദ്യാഭ്യാസ രംഗത്തും കാർഷികരംഗത്തും അനുഷ്ഠിച്ച സേവനങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ക്രൈസ്തവനേതൃത്വം കമ്മ്യൂണിസ്റ്റ്

www.malankaralibrary.com

പാർട്ടിയെ വെള്ളപൂശുമ്പോൾ എന്ന ഒരു ലേഖനം സൺഡേശാലോമിൽ പ്രസിദ്ധീകരിച്ചത് ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത ദീർഘമായ ലേഖനം കേരളത്തലെ എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റുകളുമായിട്ടുള്ള ബന്ധത്തെപ്പററി ചർച്ചചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ കെ.സി.ബി.സി. ഒരു ഉപസമിതിയെ ചുമതലപ്പെടുത്തിയ സാഹചര്യത്തിൽ ആണ് ഈ ലേഖനം തയ്യാറാക്കിയത്. കച്ചറമററം അയച്ച കത്തിന് മെത്രാന്മാരുടെ ഉപസമിതി എന്തു വിശദീകരണം നൽകുമെന്ന് കാത്തിരിക്കാം.

സാമൂഹ്യപ്രശ്നങ്ങളിൽ - കുടിയിറക്കുപോലുള്ള പ്രശ്നങ്ങളിൽ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചതിന് എതിർപ്പ് പ്രകടിപ്പിച്ച വൈദിക മേലദ്ധ്യക്ഷന്മാർ, ഇന്ന് യാതൊരു പ്രസക്തിയുമില്ലാത്ത സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റുകളുമായുള്ള കൂട്ടുകെട്ടിനെപ്പററി ചർച്ച ചെയ്യാൻ ഒരു ഉപസമിതിയെ നിയോഗിച്ചതിന്റെ പിന്നിലുള്ള ലക്ഷ്യം എന്താണെന്ന് കച്ചിറമററം ചോദിച്ചിരിക്കുന്നത് അർത്ഥഗർഭമാണ്.

മൂന്നു വ്യാഴവട്ടക്കാലത്തെ കത്തോലിക്കാകോൺഗ്രസ്സിന്റെ ചരിത്രം വിളിച്ചറിയിക്കുന്ന തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ എന്ന ഈ ഗ്രന്ഥം സമുദായ സ്നേഹികൾ സസന്തോഷം ഏററുവാങ്ങുമെന്ന് എനിക്കുറപ്പുണ്ട്. ചരിത്രത്തിൽ തൽപ്പരരായിട്ടുള്ളവർക്കും സമുദായ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഈ ഗ്രന്ഥം ഒരു വഴികാട്ടിയായിരിക്കുമെന്ന് രേഖപ്പെടുത്തിക്കൊണ്ട് ഈ ഗ്രന്ഥത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

കൊല്ലം
28-12-2004

www.malankaralibrary.com

# 1

# പ്രീതിനോക്കാതെയും പേടി കൂടാതെയും

*(മൂന്നു വ്യാഴവട്ടക്കാലം എ.കെ.സി.സി. ബുള്ളറ്റിനിൽ മുഖപ്രസംഗം എഴുതാൻ എനിക്കു സാധിച്ചു. പലരുടെയും വിമർശനങ്ങൾക്കും ഒട്ടേറെ പ്പേരുടെ പ്രശംസക്കും ഈ മുഖപ്രസംഗങ്ങൾ ഇടനൽകിയിട്ടുണ്ട്. ആരുടെയും പ്രീതി നോക്കാതെയാണ്, ആരെയും പേടിക്കാതെയുമാണ്, ഇവയെല്ലാം ഞാൻ എഴുതിയത്. അക്കാര്യം ഞാൻ 1996 ഏപ്രിൽ ലക്കത്തിലെ മുഖപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. മുഖപ്രസംഗങ്ങൾ എഴുതുന്ന കാര്യത്തിൽ ഞാൻ സ്വീകരിച്ച നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള ഈ മുഖപ്രസംഗം ഈ ഗ്രന്ഥത്തിൽ ആദ്യം ചേർത്തത് ഇക്കാര്യത്തിൽ എന്റെ നിലപാട് വ്യക്തമാക്കുവാനാണ്)*

"മാറിനിന്നു മെത്രാന്മാരെയും സന്ന്യാസ സഭാധികാരികളെയും കുററം പറയുന്നതു വലിയൊരു വിനോദമാണിന്ന്. വൈദികരെപ്പററി അൽമായരും അതുതന്നെ ചെയ്യുന്നു. എന്നാൽ ബന്ധപ്പെട്ട അധികാരി നേരേ വന്നാൽ വിമർശകർ ആദരവോടെ കുമ്പിടുകയും ഉള്ളു തുറന്നു സംസാരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. അഭിപ്രായപ്രകടനത്തിനുള്ള ഈ വൈമനസ്യം സഭയ്ക്ക് ദോഷം ചെയ്യുന്നുണ്ട്. സിയന്നായിലെ വി. കാതറിനോട് ഇവർ ശക്തിക്കും വെളിച്ചത്തിനും പ്രാർത്ഥിക്കണം. ആ വിശുദ്ധ മാർപാപ്പായുടെ മുഖത്തുനോക്കി കാര്യം പറയാൻ തന്റേടം കാണിച്ചു. "

പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷിക്കുന്ന കർദ്ദിനാൾ ആന്റണി പടിയറ തന്റെ ധ്യാന പ്രസംഗങ്ങൾ ഒന്നിൽ പറഞ്ഞതാണിത്. അനുസരണത്തെപ്പററി പ്രതിപാദിക്കുമ്പോഴാണ് ഈ പരാമർശനമെന്നതു ശ്രദ്ധേയമാണ്. പറയാനുള്ളതു മുഖത്തുനോക്കി പറയണമെന്നതാണു പടിയറ പിതാവിന്റെ നിലപാട്. പ്രീതി നോക്കാതെയും, പേടി കൂടാതെയും (Without fear or favour) എന്നു പിതാവു പലപ്പോഴും ആവർത്തിക്കാറുണ്ട്.

സത്യം അപ്രിയമാണെങ്കിലും പറയണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. സത്യം പറയുന്നവരെ അദ്ദേഹത്തിന് ഇഷ്ടമാണുതാനും. വിമർശനങ്ങളുടെ മുമ്പിൽ പതറാതെ അചഞ്ചലനായിരിക്കുന്ന പിതാവിനെ നോക്കി പലരും ആശ്ചര്യപ്പെടാറുണ്ട്. പാഞ്ഞുവരുന്ന കൂരമ്പുകളെ അദ്ദേഹം പുഷ്പബാണമായി സ്വീകരിക്കുന്നു. അപ്പോഴൊന്നും കണ്ണുകളിലെ തിളക്കം കുറയുന്നില്ല. ചുണ്ടുകളിലെ പുഞ്ചിരി മായുന്നുമില്ല. എല്ലാം കേട്ടതിനുശേഷം മറുപടി, സൗമ്യമായ ഏതാനും വാക്കുകളിൽ അദ്ദേഹമൊതുക്കുന്നു. സീറോ–

www.malankaralibrary.com

മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായ അത്യുന്നത കർദ്ദിനാൾ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ഫെബ്രുവരി 7–ാം തീയതിയിലെ സത്യദീപത്തിൽ ഫാ. ജോർജ്ജ് നെല്ലിശ്ശേരി എഴുതിയ ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്. കർദ്ദിനാൾ മാർ ആന്റണി പടിയറയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു തന്നെയാണ് ഫാ. നെല്ലിശ്ശേരി ലേഖനം തുടങ്ങിയിരിക്കുന്നത്.

ഈ ലേഖനം വായിച്ചപ്പോൾ എ.കെ.സി.സി. ബുള്ളററിന്റെ കഴിഞ്ഞ ലക്കങ്ങളിലേക്ക് അതിന്റെ ചീഫ് എഡിററായ ഞാൻ ഒന്ന് തിരിഞ്ഞുനോക്കുകയാണ്. കർദ്ദിനാൾ തിരുമേനിയുടെ വാക്കുകളുടെ പിൻബലത്തിൽ ഉറച്ചുനിന്നുകൊണ്ട്. 1969 മുതൽ 75 വരെ എ.കെ.സി.സി. ബുള്ളററിൽ പത്രാധിപസമിതിയംഗമായിരുന്നു ഞാൻ. 75 മുതൽ 79 വരെയും 82 മുതൽ നാളിതുവരെയും ബുള്ളററിന്റെ ചീഫ് എഡിറററുമായിരുന്നു. ഈ കാലയളവിൽ രാഷ്ട്രത്താകമാനവും സഭയിലും വലിയ സംഭവവികാസങ്ങൾ നടന്നിട്ടുണ്ട്. ആ സന്ദർഭത്തിലെല്ലാം എ.കെ.സി.സി. ബുള്ളററിൽ 'പ്രീതിനോക്കാതെയും പേടികൂടാതെയും' പ്രവർത്തിച്ചിട്ടുണ്ടോയെന്ന് ചിന്തിക്കുവാൻ ഞാൻ നിർബന്ധിതനായി ത്തീർന്നിരിക്കുന്നു. ഈ കാലയളവിൽ സർക്കാർഭാഗത്തുനിന്നും ഉണ്ടായ കുടിയിറക്കുകൾ, രാജ്യത്തെ ക്രമസമാധാനനില, പുതിയ നിയമനിർമ്മാണ സംരംഭങ്ങൾ, ക്രിസ്ത്യൻ പിന്തുടർച്ചാവകാശബില്ലിന്റെ മുൻകാലപ്രാബല്യം, മിഷനറിമാർ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ, ദളിത് ക്രൈസ്തവപ്രശ്നം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളിൽ ബുള്ളററിൻ ശരിയായി പ്രതികരിച്ചിട്ടുണ്ടെന്നു തന്നെയാണ് എന്റെ ഉത്തമബോധ്യം. ഇക്കഴിഞ്ഞ മന്ത്രിസഭകളുടെ കാലത്തെല്ലാം ക്രമസമാധാനനിലതകർന്നപ്പോൾ, മുന്നണി സംവിധാനത്തിന്റെയുള്ളിൽ നിന്നുകൊണ്ട് വിലപേശൽ നടത്തി സ്വാർത്ഥതാല്പര്യത്തിനുവേണ്ടി വ്യക്തികളും പാർട്ടികളും പ്രവർത്തിച്ചപ്പോൾ ബുള്ളററിനിൽ കൂടി എഴുതിയ പ്രസാധകകുറിപ്പുകൾ ഒട്ടേറെ വിമർശനങ്ങൾക്കും അതുപോലെതന്നെ പ്രശംസകൾക്കും വിധേയമായിട്ടുണ്ട്. ബുള്ളററിനിൽ എഴുതിയ പല പ്രസാധകക്കുറിപ്പുകളും കേരളത്തിലെ പല പത്രമാസികകളും എടുത്തുപ്രസിദ്ധീകരിക്കുകയുണ്ടായി. അതുപോലെ തന്നെ പല സാമൂഹ്യപ്രവർത്തകരും നമ്മുടെ ശാഖകളും പല മുഖപ്രസംഗങ്ങളുടെയും നിരവധി കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യപ്പെടുകയുണ്ടായി. ന്യൂനപക്ഷാവകാശത്തിന്റെ പേരിൽ മുതലക്കണ്ണീർപൊഴിക്കുന്ന ചിലർ ദേശീയ താല്പര്യത്തിന് എതിരായി നീങ്ങുന്ന കാഴ്ചയെ നഖശിഖാന്തം ബുള്ളററിനിൽ വിമർശിച്ചിട്ടുണ്ട്.

ഇതേ മാർഗ്ഗംതന്നെ സഭാപ്രശ്നങ്ങളിലും ബുള്ളററിൻ സ്വീകരിച്ചിട്ടുണ്ട്. ഒരിക്കലും സഭയുടെ അടിസ്ഥാനപരമായ സഭാപ്രശ്നങ്ങളുടെ നേർക്ക് ബുള്ളററിനിൽ കൂടി വിമർശനശരം തൊടുത്തുവിട്ടിട്ടില്ല. അതേ സമയം സമകാലീനപ്രശ്നങ്ങളിൽ സമുദായ നേതൃത്വം, സമുദായ സംഘടനയെ അവഗണിച്ചപ്പോൾ അതിനെതിരെ പ്രതികരിക്കുവാൻ ഞാൻ നിർബന്ധിതനായിത്തീർന്നു. അഴിമതിക്കെതിരെ പടപൊരുതുന്ന ക്രൈസ്തവസമൂഹം അതിന്റെ വിപുലമായ

www.malankaralibrary.com

പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ അതിൽ പ്രസംഗിക്കാനായി ക്ഷണിക്കുന്നത് വിവിധ രാഷ്ട്രീയപാർട്ടികളിലെ നേതാക്കളെയും അവരുടെ ഗ്രൂപ്പു നേതാക്കളേയുമാണ്. അവർ ക്രൈസ്തവസാക്ഷ്യം വഹിക്കുന്ന വരാണോയെന്ന് ആരും ചിന്തിക്കാറില്ല. അഴിമതികളിൽ മുങ്ങിക്കുളിച്ച ഓരോ പാർട്ടിയുടെയും എ മുതൽ ഇസഡ് വരെയുള്ള ഗ്രൂപ്പുകളുടെ നേതാക്കന്മാരെയും ആശംസാപ്രസംഗത്തിനായി ക്ഷണിക്കുമ്പോൾ സമുദായനേതാക്കൾ പുറംതള്ളപ്പെടുന്ന കാഴ്ചകണ്ട് ബുള്ളററിനിൽകൂടി വിമർശിച്ചിട്ടുണ്ടെങ്കിൽ അത് ഈ സംഘടനയോടുള്ള എന്റെ ആത്മാർത്ഥതകൊണ്ട് മാത്രമാണെന്ന് ധരിക്കണമെന്നഭ്യർത്ഥിക്കുന്നു. കത്തോലിക്ക കോൺഗ്രസ്സ് പോലുള്ള സമുദായ സംഘടനകൾ നിലനിൽക്കുമ്പോൾ, ആ സംഘടനയുടെ നേതാക്കളെയാണ് അൽമായ പ്രതിനിധികളായി സഭാനേതൃത്വം അയക്കേണ്ടത്. അത് സംഭവി ക്കാതെ വരുകയും അൽമേയ നേതൃത്വം സഭാമണ്ഡലത്തിലും പുറത്തും അവഹേളിക്കപ്പെടുകയും ചെയ്യുമ്പോൾ അതിനെ എതിർത്തിട്ടുണ്ടെങ്കിൽ അത് ഞാൻ എന്റെ സമുദായ സംഘടനയെ സ്നേഹിക്കുന്നതുകൊണ്ടു മാത്രമാണ്.

ബുള്ളററിന്റെ എഡിറേറാറിയൽ പല സന്ദർഭങ്ങളിലും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത് കേന്ദ്രഗവൺമെന്റിലേക്ക് പല നേതാക്കളും അയച്ചിട്ടുള്ളതും ഞാൻ അഭിമാനപൂർവ്വം സ്മരിക്കുകയാണ്.

ബുള്ളററിനിൽ കഴിഞ്ഞ രണ്ടു ദശകത്തോളം ഞാൻ എഴുതിയവ "പ്രീതിനോക്കാതെയും പേടികൂടാതെയും" ആയിരുന്നുവെന്ന് അഭിമാനപൂർവ്വം പറയട്ടെ.

കഴിഞ്ഞകാലങ്ങളിൽ അതിശക്തമായി ഏതെങ്കിലും വിഷയത്തെപ്പററി വിമർശിച്ച് എഴുതിയിട്ടുണ്ടെങ്കിൽ പ്രവർത്തിക്കുന്ന സംഘടനയോടുള്ള അത്മാർത്ഥത കൊണ്ടാണ് അപ്രകാരം ചെയ്തതെന്ന് മാന്യ വായനക്കാർ ധരിക്കണമെന്നഭ്യർത്ഥിക്കുന്നു.

## 2

# സമുദായസംഘടന എന്തുകൊണ്ട് വളരുന്നില്ല?

*(എന്റെ പ്രധാനപ്രവർത്തനരംഗം കത്തോലിക്കാകോൺഗ്രസ്സാണ്. കോൺഗ്രസ്സ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ആരു ശ്രമിച്ചാലും അതിന് കുറെ പരിമിതികൾ ഉണ്ടെന്ന് എനിക്ക് നന്നായി അറിയാം. ആ പരിമിതികളെപ്പററി പൊതുവേദികളിൽ ഞാൻ പരാമർശിക്കുവാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. ചാലിൽ ഇടവക യൂണിററിന്റെ ആഭിമുഖ്യത്തിൽ എ.കെ.സി.സി. വാർഷികം ആഘോഷിച്ചപ്പോൾ പൊതു സമ്മേളനത്തിൽ പ്രസംഗിച്ച ഒരു വലിയ വി.ഐ.പി. കോൺഗ്രസ്സിനെ തരംതാഴ്ത്തി സംസാരിക്കുകയുണ്ടായി. അദ്ദേഹം പ്രസംഗം കഴിഞ്ഞ് അടുത്ത പ്രസംഗം*

www.malankaralibrary.com

*എന്റേതായിരുന്നു. ആരുടെയും പ്രസംഗം കേൾക്കാൻ ആഗ്രഹിക്കാതെ അദ്ദേഹം സ്ഥലം വിടാൻ ഒരുങ്ങി. അപ്പോൾ ഞാൻ പറഞ്ഞു. "അങ്ങു പറഞ്ഞതെല്ലാം ഞങ്ങൾ കേട്ടു. അതിന് ഒരു വിശദീകരണം തരണമെന്നുണ്ട്. എത്ര ധൃതിയുണ്ടെങ്കിലും അത് കേട്ടിട്ടു മാത്രമേ പോകാവൂ." രണ്ടായിരത്തിലധികം വരുന്ന ജനക്കൂട്ടം ഹർഷാരവം മുഴക്കി. ഞാൻ 15 മിനിട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ചു. എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ കച്ചിറമററം പറഞ്ഞ കാര്യങ്ങൾ ഒന്നും എനിക്ക് അറിയത്തില്ല. നമുക്ക് വിശദമായ ഒരു ചർച്ച നടത്തണമെന്ന് പറഞ്ഞ് അദ്ദേഹം സ്ഥലം വിട്ടു.*

*1994-ൽ എ.കെ.സി.സി. പ്ലാററിനം ജൂബിലി സമാപന പരിപാടികൾ ഇരിങ്ങാലക്കുടവച്ചാണ് നടത്തിയത്. പ്രൊഫ. കെ.എം. ചാണ്ടി (മുൻ ഗവർണ്ണറായിരുന്നു) സാംസ്കാരിക സമ്മേളനത്തിലെ അദ്ധ്യക്ഷൻ. ആ സമ്മേളനത്തിലെ വി.ഐ.പി. എ.കെ.സി.സി. പ്രവർത്തകരെ വേദനിപ്പിക്കുന്ന വിധത്തിൽ ദീർഘനേരം സംസാരിച്ചു. സത്യം ഗ്രഹിക്കാതെ ചിലരുടെ കൈയ്യടിക്കുവേണ്ടി നടത്തിയ പ്രസംഗത്തോട് കെ.എം. ചാണ്ടി ശരിയായി പ്രതികരിച്ചു. ആ വി.ഐ.പി. യുടെ പ്രസംഗത്തോട് ഒരു സംഘടനാപ്രവർത്തകന്റെ പ്രതികരണം എന്ന നിലയിലാണ് 1994 ഒക്ടോബർ ലക്കത്തിൽ താഴെ ചേർത്തിരിക്കുന്ന മുഖപ്രസംഗം എഴുതിയത്. ഈ മുഖപ്രസംഗത്തിന്റെ ആയിരക്കണക്കിന് കോപ്പികൾ അച്ചടിപ്പിച്ച് പല ശാഖാ പ്രവർത്തകരും വിതരണം ചെയ്തിട്ടുണ്ട്. അതേ സമയം ഈ എഡിറേറാറിയൽ പലരുടെയും വിമർശനത്തിനും കോപത്തിനും ഇടയാക്കിയിട്ടുണ്ട് എന്നു കൂടി പ്രസ്താവിക്കട്ടെ)*

അഖിലകേരള കത്തോലിക്ക കോൺഗ്രസ്സ് പ്ലാററിനം ജൂബിലിയാഘോഷം സമാപിച്ചിരിക്കുന്നു. ഒരു വർഷം നീണ്ടുനിന്ന ആഘോഷപരിപാടികളാണ് ആസൂത്രണം ചെയ്തിരുന്നത്. രാഷ്ട്രീയപാർട്ടികളെപോലെ വൻപ്രകടനങ്ങളൊന്നും എ.കെ.സി.സി. പ്ലാനിട്ടിരുന്നില്ല. സംഘടനാപ്രവർത്തകരുടെ ഒരു കൂട്ടായ്മ വളർത്തിയെടുക്കുവാനായിരുന്നു ശ്രമിച്ചത്. കോൺഗ്രസ്സ് പരിപാടികളെപ്പററി വ്യക്തമായി മനസ്സിലാക്കാതെ ജൂബിലിയാഘോഷപരിപാടികളെ വിമർശിച്ചവരും ഉണ്ട്. കെട്ടുറപ്പുള്ള ഒരു സമുദായമാണ് നമ്മുടേതെന്നും ലക്ഷക്കണക്കിന് ആൾക്കാരെ ഈ പരിപാടികളിൽ പങ്കെടുപ്പിക്കുവാൻ സാധിക്കാഞ്ഞത് നിർഭാഗ്യകരമായിയെന്നും അഭിപ്രായപ്പെട്ടവരുണ്ട്. എ.കെ.സി.സി.ക്ക് അങ്ങനെയൊരു പ്ലാനില്ലായിരുന്നുവെന്ന വസ്തുത മനസ്സിലാക്കാതെയാണ് അവർ ആ അഭിപ്രായം പ്രകടിപ്പിച്ചത്. മുൻ ഗവർണ്ണർ പ്രൊഫ. കെ.എം. ചാണ്ടി സാംസ്കാരിക സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ട് 'കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനമണ്ഡലം ഏതെന്ന് വ്യക്തമായി മനസ്സിലാക്കാതെയാണ് ഇപ്രകാരമുള്ള അഭിപ്രായപ്രകടനങ്ങൾ നടത്തുന്നതെന്നും സഭാനേതൃത്വം എ.കെ.സി.സി.ക്ക് നൽകിയിട്ടുള്ള പ്രവർത്തനമേഖലകളെപ്പററിയാണ് ആദ്യമേ ചിന്തിക്കേണ്ടതെന്നും പ്രസ്താവിക്കുകയുണ്ടായി.'

സംഘടനരൂപീകരിച്ചിട്ട് 75 വർഷങ്ങൾ പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. ഇന്നും സമുദായസംഘടന ശക്തമായിട്ടില്ലായെന്ന യാഥാർത്ഥ്യം സമ്മതിക്കുന്നു.

www.malankaralibrary.com

ഇതിന്റെ കാര്യകാരണങ്ങളെപ്പററി വിലയിരുത്താതെ കാടടച്ച് വെടിവയ്ക്കുന്നത് ശരിയല്ലെന്ന് ആദ്യമേ പ്രസ്താവിക്കട്ടെ. പൊതുയോഗങ്ങളിൽവച്ച് സംഘടന ശക്തിപ്പെടാത്തതിൽ ധാർമ്മികരോഷംകൊണ്ട് പലരും പ്രസംഗിക്കുക പതിവാണ്. അവരുടെ അഭിപ്രായങ്ങളെ അതേ സമ്മേളനത്തിൽവച്ച് ഖണ്ഡിക്കുന്നത് ശരിയല്ലല്ലോ. ചില സന്ദർഭങ്ങളിൽ അങ്ങനെയും ചെയ്യേണ്ടി വന്നിട്ടുണ്ട്. ഏതായാലും വസ്തുതകളെ വിലയിരുത്താതെയുള്ള ഇത്തരം അഭിപ്രായപ്രകടനങ്ങൾ സംഘടനാപ്രവർത്തകരിൽ നിരാശയും ദുഃഖവും വളരാൻ ഇടയാക്കുമെന്ന് വിശ്വസിക്കുന്നു. അതിനാൽ എന്തുകൊണ്ടാണ് കത്തോലിക്കാ കോൺഗ്രസ്സ് സുസംഘടിതമാകാത്തതെന്ന് ഒരു വിലയിരുത്തൽ നടത്തുവാൻ ആഗ്രഹിക്കുന്നു. യാഥാർത്ഥ്യങ്ങൾ പറയുമ്പോൾ പലർക്കും ഇഷ്ടമായെന്ന് വരുകയില്ല. പക്ഷേ ആ വിലയിരുത്തൽ നടത്താതിരുന്നാൽ അത് വരും തലമുറയോട് ചെയ്യുന്ന മഹാക്രൂരതയായിരിക്കുമെന്നുള്ള ഉത്തമ ബോദ്ധ്യത്താൽ ഏതാനും വരികൾ കുറിക്കട്ടെ.

കേരളത്തിലെ ക്രൈസ്തവർ രാഷ്ട്രീയസാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ എല്ലാം അവഗണിക്കപ്പെട്ടിരുന്ന ഒരു സന്ദർഭത്തിലാണ് ക്രൈസ്തവർ എല്ലാവരുംകൂടി ചേർന്ന് ജാത്യൈക്യസംഘം രൂപീകരിച്ചത്. ഇത് കേരള ചരിത്രത്തിലെ ഒരു മഹാസംഭവമായിരുന്നു. പക്ഷേ അതിന് അധികം നാൾ തുടർന്ന് പ്രവർത്തിക്കാനായില്ല. 1903-ൽ തിരുവിതാംകൂർ കൊച്ചി സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ രൂപീകരിച്ചു. ആ സംഘടനയെ വളർത്താൻ ശ്രമിച്ചില്ലെന്നുമാത്രമല്ല അതിനെ തകർക്കാൻ തന്നെയാണ് അന്നത്തെ മെത്രാൻ ശ്രമിച്ചത്. ദലഗാദ് അപ്പസ്തോലിക്കാ ആ സംഘടനയ്ക്ക് എതിരായിരുന്നു. ആ സംഘടനയിൽ കത്തോലിക്കരെ അംഗമാക്കുന്നതിനെ എതിർക്കുകയും ചെയ്തു. ദലഗാദ് അപ്പസ്തോലിക്കായുടെ ആജ്ഞയനുസരിച്ച് തിരുവിതാംകൂർ കൊച്ചി ക്രിസ്ത്യൻ അസ്സോസിയേഷനിൽ അംഗമാകുന്നതിൽനിന്ന് എല്ലാ കത്തോലിക്കരേയും വിലക്കിക്കൊണ്ട് മാക്കീൽ മാർ മത്തായി മെത്രാൻ ഇടയലേഖനവും എഴുതി. ജാത്യൈക്യസംഘരൂപീകരണത്തിനുശേഷം 22 വർഷങ്ങൾ കഴിഞ്ഞാണ് കത്തോലിക്കർക്ക് ഒരു സമുദായസംഘടന കെട്ടിപ്പെടുക്കണമെന്ന ആശയം പ്രാവർത്തികമാക്കാനുള്ള ആലോചന നടന്നത്. മാന്നാനത്തെ 40 മണി ആരാധനയുടെ സമാപനദിവസം (1904-ൽ) നിധീരിക്കൽ മാണിക്കത്തനാർ അടുത്തവർഷത്തെ നാല്പതുമണിയാരാധനയുടെ സമാപനത്തിൽ സംഘടന കെട്ടിപ്പെടുക്കുവാനായി ഒരു സമ്മേളനം ചേരണമെന്ന് പ്രസ്താവിച്ചു. 1905-ലെ നാല്പതുമണിയാരാധനക്കുമുമ്പ് ആ മഹാപുരുഷൻ ദിവംഗതനായി. സഭയിലും സമുദായത്തിലും അംഗീകാരവും ആദരവും പിടിച്ചുപററിയ ഷെവ:പാറായിൽ വർക്കി അവിരാത്തരകന്റെ പിന്തുണയോടെ 1905-ൽ ഈ കാര്യത്തെപ്പററി ആലോചന നടത്തി. തുടർന്നുള്ള ചർച്ചകളുടെയും ആലോചനകളുടെയും ഫലമായി കത്തോലിക്കാ ക്രിസ്തീയമഹാജനസഭക്ക് രൂപം കൊടുത്തു. ഈ സംഘടനയേയും വളരാൻ സമ്മതിച്ചില്ല. 1905 ചിങ്ങം 1-ന് പ്രസിദ്ധം ചെയ്ത ഇടയലേഖനത്തിൽ "തിരുവിതാംകൂർ കൊച്ചി മഹാജനസഭയെന്ന പേരോടുകൂടെ നമ്മുടെ അറിവും സമ്മതവും കൂടാതെ ഈ വികാരിയാത്തിൽ ചിലർ കൂടി സ്വയമേവ ആരംഭി

www.malankaralibrary.com

ച്ചിരിക്കുന്ന ഈ സഭയിൽ നമ്മുടെ ആജ്ഞയിൻകീഴിൽ ഉൾപ്പെട്ട ബ. വൈദികരിലും അൽമേനികളിലും ആരും തന്നെ മേലിൽ ചേരുകയും അതിന്റെ യോഗങ്ങളിൽ കൂടുകയും ചെയ്തുകൂടാ എന്ന് നാം ഇതിനാൽ എല്ലാവരേയും തെര്യപ്പെടുത്തുന്നു". അത്യുന്നത ദലഗാദ് അപ്പസ്തോലിക്കായുടെ കത്തു തന്നെ ഇടയലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട്. "മാന്നാനത്തുനിന്നു പുറപ്പെടുന്നതായ ഒരു മലയാളപത്രം തിരുവിതാംകൂർ കൊച്ചി മഹാജനസഭയെന്ന നാമം ധരിച്ച ഒരു സംഘത്തിന്റെ ആരംഭത്തെക്കുറിച്ച് പരസ്യം ചെയ്തിരിക്കുന്നതായി ഇനിക്ക് അറിവു കിട്ടിയിരിക്കുന്നു.... മെത്രാന്മാരുടെ അനുമതി കൂടാതെ ഉണ്ടായിട്ടുള്ളതായ ആ സംഘത്തിന്റെ ഏതൊരു യോഗവും ശുദ്ധപള്ളിക്ക് വിപരീതമായിട്ടുള്ള മത്സരപ്രവർത്തിയെന്ന് ഗണിക്കപ്പെടുന്നതാകുന്നു. ഇതിന്റെ യോഗങ്ങളിൽനിന്ന് അൽമേനികളും വൈദികരും വിട്ടുനിൽക്കണമെന്ന് കൽപ്പിക്കുകയും ചെയ്യുന്നു." ഈ സംഘടനയുടെ രണ്ടു വാർഷികങ്ങൾ നടന്നു. 1906-ൽ എറണാകുളത്തും 1907-ൽ വൈക്കത്തും. ഈ കാലയളവിൽ പാറായിൽ തരകനും നിര്യാതനായി. അതോടൊപ്പം സംഘടനയും പ്രവർത്തനരഹിതമായി. ഹൈരാർക്കി ഒരു സംഘടന നിലനിന്നു കാണുവാൻ ആഗ്രഹിച്ചില്ല. സംഘടനാരൂപീകരണശ്രമം താൽക്കാലികമായി ഉപേക്ഷിക്കുവാൻ അന്നത്തെ നേതാക്കൾ നിർബന്ധിതരായി. തുടർന്ന് വർഷം തോറും സാമൂഹ്യസമ്മേളനം നടത്തുവാനും സമുദായപ്രശ്നങ്ങൾ ചർച്ചചെയ്യുവാനും ശ്രമം ആരംഭിച്ചു. 1907 മുതൽ 1917 വരെ സാമൂഹ്യസമ്മേളനങ്ങൾ മുടക്കം കൂടാതെ നടന്നു.

സംഘടനാരൂപം നൽകാതെ സാമൂഹ്യസമ്മേളനം ചേരുന്നതിനു പോലും വൈദികമേലദ്ധ്യക്ഷന്മാർ താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. ആദ്യത്തെ സാമൂഹ്യസമ്മേളനം തന്നെ നിരോധിച്ചേക്കുമെന്ന് കിംവദന്തിയുണ്ടായിരുന്നു. സമ്മേളനദിവസം രാവിലെ ആലപ്പുഴ മാർ സ്ലീബാ പള്ളി വികാരി ഫാ. ജെയിംസ് കടവിൽ സമ്മേളന സെക്രട്ടറി ഇലഞ്ഞിക്കൽ ജോസഫ്കുഞ്ഞ് വക്കീലിന്റെ പേരിൽ ഒരു കത്ത് ആൾവശം കൊടുത്തയച്ചു. കത്തിലെ ഉള്ളടക്കത്തെപ്പററി ഊഹിക്കുവാൻ സാധിച്ച ജോസഫ്കുഞ്ഞ് കത്ത് വാങ്ങി പോക്കററിൽ നിക്ഷേപിക്കുകയും സമ്മേളനം സമാപിച്ചശേഷം കത്ത് തുറന്ന് ഉള്ളടക്കം മററുള്ളവരെ വായിച്ചുകേൾപ്പിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി മെത്രാന്റെ നിരോധനകല്പനയായിരുന്നു അത്.

സാമൂഹ്യസമ്മേളനം പോരെന്നും സുശക്തമായ ഒരു സമുദായ സംഘടനതന്നെ വേണമെന്നും അന്നത്തെ വിദ്യഭ്യാസസമ്പന്നന്മാരായ യുവജനങ്ങൾ ആഗ്രഹിക്കുകയും സാമൂഹ്യസമ്മേളനങ്ങളിൽ അതേ ആശയം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. 1917-ൽ ഒരു സംഘടനയുണ്ടാക്കാനുള്ള ഭരണഘടന എഴുതിയുണ്ടാക്കാൻ കമ്മററിയെ വയ്ക്കുകയും ചെയ്തു. ആ കമ്മററി തയ്യാറാക്കിയ നിയമാവലി 1918-ൽ ചങ്ങനാശ്ശേരിയിൽ ചേരുന്ന സാമൂഹ്യസമ്മേളനത്തോടനുബന്ധിച്ച് ഒരു വിശേഷാൽ സമ്മേളനം വിളിച്ചുകൂട്ടി അവതരിപ്പിക്കണമെന്ന് നിശ്ചയിച്ചു. പക്ഷേ അതിന്മുൻപ് വൈദികമേലദ്ധ്യക്ഷന്മാരുടെ അനുമതി നേടേണ്ടിയിരുന്നു. അൽമായരുടെ നേതൃത്വത്തിൽ ഒരു സംഘടന ഉണ്ടാക്കുന്നതിനോട് വൈദികമേലദ്ധ്യക്ഷ

www.malankaralibrary.com

ന്മാർക്ക് ഒട്ടുംതന്നെ താല്പര്യമുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ മുൻപന്തിയിൽ നിന്നിരുന്നത് മാർ ളൂയീസ് പഴേപറമ്പിലായിരുന്നു. സർക്കാർ സർവ്വീസിലും നിയമനിർമ്മാണസഭകളിലും കത്തോലിക്കർ അവഗണിക്കപ്പെടുകയും പുറംതള്ളപ്പെടുകയും ചെയ്തിരുന്ന കാലഘട്ടത്തിൽപോലും അൽമായർക്ക് ഒരു സംഘടന കെട്ടിപ്പെടുക്കുവാൻ അനുമതി ലഭിച്ചിരുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. ശ്രീ. ടി.ജെ. മാത്യു തെള്ളി, പഴേപറമ്പിൽ ളുയീസ് മെത്രാന്റെ ഉത്തമസുഹൃത്തായിരുന്നു. ശ്രീ. തെള്ളി പഴേപറമ്പിൽ തിരുമേനിയെ സന്ദർശിച്ചു. പ്രതികരണം അനുകൂലമായിരുന്നില്ല. നിരാശനാകാതെ വീണ്ടും പ്രവർത്തിച്ചു. മാർ പഴേപറമ്പിൽ തിരുമേനിയുടെ മുൻപിൽ ദീർഘനേരം മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചു. ഫാ. സിറിയക്ക് വെട്ടിക്കാപ്പള്ളിയുടെ സഹകരണവും തെള്ളി നേടി. മാർ പഴേപറമ്പിൽ തിരുമേനി കരടുനിയമാവലി പരിശോധിക്കുകയും വൈദികകാര്യങ്ങളിൽ ഇടപെടരുതെന്ന് നിയമാവലിയിൽ എഴുതിച്ചേർക്കണമെന്ന് കൽപ്പിക്കുകയും ചെയ്തു. പിന്നീട് മററ് മെത്രാന്മാരുടെ അനുവാദം വാങ്ങി. കത്തോലിക്കാ മഹാജനസഭയുടെ ഭരണഘടനയിൽ സഭാഭരണസംബന്ധമായ കാര്യങ്ങളിൽ ഇടപെടുകയില്ലെന്ന് എഴുതിച്ചേർക്കുകയും മാർ ളൂയീസ് മെത്രാനെ തന്നെ മഹാജനസഭയുടെ പ്രസിഡണ്ടാക്കാമെന്ന ധാരണയിൽ എത്തുകയും ചെയ്തു.

1918-ൽ കത്തോലിക്കാ മഹാജനസഭ ചങ്ങനാശ്ശേരിയിൽവച്ച് രൂപം കൊണ്ടു. സംഘടനയിൽ അംഗമല്ലെങ്കിലും മാർ ളുയീസ് തിരുമേനിയെ സംഘടനയുടെ പ്രസിഡണ്ടായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ക്രിസ്ത്യാനികൾക്ക് സർക്കാർ സർവ്വീസിലും നിയമനിർമ്മാണസഭകളിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി നടന്ന പൗരസമത്വവാദ പ്രക്ഷോഭണത്തിന്റെയും നിവർത്തനപ്രക്ഷോഭണത്തിന്റെയും മുഖ്യനേതൃത്വം വഹിച്ചിരുന്നത് കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. ഈ രണ്ടു സമരങ്ങളും വിജയിച്ചതിനുശേഷം ഉത്തരവാദഭരണ ലബ്ധിക്കുവേണ്ടിയുള്ള സമരത്തിന് കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം നൽകി. സർ. സി.പി.യുടെ എല്ലാ മർദ്ദനങ്ങളെയും നേരിടുവാൻ കത്തോലിക്കാ കോൺഗ്രസ്സ് ശക്തിയാർജ്ജിച്ചിരുന്നു. കേരള കത്തോലിക്കരുടെയിടയിൽ കത്തോലിക്കാ കോൺഗ്രസ്സിന് മാന്യമായ സ്ഥാനവും ലഭിച്ചു. കോൺഗ്രസ്സ് നേതൃത്വത്തെ എല്ലാവരും അംഗീകരിച്ചു.

കോൺഗ്രസ്സ് ഒരു ബഹുജനപ്രസ്ഥാനമായി വളർന്നുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ ചങ്ങനാശ്ശേരി രൂപതയിൽ കാത്തലിക് ആക്ഷൻ കൗൺസിൽ എന്ന ഒരു പുതിയ സംഘടന കെട്ടിപ്പെടുക്കുവാനുള്ള ശ്രമം രൂപതാ ലവലിൽ ഉണ്ടായി. അതിനോടുള്ള വിയോജിപ്പ് രൂപതാധികാരകളെ എ.കെ.സി.സി. നേതൃത്വം അറിയിക്കുകയും ചെയ്തു. പക്ഷേ രൂപതാധികാരികളുടെയും വൈദികരുടെയും സമ്പൂർണ്ണസഹകരണം ആ പ്രസ്ഥാനത്തിന് ലഭിച്ചു. നിലവിലുള്ള സംഘടനയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നതിന് മാത്രമേ പുതിയ സംഘടനകൊണ്ട് സാധിക്കുകയുള്ളുവെന്ന എ.കെ.സി.സി.യുടെ മുന്നറിയിപ്പ് കേൾക്കുവാൻ അധികാരികൾ തയ്യാറായില്ല. മൂന്നുനാലു

www.malankaralibrary.com

വർഷങ്ങൾ പിന്നിട്ടു. ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി തിരുമേനി സർ സി.പി. യുടെ വിദ്യാഭ്യാസനയത്തിനെതിരെ അണിനിരക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ഇടയലേഖനം ഇറക്കി. കാളാശ്ശേരി പിതാവിന്റെ പേരിൽ രാജ്യദ്രോഹകുററം ചുമത്തുകയും ഇടയലേഖനം പിൻവലിച്ച് ക്ഷമാപണം നടത്തണമെന്ന് ആവശ്യപ്പെടുകയും അങ്ങനെ ചെയ്യാത്തപക്ഷം അറസ്റ്റു ചെയ്ത് ശിക്ഷിക്കുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു. സി.പി.യുടെ ഈ നീക്കത്തെ ചെറുക്കുവാൻ രൂപത നേതൃത്വം നൽകി രൂപീകരിച്ച കാത്തലിക് ആക്ഷൻ കൗൺസിൽ ഉണ്ടായില്ല. ഏതാനും വർഷംകൊണ്ട് ആ പുത്തൻ സംഘടനയുടെ പ്രവർത്തനം നിലച്ചു.

ഈ സന്ദർഭത്തിൽ ഉത്തരവാദിത്വബോധത്തോടുകൂടി കത്തോലിക്കാ കോൺഗ്രസ്സ് മുന്നോട്ടു വന്നു. സർ സി.പി. അടിയേററ സർപ്പത്തേപ്പോലെ ഫണമുയർത്തി. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ഷെവ. തര്യതു കുഞ്ഞിത്തൊമ്മനും പി.ടി. ചാക്കോയും ഒക്കെ കൽതുറുങ്കിലടയ്ക്കപ്പെട്ടു. സി.പി. ക്കെതിരെ എ.കെ.സി.സി. പടുത്തുയർത്തിയ പ്രതിരോധനിര ലോകശ്രദ്ധയെ ആകർഷിക്കുകയുണ്ടായി. കോൺഗ്രസ്സ് ശക്തമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ എന്തിന് കാത്തലിക് ആക്ഷൻ കൗൺസിൽ രൂപീകരിച്ചുവെന്നത് എത്ര ചിന്തിച്ചിട്ടും ഇന്നും ഉത്തരം ലഭിക്കാതെ കിടക്കുന്നു. എ.കെ.സി.സി.യെ തളർത്തുന്നതിന് മാത്രമേ ഈ സംരംഭം സഹായിച്ചിട്ടുള്ളു.

തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം ദേശസാൽക്കരിക്കാനുള്ള സർ സി.പി. യുടെ ശ്രമത്തെ കത്തോലിക്കാ കോൺഗ്രസ്സ് എതിർക്കുകയും കോൺഗ്രസ്സ് നേതാക്കൾ കൽത്തുറുങ്കിൽ അടയ്ക്കപ്പെടുകയും ചെയ്തു. രണ്ടരലക്ഷംപേർ ഒപ്പിട്ട ഒരു ഭീമഹർജി മഹാരാജാവിന് കത്തോലിക്കാ കോൺഗ്രസ്സ് സമർപ്പിച്ചു. കോൺഗ്രസ്സ് നേതാക്കൾ കൽത്തുറുങ്കിൽ കിടന്ന് നരകയാതന അനുഭവിക്കുന്ന സന്ദർഭത്തിൽ, ജയിലിൽ കിടക്കുന്നവരോടോ, വിദ്യാഭ്യാസസമരത്തിന് നേതൃത്വം നൽകുന്ന എ.കെ.സി.സി. രൂപീകരിച്ച വിദ്യാഭ്യാസകമ്മററിയോടോ ആലോചിക്കാതെ വൈദിക മേലദ്ധ്യക്ഷന്മാർ തിരുവിതാംകൂർ ഗവൺമെന്റുമായി കൂടിയാലോചന നടത്തുകയും ഒരു ഒത്തു തീർപ്പിൽ എത്തിച്ചേരുകയും ചെയ്തു. ജയിലിൽ കിടക്കുന്ന സമുദായനേതാക്കളുടെ ഭാവി, അവരുടെ പേരിലുള്ള കേസുകൾ എന്നിവയെപ്പററിയൊന്നും ഒത്തുതീർപ്പ് ചർച്ചകളിൽ പരാമർശിക്കുകപോലും ചെയ്തിരുന്നില്ലെന്നത് എത്രയോ ദുഃഖകരമാണ്. കത്തോലിക്കാ കോൺഗ്രസ്സ് രൂപീകരിച്ച വിദ്യാഭ്യാസസമരസമിതിയും ഗവൺമെന്റുമായിട്ടായിരുന്നു ചർച്ചകൾ നടത്തേണ്ടിയിരുന്നത്. അതിന് വൈദികമേലദ്ധ്യക്ഷന്മാർ മുൻകൈയെടുത്തിരുന്നുവെങ്കിൽ ഇവിടുത്തെ അൽമായസംഘടന ബഹുമാനിക്കപ്പെടുമായിരുന്നു. സമുദായനേതൃത്വത്തിൽ നിന്നും ഉണ്ടായ ഇത്തരം അവഗണനകളാണ് കത്തോലിക്കാ കോൺഗ്രസ്സ് ഇന്നത്തെ നിലയിൽ എത്തിച്ചേരാൻ ഇടനൽകിയതെന്നുള്ള വസ്തുത സമുദായം വിസ്മരിക്കരുത്. വിമർശിക്കുമ്പോൾ ഈ വകകാര്യങ്ങൾ മനസ്സിലാക്കുവാനും ശ്രമിക്കേണ്ടതാണ്.

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ്സും സമുദായവും ഒററക്കെട്ടായി സി.പി.ക്കെതിരെ അണിനിരന്ന് നിന്ന് പോരാടിക്കൊണ്ടിരിക്കുമ്പോൾ കത്തോലിക്കാ കോൺഗ്രസ്സിന്റെയും അൽമായനേതാക്കളുടെയും ശക്തമായ എതിർപ്പിനെ പോലും അവഗണിച്ച് സർ സി.പി.ക്ക് സ്വർണ്ണകാസററിൽ ഒരു മംഗളപത്രം ഒരു വൈദികമേലദ്ധ്യക്ഷൻ സമർപ്പിച്ചത് സമൂഹത്തിന്റെ മുൻപിൽ സമുദായത്തെ അപഹാസ്യമാക്കുന്നതിന് ഇടയാക്കി. അൽമായരും കത്തോലിക്കാ കോൺഗ്രസ്സും ഇവിടെ ഒരു പ്രശ്നമല്ലെന്ന് ഗവൺമെന്റിനെയും സമൂഹത്തെയും ബോദ്ധ്യപ്പെടുത്തുന്നതിനാണ് ഈ മംഗളപത്രസമർപ്പണം സഹായിച്ചത്. പിന്നെ എങ്ങനെ ഇവിടെ സമുദായ സംഘടന വളരും?

കേരളത്തിൽ കമ്മ്യൂണിസ്ററ് ഗവൺമെന്റ് അധികാരത്തിൽ 1957-ൽ വന്നു. അതിന്റെ ഭവിഷ്യത്തുകളെ മുൻകൂട്ടി കണ്ടുകൊണ്ടാണ് കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തിച്ചത്. ഗവൺമെന്റ് പാഠപുസ്തകങ്ങളിൽ സഭാവിരുദ്ധമായും സദാചാരവിരുദ്ധമായും ഉള്ള ഭാഗങ്ങൾ കടത്തിവിടുമെന്നുള്ള കത്തോലിക്കാ കോൺഗ്രസ്സിന്റെ മുന്നറിയിപ്പ് യാഥാർത്ഥ്യമായി. പാഠപുസ്തകങ്ങളിലെ ന്യൂനതകളും മററും പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ എ.കെ.സി.സി. പ്രത്യേകം കമ്മററിയെ നിയോഗിച്ചു. പാഠപുസ്തകങ്ങളിലെ ന്യൂനതകളും മററും ചൂണ്ടിക്കാണിച്ച് പാഠപുസ്തകങ്ങളുടെ തനിനിറം എന്ന പുസ്തകം എ.കെ.സി.സി. പ്രസിദ്ധീകരിച്ചു. എ.കെ.സി.സി.യുടെ ഈ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് വൈദികമേലദ്ധ്യക്ഷന്മാർ പിന്നീട് പ്രവർത്തിച്ചത്. ഇന്നും കെ.സി.ബി.സി.ക്ക് വിദ്യാഭ്യാസകമ്മീഷൻ നിലവിൽ ഉണ്ട്. അനേക വർഷങ്ങളായി ഈ സംവിധാനം നിലനിൽക്കുകയും ചെയ്യുന്നു. പക്ഷേ കഴിഞ്ഞകാലങ്ങളിൽ ഒരിക്കൽപോലും പാഠപുസ്തകങ്ങളിൽ വന്നിട്ടുള്ള സഭാവിരുദ്ധവും സദാചാരവിരുദ്ധവുമായ പാഠഭാഗങ്ങൾ ചൂണ്ടിക്കാണിക്കുവാൻ വിദ്യാഭ്യാസകമ്മീഷന് സാധിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ നാലു ദശാബ്ദക്കാലമായി ഈ സേവനം കത്തോലിക്കാ കോൺഗ്രസ്സ് ആണ് നിർവ്വഹിച്ചുപോന്നിട്ടുള്ളത്. ആരുടെയും പ്രശംസ പിടിച്ചുപററുവാനോ പ്രീതിക്കുവേണ്ടിയോ അല്ല ഇത് ചെയ്തിട്ടുള്ളത്. ഇത് ഒരു ദൗത്യമായി എ.കെ.സി.സി. കണക്കാക്കിയിരുന്നു. ദിവംഗതനായ ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നമാണ് ഈ രംഗത്ത് വിലപ്പെട്ട സംഭാവനകൾ ചെയ്തത്. കോഴിക്കോട് സർവ്വകലാശാലയിൽ Last Temptation of the Christ എന്ന പാഠഭാഗം പഠനവിധേയമാക്കിയിരുന്നു. ആ യൂണിവേഴ്സിററിയിൽ കത്തോലിക്കാ കലാലയങ്ങളിൽ പഠിപ്പിച്ചിരുന്ന ഒരു വൈദികനോ കന്യാസ്ത്രീയോ ഇത് ചൂണ്ടിക്കാണിച്ചില്ല. ഇതുൾപ്പെടെ കത്തോലിക്കർക്ക് അപമാനകരമായ പല ഭാഗങ്ങളും പാഠപദ്ധതിയിൽ ഉൾപ്പെടുത്തിയത് ചൂണ്ടിക്കാണിച്ചത് കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. നിവേദനം സമർപ്പിച്ചതും കത്തോലിക്കാ കോൺഗ്രസ്സാണ്. എ.കെ.സി.സി. യുടെ സേവനങ്ങളെ പുകഴ്ത്തുവാൻ വേണ്ടിയല്ല ഇതെഴുതുന്നത്. മററൊരു കാര്യം സൂചിപ്പിക്കാനാണ് - ഇത്രയെല്ലാം വിദ്യാഭ്യാസ രംഗത്ത് കത്തോലിക്കാ കോൺഗ്രസ്സ് ചെയ്തിട്ടും കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷനിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡണ്ടിനെവരെ അംഗമാക്കിയിട്ടില്ലെന്ന് സൂചിപ്പിക്കുവാനാണ്. ഒരു പ്രൈമറിസ്ക്കൂൾ വരെ

www.malankaralibrary.com

എ.കെ.സി.സി. നടത്തുന്നില്ല. എന്നിട്ടും വിദ്യാഭ്യാസപ്രക്ഷോഭണങ്ങൾ നടത്തുന്നത് എ.കെ.സി.സി.യാണ്. കെ.സി.ബി.സി. ലവലിൽ എ.കെ.സി.സി.ക്ക് അംഗീകാരം ലഭിക്കാത്തത് ആണ് ഇന്നത്തെ എ.കെ.സി.സി.യുടെ ഈ അവസ്ഥക്ക് കാരണമെന്ന് സൂചിപ്പിക്കട്ടെ.

1972–ലെ കോളേജ് സമരത്തിന് ആരംഭം കുറിച്ചത് എ.കെ.സി.സി.യാണ്. സമരത്തിന്റെ അന്ത്യഘട്ടങ്ങളിൽ ചില രാഷ്ട്രീയ കക്ഷികൾ രംഗത്തുവന്നു. സമരത്തന്റെ വിജയത്തിന് കുറെയൊക്കെ അത് സഹായിക്കുകയും ചെയ്തു, സമരത്തെ തുടർന്നുണ്ടായ എഗ്രിമെന്റിൽ കത്തോലിക്കാ സമുദായത്തിനു വേണ്ടി ഒപ്പു വച്ചിരിക്കുന്നത് കോൺഗ്രസ്സ് പ്രസിഡണ്ട് അഡ്വ. ഇ.എം. ജോസഫാണ്. സമരം വിജയിച്ചതിനുശേഷം പല രൂപതാകേന്ദ്രങ്ങളിലും സമര നേതാക്കൾക്ക് സ്വീകരണം ലഭിച്ചു. അവിടെയെങ്ങും ആരും ഇ.എം. ജോസഫിനെ ക്ഷണിച്ചില്ല. രാഷ്ട്രീയക്കാരെ വിളിച്ച് അനുമോദിക്കുന്നതിനും അതിന്റെ ക്രഡിററ് രാഷ്ട്രീയക്കാർക്ക് കൊടുക്കുന്നതിനും മാത്രമാണ് രൂപതാകേന്ദ്രങ്ങൾ ശ്രമിച്ചത്. വിലകുറഞ്ഞ മുതലെടുപ്പിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് പോയിട്ടുമില്ല.

എ.കെ.സി.സി.ക്ക് കത്തോലിക്കാസ്ഥാപനങ്ങളുടെ ഭരണസമിതികളിൽ ഭാഗഭാഗിത്വം നൽകണമെന്ന് പല സന്ദർഭങ്ങളിലും 1968–ലെ റീജിയണൽ സെമിനാറിൽ പോലും തീരുമാനമെടുത്തിട്ടുള്ളതാണ്. പക്ഷേ അങ്ങനെയൊരു നടപടിക്ക് ഇതുവരെ തയ്യാറായിട്ടില്ല. കത്തോലിക്കാ സമുദായത്തിനുവേണ്ടി സമരം ചെയ്യുകയും സമുദായത്തിനുവേണ്ടി ഒത്തുതീർപ്പുവ്യവസ്ഥകളിൽ ഒപ്പു വയ്ക്കുകയും ചെയ്ത അന്നത്തെ എ.കെ.സി.സി. പ്രസിഡണ്ട് അഡ്വ. ഇ.എം. ജോസഫ് ഒരു കോളേജിൽ മാനേജ്മെന്റ് ക്വോട്ടായിൽ ഒരു അഡ്മിഷന് ശുപാർശചെയ്താൽ ഫലമെന്തായിരിക്കും? ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയുടെ മണ്ഡലം പ്രസിഡണ്ടിന് ലഭിക്കുന്ന പരിഗണന നമ്മുടെ സമുദായ നേതൃത്വം എ.കെ.സി.സി.ക്ക് നൽകുമോ? കോൺഗ്രസ്സിന് പ്രതികരണശേഷി നഷ്ടപ്പെട്ടുവെന്ന് പറയുന്നവർ ഈ വസ്തുത വിസ്മരിക്കരുത്.

ഭാരതക്രൈസ്തവസമുദായത്തിന്റെ അഭിമാനഭാജനമാണല്ലോ മാർ കരിയാററിമെത്രാപ്പോലീത്താ. ഗോവയിൽ വച്ചാണ് അദ്ദേഹം ദിവംഗതനായത്. മാർ കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിലേക്ക് കൊണ്ടുവന്നത് കത്തോലിക്കാ കോൺഗ്രസ്സാണ്. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ആലങ്ങാട്ട് പുനഃസംസ്കരിച്ചത് കത്തോലിക്കാ കോൺഗ്രസ്സിന്റെ ശ്രമഫലമായാണ്. സഭാചരിത്രഗ്രന്ഥങ്ങളിൽ മാർ കരിയാററിയെപ്പററി ദീർഘമായി എഴുതും. ഭൗതികാവശിഷ്ടങ്ങൾ ആലങ്ങാട്ട് കൊണ്ടുവന്ന് സംസ്കരിച്ചതും ചരിത്രത്തിൽ കാണാം. പക്ഷേ അതിന് മുൻകൈയെടുത്തത് കത്തോലിക്കാ കോൺഗ്രസ്സാണെന്ന് ആരും രേഖപ്പെടുത്തിയിട്ടില്ല – ഫാ. കൂടപ്പുഴയുടെ ചരിത്രഗ്രന്ഥത്തിൽ പോലും. മാർ കരിയാററിയുടെ ചരമത്തിന്റെ 200–ാം വാർഷികത്തോടനുബന്ധിച്ച് സീറോ-മലബാർ സഭയിലെ മെത്രാന്മാർ സംയുക്തമായി ഒരു ഇടയലേഖനം ഇറക്കിയതിലും കത്തോലിക്കാ കോൺഗ്രസ്സിനെപ്പററി ഒരു വാചകം പോലും ഉണ്ടായിരുന്നില്ല. ഈ ഒരു കാര്യം മാത്രം എന്തുകൊണ്ട്

www.malankaralibrary.com

വിട്ടുകളയുന്നു? സൗകര്യപൂർവ്വം വിസ്മരിക്കുന്ന ഈ പ്രവണതയാണ് സമുദായ സംഘടനയെ ഈ നിലയിൽ എത്തിച്ചത്. മാർ കരിയാററിയുടെ മെത്രാഭിഷേകത്തിന്റെ 200-ാമത് വാർഷികം രാഷ്ട്രപതി ഗ്യാനിസെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് രാമപുരത്ത് വച്ചു നടത്തിയപ്പോൾ 'സത്യദീപം' വാരിക അതിനെതിരെ എഴുതിയ വാദമുഖങ്ങളും ഗൗരവപൂർവ്വം കണക്കിലെടുക്കണം.

അറുപതുകളിൽ കേരളത്തിൽ നടന്ന ഉടുമ്പൻചോല കുടിയിറക്കും അമരാവതിയിലെ കുടിയിറക്കും ചുരുളി കീരിത്തോട്ടിലെ കുടിയിറക്കും നമ്മുടെ മനസ്സിൽനിന്നും വിട്ടുമാറിയിട്ടില്ല. ആ കുടിയിറക്കിനെതിരെ സമരനിര പടുത്തുയർത്തിയത് കത്തോലിക്കാ കോൺഗ്രസ്സാണ്, ആ സമരപരിപാടികളോട് അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്ത വൈദികമേലദ്ധ്യക്ഷന്മാരുണ്ട്. കത്തോലിക്കാ കോൺഗ്രസ്സ് 1962-ൽ കുടിയിറക്കുകളെപ്പററിയും മററും ചർച്ച ചെയ്യാനായി വിളിച്ചുകൂട്ടിയ നേതൃത്വസമ്മേളനത്തിനെതിരെ മലബാർ മെയിൽ പത്രം എഴുതിയ മുഖപ്രസംഗവും എ.കെ.സി.സി. യോടുള്ള സമീപനം വിളച്ചറിയിക്കുന്നതാണ്. കോൺഗ്രസ്സിന് പ്രോത്സാഹനം നൽകാനുള്ള പ്രയാസമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഒരു യുവജന വിഭാഗം രൂപീകരിച്ച് 1967-ൽ പ്രവർത്തിച്ചു. 1972-ലെ കോളേജ് പ്രക്ഷോഭണത്തിൽ യുവജനസംഘടന മുഖ്യ നേതൃത്വം വഹിച്ചു. യുവസാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിച്ചു. നാനൂറിലധികം സെമിനാറുകൾ യുവജനസംഘടന നേതൃത്വത്തിൽ നടത്തി. സുവിശേഷദൗത്യ പ്രചരണജാഥ ആദ്യമായി കേരളത്തിൽ സംഘടിപ്പിച്ചത് ഈ യുവജനവിഭാഗമായിരുന്നു. അതിന്റെ വാർഷികങ്ങൾക്ക് പത്രങ്ങൾ ഫീച്ചറുകൾ വരെ പ്രസിദ്ധീകരിച്ചിരുന്നു. റീത്തുകൾക്കതീതമായി 11 രൂപതകളിൽ ഈ യുവജനപ്രസ്ഥാനം വളർന്നു വന്നു. ഈ യുവശക്തി കോൺഗ്രസ്സിന് ഒരു മുതൽക്കൂട്ടാകുമായിരുന്നു. എന്നാൽ 1972-ൽ ചിത്രമൊന്നുമാറി. ഏതൊക്കെ രൂപതയിൽ കോൺഗ്രസ്സിന്റെ യുവജനവിഭാഗം പ്രവർത്തിച്ചോ അവിടെയെല്ലാം രൂപതാതലത്തിൽ ഓരോ യുവജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ വൈദികമേലദ്ധ്യക്ഷന്മാർ താല്പര്യം പ്രകടിപ്പിച്ചു തന്മൂലം കോൺഗ്രസ്സിന്റെ യുവജനവിഭാഗത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു. കേരളാടിസ്ഥാനത്തിൽ ശക്തമായ ഒരു യുവജനവിഭാഗത്തിന് നേതൃത്വം നൽകിയത് എ.കെ.സി.സി.യായിരുന്നുവെന്ന വസ്തുത നിഷേധിക്കുവാൻ ആർക്കും സാധിക്കുകയില്ല. വിവധരൂപതകളിൽ ഒററപ്പെട്ട് പ്രവർത്തനം ആരംഭിച്ച യുവജന സംഘടനകൾ ഇന്ന് ഒന്നിച്ചുവന്നതിൽ എ.കെ.സി.സി.ക്ക് സന്തോഷമുണ്ട്. അതിന്റെ പ്രേരകശക്തി എ.കെ.സി.സി.യാണല്ലോ, കത്തോലിക്കാ കോൺഗ്രസ്സിന് ശക്തമായ ഒരു യുവജനവിഭാഗം നഷ്ടപ്പെട്ടെങ്കിലും.

1986-ൽ മാർപാപ്പാതിരുമേനി കേരളം സന്ദർശിക്കുകയുണ്ടായി. മാർപാപ്പായുടെ സ്വീകരണത്തിന് വിവിധതലങ്ങളിൽ വിവിധകമ്മററികൾ സംഘടിപ്പിക്കുകയുണ്ടായി. ആ കമ്മററികളിൽ ഒന്നും എ.കെ.സി.സി. ഭാര

www.malankaralibrary.com

വാഹികളെ ഉൾപ്പെടുത്തിയിരുന്നില്ല. ഒരു സംഘടനയുടെ ഭാരവാഹികളെയും ഉൾപ്പെടുത്തുകയുണ്ടായിട്ടില്ല. എങ്കിലും മാർപാപ്പാ സന്ദർശനത്തോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ്സ് പല കർമ്മപരിപാടികളും ആസൂത്രണം ചെയ്തു. ഒരു ലക്ഷത്തിലധികം കലണ്ടറുകൾ അച്ചടിപ്പിച്ചു. സംസ്ഥാന രൂപതാ തലത്തിൽ മാർപാപ്പാ സന്ദർശനത്തിന് കളമൊരുക്കുവാനായി നിരവധി സെമിനാറുകൾ സംഘടിപ്പിച്ചു. സാഹിത്യകലാമത്സരങ്ങൾ നടത്തി. പക്ഷേ കേരളത്തിൽ മാർപ്പാപ്പാ വന്നപ്പോൾ അദ്ദേഹത്തെ ഒന്ന് സന്ദർശിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ടിനുപോലും അവസരം നിഷേധിച്ചു. സിനിമാനടികൾക്കും രാഷ്ട്രീയക്കാർക്കും പ്രത്യേക സന്ദർശനാനുമതി നൽകിയിട്ടും എ.കെ.സി.സി. പ്രസിഡണ്ട് അവഗണിക്കപ്പെട്ടു. ഈ അവഗണനയാണ് കത്തോലിക്കാ കോൺഗ്രസ്സിന് പ്രതികരണശേഷി നഷ്ടപ്പെടുവാൻ ഇടയാക്കിയതെന്ന യാഥാർത്ഥ്യം സഭയിലെ എല്ലാ നേതൃമണ്ഡലങ്ങളിലുമുള്ളവർ മനസ്സിലാക്കണം.

രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരളസഭയിൽ എങ്ങനെ നടപ്പിലാക്കാമെന്നതിനെപ്പററി ചർച്ചചെയ്യാൻ ഒരു റീജിയണൽ സെമിനാർ 1968-ൽ ആലുവായിൽ ചേരുകയുണ്ടായി. ആ റീജിയണൽ സെമിനാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടത് 'സഭയിലെ എല്ലാ തീരുമാനസമിതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിദ്ധ്യം നൽകിയും എല്ലാ രൂപതകളിലും ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും എ.കെ.സി.സി.യെ ശക്തിപ്പെടുത്തണ'മെന്നാണ്. ആ തീരുമാനം നടപ്പിലാക്കുവാൻ ശ്രമിച്ചില്ലെന്നു മാത്രമല്ല രൂപതകൾ തോറും പുതിയ പുതിയ സംഘടനകൾ കെട്ടിപ്പെടുത്ത് എ.കെ.സി.സി.യെ ക്ഷയിപ്പിക്കുവാൻ ശ്രമിക്കുകയാണ് ചെയ്തത്. സഭയിലെ ഒരു തീരുമാന സമിതികളിലും കത്തോലിക്കാ കോൺഗ്രസ്സിന് അർഹമായ പ്രാതിനിധ്യം നൽകിയുമില്ല. അതേസമയം കോൺഗ്രസ്സിനെ വിഘടിപ്പിക്കുവാൻ തന്ത്രപൂർവ്വം പദ്ധതികൾ ആവിഷ്ക്കരിച്ചവർ സഭയിൽ ബഹുമാനിതരാകുന്നതും ആ ബഹുമാനത്തിന്റെ പിൻബലം വച്ച് ഉന്നതസ്ഥാനങ്ങളിൽ കയറിപ്പററുന്നതും കോൺഗ്രസ്സ് പ്രവർത്തകർ നിസ്സഹായരായി നോക്കിക്കാണുകയും ചെയ്തു. കൈയടിക്കുവേണ്ടി എ.കെ.സി.സി. പ്രതികരണശേഷി നഷ്ടപ്പെട്ടുവെന്ന് പരസ്യമായി പ്രഖ്യാപിക്കുന്നവർ ഈ യാഥാർത്ഥ്യങ്ങളുടെ നേർക്ക് കണ്ണടയ്ക്കരുത്.

ഈയടുത്തകാലത്ത് സീറോ-മലബാർ സഭയിലെ പ്രശ്നങ്ങൾ പഠിക്കാൻ പൊന്തിഫിക്കൽ കമ്മീഷൻ കേരളത്തിലെത്തിയപ്പോൾ കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധികൾക്ക് സന്ദർശനാനുമതി നിഷേധിക്കാൻ ശ്രമിച്ചതും പൊന്തിഫിക്കൽ കമ്മീഷൻ രൂപീകരിച്ചതിനുശേഷം രൂപംകൊണ്ട ചില സംഘടനകൾക്ക് വളരെ എളുപ്പം സന്ദർശനാനുമതി നൽകിയതും വിസ്മരിക്കാൻ സമയമായിട്ടില്ല.

അഭിവന്ദ്യപിതാക്കന്മാരുമായി ദീർഘനാൾ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കോൺഗ്രസ്സിന്റെ നിയമാവലിയിൽ കാതലായ മാററങ്ങൾ വരുത്തുകയും പ്രവർത്തനം സംബന്ധിച്ച് ചില പൊതുധാരണയിൽ എത്തിച്ചേരുകയും ചെയ്തു. സീറോ-മലബാർ സഭയുടെ എല്ലാ പ്രോത്സാഹനങ്ങളും

www.malankaralibrary.com

തന്മൂലം സംഘടനക്ക് ലഭിക്കാനുള്ള സാദ്ധ്യതകൾ തെളിയുകയും ചെയ്തു. എന്നിട്ടും കത്തോലിക്കാ കോൺഗ്രസ്സിന് വേണ്ട പരിഗണന നൽകുവാൻ തയ്യാറാകുന്നില്ലെന്നുള്ളതിന്റെ മുഖ്യതെളിവാണ് സീറോ-മലബാർ സഭയുടെ ഔദ്യോഗികപത്രമായ സിനഡൽ ന്യൂസിലെ വാർത്ത. പള്ളിയോഗത്തിന്റെ നിയമാവലി തയ്യാറാക്കാൻ ഒരു കമ്മററിയെ നിയമിച്ച വാർത്ത. ആ കമ്മററിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ എല്ലാം യോഗ്യന്മാർ തന്നെ. പക്ഷേ അതത് രൂപതകളിൽ പ്രവർത്തിക്കുന്ന അൽമായ സംഘടനകളുടെ പ്രതിനിധികളോ, ഭാരവാഹികളോ ആ കമ്മററിയിൽ കാണാനില്ല. ഏഴുരൂപതകളിൽ നിന്നും അൽമായ പ്രതിനിധികളെ എടുത്തിട്ടുണ്ടെങ്കിൽ 5 രൂപതകളിൽ നിന്നും ഒരൊററ അൽമേനിയെപോലും പ്രസ്തുത കമ്മററിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആ കമ്മററിയിലേക്ക് അതതു രൂപതകളിൽ പ്രവർത്തിക്കുന്ന അൽമായ സംഘടനകളുടെ പ്രസിഡണ്ടുമാരെ ഉൾപ്പെടുത്തി ആ സംഘടനകളെ ഒന്ന് അംഗീകരിക്കാമായിരുന്നില്ലേ? രൂപതകൾക്കതീതമായി കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ടിനെയെങ്കിലും ആ സമിതിയിൽ ഉൾപ്പെടുത്താമായിരുന്നില്ലേ? അതു ചെയ്യുകയില്ല. സമുദായസംഘടന വളരണമെന്ന് പറയുകയും ചെയ്യും. ഇതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

കഴിഞ്ഞ കുറെ നാളുകളായി നടന്ന ചർച്ചകളുടെ ഫലമായി സീറോ-മലബാർ സഭയിലെ എല്ലാ അൽമായ സംഘടനകളും ഒന്നിച്ച് പ്രവർത്തിക്കാനുള്ള ഒരു മാർഗ്ഗരേഖയുണ്ടാക്കാൻ കെ.സി.ബി.സി. മുൻനിന്ന് വിളിച്ചുകൂട്ടിയ വിവിധ സംഘടനാ പ്രതിനിധികളുടെ യോഗം തീരുമാനിക്കുകയും അതിന് ഒരു കമ്മററിയെ നിയമിക്കുകയും ചെയ്തു. അതിന്റെ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഒരു രൂപതയിൽ പുതിയ ഒരു സംഘടന രൂപീകരിച്ചുകൊണ്ടുള്ള പത്രവാർത്ത ഏതാനും ആഴ്ചകൾക്കു മുൻപ് കണ്ടത്. ആ സംഘടന കെട്ടിപ്പടുക്കുവാൻ മുൻനിന്ന് പ്രവർത്തിച്ചത് ആ രൂപതയിലെ ഒരു പ്രമുഖനായ വൈദികനാണ്. ഈ പ്രവണത ഇനിയും കേരളാടിസ്ഥാനത്തിൽ ഒരു സംയുക്ത സംഘടന ഉണ്ടാകുന്നതിനുള്ള സാദ്ധ്യത തള്ളിക്കളയുകയില്ലേയെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

കത്തോലിക്കാ കോൺഗ്രസ്സ് എന്തുകൊണ്ട് ശക്തിയാർജ്ജിക്കുന്നില്ലായെന്നുള്ള ചോദ്യത്തിനുള്ള ഉത്തരമെന്ന നിലയിൽ വസ്തുതകൾ സമുദായസമക്ഷം അവതരിപ്പിക്കുകയാണ്. ഒരു സുശക്ത സമുദായ സംഘടന കേരളതലത്തിൽ രൂപപ്പെട്ടുവരുന്നതിന് സഭാ നേതൃത്വത്തിന് പൂർണ്ണമായ താല്പര്യമുണ്ടോ? നമ്മുടെ വലിയ തറവാടുകളിൽ സദ്യയ്ക്ക് അരി വയ്ക്കാനായി വലിയ വാർപ്പുകൾ വാങ്ങി വച്ചിട്ടുണ്ട്. അത്യാവശ്യസമയത്ത് മാത്രമേ അവ കഴുകിയെടുത്ത് ഉപയോഗിക്കുകയുള്ളു. ആ വാർപ്പിന്റെ സ്ഥാനമാണ് കത്തോലിക്കാ കോൺഗ്രസ്സിന് പലരും നല്കിയിരിക്കുന്നത്. ഒരു സംഘടന വേണം, ആവശ്യസമയത്ത് എടുത്ത് ഉപയോഗിക്കാൻ. നിരന്തരമായി പ്രവർത്തിക്കുന്ന ഒരു സംഘടന അവർ ആഗ്രഹിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

കഴിഞ്ഞകാലങ്ങളിൽ കോൺഗ്രസ്സും കോൺഗ്രസ്സ് പ്രവർത്തകരും അനുഭവിക്കേണ്ടി വന്നിട്ടുള്ള പ്രതിസന്ധികൾ സമുദായത്തിന് മുൻപിൽ

www.malankaralibrary.com

അവതരിപ്പിക്കുവാൻ ഈ സന്ദർഭത്തിൽ നിർബന്ധിതനായി തീർന്നിരിക്കുകയാണ്. കയ്പേറിയ അനുഭവങ്ങൾ പലതും ഉണ്ടായിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ്സ് ശക്തിപ്പെടുന്നില്ലായെന്ന് പറഞ്ഞ് കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വത്തെ വിമർശിക്കുമ്പോൾ സാധാരണജനങ്ങൾ ചിന്താക്കുഴപ്പത്തിലാകും. അവരുടെ മുൻപിൽ ഈ യാഥാർത്ഥ്യങ്ങൾ തുറന്നു പറയാതിരുന്നാൽ കോൺഗ്രസ്സ് നേതൃത്വം കുററക്കാരായി വിധിക്കപ്പെടും. കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃമണ്ഡലങ്ങളിൽ പ്രവർത്തിച്ചവർ മററു മണ്ഡലങ്ങളിൽ പ്രവർത്തിക്കുകയും എം.എൽ.എ. മാരായും എം.പി. മാരായും മന്ത്രിമാരായും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവരുടെ പ്രവർത്തനമണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിക്കുവാനും അവർക്ക് സാധിച്ചിട്ടുണ്ട്. സമർത്ഥരായ നേതാക്കൾ കത്തോലിക്കാകോൺഗ്രസ്സിനുണ്ടാകാഞ്ഞിട്ടല്ല. അവരുടെ കഴിവുകളെ ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് സാധിക്കാത്തതുകൊണ്ടാണ് നമ്മുടെ സമുദായ സംഘടന ശക്തി പ്രാപിക്കാത്തത്.

അനുഭവത്തിൽ നിന്നും ചരിത്രപഠനത്തിൽ നിന്നും ഇത്രയും കാര്യങ്ങൾ തുറന്നുപറയാൻ ബാദ്ധ്യസ്ഥനായിരിക്കുന്നു. ഇതു പറയുന്നത് ആരെയും വേദനിപ്പിക്കുവാനല്ല. വിമർശിക്കുവാനല്ല. സമുദായത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നവർ കാര്യങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ വേണ്ടി മാത്രമാണ്. പൊതുയോഗങ്ങളിൽവെച്ച് കത്തോലിക്കാ കോൺഗ്രസ്സിനെ ആക്ഷേപിക്കുന്ന മെത്രാന്മാരും സത്യം ഗ്രഹിക്കണം.

10-09-1994

## 3

# ദേവാലയധ്വംസകർക്ക് കത്തോ: യുവജനസംഘടനയുടെ താക്കീത്

കേരളകത്തോ:യുവജനസംഘടന ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:-

ഇന്ത്യൻ കത്തോലിക്കരുടെ ഭാവിയെപ്പറ്റി അത്യന്തം ഉൽക്കണ്ഠ നിറഞ്ഞ ഒരു കാലഘട്ടമാണിത്. ഇന്ത്യയുടെ ഒരു ഭാഗത്ത് വിദേശമിഷനറിമാരെ നിരോധിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് കേരളത്തിൽ ദേവാലയാക്രമണങ്ങളും വി.വസ്തുക്കൾ അവഹേളിക്കലും നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ പല പ്രാവശ്യവും ദേവാലയാക്രമണവും വി.വസ്തുക്കൾ അവഹേളിക്കലും നടന്നിട്ടുണ്ട്. ഇപ്പോഴിതാ തൃശൂർ രൂപതയിൽപ്പെട്ട ബ്രഹ്മകുളം ദേവാലയം ആക്രമിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇതേ പള്ളിയുടെ കുരിശുപള്ളിയും ഈയടുത്തകാലത്തു ആക്രമണവിധേയമായതാണെന്നാണറിയുന്നത്.

www.malankaralibrary.com

ഒരു മതേതര രാജ്യമായ ഭാരതത്തിൽ ദേവാലയാക്രമണങ്ങളും വി. വസ്തുക്കൾ അവഹേളിക്കലും നടന്നുകൊണ്ടിരിക്കുന്നുവെന്നത് എന്തുമാത്രം ലജ്ജാകരമാണ്. കേരള കത്തോലിക്കരുടെ മതവികാരത്തെ വ്രണപ്പെടുത്തുന്ന ഈ സംഭവത്തെപ്പറ്റി കേരളാഗവൺമെന്റ് ഉടൻതന്നെ അന്വേഷണം നടത്തേണ്ടതും അക്രമികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുകയും ഇതുപോലുള്ള അക്രമവാസനകളെ നശിപ്പിക്കുവാൻ ശ്രമിക്കേണ്ടതുമാണ്. അതിന് ഇന്നത്തെ സർക്കാർ സത്വരമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ദേവാലയങ്ങളുടെ സംരംക്ഷണത്തിന് സത്വരമായ നടപടി സ്വീകരിക്കുവാൻ ഗവർമ്മേണ്ട് തയ്യാറാകുന്നില്ലെങ്കിൽ കേരളീയ കത്തോലിക്കാ യുവാക്കൾക്ക് ഈ ആക്രമണങ്ങൾ നോക്കിക്കൊണ്ടിരിക്കുവാൻ സാദ്ധ്യമല്ല. ദേവാലയാക്രമണങ്ങളും വി.വസ്തുക്കൾ അവഹേളിക്കലും ഒരു വിനോദമായിക്കരുതുന്ന ഈ രാജ്യത്തെ നിക്ഷിപ്തതാത്പര്യക്കാരും അവസരവാദികളും വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളും നേരായമാർഗ്ഗത്തിൽക്കൂടി ചരിക്കണമെന്ന് അവരെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതല്ല അവർ ഇനിയും കത്തോലിക്കരുടെ വികാരങ്ങളെ വ്രണപ്പെടുത്തുവാനാണഗ്രഹിക്കുന്നതെങ്കിൽ സമസ്തശക്തികളേയും ശേഖരിച്ചുകൊണ്ട് സമസ്തശിരസ്സുകളേയും ക്രോഡീകരിച്ചുകൊണ്ട് ഈ അക്രമപ്രവർത്തനങ്ങൾക്കെതിരെ അണിനിരക്കുമെന്നും അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്നും ബന്ധപ്പെട്ടവരെ ശക്തിയായ ഭാഷയിൽ ഓർമ്മപ്പെടുത്തുന്നു. കത്തോലിക്കാ ദേവാലയാക്രമണങ്ങളും മറ്റും അപകടകരമാണെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

1967 നവംബർ 2

## 4

# സേവനതല്പരരായ യുവാക്കളോട്

അഖില കേരള കത്തോലിക്ക കോൺഗ്രസ്സ് അതിന്റെ ദീർഘമായ ഗാഢനിദ്രയിൽനിന്നും ഉണർന്നുകഴിഞ്ഞു. നാടിന്റെയും സമുദായത്തിന്റെയും ആവശ്യങ്ങൾക്ക് ഈദൃശമായ ഒരു അത്മായ സംഘടനയുടെ നിലനില്പ് ആവശ്യമാണെന്നും, അത് എ.കെ.സി.സി. ആയിരുന്നാൽ കൊള്ളാമെന്നും ഉള്ള അഭിപ്രായം ഇന്നു സമുദായ മദ്ധ്യത്തിൽ പൊന്തിവന്നിട്ടുണ്ട്. ഈ സന്ദർഭമുപയോഗിച്ച് സംഘടനയെ ശക്തിപ്പെടുത്തി കർമ്മശേഷിയും, കെട്ടുറപ്പും ഉള്ള ഒരു പ്രസ്ഥാനമാക്കി അതിനെ വളർത്തുക എന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യം.

എ.കെ.സി.സി. യിൽ നിന്നും ആരംഭിച്ചിരിക്കുന്ന കോളനൈസേഷൻ പദ്ധതിയുടെ ആദ്യഘട്ടമായി തലശേരിയിൽ എടുത്തിരിക്കുന്ന 500 ഏക്കർ ഭൂമിക്കുവേണ്ടി നൂറുകണക്കിന് അപേക്ഷകൾ ഇന്നു നാടിന്റെ നാനാഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുകയാണ്. രണ്ടാം ഘട്ടമായി കുറ്റ്യാടിഭാഗത്ത്

www.malankaralibrary.com

ആയിരം ഏക്കർ ഭൂമി വിലയ്ക്കെടുക്കുവാനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഒരു കാത്തലിക് സെന്ററും ഹെഡ്ഡോഫീസും പണിയുന്നതിനുവേണ്ടി എറണാകുളം പട്ടണത്തിന്റെ മധ്യത്തിൽ സ്ഥലം വിലയ്ക്കെടുത്തു. അഭ്യസ്തവിദ്യരായി ഉദ്യോഗമില്ലാതെ കേരളത്തിൽ അലഞ്ഞുതിരിയുന്ന യുവാക്കൾക്ക് കേരളത്തിലും ഇന്ത്യയുടെ ഇതരഭാഗങ്ങളിലും ഇന്ത്യക്കുപുറത്തും ഉദ്യോഗ സൗകര്യമുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ചു സൗകര്യപ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ടിയുള്ള എംപ്ലോയ്മെന്റു ബ്യൂറോ എറണാകുളം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അതിനോടനുബന്ധമായി ഉദ്യോഗാർത്ഥികൾക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള കോഴ്സുകളും നമ്മുടെ പ്രധാന നഗരങ്ങളിലെല്ലാം ആരംഭിക്കുന്നതാണ്.

എറണാകുളത്തു വിലയ്ക്കെടുത്ത സ്ഥലത്ത് കേരളത്തിലെ കത്തോലിക്കാ സമുദായത്തിന്റെ അന്തസ്സിനും അഭിമാനത്തിനും അനുയോജ്യമായ രീതിയിൽ ഒരു ഹെഡ്ഡോഫീസും കത്തോലിക്കാ സെന്ററും പണികഴിപ്പിക്കുന്നതിനാവശ്യമായ ഫണ്ടു ശേഖരിക്കുന്നതിനുള്ള പരിപാടികളും ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞകാലത്ത് ഏ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പത്തുപൈസാപിരിവിന്റെയും ഭാഗ്യക്കുറിയുടെയും പണം ഇങ്ങനെ സമുദായത്തിന് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്.

ഇപ്പോൾത്തന്നെ താൽക്കാലിക പ്രവർത്തനത്തിനാവശ്യമായ പണവും മറ്റു സൗകര്യങ്ങളും കഴിഞ്ഞകാല പരിശ്രമത്തിന്റെ ബാക്കിയായി ഇന്നു സംഘടനയ്ക്കുണ്ട്. അതുപയോഗിച്ചു പ്രവർത്തിക്കുവാൻ തയ്യാറുള്ള സേവനതല്പരരായ ആളുകളുടെ അഭാവം മാത്രമാണ് ഈ സംഘടനയുടെ വളർച്ചയ്ക്കു പ്രതിബന്ധമായി നിൽക്കുന്നത്. ഓരോ ഇടവകയിലും, രൂപതയിലും, കേരളാടിസ്ഥാനത്തിലും ആത്മാർത്ഥമായി സമുദായത്തെ സേവിക്കുവാൻ കഴിവുള്ള വ്യക്തികൾ രംഗത്തേയ്ക്കു വരേണ്ടിയിരിക്കുന്നു.

ഏറ്റവും പ്രധാനമായി സെൻട്രൽ ഓഫീസിലിരുന്നു എ.കെ.സി.സി. പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്ത് അതിനെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുവാൻ കഴിവുള്ള ഒരു മുഴുവൻ സമയ പ്രവർത്തകനായ അസി. സെക്രട്ടറിയെയാണ് ആവശ്യമുള്ളത്. ന്യായമായ പ്രതിഫലം അങ്ങനെ ഒരാൾക്കു നൽകുന്നതിനും ഇന്നത്തെ സാഹചര്യം അനുവദിക്കുന്നുണ്ട്. ആത്മാർത്ഥതയും കഴിവും പ്രാപ്തിയുമുള്ള ആരെങ്കിലും അതിനായി മുന്നോട്ടു വന്നാൽ കൊള്ളാം.

അതിനുശേഷം രൂപതാതലങ്ങളിൽ സംഘടനയുടെ ശാഖകളെ സ്ഥാപിക്കുവാനും ശാഖകളുള്ള സ്ഥലങ്ങളിൽ അതിനെ സജീവമാക്കാനും ആവശ്യമായ പ്രവർത്തനപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി സാധാരണക്കാരുമായി ബന്ധം സ്ഥാപിച്ച് അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിവുള്ള ഓർഗനൈസർമാരെയും സംഘടനയ്ക്കാവശ്യമുണ്ട്. അവരുടെ പ്രയത്നത്തിനുവേണ്ടിവരുന്ന പാരിതോഷികം അതാതു രൂപതകളിലെ ശാഖകളുടെ രൂപതാക്കമ്മിറ്റികൾ വഹിക്കുന്നതായിരിക്കും.

www.malankaralibrary.com

സേവനതല്പരരായ യുവാക്കൾക്കാണ് ഇക്കാര്യത്തിൽ മറ്റാരേയുംകാൾ കൂടുതലായി പ്രവർത്തിക്കുവാൻ കഴിയുന്നത്. സമൂഹത്തിന്റെ വളർച്ച തങ്ങളുടെകൂടി വളർച്ചയാണെന്ന ബോധം അവരിലുണ്ടാകണം. ആ ബോധമുള്ള കത്തോലിക്കാ യുവാക്കൾ ഇതിനായി മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

15-03-1969

## 5

# വിദേശമിഷനറിമാർ

കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയുടെ പ്രസിഡണ്ട് ശ്രീ.ജെ.സി.റായൻ ഐ.എ.എസ്.കെ.സി.എസ്സ്.ജി., ഫാദർ ഫെറർ എസ്.ജെ.യെ സന്ദർശിക്കുകയുണ്ടായി. ഇന്ത്യയിലെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളെ ഉദ്ധരിക്കുവാനുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ച ഈ അടുത്തകാലത്ത് ചില സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രഗവൺമെന്റും സൃഷ്ടിച്ച പ്രതിബന്ധങ്ങൾ കൊണ്ടൊന്നും തണുത്തിട്ടില്ല എന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇന്ത്യയുടെ മണ്ണിൽതന്നെ തന്റെ പ്രവർത്തനങ്ങൾ തുടരുവാൻ അനുവാദം കൊടുത്തതിൽ അദ്ദേഹം അതീവ സന്തുഷ്ടനാണ്. അക്കാര്യത്തിൽ ഇന്ത്യഗവൺമെന്റിനോടും പ്രത്യേകിച്ച് ആന്ധ്രാ ഗവൺമെന്റിനോടും അദ്ദേഹം നന്ദിയുള്ളവനാണ്. അനന്തപ്പൂരാണ് അദ്ദേഹത്തിന്റെ പുതിയ പ്രവർത്തനങ്ങളുടെ കേന്ദ്രമായി തെരഞ്ഞെടുത്തിരിക്കുന്നത്. അവിടെ ബഹുജനങ്ങളും ഗവൺമെന്റുദ്യോഗസ്ഥന്മാരും അദ്ദേഹത്തെ സ്വാഗതം ചെയ്യുന്നതിൽ സന്തുഷ്ടരാണ്. ബിഷപ്പ് അക്കാര്യത്തിൽ വളരെയേറെ സഹായങ്ങൾ അദ്ദേഹത്തിന് ചെയ്തുകൊടുക്കുന്നുണ്ട്. അന്ധ്രാകാത്തലിക്ക് അസ്സോസിയേഷനും ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിററ്യൂട്ടിലെ ഫാദർ ബോവെൽ എസ്.ജെ. ഇന്ത്യാ വിട്ടുകഴിഞ്ഞു. മാർച്ച് ഒന്നിനുശേഷം തന്റെ വിസായുടെ കാലാവധി നീട്ടുവാനുള്ള അപേക്ഷ പുതുക്കരുതെന്ന് അധികാരികൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ടാണ് സന്മനസ്സോടുകൂടിയല്ലെങ്കിലും അദ്ദേഹം കപ്പൽ കയറിയത്.

"ക്വിററ് ഇന്ത്യാ" എന്ന മുദ്രാവാക്യം ഒരു കാലത്ത് ഈ നാടിന്റെ ആശയാഭിലാഷങ്ങളുടെ പൂർത്തീകരണമായിരുന്നു. വിദേശീയഭരണാധികാരികളുടെ മേധാവിത്വത്തിനെതിരായിട്ടാണ് അത് ഉയർത്തപ്പെട്ടത്. എന്നാൽ ഇന്ന് അത് ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നതു വിദേശമിഷനറിമാർക്കെതിരായിട്ടാണ് ഉപയോഗിക്കുന്നത്. ഇവിടുത്തെ കുഗ്രാമങ്ങളെ ഉദ്ധരിക്കുവാൻവേണ്ടി നാടും വീടും വിട്ട് ഇവിടെ വന്ന് ജീവൻ സമർപ്പിക്കുന്നവരാണ് പ്രസ്തുതമിഷനറിമാർ എന്ന വസ്തുത ഇന്നു പലരും മറന്നുപോകുന്നു. ഇവിടുത്തെ അധഃകൃത പിന്നോക്ക വർഗ്ഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനമാണ് അവരുടെ ലക്ഷ്യം. അക്കാര്യത്തിൽ ഇന്ത്യയിലെ

www.malankaralibrary.com

മറേറതൊരു സംഘടനയേക്കാളേറെ സേവനമനുഷ്ഠിക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. ശ്രീ. രാജാജി ഒരിക്കൽ "സ്വരാജ്യയിൽ" ഇങ്ങനെ എഴുതി.

"മിഷനറിമാർ ചാരവൃത്തി ചെയ്യുന്നു എന്ന ആരോപണമുണ്ട്. ആർക്കുവേണ്ടി ചാരവൃത്തി? അപകടകാരിയായ ഇന്ത്യയെ സൂക്ഷിക്കുവാൻ അമേരിക്കയ്ക്കു ഇവിടെ ചാരന്മാർ വേണമെന്നു പറയുന്നതുതന്നെ ആശ്ചര്യകരമാണ്. ഇന്ത്യയിലെ മുസ്ലീംങ്ങൾ മുഴുവനും പാക്കിസ്ഥാന്റെ ചാരന്മാരാണ് എന്നാരോപിക്കുന്നതിന്റെ പിന്നിലുള്ള അതേ മനഃസ്ഥിതിതന്നെയാണ് ഇതും. പാശ്ചാത്യദേശത്തു വളരെയധികം ഹിന്ദുമിഷനറിമാരുണ്ടെന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചശേഷം അദ്ദേഹം പറയുന്നു. പാശ്ചാത്യമിഷനറിമാരെ ഇന്ത്യയിൽ നിരോധിക്കുന്നത് അബദ്ധമാണ്. വേണ്ടത്ര തെളിവു കൂടാതെ അവരുടെ മേൽ ചാരവൃത്തി ആരോപിക്കുന്നതും ആ സംശയത്തിന്റെ പേരിൽ അവരെ നിരോധിക്കുന്നതും നമ്മുടെ പ്രശസ്തിക്കു ഹാനികരമാണ്. അവരുടെ സേവനമൂലം ഇന്ത്യയ്ക്കുണ്ടായിട്ടുള്ള പുരോഗതിയുടെ ഒരു ഭാഗമെങ്കിലും മനസ്സിലാക്കിയിട്ടുള്ളവർ അതിനെ ശരിവയ്ക്കുകയില്ല."

ദേശീയ ഐക്യംപോലെയുള്ള പ്രധാന കാര്യങ്ങളിൽ അവർ ചെയ്തു പോരുന്ന സേവനം നമ്മുടെ പ്രധാനമന്ത്രിക്ക് അറിഞ്ഞുകൂടായ്കയില്ല. പ്രധാന മന്ത്രിയുടെ സ്ഥാനലബ്ധിയുടെ മൂന്നാം വാർഷികത്തിന്റെ തലേദിവസം ഡൽഹിയിൽ വച്ച് അവർ ചെയ്ത പ്രസ്താവനയിൽ അത് സൂചിപ്പിക്കുന്നുണ്ട്. "ഇന്ത്യയുടെ ഏററവും വലിയ ആവശ്യം മതേതരത്വമാണ്........ചില കക്ഷികൾ അന്തർദേശീയമായും അല്ലാതെയും വർഗ്ഗീയത പ്രചരിപ്പിക്കുന്നു. മററുള്ളവർ അവരിൽ നിന്നും ഭിന്നരാണെന്നും വർഗ്ഗീയ വിരുദ്ധരാണെന്നും തെരഞ്ഞെടുപ്പുകാലത്ത് അവകാശപ്പെടുന്നു." എന്നാൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിലെ ഒരു പ്രമുഖാംഗമായ ജഗജീവൻ റാം അനന്തപ്പൂർവച്ചു ചെയ്ത പ്രസംഗത്തിൽ ഇന്ത്യയുടെ ദേശീയഐക്യത്തിനും മതേതരത്വത്തിനുമെതിരായി ചെയ്ത പ്രസ്താവനയ്ക്കു പ്രധാനമന്ത്രിക്ക് എന്തു പറയുവാനുണ്ട് എന്ന് അറിഞ്ഞാൽ കൊള്ളാം."

മദ്ധ്യപ്രദേശിലേയും ഒറീസ്സായിലെയും മതപരിവർത്തന നിരോധന നിയമങ്ങൾ ഭരണഘടനാപരവും നിയമപരവുമാണെന്നു ആഭ്യന്തരവകുപ്പിലെ സ്റേററു മന്ത്രി ശ്രീ. ശുക്ലാ 68 ഡിസംബർ 6–ാം തീയതി സാധൂകരിക്കുകയുണ്ടായി. അതേ തുടർന്ന് പാർലമെന്റിലെ 6 ക്രിസ്ത്യൻ മെമ്പറന്മാർ (മെ.ജി.എസ്സ്.റെഡ്ഡി, പി.അന്തോനി റെഡ്ഡി, ലോബോ പ്രഭു, എച്ച്.സാമുവേൽ, രത്തിനസ്വാമി, എസ്സ്.സേവ്യർ) നിയമമന്ത്രി പ. ഗോവിന്ദമേനോന് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. സുപ്രീംകോർട്ടിൽ സി.യു.ഐ. കൊടുത്തിരിക്കുന്ന റിട്ടു പെററീഷന്റെ വാദമുഖങ്ങൾതന്നെയാണ് മെമ്മോറാണ്ടത്തിലും ആവർത്തിച്ചിട്ടുള്ളത്. 23–12–68–ൽ ശ്രീ.ജി.എസ്സ്. റെഡ്ഡിക്കു നിയമമന്ത്രിയിൽ നിന്നും അതിനു മറുപടി ലഭിച്ചു. വ്യക്തികൾക്കോ സംഘടനകൾക്കോ നിയമോപദേശം നൽകുവാൻ നിയമവകുപ്പിനു സാദ്ധ്യമല്ല എന്ന് അതിൽ സൂചിപ്പിച്ചിരുന്നു. സംസ്ഥാനനിയമസഭകൾ പ്രസ്തുത നിയമങ്ങൾ പാസാക്കിയ നിലയ്ക്കു നിയമവകുപ്പിനോ ആഭ്യന്തരവകുപ്പിനോ ഇക്കാര്യത്തിൽ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. നിങ്ങളുടെ മൗലീകാവകാശങ്ങൾ

www.malankaralibrary.com

ധ്വംസിക്കപ്പെട്ടിട്ടുണ്ടെന്ന് ബോദ്ധ്യമുണ്ടെങ്കിൽ ഹൈക്കോടതിയിലോ സുപ്രീംകോർട്ടിലോ പ്രസ്തുത നിയമങ്ങളെ ചോദ്യം ചെയ്യുക എന്നതാണ് കരണീയം. അതിനാൽ സി.യു.ഐ. ഈ നിയമങ്ങളെ ചോദ്യം ചെയ്യുവാൻതന്നെ തീരുമാനിച്ചിരിക്കുകയാണ്. മദ്രാസിലെ റിട്ടു ലോയറായ മി.നമ്പ്യാരു ഒറീസ്സായിലെ മഹാന്തിയുമൊത്ത് ഒറീസ്സാ ഹൈക്കോടതിയിലേക്കു ഒരു റിട്ടു പെററീഷൻ തയ്യാറാക്കിക്കഴിഞ്ഞു.

"ഹരിജനങ്ങളുടെ മതപരിവർത്തനം ഈ രീതിയിൽ തുടർന്നാൽ അടുത്ത പത്തുപതിനഞ്ചു വർഷത്തിനകം ഒരു ക്രിസ്ത്യൻസ്ഥാനുവേണ്ടിയുള്ള മുറവിളി ഇന്ത്യ നേരിടേണ്ടി വരും." എന്നു അനന്തപ്പൂരിൽവച്ചു കേന്ദ്രമന്ത്രി ശ്രീ.ജഗജീവൻ റാം പ്രസ്താവിക്കുകയുണ്ടായി. (ഡക്കാൺ ഹെറാൾഡ് 30.12.68)

1956-ലെ നിയോഗിക്കമ്മീഷൻ റിപ്പോർട്ടിലും ഒരു പ്രത്യേകതയുണ്ടായിട്ടുണ്ട്. 1957-ൽ മി. രത്തിനസ്വാമി സത്യം നിലനിൽക്ക എന്നതിൽ അതിനു മറുപടി കൊടുത്തിട്ടുണ്ട്. അതിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു.

മതപരിവർത്തനം വേണമെന്ന് ആഗ്രഹിക്കുന്നവരെല്ലാംതന്നെ മതപരിവർത്തനം ചെയ്താൽ എന്താണതിൽ ഗുരുതരമായ പ്രത്യാഘാതം? പട്ടികജാതി പട്ടികവർഗ്ഗം മുഴുവൻതന്നെയും മതപരിവർത്തനം ചെയ്താൽ അത്ര വലിയൊരു ക്രിസ്ത്യൻ സമൂഹം ഇന്ത്യയുടെ ഐക്യത്തിനു ഒരു ഭീഷണിയായിട്ടാണു നിയോഗിക്കമ്മീഷൻ കരുതുന്നത്. മുസ്ലീംങ്ങൾ ഭിന്നിച്ചതുപോലെ ക്രിസ്ത്യാനികളും ഭിന്നിക്കുമെന്നാണോ നിയോഗിക്കമ്മററിയുടെ ഭയം? അതു വികൃതമെന്നതുപോലെ ക്രൂരവുമായ ഒരു ആരോപണമാണ്. ക്രിസ്ത്യാനികൾ ഏതെങ്കിലും രാജ്യത്ത് പ്രത്യേക സംസ്ഥാനത്തിനുവേണ്ടി വാദിച്ചിട്ടുണ്ടോ? ഇന്ത്യയിൽ അവർ ഒരിക്കലും പ്രത്യേകസംസ്ഥാനത്തിനായി ആവശ്യപ്പെട്ടിട്ടില്ല. അവരുടെ നേതാക്കൾ ഇന്ത്യാവിഭജനത്തെ എതിർത്തിരുന്നവരാണ്. ഇന്ത്യാവിഭജനത്തിന്റെ നിർദ്ദേശം വച്ചതു ഒരു ക്രിസ്ത്യൻ നേതാവല്ല, ഹിന്ദു നേതാവാണ്. എന്തിനാണു ക്രിസ്ത്യാനികൾക്കു പ്രത്യേക സംസ്ഥാനം? ഭരണഘടന അനുവദിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും കൊണ്ട് അവർ തൃപ്തരാണ്. അവർ ചില കാടൻ രാജ്യങ്ങളൊഴിച്ചു മറെറല്ലാ ഇടങ്ങളിലും സഹിഷ്ണുതയും ഇതര സമുദായങ്ങളുടെ ബഹുമാനങ്ങളും ആർജ്ജിക്കുന്നുണ്ട്. ന്യൂനപക്ഷമെന്ന നിലയിലുള്ള രാഷ്ട്രീയപരിഗണനകൊണ്ടു അവർ തൃപ്തരാണ്. ഭരണഘടന പ്രകാരം അനുവദിച്ചിരിക്കുന്ന അവകാശങ്ങൾ കൂടാതെ സേവനതല്പരരായ ഒരു ന്യൂനപക്ഷം എന്ന പരിഗണനയും അവർ ആഗ്രഹിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ ആക്ടൻ പ്രഭുവും പ്രസ്താവിക്കുന്നതുപോലെ വലിയ ഒരു ക്രിസ്ത്യൻ സമുദായം ഇവിടുത്തെ ഇതരസമുദായങ്ങൾ തമ്മിലുള്ള ശാക്തികതുല്യതയ്ക്കുപകരിക്കുകയും വ്യക്തിപരമായും സമൂഹമായുമുള്ള സ്വാതന്ത്ര്യത്തിലെ സേവനത്തെപ്രതിയും ഇനിയും നൽകാവുന്ന കൂടുതൽ സേവനത്തെ പ്രതിയും സഹചരന്മാരിൽ നിന്നും ക്രിസ്ത്യൻ സമുദായം പ്രത്യേകപരിഗണന അർഹിക്കുന്നു."

15-03-1969

www.malankaralibrary.com

6

# അതിർത്തിഗാന്ധിയുടെ ഇന്ത്യാ സന്ദർശനം

ഭാരതത്തിന്റെ ഏററവും വലിയ സ്വാതന്ത്ര്യയോദ്ധാക്കളിൽ ഒരാളായ ഖാൻ അബ്ദുൾ ഗാഫർഖാൻ ഇൻഡ്യയിൽ മൂന്നുമാസത്തെ പര്യടനത്തിനായി എത്തിച്ചേർന്നിരിക്കുകയാണ്. ജീവിച്ചിരിപ്പുള്ള ഏററവും വലിയ ഗാന്ധിയനാണ് അദ്ദേഹം. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പടയാളികളിൽ ഒരാളായ ഖാൻ അബ്ദുൾ ഗാഫർഖാന്റെ ഇന്ത്യാ സന്ദർശനത്തിൽ ഇൻഡ്യൻ ജനത ഒന്നടങ്കം ആഹ്ളാദിക്കുമെന്നുള്ളതിനു സംശയമില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആദ്യമായാണ് അദ്ദേഹം ഇൻഡ്യ സന്ദർശിക്കുന്നത്. ദീർഘനാളായി അദ്ദേഹത്തെ നാം ഇൻഡ്യയിലേക്ക് ക്ഷണിച്ചിരുന്നതാണ്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മശതാബ്ധിയാഘോഷങ്ങൾ ഉൽഘാടനം ചെയ്യുവാനും ആഘോഷപരിപാടികളിൽ പങ്കുകൊള്ളാനുമായിട്ടാണ് ഗാഫർഖാൻ ഇൻഡ്യയിൽ എത്തിച്ചേർന്നത്. ഗാന്ധിജന്മശതാബ്ദിയാഘോഷങ്ങളുടെ മാററു വർദ്ധിപ്പിക്കുന്നതിന് ഈ സന്ദർശനം സഹായകരമായിട്ടുണ്ട്. സ്വതന്ത്രേന്ത്യയുടെ ഏററവും വിശിഷ്ടനായ അതിഥിയാണദ്ദേഹം. ഇതുവരെ അദ്ദേഹത്തെപ്പോലെ സർവ്വാദരണീയനും പ്രിയങ്കരനുമായ ഒരു അതിഥി ഇന്ത്യയിൽ കാലുന്നിയിട്ടില്ല.

ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിച്ചു പ്രവർത്തിക്കേണ്ടവരായ ഇന്ത്യൻ ജനത ഗാന്ധിയൻ ആദർശങ്ങൾക്ക് എതിരായ ഒരു നിലപാട് സ്വീകരിച്ചു കാണുന്നതിലാണ് അതിർത്തിഗാന്ധിക്ക് ഖേദം.

തികഞ്ഞ ദേശസ്നേഹിയും മതസൗഹാർദ്ദത്തിന്റെ പ്രതീകവുമായ അദ്ദേഹവും ധീരരായ അനുയായികളും സ്വാതന്ത്ര്യസമരത്തിൽ എല്ലാവിധ പ്രലോഭനങ്ങളേയും, പീഢനങ്ങളേയും വിഗണിച്ചുകൊണ്ടാണ് പങ്കെടുത്തത്. അവർ മുസ്ലീം വർഗ്ഗീയവാദികളെയും മുസ്ലീം വർഗ്ഗീയവാദത്തിന്റെ പ്രതീകമായിരുന്ന മുസ്ലീംലീഗിനെയും എതിർത്തു. ഭാരതം വിഭജിക്കുന്നതിനെ അവർ എതിർത്തു. അതുകൊണ്ടുതന്നെ അവർ പാകിസ്ഥാനെയും എതിർക്കുകയുണ്ടായി. എന്നാൽ കോൺഗ്രസ്സ് നേതൃത്വം ഭാരതവിഭജനത്തിനു വഴങ്ങി. അപ്പോൾ പഖ്തൂണിസ്ഥാന് സ്വയംഭരണാധികാരത്തിനുവേണ്ടി അദ്ദേഹം വാദിച്ചു. ഇന്ത്യയുമായി ലയിക്കുവാനുള്ള അവകാശം നഷ്ടപ്പെട്ട അവർ പാകിസ്ഥാനിൽ ചേരുന്നതിനു ഇഷ്ടപ്പെട്ടിരുന്നില്ല. അപ്പോൾ ആ നിലപാടായിരുന്നു അഭികാമ്യം. അവരുടെ അഭിലാഷസാക്ഷാൽക്കാരത്തിനുവേണ്ടി കോൺഗ്രസ്സും സ്വതന്ത്ര ഇന്ത്യയും നിലനിൽക്കുമെന്നു പഖ്തൂണിസ്ഥാൻകാർ വിശ്വസിച്ചു. എന്നാൽ അവർക്കു നിരാശയായിരുന്നു അനുഭവം.

പാക്കിസ്ഥാൻ രാജ്യദ്രോഹകുററം ചുമത്തി അദ്ദേഹത്തെ പതിനഞ്ചിൽ പരം വർഷങ്ങൾ തടവിൽ പാർപ്പിച്ചു. ഇതേ കുററം തന്നെ ചുമത്തി അദ്ദേഹത്തിന്റെ മകൻ മാലിയേയും സഹോദരൻ ഡോ.ഖാൻ സാഹേബിനേയും മൂത്ത പുത്രൻ ഖാധിക്കിനേയും ജയിലിൽ അടച്ചു. അങ്ങനെ ബ്രിട്ടീഷുകാരുടെയും പാക്കിസ്ഥാൻകാരുടെയും നിരവധി മർദ്ദനങ്ങൾക്ക് ഗാഫർഖാനും

www.malankaralibrary.com

അദ്ദേഹത്തിന്റെ കുടുംബവും വിധേയമായി.

അലക്സാണ്ടറുടെയും അറബികളുടെയും മുഗളന്മാരുടെയും ഒടുവിൽ ബ്രിട്ടീഷുകാരുടെയും അക്രമങ്ങൾക്ക് വിധേയരായി അടിച്ചമർത്തപ്പെട്ട് അസ്തവീര്യരായി അടിമത്വത്തിൽ സുഷുപ്തികൊണ്ടിരുന്ന പത്താൻ ജനതയെ തട്ടിയുണർത്തി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ മുന്നണി പടയാളികളായി രൂപാന്തരപ്പെടുത്തിയ പ്രതാപശാലിയാണ് ഖാൻ അബ്ദുൾ ഗാഫർഖാൻ.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ അഗ്രഗണനീയനായ ഖാൻ അബ്ദുൾ ഗാഫർഖാന് ഞങ്ങൾ ഈയവസരത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു. ദൈവദാസനെന്ന് ഗാന്ധിജി വിശേഷിപ്പിച്ച, ബാദ്ഷാഖാനെന്ന് പത്താൻ ജനത പാടിപ്പുകഴ്ത്തുന്ന, അതിർത്തിഗാന്ധിയായി ഇന്ത്യയിലെ ജനകോടികൾ ആദരിക്കുന്ന ഖാൻ അബ്ദുൾ ഗാഫർഖാന്റെ ഇന്ത്യാ സന്ദർശനം, ഗാന്ധിയൻ തത്വങ്ങളിൽ അടിയുറച്ചുമുന്നോട്ടു നീങ്ങുന്നതിന് ഇന്ത്യൻ ജനതയ്ക്ക് പ്രചോദനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

15-10-69

# 7

# ദേവാലയാക്രമണങ്ങൾ

അരാജകത്വത്തിന്റെയും അസമാധാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ച് അതിന്റെ മറയിൽ സ്വാർത്ഥതാല്പര്യങ്ങൾ നേടുവാൻ ശ്രമിക്കുന്ന ഒരു കൂട്ടം സാമൂഹ്യദ്രോഹികൾ എന്നും കത്തോലിക്കാ മതവികാരങ്ങളെ വ്രണപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. മറ്റെന്തിനേക്കാളുമേറെ മതത്തിന്റെ പേരിൽ ആവേശംകൊള്ളുന്ന മനുഷ്യന്റെ മനോവികാരത്തെ മുൻകൂട്ടി കണ്ട മതസ്ഥാപനങ്ങളെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന അത്തരം കാപാലികരുടെ കൂത്തരങ്ങായി ഇന്നു കേരളം മാറിയിരിക്കുകയാണ്. അവരുടെ ആദ്യത്തെ ആക്രമണരംഗം എന്നും കത്തോലിക്കരുടെ ആരാധനാകേന്ദ്രങ്ങളും സമുദായ സ്ഥാപനങ്ങളുമാണ്. മനപൂർവ്വം മുൻകൂട്ടി പ്ലാൻ ചെയ്ത് ആരംഭിച്ചിട്ടുള്ള ഈദൃശനടപടികളുടെ ഏററവും ഒടുവിലത്തെ ഉദാഹരണമാണ് കഴിഞ്ഞ മാസത്തിൽ കൊല്ലം നഗരത്തിൽ നടന്നത്.

അനേകവട്ടം ആവർത്തിക്കപ്പെട്ടിട്ടുള്ള ഈ കുത്സിത പ്രവൃത്തികളെ ഇനിയും കൈയുംകെട്ടി നോക്കിയിരിക്കുവാൻ കേരളത്തിലെ കത്തോലിക്കർക്കു സാദ്ധ്യമല്ല. സാമൂഹ്യദ്രോഹികളുടെ ഈ അഴിഞ്ഞാട്ടത്തിന്റെ പിന്നിലുള്ള ലക്ഷ്യങ്ങളെ അതർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെ കാണുകയും അത് ഇനിമേലിൽ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുവാൻ കേരളത്തിലെ കത്തോലിക്കരോട് ആഹ്വാനം ചെയ്യുവാൻ ഈ അവസരം ഞങ്ങൾ വിനിയോഗിക്കുന്നു. അതോടൊപ്പം ഈ രാജ്യത്തു സമാധാനം പുലർത്തുവാനും വ്യക്തികളുടെയും സമുദായത്തിന്റെയും ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകുവാനും

www.malankaralibrary.com

ബാദ്ധ്യതപ്പെട്ട സംസ്ഥാനഗവൺമെന്റും കേന്ദ്രഗവൺമെന്റും ഈ ദുശനടപടികളുടെനേരെ ഇന്ന് സ്വീകരിച്ചിട്ടുള്ള അലസമനോഭാവത്തിൽ അതിയായി പ്രതിഷേധം രേഖപ്പെടുത്തുന്നു. ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുകയും കുററക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ആരാധനാസ്വാതന്ത്ര്യത്തിന്റെയും നേരെയുള്ള ഈ കയ്യേററങ്ങളെ ചെറുക്കുവാനും അവസാനിപ്പിക്കുവാനും രംഗത്തിറങ്ങിയിരിക്കുന്ന എ.കെ.സി.സി.യുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകുവാൻ സമുദായസ്നേഹികളോടു ഞങ്ങൾ അപേക്ഷിക്കുന്നു.

എ.കെ.സി.സി. സെപ്ററംബർ 14-നു കൂടിയ വർക്കിംഗ് കമ്മററി യോഗത്തിൽ അംഗീകരിച്ച പ്രമേയം വഴി കേരളത്തിലെ കത്തോലിക്കാ ഇടവകകൾ തോറും സമുദായത്തിന്റെ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ സമാധാനപ്രിയരായ വ്യക്തികൾ സേവതല്പരതയോടെ മുന്നോട്ടുവരണമെന്നു നടത്തിയ ആഹ്വാനം എല്ലാവരുടെയും പ്രത്യേകപരിഗണനയ്ക്ക് വിഷയമാകണമെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുകയാണ്. സ്വന്തം സ്ഥാപനങ്ങളെ സംരക്ഷിക്കുവാനുള്ള കഴിവു നമുക്കുണ്ടെന്നു കണ്ടാൽ അതിന്റെ നേരെ കല്ലെടുക്കുന്നവരുടെ എണ്ണം കുറയും. സംഘടിതരായിരിക്കുക എന്നത് ഇന്നു നിലനിൽപിനുതന്നെ ആവശ്യമാണ്. അസംഘടിതരാകുക എന്നത് അനുഭവത്തിൽ ആത്മഹത്യയ്ക്കു തുല്യമാണ്. അതിനാൽ ജീവിക്കുവാൻവേണ്ടി സംഘടിക്കുവാൻ ഒരിക്കൽകൂടി ഞങ്ങൾ ആഹ്വാനം ചെയ്തുകൊള്ളുന്നു.

15-10-1969

## 8

# ഗൂഡല്ലൂർ കുടിയിറക്ക്

ഗൂഡല്ലൂർ താലൂക്കിൽ അധിവസിക്കുന്ന രണ്ടായിരത്തിൽപ്പരം കർഷകകുടുംബങ്ങളിലെ പന്തീരായിരത്തിൽപ്പരം വരുന്ന കർഷകരെ ഒന്നടങ്കം കുടിയിറക്കുവാനുള്ള ഒരു പദ്ധതിക്കു തമിഴ്നാട് ഗവൺമെന്റ് അന്തിമരൂപം നൽകിയിരിക്കുന്നതായി മനസ്സിലാക്കുന്നു. കുടിയേററക്കാരായ കർഷകർക്ക് കുടിയിറക്കു നോട്ടീസ് നൽകപ്പെടുകയും കുടിയിറക്കുജോലികൾ നിർവ്വഹിക്കുന്നതിനായി പ്രത്യേക ഉദ്യോഗസ്ഥന്മാരേയും അവരെ സഹായിക്കുന്നതിനായി ഒരു വമ്പിച്ച പോലീസ് വിഭാഗത്തേയും ഗവൺമെന്റ് നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഉടുമ്പൻചോലയിലെയും ചുരുളി കീരിത്തോട്ടിലെയും കുടിയിറക്കിന്റെ ഭീകരതകൾ നിലനിൽക്കുമ്പോഴാണ് ഷിമോഗയിൽ നിന്നും ആയിരക്കണക്കിനു മലയാളികളെ കുടിയിറക്കി മൈസൂർ ഗവൺമെന്റ് കേരളത്തിലേക്കു വിട്ടത്. ഈ കുടിയിറക്കിന്റെയെല്ലാം അവശിഷ്ടങ്ങൾ നിലനിൽക്കെ അതിനേക്കാൾ

www.malankaralibrary.com

ഭയങ്കരമായ മറ്റൊരു കുടിയിറക്കിനു വിധേയരാകുവാൻ ഗൂഡല്ലൂരിലെ മലയാളി കർഷകർ നിർബന്ധിതരാവുകയാണ്.

കേരളത്തിന്റെ അതിർത്തിപ്രദേശമായ ഗൂഡല്ലൂർ താലൂക്കിന്റെ എരുമാട്, മൂന്നനാട്, നെല്ലായാളം, ചേരാങ്കോട്, നിലാക്കോട്ട എന്നീ അഞ്ചുഗ്രാമങ്ങളിലായിട്ടാണ് മലയാളികൾ കുടിയേറി പാർത്തിരിക്കുന്നത്. സ്വാതന്ത്ര്യ സമ്പാദനത്തിനു മുൻപു തന്നെ കുടിയേറിയവരാണ് അവരിൽ അധികഭാഗവും. ഒരു കാൽനൂററാണ്ടിനുമുൻപ് വന്യമൃഗങ്ങളുടെ വിഹാരരംഗമായിരുന്ന ഈ പ്രദേശം ഇന്ന് കനകം വിളയുന്ന കൃഷിഭൂമികളാണ്. കായിച്ചുനിൽക്കുന്ന തെങ്ങിൻതോപ്പുകളും കമുകിൻ തോപ്പുകളും കൺകുളുർപ്പിക്കുന്ന നെൽവയലുകളും കാപ്പിത്തോട്ടങ്ങളും ഇവിടുത്തെ കർഷകജനതയുടെ കഠിനാദ്ധ്വാനത്തിന്റെ പ്രതീകങ്ങളാണ്.

ഈ കുടിയേററ പ്രദേശത്ത് മലയാളി കുടിയേററക്കാർക്കുവേണ്ടി സ്ഥാപിച്ചു നടത്തിപ്പോരുന്ന പല പൊതുസ്ഥാപനങ്ങളുമുണ്ട്. ഇരുപതിൽപരം വിദ്യാലയങ്ങളും റേഷൻകടകളും അവിടെയുണ്ട്. ഈ കുടിയേററക്കാർക്ക് വോട്ടവകാശമുണ്ടെന്നുതന്നെയല്ല, അവരിൽനിന്ന് പഞ്ചായത്തു മെമ്പർമാർ, പഞ്ചായത്തുയൂണിയൻ ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങളിലേക്ക് പലരും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ കുടിയേററ പ്രദേശത്ത് മലയാളികുടിയേററക്കാർക്കുവേണ്ടി സ്ഥാപിച്ചു നടത്തിപ്പോരുന്ന പല പൊതുസ്ഥാപനങ്ങളുമുണ്ട്. ഇരുപതിൽപരം വിദ്യാലയങ്ങളും റേഷൻ കടകളും അവിടെയുണ്ട്. ഈ കുടിയേററക്കാർക്ക് വോട്ടവകാശമുണ്ടെന്നുതന്നെയല്ല, ഈ കുടിയേററക്കാർക്ക് റേഷൻ കാർഡുകളും അനുവദിച്ചിട്ടുണ്ട്. ഇതെല്ലാം ഈ കുടിയേററത്തെ മദ്രാസ് ഗവൺമെന്റ് അംഗീകരിച്ചിരുന്നുവെന്നതിന് ഒന്നാംതരം തെളിവുകളാണ്.

കുടിയേററക്കാരുടെ ഭൂമി പതിച്ചുകൊടുക്കുന്നതിനുവേണ്ടി 1963-ൽ ഗവൺമെന്റു നിയമിച്ച ഒരു കമ്മററി വളരെ കുറച്ചുപേർക്കുമാത്രം ഭൂമി പതിച്ചുകൊടുക്കുകയും മററുള്ളവരെയെല്ലാം പുതിയ കയ്യേററക്കാരായി വിധിയെഴുതുകയും ചെയ്തു. എന്നാൽ ഇവിടുത്തെ സാധുജനങ്ങൾ അടിസ്ഥാനനികുതി മാത്രമല്ല സർച്ചാർജും 25 രൂപാ മുതൽ 50 രൂപാ വരെ പിഴയും കൈവശമുള്ള ഓരോ ഏക്കർ ഭൂമിക്കും കൊടുത്തുകൊണ്ടിരിക്കുകയാണ്. ഭൂമി പതിച്ചുകൊടുക്കുവാൻ രൂപീകരിച്ച കമ്മററിയുടെ പ്രഹസന തീരുമാനങ്ങളെ കുടിയേററക്കാർ എതിർത്തിരുന്നു.

സ്വന്തം പട്ടയമില്ലാത്തവരെയെല്ലാം ഇറക്കിവിടാനുള്ള വ്യഗ്രതയിലാണ് തമിഴ്നാട് ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്. ആ കുടിയേററക്കാരോടു കേരളത്തിലേക്കു തന്നെ പൊയ്ക്കൊള്ളുവാനും അവർ ലിഖിത രൂപേണയല്ലെങ്കിലും ആവശ്യപ്പെട്ടിരിക്കുകയാണ്.

കുടിയൊഴിപ്പിക്കപ്പെടുന്ന സ്ഥലങ്ങളിൽ വൻതോതിൽ യൂക്കാലിപ്ടസ്, ഗ്രാന്റിസ് തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാനുള്ള പദ്ധതിയാണെന്നും അതല്ല ബർമ്മയിൽ നിന്നും സിലോണിൽനിന്നും തിരിച്ചുവരുന്ന തമിഴ്നാട്ടുകാരെ കുടിയിരുത്തുന്നതിനുള്ള ശ്രമമാണ് അവർ നടത്തുന്നതെന്നും

www.malankaralibrary.com

പറയുന്നു. ഏതായാലും ഈ കുടിയിറക്ക് ഒരു മഹാ വിപത്തായി തീർന്നിരിക്കുകയാണ്. ആസന്നമായ വിപത്തിന്റെ കരിനിഴലിൽ കഴിഞ്ഞു കൂടുന്ന ആയിരക്കണക്കിനു കർഷകരുടെ പ്രശ്നങ്ങളിലേക്കു കേരളസർക്കാരും കേന്ദ്രസർക്കാരും എത്രയും വേഗം ശ്രദ്ധപതിക്കണമെന്നും മലയാളികളുടെ മണ്ണിലുള്ള അവകാശം സുരക്ഷിതമാക്കുവാൻ ശ്രമിക്കണമെന്നുമാണ് ഇത്തരുണത്തിൽ ഞങ്ങൾക്കു പറയുവാനുള്ളത്.

15-10-1969

9

# കൊല്ലത്തു നടന്ന ദേവാലയ ധ്വംസനവും വിശുദ്ധ കുർബാനയുടെ നേരേയുള്ള അവഹേളനവും

അഖില കേരള കത്തോലിക്ക കോൺഗ്രസ്സിന്റെ വർക്കിംഗ്കമ്മററി പുറപ്പെടുവിക്കുന്ന പ്രസ്താവന.

1. കൊല്ലത്ത് ദേവാലയങ്ങൾ ആക്രമിക്കപ്പെടുകയും വിശുദ്ധ കുർബാന അവഹേളിക്കപ്പെടുകയും തിരുസ്വരൂപങ്ങൾ തകർക്കപ്പെടുകയും ചെയ്തത് ഈശ്വരവിശ്വാസികളായ എല്ലാ മനുഷ്യരേയും ഞെട്ടിപ്പിച്ചിരിക്കുകയാണ്. ആദിമ ശതകങ്ങളിൽ നടന്ന മതമർദ്ദനങ്ങളെപ്പോലും അതിശയിക്കുന്ന നീചമായ ആക്രമണങ്ങളാണ് കൊല്ലത്തു നടന്നത്. ആദിമശതകങ്ങളിലെ മതമർദ്ദകർ പോലും വിശുദ്ധകുർബാനയെ അവഹേളിച്ചിരുന്നില്ല. കത്തോലിക്കരുടെ വിശ്വാസത്തിന്റെ ജീവനും കേന്ദ്രബിന്ദുവുമാണ് വിശുദ്ധകുർബാന. വിശുദ്ധ കുർബാനയുടെ നേർക്കുള്ള ഏതൊരു ആക്രമണവും ക്രിസ്തുവിന്റെ നേർക്കുള്ള ആക്രമണം തന്നെയാണ്. കത്തോലിക്കരുടെ മതവികാരങ്ങളെ ഇത്രകണ്ടു വ്രണപ്പെടുത്തുന്ന മറെറാരു നീചകൃത്യവും ഇല്ലതന്നെ. കേരളത്തിലെ ഈശ്വരവിശ്വാസികളായ എല്ലാ ആളുകൾക്കും ഈ ആക്രമണത്തിൽ കഠിനമായ അമർഷം ഉണ്ടെന്നുള്ള കാര്യം ആശ്വാസകരമാണ്. ഈ ആക്രമണത്തെ പ്രതിഷേധിക്കുവാൻ നാനാജാതി മതസ്ഥരായ ഈശ്വരവിശ്വാസികൾ മുന്നോട്ടു വരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

നീചമായ ഈ ആക്രമണത്തെപ്പററി ഒരു പരസ്യാന്വേഷണം നടത്തി കുററവാളികളെ എത്രയും വേഗം കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കണമെന്ന് കേരളാ ഗവൺമെന്റിനോടും കേന്ദ്രഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

2. ഈ നീചകൃത്യത്തെ പ്രതിഷേധിച്ച് നാടിന്റെ പല ഭാഗങ്ങളിലും യോഗങ്ങൾ നടന്നുകഴിഞ്ഞു. യോഗം നടക്കാത്ത സ്ഥലങ്ങളിൽ എത്രയും വേഗം സമ്മേളനങ്ങൾ സംഘടിപ്പിച്ച് പ്രതിഷേധശബ്ദം ഉയർത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

www.malankaralibrary.com

3. മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന പ്രവണതയെ ചെറുക്കുന്നതിനും ആരാധനാസ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും സജീവമായ ഒരു സന്നദ്ധ സംഘം ആവശ്യമാണെന്ന് വർക്കിംഗ് കമ്മററിക്ക് ബോദ്ധ്യമായിരിക്കുന്നു. അതിനാൽ ഒരു സന്നദ്ധസംഘം രൂപീകരിക്കുന്നതിന് കത്തോലിക്ക കോൺഗ്രസിന്റെയും, യുവജനസംഘടനയുടേയും എല്ലാ ശാഖകളും, ഇടവകകളും മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്നഭ്യർത്ഥിക്കുന്നു.

എ.കെ.സി.സി. പ്രസിഡന്റ് കെ.പി.ജോൺ, ജനറൽ സെക്രട്ടറി കെ. ജെ. ചാണ്ടി യുവജനസംഘടനാ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം എന്നിവർ സ്ഥലം സന്ദർശിച്ചു.

15-10-1969

## 10

# മുപ്പതുലക്ഷം കത്തോലിക്കരോട്

ക. കോൺഗ്രസിന്റെ വികസനപരമായ പ്രവർത്തനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന പത്തു പൈസ പിരിവിൽ മുപ്പതുലക്ഷം കത്തോലിക്കരും സഹകരിക്കേണ്ടതാണ്. ക.യുവജനസംഘടനയുടെ എല്ലാ ശാഖകളും പ്രവർത്തകരും ഈ ഫണ്ടുപിരിവ് വിജയിപ്പിക്കുവാൻ പരമാവധി പരിശ്രമിക്കുക തന്നെ വേണം.

രണ്ടായിരം വർഷത്തെ പഴക്കമുള്ള കേരള കത്തോലിക്കരുടെ ഏക സമുദായ സംഘടനയായ എ.കെ.സി.സി. സഭയുടേയും സമുദായത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കുവേണ്ടി കഴിഞ്ഞ ആറു ദശാബ്ദക്കാലം അടിപതറാതെ പരിശ്രമിക്കുകയുണ്ടായി. ക.കോൺഗ്രസ്സ് കഴിഞ്ഞ കാലങ്ങളിൽ മുൻനിന്ന് നടത്തിയ നിവർത്തനപ്രക്ഷോഭണം, പൗരസമത്വവാദപ്രക്ഷോഭണം, വിദ്യാഭ്യാസപ്രക്ഷോഭണം, വിമോചനസമരം, പാഠപുസ്തകങ്ങൾ തിരുത്തിയെഴുതിക്കുന്നതിനുവേണ്ടി നടത്തിയ സമരം, ഇവയെല്ലാം കത്തോലിക്കാ കോൺഗ്രസ്സിന്റെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളാണ്. കഴിഞ്ഞ കാലങ്ങളിൽ സഭയേയും സമുദായത്തേയും രാജ്യത്തേയും വീരോചിതമായി സേവിച്ച ക.കോൺഗ്രസിനെ സാമ്പത്തിക പരാധീനതകളിൽ നിന്നും രക്ഷിച്ചെടുക്കുന്നതിനും വികസനപരമായ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടുന്നതിനും ആവശ്യമായ ഫണ്ടു ശേഖരിക്കുവാൻ പല കാലയളവിലും ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഈ അടുത്തകാലത്ത് 1964-ൽ അതിലേക്ക് ഒരു നൂതനപദ്ധതി ആവിഷ്ക്കരിച്ചത് പരേതനായ തോമസ് സെബാസ്റ്റ്യൻ അവർകളായിരുന്നു. മുപ്പതുലക്ഷം കത്തോലിക്കരിൽ നിന്നും പത്തു ന.പൈസ വീതം പിരിച്ച് മൂന്നു ലക്ഷം രൂപയുടെ ഒരു ഫണ്ടു ശേഖരിക്കുക എന്നുള്ളതായിരുന്നു ലക്ഷ്യം. 1964-ൽ തോമസ് സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ആരംഭിച്ച 10 പൈസ പിരിവ് പരിപൂർണ്ണ വിജയമായിരുന്നില്ലെങ്കിലും അര ലക്ഷത്തിൽപ്പരം രൂപാ ശേഖരിക്കുവാൻ സാധിച്ചു. പിന്നീട് ക.കോൺഗ്രസ്സ് ഒരു ലോട്ടറി നടത്തി

www.malankaralibrary.com

രണ്ട് ലക്ഷം രൂപായോളം ശേഖരിച്ചു. എറണാകുളത്ത് എ.കെ.സി.സി.യുടെ ഹെഡ് ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി കുറേ സ്ഥലം വാങ്ങുകയും മലബാറിൽ ഒരു കോളനൈസേഷൻ പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളത്തു വാങ്ങിയ സ്ഥലത്ത് ഒരു ഹെഡ് ഓഫീസ് നിർമ്മിക്കുന്നതിനും കോളനൈസേഷൻ പദ്ധതി കൂടുതൽ വിപുലപ്പെടുത്തുന്നതിനും കോൺഗ്രസ്സിന്റെ വികസനപ്രവർത്തനങ്ങൾ കൂടുതൽ വിജയകരമാക്കിത്തീർക്കുന്നതിനും ഒരു നല്ല തുക ശേഖരിക്കേണ്ടതായാണിരിക്കുന്നത്. ആ ലക്ഷ്യം മുൻനിർത്തിയാണ് എ.കെ.സി.സി. ഈ വർഷം പത്തുപൈസാപിരിവ് സമാരംഭിച്ചിരിക്കുന്നത്.

1964-ൽ പത്തുപൈസാ പിരിവ് ആദ്യമായി ആരംഭിച്ചപ്പോൾ എല്ലാ വർഷവും ക്രിസ്മസ് കാലത്ത് പത്തു പൈസാ പിരിവ് നടത്തണമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ അഞ്ചു വർഷത്തിനുശേഷം ഇന്നാണു വീണ്ടും അതാരംഭിക്കുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിൽ അൽമായർക്കും അൽമായസംഘടനകൾക്കും വലുതായ പ്രാധാന്യം നൽകിയിട്ടുണ്ട്. ആ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ കത്തോലിക്കരുടെ പൊതു സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സ് ഇവിടെ വളർന്ന് വികസിച്ച് പന്തലിക്കേണ്ടതാണെന്ന് സകലരും സമ്മതിക്കും. അതിന് എല്ലാവരുടേയും സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

രണ്ടു വർഷം മുൻപ് രൂപം കൊണ്ട കേരള കത്തോലിക്കാ യുവജന സംഘടന ഇന്ന് കത്തോ.കോൺഗ്രസ്സിന്റെ ശക്തിദുർഗ്ഗമായി തീർന്നിരിക്കുകയാണ്. യുവജനസംഘടനയുടെ സകല പ്രവർത്തകരും ശാഖകളും ഒന്നു മനസ്സിളകി പ്രവർത്തിച്ചാൽ മുപ്പതുലക്ഷം കത്തോലിക്കരിൽ നിന്നും പത്തു പൈസാ വീതം ശേഖരിക്കുവാൻ സാധിക്കും.അതിന് എല്ലാവരും തയ്യാറായി മുന്നോട്ടുവരണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

15-12-1969

## 11

# അഖിലേന്ത്യാ ബിഷപ്പ്സ് കോൺഫ്രൻസ്

ഇരുപത്തിയഞ്ചു വർഷം മുൻപു രൂപം കൊണ്ട കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇൻഡ്യയുടെ ഇക്കൊല്ലത്തെ സമ്മേളനം ഇൻഡ്യയിലെ 40 ശതമാനത്തിലധികം കത്തോലിക്കർ അധിവസിക്കുന്ന കേരളത്തിൽ വച്ചു നടന്നുകൊണ്ടിരിക്കുകയാണ്. 3 വർഷത്തിലൊരിക്കൽ ബിഷപ്പ്സ് കോൺഫ്രൻസ് സമ്മേളിക്കുക പതിവാണെങ്കിലും ഇന്ത്യയിൽ ഏററവും അധികം ക്രിസ്തീയ പാരമ്പര്യവും ഏററവുമധികം ക്രിസ്ത്യാനികളുമുള്ള നാടായ കേരളത്തിൽവച്ച് ആദ്യമാണ് ഇതുപോലൊരു സമ്മേളനം നടക്കുന്നത്. ഭാരതസഭ

www.malankaralibrary.com

യുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടുന്ന ഒരു മഹാസംഭവത്തിനു സാക്ഷ്യം വഹിക്കാൻ വി.തോമ്മാശ്ലീഹായുടെയും വി.ഫ്രാൻസിസ് സേവ്യറുടെയും പാദസ്പർശംകൊണ്ട് അനുഗ്രഹീതമായ കേരളത്തിനു സാധിച്ചതിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു.

കേരളത്തിൽ വച്ചു നടക്കുന്ന സി.ബി.സി.ഐയുടെ സമ്മേളനം പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഭാരതത്തിലങ്ങോളമിങ്ങോളം നടന്ന ഇടവകസെമിനാറുകളും രൂപതാസെമിനാറുകളും റീജയണൽ സെമിനാറുകളും ദേശീയസെമിനാറും വൈദികസെമിനാറും കഴിഞ്ഞതിന്റെ ശേഷം ആദ്യമായി നടക്കുന്ന മെത്രാന്മാരുടെ സമ്മേളനമെന്നനിലയിൽ ക്രൈസ്തവരുടെ മുഴുവൻ ചിന്തയും ഈ ദിവസങ്ങളിൽ കേരളത്തിൽ വച്ചുനടക്കുന്ന ഈ സമ്മേളനത്തെപ്പററിയായിരിക്കും. സെമിനാറിൽ പ്രകടമായി കണ്ട അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ സഭയിൽ പലവിധ പരിവർത്തനങ്ങളും ഉണ്ടാകുമെന്നാണു വിശ്വാസം.

ബാംഗ്ലൂർ സെമിനാറിലെ ശുപാർശപ്രകാരം ഈ വക - സ്ഥാപനം സന്യാസമൂഹം, രൂപത തുടങ്ങിയ ഓരോ ഘടകങ്ങളിൽ നിന്നും ഒരു നിശ്ചിത തുക പിരിച്ച് ഒരു കേന്ദ്രഫണ്ട് രൂപീകരിക്കുന്നതിനെപ്പററിയും കാത്തലിക് ചാരിററീസ് എന്ന സാമൂഹ്യ പ്രവർത്തക സംഘടന, മിലിററി ചാപ്ലിന്മാർ, മെത്രാന്മാർ തമ്മിലുള്ള ആശയവിനിമയം, പാസ്റ്ററൽ കൗൺസിൽ തുടങ്ങിയ വിഷയങ്ങളെപ്പററിയും സമ്മേളനം ചർച്ച ചെയ്യുന്നതാണ്. മാംസവർജ്ജനം, ഉപവാസം എന്നിവയെപ്പററി ഇൻഡ്യ ഒട്ടാകെ ഐക്യരൂപ്യമുള്ള ഒരു നയം രൂപീകരിക്കാനും മെത്രാന്മാർ ശ്രമിക്കുന്നതാണ്. പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഈ ദിവസങ്ങളിൽ നടക്കുന്നതാണ്.

ബാംഗ്ലൂർ വച്ചു നടന്ന ദേശീയ സെമിനാറും പൂനായിൽ വച്ചു നടന്ന ഇടവക വൈദിക സമ്മേളനവും സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ പലതും ഉടൻതന്നെ നടപ്പിലാക്കുവാൻ ശ്രമിക്കുമെന്നാണ് കരുതേണ്ടത്. പാസ്റ്ററൽ കൗൺസിലുകളും മററും ജനാധിപത്യപരമായരീതിയിൽ സംഘടിപ്പിച്ചു അൽമായരെ സഭാഭരണത്തിൽ പങ്കുകാരും സഹപ്രവർത്തകരുമായി കണക്കാക്കുമെന്നും അങ്ങനെ കൂടുതൽ ഉത്തരവാദിത്വങ്ങൾ അൽമായർക്കു നൽകുമെന്നും ആണ് മനസ്സിലാക്കേണ്ടത്. സെമിനാറിൽ സമർപ്പിച്ച നുറുകണക്കിനു നിർദ്ദേശങ്ങൾ ഈ ബിഷപ്പ് കോൺഫ്രൻസ് കഴിഞ്ഞാലുടൻ തന്നെ നടപ്പിലാക്കുമെന്നു പ്രതീക്ഷിക്കുന്നതു ബുദ്ധിപൂർവകമായിരിക്കുമെന്നു തോന്നുന്നില്ല. അവ നടപ്പിൽ വരുത്തുവാനുള്ള ഒരു ചവിട്ടുപടിയായി മാത്രം ഈ സമ്മേളനത്തെ കണക്കാക്കിയാൽ മതി.

രണ്ടായിരം വർഷത്തെ കേരള സഭയുടെ ചരിത്രത്തിൽ ഏററം സുപ്രധാനമായ ഒരു നാഴികക്കല്ലായിരിക്കും ഈ സി.ബി.സി.ഐ.യുടെ സമ്മേളനം. സമ്മേളനത്തിനു സകലവിധ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

15-01-1970

www.malankaralibrary.com

# 12

# പാസ്റ്ററൽ കൗൺസിൽ

എറണാകുളത്തുവച്ചു നടന്ന അഖിലേന്ത്യാ ബിഷപ്സ് കോൺഫ്രൻസിൽ എടുത്ത തീരുമാനങ്ങളിൽ ഒന്നു ഇടവകാതലത്തിലും രൂപതാതലത്തിലും ദേശീയാടിസ്ഥാനത്തിലും പാസ്റ്ററൽ കൗൺസിലുകൾ സംഘടിപ്പിക്കുക എന്നതാണ്. ഇന്ത്യയിൽ ഇപ്പോൾ 16 രൂപതകളിൽ പാസ്റ്ററൽ കൗൺസിലുകൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ബോംബെയിൽ ഉടനെതന്നെ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതാണെന്ന് കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമേനി ഈ അടുത്ത ദിവസം പ്രസ്താവിക്കുകയുണ്ടായി. രൂപതയിലെ ഭരണത്തിനും മിഷ്യൻ പ്രവർത്തനത്തിനും ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിനും പാസ്റ്ററൽ കൗൺസിലിലൂടെ അൽമേനികളുടെയും വൈദികരുടെയും സഹകരണം ലഭിക്കുന്നത് ഏററവും പ്രയോജനപ്രദമാണ് എന്ന് കൗൺസിലുകൾ രൂപീകരിക്കപ്പെട്ട സ്ഥലങ്ങളിലെ അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്.

**എന്താണ് പാസ്റ്ററൽ കൗൺസിൽ?**

"പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വൈദികരും സന്യാസികളും അൽമേനികളും പങ്കെടുക്കുന്നതും രൂപതാ വികാരി നേരിട്ടു ആദ്ധ്യക്ഷം വഹിക്കുന്നതുമായ പാസ്റ്ററൽ കൗൺസിലുകൾ ഓരോ രൂപതയിലുമുണ്ടായിരിക്കുന്നതു നല്ലതാണ്. ദൈവജനപരിപാലനസംബന്ധമായ പ്രവർത്തനങ്ങളെ പരിശോധിച്ച് ആക്കത്തൂക്കം നിശ്ചയിക്കുക, അവയെ സംബന്ധിച്ചു പ്രായോഗികമായ തീരുമാനങ്ങളിലെത്തിച്ചേരുകയും ചെയ്യുക എന്നതാണ് അതിന്റെ പ്രവർത്തനം." (Christus Dominus)

ഇതിൽ നിന്നും മനസ്സിലാകുന്നതിൽ പ്രധാനമായത് പാസ്റ്ററൽ കൗൺസിൽ വൈദികരും സന്യാസികളും അൽമേനികളും ഉൾപ്പെട്ടതാണ് എന്നത്രെ. മററുവിധത്തിൽ പറഞ്ഞാൽ മെത്രാൻ ആദ്ധ്യക്ഷം വഹിക്കുന്ന പാസ്റ്ററൽ കൗൺസിൽ ആ രൂപതയിലെ മുഴുവൻ ദൈവജനത്തിന്റേയും തനി പ്രതിരൂപമാണ്. സഭയുടെ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വഴിത്തിരിവാണ് ഇത്. രൂപതയിലെ സഭയുടെ പരിപാലനത്തെ സംബന്ധിച്ചുള്ള ഒരു സംഘടനയിൽ വൈദികരുടെ മാത്രമല്ല അൽമേനികളുടെയും സഹകരണം ആവശ്യപ്പെടുന്നത് ഇപ്പോൾ ആദ്യമാണ്. ജ്ഞാനസ്നാനത്താൽ ദൈവജനം മുഴുവനും ക്രിസ്തുവിന്റെ വൈദികത്വവും സുവിശേഷപരവും രാജകീയവുമായ സ്ഥാനങ്ങളുടെ പങ്കാളികളുമാകുന്നു. അതിനാൽ ദൈവത്തിന്റെ രാജ്യം പ്രചരിപ്പിക്കുവാനുള്ള ചുമതല ദൈവജനത്തിനു മുഴുവനുമുണ്ട്. അതു മെത്രാന്മാർക്കോ വൈദികർക്കോ സന്യാസികൾക്കോ മാത്രമായിട്ടുള്ളതല്ല.

പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനം സഭയുടെ പരിപാലനം സംബന്ധിച്ചുള്ളവ മാത്രമാണ് – "ദൈവജനപരിപാലന സംബന്ധമായ പ്രവർത്തനങ്ങളെ പരിശോധിച്ചു ആക്കത്തൂക്കം നിശ്ചയിക്കുകയും അവയെ സംബന്ധിച്ചു പ്രായോഗികമായ തീരുമാനങ്ങളിലെത്തിച്ചേരുകയും ചെയ്യുക"

www.malankaralibrary.com

"ദൈവജനത്തിന്റെ ജീവിതവും പ്രവർത്തനവും കൂടുതൽ സുവിശേഷ നിബന്ധമായിത്തീരുവാൻ ആവശ്യമായതു ചെയ്യുക". (എക്ലീസീയാ സിൻക്ലേ)

അതിനാൽ മെത്രാന്റെ അദ്ധ്യക്ഷതയിൽ അൽമേനികളും വൈദികരും സന്യാസികളും രൂപതയിലെ ക്രൈസ്തവസന്ദേശപ്രചരണത്തെപ്പററി പരസ്പരം ചർച്ചചെയ്യുക എന്നതാണ് പാസ്റ്ററൽ കൗൺസിലിന്റെ പ്രധാന പ്രവർത്തനരൂപം. പ്രായോഗിക തീരുമാനങ്ങളിലെത്തിച്ചേരുവാൻ രൂപതയിലെ ഭൂരിപക്ഷം വരുന്ന ദൈവജനവിഭാഗത്തിന്റെ പ്രതിനിധികളായ അൽമേനികളുടെ വിപുലമായ അനുഭവസമ്പത്ത് വളരെയേറെ സഹായകമാകും. "രൂപതയിലെ സഭാപരിപാലനം സംബന്ധിച്ചുള്ള പല പ്രശ്നങ്ങളിലും പ്രായോഗിക തീരുമാനം സ്വീകരിക്കാൻ ആവശ്യമായ അനുഭവജ്ഞാനം മനുഷ്യജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നും ലഭിച്ച അൽമേനികളുടെ സംഭാവനകൾ കൊണ്ടു സാധിതമാകും" എന്നാണ് അതേപ്പററി പോൾ മിക്കാത്ത് പറയുന്നത്.

ഡിക്രിയിൽ പറയുന്നത് പാസ്റ്ററൽ കൗൺസിലിന്റെ രൂപീകരണം വളരെയേറെ ആവശ്യമായ ഒന്നാണെന്നാണ്. Highly desirable, strongly recommended - എന്ന രണ്ടു വാക്കുകളാണ് അതിനായി ഡിക്രിയിൽ ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് അത് ഒരു രൂപതയിലെ അനിവാര്യഘടകമാകുന്നില്ലെങ്കിലും നല്ല രൂപത നല്ല പാസ്റ്ററൽ കൗൺസിൽ ഇല്ലാതെ രൂപം കൊള്ളുകയില്ല.

പാസ്റ്ററൽ കൗൺസിൽ ഒരു ഉപദേശക സമിതി മാത്രമാണ്. അത് വിവിധ രീതിയിൽ സംഘടിപ്പിക്കപ്പെടുകയുമാകാം. അതിന്റെ അർത്ഥം അതു സംഘടിപ്പിക്കപ്പെടുന്ന വിധവും അതു പ്രവർത്തിക്കേണ്ട രീതിയും അതു തീരുമാനത്തിലെത്തിച്ചേരേണ്ട മാർഗ്ഗവും എല്ലാം അവിടത്തെ മെത്രാന്റെ ഇംഗിതത്തിനും വിട്ടുകൊടുത്തിരിക്കുന്നു എന്നാണ്.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എങ്ങനെ രൂപത മുഴുവന്റെയും യഥാർത്ഥ പ്രതിനിധികളാകും? അംഗങ്ങളെ മെത്രാൻ തെരഞ്ഞെടുക്കുക എന്നാണ് അതേപ്പററി കൗൺസിൽ ഡിക്രിയിൽ പറയുന്നത്. എന്നാൽ രൂപതയെ യഥാർത്ഥത്തിൽ പ്രതിനിധാനം ചെയ്യത്തക്കവിധത്തിൽ മെത്രാൻ അതിലെ അംഗങ്ങളെ തിരഞ്ഞെടുക്കണം എന്നാണു പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ദേശത്തെപ്പററി പറഞ്ഞിട്ടുള്ളതിൽ നിന്നു വ്യക്തമാകുന്നത്. "അതൊരു പ്രതിനിധി സഭയാകണം" എന്നാണ് അതേപ്പററി ഒരു ഇംഗ്ലീഷ് ബിഷപ്പ് പറഞ്ഞിട്ടുള്ളത്. "ഒരു മെത്രാൻ കുറച്ചു വൈദികരേയും സന്യാസികളേയും അൽമേനികളേയും തെരഞ്ഞെടുത്തു ഒരു സംഘടന രൂപീകരിക്കുവാൻ എളുപ്പമാണ്. പക്ഷെ ആ സംഘടന പ്രസ്തുത മെത്രാന്റെ ആശയാഭിലാഷങ്ങളെ മാത്രമേ പ്രതിരുപീകരിക്കുകയുള്ളു."

അൽമേനികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ ലോകജീവിതത്തിൽ വിവിധ തുറകളിൽ നിന്നുള്ളവരും വ്യത്യസ്ത ചിന്താരീതികൾ വച്ചുപുലർത്തുന്നവരും പ്രശ്നങ്ങളെ വ്യത്യസ്ത വീക്ഷണകോണത്തിൽക്കൂടി നോക്കിക്കാണുവാൻ സാധിക്കുന്നവരുമായിരിക്കണം. പാസ്റ്ററൽ കൗൺ

www.malankaralibrary.com

സിലിലെ അൽമേനികളുടെ ഭാഗഭാഗിത്വമാണു അതിന്റെ ഏററവും പ്രധാനവും നിർണ്ണായകവുമായ വശം.

രൂപതാ തലത്തിൽ കൂടാതെ ദേശീയ തലത്തിലും ഇടവക തലത്തിലും പാസ്റ്ററൽ കൗൺസിലുകൾ ഉണ്ടാക്കണം എന്നാണ് ബിഷപ്പ്സ് കോൺഫ്രൻസ് ശുപാർശ ചെയ്തിട്ടുള്ളത്. ഇടവക വികാരി അദ്ധ്യക്ഷനായിട്ടുള്ള ഇടവക പാസ്റ്ററൽ കൗൺസിൽ അഥവാ പാരീഷ് കൗൺസിൽ ഓരോ ഇടവകയുടെയും നേട്ടമായിരിക്കും. ഒരു ഇടവകയുടെ മുഴുവൻ പ്രാതിനിദ്ധ്യം വഹിക്കുവാൻ കഴിവുള്ള ഒരു പാരീഷ് കൗൺസിൽ സംഘടിപ്പിക്കുവാൻ സാധിച്ചാൽ ആ ഇടവക വികാരിയെ സംബന്ധിച്ചിടത്തോളം ഇടവകയുടെ ഭരണപരമായ പുരോഗതിയിൽ പകുതി വിജയമായി എന്നവകാശപ്പെടാം. ആ കൗൺസിൽ യോഗം കൊണ്ടു ഇടവകയെ മുഴുവൻ നേരിൽകണ്ടു സംസാരിക്കുവാനും ഇടവകയുടെ എല്ലാതലത്തിലുമുള്ള വ്യക്തികളുടെയും അഭിപ്രായങ്ങൾ അറിയുവാനും വികാരിക്കു കഴിയും. പ്രശ്നം എല്ലാവരെയും അറിയിക്കുക. എല്ലാവരും തങ്ങളുടെ അഭിപ്രായങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ പിന്നെ അതു പരിഹരിക്കുക ഏററവും വിഷമരഹിതമായ ഒരു പ്രക്രിയയാണ്.

ദേശീയ തലത്തിലുള്ള പാസ്റ്ററൽ കൗൺസിൽ സാർവദേശീയ സഭയെത്തന്നെ പരിപോഷിപ്പിക്കുവാനുതകുന്ന മുഖ്യോപാധികളിലൊന്നാണ്. ബാംഗ്ലൂർ സെമിനാറിനെപ്പോലെയോ അതിലേറെയോ സംഭാവന നൽകുവാൻ കഴിയുന്ന ഒരു സ്ഥിരം ഘടകം ഭാരതസഭയ്ക്കുണ്ടാകണം. അത് ഭാരതത്തിന് ഒരു അനുഗ്രഹമായിരിക്കും. ആ നല്ല ദിനത്തിനുവേണ്ടി നമുക്ക് കാത്തിരിക്കാം.

15-02-1970

## 13

# കേരളകത്തോലിക്കാ യുവജനസംഘടനയുടെ 3-ാം വാർഷികം

കേരളകത്തോലിക്കാ യുവജനസംഘടനയുടെ 3-ാം വാർഷികം മേയ് 1, 2, 3 തീയതികളിൽ ആളൂർ തോമ്മസ് സെബാസ്റ്റ്യൻ നഗറിൽ വച്ച് നടക്കുകയുണ്ടായി. വാർഷികത്തോടനുബന്ധിച്ച് "സാമൂഹ്യസമ്പർക്ക മാദ്ധ്യമങ്ങൾ", "നേതൃത്വം" എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒരു സെമിനാറും നടന്നു. സെമിനാറിലും വാർഷികത്തിലും സംസാരിച്ച എല്ലാ പ്രതിനിധികളും തന്നെ സാഹിത്യത്തിൽ അഭിരുചിയുള്ള കത്തോലിക്കാ യുവാക്കളെ പ്രോത്സാഹിപ്പിക്കുവാനും കത്തോലിക്കരിൽ വായനാശീലം വളർത്തുവാനും അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആധുനിക ലോകത്തോടൊപ്പം നീങ്ങുവാനുള്ള കഴിവു കത്തോലിക്കർക്കു ഉണ്ടാകുവാനും നല്ല നിലയിൽ നടക്കുന്ന ഒരു പ്രസിദ്ധീകരണശാലയുടെ അഭാവവും ഊന്നിപ്പറഞ്ഞു.

www.malankaralibrary.com

കേരളത്തിൽ ഇന്ന് വളരെയധികം കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പ്രസിദ്ധീകരണശാലകളുമുണ്ട്. കത്തോലിക്കരാണു കേരളത്തിൽ ആ രംഗത്ത് ആദ്യമായി പ്രവേശിച്ചവർ. പക്ഷേ കോട്ടയത്തെ നാഷണൽ ബുക്ക് സ്റ്റാളിന്റെ അടുത്ത് എത്താവുന്ന ഒരൊററ പ്രസിദ്ധീകരണശാലയും നമുക്കില്ല. എന്തിന് ഒരു വ്യക്തി നടത്തുന്ന കറന്റു ബുക്കു ഹൗസിന്റെ സ്റ്റാന്റാർഡിലുള്ള ഒരു പ്രസിദ്ധീകരണശാല നാം ഇനിയും സ്വപ്നം കാണേണ്ടിയിരിക്കുന്നു.

എന്നാൽ കേരളത്തിലെ മറേറതൊരു ജനവിഭാഗത്തേക്കാളും താല്പര്യങ്ങളേക്കാളും ഒരു നല്ല പ്രസിദ്ധീകരണശാല നടത്തുന്നതിനു അനുകൂലമായ സാഹചര്യം നമുക്കുണ്ട്. കേരളത്തിലുടനീളം രണ്ടായിരത്തിലധികം കത്തോലിക്കാ ഇടവകകളുണ്ട്. എല്ലാ ഇടവകകളിലും തന്നെ പ്രവർത്തിക്കുന്നതോ അല്ലാത്തതോ ആയ ഓരോ വായനശാലയുമുണ്ട്. പ്രസ്തുത വായനശാലകൾ ഓരോ കോപ്പി വീതം വാങ്ങിയാൽ തന്നെ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ രണ്ടായിരത്തി അഞ്ഞൂറുകോപ്പി ഒരു മാസം കൊണ്ടു വിററഴിയും. ഈ സൗകര്യമുള്ള ഒരു ഗ്രന്ഥശാലാശൃംഖല സ്റ്റേററു ഗവർമെന്റിനെക്കൊണ്ടുപോലും സംഘടിപ്പിക്കുക സാദ്ധ്യമല്ല.

ഈ അനുകൂല പശ്ചാത്തലങ്ങളെ എല്ലാം ഉപയോഗിച്ചു ഇന്നുള്ള ചെറുകിടപ്രസിദ്ധീകരണശാലകളെ എല്ലാം സംയോജിപ്പിച്ചു ഒരു നല്ല പ്രസിദ്ധീകരണവകുപ്പ് കേരളകത്തോലിക്കാ സമുദായത്തിനുവേണ്ടി സ്ഥാപിച്ചു നടത്തുക എന്നത് ആളൂർ സമ്മേളനത്തിൽ പ്രകടമായി കണ്ട അഭിപ്രായമാണ്.

യുവജനസംഘടനയുടെ പുതുതായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കേന്ദ്രസമിതിയുടെ ശ്രദ്ധ ആ വഴിക്കു തിരിയുമെന്നു പ്രതീക്ഷിക്കാം. സെമിനാറുകൾ നടത്തുകയും ചർച്ചകൾ ചെയ്യുകയും തീരുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നതുകൊണ്ടുമാത്രം പ്രയോജനമില്ല. പ്രസ്തുത തീരുമാനങ്ങളിൽ സാദ്ധ്യമായതെങ്കിലും പ്രവൃത്തിയിൽ കൊണ്ടുവരുവാൻ സംഘടന ശ്രമിക്കേണ്ടതാണ്. അല്ലെങ്കിൽ അത് സെമിനാറുകളിൽ പങ്കെടുത്ത പ്രതിനിധികളിൽ അലസതയും വെറുപ്പും വിദ്വേഷവും വളർത്തുവാൻ മാത്രമേ ഉപകരിക്കുകയുള്ളു.

1968 ഡിസംബർ അവസാനവാരത്തിൽ ആലുവായിൽവച്ചു നടന്ന സെമിനാറിൽ വളരെയധികം കാര്യങ്ങൾ ചർച്ചചെയ്യുകയും വളരെ പ്രധാനമായ തീരുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. പക്ഷെ അവയെല്ലാം ഇന്നും കടലാസ്സിൽത്തന്നെ അവശേഷിക്കുകയാണ്. അതിന്റെ ഫലമായി അന്നത്തെ സെമിനാറിൽ പങ്കെടുത്തവരെ സംബന്ധിച്ചും അതിന്റെ നടപടികളെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്നവരെ സംബന്ധിച്ചും ഒരു നിരാശയാണുണ്ടായിരിക്കുന്നത്. ഇനി അത്തരത്തിലൊരു സെമിനാറിൽ പങ്കെടുക്കുവാനോ അതിൽ ആവേശപൂർവ്വം അഭിപ്രായപ്രകടനം നടത്തുവാനോ അവരാരും തയ്യാറായെന്നു വരികയില്ല. അന്നു ചിലവഴിച്ച സമയവും പണവും

www.malankaralibrary.com

നഷ്ടപ്പെട്ടതുമാത്രം മിച്ചം.

ആളൂർ സമ്മേളനത്തിൽ രൂപം പ്രാപിച്ച അഭിപ്രായങ്ങൾക്കു ആലുവാ സെമിനാറിന്റെ ദുർഗ്ഗതി ഉണ്ടാകുകയില്ലെന്നു പ്രത്യാശിക്കാം. കത്തോലിക്കാ യുവാക്കളെ സംബന്ധിച്ചിടത്തോളം സഭാകാര്യങ്ങളിലും അവിടെ സംഭവിച്ചു കൊണ്ടിരിക്കുന്ന പരിവർത്തനങ്ങളിലും തികച്ചും അജ്ഞരാണ് എന്ന് വ്യക്തമായി കണ്ട ഒരു രംഗമാണ് ആളൂർ സമ്മേളനം. രണ്ടാം വത്തിക്കാൻ സൂനഹദോസിനെപ്പററിയോ അതിന്റെ ഡിക്രികളെപ്പററിയോ നമ്മുടെ യുവാക്കളിൽ ഏറിയ പങ്കിനും ഒന്നും അറിഞ്ഞുകൂടാ എന്നതാണ് പരമാർത്ഥം. ആലുവാ സെമിനാറിന് മുമ്പായി കേരളത്തിലെ ഇടവകകളിലെല്ലാം സെമിനാർ വിഷയങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടത്തി അഭിപ്രായങ്ങൾ രൂപീകരിക്കുവാൻ ഒരു പരിപാടി ഉണ്ടായിരുന്നു എങ്കിലും പല ഇടവകകളിലും അതു വേണ്ടതു പോലെ നടന്നിട്ടില്ലാ എന്ന് വ്യക്തമാണ്. കുടവെച്ചൂർ പോലെ അപൂർവ്വം ചില ഇടവകകളിൽ മുപ്പതുദിവസം നീണ്ടുനിന്ന ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ സാധിച്ചതൊഴിച്ചാൽ പല സ്ഥലത്തും ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ഒരു ദിവസത്തെ ഒരു ചർച്ച നടത്തി അവസാനിപ്പിക്കുകയാണുണ്ടായത്. തന്മൂലമാണ് ഇന്ന് നമ്മുടെ യുവാക്കൾ ആ വിഷയങ്ങളിലെല്ലാം തികച്ചും അജ്ഞരായി കാണപ്പെടുന്നത്. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടിക്കാലത്ത് മതപഠനക്ലാസ്സുകളിൽനിന്ന് ലഭിച്ച അറിവിൽ കവിഞ്ഞൊന്നും ഇന്നും അവരുടെ കൈവശമില്ല.

അത് സഭയുടെ സിദ്ധാന്തങ്ങളെപ്പററി ഒരു അവജ്ഞയും വെറുപ്പും സഭ, പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന ഒരു യാഥാസ്ഥിതിക ശക്തിയാണെന്ന ബോധവും അവരിൽ ഉളവാക്കുവാൻ പര്യാപ്തമാണ്. യുവജനശക്തി കത്തോലിക്കാ സമുദായത്തിനും സഭയ്ക്കും ലഭ്യമാകാതെ വരുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് അതാണ്. ആദർശങ്ങളുടെ പിന്നിൽ അതിവേഗം അടുത്തുകൂടുവാൻ സ്വയം പ്രേരണയുണ്ടാകുന്ന യുവപ്രായത്തിൽ എല്ലാ നല്ല ആദർശങ്ങളുടെയും മഹത്തരമായ നിദർശനമാണ് കത്തോലിക്കാ സഭ എന്ന മൗലിക സത്യം അവരെ ബോദ്ധ്യപ്പെടുത്തുവാൻ നാം ചെയ്യുന്ന ശ്രമങ്ങൾ തീരെ അപര്യാപ്തമാണ്.

രണ്ടാം വത്തിക്കാൻ സൂനഹദോസിലൂടെ സഭയിലും സമുദായത്തിലും വന്നുകൊണ്ടിരിക്കുന്ന മാററങ്ങളെപ്പററി യുവാക്കളെ ബോധവാന്മാരാക്കുവാൻ എന്തെങ്കിലും നടപടി ഉടനെ സ്വീകരിച്ചേ മതിയാവൂ. കത്തോലിക്കാ യുവജനസംഘടന ഇന്നഭിമുഖീകരിച്ചിരിക്കുന്ന മറെറാരു ചുമതലയാണിത്. സ്കൂളുകളിലേയും കോളേജുകളിലേയും അനാകർഷകമായ മതപഠനക്ലാസ്സുകൾ അതിനുപയോഗപ്പെടുകയില്ല. മറിച്ചു വിദഗ്ദ്ധരായ അൽമായ പണ്ഡിതന്മാർ പങ്കെടുക്കുന്ന യുവജനസെമിനാറുകൾ നാടിന്റെ നാനാഭാഗങ്ങളിലും വച്ചു നടത്തപ്പെടുന്നത് ഈ വിഷയത്തിൽ വളരെ പ്രയോജനകരമാണ്. പ്രബന്ധാവതരണങ്ങൾക്കും ചർച്ചകൾക്കും പുറമെ കായികവും കലാസാഹിത്യപരവുമായ

www.malankaralibrary.com

രംഗങ്ങളിലെ തങ്ങളുടെ കഴിവുകളെ പ്രകടിപ്പിക്കുവാനുള്ള അവസരങ്ങൾകൂടി നൽകുന്ന തരത്തിലുള്ളതായിരിക്കണം പ്രസ്തുത സെമിനാറുകൾ.

വളരെയധികം പണച്ചെലവും നേതൃത്വവും ആവശ്യമുള്ള ഈദൃശ പരിപാടികൾക്ക് വൈദികരും പിതാക്കന്മാരും യുവജനസംഘടനയെ സഹായിക്കുകയാണെങ്കിൽ അതിലൂടെ പലതും നേടുവാൻ കേരള കത്തോലിക്കാ സമുദായത്തിന് കഴിയും.

15-05-1970

# 14

# കത്തോലിക്കാ കോൺഗ്രസ്സിന്റെ രാഷ്ട്രീയം

കത്തോലിക്കാ കോൺഗ്രസ്സ് ഒരു സാമുദായിക സംഘടനയാണ്. രാഷ്ട്രീയം ഉപേക്ഷിച്ചതിനുശേഷം തനി സാമൂഹ്യപ്രവർത്തനങ്ങളുടെ മണ്ഡലങ്ങളിലാണ് അത് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എന്നാൽ കോൺഗ്രസ്സിലെ മെമ്പറന്മാരും കോൺഗ്രസ്സ് പ്രതിനിധാനം ചെയ്യുന്നവരും കേരളത്തിലും കേരളത്തിന് പുറത്തും ജീവിച്ചിരുന്ന കത്തോലിക്കരാണ്. അവരുടെ ജീവിതത്തിൽ സാമുദായികം മാത്രമല്ല രാഷ്ട്രീയവും ബന്ധപ്പെട്ട അനേകം പ്രശ്നങ്ങൾ അനുദിനം രൂപമെടുക്കുന്നുണ്ട്. ഇന്നത്തേത് പോലെ സങ്കീർണ്ണമായ പ്രശ്നങ്ങളുടെ കാലഘട്ടത്തിൽ ഒരു പ്രശ്നത്തെയും സാമൂഹ്യമെന്നോ രാഷ്ട്രീയമെന്നോ വേർതിരിക്കുക സാദ്ധ്യമല്ല. ഓരോ പ്രശ്നത്തിലും രാഷ്ട്രീയവും സാമൂഹ്യവും അതുപോലെ മററു പലതുമായ കാരണങ്ങൾ അടങ്ങിയിട്ടുണ്ടായിരിക്കും.

അപ്പോൾ സ്വന്തം അംഗങ്ങളുടെയും അനുഭാവികളുടെയും പ്രശ്നങ്ങളെ കൈകാര്യം ചെയ്യണമെന്ന് ആഗ്രഹിക്കുന്ന ഒരു സംഘടനയ്ക്കും അത് തനി രാഷ്ട്രീയമെന്നോ തനി സാമുദായികമെന്നോ പറഞ്ഞു ഒഴിഞ്ഞു നിൽക്കാവതല്ല. അതുകൊണ്ടു സാമുദായികത്വത്തെ അങ്ങേയററത്തെ വെറുപ്പോടുകൂടി പുച്ഛിച്ചുതള്ളുന്ന രാഷ്ട്രീയ പാർട്ടികൾപോലും തെരഞ്ഞെടുപ്പടുക്കുമ്പോൾ സ്ഥാനാർത്ഥികളെ സമുദായം നോക്കി നിശ്ചയിക്കുകയും മന്ത്രിസഭകളിലേയ്ക്കും മെമ്പറന്മാരെ സാമുദായികാടിസ്ഥാനത്തിൽ വീതിക്കുകയും ചെയ്യുന്നത്.

ഇത്രയും പറഞ്ഞത് ഒരു പുതിയ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് ഒരു സാമുദായിക സംഘടന മാത്രമാണ് രാഷ്ട്രീയം ഉപേക്ഷിച്ചതാണ് എന്ന കാരണത്താൽ തിരഞ്ഞെടുപ്പ് ഉളവാക്കുന്ന പ്രശ്നങ്ങളെ അവഗണിക്കരുത് എന്നു പറയുവാനാണ്. കോൺഗ്രസ്സിന്റെ കഴിഞ്ഞവാർഷിക സമ്മേളനം കേരളത്തിലെ കമ്യൂണിസ്റ്റേതര ജനാധിപ

www.malankaralibrary.com

ത്യകക്ഷികൾ യോജിക്കണമെന്ന് ആഹ്വാനം ചെയ്യുകയും അതിനായി വിവിധ ജനാധിപത്യ രാഷ്ട്രീയ കക്ഷികളിലെ കത്തോലിക്കാ നേതാക്കന്മാരെ വിളിച്ചു കൂട്ടി സംസാരിക്കുകയും ചെയ്ത കാര്യം മറക്കുന്നില്ല.

എന്നാൽ അതുകൊണ്ടുമാത്രം കേരളകത്തോലിക്കരുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിന്റെ കടമ അവസാനിച്ചിട്ടില്ല. കത്തോലിക്കാ കോൺഗ്രസ്സ് കൈകാര്യം ചെയ്യേണ്ട സാമുദായിക പ്രശ്നങ്ങൾ തന്നെ അതതുകാലത്തെ ഭരണകക്ഷിയുടെ സ്വഭാവമനുസരിച്ച് വ്യത്യാസപ്പെടുന്നതാണ്. ഏതെങ്കിലും ജനാധിപത്യകക്ഷി ഭരണം നടത്തിക്കൊണ്ടിരിക്കെ കാലഘട്ടത്തിലെ പ്രശ്നങ്ങളായിരിക്കുകയില്ല കമ്മ്യൂണിസ്റ്റ് കക്ഷി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ കോൺഗ്രസ്സിന് നേരിടുവാനുള്ളത്. അതിനാൽ സ്വന്തം കടമകളുടെ നിർവ്വഹണത്തിന് അനുയോജ്യമായ ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നതിനായിട്ടുകൂടി രാഷ്ട്രീയരംഗത്തിന് രൂപം കൊടുക്കുന്ന ഒരു ശക്തിയായി സ്വയം മാറേണ്ട ഉത്തരവാദിത്വം കത്തോലിക്കാകോൺഗ്രസ്സിനുണ്ട്.

കത്തോലിക്കാ കോൺഗ്രസ്സ് രാഷ്ട്രീയ രംഗത്ത് പ്രവേശിക്കുകയും തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഗവൺമെന്റുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുകയെന്നതല്ല അതുകൊണ്ട് അർത്ഥമാക്കുന്നത്. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനാധിപത്യവിശ്വാസികൾക്ക് തങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് രൂപം കൊടുക്കുവാൻ സംഘടിതമായ ശക്തിയില്ലാത്തതിനാൽ ന്യൂനപക്ഷം വരുന്ന സംഘടിതരായ ജനാധിപത്യവിരുദ്ധർ അധികാരം കൈയ്യടക്കി ഭൂരിപക്ഷത്തെ അടിച്ചമർത്തുന്ന ഇന്നത്തെ പരിതസ്ഥിതിക്ക് ഒരു അവസാനം ഉണ്ടാക്കുവാനുള്ള ബാദ്ധ്യത കത്തോലിക്കാകോൺഗ്രസ്സിനുണ്ട്. കത്തോലിക്കാ കോൺഗ്രസ്സിലും, എൻ. എസ്സ്. എസ്സിലും, എസ്സ്.എൻ.ഡി.പി.യിലും മുസ്ലീംലീഗിലും മറ്റതുപോലെയുള്ള സാമുദായിക സംഘടനകളിലുമായിട്ടാണ് കേരളത്തിലെ ബഹുഭൂരിപക്ഷം ഇന്ന് നിലനിൽക്കുന്നത്. ഈ സംഘടനകളെല്ലാം ജനാധിപത്യഭരണക്രമത്തിൽ വിശ്വസിക്കുന്നവയുമാണ്. ഇവയിൽനിന്നും തെറ്റിപ്പിരിഞ്ഞ ഏതാനും ചിലർ മാത്രമാണ് കേരളത്തിൽ അരാജകത്വം ആഗ്രഹിക്കുന്നത്.

ജനാധിപത്യത്തിൽ വിശ്വസിക്കുന്ന സാമുദായിക സംഘടനകളെയും രാഷ്ട്രീയസംഘടനകളെയും ഒരേ അണിയിൽ നിർത്തി ഈ അപകടത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുവാനുള്ള ഭാരിച്ച ചുമതല ഇന്ന് കത്തോലിക്കാ കോൺഗ്രസ്സിനുണ്ട്. ഈ സാഹചര്യത്തിൽ കത്തോലിക്കാകോൺഗ്രസ്സ് നേതൃത്വം നൽകുന്ന നടപടികൾക്ക് എല്ലാ സമുദായസ്നേഹികളുടെയും ജനാധിപത്യവിശ്വാസികളുടെയും ഹാർദ്ദവമായ പിന്തുണ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

15-08-1970

www.malankaralibrary.com

# 15

# ക്രിസ്തുമസ് മംഗളങ്ങൾ

ശാന്തിയുടെയും സമാധാനത്തിന്റെയും ശാശ്വതസന്ദേശവും പേറിവരുന്ന ക്രിസ്തുമസ്സിന്റെയും പ്രതീക്ഷകളും വാഗ്ദാനങ്ങളുമായി കൊച്ചടികൾ വച്ചടുക്കുന്ന പുതുവത്സരത്തിന്റെയും മംഗളങ്ങൾ ബുള്ളററിൻ വരിക്കാർക്കും വായനക്കാർക്കും അശംസിച്ചുകൊള്ളുന്നു.

പുൽക്കൂടും നക്ഷത്രവിളക്കുമെല്ലാംകൊണ്ട് മോടി പിടിപ്പിക്കുവാൻ നാം ശ്രമിക്കുന്ന ഒരവസരമാണ് പിറവിത്തിരുനാളിന്റേത്. മനുഷ്യപുത്രൻ കാലിത്തൊഴുത്തിൽ പിറക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ച് ഈ ദിവസങ്ങളിൽ നാം അനുസ്മരിക്കാറുണ്ട്.

നാലാം നൂററാണ്ടിലാണ് ക്രിസ്തുമസ് ആഘോഷങ്ങൾ പ്രചാരത്തിലായത്. കോൺസ്റ്റന്റിയൻ ചക്രവർത്തി നൽകിയ സമാധാനത്തിന്റെ തണലിൽ സഭ ലോകത്തോട് ഇണങ്ങിച്ചേർന്നു പോകുമെന്ന അപകട ലാഞ്ഛനയുണ്ടായപ്പോൾ അതിനെതിരായി കൂടി രൂപം കൊണ്ട തിരുനാളാണ് ക്രിസ്തുമസ്. ക്രിസ്തുമസ്സിന്റെ ആഗമനത്തെക്കുറിച്ച് ദൈവരാജ്യത്തിന്റെ പൂർണ്ണതയെക്കുറിച്ചുള്ള പ്രതീക്ഷകൾ പുലർത്തുകയായിരുന്നു ഈ തിരുനാളിന്റെ ദൗത്യം.

നൂററാണ്ടുകൾ നീണ്ടുനിന്ന ഒരുക്കത്തിനുശേഷം മനുഷ്യരാശിയെ ദൈവരാജ്യത്തിലേക്കു തിരിച്ചുകൊണ്ടുവരുവാനുള്ള രക്ഷണീയകർമ്മം ആസന്നമായെന്ന്, സുതനിൽ ദൈവത്തെ തെളിവായി കാണുവാൻ ഇനി മനുഷ്യന് സാധിക്കുമെന്ന്, വിളിച്ചറിയിക്കുന്ന ഒന്നാണ് ബത്‌ലഹേമിലെ പുൽക്കൂട്. സ്വർഗ്ഗവും ഭൂമിയും അകമഴിഞ്ഞ് ആനന്ദിക്കുന്ന അപൂർവ്വദിനങ്ങളിലൊന്നാണ് ക്രിസ്തുമസ്.

മനുഷ്യപുത്രന്റെ പുൽക്കൂട്ടിലെ തിരുവവതാരം കൊണ്ട് മനുഷ്യരാശിക്ക് അവിടുന്ന് നൽകുന്നത് മുന്ന് മഹനീയ സന്ദേശങ്ങളാണ്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും സന്ദേശങ്ങളാണ് അവ.

ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും അന്വേഷിക്കുകയും അവിടുത്തെ ഹൃദയം തുറന്ന് സ്വീകരിക്കുകയും ചെയ്യുന്നവർക്കു മാത്രമെ ക്രിസ്തുമസ്സിൽ ആനന്ദിക്കുവാനും ആഹ്ളാദിക്കുവാനും അവകാശമുള്ളു. അനുദിന ജീവിതത്തിൽ ദൈവത്തെയും അവിടുത്തെ പ്രബോധനങ്ങളേയും തിരസ്ക്കരിക്കുന്നവർക്ക് ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ യഥാർത്ഥത്തിൽ പങ്കുചേരുക സാദ്ധ്യമല്ല.

നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നതിനും തെററുകളും കുറവുകളും നികത്തി ഒരു നല്ല ജീവിതം ആരംഭിക്കുന്നതിനും ഈ ക്രിസ്തുമസ്സ് നമുക്ക് പ്രചോദനം നൽകട്ടെ. നവവത്സരത്തിൽ ഒരു നല്ല ജീവിതം ആരംഭിക്കുന്നതിന് ശ്രമിക്കാം. ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ ഒരിക്കൽകൂടി ആശംസിച്ചുകൊള്ളുന്നു.

15-12-1970

www.malankaralibrary.com

# 16

# ഒന്നരലക്ഷം പേർ കുടിയിറക്കു ഭീഷണിയെ നേരിടുന്നു

ഹൈറേഞ്ചിൽ രാജാക്കാട്, ബൈസൻവാലി, ചെമ്മണ്ണാർ എന്നീ പ്രദേശങ്ങളിലായി ഒന്നരലക്ഷത്തോളമാളുകൾ ഇന്നു കുടിയിറക്കുഭീഷണിക്ക് വിധേയരായി കഴിയുകയാണെന്ന് പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച കത്തോലിക്കാ കോൺഗ്രസ് നിയമിച്ച കമ്മറ്റി അംഗങ്ങളായ മെ. ഇ. എം. ജോസഫ്, ജോൺ കച്ചിറമറ്റം എന്നിവർ ചേർന്നു പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ പറയുന്നു.

ആറാം പഞ്ചവത്സര പദ്ധതിക്കാലത്തൊ അതിനു ശേഷമോ ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമായി വന്നേക്കാമെന്നുള്ളതിനാലാണ് ഈ കുടിയിറക്കു ഭീഷണി. പ്രസ്താവന ഇപ്രകാരം തുടരുന്നു:

ഈ പ്രദേശങ്ങളിലെ കൃഷിക്കാർ കയ്യേറ്റക്കാരാണെന്നും അവരെ കുടിയിറക്കണമെന്നുമുള്ള ബോർഡിന്റെ വാദം വിചിത്രവും പ്രതിഷേധാർഹവുമാണ്.

1946-1948 കാലത്ത് തിരുവിതാംകൂറിൽ ഭക്ഷ്യക്ഷാമം കൊടുമ്പിരി കൊണ്ടപ്പോൾ കൃഷി ചെയ്യുന്നതിന് മുന്നോട്ടുവന്നവരാണ് ഈ കുടിയേറ്റക്കാർ. കുടിയേറ്റത്തിന്റെ ആദ്യഘട്ടങ്ങളിൽ മലമ്പനിയും മറ്റിതര രോഗങ്ങളും ബാധിച്ച് മരണമടഞ്ഞവരുടെ കരളലിയിക്കുന്ന കഥകൾ ഇന്നും അവിടെ ശ്രവിക്കുവാൻ സാധിക്കും. ഈ നാടിനെ സമ്പൽസമൃദ്ധമാക്കുന്നതിലും സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനും കുടിയേറ്റക്കാർ സഹിച്ച യാതനകൾ ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരവും ഈ കുടിയേറ്റംതന്നെയായിരുന്നു. അന്നവർ ഈ യാതനകൾ സഹിച്ചു കുടിയേറുവാൻ തയ്യാറായില്ലായിരുന്നുവെങ്കിൽ ഇവിടെ ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊള്ളുമായിരുന്നു. തൊഴിലില്ലായ്മ വർദ്ധിക്കുമായിരുന്നു. തെരുവുതെണ്ടികളുടെ എണ്ണം വർദ്ധിക്കുമായിരുന്നു. ഇങ്ങനെ നിരവധി രംഗങ്ങളിൽ ഒരു കാലത്ത് കേരളത്തെ രക്ഷിച്ച ആ ധീരരായ കുടിയേറ്റക്കാരെ കയ്യേറ്റക്കാരെന്നു മുദ്രയടിക്കുന്നത് വേദനാജനകം തന്നെയാണ്. 1946ലാണ് ഈ പ്രദേശത്ത് കുടിയേറ്റം ആരംഭിച്ചത്. 1949-ൽ അന്ന് നിലവിലിരുന്ന ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഈ സ്ഥലങ്ങളിൽ സർവ്വേ ചെയ്ത് സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുള്ളതും അന്ന് ദേവികുളം കമ്മീഷണറായിരുന്ന എൻ. എസ്സ്. കൃഷ്ണപിള്ള അവർകൾ അപേക്ഷകർക്ക് അലോട്ടുനൽകി സ്ഥലങ്ങൾ തിരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. 1975 മുതൽ താൽക്കാലികവും സ്ഥിരവുമായ പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. 1955-നു ശേഷമാണ് കെ.എസ്സ്.ഇ. ബോർഡുകാർ ഈ സ്ഥലങ്ങൾ സർവ്വേ നടത്തുന്നത്. 1946-ൽ ഹൈറേഞ്ചു പ്രദേശ

www.malankaralibrary.com

ങ്ങളെ കനകം വിളയിക്കുന്ന ഗ്രാമങ്ങളായി മാറ്റിയെടുത്ത മണ്ണിന്റെ മക്കളെ 1955-ൽ ചെന്ന ഇലക്ട്രിസിറ്റിബോർഡുകാർ കയ്യേറ്റക്കാരെന്നു വിളിക്കുന്നത് നിർഭാഗ്യകരം തന്നെയാണ്. എന്നു തന്നെയുമല്ല ആ കുടിയേറ്റ പ്രദേശങ്ങളിൽ ഹൈസ്കൂൾ, പോസ്റ്റാഫീസ്, വില്ലേജാഫീസ്, പഞ്ചായത്തോഫീസ് തുടങ്ങിയ ഒട്ടനവധി ഗവൺമെന്റു സ്ഥാപനങ്ങൾ തന്നെയുണ്ട്. ഈ കുടിയേറ്റത്തിന് ഗവൺമെന്റിന്റെ അനുമതിയും പ്രോത്സാഹനവും ഇല്ലെങ്കിൽ പിന്നെ എങ്ങിനെയാണ് ഈ സ്ഥാപനങ്ങൾ ഇവിടെ അനുവദിക്കുക.

ഇടുക്കി പദ്ധതിയുടെ പണി 1971-ൽ തീരേണ്ടതായിരുന്നു. 1975-ലെങ്കിലും തീരുമോയെന്ന് കേന്ദ്രമന്ത്രിക്കുപോലും ഇപ്പോൾ സംശയമായിരിക്കുകയാണ്. അതിനു പുറമേയാണ് ഒരു പുതിയ പദ്ധതിയുടെ പേരിൽ കർഷകരെ ദ്രോഹിക്കുവാൻ വട്ടം കൂട്ടുന്നത് കേരളത്തിന് ആവശ്യമുള്ള വിദ്യുച്ഛക്തി ഇടുക്കി പദ്ധതികൊണ്ട് ലഭിക്കുമെന്നുള്ളതിനാലും അയൽ സംസ്ഥാനങ്ങൾ വിദ്യുച്ഛക്തിയുടെ കാര്യത്തിൽ സ്വയം പര്യാപതതയിലെത്തിയിരിക്കുന്നതിനാൽ അയൽ സംസ്ഥാനങ്ങൾക്ക് വിദ്യുച്ഛക്തിയുടെ ആവശ്യമില്ലാത്തതിനാലും ഒരു പുതിയ പദ്ധതിയുടെ ആവശ്യമില്ല. ഇടുക്കി പദ്ധതിയുടെ പണി എത്രയും വേഗം തീർക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. ഈ സാഹചര്യത്തിൽ പതിനഞ്ച് ഇരുപത് വർഷങ്ങൾക്കു ശേഷം അംഗീകരിക്കപ്പെടുമോ നടപ്പാക്കുമോ എന്നുപോലും സംശയിക്കുന്ന ഒരു പദ്ധതിക്കുവേണ്ടി കൃഷിക്കാരെ കുടിയിറക്കുവാനുള്ള സർക്കാരിന്റെ നീക്കത്തിൽ എന്തു നീതീകരണമാണുള്ളത്?

ഏഴു വർഷങ്ങൾക്കുമുമ്പ് ഒരു സർക്കാർ ചുരുളികീരിത്തോട്ടുനിന്ന് കുടിയിറക്കി. ഇപ്പോൾ മറ്റൊരു സർക്കാർ അതേ സ്ഥലത്തു കർഷകരെ കുടിയിരുത്തുന്ന കാഴ്ചയാണ് നാം കാണുന്നത്. 1964-ൽ സാധുക്കളായ ചെറുകിട കർഷകരെ പോലീസ് സഹായത്തോടെ കുടിയിറക്കിയതിനുശേഷം ഇപ്പോൾ അവിടെത്തന്നെ കുടിയിരുത്തുവാൻ ഇടയായത് അന്നത്തെ ഭരണാധികാരികളുടെ അഹന്തയുടെയും അവിവേകത്തിന്റെയും രാജ്യസ്നേഹമില്ലായ്മയുടെയും തിക്തഫലങ്ങളാണെന്ന് ഇന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. ചുരുളി കീരിത്തോട് കർഷകരെ നിരാധാരരാക്കിയതുപോലെ രാജാക്കാട് പ്രദേശത്ത് ഒരു കുടിയൊഴിപ്പിക്കൽ നടത്തി സാധാരണക്കാരായ ചെറുകിട കർഷകരെ ദ്രോഹിക്കാനാണോ സർക്കാരിന്റെ പ്ലാൻ.

രണഭൂമിയിൽ ഇറങ്ങിനിൽക്കുന്ന ഹൈറേഞ്ചുകർഷകരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ച് അവരെ സമരമുഖത്തുനിന്ന് പിന്തിരിപ്പിക്കണമെന്ന് കേരളാഗവർണ്മെന്റിനോടഭ്യർത്ഥിക്കുന്നു. അതിനു സർക്കാർ തയ്യാറാകുന്നില്ലെങ്കിൽ അതിന്റെ ഭവിഷ്യത്തു ഗുരുതരമായിരിക്കും. താഴെപ്പറയുന്ന അടിയന്തിരാവശ്യങ്ങൾ ഉടനടി അംഗീകരിക്കണം.

ഹൈറേഞ്ചിലെ സ്ഥിരതാമസക്കാരായ കൃഷിക്കാർക്ക് സ്ഥിരപട്ടയം ഉടൻ അനുവദിക്കുക, ഹൈറേഞ്ചുകർഷകർക്കു നൽകിയ സ്ഥിരപട്ടയം റദ്ദു ചെയ്യണമെന്നും പദ്ധതി പ്രവർത്തനത്തിന് ആവശ്യമായി വരുമ്പോൾ കുടിയേറ്റക്കാരെ കുടി ഒഴിപ്പിക്കാമെന്ന വ്യവസ്ഥയിൽ കുത്തകപ്പാട്ടം നൽകണമെന്നും

www.malankaralibrary.com

ഉള്ള ആർ.ടി നമ്പർ 659/71/രജി. തീയതി 26-06-1971 റവന്യു എൽ. ഡിപ്പാർട്ടുമെന്റ് ഉത്തരവ് റദ്ദു ചെയ്യുക, രാജാക്കാട്, ബൈസൺവാലി, ചെമ്മണ്ണാർ എന്നീ പ്രദേശങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് അനധികൃതമായി സർവ്വേ ചെയ്ത് ആറാം പദ്ധതിക്കാലത്തോ അതിനു ശേഷമോ ഉള്ള കാലത്തു ആവശ്യമെന്നു പറയുന്ന ഈ സ്ഥലഭാഗങ്ങളിൽ ആവിഷ്കരിക്കുമെന്നു പറയുന്ന പദ്ധതി ഉപേക്ഷിക്കുക. ഉടുമ്പൻചോല താലൂക്കിൽ നിർത്തിവയ്ക്കാൻ ഉത്തരവായിട്ടുള്ള പട്ടയനടപടി തുടർന്നു നടത്തുവാനുള്ള നടപടി സ്വീകരിക്കുക. പട്ടയം ലഭിക്കുന്നതിനു പണമടയക്കാൻ താമസിച്ചവർക്കു റെക്റ്റിഫിക്കേഷൻ കൂടാതെ പട്ടയം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുക. മലനാടു ജില്ല ഉടനടി രൂപീകരിക്കുക.

മലയോര കർഷകരുടെ ഈ അടിയന്തിരാവശ്യങ്ങൾ അംഗീകരിച്ചു പ്രക്ഷോഭണത്തിൽനിന്നും അവരെ പിന്തിരിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു. അല്ലെങ്കിൽ സർവ്വശക്തിയുമുപയോഗിച്ചു കുടിയിറക്കു ശ്രമങ്ങളെ എതിർത്തു പരാജയപ്പെടുത്തുമെന്നു മുന്നറിയിപ്പു നൽകുവാനും ഈ അവസരമുപയോഗിക്കുന്നു.

കോട്ടയം : 26-10-1971

## 17

# ഈ വെല്ലുവിളിയെ നേരിടുക

ഭരണഘടന വാഗ്ദാനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങളെപ്പററി കേന്ദ്ര നിയമവകുപ്പുമന്ത്രി ശ്രീ.എച്ച്.ആർ. ഗോഖലെ ഈ അടുത്തകാലത്തു നടത്തിയ പ്രസ്താവനയും ചില വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങൾ തുടർച്ചയായി ന്യൂനപക്ഷാവകാശങ്ങളുടെ നേരെ നടത്തിക്കൊണ്ടിരിക്കുന്ന വെല്ലുവിളികളും വളരെ വിചിത്രവും അതേസമയം നിർഭാഗ്യകരവുമാണ്. ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ പെടുന്നതാണ് ന്യൂനപക്ഷാവകാശങ്ങൾ. ഈയടുത്ത കാലത്തു ഭരണഘടനയിൽ ഭേദഗതി വരുത്തിയപ്പോഴും ന്യൂനപക്ഷാവകാശങ്ങൾക്കു യാതൊരു ഭേദഗതിയും ഉണ്ടാവില്ലെന്നു ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ അതിനുശേഷവും ഭരണകക്ഷിയിൽപ്പെട്ട ഉത്തരവാദിത്വമുള്ള ആളുകളും കേന്ദ്രനിയമവകുപ്പു മന്ത്രിതന്നെയും ഭരണകക്ഷിയുടെ വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളും ന്യൂനപക്ഷാവകാശങ്ങൾ എടുത്തുകളയണമെന്നു വാദിച്ചുകൊണ്ടിരിക്കുന്നു. പുരോഗമനത്തിന്റെയും സോഷ്യലിസത്തിന്റെയും പേരിൽ പലരും അതിനെ അറിഞ്ഞോ അറിയാതെയോ പിന്താങ്ങുകയും ചെയ്യുന്നുണ്ട്. ഭരണകക്ഷിയിൽപെട്ടവരും ഭരണകക്ഷിയുടെ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളും ന്യൂനപക്ഷാവകാശങ്ങൾ എടുത്തുകളയുന്നതിനുവേണ്ടി നിരന്തരം വാദിച്ചുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ ന്യൂനപക്ഷസമുദായങ്ങൾക്കു ഭരണകക്ഷിക്കാരുടെ നയത്തിൽ എതിർപ്പുണ്ടാകുക സ്വാഭാവികമാണ്. ന്യൂനപക്ഷസമുദായങ്ങൾ ഇൻഡ്യൻ ഭരണഘടനയിൽ അർപ്പിച്ചിരി

www.malankaralibrary.com

ക്കുന്ന വിശ്വാസം അഭംഗുരം നിലനിർത്തുവാൻ ശ്രമിക്കുമെന്നും ന്യൂനപക്ഷാവകാശങ്ങൾ എടുത്തുകളയുകയില്ലെന്നും ഈ അടുത്ത ദിവസങ്ങളിൽ പ്രധാനമന്ത്രി വീണ്ടും അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു. ന്യൂനപക്ഷ സമുദായങ്ങളെ സംബന്ധിച്ചിടത്തോളും ആശ്വാസകരമായ ഒരു പ്രസ്താവനയാണ് പ്രധാനമന്ത്രിയുടേത്. ഇനിയെങ്കിലും പ്രധാനമന്ത്രിയുടെ പ്രസ്താവനയെ മാനിച്ചു ന്യൂനപക്ഷാവകാശങ്ങളെ ചവുട്ടിമെതിക്കുമെന്ന് ഭരണകക്ഷിക്കാരെങ്കിലും പറയാതിരിക്കുകയാണു വേണ്ടത്. അതിനു അവർ തയാറാകുമെന്നു വിശ്വസിക്കാം.

കേരളത്തിലെ ചില സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ അഴിമതികൾ നടക്കുന്നുണ്ടെന്ന ആരോപണത്തിന്റെ പേരിലാണു ന്യൂനപക്ഷാവകാശത്തിനെതിരായുള്ള മുറവിളിയുമായി ചിലർ ഇറങ്ങിത്തിരിച്ചത്. പ്രൈവററു കോളജ് അദ്ധ്യാപക അസോസിയേഷനും ഈ വാദവുമായി മുന്നോട്ടു നീങ്ങിക്കഴിഞ്ഞു. പ്രധാനമന്ത്രിയുടെ ഉറപ്പ് നിലവിൽ ഉണ്ടെങ്കിൽതന്നെയും ഇവിടുത്തെ എല്ലാ സങ്കുചിതചിന്താഗതിക്കാരും സ്ഥാപിത താല്പര്യക്കാരും എല്ലാക്കാലവും ന്യൂനപക്ഷാവകാശങ്ങൾക്കെതിരായ നിലപാട് സ്വീകരിക്കുമെന്നതിൽ സംശയിക്കേണ്ട. സർ.സി.പി.യുടെ ഭരണകാലം മുതൽ സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കെതിരായുള്ള ജിഹാദ് വിളികൾ ആരംഭിച്ചതാണ്. ഏതാണ്ട് 25 വർഷക്കാലം ഈ വെല്ലുവിളികളെ നാം വിജയപൂർവ്വം നേരിട്ടു. കഴിഞ്ഞകാലത്തെ ഐക്യവും ശക്തിയും നിലനിർത്തി, വീണ്ടും ഈ വെല്ലുവിളികളെ നേരിടുവാൻ നാം തയ്യാറായിരിക്കേണ്ടതാണ്.

15-03-1972

## 18

# 1972-ലെ സർവ്വകലാശാലാ നിയമത്തിനെതിരായി കത്തോലിക്കാ കോൺഗ്രസ്സും യുവജനസംഘടനയും നടത്തിയ പ്രക്ഷോഭണത്തിന്റെ വിവരണം

(1972 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള റിപ്പോർട്ട്)

1972-ലെ സർവ്വകലാശാലാ നിയമത്തിനെതിരെ നടന്ന പ്രക്ഷോഭണം, അതിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ യുവജനവിഭാഗമായ കേരളകത്തോലിക്കായുവജനസംഘടനയും അഖിലകേരളകത്തോലിക്കാകോൺഗ്രസ്സും വഹിച്ച പങ്ക് വിശദമാക്കുന്നതാണ് താഴെ കൊടുക്കുന്ന വാർത്തകൾ. ഈ പ്രക്ഷോഭണത്തിന് നടുനായകത്വം വഹിക്കുകയും കത്തോലിക്കാ സമുദായത്തിനുവേണ്ടി ഒത്തുതീർപ്പുവ്യവസ്ഥകളിൽ ഒപ്പുവയ്ക്കുകയും ചെയ്തത് കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ടായിരുന്ന അഡ്വ.ഇ.എം.ജോസഫാണ്. ഈ സമരത്തിൽ അദ്ദേഹം വഹിച്ച പങ്ക് ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

www.malankaralibrary.com

പക്ഷെ സമരം അവസാനിപ്പിച്ചതിനുശേഷം അഡ്വ.ഇ.എം.ജോസഫ് എല്ലാവരാലും വിസ്മരിക്കപ്പെട്ടു. ബസ്സിലും ട്രെയിനിലും യാത്രചെയ്ത് സ്വന്തം കൈയിൽനിന്നും പണം മുടക്കി സമരം വിജയിപ്പിച്ച ഇ.എം.ജോസഫിന് ഒരു സ്വീകരണം നൽകുവാൻ ആരും തയ്യാറായില്ല. അതേസമയം സമരത്തിന്റെ അവസാനഘട്ടത്തിൽ സമരത്തിന്റെ നേതൃത്വത്തിലേക്കുവന്ന രാഷ്ട്രീയനേതാക്കളെ എഴുന്നെള്ളിക്കുവാനും സ്വീകരണം നൽകുവാനും പലരും മുമ്പോട്ടുവന്നു.

സമരചരിത്രത്തിലെ പ്രധാനറിപ്പോർട്ടുകൾ താഴെ ചേർക്കുന്നു.

## 1. വിദ്യാഭ്യാസഡയറക്ടറുടെ ഉത്തരവ് പിൻവലിക്കണം

1972 ജനുവരി 10

ജോൺ കച്ചിറമററം
പ്രസിഡന്റ്, കേരളകത്തോലിക്കാ യുവജനസംഘടന

കഴിഞ്ഞ കുറെ വർഷങ്ങളായി വിദ്യാഭ്യാസരംഗത്ത് മന്ത്രിമാരും ഡയറക്ടർമാരും പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന പല ഉത്തരവുകളും ബഹുജനങ്ങളുടെ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുള്ളതാണ്. വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെയും മാനേജർമാരുടെയും വിദ്യാർത്ഥികളുടെയും കഠിനമായ എതിർപ്പിനും പല ഉത്തരവുകളും വിധേയമായിട്ടുണ്ട്. പ്രതിഷേധത്തിന്റെ ശക്തി ആഞ്ഞടിക്കുമ്പോൾ പല ഉത്തരവുകളും പിൻവലിക്കുകയും ചെയ്യും. എന്നാൽ പലകാലത്തും അങ്ങനെ പിൻവലിക്കപ്പെട്ട ഉത്തരവുകൾ വീണ്ടും വീണ്ടും പുറവാതിലുകളിൽകൂടി നടപ്പാക്കാനുള്ള ശ്രമമാണ് അധികൃതർ നടത്തുക.

1969-ൽ ഇന്നത്തെ വിദ്യാഭ്യാസമന്ത്രിയും ഡയറക്ടറും മന്ത്രിയും ഡയറക്ടറും ആയിരുന്നപ്പോൾ രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചു. ഒന്ന് വിദ്യാലയ ലൈബ്രറികളിൽ ലെനിൻ കൃതികൾ നിർബന്ധമായി വാങ്ങിക്കൊള്ളണമെന്നുള്ളതായിരുന്നു. കേരളത്തിലെ ചില വിദ്യാലയങ്ങളിൽ ഞായറാഴ്ചയും ക്ലാസ് എടുക്കണമെന്നുള്ളതായിരുന്നു മറെറാരു ഉത്തരവ്. ഈ രണ്ട് ഉത്തരവുകൾക്കുമെതിരായി വിദ്യാർത്ഥികളും രക്ഷാകർത്താക്കളും മാനേജ്മെന്റുകളും സമുദായസംഘടനകളും ബഹുജനജിഹ്വകളും സ്വരമുയർത്തുകയുണ്ടായി. രണ്ട് ഉത്തരവുകളും സർക്കാർ പിന്നീട് പിൻവലിച്ചു.

ബഹുജനപ്രതിഷേധം കണ്ട് 1969-ൽ പിൻവലിച്ച ഉത്തരവ് ആണ് അന്നത്തെ വിദ്യാഭ്യാസമന്ത്രിതന്നെ ഇന്നും വിദ്യാഭ്യാസമന്ത്രിയായിരിക്കുന്ന ഈ കേരളത്തിൽ വീണ്ടും നടപ്പാക്കാൻ നിർദ്ദേശം കൊടുത്തിരിക്കുന്നത്. അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ തന്നെയാണ് ഇപ്പോഴും ഡയറക്ടർ. ക്രൈസ്തവർ ഒരു പുണ്യദിനമായും കടപ്പെട്ടദിനമായും ആചരിച്ചുപോരുന്ന - ലോകമൊട്ടുക്ക് പൊതു ഒഴിവുദിവസമായി ആചരിക്കുന്ന - ഞായറാഴ്ച, വിദ്യാലയങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുവാൻ നമ്പ്യാരും മന്ത്രിയുമൊക്കെ ശ്രമിക്കുന്നതിന്റെ പിന്നിലെ രഹസ്യങ്ങൾ 1969-ൽ തന്നെ കത്തോലിക്കാ യുവജനസംഘടന ബഹുജനദൃഷ്ടിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

www.malankaralibrary.com

ഏതായാലും അത് ഒന്നുകൂടി ആവർത്തിക്കുവാൻ ഒരുമ്പെടുന്നില്ല. ഈ രാജ്യത്തെ പാരമ്പര്യങ്ങളെയും ആചാരങ്ങളെയും മാനിച്ച്, ക്രൈസ്തവരുടെ വികാരങ്ങളെ കണക്കിലെടുത്ത്, കേരളത്തിൽ ഒരു വിദ്യാലയവും ഞായറാഴ്ച പ്രവർത്തിദിവസമാക്കരുതെന്ന് സർക്കാരിനോടഭ്യർത്ഥിക്കുന്നു.

ഡയറക്ടറുടെ ഉത്തരവിനെതിരെ അദ്ധ്യാപകരും മററും സ്വരമുയർത്തി കഴിഞ്ഞിരിക്കുകയാണ്. ഈ ഉത്തരവ് പിൻവലിപ്പിക്കുവാൻ വേണ്ടിവന്നാൽ പ്രത്യക്ഷസമരത്തിലേക്ക് കത്തോലിക്കായുവജനസംഘടന നീങ്ങുമെന്ന് മുന്നറിയിപ്പു നൽകുവാൻ ആഗ്രഹിക്കുന്നു. പ്രതിഷേധം കൂടുന്നതിന് മുൻപ് ഉത്തരവ് പിൻവലിക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കുന്നത് നന്നായിരിക്കും. കത്തോലിക്കാ യുവജനസംഘടന പ്രസിഡന്റ് ജോൺ കച്ചിറമററം പ്രസ്താവിച്ചു.

## 2. ന്യൂനപക്ഷാവകാശം എടുത്തുകളയരുത്

ഫെബ്രുവരി 13–1972

യുവജനസംഘടന

ന്യൂനപക്ഷസമുദായങ്ങൾക്ക് ഇന്ത്യൻ ഭരണഘടന അനുവദിച്ചുതന്നിരിക്കുന്ന മൗലീകാവകാശങ്ങൾ എടുത്തുകളയുമെന്നുള്ള കേന്ദ്രമന്ത്രി ഗോഖലെയുടെ പ്രസ്താവനയെ ഇന്നിവിടെ ചേർന്ന കത്തോലിക്കാ യുവജനസംഘടനാ വർക്കിംഗ് കമ്മിററി പ്രതിഷേധിച്ചിരിക്കുന്നു.

ന്യൂനപക്ഷസമുദായങ്ങൾക്ക് പ്രൈവററുവിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുവാനുള്ള മൗലീകാവകാശത്തെ ആരെതിർത്താലും അതിനെ സർവ്വശക്തിയുമുപയോഗിച്ച് നേരിടുമെന്നും യോഗം പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നു. കെ.സി.എസ്.എൽ, സി.എസ്.യു, കെ.സി.വൈ.ഒ. മുതലായ സാമുദായിക സംഘടകളുടെ പ്രവർത്തനങ്ങളെ തടയാനും നിരുത്സാഹപ്പെടുത്തുവാനുമുള്ള ചില രാഷ്ട്രീയപാർട്ടികളുടെ നീക്കത്തിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുന്ന പ്രമേയവും യോഗം അംഗീകരിച്ചു. യോഗത്തിൽ പ്രസിഡന്റ് അഡ്വ.എ.പി.ജോർജ് ആദ്ധ്യക്ഷ്യം വഹിച്ചു. ജോൺ കച്ചിറമററം പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ടോം ജോസ്, ജേക്കബ്ബ് കാച്ചപ്പള്ളി, എൻ.കെ.ജോസ് എന്നിവർ പ്രസംഗിച്ചു.

## 3. കത്തോലിക്കാ-വിദ്യാർത്ഥി യുവജന നേതൃസമ്മേളനം

ഫെബ്രു. 26–1972

ന്യൂനപക്ഷസമുദായങ്ങൾക്ക് ഇന്ത്യൻഭരണഘടന അനുവദിച്ചുതന്നിരിക്കുന്ന മൗലീകാവകാശങ്ങൾ എടുത്തുകളയുക, ന്യൂനപക്ഷസമുദായങ്ങൾക്ക് സ്വകാര്യവിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനുള്ള അവകാശങ്ങൾ നിഷേധിക്കുക, സി.എസ്.യു, കെ.സി.എസ്.എൽ, കെ.സി.വൈ.ഒ. മുതലായ സംഘടനകളുടെ പ്രവർത്തനങ്ങൾ തടയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെ ചില രാഷ്ട്രീയസംഘടനകളും വിദ്യാർത്ഥിയുവ

www.malankaralibrary.com

ജനപ്രസ്ഥാനങ്ങളും സംഘടിതമായി മുന്നോട്ടുനീങ്ങുന്ന സന്ദർഭത്തിൽ കത്തോലിക്കാ സമുദായം അഭിമുഖീകരിക്കേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളെ പ്പററി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് കത്തോലിക്കാ വിദ്യാർത്ഥി യുവജനസംഘടനകളുടെ ഒരു നേതൃസമ്മേളനം മാർച്ച് 19-ന് എറണാകുളത്ത് എ.കെ.സി.സി. ഓഫീസിൽ വിളിച്ചുകൂട്ടുന്നതിന് ജനറൽ സെക്ര ട്ടറി ജോൺ കച്ചിറമറ്റത്തെ യുവജനസംഘടനാ വർക്കിംഗ്കമ്മിറ്റി ചുമതല പ്പെടുത്തി. പ്രസിഡന്റ് എ.പി.ജോർജ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

## 4. എ.കെ.പി.സി.ടി.എ-യുടെ നീക്കത്തെ എതിർക്കും

മാർച്ച് 6–1972

ജോൺ കച്ചിറമററം

ന്യൂനപക്ഷാവകാശം എടുത്തുകളയുന്നതിനുവേണ്ടി കോളേജ് അദ്ധ്യാപകർ നടത്തുവാൻ പോകുന്ന പ്രക്ഷോഭണ പരിപാടികളെയും ചില വിദ്യാർത്ഥിയുവജനപ്രസ്ഥാനങ്ങളുടെ നീക്കത്തെയും സർവ്വശക്തിയു മുപയോഗിച്ച് എതിർത്ത് പരാജയപ്പെടുത്തുമെന്ന് കേരളകത്തോലിക്കാ യുവജന സംഘടന ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പ്രസ്താവിച്ചിരിക്കുന്നു.

ന്യൂനപക്ഷസമുദായങ്ങൾക്ക് വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യം നൽകുന്ന ഇന്ത്യൻ ഭരണഘടനയുടെ 30(1)(2) എന്നീ വകുപ്പുകൾക്ക് ഭേദഗതി വരുത്തുവാനാണ് എ.കെ.പി.സി.ടി.എ സമരരംഗത്തേയ്ക്ക് നീങ്ങുവാൻ തീരുമാനിച്ചിരിക്കുന്നത്.

സ്വകാര്യവിദ്യാഭ്യാസ ഏജൻസികൾ അനുഷ്ഠിച്ചിട്ടുള്ളതും അനുഷ്ഠി ച്ചുകൊണ്ടിരിക്കുന്നതുമായ മഹത്തായ സേവനങ്ങളെ പാടേ വിസ്മരിച്ചു കൊണ്ടാണ് കോളേജ് അദ്ധ്യാപകർ ഇങ്ങനെയൊരു തീരുമാനത്തിലെത്തി ച്ചേർന്നത്. പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ സേവനഭദ്രതയേയോ നിയമാധിഷ്ഠിത സേവനവ്യവസ്ഥകളെയോ സംബന്ധിച്ച് മാനേജ്മെന്റിന് യാതൊരു അഭിപ്രായവ്യത്യാസവും ഇല്ലാതിരുന്നിട്ടും മാനേജുമെന്റുകൾ ക്കെതിരായ ഒരു നിലപാട് അവർ സ്വീകരിച്ചുകാണുന്നത് ഖേദകരമാണ്.

അദ്ധ്യാപകരുടെ ഈ നിലപാടിനോട് യോജിപ്പുള്ള വിദ്യാർത്ഥി -യുവജന -രാഷ്ട്രീയസംഘടനകളെയും ഈ സമരത്തിലേക്ക് കൊണ്ടുവരു വാനും കോളേജ് അദ്ധ്യാപകർ ആഗ്രഹിക്കുന്നുണ്ട്. ഈയടുത്ത കാലത്ത് ചില കേന്ദ്രമന്ത്രിമാരും രാഷ്ട്രീയപ്രമാണികളും വിദ്യാർത്ഥി യുവജനപ്രസ്ഥാന ങ്ങളും പുറപ്പെടുവിച്ച പ്രസ്താവനകളുടെ പുറകേപോയി പ്രൈവററ് ഏജൻസികളെ ഇല്ലാതാക്കണമെന്നാണ് അദ്ധ്യാപകർ വിചാരിക്കുന്നത്.

പ്രസ്താവന തുടരുന്നു:- പുരോഗമനത്തിന്റെയും സോഷ്യലിസത്തിന്റെയും പരിവേഷമണിഞ്ഞ് വിദ്യാഭ്യാസരംഗം താറുമാറാക്കാമെന്നുള്ള യൂത്തുകാരു ടെയും വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെയും പ്രതീക്ഷകളുടെ പുറകെ ഇറങ്ങി ത്തിരിച്ച കോളേജ് അദ്ധ്യാപകരെ നിലയ്ക്കു നിറുത്തുവാനും,

www.malankaralibrary.com

ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുവാനും കേരളകത്തോലിക്കാ യുവജന സംഘടന ഇറങ്ങിത്തിരിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഈ വക വിഷയങ്ങളെപ്പററി ചർച്ചചെയ്ത് സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുവാൻ ഉടൻതന്നെ കേരളത്തിലെ വിദ്യാർത്ഥി- യുവജനപ്രസ്ഥാനങ്ങളുടെ ഒരു സംയുക്തയോഗം എറണാകുളത്ത് വിളിച്ചുകൂട്ടുന്നതാണെന്നും കച്ചിറമററം പറഞ്ഞു.

## 5. ഇടവകതലത്തിൽ സന്നദ്ധസംഘം രൂപീകരിക്കണം

ജൂൺ 18–1972

യുവജനസംഘടന

അങ്കമാലി സെന്റ് ജോസഫ് സ്കൂൾഹാളിൽ ചേർന്ന കത്തോലിക്കാ യുവജനസംഘടനയുടെ വാർഷികപ്രതിനിധിസമ്മേളനം പ്രസിഡന്റ് ജോൺ കച്ചിറമററത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് അംഗീകരിച്ച പ്രമേയം താഴെ ചേർക്കുന്നു.

ഭാഷാ മതന്യൂനപക്ഷങ്ങൾക്ക് ഇന്ത്യൻഭരണഘടന നൽകുന്ന പ്രത്യേകാവകാശങ്ങളെ നീക്കം ചെയ്യാനുള്ള തൽപ്പരകക്ഷികളുടെ ശ്രമത്തെ ഈ യോഗം ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു.

പ്രൈവററ് കോളേജ് ഫീസ് ഏകീകരണത്തിന്റെ പേരിൽ കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങൾ ദേശസാൽക്കരിക്കാനുള്ള ശ്രമത്തെയും കോളേജുകൾ ബലമായി തുറപ്പിക്കുമെന്ന ഭീഷണിയേയും നേരിടുന്നതിനും കോളേജുകൾ സംരക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ ഇടവകതലത്തിൽ സന്നദ്ധസംഘങ്ങൾ രൂപീകരിക്കുന്നതിനും യോഗം തീരുമാനിക്കുന്നു.

സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതപഠനം നടത്തുന്നതിനെതിരായി ചില വിദ്യാർത്ഥിസംഘടനകൾ നടത്തുന്ന കരുനീക്കങ്ങളെ യോഗം അപലപിച്ചു.

## 6. മെത്രാന്മാരുടെ ശക്തി കാണിക്കാൻ തയ്യാർ

മെത്രാന്മാർക്ക് മുന്നറിയിപ്പ് നൽകുവാനും ഉപദേശം നൽകുവാനും വിശ്വനാഥനെപ്പോലുള്ള അവസരവാദികളായ രാഷ്ട്രീയക്കാർ മെനക്കെടേണ്ട കാര്യമില്ലെന്നും മെത്രാന്മാർക്ക് പഴയ ശക്തി ഇന്നുണ്ടോയെന്ന കാര്യത്തിൽ വിശ്വനാഥനും കൂട്ടർക്കും സംശയമുണ്ടെങ്കിൽ അത് ഒന്നുകൂടി കാണിച്ചുതരുവാൻ തയ്യാറാണെന്നും കത്തോലിക്കാ യുവജനസംഘടനാ പ്രസിഡണ്ടു ജോൺ കച്ചിറമറ്റം പ്രസ്താവിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ എല്ലാ കത്തോലിക്കരെയും ആഹ്വാനം ചെയ്ത കാളാശ്ശേര മെത്രാനെ അറസ്റ്റു ചെയ്യുവാൻ പറഞ്ഞയച്ച സർ സി.പി.ക്ക് സംഭവിച്ചത് ഈ രാഷ്ട്രീയ പ്രമാണികളും മനസ്സിലാക്കുന്നതു കൊള്ളാമെന്നും സി.പി.യുടെ പോലീസിന് അരമനവളപ്പിൽ കാലുകുത്തുവാൻ

www.malankaralibrary.com

സാധിച്ചില്ലെന്നും വിശ്വനാഥനും കരുണാകരനും മനസ്സിലാക്കിയിരിക്കുന്നതു കൊള്ളാമെന്നും അദ്ദേഹം പറഞ്ഞു.

മെത്രാന്മാരുടെ ശക്തിയിൽ കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ ജീവിച്ച കോൺഗ്രസ്സും കോൺഗ്രസ്സുകാരും ഇന്ന് മെത്രാന്മാർക്ക് പഴയ ശക്തിയില്ലെന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതുകൊണ്ടാണ് മെത്രാന്മോരോട് ഒന്ന് ഏറ്റുമുട്ടുവാൻ വിശ്വനാഥ പ്രഭൃതികൾ തയ്യാറാകുന്നത്. മെത്രന്മാർക്ക് പഴയ ശക്തിയില്ലെങ്കിൽ പിന്നെ വിശ്വനാഥന് എന്താണിത്ര ഭയം, വെപ്രാളം? കച്ചിറമറ്റം ചോദിച്ചു.

1959-ൽ വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ നടത്തപ്പെട്ട വിമോചന സമരത്തിൽ ഫ്ളോറയുൾപ്പെടെ 19 കത്തോലിക്കരെ വെടിയുണ്ടക്കിരയാക്കിയ അന്നത്തെ പോലീസ് മന്ത്രി അച്യുതമേനോനോട് ഒന്നുകൂടി ഏറ്റുമുട്ടുവാൻ തയ്യാറാണെന്നു അദ്ദേഹം പറഞ്ഞു.

കോട്ടയം : 05-07-1972

## 7. കുരുക്ഷേത്രത്തിലേക്ക് ഇറങ്ങാൻ തയ്യാർ

ന്യൂനപക്ഷാവകാശങ്ങളും കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സംരക്ഷിക്കുവാൻ കുരുക്ഷേത്രത്തിലേക്ക് ഇറങ്ങുവാൻ തയ്യാറാണെന്ന് കത്തോലിക്കാ യുവജനസംഘടനാ പ്രസിഡണ്ട് ശ്രീ. ജോൺ കച്ചിറമറ്റം പ്രസ്താവനയിൽ പറയുന്നു.

ന്യൂനപക്ഷാവകാശങ്ങൾ നിലനിറുത്തണമെന്നു പറയുന്നവർ പിന്തിരിപ്പന്മാരാണെന്നും ആ പിന്തിരിപ്പൻ ശക്തികളെ നിലയ്ക്കു നിറുത്തുവാൻ തങ്ങൾ തയ്യാറാണെന്നുമുള്ള കെ.പി.സി.സി. സെക്രട്ടറി മി. ഏ.കെ. ആന്റണിയുടെ കുരുക്ഷേത്ര വെല്ലുവിളിയെ പരാമർശിച്ചാണ്. മി. കച്ചിറമറ്റം ഇപ്രകാരം പ്രസ്താവിച്ചത്. പ്രൈവറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഭാഷാമത ന്യൂനപക്ഷങ്ങൾ ക്കും ഭരണഘടന നൽകുന്ന സംരക്ഷണത്തിനെതിരായി അടുത്ത കാലത്ത് ചില രാഷ്ട്രീയ പാർട്ടികൾ പുറപ്പെടുവിച്ചു തുടങ്ങിയിട്ടുള്ള അഭിപ്രായപ്രകടനങ്ങൾ ഖേദകരമാണെന്നും പ്രസ്താവന ചൂണ്ടിക്കാണിക്കുന്നു.

പ്രസ്താവന തുടരുന്നു: കെ.പി.സി.സി. സെക്രട്ടറി വെല്ലുവിളിയുമായി ഓടിനടക്കുമ്പോൾ ന്യൂനപക്ഷാവകാശം നിലനിറുത്തുമെന്നു ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ന്യൂനപക്ഷാവകാശത്തിൽ തൊടുകപോലുമില്ലെന്നു കോൺഗ്രസ് പ്രസിഡണ്ട് ശർമ്മയും പറയുന്നു. അതിന്റെ വെളിച്ചത്തിൽ ആന്റണിയുടെ കുരുക്ഷേത്രവെല്ലുവിളിയെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുകയേ നിവൃത്തിയുള്ളൂ. എങ്കിലും ന്യൂനപക്ഷാവകാശത്തിനെതിരായി വളർന്നു വരുന്ന പ്രവണതയെ കണ്ടില്ലെന്നു വയ്ക്കുന്നത് അബദ്ധമായിരിക്കും. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പല പ്രാവശ്യം കുരുക്ഷേത്രത്തിലേക്കിറങ്ങി യുദ്ധം ചെയ്ത് വിജയം വരിച്ചവരാണ് കേരളീയർ. അതൊക്കെ ആന്റണി അറിഞ്ഞില്ലെന്നു ഭാവിക്കുന്നത്

www.malankaralibrary.com

അഹന്തകൊണ്ട് മാത്രമാണ്.

പ്രൈവറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും മൗലീകാവകാശസംരക്ഷണത്തിനുമെതിരായുള്ള ഏതൊരു നീക്കത്തെയും ശക്തിയുക്തം നേരിടുവാൻ സത്വരമായ നടപടികൾ ഉടൻ സ്വീകരിക്കും. ഇതിലേക്ക് ഇടവകതോറും സന്നദ്ധ സംഘടനകൾ എത്രയും വേഗം രൂപീകരിക്കുന്നതാണ്. സംഘങ്ങളുടെ നേതൃത്വത്തിൽ സ്റ്റഡീക്ലാസ്സുകൾ വിശദീകരണയോഗങ്ങൾ മുതലായവ നടത്തുന്നതിനും പരിപാടിയുണ്ട്. കുരുക്ഷേത്രയുദ്ധത്തിന് വെല്ലുവിളിച്ച ആന്റണി ഈ പ്രശ്നത്തിന്റെ പേരിൽ രാജി വെച്ച് തിരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാകണം.

കോട്ടയം : 08-07-1972

## 8. ഷെഡ്കെട്ടി പഠിപ്പിക്കാൻ നോക്കേണ്ട: കച്ചിറമറ്റം

കേരളത്തിലെ സ്വകാര്യകോളേജ് മാനേജ്മെന്റുകൾ ഉന്നയിച്ചിരിക്കുന്ന അവകാശങ്ങൾ അംഗീകരിച്ചു സമരം അവസാനിപ്പിക്കുന്നതിനു ശ്രമിക്കാതെ ഷെഡ്ഡു കെട്ടി കോളേജുകൾ നടത്താമെന്നു സർക്കാർ വ്യാമോഹിക്കുന്നുണ്ടെങ്കിൽ അതിവിടെ നടപ്പാക്കാൻ പോകുന്നില്ലെന്നും വേണ്ടിവന്നാൽ കേരളത്തിലെ വിദ്യാഭ്യാസരംഗം മുഴുവൻ സ്തംഭിപ്പിക്കുന്നതിനുള്ള പദ്ധതിക്കു രൂപംകൊടുക്കുമെന്നും കത്തോലിക്കാ യുവജനസംഘടനാ പ്രസിഡന്റ് ശ്രീ ജോൺ കച്ചിറമറ്റം മുന്നറിയിപ്പു നൽകിയിരിക്കുന്നു.

എൻ.എസ്.എസ്., ക്രൈസ്തവമാനേജുമെന്റുകൾ തങ്ങളുടെ വിദ്യാലയങ്ങൾ അടച്ചിട്ടതോടെ 75 ശതമാനം വിദ്യാർത്ഥികളുടെ പഠനം മുടങ്ങിക്കിടക്കുകയാണ്. ഈ പ്രശ്നത്തിന് ഒരു ശാശ്വതമായ പരിഹാരം കണ്ടുപിടിക്കാതെ വിദ്യാർത്ഥികളെ പഠിപ്പിക്കുവാനായി ഷെഡ്ഡുകെട്ടുവാൻ ആരു വന്നാലും അതിവിടെ നടക്കാൻ പോകുന്നില്ല. സമരത്തിന് ഒരു പരിഹാരം കണ്ടുപിടിക്കാൻ സർക്കാർ വിട്ടുവീഴ്ചാ മനോഭാവത്തോടെ മുന്നോട്ടു വരുന്നില്ലെങ്കിൽ ഇന്നു തുറന്നു പ്രവർത്തിക്കുന്ന കോളേജുകളും പ്രവർത്തിക്കുവാൻ സമ്മതിക്കുകയില്ല. കോളേജു വിദ്യാഭ്യാസമല്ല, വിദ്യാഭ്യാസരംഗം മുഴുവൻ സ്തംഭിപ്പിക്കുവാൻ സമസ്തശക്തികളും ശേഖരിച്ചുകൊണ്ടു കേരളത്തിലെ വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങും: കച്ചിറമറ്റം തുടർന്നു പറഞ്ഞു.

കോട്ടയം : 12-07-1972

## 9. ന്യൂനപക്ഷാവകാശം ബലികഴിക്കരുത്

ആഗസ്റ്റ് 3-1972 അങ്കമാലി

യുവജനസംഘടന

പ്രൈവററ്കോളേജുകളുടെ അവകാശസംരക്ഷണത്തിനുവേണ്ടിയുള്ള സമരം ശക്തിപ്പെടുത്താനും ന്യൂനപക്ഷാവകാശങ്ങൾ ബലികഴിച്ചുകൊണ്ടുള്ള

www.malankaralibrary.com

യാതൊരു ഒത്തുതീർപ്പിനും ഉന്നതാധികാരസമിതി തയ്യാറാകരുതെന്ന് സമരസമിതിയെ അറിയിക്കുവാനും ഇന്നിവിടെ പ്രസിഡന്റ് ജോൺ കച്ചിറമററത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യുവജനസംഘടനാ വർക്കിംഗ്കമ്മിററി തീരുമാനിച്ചു.

ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾക്കുവിരുദ്ധമായി ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഒന്നേകാൽ ലക്ഷം വിദ്യാർത്ഥികളുടെ ഭാവിയെ മുൻനിറുത്തി സർക്കാർ മർക്കടമുഷ്ടി ഉപേക്ഷിച്ച് സമരം അവസാനിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്നും അതിന് തയ്യാറാകുന്നില്ലെങ്കിൽ സർക്കാരിന്റെ ബദൽ നടപടികളെ എതിർത്തു പരാജയപ്പെടുത്തുമെന്നും യുവജനസംഘടന പാസ്സാക്കിയ പ്രമേയത്തിൽ എടുത്ത് പറഞ്ഞിട്ടുണ്ട്. ന്യൂനപക്ഷാവകാശങ്ങളെ ധ്വംസിച്ചുകൊണ്ട് പ്രൈവററ് കോളേജുകളുടെ ഭരണനിർവ്വഹണത്തിൽപ്പോലും നിയന്ത്രണം വേണമെന്ന് ഗവൺമെന്റ് ശഠിച്ചുതുടങ്ങിയിരിക്കുന്നു. ഈ മാറിയ പരിതസ്ഥിതിയിൽ വിദ്യാഭ്യാസാവകാശസമിതി ഇന്നുവരെ സ്വീകരിച്ച നിലപാട് പുനഃപരിശോധിക്കണമെന്നും കോളേജ് ഭരണസമിതിയെന്ന പാനൽപോലും ന്യൂനപക്ഷാവകാശലംഘനമാകയാൽ, ആ നിർദ്ദേശവും സ്വീകരിക്കരുതെന്നും വർക്കിംഗ്കമ്മിററി പാസ്സാക്കിയ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. പ്രസിഡന്റ് ജോൺ കച്ചിറമററം കൺവീനർ ആയും ജേക്കബ്ബ് കാച്ചപ്പള്ളി, ഫാ.ജോസ് അക്കരക്കാരൻ, ടോം ജോസ്, അഡ്വ.എ.പി.ജോർജ് എന്നിവർ അംഗങ്ങളായും ഒരു ആക്ഷൻ കൗൺസിലിനെ യോഗം തിരഞ്ഞെടുത്തു.

(എ.കെ.സി.സി.യും യുവജനസംഘടനയും രൂപീകരിച്ച ആക്ഷൻ കൗൺസിൽ പിന്നീട് സംയുക്തമായാണ് പ്രവർത്തിച്ചത്.)

## 10. കലക്ടറേറ്റുകൾ പിക്കറ്റ് ചെയ്യും

കത്തോലിക്കാ യുവജനസംഘടനാ പ്രസിഡന്റ് ജോൺ കച്ചിറമറ്റം ഇപ്രകാരം അറിയിക്കുന്നു:-

പ്രൈവറ്റ് കോളേജ് സമരം കൂടുതൽ വ്യാപകമായി തീരുകയാണ്. അവകാശസംരക്ഷണത്തിനായി ജനലക്ഷങ്ങൾ സംഘടിതമായി മുന്നോട്ടു നീങ്ങുകയാണ്. ഭീഷണികളുടേയും കുറുവടികളുടെയും കഠാരിമുനകളുടെയും ഇടയിൽക്കൂടി ഭീഷണികളെ തൃണവൽഗണിച്ചുകൊണ്ട് സമരസമിതിയുടെ ആഹ്വാനമനുസരിച്ച് ജനലക്ഷങ്ങൾ ആർത്തിരമ്പി മുന്നോട്ടു നീങ്ങുകയാണ്. ഈ സമരത്തിൽ സജീവമായി ഓരോ ജനാധിപത്യവിശ്വാസിയും സഹകരിക്കണം. ആഗ:11 (ഇന്നു) മുതൽ എല്ലാ കലക്ടറേറ്റുകളും പിക്കറ്റുചെയ്തു സർക്കാരാഫീസുകൾ സ്തംഭിപ്പിക്കുവാൻ സമരസമിതി എടുത്തിട്ടുള്ള തീരുമാനത്തോട് കത്തോലിക്കാ യുവജനസംഘടനയുടെ ആഭിമുഖ്യത്തിലുള്ള സന്നദ്ധസംഘടന സജീവമായി സഹകരിക്കുന്നതാണ്. ഇന്നു മുതൽ സംസ്ഥാനത്തെ എല്ലാ കലക്ടറേറ്റുകളുടെയും പ്രവർത്തനം സ്തംഭിപ്പിക്കുവാൻ ഉതകുന്ന വിധത്തിൽ ആയിരക്കണക്കിന് യുവജനസന്നദ്ധസേനാംഗങ്ങൾ കലക്ടറേറ്റുകളിലേയ്ക്ക് മാർച്ചുചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിരിക്കുകയാണ്.

www.malankaralibrary.com

ജനാധിപത്യരാഷ്ട്രത്തിൽ അവകാശസംരക്ഷണത്തിനായി സമരം നടത്തുവാൻ ആർക്കും അവകാശമുണ്ട്. ആ അവകാശത്തെ ഭീഷണിയും മർദ്ദനവും ഉപയോഗിച്ച് നേരിടുവാൻ ചില ഭരണകക്ഷികളും അവയുടെ വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളും ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ഭരണകക്ഷികളുടെ ഈ നീക്കം ജനാധിപത്യത്തിന്റെ നേർക്കുള്ള കയ്യേറ്റമാണ്. ഇതിനകം സമരത്തിലേർപ്പെട്ടിരിക്കുന്ന നൂറുകണക്കിന് വിദ്യാർത്ഥി യുവജന നേതാക്കളെ സമരവിരുദ്ധന്മാർ മർദ്ദിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ സമാധാനപരമായ ഒരു നിലപാട് സ്വീകരിക്കുവാൻ ഭരണകക്ഷികൾ തയ്യാറാവണം. അതിനവർ തയ്യാറാകുന്നില്ലെങ്കിൽ സ്വയരക്ഷയ്ക്കുവേണ്ടി സമരത്തിലേർപ്പെട്ടിരിക്കുന്നവർ പല നടപടികളും സ്വീകരിക്കേണ്ടിവരും. അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്ന് മുന്നറിയിപ്പ് നൽകുവാൻ ആഗ്രഹിക്കുന്നു.

കോട്ടയം: 11-08-1972

## 11. പ്രൈവററുകോളേജ് സമരംസംബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ്സിൽനിന്നും നിയുക്തമായ ആക്ഷൻ കമ്മിററി സമർപ്പിച്ച റിപ്പോർട്ട്

കേരളത്തിലെ പ്രൈവററു കോളേജുകളെ ദേശസാൽക്കരിക്കുന്നതിന്റെ ആദ്യപടിയെന്ന നിലയിൽ പ്രൈവററു കോളേജുകളിലെ ഫീസ് നിരക്ക് ഗവൺമെന്റുകോളജുകളിലേതിനോടു തുല്യമാക്കി ഗവൺമെന്റിൽനിന്നും ഏകപക്ഷീയമായി നിശ്ചയിക്കുകയും അതുമൂലം പ്രൈവററു കോളേജുകൾക്കുണ്ടാകുന്ന നഷ്ടം ഗവൺമെന്റു പരിഗണിക്കുകയില്ലാ എന്ന നിലപാട് സ്വീകരിക്കുകയും ചെയ്തതോടുകൂടിയാണ് കേരളത്തിലെ പ്രൈവററുകോളേജു മാനേജ്മെന്റുകളും അവരുടെ അഭിപ്രായത്തെ അനുകൂലിക്കുന്ന ജനവിഭാഗങ്ങളും സമുദായ നേതാക്കളും സംഘടനകളും തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ഒരു ധർമ്മ സമരം നടത്തുവാൻ നിർബന്ധിതരായത്. പ്രസ്തുത സമരത്തിൽ പ്രൈവററുകോളേജുമാനേജുമെന്റുകൾ എടുത്ത നിലപാടിനെ അനുകൂലിക്കുകയും അതിനനുസരണമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനുവേണ്ടി 02-07-1972-ൽ എറണാകുളത്തുവച്ചു ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധിസമ്മേളനം താഴെപറയുന്നവർ ഉൾപ്പെടുന്ന ആക്ഷൻ കമ്മററി രൂപീകരിച്ചു.

| | |
|---|---|
| ഇ.എം.ജോസഫ് | ഡോ.ററി.വി.ജോസ് |
| എം.സി.ചാക്കോ | എ.പി.ജോർജ്ജ് |
| ജോൺ കച്ചിറമററം | ററി.എ.തൊമ്മൻ |
| ഇ.പി.വറുഗീസ് | പോൾ ജെ.കൊണത്താപ്പള്ളി |
| ഷെവ.വി.സി.ജോർജ്ജ് | എൻ.കെ.ജോസ് |

**പശ്ചാത്തലം**

1972 ഫെബ്രുവരി 5, 6, 7 എന്നീ തീയതികളിൽ ഭരണകോൺഗ്രസ്സിന്റെ

www.malankaralibrary.com

നേതൃത്വത്തിലുള്ള കെ.എസ്.യു. കോട്ടയത്തു വച്ചു നടത്തിയ അതിന്റെ വാർഷിക സമ്മേളനത്തിൽ കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെ വിപ്ലവത്തിന്റെ വേദികളാക്കി മാററുവാനും "മതാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി സംഘടന രൂപീകരണത്തിന് അവസാനമിടുവാനും" സമൂഹത്തിന്റെ പുരോഗതിക്ക് വിലങ്ങുതടിയായി നിൽക്കുന്ന മത വർഗ്ഗീയ പ്രതിലോമകാരികൾക്കെതിരെ സമരത്തിനു തയ്യാറാകുവാനും പ്രമേയദ്വാരാ തീരുമാനം ചെയ്തപ്പോഴാണ് യഥാർത്ഥത്തിൽ ഈ സമരത്തിന് പ്രേരകമായ പശ്ചാത്തലത്തിന്റെ യഥാർത്ഥരൂപം പ്രകടമായത്. പ്രസ്തുത യോഗത്തിൽ പ്രസംഗിച്ച കേന്ദ്രമന്ത്രി ശ്രീ.രഘുനാഥറെഡ്ഡി കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്വകാര്യ ഏജന്റുകളുടെ കച്ചവടസ്ഥലങ്ങളായി മാറിയിരിക്കുന്നതായി പ്രസ്താവിക്കുകയും വിദ്യാഭ്യാസത്തെ സ്വകാര്യ ഏജൻസികളിൽ നിന്നു മോചിപ്പിക്കുവാൻ കെ.എസ്സ്.യു. പ്രവർത്തകർ മുന്നോട്ടു വരണമെന്നു പ്രസ്താവിക്കുകയും ചെയ്തു. ഫെബ്രുവരി 8-ന് കേന്ദ്രനിയമമന്ത്രി എച്ച്. ആർ. ഗോഖലെ തിരുവനന്തപുരത്തു യൂണിവേഴ്സിററി കോളേജുയൂണിയൻ ഉൽഘാടനം ചെയ്തപ്പോൾ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് പറയുന്ന പ്രത്യേക അവകാശങ്ങൾ സമൂഹത്തിന്റെ വിദ്യാഭ്യാസ അസ്ഥിവാരം നേരായ വിധത്തിൽ ഉറപ്പിക്കുന്നതിനു പ്രതിബന്ധമായിത്തീർന്നിട്ടുണ്ട്. വിദ്യാഭ്യാസ വികസനത്തിനു ന്യൂനപക്ഷങ്ങൾക്ക് ഉണ്ടെന്നു പറയുന്ന അവകാശം സൃഷ്ടിച്ചിരിക്കുന്ന ഗുരുതരമായ പ്രതിബന്ധം ഒഴിവാക്കുന്നതിന് ഭരണഘടനഭേദഗതി ചെയ്യുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ സജീവമായ പരിഗണനയിൽ ഇരിക്കുകയാണ്. സാധാരണ ഗവൺമെന്റു കാര്യം പരിഗണിക്കുന്നു എന്നു പറയുന്നതുപോലെയല്ല ഇത്. ഇത് സജീവപരിഗണനതന്നെയാണ് എന്നു നടത്തിയ പ്രസ്താവന കേരളത്തിലെ ന്യൂനപക്ഷങ്ങളെ ഉത്കണ്ഠാകുലരാക്കി. അതേതുടർന്ന് 1972 ഫെബ്രുവരി 27-ന് എറണാകുളത്തു ചേർന്ന പ്രൈവററു കോളേജ് അദ്ധ്യാപകസംഘടനയായ എ.കെ.പി.സി.ററി.എ. ഭരണഘടനയുടെ 30-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനു പ്രക്ഷോഭണം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

ഈ പരിതസ്ഥിതിയിൽ മാർച്ച് 14-ന് കേരളത്തിലെ ക്രൈസ്തവ മേലദ്ധ്യക്ഷന്മാർ ചങ്ങനാശ്ശേരിയിൽ സമ്മേളിച്ചു ധാർമ്മിക മൂല്യങ്ങൾക്കു സ്ഥാനമുള്ള വിദ്യാഭ്യാസം നിലനിൽക്കുവാൻ ന്യൂനപക്ഷ അവകാശം സംരക്ഷിക്കുന്നതിനു ജാഗരൂകരായിരിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്തു. അന്നുതന്നെ കത്തോലിക്കാ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറി മുൻകൈയെടുത്തു കോട്ടയത്തുവിവിധ കത്തോലിക്കാ സംഘടനകളുടെ ഭാരവാഹികളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഭാവിപരിപാടികൾക്കായി ഒരു കോ-ഓർഡിനേഷൻ കമ്മിററി രൂപീകരിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡണ്ട് പ്രസ്തുത കോ-ഓർഡിനേഷൻ കമ്മിററിയുടെ കൺവീനറായിരുന്നു.

മാർച്ച് 25-ന് ന്യൂനപക്ഷാവകാശം എടുത്തുകളയണമെന്നുള്ള പ്രമേയം കേരളയൂണിവേഴ്സിററി സെനററ് ചർച്ച ചെയ്തു. ഏപ്രിൽ 14, 15, 16 എന്നീ തീയതികളിൽ മലപ്പുറത്തു നടന്ന യൂത്തുകോൺഗ്രസ്സ് പ്രവർത്തകസമ്മേളനം

www.malankaralibrary.com

അംഗീകരിച്ച ചാർട്ടർ ഓഫ് ഡിമാന്റിൽ ഒന്ന് വിദ്യാഭ്യാസം ദേശസാൽക്കരിക്കണം എന്നതായിരുന്നു. മെയ് 9-ന് വീണ്ടും സെനററ് യോഗം ചേർന്നു. ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തത്തക്കവണ്ണം ഭരണഘടന 30-ാം വകുപ്പു ഭേദഗതി ചെയ്യണമെന്നു അഭ്യർത്ഥിക്കുന്ന പ്രമേയം അംഗീകരിച്ചു. മെയ് 6-ന് സംസ്ഥാന വിദ്യാഭ്യാസമന്ത്രി മേലിൽ സ്വകാര്യമേഖലയിൽ കോളേജുകളൊന്നും അനുവദിക്കുകയില്ലായെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഈ പരിതസ്ഥിതിയിൽ മെയ് 11-ന് കോട്ടയത്ത് കേരളത്തിലെ വിവിധ ക്രൈസ്തവവിഭാഗങ്ങളുടെ അൽമായ സംഘടനകൾ യോഗം ചേർന്നു ന്യൂനപക്ഷങ്ങൾക്കെതിരായ നീക്കത്തെ ശക്തിയായി ചെറുക്കണമെന്നു തീരുമാനിച്ചുകൊണ്ടു അതിലേക്കായി ഒരു കമ്മററിയെ തിരഞ്ഞെടുത്തു. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് പ്രസ്തുത കമ്മററിയുടെ കൺവീനറായിരുന്നു.

മെയ് 12-ന് സംസ്ഥാന മുഖ്യമന്ത്രി സ്വകാര്യവിദ്യാലയങ്ങളുടെ മേൽ നിയന്ത്രണം ആവശ്യമാണെന്നും അതിനാവശ്യമായ വിധത്തിൽ ഭരണഘടന ഭേദഗതി ചെയ്യണമെന്നും ഒരു പത്രപ്രസ്താവനയിലൂടെ ആവശ്യപ്പെടുകകൂടി ചെയ്തപ്പോൾ ക്രൈസ്തവസഭകൾക്കുപുറമെ എൻ.എസ്.എസും. കേരളാ കോൺഗ്രസും സംഘടനാ കോൺഗ്രസ്സ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും കൂടി ഈ പ്രശ്നം സംബന്ധിച്ചു രംഗത്തു വന്നു.

തുടർന്നു സ്വകാര്യകോളേജുകളിലെ ഫീസ് നിരക്കു ഗവൺമെന്റു കോളേജിലേതിനോടു തുല്യമാക്കണമെന്നു ഗവൺമെന്റു തീരുമാനിക്കുകയും അതുമൂലം സ്വകാര്യ കോളേജുകൾക്കുണ്ടാകുന്ന നഷ്ടം ഗവൺമെന്റു വഹിക്കുവാൻ സാധ്യമല്ലായെന്നു പ്രസ്താവിക്കുകയും ചെയ്തു. അതിനു മറുപടിയായി സ്വകാര്യകോളേജു മാനേജുമെന്റുകൾ തങ്ങളുടെ അസോസിയേഷൻ യോഗം ചേർന്നു കൂടുതൽ നഷ്ടം സഹിച്ചുകൊണ്ടു കോളേജുകളുടെ പ്രവർത്തനം തുടർന്നുകൊണ്ടുപോകുവാൻ സാധ്യമല്ല എന്ന വിവരം ഒരു പ്രമേയത്തിലൂടെ ഗവൺമെന്റിനെ അറിയിച്ചു.

ജൂൺ 12-ന് കൂടിയ കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിററി യോഗം ന്യൂനപക്ഷാവകാശങ്ങളെ ഭേദഗതി ചെയ്യാനുള്ള നീക്കത്തെ എതിർക്കുവാൻ തീരുമാനിച്ചു. ജൂലൈ 2-നു കൂടിയ വാർഷിക പ്രതിനിധി സമ്മേളനം പ്രൈവററു കോളേജുകളിലെ ഫീസ് നിരക്ക് ഗവൺമെന്റുകോളേജുകളിലേതിനോടു തുല്യമാക്കിയതിന്റെ ഫലമായി പ്രൈവററു കോളേജുകൾക്കുണ്ടാകുന്ന നഷ്ടം നികത്തേണ്ടതില്ലായെന്ന ഗവൺമെന്റു നിലപാടിനെ എതിർക്കുവാനും തീരുമാനിച്ചു.

പ്രസ്തുത ആക്ഷൻ കമ്മററി മെമ്പറും കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ടുമായ ശ്രീ.ഇ.എം. ജോസഫ് ചങ്ങനാശ്ശേരിയിൽ ന്യൂനപക്ഷാവകാശങ്ങളുടെ നിലനിൽപ്പിലും സ്വകാര്യകോളേജുകളുടെ പ്രവർത്തനത്തിലും താല്പര്യമുള്ളവരുടെ ഒരു യോഗം കേരളാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി. ആ യോഗത്തിൽ വച്ച് ഭാവി പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനുവേണ്ടി

www.malankaralibrary.com

ഉന്നതാധികാരമുള്ള 7 പേരടങ്ങുന്ന ഒരു നെഗോഷ്യേററിംഗ് കമ്മററിയെ തിരഞ്ഞെടുത്തു. കത്തോലിക്കാ കോൺഗ്രസ്സിനെ പ്രതിനിധീകരിച്ചു ശ്രീ.ഇ.എം. ജോസഫ് അതിൽ ഒരു മെമ്പറായിരുന്നു. പ്രൈവററു കോളേജു സമരത്തിന്റെ നേതൃത്വം വഹിച്ചത് പ്രസ്തുത കമ്മിററിയായിരുന്നു.

## കമ്മററിയുടെ പ്രവർത്തനം

ആക്ഷൻ കമ്മററി ഏഴുപ്രാവശ്യം യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ സ്വീകരിച്ചു. 2-7-72-ൽ എറണാകുളത്തുവച്ചും 4-7-72-ൽ കോട്ടയത്തു വച്ചും 6-7-72-ൽ കോട്ടയത്തുവച്ചും 12-7-72-ൽ എറണാകുളത്തുവച്ചും 21-7-72-ൽ കോട്ടയത്തുവച്ചും 28-7-72-ൽ കോട്ടയത്തു വച്ചും 2-8-72-ൽ കോട്ടയത്തുവച്ചുമാണു പ്രസ്തുതയോഗങ്ങൾ ചേർന്നത്. പ്രൈവററ് കോളേജു പ്രശ്നത്തിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നിലപാട് വ്യക്തമാക്കുകയും കത്തോലിക്കാ സമുദായത്തിന്റെ ആവശ്യങ്ങൾ അടങ്ങുകയും ചെയ്യുന്ന ഒരു മെമ്മോറാണ്ടം കേരളമുഖ്യമന്ത്രിയുടെ ചാർജുകൂടി വഹിക്കുന്ന ആഭ്യന്തരമന്ത്രി ശ്രീ.കെ.കരുണാകരന് 7-7-72-ൽ തിരുവനന്തപുരത്തു വച്ചു ആക്ഷൻ കമ്മററിക്കുവേണ്ടി മെ.ഇ.എം.ജോസഫ്, എൻ.കെ.ജോസ്, ജോൺ കച്ചിറമറ്റം, ഇ.പി.വറുഗീസ്, ററി.എ.തൊമ്മൻ എന്നിവർ നേരിട്ടുകണ്ടു സമർപ്പിക്കുകയും അദ്ദേഹവുമായി പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. പിറേറദിവസം എറണാകുളത്തുവച്ചു വിദ്യാഭ്യാസമന്ത്രി ശ്രീ.മുഹമ്മദു കോയയെ കാണുവാനും മെമ്മോറാണ്ടം സമർപ്പിക്കുവാൻ സമയം നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മന്ത്രിയുടെ പരിപാടിയിൽ അടിയന്തിരമായ മാററം വരുത്തിയതിനാൽ അതു സാധിച്ചില്ല. മെമ്മോറാണ്ടത്തിന്റെ കോപ്പി അദ്ദേഹത്തിന് അയച്ചുകൊടുത്തു. അന്നേദിവസം തന്നെ എറണാകുളത്തുവച്ചു ആക്ഷൻ കമ്മററി അംഗങ്ങൾ ഒരു പ്രസ്കോൺഫറൻസ് നടത്തുകയും കത്തോലിക്കാ കോൺഗ്രസ്സിന്റെ നിലപാട് ഈ പ്രശ്നത്തെ സംബന്ധിച്ചു വ്യക്തമാക്കുകയും ചെയ്തു.

പ്രൈവററു കോളേജുപ്രശ്നം സംബന്ധിച്ച് ഇന്ത്യൻ പ്രധാനമന്ത്രിക്ക് ഒരു മെമ്മോറാണ്ടം സമർപ്പിക്കുവാൻ പിന്നീട് ആക്ഷൻ കമ്മിററി തീരുമാനിക്കുകയും അതിലേക്കായി മെമ്മോറാണ്ടം തയ്യാറാക്കുകയും പ്രധാനമന്ത്രിയെ നേരിട്ടുകാണുവാൻ സന്ദർശനാനുവാദത്തിന് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ പ്രധാനമന്ത്രിയുടെ തിരക്കിട്ടപരിപാടി മൂലം സന്ദർശനത്തിനുസമയമില്ല എന്ന മറുപടി ലഭിച്ചതനുസരിച്ചു മെമ്മോറാണ്ടം ഡൽഹിക്ക് അയച്ചുകൊടുക്കുകയാണുണ്ടായത്. അതിന്റെ കോപ്പി കേന്ദ്രമന്ത്രിസഭയിലേയും പാർലമെന്റിന്റെ ഇരു സഭകളിലേയും എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുക്കുകയും ചെയ്തു. (രണ്ടു മെമ്മോറാണ്ടത്തിന്റെയും കോപ്പികൾ ബുള്ളററിനിൽ പ്രസിദ്ധീകരിച്ചിരുന്നു.)

പ്രൈവററുകോളേജു പ്രശ്നം സംബന്ധിച്ചു ഗവൺമെന്റുമായി നടത്തിയ കൂടിയാലോചനകൾക്കായി നിയുക്തമായിരുന്ന നെഗോഷ്യേററിംഗ് കമ്മററിയിൽ കത്തോലിക്കാ കോൺഗ്രസ്സിനെ പ്രതിനിധീകരിച്ച

www.malankaralibrary.com

ശ്രീ.ഇ.എം.ജോസഫ് ആദ്യവസാനം കൂടിയാലോചനകളിൽ പങ്കെടുത്തു.

### പര്യവസാനം

തിരുവനന്തപുരത്തും ഡൽഹിയിലുമായി അനേകദിവസം നീണ്ടുനിന്ന കൂടിയാലോചനകളുടെ ഫലമായി 1972 ആഗസ്റ്റ് 18-ന് ഒത്തുതീർപ്പുവ്യവസ്ഥകൾ അംഗീകരിക്കുകയും സമരം അവസാനിപ്പിക്കുകയും ചെയ്തു.

## 12. ഒത്തുതീർപ്പു വ്യവസ്ഥകൾ

1. There will be a five-member Selection Committee for each private college Management for selecting teachers.

a) The composition of the Committee will be as follows:

i & ii) Two representatives of the management.

iii) One member nominated by the management from amongst the categories of Principal/ Head of Departments/ Professors in the College/s, with the concurrence of the University in whose jurisdiction he is working.

iv) Government will depute one person chosen by the management from among Government officers of the following categories: Secretaries to Government/ District Collectors. If for any reason, the person chosen by the management cannot be deputed by Government, the management will choose another person from among the same categories.

v) One expert to be chosen by the management from a subject-wise list of Experts prepared by hte University consisting of not less than 5 members and made available to the management on request at the beginning of each academic year. In case, this list is found insufficient any management may request for more names from the University.

b) The manager or his nominee of the Committee will be the Chairman and the Convener of the Committee.

c) The Committee will meet as often as is necessary.

d) The period of the Committee will be one year.

e) All the managements will be given the option to select teachers purely on merit or to reserve every alternate vacancy (or 50% of the vacancies) for being filled in one merit basis by candidates of the Community to which the College belongs.

2. Selection of non-teaching staff:

There will be a committee consisting of

www.malankaralibrary.com

(i & ii) Two representatives of the management.

and (iii) Government will depute one person chosen by the management from the cadre of Revenue Divisional Officers/ Deputy Collectors.

3. Selection of Students for admission will be on the following basis

   i) 20% to be reserved for SC's and ST's to be filled up on merit basis. Those seats that cannot be filled up on this basis will be filled up on the basis of merit from among backward minority communities in the case of colleges run by backward minority communities and by OBC's in the case of others.

   ii) 10% to be reserved for the community to which the college belongs (20% in the case of backward communities) to be filled up on merit basis.

   iii) 50% on the basis of merit (40% in the case of backward communities).

   iv) 20% management quota.

   The list of candidates selected on merit basis along with marks in each case will be exhibited on the college notice board. The university would be the authority to keep a watch on the correctness of these lists and observance of the above formula.

4. Tution fees and fines will be collected and remitted by the management to Government.

5. A separate account in the Treasuary would be opened in the name of the Principal for remittance of special fees, admission fees etc. ie, all items of fee collection other than those remitted to government account. From the special fee account the principal will incur necessary expenditure on the items for which the fees were collected. The universities will workout the norms by which the library and laboratory grant should be fixed.

6. Regarding contigencies, a per capita figure with a ceiling for each college or group of colleges will be worked out by the Collegiate Education Department for each category of students namely,

| | |
|---|---|
| Pre-Degree | Arts |
| " | Science |
| Degree | Arts |
| " | Science |
| Postgraduate | Arts |
| " | Science |

Similarly, for maintenance and repairs, a per capita figure will be worked out with reference to Arts section and Science section, Junior college, Degree college and Postgraduate college, with the help of the Public Works Department.

7. An agreement will be entered into with each management listing the colleges under its control and the conditions of the scheme.

8. Direct payment of salaries to the saff in private Arts and Science Colleges would commence from 1-9-1972( ie, salary bills for September being payable in October). Managements will be given 50% advance grant immediately to enable them to meet salary claims for earlier months. A further advance not exceeding 50% of the amount admitted for grant in aid in 1971-72 will also be made available to the managements as quickly as possible. Government will reimburse to the management the pay and allowances paid to the staff by the management for the period from 1-6-1972 to 31-8-1972 on being satisfied that the period of study lost by the closure of the college will be made good. The managements undertake the responsibility to discharge all liabilities relating to the period prior to 1-6-1972 in respect of the arrears of salary, allowances, provident fund etc. of the staff, dues to Govenment and Universitites, even if such liabilities are detected on a latter date.

9. Salary drawn in April, 1972 (namely for the month of March) will be adopted as the salary for payment as on 1-10-1972 (ie, payment for September). Any arrears due to the staff on account of fixation of pay, increments etc. for the period from 1-9-1972 will be paid by Government after these have been worked out by the Director of Collegiate Education.

10. The college will reopen as early as possible and in any case not later than 1st September 1972.

## 13. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ.ഇ.എം.ജോസഫിന് സ്വീകരണം

കൊച്ചി, സെപ്ററംബർ 3

വിദ്യാഭ്യാസവകാശസംരക്ഷണ ഉന്നതാധികാരസമിതിയിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രതിനിധിയെന്ന നിലയിൽ മഹത്തായ സേവനം അനുഷ്ഠിച്ച കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ.ഇ.എം.ജോസഫ് അവർകൾക്ക് എറണാകുളം എ.കെ.സി.സി. ഓഫീസിൽ വച്ച് കത്തോലിക്കാ യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു സ്വീകരണം നൽകിയിരിക്കുന്നു. സമ്മേളന സ്ഥലത്തെത്തിയ ഇ.എം. ജോസഫിനെ യുവജനസംഘടനാ പ്രസിഡണ്ട് ജോൺ കച്ചിറമററം ഹാരമണിയിച്ചു സ്വീകരിച്ചു. എ.കെ.സി.സി. ട്രഷറർ ശ്രീ.എം.സി.ചാക്കോ മാന്തുരുത്തിലും യോഗത്തിൽ സംബ

ന്ധിച്ചു. അനന്തരം നടന്ന അനുമോദനയോഗത്തിൽ യുവജനസംഘടനാ പ്രസിഡണ്ട് ജോൺ കച്ചിറമററം അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജേക്കബ്ബ് കാച്ചപ്പള്ളി സ്വാഗതം ആശംസിച്ചു. ഇരിങ്ങാലക്കുട മുൻസിപ്പൽ ചെയർമാൻ ശ്രീ.എ.പി.ജോർജ്, ടോം ജോസ് തുടങ്ങിയവർ അനുമോദന പ്രസംഗങ്ങൾ നടത്തി. ഇ.എം.ജോസഫ് സമുചിതമായ മറുപടിയും പറഞ്ഞു.

## 14. അൽമായർക്ക് പങ്കുനൽകണം - സമരസമിതി

കോളേജുസമരം വിജയകരമായി പര്യവസാനിച്ചിരിക്കുകയാണ്. സമുദായത്തിന്റെയും സമുദായ നേതാക്കന്മാരുടെയും പിന്നിൽ ഇന്നും ജനം ഉണ്ടെന്ന് സമരം തെളിയിച്ചു. വിമോചന സമരത്തിൽ ആവേശപൂർവ്വം പങ്കെടുത്ത പലരും കോളേജുസമരത്തിൽ പങ്കെടുക്കാതിരുന്നത് വിമോചനസമരം കഴിഞ്ഞപ്പോൾ കറിവേപ്പില പോലെ സമുദായം അവരെ പുറന്തള്ളിയതുകൊണ്ടാണ് എന്ന ആരോപണം ഇന്നും നിലനിൽക്കുന്നുണ്ട്. അതു മുഴുവൻ ശരിയല്ലെങ്കിൽ തന്നെയും ഒരു പരിധിവരെ അതിൽ കാര്യവും ഉണ്ട്. കോളേജുസമരത്തിനുശേഷമെങ്കിലും അതാവർത്തിക്കാതിരിക്കാൻ ശ്രമിക്കണം.

സമരസമിതിയംഗങ്ങളുടെ യോഗം സെപ്ററംബർ 24-ാം തീയതി കൂടിയപ്പോൾ ഈ ആരോപണം ഉയർന്നുകേട്ടു. സമരത്തിൽ പങ്കെടുത്തവർക്ക് സമരത്തിനുശേഷവും സമുദായത്തിന്റെ കാര്യങ്ങളിൽ അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള അവസരം ലഭിക്കണം. സമരത്തിനു മാത്രമായി ഒരു കൂട്ടരെ പരിഗണിക്കുന്നത് ശരിയല്ല.

നമ്മുടെ ഇടവകകളിലെ വിദ്യാലയങ്ങളുടെ നടത്തിപ്പിൽ ഇടവകാംഗങ്ങൾക്കുകൂടി കൈയുണ്ടാകണം. വികാരി പ്രസിഡന്റായി ഇടവകക്കാരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു കമ്മററിയായിരിക്കണം പ്രസ്തുത വിദ്യാലയത്തിന്റെ മാനേജർ. അത്തരം മാനേജിംഗ് കമ്മററികളുടെ പ്രതിനിധികൾ ചേർന്ന് രൂപതാടിസ്ഥാനത്തിൽ ഒരു സമിതി ഉണ്ടാക്കണം. കത്തോലിക്കാ കോൺഗ്രസ്സ് വളരെ വർഷങ്ങൾക്കു മുമ്പുതന്നെ നിർദ്ദേശിച്ച പദ്ധതിയാണിത്. നമ്മുടെ വിദ്യാലയങ്ങൾ സമൂഹത്തിന്റെ വകയാണെന്നും സമുദായത്തിന് അതിന്മേൽ അധികാരങ്ങളും അവകാശങ്ങളും അതിനോട് ചുമതലകളും ഉണ്ടെന്ന് ബോദ്ധ്യം വരുവാൻ അത് ആവശ്യമാണ്.

24-09-72

(കോളേജുസമരം നടന്നിട്ട് വർഷം 32 കഴിഞ്ഞു. ഇന്നും അൽമായരുടെ പങ്കാളിത്തം ഉറപ്പിക്കാനുള്ള യാതൊരു നീക്കവും നടന്നിട്ടില്ലെന്നത് ഖേദകരമാണ്)

www.malankaralibrary.com

# 19

# സെന്റ് തോമസ് ജൂബിലി

കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു വർഷമാണ് 1972. കേരള ക്രൈസ്തവരുടെ ആദിപിതാവായ സെന്റ് തോമസ് മൈലാപ്പൂരിൽ വച്ചു രക്തസാക്ഷിമകുടം ചൂടിയിട്ട് 19 നൂററാണ്ടുകൾ പൂർത്തിയാകുന്നത് ഈ വർഷത്തിലാണ്. ഇത് ഒരു ജൂബിലി വർഷമായി പ്രഖ്യാപിച്ചുകൊണ്ട് അതു സംബന്ധിച്ചുള്ള ആഘോഷങ്ങളും ചടങ്ങുകളും കേരളത്തിലും പുറത്തും നടത്തപ്പെടുന്നുണ്ട്. കേരളത്തിൽ കൊടുങ്ങല്ലൂരും മലയാററൂരും ജൂബിലിയാഘോഷം നടന്നു കഴിഞ്ഞു. മദ്രാസിലെ ആഘോഷങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

ഈ സന്ദർഭത്തിൽ ഇതു സംബന്ധിച്ചുള്ള നമ്മുടെ കടമ ഈ ആഘോഷങ്ങൾകൊണ്ടവസാനിച്ചുവോ എന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും. സെന്റ് തോമസ് കേരളത്തിലും ഭാരതത്തിൽ ഇതരഭാഗങ്ങളിലും സുവിശേഷ പ്രവർത്തനം നടത്തിയപ്പോൾ ആഗ്രഹിച്ചിരുന്ന ക്രൈസ്തവ സമൂഹമാണോ ഇന്നു കേരളത്തിലും ഭാരതത്തിന്റെ ഇതരഭാഗങ്ങളിലുമുള്ളത്? ക്രിസ്തു തന്റെ സുവിശേഷം വഴി അറിയിച്ച ജ്ഞാനത്തിന്റെ പാത പിന്തുടരുന്ന ഒരു ജനപഥത്തെയാണ് സെന്റ് തോമസ് ഭാരതത്തിൽ ഉടലെടുക്കണമെന്ന് ആഗ്രഹിച്ചിരുന്നത് എന്നതിൽ സംശയമില്ല. എന്നാൽ അദ്ദേഹത്തിന്റെ ഭാവനയും ഇന്നത്തെ യാഥാർത്ഥ്യവും തമ്മിലുള്ള അന്തരത്തിന് ഉത്തരവാദികൾ ആരാണ്?

ഭാരതത്തെ ക്രൈസ്തവീകരിക്കുന്നതിൽ നമുക്കു വന്നിട്ടുള്ള പരാജയങ്ങളെപ്പററി ബോധവാന്മാരാകേണ്ട സമയമാണിത്. കഴിഞ്ഞുപോയ കാലങ്ങളിലെ തെററുകളെ കണ്ടു മനസ്സിലാക്കി ഭാവിയിലേക്കു ശുഭപ്രതീക്ഷയോടുകൂടി ഒരു പരിപാടിക്കു രൂപം കൊടുക്കുകയാണ് ഇതുപോലുള്ള സന്ദർഭങ്ങളിലെ പ്രഥമ കർത്തവ്യം.

തെററിനെപ്പററി വിലയിരുത്തുകയും മാററത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുവാൻ ഇന്നല്ലെങ്കിൽ പിന്നെ എന്നാണ് സമയമുണ്ടാകുക? ഈ ജൂബിലിയാഘോഷങ്ങൾക്കു ശേഷം അതിന്റെ ഫലമായി ആ വിധത്തിലുള്ള ഒരു മാനസിക പശ്ചാത്തലം ഭാരതത്തിലെ ക്രൈസ്തവസമൂഹത്തിനുണ്ടായാൽ ഈ വർഷത്തെ നമ്മുടെ ആഘോഷങ്ങൾക്കു അർത്ഥമുണ്ട്. അതിനുള്ള കഴിവും ആത്മധൈര്യവും നമ്മുടെ ജനതയ്ക്കുണ്ടാകുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

15-04-1972

www.malankaralibrary.com

# 20

# ഒരു പുതിയ കാൽവയ്പ്

കേരള കത്തോലിക്കാ യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ മാർത്തോമ്മാശ്ലീഹാ ആദ്യമായി ഭാരതത്തിൽ വന്നിറങ്ങിയ അഴീക്കോട് മാർത്തോമ്മായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിരിക്കുന്ന അഴീക്കോട് മാർത്തോമ്മാ പൊന്തിഫിക്കൽ ഷൈറനിൽനിന്നും, വി. അപ്പസ്തോലൻ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി തിരഞ്ഞെടുത്ത മലയാറ്റൂർ മലമുകളിലേക്ക് വി.ഗ്രന്ഥവും വഹിച്ചുകൊണ്ട് ഒരു സുവിശേഷ ദൗത്യപ്രചരണ യുവജനജാഥ നവംബർ 26 –ന് ആരംഭിക്കുകയാണ്. ഈ സംരംഭം ഭാരതസഭയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ കാൽവയ്പായിരിക്കും. സുവിശേഷദൗത്യം പ്രചരിപ്പിക്കുന്നതിനുവേണ്ടി വൈദികരും അൽമായരും സന്യാസികളും വളരെയധികം പ്രവർത്തിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം സുവിശേഷദൗത്യത്തെ ആസ്പദമാക്കി പല സെമിനാറുകളും കേരളത്തിൽ സംഘടിപ്പിച്ചു കഴിഞ്ഞു. സഭ പ്രേഷിത വേലയ്ക്കുവേണ്ടിയാകയാൽ ദൈവജനത്തിന്റെ അടിസ്ഥാനപരമായ കർത്തവ്യമാണ് സുവിശേഷപ്രചരണം. എന്നാൽ ഇന്ന് നമുക്കുള്ള എല്ലാ കഴിവുകളും സുവിശേഷദൗത്യപ്രചരണത്തിനുവേണ്ടി വിനിയോഗിക്കുന്നില്ലെന്നതാണ് സത്യം. നമുക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ, സന്യാസസമൂഹങ്ങൾ, അൽമേയ സംഘടനകൾ, അഭയാർത്ഥി ഭവനങ്ങൾ, അനാഥശാലകൾ ഇവയെല്ലാം ഒന്നിളകി പ്രവർത്തിച്ചാൽ സുവിശേഷ ദൗത്യ പ്രചരണത്തിന് ശക്തികൂടും.

യുവാക്കളാണു സഭയുടെ ജീവനാഡികൾ. അൽമേയരുടെ - വിശിഷ്യാ യുവാക്കളുടെ പ്രവർത്തനമാണല്ലോ സഭയിൽ ഇന്നു കൂടുതൽ ആവശ്യമായിരിക്കുന്നത്. അതുകൊണ്ട് ഓരോ ഇടവകയിലും ചൈതന്യനിർഭരരും പ്രവർത്തന സന്നദ്ധരുമായ യുവാക്കൾക്ക് - അൽമേയർക്ക് പ്രത്യേക പരിശീലനം നൽകണം. അവരിൽ സുവിശേഷ ദൗത്യം സംബന്ധിച്ച് അഗാധമായ താല്പര്യം ജനിപ്പിക്കണം. അതാണ് ഇന്നിന്റെ ആവശ്യം. യുവാക്കളെ സുവിശേഷ ദൗത്യപ്രചരണത്തിൽ സജീവമായി ഭാഗഭാക്കാക്കുവാൻ ആധുനികമായ മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചേ മതിയാകൂ. ഈ ലക്ഷ്യം മുൻനിർത്തിയാണ് കത്തോലിക്കായുവജനസംഘടന ഒരു യുവജന ജാഥക്ക് രൂപംകൊടുത്തത്. ഈ പുതിയ കാൽവയ്പ് പുതിയ പന്ഥാവുകൾ വെട്ടിത്തുറക്കുന്നതിനും സഹായകമാകുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. രൂപതാടിസ്ഥാനത്തിൽ രാജ്യവ്യാപകമായ തോതിൽ യുവജന ജാഥകൾ സംഘടിപ്പിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള ഒരു വഴിയൊരുക്കൽ മാത്രമാണിത്.

26–ാം തീയതി അഴിക്കോട് മാർത്തോമ്മാ പൊന്തിഫിക്കൽ ഷൈറനിൽനിന്നും ആരംഭിക്കുന്ന ജാഥ വിവിധ ഇടവകകൾ സന്ദർശിക്കുന്നതും ബൈബിളിനെ കേന്ദ്രീകരിച്ച്, സുവിശേഷദൗത്യത്തെപ്പറ്റിയുള്ള ഇന്നത്തെ കാഴ്ചപ്പാട്, അതിനോടുള്ള സമീപനം, സുവിശേഷപ്രചരണത്തിന്റെ ഫലം

www.malankaralibrary.com

വ്യക്തിയുടേയും കുടുംബത്തിന്റെയും നിലവാരത്തിലുള്ള സുവിശേഷദൗത്യ പ്രചരണം, ഇടവക-രൂപത- പ്രാദേശിക- ദേശീയാടിസ്ഥാനത്തിൽ ഈ ലക്ഷ്യം മുൻനിർത്തി യുവാക്കൾ എങ്ങനെ പ്രവർത്തിക്കണം എന്നീ വിഷയങ്ങളെപ്പറ്റി പ്രസംഗിക്കുന്നതുമാണ്.

വി. ഗ്രന്ഥവും വഹിച്ചുകൊണ്ടു നീങ്ങുന്ന ജാഥയ്ക്ക് നടവരമ്പ്, ഇരിങ്ങാലക്കുട, പുല്ലൂർ, കല്ലേറ്റുങ്കര, ആളൂർ, പോട്ട, ചാലക്കുടി, കൊരട്ടി എന്നീ കേന്ദ്രങ്ങളിൽവെച്ചു സ്വീകരണം നൽകുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്തുകഴിഞ്ഞു. ജാഥയിൽ പങ്കെടുക്കുന്നവർ 25-ാം തീയതി ആളൂർ ബറ്റർ ലൈഫ് സെന്ററിൽവെച്ചു കെ.സി.വൈ.ഒയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മാർത്തോമ്മാ സിമ്പോസിയത്തിലും പങ്കെടുക്കും. മലയാറ്റൂർ മലമുകളിൽ വെച്ചു നടക്കുന്ന സമാപന സമ്മേളനത്തോടുകൂടി ജാഥാ അവസാനിക്കും.

യാതൊരു സമരമുഖവുമില്ലാതെ ആദ്ധ്യാത്മിക വിപ്ലവം മാത്രം ലക്ഷ്യമാക്കി നടത്തുന്ന ഈ പരിപാടികളുടെ വിജയത്തിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

05-11-1972

## 21

# സുവിശേഷ ദൗത്യപ്രചരണ യുവജനജാഥ

കേരളകത്തോലിക്കാ യുവജനസംഘടനയുടെ ആഭിമുഖ്യത്തിലും പ്രസിഡന്റ് ജോൺ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിലും വി. ഗ്രന്ഥവും വഹിച്ചുകൊണ്ട് അഴീക്കോട്ടെ മാർത്തോമ്മാ പൊന്തിഫിക്കൽഷ്റൈനിൽനിന്നും 1972 നവംബർ 26-ന് ആരംഭിച്ച സുവിശേഷ ദൗത്യപ്രചരണയുവജന ജാഥയ്ക്ക് നാടുനീളെ ഗംഭീര സ്വീകരണങ്ങൾ നൽകപ്പെട്ടു. വി.ഗ്രന്ഥത്തെ മാലയിട്ടും പൂക്കൾ വിതറിയും ഭക്തജനങ്ങൾ ആവേശകരമായി സ്വീകരിച്ചു. ചില സ്ഥലങ്ങളിൽ ബാന്റുമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ നൂറുകണക്കിനാളുകൾ ചേർന്നു സ്വീകരിച്ചു.

മാർത്തോമ്മാശ്ലീഹാ ആദ്യം ഭാരതത്തിൽ വന്നിറങ്ങിയ അഴീക്കോട്ടെ മാർത്തോമ്മാ പൊന്തിഫിക്കൽഷ്റൈനിൽ ഫാ. ജോസ് അക്കരക്കാരൻ ദിവ്യബലി അർപ്പിച്ചതോടെയാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. ദിവ്യബലിക്കു ശേഷം ഫാ. ജോസ് അക്കരക്കാരൻ പ്രസിഡന്റ് ജോൺ കച്ചിറമറ്റത്തെ വി.ഗ്രന്ഥത്തിന്റെ കോപ്പി ഏൽപ്പിച്ചുകൊണ്ട് സുവിശേഷ ദൗത്യപ്രചരണജാഥാ ഉൽഘാടനം ചെയ്തു. സുവിശേഷമാണ് യുവാക്കളുടെ മാർഗ്ഗദീപമെന്നും സുവിശേഷചൈതന്യത്തിൽ യുവജനങ്ങൾ വളർന്നു വരണമെന്നും ഫാ. അക്കരക്കാരൻ ഉൽബോധിപ്പിച്ചു.

ജാഥക്ക് നടവരമ്പ്, ഇരിങ്ങാലക്കുട, പുല്ലൂർ, കല്ലേറ്റുങ്കര, ആളൂർ, പോട്ട, ചാലക്കുടി, കൊരട്ടി, അങ്കമാലി, കാലടി, മലയാറ്റൂർ എന്നിവിടങ്ങളിൽ ഗംഭീ

www.malankaralibrary.com

രസ്വീകരണങ്ങൾ നൽകപ്പെട്ടു. ജാഥാംഗങ്ങൾ കാൽനടയായി മലയാറ്റൂർ മലമുകളിലേക്ക് മൂന്നുമണിക്ക് പുറപ്പെട്ടു. മലമുകളിലെത്തി വി. ഗ്രന്ഥം അവിടെ സ്ഥാപിച്ചു. തുടർന്ന് സമാപന സമ്മേളനം നടന്നു. പ്രസിഡന്റ് ജോൺ കച്ചിറമറ്റം ആദ്ധ്യക്ഷം വഹിച്ചു. ഇതുപോലെ എല്ലാവർഷവും ജാഥാ സംഘടിപ്പിക്കണമെന്ന് ഫാ. അക്കരക്കാരൻ ഓർമ്മിപ്പിച്ചു. സമാപനസമ്മേളനത്തിൽ താഴെക്കാണുന്ന പ്രമേയങ്ങൾ പാസ്സാക്കി.

1. കേരള കത്തോലിക്കാ യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ സമാരംഭിച്ചിരിക്കുന്ന ഈ സുവിശേഷദൗത്യപ്രചരണയുവജനജാഥയും യുവജന ക്യാമ്പും വിപുലമായ തോതിൽ എല്ലാ വർഷവും സംഘടിപ്പിക്കണമെന്ന് തീരുമാനിക്കുന്നു.

2. സുവിശേഷ പഠനത്തിന് യുവജനങ്ങൾക്കും സാധാരണ ജനങ്ങൾക്കും പ്രത്യേകാൽ യാതൊരു സൗകര്യവും ഇന്നില്ല. വൈദികർക്കും സന്യാസികൾക്കും ലഭിക്കുന്നതുപോലെ സുവിശേഷപഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ഹൈരാർക്കിയോടഭ്യർത്ഥിക്കുന്നു.

3. ദൈവശാസ്ത്രപരമായ പഠനത്തിന് അൽമായർക്ക് ഇന്ന് യാതൊരു സൗകര്യങ്ങളുമില്ല. ഇന്ന് കേരളത്തിലുള്ള സെമിനാരികളിൽ അവധിക്കാലത്ത് ദൈവശാസ്ത്രപരമായ പഠനത്തിന് കത്തോലിക്കാ യുവജനങ്ങൾക്ക് സൗകര്യമേർപ്പെടുത്തണമെന്ന് ഹൈരാർക്കിയോടും സെമിനാരി അധികൃതരോടും അഭ്യർത്ഥിക്കുന്നു.

## 22

# എ.കെ.സി.സി. പ്രവർത്തനം മലബാറിൽ

കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തലശ്ശേരി രൂപതയിൽ എ.കെ.സി.സി. നേതാക്കൾ പര്യടനം നടത്തി. പ്രസിഡണ്ട് കെ.പി. ജോൺ, സെക്രട്ടറി കെ.ജെ. ചാണ്ടി, ട്രഷറർ എൻ.കെ. ജോസ്, യുവജനസംഘടനാ പ്രസിഡണ്ട് ജോൺ കച്ചിറമറ്റം, അഡ്വ. എ.പി ജോർജ്ജ്, കെ.റ്റി. തോമസ് എന്നിവരടങ്ങിയ ഒരു ടീമാണ് മലബാറിൽ പര്യടനം നടത്തിയത്. താഴെ പറയുന്ന ഇടവകകളിൽ പ്രവർത്തക കൺവെൻഷൻ വിളിച്ചുകൂട്ടുകയുണ്ടായി.

പേരാവൂർ, ഓടൻതോട്ട്, ചെമ്പേരി, കുളത്തുവയൽ, മാനന്തവാടി, കട്ടറപ്പാടി, നസ്രത്തുകുന്ന്, നെന്മേനി, കിളിയന്തറ, നെല്ലിയ്ക്കാംപൊയിൽ, കൊളക്കാട്, ആനപ്പന്തി, കല്ലോടി, കീഴ്പ്പള്ളി, കരിക്കോട്ടക്കരി, അങ്ങാടിക്കടവ്, തിരുവമ്പാടി, ചെമ്പൻതൊട്ടി, ഷീരാടി, നരസിംഹപുരം, കണ്ണോത്ത്, തെനേരി, പുലികുരുമ്പ, കോഴിക്കോട്, പാടത്തുകടവ്, തലശ്ശേരി, വായാട്ടുപറമ്പ്, വെള്ളാട്, പാലാവയൽ, ചപ്പാൻതോട്ടം, കുണ്ടുതോട്ട്, മരുതോങ്കര, ചെമ്പനോട്, തേക്കുംകുറ്റി, നെല്ലിക്കുറ്റി, ചുണ്ടപ്പറമ്പ്, കുടിയാന്മല, കൊളക്കാട്, കുന്നോത്ത്, കിളിയ

www.malankaralibrary.com

ന്തറ, പുറവയൽ, മാട്ടറ, പെരുംപുന്ന, ചെറുപുഴ, തിരുമേനി, പുളിങ്ങോം, തോട്ടുമുഖം, പുഷ്പഗിരി, ആനിക്കാംപോയിൽ, വിളക്കാംതോട്, പുല്ലൂരാംപാറ, വേനപ്പാറ, കല്ലാനോട്ട്, കണ്ണോത്ത്, കോടഞ്ചേരി, കൂരാച്ചുണ്ട്, കുളത്തുവയൽ, തിരുവാമ്പാടി, കൂടരഞ്ഞി - എല്ലാ ഇടവകകളിലും അഡ്ഹോക്ക് കമ്മറ്റിക്ക് രൂപം കൊടുത്തു.

1972

## 23

# ഗൂഡല്ലൂർ പ്രശ്നം ചില യഥാർത്ഥ്യങ്ങൾ

കേരളത്തോടു തൊട്ടു കിടക്കുന്ന ഒരു പ്രദേശമാണ് ഗൂഡല്ലൂർ. കോഴിക്കോട്ടുനിന്നും 62 മൈലകലെയാണ് ഗൂഡല്ലൂർ താലൂക്കിന്റെ അതിർത്തി. കേരളത്തിലെ സുൽത്താൻ ബത്തേരിയോടു ചേർന്നാണ് ഗൂഡല്ലൂർ താലൂക്ക് സ്ഥിതി ചെയ്യുന്നത്. ഗൂഡല്ലൂർ താലൂക്കിൽ ചേരാംകോട്ട്, നെല്ലിയാളം, നെല്ലാക്കോട്ട, ഗൂഡല്ലൂർ, ശ്രീമധുര, ഓവാലി, മസ്നക്കുടി, ദേവർഷോല, സീഫോറത്ത് എന്നീ 9 പഞ്ചായത്തുകളുണ്ട്. 9 പഞ്ചായത്തുകളിലായുള്ള 114 മെമ്പർമാരിൽ 107 പേരും 8 പഞ്ചായത്തു പ്രസിഡണ്ടുമാരും മലയാളികളാണ്. ഇതിൽനിന്നും ഗൂഡല്ലൂർ മലയാളികളുടെ നാടാണെന്ന് മനസ്സിലാക്കാം. 95 ശതമാനം ആളുകളും മലയാളികൾ തന്നെ. ഇവിടുത്തെ ജനങ്ങളിൽ 50 ശതമാനം ഹിന്ദുക്കളും 35 ശതമാനം ക്രിസ്ത്യാനികളും 10 ശതമാനം മുസ്ലീങ്ങളുമുണ്ട്. ആദിവാസികളായ ചെട്ടി സമുദായത്തിൽപ്പെട്ടവരും ഹരിജനങ്ങളും വേറെയും.

രണ്ടാം ലോക മഹായുദ്ധത്തിനുശേഷമുണ്ടായ ഭക്ഷ്യക്ഷാമത്തെത്തുടർന്ന് ഒരു കാലത്ത് മലബാറിന്റെ ഭാഗമായിരുന്ന ഗൂഡല്ലൂരിലേക്ക് 30 വർഷങ്ങൾക്കുമുമ്പ് കുടിയേറ്റം ആരംഭിച്ചത്. അന്നു വയനാടിന്റെ ഭാഗമായിരുന്നു ഗൂഡല്ലൂർ. കാടിനോടും കടുവായോടും കാട്ടുമൃഗങ്ങളോടും മഹാമാരികളോടും മല്ലടിച്ചു കുടിയേറിയ കർഷകരോട് അന്നത്തെ ഭരണാധികാരികൾ നീതിപൂർവ്വകമായി പെരുമാറുകയും കുടിയേറ്റത്തിനുവേണ്ട പ്രോത്സാഹനം നൽകുകയും കൂടുതൽ ഭൂമി വെട്ടിത്തെളിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. അദ്ധ്വാനശീലരായ കർഷകജനത ഒരു ദശവർഷംകൊണ്ട് വയനാടിനെ കനകം വിളയിക്കുന്ന ഗ്രാമങ്ങളാക്കി മാറ്റിയെടുത്തു. ഇപ്പോൾ ഒരു ലക്ഷത്തിലധികം കർഷകർ അവിടെ താമസിക്കുന്നുണ്ട്.

1956-ൽ നടന്ന ഭാഷാടിസ്ഥാനത്തിലുള്ള പുന:സംഘടനയെ തുടർന്നു ഭാഷാടിസ്ഥാനമെന്ന് തത്വത്തെ തന്നെ ബലികഴിച്ചുകൊണ്ട് മദ്രാസിന്റെ സമ്മർദ്ദങ്ങൾക്കു വഴങ്ങി. ഗൂഡല്ലൂർ മദ്രാസിനോടു ചേർക്കപ്പെട്ടു. കേരളീയർ ഗൂഡല്ലൂരിനോടു നീതി കാണിക്കുവാൻ ശ്രമിച്ചുമില്ല. കേരള വയനാട്ടിലും മദ്രാസിന്റെ ഭാഗമായ ഗൂഡല്ലൂരിലും ഒരു കാലത്താണ് കുടിയേറ്റം ആരംഭിച്ചത്. കേരളവയനാട്ടിലെ കർഷകർക്കു 1963-ൽ പട്ടയം കേരള ഗവൺമെന്റു നൽകി.

www.malankaralibrary.com

ഗൂഡല്ലൂരിലെ കർഷകർക്ക് ഇന്നുവരെ പട്ടയം കിട്ടിയിട്ടില്ല. 1967-ൽ ഡി.എം. കെ. മദ്രാസിൽ അധികാരം ഏറ്റെടുത്തതോടുകൂടി മലയാളി വിരോധവും വർദ്ധിച്ചു. 1969-ൽ ഗൂഡല്ലൂർ കർഷകരെ കുടിയിറക്കുവാനുള്ള ഒരു നീക്കം ഡി.എം. കെ. ഗവൺമെന്റ് ആരംഭിച്ചെങ്കിലും കർഷകർ അതിനെ താൽക്കാലികമായി ചെറുത്തു തോൽപ്പിക്കുകയുണ്ടായി. അന്നു കർഷകർക്ക് 3 ഏക്കർ വീതം പട്ടയം നൽകാമെന്നു സർക്കാർ സമ്മതിച്ചെങ്കിലും ആ വാഗ്ദാനം പോലും പാലിക്കാതെ ഗൂഡല്ലൂരിൽനിന്നും മലയാളികളെ നാടുകടത്താനാണു ശ്രമം. കർഷകരെക്കൊണ്ട് കള്ളരേഖകളിൽ ഒപ്പുവയ്പിച്ചും ഭൂമി പിടിച്ചെടുത്തു കാടു പിടിപ്പിച്ചും കർഷകരെ ദ്രോഹിക്കുവാനാണു പ്ലാൻ.

ഇന്ത്യയിലെ ഏതു മുക്കിലും മൂലയിലും പോയി ജോലി ചെയ്യാനും താമസിക്കുവാനും ഓരോ പൗരനും കടമയുണ്ട്. തമിഴ്നാട്ടിലെ ഒരു പൗരനു 32 ഏക്കർ കൈവശം വയ്ക്കാമെന്നു വ്യവസ്ഥയുള്ളപ്പോൾ അവിടെ താമസിക്കുന്ന മലയാളികൾക്കു മൂന്ന് ഏക്കർ മാത്രമേ കൊടുക്കുകയുള്ളൂവെന്ന വ്യവസ്ഥ നീതികേടാണ്. ചില കർഷകരുടെ ഭൂമികൾ ചതിവിൽ സർക്കാർ പിടിച്ചെടുക്കുകയും അവിടെ സർക്കാർ കാടു പിടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആ കാടു പിടിപ്പിച്ച സ്ഥലത്തിന്റെ നികുതിയും കൃഷിക്കാർ അടയ്ക്കുന്നുണ്ട്. അതു ചോദ്യം ചെയ്യുവാൻപോലും കർഷകർക്ക് അനുവാദം ഇല്ലാതായിരിക്കുന്നു. ഇൻകംടാക്സ് അടയക്കുന്ന കർഷകരും അവിടെയുണ്ട്. അവരെയെല്ലാം കയ്യേറ്റക്കാരെന്നു പറഞ്ഞു മുദ്രയടിച്ച് ഇറക്കിവിടുവാനാണ് ശ്രമം.

കർഷകരെ കുടിയിറക്കുവാൻ തമിഴ്നാട് ഗവൺമെന്റ് രണ്ടു ഹീന മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ചതിവിൽ കള്ളരേഖകളിൽ ഒപ്പിടുവിച്ചു കുടിയിറക്കുക കൂടാത കൃഷിക്കാരുടെ താമസത്തിനു ചുറ്റും ഗ്രാൻഡീസ് തുടങ്ങിയ മരങ്ങൾ വച്ചു പിടിപ്പിച്ചു ദ്രോഹിച്ചു കുടിയിറക്കുക. 70 അടി ഉയരത്തിൽ വളരുന്ന വൃക്ഷമാണ് ഗ്രാൻഡീസ്. ഗ്രാൻഡീസ് വച്ചു പിടിപ്പിച്ചാൽ ചേരാംകോട്ടു വനത്തിൽനിന്നും ആന, കരടി, മുതലായ വന്യമൃഗങ്ങൾ ആ പ്രദേശത്തേക്കു വന്നുകൊണ്ടിരിക്കും. 5 വർഷം മുമ്പ് ഗ്രാൻഡീസ് വച്ചു പിടിപ്പിച്ച സ്ഥലത്തെല്ലാം ഇപ്പോൾ ആന, കരടി മുതലായ മൃഗങ്ങളുണ്ടു താനും. ഇപ്പോൾ എരുമേട തുടങ്ങിയ സ്ഥലങ്ങളിൽ 50,000 ഏക്കർ സ്ഥലം ഗ്രാൻഡീസ് കഴിഞ്ഞ വർഷം വെച്ചു പിടിപ്പിച്ചിട്ടുണ്ട്. 5 വർഷത്തിനകം ഗൂഡല്ലൂർ താലൂക്കാകമാനം വന്യമൃഗങ്ങൾ ശല്യം ചെയ്യുന്നതിന് ഇതു ഇടവരുത്തും. കർഷകർ താനേ നാടുവിടേണ്ടിവരും.

എ.കെ.സി.സി. പ്രസിഡണ്ട് ജനറൽ സെക്രട്ടറി എന്നിവരോടൊത്ത് ഈ ലേഖകന് ഗൂഡല്ലൂർ താലൂക്കു സന്ദർശിച്ചു വിവരങ്ങൾ ഗ്രഹിച്ചു. കർഷകർ വലിയൊരു ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. എന്നാൽ അവർ ഇന്നു സംഘടിച്ചു കർഷകദ്രോഹ നടപടികളെ ചെറുക്കുന്നതിന് തയ്യാറായിരിക്കുന്നു. ഏതാനും തമിഴരുടെ മലയാളി വിരോധത്തിനെതിരെ ഗൂഡല്ലൂർ കർഷക സമരം വിജയിക്കേണ്ടത് ആവശ്യ

www.malankaralibrary.com

മാണ്. ആയതിനാൽ ഗൂഡല്ലൂർ കർഷകർക്കുവേണ്ട സംരംക്ഷണം നൽകുവാനും ഗൂഡല്ലൂർ കർഷകപ്രശ്നം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുവാനും കക്ഷിരാഷ്ട്രീയത്തിനും ജാതിചിന്തയ്ക്കും അതീതമായി സകല ജനതയും ഒറ്റക്കെട്ടായി മുന്നേറണമെന്നും അവർക്കുവേണ്ട പ്രസിദ്ധീകരണങ്ങൾ നൽകുവാൻ എല്ലാ പൊതുജനജിഹ്വകളും തയ്യാറാകണമെന്നും വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു. മലയാളി കർഷകപ്രശ്നം വിജയത്തിലെത്തിക്കുന്നതിന് കേരളഗവൺമെന്റിന് ധാർമ്മിക കടമയുണ്ട്. ചുരുളി കീരിത്തോടും അമരാവതിയും സൃഷ്ടിച്ച കേരളസർക്കാർ ഇക്കാര്യത്തിൽ എന്തുമാത്രം താല്പര്യം കാണിക്കുമെന്നുള്ളതു കണ്ടറിയണം.

15-02-1973

# 24

# പാസ്റ്ററൽ കൗൺസിലും സാമുദായിക സംഘടനകളും

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ഇന്നു രൂപതകൾതോറും സംഘടിപ്പിക്കപ്പെട്ടിട്ടുള്ള പാസ്റ്ററൽ കൗൺസിലുകളും അതാതു രൂപതകളിലെ അൽമേനികളുടെ സാമുദായികസംഘടനകളും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെപ്പറ്റിയും റിപ്പോർട്ടു സമർപ്പിക്കുവാൻ കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യ 72 നവ. 19-ാം തീയതി റാഞ്ചിയിൽ വച്ചു കൂടിയ യോഗത്തിൽ ഒരു കമ്മറ്റിയെ നിയമിക്കുകയുണ്ടായി.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അൽമായരെപ്പറ്റിയുള്ള ഡിക്രിയിലെ 24-ാം ഖണ്ഡികയിൽ അത്മായ പ്രേഷിതത്വത്തിന്റെ വിവിധ വശങ്ങളെപ്പറ്റിയും ഹൈരാർക്കിയുമായുള്ള ബന്ധത്തെപ്പറ്റിയും വ്യക്തമായി വിവരിക്കുന്നുണ്ട്. ക്രൈസ്തവ സിദ്ധാന്തങ്ങളെ പഠിക്കുന്നതിനും ആത്മാക്കളെ രക്ഷിക്കുന്നതിനും മറ്റുമുള്ള ചില ചുമതലകൾ ഹൈരാർക്കി അൽമേനികളെ ഏൽപ്പിക്കുന്നുണ്ട്. രൂപതാ മേലദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങൾക്കു പൂർണ്ണമായി വിധേയമായിക്കൊണ്ടു അൽമേനികൾക്കു ഈ ചുമതല നിർവഹിക്കാവുന്നതാണ്.

അതിനാൽ സാമുദായിക സംഘടനകളുടെയും പാസ്റ്ററൽ കൗൺസിലുകളുടേയും പ്രവർത്തനരംഗം വ്യക്തമായും വ്യത്യസ്തമാണ്. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും പറ്റിയുള്ള സിദ്ധാന്തങ്ങളുടെ പ്രചരണം ക്രൈസ്തവസമൂഹത്തിന്റെ ആദ്ധ്യാത്മിക സംരംക്ഷണം തുടങ്ങിയവയോടു ബന്ധപ്പെട്ടതാണ് പാസ്റ്ററൽ കൗൺസിലുകളുടെ പ്രവർത്തനരംഗം.

എന്നാൽ ദേശീയ പശ്ചാത്തലത്തിൽ രാഷ്ട്രീയവും സാമൂഹ്യവും പൗരധർമ്മപരവുമായ രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കേണ്ടത് ക്രൈസ്തവ

www.malankaralibrary.com

സമൂഹത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കേണ്ടതും സാമുദായിക സംഘടന കളുടെ ചുമതലയാണ്. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള താല്പ ര്യങ്ങളെ സമുദായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും അനുപേക്ഷ ണീയമായ വിധത്തിൽ സംരക്ഷിക്കേണ്ടതും അവയുടെ ചുമതലയാണ്.

പാസ്റ്ററൽ കൗൺസിലിൽ ഉത്തരവാദിത്വം ഏറ്റെടുക്കുവാനും തീരുമാനം സ്വീകരിക്കുവാനുമുള്ള അവസാന അധികാരം ബിഷപ്പിനാണ്. എന്നാൽ കത്തോലിക്കരുടെ സാമുദായിക സംഘടനകളിൽ തീരുമാനം എടുക്കുവാനും നടപ്പാക്കുവാനുമുള്ള പൂർണ്ണമായ അധികാരം ആ സംഘടനകൾക്കുതന്നെ യാണ്. ക്രൈസ്തവസിദ്ധാന്തങ്ങളുടെ കാര്യത്തിൽ ഹൈരാർക്കിയുടെ ഉപ ദേശം ആരായുവാനും ചർച്ച ചെയ്യുവാനും പ്രസ്തുത സംഘടനകൾക്കു ചുമ തലയുണ്ട് എന്നു മാത്രം.

അതിനാൽ ഒരേ സമയം ഒരാൾക്കുതന്നെ പാസ്റ്ററൽ കൗൺസിലിലും സാമുദായിക സംഘടനയുടെ ഔദ്യോഗിക സ്ഥാനത്തും തുടരാവുന്നതാണ്. പാസ്റ്ററൽ കൗൺസിലിൽ ആയാൾ ഹൈരാർക്കിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കും. സാമുദായിക സംഘടനയിൽ ആ സംഘടനയുടെ പരമാധി കാരസഭയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കും.

15-09-1973

# 25

# ജൂബിലി വർഷം

1975 ജൂബിലി വർഷമായി പരിശുദ്ധപിതാവ് പോൾ ആറാമൻ തിരു മേനി പ്രഖ്യാപിച്ചിരിക്കുകയാണ്. ഓരോ ഇരുപത്തഞ്ചുവർഷം കൂടുമ്പോഴും ജൂബിലി വർഷമായി ആഘോഷിക്കുന്ന പതിവ് സഭയിൽ നേരത്തെ മുതൽ നടപ്പാക്കിയിരുന്നതാണ്. മുൻകാലങ്ങളിൽ ജൂബിലി വർഷത്തോടനുബന്ധിച്ച് റോമിൽ നടക്കുന്ന ആഘോഷത്തിനുശേഷമാണ് പ്രാദേശികസഭകളിൽ ജൂബിലി വർഷാഘോഷം നടക്കാറുള്ളത്. എന്നാൽ ഈ പ്രാവശ്യം ദേശീയ സഭക ളിലെ ആഘോഷങ്ങൾക്കു ശേഷം 1975-ൽ റോമിൽ ആഘോഷങ്ങൾ നടത്തുക എന്ന ഒരു പുതിയ രീതിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതനുസരിച്ച് ദേശീയ സഭ കളിലെ ജൂബിലി വർഷാചരണത്തിന്റെ ഉൽഘാടനം 73 ജൂൺ 10-ന് പെന്ത ക്കുസ്താ തിരുനാൾ ദിവസം നടത്തപ്പെടുകയുണ്ടായി.

ജൂബിലി വർഷാചരണത്തിലെ ഏറ്റവും പ്രധാനമായ ചടങ്ങ് വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ റോമിലെ തിരുക്കല്ലറകൾ സന്ദർശിക്കുക എന്നതാണ്. എന്നാൽ ദൂരദേശങ്ങളിലുള്ള എല്ലാ വിശ്വാസികൾക്കും അതു സാദ്ധ്യമല്ലാത്തതിനാൽ അതാതു ദേശീയസഭകളിലെ ജൂബിലി വർഷാചരണ ങ്ങളിൽ പങ്കെടുത്തു തങ്ങളുടെ കടമ പൂർത്തിയാക്കുവാൻ ഇന്ത്യൻ ബിഷപ്പ്സ് കോൺഫ്രൻസ് ഇന്ത്യയിലെ കത്തോലിക്കരെ ആഹ്വാനം ചെയ്തിരിക്കുക യാണ്.

www.malankaralibrary.com

1975-ലെ ജൂബിലി വർഷത്തിന്റെ മുദ്രാവാക്യമായി പരിശുദ്ധ പിതാവു നിശ്ചയിച്ചിരിക്കുന്നതു Reconciliation (രമ്യപ്പെടൽ) ആണ്.

മനുഷ്യൻ ദൈവമായും ലോകവുമായും രമ്യപ്പെടേണ്ടതാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം സാധിതമാകണമെങ്കിൽ ആ ലക്ഷ്യവുമായി മനുഷ്യൻ പൊരുത്തപ്പെടണം. ദൈവം സൃഷ്ടിച്ചിരിക്കുന്ന എല്ലാ മനുഷ്യരും ദൈവത്തിന്റെ ലക്ഷ്യവുമായി പൊരുത്തപ്പെടണമെങ്കിൽ മനുഷ്യർ എല്ലാവരും പരസ്പരം പൊരുത്തപ്പെടണം.

മനുഷ്യന്റെ പരസ്പരമുള്ള രമ്യപ്പെടലിൽ സഭയ്ക്കുള്ളിലെ രമ്യപ്പെടലും സഭയ്ക്കു പുറമെയുള്ള രമ്യപ്പെടലും ഉൾക്കൊള്ളുന്നു. കുടുംബങ്ങളിലും കുടുംബങ്ങൾ തമ്മിലും ഇടവകകളിലും രൂപതകളിലും സന്യാസസമൂഹങ്ങളിലും പ്രാദേശിക സഭകളിലും സഭകൾ തമ്മിലുള്ള രമ്യപ്പെടലും അതിൽ ഉൾക്കൊള്ളുന്നുണ്ട്.

കുടുംബങ്ങളിൽ ഇന്നുണ്ടായിരിക്കുന്ന തലമുറകൾ തമ്മിലുള്ള വിടവ് (genertion gap) വർദ്ധിപ്പിക്കുന്ന പരിതസ്ഥിതിയിൽ ആധുനിക ചിന്താഗതികൾ അംഗീകരിച്ച യുവജനങ്ങളും പ്രസ്തുത ചിന്താഗതികളുമായി പൊരുത്തപ്പെടുവാൻ പ്രയാസപ്പെടുന്ന വയോധികരുമായുള്ള രമ്യപ്പെടൽ ഇന്ന് ആവശ്യമെന്ന് ഇരു ഭാഗക്കാരുടെയും വീക്ഷണങ്ങളെ പരസ്പരം അറിയുകയും പ്രസ്തുത വീക്ഷണങ്ങളെ സ്വീകരിക്കുവാൻ ഓരോ വിഭാഗം ജനങ്ങളേയും പ്രേരിപ്പിക്കുന്ന ഭൗതിക ചുറ്റുപാടുകളേയും പാരമ്പര്യത്തെയും പരസ്പരം മനസ്സിലാക്കുകയും സഹിഷ്ണുതയോടുകൂടി അവയെ എല്ലാം അംഗീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

സ്വന്തം അഭിപ്രായത്തിന് അനുകൂലമല്ലാത്ത നിലപാട് സ്വീകരിക്കുന്നവരെ വെറുക്കുകയും പരാജയപ്പെടുത്തുവാൻ പരിശ്രമിക്കുകയും ചെയ്യുന്നതിനു പകരം അവർ പ്രസ്തുത നിലപാടു സ്വീകരിക്കുവാനുണ്ടായ കാരണങ്ങളെപ്പറ്റി പഠിക്കുകയും സ്വന്തം നിലപാട് അവരെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കുകയും അവരുടെ നിസ്സഹായതയിൽ അനുതപിക്കുകയും അവരുമായി ദീർഘമായ ഡയലോഗ് തുറന്ന ഹൃദയത്തോടുകൂടി നടത്തുകയും ചെയ്യേണ്ടത് ഇന്നു കുടുംബങ്ങളിൽ മാത്രമല്ല ഇടവകകളിലും കത്തോലിക്കാ സംഘടനകളിലും രൂപതകളിലും പ്രവർത്തനത്തിന്റെ എല്ലാ രംഗങ്ങളിലും വിജയത്തിന് ആവശ്യമാണ്.

ദേശീയ ജീവിതത്തിൽ ക്രൈസ്തവനും ക്രിസ്തുവിന്റെ സന്ദേശങ്ങൾക്കും വഹിക്കുവാനുള്ള മഹത്തായ കടമയെ നിവർത്തിയാക്കുന്നതിനു ഇതര ജനവിഭാഗങ്ങളുമായി രമ്യപ്പെടേണ്ടതാവശ്യമാണ്. സ്വന്തം ജനത്തിന്റെ മാത്രം നന്മയും ക്ഷേമവും ലക്ഷ്യമാക്കി അവരുടെയിടയിൽമാത്രം പ്രവർത്തനങ്ങളെ ഒതുക്കി നിറുത്തുന്ന പഴയകാല പ്രവർത്തനരീതി അവസാനിപ്പിക്കുകയും നാടും രാഷ്ട്രവും നന്നായാൽ മാത്രമേ എല്ലാവർക്കും നന്മയും ക്ഷേമവും കൈവ

www.malankaralibrary.com

രിക്കുകയുള്ളൂ എന്ന ലക്ഷ്യം മനസ്സിലാക്കി പ്രവർത്തിക്കുകയും എല്ലാവരും ദൈവത്തിന്റെ മക്കളാണ് എന്ന് അംഗീകരിക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

വിശുദ്ധവർഷം പ്രമാണിച്ചു 74 സെപ്തംബറിൽ റോമിൽ വച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയം ആധുനികലോകത്തിൽ ക്രൈസ്തവൽക്കരണം എന്നതാണ്. പ്രസ്തുത സിനഡിന്റെ ഒരു ഭാഗമായി ഭാരതത്തിൽവച്ച് ഭാരതത്തിലെ ക്രൈസ്തവൽക്കരണം എന്ന വിഷയത്തെപ്പററി ഒരു ചർച്ചാസമ്മേളനവും നടക്കുന്നതാണ്.

ഭാരതത്തെ ക്രൈസ്തവൽക്കരിക്കുവാൻ 19 നൂററാണ്ടുകൾക്കു മുമ്പു ആരംഭിച്ചു എങ്കിലും ഇന്ന് അതിന്റെ വളരെ നിസ്സാരമായ ഒരു ഭാഗം മാത്രമേ നിർവ്വഹിച്ചു കഴിഞ്ഞിട്ടുള്ളു. ഒരു രാജ്യത്തെ ക്രൈസ്തവരുടെ എണ്ണം നോക്കി ക്രൈസ്തവൽക്കരണത്തിന്റെ വിജയം നിർണ്ണയിക്കുന്ന കാലം കഴിഞ്ഞിരിക്കുകയാണ്. മനുഷ്യന്റെ ജീവിതലക്ഷ്യം സാധിതമാകുന്നതിനു ക്രിസ്തു നൽകിയ സന്ദേശങ്ങൾ മനുഷ്യർ എത്രമാത്രം അംഗീകരിച്ചു എന്നു നോക്കി ക്രൈസ്തവൽക്കരണത്തിന്റെ വിജയത്തെ ആധുനിക ലോകത്തിൽ അളക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ക്രിസ്തുവിന്റെ സന്ദേശം എത്രമാത്രം ദേശീയ ജീവിതതലത്തിൽ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു ഇനിയും ഏതെല്ലാം തലങ്ങളിൽ അംഗീകരിക്കുവാനുണ്ട് എന്നെല്ലാമാണ് ഈ അവസരത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നത്. ഭാരതത്തിലെ ജനങ്ങളെ മുഴുവനും ക്രിസ്തുമതവിശ്വാസികളാക്കി ഭാരതത്തെ ക്രൈസ്തവത്കരിക്കേണ്ട കാലം കഴിഞ്ഞിരിക്കയാണ്. ക്രൈസ്തവനാമം സ്വീകരിച്ചവർ എത്രമാത്രം ക്രൈസ്തവരായിട്ടുണ്ട് എന്നതും ഈ അവസരത്തിൽ ചിന്തനീയമാണ്.

നമ്മുടെ ഇടവകകളിൽ നടക്കുന്ന കത്തോലിക്കാ പ്രവർത്തനങ്ങൾ ക്രിസ്തുവിന്റെ സന്ദേശത്തിൽ എത്രമാത്രം ആകൃഷ്ടമായതാണ്. അവ നമ്മുടെ ലക്ഷ്യം സാധിക്കുന്നതിന് എത്രമാത്രം പ്രയോജനപ്പെട്ടു എന്നെല്ലാം പരിശോധിക്കേണ്ട അവസരം ഇതാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും ഒരു പുനരവലോകനത്തിനു വിധേയമാക്കേണ്ടതുണ്ട്. ക്രൈസ്തവനേയും അക്രൈസ്തവനേയും വ്യത്യസ്തമായിട്ടാണോ നാം നമ്മുടെ പ്രവർത്തനങ്ങളിൽ ദർശിക്കുന്നത്? നമ്മുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യം അതിന്റെ പ്രയോജനം ലഭിക്കുന്നവരുടെ പ്രയോജനമാണോ അതോ നാം എന്തെങ്കിലും പ്രവർത്തിച്ചു എന്നു വരുത്തിത്തീർക്കലാണോ? ഇതരസംഘടനകളുമായി മത്സരിക്കുക എന്നതാണോ നമ്മുടെ ലക്ഷ്യം. എന്നെല്ലാം നാം സ്വയം പരിശോധിക്കേണ്ടിയിരിക്കുന്നു.

25 വർഷത്തിൽ ഒരിക്കൽ സ്വയം ഒരു ആത്മപരിശോധന നടത്തുവാനുള്ള അപൂർവ്വാവസരമായ ജൂബിലി വർഷം ഒരു പുതിയ ലക്ഷ്യവും ഒരു പുതിയ പ്രവർത്തന പന്ഥാവും നമുക്കു പ്രദാനം ചെയ്യട്ടെ.

15-10-1973

www.malankaralibrary.com

## 26

# കേരള കത്തോലിക്കാ യുവജന സംഘടന

സഭയുടെയും സമുദായത്തിന്റെയും സംരക്ഷണത്തിനും യാഥാസ്ഥിതിക മേധാവിത്വത്തിൽ അകപ്പെട്ടുപോയ കേരളസഭയെ രക്ഷിക്കുന്നതിനും ഒരു സമുദായസംഘടനയും പത്രവും ആവശ്യമാണെന്നുള്ള ആശയം ദീർഘ ദൃഷ്ടിയോടെ സമുദായത്തിന്റെ മുമ്പിൽ അവതരിപ്പിച്ച്, ആ ലക്ഷ്യ സാദ്ധ്യത്തിനുവേണ്ടി പരിശ്രമിച്ച രണ്ടു മഹാത്മാക്കളാണ് നിധീരിക്കൽ മാണിക്കത്തനാരും പാറായിൽ വർക്കി അവിരാത്തരകനും. ആ മഹാത്മക്കളുടെ അശ്രാന്തപരിശ്രമഫലമായി 1887 ഏപ്രിൽ 15-ാം തീയതി ദീപിക പത്രം ആരംഭിച്ചു. എന്നാൽ ഒരു സമുദായസംഘടനയ്ക്ക് രൂപം നൽകുവാൻ പിന്നെയും വളരെനാൾ കഴിയേണ്ടിവന്നു.

കേരളത്തിൽ എല്ലാ മണ്ഡലങ്ങളിലും കത്തോലിക്കർ അവഗണിക്കപ്പെട്ടിരുന്ന സന്ദർഭമായിരുന്നു അത്. അവകാശങ്ങൾ നേടിയെടുക്കുന്നതിനും അവഗണന അവസാനിപ്പിക്കുന്നതിനും കത്തോലിക്കർ ഒററക്കെട്ടായി അണിനിരക്കണമെന്ന് പ്രബലമായ ഒരഭിപ്രായം അന്നത്തെ വിദ്യാസമ്പന്നന്മാരായ കത്തോലിക്കാ യുവജനങ്ങളുടെയിടയിൽ രൂപംകൊണ്ടു. സഭാധികാരികൾ പലകാരണങ്ങളാലും അൽമായർ സംഘടിക്കുന്നതിനോട് ഇഷ്ടപ്പെട്ടിരുന്നില്ല. സഭയിലും സമുദായത്തിലും സ്വാധീനമുള്ള മാണിക്കത്തനാരുടേയും വർക്കി അവിരാത്തരകന്റെയും സഹായത്തോടെ സംഘടന സ്ഥാപിച്ചാൽ വലിയ എതിർപ്പുകളേ നേരിടേണ്ടിവരികയില്ലെന്ന് യുവജന പ്രമാണികൾ മനസ്സിലാക്കുകയും ദീപിക ആഫീസിൽ വച്ച് അതേപ്പററി കൂടിയാലോചനകൾ നടത്തുകയും ചെയ്തു. തൽഫലമായി 1905-ൽ മാന്നാനത്ത് 40 മണി ആരാധനയുടെ സമാപനസമ്മേളനദിവസം വിവിധ റീത്തിലും പ്രദേശങ്ങളിലുംപെട്ട ചെറുപ്പക്കാർ സമ്മേളിക്കുകയും സമുദായം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുകയും ചെയ്തു. അന്നത്തെ വിദ്യാസമ്പന്നന്മാരായ സി. അന്തപ്പായി, ഐ.സി. ചാക്കോ, സിറിയക്ക് നിധീരി, മയ്യനാട്ട് ജോസഫ്, കള്ളിയത്ത് അന്തോണി, പള്ളിവാതുക്കൽ ചാണ്ടി, ജോൺ നിധീരി, ടി.ജെ. മാത്യു തെള്ളിയിൽ, ജോസഫ് വെള്ളാപ്പള്ളി എന്നീ ചെറുപ്പക്കാരാണ് മാന്നാനം യോഗത്തിന് മുൻ കൈയെടുത്തത്. പിന്നീട് പല വർഷങ്ങളിലും പല സ്ഥലത്തുവച്ച് ഇതുപോലുള്ള സാമൂഹ്യ സമ്മേളനങ്ങൾ നടത്തപ്പെട്ടെങ്കിലും സംഘടനയ്ക്ക് വ്യക്തമായ രൂപവും ഭാവവും ഉണ്ടായത് 1918-ലെ ചങ്ങാനാശ്ശേരിസമ്മേളനത്തോടുകൂടിയാണ്. 1918-ൽ കത്തോലിക്കാ മഹാജന സഭയായി ആരംഭിച്ച പ്രസ്ഥാനമാണ് 1930-ൽ അഖില കേരളകത്തോലിക്കാ കോൺഗ്രസ്സ് എന്ന പേര് സ്വീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.

**സേവനങ്ങൾ:** യുവജനങ്ങൾ സ്ഥാപിച്ച കത്തോലിക്കാ കോൺഗ്രസ്സിനെ നയിച്ചിരുന്നത് പ്രധാനമായും കത്തോലിക്കാ യുവജനങ്ങളായിരുന്നു, 1927 മുതൽ 47 വരെയുള്ള 20 വർഷക്കാലം കത്തോലിക്കാ കോൺഗ്രസ്സിന്റെ ചരിത്ര

www.malankaralibrary.com

ത്തിലെ സുവർണ്ണകാലഘട്ടമാണ്. മഹാരാജാവ് തിരുമനസ്സിലേക്കു സമർപ്പിച്ച കാത്തലിക്ക് ഗ്രീവൻസസ് എന്ന മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭണം, മതപരിവർത്തനം ചെയ്തവർക്ക് ആനുകൂല്യം ലഭിക്കുന്നതിലേക്കുവേണ്ടി നടത്തപ്പെട്ട പ്രക്ഷോഭണം മുതലായവ ഇക്കാലഘട്ടത്തിൽ നടന്നവയാണ്. കത്തോലിക്കാ കോൺഗ്രസ്സ് ഇവയ്ക്കു ധീരമായ നേതൃത്വം നൽകുകയും വിജയം വരിക്കുകയും ചെയ്തു. ഈ സമരങ്ങളുടെയെല്ലാം വിജയത്തിനുള്ള പ്രധാന കാരണം കത്തോലിക്കർ - വിശിഷ്യാ ചെറുപ്പക്കാർ - കക്ഷിരാഷ്ട്രീയ പരിഗണനകൾ വകവയ്ക്കാതെ സമുദായസംഘടനയിൽ അണിനിരന്നുവെന്നതാണ്.

**യുവജന പിന്മാററം:** സമുദായകാര്യങ്ങളും രാഷ്ട്രീയകാര്യങ്ങളും ഒന്നിച്ച് കൈകാര്യം ചെയ്തിരുന്ന കാലത്ത് ഉൽക്കർഷേച്ഛുക്കളായ യുവജനങ്ങൾ ധാരാളമായി കത്തോലിക്കാ കോൺഗ്രസ്സിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ജനാധിപത്യത്തിന്റെ ആവിർഭാവത്തോടെ കത്തോലിക്കാ കോൺഗ്രസ്സ് രാഷ്ട്രീയം ഉപേക്ഷിക്കുകയും അതോടെ ചെറുപ്പക്കാരുടെ ശ്രദ്ധയും താല്പര്യവും രാഷ്ട്രീയ പാർട്ടികളിലേക്കു മാറുകയും ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രതാപവും ശക്തിയും ക്ഷയിച്ചു തുടങ്ങാനുണ്ടായ അടിസ്ഥാനകാരണം ഇതാണ്. മററു സമുദായസംഘടനകളും രാഷ്ട്രീയം ഉപേക്ഷിച്ചു. പക്ഷെ അവരൊക്കെ പരോക്ഷമായി രാഷ്ട്രീയത്തിൽ തുടർന്ന് സ്വാധീനം ചെലുത്തിവന്നു. അതുകൊണ്ട് രാഷ്ട്രീയക്കാർ രാഷ്ട്രീയപാർട്ടികളിലെന്നപോലെ അവരവരുടെ സമുദായ സംഘടനയിലും താല്പര്യം കാട്ടി. അതേസമയം കത്തോലിക്കരായ രാഷ്ട്രീയ പ്രധാനികളിൽ പലരും സമുദായസംഘടനയെ വർജ്ജ്യമായിട്ടാണ് കരുതിയത്. ഉൽക്കർഷേച്ഛുക്കളായ യുവജനങ്ങളുടെ ഈ പോക്ക് കത്തോലിക്കാ കോൺഗ്രസ്സ് വൃദ്ധന്മാരുടേയും യാഥാസ്ഥിതികരുടേയും പിടിയിൽ അമർന്നുപോകുന്നതിന് ഇടനൽകുകയാണുണ്ടായത്.

**യുവജനവിഭാഗം:** യുവജനങ്ങളുടെ പിന്മാററം കോൺഗ്രസ്സിനും അതിനേക്കാളേറെ സമുദായത്തിനും അപകടകരമാണെന്ന് മനസ്സിലാക്കിയ കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം കത്തോലിക്കാ കോൺഗ്രസ്സിന് ഒരു യുവജനവിഭാഗം രൂപീകരിച്ച് യുവജനങ്ങളെ സംഘടിപ്പിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. 1946-ൽ ആരംഭിച്ച ഈ ശ്രമം പൂവണിഞ്ഞത് 1967-ൽ മാത്രമാണ്. 1946-ൽ അതിരമ്പുഴവച്ചു നടന്ന എ.കെ.സി.സി.യുടെ 21-ാമത് വാർഷികപൊതുയോഗമാണ് ഇതിനുവേണ്ടിയുള്ള നടപടി ആദ്യമായി സ്വീകരിച്ചത്. പ്രസ്തുത പൊതുയോഗം പാസ്സാക്കിയ പ്രമേയം താഴെ ചേർക്കുന്നു. "കേരള കത്തോലിക്കരെ ഇന്ന് അഭിമുഖീകരിക്കുന്ന ജീവൽപ്രശ്നങ്ങളെ കൂടുതൽ കാര്യക്ഷമതയോടും ആത്മാർത്ഥതയോടും കൂടി നേരിടുന്നതിന് തക്ക പ്രാപ്തിയും തന്റേടവും ഉള്ള യുവാക്കന്മാർ അടങ്ങിയ ഒരു സംഘടന ഈ വിഷമസന്ധിയിൽ രൂപവൽക്കരിച്ച് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ പ്രവർത്തനം നടത്തേണ്ടത് ആവശ്യമാണെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു." ഈ നിർദ്ദേശമനുസരിച്ച് രൂപീകൃതമായ അഖില തിരുവിതാംകൂർ കാത്തലിക് യൂത്ത് കോൺഗ്രസ്സിന്റെ തത്തംപള്ളി സമ്മേളനം (1947) എ.കെ.സി.സി.യുടെ നടപടികളെ എതിർത്തുകൊണ്ടുള്ള പ്രമേയങ്ങൾ

www.malankaralibrary.com

പാസ്സാക്കുകയും യുവജനസംഘടനാനേതാക്കൾ ഏ.കെ.സി.സി.ക്കും, നേതാക്കന്മാർക്കുമെതിരായി പരസ്യപ്രസ്താവനകൾ നടത്തുകയും ചെയ്തു. അതേ തുടർന്ന് ഈ യുവജനപ്രസ്ഥാനം പ്രവർത്തനരഹിതമാവുകയാണുണ്ടായത്.

**പേരാവൂർ സമ്മേളനം:** ഏ.കെ.സി.സി.യുടെ 42-ാം വാർഷികം 1960-ൽ പേരാവൂർ, ടിസറാന്റു നഗറിൽ ചേർന്നപ്പോഴാണ് യുവജനസംഘടന രൂപീകരിക്കുവാനുള്ള തീരുമാനം പിന്നീട് എടുത്തത്. പ്രസ്തുത തീരുമാനം താഴെ ചേർക്കുന്നു; "അഖില കേരള കത്തോലിക്ക കോൺഗ്രസ്സിന്റെ പ്രവർത്തന പരിധി യുവാക്കളുടെ ഇടയിലേക്ക് സജീവമായി വ്യാപിപ്പിക്കുന്നതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സിനു വിധേയമായി ഒരു കത്തോലിക്കാ യുവജനസംഘടന രൂപീകരിക്കണമെന്ന് ഈ യോഗം തീരുമാനിക്കുന്നു. ഇതു സംബന്ധിച്ച് ആവശ്യമായ സകല നടപടികളും സ്വീകരിക്കുവാൻ വർക്കിംഗ് കമ്മിററിയെ ചുമതലപ്പെടുത്തുന്നു." ഈ തീരുമാനമനുസരിച്ചു 1960 സെപ്ററംബർ 12-ാം തീയതി കോട്ടയത്ത് വിളിച്ചുകൂട്ടിയ യുവജനസെമിനാർ ഏ.കെ.സി.സി.യുടെ യുവജനവിഭാഗവുമായി ഒരു സംഘടന രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ഒരു ഭരണഘടന എഴുതിയുണ്ടാക്കുവാൻ ശ്രീ ഇ.എം. ജോസഫ് കൺവീനറായി 15 അംഗങ്ങളുള്ള ഒരു കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ കമ്മററി തയ്യാറാക്കിയ ഭരണഘടനയെപ്പററി ചർച്ച ചെയ്യുവാൻ നവംബർ 27-ാം തീയതി കോട്ടയത്ത് യുവജനസമ്മേളനം വിളിച്ചുകൂട്ടുകയും ഭരണഘടന അംഗീകരിക്കുകയുമുണ്ടായി. എന്നാൽ അതനുസരിച്ച് ഒരു യുവജനപ്രസ്ഥാനം സമാരംഭിക്കുവാൻ സാധിച്ചില്ല. ശ്രീ പി.സി. അബ്രാഹം പ്രസിഡണ്ടായിരുന്ന കാലത്ത് ഇതേലക്ഷ്യം മുൻനിർത്തി മററൊരു യുവജനസമ്മേളനം 1964-ൽ കോട്ടയത്ത് വിളിച്ചുകൂട്ടുകയുണ്ടായി. എങ്കിലും അന്നും ഒരു യുവജനപ്രസ്ഥാനത്തിന് രൂപം കൊടുക്കുവാൻ സാധിച്ചില്ല. 1967-ലാണ് ഒരു യുവജനവിഭാഗം രൂപീകരിക്കുവാനുള്ള രണ്ടു ദശാബ്ദക്കാലമായിട്ടുള്ള അഭിലാഷം സാക്ഷാൽക്കരിക്കപ്പെട്ടത്.

**കേരളകത്തോലിക്കാ യുവജനസംഘടന:** 1967 മേയ് മാസത്തിൽ ഇരിങ്ങാലക്കുട ഐ.സി.ചാക്കോ നഗറിൽവച്ചു നടത്തപ്പെട്ട കത്തോലിക്കാ കോൺഗ്രസ്സിന്റെ 49-ാം വാർഷികത്തോടനുബന്ധിച്ച് 20-ാംതീയതി ചേർന്ന യുവജനസെമിനാറിൽ വച്ചാണ് കേരളകത്തോലിക്കാ യുവജനസംഘടന കത്തോലിക്കാ കോൺഗ്രസ്സിന്റെ യുവജനവിഭാഗമായി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചത്. അന്ന് കോൺഗ്രസ്സ് പ്രസിഡണ്ട് ഷെവ. ജോസഫ് വിതയത്തിൽ അവർകളും ജനറൽസെക്രട്ടറി ശ്രീ ഈ.എം. ജോസഫ് അവർകളും ആയിരുന്നു. അവരുടെ വിദഗ്ദ്ധമായ നേതൃത്വവും നിർദ്ദേശവും യുവജനസംഘടനയെ വളർത്തുന്നതിനു വളരെയേറെ സഹായിച്ചിട്ടുണ്ട്. യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ 1967-ൽ വിവിധ രൂപതകളിൽ ഓരോ യുവജനസെമിനാറുകൾ വിളിച്ചുകൂട്ടുകയും സംഘടന സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. 11 രൂപതകളിൽ സംഘടനയുടെ പ്രവർത്തനം ആരംഭിച്ചെങ്കിലും ഇപ്പോൾ തലശ്ശേരി, തൃശൂർ, എറണാകുളം, കോതമംഗലം, പാലാ, ചങ്ങനാശ്ശേരി, തിരുവല്ല എന്നീ രൂപതകളിൽ മാത്രമാണ് സജീവമായ പ്രവർ

www.malankaralibrary.com

ത്തനം നടക്കുന്നത്.

**സെമിനാറുകൾ:** കത്തോലിക്കാ യുവജനസംഘടനയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനെപ്പററി ചർച്ചചെയ്യുവാൻ ഇടവകതലത്തിലും രൂപതാ തലത്തിലും സംസ്ഥാനതലത്തിലുമായി ഏകദേശം 45-ഓളം സെമിനാറുകൾ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശങ്ങൾ കേരളസഭയിൽ എങ്ങനെ വ്യാപിപ്പിക്കാമെന്നതിനെപ്പററി ചർച്ച ചെയ്യുവാൻ 1968 ഡിസംബറിൽ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട (ഇന്നത്തെ ഇന്ത്യയിലെ സഭ) റീജയണൽ സെമിനാറിൽ യുവജന സംഘടനയിലെ സജീവപ്രവർത്തകരായ 11 ആളുകൾ പങ്കെടുത്തു. റീജയണൽ സെമിനാറിൽ ചർച്ചചെയ്യപ്പെട്ട വിഷയങ്ങളെ ആസ്പദമാക്കി പിന്നീട് യുവജന സംഘടനയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. 1969-ൽ ആളൂർ "തോമസ് സെബാസ്റ്റ്യൻ നഗറി"ൽ വച്ച് നേതൃത്വം, വാർത്താവിനിമയോപാധികൾ, എന്ന വിഷയത്തെപ്പററിയും കൈപ്പട്ടൂർ "എടമരത്ത് സെബാസ്റ്റ്യൻ നഗറി"ൽ വച്ച്, സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കിയും 1969-ൽ കൊച്ചിയിൽ ജോർജ് തോമസ് കൊട്ടുകാപ്പള്ളി നഗറിൽവച്ച് കുടുംബം, യുവജനനേതാവ് എന്നീ വിഷയത്തെ ആസ്പദമാക്കിയും ഓരോ സെമിനാറുകൾ നടത്തുകയുണ്ടായി. സെമിനാറിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട നൂറുപേർ വീതം സംബന്ധിച്ചിരുന്നു.

**കലാസാഹിത്യ മത്സരങ്ങൾ:** കത്തോലിക്കാ യുവജനങ്ങളുടെ കലാസാഹിത്യ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി യുവജന സംഘടനയുടെ ആഭിമുഖ്യത്തിൽ വാർഷികങ്ങളോടനുബന്ധിച്ചും മററു പ്രധാന സംഭവങ്ങളോടനുബന്ധിച്ചും കലാസാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികളാകുന്നവർക്ക് സമ്മാനങ്ങളും സാക്ഷിപത്രങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ കേരളമൊട്ടാകെ ഒരു യുവജനമഹോത്സവം കൊണ്ടാടുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്.

**പുസ്തക പ്രസിദ്ധീകരണം:** യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി മററു പരിപാടികളും സംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്. സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുള്ള സാഹിത്യമത്സരങ്ങളിൽ വിജയികളായവരുടെ നല്ല കൃതികൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയെന്ന സാമ്പത്തികബാദ്ധ്യതയുള്ള ഭാരമേറിയ ജോലിയാണ് സംഘടന ഏറെറടുത്തിരിക്കുന്ന മറെറാരു പരിപാടി. വെളിച്ചം കാണാതിരിക്കുന്ന തങ്ങളുടെ കൃതികൾ പ്രസിദ്ധപ്പെടുത്തുന്നത് യുവസാഹിത്യകാരന്മാർക്ക് വലിയ പ്രോത്സാഹനമാണെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. ഇതിനകം 3 പുസ്തകങ്ങൾ യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**യുവജനവിദ്യാർത്ഥി നേതൃസമ്മേളനം:** കേരളകത്തോലിക്കാ സമുദായം

www.malankaralibrary.com

നിരവധി പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്ന സന്ദർഭമാണല്ലോ ഇത്. സമുദായം വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിച്ചപ്പോഴെല്ലാം കത്തോലിക്കാ യുവജനസംഘടന അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിലെ ചില വിദ്യാലയങ്ങളിൽ ഞായറാഴ്ച സാദ്ധ്യായദിവസമാക്കിക്കൊണ്ടും ലെനിൻ കൃതികൾ വിദ്യാലയ ലൈബ്രറികളിൽ നിർബന്ധമായി വാങ്ങിക്കൊള്ളണമെന്നും കേരളസർക്കാർ ഉത്തരവു പുറപ്പെടുവിച്ചപ്പോൾ ആ ഉത്തരവു പിൻവലിപ്പിക്കുന്നതിനെപ്പററി ആലോചിച്ചു വേണ്ട സത്വരനടപടികൾ സ്വീകരിക്കുന്നതിന് കേരളത്തിലെ വിവിധ വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളുടെ ഒരു നേതൃസമ്മേളനം 1970 ജൂലായ് 26-ാം തീയതി കോട്ടയത്തു വിളിച്ചു കൂട്ടുകയുണ്ടായി. ന്യൂനപക്ഷാവകാശത്തിനെതിരായും വിദ്യാലയങ്ങളിലെ മതപഠനത്തിനെതിരായും പ്രൈവററ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കെതിരായും ഭീഷണികൾ ഉയർന്നുവന്നപ്പോൾ അവയെപ്പററി ആലോചിച്ചു ഭാവിനടപടികൾ സ്വീകരിക്കുന്നതിന് 1972 മാർച്ച് 19-ാം തീയതി എറണാകുളത്തുവച്ചും വിദ്യാർത്ഥി യുവജനനേതൃസമ്മേളനം സംഘടിപ്പിക്കുകയുണ്ടായി.

**പ്രത്യക്ഷസമരത്തിലേക്ക് :** ഞായറാഴ്ച സാദ്ധ്യായദിവസമാക്കിക്കൊണ്ടുള്ള സർക്കാരിന്റെ ഉത്തരവു പിൻവലിക്കണമെന്നു കെ.സി.വൈ.ഒ. ആവശ്യപ്പെട്ടിട്ടു സർക്കാർ അതിനു തയ്യാറാകാതിരുന്ന സന്ദർഭത്തിൽ യുവജനസംഘടന അതിന്റെ ചരിത്രത്തിലാദ്യമായി ഒരു പ്രത്യക്ഷസമരത്തിലേക്ക് ഇറങ്ങിത്തിരിച്ചു. 1970 ആഗസ്റ്റ് 20 പ്രതിഷേധദിനമായി ആചരിച്ചു. കേരളത്തിലെ വിദ്യാർത്ഥിവർഗ്ഗവും അദ്ധ്യാപകരും കറുത്ത ബാഡ്ജുകൾ ധരിച്ച് സ്കൂളുകളിൽ ഹാജരായി പ്രതിഷേധദിനാചരണം വിജയിപ്പിക്കുകയുണ്ടായി. സമരം മററു മാർഗ്ഗങ്ങളിലേക്കു തിരിയുന്നതിനു മുമ്പ് ഞായറാഴ്ച അനാദ്ധ്യായദിവസമാക്കിക്കൊണ്ടു കേരളാഗവഃ ഉത്തരവു പുറപ്പെടുവിച്ചു.

**വിദ്യാഭ്യാസ സമരം :** 1972-ൽ ന്യൂനപക്ഷാവകാശസംരക്ഷണത്തിനായും വിദ്യാഭ്യാസസ്വാതന്ത്ര്യസംരക്ഷണത്തിനായും കേരളജനത നടത്തിയ ഐതിഹാസികമായ പോരാട്ടത്തിൽ യുവജനസംഘടന മുൻപന്തിയിൽനിന്നു പ്രവർത്തിക്കുകയും സമരത്തിനു വീരോചിതമായ നേതൃത്വം നൽകുകയുമുണ്ടായിട്ടുണ്ട്. കേന്ദ്രസമരസമിതിയിൽ യുവജനസംഘടനയെ പ്രതിനിധീകരിച്ച് ഈ ലേഖകനും മുൻപ്രസിഡണ്ട് ശ്രീ എ.പി. ജോർജും അംഗമായിരുന്നു.

**സുവിശേഷദൗത്യ പ്രചരണ യുവജനജാഥ :** യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ പത്തൊൻപതാം ചരമ ശതാബ്ദി സമുചിതമായി ആഘോഷിക്കുകയുണ്ടായി. 1972 നവംബർ 25, 26 എന്നീ തീയതികളിൽ നടത്തപ്പെട്ട ആഘോഷപരിപാടികൾ ഭക്തിനിർഭരവും ആവേശകരവും നവചൈതന്യം പ്രദാനം ചെയ്യുന്നവയുമായിരുന്നു. 25-ാം തീയതി ഒരു യുവജനസെമിനാറും മാർത്തോമ്മാ സിമ്പോസിയവും നടത്തപ്പെട്ടു. 26-ാം തീയതി നടത്തപ്പെട്ട സുവിശേഷദൗത്യ പ്രചരണ യുവജനജാഥ വിദേശപത്രങ്ങൾ വരെ റിപ്പോർട്ടു ചെയ്തിരുന്നു. യാതൊരു സമരമുഖവുമില്ലാതെ ആദ്ധ്യാത്മികവിപ്ലവം മാത്രം ലക്ഷ്യമാക്കി നടത്തിയ

www.malankaralibrary.com

ഈ ജാഥയ്ക്ക് ആയിരക്കണക്കിനാളുകൾ അഭിവാദ്യങ്ങളർപ്പിച്ചു. മാർത്തോമ്മാശ്ലീഹാ ആദ്യമായി ഭാരതത്തിൽ വന്നിറങ്ങിയ അഴീക്കോട്ട് സ്ഥാപിച്ചിരിക്കുന്ന "അഴീക്കോട്ടെ മാർത്തോമ്മാ പൊന്തിഫിക്കൽ ഷ്റൈനിൽ" നിന്നും (അവിടെയാണ് വിശുദ്ധന്റെ തിരുശ്ശേഷിപ്പ് സൂക്ഷിച്ചിരിക്കുന്നത്) വിശുദ്ധൻ പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി തിരഞ്ഞെടുത്ത മലയാററൂർ മലമുകളിലേക്കാണ് വി.ഗ്രന്ഥവും വഹിച്ചുകൊണ്ട് സുവിശേഷദൗത്യ പ്രചരണയുവജനജാഥ കെ.സി.വൈ.ഒ. നയിച്ചത്. യുവാക്കളെ സുവിശേഷ ദൗത്യ പ്രചരണത്തിൽ സജീവമായി ഭാഗഭാക്കാക്കുവാൻ ആധുനികമായ മാർഗ്ഗ ങ്ങളാണ് യുവജനസംഘടന സ്വീകരിച്ചത്. പൊന്തിഫിക്കൽ ഷ്റൈനിൽനിന്നും ഫാ.ജോസ് അക്കരക്കാരൻ നൽകിയ വി.ഗ്രന്ഥത്തിന്റെ ഒരു കോപ്പി യുവജനസംഘടനാ പ്രസിഡണ്ട് ജോൺ കച്ചിറമററം ഏററുവാങ്ങിക്കൊണ്ടാണു ജാഥാ നയിച്ചത്. ജാഥയ്ക്ക് നടവരമ്പ്, ഇരിങ്ങാലക്കുട, പുല്ലൂർ, കല്ലേററും കര, ആളൂർ, പോട്ട, ചാലക്കുടി, കൊരട്ടി, അങ്കമാലി, കാലടി, മലയാററൂർ, എന്നിവിടങ്ങളിൽവച്ചു ഗംഭീരസ്വീകരണങ്ങൾ ലഭിക്കുകയുണ്ടായി. സുവിശേഷ ദൗത്യപ്രചരണയുവജനജാഥ എല്ലാ വർഷവും വിപുലമായ തോതിൽ നടത്തു ന്നതിനും ഈ ജാഥയിൽ സംബന്ധിച്ചവർ തീരുമാനിക്കുകയും ആ തീരുമാ നത്തെ യുവജനസംഘടന സഹർഷം സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**വാർഷികങ്ങൾ :** യുവജനസംഘടനയുടെ ഒന്നാമതു വാർഷികം പാലാ, കെ.സി.ചാണ്ടി നഗറിൽ വച്ചും, രണ്ടാമതു വാർഷികം തിരുവല്ലായിൽ മാർ തിയോഫിലസ് നഗറിൽവച്ചും മൂന്നാമതു വാർഷികം ആളൂർ, തോമസ് സെബാസ്റ്റ്യൻ നഗറിൽവച്ചും അഞ്ചാമതു വാർഷികം അങ്കമാലിയിൽ മാർത്തോമ്മാനഗറിൽ വച്ചും വിപുലമായ പരിപാടികളോടുകൂടി നടത്തപ്പെട്ടു.

**ഇനിയെന്ത്? :** യുവജനസംഘടനയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടമാണ് ഞാൻ നടത്തിയത്. ഇതുകൊണ്ടൊന്നും യുവജന സംഘടന കേരളത്തിലെ എല്ലാ കത്തോലിക്കാ യുവാക്കളെയും ഒന്നിച്ചണി നിരത്തിയെന്നും ഞാൻ അവകാശപ്പെടുന്നില്ല. യുവജനസംഘടന കൂടുതൽ ശക്തിപ്രാപിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഒരാവശ്യം മാത്രമാണ്. കത്തോ ലിക്കായുവജനങ്ങളെ സംഘടിപ്പിക്കുവാനുള്ള കൂട്ടായ, ശക്തിയായ പ്രവർ ത്തനം ഒന്നുകൂടി നടത്തേണ്ടിയിരിക്കുന്നു. ഇന്ന് കേരളത്തിലെ വിവിധ രൂപത കളിൽ പുതിയ പുതിയ യുവജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ ഒരു മത്സരം തന്നെ നടക്കുകയാണോയെന്നു തോന്നും. ഇങ്ങനെ പുത്തൻ പുത്തൻ സംഘടനകൾ സ്ഥാപിക്കുന്നതുകൊണ്ട് നിലവിലുള്ള സംഘടനകളെ ക്ഷയിപ്പി ക്കാമെന്നുള്ളതിൽ കവിഞ്ഞു മറെറന്തു നേട്ടമാണുണ്ടാകുകയെന്നു കത്തോലി ക്കാസമുദായം ഒന്നു ചിന്തിക്കുക തന്നെ വേണം. ഇന്നല്ലെങ്കിൽ നാളെ അവർ ക്കത് ബോദ്ധ്യപ്പെടുകതന്നെ ചെയ്യും. ഇന്ന് കേരളത്തിന്റെ വിവിധഭാഗങ്ങളിൽ സുശക്തമായ വിധത്തിൽ പ്രാദേശികതലത്തിലും രൂപതാതലത്തിലും പ്രവർത്തിക്കുന്ന കത്തോലിക്കായുവജനസംഘടനകൾ ഉണ്ട്. അവയെ എല്ലാം ഒന്ന് ഏകോപിപ്പിച്ച് ഒരു പൊതു പ്രവർത്തനവേദി ഉണ്ടാക്കേണ്ട സന്ദർഭത്തിൽ കൂടുതൽ കൂടുതൽ സംഘടനയുണ്ടാക്കി ഭിന്നിപ്പിക്കുവാനുള്ള ശ്രമം എന്തുമാത്രം അപകടകരമാണെന്നു സമുദായ സ്നേഹികൾ ചിന്തിക്കുക തന്നെ

www.malankaralibrary.com

വേണം. കേരളത്തിലെ കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഒരു തീവ്രയത്നത്തിലാണ് കെ.സി.വൈ.ഒ ഇന്ന് ഏർപ്പെട്ടിരിക്കുന്നത്. ഒരു ന്യൂനപക്ഷമായ നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാനും അവകാശങ്ങൾക്കായി ശബ്ദിക്കുവാനും സാധിക്കത്തക്കവിധം നമ്മുടെ സമുദായ സംഘടനയായ എ.കെ.സി.സി. കരുത്താർജ്ജിക്കണം. യുവജനങ്ങളെ സമുദായ സംഘടനയുടെ കൊടിക്കീഴിൽ അണിനിരത്തുവാൻ സാധിച്ചാൽ മാത്രമേ സമുദായ സംഘടന കരുത്താർജ്ജിക്കുകയുള്ളു. ചരിത്രപരമായ ഈ ആവശ്യം നിറവേററുവാനാണ് കത്തോലിക്കാ യുവജനസംഘടന രൂപം കൊണ്ടിരിക്കുന്നത്. നമ്മുടെ വിദ്യാർത്ഥികളെ സ്കൂളിൽ വച്ചു കെ.സി.എസ്.എല്ലിലും കോളേജിൽവച്ചു സി.എസ്.യു.വിലും അണിനിരത്തി തുടർന്ന് അവരെ കത്തോലിക്കാ യുവജനസംഘടനയിൽ സ്വാഗതം ചെയ്ത് പരിശീലിപ്പിച്ചു കത്തോലിക്കാ കോൺഗ്രസ്സിലേക്ക് ആനയിക്കുവാൻ യുവജനസംഘടന ആഗ്രഹിക്കുന്നു.

**യുവാക്കളോട് :** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അന്ത്യത്തിൽ കൗൺസിൽ പിതാക്കൾ ചെയ്ത ആഹ്വാനം യുവജനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും നൽകുന്നു. "യുവാക്കളെ, നിങ്ങൾ മുൻതലമുറയുടെ കയ്യിൽനിന്നും ദീപശിഖ ഏററുവാങ്ങുക. നാളത്തെ സമുദായത്തെ രൂപപ്പെടുത്തേണ്ടവർ നിങ്ങളാണ്. ഒന്നുകിൽ നിങ്ങൾ നിങ്ങളെത്തന്നെ രക്ഷിക്കും. അല്ലെങ്കിൽ നിങ്ങളും നാളത്തെ സമുദായവും ഒന്നിച്ചു നശിക്കും..................... ലോകത്തിന്റെ വ്യാപ്തികളെല്ലാം ഉൾക്കൊള്ളുവാൻ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുക. നിങ്ങളുടെ സഹോദരങ്ങളുടെ അഭ്യർത്ഥനകൾ ശ്രദ്ധിക്കുക. നിങ്ങളുടെ യുവത്വത്തിന്റെ നവോന്മേഷം അവരുടെ സേവനത്തിനായി അർപ്പിക്കുക. യുദ്ധത്തിനും അതിന്റെ ദുരന്തഫലങ്ങൾക്കും കാരണമാകുന്ന വൈരാഗ്യവും അക്രമാസക്തിയും കടിഞ്ഞാണിട്ടു നിയന്ത്രിക്കുക. ........... നിങ്ങളുടെ മുൻതലമുറക്കാർ രൂപം കൊടുത്തതിലും മെച്ചപ്പെട്ട ഒരു ലോകത്തെ ഉത്സാഹപൂർവ്വം കെട്ടിപ്പടുക്കുക." നോക്കണം കൗൺസിൽ എത്ര പ്രതീക്ഷാപൂർവ്വമാണ് യുവാക്കളെ നോക്കുന്നത്. ആകയാൽ കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾ തങ്ങളുടെ ഉത്തരവാദിത്വമേറെറടുക്കുവാൻ തയ്യാറാകണം. നമ്മുടെ പൂർവ്വികന്മാർ അവരുടെ ചെറുപ്പകാലത്ത് രൂപംകൊടുത്തു വളർത്തി കൊണ്ടുവന്ന കത്തോലിക്കാ കോൺഗ്രസ്സിനേയും അതിന്റെ യുവജന വിഭാഗമായ കെ.സി.വൈ.ഒ. യേയും ശക്തിപ്പെടുത്തുവാനും തയ്യാറായി മുന്നോട്ടുവരണം. ഒന്നിച്ചാൽ നാം വിജയിക്കുമെന്നും ഭിന്നിച്ചാൽ നാം നശിക്കുമെന്നും യുവജനങ്ങൾ മനസ്സിലാക്കി എല്ലാ സങ്കുചിത ചിന്തകളും ഉപേക്ഷിച്ചു ഒററക്കെട്ടായി മുന്നേറുവാൻ യുവസിംഹങ്ങളെ തയ്യാറെടുക്കുക.

(എ.കെ.സി.സി. ബുള്ളറ്റിൻ രജതജൂബിലി സ്മരണികയിൽ യുവജന സംഘടനയുടെ പ്രസിഡന്റ് കൂടിയായിരുന്ന ജോൺ കച്ചിറമറ്റം എഴുതിയ ലേഖനം - 1973)

www.malankaralibrary.com

## 27

# രാഷ്ട്രീയാനിശ്ചിതത്വം

കേരളത്തിലെ കത്തോലിക്കാ സമുദായം ഇന്ന് രാഷ്ട്രീയമായി അനിശ്ചിതത്വത്തിന്റെയും പരിവർത്തനത്തിന്റേതുമായ ഒരു കാലഘട്ടത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇന്നലെവരെ വച്ചു പുലർത്തിക്കൊണ്ടിരുന്ന പല ധാരണകളും ഇന്ന് തെററാണെന്ന് വിധി എഴുതിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ ശരിയെ ഇന്നലെത്തന്നെ ശരി എന്നു പറഞ്ഞവരെ വിമർശിക്കുകയും സമൂഹത്തിൽനിന്ന് പുറംതള്ളുവാൻ ശ്രമിക്കുകയും ചെയ്ത അതേ കരങ്ങൾതന്നെ ഇന്ന് അതിനെ ശരിയായി അംഗീകരിക്കുകയും ആശീർവദിക്കുകയും അത് പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

ശരിയേയും തെററിനേയുംപററി സ്ഥിരമായ ഒരു ധാരണ രാഷ്ട്രീയരംഗത്ത് നമുക്കില്ലാ എന്ന് ആക്ഷേപിക്കപ്പെട്ടാൽ അതിനെ നിഷേധിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പരിതസ്ഥിതിയിൽ നാം എത്തിയിരിക്കുന്നു. രാഷ്ട്രീയരംഗത്തെ പ്രവർത്തനം പലപ്പോഴും നാം ഇഷ്ടപ്പെടുന്ന രീതിയിൽ തന്നെ നടത്തിക്കൊണ്ട് പോകുക അസാധ്യമാണ്. ഇതര വിഭാഗങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങളനുസരിച്ച് നമ്മുടെ പ്രവർത്തനത്തിൽ നാം ആഗ്രഹിക്കാത്ത മാററങ്ങളുണ്ടാക്കേണ്ടതായി വന്നു കൂടും. അപ്രകാരമുള്ള ഒരു മാററത്തിന്റെ ഘട്ടമായി ഇതിനെ കണക്കാക്കുന്നതിൽ തെററില്ല. ആഗ്രഹിക്കാത്തത് പ്രവർത്തിക്കുവാൻ പ്രേരിതമാകുമ്പോഴും അടിസ്ഥാനപരമായ ആദർശങ്ങളിൽ നിന്നും വ്യതിചലിക്കാതിരിക്കുവാനുള്ള മനഃസ്ഥൈര്യം ഉണ്ടായിരിക്കേണ്ടതാവശ്യമാണ്.

രാഷ്ട്രീയരംഗത്ത് അതിനോടുബന്ധപ്പെട്ട സാമ്പത്തിക സാമൂഹ്യസാംസ്കാരിക രംഗങ്ങളിലും കത്തോലിക്കനെന്ന നിലയിൽ നാം ഉറച്ചു നില്ക്കേണ്ടതും ഉയർത്തിപിടിക്കേണ്ടതുമായ ചില ആദർശങ്ങളുണ്ട്. എതിരാളികളോടുള്ള പകപോക്കലിന് വേണ്ടിയോ അധികാരത്തിലൂടെ കൂടുതൽ സേവനത്തിനുള്ള അവസരം സൃഷ്ടിക്കുന്നതിനായിട്ടോ പ്രസ്തുത ആദർശങ്ങളിൽ വെള്ളം ചേർക്കുവാൻ നാം അനുവദിക്കരുത്.

കണ്ണിലെ കൃഷ്ണമണിപോലെ കത്തോലിക്കാ ആദർശങ്ങളെ കാത്തുസൂക്ഷിക്കുകയും അതു കാത്തുസൂക്ഷിക്കുവാൻ കഴിവുള്ള പ്രവർത്തകരെ രാഷ്ട്രീയരംഗത്ത് സംഭാവന ചെയ്യുകയും ചെയ്യേണ്ടത് ഈ ഘട്ടത്തിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ കടമയാണ്. അതോടൊപ്പം രാഷ്ട്രീയ പ്രവർത്തകരായ കത്തോലിക്കർ തങ്ങളുടെ ആദർശത്തിനുവേണ്ടി ആ രംഗത്തുള്ള ഇതരരുമായി പോരാടേണ്ടിവരുന്ന ഘട്ടങ്ങളിൽ സമുദായത്തിന്റെ ഉറച്ച പിന്തുണ നൽകി അവരുടെ യത്നങ്ങളിൽ അവരെ വിജയിപ്പിക്കുവാനും നാം ബാധ്യസ്ഥരാണ്.

15-11-1974

www.malankaralibrary.com

## 28

# എക്യുമെനിക്കൽ യൂത്ത് മൂവ്മെന്റ് ചെയർമാൻ

കേരളാ എക്യുമെനിക്കൽ യൂത്ത് മൂവ്മെന്റ് ജനറൽബോഡിയോഗം 1976 ജനുവരി 26-ന് തിരുവനന്തപുരത്തിനുസമീപമുള്ള മിത്രനികേതനിൽ ചേർന്ന് എ.കെ.സി.സി.യൂത്ത് ഓർഗനൈസേഷൻ പ്രസിഡന്റ് ജോൺ കച്ചിറമററത്തെ ചെയർമാനായി തിരഞ്ഞെടുത്തു. കച്ചിറമററം എക്യുമെനിക്കൽ യൂത്ത് മൂവ്മെന്റിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവരികയായിരുന്നു. ശ്രീ.ജോൺ എം.ഇട്ടിയാണ് പുതിയ സെക്രട്ടറി.

സാമൂഹ്യജീവിതത്തിലധിഷ്ഠിതമായ ദൈവശാസ്ത്രം കരുപ്പിടുപ്പിക്കുവാൻ കേരളത്തിലെ ക്രൈസ്തവയുവജനങ്ങൾ തയ്യാറായി മുന്നോട്ടുവരണമെന്നും മാനുഷികപ്രശ്നങ്ങളിൽനിന്നും ഉരുത്തിരിയുന്ന ഒരു വിമോചനദൈവശാസ്ത്രത്തിനുമാത്രമേ ഈ ലക്ഷ്യത്തിലേയ്ക്ക് നയിക്കുവാൻ കഴിയുകയുള്ളുവെന്നും മിത്രനികേതനിൽ ചേർന്ന യൂത്ത് അസംബ്ലി പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നു. വേൾഡ് കൗൺസിൽ ചെയർമാൻ ഡോ.എം.എം. തോമസ്, റവ:കെ.വി.പൗലോസ് തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു.

26-01-1976

## 29

# ഈസ്റ്റർ

ഈസ്റ്റർ ഒരു പുണ്യദിനമാണ്. മരണത്തിൻമേലുള്ള വിജയത്തിന്റെ പടഹധ്വനി ഇന്നു മുഴങ്ങുന്നു. മനുഷ്യജീവിതം ശാരീരികമായ മരണംകൊണ്ടസ്തമിക്കുകയില്ലെന്ന സത്യം ഈ ദിനത്തിന്റെ നിറുകയിൽ ലേപനം ചെയ്തിരിക്കുന്നു.

ബദ്ലേമിൽ ജനിച്ച്, നസ്രസിൽ വളർന്ന്, പാലസ്തീനായിൽ പ്രവർത്തിച്ച് ഗേദ്സേമൻ തോട്ടത്തിൽ വച്ച് പ്രാർത്ഥിച്ച്, കാൽവരിക്കുന്നിൽവച്ച് മരണമടഞ്ഞ ക്രിസ്തു മൂന്നാംനാൾ ഉയർത്തു. മുപ്പതു വർഷക്കാലം അദ്ദേഹം രഹസ്യമായി ജീവിച്ചു. മൂന്നുവർഷക്കാലം പരസ്യമായി പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്തു. ക്രിസ്തുവിനെ കുരിശിൽതറച്ച് വധിച്ചാൽ അദ്ദേഹം ഉയർത്തിയ നന്മയുടെ തീപ്പന്തങ്ങൾ കെട്ടടങ്ങുമെന്നായിരുന്നു പ്രമാണിമാരുടെയും ഭരണത്തലവന്മാരുടെയും പുരോഹിതശ്രേഷ്ഠന്മാരുടെയും ആശ. കാൽവരിഗിരി മുകളിൽ അനീതിയുടെ കാർക്കശ്യം ക്ഷണികമായ വിജയമേ നേടിയുള്ളുവെന്ന് പിന്നീടാണ് ആ അധികാരികൾ മനസ്സിലാക്കിയത്.

www.malankaralibrary.com

ക്രിസ്തുവിന്റെ മരണം ഒരു നവോത്ഥാനത്തിന്റെ തുടക്കം മാത്രമായിരുന്നുവെന്ന് പിന്നീടാണ് ലോകം അറിഞ്ഞത്. ലോകം അത് പൂർണ്ണമായി പിന്നീട് മനസ്സിലാക്കുകയും ചെയ്തു.

മനുഷ്യവംശം ക്രിസ്തുവിന്റെ മഹത്വത്തെ ലക്ഷ്യമാക്കി നീങ്ങിയെങ്കിൽ മാത്രമേരക്ഷയുള്ളുവെന്ന നഗ്നസത്യം എല്ലാവർക്കും അറിയാം. എന്നാൽ അതനുസരിച്ചാണോ നാം പ്രവർത്തിക്കുന്നത്. അല്ലെന്നുതന്നെ പറയാം. അതിന്റെ ഫലമാണ് കുരിശുകൾ. വ്യക്തികളിൽ കുരിശുകളുണ്ട്, കുടുംബത്തിലതു ധാരാളം, രാഷ്ട്രങ്ങളിൽ കുരിശുകളുടെ പ്രളയവും. ഈ നിലമാറണമെങ്കിൽ ക്രിസ്തു പീഢാനുഭവവും മരണവും വഴി നമുക്ക് നേടിത്തന്ന ആത്മീയസ്വാതന്ത്ര്യത്തിന്റെ കുപ്പായം അണിഞ്ഞുകൊണ്ട് വേല ചെയ്യണം. മുദ്രാവാക്യമിതായിരിക്കുകയും ചെയ്യണം. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയ കല്പന നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിപ്പിൻ."

ആ അന്യോന്യ സ്നേഹത്തിലൂടെ നമുക്ക് ക്രിസ്തുവിനെ സ്നേഹിക്കാം. കുരിശിനും കൊലയായുധങ്ങൾക്കും പിടികിട്ടാത്തത്ര ഉയരത്തിലാണ് ഗലീലേയൻ ഇന്ന് നിലകൊള്ളുന്നത്. അവിടുത്തെ ദിവ്യസന്ദേശത്തിന്റെ അലമാലകളിൽ ജനകോടികളുടെ ഹൃദയങ്ങൾ തള്ളികളിക്കട്ടെ. പഴമയുടെ വാറോലകൾ ചവററുകുട്ടയിൽ അടിഞ്ഞമരുകയും പുതിയൊരു വെളിച്ചവും പുതിയൊരു തത്വശാസ്ത്രവും ദിഗന്തങ്ങളിൽ വ്യാപിപ്പിക്കുകയും ചെയ്ത ക്രിസ്തുവിന്റെ പുനരുത്ഥാനം നമുക്ക് പ്രതീക്ഷയും പ്രത്യാശയും നൽകട്ടെ.

എല്ലാവർക്കും ഈസ്റ്റർ മംഗളങ്ങൾ ആശംസിച്ചുകൊള്ളുന്നു.

15-04-1976

## 30

# എ.കെ.സി.സി. ഹൈറേഞ്ച് കൺവെൻഷൻ

കോതമംഗലം രൂപതയിൽ എ.കെ.സി.സി. പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോതമംഗലത്തും ഹൈറേഞ്ചുപ്രദേശങ്ങളിലും കൺവെൻഷൻ വിളിച്ചുകൂട്ടി.

ഹൈറേഞ്ചുപ്രദേശങ്ങളിലെ ഇടവകകളിലെ പ്രവർത്തകരുടെ സമ്മേളനം വാഴത്തോപ്പ് പാരീഷ്ഹാളിൽ ചേർന്നു. പ്രസിഡന്റ് കെ.എം.ജോസഫ് അദ്ധ്യക്ഷം വഹിച്ചു. മോൺ.മാത്യു വെള്ളാങ്കൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ജോൺ കച്ചിറമററം (ജനറൽ സെക്രട്ടറി) പ്രബന്ധം അവതരിപ്പിച്ചു. സംഘടനാപ്രവർത്തനത്തിന് നേതൃത്വം നൽകുവാൻ ഒരു കമ്മിററിയെ തിരഞ്ഞെടുത്തു. ഫാ.ജോൺ വള്ളമററം, കാളിയാർ മാത്യു തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

www.malankaralibrary.com

കുടിയിറക്കുകൾ നിർത്തിവയ്ക്കണമെന്നും കാർഷികവിളകളുടെ വിലയിടിവിന് പരിഹാരം കാണണമെന്നും യോഗം അംഗീകരിച്ച പ്രമേയത്തിൽ സർക്കാരിനോട് ആവശ്യപ്പെട്ടു. ഹൈറേഞ്ച് മേഖലയിൽ ആദ്യമായാണ് എ.കെ.സി.സി.പ്രവർത്തകകൺവെൻഷൻ വിളിച്ചുകൂട്ടുന്നത്

10-05-1976

## 31

# ഭൂപരിഷ്കരണ നിയമത്തിലെ ന്യൂനതകൾ പരിഹരിക്കണം

കോട്ടയം: മെയ് 23- കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ പല വ്യവസ്ഥകളും ക്രിസ്ത്യൻ - മുസ്ലിം സമുദായാംഗങ്ങളെ ദോഷകരമായി ബാധിക്കുന്നതാകയാൽ കേരള ഭൂപരിഷ്ക്കരണ നിയമത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തി പ്രസ്തുത നിയമത്തിലെ ന്യൂനതകൾ പരിഹരിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ചേർന്ന കർഷക കൺവെൻഷൻ കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളോട ഭ്യർത്ഥിച്ചിരിക്കുന്നു. സമ്മേളനം അംഗീകരിച്ച പ്രമേയം താഴെ ചേർക്കുന്നു.

കേരള ഭൂപരിഷ്ക്കരണ നിയമം (1984-1-ാം ആക്ട്) 3-ാം അദ്ധ്യായത്തിൽ മിച്ചഭൂമി സംബന്ധിച്ച വകുപ്പുകളനുസരിച്ച് ക്രിസ്ത്യൻ മുസ്ലീം സമുദായങ്ങളിലേയും ഇതര സമുദായങ്ങളിലേയും മാതാപിതാക്കന്മാരുടെ സ്വാർജ്ജിത സ്വത്തുക്കളിന്മേൽ പിന്തുടർച്ചാവകാശ നിയമപ്രകാരം അവകാശം ലഭിക്കാത്തവരും പ്രായപൂർത്തിയായവരുമായ സന്താനങ്ങൾക്ക് അവകാശം ലഭിക്കാത്ത അനീതിപരമായ ഒരു അവസ്ഥാവിശേഷം ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ അനീതിപരമാണ് ഒഴിവാക്കപ്പെടുവാൻ അർഹതയുള്ള തോട്ട ഭൂമികൾ സംബന്ധിച്ച് പൂർവ്വകാലപ്രാബല്യം നൽകി ഭേദഗതി ചെയ്യപ്പെട്ട 82 (4) ഉപവകുപ്പ്, 1970-നു ശേഷമുള്ള നിയമഭേദഗതികൾമൂലം 1970-നു മുമ്പ് നിലവിലിരുന്ന ഭൂപരിഷ്കരണ നിയമവ്യവസ്ഥകൾക്ക് വിധേയമായി നടത്തപ്പെട്ട കൈമാററങ്ങൾ അസാധുവാണെന്ന് പ്രഖ്യാപിക്കുന്ന വ്യവസ്ഥകൾ തികച്ചും നിയമവിരുദ്ധവും അധാർമ്മീകവുമാണ്.

മേൽചൂണ്ടിക്കാണിച്ചതുപോലെയുള്ള പല ന്യൂനതകളും ഭൂപരിഷ്ക്കരണ നിയമത്തിലുണ്ട്. അവയ്ക്ക് ആവശ്യാനുസരണം ഭേദഗതികൾ വരുത്തണമെന്ന് സർക്കാരിനോടഭ്യർത്ഥിക്കുന്നു. ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കുന്നതിനും പൊതുജനാഭിപ്രായം രൂപീകരിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും താഴെ പറയുന്നവർ അടങ്ങുന്ന ഒരു കമ്മിററിയെ ഈ യോഗം അധികാരപ്പെടുത്തുന്നു.

എ.കെ.സി.സി. പ്രസിഡന്റ് കെ.എം. ജോസഫ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം, വി.ജി. സിറിയക്ക്, ഇ.എം.ജോസഫ്, എം.സി. ചാക്കോ,

www.malankaralibrary.com

എ.കെ. ചാക്കോ, ചെറിയാൻ കാപ്പൻ, ജോസഫ് തോമസ് (മുൻസിപ്പൽ ചെയർമാൻ, പാലാ) എ.എ. ജോസഫ് എന്നിവർ അംഗങ്ങളായിരിക്കും. ജോൺ കച്ചിറമറ്റം കൺവീനറായിരിക്കും.

റബറിന്റേയും നാളികേരളത്തിന്റെയും മററു കാർഷിക വിഭവങ്ങളുടേയും വിലയിടിവു തടയാൻ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടികൾ ഫലപ്രദമല്ലാത്തതിനാൽ റബറിനും നാളികേരളത്തിനും മററു കാർഷിക വിഭവങ്ങൾക്കും തറവില നിശ്ചയിക്കണമെന്നു ആവശ്യപ്പെടുന്ന പ്രമേയവും കൺവെൻഷൻ പാസ്സാക്കി. കൺവെൻഷനിൽ എ.കെ.സി.സി. പ്രസിഡന്റ് ശ്രീ. കെ.എം. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. പി.ഡി. തൊമ്മൻ ബി.എ.ബി.എൽ. ചർച്ചകൾക്ക് നേതൃത്വം നൽകി. ശ്രീ. എ.കെ. ചാക്കോ, പോൾ മാൻവെട്ടം, അഡ്വക്കേററ് ജോസഫ് മാവേലി, കെ.ജെ. ചാണ്ടി, ജോസഫ് വള്ളമററം, തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം സ്വാഗതവും കെ.ററി. തോമസ് നന്ദിയും പറഞ്ഞു.

## 32

# Memorandum

*കേരളഭൂപരിഷ്ക്കരണ നിയമത്തെപ്പററി അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിൽ നിന്നും കേരളാ ഗവണ്മെന്റിനും ഇൻഡ്യൻ പ്രധാനമന്ത്രിയ്ക്കും സമർപ്പിച്ച മെമ്മോറാണ്ഡം.*

Submitted to the Honuorable Chief Minister, Govt..of Kerala

By The Committee appointed by the Convention of Agriculturists and Farmers of Kerala held on 23-5-1976 at Kottayam, convened by the All-Kerala Catholic Congress

May it please the honourable Chief Minister,

The Kerala Land Reforms Act 1963, (Act 1 of 1964) among other things was enacted to bring about revolutionary changes in the system of land tenures in the state and to provide for a smooth, just and equitable re-distribution of land among the real cultivators and farmers. It has also secured for the landless people right to fixity and ownership over the land whereon their kudikidappu are situated.

2. To achieve these laudable objectives, restriction on ownership and possession of land has been introduced by the provisions contained in Chapter iii of the Act. Section 82 deals with the ceiling area and prescribes the method of determining the extent of ceiling area applicable to a family and adult unmarred person.

3. Section 83 of the Act prohibits possession and ownership of land in excess of the ceiling area. This section as it originally stood as per sub-section 2

www.malankaralibrary.com

of section 83 enabled "any adult member in a family to own or hold land in excess of the ceiling area to the extent necessary to make up the ceiling area of his lineal descendants other than his minor unmarried children who are alive on the date notified under sub – section (1) and who would inherit his land his death."

4. Section 83 of the Act was recast by Act 35 of 1969 and omitted sub-section (2). The law of inheritance applicable to Hindus regarding the family properties, and the law of inheritance applicable to muslims and Christians are entirely different. Regarding Muslims and Christians succession opens only on the death of a person. The lineal descendants and other heirs do not derive any right to properties held by their parents or heads of their families, by birth into the family nor are they entitled to ask for partition of the family properties. Hence the operation of S. 83 would disentitle the adult lineal descendants and heirs in Muslim and Christian families although they are potential successors to them in case their parents had died a day earlier to the date appointed for taking effect of this section i.e. on or before the last day of December, 1969.

5. This wholly unjust and anomalous situation has been easily obviated by sub-section 2 of S. 83. So the omission of this sub-section by Act 35 of 1969 has worked great in justice and havoc on the lineal descendants and heirs in Muslim and Christian families.

6. Same is the case with self acquired properties of Hind parents.

7. Added to the injury, mentioned above to the unfortunate adult members of Muslim and Christian families another provision in section 84 which enabled Muslim or Christian parents to allot shares in their properties to the rightful heirs thereof have been omitted by Act 17 of 1972. Sub-clause (ii) of sub-section (i) of section 84 enabled the holder or owner of properties to transfer their lands in favour of their heirs "on account of natural love and affection". Generally properties are acquired in the name of the head of the family but actually all the family members contribute their mite physically or financially for the acquisition and improvement thereof. To deprive them of the fruits of their labours and contributions and their legitimate right to a share of the properties is, to say the least, negation of their fundamental right. It leads to very calamitous consequence, by reducing the adult members of Muslim and Christian families mere paupers. This situation should be redeemed by re-introducing the omitted sub-section 2 of section 83 or by enabling the heads of families who are holding the properties for and on behalf of all the heirs who are sharers to transfer by gift by reinstatement of sub-clause (ii) of sub-section 1 of S. 84.

8. Some owners of land, taking advantage sub-clause (ii) sub-section (i) of section 84 have transferred properties in favour of their legal heirs. The amendments to the act introduced in 1971, and 1972, have invalidated such transfers made even prior to the amendments. This is a disastrously unjustifiable provision which ought to be suitably amended.

www.malankaralibrary.com

9. Sub-clause e of sub-section (i) of section 81, has exempted plantations from ceiling area. Sub-section 4 of section 82 enjoins that conversion of one class of land into another in schedule II will not be considered for determining ceiling area. Earlier conversion of lands into plantations were not prohibited. The idea behind the prohibition was to discourage indiscriminate destruction of garden lands to that of other classes, so that the extent or area may be augmented when conversion to standard acres are made. Conversion of unimproved land to plantation was not intended to be discouraged. But Act 25 of 1971 amended the sub-section (4) of section (82) and brought plantations also under the mischief of the section. This has landed a good many land holders who in natural course of events brought their unimproved lands under plantation. This is peanalising the land owners for helping greater production of commercial crops which are earners of foreign exchange to the nation and national wealth. This may be nullified by omitting plantations from the purview of sub-section (4)

10. Inspite of affording ample opportunities to Kudikidappukars to apply for assignment of the sites whereon their homestead are erected, many have not applied for assignment. Provisions may kindly be made in the act by bringing in an amendment enabling the owners of such sites to apply to the Land Tribunal to assign such lands to the Kudikidappukars.

We therefore request you to look into the matters mentioned above and take immediate steps to reddress the grievances of a large section of people who are afflicted by the vagaries of this law.

We beg to remain

Members of the Committee

1. K.M. Joseph, Advocate (President, All Kerala Catholic Congress) (Sd.)
2. John Kachiramattam (General Secretary, All Kerala Catholic Congress) (Sd.)
3. V.G. Cyriac I.A.S. (Retd.) (Sd.)
4. A.K. Chacko, Advocate (Sd.)
5. Cherian Kappan, Advocate, Ex. M.P. (Sd.)
6. Joseph Thomas, muncipal Chairman, Pala (Sd.)
7. A.A. joseph, Advocate (Sd.)
8. E.M. Joseph, Advocate (Convener) (Sd.)
9. M.C. Chacko, manthuruthil (Treasurer, All Kerala Catholic Congress)

3-05-1976

www.malankaralibrary.com

# Memorandum Submitted to the Honorable Prime Minister of India by the All Kerala Catholic Congress.

The working committee of the All Kerala Catholic Congress met and discussed the constitution amendments proposed by the Swaran Singh Committee with special reference to minorities and resolved to offer the following suggestions to the Prime Minister of India.

1. When amending Article 368 in the light of the recommendation of the Swaran Singh Committee a proviso may be added to the Article to make it clear that nothing contained in the said Article shall affect the religious and educational rights guaranteed to the minorities under Articles 25, 26, 29 and 30 of the Constitution.

2. Any restrictions proposed to be imposed on the judicial review of the Constitutional validity of legislative enactments curtailing the powers of the High Court under Article 226 as also the power to grant interim reliefs will seriously affect the rights guaranteed to the minorities as also other. It is therefore necessary to ensure that the restrictions on judicial review of the Constitutional validity of enactments on the powers of the High Courts under Article 226 shall in no manner apply in matters relating to the religious and educational rights guaranteed to the minorities under Articles 25, 26, 29 and 30 of the Constitution.

3. It is gratifying to note that the Swaran Singh Committee has recommended that when amending Article 31 (c) to enlarge the scope of the said Article, that provision should be made to ensure that no law to give effect to the Directive principles shall affect the special safeguards to the minorities, it is necessary to further clarify the provision. The rights conferred under Articles 25 and 26 are not confined to the minorities alone, though these rights are sacred to the nomirities as the rights guaranteed to them under Articles 29 and 30. Hence it is only just and proper to put it beyond doubt that this safeguard will equally apply to the religious and educational rights guaranteed under Articles 25, 26, 29 and 30.

4. Articles 31 (b) may be suitably amended to make it clear that the religious and educational rights guaranteed to the minorities are not rendered negatory by including legislative enactments affecting those rights in the Ninth Schedule.

5. In applying Articles 341 and 342 discriminations have been experienced by the races, castes, tribes or groups within them as scheduled castes or scheduled tribes and a specific provision may be inserted in the said Articles that no discrimination shall be made on the ground of religion.

6. Until a system of administrative law is developed in the country, the power now enjoyed by the High Courts may not be taken away in regard to complaints against administrative abuses and excesses by tribunals.

www.malankaralibrary.com

Its is submitted that the suggestions herein may be considered with sympathy.

With deep esteem and respects,

K.M. Joseph, AKCC President.
John Kachiramattom, General Secretary

Ernakulam,
16-08-76

# 33

# ഇന്ദിരാഗാന്ധിക്ക് എ.കെ.സി.സി. ജനറൽ സെക്രട്ടറി അയച്ച കത്ത്

Date : 1-9-1976

To,

Smt. Indira Gandhi,
Prime Minister,
Govt. of India,
New-Delhi.

Hon'ble Madom Prime Minister,

May I submit the following lines for your kind consideration and sympathetic action.

It is reported in the Dailies that young ladies are made to disappear day by day from the big cities of our country. We are told that they are taken away by force almost at the rate of six or seven a day from the city of Bangalore. Since an organized force is constantly working behind these immoral activities, no one dares to complain against them. Those who try to help these unfortunate victims are silenced by rowdies. Hence, the sad plight of the ladies continues to threaten everyone in the country.

Most of the papers have brought to light the sad story of Mrs.Lilly and Miss.Lissy (both Keralites) who have become a recent victim of these anti-social elements. Even after two months of this sad event, we are given to understand that the Karnatak Police is only just making "enquiries" and could not yet find any evidence. It is regretted that the police force could not make any satisfactory progress in their two-month-old enquiry regarding Lilly and Lissy who have been abducted on their way to a company for job. May I bring to your kind notice that the people in the country are quite unhappy about the indifference and irresponsibility shown by the police in this case.

Further, it is pointed out with deep resentment that those who are suspected to have been involved in the disappearance of these ladies are left free,

www.malankaralibrary.com

while those who give some evidence to the police are reported to have been manhandled or threatened by the miscreants. It is deplorable that the Karnataka Police pretend not to take note of these allegations. In fact, people fail to understand why the police is unwilling to spot out the culprits, instead of hiding or destroying all the evidences. So, the people are forced to believe with bitter feelings that these crimes are repeatedly committed in cities with the blessings of the police and with the support of shady characters. This state of affairs as well as the indifference on the part of the police deserves condemnation.

My humble request to you, therefore, is that you should intervene in this case to put and end to this shameful practice of "SALE OF GIRLS" I am sure that you can realise the anxiety of the ladies who happen to live in the big cities of our country. I am confident that you, being a mother, will share the intense feelings of the thousands of mothers of this country in condemning this attrocious crimes. The force behind the crime may consist of influential people, as is clear from the present case. But, it is highly necessary to bring them to book and punish them adequately, so that such horrid crimes may not be repeated again.

It is highly deplored that the police have miserably failed in the execution of their duty even in this emergency period. Hence I request you to take this case away from the Government of Karnataka and entrust it with the Central Bureau of Investigation. Since you have not left any stone unturned in bringing to book all the law-breakers and criminals of the country, I am sure that you will take strong action against the culprits and put an end to this immoral trade.

May I humbly request you once again to do whatever is within your power to trace the culprits and do justice to the poor victims.

I beg to remain,

Yours faithfully,
*General Secretary*
**John Kachiramattam**

## 34

# കത്തോലിക്കാ കോൺഗ്രസ്സ് കേരള കത്തോലിക്കരുടെ ഏകപൊതുസമുദായ സംഘടന

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ വാർഷികം വാഴക്കുളത്ത് സമാപിച്ച നവംബർ 22-ാം തീയതിയിലെ കേരളാടൈംസിൽ കേരളാ ലാററിൻ കാത്തലിക് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ ഒരു പ്രസ്താവനയും ഡിസംബർ 4-ാം തീയതി കേരളാ ടൈംസ് എഴുതിയ മുഖപ്രസംഗവും സശ്രദ്ധം വായിച്ചു.

www.malankaralibrary.com

കോട്ടയത്ത് വച്ച് നടത്തിയ പത്രസമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് കേരളകത്തോലിക്കരുടെ ഏകപൊതുസമുദായിക സംഘടനയാണ് എന്ന് ഞാൻ പ്രസ്താവിച്ചത് തെററായിപ്പോയി എന്നാണ് ലാററിൻ കാത്തലിക് അസോസിയേഷൻ സെക്രട്ടറി അഭിപ്രായപ്പെട്ടിരിക്കുന്നത്. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭരണഘടനയിൽ കോൺഗ്രസ്സിന്റെ പ്രവർത്തനവ്യാപ്തിയെപ്പററി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "കേരളസംസ്ഥാനം മുഴുവനും ഈ കോൺഗ്രസ്സിന്റെ പ്രവർത്തനപരിധിയിൽ പെടുന്നതും ആ പ്രദേശത്ത് അധിവസിക്കുന്നവരും, കേരളീയരിൽ കേരളത്തിനു പുറമേ അധിവസിക്കുന്നവരുമായ എല്ലാ കത്തോലിക്കരേയും ഈ കോൺഗ്രസ്സ് പ്രതിനിധാനം ചെയ്യുന്നതും മേൽപ്പറയപ്പെട്ടവർക്കുമാത്രം ഈ കോൺഗ്രസ്സിൽ അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതുമാകുന്നു."

ഈ ഭരണ ഘടന കേരളാ ബിഷപ്പ്സ് കോൺഫറൻസ് അംഗീകരിച്ചിട്ടുണ്ട് എന്നു തന്നെയുമല്ല കോൺഗ്രസ്സിന്റെ രക്ഷാധികാരികളാണ് കേരളത്തിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരും. കോൺഗ്രസ്സിന്റെ ഭരണഘടനയിൽ എന്തെങ്കിലും മാററം വരുത്തുവാൻ പ്രതിനിധിസമ്മേളനം തീരുമാനിച്ചാൽ അത് ബിഷപ്പ്സ് കോൺഫറൻസിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. ഈ വക കാരണങ്ങളാൽ കാത്തോലിക്കാ കോൺഗ്രസ്സ് കേരള കത്തോലിക്കരുടെ ഏകപൊതു സമുദായ സംഘടനയാണെന്ന് ആരും സമ്മതിക്കും.

കത്തോലിക്കാ കോൺഗ്രസ്സിന് പതിനായിരത്തോളം ആയുഷ്കാല മെമ്പർമാരുണ്ട്. കേരളത്തിലെ എല്ലാ രൂപതകളിലുംപെട്ടവർ കോൺഗ്രസ്സിൽ അംഗത്വമെടുത്തിട്ടുണ്ട്. റീത്തോ, രൂപതയോ ഒന്നും കോൺഗ്രസ്സിൽ മെമ്പർഷിപ്പ് എടുക്കുന്നതിന് ബാധകല്ല. കത്തോലിക്കാകോൺഗ്രസ്സിന്റെ ഔദ്യോഗിക ഭാരവാഹികളായി എല്ലാ റീത്തിലും പെട്ടവർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ശ്രീ. ഇ.പി. വർഗ്ഗീസിനേപോലെയുള്ള പ്രഗത്ഭമതികൾ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരുന്നിട്ടുണ്ട്. അവർ കോൺഗ്രസ്സിനുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ ആർക്കും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ആ ചരിത്ര വസ്തുതകളെ ആർക്ക് നിഷേധിക്കുവാൻ സാധിക്കും.

എ.കെ.സി.സി. സംഘടനാ രൂപത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് 58 വർഷം കഴിഞ്ഞിരിക്കുന്നു. അൻപത്തിയെട്ടു വർഷത്തിനിടയ്ക്ക് രൂപതാ തലത്തിലും ഇടവകതലത്തിലും പുതിയ പുതിയ സംഘടനകൾ രൂപം കൊള്ളുകയും കുറേ കാലത്തേയ്ക്ക് സജീവമായി പ്രവർത്തിക്കുകയും അനന്തരം സംഘടന നിർജീവമാകുകയും ചെയ്തിട്ടുള്ളതായി കാണുവാൻ സാധിക്കും. ഏതെങ്കിലും ഒരു രൂപതയിൽ, ഇടവകയിൽ ഒരു പുതിയ സംഘടന രൂപീകരിച്ചതുകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സിന്റെ അഖില കേരള സ്വഭാവം നഷ്ടപ്പെടുമെന്ന് ആരെങ്കിലും വാദിക്കുമെന്ന് തോന്നുന്നില്ല. പക്ഷേ ലാററിൻ അസോസിയേഷൻ സംഘടനയുടെ സെക്രട്ടറിയും കേരളാടൈംസും തെററായ രീതിയിൽ വാദിക്കുവാൻ അവരെ പ്രേരിപ്പിച്ച ചേതോവികാരം എന്തെന്ന് മനസ്സിലാകുന്നില്ല.

ഒരു കാര്യം കൂടി ചോദിക്കുവാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ

www.malankaralibrary.com

എല്ലാ റീത്തിലും വിഭാഗത്തിലും പെട്ട കത്തോലിക്കർക്ക് അംഗത്വം എടുത്തു പ്രവർത്തിക്കുവാൻ സാധിക്കുന്ന ഏതെങ്കിലും ഒറ്റി സംഘടന കേരളത്തിൽ ഉണ്ടോ? കേരളത്തിലെ എല്ലാ വൈദീകമേലദ്ധ്യക്ഷന്മാരും അംഗീകരിച്ചിട്ടുള്ള മററേതെങ്കിലും സംഘടന കേരളത്തിലുണ്ടോ? ഇല്ലെന്നതാണ് പരമാർത്ഥം. ഏതെങ്കിലും ഒരു കാലഘട്ടിത്തിൽ കുറേപ്പേർ ചേർന്ന് ഏതെങ്കിലും ഇടവകയിലോ രൂപതയിലോ ഒരു സംഘടന ആരംഭിച്ചാൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ അഖില കേരള സ്വഭാവം നഷ്ടപ്പെടുമെന്ന് ഒരിടത്തും രേഖപ്പെടുത്തിയിട്ടുമില്ല.

10-12-1976

# 35

# സാമ്പത്തിക സംവരണം

കത്തോലിക്കാ കോൺഗ്രസ്സ് ഇന്നുവരെ സാമ്പത്തിക സംവരണവാദം പുറപ്പെടുവിച്ചിട്ടില്ല. ലത്തീൻ കത്തോലിക്കരെയും കൂടി പ്രതിനിധാനം ചെയ്യുന്ന ഒരു സംഘടനയെന്ന നിലയിൽ കത്തോലിക്കരിലെ ഒരു വിഭാഗമായ ലത്തീൻ ക്രിസ്ത്യാനികളുടെ വികാരങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് ഇപ്രകാരം ഒരു സമീപനം എ.കെ.സി.സി. സ്വീകരിച്ചിട്ടുള്ളത്. എന്നാൽ പിന്നോക്കവിഭാഗത്തിലെ പിന്നോക്കക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി പിന്നോക്ക വിഭാഗത്തിലെ മുന്നോക്കക്കാരെ സംവരണാനുകൂല്യത്തിൽ നിന്നും മാററണമെന്ന് ആരെങ്കിലും പറഞ്ഞാൽ അത് തെററാണെന്നു പറയുവാൻ സാദ്ധ്യമല്ല. അതുപോലെതന്നെ മുന്നോക്കവിഭാഗത്തിലെ പിന്നോക്കവിഭാഗത്തിനും കൂടി സംവരണാനുകൂല്യങ്ങൾ ലഭിക്കണമെന്നു പറഞ്ഞാൽ അതിനെയും എതിർക്കുവാൻ സാദ്ധ്യമല്ല.

വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും ലത്തീൻ ക്രിസ്ത്യാനികൾക്ക് എന്തെങ്കിലും ദോഷകരമായ വിധത്തിൽ ഒരു വാക്കുപോലും കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നുള്ള വസ്തുത കേരളാ ടൈംസ് മനസ്സിലാക്കണമെന്നഭ്യർത്ഥിക്കുന്നു. ഇതുതന്നെ എ.കെ.സി.സി.യുടെ വിശാല വീക്ഷണത്തിന് ഒരു തെളിവാണ്.

കത്തോലിക്കാ കോൺഗ്രസ്സ് ഗോൾഡൻ ജൂബിലി സ്മാരക സ്കോളർഷിപ്പ് റീത്തു രൂപത വ്യത്യാസമെന്യേ എല്ലാ രൂപതക്കാർക്കും വർഷം തോറും ഒരുപോലെ നൽകിക്കൊണ്ടിരിക്കുന്ന വസ്തുതയും അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

വസ്തുതകളെ സത്യസന്ധമായി കാണുവാനുള്ള ഹൃദയവിശാലത എല്ലാവർക്കും ഉണ്ടാകണമെന്ന് മാത്രം ഇയവസരത്തിൽ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

20-12-1976

www.malankaralibrary.com

## 36

# ദീപിക

കേരളത്തിലെ ആദ്യത്തെ ദിനപത്രമാണ് ദീപിക. ദീപിക ആരംഭിച്ചിട്ട് 1977 ഏപ്രിൽ 14-ാം തീയതി 90 തികയുകയാണ്. ദീപികയ്ക്ക് നവതിയാഘോഷിക്കുവാൻ പ്രായമായിരിക്കുന്നു.

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ ധീരോദാത്തമായ നേതൃത്വം നൽകിയിട്ടുള്ള ഒരു പത്രമാണ് ദീപിക. കനത്ത എതിർപ്പുകളേയും ഭീഷണിയേയും ദീപിക നേരിടേണ്ടിവന്നിട്ടുണ്ട്. എങ്കിലും നീതിക്കും സത്യത്തിനും വേണ്ടി അടിപതറാതെ നിലകൊണ്ടുവെന്നതിൽ ദീപികക്ക് അഭിമാനിക്കുവാൻ വകയുണ്ട്. ഒരു ബിസിനസ്സ് പത്രമെന്ന നിലയിൽ ദീപിക പ്രവർത്തിച്ചിരുന്നു എങ്കിൽ ദീപികക്ക് വലിയ സാമ്പത്തിക ലാഭം കൈവരിക്കുവാൻ സാധിക്കുമായിരുന്നു. പക്ഷെ, അതിനൊന്നും തയ്യാറാകാതെ ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് കഴിഞ്ഞ 90 വർഷക്കാലവും ദീപിക പ്രവർത്തിച്ചു.

കേരളത്തിൽ നടന്നിട്ടുള്ള എല്ലാ ജനകീയ പ്രക്ഷോഭണങ്ങളുടേയും മുൻപന്തിയിൽ തന്നെ ദീപിക നിലകൊണ്ടിരിന്നു. കത്തോലിക്കാ മെമ്മോറിയലുകളുടേയും നിവർത്തന പ്രക്ഷോഭണത്തിന്റെയും പിമ്പിലും മുമ്പിലും നിലകൊണ്ടത് ദീപികയായിരുന്നു. സർ. സി.പി. രാമസ്വാമി ഐയ്യരുടെ ഭരണകാലത്തു നടന്ന വിദ്യാഭ്യാസ പ്രക്ഷോഭണത്തിനും കേരളത്തലെ വിമോചന സമരത്തിനും ദീപിക നൽകിയിട്ടുള്ള സേവനം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. സ്വന്തം നിലനിൽപു തന്നെ അപകടത്തിൽ എന്ന തോന്നലുണ്ടായിട്ടും നീതിക്കുവേണ്ടി നിലകൊണ്ട് ഐക്യജനാധിപത്യ ഗവർണ്മെന്റിന്റെ കാലത്ത് കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ നടന്ന കുടിയിറക്കുകളെയും കൊട്ടിയൂരിൽ നടന്ന മേൽച്ചാർത്തിനേയും ദീപിക ശക്തിയായി എതിർക്കുവാൻ തയ്യാറായില്ലായിരുന്നവെങ്കിൽ കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും സ്വകാര്യ വനപ്രദേശങ്ങളിലും അധിവസിക്കുന്ന ഏകദേശം 35 ലക്ഷത്തോളം കർഷകരുടെ ഭാവി എന്താകുമായിരുന്നു. കേരളത്തിലെ കർഷക വർഗ്ഗത്തിന്റെ അവകാശങ്ങൾക്കും പുരോഗതിക്കും വേണ്ടി ദീപിക എന്നും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

നവതിയാഘോഷിക്കുന്ന ദീപികയുടെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട ഇന്ത്യയിലെ ബാലികാബാലന്മാരുടെ സ്വർഗ്ഗശക്തിയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി രൂപം കൊണ്ട ദീപികാ ബാലസഖ്യത്തിന്റെ രജതജൂബിലി വർഷവുമാണ് 1977. ദീപികക്കും ദീപികാ ബാലസംഖ്യത്തിനും ഈയവസരത്തിൽ മംഗളങ്ങൾ ആശംസിച്ചുകൊള്ളുന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ വളർച്ചയ്ക്ക് നിർണ്ണായകമായ പങ്കാണ് ദീപിക വഹിച്ചിട്ടുള്ളത്. ഈയവസരത്തിൽ ദീപികയുടെ സേവനങ്ങളെ ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിച്ചു

www.malankaralibrary.com

കൊള്ളുന്നു. ദീപികയുടെ നവതിയാഘോഷ പരിപാടികൾ വിജയിപ്പിക്കുവാൻ എല്ലാ സുഹൃത്തുക്കളും തയ്യാറായി മുന്നോട്ടു വരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ദീപികക്ക് എല്ലാവിധ മംഗളങ്ങളും ആശംസകളും അർപ്പിക്കുവാൻ ഞങ്ങൾ ഒരിക്കൽ കൂടി ഈയവസരം വിനിയോഗിക്കുന്നു.

10-04-1977

## 37

# അവശക്രൈസ്തവപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

(ഇന്ത്യയിലെ ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുവാൻ എല്ലാ ക്രൈസ്തവവിഭാഗങ്ങളിലെയും പ്രതിനിധികളുടെ ഒരു ദേശീയ സമ്മേളനം 1978-ജൂൺ 15 മുതൽ 19 വരെ ബാംഗ്ലൂരിൽ വച്ച് നടത്തപ്പെട്ടു. ഇന്ത്യയിലെ ക്രൈസ്തവസഭകൾ ഏകോപിച്ച് ചരിത്രത്തിലാദ്യമായി നടത്തപ്പെട്ട ഒരു സമ്മേളനമായിരുന്നു ബാംഗ്ലൂർ സമ്മേളനം. മെത്രാന്മാരും വൈദികരും അൽമായരുമടക്കം 200-ൽ പരം ആളുകൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

ബാംഗ്ലൂർ സമ്മേളനത്തിന്റെ മാതൃകയിൽ എല്ലാ സംസ്ഥാനങ്ങളിലും കൺവെൻഷൻ നടത്തണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് 1978 സെപ്ററംബർ 1,2,3 തീയതികളിൽ ചരൽക്കുന്നിൽവച്ച് വിവിധ സഭാവിഭാഗങ്ങളിലെ പ്രതിനിധികളുടെ ഒരു സമ്മേളനം നടത്തപ്പെട്ടു. ഈ രണ്ടു സമ്മേളനങ്ങളിലും എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പങ്കെടുത്തു. ചരൽക്കുന്ന് സമ്മേളനത്തിൽ ജോൺകച്ചിറമററം അവതരിപ്പിച്ച പ്രബന്ധമാണ് താഴെ ചേർക്കുന്നത്.

ചരൽക്കുന്ന് സമ്മേളനം കേരളക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിലിന് രൂപം കൊടുത്തു. ആക്ഷൻകൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന സമരപരിപാടികൾക്ക് നേതൃത്വം വഹിക്കുവാൻ ജോൺകച്ചിറമററം കൺവീനറായി ഒരു ആക്ഷൻ കമ്മററിക്ക് രൂപംകൊടുത്തു. 1979 ഏപ്രിൽ രണ്ടാം തീയതി തിരുവനന്തപുരത്ത് 7 ലക്ഷം പേരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ റാലിയും പൊതുയോഗവും ജില്ലാ ആസ്ഥാനങ്ങളിലും സെക്രട്ടറിയേററു നടയിലും നടത്തിയ ധർണയും പൊതുയോഗവും ആക്ഷൻ കമ്മററിയുടെ നേതൃത്വത്തിലാണ് നടന്നത്. ഇതേ തുടർന്നാണ് അവശക്രൈസ്തവകോർപ്പറേഷന് രൂപം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചത്.)

കേരളത്തിലെ അവശക്രൈസ്തവർ, കഴിഞ്ഞ മുപ്പതിൽപ്പരം വർഷങ്ങളായി നിഷേധിക്കപ്പെട്ടിരിക്കുന്ന അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്. ഈ സമരങ്ങളുടെ ഫലമായി ഇന്ത്യയുടെ ഇതരസംസ്ഥാനങ്ങളിലെ അവശക്രൈസ്തവരിൽ നിന്നും

www.malankaralibrary.com

വ്യത്യസ്തമായി പല ആനുകൂല്യങ്ങളും നേടിയെടുക്കുവാൻ കേരളത്തിലെ അവശക്രൈസ്തവർക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലെ അവശക്രൈസ്തവ സമരത്തിന്റെ അവകാശ സമ്പാദനസമരങ്ങളുടെ മാതൃക സ്വീകരിച്ചുകൊണ്ട് മററു പല സംസ്ഥാനങ്ങളിലും അവകാശസമ്പാദനത്തിനുവേണ്ടിയുള്ള സമരങ്ങൾ സമാരംഭിച്ചുകഴിഞ്ഞു. ഇനിയും കേരളത്തിലും മററിതര സംസ്ഥാനങ്ങളിലും അവശക്രൈസ്തവർക്ക് ലഭിക്കേണ്ട അവകാശങ്ങൾ നിരവധിയാണ്.

കഴിഞ്ഞ മൂന്നു ദശാബ്ദകാലത്തെ സമരങ്ങളുടെ ഫലമായി വിദ്യാഭ്യാസരംഗത്ത് ഏതാനും ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ മാത്രമേ നമുക്ക് സാധിച്ചിട്ടുള്ളു. വിദ്യാഭ്യാസരംഗത്തുതന്നെ സമരത്തിലൂടെ നേടിയെടുത്ത ആനുകൂല്യങ്ങൾ സമ്പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞില്ല. കോളേജുകളിലും സാങ്കേതികകലാശാലകളിലും സർക്കാർ സർവ്വീസിലും അർഹമായ സംവരണ വ്യവസ്ഥ ചെയ്തുതരുവാൻ സർക്കാർ ഇനിയും കൂട്ടാക്കാത്തതാണ് അതിനുള്ള മുഖ്യ കാരണം. സാമൂഹ്യരംഗത്ത് വിപ്ലവകരമായ മാററങ്ങൾ സൃഷ്ടിക്കുവാൻ ഉതകുന്ന നിയമനിർമ്മാണങ്ങൾ കാലാകാലങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെങ്കിലും ഇതിന്റെയൊന്നും സൽഫലങ്ങൾ അവശക്രൈസ്തവർക്ക് അനുഭവിക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളത് ഒരു നഗ്നസത്യം മാത്രമാണ്. ദുർബലവിഭാഗങ്ങൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന സംവരണവ്യവസ്ഥ അവശക്രൈസ്തവർക്ക് യാതൊരുവിധ മെച്ചവും ഉണ്ടാക്കിയിട്ടില്ല. അശാസ്ത്രീയമായി ഏർപ്പെടുത്തിയിരിക്കുന്ന ഇന്നത്തെ സംവരണ രീതിയുടെ ഫലമാണിത്. ഈയടുത്തകാലത്ത് സംഘടിപ്പിച്ച 'ഹരിജൻ ഡവലപ്പ്മെന്റ് കോർപ്പറേഷനി'ൽ പോലും അവശക്രൈസ്തവർക്ക് പ്രാതിനിദ്ധ്യം നൽകിയിട്ടില്ലായെന്നത് ഒരു വസ്തുതയാണ്. കേന്ദ്രഗവൺമെന്റ് നിയമനങ്ങളിൽ അവശക്രൈസ്തവർക്ക് യാതൊരുവിധ പ്രാതിനിദ്ധ്യവും നൽകപ്പെടുന്നില്ല. I.A.S., I.F.S., I.P.S. തുടങ്ങി അഖിലേന്ത്യാ സർവ്വീസുകളിലും അവശക്രൈസ്തവർക്ക് പ്രവേശനം അർഹമായ രീതിയിൽ ലഭിക്കുന്നില്ല. പ്രമോഷനിലെ സംവരണവ്യവസ്ഥ അവശക്രൈസ്തവവിഭാഗത്തിന് ബാധകമാക്കിയിട്ടില്ലെന്നുള്ളതും പ്രൈവററും ഗവൺമെന്റും മേഖലയിലെ ഓരോ തൊഴിൽ ശാലകളിലും അവശക്രൈസ്തവർക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ലെന്നുള്ളതും, വ്യവസായ വായ്പകൾ, ഭവനനിർമ്മാണ വായ്പകൾ മുതലായ ഇനത്തിൽ പട്ടികജാതിക്കാർക്ക് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുന്നതും പരിഹരിക്കപ്പെടേണ്ടതാണ്.

ഈ അവകാശങ്ങൾ നേടിയെടുക്കുന്നതിന് സമഗ്രമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. അതോടൊപ്പം അവശക്രൈസ്തവ പ്രശ്നത്തിൽ ഒരു പുതിയ സമീപനം സ്വീകരിച്ചുകൊണ്ട് ക്രൈസ്തവസഭ മുന്നോട്ടു നീങ്ങേണ്ടതാണെന്നുകൂടി ഇത്തരണത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ദാരിദ്ര്യത്തിനും വിവേചനത്തിനും ചൂഷണത്തിനും അങ്ങനെ മനുഷ്യന്റെ പാപത്തിന്റെ ഫലമായി മനുഷ്യത്വം നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളിൽ നിന്നെല്ലാം മനുഷ്യൻ വിമോചിക്കപ്പെടണം. അങ്ങനെ സമ്പൂർണ്ണമായ മനുഷ്യത്വത്തിന്റെ - രക്ഷയുടെ - അനുഭവത്തിലേക്ക് നയിക്കപ്പെടണം.

www.malankaralibrary.com

ദൈവോദ്ദേശങ്ങൾക്ക് അനുരൂപമായ നീതിയും സാഹോദര്യവും സമൂഹത്തിൽ യഥാർത്ഥമായി തീരണം. ഈ ദർശനം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണമായ മനുഷ്യത്വത്തിനുവേണ്ടി-നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി അവശക്രൈസ്തവ സമരത്തെ നാം കാണേണ്ടതാണ്.

മേൽ പ്രസ്താവിച്ച പശ്ചാത്തലത്തിൽ നിന്നുകൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഞങ്ങൾ ഈ കൺവെൻഷൻ മുമ്പാകെ സമർപ്പിക്കുകയാണ്.

1. അവശക്രൈസ്തവപ്രശ്നത്തിന്റെ ഗൗരവം, എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും മററു പൊതുജനങ്ങളെയും ബോധവാന്മാരാക്കുന്നതിനായി പ്രചരണ പരിപാടികൾ സ്വീകരിക്കുക. അതിനുവേണ്ടി വാർത്താവിനിമയ മാദ്ധ്യമങ്ങൾ ഉപയോഗിക്കുക.

2. സഭാവിഭാഗവ്യത്യാസമെന്യേ എല്ലാ സഭാവിഭാഗങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്ത്, താലൂക്ക് ജില്ലാടിസ്ഥാനത്തിൽ ക്രൈസ്തവ കൺവെൻഷനുകൾ ഈ വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുക.

3. അവശക്രൈസ്തവ പ്രശ്നത്തിന് അനുകൂലമായിട്ടുള്ള നിലപാടു സ്വീകരിക്കുന്നതിനുവേണ്ടി രാഷ്ട്രീയകക്ഷികളെ പ്രേരിപ്പിക്കുക.

4. മതത്തിന്റെ പേരിൽ വിവേചനം അനുഭവിക്കുന്ന മററ് ഇതരസമൂഹങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംയുക്തനീക്കങ്ങൾ ആരംഭിക്കുക.

5. മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെയും സാമൂഹ്യനീതിക്കുവേണ്ടിയും "മനുഷ്യാവകാശദിനം" എല്ലാ സഭകളും ഏകോപിച്ചു ആചരിക്കുക.

6. നീതി നിഷേധിക്കപ്പെടുന്ന ഇത്തരം സാഹചര്യങ്ങളിൽ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കുചേരുന്ന ഒരു ദൈവശാസ്ത്ര സമീപനം സാധാരണക്കാരന് മനസ്സിലാകുന്ന വിധത്തിൽ ലഘുലേഖ വഴി പ്രസിദ്ധപ്പെടുത്തുക.

7. ഈ പ്രശ്നത്തിൽ ക്രൈസ്തവസഭയുടെ നിലപാടു വിശദീകരിച്ചുകൊണ്ടും ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടിയും കേരളത്തിന്റെ ഒരററത്തുനിന്നും ആരംഭിച്ച് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലൂടെയും കടന്ന് തലസ്ഥാനനഗരിയിൽ എത്തി ഗവൺമെന്റിൽ നിവേദനം സമർപ്പിക്കത്തക്കവണ്ണം ഒരു ജാഥ സംഘടിപ്പിക്കുക. തലസ്ഥാനനഗരിയിൽ അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ ബഹുജനറാലി സംഘടിപ്പിക്കുക.

8. പ്രശ്നപരിഹാരത്തിന് ആവശ്യമായിട്ടുള്ള സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിക്കുക.

9. കേരളത്തിലെ എല്ലാ ക്രൈസ്തവ ബിഷപ്പുമാരുടെയും ബഹുജനങ്ങളുടെയും ഒരു സംയുക്തമെമ്മോറാണ്ടം കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്ക് സമർപ്പിക്കുക. പ്രസ്തുത മെമ്മോറാണ്ടത്തിൽ അവശക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുക. അവശ

www.malankaralibrary.com

ക്രൈസ്തവർക്ക് സംസ്ഥാനഗവൺമെന്റിന്റെ പരിധിയിൽ നിന്നുകൊണ്ട് നൽകാവുന്ന ആനുകൂല്യങ്ങൾ നൽകണമെന്ന് ആവശ്യപ്പെടുക, I.A.S., I.F.S, I.P.S. തുടങ്ങി എല്ലാ അഖിലേന്ത്യാസർവ്വീസുകളിലും അവശക്രൈസ്തവർക്ക് പ്രാതിനിധ്യം നൽകുക, പ്രമോഷനിലെ സംവരണവ്യവസ്ഥ അവശക്രൈസ്തവവിഭാഗത്തിനുകൂടി ബാധകമാക്കുക, വ്യവസായ വായ്പകൾ, ഭവനനിർമ്മാണ വായ്പകൾ, കാർഷികവായ്പകൾ മുതലായവ പട്ടികജാതിക്കാർക്ക് നൽകുന്നതുപോലെ അവശക്രൈസ്തവർക്കും നൽകുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കണം.

10. കേരളത്തിലെ അവശക്രൈസ്തവരുടെ യഥാർത്ഥ ജനസംഖ്യ തിട്ടപ്പെടുത്തുവാൻ ഒരു സെൻസസ് എടുക്കണമെന്ന് ഗവൺമെന്റിനോടഭ്യർത്ഥിക്കുകയും ക്രൈസ്തവസഭകളുടെ നേതൃത്വത്തിൽ അവശക്രൈസ്തവരുടെ സെൻസസ് വേർതിരിച്ചെടുക്കുകയും ചെയ്യുക.

11. കേന്ദ്രസംസ്ഥാനഗവൺമെന്റുകൾ അവശക്രൈസ്തവ പ്രശ്നം പരിഹരിക്കുവാൻ സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം പ്രത്യക്ഷസമരപരിപാടികൾ ആരംഭിക്കുക.

12. സഭയുടെ സ്ഥാപനങ്ങളിൽ അവശക്രൈസ്തവർക്ക് മതിയായ പ്രാതിനിധ്യം നൽകുക.

13. സഭയുടെ ഭരണതലങ്ങളിലും മററു മേഖലകളിലും അവശക്രൈസ്തവർക്കും പങ്കാളിത്തം നൽകുക.

14. ഓരോ സഭാവിഭാഗങ്ങളും സാമ്പത്തിക സാമൂഹ്യ വികസനത്തിനുവേണ്ടി അവശക്രൈസ്തവരെ കേന്ദ്രീകരിച്ചു വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

15. മേൽ പറയപ്പെട്ട വിവിധങ്ങളായ പരിപാടികളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി എല്ലാ സഭാവിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു 'ഐക്യവേദി' സ്ഥിരമായി ഉണ്ടാക്കുക. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം സംഭരിക്കുന്നതിന് ഒരു ഞായറാഴ്ച നിശ്ചയിച്ച് അന്നേദിവസം 'പ്രാർത്ഥനാദിന' മായി ആചരിക്കുകയും അന്നത്തെ സംഭാവനകളും സ്തോത്രവഴിപാടുകളും നേർച്ചകളും ഈ ആവശ്യത്തിലേക്കായി നീക്കിവയ്ക്കുകയും ചെയ്യുക.

മതത്തിന്റെ പേരിൽ അവശക്രൈസ്തവരോടുള്ള ഈ വിവേചനം ഭാരതക്രൈസ്തവസഭയോട് മൊത്തത്തിലുള്ള ഒരു വെല്ലുവിളിയായി കണക്കാക്കുന്നതുകൊണ്ട് പ്രശ്നപരിഹാരത്തിനായി നാം ഏകോപിച്ച് ഒരു മുന്നേററത്തിനു തയ്യാറാകേണ്ടിയിരിക്കുന്നു. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സത്വര നടപടികൾ സ്വീകരിക്കുവാൻ ഈ സമ്മേളനത്തിന്റെ തീരുമാനത്തിനുവേണ്ടി ഈ നിർദ്ദേശങ്ങൾ സഭയുടെ മുൻപാകെ സമർപ്പിച്ചുകൊള്ളുന്നു.

ചരൽക്കുന്ന്
02-09-1978

www.malankaralibrary.com

## 38

# കത്തോലിക്കാ കോൺഗ്രസ്സ് വജ്രജൂബിലി: ഒരു വിലയിരുത്തൽ

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ വജ്രജൂബിലി 1978 ഏപ്രിൽ 2 മുതൽ 10 വരെ തീയതികളിൽ കുമളി സെന്റ് തോമസ് നഗറിൽ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. കേരളത്തിലെ ഒരു കുടിയേററ പ്രദേശമായ- ഹൈറേഞ്ചിന്റെ തിലകക്കുറിയായ കുമളിയിൽ വച്ച് നടന്ന ജൂബിലിയാഘോഷം കോൺഗ്രസ്സിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുകയാണ്.

### പതാകാ പ്രയാണം.

കോൺഗ്രസ്സിന്റെ ചരിത്രത്തിൽ വിപുലമായ പല വാർഷികാഘോഷങ്ങളും നടന്നിട്ടുണ്ടെങ്കിൽ വാർഷികത്തോടനുബന്ധിച്ച് പതാക ഘോഷയാത്ര ആദ്യമായിട്ടാണ് നടക്കുന്നത്. കോൺഗ്രസ്സിന്റെ 60-ാം വാർഷിക സമ്മേളനത്തിൽ ഉയർത്തുവാനുള്ള പതാക, ചരിത്രപ്രസിദ്ധമായ അഴിക്കോട് മാർത്തോമ്മാ പൊന്തിഫിക്കൽഷ്റൈനിൽ നിന്നും ആഘോഷപൂർവ്വമായാണ് ഏപ്രിൽ 2-ാം തീയതി കൊണ്ടുപോയത്.

മങ്ങാത്ത സത്യവിശ്വാസ ദീപവുമേന്തി തോമ്മാശ്ലീഹാ നീന്തി കടന്ന സാഗരങ്ങളും അതിന്റെ അലയടിയിൽ ചൈതന്യധാരയിലേയ്ക്കൊഴുകിയെത്തിയ, രാജമന്ദിരങ്ങളും നമ്പൂതിരി ഇല്ലങ്ങളും ആയിരങ്ങളുടെ മനസ്സിൽ മിന്നിമായവേ തോമ്മാശ്ലീഹായുടെ പാദസ്പർശമേററ മണ്ണിൽനിന്നുകൊണ്ട് എ.കെ.സി.സി. മുൻ പ്രസിഡന്റ് ശ്രീ.കെ.പി.ജോൺ പതാക ആഘോഷകമ്മിററി ചെയർമാൻ ഫാ.ആന്റണി താന്നിക്കലിനെ ഏല്പിച്ചു. കത്തോലിക്കാ സമൂഹത്തിന്റെ നവജീവിതത്തിന് നാന്ദി കുറിക്കുന്ന ആവേശകരമായൊരു മുഹൂർത്തമായി ശ്രീ.കെ.പി.ജോൺ പതാകാ പ്രയാണത്തെ വിശേഷിപ്പിച്ചു. പതാകാപ്രയാണം ഉത്ഘാടനം ചെയുവാൻ ശ്രീ.കെ.പി.ജോണിനെ ക്ഷണിച്ചുകൊണ്ട് എ.കെ.സി.സി. ജനറൽസെക്രട്ടറി ജോൺ കച്ചിറമററം സംസാരിച്ചു. അഴീക്കോട് മാർത്തോമ്മാ പൊന്തിഫിക്കൽഷ്റൈനിൽ വച്ച് തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിൽ സ്പർശിച്ച പതാക എ.കെ.സി.സി. വർക്കിംഗ് കമ്മിററി മെമ്പർ കൂടിയായ ഇരിങ്ങാലക്കുട മുൻസിപ്പൽ ചെയർമാൻ ശ്രീ.എ.പി.ജോർജ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം, ഫാ.ആന്റണി നെടിയകാലാപ്പറമ്പിൽ, കൺവീനർ കെ.എ.ജോസഫ് കൊല്ലംപറമ്പിൽ തുടങ്ങിയവരുൾപ്പെടെ വമ്പിച്ചൊരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ആണ് പതാക ആഘോഷകമ്മിററി ചെയർമാൻ ഏററുവാങ്ങിയത്. ഫാ.ഡേവിഡ് ചിററിലപ്പള്ളി അഭിവാദനപ്രസംഗം നടത്തി. തുടർന്ന് നിരവധി വാഹനങ്ങളുടെ അകമ്പടിയോടെയാണ് കടലോരത്തുനിന്നും മലയോരത്തേയ്ക്കുള്ള

www.malankaralibrary.com

പതാകാപ്രയാണം ആരംഭിച്ചത്.

പതാകയ്ക്ക് വഴിനീളെ ഉജ്ജ്വലസ്വീകരണമാണ് ലഭിച്ചത്. പടക്കം പൊട്ടിച്ചും കരിമരുന്നു കലാപ്രകടനങ്ങൾ നടത്തിയും ഹാരമണിയിച്ചും വിവിധ സ്ഥലങ്ങളിൽ പതാകയെ സ്വീകരിക്കുവാൻ നൂറുകണക്കിനാളുകൾ ആവേശപൂർവ്വം നിലകൊണ്ടിരുന്നു.

3 ബസ്സുകളിലായി ഇരുന്നൂറിലധികം സ്ത്രീപുരുഷന്മാർ പതാകാ പ്രയാണത്തിൽ ആദ്യന്തം പങ്കെടുത്തിരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് ആക്ടിംഗ് പ്രസിഡന്റ് പ്രൊഫ.എൻ.ഡി.ജോർജിന്റെ സാന്നിദ്ധ്യത്തിൽ ഇരിങ്ങാലക്കുട ഫൊ.പള്ളി മൈതാനിയിൽ വച്ച് ഫാ.ജോൺ അമ്പൂക്കന്റെ നേതൃത്വത്തിൽ പതാകയ്ക്ക് ഗംഭീരസ്വീകരണം നൽകി. മുൻസിപ്പൽ ചെയർ മാൻ ശ്രീ.എ.പി.ജോർജ്, ഫാ.ജോൺ അമ്പൂക്കൻ എന്നിവർ ഹാരമണിയിച്ച് സ്വീകരിച്ചു.

ആളൂർ ബററർലൈഫ് സെന്റർ കവാടത്തിലെത്തിയ പതാകയെ ഫാ.ജോസ് അക്കരക്കാരൻ, ഫാ.ചിററിലപ്പള്ളി എന്നിവരും ഹാരമണിയിച്ച് സ്വീകരിച്ചു. ചാലക്കുടി, എറണാകുളം രൂപതാതിർത്തി, അങ്കമാലി, കാലടി, കോതമംഗലം, മൂവാററുപുഴ, വാഴക്കുളം, കരിങ്കുന്നം, നെല്ലാപ്പാറ, പിഴക്, പാലാ, പൈക, എളങ്ങുളം, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, വണ്ടംപതാൽ, കുമളി എന്നിവിടങ്ങളിൽ ഗംഭീരസ്വീകരണം ലഭിച്ചു. രാത്രി 8 മണിക്ക് കുമളിടൗൺ പള്ളിയിൽ വിശ്രമിച്ചു. തേയിലത്തോട്ടങ്ങളിലൂടെയും കാപ്പിത്തോട്ട ങ്ങളിലൂടെയും ഏലക്കാടുകളുടെയും മദ്ധ്യത്തിലൂടെ കുമളിയിലെത്തിച്ചേർന്ന പതാകജാഥ പിറേറന്ന് രാവിലെ 9 മണിക്ക് സമ്മേളനനഗറിലേക്ക് പുറപ്പെട്ടു. കുമളിടൗൺ പൗരാവലിയുടെ സ്വീകരണം ഏററുവാങ്ങി സമ്മേളനനഗറിൽ എത്തിച്ചേർന്നു. 10.30 ന് സമ്മേളനനഗറിൽ ഫാ.മാത്യു കുഴിവേലി പതാക ഉയർത്തി.

ഏപ്രിൽ 4, 5 തീയതികൾ കുടുംബദിനമായി ആചരിച്ചു. 6-ാം തീയതി യുവജനദിനവും 7-ാം തീയതി ബാലദിനവുമായിരുന്നു. കുട്ടികൾക്കുവേണ്ടി വിവിധ മത്സരങ്ങൾ നടത്തി. ഉച്ചകഴിഞ്ഞ് 4 മണിക്ക് നടന്ന ഉത്ഘാടന സമ്മേളനത്തിൽ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ആദ്ധ്യക്ഷ്യം വഹിച്ചു. ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ ഉൽഘാടനം ചെയ്തു. മെത്രാഭിഷേക രജതജൂബിലിയാഘോഷിക്കുന്ന ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പ്രസംഗിച്ചു.

8-ാം തീയതിരാവിലെ തൊഴിലാളി സമ്മേളനവും വൈകിട്ട് വിദ്യാഭ്യാസ സാംസ്കാരിക സമ്മേളനവും രാത്രി വിവിധ കലാപരിപാടികളും നടന്നു. 9-ാം തീയതി രാവിലെ പ്രതിനിധി സമ്മേളനവും ഉച്ചകഴിഞ്ഞ് സമാപന സമ്മേളനവും നടന്നു. ആക്ടിംഗ് പ്രസിഡണ്ട് എൻ.ഡി.ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനം ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഉൽഘാടനം ചെയ്തു.

www.malankaralibrary.com

1977-ലെ സാഹിത്യ അവാർഡ് പ്രൊഫ.മാത്യു ഉലകംതറക്ക് യോഗത്തിൽ വച്ച് സമ്മാനിച്ചു.

വിവിധ സമ്മേളനങ്ങളിൽ മന്ത്രി കെ.എം.മാണി, മന്ത്രി പി.ജെ.ജോസഫ്, ആർ.ബാലകൃഷ്ണപിള്ള, മോൺ മാത്യു വെള്ളാങ്കൽ, ജോർജ്ജ് മാത്യു എം.പി., പ്രൊഫ.കെ.എം.തരകൻ, വർഗ്ഗീസ് കരിപ്പായിൽ, റവ.ഡോ.ആന്റണി നിരപ്പേൽ, വി.ററി.സെബാസ്റ്റ്യൻ എം.എൽ.എ. സ്കറിയാ സക്കറിയാ തുടങ്ങിയവർ പ്രസംഗിച്ചു.

8 ദിവമായി നടന്നുവന്ന ആഘോഷപരിപാടികൾ 10-ാം തീയതി രാവിലെ നടന്ന ദിവ്യബലിയോടെ സമാപിച്ചു.

(1979 ഏപ്രിൽ 10)

39

# കേരളത്തിലെ ക്രമസമാധാനനില ഒരു വിലയിരുത്തൽ

(എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി കേരളത്തിലെ ക്രമസമാധാനനില യെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജോൺ കച്ചിറമറ്റത്തെ ഏകാംഗ കമ്മീഷനായി നിയമിച്ചു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടാണിത്)

ഇന്ത്യയിലെ ഒരു ചെറിയ സംസ്ഥാനമാണ് കേരളം. അറബിക്കടലിനും സഹ്യപർവ്വതത്തിനും ഇടയിൽ 640 കിലോ മീറ്റർ നീണ്ടുകിടക്കുന്ന മനോഹര മായ ഈ ഭൂപ്രദേശം പൗരാണിക കാലം മുതലേ പ്രസിദ്ധി നേടിയ ഒരു രാജ്യ മാണ്. സ്വതന്ത്രഭാരതത്തിൽ സംസ്ഥാന പുനഃസംഘടനയെ തുടർന്നാണ് കേരളസംസ്ഥാനം രൂപംകൊണ്ടത്. ജനാധിപത്യ മൂല്യങ്ങൾക്കുവേണ്ടി എക്കാ ലവും ധീരതയോടെ പോരാടിയിട്ടുള്ള കേരളം രാഷ്ട്രീയമായി ഒട്ടേറെ പരീക്ഷ ണങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നുള്ളതും ഒരു പ്രാധാന്യമേറിയ സംഗതിയാണ്.

ഇന്ത്യയിൽ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം ഈ കൊച്ചു സംസ്ഥാനത്താണ് അധികാരത്തിൽ വന്നത്. ജനാധിപത്യത്തിന്റെ സമ്മോ ഹന പാരമ്പര്യമുള്ള ഈ പുണ്യഭൂമിയുടെ ചരിത്രത്തിൽ ഒരു ഏകാധിപത്യഭ രണക്രമത്തിന്റെ അദ്ധ്യായം എഴുതിച്ചേർത്ത പ്രഥമ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് 1957 ഏപ്രിൽ 5-ാം തീയതി കേരളത്തിൽ അധികാരത്തിൽ വന്നു. 848 ദിവസ ങ്ങൾ ആ ഭരണം നീണ്ടുനിന്നു.

ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം യാതൊരു വീണ്ടുവി ചാരവുമില്ലാതെ തടവുകാരെ മുഴുവൻ വിട്ടയക്കുകയും നിലവിലുള്ള കേസ്സു കൾ പിൻവലിക്കുകയും ചെയ്തു. തൽഫലമായി കൊലപ്പുള്ളികളും മോഷ്ടാ ക്കളും കേരളത്തിലങ്ങോളമിങ്ങോളം സൈ്വരവിഹാരം നടത്തി. ഏത് അക്രമ ങ്ങൾ നടത്തിയാലും അവർക്കൊന്നും ഭയപ്പെടാനില്ലാത്ത നില സംജാതമായി.

www.malankaralibrary.com

അഴിമതിയുടെയും അക്രമത്തിന്റെയും ഭീകരത ഈ കാലഘട്ടത്തിൽ കേരളത്തിന്റെ മാർത്തട്ടിൽ കഠോരനൃത്തം ചെയ്തു. മർദ്ദനത്തിന്റെയും ഭീഷണിയുടെയും ഭയാനകത ഈ പുണ്യഭൂമിയുടെ ഹൃദയത്തെ തകർത്തു. രാഷ്ട്രീയ കൊലപാതകങ്ങളും ഭവനഭേദനങ്ങളും കൊള്ളയും പിടിച്ചുപറിയും ഈ രാജ്യത്ത് നിത്യസംഭവങ്ങളായിത്തീർന്നു. ജീവനും സ്വത്തിനും രക്ഷയില്ലാതായി. അവസാനം അനീതികൾ സഹിക്കവയ്യാതായപ്പോൾ അക്രമങ്ങൾ അവസാനിക്കാതായപ്പോൾ ജനലക്ഷങ്ങൾ ഒരുമിച്ച് ഉയർത്തെഴുന്നേറ്റു. ഭീകരഭരണത്തിന്റെ കൈവിലങ്ങുകൾ അറുത്തെറിയാൻ, കഷ്ടപ്പെട്ടു നേടിയ പൗരസ്വാതന്ത്ര്യത്തെ എന്നെന്നേക്കും നിലനിർത്താൻ – ചരിത്രത്തിന്റെ ഒരു കാലഘട്ടത്തിലും ഒരു ദേശത്തും ഉണ്ടായിട്ടില്ലാത്തത്ര ഉജ്ജ്വലമായ ഒരു ബഹുജനമുന്നേറ്റമായിരുന്നു അത്. ആ മുന്നേറ്റം വിജയിച്ചു. കേരളത്തിലെ ക്രമസമാധാനനില മെച്ചപ്പെടുത്തുവാൻ കേരളജനത ഒന്നിച്ചണിനിരക്കേണ്ടിവന്നു. പക്ഷെ ആ പ്രത്യുത്ഥാനത്തിന് നാം വലിയ വില കൊടുക്കേണ്ടി വന്നു. അങ്കമാലിയിലും കേരളത്തിന്റെ കടലോരപ്രദേശങ്ങളിലും മനുഷ്യജീവിതങ്ങൾ വെടിയേറ്റു മരിച്ചുവീണു. എങ്കിലും നാം ജയിച്ചു. ഈ ജനമുന്നേറ്റത്തിന് നേതൃത്വം നൽകുവാൻ ആദ്യമായി മുന്നോട്ടുവന്നത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സായിരുന്നുവെന്ന വസ്തുത ഈയവസരത്തിൽ ഞാൻ സ്മരിക്കുന്നു. നിർണ്ണായകഘട്ടങ്ങളിൽ കോൺഗ്രസ്സ് സുധീരമായ നിലപാട് എക്കാലവും സ്വീകരിച്ചിട്ടുണ്ട്. ആ ചരിത്രപരമായ ദൗത്യമാണ് കോൺഗ്രസ്സിനെ ഇന്ന് ഈ പ്രശ്നത്തെപ്പറ്റി പഠിക്കുവാൻ പ്രേരിപ്പിച്ചത്.

1980 ജനുവരി 26-ാം തീയതിയാണ് ഇപ്പോഴത്തെ മാർക്സിസ്റ്റ് കമ്മ്യൂ. പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേറ്റെടുത്തത്. 140 സീറ്റുകളുള്ള കേരള നിയമസഭയിൽ 93 സീറ്റു നേടിക്കൊണ്ടാണ് മാർക്സിസ്റ്റ് കമ്മ്യൂ. പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരമേൽക്കുന്നത്. ഈ മുന്നണിയിൽ മാർക്സിസ്റ്റ് പാർട്ടിക്കായിരുന്നു മുൻതൂക്കം. 35 സീറ്റുകൾ ഉണ്ടായിരുന്നു മാർക്സിസ്റ്റ് പാർട്ടിക്ക്.

ജനുവരി 23-ാം തീയതിയായിരുന്നു ഫലപ്രഖ്യാപനം. വിജയാഹ്ലാദത്തെ തുടർന്ന് നടത്തിയ മാർക്സിസ്റ്റ് ഗുണ്ടകളുടെ വിളയാട്ടം പല സ്ഥലങ്ങളിലും ഭീതിയുടേതായ ഒരന്തരീക്ഷം സൃഷ്ടിക്കുകയുണ്ടായി. 25-ാം തീയതി വട്ടിയൂർക്കാവ് രവിയെ തിരുവനന്തപുരത്തുവച്ച് മാർക്സിസ്റ്റുകൾ മർദ്ദിക്കാൻ തുടങ്ങിയതോടെ മാർക്സിസ്റ്റ് പാർട്ടി ഇവിടെ അക്രമപ്രവർത്തനങ്ങൾ ഉൽഘാടനം ചെയ്തു. ഇടതുപക്ഷഗവൺമെന്റ് അധികാരമേറ്റെടുത്ത് 6-ാം ദിവസം മാർക്സിസ്റ്റുകാരായ ഒരു സംഘം ആളുകൾ ഫെബ്രുവരി 1-ാം തീയതി അരിമ്പൂരിനടുത്ത് മൂന്നു വീടുകൾ തല്ലിത്തകർത്ത് ഒരു ഭീകരാവസ്ഥ സൃഷ്ടിക്കുകയുണ്ടായി. അതോടെ ക്രമസമാധാനനില തകർക്കാനുള്ള ബോധപൂർവ്വമായ നീക്കം സംഘടിതമായി ആരംഭിച്ചു.

1957-ൽ അധികാരമേറ്റെടുത്ത കമ്മ്യൂ. മന്ത്രിസഭ ചെയ്തതുപോലെതന്നെ ഇടതുമുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിലുള്ള അഹ്ലാദസൂചകമായി തടവുകാരുടെ ശിക്ഷ ഇളവു ചെയ്യുകയും സ്ഥിരം കുറ്റവാളികൾക്കും

www.malankaralibrary.com

ജീവപര്യന്തം തടവുകാർക്കും ഈ തീരുമാനം ബാധകമാക്കുകയും ചെയ്തു. ജയിൽപുള്ളികൾ സ്വൈര്യവിഹാരം തുടർന്നു.

ഗവൺമെന്റ് അധികാരമേറ്റെടുത്ത് രണ്ടു മാസം കഴിയുന്നതിനു മുമ്പ് തന്നെ മാർക്സിസ്റ്റു പാർട്ടിപ്രവർത്തകർ, ആർ.എസ്സ്.എസ്സ്, നക്സലൈറ്റ്, മുസ്ലീം ലീഗ്, കോൺഗ്രസ്സ്(ഐ), കോൺഗ്രസ്സ് (യു), കേരള കോൺഗ്രസ്സു തുടങ്ങിയ സംഘടനകളിലെ പ്രവർത്തകരുമായി സംഘട്ടനത്തിലേർപ്പെടുകയും 120-ൽപരം ആളുകൾക്ക് തൽഫലമായി പരിക്കേൽക്കുകയും 12 ആളുകൾ മരിക്കുകയും ചെയ്തു. തലശ്ശേരി തളിക്കുളം ഭാഗങ്ങളിൽ നടന്ന ഏറ്റുമുട്ടലുകളും, കൂട്ടിയ്ക്കൽ നടന്ന കൊലപാതകവും ഏങ്ങണ്ടിയൂർ മാർക്സിസ്ററ് - ആർ. എസ്സ്.എസ്സ് സംഘട്ടനത്തിന്റെ ഫലമായി നടന്ന മൂന്നുപേരുടെ മരണവും 100-ൽപരം ആളുകൾ സംഘടിതമായി ആലപ്പുഴയിൽ ഒരു വീട്ടിൽ കയറി നടത്തിയ കൊലപാതകങ്ങളും ഔദ്യോഗികജോലി നോക്കിക്കൊണ്ടിരുന്ന പത്തനംതിട്ട എസ്സ്.ഐ. വി.റ്റി. ജേക്കബ് കുത്തേറ്റു മരിക്കാനിടയായ സംഭവവും ജനങ്ങളിൽ ഭീതി വർദ്ധിപ്പിക്കുകയുണ്ടായി.

നീണ്ടകരയിലും ശക്തികുളങ്ങരയിലും നടന്ന തീവയ്പ്, കൽപ്പറ്റയിൽ പോലീസ് കാവൽ നിന്ന വീട്ടിൽ നക്സലൈററുകൾ കയറി നടത്തിയ കൊല, മേപ്പാടിയിലും, വിലങ്ങാട്ടും പന്തളത്തും പത്തനംതിട്ടയിലും പാലക്കാട്ടും നടന്ന കൊലപാതകങ്ങൾ, തലശ്ശേരി ഭാഗങ്ങളിൽ വീണ്ടും തുടർച്ചയായി നടന്ന സംഘട്ടനങ്ങൾ, മരണങ്ങൾ ഇവയെല്ലാം ഞെട്ടിപ്പിക്കുന്ന സംഭവപരമ്പരകളായിരുന്നു. കൊട്ടാരക്കരയിൽ അഭിഭാഷകനെ കൊലപ്പെടുത്തിയതും പെരുന്തൽമണ്ണിൽ ഡോക്ടറുടെ വീടിന് നേർക്കു നടന്ന ആക്രമണങ്ങളും കാർഷിക വ്യവസായ വ്യാപാര മേഖലകളിലും പൗരജീവിതത്തിന്റെ എല്ലാ തലങ്ങളിലും വർഗ്ഗസമരത്തിന്റെ രീതിയിൽ നടക്കുന്ന സംഘട്ടനങ്ങളും കൊലകളും വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ അല്ലാത്തവർ കയറി നടത്തിയ ആക്രമണങ്ങളും എല്ലാം ജനങ്ങളുടെ സുരക്ഷിതത്വബോധത്തെ നശിപ്പിക്കുകയുണ്ടായി.

കൊള്ളയും കൊലയും പോലെതന്നെ ആരാധനാലയങ്ങളുടെ നേരെയുള്ള ആക്രമണങ്ങളും ആരംഭിച്ചു. ഗവൺമെന്റ് അധികാരമേറ്റെടുത്ത് 30 -ാം ദിവസം കൂമ്പൻപാറ പള്ളി ആക്രമിച്ചു. അതേതുടർന്നു നൂറുകണക്കിന് ആരാധനാലയങ്ങൾ ആക്രമണത്തിന് വിധേയമായി. ഈ അനിഷ്ടസംഭവങ്ങൾ അടിച്ചമർത്തുവാൻ ശ്രമിക്കേണ്ട മുഖ്യമന്ത്രി ഈശ്വരനെന്തിനാ പോലീസ് കാവൽ എന്ന് ചോദിച്ച് പുച്ഛിച്ചു സംസാരിക്കുകയും ഇന്ത്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്രമസമാധനനില മെച്ചമാണെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുകയുമാണ് ചെയ്തത്. ഈ സമീപനം കേരളത്തിലെ ക്രമസമാധാനനില തകർക്കുന്നതിന് കൂടുതൽ സഹായകരമായി, എന്തു തെറ്റു ചെയ്താലും ഭയപ്പെടാനില്ലാത്ത നില വന്നു ചേരുകയും ചെയ്തു.

കുറെ നാളുകളായി മോഷണത്തിന്റെയും ഭവനഭേദനത്തിന്റെയും സംഘട്ടനത്തിന്റെയും കൊലപാതകങ്ങളുടെയും റിപ്പോർട്ടുകളാണ് നാടിന്റെ നാനാഭാഗങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. അവ ഓരോന്നും വിസ്തരിച്ച് പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നില്ല. ജനങ്ങൾ ഭയവിഹ്വലരായി കഴിയുക

www.malankaralibrary.com

യാണിന്ന്. ജനങ്ങളുടെ സൈര്യവിഹാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനു പകരം രാഷ്ട്രീയ ആരോപണ - പ്രത്യാരോപണത്തിനാണ് ഭരണകക്ഷിയും പ്രതിപക്ഷവും തയ്യാറെടുക്കുന്നത്. ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള ഗൂഢാലോചനയുടെ ഫലമായാണ് സംഘട്ടനങ്ങളും കൊലപാതകങ്ങളുമൊക്കെ നടക്കുന്നതെന്നു ഭരണകക്ഷികൾ പ്രചരണം നടത്തുന്നതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതല്ല.

പോലീസ് നിർവീര്യമായി പ്രവർത്തിക്കുന്നുവെന്നതാണ് ഇതിനെല്ലാം കാരണം. സാമൂഹ്യവിരുദ്ധർ അത് ശരിക്കും മനസ്സിലാക്കിയിട്ടുണ്ട്. എന്തും നടക്കട്ടെയെന്ന ഒരു മനോഭാവത്തിലാണ് പോലീസ് കഴിയുന്നത്. പോലീസിന്റെ നിഷ്ക്രിയത്വമാണ് ജനങ്ങളുടെ രക്ഷാബോധത്തിന് ഏറ്റവും അധികം ആഘാതമേല്പിച്ചിരിക്കുന്നത്. സംഘട്ടനങ്ങളുടെയും സംഘർഷങ്ങളുടെയും രംഗത്ത് കുതിച്ചെത്തി ക്രമസമാധാനം സ്ഥാപിക്കാൻ ശ്രമിക്കേണ്ട പോലീസ്, പ്രശ്നത്തിന്റെ രാഷ്ട്രീയം പരിഗണിച്ച് നടപടികളിലേക്ക് നീങ്ങുവാനാണ് ശ്രമിക്കുന്നത്. തന്മൂലം നിയമവാഴ്ചയെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അർത്ഥമില്ലാത്ത പദമായിത്തീർന്നിരിക്കുന്നു. ഇപ്പോഴത്തെ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടത്തിൽ ഗവൺമെന്റോ പാർട്ടിയോ കൂട്ടുനിൽക്കുന്നുവെന്നല്ല ആക്ഷേപിക്കുന്നത്. എന്തും ചെയ്യാം. ആരും ചോദിക്കുകയില്ല എന്നൊരു തന്റേടം അവർക്കുണ്ടായിരിക്കുന്നു.

മലബാറിലെ തിരുവമ്പാടിയിലെ കർഷകർ ഒരു അഗ്നിപരീക്ഷയിലൂടെ മുന്നേറിക്കഴിഞ്ഞിരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ പോഷകസംഘടനയായ സി.ഐ.റ്റി.യു.വിലെ പ്രവർത്തകരുടെ അക്രമം സഹിക്കവയ്യാതായപ്പോൾ തിരുവമ്പാടിയിലെ കർഷകർ കക്ഷിരാഷ്ട്രീയത്തിനതീതമായി - അക്രമത്തിനെതിരായി ഉണർന്നുവന്ന ജനമുന്നേറ്റം കാർഷികകേന്ദ്രമായ കേരളത്തിന് ഒരു മാർഗ്ഗദീപമായി തീരട്ടെ. വിലങ്ങാട്ടെ കർഷകജനതയ്ക്കും തൃശൂരിലെ വ്യാപാരി വ്യവസായി സമതിക്കും തിരുവമ്പാടി കർഷകർ നടത്തിയ പ്രക്ഷോഭം ഒരു മാതൃകയും ആയിത്തീരട്ടെ.

ഇപ്പോഴത്തെ ഗവൺമെന്റ് അധികാരമേറ്റെടുത്തിട്ട് ഇരുപതു മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ കാലഘട്ടത്തിനിടയിൽ കേരളത്തിൽ നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളുടെയും കൊലകളുടെയും രാഷ്ട്രീയേതരസംഘട്ടനങ്ങളുടെയും കൊലകളുടെയും ദേവാലയാക്രമണങ്ങളുടെയും 144 പ്രഖ്യാപിച്ച പ്രദേശങ്ങളുടെയും വെടിവെയ്പുകളുടെയും ലോക്കപ്പു മരണങ്ങളുടെയും ഭവനഭേദനങ്ങളുടെയും ഒരു കണക്ക് ശേഖരിക്കുകയുണ്ടായി. പത്ര റിപ്പോർട്ടുകളെ മാത്രം ആധാരമാക്കിയാണ് ഈ കണക്ക് ശേഖരിച്ചത്. ഒരു പക്ഷേ യാഥാർത്ഥ്യം ഇതിലും കൂടുതലായിരിക്കാം. പത്രറിപ്പോർട്ടുകളനുസരിച്ച് ശേഖരിച്ച് സ്ഥിതി വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| രാഷ്ട്രീയകൊല | - | 118 |
| രാഷ്ട്രീയ സംഘട്ടനങ്ങൾ | - | 684 |
| രാഷ്ട്രീയേതര കൊല | - | 496 |
| രാഷ്ട്രീയേതര സംഘട്ടനങ്ങൾ | - | 1236 |

www.malankaralibrary.com

| | | |
|---|---|---|
| ദേവാലയാക്രമണങ്ങൾ | – | 732 |
| മുഖംമൂടി ആക്രമണം | – | 51 |
| വെടിവെയ്പ് | – | 6 |
| ബോംബു സ്ഫോടനങ്ങൾ | – | 94 |
| ലോക്കപ്പു മരണം | – | 9 |
| 144 പ്രഖ്യാപിച്ച പ്രദേശങ്ങൾ | – | 36 |
| ഭവനഭേദനവും മോഷണവും | – | 3147 |
| പ്രമുഖ കൊള്ളയും കവർച്ചയും | – | 98 |

മൂന്നു മാസം മുൻപ് ഇടതുമുന്നണി ഭരണകാലത്ത് 612 ദേവാലയധ്വംസനങ്ങൾ നടന്നുവെന്നും ഇതോടനുബന്ധിച്ച് 17 പേർ അറസ്റ്റു ചെയ്യപ്പെട്ടിട്ടുണ്ടെന്നും മാർച്ച്, ജൂൺ മാസങ്ങളിൽ നടന്ന 120 ദേവാലയധ്വംസനങ്ങളിൽ 12 കേസ്സിൽ കുറ്റക്കാരെ കണ്ടുപിടിച്ച് കേസ്സെടുത്തിട്ടുണ്ടെന്നും ആഭ്യന്തരമന്ത്രി നിയമസഭയിൽ പ്രസ്താവിച്ചു. ബഹുഭൂരിപക്ഷം കേസ്സുകളിലും കുറ്റക്കാരെ കണ്ടുപിടിക്കുവാൻ സാധിച്ചില്ലെന്നുള്ളത് കേരളാ പോലീസിനെ സംബന്ധിച്ചിടത്തോളം എത്രയോ അപമാനകരമാണ്.

പല രാഷ്ട്രീയപാർട്ടികളുടെയും ഓഫീസുകൾ ഇന്ന് ആയുധപ്പുരകളായി മാറിയിരിക്കുന്നു. തലശ്ശേരിയിലെ മാർക്സിസ്റ്റ് പാർട്ടി ഓഫീസിൽനിന്നും കണ്ണൂരിലെ ഡി.വൈ.എഫ്.ഐ. ഓഫീസിൽ നിന്നും മാരകായുധങ്ങളും സ്ഫോടകവസ്തുക്കളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതിനകം 14 സ്ഥലങ്ങളിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുക്കാൻ സാധിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെയും അവരുടെ പോഷകസംഘടനകളുടെയും ഓഫീസിൽനിന്നും മാരകായുധങ്ങൾ കണ്ടെടുത്തതിൽനിന്നും ഇവിടുത്തെ അരാജകാവസ്ഥയ്ക്ക് പ്രധാന ഉത്തരവാദിത്വം മാർക്സിസ്റ്റ് പാർട്ടിക്കാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഭരണമുന്നണിയിലെ ചില ഘടകകക്ഷികൾ ക്രമസമാധാനനില തകർന്നുകൊണ്ടിരിക്കുന്നതിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും രാജ്യത്ത് നടക്കുന്ന അക്രമങ്ങളിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥിതിഗതികൾ മെച്ചപ്പെടുത്തുവാൻ അവരുടെ നിലപാടുകൊണ്ട് ഇന്നുവരെ സാധിച്ചിട്ടില്ല. ഇന്നു നടക്കുന്ന അക്രമങ്ങൾക്കും മറ്റും മാർക്സിസ്റ്റ് പാർട്ടിയാണ് പ്രധാന ഉത്തരവാദിയെങ്കിലും കൂട്ടുത്തരവാദിത്വത്തിൽനിന്ന് മുന്നണിയിലെ ഘടകകക്ഷികൾക്ക് ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ലെന്നും പ്രസ്താവിക്കുവാൻ ആഗ്രഹിക്കുന്നു. ഈ നില തുടരുകയാണെങ്കിൽ – മുന്നണിയിലെ ഘടകകക്ഷികൾക്കും ഇന്നത്തെ ഈ സ്ഥിതിവിശേഷത്തിന് പൂർണ്ണ ഉത്തരവാദിത്വം ഉണ്ട് എന്ന് തറപ്പിച്ച് പറയുവാൻ സാധിക്കും. ഭരണമുന്നണിയിലെ ജനാധിപത്യ ഘടകകക്ഷികൾ കൂറേക്കൂടി ധീരമായ നടപടികൾ സ്വീകരിച്ച് മഹത്തായ സാംസ്കാരിക പാരമ്പര്യം നിലനിർത്തുവാൻ സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് അവരെ ഓർമ്മിപ്പിക്കുവാനും ചരിത്രപരമായ ആ കടമ നിർവ്വഹിക്കുവാൻ അവർ തയ്യാറാകാത്തപക്ഷം ബഹുജനങ്ങളിൽനിന്നും അവർ ഒറ്റപ്പെട്ടുപോകുമെന്ന് മുന്നറിയിപ്പു നൽകുവാനും ഈയവസരം വിനിയോഗിക്കുന്നു.

www.malankaralibrary.com

ഈ സ്ഥിതിവിശേഷത്തിൽനിന്നുമുള്ള മോചനം അത്യാവശ്യമായി ത്തീർന്നിരിക്കുന്നു. നിർഭാഗ്യവശാൽ ഈ സംരംഭത്തിന് സുശക്തമായ നേതൃത്വം നൽകാൻ ഒരു രാഷ്ട്രീയകക്ഷിക്കും ഇന്നുവരെ സാധിച്ചിട്ടില്ല. ഈ സന്ദർഭത്തിൽ കത്തോലിക്കാകോൺഗ്രസ്സ് പോലുള്ള പ്രസ്ഥാനങ്ങൾ കാല ഘട്ടത്തിന്റെ വിളി ശ്രവിച്ച് സമൂഹത്തിന് നേതൃത്വം നൽകുവാൻ തയ്യാറാകണം.

എ.കെ.സി.സി. ഈ രംഗത്ത് പ്രാരംഭമായി ചെയ്യാവുന്ന ഏതാനും കാര്യ ങ്ങൾകൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. (1) കേരളത്തിലെ ഇന്നത്തെ സ്ഥിതിവിശേഷത്തെപ്പറ്റി ചർച്ച ചെയ്യുവാൻ കത്തോലിക്കരുടെ ഒരു സംസ്ഥാന നേതൃത്വസമ്മേളനം വിളിച്ചുകൂട്ടുക. പ്രസ്തുത സമ്മേളനത്തിന്റെ ഒരുക്കമെന്ന നിലയിൽ വിവിധ സ്ഥലങ്ങളിൽവച്ച് മേഖലാ സമ്മേളനങ്ങൾ സംഘടിപ്പിച്ച് ഈ പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്യുക. (2). കേരളത്തിലെ കത്തോലിക്കാ എം. എൽ.എമാരെയും കത്തോലിക്കരായ രാഷ്ട്രീയ നേതാക്കന്മാരെയും നേരിൽക്കണ്ട് ഇന്നത്തെ സ്ഥിതിവിശേഷത്തെപ്പറ്റി ചർച്ച നടത്തുക. (3) എൻ. എസ്സ്.എസ്സ്., എസ്സ്.എൻ.ഡി.പി. മുതലായ സാമുദായിക സംഘടനകളുടെ നേതാക്കന്മാരു മായി ആലോചിച്ച് സംയുക്ത നടപടികൾ സ്വീകരിക്കുക. (4) ഇന്നത്തെ സാഹചര്യത്തെപ്പറ്റി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ കാര്യക്ഷമമായ ഒരു ബോധവൽക്കരണ പ്രക്രിയയിൽ ഏർപ്പെടുക. (5) ഈവക കാര്യങ്ങൾക്ക് നേതൃത്വം നൽകുവാനും ഭാവിപരിപാടികൾക്ക് രൂപവും ഭാവവും നൽകുവാനും ഒരു ആക്ഷൻ കൗൺസിലിനെ തെരഞ്ഞെടുക്കുക.

മേൽപറഞ്ഞ ഏതാനും നിർദ്ദേശങ്ങൾ കോൺഗ്രസ്സിന്റെ പഠനത്തിനും തീരുമാനങ്ങൾക്കുമായി സമർപ്പിക്കുകയും കോൺഗ്രസ്സ് ആവിഷ്ക്കരിക്കുന്ന എല്ലാ നടപടികൾക്കും സമൂഹത്തിന്റെ പൂർണ്ണമായ സഹകരണം നൽകണമെ ന്നഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടും ഈ റിപ്പോർട്ട് വർക്കിംഗ് കമ്മറ്റി സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

16-08-1981 ജോൺ കച്ചിറമറ്റം
കൺവീനർ

## 40

# അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ്കമ്മററിക്ക് ആക്ഷൻകൗൺസിൽ സമർപ്പിച്ച റിപ്പോർട്ട്

കേരളത്തിലെ ക്രമസമാധാനനില അനുദിനം തകർന്നുകൊണ്ടിരുന്ന സാഹചര്യത്തിൽ 25-06-1981-ൽ ചേർന്ന വർക്കിംഗ്കമ്മററി ക്രമസമാധാന നിലയെപ്പററിയുള്ള വസ്തുനിഷ്ഠമായ ഒരു പഠനം നടത്തി റിപ്പോർട്ടു സമർപ്പി ക്കുന്നതിന് ജോൺ കച്ചിറമററത്തെ ചുമതലപ്പെടുത്തുകയുണ്ടായി. 16-08-81-ൽ ചേർന്ന വർക്കിംഗ് കമ്മററിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ആ റിപ്പോർട്ട്

www.malankaralibrary.com

കമ്മററി ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു. 27-09-1981-ൽ ചേർന്ന വർക്കിംഗ് കമ്മററി പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെയടിസ്ഥാനത്തിൽ ഭാവിപരിപാടികൾക്ക് രൂപം കൊടുക്കുവാൻ ജോൺ കച്ചിറമററം (കൺവീനർ) അഡ്വ. ഇ.എം. ജോസഫ്, അഡ്വ. തോമസ് തച്ചേടൻ എന്നിവർ അംഗങ്ങളുമായി ഒരു ആക്ഷൻ കൗൺസിലിനെ ചുമതലപ്പെടുത്തി.

പ്രസ്തുത കൗൺസിൽ 29-07-1981-ൽ പാലായിൽ സമ്മേളിച്ച് ഒക്ടോബർ 4-ാം തീയതി കോട്ടയത്തുവച്ച് ഒരു ക്രിസ്ത്യൻ നേതൃസമ്മേളനം വിളിച്ചുകൂട്ടുന്നതിന് നിശ്ചയിച്ചു. അതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ സമുദായത്തിലെ പല പ്രഗത്ഭരായ ആളുകളുമായി ബന്ധപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഒക്ടോബർ 4ന് കത്തോലിക്കാരായ നേതാക്കന്മാരുടെമാത്രം ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ നിശ്ചയിച്ചു. ഒക്ടോബർ 4-ാം തീയതി കോട്ടയത്ത് എ.കെ.സി.സി. ഓഫീസിൽ ചേർന്ന സമ്മേളനത്തിൽ അഡ്വ. ഇ.എം. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനം എ.കെ.സി.സി. അംഗീകരിച്ച ക്രമസമാധാനനിലയെക്കുറിച്ചുള്ള റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിക്കണമെന്നും സംസ്ഥാനാടിസ്ഥാനത്തിൽ കത്തോലിക്കരുടെ ഒരു നേതൃസമ്മേളനം ഒക്ടോബർ 26-ാം തീയതി കോട്ടയത്ത് വിളിച്ചുകൂട്ടണമെന്നും അഭിപ്രായപ്പെട്ടു. എന്നാൽ സംസ്ഥാനസമ്മേളനത്തിന് ഒരുക്കമെന്ന നിലയിൽ വിവിധ ജില്ലകളിലെ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മേഖലാ കൺവെൻഷൻ വിളിച്ചുകൂട്ടണമെന്നും പ്രസ്തുത സമ്മേളനങ്ങളിൽ എ.കെ.സി.സി. അംഗീകരിച്ച റിപ്പോർട്ടിനെപ്പററി ചർച്ചകൾ നടത്തണമെന്നും സംസ്ഥാന കൺവെൻഷന്റെ പര്യാലോചനക്ക് സമർപ്പിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യപ്പെടണമെന്നും നിശ്ചയിച്ചു.

നേതൃസമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് എറണാകുളം, ആലപ്പുഴ, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലെ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മേഖലാ സമ്മേളനങ്ങൾ എറണാകുളത്തും കോഴിക്കോട്ടുമായി യഥാക്രമം ഒക്ടോബർ 11-ാം തീയതിയും 18-ാം തീയതിയുമായി നടത്തപ്പെട്ടു. ഇടുക്കി ജില്ലയിൽ നടത്താൻ നിശ്ചയിച്ചിരുന്ന കൺവെൻഷൻ ചില പ്രാദേശികകാരണങ്ങളാൽ മാററിവയ്ക്കപ്പെട്ടു. മേഖലാ സമ്മേളനങ്ങളിൽ വിവിധ രാഷ്ട്രീയപാർട്ടികളിൽ ഔദ്യോഗികസ്ഥാനങ്ങൾ വഹിക്കുന്ന പ്രമുഖരായ ആളുകൾ സംബന്ധിച്ചിരുന്നു. എന്നാൽ രാഷ്ട്രീയക്കാർപോലും കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ ക്രമസമാധാനനിലയെപ്പററി ചർച്ച ചെയ്യുകയും കത്തോലിക്കാ കോൺഗ്രസ്സ് ജനാധിപത്യകക്ഷികളുടെ ഐക്യത്തിനുവേണ്ടിയും കാർഷികമേഖലയിൽ വിശിഷ്യ കുടിയേററ മേഖലയിൽ ജനങ്ങൾ അനുഭവിക്കുന്ന മാർക്സിസ്റ്റ് ഭീഷണിയിൽ നിന്ന് അവർക്കു മോചനം ലഭിക്കുന്നതിനുവേണ്ടിയും ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നഭിപ്രായപ്പെട്ടു. കത്തോലിക്കാകോൺഗ്രസ്സ് ഒരു ഉറച്ച സമുദായസംഘടനയാക്കി വളർത്തിയെടുക്കുവാൻ എല്ലാവരും ശ്രമിക്കണമെന്നും ഇപ്പോഴത്തെ ക്രമസമാധാനനിലയെപ്പററി കേന്ദ്രസംസ്ഥാനഗവൺമെന്റുകൾക്ക് മെമ്മോറാണ്ടം സമർപ്പിക്കണമെന്നും ബഹുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിന്

www.malankaralibrary.com

പൊതുയോഗങ്ങൾ സംഘടിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടു. ഭാവിപ്രവർത്തനങ്ങൾക്ക് മേഖലാ കമ്മററികളും സംഘടിപ്പിക്കുകയുണ്ടായി.

മേഖലാ കൺവെൻഷനുകൾ നടക്കുന്നതിനിടയിൽതന്നെ കേരള രാഷ്ട്രീയത്തിൽ മാററങ്ങൾ ദൃശ്യമായിക്കൊണ്ടിരുന്നു. ജനാധിപത്യകക്ഷികളായ കോൺഗ്രസ്സ് എസ് ആദ്യവും കേ.കോൺഗ്രസ്സ് പിന്നീടും ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നും പിന്മാറുകയും കേരളനിയമസഭ സസ്പെന്റ് ചെയ്യുകയും പ്രസിഡണ്ടുഭരണം താൽക്കാലികമായി വരികയും ചെയ്തു. ഈ സാഹചര്യത്തിൽ ഒക്ടോബർ 20-ാം തീയതി ആക്ഷൻ കൗൺസിൽ വീണ്ടും യോഗം ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തി.

മേഖലാ സമ്മേളനങ്ങളിൽ പ്രകടമായിക്കണ്ട അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഭാവിപരിപാടികൾക്ക് രൂപം കൊടുക്കുന്നതിനും വിശദമായ ചർച്ചകൾ നടത്തുന്നതിനും നവംബർ 1-ാം തീയതി സംസ്ഥാന നേതൃസമ്മേളനം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. ഈ സമ്മേളനത്തിലേക്ക് 432 പേർക്ക് ക്ഷണക്കത്തയച്ചു. കോൺഗ്രസ്സിന്റെ രൂപതാസംഘം പ്രവർത്തിക്കാത്ത രൂപതകളുടെ അഭിവന്ദ്യ പിതാക്കന്മാരെ നേരിൽ കണ്ടും കത്തുമൂലവും പ്രതിനിധികളെ സമ്മേളനത്തിലേയ്ക്ക് അയക്കണമെന്നഭ്യർത്ഥിച്ചു.

നവംബർ 1-ന് കോട്ടയത്ത് എ.കെ.സി.സി. ഓഫീസിൽ കത്തോലിക്കാ നേതൃസമ്മേളനം ചേർന്നു. എ.കെ.സി.സി. പ്രസിഡണ്ട് ഷെവ. കെ.സി ചാക്കോ സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ. ഇ.എം. ജോസഫ് യോഗത്തിൽ അദ്ധ്യക്ഷ്യം വഹിച്ചു. കൺവീനർ ജോൺകച്ചിറമററം സ്വാഗതവും ജനറൽ സെക്രട്ടറി പി.സി. തോമസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. ശ്രീ. കെ.ജെ. ചാണ്ടി പാലാ ചർച്ചകൾക്ക് തുടക്കം കുറിച്ചുകൊണ്ട് സംസാരിച്ചു. രാവിലെ 10.30ന് ആരംഭിച്ച സമ്മേളനം വൈകുന്നേരം 4 മണിവരെ നീണ്ടുനിന്നു. ഇന്നത്തെ സാഹചര്യത്തെപ്പററി സമഗ്രമായി ചർച്ചചെയ്ത് ഏതാനും പ്രമേയങ്ങൾ അംഗീകരിച്ചു. നേതൃസമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയങ്ങളുടെയും സമർപ്പിച്ച നിർദ്ദേശങ്ങളുടെയും സംഗ്രഹം താഴെ ചേർക്കുന്നു.

1. കേരളത്തിലെ ഇന്നത്തെ രാഷ്ട്രീയ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുവാൻ ജനാധിപത്യകക്ഷികൾ പരസ്പരവിശ്വാസത്തോടും സഹകരണത്തോടും വിശാല വീക്ഷണത്തോടും വിട്ടുവീഴ്ചാ മനോഭാവത്തോടും കൂടി പ്രവർത്തിക്കണമെന്നും ജനാധിപത്യകക്ഷികൾ ഏകോപിച്ച് ജനകീയമന്ത്രിസഭ എത്രയും വേഗം രൂപീകരിക്കുവാൻ ജനാധിപത്യകക്ഷികൾ എത്രയും വേഗം തയ്യാറായി മുമ്പോട്ടു വരണമെന്നും യോഗം ജനാധിപത്യകക്ഷികളോടഭ്യർത്ഥിച്ചു. ഏതെങ്കിലും കമ്മ്യൂണിസ്റ്റു കക്ഷികളുമായി ജനാധിപത്യകക്ഷികൾ ഐക്യനിര ഉണ്ടാക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്നും ജനാധിപത്യകക്ഷികളുടെ ഐക്യനിര പടുത്തുയർത്തുവാൻ വിഘ്നാതം സൃഷ്ടിക്കുന്ന ജനാധിപത്യകക്ഷികൾ ജനങ്ങളിൽ നിന്നും ഒററപ്പെട്ടുപോകുമെന്നും യോഗം അഭിപ്രായപ്പെട്ടു.

2. കുടിയേററ മേഖലയിലെ വിശിഷ്യ മലബാറിലെ കുടിയേററക്കാരുടെ സമഗ്രമായ പുരോഗതിക്ക് വിഘ്നാതമായി നിൽക്കുന്ന പ്രശ്നങ്ങളെപ്പററി

www.malankaralibrary.com

പഠിക്കാനും അവരുടെ പ്രതിനിധികൾക്ക് പ്രതിനിധിസഭകളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട താണെന്ന് യോഗം അഭിപ്രായപ്പെട്ടു. ഈയടുത്തകാലത്തു, മാർക്സിസ്റ്റ് അക്രമ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന മലബാറിലെ കുടിയേററ കർഷകർക്ക് എല്ലാവിധ പിന്തുണയും യോഗം വാഗ്ദാനം ചെയ്തു. കുടിയേററക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ ആക്ഷൻകൗൺസിൽ സത്വരമായ നടപടികൾ സ്വീകരിക്കണമെന്നും യോഗം അഭ്യർത്ഥിച്ചു.

3. അസംബ്ലി-പാർലമെന്റ് മണ്ഡലങ്ങളുടെ പുനർനിർണ്ണയം നടക്കുമ്പോൾ മലബാറിലെ മലയോര കർഷകരുടെ പ്രതിനിധികൾ പ്രതിനിധി സഭകളിൽ ചെന്നെത്തുന്നതിന് ഉതകുന്ന വിധത്തിൽ മണ്ഡലങ്ങൾ നിർണ്ണയപ്പെടുത്തുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

4. കേരളത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പററി കാലാകാലങ്ങളിൽ പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഒരു വിജിലൻസ് കമ്മററിയെ സ്ഥിരമായി നിയമിക്കണമെന്ന് യോഗം കാത്തലിക് കോൺഗ്രസ്സിനോടഭ്യർത്ഥിച്ചു.

5. കാലാകാലങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ സംഭവവികാസങ്ങളെപ്പററി പഠിച്ച് സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുന്നതിൽ കത്തോലിക്കാ കോൺഗ്രസ്സ് വേണ്ടത്ര ശ്രമിച്ചിട്ടില്ലെന്നും ഭാവിയിലെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ശ്രമിക്കണമെന്നും മേഖലാ കൺവെൻഷനിലും സംസ്ഥാന കൺവെൻഷനിലും പങ്കെടുത്തവർ അഭിപ്രായപ്പെടുകയുണ്ടായി.

6. വിലങ്ങാട്ട്, മരുതോങ്കര തുടങ്ങിയ കുടിയേററ പ്രദേശങ്ങളിൽ കൃഷിക്കാർ നിരവധി ഭീഷണികളെ നേരിട്ട സന്ദർഭത്തിൽ ആ കാർഷികമേഖല സന്ദർശിച്ച് അവർക്ക് വേണ്ട പിന്തുണനൽകുവാൻ എ.കെ.സി.സി. യഥാസമയം ശ്രമിക്കേണ്ടിയിരുന്നുവെന്നും പ്രമേയങ്ങളേക്കാളുപരി പ്രവർത്തനത്തിന് എ.കെ.സി.സി. നേതൃത്വം നൽകണമെന്നും കൺവെൻഷനിൽ പങ്കെടുത്തവർ അഭിപ്രായപ്പെടുകയുണ്ടായി.

7. ആണ്ടിൽ രണ്ടോ മൂന്നോ തവണയെങ്കിലും മേഖലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നേതൃസമ്മേളനങ്ങൾ വിളിച്ചുകൂട്ടി, പൊതു പ്രാധാന്യം അർഹിക്കുന്ന പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് കൺവെൻഷൻ അഭിപ്രായപ്പെട്ടു.

8. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് കേരളത്തെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നു മേഖലകളായി തിരിച്ചുകൊണ്ട് മൂന്നു മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്

www.malankaralibrary.com

കൂടുതൽ സഹായകരമാകുമെന്നും സ്വയം സന്നദ്ധസേവനം നടത്തുന്നതിന് മുൻപോട്ടുവരുന്ന സമുദായാഭിമാനികളുടെ സേവനം ഇക്കാര്യത്തിന് ഉപയോഗപ്പെടുത്താവുന്നതാണെന്നും സംസ്ഥാന കൺവെൻഷൻ അഭിപ്രായപ്പെട്ടു.

10-03-82

# 41

# ഗൂഡല്ലൂർ മലയാളി കർഷകർ

തൊണ്ണൂററിയഞ്ചുശതമാനം മലയാളി കർഷകർ അധിവസിക്കുന്ന ഒരു താലൂക്കാണ് ഗൂഡല്ലൂർ. ഭാഷാടിസ്ഥാനമെന്ന തത്വത്തെ തന്നെ ബലികഴിച്ചുകൊണ്ട് ഗൂഡല്ലൂർ, മദ്രാസിൽ 1956-ലെ സംസ്ഥാന പുനസംഘടനയെ തുടർന്ന് ചേർക്കപ്പെട്ടു. സർക്കാരിന്റെ അനുമതിയോടെ 35 വർഷങ്ങൾക്കു മുൻപ് ഗൂഡല്ലൂർ കുടിയേറിപാർത്ത മലയാളി കർഷകർ കഴിഞ്ഞ രണ്ടു ദശാബ്ദകാലമായി കുടിയിറക്കുകൾക്കും കുടിയിറക്ക് ഭീഷണികൾക്കും, പോലീസ് മർദ്ദനത്തിനും വിധേയമായി കഴിഞ്ഞുകൂടുകയാണ്. 1967,72,73,78 എന്നീ വർഷങ്ങളിൽ നടന്ന കുടയിറക്കു സംരംഭങ്ങളെ സംഘടിത കർഷകവർഗ്ഗം എതിർത്തു പരാജയപ്പെടുത്തി. കൃഷികൾ നഷ്ടപ്പെട്ട പലരും ഗൂഡല്ലൂരിൽ ആത്മാഹുതി ചെയ്തു. 1981-ൽ സുപ്രീംകോടതി കൃഷിക്കാരെ കുടിയിറക്കുന്നതിനെയും കൃഷികൾ നശിപ്പിക്കുന്നതിനെയും നിരോധിച്ചു. എന്നാൽ നിരോധനത്തെ വകവയ്ക്കാതെ കഴിഞ്ഞ ആറേഴുമാസമായി കർഷകദ്രോഹനടപടികൾ മദ്രാസ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. കർഷകദ്രോഹനടപടികൾ അവസാനിപ്പിക്കുവാൻ കേരളഗവൺമെന്റും കേന്ദ്രഗവൺമെന്റും ഫലപ്രദമായ നടപടികൾ സ്വീകരച്ചേ പററൂ. ഒരുലക്ഷത്തി എഴുപതിനായിരം മലയാളി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേരളാ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണം.

മലയാളികൾ ഭൂരിപക്ഷമുള്ള ഗൂഡല്ലൂർ താലൂക്ക് കേരളത്തോടു ചേർക്കുകയും കർണ്ണാടകക്കാർ ഭൂരിപക്ഷമുള്ള ഊട്ടി, കുന്നൂർ താലൂക്കുകൾ കർണ്ണാടകത്തോട് ചേർക്കുകയും ചെയ്താൽ ഗൂഡല്ലൂരിലെയും ഊട്ടിയിലെയും കുന്നൂരിലെയും കർഷക പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. വളരെയധികം ദേശീയ പ്രാധാന്യമുള്ള നീലഗിരി ജില്ലയെ കേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കുന്നത് കൂടുതൽ അഭികാമ്യമായിരിക്കും. ഏതായാലും ഗൂഡല്ലൂരിലെ മലയാളി കർഷകപ്രശ്നം പരിഹരിക്കുവാൻ കേരളഗവൺമെന്റ് സത്വരവും ഫലപ്രദവുമായ നടപടി സ്വീകരിക്കുകതന്നെ വേണം.

10-08-1982

www.malankaralibrary.com

## 42

# ഗൂഡല്ലൂർ കർഷകകുടയിറക്ക് കേരളാ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം

കത്തോലിക്കാ കോൺഗ്രസ്സിനുവേണ്ടി കേരള സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു. "കേരളത്തോട് തൊട്ട് കോഴിക്കോട്ടു നിന്നും അറുപത്തിരണ്ടുമൈൽ അകലെ സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് ഗൂഡല്ലൂർ. 1947-48 വർഷങ്ങളിൽ സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് ഗ്രോമോർ ഫുഡ്പരിപാടിയനുസരിച്ച് മലബാറിന്റെ ഭാഗമായ ഗൂഡല്ലൂരിൽ വൻ തോതിലുള്ള കുടിയേററം നടക്കുകയുണ്ടായി. ഗൂഡല്ലൂരിലെ കുടയേററക്കാരിൽ ബഹുഭൂരിപക്ഷവും മലയാളികളാണ്. ചുരുക്കം ആദിവാസികളും ഹരിജനങ്ങളും അവിടെ താമസിക്കുന്നുണ്ട്. ഗൂഡല്ലൂർ കുടിയേററം സർക്കാരിന്റെ പ്രോത്സാഹനഫലമായിട്ടാണ് നടന്നത്. അദ്ധ്വാനശീലരായ കർഷക ജനത ഒരു ദശവർഷംകൊണ്ട് വയനാടിനെ കനകം വിളയിക്കുന്ന ഗ്രാമങ്ങളാക്കി മാററിയെടുത്തു. ഒരു ലക്ഷത്തിലധികം ജനങ്ങൾ ഇന്നിവിടെ താമസിക്കുന്നുണ്ട്.

1956-ൽ നടന്ന ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനസംഘടനയെ തുടർന്ന് ഭാഷാടിസ്ഥാനമെന്ന തത്വത്തെ തന്നെ ബലികഴിച്ചുകൊണ്ട് മദ്രാസിന്റെ സമ്മർദ്ദങ്ങൾക്കു വഴങ്ങി ഗൂഡല്ലൂർ മദ്രാസിനോടു ചേർക്കപ്പെട്ടു. കേരളീയർ ഗൂഡല്ലൂർ കർഷകരോട് നീതി കാട്ടിയുമില്ല. കേരളത്തിലെ വയനാട്ടിലും മദ്രാസിലെ ഗൂഡല്ലൂരിലും ഒരേ കാലത്താണ് കുടിയേററം നടന്നത്. വയനാട് കർഷകർക്ക് 1963-ൽ കേരളാഗവൺമെന്റ് പട്ടയം നൽകി. ഗൂഡല്ലൂരിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകർക്ക് ഇന്നുവരെ പട്ടയം നൽകിയിട്ടില്ല. 1969-ൽ ഗൂഡല്ലൂരിലെ മലയാളി കർഷകരെ കുടിയിറക്കുവാനുള്ള ഒരു നീക്കം തമിഴ്നാട് ഗവൺമെന്റ് ആരംഭിച്ചുവെങ്കിലും കർഷകർ അതിനെ താൽക്കാലികമായി എതിർത്തു തോല്പിക്കുകയുണ്ടായി, അന്ന് കർഷകർക്ക് മൂന്ന് ഏക്കർ സ്ഥലത്തിന് പട്ടയം നൽകാമെന്ന് തമിഴ്നാട് ഗവൺമെന്റ് സമ്മതിച്ചിരുന്നുവെങ്കിലും ആ വാഗ്ദാനം പോലും പൂർണ്ണമായി നിറവേററിയില്ല. തമിഴ്നാട്ടിലെ ഒരു പൗരന് 32 ഏക്കർ സ്ഥലം കൈവശം വയ്ക്കാമെന്ന നിയമമുള്ളപ്പോഴാണ് മലയാളി കുടിയേററക്കാർക്ക് 3 ഏക്കർ പട്ടയം കൊടുക്കാമെന്ന് സമ്മതിച്ചതുതന്നെ. ഇത് കടുത്ത അനീതിയായിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം വീണ്ടും കുടിയിറക്കു നടപടികൾ ആരംഭിച്ചു. കർഷകരുടെ ഭവനങ്ങൾ അഗ്നിക്കിരയാക്കി. കൃഷികൾ നശിപ്പിച്ചു. തങ്ങളുടെ മണ്ണിലുള്ള അവകാശങ്ങൾ നേടിയെടുക്കുവാൻ കർഷകർ ഒററക്കെട്ടായി സമരം ചെയ്തു. വീടും കൃഷിയും നശിച്ച ഒരു മലയാളി കർഷകൻ ആത്മാഹൂതി ചെയ്തു. ഇതോടെ ഗൂഡല്ലൂർ പ്രശ്നത്തിൽ കേരളാ ഗവൺമെന്റ് ഇടപെടുകയും കുടിയിറക്കുകൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. എങ്കിലും ഗൂഡല്ലൂർ കർഷകപ്രശ്നം ഇന്നുവരെ ശാശ്വതമായി പരിഹരിക്കപ്പെട്ടിട്ടില്ല.

www.malankaralibrary.com

ഏതാനും ദിവസങ്ങൾക്ക് മുൻപ് തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം.ജി. രാമചന്ദ്രൻ ഗൂഡല്ലൂരിൽ നിന്ന് എല്ലാവരെയും കുടിയൊഴിപ്പിക്കുവാൻ ദൃഢനിശ്ചയമെടുത്തിരിക്കുകയാണെന്നും മററു സംസ്ഥാനങ്ങളിൽ നിന്നും, വന്നിട്ടുള്ളവർ എത്രയും വേഗം സ്ഥലം വിട്ടുകൊള്ളണമെന്നും മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ഗൂഡല്ലൂരിലെ മലയാളി കർഷകരുടെ നേർക്കുള്ള ഒരു വെല്ലുവിളിയാണ് തമിഴ്നാട് മുഖ്യമന്ത്രിയുടെ പ്രസ്തുത പ്രഖ്യാപനം.

തമിഴ്നാട് ഗവൺമെന്റ് കർഷകദ്രോഹനടപടികൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ ഗൂഡല്ലൂരിലെ ഒരു ലക്ഷത്തിലധികം വരുന്ന മലയാളി കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കുന്നതിന് ബഹു: കേരളാഗവൺമെന്റ് സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. തമിഴ്നാടു ഗവണ്മെന്റുമായി എത്രയും വേഗം കൂടിയാലോചനകൾ നടത്തി മൂന്നര ദശാബ്ദക്കാലം പഴക്കമുള്ള ഗൂഡല്ലൂർ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടുപിടിക്കണമെന്ന് ബഹു: കേരളാ മുഖ്യമന്ത്രിയോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു."

ഗൂഡല്ലൂർ കർഷകപ്രശ്നം സംബന്ധിച്ച നിവേദനം പ്രസിഡന്റ് ശ്രീ.എം.ഡി.ജോസഫ് മണ്ണിപ്പറമ്പിലും ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റവും ആന്റണി വള്ളമറ്റവും മാത്യു മടുക്കക്കുഴിയും കൂടി സമർപ്പിച്ച ഗൂഡല്ലൂർ മലയാളി കർഷകർ നടത്തുന്ന അവകാശ സമരത്തിന് കത്തോലിക്കാ കോൺഗ്രസ്സ് സമ്പൂർണ്ണ പിന്തുണ നൽകുമെന്ന് പ്രസ്താവിച്ചു.

10-08-1982

## 43

# അവശ ക്രൈസ്തവ കോർപ്പറേഷൻ

ഇന്ത്യയിൽ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി ഹരിജനങ്ങളോടൊപ്പം പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് അവശ ക്രൈസ്തവർ. കേരളത്തിൽ പതിനഞ്ചുലക്ഷത്തോളം അവശക്രൈസ്തവരുണ്ട്. പട്ടികജാതിക്കാർക്കുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും അവരിൽ നിന്നും ക്രസ്തുമതം സ്വീകരിക്കുന്നവർക്ക് (അവശക്രൈസ്തവർക്ക്) നിഷേധിച്ചിരിക്കുന്നു. മതേതര രാഷ്ട്രമായ ഭാരതത്തിൽ, മതത്തിന്റെ പേരിൽ നടത്തുന്ന ഈ വിവേചനം അനീതിയാണ്. ഈ വിവേചനത്തിനെതിരെ അവശക്രൈസ്തവർ കഴിഞ്ഞ മൂന്നര ദശാബ്ദക്കാലമായി സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. അവരുടെ പ്രക്ഷോഭണഫലമായി ഏതാനും വിദ്യാഭ്യാസാനുകൂല്യങ്ങൾ മാത്രം സർക്കാർ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ടൊന്നും പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുകയില്ല. അവശക്രൈസ്തവപ്രശ്നം പരിഹരിക്കപ്പെടുന്നതിന് കേരളത്തിലെ ക്രൈസ്തവസഭകൾ ഏകോപിച്ച് നടത്തിയ പ്രക്ഷോഭണത്തെ തുടർന്ന് അവശക്രൈസ്തവ കോർപ്പറേഷൻ രൂപീകരിച്ച് ഒരു പരിധിവരെ അവശ ക്രൈസ്തവ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറായി. 1980-ൽ

www.malankaralibrary.com

ചെറിയ ഒരു തുക ബഡ്ജററിൽ കോർപ്പറേഷനുവേണ്ടി കൊള്ളിക്കുകയും ചെയ്തു. കോർപ്പറേഷൻ ആവിഷ്കരിച്ച ഭവനനിർമ്മാണ പദ്ധതിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാത്തതുമൂലം കോർപ്പറേഷനിലേക്ക് അപേക്ഷ അയച്ച ഏഴായിരത്തിലധികം അവശക്രൈസ്തവർ വഞ്ചിക്കപ്പെട്ടരിക്കുകയാണ്. ഈ സാഹചര്യത്തിൽ 1982-ലെ ബഡ്ജററിൽ അവശക്രൈസ്തവ കോർപ്പറേഷന് 5 കോടി രൂപായെങ്കിലും വക കൊള്ളിക്കണമെന്ന് കാണിച്ച് ജൂൺ 2-ാം തീയതി കേരളമുഖ്യമന്ത്രിക്കും ധനകാര്യമന്ത്രിക്കും കത്തോലിക്കാ കോൺഗ്രസ്സ് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. എന്നാൽ 1982-ലെ ബഡ്ജററിൽ അവശക്രൈസ്തവ കോർപ്പറേഷന് ഒരു തുകയും കൊള്ളിച്ചിട്ടില്ല. ഇത് അങ്ങേയററം പ്രതിഷേധാർഹമാണ്. കേരളത്തിലെ ക്രൈസ്തവരെ ഒന്നടങ്കം അവഹേളിച്ചിരിക്കുകയാണ്. സർക്കാർ തെററുതിരുത്തി അവശക്രൈസ്തവ കോർപ്പറേഷൻ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

10-08-1982

## 44

# അവശക്രൈസ്തവ കോർപ്പറേഷന് അഞ്ചുകോടി രൂപാ ബഡ്ജററിൽ തുക കൊള്ളിക്കണം-കത്തോലിക്കാ കോൺഗ്രസ്സ്

ഇന്ത്യയിൽ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി ഏററം പിന്നോക്കം നിർക്കുന്ന ഒരു ജനവിഭാഗമാണ് ഹരിജനങ്ങൾ എന്നറിയപ്പെടുന്ന പട്ടികജാതിക്കാർ. നൂററാണ്ടുകളായി ദാരിദ്ര്യം, അടിമത്തം, അയിത്തം തുടങ്ങിയ എല്ലാവിധ സാമൂഹ്യാവശതകൾക്കും പീഡനങ്ങൾക്കും വിധേയരായി കഴിഞ്ഞുകൂടിയിരുന്ന - അവർണ്ണർ എന്ന് മുദ്രയടിക്കപ്പെട്ടിരുന്ന - ഇക്കൂട്ടരെ സവർണ്ണജാതിക്കാരുടെ ചൂഷണങ്ങളിൽനിന്നും പീഡനങ്ങളിൽനിന്നും രക്ഷിക്കുന്നതിന് ഗവൺമെൻ്റ് നിയമംവഴി പല വ്യവസ്ഥകളും ചെയ്തു. 1935-ലെ ഗവൺമെൻ്റ് ഓഫ് ഇന്ത്യാ ആക്ടനുസരിച്ചാണ് അധഃകൃതർ എന്ന പേരുമാററി പട്ടികജാതിക്കാർ എന്ന് ഈ ജനവിഭാഗത്തെ വിളിക്കാൻ തുടങ്ങിയത്.

ഭരണഘടന ഉത്തരവനുസരിച്ചുള്ള പട്ടികജാതിക്കാർക്ക് നിരവധി അവകാശങ്ങളും ആനുകൂല്യങ്ങളും ഭരണഘടനയിൽ സുരക്ഷിതമാക്കിയിട്ടുണ്ട്. നൂററാണ്ടുകളായി അവർ സഹിച്ചുപോന്ന അവശതകളിൽനിന്നും പീഡനങ്ങളിൽനിന്നും അവരെ മോചിപ്പിച്ച് പൗരജീവിതത്തിൻ്റെ ഉന്നതതലങ്ങളിലേക്ക് അവരെ ആനയിക്കുകയെന്നതാണ് അവയുടെ ലക്ഷ്യം. എന്നാൽ പട്ടികജാതിക്കാർക്കുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും അവരിൽ നിന്നും ക്രിസ്തുമതം സ്വീകരിക്കുന്നവർക്ക് (അവശക്രൈസ്തവർക്ക്) നിഷേധിച്ചിരിക്കുകയാണ്. ഈ നടപടി മതേതര രാഷ്ട്രത്തിന് ഒരിക്കലും ഭൂഷണമല്ല. ഗവൺമെൻ്റിൻ്റെ ഈ തീരുമാനം മതത്തിൻ്റെ പേരിലുള്ള വിവേചനവും അനീതിയു

www.malankaralibrary.com

മാണ്. ഈ വിവേചനം അവസാനിപ്പിക്കുന്നതിന് അവശക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുകയാണ് കരണീയം. അവശക്രൈസ്തവരോട് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ കാണിക്കുന്ന വിവേചനത്തിനെതിരായുള്ള പ്രക്ഷോഭണത്തിന് 35 വർഷത്തെ പഴക്കമുണ്ട്. അവശക്രൈസ്തവരുടെ നിരന്തരമായ പ്രക്ഷോഭണത്തിന്റെ ഫലമായി ചില വിദ്യാഭ്യാസാനുകൂല്യങ്ങളും മററു ചില സാമ്പത്തികസഹായങ്ങളും ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതുകൊണ്ടൊന്നും പ്രശ്നപരിഹാരമായിട്ടില്ല.

കേരളത്തിലെ ക്രൈസ്തവസഭകൾ ഏകോപിച്ച് ഈ അനീതിക്കെതിരായി നടത്തിയ പ്രക്ഷോഭണങ്ങളുടെ ഫലമായി 1979 മാർച്ച് 2-ാം തീയതി കേരളമുഖ്യമന്ത്രി ശ്രീ. പി.കെ. വാസുദേവൻ നായർ അവശക്രൈസ്തവ കോർപ്പറേഷൻ രൂപീകരിക്കുന്നതാണെന്ന് പ്രസ്താവിച്ചു. അതിനുവേണ്ട പ്രോജക്ട് റിപ്പോർട്ടു സമർപ്പിക്കുവാൻ ശ്രീ. കെ.എ. ഗംഗാധരനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. 1980-ലെ ബഡ്ജററിൽ നാമമാത്രമായ ഒരു തുക അവശക്രൈസ്തവ കോർപ്പറേഷനുവേണ്ടി കൊള്ളിക്കുകയുണ്ടായി. 1980-ൽ അധികാരമേറെറടുത്ത നായനാർ ഗവൺമെന്റ് അവശക്രൈസ്തവ കോർപ്പറേഷൻ രൂപീകരിച്ചു. എന്നാൽ കോർപ്പറേഷൻ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ഇന്നുവരെ അനുവദിച്ചിട്ടില്ല. ഇത് അവശക്രൈസ്തവരോടുള്ള അവഹേളനമാണ്.

ഈ സന്ദർഭത്തിൽ കേരളാ ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധക്കായി താഴെ പറയുന്ന കാര്യങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

1. 1982-ൽ തന്നെ അവശക്രൈസ്തവകോർപ്പറേഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും കോർപ്പറേഷൻവഴി അവശക്രൈസ്തവർക്ക് ആവുന്നത്ര സഹായം ലഭിക്കുന്നതിനുമായി ഇക്കൊല്ലത്തെ ബഡ്ജററിൽ ചുരുങ്ങിയത് അഞ്ചുകോടി രൂപയെങ്കിലും വക കൊള്ളിക്കുക.

2. അവശക്രൈസ്തവ കോർപ്പറേഷന്റെ ചെയർമാനായി ഒരു അവശക്രൈസ്തവനെ നിയമിക്കുക

3. അവശക്രൈസ്തവ കോർപ്പറേഷന്റെ ഡയറക്ടർബോർഡിൽ അവശക്രൈസ്തവർക്ക് അർഹമായ പ്രാതിനിധ്യം നൽകുക.

4. അവശക്രൈസ്തവ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് അവശക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് കേരളഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോടഭ്യർത്ഥിക്കുക.

മതത്തിന്റെ പേരിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും അവശക്രൈസ്തവരോട് മാനുഷികമായ നീതി പുലർത്തുന്നതിനും ബഹു.കേരളാ ഗവൺമെന്റ് അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. കോർപ്പറേഷന്റെ പ്രവർത്തനത്തിനാവശ്യമായ തുക ബഡ്ജററിൽ കൊള്ളിക്കാതെ കോർപ്പറേഷൻ രൂപീകരിച്ചത് അവശക്രൈസ്തവരെ അവഹേളിക്കുന്നതിന് തുല്യമാണ്.

www.malankaralibrary.com

മതത്തിന്റെ പേരിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും അവശക്രൈസ്തവരോട് മാനുഷികമായ നീതി പുലർത്തുന്നതിനും ബഹു. കേരളാഗവൺമെന്റ് അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

10-08-1982

## 45

# കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സംഘം ഗൂഡല്ലൂരിൽ

കേരളത്തോട് തൊട്ടുകിടക്കുന്ന ഒരു പ്രദേശമാണ് ഗൂഡല്ലൂർ. കോഴിക്കോട്ടുനിന്നും 62 മൈൽ അകലെയാണ് ഗൂഡല്ലൂർ താലൂക്കിന്റെ അതിർത്തി. കേരളത്തിലെ സുൽത്താൻബത്തേരിയോട് ചേർന്നാണ് ഗൂഡല്ലൂർ താലൂക്ക് സ്ഥിതിചെയ്യുന്നത്. ഗൂഡല്ലൂർ താലൂക്കിൽ ചേരാംകോട്ട്, നെല്ലിയാളം, നെല്ലക്കോട്ട, ഗൂഡല്ലൂർ ശ്രീ മധുര, ഓവാലി, മസ്നിക്കുടി, ദേവർഷോല, സീഫോറത്ത് എന്നീ 9 പഞ്ചായത്തുകളുണ്ട്. ഗൂഡല്ലൂർ പന്തല്ലൂർ എന്നീ രണ്ട് ഫർക്കകളും ഇപ്പോൾ അവിടെ പഞ്ചായത്തു കമ്മററികൾ നിലവിലില്ല. ഒൻപതു പഞ്ചായത്തുകളിലുംകൂടി മുൻ തെരഞ്ഞെടുപ്പിൽ 114 മെമ്പർ മാരാണുണ്ടായിരുന്നത്. അതിൽ 107 പേരും എട്ട് പഞ്ചായത്ത് പ്രസിഡണ്ടു മാരും മലയാളികളാണ്. ഇതിൽ നിന്നും ഗൂഡല്ലൂർ മലയാളികളുടെ നാടാണെന്ന് മനസ്സിലാക്കാം. ആകെയുള്ള ജനസംഖ്യയിൽ 95 ശതമാനവും മലയാളികൾ തന്നെ. ഇവിടുത്തെ ജനങ്ങളിൽ 50 ശതമാനവും ഹിന്ദുക്കളും 35 ശതമാനം ക്രിസ്ത്യാനികളും 10 ശതമാനം മുസ്ലീംങ്ങളും ആണ്. ആദിവാസികളായ ചെട്ടി സമുദായത്തിൽപ്പെട്ടവരും ഹരിജനങ്ങളുമാണ് ബാക്കി വരുന്ന 5 ശതമാനം ജനങ്ങൾ.

1956 വരെ ഗൂഡല്ലൂർ മലബാറിന്റെ ഭാഗമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം മൂലം തിരുവിതാംകൂറിലെ കോതമംഗലം, മൂവാററുപുഴ മീനച്ചിൽ തുടങ്ങിയ താലൂക്കുകളിൽ നിന്നും ഗൂഡല്ലൂരിലേക്ക് 38 വർഷങ്ങൾക്ക് മുൻപ് വ്യാപകമായ കുടിയേററം ആരംഭിക്കുകയുണ്ടായി. അന്ന് വയനാടിന്റെ ഭാഗമായിരുന്നു ഗൂഡല്ലൂർ. കുടിയേററ കർഷകരോട് അന്നത്തെ ഗവൺമെന്റ് മാന്യമായി പെരുമാറുകയും കുടിയേററത്തിന് വേണ്ട പ്രോത്സാഹനം നൽകുകയും കൂടുതൽ ഭൂമി വെട്ടിത്തെളിച്ച് കൃഷി ചെയ്യുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അദ്ധ്വാനശീലരായ കർഷകജനത കാടിനോടും കടുവായോടും കാട്ടുമൃഗ ങ്ങളോടും മഹാമാരികളോടും മല്ലടിച്ച് ഒരു ദശവർഷം കൊണ്ട് വയനാടിനെ കനകം വിളയിക്കുന്ന ഗ്രാമങ്ങളാക്കി മാററിയെടുത്തു. ഇപ്പോൾ ഒരു ലക്ഷത്തി എഴുപതിനായിരം മലയാളി കുടിയേററക്കാർ അവിടെ താമസിക്കുന്നുണ്ട്.

www.malankaralibrary.com

1956-ൽ നടന്ന ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയെ തുടർന്ന്, ഭാഷാടിസ്ഥാനമെന്ന തത്വത്തെ തന്നെ ബലി കഴിച്ചു കൊണ്ട്, മദ്രാസ്സിന്റെ സമ്മർദ്ദങ്ങൾക്കു വഴങ്ങി ഗൂഡല്ലൂർ മദ്രാസിനോടു ചേർക്കപ്പെട്ടു. കേരളീയർ ഗൂഡല്ലൂരിനുവേണ്ടി വാദിച്ചുമില്ല. കേരളിത്തിലെ വയനാട്ടിലും ഇപ്പോൾ മദ്രാസിന്റെ ഭാഗമായ ഗൂഡല്ലൂരിലും ഒരേ കാലത്താണ് കുടിയേററം ആരംഭിച്ചത്. വയനാട്ടിലെ കർഷകർക്ക് 1963-ൽ കേരളാഗവൺമെന്റ് പട്ടയം നൽകി. ഗൂഡല്ലൂരിലെ കർഷകർക്ക് ഇന്നുവരെ പട്ടയം നൽകിയിട്ടില്ല. അവിടുത്തെ മലയാളി കർഷകരുടെ മണ്ണിലുള്ള അവകാശം കഴിഞ്ഞരണ്ടു ദശാബ്ദക്കാലമായി തമിഴ്നാട് ഗവൺമെന്റ് ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. പല സന്ദർഭങ്ങളിലും മലയാളി കർഷകരെ കുടിയിറക്കുവാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി.

കർഷകപ്രശ്നം രൂക്ഷമായ സന്ദർഭത്തിലെല്ലാം കത്തോലിക്കാ കോൺഗ്രസ്സ് ഗൂഡല്ലൂർ മലയാളി കർഷകരുടെ രക്ഷയ്ക്ക് ഓടിയെത്തിയിട്ടുണ്ട്. അവരുടെ ദുഃഖങ്ങളിൽ പങ്കുചേർന്നിട്ടുണ്ട്. കേരള-കേന്ദ്ര ഗവൺമെന്റുകൾക്കും തമിഴ്നാടു ഗവൺമെന്റിനും മലയാളി കർഷകരുടെ ആവകാശങ്ങൾ സംരക്ഷിക്കണമെന്ന് കാണിച്ച് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇത്തവണ ഗൂഡല്ലൂർ കർഷകപ്രശ്നം സംബന്ധിച്ച് കേരളമുഖ്യമന്ത്രിക്ക് ജൂൺ 2-ാം തീയതി കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലും ജനറൽ സെക്രട്ടറി ജോൺ കച്ചിറമററവും കൂടി നൽകിയ മെമ്മോറാണ്ടത്തിൽ ഗൂഡല്ലൂർ കർഷകപ്രശ്നത്തിൽ കേരളാ ഗവൺമെന്റ് അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതേ തുടർന്നാണ് ഗൂഡല്ലൂരിലേക്ക് കേരളത്തിലെ വിവിധ രാഷ്ട്രീയസംഘടനകൾ പ്രതിനിധി സംഘത്തെ അയച്ച് വിവരങ്ങൾ ശേഖരിച്ചത്. ഗൂഡല്ലൂർ കർഷകപ്രശ്നം സംബന്ധിച്ച് പഠിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കത്തോലിക്കാ കോൺഗ്രസ്സ് ഒരു പ്രതിനിധി സംഘത്തെ തെരഞ്ഞെടുക്കുകയുണ്ടായി. പ്രസിഡണ്ട് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം, വൈസ് പ്രസിഡണ്ട് ശ്രീ. കുറവിലങ്ങാട്ട് ജോസഫ്, വർക്കിംഗ് കമ്മററിയംഗങ്ങളായ ശ്രീ. ആന്റണി വള്ളമററം ശ്രീ മാത്യു മടുക്കക്കുഴി എന്നിവരായിരുന്നു പ്രതിനിധിസംഘം. 1982 ജൂലൈ 19-ാം തീയതി പ്രസ്തുത പ്രതിനിധിസംഘം ഗൂഡല്ലൂരിലേക്ക് പുറപ്പെട്ടു. അന്നേ ദിവസം വൈകിട്ട് തലശ്ശേരി ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമേനിയെ സന്ദർശിച്ചു. ഗൂഡല്ലൂർ കർഷകപ്രശ്നത്തെപ്പററിയും എ.കെ.സി.സി. സംഘടനാ പ്രവർത്തനത്തെപ്പററിയും തിരുമേനിയുമായി ദീർഘനേരം സംസാരിച്ചു. ഷിമാഗോയിൽ നിന്നും ഒരു ദശാബ്ദത്തിന് മുൻപ് കുടിയിറക്കപ്പെട്ട 300-ൽ പരം കുടുംബങ്ങളുടെ ദുഃഖങ്ങളിൽ പങ്കുചേർന്ന് അവരുടെ സംരക്ഷണത്തിനുവേണ്ടി നിരവധി ത്യാഗങ്ങൾ സഹിച്ച വള്ളോപ്പള്ളി തിരുമേനി ഗൂഡല്ലൂർ കർഷകപ്രശ്നം ശരിക്കും പഠിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിച്ചു. തിരുമേനിയിൽ നിന്നും ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് 20-ാം തീയതി രാവിലെ

www.malankaralibrary.com

മാനന്തവാടിയിലേക്ക് ഞങ്ങൾ യാത്രതിരിച്ചു. മാനന്തവാടി ബിഷപ്പ് ഡോ. ജേക്കബ് തൂങ്കുഴിയുമായി ഞങ്ങൾ ഗൂഡല്ലൂർ പ്രശ്നത്തെപ്പററി സംസാരിച്ചു. ഗൂഡല്ലൂർ പ്രശ്നത്തിൽ സജീവമായ ഭാഗഭാഗിത്വം വഹിച്ചുകൊണ്ടിരിക്കുന്ന തിരുമേനി ഞങ്ങളുടെ ശ്രമങ്ങൾക്ക് പിന്തുണ നൽകി. വികാരി ജനറൽ മോൺ. തോമസ് മൂലക്കുന്നേൽ അവർകളും ഞങ്ങളുടെ കൂടെ ഗൂഡല്ലൂരിലേക്ക് പുറപ്പെട്ടു. സുൽത്താൻ ബത്തേരി ബിഷപ്പ് ഹൗസും സന്ദർശിച്ചതിനുശേഷം ഞങ്ങൾ ഗൂഡല്ലൂർ ഉദ്ദേശം രണ്ടുമണിയോടുകൂടി എത്തിച്ചേർന്നു. ഗൂഡല്ലൂർ ഫാർമേഴ്സ് അസോസിയേഷൻ സെക്രട്ടറിമാരായ ഫാ.ജോയി കൊച്ചുപാറക്കൽ, അഡ്വ. എം.ജെ. ചെറിയാൻ, സി. കുട്ടികൃഷ്ണൻ, സി.എം.ഐ. ഭവൻ സുപ്പീരിയർ റവ.ഫാ.ജെയിംസ് പെരുവാഞ്ചിറ, ഫാ. എവരിസ്റ്റസ് പാബ്ലാനി എന്നിവർ ഞങ്ങളെ സ്വീകരിക്കുവാൻ ഗൂഡല്ലൂരിൽ കാത്തുനിൽപ്പുണ്ടായിരുന്നു. ഞങ്ങൾ അവരോടൊത്ത് 20,21,22 തീയതികളിൽ ഗൂഡല്ലൂർ താലൂക്കിന്റെ വിവിധ ഭാഗങ്ങൾ ചുററി സഞ്ചരിച്ചു കാണുകയും കർഷകരിൽ നിന്നും അവരുടെ പ്രശ്നങ്ങൾ കേട്ട് പഠിക്കുകയും ചെയ്തു.

## കുടിയിറക്കു സംരംഭങ്ങൾ

ഗൂഡല്ലൂർ താലൂക്കിലെ കർഷകർക്ക് പട്ടയം നൽകണമെന്നുകാണിച്ച് 1956 മുതൽ തമിഴ്നാട് ഗവണ്മെന്റിന് അവിടുത്തെ കുടിയേറ്റകർഷകർ നിവേദനം നൽകിക്കൊണ്ടിരുന്നു. അതിന്റെയടിസ്ഥാനത്തിൽ G.O: M.S: 2384 നമ്പറായി 18-5-1960 ൽ തമിഴ്നാട് ഗവണ്മെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ എല്ലാ കൃഷിക്കാർക്കും ചില വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം നൽകുന്നതിന് തീരുമാനിച്ചു. എല്ലാ കൃഷിക്കാരുടെയും കൈവശമുള്ള 3 ഏക്കർ ഭൂമിക്ക് പട്ടയം നൽകുവാനും അതിൽ കൂടുതലുള്ള രണ്ടേക്കർ സ്ഥലത്തിന് വില ഈടാക്കി പട്ടയം നൽകുവാനും മൊത്തം അഞ്ചേക്കറിൽ കൂടുതലുള്ള കൃഷിക്കാരന് അതിന് മുകളിലുള്ള സ്ഥലത്തിന് ഇരട്ടി വില ഈടാക്കിയും പട്ടയം നൽകുവാനാണ് തീരുമാനിച്ചത്. എന്നാൽ അതിനനുസരണമായ യാതൊരു നടപടികളും സർക്കാർ ഭാഗത്തുനിന്നും സ്വീകരിച്ചില്ല.

1967-ൽ മദ്രാസിൽ ഡി.എം.കെ. അധികാരമേറ്റെടുത്തു. അതോടെ മലയാളി കർഷകരുടെ നേരെയുള്ള വിരോധവും വർദ്ധിച്ചു. 1969-ൽ ഗൂഡല്ലൂർ കർഷകരെ കുടിയിറക്കുവാനുള്ള ഒരു നീക്കമാണ് മലയാളി വിരോധം കൈമുതലായുള്ള തമിഴ്നാട് ഗവണ്മെന്റ് സ്വീകരിച്ചത്. എന്നാൽ ആ കുടിയിറക്കു നീക്കത്തെ കർഷകർ താൽക്കാലികമായി എതിർത്തു തോല്പിച്ചു. അന്ന് കർഷകർക്ക് 3 ഏക്കർവീതം പട്ടയം നൽകാമെന്ന് സർക്കാർ സമ്മതിച്ചു. 1960-ലെ ഓർഡറിന്റെ വിശദാംശങ്ങൾ അറിയുവാൻ പാടില്ലാതിരുന്ന സാധാരണ ജനങ്ങൾ ആ വാഗ്ദാനം സമ്മതിച്ചുവെങ്കിലും ആ വാഗ്ദാനം പോലും നിറവേറ്റുവാൻ സർക്കാർ തയ്യാറായില്ല.

ഇന്ത്യയിലെ ഏതു പൗരനും ഇന്ത്യയുടെ ഏതുഭാഗത്തും പോയി ജോലി നോക്കാനും താമസിക്കാനും അവകാശമുണ്ട്. തമിഴ്നാട്ടിലെ ഏതുപൗരനും 32 ഏക്കർ കൈവശം വയ്ക്കാമെന്ന് വ്യവസ്ഥയുള്ളപ്പോൾ മലയാളികളായ

www.malankaralibrary.com

കർഷകർക്ക് വെറും 3 ഏക്കർ വീതം മാത്രം പട്ടയം നൽകാമെന്ന് സർക്കാർ തീരുമാനിച്ചത് നീതികേടായിരുന്നു.

## ഗൂഡല്ലൂർ കർഷക സംരക്ഷക സംഘം

ഗൂഡല്ലൂരിൽ 1972-ൽ ആണ് കുടിയിറക്കു സംരംഭങ്ങൾ വീണ്ടും ആരംഭിച്ചത്. അന്ന് അഡ്വ. എം. ജെ. ചെറിയാനും, ഫാ.പാറയ്ക്കനും കൂടി ഗൂഡല്ലൂർ കർഷകസംഘം എന്ന പേരിൽ ഒരു സംഘടന കെട്ടിപ്പടുത്ത് കർഷകരുടെ ഒരു ഐക്യനിര പടുത്തുയർത്തി. 1973-ഫെബ്രുവരിയിൽ പോലീസുകാരും ഫോറസ്റ്റ് അധികൃതരും കൂടി കൃഷിക്കാരുടെ കൃഷികൾ നശിപ്പിക്കുകയും അതിനെ എതിർത്ത കൃഷിക്കാരെ ഭീഷണിപ്പെടുത്തുകയും ജയിലിൽ ഇട്ട് മർദ്ദിക്കുകയും ചെയ്തു. പോലീസ് കൃഷിക്കാരുടെ നേരെ വെടിവച്ചു. ആളുകൾ ഭയവിഹ്വലരായി സുൽത്താൻബത്തേരിയിലേയ്ക്കും മറ്റും ഓടിപ്പോയി. ഫാ.വടക്കൻ ഈ സന്ദർഭത്തിൽ ബത്തേരിയിൽ നിരാഹാരസത്യാഗ്രഹം നടത്തി. ബഹുജനശ്രദ്ധ ഗൂഡല്ലൂർ പ്രശ്നത്തിലേയ്ക്ക് തിരിച്ചുവിടുവാൻ ഫാ. വടക്കന്റെ ഉപവാസം സഹായകരമായി. ഇതോടെ തമിഴ്നാട് റവന്യൂമന്ത്രി പി.യു.ഷൺമുഖം ഗൂഡല്ലൂർ സന്ദർശിച്ചു. എല്ലാ കർഷകർക്കും പട്ടയം നൽകുന്നതാണെന്ന് പ്രഖ്യാപിച്ചു. നാടുവിട്ട് ഭയപ്പെട്ടോടിപ്പോയവർ തിരിച്ചു വന്നു. എന്നാൽ കൈക്കൂലിയുമായി ഉദ്യോഗസ്ഥന്മാരെ സമീപിച്ച ഏതാനും ആളുകൾക്കു മാത്രം പട്ടയം നൽകി. 1975-ൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതോടുകൂടി പട്ടയം കൊടുക്കൽ നടപടി നിറുത്തിവച്ചു.

## രണ്ടു മാർഗ്ഗം

കർഷകരെ കുടിയിറക്കുവാൻ തമിഴ്നാട് ഗവണ്മെന്റ് രണ്ടുമാർഗ്ഗമാണ് പ്രധാനമായും സ്വീകരിച്ചത്. ചതിവിൽ കള്ളരേഖകളിൽ ഒപ്പിടുവിച്ച് കുടിയിറക്കുക. കൂടാതെ കൃഷിക്കാരുടെ താമസത്തിനു ചുറ്റും 70 അടി ഉയരത്തിൽ വളരുന്ന ഗ്രാൻഡീസ് വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് ആ മേഖലമുഴുവൻ വനഭൂമിയാക്കി മാറ്റുക. അപ്പോൾ ആ ആധുനിക വനത്തിലേയ്ക്ക് ചേരാംകോട്ടുവനത്തിൽനിന്നും വന്യമൃഗങ്ങൾ ഈ പ്രദേശത്തേയ്ക്ക് വന്നുകൊണ്ടിരിക്കും. വന്യമൃഗങ്ങളുടെ ശല്യംകൊണ്ട് കർഷകർ സ്വയം അവിടെനിന്നും ഒഴിഞ്ഞു പോകുമെന്നാണ് തമിഴ്നാട് ഗവണ്മെന്റിന്റെ കണക്കുകൂട്ടൽ.

## എം.ജി.ആർ. അധികാരത്തിൽ

ശ്രീ. എം.ജി. രാമചന്ദ്രൻ 1977-ൽ തമിഴ്നാട്ടിൽ അധികാരത്തിൽ വന്നു. 1978-ൽ വ്യാപകമായ കുടിയിറക്കു സംരംഭത്തിനാണ് എം.ജി.ആർ. ഗവണ്മെന്റ് നേതൃത്വം നൽകിയത്. പല കർഷകരുടെയും കൃഷിസ്ഥലങ്ങൾ നശിപ്പിച്ചു. മുപ്പത്തിയഞ്ചു വർഷത്തെ അദ്ധ്വാനത്തിന്റെ ഫലം ഫോറസ്റ്റുകാരും പോലീസും കൂടി ഒന്നൊന്നായി നശിപ്പിക്കുന്നത് കർഷകർക്ക് നോക്കിനിൽക്കുവാൻ മാത്രമേ സാധിച്ചുള്ളു. മനസ്സു നിറയെ പ്രതീക്ഷകളുമായി മലയോരങ്ങളിൽ സർക്കാർ പ്രേരണയോടെ ഒരു കാലത്ത് കുടിയേറിപ്പാർത്ത കർഷകർ ആശയറ്റവരായി ത്തീർന്നു. മനസ്സാക്ഷി മരവിച്ച ആ ഫോറസ്റ്റുകാരെ നേരിടുവാൻ അവർക്കു

www.malankaralibrary.com

സാധിച്ചില്ല. പാലായിൽനിന്നും ഒരുകാലത്ത് കുടിയേറിപ്പാർത്ത കൊച്ചയ്യങ്കാനാൽ(തുരുത്തിയിൽ) ലൂയീസ്, തന്റെ സമ്പാദ്യമെല്ലാം നഷ്ടപ്പെട്ടപ്പോൾ ദുഃഖിതനായിത്തീർന്നു. തന്റെ ശരീരം വസ്ത്രംകൊണ്ട് പൊതിഞ്ഞതിനുശേഷം ദേഹത്ത് പെട്രോളൊഴിച്ച് ഗൂഡല്ലൂർ ആർ.ഡി.ഒ. ഓഫീസിനു മുമ്പിൽ ലൂയീസ് ആത്മാഹുതി ചെയ്തു. മനസ്സാക്ഷി മരവിച്ച ഫോറസ്റ്റുകാരുടെയും പോലീസിന്റെയും തമിഴ്നാട് ഗവൺമെന്റിന്റെയും കർഷക ദ്രോഹനടപടികൾ ഇന്ത്യയൊട്ടുക്ക് മനസ്സിലാകുന്നതിന് ലൂയീസിന്റെ ആത്മാഹുതി ഇടവരുത്തി. അതോടെ മുഖ്യമന്ത്രി എം.ജി.രാമചന്ദ്രൻ ഗൂഡല്ലൂർ സന്ദർശിച്ചു. കുടിയിറക്കു നടപടികൾ നിറുത്തി വയ്ക്കാനും കർഷകർക്ക് പട്ടയം കൊടുക്കുവാനും അദ്ദേഹം ആജ്ഞാപിച്ചു. പക്ഷെ ആ സന്ദർശനവും പ്രഖ്യാപനവും വെറും വഞ്ചനയായിരുന്നുവെന്നും സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ തമിഴ്നാട് ഗവൺമെന്റ് ഗൂഡല്ലൂരിലെ കർഷക പ്രക്ഷോഭണത്തിന്റെ ശക്തി കുറയ്ക്കുവാൻ ചെയ്ത ഒരു തന്ത്രം മാത്രമായിരുന്നു അതെന്നും മനസ്സിലാക്കുവാൻ അധികസമയം വേണ്ടിവന്നില്ല. ഒരു കൃഷിക്കാരനും പട്ടയം നൽകിയുമില്ല.

1981 ജൂൺ മാസത്തിൽ വ്യാപകമായ തോതിൽ കൃഷികൾ നശിപ്പിച്ചു. ജനങ്ങളെ രാഷ്ട്രീയമായി ഭിന്നിപ്പിച്ചു നിറുത്തുവാൻ പോലീസും ഫോറസ്റ്റ് അധികൃതരും തന്ത്രപൂർവ്വം ശ്രമിച്ചു. ഒരു വിഭാഗം - ന്യൂനപക്ഷം - സർക്കാരിന്റെ കൂട്ടത്തിൽ കൂടിനിന്ന് തങ്ങളുടെ കൃഷിഭൂമികളെങ്കിലും സംരക്ഷിക്കാമെന്നു വിചാരിച്ചു. ആ സ്ഥാപിത താല്പര്യക്കാരെ കൂട്ടുപിടിച്ചുകൊണ്ടാണ് ഇത്തവണ കൃഷി നശിപ്പിക്കലിന് സർക്കാർ നേതൃത്വം നൽകിയത്. കൃഷി നശിപ്പിക്കൽ എളുപ്പത്തിൽ സാധിച്ചു. അതേ തുടർന്ന് സർക്കാരിന്റെ പക്ഷത്ത് കൂടിനിന്നവരുടെയും കൃഷികൾ നശിപ്പിച്ചു. അപ്പോഴാണ് കാലുവാരികൾ തങ്ങൾക്കു പറ്റിയ അബദ്ധം മനസ്സിലാക്കിയത്.

കൃഷി നശിപ്പിക്കൽ ധൃതഗതിയിൽ നടന്നുകൊണ്ടിരുന്നപ്പോൾ ഇവയെ നിയമപരമായി നേരിടണമെന്ന് കർഷക നേതാവ് - യുവനേതാവ്- അഡ്വ. എം.ജെ. ചെറിയാൻ അഭിപ്രായപ്പെട്ടു. പക്ഷെ ആ നിർദ്ദേശം ആദ്യം പലരും അംഗീകരിച്ചില്ലെങ്കിലും അവസാനം അംഗീകരിക്കുകയുണ്ടായി. 1981 സെപ്റ്റംബർ 20-ാം തീയതി അഡ്വ. ചെറിയാൻ ഗൂഡല്ലൂർ താലൂക്കിലെ കൃഷിക്കാർക്കുവേണ്ടി സുപ്രീം കോടതിയിൽ കേസ്സു കൊടുത്തു. തമിഴ്നാട് ഗവൺമെന്റിനെയും നീലഗിരി കളക്ടറേയും ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ സുന്ദരരാജിനെയും ഗൂഡല്ലൂർ ആർ.ഡി.ഒയേയും സ്പെഷ്യൽ എവിക്ഷൻ ഐ.ജി. ജഗന്നാഥനെയും പ്രതി ചേർത്താണ് കേസ് ഫയൽ ചെയ്തത്. സ്പെഷ്യൽ ഐ.ജി. ജഗന്നാഥൻ തൃപ്പത്തൂര് 20 പേരെ നക്സൽബാരികളെന്ന് മുദ്രകുത്തി കൊന്നയാളാണ്. അദ്ദേഹത്തെയാണ് ഗൂഡല്ലൂർക്ക് കുടിയിറക്കു നടപടികൾക്ക് നേതൃത്വം വഹിക്കുവാൻ തമിഴ്നാട് ഗവൺമെന്റ് നിയോഗിച്ചത്. ഗൂഡല്ലൂർ താലൂക്കിലെ കർഷകരെ കുടിയിറക്കുന്നതിനെയും അവരുടെ കൃഷികൾ നശിപ്പിക്കുന്നതിനെയും തടയണമെന്നു കാണിച്ചാണ് കേസ് ഫയൽ ചെയ്തത്. " ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഗൂഡല്ലൂർ താലൂക്കിലെ ഒരു കൃഷിക്കാരന്റെയും കൃഷികൾ നശിപ്പിക്കുകയോ

www.malankaralibrary.com

ഒരു കൃഷിക്കാരനെയും കുടിയിറക്കുകയോ ചെയ്യരുതെന്ന് വിലക്കി "ക്കൊണ്ടുള്ള സ്റ്റേ സെപ്റ്റംബർ 23ന് സുപ്രീം കോടതി പുറപ്പെടുവിച്ചു. ഇന്ത്യയുടെ ചീഫ് ജസ്റ്റീസ് ചന്ദ്രചൂഡും മറ്റു രണ്ടു ജഡ്ജിമാരും കൂടിയാണ് ഇപ്രകാരം സ്റ്റേ പുറപ്പെടുവിച്ചത്.

ഒരു വ്യക്തിക്കല്ലാതെ ഒരു താലൂക്കിന് ഒന്നാകെ ഒരു സ്റ്റേ നൽകുന്നത് ഒരു പക്ഷേ ഇത് ചരിത്രത്തിൽ ആദ്യമായിരിക്കും. ഏതായാലും ഇത് അഭൂതപൂർവ്വമായ ഒരു സംഭവമാണ്. പൗരാവകാശത്തെ സംബന്ധിച്ചും സ്വത്തവകാശത്തെ സംബന്ധിച്ചും ബന്ധപ്പെട്ടവർക്കു മാത്രമേ സ്റ്റേ കൊടുക്കാവൂ എന്നാണ് നിയമം. മൈനോറിട്ടിയെ സംബന്ധിച്ചായതു കാരണമാണ് താലൂക്കിന് ഒന്നായി സ്റ്റേ ലഭിക്കാനിടയായത്. അഡ്വ. എം.ജെ. ചെറിയാന്റെ ദീർഘവീക്ഷണവും അർപ്പണ മനോഭാവവും ലക്ഷ്യപ്രാപ്തിയിലേക്ക് പ്രതിബന്ധങ്ങളെ തട്ടിനീക്കിക്കൊണ്ട് മുന്നേറുവാനുള്ള ആത്മധീരതയുമാണ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുവാൻ ഇടയായതെന്ന് നിസ്സംശയം പറയാവുന്നതാണ്.

1982 ഏപ്രിൽ 7-ാം തീയതി ഇരു വിഭാഗത്തിന്റെയും വാദം കേട്ടശേഷം സ്റ്റേ സുപ്രീം കോടതി സ്ഥിരപ്പെടുത്തുകയുണ്ടായി.

## വീണ്ടും ആത്മഹത്യ

ഇതിനിടയിൽ ഗൂഡല്ലൂർ കർഷകരെ ഞെട്ടിപ്പിച്ച ഒരു സംഭവം നടന്നു. 15 വർഷം മുമ്പ് കോതമംഗലത്തുനിന്നും കുടിയേറിപ്പാർത്ത തേക്കുംകാട്ടിൽ ടി.വി. ജോസഫ് ഗൂഡല്ലൂരിൽ ജീവൻ അവസാനിപ്പിച്ചു. കുടിയിറക്കിനെതിരെ അധികൃതരുടെ മനസാക്ഷി തട്ടിയുണർത്താൻ മൂന്നു വർഷം മുമ്പ് ആത്മാഹൂതി ചെയ്ത ലൂയീസിന്റെ പിൻഗാമിയായി ആ 43 കാരൻ മാറി. ജോസഫിന്റെ ആത്മഹത്യയ്ക്ക് കാരണമെന്തായിരുന്നു? ഞങ്ങൾ ജോസഫിന്റെ വിധവയായ അന്നക്കുട്ടിയേയും മൂന്ന് പെൺകുട്ടികളേയും അവരുടെ വസതിയിലെത്തി സന്ദർശിച്ചു. നാട്ടുകാരിൽനിന്നും വിവരങ്ങൾ ശേഖരിച്ചു. ഗൂഡല്ലൂരിലെ അയ്യങ്കൊല്ലിയിലുള്ള ജോസഫിന്റെ ചായക്കടയിലേക്ക് കഴിഞ്ഞ ആഗസ്റ്റ് 3-ന് ഡി.എഫ്.ഒ. സുന്ദർ രാജ്, ഫോറസ്റ്റർ ദശരഥൻ എന്നിവരുടെ നേതൃത്വത്തിൽ അറുപതോളം വരുന്ന സംഘം കയറിച്ചെന്നപ്പോൾ അന്നക്കുട്ടി മാത്രമേ കടയിലുണ്ടായിരുന്നുള്ളൂ. കുടിയിറക്കിനു വന്നവരായിരുന്നു സംഘത്തിൽ ഭൂരിപക്ഷവും. കടയിലുണ്ടായിരുന്ന ആഹാരസാധനങ്ങൾ ഫോറസ്റ്റർ ദശരഥൻ സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു. പണം ചോദിച്ച അന്നക്കുട്ടിയെ അയാൾ ഭീഷണിപ്പെടുത്തി. കാപ്പി വെട്ടാൻ മാത്രമല്ല കഴുത്തു വെട്ടാനുംകൂടിയാണെന്നു പറഞ്ഞുകൊണ്ട് അയാൾ അന്നക്കുട്ടിയുടെ കഴുത്തിന് കത്തിയുടെ മാടുകൊണ്ട് വെട്ടി. അതുംപോരാഞ്ഞ് മേശതുറന്ന് അതിലുണ്ടായിരുന്ന 45 രൂപായും എടുത്തു. പുരയിടത്തിലെ കൃഷി മുഴുവൻ നശിപ്പിക്കുമെന്ന് ഭീഷണി മുഴക്കിക്കൊണ്ടയാൾ സ്ഥലം വിട്ടു. മണിക്കൂറുകൾക്കകം അയാൾ ഭീഷണി നടപ്പാക്കി. കടയിൽനിന്നും ഒന്നര ഫർലോംഗ് അകലെയുള്ള ഒന്നര ഏക്കർ സ്ഥലത്തെ വിളകൾ മുഴുവൻ വെട്ടി നശിപ്പിച്ചു. ബത്തേരിയിൽ പോയി തിരിച്ചു

www.malankaralibrary.com

വന്ന ജോസഫ് കേട്ട വാർത്ത ഇതായിരുന്നു. അതിക്രമത്തെപ്പറ്റി ചോദിക്കാൻ ചെന്ന ജോസഫിനെ ജയിലിൽ പിടിച്ചിടുമെന്നു പറഞ്ഞവർ ഭയപ്പെടുത്തി. സെപ്റ്റംബർ 21-ന് വന്ന് വീണ്ടും ഭീഷണിപ്പെടുത്തി. താമസിക്കുന്ന സ്ഥലത്തെ വിളകൾ പിറ്റേന്ന് വെട്ടി നശിപ്പിക്കുമെന്നും വീട്ടിൽനിന്ന് ഇറക്കിവിടുമെന്നും ഫോറസ്റ്റർ എത്തി ഭീഷണിപ്പെടുത്തി. 15 വർഷത്തെ അദ്ധ്വാനത്തിന്റെ ഒരു പങ്ക് നശിച്ചതിന്റെ മനോവേദനയിൽ കഴിഞ്ഞ ജോസഫിന് ഈ വാർത്ത താങ്ങാവുന്നതിലധികമായിരുന്നു. ആദ്യ അതിക്രമത്തിന് മുപ്പതിനായിരത്തിലധികം രൂപാ നഷ്ടം സംഭവിച്ച അയാൾക്ക് അവശേഷിക്കുന്ന വീടും പുരയിടവും നഷ്ടപ്പെട്ടാലത്തെ അവസ്ഥ ചിന്തിക്കാൻ തന്നെ സാദ്ധ്യമായില്ല. അന്നു രാത്രി മുഴുവൻ തന്റെ മൂന്നു പെൺമക്കളെയും കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ടയാൾ കഴിച്ചു കൂട്ടി. രാവിലെ പുറത്തേക്കു പോയ അയാൾ പുരയിടത്തിലെ ഒരു പ്ലാവിൽ കെട്ടിത്തൂങ്ങി തന്റെ ജീവൻ അവസാനിപ്പിച്ചു. ഈ കണ്ണുനീരിന്റെ കഥ നാട്ടുകാർ വിവരിച്ചപ്പോൾ ഞങ്ങളും അറിയാതെ കണ്ണുനീർ പൊഴിച്ചു. ഒരു സംഭാവന പ്രസിഡണ്ട് ശ്രീ. ജോസഫ് മണ്ണിപ്പറമ്പിൽ അന്നക്കുട്ടിയെ ഏല്പിച്ചു. അറുപതിലെത്തിയ ആദിവാസി ചടയൻ കഴിഞ്ഞ ജൂലൈ 19-ന് രാവിലെ പണിക്കു പോകുമ്പോൾ അയാൾക്ക് പുരയും പറമ്പുമുണ്ടായിരുന്നു. പക്ഷേ തിരിച്ചു വന്നപ്പോൾ തകർന്ന വീടും വെട്ടിനശിപ്പിച്ച കൃഷിയും നോക്കി നെഞ്ചത്തടിച്ചു വിലപിക്കുന്ന ഭാര്യ മാത്രമുണ്ട്.

കോതമംഗലത്തുനിന്നും 21 വർഷം മുമ്പ് കുടിയേറിപ്പാർത്ത പി.പി. അയ്യപ്പന്റെ സ്ഥലത്ത് വിള നശിപ്പിക്കുകയോ പുതിയ വിള വെയ്ക്കുകയോ ചെയ്യുന്നതു തടഞ്ഞുകൊണ്ട് മദ്രാസ് ഹൈക്കോടതി ആഗസ്റ്റ് 18-ന് ഉത്തരവ് പുറപ്പെടുവിച്ചതാണ്. സുപ്രീം കോടതിയുടെ പൊതു സ്റ്റേയ്ക്ക് പുറമേയാണിത്. സെപ്റ്റംബർ 3-ന് ഉത്തരവു കൈപ്പറ്റിയതിനു ശേഷവും ഡി.എഫ്.ഒ. ഇവിടെ യൂക്കാലിപ്റ്റ്സ് തൈ നട്ടു. പിറ്റേന്ന് പരാതി നൽകിയിട്ട് വീണ്ടും ഈ കൃഷി നശിപ്പിക്കൽ ആവർത്തിക്കുകയാണ്. അയ്യപ്പന് 11 ഏക്കർ സ്ഥലമുണ്ട്. 3 ഏക്കർ വയലാണ്. 400 കിലോ കൊളുന്ത് മാസംതോറും വിറ്റുകൊണ്ടിരുന്നയാളാണ് അയ്യപ്പൻ. ഒരു കിലോയ്ക്ക് രണ്ടേകാൽ രൂപാ വെച്ച് വില കിട്ടും. 11 ഏക്കറിൽ 8 ഏക്കർ സ്ഥലത്തെ കൃഷിയും ഫോറസ്റ്റുകാർ വെട്ടി നശിപ്പിച്ചു. ഫോറസ്റ്ററുടെ മർദ്ദനമേറ്റ് ഗൂഡല്ലൂർ ആശുപത്രിയിൽ അയ്യപ്പൻ ദീർഘനാൾ ചികിത്സിക്കേണ്ടി വന്നു. 3 പെൺമക്കൾ കൂട്ടത്തിൽ താമസിക്കുന്ന അയ്യപ്പൻ തന്റെ സമ്പാദ്യങ്ങൾ മുഴുവൻ വെട്ടിനശിപ്പിച്ചതിനെ തുടർന്ന് ഒരു മാനസികരോഗിയായി തീർന്നിരിക്കുകയാണ്. നാല്പതു വർഷം മുമ്പ് കർണ്ണാടകത്തിൽനിന്നും കുടിയേറിപ്പാർത്ത കന്നടസംഘം പ്രസിഡണ്ട് ശ്രീനിവാസാചാരി നാലേക്കർ സ്ഥലത്തിന്റെ ഉടമയായിരുന്നു. അദ്ദേഹത്തിന്റെ കൃഷികൾ മുഴുവൻ നശിപ്പിച്ച് വീടിനു മുന്നിൽ യൂക്കാലി മരങ്ങൾ വച്ച് പിടിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു പ്രതിനിധി സംഘം കർണ്ണാടകത്തിലെത്തി മുഖ്യമന്ത്രി ഗുണ്ടറാവുവിന് നിവേദനം സമർപ്പിക്കുകയുണ്ടായി.

നാല്പതു കൊല്ലം മുമ്പ് പുത്തൻകുരിശിൽനിന്നും കുടിയേറി പാർത്ത കണ്ണയ്ത്ത് വർക്കി 20 വർഷം മുമ്പ് കൃഷി ചെയ്ത 17 ഏക്കർ കാപ്പിത്തോട്ട

www.malankaralibrary.com

ത്തിന്റെ ഉടമയാണ്. വർക്കിയുടെ 7 ഏക്കർ സ്ഥലം പിടിച്ചെടുത്ത് സിലോണിൽനിന്നും വന്ന അഭയാർത്ഥികൾക്ക് നൽകുകയുണ്ടായി. ബാക്കി സ്ഥലത്തെ കൃഷി മുഴുവൻ നശിപ്പിക്കുകയും ചെയ്തു.

കോതമംഗലത്തുനിന്നും 22 വർഷം മുൻപ് കുടിയേറി പാർത്ത ഒ.റ്റി. വർക്കിയുടേയും ഇ.പി.ഏലിയാസ്, പി.വി. ജോസഫ് പി.പി. ഏലിയാസ്, നെഞ്ചുണ്ട ഗൗഡർ, എൻ. രവീന്ദ്രൻ, സി.പി. ജോർജ്ജ്, പി.എൻ. ഭാസ്കരൻ, പി.എൻ. സലു, പി.എസ്സ്. രാമൻ, പി.മുഹമ്മദ് തുടങ്ങിയവരുടെയും കൃഷികൾ നശിപ്പിച്ചതിനുശേഷം പ്രസ്തുത സ്ഥലത്ത് യൂക്കാലി മരങ്ങളും ഗ്രാൻഡീസ് തൈകളും പോലീസ് വച്ചു പിടിപ്പിക്കുകയുണ്ടായി.

കഴിഞ്ഞ ആറുമാസത്തിനിടയിൽ 7000-ലധികം കുടുംബങ്ങളുടെ 1500 ഹെക്ടർ സ്ഥലത്തെ കൃഷികൾ ഫോറസ്റ്റുകാർ നശിപ്പിച്ച് വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചു കഴിഞ്ഞു.

ഗൂഡല്ലൂർ താലൂക്കിലെ കർഷകർ നികുതി അടച്ചുകൊണ്ടിരുന്നവരാണ്. ഇൻകംടാക്സ് അടയ്ക്കുന്ന കർഷകരും അവിടെയുണ്ട്. അവരുടെ കാപ്പി ത്തോട്ടങ്ങൾക്കും തേയിലത്തോട്ടങ്ങൾക്കും രജിസ്ട്രേഷൻ ഉണ്ട്. വിളകൾ വിൽക്കുന്നതിനുള്ള ലൈസൻസും അവർക്ക് ഉണ്ട്. കാപ്പിയും മറ്റും വിൽക്കുന്നതിന്റെ ബില്ലും അവർ സൂക്ഷിച്ചു വച്ചിട്ടുണ്ട്. 30 വർഷം പഴക്കമുള്ള കൃഷിക്കാരാണെന്ന് തെളിയിക്കുന്ന എല്ലാ റിക്കാർഡുകളും അവരുടെ കൈവശമുണ്ട്. എന്നിട്ടും കൃഷി നശിപ്പിക്കുന്നു. സുപ്രീംകോടതിയുടെ ഉത്തരവിനെ മലയാളി കർഷകവിരോധത്തിന്റെ പേരിൽ കാറ്റിൽ പറപ്പിക്കുന്നു.

## സിലോണിൽനിന്നും പുറംതള്ളപ്പെട്ടവർ

ഗൂഡല്ലൂർ മലയാളികൾ ഭൂരിപക്ഷമുള്ള സ്ഥലമാണ്. എന്നാൽ ഏതാനും മാസങ്ങൾക്ക് മുമ്പ് സിലോണിൽനിന്നും കുടിയിറക്കിയ ഏതാണ്ട് ഒന്നര ലക്ഷത്തോളം തമിഴരെ ഗൂഡല്ലൂർ കുടിയിരുത്തിയിരിക്കുകയാണ്. മലയാളി കർഷകരെ ദ്രോഹിക്കുന്നതിൽ ഫോറസ്റ്റുകാർ സിലോണിൽനിന്നും പുറംതള്ളപ്പെട്ട് കുടിയിരുത്തിയവരുടെ സേവനമാണ് ഉപയോഗിക്കുക. സിലോണിൽനിന്നും വന്ന തമിഴരും ഗൂഡല്ലൂരിലെ മലയാളി കർഷകരുടെ വസ്തുക്കൾ കൈയ്യേറിക്കൊണ്ടിരിക്കുന്നു. തമിഴ്നാട്ടിലെ എല്ലാ ജില്ലയിലും സിലോണിൽനിന്നു വന്നവരെ കുടിയിരുത്തേണ്ടതാണ്. അതിന് തയ്യാറാകാതെ ഗൂഡല്ലൂർ മാത്രമായി തമിഴരെ കുടിയിരുത്തിയിരിക്കുന്നത് ചില സ്ഥാപിത താല്പര്യങ്ങളോടു കൂടിയാണ്.

## കേരളാ ഗവൺമെന്റ് ശ്രദ്ധിക്കണം

ഒരു ലക്ഷത്തി എഴുപതിനായിരത്തിലധികം മലയാളി കർഷകരുടെ ജീവനിട്ട് തമിഴ്നാട് ഗവൺമെന്റ് പന്താടുകയാണ്. ഇത് കണ്ടില്ലെന്ന് വയ്ക്കുവാൻ കേരളാ ഗവൺമെന്റിന് സാദ്ധ്യമല്ല. ഗൂഡല്ലൂർനിന്നും ഇത്രയും മലയാളികളെ കുടിയിറക്കി വിട്ടാൽ അവരെ മുഴുവൻ സംരക്ഷിക്കേണ്ട ചുമതല

www.malankaralibrary.com

കേരളാ ഗവൺമെന്റിനായിരിക്കും. കേരളത്തിൽ വന്ന് ഭൂമി കൈവശം വെച്ച് താമസിക്കുന്ന തമിഴരോട് കേരളാ ഗവൺമെന്റ് കാണിക്കുന്ന മാന്യത 35 വർഷമായി ഗൂഡല്ലൂരിൽ താമസിക്കുന്ന കർഷകരോട് തമിഴ്നാട് ഗവൺമെന്റ് കാണിക്കേണ്ടതാണ്. ഗൂഡല്ലൂർ താലൂക്കിൽ ഗൂഡല്ലൂർ ഫാർമേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച പല യോഗങ്ങളിലും കത്തോലിക്കാ കോൺഗ്രസ് പ്രതിനിധി സംഘം പങ്കെടുക്കുകയുണ്ടായി. പ്രസംഗിക്കുവാനല്ല, അവരുടെ പരാതികളും പ്രശ്നങ്ങളും മനസ്സിലാക്കുന്നതിനുവേണ്ടിയാണ്.

ഊട്ടിയിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സംഘത്തിൽപ്പെട്ട പ്രസിഡണ്ട് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം വർക്കിംഗ് കമ്മറ്റിയംഗങ്ങളായ ആന്റണി വള്ളമറ്റം, മാത്യു മടുക്കക്കുഴി, എന്നിവർ 23-ാം തീയതി ഊട്ടിയിലെത്തി നീലഗിരി കളക്ടറെ കണ്ട് ഗൂഡല്ലൂർ കർഷകപ്രശ്നം സംബന്ധിച്ച് മെമ്മോറാണ്ടം നൽകുകയുണ്ടായി. 23-ാം തീയതി വൈകുന്നേരം കോട്ടയത്ത് തിരിച്ചെത്തുകയും 24-ാം തീയതി കോട്ടയം പ്രസ്ക്ലബ്ബിൽവച്ച് ഒരു പത്രസമ്മേളനം നടത്തി ഗൂഡല്ലൂർ ഞങ്ങൾ കണ്ടതും അനുഭവിച്ചറിഞ്ഞതുമായ വസ്തുതകൾ വെളിപ്പെടുത്തുകയും ചെയ്തു.

## ഗൂഡല്ലൂർ കർഷകപ്രശ്നത്തിന് എന്താണ് പ്രതിവിധി?

ഗൂഡ്ല്ലൂരിലെ മലയാള കർഷക പ്രശ്നം പരിഹരിക്കുന്നതിന് എന്താണ് മാർഗ്ഗം.? തമിഴ്നാട് ഗവൺമെന്റിൽനിന്നും അവർക്ക് നീതി ലഭിക്കുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയില്ല. 96 ശതമാനം മലയാളികൾ തിങ്ങി പാർക്കുന്ന ഗൂഡല്ലൂർ കേരളത്തിലും 80 ശതമാനം കർണ്ണാടകക്കാർ അധിവസിക്കുന്ന ഊട്ടി, കുന്നൂർ താലൂക്കുകൾ കർണ്ണാടകത്തിലും ചേർക്കുകയാണ് പ്രശ്നപരിഹാരത്തിന് ഒരു മാർഗ്ഗം. അതിനുവേണ്ടി ശബ്ദമുയർത്തുവാൻ ബഹുജന സംഘടനകളും ബഹുജന ജിഹ്വകളും തയ്യാറാകണം. കേരളാ ഗവൺമെന്റ് തങ്ങളുടേതായ പങ്ക് ഈ സംരംഭത്തിന് നൽകണം.

നീലഗിരി ജില്ല ദേശീയ പ്രാധാന്യമുള്ള ഒരു പ്രദേശമാണ്. ആ നിലയ്ക്ക് നീലഗിരി കേന്ദ്രഭരണപ്രദേശമാക്കിയാൽ തമിഴ്നാട് ഗവണ്മെന്റിന്റെ കർഷകദ്രോഹനയത്തിൽനിന്നും നീലഗിരി ജില്ലയെ രക്ഷിക്കുവാൻ സാധിക്കും. നീലഗിരിജില്ല ദേശീയ പ്രാധാന്യമുള്ള പ്രദേശമാണെന്ന് പറയുന്നതിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്.

നീലഗിരിജില്ലയിലെ അറവൻകാട് ആണ് ദേശീയപ്രാധാന്യമുള്ള വെടിമരുന്ന് നിർമ്മാണശാല സ്ഥിതി ചെയ്യുന്നത്. മിലിട്ടറി സ്റ്റാഫ് കോളേജ് നീലഗിരി ജില്ലയിലെ ഊട്ടി താലൂക്കിൽ വെല്ലിംഗ്ടൺ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മദ്രാസ് റെജിമെന്റ് സെന്ററിന്റെ ആസ്ഥാനവും ഹിന്ദുസ്ഥാൻ ഫോട്ടോ ഫിലിംസ് കമ്പനിയുടെ ആസ്ഥാനവും നീലഗിരി ജില്ലയാണ്. ഇന്ത്യയിലെ സുഖവാസകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട ഊട്ടി നീലഗിരി ജില്ലയിലാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഊട്ടിയിലേക്ക് വിനോദസഞ്ചാരികൾ വർഷം തോറും വന്നുകൊണ്ടിരിക്കുന്നു. മൂന്നു സ്റ്റേറ്റിന്റെയും സംഗ

www.malankaralibrary.com

മസ്ഥാനമാണ് നീലഗിരി. കർണ്ണാടക സ്റ്റേറ്റിലെ ബന്തിപ്പൂരും കേരളത്തിലെ വയനാടും തമിഴ്നാട്ടിലെ മുതുമാലയും കൂട്ടിച്ചേർത്ത് ഒരു നാഷണൽ പാർക്ക് നിർമ്മിക്കുവാൻ 100 കോടി രൂപാ കേന്ദ്രഗവൺമെന്റ് ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ട്. ഇങ്ങനെ വളരെയധികം ദേശീയ പ്രാധാന്യമുള്ള നീലഗിരി ജില്ലയെ കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണപ്രദേശമാക്കി തീർത്താൽ വിവിധ ഭാഷകൾ സംസാരിക്കുന്ന നീലഗിരി ജില്ലയിലെ ജനങ്ങളോട് നീതി പുലർത്തുവാൻ സാധിക്കും. ഈ കാര്യത്തിനുവേണ്ടിയും കേരളം ശബ്ദമുയർത്തേണ്ടതാണ്.

## സഹായിക്കണം

ഗൂഡല്ലൂർ താലൂക്കിൽ ദുരിതാശ്വാസ പ്രവർത്തനം അടിയന്തിരാവശ്യമായി തീർന്നിരിക്കുകയാണ്. നിരവധിയാളുകൾ ഉപജീവനത്തിന് വകയില്ലാതെ കഴിഞ്ഞു കൂടുന്നു. സുപ്രീംകോടതിയിൽ കേസ്സ് നടത്തുന്നതിനും നല്ല തുക ആവശ്യമുണ്ട്. ഈ വക ആവശ്യങ്ങൾക്കെല്ലാം പണം ആവശ്യമാണ്. സന്മനസ്സുള്ള ഉദാരമതികൾ കഴിയുന്നത്ര തുക സംഭാവനയായി നല്കുന്നത് സമുചിതമായിരിക്കും. കത്തോലിക്കാ കോൺഗ്രസ്സ് ആഫീസിലേക്ക് കഴിവുള്ളവർ സംഭാവനകൾ അയച്ചു തരണമെന്നഭ്യർത്ഥിക്കുന്നു.

ഗൂഡല്ലൂർ കർഷക പ്രശ്നത്തിൽ കോൺഗ്രസ്സ് പ്രധാനമന്ത്രിക്കും തമിഴ്നാട് മുഖ്യമന്ത്രിക്കും നിവേദനം സമർപ്പിക്കുന്നതാണ്.

01-09-1982

## 46

# ഗൂഡല്ലൂർ കർഷകസമര പ്രചരണ ജാഥയും സെക്രട്ടറിയേറ്റ് ധർണയും

തമിഴ്നാട്ടിലെ ഗൂഡല്ലൂർ താലൂക്കിൽ അധിവസിക്കുന്ന ഒന്നേമുക്കാൽ ലക്ഷത്തിലധികം വരുന്ന മലയാളി കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കുന്നതിനും ഗൂഡല്ലൂർ പ്രശ്നം ബഹുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കേന്ദ്ര സംസ്ഥാനഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനുമായി കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഗൂഡല്ലൂർ കർഷക സമര പ്രചരണ ജാഥയും സെക്രട്ടറിയേറ്റിനു മുമ്പിൽ ധർണയും നടത്തുകയുണ്ടായി.

കേരളത്തിലെ കർഷകവർഗ്ഗത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നിയമസഭയെ സമരവേദിയാക്കി മാറ്റിയ കത്തോലിക്കാ കോൺഗ്രസ്സ് മുൻ പ്രസിഡണ്ട് ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മന്റെ ശവകുടീരത്തിൽനിന്നുമാണ് ഗൂഡല്ലൂർ കർഷകസമരപ്രചരണജാഥ ആരംഭിച്ചത്. സെപ്റ്റംബർ 19-ാം തീയതി രാവിലെ കോതമംഗലം രൂപതാ വികാരി ജനറാൾ

www.malankaralibrary.com

മോൺ. ചെറിയാൻ വേരനാനി ജാഥ ഉൽഘാടനം ചെയ്തു. കുഞ്ഞിത്തൊമ്മന്റെ ശവകുടീരത്തിൽവെച്ചു നടത്തിയ ഉൽഘാടനപ്രസംഗത്തിൽ കുടിയേറ്റ കർഷകർ രാജ്യത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചവരാണെന്നും അവരെ കയ്യേറ്റക്കാരായി ചിത്രീകരിക്കുന്നത് ശരിയല്ലെന്നും മൂന്നു ദശാബ്ദങ്ങൾക്കുമുമ്പ് ഗൂഡല്ലൂരിൽ കുടിയേറിയ മലയാളി കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന സമരം വിജയിക്കട്ടെയെന്നും പ്രസ്താവിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന്റെ സമര പരിപാടിക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് ജോർജ്ജ് ജോസഫ് മുണ്ടയ്ക്കൽ എം.പി. പ്രസംഗിച്ചു. എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം സ്വാഗതം ആശംസിച്ചു. മോൺ. ചെറിയാൻ വേരനാനി എ.കെ.സി.സി. പ്രസിഡണ്ട് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പനെ എ.കെ. സി.സി. പതാക ഏൽപ്പിച്ചുകൊണ്ടാണ് കർഷകജാഥ ഉൽഘാടനം ചെയ്തത്.

എ.കെ.സി.സി. പ്രസിഡണ്ട് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, വൈസ് പ്രസിഡണ്ടുമാരായ കുറവിലങ്ങാട് ജോസഫ്, പി.കെ ഇലഞ്ഞിക്കൽ, തോമസ് കൊണ്ടോടി, ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, എം.സി. ചാക്കോ മാന്തുരുത്തിൽ, അഡ്വ. ഇ.എം. ജോസഫ്, കെ.സി. ജോസഫ് അക്കരക്കളം, അഡ്വ. പി.സി. തോമസ്, മാത്യു മടുക്കക്കുഴി, ആന്റണി വള്ളമറ്റം, പ്രൊഫ. റോസമ്മ ജോസഫ്, പി.ജെ. ജോസഫ് കുഞ്ഞ്, എൻ.എം. അബ്രാഹം നെടുങ്കല്ലേൽ, അഡ്വ. പോൾ ചാത്തംകണ്ടം, വി.എം. മാത്യു വെണ്ണാലിൽ, ഗൂഡല്ലൂർ കർഷക സമരസമിതി നേതാക്കളായ ഫാ. ജോയി കൊച്ചു പാറയ്ക്കൽ, അഡ്വ. എം.ജെ. ചെറിയാൻ, കുട്ടിക്കൃഷ്ണൻ, അബ്ദുൾ റഹിമാൻ സാഹിബ് തുടങ്ങിയവരാണ് ജാഥയ്ക്ക് നേതൃത്വം നൽകിയത്.

കോതമംഗലത്തുനിന്നും എ.കെ.സി.സി.യുടെ നേതൃത്വത്തിൽ ആരംഭിച്ച ഗൂഡല്ലൂർ കർഷക സമരപ്രചരണ ജാഥയ്ക്ക് നാടുനീളെ ഗംഭീര സ്വീകരണം ലഭിച്ചു. മൂവാറ്റുപുഴയിൽ എത്തിച്ചേർന്ന ജാഥയെ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് എ. മാത്യു, യൂഹന്നാൻകുട്ടി, പി.എൽ ജോസഫ് എന്നിവരും വാഴക്കുളത്ത്വച്ച് മത്ത ഓലിയ്ക്കൽ റ്റി.ജെ. മത്തായി എന്നിവരും ഹാരമണിയിച്ച് സ്വീകരിച്ചു.

തൊടുപുഴ ടൗണിൽ എത്തിച്ചേർന്ന ജാഥയെ പ്രൊഫ. യു.വി. ജോൺ, തൊടുപുഴ ഫൊ.പള്ളി വികാരി, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിനു വേണ്ടി എബ്രാഹം പുളിമൂട്ടിൽ, അബ്ദുൾഖാദർ, സി.വൈ.ഒ.യ്ക്കുവേണ്ടി ഡോ. മൈക്കിൾ എന്നിവരും ആശംസാ പ്രസംഗം നടത്തി.

കരിംകുന്നത്ത് എത്തിച്ചേർന്ന ജാഥയെ ഇ.സി.കുര്യൻ, ജോസ് തോട്ടുങ്കൽ എന്നിവർ പുഷ്പഹാരമണിയിച്ചു സ്വീകരിച്ചു. കരിംകുന്നം കവലയിൽ ചേർന്ന സ്വീകരണയോഗത്തിൽ ഇ.സി. കുര്യൻ ആശംസാപ്രസംഗം നടത്തി.

ജാഥ പിഴക് കവലയിൽ എത്തിച്ചേർന്നപ്പോൾ ഫാ. ജോർജ്ജ് വടക്കേത്തൊട്ടി, രൂപതാ സെക്രട്ടറി ജേക്കബ് മുണ്ടക്കൽ, ബേബി മുതുപ്ലാക്കൽ, ജോസ് കരിപ്പാക്കുടിയിൽ എന്നിവർ ഹാരമണിയിച്ചു സ്വീകരിച്ചു. ഫാ. ജോർജ്ജ് വട

www.malankaralibrary.com

ക്കേത്തൊട്ടി ആശംസാ പ്രസംഗം നടത്തി. പാലാ ടൗണിൽ എത്തിച്ചേർന്ന ജാഥയെ രൂപതാസംഘം ഭാരവാഹികളായ പ്രസിഡണ്ട് ശ്രീ. കെ.ജെ. ചാണ്ടി, പ്രൊഫ. പി.സി. ദേവസ്യാ, എൻ.എം. സ്കറിയാ ഈന്തുംപ്ലാക്കൽ, എൻ.എൽ ജോസഫ് തുടങ്ങിയവർ ഹാരമണിയിച്ചു സ്വീകരിച്ചു.

ഭരണങ്ങാനത്ത് എത്തിച്ചേർന്ന ജാഥയെ മോൺ. മൂത്തേടൻ, ഫാ. പ്ലാത്തോട്ടം എന്നിവരും എ.കെ.സി.സി. ശാഖാ ഭാരവാഹികളും ഹാരമണിയിച്ചു സ്വീകരിച്ചു. അരുവിത്തുറ ഫൊറോന പള്ളിയിൽ എത്തിച്ചേർന്ന ജാഥയെ പി.സി.ജോർജ്ജ് എം.എൽ.എ. വികാരി ഫാ. അബ്രാഹം പാറപ്പുറം എന്നിവർ ചേർന്ന് പൂമാലയണിയിച്ച് സ്വീകരിച്ചു. പി.സി. ജോർജ്ജ് എം. എൽ. എ. ജാഥയ്ക്ക് അഭിവാദ്യങ്ങൾ നേർന്നുകൊണ്ട് പ്രസംഗിച്ചു. ചെമ്മലമറ്റത്തെത്തിച്ചേർന്ന ജാഥയെ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് കെ. എം. ജോസഫ്, ജോൺ കുമ്മണ്ണൂപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ കളപ്പുര, ഫാ. വെട്ടിക്കൽ, മത്തായി വെള്ളാത്തോട്ടം എന്നിവർ ഹാരമണിയിച്ചു. ആനക്കല്ല് പള്ളി മൈതാനിയിൽ എത്തിച്ചേർന്ന ജാഥയെ തോമസ് കല്ലമ്പള്ളി എം.എൽ.എ വികാരി ഫാ. ജേക്കബ് കാഞ്ഞിരത്തിനാൽ, ഫാ. ജോർജ്ജ് ആലുങ്കൽ, എം. എം. കുര്യാക്കോസ്,എം.ജി. കൊല്ലംകുളം, വി.എം. മാത്യു വട്ടക്കുന്നേൽ, മാത്തുക്കുട്ടി കൊച്ചുപുരയ്ക്കൽ, കുഞ്ഞപ്പൻ അയിലുപറമ്പിൽ, കുഞ്ഞുമത്തായി പുളിമാക്കൽ, മാത്യു തോമസ് വട്ടക്കുന്നേൽ എന്നിവർ ഹാരമണിയിച്ചു. തോമസ് കല്ലമ്പള്ളി എം.എൽ.എ., എ.കെ.സി.സി. കർഷകസമരത്തിന് അഭിവാദ്യങ്ങൾ നേർന്നുകൊണ്ട് സംസാരിച്ചു.

മൂന്നുമണിക്ക് കാഞ്ഞിരപ്പള്ളി കുരിശുങ്കൽ എത്തിച്ചേർന്ന ജാഥയെ കാത്തലിക് യൂണിയൻ പ്രസിഡണ്ട് കെ.എ.ജേക്കബ് കല്ലറക്കൽ, അസി.വികാരി. ഫാ. ജോസ് കാരിമറ്റം, ഡ്രൈവേഴ്സ് യൂണിയൻ പ്രസിഡണ്ട് സി.സി. ജോസഫ്, ചമ്പക്കര വികാരി ഫാ.സ്തനിസ്ളാവോസ് ഞള്ളിയിൽ, രാജുകുട്ടി പേഴത്തുംവയലിൽ, എ.കെ.സി.സി. ഉമ്മിക്കപ്പ യൂണിററിനുവേണ്ടി ററി.ജെ.ജോസഫ്, എ.കെ.സി.സി. കണിമല ശാഖാ സെക്രട്ടറി ചാക്കോച്ചൻ പൊരിയത്ത്, വി.തോമസ് ഇടമണ്ണേൽ, എം.ഡി. ഡോമിനിക്ക്, ചാക്കോ കൊട്ടാരം എന്നിവർ പൂമാല ചാർത്തി സ്വീകരിച്ചു.

പൊൻകുന്നത്തെത്തിച്ചേർന്ന ജാഥയെ വികാരി റവ. ഡോ. ആന്റണി നിരപ്പേൽ, ബോബൻ മണ്ണാറാത്ത്, മാത്തുക്കുട്ടി കൂലാനി എന്നിവർ ഹാരമണിയിച്ചു. വൈകിട്ട് അഞ്ചു മണിക്ക് കോട്ടയം പട്ടണത്തിൽ എത്തിച്ചേർന്ന ഗൂഡല്ലൂർ കർഷക സമര പ്രചരണ ജാഥക്ക് കോട്ടയം കാത്തലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വമ്പിച്ച വരവേല്പു നൽകി. മുൻസിപ്പൽ ചെയർമാൻ എം.എം.മാണി, കാത്തലിക് അസോസിയേഷൻ പ്രസിഡണ്ട് അഡ്വ.എ.എ. ജോസഫ് എന്നിവർ ഹാരമണിയിച്ചു. തിരുനക്കര മൈതാനിയിൽ ചേർന്ന വമ്പിച്ച സ്വീകരണ സമ്മേളനത്തിൽ എ.കെ.സി.സി. പ്രസിഡണ്ട് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ഫാ.ജോയി കൊച്ചുപാറക്കൻ, അഡ്വ.എം.ജെ. ചെറിയാൻ, അബ്ദുൾ റഹിമാൻ സാഹിബ് എന്നിവർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം സ്വീകരണത്തിന് നന്ദി പറഞ്ഞു.

www.malankaralibrary.com

ഗൂഡല്ലൂർ കുടിയിറക്കു വിരുദ്ധ ജാഥക്ക് ചങ്ങനാശ്ശേരിയിൽ ആവേശകരമായ സ്വീകരണം നൽകി. സ്വീകരണങ്ങൾക്ക് ചങ്ങനാശ്ശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് തോമസ് ജോസഫ് നെടിയകാലാപ്പറമ്പിൽ, വൈസ് പ്രസിഡണ്ട് പി.സി. ജോസഫ് പാറക്കടവിൽ, സെക്രട്ടറി തോമസ് പനക്കേഴം, ട്രഷറർ ജോസ് കാട്ടൂർ, കേന്ദ്ര വർക്കിംഗ് കമ്മററിയംഗം ററി.എസ്.നമ്പിമഠം, പ്രൊഫ. കെ.ജെ. ജോൺ എന്നിവർ നേതൃത്വം നൽകി. തുരുത്തിയിൽ വച്ച് വികാരി ഫാ.വൈക്കത്തുകാരനും മതുമൂലയിൽ വച്ച് ഗദ്സമനിപ്പള്ളി വികാരി ഫാ.കുട്ടിയക്കാരനും ട്രാൻസ്പോർട്ട് ജംഗ്ഷനിൽ വച്ച് അതിരൂപതയ്ക്കുവേണ്ടി തോമസ് ജോസഫ് നെടിയകാലാപ്പറമ്പിലും വിവിധ സംഘടനാ ഭാരവാഹികളും ഹാരാർപ്പണം നടത്തി. പാറേൽ പള്ളിയിൽ നൽകിയ സ്വീകരണ വേളയിൽ വികാരി. ഫാ. സെബാസ്റ്റ്യൻ നിരപ്പേൽ, ഫാ.ടോം കുന്നുംപുറം, ട്രസ്റ്റി കോശി ഫിലിപ്പ് കാവാലം, സി.വൈ.എം.എ. പ്രസിഡണ്ട് കെ.എ.ആന്റണി. യുവദീപ്തി ഭാരവാഹികൾ എന്നിവർ ഹാരാർപ്പണം നടത്തി.

കുരിശുംമൂട് ജംഗ്ഷനിൽ വച്ച് ററി.ററി. അബ്രാഹം, എം. തമ്പി എന്നിവരും വെരൂർ പള്ളിയിൽ വച്ച് വികാരി ഫാ. ജോർജ്ജ് ഒലക്കപ്പാടി, എ.കെ.സി.സി. ശാഖാപ്രസിഡണ്ട് എൻ.ററി. ജയിംസ്, സെക്രട്ടറി ജെയിംസ് മുതിരപ്പറമ്പിൽ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ പി.ജെ.സ്കറിയാ പടിഞ്ഞാറേവീട്ടിൽ, മാത്യു മുളകുപാടം, ചീരംചിറ സി.വൈ.എം.എ. പ്രസിഡണ്ട് കോരച്ചൻ ചങ്ങങ്കരി എന്നിവരും ഹാരാർപ്പണം നടത്തി.

ളായിക്കാട് പള്ളി മൈതാനിയിൽ എത്തിച്ചേർന്ന ജാഥയെ വികാരി ഫാ.ആന്റണി മാന്നില, എബ്രാഹം കളരിക്കൽ വല്യപറമ്പിൽ, ജോസ് മരങ്ങാട്ട്, ജോൺസൺ തുണ്ടിപ്പറമ്പിൽ, സിറിയക്ക് മാത്യു വെണ്ണാലിൽ എന്നിവർ ഹാരമണിയിച്ചു സ്വീകരിച്ചു.

തിരുവല്ലായിൽ എത്തിച്ചേർന്ന ജാഥയെ രൂപതാ പ്രസിഡണ്ട് ശ്രീ.പി.വി. അബ്രാഹം പാലത്തുങ്കൽ, ശ്രീ. വർഗീസ് കരിപ്പായിൽ, മുൻ മന്ത്രി ററി.എസ്.ജോൺ. ഉമ്മൻ തലവടി തുടങ്ങിയവർ ഹാരമണിയിച്ചു സ്വീകരിച്ചു. വിവിധ സ്ഥലങ്ങളിൽ നൽകിയ സ്വീകരണത്തിന് പ്രസിഡണ്ട് ശ്രീ. എം.ഡി. ജോസഫ് മറുപടി പറഞ്ഞു.

തിരുമൂലപുരം, ചെങ്ങന്നൂർ, അടൂർ, പന്തളം, കൊട്ടാരക്കര തുടങ്ങിയ സ്ഥലങ്ങളിലെ സ്വീകരണത്തിനുശേഷം ജാഥ 20-ാം തീയതി രാവിലെ 9.30ന് തിരുവനന്തപുരം ലൂർദ്ദ് പള്ളിയങ്കണത്തിൽ എത്തിച്ചേർന്നു. പിറ്റേദിവസം വികാരി ഫാ.ളൂയീസ് നേര്യം പറമ്പിലും എ.കെ.സി.സി. ഭാരവാഹികളും ചേർന്ന് സ്വീകരിച്ചു. വികാരി ഫാ.ളൂയീസ് നേര്യംപറമ്പിലിന്റെ നേതൃത്വത്തിൽ ജാഥാംഗങ്ങൾ സെക്രട്ടറിയേററു നടയിലേക്ക് പ്ലാക്കാർഡുകളുമേന്തി കാൽനടയായി നീങ്ങി. ഏററവും മുൻപിലായി എ.കെ.സി.സി. പ്രസിഡണ്ട് ശ്രീ.എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലും പതാകയുമേന്തി ജനറൽ സെക്രട്ടറി ജോൺ കച്ചിറമററവും ബാനറുമായി വൈസ്പ്രസിഡണ്ടുമാരായ ശ്രീ തോമസ്

www.malankaralibrary.com

കൊണ്ടോടിയും കുറവിലങ്ങാട് ജോസഫും അതിനു തൊട്ടുപിന്നാലെ ജാഥാംഗങ്ങളും നീങ്ങി. സെക്രട്ടറിയേററു നടയിൽ എത്തിച്ചേർന്ന സത്യാഗ്രഹികളെ ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം സ്വാഗതം ചെയ്തു. ധർണ്ണ എ.കെ.സി.സി. പ്രസിഡണ്ട് ശ്രീ.എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ ഉൽഘാടനം ചെയ്തു. ഗൂഡല്ലൂരിലെ ഒന്നേമുക്കാൽ ലക്ഷം വരുന്ന മലയാളി കർഷകരുടെ അവകാശങ്ങൾ അംഗീകരിച്ചു കിട്ടാൻ കത്തോലിക്കാ കോൺഗ്രസ്സ് ആരംഭിച്ചിരിക്കുന്ന ധർമ്മ സമരം ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം ഉൽഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു. ഗൂഡല്ലൂർ കർഷകസമിതി നേതാക്കളായ ഫാ. ജോയി കൊച്ചു പാറക്കൽ, അഡ്വ.എം.ജെ. ചെറിയാൻ, അബ്ദുൾ റഹിമാൻ സാഹിബ്, കുട്ടികൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. മലയാളി കർഷകമർദ്ദനം അവസാനിപ്പിക്കുക, 95 ശതമാനം കേരളീയർ തിങ്ങിപ്പാർക്കുന്ന ഗൂഡല്ലൂർ കേരളത്തോടു ചേർക്കുക, ഗൂഡല്ലൂർ മലയാളി കർഷകരുടെ പ്രശ്നം കേരളീയരുടെ പ്രശ്നം, ഗൂഡല്ലൂർ കർഷകപ്രശ്നത്തിൽ കേരള കേന്ദ്ര ഗവൺമെന്റുകൾ ഇടപെടുക, നീലഗിരി ജില്ല കേന്ദ്രഭരണപ്രദേശമാക്കുക, ഗൂഡല്ലൂർ കർഷകർക്ക് പട്ടയം നൽകുക എന്നിങ്ങനെ രേഖപ്പെടുത്തിയ പ്ലാക്കാർഡുകൾ ധർണയിൽ പങ്കെടുത്തവർ വഹിച്ചിരുന്നു. അനന്തരം മുഖ്യമന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിച്ചു.

ഗൂഡല്ലൂർ കർഷകപ്രശ്നം സംബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ്സ് ഗൂഡല്ലൂർ എത്തി പഠിക്കുകയും കേന്ദ്ര തമിഴ്നാട് ഗവൺമെന്റുകൾക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിരുന്നു.

20-09-82

## 47

# ലത്തീൻ കത്തോലിക്കർ രാഷ്ട്രീയ പാർട്ടി രൂപവൽക്കരിക്കുന്നു

കേരളത്തിലെ 16 ലക്ഷത്തിലധികം വരുന്ന ലത്തീൻ കത്തോലിക്കർ ഒരു രാഷ്ട്രീയപാർട്ടി രൂപവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 37-ാം വാർഷികദിനത്തിൽ വടക്കു കോഴിക്കോടു മുതൽ തെക്ക് കോട്ടാർ വരെയുള്ള ഏഴു ലത്തീൻ കത്തോലിക്കാ രൂപതകളിൽ നിന്നും വന്നെത്തിയ രണ്ടായിരത്തി ഒരുനൂറിൽപരം പ്രതിനിധികൾ കൊല്ലം ഫാത്തിമാ കോളേജിൽ പ്രത്യേകം തയ്യാറാക്കിയ ഫ്ളോറിനഗറിൽ സമ്മേളിച്ചാണ് ഈ സുപ്രധാനമായ തീരുമാനം കൈക്കൊണ്ടത്.

കഴിഞ്ഞ രണ്ടുമാസമായി ലത്തീൻ കത്തോലിക്കർ ഒരു രാഷ്ട്രീയപാർട്ടി രൂപവൽക്കരിക്കാനുള്ള ആലോചനകളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികളെ ക്ഷണിച്ചുവരുത്തി രൂപതാതലത്തിൽ സമ്മേളനങ്ങൾ സംഘടിപ്പിച്ച് അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷമാണ് സംസ്ഥാന കൺവെൻഷൻ സംഘടിപ്പിച്ചത്. തികച്ചും ജനാധിപത്യരീതിയിൽ സംഘടിപ്പിച്ച സംസ്ഥാനസമ്മേളനം "ഇവിടെ നടന്ന അഖില

www.malankaralibrary.com

കേരളാടിസ്ഥാനത്തിലുള്ള സമ്മേളനവും നേരത്തെ നടന്ന രൂപതാ സമ്മേളനങ്ങളും പ്രകടിപ്പിച്ച വികാരവും സമുദായത്തിന്റെ അഭിവൃദ്ധിയും പുരോഗതിയും രക്ഷയും കണക്കിലെടുത്ത് ലത്തീൻ കത്തോലിക്കരുടേതായ ഒരു രാഷ്ട്രീയ പാർട്ടി രൂപവൽക്കരിക്കുവാൻ തീരുമാനിക്കുന്നു."എന്ന പ്രമേയം ഐക്യകണ്ഠ്യേന അംഗീകരിക്കുകയുണ്ടായി. ഒരു പക്ഷെ ഇതുപോലെ അണികളുടെ വികാരം ആരാഞ്ഞതിനുശേഷം അവരുടെ സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിന് അവസരം നൽകിയതിനുശേഷം ഒരു രാഷ്ട്രീയപാർട്ടി രൂപവൽക്കരിക്കുന്നത് കേരളത്തിന്റെ ചരിത്രത്തിലാദ്യമായിരിക്കും. ഈ സംരംഭത്തിന് ലത്തീൻ കത്തോലിക്കരുടെ സമ്പൂർണ്ണമായ പിന്തുണ ആർജ്ജിക്കുവാൻ സാധിച്ചത് ഇപ്രകാരമുള്ള ഒരു നടപടി സ്വീകരിച്ചതുകൊണ്ടായിരിക്കാം. ലത്തീൻ കത്തോലിക്കാ ബിഷപ്പുമാർ രൂപതാസമ്മേളനത്തിൽ സംബന്ധിച്ചതും സംസ്ഥാന കൺവൻഷൻ കൊല്ലം ബിഷപ്പ് ഡോ. ജോസഫ് ജി. ഫെർണാണ്ടസ് തിരുമേനി തന്നെ ഉൽഘാടനം ചെയ്തതും, ഈ നീക്കത്തെ ഒരു ലത്തീൻ കത്തോലിക്കൻ പോലും ഇന്നുവരെ എതിർക്കാതിരുന്നതും ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ സംഘടിത മുന്നേററത്തെയാണ് വിളിച്ചറിയിക്കുന്നത്. ലത്തീൻ കത്തോലിക്കരെ മുഴുവൻ ഒററ ചരടിൽ കോർത്തിണക്കുന്ന കാര്യത്തിൽ നേതൃത്വം സമ്പൂർണ്ണ വിജയം കരസ്ഥമാക്കിയെന്ന കാര്യത്തിൽ അവർക്കഭിമാനിക്കാം.

പുതിയ രാഷ്ട്രീയപാർട്ടി രൂപീകരണത്തിന്റെ ന്യായാന്യായങ്ങളിലേയ്ക്ക് കടക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മററു പല പത്രങ്ങളും എഴുതിയതുപോലെ കഴിഞ്ഞ മന്ത്രിസഭാ രൂപീകരണസമയത്ത് ലത്തീൻ കത്തോലിക്കരെ അവഗണിച്ചതുകൊണ്ടു മാത്രമാണ് ലത്തീൻ കത്തോലിക്കർ രാഷ്ട്രീയപാർട്ടി രൂപീകരിച്ചതെന്ന് ഞങ്ങൾക്കഭിപ്രായമില്ല. കേരളരാഷ്ട്രീയത്തിന്റെ കഴിഞ്ഞ 37 വർഷത്തെ ചരിത്രം പഠിക്കുന്ന ആർക്കും സംശയരഹിതമായി പറയുവാൻ സാധിക്കും കേരളത്തിലെ ലത്തീൻ കത്തോലിക്കർ എക്കാലവും ജനാധിപത്യ കക്ഷികളോടൊപ്പമാണ് വിശിഷ്യ കോൺഗ്രസ്സിനോടൊപ്പമാണ് നിലകൊണ്ടിരുന്നതെന്ന്. ഒരു സമുദായമെന്ന നിലയിൽ കോൺഗ്രസ്സിന് പിന്തുണ നൽകിയ മറെറാരു സമുദായവും കേരളത്തിലില്ല. കോൺഗ്രസ്സിനെ സ്വാതന്ത്ര്യത്തിന് മുൻപ് ആറടിമണ്ണിൽ കുഴിച്ചുമൂടുമെന്നു പ്രഖ്യാപിച്ച നേതാക്കളും സമുദായങ്ങളും സ്വാതന്ത്ര്യത്തിനുശേഷം കോൺഗ്രസ്സിൽ അണിനിരക്കുകയും നേതൃത്വസ്ഥാനം പിടിച്ചുപററുകയും ചെയ്തപ്പോൾ ഒരു വിലപേശലിനുപോലും തയ്യാറാകാതെ അവർക്കുവേണ്ടി നേതൃസ്ഥാനങ്ങൾപോലും നൽകിയ മഹാത്യാഗത്തിന്റെ ഉടമകളാണ് കേരളത്തിലെ കത്തോലിക്കർ. പക്ഷെ ആ കത്തോലിക്കാ സമുദായത്തോട് ജനാധിപത്യകക്ഷികൾ കാലാകാലങ്ങളിൽ അനുവർത്തിച്ചുപോന്ന അവഗണനയാണ് ഇപ്രകാരമൊരു രാഷ്ട്രീയസംഘടന കെട്ടിപ്പടുക്കുവാൻ കത്തോലിക്കരിലെ ഒരു വിഭാഗമായ ലത്തീൻ കത്തോലിക്കരെ ഇപ്പോൾ പ്രേരിപ്പിച്ചതെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. കോൺഗ്രസ്സിനും ജനാധിപത്യമുന്നണിക്കും കാലാകാലങ്ങളിൽ ലത്തീൻ കത്തോലിക്കർ നൽകിയ പിന്തുണ ഒരു ബലഹീനതയായി കാണുവാൻ മാത്രമേ നേതൃത്വത്തിന് സാധിച്ചുള്ളൂ. ആ സാഹചര്യത്തിലാണ് "അളമുട്ടിയാൽ ചേരയും കടിക്കും " എന്ന

www.malankaralibrary.com

ചൊല്ലുപോലെ ലത്തീൻ കത്തോലിക്കർ രാഷ്ട്രീയ പാർട്ടി രൂപവൽക്കരിച്ചത്.

കേരള രാഷ്ട്രീയ ചരിത്രത്തിൽ പുതിയ അദ്ധ്യായം എഴുതി ചേർക്കുന്ന ഈ പ്രതിനിധി സമ്മേളനം ഉത്ഘാടനം ചെയ്യുന്നതിൽ താൻ അഭിമാനം കൊള്ളുന്നു എന്ന മുഖവുരയോടെ സംസ്ഥാന സമ്മേളനം ഉത്ഘാടനം ചെയ്ത കൊല്ലം ബിഷപ്പ് ഡോ. ജോസഫ്. ജി. ഫെർണാണ്ടസ് പറഞ്ഞ ഏതാനും വാക്കുകൾ ശ്രദ്ധേയങ്ങളാണ്. "സഭയ്ക്ക് രാഷ്ട്രീയമില്ല. പക്ഷെ രാജ്യത്തു നടക്കുന്ന പരിവർത്തനങ്ങളും സംഭവഗതികളും കണ്ടില്ലെന്നു ഭാവിക്കുവാൻ സാദ്ധ്യമല്ല. ലത്തീൻ കത്തോലിക്കർ ബഹുഭൂരിപക്ഷവും അവശരാണ്. എല്ലാ പ്രശ്നങ്ങളും സംഭവഗതികളും കണ്ടില്ലെന്നു ഭാവിക്കുവാൻ സാദ്ധ്യമല്ല. ഭരണകൂടത്തിൽനിന്നും ഭരണാധികാരികളിൽനിന്നും നേടിയെടുക്കേണ്ടവ നേടിയെടുക്കണം. സംഘടിച്ച് ശക്തരായി അവകാശങ്ങൾ നേടിയെടുക്കേണ്ടത് അനിവാര്യമാണ്. മാർഗ്ഗവും ലക്ഷ്യവും സംശുദ്ധമായിരിക്കണം. നേതൃത്വത്തിന് വടംവലി പാടില്ല. ചേരിതിരിവും പരസ്പരം അംഗീകരിക്കാനുള്ള വൈമനസ്യവും ഉപേക്ഷിച്ച് കെട്ടുറപ്പുള്ള ഒരു സംഘടന കെട്ടിപ്പടുക്കണം." ബിഷപ്പ് തിരുമേനിയുടെ അഭിപ്രായം അനുസരിച്ച് ഐക്യത്തോടെ ലത്തീൻ കത്തോലിക്കർ മുന്നേറുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം.

പല രാഷ്ട്രീയ പാർട്ടികളിലായി ചിന്നിച്ചിതറിക്കിടക്കുന്ന മററു സമുദായങ്ങൾ പേരിനെങ്കിലും സമുദായത്തിന്റെ പേരു പറഞ്ഞ് രാഷ്ട്രീയപാർട്ടി രൂപീകരിച്ച് മുന്നണികളിൽ സ്വാധീനം ചെലുത്തി ഭരണാധികാരം പങ്കിടുന്ന ഈ കാലഘട്ടത്തിൽ ഇരുപത്തിരണ്ടു നിയോജക മണ്ഡലങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള ലത്തീൻ കത്തോലിക്കാ സമുദായം രൂപീകരിക്കുന്ന രാഷ്ട്രീയപാർട്ടി കേരള രാഷ്ട്രീയത്തിൽ നിർണ്ണായകമായ ഒരു ശക്തിയായിരിക്കുമെന്നാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം.

05-09-1982

## 48

# ആചാര്യ വിനോബഭാവെ

മഹാത്മാഗാന്ധിയുടെ ആത്മീയ പിൻതുടർച്ചാവകാശിയായിരുന്ന ആചാര്യ വിനോബഭാവെ ൮൮-ാമത്തെ വയസ്സിൽ നിര്യാതനായി. സർവോദയ, ഭൂദാൻ പ്രസ്ഥാനങ്ങളുടെ ജനയിതാവായ ആചാര്യ വിനോബഭാവെ ഗാന്ധിജിയുടെ അഹിംസ, സത്യം, സമാധാനം എന്നീ ആദർശങ്ങളുടെ പ്രതീകമായിരുന്നു. ഗാന്ധിയൻ തത്ത്വങ്ങൾ പ്രാവർത്തികമാക്കുന്നതിന് അവസാനം വരെ യത്നിച്ച രാഷ്ട്രീയത്തിലെ സന്യാസിവര്യനായിരുന്നു അചാര്യ വിനോബഭാവെ. ബഹുഭാഷാ പണ്ഡിതനും എഴുത്തുകാരനും തത്ത്വജ്ഞാനിയുമായിരുന്ന വിനോബഭാവെ ലോകമതചിന്തകളെല്ലാം പഠിച്ച് വ്യാഖ്യാനിക്കാൻ വെമ്പൽ കൊണ്ടിരുന്നു. എല്ലാ മതങ്ങളുടെയും സത്തായ മനുഷ്യസ്നേഹം അദ്ദേഹം ഉയർത്തിപ്പിടിക്കുകയും ചെയ്തു.

www.malankaralibrary.com

സർവ്വോദയത്തിലൂടെ സാമൂഹ്യവിപ്ലവം സാധിക്കാമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. അതിനായി ശ്രമിച്ചു. ആ ശ്രമം ഒരു പരിധിവരെ പരാജയപ്പെട്ടിരിക്കാം. എങ്കിലും ആ പരാജയം വിജയത്തിലേക്കുള്ള മാർഗ്ഗത്തിലെ നാഴികക്കല്ലാണ്. രാഷ്ട്രീയാധികാരത്തിനുപോലും ചമ്പൽത്താഴ്‌വരയിലെ കൊള്ളക്കാരെ കീഴടക്കാൻ സാധിക്കാതെ വന്നപ്പോൾ വിനോബഭാവെയുടെ മുന്നിൽ ചമ്പൽക്കാടുകളിലെ കൊള്ളക്കാർ ആയുധം വെച്ച് കീഴടങ്ങി എന്നുള്ളത് ഒരു അത്ഭുതസംഭവം തന്നെയല്ലേ.

ആചാര്യ വിനോബഭാവെയുടെ പല അഭിപ്രായങ്ങളോടും നമുക്ക് വിയോജിപ്പുണ്ടാകാം. തനിക്ക് ശരിയെന്നു തോന്നിയ കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്നതിൽ അദ്ദേഹം കാണിച്ച ധീരത അഭിമാനത്തിന് വക നൽകുന്നതാണ്. ഈ അഭിപ്രായധീരതയാണ് ഇന്ന് സമൂഹത്തിൽ ഇല്ലാതായിത്തീർന്നിരിക്കുന്നത്.

സ്വാതന്ത്ര്യസമരസേനാനിയും സാമൂഹിക പ്രവർത്തകനും എന്ന നിലയിൽ വിനോബാജി മുറുകെ പിടിച്ച മൂല്യങ്ങളും പിൻതുടർന്ന ക്രിയാത്മകപ്രവർത്തനങ്ങളും വരുംതലമുറയ്ക്ക് വഴികാട്ടിയായി തീരട്ടെ. ആ മഹാത്മാവിന്റെ നിര്യാണത്തിൽ അനുശോചിക്കാം.

05-12-1982

## 49

# കത്തോലിക്കാ കോൺഗ്രസ്സ് വാർഷിക പ്രതിനിധി സമ്മേളനം

### ഡിസംബർ 19-ന് മൂവാററുപുഴ കുഞ്ഞിത്തൊമ്മൻ നഗറിൽ ചേർന്നു പാസ്സാക്കിയ പ്രമേയങ്ങൾ

### പ്രമേയം I

മതേതരരാഷ്ട്രമായ ഭാരതത്തിൽ മതത്തിന്റെ പേരിലുള്ള വിവേചനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു ജനവിഭാഗമാണ് അവശ ക്രൈസ്തവർ. കേരളത്തിൽ പതിനഞ്ചു ലക്ഷത്തോളം അവശക്രൈസ്തവരുണ്ട്. പട്ടികജാതിക്കാർക്കുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും ഇന്ന് അവരിൽ നിന്നും ക്രസ്തുമതം സ്വീകരിച്ചിരിക്കുന്നവർക്ക് നിഷേധിച്ചിരിക്കുകയാണ്. സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി ഹരിജനങ്ങളോടൊപ്പം പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് ഇന്ത്യയിലെ അവശ ക്രൈസ്തവർ എന്ന് ഗവൺമെന്റ് നിയമിച്ച പല കമ്മീഷനുകളും റിപ്പോർട്ടു നൽകിയിട്ടുണ്ട്. മതത്തിന്റെ പേരിൽ നിലവിലുള്ള വിവേചനത്തിനെതിരെ കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി അവശ ക്രൈസ്തവർ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. അവരുടെ നിരന്തരമായ പ്രക്ഷോഭണത്തിന്റെ ഫലമായി ഏതാനും

www.malankaralibrary.com

വിദ്യാഭ്യാസാനുകൂല്യങ്ങൾ അവശ ക്രൈസ്തവർക്ക് അനുവദിച്ചിട്ടുണ്ട്. അവശ ക്രൈസ്തവപ്രശ്നം പരിഹരിക്കുന്നതിന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സും കേരളത്തിലെ ക്രൈസ്തവസഭകൾ ഏകോപിച്ചും കഴിഞ്ഞകാലങ്ങളിൽ നടത്തിയ പ്രക്ഷോഭണത്തെത്തുടർന്ന് അവശ ക്രൈസ്തവ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ അവശ ക്രൈസ്തവ കോർപ്പറേഷൻ രൂപീകരിക്കുവാൻ തയ്യാറായി. കോർപ്പറേഷൻ ആസൂത്രണം ചെയ്ത ഭവനിർമ്മാണ പദ്ധതിക്ക് ഏഴായിരത്തിലധികം അവശ ക്രൈസ്തവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകൻ നൂറിൽപരം രൂപാ ചിലവുചെയ്ത് തങ്ങളുടെ വസ്തുക്കളുടെ ആധാരം സഹിതമാണ് അപേക്ഷ സമർപ്പിച്ചത്. എന്നാൽ കഴിഞ്ഞകാലങ്ങളിൽ അവശക്രൈസ്തവകോർപ്പറേഷന് ആവശ്യമായ തുക ബഡ്ജററിൽ കൊള്ളിക്കാതിരുന്നതുമൂലം ഭവനനിർമ്മാണ പദ്ധതിയടക്കം കോർപ്പറേഷൻ ആസൂത്രണം ചെയ്ത എല്ലാ പദ്ധതികളും പ്രവർത്തനരഹിതമായിരിക്കുകയാണ്. ഈ ദുസ്ഥിതിക്ക് പരിഹാരം കാണണമെന്നും 1982–ലെ ബഡ്ജററിൽ അഞ്ചുകോടി രൂപായെങ്കിലും ഈ കോർപ്പറേഷന് നീക്കിവയ്ക്കണമെന്നും കത്തോലിക്കാ കോൺഗ്രസ്സ് ഒരു മെമ്മോറാണ്ടം വഴി കേരളസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. കത്തോലിക്കാ കോൺഗ്രസ്സിന്റെ നിവേദനത്തിന് അർഹിക്കുന്ന പരിഗണന കൊടുക്കുവാനോ അവശക്രൈസ്തവ കോർപ്പറേഷന് ബഡ്ജററിൽ ഒരു തുക പോലും കൊള്ളിക്കുവാനോ സർക്കാർ തയ്യാറായില്ല. സർക്കാരിന്റെ ഈ നടപടിയെ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ വാർഷികപൊതുയോഗം ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു. അവശക്രൈസ്തവ കോർപ്പറേഷൻ രൂപീകരണത്തെത്തുടർന്ന് നൂറിലധികം രൂപ മുടക്കി ഭവനനിർമ്മാണപദ്ധതിക്ക് അപേക്ഷ അയച്ച ഏഴായിരത്തോളം വരുന്ന അവശക്രൈസ്തവരെ വഞ്ചിച്ച നടപടിയിൽ കത്തോലിക്കാ കോൺഗ്രസ്സ് ശക്തിയായി പ്രതിഷേധിക്കുന്നു. അവശക്രൈസ്തവ കോർപ്പറേഷൻ രൂപീകരണം തന്നെ കേരളത്തിലെ ക്രൈസ്തവസഭകളുടെ സംയുക്ത പ്രക്ഷോഭണത്തെ തണുപ്പിക്കുന്നതിനുവേണ്ടി ചെയ്ത ഒരു നടപടിയാണോയെന്ന് ഈ യോഗം സംശയിക്കുന്നു.

അവശക്രൈസ്തവ കോർപ്പറേഷൻ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ കേരളാഗവൺമെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും കോർപ്പറേഷന്റെ ചെയർമാനായി ഒരു അവശക്രൈസ്തവനെ തന്നെ നിയമിക്കണമെന്നും ശക്തിയായ ഭാഷയിൽ ഗവൺമെന്റിനോട് ഈ യോഗം ആവശ്യപ്പെടുന്നു. കേരളാഗവൺമെന്റ് ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കാത്തതിനാൽ കത്തോലിക്കാ കോൺഗ്രസ്സ് ഒരു ബഹുജനപ്രക്ഷോഭണത്തിലേയ്ക്ക് ഇറങ്ങിതിരിക്കാൻ നിർബന്ധിതമാകുമെന്ന് മുന്നറിയിപ്പു നൽകുവാൻ ആഗ്രഹിക്കുന്നു.

അവശക്രൈസ്തവ കോർപ്പറേഷൻ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്കരിക്കുന്ന സമരപരിപാടികൾക്ക് എല്ലാ നിയമസഭാ സാമാജികന്മാരുടെയും ഇന്ത്യയുടെ മതേതരത്വത്തിൽ വിശ്വസിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണം ഈ യോഗം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

## പ്രമേയം II

തമിഴ്നാട്ടിലെ ഗൂഡല്ലൂരിൽ മൂന്നരദശാബ്ദങ്ങൾക്കു മുൻപ് കുടിയേറി പാർത്ത മലയാളി കർഷകർക്ക് ഇന്നുവരെ പട്ടയം കൊടുത്തിട്ടില്ലെന്നുള്ള വസ്തുത ഒരിക്കൽക്കൂടി ചൂണ്ടിക്കാണിക്കുവാൻ യോഗം ആഗ്രഹിക്കുന്നു. സർക്കാരിന്റെ അനുമതിയോടെ ഗൂഡല്ലൂരിൽ കുടിയേറിപാർത്ത മലയാളി കർഷകരെ ഗൂഡല്ലൂരിൽ നിന്നും ഇറക്കിവിടുവാനുള്ള ശ്രമങ്ങളിലാണ് തമിഴ്നാട് ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ അനേകവർഷങ്ങളായി ഗൂഡല്ലൂരിലെ മലയാളി കർഷകരെ പീഡിപ്പിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നതിൽ തമിഴ്നാട് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകാണുന്നതിൽ ഈ യോഗം ഖേദം രേഖപ്പെടുത്തുന്നു. 95 ശതമാനം മലയാളികൾ തിങ്ങിപ്പാർക്കുന്ന ഗൂഡല്ലൂർ താലൂക്ക് ഭാഷാടിസ്ഥാനമെന്ന തത്വത്തെ തന്നെ ബലികഴിച്ചുകൊണ്ട് തമിഴ്നാട്ടിൽ ചേർക്കപ്പെട്ടതോടെയാണ് ഗൂഡല്ലൂർ മലയാളി കർഷകർ, മർദ്ദനത്തിന് വിധേയമായി തീർന്നത്. ഈ വർഷം ഗൂഡല്ലൂർ കർഷക ദ്രോഹനടപടികൾ ആരംഭിച്ചപ്പോൾ കത്തോലിക്കാ കോൺഗ്രസ്സ് ഈ പ്രശ്നത്തിൽ ഇടപെട്ടതിനെ തുടർന്ന് വിവിധ രാഷ്ട്രീയകക്ഷികളും സാമൂഹ്യസംഘടനകളും ഈ വിഷയത്തെപ്പററി പഠിക്കുകയും ഗൂഡല്ലൂർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സ് ഈ പ്രശ്നം സംബന്ധിച്ച് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. അതേതുടർന്ന് കുടിയിറക്കുനടപടികളും കർഷക മർദ്ദനങ്ങളും താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്. ഇതുകൊണ്ട് പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ആയിട്ടില്ല. ഇപ്പോഴത്തെ പ്രക്ഷോഭണാഗ്നി കെട്ടടങ്ങുമ്പോൾ കർഷകദ്രോഹനടപടികൾ ഏതവസരത്തിലും ആരംഭിക്കാമെന്നുള്ള സ്ഥിതിവിശേഷമാണുള്ളത്. അതിനാൽ മലയാളി കർഷകരുടെ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുവാൻ ഗൂഡല്ലൂർ കർഷകർക്ക് പട്ടയം നൽകണമെന്ന് തമിഴ്നാട് ഗവൺമെന്റിനോടും ഈ കാര്യത്തിൽ വേണ്ട സമ്മർദ്ദം ചെലുത്തണമെന്ന് കേരള കേന്ദ്ര ഗവൺമെന്റുകളോടും ഈ യോഗം അഭ്യർത്ഥിക്കുന്നു. തമിഴ്നാട് ഗവൺമെന്റ് ഈ കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാത്തപക്ഷം വളരെയധികം ദേശീയപ്രാധാന്യമുള്ള ഗൂഡല്ലൂർ താലൂക്ക് ഉൾപ്പെടുന്ന നീലഗിരി ജില്ല കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണപ്രദേശമാക്കിത്തീർത്ത് ഗൂഡല്ലൂരിലെ 95% വരുന്ന ജനങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുവാൻ തയ്യാറാകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

## പ്രമേയം III

ഇന്നു നിലവിലുള്ള ജാതിസംവരണവ്യവസ്ഥ അപ്പാടെ മാററി സാമ്പത്തിക സംവരണം ഏർപ്പെടുത്തണമെന്ന വാദഗതി ഉയർന്നു വന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണല്ലോ ഇത്. ജാതി സംവരണം മാററുന്നതിനെതിരായുള്ള നീക്കത്തെയും സർവ്വശക്തിയുമുപയോഗിച്ച് എതിർക്കാനുള്ള ശക്തിയോടെ ഇവിടുത്തെ പിന്നോക്ക വിഭാഗങ്ങൾ സംഘടിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

www.malankaralibrary.com

ഈ രാജ്യത്ത് അവർണ്ണ ഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും സർക്കാർ സർവ്വീസിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലത്ത് അവർണ്ണ ഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും സർക്കാർ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ടി തിരുവിതാംകൂറിൽ ഒരു വലിയ ജനകീയപ്രക്ഷോഭണം നയിച്ച ഒരു സംഘടനയാണ് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് എന്നുള്ള വസ്തുത ഈ അവസരത്തിൽ അഭിമാനത്തോടെ ഞങ്ങൾ സ്മരിക്കുന്നു. സാമ്പത്തിക സംവരണമെന്ന വാദഗതിയെ അന്ധമായി എതിർക്കുവാനോ അനുകൂലിക്കുവാനോ കത്തോലിക്കാ കോൺഗ്രസ്സിന് ഇന്ന് സാദ്ധ്യമല്ല. ജനങ്ങളുടെ സാമ്പത്തിക കഴിവു നോക്കി മാത്രമല്ല, സാമൂഹ്യവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഇവിടുത്തെ അവശ ജനവിഭാഗങ്ങൾ വളരെയധികം പിന്നോക്കമാണെന്നുള്ള വസ്തുത മനസ്സിലാക്കിയാണ് – അവരെ സമുദ്ധരിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ്-ഒരു കാലത്ത് ഈ ജനവിഭാഗങ്ങൾക്ക് പ്രത്യേകം സംവരണം ഏർപ്പെടുത്തുവാൻ ഇന്ത്യയുടെ ദേശീയ നേതാക്കന്മാർ ഭരണഘടനയ്ക്ക് രൂപം നൽകിയപ്പോൾ ശ്രമിച്ചത്. ആ ജനവിഭാഗങ്ങൾ മററിതര ജനവിഭാഗങ്ങളോട് സാമൂഹ്യമായും സാംസ്കാരികമായും തുല്യതയിലെത്തുമ്പോൾ ജാതി സംവരണ വ്യവസ്ഥ അവസാനിപ്പിക്കുവാനും ന്യായമായും ശ്രമിക്കേണ്ടതാണ്. ഈ പശ്ചാത്തലത്തിൽ ജാതിസംവരണം അവസാനിപ്പിക്കുവാൻ കാലമായോ എന്നും നാം പരിചിന്തിക്കേണ്ടതാണ്.

പിന്നോക്കവിഭാഗങ്ങളിലെ ലക്ഷക്കണക്കിനു രൂപായുടെ വരുമാനമുള്ളവരെ സംവരണത്തിൽ ഇനിയും ഉൾപ്പെടുത്തണമോ? ജാതി സംവരണം നിലനിർത്തിക്കൊണ്ട് പിന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാർക്കു മാത്രം സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതും ഉദ്യോഗങ്ങൾ നൽകുന്നതും അല്ലേ കൂടുതൽ സമുചിതം. ജാതി സംവരണം നിലനിർത്തിക്കൊണ്ട് മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുന്നത് സമുചിതമല്ലേ. ഇന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സംവരണ വ്യവസ്ഥകളുടെ ശതമാനം കൃത്യമായി പാലിക്കുന്നുണ്ടോ? ഈ വക കാര്യങ്ങളെപ്പററിയെല്ലാം വിശദമായ ഒരു പഠനം നടത്തേണ്ടതാണെന്നാണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ സുചിന്തിതമായ അഭിപ്രായം. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സ് മുൻനിന്നു നടത്തിയ നിവർത്തനപ്രക്ഷോഭണത്തിന്റെ അൻപതാം വർഷമാണ് 1983. ഈ അടുത്ത വർഷം ഈ വിഷയത്തെപ്പററി വ്യാപകമായ ഒരു പഠനം നടത്തുകയും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൺവൻഷനുകൾ വിളിച്ചുകൂട്ടി ഒരു അഭിപ്രായ ഐക്യം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യണമെന്ന് വർക്കിംഗ് കമ്മററിയോടഭ്യർത്ഥിക്കുന്നു.

19–12–1982

www.malankaralibrary.com

# 50
# പ്രവർത്തകക്യാമ്പ്

കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്കരിച്ച സമയബന്ധിതപരിപാടിയുടെ വെളിച്ചത്തിൽ ഇക്കഴിഞ്ഞ നവംബർ 13,14 തീയതികളിൽ ഭരണങ്ങാനത്ത് മാതൃഭവനത്തിൽ വച്ച് എ.കെ.സി.സി. പ്രവർത്തക പരിശീലനക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തിനുള്ളിൽ ആദ്യമായാണ് കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകക്യാമ്പ് സംഘടിപ്പിക്കുന്നത്. അൻപതുകളിൽ എ.കെ.സി.സി. നടത്തിയിരുന്ന ഗ്രീഷ്മകാല വിദ്യാലയത്തിന്റെ ചുവടുപിടിച്ച് നടത്തിയ ഈ പ്രവർത്തകക്യാമ്പിൽ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി 70-ൽ പരം പ്രവർത്തകർ പങ്കെടുത്തു. ക്യമ്പിൽ പങ്കെടുത്തവരിൽ ബഹുഭൂരിപക്ഷവും യുവജനങ്ങളായിരുന്നുവെന്നത് ഒരു പ്രത്യേകതയായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന ശാഖകളിലെ പ്രവർത്തകരെ തമ്മിൽ ബന്ധിപ്പിക്കുവാനും ആശയവിനിമയം നടത്തുവാനും, കോൺഗ്രസ്സിനെപ്പററി വ്യക്തമായ ഒരു ധാരണ കൈവരിക്കുവാനും ക്യാമ്പ് സർവ്വോപരി സഹായിച്ചു.

രാഷ്ട്രീയ സംഘടനകളുടെ അതിപ്രസരം ഇന്ന് എവിടെയും നമുക്കു ദർശിക്കാം. ഇങ്ങനെയൊരു കാലഘട്ടത്തിൽ സാമുദായികസംഘടനകളുടെ പ്രസക്തി എന്താണ് എന്നു ചോദിക്കുന്നവരെ നമുക്ക് ധാരാളം കാണുവാൻ സാധിക്കും. അതുപോലെതന്നെ കത്തോലിക്കാ കോൺഗ്രസ്സ് കഴിഞ്ഞകാലങ്ങളിൽ എന്തുചെയ്തു എന്നു ചോദിക്കുന്നവർ ധാരാളമുണ്ട്. കോൺഗ്രസ്സിന്റെ കഴിഞ്ഞകാലപ്രവർത്തനങ്ങളെപ്പററി ഇന്നത്തെ യുവജനങ്ങൾ തികച്ചും അജ്ഞരാണ്. അതുകൊണ്ടാണ് അവർ ഈ ചോദ്യം ചോദിക്കുന്നത്. ഈ രണ്ടു ചോദ്യങ്ങൾക്കും അർഹിക്കുന്ന മറുപടി പറയുവാൻ പ്രാപ്തരായാണ് ക്യമ്പിൽ പങ്കെടുത്തവർ മാതൃഭവനിൽ നിന്നും പുറപ്പെട്ടത്. അഴിമതിയും കൈക്കൂലിയും അധികാരവടംവലിയും പൊതുപ്രവർത്തകരിൽ - നേതാക്കന്മാരിൽ - പ്രകടമായി നമുക്ക് കാണാവുന്നതാണ് ഈ പ്രത്യേകസാഹചര്യത്തിൽ നേതൃത്വത്തിന്റെ മാനദണ്ഡമെന്തെന്നും സംഘടനാപ്രവർത്തകർ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും ക്യാമ്പിലൂടെ പ്രവർത്തകർക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഈ സമൂഹത്തിൽ അൽമായർക്ക് ഒരു പ്രത്യേക ദൗത്യം ഉണ്ട്. അൽമേയാ ദൗത്യത്തിന്റെ വിവിധ വശങ്ങളെപ്പററിയും ശരിക്ക് ഒരു ജ്ഞാനം ലഭിക്കുന്നതിന് പ്രവർത്തകർക്ക് കഴിഞ്ഞു.

കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും വന്ന 70-ൽ പരം പ്രവർത്തകർ, അവർ ഉൾപ്പെടുന്ന രൂപതകളിലും ശാഖകളിലും ക്യാമ്പിലൂടെ തങ്ങൾക്ക് ലഭിച്ച അറിവ് പങ്കുവെയ്ക്കുന്നതിന് തയ്യാറായാൽ ആയിരങ്ങൾക്ക് ഈ ക്യാമ്പിന്റെ പ്രയോജനം ലഭിക്കുമെന്നത് തർക്കമററ സംഗതിയാണ്. ക്യാമ്പിൽ പങ്കെടുത്ത എല്ലാവരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

www.malankaralibrary.com

ഭരണങ്ങാനത്ത് നടന്ന ക്യാമ്പിന്റെ രീതിയിൽ മേഖലാടിസ്ഥാനത്തിൽ എ.കെ.സി.സി. പ്രവർത്തക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. മേഖലാ ക്യാമ്പുകളിലൂടെ 1983-ൽ ആയിരം യുവാക്കൾക്ക് പരിശീലനം നൽകുവാനുള്ള ഒരു ബൃഹത് പദ്ധതിയാണിത്. ഈ സംരംഭം കോൺഗ്രസ്സിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായിരിക്കും. എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു.

05-01-83

## 51

# എ.കെ.സി.സി. ധർമ്മഭടന്മാരുടെ ഉപവാസം

1983 ജനുവരി 20-ാം തീയതി കത്തോലിക്കാ കോൺഗ്രസ്സ് കേരള ഗവൺമെന്റിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലെ അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കുന്നതിനായി കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്കരിച്ച സമരപരിപാടികളുടെ ആദ്യപടിയായി കത്തോലിക്കാ കോൺഗ്രസ്സിന്റെ ധർമ്മഭടന്മാർ 24 മണിക്കൂർ നേരത്തേയ്ക്ക് കേരള സെക്രട്ടറിയേററ് നടയിൽ ഉപവാസ സത്യാഗ്രഹം നടത്തിയിരിക്കുന്നു. സത്യാഗ്രഹികൾ ഫെബ്രുവരി 23-ാം തീയതി രാവിലെ 9 മണിക്ക് ലൂർദ്ദുപള്ളിയിൽ എത്തിച്ചേർന്നു. ഫാ.ളൂയീസ് നേര്യംപറമ്പിൽ, ഡോ.ആന്റണി നിരപ്പേൽ, ഫാ.മഠത്തിറമ്പിൽ എന്നീ വൈദികരുടെ നേതൃത്വത്തിൽ പള്ളിയിൽ എത്തി പ്രാർത്ഥനനടത്തിയതിനുശേഷമാണ് സത്യാഗ്രഹികൾ കാൽനടയായി സെക്രട്ടറിയേററുനടയിലേക്ക് മാർച്ച് ചെയ്തത്. കാൽനടജാഥയ്ക്ക് പ്രസിഡണ്ട് ശ്രീ.എം.ഡി. ജോസഫ്, ജനറൽ സെക്രട്ടറി ജോൺകച്ചിറമററം, വൈസ്പ്രസിഡണ്ടുമാരായ തോമസ് കൊണ്ടോടി, പി.കെ. ഇലഞ്ഞിക്കൽ എന്നിവർ നേതൃത്വം നൽകി. സെക്രട്ടറിയേററ്നടയിൽ എത്തിച്ചേർന്ന സത്യാഗ്രഹികളെ വിവിധ സംഘടനാപ്രതിനിധികൾ ഹാരമണിയിച്ചു സ്വീകരിച്ചു. അനന്തരം തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സത്യാഗ്രഹം ഉൽഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സ് ഉന്നയിച്ചിരിക്കുന്ന ന്യയമായ അവകാശങ്ങൾ അംഗീകരിക്കാൻ കേരളാഗവൺമെന്റ് തയ്യാറാകണമെന്നും അവശക്രൈസ്തവകോർപ്പറേഷൻ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ കേരളാഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും തിരുമേനി ഉൽഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു. ജനറൽസെക്രട്ടറി ജോൺകച്ചിറമററം സ്വാഗതം ആശംസിച്ചു.

സത്യാഗ്രഹികളെ അഭിസംബോധനം ചെയ്ത് പ്രസിഡണ്ട് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, കേരളാ കാത്തലിക് ലീഡേഴ്സ് ആക്ഷൻ കൗൺസിൽ സെക്രട്ടറി അഡ്വ. പി.ജെ. അലക്സാണ്ടർ, എച്ച്.സി.എം.എസ്. പ്രസിഡണ്ട് ശ്രീ. പി.ആർ. ആന്റണി, ജനറൽസെക്രട്ടറി പി.സി. മർക്കോസ്, കെ.സി.സി. യുവജനവിഭാഗം ജനറൽ കൺവീനർ റോയി നെല്ലിക്കാലാ, പാലാ രൂപതാസെക്രട്ടറി ജേക്കബ്ബ് മുണ്ടക്കൻ, കോതമംഗലം രൂപതാ സെക്രട്ടറി

www.malankaralibrary.com

തോട്ടക്കര ദാസ്, പ്രസിഡണ്ട് ആന്റണി വള്ളമററം, ഫാ. ജോൺ കളത്തിൽ തുടങ്ങിയവർ സംസാരിച്ചു.

അനുഭാവസത്യാഗ്രഹമായി 10 പേരടങ്ങുന്ന 12 ഗ്രൂപ്പ് രണ്ടു മണിക്കൂർ വീതം സത്യാഗ്രഹം നടത്തുകയുണ്ടായി. സത്യാഗ്രഹികളെ റവന്യൂമന്ത്രി പി.ജെ. ജോസഫ്, ധനകാര്യമന്ത്രി കെ.എം. മാണി, റവ.ഫാ. ഡാമിയൻ സി.എം.ഐ. തുടങ്ങി ഒട്ടേറെ പേർ വന്ന് സന്ദർശിച്ച് സംഭാഷണം നടത്തുകയുണ്ടായി.

24-ാം തീയതി രാവിലെ 10 മണിക്ക് തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം സെക്രട്ടറിയേററു നടക്കൽ എത്തി പ്രസംഗിക്കുകയും നാരങ്ങാനീര് സത്യാഗ്രഹികൾക്ക് നൽകി ഉപവാസം അവസാനിപ്പിക്കുകയും ചെയ്തു.

26-01-1983

# 52

# അവശക്രൈസ്തവ കോർപ്പറേഷൻ

മതേതര രാഷ്ട്രമായ ഭാരതത്തിൽ മതത്തിന്റെ പേരിലുള്ള വിവേചനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ജനവിഭാഗമാണ് അവശക്രൈസ്തവർ. കേരളത്തിൽ 15 ലക്ഷത്തോളം അവശക്രൈസ്തവർ ഉണ്ട്. അവരെല്ലാവരും തന്നെ ഇന്നും പിന്നോക്കാവസ്ഥയിലാണ്. പട്ടികജാതിക്കാർക്കുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും അവരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നവർക്ക് ഇന്ന് നിഷേധിച്ചിരിക്കുകയാണ്. സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി ഹിന്ദു ഹരിജനങ്ങളെപ്പോലെ തന്നെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് ഇന്ത്യയിലെ അവശക്രൈസ്തവർ എന്ന് ഗവൺമെന്റ് നിയമിച്ച പല കമ്മീഷനുകളും തന്നെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ കഴിഞ്ഞ മൂന്നര ദശാബ്ദക്കാലം അവശക്രൈസ്തവർ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. അവരുടെ നിരന്തരമായ പ്രക്ഷോഭണഫലമായി ഏതാനും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അതുകൊണ്ട് കാതലായ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല.

അവശക്രൈസ്തവ പ്രശ്നം കേരളത്തിലെ ക്രൈസ്തവ സമൂഹം മുഴുവന്റെയും പ്രശ്നമായി കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ ക്രൈസ്തസഭകൾ സംയുക്തമായി നീതിക്കുവേണ്ടി നടത്തിയ പോരാട്ടത്തിന് ആരംഭം കുറിച്ചത് 1978 ൽ ആയിരുന്നു. മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ 1979 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരത്ത് നടത്തിയ പ്രകടനവും മേയിൽ കളക്ടറേററുകളുടെ മുൻപിൽ നടത്തിയ ധർണ്ണയും ദൂരവ്യാപകമായ ഫലങ്ങൾ പുറപ്പെടുവിച്ചു. അവശക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുക സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിക്കപ്പുറമാകയാൽ പ്രശ്നപരിഹാരത്തിന് കാലതാമസം നേരിടുമെന്നുള്ള ഭയാശങ്കകൾകൊണ്ട് ഗവൺമെന്റ്

www.malankaralibrary.com

മറെറാരു പദ്ധതിക്ക് രൂപം കൊടുത്തു. അവശക്രൈസ്തവരുടെ ഉന്നമനത്തിനായി ഒരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായി. അവശക്രൈസ്തവരുടെ പ്രശ്നങ്ങൾ ശരിയായി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. ആ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1980 ഫെബ്രുവരി 2-ാം തീയതി അവശക്രൈസ്തവ കോർപ്പറേഷൻ കോട്ടയം കേന്ദ്രമായി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കോർപ്പറേഷൻ ആവിഷ്കരിച്ച ഒരു പ്രധാന പദ്ധതി അവശക്രൈസ്തവർക്ക് 5000 വീടു നൽകാനുള്ള ഒരു ബൃഹത് പദ്ധതിയായിരുന്നു. 7000-ലധികം അവശക്രൈസ്തവർ വീടിനുള്ള അപേക്ഷകൾ സമർപ്പിച്ചു. അപേക്ഷകർ ഓരോരുത്തരും നൂറിൽപരം രൂപാ ചിലവുചെയ്താണ് തങ്ങളുടെ വസ്തുവിന്റെ ആധാരം സഹിതം അപേക്ഷ സമർപ്പിച്ചത്.

കോർപ്പറേഷന്റെ പ്രവർത്തനം പൊടുന്നനവെ നിലയ്ക്കുകയാണ് ചെയ്തത്. കോർപ്പറേഷൻ പ്രവർത്തനത്തിന് ബഡ്ജററിൽ തുക കൊള്ളിക്കാതിരുന്നതാണ് അതിനുകാരണം. 1982-ൽ ബഡ്ജററിൽ ചുരുങ്ങിയത് 5 കോടി രൂപയെങ്കിലും ഈ കോർപ്പറേഷനുവേണ്ടി ബഡ്ജററിൽ തുക കൊള്ളിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ്സ് മെമ്മോറാണ്ടം വഴി ആവശ്യപ്പെട്ടു എങ്കിലും ഫലമുണ്ടായില്ല. 1983-ലെ ബഡ്ജററിൽ കോർപ്പറേഷൻ പ്രവർത്തനത്തിന് ആവശ്യമായ തുക ബഡ്ജററിൽ കൊള്ളിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ്സ് ഈ സന്ദർഭത്തിൽ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അവശക്രൈസ്തവ പ്രശ്നം സംബന്ധിച്ച് താഴെക്കാണുന്ന കാര്യങ്ങൾ കൂടി നടപ്പിലാക്കണമെന്ന് ഞങ്ങൾ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു.

1. അവശക്രൈസ്തവ കോർപ്പറേഷൻ പ്രവർത്തനത്തിന് 1983-1984ലെ ബഡ്ജററിൽ ചുരുങ്ങിയത് 10 കോടി രൂപായെങ്കിലും വകകൊള്ളിക്കുക.
2. കോർപ്പറേഷന്റെ ചെയർമാൻ സ്ഥാനത്തേയ്ക്ക് ഒരു അവശക്രൈസ്തവനെ നിയമിക്കുക.
3. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിൽ അവശക്രൈസ്തവർക്ക് മതിയായ പ്രാതിനിധ്യം നൽകുക.
4. കോർപ്പറേഷന്റെ ആഭിമുഖ്യത്തിലാരംഭിച്ച ഭവനനിർമ്മാണ പദ്ധതിക്ക് കൂടുതൽ തുക അനുവദിക്കുക.
5. കോർപ്പറേഷൻ വിഭാവനം ചെയ്ത് അറിയിച്ചിട്ടുള്ള തൊഴിൽ ദാനം കുടിൽ വ്യവസായം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുക.
6. ഭൂമി വിതരണത്തിന് സ്വീകരിച്ച നയം വനഭൂമി വിതരണത്തിലും സ്വീകരിച്ച് ഹരിജൻ ക്രൈസ്തവർക്കും മററു ഗിരിജനങ്ങളോടൊപ്പം സംവരണം നൽകുക.
7. ഹരിജൻ, ഗിരിജൻ കോ-ഓപ്പറേററീവ് സൊസൈററികൾ സംഘടിപ്പിച്ച് അവർക്ക് ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

15-02-1983

www.malankaralibrary.com

# 53

# സത്യദീപത്തിൽ ഉന്നയിക്കപ്പെട്ട സംശയം

## മാർ കരിയാററിയുടെ ദ്വിശതാബ്ദിയാഘോഷം രാമപുരത്ത്

1983 മാർച്ച് 5-ാം തീയതിയിലെ ദീപികയിൽ മാർ ജോസഫ് കരിയാററിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷങ്ങളെപ്പററി ഒരു വാർത്ത കണ്ടു. എ.കെ.സി.സി. ജനറൽ സെക്രട്ടറി അറിയിക്കുന്നതനുസരിച്ച് പ്രസ്തുത ആഘോഷങ്ങളുടെ ഉൽഘാടനം മേയ് 14-ാം തീയതി രാഷ്ട്രപതി സെയിൽസിംഗ് രാമപുരത്ത് നിർവ്വഹിക്കുന്നതാണ്. കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലുള്ള ആഘോഷപരിപാടികളുടെ ഉൽഘാടനം മാർ കരിയാററിയുടെ സഹപ്രവർത്തകനായിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോറുടെ അന്ത്യവിശ്രമസ്ഥലമായ രാമപുരത്തു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഗോവയിൽവച്ചു നിര്യാതനായ മാർ കരിയാററിയുടെ ഭൗതികാവശിഷ്ടം കത്തോലിക്കാകോൺഗ്രസ്സ് മുൻകൈ എടുത്തു കേരളത്തിലേക്കു കൊണ്ടുവന്നു പുനഃസംസ്കാര ചടങ്ങുകൾ നടത്തിയതായും റിപ്പോർട്ടിലുണ്ട്.

ഏപ്രിൽമാസത്തെ എ.കെ.സി.സി. ബുള്ളററിൻവഴി രാമപുരത്ത് 501 പേരുടെ ആഘോഷകമ്മററി പ്രവർത്തിച്ചു തുടങ്ങിയതായും കരിയാററി തിരുമേനിക്ക് സ്മാരകം ഏർപ്പെടുത്താനും, പ്രതിമ സ്ഥാപിക്കുവാനും തീരുമാനിച്ചതായും അറിയുന്നു.

ഈ വാർത്തകൾ വായിച്ചപ്പോൾ പൊന്തിവന്ന ചില സംശയങ്ങൾ ഉന്നയിക്കട്ടെ. കരിയാററി മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ദിശതാബ്ദി ആഘോഷിക്കാൻ അദ്ദേഹത്തിന്റെ സഹപ്രവർത്തകന്റെ കുഴിമാടം തേടിപ്പോകുന്നതിന്റെ പ്രസക്തിയെന്താണ്? പ്രസക്തിയെപ്പററി പ്രസംഗിച്ചകാര്യം ബുള്ളററിനിലുണ്ട് ചൂണ്ടിക്കാട്ടിയ പ്രസക്തിയെന്തെന്ന് ചേർത്തിട്ടില്ല. കേരളത്തിലെ പ്രഥമ ഏതദ്ദേശീയ മെത്രാന്റെ ജന്മസ്ഥലവും രൂപതയുമൊക്കെ അജ്ഞാതമായതുകൊണ്ടോ, അതോ അവിടം ആഘോഷപരിപാടികൾക്ക് യോജിച്ചസ്ഥലമല്ലാത്തതുകൊണ്ടോ? കത്തോലിക്കാ കോൺഗ്രസ്സ് മുൻകൈ എടുത്ത് മാർകരിയാററിയുടെ ഭൗതീകാവശിഷ്ടങ്ങൾ കേരളത്തിൽ പുനഃസംസ്കരണം ചെയ്തെന്നു പറയുന്നു. ഇനി അത് രാമപുരത്തോ മറേറാ ആണോ? കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ആഘോഷമായതുകൊണ്ടാണോ രാമപുരത്താകട്ടെ എന്നു തീരുമാനിച്ചത്? മാർ കരിയാററിയുടെ സ്വദേശമെന്ന് ഞാനൊക്കെകേട്ട് വിശ്വസിച്ചിരുന്നസ്ഥലം ഒരു വൈദിക ശ്രേഷ്ഠന്റെ ശാപമേററതാണെന്ന് സഭാ ചരിത്രക്ലാസ്സിൽ കേട്ടതോർക്കുന്നു. ഒരു പക്ഷേ, അതുകൊണ്ടായിരിക്കാം കത്തോലിക്കാ കോൺഗ്രസ്സ് ആ സ്ഥലംവിട്ടു മറെറാരു പുണ്യഭൂമിതേടിപോയത്.

പി.റ്റി. വെള്ളാരപ്പള്ളി

**20-04-1983 – സത്യദീപം**

www.malankaralibrary.com

# 54
# നിലയ്ക്കൽ ദേവാലയം

ഭാരതക്രൈസ്തവസഭയുടെ ജനയിതാവായ മാർത്തോമ്മാശ്ലീഹായുടെ പാദസ്പർശത്താൽ അനുഗ്രഹീതമായ ഒരു ഗ്രാമമാണ് നിലയ്ക്കൽ. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു സഭാസമൂഹങ്ങളിൽ ഒന്ന് നിലയ്ക്കലായിരുന്നു. ഇത് നിഷേധിക്കാനാവാത്ത ഒരു ചരിത്രവസ്തുതയാണ്. ഒരു കാലത്ത് ജനനിബിഡമായിരുന്ന നിലയ്ക്കൽ 14-ാം നൂററാണ്ടോടുകൂടി ഒരു വനപ്രദേശമായി മാറുകയുണ്ടായി. നിലയ്ക്കൽ നിന്നും സമീപപ്രദേശങ്ങളിലേയ്ക്ക് മാറിത്താമസിച്ച ക്രൈസ്തവർ നിലയ്ക്കൽ ഒരു പുണ്യഭൂമിയായി കണക്കാക്കുകയും ആ പുണ്യഭൂമിയിലേയ്ക്ക് തീർത്ഥയാത്രകൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. കേരളത്തിലെ ക്രൈസ്തവർക്ക് ഒരു പൊതുആരാധനാലയം നിർമ്മിക്കുന്നതിന് നിലയ്ക്കൽ 4 ഹെക്ടർ സ്ഥലം പതിച്ചുകൊടുക്കുന്നതിന് 1976-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. പക്ഷെ നടപടികൾ പൂർത്തീകരിക്കുവാൻ ഇന്നുവരെ സാധിച്ചിട്ടില്ല.

നിലയ്ക്കൽ കൃഷിപണിയിലേർപ്പെട്ടിരുന്ന സ്റ്റേററ്ഫാമിലെ തൊഴിലാളികൾ ഇക്കഴിഞ്ഞ മാർച്ച് 23-ാം തീയതി ഒരു കുരിശുകണ്ടെടുക്കുകയുണ്ടായി. അവർ ആ കുരിശ് തുലാപ്പള്ളി വികാരിയെ ഏല്പിക്കുകയും ബഹു. വികാരി ആഘോഷപൂർവ്വം ആ കുരിശ് നിലയ്ക്കൽ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഏതോ കുബുദ്ധികൾ ആ കുരിശ് കവർച്ചചെയ്യുകയുണ്ടായി. അതോടൊപ്പം നിലയ്ക്കൽ ക്രൈസ്തവരുടെ ഒരു ആരാധനാലയം നിർമ്മിക്കുന്നതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള പ്രസ്താവനകളുമായി ഹൈന്ദവസുഹൃത്തുക്കൾ രംഗത്തുവന്നിരിക്കുകയാണ്. ക്രൈസ്തവസഭയുടെ 2000 വർഷത്തെ ചരിത്രത്തെ തേച്ചുമാച്ചുകൊണ്ട് നിലയ്ക്കൽ ഒരു ക്രൈസ്തവകേന്ദ്രമല്ലെന്ന് ഹൈന്ദവ സുഹൃത്തുക്കൾ അഭിപ്രായപ്പെട്ടിരിക്കുകയാണ്. പല ഹൈന്ദവസംഘടനകളും നേതാക്കളും നിലയ്ക്കൽ ദേവാലയ പുനഃസ്ഥാപനത്തെ ശക്തിയായി എതിർത്തുകൊണ്ടിരിക്കുന്നു. ഒരു മതേതരരാഷ്ട്രമായ ഭാരതത്തിൽ ഭൂരിപക്ഷ സമുദായമായ ഹൈന്ദവർ കാണിക്കുന്ന ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ മുളയിലെ നുള്ളിക്കളയേണ്ടത് അടിയന്തിരാവശ്യമാണ്. അല്ലെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും.

കേരളത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം അമ്പലവും മോസ്ക്കും ദേവാലയവും അടുത്തടുത്തു സ്ഥിതിചെയ്യുന്നതു കാണാം. കേരളത്തിലെ മതസൗഹാർദ്ദത്തിന് ഒന്നാംതരം തെളിവാണിത്. ആ മഹത്തായ പാരമ്പര്യത്തെ പുഛിച്ചുകൊണ്ട് നിലയ്ക്കൽ ഒരു ക്രൈസ്തവദേവാലയം നിർമ്മിക്കുന്നതിനെ ഹൈന്ദവർ എതിർക്കുന്നത് ഒരിക്കലും ശരിയല്ല. ക്രൈസ്തവദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും സമീപങ്ങളിൽ അമ്പലങ്ങൾ ഉയർന്നുവന്നപ്പോൾ അതിൽ ആനന്ദം കൊള്ളുകയും അഭിമാനിക്കുകയും ചെയ്തവരാണ്

www.malankaralibrary.com

ഇവിടുത്തെ ക്രൈസ്തവർ. ദൈവത്തിന്റെ ആലയമാണ് ദേവാലയവും അമ്പലവും മോസ്ക്കും. കൂടുതൽ ആരാധനാലയങ്ങൾ ഉയർന്നുവരുമ്പോൾ അതിൽ ആനന്ദം കൊള്ളേണ്ടവരാണ് യഥാർത്ഥ ഈശ്വരവിശ്വാസികൾ. ആ ബോദ്ധ്യം ഹൈന്ദവസുഹൃത്തുക്കൾക്കില്ലാതെ പോയതിൽ ദുഃഖിക്കുന്നു. ഗവൺമെന്റ് ദേവാലയസ്ഥാപനത്തിന് അനുവാദം കൊടുത്താലും ദേവാലയ നിർമ്മാണത്തെ നേരിടുമെന്നും ചില ഹൈന്ദവ നേതാക്കൾ ഭീഷണിമുഴക്കിയിരിക്കുകയാണ്. ഇവിടുത്തെ ക്രൈസ്തവർ ഇന്നുവരെ ഭീഷണിയുടെ പദം ഉപയോഗിച്ചിട്ടില്ല. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം മാത്രമാണ് അവർ നൽകിയിട്ടുള്ളത്. ക്രൈസ്തവരുടെ ഈ നിലപാട് ഒരു ഭീരുത്വമായി ആരും കണക്കിലെടുക്കരുത്. നൂറ്റാണ്ടുകളായി ഇവിടെ നിലനിന്ന മതസൗഹർദ്ദം നശിപ്പിച്ച് വർഗീയത ഇളക്കി അരാജകത്വം സൃഷ്ടിക്കുവാനാണവർ ശ്രമിച്ചത്. കേരളാ ഗവൺമെന്റ് ആഴ്ചകൾ നീണ്ടുനിന്ന കൂടിയാലോചനകൾക്കും ഒത്തുതീർപ്പാലോചനകൾക്കും ശേഷം നിലയ്ക്കൽ ക്രൈസ്തവർക്ക് ദേവാലയ പുനഃസ്ഥാപനം നടത്തുന്നതിന് ഒരു ഹെക്ടർ സ്ഥലം അനുവദിക്കുകയും സ്ഥലനിർണ്ണയത്തിന് കമ്മീഷനെ നിയമിക്കുകയും ചെയ്തു. ആ കമ്മീഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഒരു താൽക്കാലിക ദേവാലയം ക്രൈസ്തവർ നിർമ്മിക്കുകയും ചെയ്തു. അതുകൊണ്ടും മതഭ്രാന്തന്മാർ അടങ്ങിയില്ല. നിലയ്ക്കൽ പള്ളി പണിയുവാൻ സമ്മതിക്കുകയില്ലെന്ന് അവർ പ്രഖ്യാപിച്ചു. താൽക്കാലിക ദേവാലയം നിർമ്മിച്ച് അതിനു ശേഷവും സംഘർഷമുണ്ടാക്കുവാനുള്ള എല്ലാ ശ്രമങ്ങളും ആ മതഭ്രാന്തന്മാർ സ്വീകരിച്ചു. പക്ഷെ തികഞ്ഞ ആത്മസംയമനമാണ് ക്രൈസ്തവർ സ്വീകരിച്ചത്. പ്രകോപനമുണ്ടാക്കുന്ന മുദ്രാവാക്യങ്ങൾ നാടുനീളെ എഴുതപ്പെട്ടപ്പോഴും ക്രൈസ്തവർ വികാരപരമായി ഒരു നിമിഷം പോലും ചലിച്ചില്ല. നിരവധി ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ളവരാണ് ഇവിടുത്തെ ക്രൈസ്തവർ. ഇരുപത്തിനാലു മണിക്കൂറുകൾകൊണ്ട് രാജ്യം മുഴുവൻ മുദ്രാവാക്യം എഴുതുവാനും ഏതു വർഗ്ഗീയശക്തികളെയും എതിർക്കുവാനും വേണ്ട ആത്മധൈര്യവും കഴിവും തന്റേടവും ഉള്ളവരാണ് ഇവിടുത്തെ ക്രൈസ്തവർ. പ്രകോപനപരമായ യാതൊരു നടപടിയും ക്രൈസ്തവരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് ക്രൈസ്തവ നേതൃത്വം അണികൾക്ക് നിർദ്ദേശം കൊടുത്തിരുന്നു. കേരള കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസും മതസൗഹാർദ്ദം നശിപ്പിക്കുന്നതിനുതകുന്ന വിധത്തിലുള്ള യാതൊരു നടപടികളും സ്വീകരിക്കരുതെന്ന് നിഷ്കർഷിച്ചിരുന്നു. ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ വിശ്വാസികൾക്ക് സന്ദേശത്തിൽ പ്രഖ്യാപിച്ചത് ഇപ്രകാരമാണ്. "മതത്തിന്റെ പേരിൽ സംഘർഷം. വളർത്തുന്നത് ദൈവദൂഷണമാണ്.ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കും എന്നതല്ല ക്രൈസ്തവരുടെ നിലപാട്. ക്രൈസ്തവാദർശങ്ങൾക്കു നിരക്കുന്ന രീതിയിലേ പ്രതിഷേധമാർഗ്ഗങ്ങൾ സ്വീകരിക്കാവൂ. കിംവദന്തികളാൽ തെററിദ്ധരിക്കപ്പെട്ട് പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും ഹർത്താലുകളും സംഘടിപ്പിക്കരുത്. കുരിശ് സമാധാനത്തിനുള്ളതാണ്, പ്രകോപനത്തിനുള്ളതല്ല. പൊതുവാഹനങ്ങളിലും നിരത്തുകളുടെ ചുവരുകളിലും മററും കുരിശു മുദ്രണം ചെയ്യുന്നത് കുരിശിന്റെ പരിശുദ്ധിക്ക് കോട്ടം വരുത്തും. മതത്തിന്റെ പേരിലുള്ള

www.malankaralibrary.com

സംഘട്ടനം മത വിശ്വാസത്തിന് മങ്ങലേല്പിക്കും. നിങ്ങളെ ദ്രോഹിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക എന്ന സന്ദേശമാണ് ക്രിസ്തു നൽകിയത്. ഇന്നത്തെ വിപത്തിൽ നിന്നും നാടിനെ രക്ഷിക്കാൻ കുടുംബങ്ങളിലും ദേവാലയങ്ങളിലും പ്രത്യേകം പ്രാർത്ഥന നടത്തണം". ഈ രീതിയിലുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളുമാണ് ക്രൈസ്തവ നേതൃത്വം വിശ്വാസികൾക്ക് എപ്പോഴും നൽകിക്കൊണ്ടിരുന്നത്. വർഗ്ഗീയത ഇളക്കിവിട്ട് അരാജകത്വം സൃഷ്ടിക്കുവാൻ ഉള്ള തല്പരകക്ഷികളുടെ ശ്രമം ക്രൈസ്തവരുടെ ഈ നയം മൂലം പരാജയപ്പെടുകയാണുണ്ടായത്.

നിലയ്ക്കൽ പ്രശ്നം അഖിലേന്ത്യാപ്രശ്നമായി വളർത്തി മത സൗഹാർദ്ദം നശിപ്പിക്കുവാനുള്ള ചില കേന്ദ്രങ്ങളുടെ നടപടിയെ കേരളത്തിലെ പ്രബുദ്ധരായ ജനത പരാജയപ്പെടുത്തിയിരിക്കുന്നുവെന്നതിൽ സന്തോഷമുണ്ട്. കേരളത്തിലെ വിവിധ രാഷ്ട്രീയ കക്ഷികളും സംഘടനകളും സർവ്വ സമുദായ മൈത്രി നാട്ടിൽ അരക്കിട്ടുറപ്പിക്കേണ്ടിതിന്റെ ആവശ്യകത ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി നടത്തിക്കൊണ്ടിരിക്കുന്ന ജാഥകളും ഉപവാസങ്ങളും യോഗങ്ങളും എല്ലാം സൽഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടാണിരിക്കുന്നത്.

നിലയ്ക്കൽ പ്രശ്നം ഉയർത്തിവിട്ട പ്രശ്നങ്ങളിലേയ്ക്ക് ക്രൈസ്തവരും ഇന്ത്യയിലെ ന്യൂനപക്ഷ വിഭാഗങ്ങളും അവർണ്ണവിഭാഗങ്ങളും ഗൗരവപൂർവ്വം ശ്രദ്ധതിരിക്കണമെന്നാണ് ഈ അവസരത്തിൽ ഞങ്ങൾക്കു പറയുവാനുള്ളത്. ഇവിടുത്തെ ന്യൂനപക്ഷ സമുദായങ്ങൾ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ ഈഴവ മുസ്ലീം ക്രൈസ്തവ സഹോദരങ്ങൾ തോളോടു തോൾ ചേർന്നു നിന്ന് നിവർത്തന പ്രക്ഷോഭണം അൻപതു വർഷങ്ങൾക്കുമുൻപ് നടത്തിയത് തികച്ചും ന്യായമായ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയായിരുന്നു. ചില സ്ഥാപിത താല്പര്യക്കാരുടെ കുത്തക പൊളിക്കുന്നതിന് അന്നു സാധിച്ചത്, നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ ഒററക്കെട്ടായി അണിനിരന്നു നിന്നു പോരാടിയതുകൊണ്ടു മാത്രമാണ്. നിലയ്ക്കൽ പ്രശ്നത്തിന്റെ പിൻപിൽ പ്രവർത്തിച്ച ശക്തികളെ ശരിക്കും പഠിക്കുമ്പോൾ, അഖിലേന്ത്യാടിസ്ഥാനത്തിൽ നീതിക്കുവേണ്ടി പോരാടുന്ന ജനവിഭാഗങ്ങളുടെ ഒരു ഐക്യനിര പടുത്തുയർത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടും.

കേരളത്തിലെ ക്രൈസ്തവർ നിരവധി ഭീഷണികളെ അനുദിനം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഏതു വെല്ലുവിളികളെയും തികച്ചും ജനാധിപത്യരീതിയിൽ നേരിടുവാൻ നാം കരുത്ത് ആർജ്ജിക്കേണ്ടിയിരിക്കുന്നു. പ്രശ്നങ്ങളെ സമചിത്തതയോടെ നാം കൈകാര്യം ചെയ്യുകയും വേണം. മനുഷ്യസേവനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ക്രൈസ്തവ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സന്നദ്ധസേന രൂപീകരിക്കുന്നത് സർവ്വോപരി സഹായകരമായിതീരും. ഈ വഴിക്ക് ക്രൈസ്തവ നേതൃത്വം ചിന്തിക്കുന്നതി സമുചിതമായിരിക്കും.

**05–07–1983**

www.malankaralibrary.com

# 55

# നിലയ്ക്കൽ പ്രശ്നം - കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സമ്മേളനം പുറപ്പെടുവിക്കുന്ന പ്രസ്താവന

കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സമ്മേളനം 1983 ജൂലായ് 24-ാം തീയതി തിരുവല്ലാ ശാന്തിനിലയത്തിൽ പ്രസിഡണ്ട് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന് പാസ്സാക്കിയ പ്രസ്താവനയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

ഭാരതക്രൈസ്തവസഭയുടെ ജനയിതാവും ഭാരതീയ ക്രിസ്ത്യാനികളുടെ പൊതുപിതാവുമായ ക്രിസ്തുശിഷ്യനായ സെന്റ് തോമസിന്റെ പാദസ്പർശത്താൽ അനുഗൃഹീതമായ പുണ്യഭൂമിയാണ് നിലയ്ക്കൽ. സെന്റ് തോമസ് സ്ഥാപിച്ച ഏഴ് ക്രൈസ്തവ സഭാ സമൂഹങ്ങളിൽ ഒന്ന് നിലയ്ക്കലായിരുന്നു. കേരള ക്രൈസ്തവരും നിലയ്ക്കലുമായുള്ള ബന്ധത്തെപ്പററിയോ സെന്റ് തോമസ് നിലയ്ക്കൽ ക്രൈസ്തവസമൂഹം സ്ഥാപിച്ചുവെന്നതിനെപ്പററിയോ ഇക്കഴിഞ്ഞ കാലങ്ങളിൽ യാതൊരു സംശയവും ആരും ഉന്നയിച്ചിട്ടില്ല. വിദേശീയരും, കേരളീയരും ക്രൈസ്തവരും അക്രൈസ്തവരുമായ നിരവധി ചരിത്രകാരന്മാർ സെന്റ് തോമസ് നിലയക്കൽ ഒരു ക്രൈസ്തവസമൂഹം സ്ഥാപിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 14-ാം നൂററാണ്ടുവരെ ഹിന്ദുക്കളും ക്രൈസ്തവരും മുസ്ലീങ്ങളും വളരെ സൗഹാർദ്ദതയോടെ വസിച്ചിരുന്നു. വളരെയധികം ഐശ്വര്യത്തിലും പ്രതാപത്തിലും കഴിഞ്ഞിരുന്ന നിലയ്ക്കലെ ജനസഞ്ചയം 14-ാം നൂററാണ്ടോടുകൂടി പ്രതികൂല സാഹചര്യങ്ങൾനിമിത്തം സർവ്വതും ഉപേക്ഷിച്ച് സമീപപ്രദേശങ്ങളിലേക്ക് കുടിയേറുകയാണുണ്ടായത്. കാലക്രമത്തിൽ നിലയ്ക്കൽ ഒരു വനഭൂമിയായി തീരുകയും ചെയ്തു.

കേരളക്രൈസ്തവരുടെ തറവാട് എന്നു വിശേഷിപ്പിക്കാവുന്ന നിലയ്ക്കലിൽ ഒരു സ്മാരകദേവാലയം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ട് അൻപതുവർഷത്തിലേറെയായി. അതിനാവശ്യമായ സ്ഥലം ഗവൺമന്റിൽനിന്ന് വിട്ടുതരണമെന്ന് ക്രൈസ്തവജനതയുടെ അഭ്യർത്ഥന കേരള ഗവൺമെന്റ് അംഗീകരിക്കുകയും 1976-ൽ 4 ഹെക്ടർ സ്ഥലം അനുവദിച്ചു തരികയും ചെയ്തു. എന്നാൽ 1979-ൽ അത് 2 ഹെക്ടർ സ്ഥലമായി കുറവു ചെയ്തുകൊണ്ട് ദേവാലയസ്ഥാപനത്തിന് സർക്കാർ അനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്ഥലം കൈവശപ്പെടുത്തി ദേവാലയം സ്ഥാപിക്കുന്നതിനുള്ള ശ്രമം നടന്നുവരികയായിരുന്നു. ഇക്കഴിഞ്ഞ മാർച്ചു മാസത്തിൽ നിലക്കലിൽനിന്നും കണ്ടുകിട്ടിയ കുരിശ് അവിടെ ഒരു സ്മാരക ദേവാലയം സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിന് വേഗത കൂട്ടി. 1976-ലും 1979-ലും ഗവൺമെന്റ് സ്ഥലം അനുവദിച്ചു തന്നതിനെ ആരും എതിർത്തിട്ടില്ല. എന്നാൽ നിലയ്ക്കൽ ദേവാലയത്തിനെതിരായി ഇപ്പോൾ ചില ഹൈന്ദവസഹോദരങ്ങൾ

www.malankaralibrary.com

ഒരു നിലപാട് എടുത്തിരിക്കുകയാണ്. ആ ഹൈന്ദവസഹോദരങ്ങളുടെ നിലപാട് വളരെയധികം വേദനാജനകമാണ്. അതേതുടർന്ന് വളരെയധികം ദുഷ്പ്രചരണങ്ങൾ നടത്തുകയും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഹൈന്ദവസഹോദരങ്ങളുടെ വികാരങ്ങളെ മാനിച്ചും കേരളാ ഗവൺമെന്റ് ഹൈന്ദവസഹോദരങ്ങളുമായി നടത്തിയ ആലോചനകളുടെ വെളിച്ചത്തിൽ നടത്തിയ നിർദ്ദേശങ്ങളെ മാനിച്ചും, സ്മാരക ദേവാലയത്തിന് ഗവൺമെന്റ് ഇപ്പോൾ അനുവദിച്ച സ്ഥലം വളരെയധികം അസൗകര്യപ്രദമാണെങ്കിലും കേരള ക്രൈസ്തവർ അത് സ്വീകരിക്കുകയാണ് ചെയ്തത്. നിർഭാഗ്യവശാൽ പ്രതീക്ഷിച്ച തരത്തിലുള്ള പ്രതികരണമല്ല ചില ഹൈന്ദവ സഹോദരങ്ങളിൽ നിന്നും ഉണ്ടായത്. നിലയ്ക്കലുമായി ക്രൈസ്തവസമൂഹത്തിനുള്ള പരിപാവനമായ ബന്ധത്തെത്തന്നെ നിഷേധിക്കുന്ന നീക്കങ്ങൾ ചില ഹൈന്ദവ സഹോദരരുടെ പക്ഷത്തുനിന്നും ഉണ്ടായി. നാടാകെ നടത്തിയ പ്രകടനങ്ങളും ഭീഷണിപ്രയോഗങ്ങളും ചുവരെഴുത്തുകളും ഇന്ത്യയിലെ ന്യൂനപക്ഷ സമുദായങ്ങളെയും ജനാധിപത്യത്തിലും മതേതരത്വത്തിലും വിശ്വസിക്കുന്ന വരെയും വേദനിപ്പിക്കുകയാണ്. സമുദായ സൗഹാർദ്ദതയ്ക്ക് കളങ്കം വരുത്തുന്ന വിധത്തിലുള്ള യാതൊരു നടപടിയും ക്രൈസ്തവരുടെ പക്ഷത്തുനിന്നും ഉണ്ടാകരുതെന്ന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സും അഭിവന്ദ്യ വൈദിക മേലദ്ധ്യക്ഷന്മാരും ക്രൈസ്തവ നേതൃത്വവും കാലാകാലങ്ങളിൽ നൽകിയ നിർദ്ദേശങ്ങളെ ക്രൈസ്തവസമൂഹം ഒന്നാകെ സ്വാഗതം ചെയ്തു കാണുന്നതിൽ സന്തോഷമുണ്ട്. വികാരപരമായ അന്തരീക്ഷം മുററിനിന്ന ഇക്കാലമത്രയും ക്രൈസ്തവർ പ്രകടിപ്പിച്ച അച്ചടക്കവും ആത്മസംയമനവും അങ്ങേയററം പ്രശംസാർഹമാണ്. ഈ നിലപാട് ഭാവിയിലും തുടർന്നുകൊണ്ടു പോകുക തന്നെ വേണം. ഏതു ഭാഗത്തുനിന്നും എന്തു പ്രകോപനമുണ്ടാ യാലും സമചിത്തതയോടെ അവയെ വീക്ഷിക്കുകയും സമുദായ സൗഹാർദ്ദം കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കുകയും വേണം. അതിനെതിരായി നമ്മുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകരുത്.

ഈയവസരത്തിൽ എല്ലാ ഹൈന്ദവസഹോദരങ്ങളോടും ഞങ്ങൾക്ക് ഒരഭ്യർത്ഥനയുണ്ട് "ഞങ്ങളുടെ ഈ അച്ചടക്കവും ആത്മസംയമനവും ഒരു ഭീരുത്വമായി - ബലഹീനതയായി ആരും കണക്കിലെടുക്കരുത്. കേരളക്രൈസ്തവരും നിലയക്കലുമായുള്ള ബന്ധത്തിന്റെ പാവനതയെ എല്ലാ ഹൈന്ദവ സുഹൃത്തുക്കളും മാനിക്കണം." അതാണ് ഞങ്ങളുടെ അഭ്യർത്ഥന. സമുദായ സൗഹാർദ്ദത തകരരുതെന്ന ആഗ്രഹമാണ് ഗവൺമെന്റ് നിർദ്ദേശിച്ച സ്ഥല ത്തേക്ക് പള്ളി മാററിപ്പണിയുവാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. സ്നേഹത്തിന്റെയും സഹനത്തിന്റെയും പരിശുദ്ധിയുടെയും പ്രതീകമായ വി. കുരിശ് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുതന്നെ നിലനിർത്തുവാൻ എന്തു ത്യാഗവും സഹിക്കാൻ ഞങ്ങൾ തയ്യാറാണെന്ന് വളരെ വിനീതമായി ഏവരേയും അറി യിക്കുന്നു. ഇതു സംബന്ധിച്ച് കേരള ക്രൈസ്തവരുടെ വികാരങ്ങൾ എന്തെന്നു മനസ്സിലാക്കുവാനുള്ള മനസ്ഥിതി ഞങ്ങളുടെ സഹോദരങ്ങൾ ക്കുണ്ടാകണമെന്നാശിക്കുന്നു.

www.malankaralibrary.com

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സഭായോഗം ഇന്നത്തെ സാഹചര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുകയും ക്രൈസ്തവമേലദ്ധ്യക്ഷന്മാർ പുറപ്പെടുവിച്ച സുപ്രധാനമായ ആഹ്വാനത്തെപ്പററി ചർച്ച ചെയ്യുകയുമുണ്ടായി. സമുദായ സൗഹാർദ്ദം നിലനിർത്തുവാൻവേണ്ടി ക്രൈസ്തവമേലദ്ധ്യക്ഷന്മാർ മുന്നോട്ടുവച്ച ആഹ്വാനത്തെ ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നു. അഭിവന്ദ്യ തിരുമേനിമാരുടെ അഭ്യർത്ഥന മാനിക്കുവാനും സമുദായസൗഹാർദ്ദം നിലനിർത്തുവാനും എല്ലാ ഹൈന്ദവസഹോദരങ്ങളും തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരുടെ ആഹ്വാനത്തെ എ.കെ.സി.സി. ഒരിക്കൽക്കൂടി സഹർഷം സ്വാഗതം ചെയ്യുകയും അതിന് വിധേയമായി നിലയ്ക്കലെ പരിപാവനമായ മണ്ണിൽ സ്ഥാപിച്ചിരിക്കുന്ന ദേവാലയം നിലയ്ക്കൽ തന്നെ സംരക്ഷിക്കുമെന്ന് ഞങ്ങൾ ദൃഢപ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. നിലയ്ക്കൽ ദേവാലയ പുനഃസ്ഥാപനം സംബന്ധിച്ച എ.കെ.സി.സി. തുലാപ്പള്ളി ശാഖാ പ്രവർത്തകർ അനുഷ്ഠിച്ച സേവനങ്ങളെ ഈ യോഗം മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യുന്നു.

24-7-83

## 56

# സത്യദീപം ലേഖനത്തിന് ഒരു മറുപടി

## മാർ കരിയാററി ഇന്ത്യയുടെ പൊതുസമ്പത്ത്

മാർ കരിയാററി യൗസേപ്പ് മെത്രാപ്പോലീത്ത ആലങ്ങാട്ട് ഇടവകക്കാരനാണ്. ആലങ്ങാട്ട് ഇടവക എറണാകുളം അതിരൂപയിൽപെട്ട ഒരു പള്ളിയാണ്. അതുകൊണ്ട് മാർ കരിയാററി ആലങ്ങാടിന്റെയോ എറണാകുളം അതിരൂപതയുടെയോ ഒരു സ്വത്തായി പരിഗണിക്കുക സാദ്ധ്യമല്ല. അദ്ദേഹം കേരളസഭയുടെ ഒരു വീരസന്താനമാണ്. ഭാരതത്തിന്റെ മുഴുവൻ അഭിമാനസ്തംഭമാണ്. മാർ കരിയാററിയുടെ സേവനങ്ങൾ ശരിക്കും ഇന്നത്തെ തലമുറ ഗ്രഹിച്ചിരുന്നുവെങ്കിൽ, രണ്ടു നൂററാണ്ടിനിടയിൽ ലോകമാസകലം വളർന്നുവന്നിട്ടുള്ള ദേശീയ പ്രബുദ്ധതയ്ക്ക് മാര് കരിയാററി വിലപ്പെട്ട സംഭവനകൾ നൽകിയിട്ടുണ്ടെന്ന് മനസ്സിലാക്കുമായിരുന്നു.

മാർ കരിയാററിയെ ഒരു ഇടവകയിലോ രൂപതയിലോ മാത്രം ഒതുക്കിനിർത്താവുന്നതല്ല. മാർ കരിയാററിയുടെ സേവനങ്ങൾ ശരിക്കും ഗ്രഹിച്ചിട്ടുള്ളവർ അതു തുറന്നു സമ്മതിക്കും. അതു ശരിക്കു ഗ്രഹിക്കാത്തവർ ആ വസ്തുത മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. മാർ കരിയാററിയുടെ സേവനങ്ങൾ ശരിക്കും ഗ്രഹിച്ചവർ, ഗ്രഹിക്കാത്തവരുടെ മട്ടിൽ പെരുമാറുന്നതുകാണുമ്പോൾ ദുഃഖവും വേദനയും തോന്നുന്നു. ഉറങ്ങിക്കിടക്കുന്നവനെ വിളിച്ചുണർത്താം ഉറക്കം നടിച്ചു കിടക്കുന്നവനെ വിളിച്ചുണർത്തുവാൻ സാദ്ധ്യമല്ല എന്നാണല്ലോ പറയുന്നത്.

www.malankaralibrary.com

ഏപ്രിൽ 20-ാം തീയതിയിലെ സത്യദീപത്തിൽ പി.ററി. വെള്ളാരപ്പള്ളി വായനക്കാരുടെ പംക്തിയിൽ മാർ കരിയാററി ദ്വിശതാബ്ദിയാഘോഷത്തെപ്പററി എഴുതിയിരിക്കുന്ന ഭാഗം വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ കുറിപ്പെഴുതുന്നത്. കേരളത്തിലെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്തായുടെ ജന്മസ്ഥലവും അന്ത്യവിശ്രമസ്ഥലവും രൂപതയുമൊക്കെ അജ്ഞാതമായതു കൊണ്ടാണോ മാർ കരിയാററിയുടെ സഹപ്രവർത്തകന്റെ കുഴിമാടമന്വേഷിച്ച് ദ്വിശതാബ്ദിയാഘോഷത്തിന് കത്തോലിക്കാ കോൺഗ്രസ്സ് ഇറങ്ങിപുറപ്പെട്ട തെന്ന വെള്ളാരപ്പള്ളിയുടെ ചോദ്യം ക്രീസ്തീയ കൂട്ടായ്മയുടെ മുൻപിൽ ഒരു ചോദ്യചിഹ്നമായി ഉയർന്നുനിൽക്കുകയാണ്.

മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദിയാഘോഷം അദ്ദേഹം ജനിച്ചുവളർന്ന ഗ്രാമത്തിൽ മാത്രമാണോ ആഘോഷിച്ചത്? ആ സ്റ്റേററിൽ മാത്രമാണോ ആഘോഷിച്ചത്? ഒരിക്കലുമല്ല. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും വിവിധ സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും നേതൃത്വത്തിൽ ഗാന്ധി ജന്മശതാബ്ദിയാഘോഷിച്ചു. അതിൽ ആരും ആക്ഷേപം പുറപ്പെടുവിച്ചു കണ്ടില്ല. ഗാന്ധിജിയെ ഒരു ഗ്രാമത്തിന്റെ മാത്രം സന്താനമായി കാണാൻ ഇന്ത്യൻ ജനത തയ്യാറായില്ല. ഇന്ത്യയുടെ മുഴുവൻ സ്വത്തായിട്ടാണ് ഇന്ത്യൻ ജനത ഗാന്ധിജിയെ കണ്ടത്. ആഫ്രിക്കൻ രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും ന്യൂയോർക്ക് ലണ്ടൻ തുടങ്ങിയ പട്ടണങ്ങളിലും ഗാന്ധിജിയുടെ ജന്മശതാബ്ദി ആഘോഷിച്ചു. ഗാന്ധിജി ലോകത്തിനുനൽകിയ സംഭാവനകൾ ശരിക്കും മനസ്സിലാക്കിയ ജനത ഗാന്ധിജി ലോകത്തിന്റെ മുഴുവൻ അഭിമാനഭാജനമാണെന്ന് വിശ്വസിച്ചതുകൊണ്ടാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗാന്ധിജിയുടെ ജന്മശതാബ്ദിയാഘോഷിച്ചത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്ത്യ മുഴുവനും ഗാന്ധിജയന്തി വിപുലമായ തോതിൽ ആഘോഷിച്ചപ്പോൾ ഗാന്ധിജിയുടെ ജന്മനാട്ടിൽ മാത്രം ആഘോഷങ്ങൾ സംഘടിപ്പിച്ചാൽ പോരായിരുന്നോ എന്നു ചോദിച്ചവരും ഉണ്ടായിരുന്നിരിക്കാം. അവരുടെ അല്പത്വത്തെപ്പററി ഓർത്ത് നമുക്ക് സഹതപിക്കാം. അതുപോലെ ഒരു അല്പത്വത്തിന്റെ ബാഹ്യപ്രകടനമായി മാത്രമേ പി.ററി. വെള്ളാരപ്പള്ളിയുടെ ചോദ്യത്തെ ഞാൻ കാണുന്നുള്ളു.

മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ച് മൺമറഞ്ഞ നമ്മുടെ സമുദായ നേതാക്കന്മാരുടെ സേവനങ്ങളെ ഇന്നത്തെ തലമുറക്ക് വ്യക്തമാക്കി കൊടുക്കുവാൻ ആവിഷ്ക്കരിച്ച ഒരു ബൃഹത് പദ്ധതിയുടെ ഭാഗമായാണ് മാർ കരിയാററിയുടെ മെത്രാഭിഷേകദ്വിശതാബ്ദിയാഘോഷത്തിന് കത്തോലിക്കാ കോൺഗ്രസ്സ് തയ്യാറായി മുന്നോട്ടു വന്നത്. കരിയാററിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം എവിടെവെച്ച് എങ്ങിനെ നടത്തണമെന്നുള്ളതിനെപ്പററി ബഹുജനാഭിപ്രായമാരായുവാൻ ആലങ്ങാട്ടും എറണാകുളത്തും രാമപുരത്തും എല്ലാം ഞാൻ ജനറൽ സെക്രട്ടറിയെന്നനിലയിൽ പോവുകയുണ്ടായി. അഭിവന്ദ്യ പിതാക്കന്മാരെ കത്തുമൂലവും പലരെയും നേരിട്ടും, കത്തോലിക്കാകോൺഗ്രസ്സിന്റെ പരിപാടി യഥാസമയം, അറിയിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിലാണ് മാർ കരിയാററി മെത്രാഭിഷേകദ്വിശതാബ്ദിയാഘോഷം രാമപുരത്ത്

www.malankaralibrary.com

ആരംഭിച്ച് ആലങ്ങാട്ട് അവസാനിപ്പിക്കുവാൻ തീരുമാനിച്ചത്. പല വൈദീകമേലദ്ധ്യക്ഷന്മാരും ചരിത്രകാരന്മാരും കോൺഗ്രസ്സിന്റെ ഈ നീക്കത്തെ അഭിനന്ദിച്ചുകൊണ്ട് കത്തുകളയയ്ക്കുകയും ചെയ്തു. രാമപുരത്ത് ഉദ്ഘാടനം നടന്നതിനുശേഷം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനും സമാപനം ഡിസംബറിൽ ആലങ്ങാട്ട് നടത്തുന്നതിനും ആണ് കോൺഗ്രസ്സ് പരിപാടി തയ്യാറാക്കിയിരിക്കുന്നത്.

പി.ടി. വെള്ളാരപ്പള്ളി എഴുതിയതുപോലെ ആലങ്ങാടോ എറണാകുളമോ ഒന്നും ആഘോഷപരിപാടികൾക്ക് യോജിച്ച സ്ഥലമല്ലെന്ന് ഞങ്ങൾക്കഭിപ്രായമില്ല. ശാപം കിട്ടിയ സ്ഥലമാണോയെന്ന് ഞങ്ങൾ അന്വേഷിച്ചുമില്ല. അതിനിവിടെ പ്രസക്തിയുമില്ല.

ആലങ്ങാട് പള്ളിവികാരിയുമായും രാമപുരം ഫൊ. പള്ളിവികാരിയുമായും ശതാബ്ദിയാഘോഷത്തെപ്പററി ഞാൻ ചർച്ചചെയ്തു. രാമപുരത്ത് വച്ച് ശതാബ്ദിയാഘോഷത്തിന്റെ ഉദ്ഘാടനം ഗംഭീരമായി നടത്തണമെന്ന് ചരിത്രാവബോധമുള്ള രാമപുരം ഫൊ. പള്ളി വികാരി ഫാ. എമ്മാനുവൽ ചെറുകരക്കുന്നേൽ അഭിപ്രായപ്പെട്ടു. അതിനെപ്പററി ആലോചിക്കുവാൻ രാമപുരത്ത് ഒരു പൗരമഹായോഗം വിളിച്ചുകൂട്ടി. ജാതിമതകക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി പ്രസ്തുത യോഗത്തിൽ വന്ന പൗരജനങ്ങൾ മാർ കരിയാററിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷ പരിപാടികളുടെ ഉൽഘാടനം വൻതോതിൽ രാമപുരത്തുവച്ച് നടത്തണമെന്ന് തീരുമാനിച്ചു. ഇന്ത്യൻ പ്രസിഡണ്ട് സെയിൽസിംഗ് പരിപാടി ഉൽഘാടനം ചെയ്യാമെന്ന് സദയം സമ്മതിച്ചു. അതിൽ കേരളം മുഴുവൻ സന്തോഷിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. രാമപുരത്തു കൂടിയ യോഗം, ഈ യോഗം എവിടെവച്ചു നടത്തണമെന്നുള്ളതിനെപ്പററിയോ ഒന്നും തർക്കിച്ചില്ല. ലോകത്തിന്റെ ഏതു ഭാഗത്തു നടത്തുന്നതിലും അന്നാട്ടുകാർ സന്തുഷ്ടരാണ്. അതിന് യോഗ്യനാണ് മാർ കരിയാററിയെന്ന് രാമപുരത്തെ ജനങ്ങൾക്കറിയാം.

മാർ കരിയാററിയുടെ മരണശേഷം 13 വർഷക്കാലം കേരളസഭയെ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാർ രാമപുരത്തിരുന്നുകൊണ്ടാണ് ഭരിച്ചത്. രാമപുരം ഇടവകക്കാരനായ മോൺ. ജോൺ കച്ചിറമററമാണ് കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരണമെന്ന ആശയം ആദ്യമായി പത്രദ്വാരാ പുറപ്പെടുവിച്ചത്. ആ ആശയം ഉൾക്കൊള്ളുവാൻ കത്തോലിക്കാ കോൺഗ്രസ്സാണ് തയ്യാറായി മുന്നോട്ടുവന്നത്. രാമപുരംകാരനായ മോൺ. കച്ചിറമററവും കത്തോലിക്കാ കോൺഗ്രസ്സും എന്തുകൊണ്ടാണ് മാർ. കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിലേക്കു കൊണ്ടുവരുവാൻ ശ്രമിക്കുന്നതെന്നോ ആലങ്ങാട്ടുകാരും എറണാകുളംകാരും അതു കൊണ്ടുവരുന്നതാണ് സമുചിതമെന്നോ ആരും അക്കാലത്ത് അഭിപ്രായപ്പെട്ടിട്ടില്ല.

മഹാത്മാക്കളെപ്പററി വിലയിരുത്തുമ്പോൾ പ്രാദേശിക രൂപതാ ചിന്തകൾക്കതീതമായി ഉയർന്ന ഒരു വീക്ഷണം പുലർത്തുവാൻ എല്ലാവരും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

www.malankaralibrary.com

(മാർ കരിയാററിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷത്തെപ്പററി ചർച്ച ചെയ്യുവാൻ പല മെത്രാന്മാരെയും മെത്രാപ്പോലീത്താമാരേയും കർദ്ദിനാളിനെയും എ.കെ.സി.സി. ജനറൽ സെക്രട്ടറിയെന്ന നിലയിൽ ഞാൻ സന്ദർശിച്ചു ചർച്ച ചെയ്തു. പലരുടെയും സമീപനം ദുഃഖകരവും വേദനാജനകവുമായിരുന്നു. എന്തിന് ഈ ആഘോഷമെന്ന് ചോദിച്ചവരും ഉണ്ട്. രണ്ടു നൂററാണ്ട് മുൻപ് മരിച്ചു പോയ ഒരു മെത്രാപ്പോലീത്തായുടെ ജൂബിലിയാഘോഷിക്കുന്നതിൽ അവർ താല്പര്യം കാണിക്കാത്തതിൽ എനിക്കു പരാതിയില്ല. രാഷ്ട്രപതി പങ്കെടുക്കുന്ന ഈ ആഘോഷപരിപാടികളുടെ നടത്തിപ്പിന് കമ്മററിയുടെ രക്ഷാധികാരിയായിരിക്കുവാൻ വിസമ്മതിച്ച സഭാദ്ധ്യക്ഷന്മാരോടും എനിക്ക് പരാതിയില്ല. രാമപുരത്ത് ഈയാഘോഷം നടത്താനും വൻ വിജയപ്രദമാക്കുവാനും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയും ശ്രീ. എം.എം. ജേക്കബ്ബ് എം.പി.യും (ഇപ്പോൾ മേഘലാ ഗവർണ്ണർ) എല്ലാററിനും ഉപരിയായി രാമപുരം ഫൊ.പള്ളി വികാരി ഫാ.എമ്മാനുവൽ ചെറുകരക്കുന്നേലും നൽകിയ ഉപദേശങ്ങളും നേതൃത്വവും കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ നന്ദിയോടെ സ്മരിക്കും. ഇന്നത്തെ സീറോ - മലബാർ സഭയുടെ വളർച്ചയ്ക്ക് മാർ കരിയാററിയോടും പാറേമ്മക്കൽ തോമ്മാ കത്തനാരോടും സമുദായം കടപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവ് സഭയുടെ എല്ലാ മേലദ്ധ്യക്ഷന്മാർക്കും ഉണ്ടാകേണ്ടതാണ്. എ.കെ.സി.സി.യുടെ ഈ സംരംഭത്തെ പുഛിച്ചുകൊണ്ട് സത്യദീപത്തിൽ പി.ററി. വെള്ളാരപ്പള്ളിയുടേതായി ഒരു ലേഖനം വന്നപ്പോൾ അതിന്റെ പിന്നിൽ ആരായിരുന്നുവെന്ന് മനസ്സിലാക്കുവാൻ അധികം പ്രയാസമെനിക്കില്ല.)

5-8-83

## 57

# കുടിയിറക്കു ഭീഷണി

കേരളത്തിലെ എണ്ണായിരത്തിലധികം കർഷകകുടുംബങ്ങൾ ഒരു കുടിയിറക്കുഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു. മലയോരകർഷകർ ഒന്നാകെ കുടിയിറക്കിനെ നേരിടാൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. മലയോരകർഷകരെ ദ്രോഹിക്കുക, അവരുടെ കാർഷിക വിളകൾ നശിപ്പിക്കുക, അവരെ കുടിയിറക്കുക ഇതെല്ലാം ഒരു വിനോദമായിട്ടാണ് കാലാകാലങ്ങളിൽ കേരളം ഭരിക്കുന്ന ഗവൺമെന്റുകൾ കരുതുന്നത്. ജനാധിപത്യ കക്ഷികൾ വിശിഷ്യാ കോൺഗ്രസ്സ് നേതൃത്വം നൽകുന്ന ഗവൺമെന്റുകളാണ് ക്രൂരമായ കുടിയിറക്കിന് എക്കാലവും നേതൃത്വം നൽകിയിട്ടുള്ളത്. കോൺഗ്രസ്സിന്റെ കുടിയിറക്കു തുടങ്ങിയ കർഷകദ്രോഹനടപടികളാണ് കോൺഗ്രസ്സിനെ ജനങ്ങളിൽനിന്നും ഇത്രയധികം ഒററപ്പെടുത്തിയിരിക്കുന്നത്. ജനാധിപത്യ വിശ്വാസികൾ തിങ്ങിപ്പാർക്കുന്ന മലയോരങ്ങളിൽ കോൺഗ്രസ്സ് ഗവൺ

www.malankaralibrary.com

മെന്റുകൾ നടത്തിയ കുടിയിറക്ക് ജനാധിപത്യവിശ്വാസികളെ കോൺഗ്രസ്സിൽ നിന്നും അകററുകയാണ് ചെയ്തിരിക്കുന്നത്. കോൺഗ്രസ്സ് ഗവൺമെന്റ് 1961-ൽ ഉടുമ്പൻചോലയിൽ നടത്തിയ കുടിയിറക്കും അമരാവതിയിലെ കുടിയിരുത്തും 1964-ൽ ചുരുളി കീരിത്തോട്ടിൽ നടത്തിയ കുടിയിറക്കുമാണ് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം തിരുത്തിയെഴുതിയത്. ജനങ്ങളുടെ മുഴുവൻ എതിർപ്പിന് വിധേയമായിത്തീർന്ന കുടിയിറക്ക് വരുത്തിവെച്ച വിനകളെപ്പററിയോ, ജനങ്ങളിൽ കുടിയിറക്ക് ഉണ്ടാക്കിയ പ്രതികരണങ്ങളെപ്പററിയോ കോൺഗ്രസ്സ് നേതൃത്വം ഒരിക്കലും വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ തയ്യാറായിട്ടില്ല. 1964-ൽ ചുരുളി കീരിത്തോട്ടിൽനിന്നും കുടിയിറക്കിയവരെ 1967-ൽ അധികാരമേറെറടുത്ത ഇടതുപക്ഷഗവൺമെന്റ് അവിടെത്തന്നെ കുടിയിരുത്തുകയും ചെയ്തു. 1964ലെ കുടിയിറക്കിനെ എതിർത്ത കക്ഷികൾ അധികാരത്തിൽ കയറിയപ്പോൾ കുടിയിരുത്തലിന് നേതൃത്വം നൽകിയത് രാഷ്ട്രീയമായ പല സംഭവവികാസങ്ങളുടെയും ഫലമായിട്ടാണ്.

ഉടുമ്പൻചോലയും അമരാവതിയും ചുരുളി കീരിത്തോടും ആവർത്തിക്കുവാൻ വീണ്ടും കോൺഗ്രസ്സ് മർക്കടമുഷ്ടി പിടിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. 1977 ജനുവരി 1-ന് ശേഷം കുടിയേറിയവരെ മാത്രമേ കുടിയിറക്കുകയുള്ളൂവെന്ന ഗവൺമെന്റിന്റെ നിലപാട് വളരെ ബാലിശമാണ്. കുടിയേററ തീയതി കണ്ടുപിടിക്കുന്നതിലാണ് വലിയ പാകപ്പിഴകൾ ഉണ്ടാകുന്നത്. 1977-ലെ ഗവൺമെന്റാണ് 1977- ജനുവരി ഒന്നുവരെയുള്ള കുടിയേററത്തിന് അംഗീകാരം നൽകിയത്. അതിനുശേഷമുള്ള കുടിയേററത്തെ തടയുന്നതിനോ, 1977 വരെയുള്ള കുടിയേററ കർഷകർക്ക് പട്ടയം നൽകുന്നതിനോ ഇന്നുവരെ സാധിച്ചിട്ടില്ല. ചുവപ്പുനാടയാണ് ഇതിനെല്ലാം വിഘാതം സൃഷ്ടിച്ചത്. അതിനാൽ ഇന്നത്തെ ഗവൺമെന്റ് ഇന്നുവരെയുള്ള കുടിയേററം അംഗീകരിക്കുകയും ഭാവിയിൽ വനം കയ്യേറാതിരിക്കുവാനുള്ള സുശക്ത നടപടികൾ സ്വീകരിക്കുകയുമാണ് വേണ്ടത്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ജോലി നിർവ്വഹിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ എങ്ങനെയാണ് അവിടെ കുടിയേററം നടന്നതെന്ന് സമഗ്രമായ ഒരു അന്വേഷണം നടത്തേണ്ടതാണ്. ആ അന്വേഷണത്തിന്റെ വെളിച്ചത്തിൽ വനംകയ്യേററം ഭാവിയിൽ തടയുവാൻ സുശക്തമായ നിലപാട് ഗവൺമന്റ് കൈക്കൊള്ളുകയും വേണം. ഇതിനു മുതിരാതെ 1977ന് ശേഷമുള്ള കുടിയേററക്കാർ എന്നുപറഞ്ഞ് ആരെയെങ്കിലും കുടിയിറക്കുവാൻ സർക്കാർ തയ്യാറായാൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്നു മുന്നറിയിപ്പു നൽകുവാൻ ആഗ്രഹിക്കുന്നു. കുടിയേററ കർഷകർക്ക് സമ്പൂർണ്ണമായ പിന്തുണ കത്തോലിക്കാ കോൺഗ്രസ്സ് നൽകുമെന്ന പ്രതിനിധി സഭയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്.

05-08-1983

www.malankaralibrary.com

## 58

# ന്യൂനപക്ഷ പിന്നോക്ക സമുദായ കൺവെൻഷൻ

വടവാതൂർ സ്പിരിച്ച്വാലിററി സെന്ററിൽ ആഗസ്റ്റ് 20, 21 തീയതികളിൽ ചേർന്ന കത്തോലിക്കാ സമുദായ നേതാക്കന്മാരുടെ സമ്മേളനം ന്യൂനപക്ഷ പിന്നോക്ക സമുദായ കൺവെൻഷൻ വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിരിക്കുകയാണ്. സ്വതന്ത്രഭാരതത്തിൽ ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കും പ്രത്യേക സംരക്ഷണങ്ങൾ ഭരണഘടനയിൽ എഴുതി ചേർത്തിട്ടുണ്ടെങ്കിലും അവ പ്രയോഗത്തിൽ വരുത്തുന്നതിന് പലപ്പോഴും പലരും വിലങ്ങുതടിയായി പ്രവർത്തിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങളും പിന്നോക്ക സമുദായങ്ങളും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ നിരവധി പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുന്ന പിന്നോക്കവിഭാഗങ്ങളുടെ ഉയർത്തെഴുന്നേല്പിൽ അസഹിഷ്ണുത പ്രകടിപ്പിക്കുന്നവരും ഇന്ന് സ്വതന്ത്രഭാരതത്തിലുണ്ട്. പിന്നോക്കവിഭാഗങ്ങളുടെ ന്യായമായ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് അവരെ ഇനിയും അടിച്ചമർത്താമെന്ന് വിചാരിക്കുന്നവരും ഈ നാട്ടിലുണ്ട്. ഈ സാഹചര്യങ്ങളെപ്പററി എല്ലാം വിലയിരുത്തുവാനും ഭാവിപരിപാടികൾക്ക് രൂപം കൊടുക്കുവാനുമാണ് ന്യൂനപക്ഷ പിന്നോക്കസമുദായ കൺവെൻഷൻ വിളിച്ചുകൂട്ടുവാൻ കത്തോലിക്കാ സമുദായ നേതാക്കന്മാരുടെ സമ്മേളനം തീരുമാനിച്ചിരിക്കുന്നത്.

ഇന്ത്യയിലെ പിന്നോക്കവിഭാഗം 82 ശതമാനത്തോളം വരുമെന്നാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഇന്ത്യയിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും പിന്നോക്കവിഭാഗമാണ്. എന്തുകൊണ്ട് ഈ എൺപത്തിരണ്ടുശതമാനവും ഇന്നും പിന്നോക്കവിഭാഗമായി നിലകൊള്ളുന്നുവെന്ന് വസ്തുനിഷ്ഠമായി ഒരു പരിശോധന നടത്തേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ ന്യൂനപക്ഷം മഹാഭൂരിപക്ഷം വരുന്ന പിന്നോക്കവിഭാഗത്തെ നൂററാണ്ടുകളായി അടിച്ചമർത്തിയതാണ് പിന്നോക്കവിഭാഗങ്ങൾ ഇന്ന് അനുഭവിക്കുന്ന യാതനകളുടെ അടിസ്ഥാനകാരണം. പിന്നോക്കവിഭാഗങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെതിരെ ഇവിടുത്തെ സവർണ്ണ മേധാവിത്വം അണിനിരന്നിരിക്കുകയാണ്. ഇത് വെറും നിസ്സാര കാര്യമായി തള്ളിക്കളയാവുന്നതല്ല. ഈ രാജ്യത്ത് അവർണ്ണഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും സർക്കാർ സർവ്വീസിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലത്ത് അവർണ്ണഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും സർക്കാർ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ടി ഒരു വലിയ ജനകീയപ്രക്ഷോഭണം നയിച്ച സംഘടനയാണ് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സ് മുൻനിന്നു നടത്തിയ നിവർത്തന പ്രക്ഷോഭണത്തിന്റെ അൻപതാം

www.malankaralibrary.com

വർഷമാണ് 1983. ഈ അൻപതാം വർഷത്തിൽ കത്തോലിക്കാസമുദായ നേതൃസമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് എ.കെ.സി.സി. വിളിച്ചുകൂട്ടുന്ന ന്യൂനപക്ഷപിന്നോക്ക സമുദായ കൺവെൻഷൻ സൽഫലങ്ങൾ പുറപ്പെടുവിക്കുന്നതിനിട നൽകട്ടെയെന്ന് ആശംസിക്കുന്നു.

1983 ഡിസംബറിൽ വിപുലമായ തോതിൽ കത്തോലിക്കാ കൺവെൻഷൻ വിളിച്ചു കൂട്ടുവാനും നേതൃസമ്മേളനം തീരുമാനിക്കുകയുണ്ടായി. സമുദായത്തെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെയും പററി പഠിക്കാനും തീരുമാനങ്ങൾ എടുക്കാനും പ്രസ്തുത നേതൃ കൺവെൻഷന് സാധിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച ബോദ്ധ്യം. കത്തോലിക്കാ കോൺഗ്രസ്സ് കാലാകാലങ്ങളിൽ വിളിച്ചുകൂട്ടിയിട്ടുള്ള നേതൃസമ്മേളനങ്ങൾ നൽകിയ അനുഭവസമ്പത്ത് ഡിസംബറിലെ കത്തോലിക്കാ കൺവെൻഷന്റെ വിജയത്തിന് സഹായകരമായി ത്തീരുക തന്നെ ചെയ്യും.

5-9-83

## 59

# ഇന്ത്യൻ പ്രസിഡണ്ടിന് സ്വാഗതം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെയും ബഹു: കേരള ഗവൺമെന്റിന്റെയും ക്ഷണം സ്വീകരിച്ച് ഒക്ടോബർ അവസാനം കേരളത്തിലെത്തുന്ന ഇന്ത്യൻ പ്രസിഡണ്ട് ഗ്യാനി സെയിൽ സിംഗിനെ കേരളത്തിലേക്ക് സ്വാഗതം ചെയ്യുവാൻ ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ സുപ്രധാനമായ പങ്കുവഹിച്ച മാർ കരിയാററി യൗസേപ്പ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷ പരിപാടികൾ ഉൽഘാടനം ചെയ്യുവാനുള്ള ക്ഷണം. തികഞ്ഞ സന്തോഷത്തോടും സൗഹാർദ്ദത്തോടും കൂടിയാണ് ബഹുമാന്യനായ പ്രസിഡണ്ട് ഗ്യാനി സെയിൽസിംഗ് സ്വീകരിച്ചത്. വിദേശമേധാവിത്വത്തിനെതിരെ ധീരധീരം പോരാടുകയും ലക്ഷ്യപ്രാപ്തിക്കുവേണ്ടി ജീവാർപ്പണം ചെയ്യുകയും ചെയ്ത മാർ കരിയാററി മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ദ്വിശതാബ്ദി ഉൽഘാടനം ഭാരതത്തിലെ സ്വാതന്ത്ര്യസമരസേനാനികളിൽ പ്രമുഖനായിരുന്ന ഇന്ത്യൻ പ്രസിഡണ്ട് ഗ്യാനി സെയിൽസിംഗ് നിർവ്വഹിക്കുന്നത് തികച്ചും സമുചിതമാണ്. ആ ജാതിക്കു തലവൻ ആ ജാതിയിൽനിന്നുതന്നെ ഉണ്ടാകണമെന്നും ഇന്ത്യാക്കാരെ ഇന്ത്യാക്കാർതന്നെ ഭരിക്കണമെന്നും ആദ്യമായി പ്രഖ്യാപിക്കുകയും കന്യാകുമാരി മുതൽ ഹിമാലയം വരെ വ്യാപിച്ചു കിടക്കുന്ന 500-ൽ പരം നാട്ടുരാജ്യങ്ങളിലെ ജനങ്ങളോട് നാം ഇന്ത്യാക്കാരാണെന്ന് ആദ്യമായി ഉൽഘോഷിക്കുകയും ചെയ്ത പാറേമാക്കൽ തോമ്മാ ഗോവർണ്ണദോറുടെ ഭൗതികാവശിഷ്ടങ്ങൾ വിലയം കൊള്ളുന്ന പുണ്യഭൂമിയെന്ന നിലയിലും വടക്കും

www.malankaralibrary.com

കൂർരാജവംശത്തിന്റെയും കേരളക്രൈസ്തവസഭയുടെയും ഭരണകേന്ദ്രമെന്ന നിലയിലും വഞ്ചിപ്പാട്ടിന്റെ കർത്താവായ രാമപുരത്തുവാര്യരുടെ ജന്മദേശമെന്ന നിലയിലും വിഖ്യാതമായ രാമപുരത്തേക്ക്, ക്രൈസ്തവ ഹൈന്ദവ ഐക്യത്തിന്റെ പ്രതീകമായ രാമപുരത്തേക്ക് ബഹുമാന്യനായ ഇന്ത്യൻ പ്രസിഡണ്ട് ഗ്യാനി സെയിൽസിംഗിനെ തികഞ്ഞ സന്തോഷത്തോടും ആനന്ദത്തോടും ആഹ്ലാദത്തോടും അതിലേറെ അഭിമാനത്തോടും കൂടി ഞങ്ങൾ ഒരിക്കൽക്കൂടി സ്വാഗതം ചെയ്യുന്നു. ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ കേരളത്തിലെ ക്രൈസ്തവസമുദായവും ഇന്ത്യയിലെ ന്യൂനപക്ഷസമുദായങ്ങളും അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ വരും തലമുറയ്ക്ക് വ്യക്തമാക്കുന്നതിന് ഈ ആഘോഷപരിപാടികൾ സഹായകരമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

5-10-83

## 60

# മണ്ഡൽ കമ്മീഷൻ

ഇന്ത്യയിലെ സവർണ്ണ മേധാവിത്വം അപ്പാടെ എതിർത്തു കൊണ്ടിരിക്കുന്ന ഒന്നാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട്. നൂററാണ്ടുകളായി വിവിധ മേഖലകളിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന സമുദായങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പുവരുത്തുവാൻ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഉടനടിനടപ്പിലാക്കണമെന്ന് ഇന്ത്യയിലെ ജനസംഖ്യയിൽ 80% വരുന്ന പിന്നോക്ക വിഭാഗങ്ങൾ ഒററക്കെട്ടായി വാദിക്കുന്നു. സമുദായസംവരണ വാദവും, സാമ്പത്തിക സംവരണവാദവും കേരളത്തിൽ ഒരു കൊടുങ്കാററുതന്നെ സൃഷ്ടിച്ചിരിക്കുന്നു.

ഈ പ്രത്യേക സാഹചര്യത്തിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഉടനടി നടപ്പിലാക്കണമെന്ന് വാദിക്കുകയും പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കി കിട്ടുന്നതിനുവേണ്ടി പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന സമരത്തിന് സമ്പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുകയുമാണ് കത്തോലിക്കാ കോൺഗ്രസ്സ് ചെയ്തത്. ചരിത്രപരമായ കാഴ്ചപ്പാടാണ് എ.കെ.സി.സി.യെ ഇതിന് പ്രേരിപ്പിച്ചത്. കോൺഗ്രസ്സ് എന്നും പാവങ്ങളുടെ പക്ഷത്താണ് നിലകൊണ്ടിട്ടുള്ളത്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശസംരംക്ഷണ സമരത്തിന് ആരംഭം കുറിച്ചതും നേതൃത്വം നൽകിയതും കേരളത്തിൽ കത്തോലിക്കാ കോൺഗ്രസ്സാണ്. ആ വസ്തുത മനസ്സിലാക്കി ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ - പിന്നോക്ക വിഭാഗങ്ങളുടെ - ഉയർത്തെഴുന്നേൽപ്പിന് കളമൊരുക്കുവാൻ - മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ എല്ലാവരും ഒററക്കെട്ടായി സ്വരമുയർത്തണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

(1983 ഡിസംബറിൽ കാഞ്ഞിരപ്പള്ളിയിൽ ചേർന്ന എ.കെ.സി.സി. പ്രതിനിധി സമ്മേളനം അവതരിപ്പിച്ച പ്രമേയം)

www.malankaralibrary.com

## 61

# മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദി

ഭാരത ക്രൈസ്തവ സഭയുടെ അഭിമാനസ്തംഭമായ മാർ കരിയാറ്റി മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷ പരിപാടികൾ രാമപുരത്ത് ഗോവർണ്ണദോർ നഗറിൽ ഇന്ത്യൻ പ്രസിഡണ്ട് ശ്രീ ഗ്യാനി സെയിൽസിംഗ് ഉൽഘാടനം ചെയ്തതോടുകൂടി അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ചരിത്രത്തിലും ഭാരത ക്രൈസ്തവ സഭയുടെ ചരിത്രത്തിലും ഒരു നവീനാദ്ധ്യായം എഴുതി ചേർക്കപ്പെട്ടിരിക്കുകയാണ്. ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച മാർ കരിയാറ്റിയുടെ സേവനങ്ങൾ ഇന്നത്തെ തലമുറക്ക് വ്യക്തമാക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മാർ കരിയാറ്റി മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷ പരിപാടികൾ വിപുലമായ തോതിൽ ആഘോഷിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സ് തയ്യാറായത്. പ്രസ്തുത ആഘോഷപരിപാടികൾക്ക് അഖിലേന്ത്യാ തലത്തിൽ പ്രശസ്തി നേടിക്കൊടുക്കുവാൻ സാധിച്ചുവെന്നത് ഒരു വസ്തുതയാണ്. ആ ആഘോഷപരിപാടികളുടെ വിജയത്തിന് എട്ടു മാസക്കാലത്തെ നീണ്ട തയ്യാറെടുപ്പ് വേണ്ടിവന്നുവെന്നത് ഒരു പരമാർത്ഥമാണ്. രാമപുരത്ത് ഗോവർണ്ണദോർനഗറിൽ നടന്ന ഈ മഹാസമ്മേളനം ഭാരത ക്രൈസ്തവരുടെ ഐക്യത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും അർപ്പണ മനോഭാവത്തിന്റെയും പ്രതീകമായി മാനവഹൃദയങ്ങളിൽ നിലകൊള്ളുക തന്നെ ചെയ്യും. സമ്മേളനം വിജയിപ്പിക്കുവാൻ പരിശ്രമിച്ച കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരും രാമപുരം പഞ്ചായത്ത് നിവാസികളും രാമപുരം ഫൊ. പള്ളി ഇടവകക്കാരും ജാതിമത ഭേദമന്യേ അനുഷ്ഠിച്ച സേവനങ്ങൾ അങ്ങേയറ്റം ശ്ലാഘനീയമാണ്.

മാർ കരിയാറ്റിയുടെ ജന്മദേശമായ ആലങ്ങാട്ടുനിന്നും മാർ കരിയാറ്റിയുടെ ഛായാചിത്രവും എ.കെ.സി.സി. പതാകയും വഹിച്ചുകൊണ്ട് പുറപ്പെട്ട വാഹന ഘോഷയാത്ര കടന്നുപോന്ന വഴികളിലെല്ലാം നൽകിയ സ്വീകരണങ്ങൾ ആവേശകരങ്ങളായിരുന്നു. ആഘോഷ പരിപാടികളോടനുബന്ധിച്ച് നടത്തിയ ചരിത്ര സമ്മേളനം, മാർ കരിയാറ്റി സിമ്പോസിയം, മതസൗഹാർദ്ദ സമ്മേളനം മുതലായവ മാർ കരിയാറ്റിയുടെ സേവനങ്ങൾ ഇന്നത്തെ തലമുറക്ക് വ്യക്തമാക്കി കൊടുക്കുന്നതിന് പര്യാപ്തമായിരുന്നുവെന്നു തന്നെ പറയാം.

വിദേശമേധാവിത്വത്തിനെതിരെ അടിപതറാതെ പോരാടിയ മാർ കരിയാറ്റി ഇന്ത്യൻ ദേശീയ ചിന്താ പ്രണേതാവും കൂടിയാണ്. ഭാരത ക്രൈസ്തവരുടെ ഐക്യത്തിനും യോജിപ്പിനും വേണ്ടിയാണ് ആ ജീവിതം ബലിയർപ്പിച്ചത്. മാർ കരിയാറ്റിയുടെ സംഭവബഹുലമായ ജീവിതത്തെപ്പറ്റി പഠിക്കുവാനുള്ള പ്രചോദനം ഇന്നത്തെ തലമുറക്ക് ഈ ആഘോഷപരിപാടികൾകൊണ്ട് ലഭിച്ചിട്ടുണ്ടെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. മാർ കരിയാറ്റി ഏതെല്ലാം മഹനീയാദർശങ്ങൾക്ക് വേണ്ടി ജീവിച്ചുവോ ആ ആദർശങ്ങൾക്കുവേണ്ടി

www.malankaralibrary.com

പ്രവർത്തിക്കുവാനും നാം ഓരോരുത്തരും തയ്യാറാകേണ്ടതാണ്. മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷപരിപാടികൾ സംഘടിപ്പിച്ച കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ വിജയകരമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

5–1–84

## 62

# നവവത്സരമംഗളങ്ങൾ

ഒരു പുതുവത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഒരു വർഷം കൂടി നാം പിന്നിട്ടുകഴിയുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുവാനും അതിന്റെയടിസ്ഥാനത്തിൽ പുതിയ കർമ്മ പരിപാടികൾക്ക് രൂപം നൽകുവാനും നാം ഓരോരുത്തരും തയ്യാറാകേണ്ട സന്ദർഭമാണിത്. ഡിസംബർ മദ്ധ്യത്തിൽ ആനക്കല്ലിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് വാർഷികം ഈ വിധത്തിലുള്ള ഒരു വിലയിരുത്തൽ നടത്തുകയും ഭാവി പരിപാടികൾക്ക് ഒരു രൂപരേഖ തയ്യാറാക്കുകയും ചെയ്തിരിക്കുകയാണ്. എ.കെ.സി.സി.യുടെ എല്ലാ പ്രവർത്തകരും, ശാഖകളും രൂപതാസംഘങ്ങളും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പുതിയ കർമ്മപരിപാടികൾക്ക് രൂപം നൽകുകയും വേണം. കോൺഗ്രസ്സ് നേതൃത്വത്തിന്റെ ആഹ്വാനമനുസരിച്ച് കാലാകാലങ്ങളിൽ പ്രവർത്തിക്കുവാൻ കീഴ്ഘടകങ്ങളും പ്രവർത്തകരും പ്രത്യേകം താല്പര്യം പ്രകടിപ്പിക്കുകയും വേണം.

കഴിഞ്ഞ ഒരു വർഷക്കാലം കത്തോലിക്കാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു കാലഘട്ടമായിരുന്നുവെന്നുതന്നെ പറയാം. മാനുഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സ് നടത്തിയ പ്രക്ഷോഭണങ്ങൾ, ന്യൂനപക്ഷ പിന്നോക്ക സമുദായ കൺവെൻഷൻ വിളിച്ചുകൂട്ടുവാനുള്ള തീരുമാനങ്ങളും അതിനുവേണ്ടി നടത്തിയ ശ്രമങ്ങളും, മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന സമരങ്ങൾക്ക് എ.കെ.സി.സി.നൽകിയ പിന്തുണ, കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മാർ കരിയാററി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷപരിപാടികൾ ഇന്ത്യൻ പ്രസിഡണ്ട് ഗ്യാനി സെയിൽസിംഗ് ഉൽഘാടനം ചെയ്ത മഹാസംഭവം, കത്തോലിക്കാ കോൺഗ്രസ്സ് വാർഷികാഘോഷപരിപാടികളിൽ കേരളാ ഗവർണ്ണറുടെ സാന്നിദ്ധ്യം, കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചുകൂട്ടിയ നേതൃസമ്മേളനം ഇവയെല്ലാം കഴിഞ്ഞ ഒരു വർഷത്തെ എ.കെ.സി.സി.യുടെ പ്രവർത്തനങ്ങൾക്ക് മാററു കൂട്ടുകയുണ്ടായി. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളേക്കാൾ കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾ ഈ പുതിയ വർഷത്തിൽ നടത്തുന്നതിന് വേണ്ട ആത്മധൈര്യം ഏവർക്കും പകർന്നു നൽകുന്നതിനിട നൽകട്ടെയെന്ന് ആശംസിക്കുന്നു. എല്ലാവർക്കും നവവത്സര മംഗളങ്ങൾ ആശംസിക്കുന്നു.

05–01–84

www.malankaralibrary.com

# 63

# കത്തോലിക്കാ കോൺഗ്രസ്സ് വികസനഫണ്ട്

കേരള കത്തോലിക്കരുടെ ഏക പൊതു സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിന്റെ വികസനപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് എ.കെ.സി.സി. സാമ്പത്തികമായി ശക്തിപ്രാപിക്കേണ്ടിയിരിക്കുന്നു. വർഷങ്ങൾക്ക് മുൻപ് പത്തു പൈസാ പിരിവും ലോട്ടറിയും മുഖേന സമുദായ സ്നേഹികളിൽ നിന്നും ഫണ്ടു ശേഖരിക്കുവാൻ കോൺഗ്രസ്സ് ശ്രമിക്കുകയും ഏറെക്കുറെ വിജയത്തിലെത്തുകയും ചെയ്തതാണ്. അതിനുശേഷം ഏതാനും സമുദായ സ്നേഹികളെ കത്തോലിക്കാ കോൺഗ്രസ്സ് ചില പ്രത്യേക ലക്ഷ്യങ്ങളോടു കൂടി സാമ്പത്തിക സഹായത്തിന് ചിലപ്പോഴെല്ലാം സമീപിച്ചിട്ടുണ്ടെങ്കിലും സമുദായാംഗങ്ങളുടെ മുഴുവൻ സഹകരണം സ്വീകരിക്കുവാൻ ശ്രമിച്ചിട്ടില്ല. സമുദായ സ്നേഹികളുടെ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് ഫണ്ടു ശേഖരണത്തിന് ഒരു പുതിയ പ്രവർത്തനശൈലി ആവിഷ്ക്കരിച്ചിരിക്കുകയാണ്. കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റി രൂപം കൊടുത്ത പ്രസ്തുത പദ്ധതി എ.കെ.സി.സി. പ്രതിനിധിസഭ അംഗീകരിക്കുകയും അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഓരോ വ്യക്തിയെ സമീപിച്ച് ഇന്നത്തെ രാഷ്ട്രീയ ശൈലിയിൽ ആയിരവും അയ്യായിരവും പതിനായിരവും രൂപാ വീതം പിരിച്ച് ഫണ്ട് ശേഖരിക്കുവാനുള്ള പദ്ധതിയല്ല ഇത്. സമുദായ സ്നേഹികളായ സാധാരണക്കാരെ മുൻപിൽ കണ്ടുകൊണ്ട് കരുപ്പിടിപ്പിച്ച ഒരു പദ്ധതിയാണിത്. നൂറു രൂപായിൽ കുറയാത്ത ഒരു നിശ്ചിത തുക വർഷം തോറും തരുന്ന അയ്യായിരം പേരുടെ ഒരു സ്നേഹശൃംഖലയുണ്ടാക്കുവാനുള്ള പരിപാടിയാണിത്. അയ്യായിരം പേരെ വർഷം തോറും സംഘടനാപ്രവർത്തകർ സമീപിക്കുന്നതു തന്നെ ഒരു ബഹുജനസമ്പർക്കപരിപാടിയാണ്. ഈ ബഹുജനസമ്പർക്ക പരിപാടി തന്നെ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനത്തിൽ ഒരു നവജീവൻ പ്രദാനം ചെയ്യുന്നതിനിട നൽകും.

സഭയും സമുദായവും രാഷ്ട്രവും നിരവധി പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ സമുദായ സംഘടന കൂടുതൽ കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു. സംഘടനാ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാനും എറണാകുളം ടൗൺ റെയിൽവേസ്റ്റേഷനു സമീപം നാഷണൽ ഹൈവേയ്ക്ക് അഭിമുഖമായി സ്ഥിതി ചെയ്യുന്ന എ.കെ.സി.സി. വകയായുള്ള 17 സെന്റ് സ്ഥലത്ത് ഒരു പുതിയ ബഹുനിലകെട്ടിടം നിർമ്മിക്കുവാനും ഉള്ള കോൺഗ്രസ്സ് പ്രതിനിധിസഭയുടെ തീരുമാനം പ്രാവർത്തികമാക്കുവാൻ ഈ ഫണ്ടുശേഖരണം വിജയത്തിലെത്തേണ്ടത് ആവശ്യമാണ്. എ.കെ.സി.സി. വിഭാവനം ചെയ്ത ആ പദ്ധതി വിജയിപ്പിച്ച്, അയ്യായിരം പേരുടെ ഒരു സ്നേഹശൃംഖലയുണ്ടാക്കുവാൻ എല്ലാവരും ആത്മാർത്ഥമായി

www.malankaralibrary.com

പരിശ്രമിക്കണമെന്ന് സമുദായസ്നേഹികളോട് അഭ്യർത്ഥിക്കുകയും ഈ പുതിയ പദ്ധതിക്ക് ഈ നവവത്സരത്തിൽ സർവ്വവിധ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

05-01-1984

# 64

# മത്സ്യത്തൊഴിലാളി സമരം

1984-ൽ കേരളത്തിൽ നടന്ന മത്സ്യത്തൊഴിലാളി സമരം കേരളത്തെ പിടിച്ചു കുലുക്കുകയുണ്ടായി. സിസ്റ്റർ ആലീസ് കോഴിക്കോട്ടും, സിസ്റ്റർ ഫിലാമിൻ മേരി തിരുവനന്തപുരത്തും നിരാഹാര സത്യാഗ്രഹം ഇരുന്നപ്പോൾ അവടെയെല്ലാം കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി എന്ന നിലയിൽ ജോൺ കച്ചിറമററം സന്ദർശിക്കുകയും കോഴിക്കോട്ട് സമരപന്തലിൽ അഭിവന്ദ്യവൈദികമേലദ്ധ്യന്മാരോടൊപ്പം സന്ദർശക ഡയറിയിൽ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് എഴുതുകയും ചെയ്തു. വൈദികരും കന്യാസ്ത്രീകളും നേതൃത്വം നൽകിയ ആ സമരത്തിന്റെ പിൻപിൽ സമുദായം ഒററക്കെട്ടായി നിന്നുവെന്ന് ഗവൺമെന്റിന് ബോദ്ധ്യമായി. തന്മൂലം അന്നത്തെ മുഖ്യമന്ത്രി കെ.കരുണാകരൻ സമരക്കാരെ ആക്ഷേപിക്കുവാൻ തയ്യാറായില്ല.

മുഖ്യമന്ത്രി കെ.കരുണാകരൻ അണികളിൽ പിളർപ്പുണ്ടാക്കുവാനാണ് ശ്രമിച്ചത്. അതിനുവേണ്ടി വൈദികമേലദ്ധ്യക്ഷന്മാരിൽ വരെ സമ്മർദ്ദം ചെലുത്തി. തുടർന്ന് "സമരരീതി മാറണമെന്നും മരണം വരെ ഉപവസിക്കുന്നത് ക്രൈസ്തവമല്ലെന്നും കെ.സി.ബി.സി. പ്രഖ്യാപിച്ചു. സമരനിരയിൽ ഭിന്നിപ്പുണ്ടാക്കുന്നതിൽ മുഖ്യമന്ത്രി വിജയിച്ചു. തുടർന്ന് സമരക്കാരെ ആക്ഷേപിക്കുവാൻ തയ്യാറായി. കത്തോലിക്കാ വൈദികർ സമരത്തിനു നേതൃത്വം നൽകുന്നത് ശരിയല്ലെന്നും ആപൽക്കരമാണെന്നും മുഖ്യമന്ത്രി കരുണാകരൻ പ്രസ്താവിച്ചു."

ഉടൻതന്നെ എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

"കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സമരരംഗത്ത് ഇറങ്ങിയ പുരോഹിതരും കന്യാസ്ത്രീകളും തികഞ്ഞ ഉത്തരവാദിത്വബോധത്തോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്നും രാഷ്ട്രീയ രംഗത്തേക്ക് വലിച്ചിഴക്കപ്പെട്ടവരാണ് അവരെന്നുള്ള മുഖ്യമന്ത്രി കെ.കരുണാകരന്റെ പ്രസ്താവന അങ്ങേയററം നിർഭാഗ്യകരമാണെന്നും കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പ്രസ്താവിച്ചു. കടലോരങ്ങളെ ആകമാനം പ്രകമ്പനംകൊള്ളിക്കുമാറ് സ്വതന്ത്ര മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരം ബാബു പോൾ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിക്കിട്ടുന്നതടക്കം 17 അടിയന്തരാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള

www.malankaralibrary.com

താണ്. ഈ സമരത്തിന് യാതൊരു രാഷ്ട്രീയ ലക്ഷ്യങ്ങളും ഇല്ല. എല്ലാ സമരങ്ങളെയും രാഷ്ട്രീയപ്രേരിതം എന്ന് വിളിച്ചാക്ഷേപിക്കുന്ന നയം സ്വതന്ത്രമത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരത്തിന്റെ നേർക്ക് മുഖ്യമന്ത്രി പ്രയോഗിച്ചത് ശരിയല്ലെന്ന് ജനറൽ സെക്രട്ടറി പ്രസ്താവിച്ചു.

കടലോരപ്രദേശങ്ങളിലൂടെ പര്യടനം നടത്തിയശേഷം അദ്ദേഹം പുറപ്പെടുവിച്ച പ്രസ്താവന തുടരുന്നു. പുരോഹിതന്മാരുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖ സമർപ്പിക്കുവാൻ മുഖ്യമന്ത്രിയെന്നല്ല അരെയും അനുവദിക്കുകയില്ല. അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങളുടെ പുരോഗതി ശീഘ്രതരമാക്കുന്നതിന് വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും കന്യാസ്ത്രീകളും നടത്തുന്ന സമരങ്ങളെ ലോക ജനത അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുമ്പോൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇറങ്ങിപ്പുറപ്പെട്ട പുരോഹിതന്മാരുടെ നടപടി ആപൽക്കരമാണെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചത് നിർഭാഗ്യകരമാണ്. പുരോഹിതന്മാർ സമരരംഗത്തേക്കിറങ്ങിയത് ജനാധിപത്യപരമായ രീതിയിലുള്ള എല്ലാ നടപടികളും സ്വീകരിച്ചതിനുശേഷമാണ്. 1961-ൽ കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ കുടിയിറക്കു നടത്തിയപ്പോഴും കൊട്ടിയൂരിൽ മേൽച്ചാർത്തു സമ്പ്രദായം ഏർപ്പെടുത്തുവാൻ ശ്രമിച്ചപ്പോഴും ഫാ. വടക്കൻ മലയോര കർഷക സമരത്തിന് നേതൃത്വം നൽകിയ സന്ദർഭത്തിലും വൈദികർ അൾത്താരകൊണ്ട് ഒതുങ്ങി ജീവിച്ചുകൊള്ളണമെന്ന് പറഞ്ഞത് കച്ചിറമററം അനുസ്മരിച്ചു. മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതൊടൊപ്പം അവരുടെ അവകാശങ്ങൾ അംഗീകരിക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. (01-06-1984 ദീപിക പ്രസിദ്ധീകരിച്ചത്)

(സമരരീതി മാററണമെന്നും മരണംവരെ ഉപവസിക്കുന്നത് ക്രൈസ്തവമല്ലെന്നും കെ.സി.ബി.സി. പുറപ്പെടുവിച്ച പ്രസ്താവനക്ക് ശേഷം കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവന ഒട്ടേറെ എതിർപ്പുകളെ നേരിടേണ്ടി വന്നു. എന്നാൽ കച്ചിറമററത്തിന്റെ നിലപാട് അംഗീകരിച്ചുകൊണ്ടുള്ള പ്രമേയം എ.കെ.സി.സി. വർക്കിംഗ് കമ്മററിയും അംഗീകരിച്ചു.)

1-6-84

## 65

# മത്സ്യത്തൊഴിലാളി സമരസഹായസമിതി

മത്സ്യതൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ നടത്തി വരുന്ന സമരം ഒരു മാസം പിന്നിട്ടിരിക്കുകയാണല്ലോ. അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ അധികൃതർ തയ്യാറാകാത്ത സാഹചര്യത്തിൽ സമരം പൂർവ്വാധികം ശക്തിപ്പെടുത്താനാണ് തീരുമാനം. കേരളത്തിന്റെ സമൂഹമനസാക്ഷിയെ ഉണർത്താൻ കഴിഞ്ഞ ഈ സമരം വിജയിപ്പിക്കേണ്ടത് തൊഴിലാളി വർഗ്ഗസ്നേ

www.malankaralibrary.com

ഹമുള്ള ഒരോ പൗരന്റെയും കടമയാണ്. സമരം നീട്ടിക്കൊണ്ടുപോയി അവരെ തളർത്താനും വർഗീയ വാദം പ്രചരിപ്പിച്ചും പോലീസിനെ ഉപയോഗിച്ചും സമരത്തെ തകർക്കാനും അധികൃതരും മററ് തൽപ്പരകക്ഷികളും ശ്രമിക്കുകയാണ്.

ഈ സാഹചര്യത്തിൽ സമരത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് എല്ലാവിധ പിന്തുണയും നൽകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഒപ്പം ഇതിനായി ഒരു സമരസഹായഫണ്ട് സ്വരൂപിച്ച് നൽകാനും സംസ്ഥാന സമര സഹായസമിതി ആഗ്രഹിക്കുന്നു. ഈ ഫണ്ട് പിരിക്കുന്നതിനായി സിസ്റ്റർ റോസ് പി.വി., ജോൺ കച്ചിറമററം, ഇബ്രാഹിം പി, അഡ്വ. എൻ.കെ. ജയകുമാർ എന്നിവരടങ്ങിയ ഒരു കമ്മററിക്ക് രൂപം നൽകിയിട്ടുണ്ട്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സംസ്ഥാന മത്സ്യത്തൊഴിലാളി സമരസഹായസമിതി

10-06-1984

66

# മത്സ്യത്തൊഴിലാളി സമരം

മത്സ്യത്തൊളിലാളികളുടെ ദീർഘകാലമായ അവശതകൾ പരിഹരിക്കുന്നതിനായി ആരംഭിച്ച സമരം താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്. കൂടുതൽ ശക്തിസംഭരിച്ച് സമരം കൂടുതൽ സജീവമാക്കുമെന്നാണ് സമരസമതി നേതാക്കൾ പ്രസ്താവിച്ചിരിക്കുന്നത്. അമ്പതുദിവസം നീണ്ടുനിന്ന മത്സ്യത്തൊഴിലാളി സമരം സമാധാനപൂർണ്ണമായിരുന്നുവെന്നുള്ള വസ്തുത തികച്ചും അഭിമാനകരമാണ്. സമരസമതി ഉന്നയിച്ച അടിയന്തരാവശ്യങ്ങൾ നേടിയെടുക്കുവാൻ സാധിച്ചില്ലെങ്കിൽ തന്നെയും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിനും ഒട്ടേറെ ജനപിന്തുണ നേടിയെടുക്കുന്നതിനും സമരം കൊണ്ടു സാധിച്ചു. അതിൽ സമരനേതൃത്വത്തിന് തികച്ചും അഭിമാനിക്കാം.

സമരത്തിന് നേതൃത്വം നൽകിയവരിൽ പലരും വൈദികരും കന്യാസ്ത്രീകളുമായിരുന്നു. സാമൂഹ്യനീതിക്കുവേണ്ടി പോരാടുവാനുള്ള വൈദികരുടെയും കന്യാസ്ത്രീകളുടെയും ആവേശം അഭിമാനകരമാണ്. മത്സ്യത്തൊഴിലാളി സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റി അംഗീകരിച്ച പ്രമേയത്തിൽ "വൈദികരും കന്യാസ്ത്രീകളും ആത്മീയകാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതോടൊപ്പം മാനുഷിക പ്രശ്നങ്ങൾക്കുവേണ്ടിയും രംഗത്തിറങ്ങി പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അതുകൊണ്ട് അവരുടെ സമീപനത്തിൽ സംശയം ഉണ്ടാകേണ്ട ആവശ്യമില്ലെന്നും" തറപ്പിച്ചു പറഞ്ഞിട്ടുണ്ട്.

വൈദികരും കന്യാസ്ത്രീകളും സമരരംഗത്തിറങ്ങുന്നതിനെതിരെ ആദ്യമായി പ്രസ്താവനയുമായി രംഗത്തിറങ്ങിയത് കേരള മുഖ്യമന്ത്രിയായിരുന്നു. മുഖ്യമന്ത്രിയുടെ പ്രസ്താവനയെ വിവിധ സാമൂഹ്യ സംഘടനകളും പത്ര

www.malankaralibrary.com

ങ്ങളും നിശിതമായി വിമർശിക്കുകയുണ്ടായി. സാമൂഹ്യസേവനരംഗം ഏതാനും രാഷ്ട്രീയ പ്രവർത്തകർക്ക് ഇട്ട് പന്താടുവാനുള്ളതല്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. 1961 - 62 കാലങ്ങളിൽ ഫാ. വടക്കൻ മലയോരങ്ങളിലെ കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കുവാൻ സമരത്തിനിറങ്ങിയപ്പോഴും അന്നത്തെ രാഷ്ട്രീയക്കാർ, വൈദികർ സാമൂഹ്യരംഗത്തിറങ്ങി പ്രവർത്തിക്കുന്നതിനെതിരെ പ്രസ്താവനയുമായി രംഗത്തിറങ്ങിയിരുന്നു. വൈദികരായാലും കന്യാസ്ത്രീകളായാലും സാമൂഹ്യരംഗത്തിറങ്ങി മറ്റുള്ളവർക്ക് മാതൃക കാട്ടുന്നതിൽ യാതൊരു അപാകതയുമില്ല. എന്നാൽ ആ വാദഗതിയോട് എതിർപ്പുള്ളവരും ഉണ്ടാകാം. അത് സ്വാഭാവികം മാത്രമാണ്.

മത്സ്യത്തൊഴിലാളികൾ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഇന്നല്ലെങ്കിൽ നാളെ സാധിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. അവകാശങ്ങൾ നേടിയെടുക്കാൻ ജാതിമതവർഗ്ഗരാഷ്ട്രീയകക്ഷിചിന്തകൾക്കതീതമായി ഒന്നിച്ചണിനിരക്കുവാൻ മത്സ്യത്തൊഴിലാളികൾക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

05-07-1984

## 67

# ഫാ. വടക്കന്റെ ബൈബിൾ പ്രസംഗയജ്ഞം

ഫാ. വടക്കന്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ നിന്നും മാർച്ച് ഒന്നാം തീയതി സമാരംഭിച്ച ബൈബിൾ പ്രസംഗയജ്ഞപരിപാടി മേയ് 31-ാം തീയതി തിരുവനന്തപുരത്ത് സമാപിച്ചിരിക്കുകയാണ്. മദ്യത്തിനും യുദ്ധത്തിനും വർഗ്ഗീയതക്കുമെതിരായി ബഹുജനാഭിപ്രായം സംഘടിപ്പിക്കുവാനും ഈ തിന്മകളെ ഫലപ്രദമായി നേരിടുന്നതിന് 10 ലക്ഷംപേരടങ്ങുന്ന ഒരു സമഗ്രസേനക്ക് രൂപം കൊടുക്കുവാനുമായിട്ടാണ് 91 ദിവസം നീണ്ടുനിന്ന ഈ പ്രസംഗയജ്ഞ പരിപാടിക്ക് ഫാ, വടക്കൻ രൂപം കൊടുത്തത്. 2500-ൽപരം യോഗങ്ങളിലായി 20 ലക്ഷം ജനങ്ങളോട് തന്റെ സന്ദേശം പ്രസംഗിക്കുവാൻ ഫാ. വടക്കന് അവസരം ലഭിച്ചു. ലക്ഷക്കണക്കിനാളുകൾ ചേരുന്ന മഹായോഗങ്ങളിൽ പ്രസംഗിച്ചിരുന്ന ഫാ. വടക്കന് ഇത്തവണ ചെറിയ ചെറിയ കോർണർ മീറ്റിംഗുകളിൽ പ്രസംഗിക്കുവാനാണ് കൂടുതൽ താല്പര്യം പ്രകടിപ്പിച്ചത്. ഒരു മഹായാഗത്തിനുള്ള വിറകുശേഖരിക്കലാണ് 91 ദിവസം നീണ്ടുനിന്ന പ്രസംഗയജ്ഞം കൊണ്ട് നടത്തിയതെന്നാണ് ഫാ. വടക്കൻ പ്രസ്താവിച്ചത്.

സമൂഹത്തിൽ നടമാടുന്ന തിന്മകൾക്കെതിരെ പോരാടുവാൻ 10 ലക്ഷം അംഗങ്ങളുള്ള ഒരു സന്നദ്ധസേനയെ രൂപീകരിക്കുവാനും ആയിരം പഞ്ചായത്തുകളിലെ പതിനായിരത്തോളം വാർഡുകളിൽ ഘടകങ്ങൾ രൂപികരിക്കുവാനുമാണ് ഫാ. വടക്കന്റെ പരിപാടി. മദ്യത്തിനും യുദ്ധത്തിനും വർഗ്ഗീയതക്കുമെതിരെ പോരാടുന്നതുപോലെതന്നെ അഴിമതി, കൊള്ള, കൊല, കൈക്കൂലി മുതലായവക്കെതിരെയും ഈ സേന ജാഗ്രതയോടെ പ്രവർത്തിക്കും. ഓരോ ഗ്രാമത്തിലുമുള്ള പ്രവർത്തകരെ ദശദളങ്ങളായി തിരിക്കും. അടുത്ത അഞ്ചു വർഷം കൊണ്ട് സേനയുടെ പ്രവർത്തനം പൂർത്തീകരിക്കുവാനാണ് പദ്ധതി.

www.malankaralibrary.com

ഈ വർഷം എല്ലാ ജില്ലകളിൽനിന്നും ഓരോ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്യും.

കേരളത്തിൽ ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച് സാമൂഹ്യതിന്മകൾക്കെതിരെ പോരാടി വിപ്ലവം സൃഷ്ടിച്ച ഫാ. വടക്കന്റെ ശ്രമങ്ങൾക്ക് എല്ലാവിധ വിജയങ്ങളും നേരുന്നു. ഫാ. വടക്കന്റെ പ്രസംഗയജ്ഞ പരിപാടിയുടെ വിജയത്തിന് കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ വിലപ്പെട്ട സംഭാവനകൾ നൽകിയെന്നത് ഈ സന്ദർഭത്തിൽ പ്രത്യേകം എടുത്തുപറയുവാൻ ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. ഫാ. വടക്കന്റെ പുതിയ സംരംഭം സൽഫലങ്ങൾ പുറപ്പെടുവിക്കുന്നതിനിട നൽകട്ടെയെന്ന് ആശംസിക്കുന്നു.

05-07-1984

## 68

# അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി

ഇന്ത്യയിലെ ഏറ്റവും സുസജ്ജമായ നേത്രാശുപത്രിയാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എല്ലാ രാഷ്ട്രീയ കക്ഷികളിലുംപെട്ട, എല്ലാ ജാതിയിലുംപെട്ട ആളുകൾ ഈ ആശുപത്രിയിൽ വന്ന് നേത്രരോഗചികിത്സ നടത്തുന്നുണ്ട്. സോഷ്യലിസ്റ്റുകളും, മാർക്സിസ്റ്റുകളും, ദേശസാൽക്കരണവാദികളും എല്ലാം അതിൽപെടും. അങ്കമാലി ആശുപത്രിയിൽ ഇന്നുള്ള സൗകര്യം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് നേത്രചികിത്സയുടെ ബിരുദാനന്തര കോഴ്സ് നടത്താൻ അധികൃതർ തയ്യാറായി. മറ്റു പല ആശുപത്രികളും ഇതിന് തയ്യാറായി. മെഡിക്കൽ കൗൺസിൽ വേണ്ടത്ര പഠനം നടത്തിയശേഷം അങ്കമാലി ആശുപത്രിയിൽ ബിരുദാനന്തര കോഴ്സ് നടത്തുവാൻ അനുവാദം നൽകി. കേരളാ ഗവൺമെന്റും അതിന് പച്ചക്കൊടി കാട്ടി. ഇതിനെതിരെ മെഡിക്കൽ വിദ്യാർത്ഥികൾ ആരംഭിച്ച സമരം കേരളത്തിൽ വ്യാപകമായി പടർന്നു പിടിച്ചു മിക്ക രാഷ്ട്രീയകക്ഷികളുടെയും വിദ്യാർത്ഥി യുവജനവിഭാഗങ്ങൾ സമരരംഗത്ത് എത്തി. മെഡിക്കൽ കോളേജുകൾ അടച്ചിടേണ്ടിയും വന്നു. ഗവണ്മെന്റ് ചില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് നേത്രചികിത്സാ ബിരുദാനന്തര കോഴ്സ് ആരംഭിക്കുവാനുള്ള സാഹചര്യം ഇല്ലാതാക്കുകയും ചെയ്തു.

തമിഴ്നാട്ടിലും കർണ്ണാടകത്തിലും ആന്ധ്രായിലും മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും സ്വകാര്യമേഖലയിൽ ധാരാളം അനുവദിക്കുന്നുണ്ട്. അതിനെതിരെ പോരാടുവാൻ രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി യുവജനവിഭാഗങ്ങൾ തയ്യാറാകാതെ കേരളത്തിൽ മാത്രം പ്രതിഷേധശബ്ദം പുറപ്പെടുവിക്കുന്നതിന്റെ അർത്ഥം എന്താണ്. തൃശ്ശൂർ സ്വകാര്യമേഖലയിൽ എങ്കിലും ഒരു മെഡിക്കൽ കോളേജ് അനുവദിക്കുവാൻ മെമ്മോറാണ്ടം സമർപ്പിച്ചവരും ഇന്ന് അങ്കമാലിയിൽ നേത്രചികിത്സാ ബിരുദാനന്തര കോഴ്സ് അനുവദിച്ചതിനെ എതിർക്കുന്നുണ്ടെന്നുള്ളതാണ് പരമാർത്ഥം.

www.malankaralibrary.com

ലോകത്തിലെ അന്ധരിൽ മൂന്നിൽ ഒന്നു ഭാഗവും ഇന്ത്യയിലാണ്. ശരിയായ സാങ്കേതിക ജ്ഞാനവും സൗകര്യവും ഉണ്ടെങ്കിൽ ഇവിടുത്തെ അന്ധരിൽ ബഹുഭൂരിപക്ഷം പേർക്കും കാഴ്ചതിരിച്ചു കിട്ടും. എന്നാൽ നമ്മുടെ ആരോഗ്യവകുപ്പിന് അതിനുള്ള ശേഷിയില്ല. ഈ സാഹചര്യത്തിൽ സ്വകാര്യമേഖലയെ ആശ്രയിക്കുക മാത്രമാണ് ഏകപോംവഴി. അങ്കമാലി ആശുപത്രിയിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നേത്ര ചികിത്സാരംഗത്ത് കൂടുതൽ വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുവാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. അപ്രകാരം ഒരുനിലപാടെടുക്കാൻ ഗവൺമെന്റിൽ ബഹുജനങ്ങൾ സമ്മർദ്ദം ചെലുത്തുകയും വേണം.

05-09-1984

**൭൭**

# കോൾപിംഗ് സൊസൈറ്റിയും ശാന്തിദിനാചരണവും

അഖിലലോകവ്യാപകമായി ജർമ്മനി കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു കത്തോലിക്കാ പ്രസ്ഥാനമാണ് കോൾപിംഗ് സൊസൈറ്റി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലെയും, പ്രവർത്തനക്ഷമങ്ങളായ തൊഴിലാളിപ്രസ്ഥാനങ്ങളിലെയും, രൂക്ഷമായ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് വിലയിരുത്തി അവയ്ക്ക് ശാശ്വത പരിഹാരം കാണുവാൻ കോൾപിംഗ് സൊസൈറ്റി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

കോൾപിംഗ് സൊസൈറ്റിയുടെ അഭിമുഖ്യത്തിൽ വിവിധ സാമൂഹ്യ സാംസ്കാരിക മതസംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ശാന്തിസന്ദേശം ജനഹൃദയങ്ങളിൽ എത്തിക്കാനുള്ള ഒരു പരിശ്രമമെന്നനിലയിൽ സെപ്റ്റംബർ 2 മുതൽ 8 വരെയുള്ള ഒരാഴ്ചക്കാലം ശാന്തിവാരമായി ആചരിക്കുകയാണ്. ശാന്തിവാരാചരണ കാലഘട്ടത്തിൽ കോൾപിംഗ് സൊസൈറ്റി ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യങ്ങൾ മദ്യം വിഷമാണ്, യുദ്ധം മാനവരാശിക്ക് നാശം, സമുദായപക അരുത്, അക്രമവും അഴിമതിയും അവസാനിപ്പിക്കുക എന്നിവയാണ്.

കോൾപിംഗ് സൊസൈറ്റിക്ക് കേരളത്തിൽ ഇപ്പോൾ നൂറിലധികം ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ആ ശാഖകളോട് സഹരിച്ച് കോൾപിംഗ് പ്രസ്ഥാനം ആസൂത്രണം ചെയ്ത ശാന്തിവാരാചരണം വിജയിപ്പിച്ച് ലോകത്തിൽ ശാന്തിയും സമാധാനവും കൈവരുത്തുവാൻ നാം പരിശ്രമിക്കേണ്ടതാണ്. കോൾപിംഗ് സൊസൈറ്റി ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യങ്ങളിലെ അന്തസ്സത്ത ജനഹൃദയങ്ങളിൽ എത്തിക്കാൻ എല്ലാ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ശാന്തിവാരാചരണം ആസൂത്രണം ചെയ്ത നാഷണൽ ഡയറക്ടർ ഫാ. ജോസ് അക്കരക്കാരനും കോൾപിംഗ് സൊസൈറ്റിയുടെ പ്രവർത്തകർക്കും ആശംസകൾ നേരുന്നു.

05-09-1984

www.malankaralibrary.com

# 70

# എയ്ഡഡ് സ്ക്കൂളുകൾ

വിദ്യാഭ്യാസരംഗത്ത് എയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്ന് വിദ്യാഭ്യാസരംഗത്തെക്കുറിച്ച് പഠിച്ച സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഉന്നതതല കമ്മറ്റി ശിപാർശ ചെയ്തിരിക്കുയാണ്. സംസ്ഥാനത്തെ സ്കുളുകളിൽ 62 ശതമാനവും സ്വകാര്യമേഖലയിലാണെന്നും മാനേജ്മെന്റ് അനുവർത്തിച്ചുവന്ന നയംമൂലം സ്വകാര്യസ്കൂൾ അദ്ധ്യാപകർക്ക് ഗവണ്മെന്റ് തന്നെ നേരിട്ട് ശമ്പളം കൊടുക്കേണ്ടിവന്നുവെന്നും തന്മൂലം സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ നിലവാരത്തിലേയ്ക്കു താണുപോയിയെന്നും മാനേജ്മെന്റ് നിയമിക്കുകയും സർക്കാർ ശമ്പളം നല്കുകയും ചെയ്യുന്ന അദ്ധ്യാപകർ അനിയന്ത്രിതങ്ങളായ സ്വാതന്ത്ര്യം അനുഭവിക്കുന്നുവെന്നും രാഷ്ട്രീയത്തിൽവരെ സ്വകാര്യസ്കൂൾ അദ്ധ്യാപകർ പ്രവേശിച്ച് സമ്മർദ്ദഗ്രൂപ്പായി പ്രവർത്തിക്കുന്നുവെന്നും മറ്റുമാണ് ഉന്നതതലകമ്മറ്റിയുടെ നിഗമനങ്ങൾ. ഇതിനെല്ലാം പരിഹാരം സ്വകാര്യസ്കുളുകൾ വേണ്ടന്നുവയ്ക്കുകയാണെന്നാണ് ഉന്നതതല കമ്മറ്റിയുടെ നിഗമനം.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ചു സാക്ഷരത്വത്തിൽ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസരംഗത്ത് കേരളത്തിനുണ്ടായ പുരോഗതി സ്വാശ്രയ വിദ്യാലയങ്ങളെ മാത്രം ആശ്രയിച്ചാണിരിക്കുന്നതെന്ന് അസന്നിഗ്ദ്ദമായി പറയുവാൻ സാധിക്കും. കേരളത്തിലെ 62 ശതമാനം വരുന്ന സ്വകാര്യസ്കുളുകളും ഉന്നതനിലവാരം പുലർത്തുന്നവയാണ്. എസ്സ്.എസ്സ്.എൽ.സി. പരീക്ഷാഫലം തന്നെ ഈ വസ്തുത വിളിച്ചറിയിക്കുന്നതാണ്. സ്വകാര്യസ്കൂളുകൾ എല്ലാം ലാഭമുണ്ടാക്കുന്ന വ്യവസായസ്ഥാപനങ്ങളാണോ? ആ ലക്ഷ്യത്തോടെയാണോ സ്വകാര്യവിദ്യാലയങ്ങൾ ആരംഭിച്ചത്? വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു പ്രശ്നമാണിത്.

കേരളത്തിലെ ലക്ഷക്കണക്കിനു വിദ്യാർത്ഥികൾക്ക് സർക്കാർ വിദ്യാഭ്യാസൗകര്യം ഏർപ്പെടുത്താതിരുന്ന ഒരു കാലഘട്ടത്തിലാണ് ക്രൈസ്തവ സഭ വിദ്യാലയങ്ങൾ ആരംഭിച്ചത്. പള്ളികളോടും സന്യാസഭവനങ്ങളോടും അനുബന്ധിച്ചാണ് വിദ്യാലയങ്ങൾ ആരംഭിച്ചത്. ലാഭമുണ്ടാക്കാനായിരുന്നില്ല, തങ്ങളുടെ കുഞ്ഞുങ്ങളെ നാലക്ഷരം പഠിപ്പിക്കുക എന്ന ഏകലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. പൊന്നരുളിക്കായും പൊൻകുരിശും വിറ്റും സഭയിലെ അംഗങ്ങൾ കൈതുറന്ന് സംഭാവന നൽകിയുമാണ് വിദ്യാലയങ്ങൾ ഇവിടെ ആരംഭിച്ചത്. ലാഭമുണ്ടാക്കാനായിരുന്നില്ല, തങ്ങളുടെ കുട്ടികളെ വിദ്യഅഭ്യസിപ്പിക്കുവാൻ വേണ്ടി മാത്രമായിരുന്നുവെന്ന വസ്തുത ഇന്നത്തെ പല പുരോഗമനവാദികളും വിസ്മരിച്ചുകളയുകയാണ്.

സ്വകാര്യസ്കൂൾ അദ്ധ്യാപകർ രാഷ്ട്രീയത്തിൽ പ്രവേശിച്ച് സമ്മർദ്ദഗ്രൂപ്പായി നിൽക്കുന്നതാണ് എയ്ഡഡ് സ്കൂളുകൾ ആരംഭിക്കണ്ടെന്ന് പറയുവാൻ

www.malankaralibrary.com

കമ്മറ്റിയെ പ്രേരിപ്പിച്ച മറ്റൊരു വസ്തുത. സ്വകാര്യസ്കൂൾ അദ്ധ്യാപകർ പ്രത്യക്ഷമായി രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നുവെന്നത് ഒരു പരമാർത്ഥമാണ്. സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് ഇന്ന് രാഷ്ട്രീയമില്ലേ? അവർ ചേർന്ന് പ്രവർത്തിക്കുന്ന അദ്ധ്യാപകസംഘടനകൾ ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുടെ പോഷകസംഘടകളല്ലേ. രാഷ്ട്രീയ പാർട്ടികളുടെ താളത്തിനൊപ്പിച്ചു തുള്ളുകയും അവയുടെ നിർദ്ദേശാനുസരണം പണിമുടക്കുകയും പിൻവലിക്കുകയും ചെയ്യുന്ന സംഘടനകളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് രാഷ്ട്രീയമില്ലെന്ന ഉന്നതതല കമ്മറ്റിയുടെ നിഗമനം അങ്ങേയറ്റം ലജ്ജാകരമാണ്.

ഇന്ന് വിദ്യാഭ്യാസരംഗത്ത് "പ്രൊട്ടക്ടഡ് അദ്ധ്യാപകർ" എന്ന വർഗ്ഗം ഉണ്ടായത് സ്വകാര്യസ്കൂളുകളുടെ പ്രവർത്തനം കൊണ്ടല്ല, സർക്കാരിന്റെ അശാസ്ത്രീയമായ സ്കൂളുകൾ അനുവദിക്കൽ മൂലമാണ്.

മലബാറിലെ മലയോരങ്ങളിലും കിഴക്കൻ മലയോരങ്ങളിലും ഇന്നും വേണ്ടത്ര വിദ്യാഭ്യാസസൗകര്യം ഇല്ല. ആവശ്യത്തിനുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള സാമ്പത്തിക കഴിവും സർക്കാരിനില്ല. ഈയവസരത്തിൽ എയ്ഡഡ് സ്കൂളുകളും അംഗീകൃതസ്കൂളുകളും സ്ഥാപിച്ച് വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ചെയ്യേണ്ടത്. സ്വകാര്യ വിദ്യാലയങ്ങളിൽനിന്നും തങ്ങൾക്കു ലഭിച്ച വിദ്യാഭ്യാസം വരുന്ന തലമുറയ്ക്ക് നിഷേധിക്കണമെന്ന ഉന്നതതല കമ്മറ്റിയുടെ നിർദ്ദേശം പൂർണ്ണമായും സർക്കാർ നിരാകരിക്കേണ്ടതാണ്.

05-11-1984

## 71

# ഗവർണ്ണർ പറഞ്ഞത് പ്രതിഷേധാർഹം

സ്വകാര്യ കോളേജുകളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ ആകണമെന്ന് ഗവർണ്ണർ ഡോ.സ്വരൂപ് സിംഗിന്റെ നിർദ്ദേശം പ്രതിഷേധാർഹമാണെന്ന് കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പ്രസ്താവിച്ചു.

ന്യൂനപക്ഷാവകാശത്തിന്റെമേൽ കൈവക്കുവാൻ ഗവർണ്ണർ പച്ചക്കൊടി കാട്ടിയിരിക്കുകയാണ്. നയപരമായ കാര്യങ്ങളിൽ അഭിപ്രായം പുറപ്പെടുവിക്കാനുള്ള അവകാശം ഗവർണ്ണർക്കുണ്ടോയെന്നകാര്യവും പരിശോധിക്കണം. ഇതിന് മുൻപ് ഒരു ഗവർണ്ണറും ഇപ്രകാരം അഭിപ്രായം പുറപ്പെടുവിച്ചിട്ടില്ല.

വിദ്യാഭ്യാസരംഗത്ത് മഹത്തായ സംഭവനകളർപ്പിക്കുകയും ഉന്നതനിലവാരമുള്ള കോളേജുകൾ പടുത്തുയർത്തുകയും ചെയ്തവർക്കെതിരെ വാളോങ്ങാൻ മുതിർന്നത് നിർഭാഗ്യകരമാണ്. കേരളത്തെ സാക്ഷരതയിൽ മുൻപന്തിയിൽ എത്തിച്ചത് ഇവിടുത്തെ സ്വകാര്യ ഏജൻസികളാണ്. അവരെ വരിഞ്ഞു

www.malankaralibrary.com

മുറുക്കാൻ പല സർക്കാരും ശ്രമിച്ചിട്ടുണ്ട്. അന്നൊക്കെ മാന്യമായ നിലപാടാണ് കേരളത്തിലെ ഗവർണ്ണർമാർ സ്വീകരിച്ചിട്ടുള്ളത്. അദ്ദേഹം തുടർന്നു.

എന്നാൽ ഡോ.സ്വരൂപ് സിംഗ് സ്വകാര്യ കേളേജുകളിലെ നിയമനത്തിൽ കൈകടത്തിക്കൊള്ളുവാൻ പരോക്ഷമായി ഉപദേശിച്ചിരിക്കുകയാണ്. ഗവർണ്ണറുടെ ഈ പ്രസ്താവനക്കെതിരെ സകല ജനാധിപത്യവിശ്വാസികളും സ്വരമുയർത്തണം. ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം ആവശ്യപ്പെട്ടു.

## 72

# ഭോപ്പാൽ ദുരന്തം

മനുഷ്യചരിത്രത്തിലെ ഏററം വലിയ വിഷവാതകദുരന്തമാണ് ഭോപ്പാലിലുണ്ടായത്. ആയിരക്കണക്കിനുളുകൾ നിമിഷങ്ങൾക്കകം മൃതിയടഞ്ഞ സംഭവം നമ്മുടെ രാഷ്ട്രത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തിയിരിക്കുന്നു. ശ്മശാനഭൂമിയുടെ അപര്യാപ്തത പരിഹരിക്കാൻ വലിയ കുഴികൾ കുഴിച്ച് അവയിൽ മൃതദേഹങ്ങൾ കൂട്ടമായി കുഴിച്ചുമൂടിയെന്നാണ് വാർത്തകൾ. വിഷവാതകം ശ്വസിച്ചതുമൂലം നിത്യദുരിതമനുഭവിക്കുന്നവരുടെ എണ്ണം ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല. ഭോപ്പാലിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുള്ള ധാർമ്മികമായ കടമ നമുക്കെല്ലാവർക്കുമുണ്ട്. ആ കടമ നാം നിർവ്വഹിച്ചോ? ഭോപ്പാലിലെ നമ്മുടെ ക്രൈസ്തവസഹോദരങ്ങൾ നടത്തുന്ന ദുരിതാശ്വാസപ്രവർത്തനങ്ങളോട് നാം ആത്മാർത്ഥമായി സഹകരിക്കണം. എല്ലാ മനുഷ്യസ്നേഹികളും ജാതി മത വർഗ്ഗ കക്ഷി രാഷ്ട്രീയ പരിഗണനകൾക്കതീതമായി ഭോപ്പാലിലെ ദുരിതാശ്വാസപ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കണമെന്നും ഓരോ വ്യക്തിയും കഴിവുള്ള സഹായസഹകരണങ്ങൾ നൽകണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു. ഓരോരുത്തരും അവരവരുടെ സാമ്പത്തിക സ്ഥിതി വച്ച് ഒരു തുക ഭോപ്പാൽ ആർച്ച് ബിഷപ്പിന്റെ പേർക്ക് അയച്ചുകൊടുത്ത് ഈ പ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിക്കുവാൻ ശ്രമിക്കുക. എല്ലാവരുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് പതിയട്ടെയെന്നാശിക്കുന്നു.

5-2-85

## 73

# 1985 മദ്യവർജ്ജനവർഷം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് 1985 മദ്യവർജ്ജന വർഷമായി ആചരിക്കുവാൻ എടത്വായിൽ ചേർന്ന വാർഷിക പ്രതിനിധി സമ്മേളനം തീരുമാനിച്ചിരിക്കുന്നു. മദ്യപാനത്തിന്റെ ദുരന്തഫലങ്ങളെക്കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുവാനും മദ്യത്തിന്റെ സ്വാധീനശക്തിയിൽനിന്നും കേരളത്തെ

www.malankaralibrary.com

രക്ഷിക്കാനുമായി സമഗ്രമായ ഒരു പദ്ധതി കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്കരിക്കേണ്ടതാണ്. ഇടവകരൂപതാ തലങ്ങളിൽ മദ്യവർജ്ജനവർഷാചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് തികച്ചും സമുചിതമായിരിക്കും. ക്രൈസ്തവരുടെ ഇടയിൽനിന്നു മാത്രമല്ല കേരളത്തിൽനിന്ന് മുഴുവൻ തന്നെ മദ്യം വർജ്ജിക്കപ്പെടേണ്ടതാണ്. മദ്യപാനത്തിന്റെ ഫലമായി 25 ലക്ഷത്തിലധികം ആളുകൾ കേരളത്തിൽ വർഷം തോറും സാമ്പത്തികമായും ധാർമ്മികമായും തകർന്നുകൊണ്ടിരിക്കുകയാണ്. സദ്യകളോടൊപ്പം മദ്യം വിളമ്പുന്നത് ഒരു ഫാഷനായും പ്രസ്റ്റീജായും പലരും കണക്കാക്കുന്നു. മദ്യപാനത്തിന്റെ ദുരന്തഫലങ്ങൾ സമൂഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ ധാർമ്മികമായ ഒരു കടമ ഏവർക്കുമുണ്ട്. ആ ഉത്തരവാദിത്വം കാലഘട്ടത്തിന്റെ വെല്ലുവിളികൾ സ്വീകരിച്ചുകൊണ്ട് കത്തോലിക്കാകോൺഗ്രസ്സ് ഏറ്റെടുത്തിരിക്കുന്നത് തികച്ചും സന്തോഷകരമാണ്. എ.കെ.സി.സി.യുടെ മദ്യവർജ്ജന വർഷാചരണം സൽഫലങ്ങൾ പുറപ്പെടുവിക്കുന്നതിനിട നൽകട്ടെയെന്ന് ആശംസിക്കുന്നു.

5–2–85

## 74

# യുവജനവർഷം

1985 യുവജനവർഷമായി ഐക്യരാഷ്ട്രസംഘടന പ്രഖ്യാപിച്ചിരിക്കുകയാണ്. പങ്കാളിത്തം, വികസനം, സമാധാനം എന്നീ മൂന്നുലക്ഷ്യങ്ങളാണ് ഐക്യരാഷ്ട്രസംഘടന യുവജനവർഷത്തിന് നിർദ്ദേശിച്ചിരിക്കുന്നത്. ലോകമൊട്ടാകെ യുവജനപ്രശ്നങ്ങളെപ്പററി പഠിക്കാനും അവയ്ക്ക് സംഘടിതമായി പരിഹാരം കാണുവാനും ഈ ആഘോഷപരിപാടികൾ സഹായകരമാകും. ഐക്യരാഷ്ട്രസംഘടനയുടെ ആഹ്വാനത്തിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ട് യുവജനവർഷം കേരളസഭയിലും ആചരിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. വൈദികമേലദ്ധ്യക്ഷന്മാർ സംയുക്തമായി പുറപ്പെടുവിച്ച ഇടയലേഖനം ഈ വസ്തുത വിളിച്ചറിയിക്കുന്നു.

ക്രിസ്തീയ മൂല്യങ്ങൾക്കും ആദർശങ്ങൾക്കും പുനഃപ്രതിഷ്ഠയും ചൈതന്യവും ഉൾക്കരുത്തും പകർന്നുകൊടുക്കുവാനുള്ള ഒരു വേദിയായി സഭ ഈ യുവജനവർഷത്തെ വീക്ഷിക്കുന്നുവെന്നാണ് സംയുക്ത ഇടയലേഖനത്തിലൂടെ അഭിവന്ദ്യപിതാക്കന്മാർ പ്രസ്താവിച്ചിരിക്കുന്നത്. യുവജനങ്ങൾ വഴുതിവീഴുന്ന മദ്യപാനം, ലൈംഗികത, നിസ്സംഗത, പ്രാർത്ഥനാവിരസത, കൗദാശികജീവിതത്തിലുള്ള അനാസ്ഥ, കൃത്യവിലോപം, എന്നീ വിപത്തുകളിൽ അവരെ സംരക്ഷിക്കുവാനും ഈ യുവജനവർഷാചരണം സഹായകരമായി ത്തീരട്ടെ.

സഭയിൽ യുവജനങ്ങൾക്കുള്ള ഉത്തരവാദിത്വങ്ങൾ ഏവയെന്ന് പഠിച്ച് അവ ഏറ്റെടുക്കുവാനും യുവജനങ്ങൾക്ക് സാധിക്കണം. പ്രായം ചെന്നവരും യുവജനങ്ങളും തമ്മിൽ പരസ്പരം ആശയവിനിമയം ചെയ്യുന്നതിനുള്ള

www.malankaralibrary.com

സൗകര്യം ഉണ്ടാകണം. ആദർശങ്ങളിൽ അടിയുറച്ച ഒരു യുവതലമുറയെ വളർത്തിയെടുക്കുവാൻ ഈ യുവജനവർഷാചരണത്തിന് സാധിക്കട്ടെയെന്നാശംസിക്കുന്നു.

5-2-85

## 75

# പൊതുതെരഞ്ഞെടുപ്പ്

തന്റെ ഓരോതുള്ളി ചോരയും ഇന്ത്യയെ ചലനാത്മകമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന ഇന്ദിരാഗാന്ധിയുടെ അവസാനവാക്കുകൾ അക്ഷരം പ്രതി സത്യമായി പരിണമിച്ചിരിക്കുന്നു. 1984 അന്ത്യത്തിൽ നടന്ന പൊതുതിരഞ്ഞെടുപ്പുഫലം വിളിച്ചറിയിക്കുന്നതിതാണ്. 1957-ൽ തന്റെ മുത്തച്ഛനായ ജവഹർലാലിന് ലഭിച്ചതിലും 1971-ൽ മാതാവായ ഇന്ദിരാഗാന്ധിക്കു ലഭിച്ചതിലും കൂടുതൽ സീററുകൾ നേടിയാണ് രാജീവ് രാഷ്ട്രീയത്തിൽ തന്റെ ചുവട് ഉറപ്പിച്ചിരിക്കുന്നത്. കൂടുതൽ സീററുകൾ നേടിയെടുത്തുവെന്നു മാത്രമല്ല പ്രതിപക്ഷത്തെ തകർക്കുന്നതിനും പ്രതിപക്ഷനേതാക്കളെ തറപററിക്കുന്നതിനും രാജീവിനു സാധിച്ചുവെന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ പ്രത്യേകത. മതത്തിന്റെയും ജാതിയുടെയും പേരിൽ ജനവികാരം ചൂഷണം ചെയ്യാൻ ശ്രമിച്ച വിഘടനവാദികളെ ഈ തെരഞ്ഞെടുപ്പിലൂടെ ജനം ഒററപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്.

രാജീവ് ഗാന്ധിയിൽ ഇന്ത്യൻ ജനത വലിയ പ്രതീക്ഷകളാണ് അർപ്പിച്ചിരിക്കുന്നത്. ആ പ്രതീക്ഷകൾ നിറവേററുമെന്ന് വളരെ വിനയപൂർവ്വമാണ് രാജീവ് പ്രഖ്യാപിച്ചത്. ഭാരതം കണ്ട ഏററം ചെറുപ്പക്കാരനായ പ്രധാനമന്ത്രിയാണ് രാജീവ്. പ്രായത്തേക്കാൾ കൂടിയ പക്വത – അതാണ് രാജീവിന്റെ വിജയ രഹസ്യം. ഇന്ത്യയെ ഒന്നായി കാണുവാൻ ഇന്ദിരാജിക്കു സാധിച്ചതുപോലെ രാജീവിനും സാധിക്കുമെന്ന് ചുരുങ്ങിയ ദിനങ്ങൾകൊണ്ടുതന്നെ തെളിയിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ രാജീവിൽ അർപ്പിച്ച വിശ്വാസം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുന്നതിനിടനൽകട്ടെ.

5-2-85

## 76

# ഈസ്റ്റർ

മാനവവംശത്തിനുമുഴുവൻ ആനന്ദം പ്രദാനം ചെയ്യുന്ന ഒന്നാണ് ഈസ്റ്റർ. യേശുവിൽ വിശ്വസിക്കുന്ന ക്രൈസ്തവലോകത്തിന് ഉത്ഥിതനായ ക്രിസ്തു സന്തോഷം മാത്രമല്ല പ്രദാനം ചെയ്യുക, പ്രത്യുത ധൈര്യവും പ്രതീക്ഷയും ശരണവും അതോടൊപ്പം അവിടുന്നു നൽകുന്നു. തങ്ങൾക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ഉയിർക്കുകയും ചെയ്ത രക്ഷകനായ

www.malankaralibrary.com

യേശുവിനോട് അവർക്കുള്ള സ്നേഹത്തിനും അഭിമാനബോധത്തിനും അതിരു കല്പിക്കാൻ തന്നെ നിർവ്വാഹമില്ല. യേശുവിന്റെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും വിജയമകുടമാണ് അവിടുത്തെ ഉത്ഥാനം. അതിലുപരി അവിടുത്തെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണവുമാണ്.

മനുഷ്യന്റെ ജീവിതത്തിലെ ഏററം പ്രധാനപ്പെട്ട രണ്ടു സംഭവങ്ങളാണ് ജനനവും മരണവും. ക്രിസ്തുനാഥന് തന്റെ ജീവിതത്തിലെ ഈ രണ്ടു പ്രധാനപ്പെട്ട മുഹൂർത്തങ്ങളിലും ഒന്നേ പറയുവാനുണ്ടായിരുന്നുള്ളു. സമാധാനത്തെപ്പററി മാത്രം.

ഈശോ പുൽത്തൊട്ടിയിൽ ജനിച്ചപ്പോൾ മാലാഖാമാർ പാടി "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ നന്മനസ്സുള്ളവർക്ക് സമാധാനം" എന്ന്. ഉത്ഥാനത്തിനുശേഷം ഈശോനാഥൻ ഭയചകിതരായി കഴിഞ്ഞിരുന്ന ശിഷ്യന്മാരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ടരുളിച്ചെയ്തു. "സമാധാനം നിങ്ങളോടുകൂടെ നിങ്ങൾ ഭയപ്പെടേണ്ട. ഇതു ഞാനാകുന്നു" സമാധാനത്തിന്റെ സന്ദേശം തന്നെയാണ് ക്രിസ്തു തന്റെ ഉത്ഥാനദിവസവും നൽകുന്നത്.

ക്രിസ്തു നൽകുന്ന സമാധാനം, ലോകം നൽകുന്നതുപോലുള്ള ഒന്നല്ല. ആ സമാധാനത്തിന്റെ യഥാർത്ഥ സ്വഭാവം പരസ്പരം ശണ്ഠകൂടുന്ന ലോകത്തിന് മനസ്സിലാക്കുവാനും കഴിയുകയില്ല. ശത്രുവിനെ സ്നേഹിക്കുന്നിടത്ത് ഒരു കന്നത്ത് അടിക്കുമ്പോൾ മററതും കൂടെ കാണിച്ചുകൊടുക്കുന്നിടത്ത് ഉണ്ടാകുന്ന സമാധാനത്തെക്കുറിച്ചാണ് ക്രിസ്തുവിന് പറയാനുള്ളത്. അത് പരസ്പര ബഹുമാനത്തിൽനിന്നും സ്നേഹത്തിൽ നിന്നും ഉളവാകേണ്ട സമാധാനമാണ്. ആ സമാധാനം സംസ്ഥാപിതമാകുന്നതിനുവേണ്ടി നമുക്ക് പ്രവർത്തിക്കാം പ്രാർത്ഥിക്കാം. ഈസ്റ്റർ മംഗളങ്ങൾ എല്ലാവർക്കും നേർന്നുകൊള്ളുന്നു.

05-04-85

## 77

# പരി. പിതാവിന്റെ ഭാരത സന്ദർശനം

കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ജോൺപോൾ രണ്ടാമൻ തിരുമേനി 1986-ഫെബ്രുവരിയിൽ ഇന്ത്യ സന്ദർശിക്കുന്നതാണ്. ഭാരതസഭാചരിത്രത്തിലെ നിർണ്ണായകസംഭവമായിരിക്കും പരി. പിതാവിന്റെ ഭാരത സന്ദർശനം. മാർപ്പാപ്പാ തിരുമേനി ഇന്ത്യയുടെ ഭൂപ്രകൃതി കാണുവാനോ ഇവിടുത്തെ വൻകിടപദ്ധതികൾ സന്ദർശിക്കുവാനോ ടാജ്മഹൽ പോലുള്ള മഹാസൗധങ്ങൾ കാണുവാനോ ഒന്നുമല്ല ഇന്ത്യയിലേക്ക് വരിക. വി.പത്രോസിന്റെ യഥാർത്ഥ പിൻഗാമിയും സഭയുടെ തലവനുമായ മാർപ്പാപ്പായുടെ ഭാരതസന്ദർശനത്തിന്റെ മുഖ്യലക്ഷ്യം അജപാലനപരമാണ്. അജപാലനപരമായ പരി.പിതാവിന്റെ സന്ദർശനം വിജയിക്കണമെങ്കിൽ അതിന് യോജിച്ച പരിപാടികൾ ആണ് നാം ക്രമീകരിക്കേണ്ടത്.

www.malankaralibrary.com

പരി.പിതാവിന്റെ കേരളസന്ദർശനത്തിന് എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളും താൽപര്യം പ്രകടിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. സഭകളുടെ യോജിച്ചുള്ള പ്രവർത്തനത്തിനും ഐക്യത്തിനും പുതിയൊരു വാതിൽ തുറക്കുവാൻ കേരളസന്ദർശനം സഹായകരമാകുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. അജപാലനപരമായ ലക്ഷ്യം വച്ചുകൊണ്ട് പരി.പിതാവിന്റെ ഇന്ത്യാസന്ദർശനത്തിന്റെ പരിപാടികൾ തയ്യാറാക്കേണ്ടതാണ്. കേരളത്തിലെ എല്ലാജനങ്ങൾക്കും പരി.പിതാവിനെ കാണുവാൻ അവസരം ലഭിക്കത്തക്കവിധത്തിൽ സന്ദർശനപരിപാടി ക്രമീകരിക്കുന്നത് സമുചിതമായിരിക്കും.

പരിശുദ്ധപിതാവിന്റെ സന്ദർശനത്തിന് ഒരു പൊതുപരിപാടിയും പൊതുവീക്ഷണവുമാണുണ്ടാകേണ്ടത്. പരസ്പര മത്സരത്തിന് അവിടെ സ്ഥാനമില്ല. ഭാരതസഭയ്ക്ക് മാത്രമല്ല ലോകപ്രേക്ഷിതത്വത്തിന് തന്നെ കനത്ത സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന കേരളത്തിൽവച്ച് പരിശുദ്ധപിതാവ് മുഖ്യസന്ദേശം നൽകുന്നത് വൈദികർക്കും സന്യാസി-സന്യാസിനികൾക്കുമായിരിക്കുമെന്ന് ഏറെക്കുറെ തീരുമാനത്തിലായിരിക്കുകയാണ്. പരിശുദ്ധപിതാവിന്റെ ഭാരതസന്ദർശനം ക്രിസ്തീയസഭകളുടെ ഐക്യത്തിനും കൂട്ടായ പ്രവർത്തനത്തിനും കൂടുതൽ ശക്തി പകർന്നു നൽകട്ടെയെന്ന് ആശംസിക്കുന്നു. പരി.പിതാവിന് ഭാരതത്തിലേക്ക് സ്വാഗതം ആശംസിക്കുന്നു.

5–7–85

## 78

# സിനഡിന്റെ അസാധാരണ പൊതുസമ്മേളനം

1986-ൽ റോമിൽ മെത്രാന്മാരുടെ സിനിഡ് ചേരുവാനും അൽമായന്റെ വിളിയും ദൗത്യവും എന്ന വിഷയത്തെപ്പററി ചർച്ച ചെയ്യുവാനും തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ 1985-ൽ തന്നെ മെത്രാന്മാരുടെ സിനഡിന്റെ ഒരു അസാധാരണ സമ്മേളനം റോമിൽ വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിരിക്കുകയാണ്. അസാധാരണ സിനഡിന്റെ ലക്ഷ്യം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ എത്രമാത്രം പ്രായോഗികമാക്കിയെന്ന് പുനരവലോകനം ചെയ്യുകയെന്നതാണ്. അതിനൊരുക്കമായി ഇടവക- രൂപത - പ്രാദേശിക- ദേശീയ തലങ്ങളിൽ ചർച്ചകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശം. പക്ഷേ അതിനനുസരണമായ പ്രവർത്തന പരിപാടികൾക്ക് കാര്യമായ രൂപം ഇതുവരെ കൊടുത്തുകാണുന്നില്ല.

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയുടെ ജീവിതത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളും ജീവിതവും എന്താണെന്ന് വ്യക്തമാക്കുകയും

www.malankaralibrary.com

പരിപോഷിപ്പിക്കുകയും ചെയ്യുകയുണ്ടായി. കൗൺസിൽ തീരുമാനങ്ങൾ എങ്ങനെ സഭയിൽ പ്രാവർത്തികമാക്കാമെന്നതിനെപ്പററി ഇടവക, രൂപത, റീജിയണൽ, നാഷണൽ തലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ച് ചർച്ച ചെയ്യപ്പെടുകയുണ്ടായി. 1968 ഡിസംബർ അവസാനം ആലുവായിൽ ചേർന്ന കേരള റീജിയണൽ സെമിനാറും 1969 മെയ് മാസത്തിൽ ബാംഗ്ലൂർ ചേർന്ന നാഷണൽ കൺവൻഷനും നമ്മുടെ സഭാചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളാണ്. ഈ സമ്മേളനങ്ങളിലെ നിഗമനങ്ങളും ശുപാർശകളും എപ്രകാരം പ്രാവർത്തികമാക്കിയെന്നതിനെപ്പററി ഒരു വിലയിരുത്തൽ നടത്തിയാൽ വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരളത്തിലും ഭാരതത്തിലും എന്തുമാത്രം പ്രായോഗികമാക്കിയെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. 1968-ൽ നടന്ന റീജിയണൽ സെമിനാറിൽ പങ്കെടുത്തവരെ വിളിച്ചുകൂട്ടി ഒരു വിലയിരുത്തൽ നടത്തുന്നത് തികച്ചും സമുചിതമായിരിക്കും.

ഇടവക തലത്തിലും രൂപതാതലത്തിലും സംഘടനാതലത്തിലും യോഗങ്ങൾ ചേർന്ന് ഈ വിഷയത്തെപ്പററി ചർച്ച നടത്തി മെത്രാൻമാരുടെ സിനഡിന് സത്യസന്ധമായ – വസ്തുനിഷ്ഠമായ ഒരു റിപ്പോർട്ടു നൽകുന്നത് സ്വാഗതാർഹമായ ഒരു നടപടിയായിരിക്കും. ഈ വിഷയത്തിലേക്ക് ഏവരുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

5-7-85

## 79

# കാർമ്മൽ സ്കൂൾ

ജൂൺ 3-ാം തീയതി വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തനമാരംഭിച്ചപ്പോൾ തിരുവനന്തപുരത്തെ അതിപ്രശസ്തമായ കാർമ്മൽ സ്കൂളിൽ, കമ്യൂണിസ്റ്റ് പാർട്ടിയുടെ പോഷക സംഘടനകളിലെ പ്രവർത്തകർ കയറി അക്രമങ്ങൾ നടത്തുകയും സ്കൂൾ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുകയും ചെയ്ത സംഭവം എല്ലാമനുഷ്യസ്നേഹികളെയും ഞെട്ടിപ്പിക്കുന്നവയാണ്. അക്രമികളെ നിലയ്ക്കു നിറുത്തുവാനോ സ്കൂളിനുവേണ്ടത്ര സംരക്ഷണം യഥാസമയം നൽകുവാനോ സംസ്ഥാനഗവൺമെന്റോ പോലീസ് ഡിപ്പാർട്ടുമെന്റോ ശ്രമിച്ചില്ലായെന്നുള്ളത് ദുഃഖകരമാണ്. എസ്സ്.എഫ്.ഐ. പ്രവർത്തകർ മുൻകൂട്ടി പ്രഖ്യാപിച്ച പദ്ധതി അനുസരിച്ചാണ് കാർമ്മൽ സ്കൂളിലേക്ക് പ്രവേശിച്ചത്. കാർമ്മൽ സ്കൂൾ അധികൃതർ വിദ്യാഭ്യാസമന്ത്രിയോടും ആഭ്യന്തരമന്ത്രിയോടും പോലീസ് അധികൃതരോടും രേഖാമൂലം സംരക്ഷണം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. പക്ഷേ അക്രമികളുടെ ഗുണ്ടാവിളയാട്ടം അവസാനിച്ചപ്പോൾ മാത്രമാണ് പോലീസ് സ്ഥലത്തെത്തിചേർന്നത്.

കാർമ്മൽ സ്കൂൾ സംഭവത്തെപ്പററി വസ്തുനിഷ്ഠമായി അന്വേഷണം നടക്കട്ടെ. പക്ഷേ അതിന്റെ പേരിൽ സകല അംഗീകൃതസ്കൂളുകളുടെയും നേരെ ആക്രമണത്തിന് ഇറങ്ങിപ്പുറപ്പെടാമെന്നാണ് എസ്സ്.എഫ്.ഐ. പ്രവർ

www.malankaralibrary.com

ത്തകർ വിചാരിക്കുന്നതെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും.

വന്ദന എന്ന കാർമ്മൽ സ്കൂളിലെ വിദ്യാർത്ഥിനിയുടെ മാതാവ് രമണി മേനോന്റെ ആത്മഹത്യയാണല്ലോ അംഗീകൃത സ്കൂളുകളുടെ നേരെയുള്ള ഈ കയ്യേററത്തിന് മുഖ്യകാരണമായി പറയപ്പെടുന്നത്. രമണീമേനോന്റെ ആത്മഹത്യയിൽ ഞങ്ങൾ അതീവ ദുഃഖിതരാണ്. വന്ദനയുടെ പരാജയമാണോ രമണീമേനോന്റെ ആത്മഹത്യയ്ക്ക് പിന്നിലുള്ളതെന്ന് വസ്തുനിഷ്ഠമായി അന്വേഷിക്കണം. രമണീമേനോന്റെ മരണത്തിന്റെ ഉത്തരവാദിത്വം കുറെ കന്യാസ്ത്രികളുടെ മേൽ കെട്ടിയേൽപ്പിക്കുവാനുള്ള ഇന്നത്തെ ചില കുത്തക പത്രങ്ങളുടെ നീക്കം അപകടകരമാണ്. രമണീമേനോന്റെ മരണത്തിന്റെ യഥാർത്ഥകാരണത്തെപ്പററി കണ്ടുപിടിക്കുവാൻ സത്യസന്ധവും സമഗ്രവുമായ ഒരു അന്വേഷണം അടിയന്തിരമായി നടത്തണമെന്ന് ബഹു: കേരളകേന്ദ്ര ഗവൺമെന്റുകളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കാർമ്മൽ സംഭവത്തിന്റെ പേരിൽ സ്വകാര്യ വിദ്യാലയങ്ങളെ അടച്ചാക്ഷേപിക്കുവാനുള്ള ശ്രമത്തിൽനിന്ന് പിന്തിരിയണമെന്ന് ഞങ്ങൾ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

5–7–85

## 80

# മദർ തെരേസാ

ലോകം ആദരപൂർവ്വം സ്നേഹിക്കുന്ന മദർ തെരേസായുടെ 75–ാം പിറന്നാളായിരുന്നു ഇക്കഴിഞ്ഞ ആഗസ്റ്റ് 27–ാം തീയതി. അവശരും ആർത്തരും ആലംബഹീനരുമായ അനേകായിരങ്ങൾക്ക് ഇന്നും ആശ്വാസത്തിന്റെ തെളിനീർ നല്കിക്കൊണ്ട് അഗതികൾക്ക് അമ്മയായും അശരണർക്ക് ആലയമായും ആലംബഹീനർക്ക് അത്താണിയായും പ്രവർത്തിക്കുന്ന മദർ തെരേസാ, ലോകം കണ്ടിട്ടുള്ളതിൽവച്ചേററവും വലിയ സാമൂഹ്യപ്രവർത്തകയാണ്. 'ശിശുക്കൾ ഒരു ഭാരമായി തോന്നുന്നുവെങ്കിൽ അവരെ എനിക്കു വിട്ടുതരിക. തെരുവിലേക്ക് എറിയാതിരിക്കുക' എന്നഭ്യർത്ഥിച്ചുകൊണ്ട് തെരുവീഥികളിലേക്ക് വലിച്ചെറിയപ്പെട്ട അനാഥക്കുട്ടികളെ എടുത്തു സംരക്ഷിച്ച മദർ തെരേസായുടെ, മാർഗ്ഗദീപം, മനുഷ്യരക്ഷക്കുവേണ്ടി സ്വയം ജീവനർപ്പിച്ച യേശുദേവനാണ്.

മദർ തെരേസായുടെ വിശിഷ്ട സേവനങ്ങളെ ആദരിച്ച് 1979–ൽ നോബൽ സമ്മാനം അവർക്കു നൽകി. 1980–ൽ ഇന്ത്യാ ഗവൺമെന്റ് ഭാരതരത്നം എന്ന ബഹുമതിയും 83–ൽ ബ്രിട്ടീഷ് രാജ്ഞി ഓർഡർ ഓഫ് മെരിററ് എന്ന അപൂർവ്വബഹുമതിയും നൽകുകയുണ്ടായി. അമേരിക്കൻ ഗവൺമെന്റ് മദർ തെരേസാക്ക് വിശ്വപൗരത്വം നൽകി ബഹുമാനിച്ചു. അമേരിക്കയിലെ ഏററവും വലിയ ബഹുമതിമുദ്രയായ സ്വാതന്ത്ര്യത്തിന്റെ മുദ്ര പ്രസിഡണ്ട് റെയ്ഗൺ മദർ തെരേസാക്ക് നൽകി. 1962–ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ അവാർഡും 1972–ൽ ലക്ഷം രൂപയുടെ നെഹ്റു അവാർഡും 1973–ൽ ആറുലക്ഷം രൂപയുടെ ടെമ്പിൾടൺ അവാർഡും നേടിയ മദർ തെരേസാ, മാഗ്സസെ അവാർഡും

www.malankaralibrary.com

നേടുകയുണ്ടായി. വിവിധ ബഹുമതിമുദ്രകൾ നേടിയ മദർ തേരേസായുടെ മുൻപിൽ നിന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി പറഞ്ഞു. 'അമ്മേ, അമ്മയുടെ മുൻപിൽ ഞാൻ വെറും ഒരു പുഴു മാത്രമാണ്.'

വാർദ്ധക്യത്തെപ്പോലും അവഗണിച്ച് വിശ്രമമില്ലാതെ കഠിനാദ്ധ്വാനം ചെയ്യുന്ന മദർ തെരേസാ രൂപം നൽകിയ മിഷനറീസ് ഓഫ് ചാരിററി എന്ന സന്യാസസമൂഹത്തിലെ 1500ൽപരം കന്യാസ്ത്രീകളും 250ൽപരം സഹോദരന്മാരും ലോകത്തിലെ 54 രാജ്യങ്ങളിലെ 250 കേന്ദ്രങ്ങളിൽ ആതുരസേവനം നടത്തിവരുന്നുണ്ട്.

യുഗോസ്ലാവിയായിലെ ഒരു കൊച്ചു ഗ്രാമത്തിൽ വിയർപ്പിലൂടെ അപ്പം കണ്ടെത്തുന്ന ഒരു കർഷകകുടുംബത്തിലാണ് അവർ ജനിച്ചത്. ചെറുപ്പകാലത്ത് ഭക്തസംഘടനകളിൽ സജീവമായി പ്രവർത്തിച്ച ആഗ്നസ് ഇപ്പോഴത്തെ മദർ തെരേസാ – ഇരുണ്ടനഗരമായ കൽക്കട്ടാനഗരത്തെപ്പററിയും ഇരുളടഞ്ഞ തെരുവുകളിൽ നരകതുല്യം ജീവിക്കുന്ന പട്ടിണിപ്പാവങ്ങളെപ്പററിയും അറിയുന്നതിനിടയായി.

1928-ൽ അയർലണ്ടിലുള്ള ലൊറേറോ കന്യകാലയത്തിൽ ചേർന്ന ആഗ്നസ് 1931-ലാണ് തെരേസാ എന്ന പേര് സ്വീകരിച്ചത്. അദ്ധ്യാപികയായി സേവനമാരംഭിച്ച തെരേസാ 'പാവപ്പെട്ടവരുടെ മോചനത്തിനായി പ്രയത്നിക്കാനാണ് എന്റെ ആഗ്രഹം.' എന്നു പറഞ്ഞുകൊണ്ടു റോമിന്റെ പ്രത്യേകാനുമതിയോടുകൂടി കൽക്കട്ടയിലെ ചേരി പ്രദേശങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. അതോടെ മദർ തെരേസാ ലോകശ്രദ്ധയാകർഷിച്ചുതുടങ്ങി. ഇക്കഴിഞ്ഞ വർഷം കേരളത്തിലെ കടലോര പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ നടത്തിയ സമരത്തിൽ കന്യാസ്ത്രീകൾ പങ്കെടുത്തതിനെപ്പററി മദർ തെരേസായുടെ ശ്രദ്ധയിൽപെടുത്തിയപ്പോൾ 'അന്നന്നത്തെ അപ്പത്തിനുവേണ്ടി പാടുപെടുന്നവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുന്നതിൽ എന്താണു തെററ്' എന്നാണ് അവർ ചോദിച്ചത്. സഭയുടെ സാമൂഹ്യപ്രബോധനങ്ങൾ ശരിക്കും പഠിച്ച് ലളിതജീവിതം നയിച്ചുകൊണ്ട് അവശവിഭാഗങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന മദർ തെരേസാക്ക് ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ട് വിജയാശംസകൾ അർപ്പിക്കുന്നു.

05-08-1985

## 81

### സർക്കുലർ

# മാർപ്പാപ്പായുടെ കേരള സന്ദർശനം

പ്രിയ സുഹൃത്തേ,

നമ്മുടെ പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ അടുത്ത ഫെബ്രുവരി മാസത്തിൽ കേരളം സന്ദർശിക്കുകയാണല്ലോ. നമ്മയുടെ

www.malankaralibrary.com

പ്രതീകം, മനുഷ്യാവകാശങ്ങളുടെ വക്താവ്, ആധുനിക ലോകത്തിന്റെ ശക്തികേന്ദ്രം, യുവജനങ്ങളുടെ ആദർശദീപം തുടങ്ങിയ നിലകളിൽ ശോഭിക്കുന്ന പാപ്പായുടെ സന്ദർശനത്തോടനുബന്ധിച്ച് അഭൂതപൂർവ്വമായ ആദ്ധ്യാത്മിക ഉണർവ്വ് സൃഷ്ടിക്കുക അത്യാവശ്യമാണ്. സന്ദർശനത്തിന്റെ അജപാലനപരമായ ലക്ഷ്യം ജനങ്ങളിൽ പ്രചരിപ്പിക്കയും വേണം.

ഈ ലക്ഷ്യങ്ങളോടെ കത്തോലിക്കാ കോൺഗ്രസ്സ് ചില കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പോപ്പിന്റെ ഇന്ത്യാസന്ദർശനം വിജയിപ്പിക്കാനുതകുന്ന ഈ പരിപാടികൾ സംഘടിപ്പിക്കാൻ അങ്ങയുടെ വിലയേറിയ സേവനം ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

**കലണ്ടർ :** കത്തോലിക്ക കോൺഗ്രസ്സ് പോപ്പിന്റെ പഞ്ചവർണ്ണത്തിലുള്ള ചിത്രത്തോടുകൂടിയ മനോഹരമായ കലണ്ടർ (1986) പ്രസിദ്ധപ്പെടുത്തിയിരിക്കയാണ്. കേരളത്തിലെ എല്ലാ ഭവനങ്ങളിലും പാപ്പായുടെ ചിത്രം അലങ്കരിച്ചുവയ്ക്കുന്നത് സന്ദർഭോചിതമായിരിക്കും. കലണ്ടർ അതിന് ഉതകുന്നതാണ്. കലണ്ടർ വിതരണം ഒക്ടോബർ അവസാനവാരം ആരംഭിക്കും. പൊതു ഒഴിവുദിവസങ്ങളും വിശേഷദിവസങ്ങളും രേഖപ്പെടുത്തിയിട്ടുള്ള കലണ്ടർ ഓഫ്സെററ് പ്രസ്സിൽ മനോഹരമായി അച്ചടിച്ചിരിക്കുന്നു.

കലണ്ടറോടുകൂടിയുള്ള ചിത്രം വീടുകളിൽ അലങ്കരിച്ചുവയ്ക്കുവാനും അതുവഴി സന്ദർശനത്തിന്റെ ബോധവൽക്കരണം നടത്താനും അങ്ങ് മുൻകയ്യെടുക്കുമെന്നു പ്രതീക്ഷിക്കുന്നു. കലണ്ടറിന്റെ വില 4 രൂപയാണ്. വിൽപ്പന നടത്തുന്ന ഏജന്റിനു കമ്മീഷൻ നൽകുന്നതാണ്.

**സ്മരണിക :** ലോകധാർമ്മിക സമ്രാട്ടായ പോപ്പ് കേരളം സന്ദർശിക്കുന്നതിന്റെ ശാശ്വതസ്മരണ നിലനിർത്താൻ എ.കെ.സി.സി. ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുന്നുണ്ട്. വൈദികമേലധ്യക്ഷന്മാർ, സഭാ പണ്ഡിതന്മാർ, സാഹിത്യകാരന്മാർ തുടങ്ങിയവരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്നതും ഭാരതസഭയെപ്പററി സമഗ്രപഠനവും വിവരങ്ങളും ഉൾക്കൊള്ളുന്നതുമായ സുവനീറിന്റെ കോപ്പികൾ എല്ലാ രൂപതകളിലും വിപുലമായി വിതരണം ചെയ്യും. 40 രൂപ മുഖവിലയുള്ള സ്മരണിക നവംബർ 15-നകം ബുക്ക് ചെയ്യുന്നവർക്ക് 20 രൂപയ്ക്ക് നൽകുന്നതാണ്.

**സെമിനാർ :** മാർപ്പാപ്പാ സന്ദർശനത്തിന്റെ അജപാലനപരമായ ദൗത്യം ജനങ്ങളെ ബോധ്യപ്പെടുത്താനും ആദ്ധ്യാത്മികവും ഭൗതികവുമായ ഉണർവുണ്ടാക്കി മികച്ച പശ്ചാത്തലമൊരുക്കാനും കത്തോലിക്കാ കോൺഗ്രസ്സ് കേരളത്തിൽ 12 മേഖലകളിലായി സെമിനാർ സംഘടിപ്പിക്കുകയാണ് സെമിനാറിന്റെ സ്ഥലവും തീയതിയും യഥാസമയം ഏവരെയും അറിയിച്ചുകൊണ്ടിരിക്കുകയാണ്. തിരുവാമ്പാടി, മാനന്തവാടി, പാലാ, ചങ്ങനാശ്ശേരി സെമിനാറുകൾ ഇതിനകം നടന്നു കഴിഞ്ഞു.

**ബാഡ്ജ് :** പരിശുദ്ധപിതാവിന്റെ മനോഹര ചിത്രത്തോടുകൂടിയ ബാഡ്ജ് എ.കെ.സി.സി. തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളെ പോപ്പ് സന്ദർശനവു

www.malankaralibrary.com

മായി താദാത്മ്യപ്പെടുത്തുകയാണ് ഇതിന്റെ മുഖ്യലക്ഷ്യം. കുട്ടികളെല്ലാം ഈ ബാഡ്ജ് ധരിച്ച് നീങ്ങുന്നത് സമുചിതമായിരിക്കും.

പ്രസംഗ - ഉപന്യാസമത്സരം : ഹൈസ്കൂൾ, കോളേജ് തലങ്ങളിലെ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് നവംബറിൽ പ്രസംഗ-ഉപന്യാസമൽസരം നടത്തുന്നതാണ്.

ഒരു അഭ്യർത്ഥന: അങ്ങയുടെ ഇടവകയിൽ കലണ്ടറിന്റെയും സ്മരണികയുടെയും എത്ര കോപ്പി വേണമെന്നു ജനറൽ സെക്രട്ടറി, കത്തോലിക്കാ കോൺഗ്രസ്സ്, കോട്ടയം - 4 എന്ന വിലാസത്തിൽ എത്രയും വേഗം അറിയിക്കാൻ താൽപര്യപ്പെടുന്നു.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഈ സംരംഭങ്ങൾ വിജയിപ്പിക്കാൻ ശാഖാ പ്രവർത്തകരുടെയും രൂപതാ ഭാരവാഹികളുടെയും സഹായ സഹകരണങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

വിധേയൻ,
ജോൺ കച്ചിറമററം
ജനറൽ സെക്രട്ടറി

കോട്ടയം
05-10-1985

**82**

# മാർപ്പാപ്പായുടെ ഇന്ത്യാസന്ദർശനം

പ: ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കത്തോലിക്കാ സഭയുടെ പരമോന്നത ഇടയൻ എന്ന നിലയിൽ 1986 ഫെബ്രുവരിയിൽ ഭാരതം സന്ദർശിക്കുകയാണ്. ഭാരതത്തിൽ ക്രൈസ്തവർ ഏററം കൂടുതൽ തിങ്ങിപാർക്കുന്ന കേരളവും പാപ്പാ സന്ദർശിക്കുന്നുണ്ട്. കേരളത്തിലെ തിരുവനന്തപുരം, കോട്ടയം, കൊച്ചി, തൃശൂർ എന്നീ കേന്ദ്രങ്ങളിലാണ് പാപ്പാ വരുന്നത്. വി. തോമ്മാശ്ലീഹായാൽ സ്ഥാപിതവും വി. ഫ്രാൻസീസ് അസ്സീസിയാൽ പരിപുഷ്ടവുമാക്കപ്പെട്ട കേരള സഭയിലേക്കുള്ള പ: പിതാവിന്റെ സന്ദർശനം വിജയപ്രദമാക്കനുള്ള പരിപാടികളിൽ ഏവരും ബദ്ധശ്രദ്ധരായിരിക്കുകയാണ്. ഈ സന്ദർശനം വിജയപ്രദമാക്കാൻ എല്ലാ ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ദൈവജനത്തിന്റെ ഇടയൻ എന്ന നിലയിൽ പ: പിതാവ് നടത്തുന്ന സന്ദർശനത്തിന്റെ അജപാലനപരമായ ലക്ഷ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് ഏതാനും പരിപാടികൾ ആസൂത്രണം ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതോടനുബന്ധിച്ച് ചേർത്തിരിക്കുന്ന സർക്കുലറിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തന പരിപാടികൾ വിശദീകരിച്ചിട്ടുണ്ട്. ആ പരിപാടികളുടെ കേന്ദ്രീകൃതപ്രവർത്തനത്തിനായി കോട്ടയത്ത് എ.കെ.സി.സി. രജിസ്ററേർഡ് ഓഫീസിൽ പ്രത്യേക ഓഫീസ് തന്നെ തുറന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. കേരളസഭയെ മുഴുവൻ ഒന്നായി കണ്ടുകൊണ്ട് "ഐക്യത്തിലേക്കുള്ള നാഥന്റെ വിളി" ശ്രവിച്ചു

www.malankaralibrary.com

കൊണ്ട് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്കരിച്ചിരിക്കുന്ന പരിപാടികൾ വിജയിപ്പിക്കാൻ ദൈവജനം ഒററക്കെട്ടായി ശ്രമിക്കേണ്ടതാണ്. കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരും ശാഖകളും രൂപതാസംഘങ്ങളും ബഹുമാനപ്പെട്ട ഇടവകവികാരിമാരും കോൺഗ്രസ്സിന്റെ ശ്രമങ്ങളെ വിജയ പഥത്തിലെത്തിക്കാൻ ആത്മാർത്ഥമായി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

05-11-85

## 83

# സ്വകാര്യവിദ്യാലയങ്ങൾ

വിദ്യാഭ്യാസരംഗത്ത് ഇവിടുത്തെ ക്രൈസ്തവ സമുദായം വിലപ്പെട്ട സേവനങ്ങളാണ് അനുഷ്ഠിച്ചിട്ടുള്ളത്. കേരളത്തെ വിദ്യാഭ്യാസരംഗത്ത് മററു സംസ്ഥാനങ്ങളുടെ മുൻപന്തിയിലെത്തിച്ചത് ഇവിടുത്തെ ക്രൈസ്തവസമുദായ മാണ്. ക്രൈസ്തവസമുദായത്തിന്റെ വിദ്യാഭ്യാസരംഗത്തെ വിലപ്പെട്ട സേവനങ്ങളെ രാഷ്ട്രീയപ്രവർത്തകരും ഭരണാധികാരികളും മുക്തകണ്ഠം പ്രശംസിക്കുക സാധാരണമാണ്. എന്നാൽ കുറെക്കാലമായി പുരോഗമന ത്തിന്റെ കുത്തക ഏറെറടുത്തിരിക്കുന്ന ചില വിദ്യാർത്ഥിയുവജനപ്രസ്ഥാ നങ്ങൾ സ്വകാര്യവിദ്യാലയങ്ങളെ തേജോവധം ചെയ്യുവാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. നേത്ര ചികിത്സാരംഗത്ത് ഇന്ത്യയിലെ ഒന്നാമത്തെ ആശുപത്രിയായ അങ്കമാലി ലിററിൽ ഫ്ളവർ ആശുപത്രിയിൽ ഒരു ബിരുദാന ന്തരകോഴ്സ് ആരംഭിക്കുവാനുള്ള നീക്കത്തിനെതിരായി കഴിഞ്ഞവർഷമുണ്ടായ പ്രക്ഷോഭണങ്ങൾ - ഈ വർഷം പോളിടെക്നിക് പ്രൈവററ് മേഖലയിൽ അനുവദിക്കുന്നതിനെതിരായി നടന്ന പ്രക്ഷോഭണങ്ങൾ മുതലായവ ഇന്നത്തെ സമൂഹം വളരെ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസരംഗത്ത് രാഷ്ട്രം വേണ്ടത്ര ശ്രദ്ധചെലുത്താതിരുന്ന ഒരു കാലഘട്ടത്തിലാണ് ക്രൈസ്ത വസമുദായം പള്ളികളോടനുബന്ധിച്ച് വിദ്യാലയങ്ങൾ ആരംഭിച്ചത്. സ്വകാര്യ മേഖലയിൽ പ്രവേശനത്തിന് അപേക്ഷയുമായി ക്യൂ നില്ക്കുന്നവർപോലും സ്വകാര്യവിദ്യാലയങ്ങളെ തള്ളിപ്പറയുന്നതും സ്വകാര്യവിദ്യാലയങ്ങൾക്കെതിരെ പ്രക്ഷോഭണം സംഘടിപ്പിക്കുന്നതും ഇന്ന് ഒരു സർവ്വസാധാരണമായിത്തീർന്നി രിക്കുകയാണ്. ഇതിന് ഒരു മാററം വരുത്തേണ്ടിയിരിക്കുന്നു. വേണ്ടത്ര വിദ്യാ ലയങ്ങൾ സ്ഥാപിക്കുവാനും ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുവാനും സർക്കാരിന് ഇന്ന് സാദ്ധ്യമല്ല. സാമ്പത്തിക പരാധീനത യാണ് അതിനു കാരണം. ഈ സാഹചര്യത്തിൽ സ്വകാര്യമേഖലയെ ആശ്ര യിക്കുക മാത്രമാണ് ഏക പോംവഴി. ആ വഴിക്കു ചിന്തിച്ച് കൂടുതൽ എൻജി നീയറിംഗ് കോളേജുകളും പോളി ടെക്നിക്കുകളും മെഡിക്കൽ കോളേജുകളും സ്ഥാപിച്ച് നമ്മുടെ സംസ്ഥാനത്തെ മററിതര സംസ്ഥാനങ്ങളുടെ മുൻപ ന്തിയിലേക്കു നയിക്കുവാൻ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

05-10-1985

www.malankaralibrary.com

## 84

# യോജനയിലെ മതവിരുദ്ധലേഖനങ്ങൾ

ഭാരതം ഒരു മതേതരരാഷ്ട്രമാണ്. ഇന്ത്യയിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും മതവിശ്വാസികളാണ്. മതവിശ്വാസമില്ലാത്തവരും ഭാരതത്തിൽ ഉണ്ട്. മതവിശ്വാസികളോടും മതവിശ്വാസമില്ലാത്തവരോടും ഒരേ സമീപനം ആണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. എന്നാൽ മതവിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ട് ഒരു സർക്കാർ പ്രസിദ്ധീകരണം രംഗത്തിറങ്ങിയിരിക്കുകയാണ്. ഇതു നാം വിഭാവന ചെയ്യുന്ന മതേതര രാഷ്ട്രത്തിനു ഭൂഷണമല്ല.

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി കേന്ദ്രഗവൺമെന്റിന്റെ പബ്ലിക്കേഷൻ ഡിവിഷൻ പ്രസിദ്ധീകരിക്കുന്ന യോജന ദ്വൈവാരികയുടെ ആഗസ്ററ് 15-ലെ വിശേഷാൽ പതിപ്പിൽ ഇരുപതിൽപരം മതവിരുദ്ധലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇന്ത്യയിലെ നാനാജാതി മതസ്ഥരും വായിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി 10 ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന ദ്വൈവാരികയാണു യോജന. മതം അസംബന്ധമാണ്. മതസഹിഷ്ണുത അസംബന്ധമാണ്. മതഗ്രന്ഥങ്ങൾ അസംബന്ധമാണ്. മതാദ്ധ്യക്ഷന്മാർ അസംബന്ധമാണ്. ഗാന്ധിജി അസംബന്ധമാണ്. ഭരണഘടനയിലെ മതേതരത്വം അസംബന്ധമാണ്. മത ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാനുകൂല്യം അസംബന്ധമാണ്. എന്നെല്ലാമാണാ വിശേഷാൽ പതിപ്പിൽ എഴുതിയിരിക്കുന്നത്. ഒരു ഗവൺമെന്റു പ്രസിദ്ധീകരണം ഇപ്രകാരമുള്ള ആശയങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ അത് സർക്കാരിന്റെ ഔദ്യോഗിക നിലപാടാണെന്ന് തെററിദ്ധരിക്കുവാൻ ഇടയുണ്ട്. ആ തെററിദ്ധാരണ നീക്കുവാൻ കേന്ദ്രസർക്കാർ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണ്.

വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുവാൻ പ്രസിദ്ധീകരിക്കുന്ന യോജന മതവിദ്വേഷം വികസിപ്പിച്ചെടുക്കുവാനുള്ള ആസൂത്രണ പദ്ധതിയാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ യോജന പത്രാധിപരുടെമേൽ കർശനമായ നടപടികൾ എടുത്ത് സർക്കാർ പ്രസിദ്ധീകരണത്തിന്റെ അന്തസ്സ് നിലനിർത്തുവാൻ തയ്യാറാകണം. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന മതവിശ്വാസികളുടെ മതവിശ്വാസത്തെ ചോദ്യം ചെയ്തും മതപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾക്ക് സ്ഥാനം കൊടുക്കാതെയും മതവിരുദ്ധ ചിന്താഗതിക്കാരുടെ അഭിപ്രായങ്ങൾ മാത്രം പ്രകടിപ്പിക്കുവാൻ മുതിർന്ന യോജനയുടെ എഡിററർ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ദുർവിനിയോഗം ചെയ്തിരിക്കുകയാണ്. ഇത് ഗുരുതരമായ ഒരു പ്രശ്നമാണ്. കേന്ദ്രസർക്കാർ സത്വരമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം.

05-11-1985

www.malankaralibrary.com

## 85

# മലയോരങ്ങളിൽ കുടിയിറക്കു ഭീഷണി

കേരളത്തിലെ മലയോരങ്ങളിൽ അധിവസിക്കുന്ന ലക്ഷക്കണക്കിന് കുടിയേററ കർഷകർ വീണ്ടും കുടിയിറക്കു ഭിഷണിക്ക് വിധേയരായി തീർന്നിരിക്കുന്നു. കുടിയേററക്കാരെ കയ്യേററക്കാരെന്ന് മുദ്രകുത്തി കുടിയിറക്കുവാനുള്ള എത്രയെത്ര നീക്കങ്ങളാണ് കേരളസർക്കാർ മുൻകാലങ്ങളിൽ നടത്തിയിട്ടുള്ളത്. കുടിയിറക്ക് എന്നു കേൾക്കുമ്പോൾ ഉടുമ്പൻചോലയിലെ കുടിയിറക്കിന്റെയും അമരാവതിയിലെ കുടിയിരുത്തിന്റെയും ചുരുളികീരിത്തോട്ടിലെ വീടുകത്തിക്കലിന്റെയും പോലീസ് നരനായാട്ടിന്റെയും ഭീകരചിന്തകളാണ് നമ്മുടെ മനസ്സിൽ ആദ്യമേ ഉയർന്നുവരിക.

വനംവകുപ്പുമന്ത്രി 90000 ഏക്കർ സ്ഥലത്ത് അധിവസിക്കുന്ന കർഷകരെ കുടിയിറക്കുവാനുള്ള ഒരു പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇവരിൽ പലരും പട്ടയം കിട്ടിയ ഭൂമിയിൽ താമസിക്കുന്നവരാണ് എന്നതാണ് പരമാർത്ഥം. പട്ടയഭൂമിയിൽ താമസിക്കുന്നവർക്ക് ഇതിനുവേണ്ടി 90 കോടി രൂപായുടെ ഒരു പദ്ധതി സർക്കാർ തയ്യാറാക്കിയിരിക്കുകയാണ്. വർഷങ്ങളായി കുടിയേറി ദേഹണ്ഡങ്ങൾ വച്ചു പിടിപ്പിച്ച വസ്തുവിന് മന്ത്രി കൽപ്പിച്ച മൂല്യം തന്നെ പ്രശ്നത്തെ മന്ത്രി എത്ര ലാഘവത്തോടെയാണ് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുന്നതാണ്.

നിബിഡവനങ്ങൾ സംരക്ഷിക്കുന്നതിന്റെ പേരിൽ മന്ത്രി പ്രസ്താവിച്ചതുപോലെ ഒരു കുടിയിറക്കിന് ഒരുമ്പെട്ടാൽ നാൽപതിനായിരം കുടുംബങ്ങളെയായിരിക്കും അത് ബാധിക്കുക. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിൽ ആ കുടിയിറക്ക് വരുത്തിവയ്ക്കുന്ന നാശത്തെപ്പററി മന്ത്രി ചിന്തിച്ചിട്ടുണ്ടാവുകയില്ല. "വിനാശകാലേ വിപരീതബുദ്ധി" എന്നൊരു ചൊല്ല് ഉണ്ട്. ഭരണമുന്നണിയെ സംബന്ധിച്ചിടത്തോളം അത് യാഥാർത്ഥ്യമാവുകയാണ്. 1960-ലെ തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയ മുന്നണിക്ക് വിശിഷ്യ അതിന് നേതൃത്വം നൽകിയ കോൺഗ്രസ്സ് പാർട്ടിക്ക് 1965, 67 എന്നീ വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ നേരിട്ട പരാജയത്തിന് കാരണം കുടിയിറക്കുകളാണ്.

വനംവകുപ്പു മന്ത്രിയുടെ ഭാവനയിൽ ഇരിക്കുന്ന കുടിയിറക്ക് നടപടികൾ ഉപേക്ഷിക്കണമെന്നഭ്യർത്ഥിക്കുന്നു. ആ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് അനുമതി നൽകരുതെന്ന് കേന്ദ്രഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു. ജനവികാരം കണക്കിലെടുക്കാതെ കുടിയിറക്കിന് ഒരുമ്പെട്ടാൽ അതിനെ ശക്തിയായി നേരിടുമെന്ന് കേരളാ ഗവൺമെന്റിന് മുന്നറിയിപ്പ് നൽകുവാൻ ആഗ്രഹിക്കുന്നു.

05-02-86

www.malankaralibrary.com

## 86

# മാർപ്പാപ്പായ്ക്ക് സ്വാഗതം

ചരിത്രത്തിലാദ്യമായി കേരളത്തിന്റെ മണ്ണിൽ ഒരു മാർപ്പാപ്പാ ഫെബ്രുവരി 7-ാം തീയതി കാലുകുത്തുകയാണ്. വി. പത്രോസിന്റെ 264-ാമത്തെ പിൻഗാമിയും എൺപതുകോടി കത്തോലിക്കരുടെ ദൃശ്യതലവനും ലോക ധാർമ്മിക സമ്രാട്ടുമായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഐക്യത്തിന്റെ സന്ദേശവുമായിട്ടാണ് ഭാരതത്തിലേക്ക് വരിക. കഴിഞ്ഞ ആറേഴുമാസക്കാലമായി പ.പിതാവിനെ സ്വീകരിക്കുവാൻ കേരളീയർ ആത്മീയമായും ഭൗതികമായും ഒരുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു.

കേരളത്തിലെയെന്നല്ല ഭരതത്തിലെതന്നെ മറേറത് പ്രസ്ഥാനത്തേക്കാളും മാർപ്പാപ്പായെ സ്വീകരിക്കുവാൻ ജനങ്ങളെ ഒരുക്കുന്നതിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് മുൻപന്തിയിലാണ് നിന്നിരുന്നത് എന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കുവാൻ സാധിക്കും. കത്തോലിക്കാ സഭയുടെ പരമോന്നത ഇടയൻ എന്ന നിലയിൽ നടത്തുന്ന സന്ദർശനത്തിന്റെ അജപാലനപരമായ ലക്ഷ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി വിപുലവും ബൃഹത്തുമായ പദ്ധതികളാണ് കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്.

കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനപരിപാടികളുടെ കേന്ദ്രീകൃത പ്രവർത്തനത്തിനായി 1985 സെപ്ററംബർ 9-ാം തീയതി കേന്ദ്ര സെക്രട്ടറിയേററ് തന്നെ തുറന്നു പ്രവർത്തനം ആരംഭിച്ചു. പോപ്പിന്റെ പഞ്ചവർണ്ണത്തിലുള്ള ചിത്രത്തോടുകൂടിയ മനോഹരമായ കലണ്ടർ പ്രസിദ്ധപ്പെടുത്തി. എല്ലാ ഭവനങ്ങളിലും പോപ്പിന്റെ ചിത്രം പ്രദർശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു പ്രസ്തുത പരിപാടി. കേരളസന്ദർശനത്തിന്റെ അജപാലനപരമായ ലക്ഷ്യം വിശദീകരിച്ചുകൊണ്ടും ആത്മീയവും ഭൗതികവുമായു ഉണർവ് ജനങ്ങൾക്ക് നൽകുന്നതിനുമായി കേരളത്തിലെ 12 കേന്ദ്രങ്ങളിൽവച്ച് പാപ്പാ സെമിനാർ സംഘടിപ്പിച്ചു. കോളേജ് ഹൈസ്കൂൾ തലങ്ങളിലുള്ള വിദ്യാർത്ഥികൾക്കായി പ്രസംഗ ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിച്ചു. പാപ്പായുടെ കേരള സന്ദർശനത്തിന്റെ ശാശ്വതസ്മരണ നിലനിർത്തുവാനായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിനുള്ള ശ്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പേപ്പൽ പതാക ഉയർത്തുന്നതിനും പ്രത്യേക പ്രാർത്ഥന നടത്തുന്നതിനും ഉള്ള പരിപാടികൾ ആദ്യമായി എ.കെ.സി.സി. സമുദായ സന്നിധിയിൽ അവതരിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്കരിച്ച പ്രവർത്തന പരിപാടികളുടെ ചുവടുപിടിച്ചാണ് പിന്നീട് ഔദ്യോഗികതലങ്ങളിൽനിന്നും പരിപാടികൾ കരുപ്പിടിപ്പിച്ചിരിക്കുന്നത് എന്ന് നിസ്സംശയം പറയാവുന്നതാണ്.

ഐക്യത്തിലേക്കുള്ള നാഥന്റെ വിളിയുമായി ഭാരതത്തിൽ എത്തുന്ന പോപ്പ് ജോൺപോൾ രണ്ടാമന് കേരളത്തിലേക്ക് സ്വാഗതം നേരുവാൻ

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ്സിന് അതിയായ സന്തോഷമുണ്ട്. കഴിഞ്ഞ ആറു മാസക്കാലത്തെ തയ്യാറെടുപ്പാണ് എ.കെ. സി.സി. ഇതിനായി നടത്തിയത്. ഒരു സമുദായ സംഘടനയെന്ന നിലയിൽ പാപ്പാ സന്ദർശനം പ്രമാണിച്ച് കത്തോലിക്കാ കോൺഗ്രസ്സ് കടമ പൂർണ്ണമായി നിർവ്വഹിച്ചുവെന്ന് അഭിമാനിക്കാവുന്നതാണ്. ആനന്ദത്തോടും ആഹ്ലാദത്തോടും അഭിമാനത്തോടുംകൂടെ പാപ്പായെ കേരളത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

'ഐക്യത്തിലേക്കുള്ള നാഥന്റെ വിളി'യുമായാണ് ജോൺ പോൾ രണ്ടാമൻ ഭാരതത്തിലേക്കു വരിക. നാഥന്റെ വിളി നാം ശ്രദ്ധാപൂർവ്വം ശ്രവിക്കണം. ആ വിളിക്ക് നാം ക്രിസ്തീയമായ പ്രത്യുത്തരം നൽകണം. അതിന് സാധിച്ചെങ്കിൽ മാത്രമേ പാപ്പായുടെ കേരളസന്ദർശനം വിജയപ്രദമാവുകയുള്ളൂ.

05-02-86

## 87

# മാർപ്പാപ്പായുടെ ഇന്ത്യാസന്ദർശനം

കത്തോലിക്കാസഭയുടെ പരമോന്നത ഇടയനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ തിരുമേനിയുടെ ഭാരതസന്ദർശനം വിജയപ്രദമാക്കുന്നതിന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരുന്നു. മാർപാപ്പാ ഐക്യത്തിന്റെ സന്ദേശവുമായിട്ടാണ് ഭാരതത്തിലേയ്ക്കു വന്നത്. ഐക്യത്തിലേയ്ക്കുള്ള നാഥന്റെ വിളി ശ്രവിക്കുവാൻ ജനങ്ങളെ സജ്ജമാക്കുകയെന്ന മഹനീയ കർത്തവ്യത്തിലാണ് കത്തോലിക്കാ കോൺഗ്രസ്സ് ശ്രദ്ധ കേന്ദ്രീകരിച്ചത്. പാപ്പാ സന്ദർശനത്തിന് ജനങ്ങളെ ഒരുക്കുന്നതിന് ആറുമാസക്കാലത്തെ ഒരു തീവ്രയത്നപരിപാടിയാണ് എ.കെ.സി.സി. നടപ്പിലാക്കിയത്.

കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ എന്നീ കേന്ദ്രങ്ങളിലാണ് മാർപാപ്പാ സന്ദർശനം നടത്തിയത്. അനേകലക്ഷം ആളുകളാണ് ഓരോ കേന്ദ്രത്തിലും പാപ്പായെ സന്ദർശിക്കുവാൻ എത്തിച്ചേർന്നത്. പാപ്പാസന്ദർശനം വലിയ ഒരു സംഭവമായി ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്നതിന് സംശയത്തിനവകാശമില്ല. ഇന്ത്യയിൽ മൊത്തത്തിലും വിശിഷ്യ കേരളത്തിൽ പാപ്പായുടെ സന്ദർശനാവസരത്തിൽ അൽമായർക്ക് വേണ്ടത്ര പരിഗണനയും അംഗീകാരവും നൽകിയില്ലായെന്ന് ഒരു ആക്ഷേപമുണ്ട്. ഒരു പരിധിവരെ അത് ശരിയുമാണ്. അല്ല പൂർണ്ണമായും ശരിയാണ്. പാപ്പായുടെ സന്ദർശനാവസരത്തിൽ സമുദായ സംഘടനാ നേതാക്കൾക്കോ, ഭക്ത സംഘടനാ നേതാക്കൾക്കോ, പാപ്പായെ നേരിട്ടുകണ്ട് സംഭാഷണം നടത്താൻ അവസരം ലഭിച്ചില്ലെന്നുള്ളത് ദുഃഖകരമായ ഒരു വസ്തുതയാണ്. ഇത് നിസ്സാരമായ ഒരു കാര്യമായി കരുതാവുന്നതല്ല. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷവും അൽമായരുടെ സ്ഥാനവും നിലയും എന്ത് എന്ന് നാം വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. റീത്ത് പ്രാദേശിക ചിന്താഗതി

www.malankaralibrary.com

കൾക്കതീതമായി കേരളത്തിലെ അൽമായർ ഈ അവഗണനയെപ്പററി ഉറക്കെ ചിന്തിക്കാൻ തയ്യാറാകേണ്ടതാണ്. അതിന് നാം തയ്യാറാകുന്നില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കും. അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും. സമുദായസ്നേഹികളേ ഉണരുക, ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുവാനും സമുദായത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാനും തയ്യാറെടുക്കുക.

05-04-86

## 88

# കത്തോലിക്കാ നേതൃകൺവെൻഷൻ

രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗോളകത്തോലിക്കാസഭയിൽ വലുതായ പരിവർത്തനത്തിന് തുടക്കം കുറിക്കുകയും സഭയിൽ അൽമായർക്കുള്ള സ്ഥാനവും ഉത്തരവാദിത്വവും വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ ഭാരതസഭയിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പററി ചർച്ച ചെയ്യുവാൻ 1968-ൽ ആലുവായിൽ വച്ചു റീജണൽ സെമിനാറും 1969-ൽ ബാംഗ്ലൂർവച്ചു ദേശീയസെമിനാറും സംഘടിക്കപ്പെട്ടു. കെ.സി.ബി.സി.യും സി.ബി.സി.ഐ.യും ഈ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചു. റീജയണൽ സെമിനാറിന്റെയും ദേശീയ സെമിനാറിന്റെയും തീരുമാനങ്ങൾ പ്രാവർത്തികമാക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നുവെങ്കിലും അതിനനുസരണമായി യാതൊരു നടപടികളും ഭാരതസഭ കൈക്കൊണ്ടില്ല.

1985 നവംബറിൽ മെത്രാന്മാരുടെ സിനഡിന്റെ ഒരു അസാധാരണയോഗം റോമിൽ നടക്കുകയുണ്ടായി. വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ ആഗോളസഭയിൽ എന്തുമാത്രം പ്രാവർത്തികമാക്കിയെന്നതിനെപ്പററി ഒരു വിലയിരുത്തൽ നടത്തുകയായിരുന്നു സിനഡിന്റെ പ്രധാനലക്ഷ്യം എന്ന് വാർത്തകളിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഇടവക, രൂപത, റീജയൻ, അടിസ്ഥാനത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടി ചർച്ചചെയ്യണമെന്നും റിപ്പോർട്ട് സിനഡിൽ സമർപ്പിക്കണമെന്നുമായിരുന്നു നിർദ്ദേശം. ആ രീതിയിലുള്ള ഒരു നടപടിയും കേരളസഭയിൽ ഉണ്ടായതായി അറിവില്ല. വഞ്ചി ഇന്നും തിരുനക്കരെത്തന്നെ. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള നടപടികളെപ്പററി ചർച്ച ചെയ്യുവാനും 1968ലെ റീജിയണൽ സെമിനാറിന്റെയും 1969-ലെ ദേശീയസെമിനാറിന്റെയും നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുന്നതിനും അൽമായ സംഘടനകൾക്ക് സഭയിലുള്ള ഉത്തരവാദിത്വത്തെപ്പററിയും മററും വിശദമായി ചർച്ച ചെയ്യുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുമായി കത്തോലിക്കരായ ചിന്തകന്മാരുടെയും സാമൂഹ്യപ്രവർത്തകരുടെയും ഒരു നേതൃകൺവെൻഷൻ വിളിച്ചുകൂട്ടുവാൻ എ.കെ.സി.സി. വർക്കിംഗ് കമ്മററി തീരുമാനിച്ചിരിക്കുകയാണ്. മേയ് മാസത്തിൽ കോട്ടയത്ത് കൺവെൻഷൻ

www.malankaralibrary.com

നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ നേതൃകൺവൻഷന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

05-04-86

## 89

# എ.കെ.സി.സി. സമൂഹവിവാഹം

ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കേരളസന്ദർശനം അവിസ്മരണീയമാക്കുവാൻ എ.കെ.സി.സി. മാനന്തവാടി രൂപതാസംഘം ഒരു സമൂഹ വിവാഹം ഫെബ്രുവരി 3-ന് സംഘടിപ്പിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടത്ര സാമ്പത്തികസഹായം നല്കിക്കൊണ്ടാണ് ഈ സമൂഹവിവാഹം സംഘടിപ്പിച്ചത്. സമൂഹത്തിലെ നിർദ്ധനരായ നിരവധി യുവതീയുവാക്കൾ സാമ്പത്തിക പരാധീനതകൊണ്ട് വിവാഹിതരാകുവാൻ സാധിക്കാതെ വന്നിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അവർക്ക് ഒരു ആശ്രയമായി വർത്തിക്കുവാൻ എ.കെ.സി.സി. മാനന്തവാടി രൂപതാസംഘം തയ്യാറായി മുന്നോട്ടു വന്നത് സന്തോഷകരമായ വസ്തുതയാണ്.

ആഭരണമില്ലാതെ, സ്ത്രീധനമില്ലാതെ ഉന്നതമായ ലക്ഷ്യങ്ങളോടെ ആദ്യമായി സമൂഹവിവാഹം സംഘടിപ്പിച്ചത് പ്രസിദ്ധ സമൂഹ്യപ്രവർത്തകനായ ഫാ. ജോസഫ് വടക്കനാണ്. അതുപോലെതന്നെ ഭവനനിർമ്മാണ പദ്ധതിയുടെയും സൂത്രധാരൻ ഫാ. വടക്കനാണ്. വടക്കനച്ചന്റെ വിശാലവീക്ഷണത്തിന് മുമ്പിൽ ഈയവസരത്തിൽ ഞങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ശക്തമായ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്ന മാനന്തവാടി രൂപതാ സംഘത്തിന് അഭിനന്ദനങ്ങൾ. രൂപതാസംഘത്തിന്റെ ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അവറുകളുടെ നേതൃത്വം സംഘടനയ്ക്ക് ഒരു വിലപ്പെട്ട മുതൽക്കൂട്ടുതന്നെയാണ്. ഫാ. വെട്ടിക്കുഴിച്ചാലിൽ അവർകൾക്കും അഭിനന്ദനങ്ങൾ.

05-04-86

## 90

# എ.കെ.സി.സി. നേതൃകൺവെൻഷൻ

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് 1986 ജൂൺ 20, 21 തീയതികളിൽ കോട്ടയത്ത് സ്പിരിച്ചാലിറ്റി സെന്ററിൽ കത്തോലിക്കരായ ചിന്തകന്മാരുടെയും സാമൂഹ്യപ്രവർത്തകരുടെയും ഒരു നേതൃസമ്മേളനം വിളിച്ചുകൂട്ടുകയാണ്. അടുത്ത വർഷം നടക്കാനിരിക്കുന്ന സിനഡിന്റെ പഠനവിഷയം "സഭയിലും ലോകത്തിലും അൽമായരുടെ ദൈവവിളിയും ദൗത്യവും - രണ്ടാം

www.malankaralibrary.com

വത്തിക്കാൻ സൂനഹദോസിന് ഇരുപതുവർഷങ്ങൾക്കു ശേഷം " എന്നുള്ളതാണല്ലോ. കേരളസഭയെ സംബന്ധിച്ചിടത്തോളം ഇതേററവും പ്രസക്തമായ വിഷയമാണ്. ക്രൈസ്തവർ ന്യൂനപക്ഷമായ ഭാരതത്തിൽ വരുംകാലങ്ങളിൽ സഭയിലും സമൂഹത്തിലും അൽമായർക്ക് നിർണ്ണായകമായ ഒരു പങ്കായിരിക്കും വഹിക്കേണ്ടി വരിക. എന്നാൽ ഇന്നത്തെ സഭയിൽ അൽമായർ അവഗണിക്കപ്പെടുന്നു എന്നൊരു പരാതിയുണ്ട്. അൽമായർക്ക് സഭയിലുള്ള സ്ഥാനം, അവരുടെ ഉത്തരവാദിത്വങ്ങൾ, അവകാശങ്ങൾ എന്നിവയെക്കുറിച്ച് നേതൃതലത്തിലെങ്കിലും ആഴത്തിലുള്ള അവബോധം ഉണ്ടാകേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിയാണ് കത്തോലിക്കാ കോൺഗ്രസ്സ് ഒരു നേതൃകൺവെൻഷൻ വിളിച്ചുകൂട്ടുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷവും ഭാരതസഭയിൽ അൽമായർക്കുള്ള പങ്കാളിത്തം വേണ്ടത്ര ലഭിക്കുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ കേരളസഭയിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പററി ചർച്ച ചെയ്യുവാൻ 1968-ൽ ആലുവായിൽ സംഘടിപ്പിച്ച റീജണൽ സെമിനാറിന്റെ ശുപാർശകൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ലന്നുള്ളത് ദുഃഖകരമായ ഒരു വസ്തുതയാണ്. ഇക്കഴിഞ്ഞ വർഷം മംഗലാപുരത്തുചേർന്ന അൽമായ പ്രതിനിധി സമ്മേളനത്തിന്റെ ശുപാർശകളുടെയും സ്ഥിതി ഇതുതന്നെയാണ്. ഈ സാഹചര്യത്തിൽ വസ്തുനിഷ്ഠമായ ഒരു വിലയിരുത്തൽ നടത്തുവാനും അൽമായർക്ക് സഭയിലുള്ള ഉത്തരവാദിത്വങ്ങൾ ഏറെറടുക്കാവാനും നാം തയ്യാറാകേണ്ടതാണ്. അതിനു സഹായകരമായ വിധത്തിൽ നേതൃസമ്മേളനം ചർച്ചകൾ നടത്തട്ടെയെന്നാശംസിക്കുന്നു. നേതൃസമ്മേളനം കേരളസഭയുടെ ചരിത്രത്തിൽ നിർണ്ണായകമായ ഒരു കാൽവെയ്പായിരിക്കും. ചിരപുരാതനങ്ങളായ കേരളസഭാപാരമ്പര്യങ്ങളെ പ്രത്യേകിച്ച് ഘടനാപരമായ ദർശനങ്ങളെ, കാലഘട്ടത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് പുനരുജ്ജീവിപ്പിക്കാൻ ഈ സമ്മേളനത്തിന് കഴിയട്ടെയെന്നാശംസിക്കുന്നു. നേതൃസമ്മേളനത്തിന് വിജയങ്ങൾ നേരുന്നു.

05-04-86

## 91

# കത്തോലിക്കാനേതൃസമ്മേളനം

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ജൂൺ 20,21 തീയതികളിൽ കോട്ടയത്ത് വടവാതൂർ സ്പിരിച്ചാലിററി സെന്ററിൽ ചേർന്ന കത്തോലിക്കരായ ചിന്തകന്മാരുടെയും സാമൂഹ്യപ്രവർത്തകരുടെയും സമ്മേളനം, കത്തോലിക്കാകോൺഗ്രസ്സിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്. വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന 105 അൽമായരും 16 വൈദീകരും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. "സഭയിലും ലോകത്തിലും അൽമായരുടെ വിളിയും ദൗത്യവും - രണ്ടാംവത്തിക്കാൻ കൗൺ

www.malankaralibrary.com

സിലിന് ഇരുപതുവർഷങ്ങൾക്കുശേഷം" എന്ന വിഷയത്തെപ്പററി ചർച്ച ചെയ്യാൻ മെത്രാന്മരുടെ സിനിഡ് റോമിൽ സമ്മേളിക്കാൻ നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ ചേർന്ന ഈ നേതൃസമ്മേളനം "അൽമായ പങ്കാളിത്തം കേരളസഭയിൽ – പ്രശ്നങ്ങളും വെല്ലുവിളികളും" എന്ന വിഷയത്തെപ്പററിയാണ് സമഗ്രപഠനം നടത്തിയത്. സമ്മേളനത്തിൽ പങ്കെടുത്തവർ തുറന്ന ചർച്ചതന്നെ നടത്തി. സഭയുടെ നന്മയെ കാംക്ഷിക്കുന്ന വിവിധതലങ്ങളിലുള്ള നേതാക്കൾ നടത്തിയ പരാമർശങ്ങൾ കണ്ടില്ലെന്നു വയ്ക്കുവാൻ സഭാനേതൃത്വത്തിന് സാധിക്കുകയില്ല. നേതൃസമ്മേളനം അംഗീകരിച്ച സമാപനസന്ദേശം ചർച്ചകളുടെ ആകെത്തുകയാണ്.

സഭയിൽ വലുതായ പരിവർത്തനത്തിന് നാന്ദികുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരളസഭയിൽ എന്തുമാത്രം നടപ്പിലാക്കി, അൽമായർക്ക് ഇന്ന് സഭയിലുള്ള സ്ഥാനം എന്ത് എന്നീ വിഷയങ്ങളെപ്പററി അംഗങ്ങൾ അഭിപ്രായപ്രകടനങ്ങൾ നടത്തി. രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞ് രണ്ട് ദശകങ്ങൾ കഴിഞ്ഞിട്ടും കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാൻ കേരളസഭ മുന്നോട്ടു വരാത്തതിൽ നേതൃസമ്മേളനത്തിൽ പങ്കെടുത്തവർ പ്രതിഷേധിക്കുകതന്നെ ചെയ്തു. വികാരങ്ങൾക്കടിമപ്പെടാതെ വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തുന്നതിന് നേതൃസമ്മേളനത്തിന് സാധിച്ചുവെന്നത് ഒരു പരമാർത്ഥമാണ്.

സഭയും സമുദായവും രാഷ്ട്രവും പ്രതിസന്ധികളെ നേരിട്ട സന്ദർഭങ്ങളിലെല്ലാം എ.കെ.സി.സി. സമുദായാംഗങ്ങളുടെ മുഴുവൻ വികാരങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി സമുദായനേതാക്കളുടെ യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. അപ്രകാരം വിളിച്ചുകൂട്ടിയിട്ടുള്ള നേതൃസമ്മേളനങ്ങൾ വലുതായ പരിവർത്തനത്തിന് വഴിയൊരുക്കുകയും ചെയ്തിട്ടുണ്ട്.

കത്തോലിക്കാ സമുദായം ആന്തരികമായും ബാഹ്യമായും പല പ്രതിസന്ധികളെയും നേരിടുന്നുണ്ട്. അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടാണ് കത്തോലിക്കാകോൺഗ്രസ്സ് നേതൃസമ്മേളനം വിളിച്ചുകൂട്ടി ചർച്ചയ്ക്കൊരുങ്ങിയത്. സമ്മേളനത്തിൽ പങ്കെടുത്തവർ ചർച്ചകളിലൂടെ വിലപ്പെട്ട സംഭാവനകൾ നൽകുകയുണ്ടായി. പ്രതീക്ഷയോടും പ്രത്യാശയോടുംകൂടിയാണ് അവർ സമ്മേളനഹാളിൽ നിന്നും പുറത്തേക്കുപോയത്.

നേതൃസമ്മേളന, സമാപന സന്ദേശം അഭിവന്ദ്യ വൈദീകമേലദ്ധ്യക്ഷന്മാരുടെ പരിഗണനയ്ക്കും ചിന്തക്കുമായി സമർപ്പിച്ചിട്ടുണ്ട്. സമാപനസന്ദേശത്തിലൂടെ നേതൃസമ്മേളനം ഉന്നയിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ രൂപതാതലത്തിലും കേരളാകാത്തലിക് ബിഷപ്പ് കോൺഫറൻസ് തലത്തിലും അടിയന്തരമായ നടപടികൾ സ്വീകരിക്കുവാൻ ശ്രമിക്കേണ്ടതാണ്. രണ്ടു ദശകങ്ങൾക്കുമുൻപ് വത്തിക്കാൻ കൗൺസിൽ വിഭാവനചെയ്ത കാര്യങ്ങൾ ഇനിയും പ്രാവർത്തികമാക്കുവാൻ സഭാനേതൃത്വം ശ്രമിക്കുന്നില്ലെങ്കിൽ അത് കുററകരമായ അനാസ്ഥ തന്നെയാണ്. കഴിഞ്ഞ ഇരുപതുവർഷങ്ങളിൽ വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും കേരളാ റീജണൽ സെമിനാറിന്റെ

www.malankaralibrary.com

തീരുമാനങ്ങളും ഏതളവിൽ ഇവിടെ പ്രാവർത്തികമാക്കി എന്ന് ഒരു വിലയിരുത്തൽ നടത്തുവാൻ സഭാനേതൃത്വം അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെപ്പററി ചർച്ച നടത്തുവാൻ നേതൃസമ്മേളനം വിളിച്ചുകൂട്ടിയ കത്തോലിക്കാകോൺഗ്രസ്സ്, ആ സമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. സമ്മേളനത്തിന്റെ വിജയത്തിന് സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

05-08-1986

## 92

# നേതൃസമ്മേളനം എന്തിന്

കേരളകത്തോലിക്കരുടെ പൊതു സമുദായസംഘടനയാണ് അഖില കേരള കത്തോലിക്കാ കോൺഗ്രസ്. 1905-ൽ മാന്നാനത്തു ചേർന്ന സാമൂഹ്യ സമ്മേളനമാണ് കത്തോലിക്കാകോൺഗ്രസിന് ആരംഭംകുറിച്ചതെങ്കിലും സംഘടനാരൂപത്തിൽ ഭരണഘടനയോടുകൂടി പ്രവർത്തനം ആരംഭിച്ചത് 1918-ലാണ്. കത്തോലിക്കാ മഹാജനസഭയെന്നായിരുന്നു ആദ്യത്തെ പേര്. 1930-ൽ അഖിലകേരളകത്തോലിക്കാകോൺഗ്രസ് എന്ന പേര് സ്വീകരിച്ചു.

കത്തോലിക്കാകോൺഗ്രസിന്റെ ഭരണഘടന കേരളാ കാത്തലിക് ബിഷപ്സ് കോൺഫറൻസ് അംഗീകരിച്ചിട്ടുള്ളതാണ്. കത്തോലിക്കാ കോൺഗ്രസ് ഭരണഘടന എറണാകുളം വികാരി അപ്പസ്തോലിക്ക ആയ മാർ ളൂയീസ് പഴേപറമ്പിൽ തിരുമേനി പരിശോധിക്കുകയും അംഗീകാരം നൽകുകയും ചെയ്തു. ഭരണഘടനയിൽ സഭാഭരണസംബന്ധമായ കാര്യങ്ങളിൽ കോൺഗ്രസ് ഇടപെടുകയില്ലെന്ന വ്യവസ്ഥ ഉൾക്കൊള്ളുന്ന വകുപ്പുകൂടി കൂട്ടിച്ചേർക്കാൻ ളൂയീസ് തിരുമേനി ആവശ്യപ്പെട്ടു. അപ്രകാരം ചേർത്ത വകുപ്പ് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഒട്ടും സ്വീകാര്യമല്ലെങ്കിലും ഇന്നും ആ വകുപ്പ് ഭരണഘടനയിൽ തുടരുന്നു.

കത്തോലിക്കാകോൺഗ്രസ് സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപ് മുൻനിന്നു നടത്തിയ പൗരസമത്വവാദ പ്രക്ഷോഭണം, നിവർത്തനപ്രക്ഷോഭണം, 1946-ലെ വിദ്യാഭ്യാസപ്രക്ഷോഭണം മുതലായവയും ഉത്തരവാദഭരണപ്രക്ഷോഭണത്തിൽ വഹിച്ച പങ്കും കോൺഗ്രസിന്റെ ചരിത്രം മഹത്വപൂർണ്ണമാക്കിയിരിക്കുകയാണ്. തിരുവിതാംകൂറിന്റെ ചരിത്രം രൂപപ്പെടുത്തുന്നതിൽ എ.കെ.സി.സി. നയിച്ച സമരങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ശ്രീ. പനമ്പള്ളിയുടെ വിദ്യാഭ്യാസപദ്ധതിക്കെതിരായും മുണ്ടശ്ശേരി പദ്ധതിക്കെതിരായും പുതിയ സമരനിര പടുത്തുയർത്തിയ കത്തോലിക്കാകോൺഗ്രസ് 1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിനെ

www.malankaralibrary.com

താഴെയിറക്കാൻ നടത്തിയ വിമോചനസമരത്തിന്റെ പശ്ചാത്തലം ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് വഹിച്ചിട്ടുള്ളത്. അറുപതുകളുടെ ആരംഭം കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യവനപ്രദേശങ്ങളിലും അധിവസിക്കുന്ന ഇരുപത്തഞ്ച് ലക്ഷത്തോളം വരുന്ന കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കുവാൻ ധീരമായി രംഗത്തിറങ്ങുകയും ഒരു ബഹുജന മുന്നേററത്തിന് നേതൃത്വം നൽകുകയും ചെയ്തത് കോൺഗ്രസാണ്.

ക്രിസ്ത്യൻ പിൻതുടർച്ചാവകാശനിയമം, ക്രിസ്ത്യൻ വിവാഹ നിയമം, ദേവാലയങ്ങളും സിമററികളും സ്ഥാപിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ - തുടങ്ങി സമുദായം നേരിട്ട ഒരോ പ്രശ്നവും രൂപം കൊണ്ടപ്പോൾ സമുചിതമായ നടപടികൾ കോൺഗ്രസ് സ്വീകരിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ (1957-ലെ) ഭരണകാലത്ത് പാഠ്യപുസ്തകങ്ങളിലെ ഗുരുതരമായ തെററുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എ.കെ.സി.സി. പ്രസിദ്ധീകരിച്ച പുസ്തകങ്ങളും കോൺഗ്രസ് ഓരോ പ്രശ്നത്തെയും മുൻകരുതലോടെയാണ് കൈകാര്യം ചെയ്യുന്നതെന്നുള്ളതിന് തെളിവാണ്. എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഗ്രീഷ്മകാല വിദ്യാലയങ്ങൾ പോലുള്ള സംരംഭങ്ങൾ നല്ല നേതൃനിരയെ വളർത്തിയെടുക്കുവാൻ സഹായിച്ചിട്ടുണ്ട്.

സഭയും സമുദായവും രാഷ്ട്രവും പ്രതിസന്ധികളെ നേരിട്ട സന്ദർഭങ്ങളിലെല്ലാം എ.കെ.സി.സി. സമുദായാംഗങ്ങളുടെ മുഴുവൻ വികാരങ്ങളും മനസ്സിലാക്കുന്നതിനായി സമുദായ നേതാക്കളുടെ യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. നിവർത്തന പ്രക്ഷോഭണകാലത്തും, വിദ്യാഭ്യാസപ്രക്ഷോഭണകാലത്തും 1957-ലെ കമ്മ്യൂണിസ്റ്റു ഭരണകാലത്തും ഇപ്രകാരം വിളിച്ചുകൂട്ടിയ സമ്മേളനങ്ങൾ നിർണായകങ്ങളായിരുന്നു. 1961-ലും 62-ലും കുടിയിറക്കു പ്രശ്നങ്ങൾ രൂക്ഷമായപ്പോൾ വിളിച്ചുകൂട്ടിയ നേതൃസമ്മേളനങ്ങൾ കേരള രാഷ്ട്രീയത്തിൽ വലിയ മാററങ്ങൾ വരുത്തുവാൻ ഇടനൽകിയിട്ടുണ്ട്. ഓരോ പ്രതിസന്ധിഘട്ടങ്ങളിലും സമുദായത്തിലെ സാമൂഹ്യപ്രവർത്തകരുടെയും ചിന്തകൻമാരുടെയും നേതൃസമ്മേളനങ്ങൾ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷമാണ് കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. തൻമൂലം സമുദായത്തിന് സുധീരമായ നേതൃത്വം നൽകുവാൻ എന്നും കോൺഗ്രസിനു സാധിച്ചിട്ടുണ്ട്.

ഇന്ന് എല്ലാ മണ്ഡലങ്ങളിലും മാററങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മതമേഖലയിലും വലിയ മാററങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. 68 വർഷങ്ങൾക്കുമുൻപ് സഭാഭരണസംബന്ധമായ കാര്യങ്ങളിൽ ഇടപെടരുതെന്ന് കോൺഗ്രസിന്റെ ഭരണഘടനയിൽ എഴുതിച്ചേർക്കാൻ മെത്രാന്മാർ നിർബന്ധിച്ചെങ്കിൽ ഇന്ന് സഭാഭരണസംബന്ധമായ കാര്യങ്ങളിൽ അൽമായർ പങ്കെടുക്കണമെന്നുമാത്രമല്ല അതവരുടെ അവകാശവും കടമയുമാണെന്നും ഉത്തരവാദിത്വം ഏറെറടുത്തു പ്രവർത്തിക്കുവാൻ തയ്യാറാകണമെന്നും റോമിൽ സമ്മേളിച്ച രണ്ടായിരത്തിലധികം മെത്രാന്മാർ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലൂടെ അൽമായരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ മാററത്തിന്റെ വെല്ലുവിളികളെ എങ്ങനെ ഫലപ്രദമായി സ്വീകരിക്കാം

www.malankaralibrary.com

എന്നതിനെപ്പററി സമഗ്രമായ ചർച്ചചെയ്യുന്നതിനാണ് ഈ നേതൃ സമ്മേളനം ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നത്. അൽമായർ ദൈവജനമാണെന്നും സഭയിൽ സമുന്നതമായ സ്ഥാനം അവർക്കുണ്ടെന്നും പ്രഖ്യാപനം നടന്നുകഴിഞ്ഞിട്ട് രണ്ടു ദശകങ്ങൾക്കു ശേഷമാണ് നാമിവിടെ സമ്മേളിക്കുക.

കേരളസഭക്ക് മഹത്തായ ഒരു പാരമ്പര്യമുണ്ട്. സഭയെ സംബന്ധിച്ച എല്ലാകാര്യങ്ങളിലും തീരുമാനം എടുത്തിരുന്നത് അൽമായ ഭൂരിപക്ഷമുള്ള യോഗങ്ങളായിരുന്നു. 16-ാം നൂററാണ്ടോടുകൂടിയാണ് ഈ പാരമ്പര്യം നഷ്ട മായത്. രണ്ടാം വത്തിക്കാൻ കൗൺസിൽ അൽമായർക്ക് സഭാസംബന്ധമായ കാര്യങ്ങളിൽ തുല്യ പരിഗണനനൽകണമെന്നു പ്രഖ്യാപിച്ചപ്പോൾ 16-ാം നൂററാണ്ടു വരെ കേരളസഭയിൽ നിലനിന്ന പാരമ്പര്യം ലോകമെമ്പാടും പ്രാവർ ത്തികമാക്കണമെന്നാണ് ഉൽബോധിപ്പിച്ചത്. മഹത്തായ ആ കേരള പാരമ്പര്യ ത്തെക്കുറിച്ചുതന്നെ ഇന്ന് കേരളസഭയിലെ അംഗങ്ങൾ പൂർണ്ണബോധവാന്മാരല്ല. വത്തിക്കാൻ കൗൺസിൽ സഭയിൽ അൽമായർക്കുള്ള സ്ഥാനത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതും എന്താണെന്ന് സാധാരണക്കാർക്ക് നിശ്ചയമില്ല.

അതേസമയം സഭയിൽ അവഗണിക്കപ്പെടുന്നുവെന്നൊരുതോന്നൽ....... അൽമായർക്ക് - വിശിഷ്യയുവജനങ്ങൾക്ക് അനുഭവപ്പെട്ടു. അൽമായരുടെ പങ്കാളിത്തത്തെപ്പററിയുള്ള അവരുടെ അഭിപ്രായങ്ങൾ ചെവിക്കൊള്ളുവാൻ തയ്യാറില്ലതാനും. അതുകൊണ്ട് അവർ ഇന്നത്തെ സമൂഹത്തെ വെറുപ്പോടെ വീക്ഷിക്കുകയും ചെയ്യുന്നു. ഇത് ഒററപ്പെട്ട ഒരു സംഭവമല്ല. പ്രതിഷേധവും അപസ്വരവും ഒന്നിനൊന്ന് ശക്തിപ്പെട്ടുവരികയാണ്.

കേരളത്തിൽ സഭയെ സംബന്ധിക്കുന്ന എല്ലാ തീരുമാനങ്ങളും മെത്രാൻ മാർ ഒററയ്ക്കോ അവരുടെ കൗൺസിലുകൾവഴിയോ ആണ് എടുത്തുകൊണ്ടിരി ക്കുന്നത്. സഭയ്ക്കുള്ളിൽ നേതൃത്വം പങ്കുവക്കാനുള്ള യാതൊരു ശ്രമവും കാണുന്നില്ല. വത്തിക്കാൻ കൗൺസിലിന്റെ തിരുസഭ എന്ന പ്രമാണരേഖയിലെ 4-ാം അദ്ധ്യായത്തിൽ അൽമായരുടെ പദവിയെയും ക്രിസ്തുവിന്റെ പൗരോഹി ത്യത്തിലും പ്രവാചകത്വത്തിലും അവർക്കുള്ള പങ്കാളിത്തത്തെയുംകുറിച്ച് പരാമർശിക്കുന്നുണ്ട്. 37-ാം വകുപ്പ് മുഴുവൻ തന്നെ അൽമായർക്ക് അവരുടെ ഇടയൻമാരോട് സംവാദത്തിനുള്ള അവകാശത്തെയും ബാധ്യതകളെയും കുറിച്ചാണ് പ്രതിപാദിക്കുന്നത്.

കൗൺസിൽ തീരുമാനങ്ങൾ എങ്ങനെ പ്രാവർത്തികമാക്കാമെന്നതി നെപ്പററി ആഗോളസഭയിൽ പല ചർച്ചകളും നടന്നു. ആ രീതിയിലുള്ള വിപുല മായ ചർച്ചകൾ കേരളത്തിലും ഭാരതത്തിലും നടന്നു. വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ സഭയുടെ ഇന്നുവരെയുള്ള പുരോഗതി വിലയിരുത്തുക, കുററങ്ങളും കുറവുകളും ചികഞ്ഞുപരിശോ ധിക്കുക, ഭാരതസഭയുടെ പ്രതിരൂപം കഴുകി വൃത്തിയാക്കുക എന്നിവ അടിയ ന്തരമായി നിർവ്വഹിക്കുവാൻഭാരതസഭയും മുന്നോട്ടുവന്നു. ഈ ലക്ഷ്യപ്രാപ്തി ക്കായി ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന വിഷയത്തെ ആസ്പദമാക്കി അഖിലേന്ത്യാടിസ്ഥാനത്തിൽ 1969-ൽ ബാംഗ്ളൂർ വച്ച് ഒരു സെമിനാർ

www.malankaralibrary.com

സംഘടിപ്പിച്ചു. അതിനു പ്രാരംഭമായി 1968 ഡിസംബറിൽ കേരള റീജണൽ സെമിനാറും സംഘടിപ്പിച്ചു. കൗൺസിൽ പ്രമാണരേഖകളുടെ വെളിച്ചത്തിൽ 13 വിഷയങ്ങളെപ്പററി സുദീർഘമായി ചർച്ചചെയ്തു. സഭയ്ക്ക് അഭിമാനത്തിന് നൽകുന്ന പല പുതിയനിർദ്ദേശങ്ങളും സമർപ്പിച്ചു. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സഭ സന്നദ്ധമാകുമെന്നുതന്നെ അവർ പ്രതീക്ഷിച്ചു. സെമിനാർ സംഘടിപ്പിക്കുവാൻ വൈദിക മേലദ്ധ്യക്ഷന്മാർ കാണിച്ചശുഷ്കാന്തി സെമിനാർ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ സഹായകരമാകുമെന്ന് സെമിനാർ അംഗങ്ങൾ പ്രതീക്ഷിച്ചു. എന്നതുതന്നെയല്ല സെമിനാർ തീരുമാനങ്ങൾ പരിഗണിക്കുമെന്ന് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി അസന്നിഗ്ധമായി സമാപനസമ്മേളനത്തിൽ പ്രസ്താവിക്കുകയും ചെയ്തു. സെമിനാറിനുശേഷം പുറപ്പെടുവിച്ച സെമിനാർ ഡൈജസ്ററിൽ ഇപ്രകാരം പത്രാധിപസമിതി എഴുതിയിരുന്നു. 'അനേകം നാളുകളായി അടച്ചുകെട്ടിയിരുന്ന കേരളസഭയിലെ നിരവധിജാലകങ്ങളും വാതിലുകളും വഴികളും ഇനി തുറക്കപ്പെടുവാൻ പോവുകയാണ്. സഭക്കുള്ളിലും പുറത്തും ഉയർന്നുവരുന്ന പൊതുജനാഭിപ്രായത്തിന്റെയും വിമർശനങ്ങളുടെയും സ്വരങ്ങളെ അവഗണിക്കുവാൻ സഭാധികാരികൾക്ക് ഇനിയും കഴിയുമെന്ന് തോന്നുന്നില്ല. അൽമായരും അധികാരികളും തമ്മിലുള്ള ബന്ധം മുൻകാലങ്ങളിലേതുപോലെ കല്പനകളിലും അനുശാസനങ്ങളിലും ഇടയലേഖനങ്ങളിലും മാത്രം അധിഷ്ഠിതവും ഔദ്യോഗികവും മാത്രമായി തുടരുക ഇനിയും സാദ്ധ്യമല്ല.' കൗൺസിൽ പ്രമാണരേഖകളും അവ നടപ്പാക്കുന്നതിന് റീജണൽ-നാഷണൽ സെമിനാറുകൾ എടുത്തതീരുമാനങ്ങളും സഭാസ്നേഹികളെ ആഹ്ളാദചിത്തരാക്കി. അവ നടപ്പാകുമ്പോൾ സഭയുടെ പ്രതിഛായ മെച്ചമാകുമെന്നവർ വിശ്വസിച്ചു.

1984-ൽ മംഗലാപുരത്തുചേർന്ന അഖിലേന്ത്യാ അൽമായ കൺവെൻഷന്റെ തീരുമാനങ്ങളും ശുപാർശകളും നടപ്പിലാക്കുന്ന കാര്യത്തിലും യാതൊരുവിധ നീക്കവും ഉണ്ടായിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമായ ഒരു സംഗതിയാണ്.

1985-ൽ മെത്രാന്മാരുടെ ഒരു അസാധാരണ സിനഡ് റോമിൽ ചേരുകയുണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ എന്തുമാത്രം പ്രാവർത്തികമാക്കിയെന്നതിനെപ്പററി വിലയിരുത്തുവാനാണ് അസാധാരണ സിനഡ് കൂടിയത്. അസാധാരണ സിനഡിനുമുമ്പായി ഈ വിഷയത്തെപ്പററി ഇടവക - രൂപത- റീജനൽ - നാഷണൽ ലവലിൽ ചർച്ചകൾ നടത്തി റിപ്പോർട്ടു തയ്യാറാക്കണമെന്നായിരുന്നു നിർദ്ദേശം. ആ രീതിയിലുള്ള ചർച്ചകൾ നടത്തി ഒരു റിപ്പോർട്ടുപോലും സമർപ്പിക്കുവാൻ കേരളസഭ തയ്യാറായില്ലായെന്നത് എത്രയോ ദുഃഖകരമാണ്. കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ കേരളസഭ കാണിക്കുന്ന അനാസ്ഥയ്ക്ക് ഒരു ഉത്തമ തെളിവാണിത് എന്ന പറയേണ്ടിവന്നതിൽ വേദനയുണ്ട്.

1987-ൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയം 'സഭയിലും ലോകത്തിലും അൽമായരുടെ ദൈവവിളിയും ദൗത്യവും - രണ്ടാം

www.malankaralibrary.com

വത്തിക്കാൻ കൗൺസിലിന് ഇരുപതു വർഷങ്ങൾക്കു ശേഷം' എന്നുള്ളതാണല്ലോ. സിനഡിന് മുൻപായി നടക്കുന്ന ഈ നേതൃസമ്മേളനം ഇതേ വിഷയത്തെപ്പററി തന്നെ ആഴമായി ചിന്തിച്ച് സിനഡിന്റെ മുൻപിൽ ഒരു റിപ്പോർട്ടു സമർപ്പിക്കുന്നത് നന്നായിരിക്കും. ചിരപുരാതനങ്ങളായ കേരളസഭാപാരമ്പര്യങ്ങളെ പ്രത്യേകിച്ച് ഘടനാപരമായ ദർശനങ്ങളെ കാലഘട്ടത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് പുനർജീവിപ്പിക്കുവാൻ ഈ സമ്മേളനത്തിന് സാധിക്കുമെന്നാണ് ഞങ്ങളുടെ ഉത്തമബോധ്യം.

ആരെയും പഴിക്കാതെ, വികാരങ്ങൾക്കടിമപ്പെടാതെ യാഥാർത്ഥ്യ ബോധത്തോടെ പ്രശ്നങ്ങളെ സമീപിക്കുവാനുള്ള വിവേകം നമുക്ക് ലഭിക്കുന്നതിന് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം. നേതൃസമ്മേളനത്തിൽ പങ്കെടുക്കുന്നതിന് എത്തിച്ചേർന്ന എല്ലാവർക്കും കോൺഗ്രസ്സിന്റെ നാമത്തിൽ ഹാർദ്ദവമായി സ്വാഗതം ആശംസിച്ചുകൊള്ളുന്നു.

(1986 ജൂൺ 20 ന് ആരംഭിച്ച നേതൃസമ്മേളനത്തിൽ ജോൺകച്ചിറമറ്റം നടത്തിയ സ്വാഗതപ്രസംഗത്തിൽ നിന്ന്.)

5-8-86

## 93

# സഭ സമൂഹത്തിലെ തിരുത്തൽ ശക്തിയാകണം

**എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടന്ന കത്തോലിക്കാ നേതൃസമ്മേളനം അംഗീകരിച്ച സമാപന സന്ദേശം**

കേരളത്തിലെ വിവിധ പ്രദേശങ്ങളിൽപെടുന്നവരും ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരുമായ 105 അൽമായരും 16 വൈദികരുമായ ഞങ്ങൾ ജൂൺ 20,21 തീയതികളിൽ വടവാതൂർ വിദ്യാനഗറിലെ സ്പിരിച്ചാലിറ്റി സെന്ററിൽ ഒരുമിച്ചുകൂടുകയും കേരളസഭയുടെ ഇന്നത്തെ പ്രശ്നങ്ങളുടെയും വെല്ലുവിളികളുടെയും പശ്ചാത്തലത്തിൽ അടുത്ത വർഷത്തെ സിനഡിന്റെ പഠന വിഷയം കൂടിയായ 'അൽമായ ദൗത്യം സഭയിലും സമൂഹത്തിലും' എന്ന പ്രമേയം പഠിക്കുകയും ചർച്ച ചെയ്യുകയുമുണ്ടായി. ഇതിൽനിന്നും ഉരുത്തിരിഞ്ഞ ഞങ്ങളുടെ ചിന്തകളും നിർദ്ദേശങ്ങളും ഞങ്ങളുടെ അഭവന്ദ്യ പിതാക്കന്മാരും മറ്റു സമുദായ സ്നേഹികളുമായി പങ്കുവയ്ക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

നൂറ്റാണ്ടുകൾക്ക് മുൻപുമുതലേ കേരളസഭയിൽ നിലവിലിരുന്ന കൂട്ടുത്തരവാദിത്വവും കൂട്ടായ്മയും വിദേശികളുടെപോലും ആദരവുകൾ പിടിച്ചുപറ്റുവാൻ പോരുന്നതായിരുന്നു. എന്നാൽ കുറേക്കാലമായി ഈ കൂട്ടായ്മയ്ക്ക് ഉലച്ചിൽ ഏറ്റിരിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷവും കേരളസഭയിൽ അൽമായർ അവഗണിക്കപ്പെടുന്നുവെന്ന സ്ഥിതി വിശേഷം ഖേദ

www.malankaralibrary.com

കരമാണ്. ഈ പോരായ്മ പരിഹരിക്കുന്നതിന് ദൈവജനം മുഴുവന്റെയും കൂട്ടായ പരിചിന്തനവും പ്രവർത്തനവും പരിശ്രമവും ആവശ്യമാണെന്ന് ഞങ്ങൾ കരുതുന്നു.

വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും ദൈവസ്നേഹം അനുഭവവേദ്യമാക്കുവാനുള്ള ദൈവജനത്തിന്റെ ബാദ്ധ്യത ഇവിടെ സവിശേഷസ്മരണ അർഹിക്കുന്നു. സത്യം, നീതി, സാഹോദര്യം എന്നീ മൂല്യങ്ങൾ വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും അവഗണിക്കപ്പെടുകയും ലക്ഷക്കണക്കിന് ജനങ്ങൽ ദാരിദ്ര്യം, തൊഴിലില്ലായ്മ, അഴിമതി തുടങ്ങിയവക്ക് അടിപ്പെട്ട് ജീവിക്കുകയും ചെയ്യുമ്പോൾ സഭയ്ക്ക് കേവലം കാഴ്ചക്കാരിയായി നോക്കിനിൽക്കുവാൻ സാദ്ധ്യമല്ല. ഈ കാലയളവിൽ പ്രത്യേകിച്ചും സഭ, സമൂഹത്തിലെ ഒരു തിരുത്തൽശക്തിയായി പ്രവർത്തിക്കുകതന്നെ വേണം. ഇത് സുവിശേഷ പ്രവർത്തനം തന്നെയാണ്.

കേരളസഭ നൂറ്റാണ്ടുകളായി വിദ്യാഭ്യാസം, ആതുസേവനം, പ്രസിദ്ധീകരണം തുടങ്ങിയ രംഗങ്ങളിൽ ആത്മത്യാഗപരമായി നടത്തിയിട്ടുള്ള സേവനങ്ങൾ അഭിമാനപൂർവ്വം ഞങ്ങൾ സ്മരിക്കുന്നു. ഈ രംഗങ്ങളിൽ ചില്ലറ വീഴ്ചകൾ - പാളിച്ചകൾ - അങ്ങിങ്ങ് സംഭവിച്ചിട്ടുണ്ടെന്നും അവ നിരന്തരമായ ആത്മവിമർശനത്തിലൂടെ സുവിശേഷ വെളിച്ചത്തിൽ പരിഹരിക്കണമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ഈ മണ്ഡലങ്ങളിലെ സഭയുടെ പ്രവർത്തനങ്ങളെ അനർഹമായ രീതിയിൽ വിലയിടിച്ചു കാണിക്കുന്ന പ്രവണത പൊതുമാദ്ധ്യമങ്ങളിൽ പെരുകി പെരുകി വരുന്നത് ഞങ്ങൾ ദുഃഖത്തോടെ കണ്ടറിയുന്നു. ഇത്തരം വിമർശനങ്ങളിൽ നാം ഭഗ്നാശരാകേണ്ടതില്ല. ഉൾക്കൊള്ളേണ്ടവയെ ഉൾക്കൊണ്ടും തള്ളേണ്ടവയെ തള്ളിയും മുന്നോട്ടു പോകുവാൻ നിരന്തര ശ്രദ്ധ വേണ്ടിയിരിക്കുന്നു.

ക്രിസ്തുവിന്റെ സുവിശേഷ പ്രബോധനങ്ങൾക്ക് നിരക്കാത്തതായ പലതും ഇന്നു നമ്മുടെ സഭാ സമൂഹത്തിൽ നിലനിൽക്കുന്നു. ആഡംബരത്തിനും ആഘോഷത്തിനുംവേണ്ടി ലക്ഷക്കണക്കിന് പണം ധൂർത്തടിക്കുവാൻ മടിയില്ലാത്തവർ നമ്മുടെ സമൂഹത്തിലുണ്ട്. പെട്ടെന്ന് പണക്കാരാകാനുള്ള തത്രപ്പാടിൽ ധാർമ്മികമൂല്യങ്ങൾ അവഗണിക്കപ്പെടുന്നു. രാഷ്ട്രീയം, സർക്കാർ സർവ്വീസ് തുടങ്ങിയ മണ്ഡലങ്ങളിലെ പൊതുപ്രവർത്തകർ അഴിമതിരഹിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും സമൂഹത്തിൽ സുവിശേഷമൂല്യങ്ങൾക്കനുസൃതമായ പരിവർത്തനം വരുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ ദൃശ്യമായ ചലനങ്ങൾ സമൂഹത്തിൽ കൈവരുത്തുവാൻ കൂട്ടായ ചിന്തയും പ്രവർത്തനവും അനിവാര്യമാണ്. വൈദിക മേലദ്ധ്യക്ഷന്മാരും അൽമായ നേതാക്കളും ഒരുമിച്ചുകൂടി ഇന്നത്തെ സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് പഠിക്കുകയും തീരുമാനങ്ങൾ എടുക്കുകയും വേണം. അതിനായി ഏതാനും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

1. സഭയിലെ അൽമായ നേതാക്കൾക്കും മറ്റു വൈദിക മേലദ്ധ്യക്ഷന്മാർക്കും മറ്റു സഭാഘടകങ്ങൾക്കും ഒരുമിച്ചു കൂടുവാനും സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുവാനും

www.malankaralibrary.com

ഒരു പൊതുവേദി ഉണ്ടാകണമെന്ന ആവശ്യം കഴിഞ്ഞ 20 വർഷക്കാലമായി സഭാസ്നേഹികളായ പലരും മുന്നോട്ടുവച്ചിട്ടുള്ളതാണ്. കേരളതലത്തിലുള്ള ഒരു പാസ്റ്ററൽ കൗൺസിലിലേക്ക് വിരൽ ചൂണ്ടുന്ന ഈ ആവശ്യം നമ്മുടെ വൈദിക മേലദ്ധ്യക്ഷന്മാരുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുവാൻ കത്തോലിക്കാ കോൺഗ്രസ്സ് ഭാരവാഹികളെ ഈ സമ്മേളനം ചുമതലപ്പെടുത്തുന്നു.

2. അടുത്ത വർഷത്തെ സിനഡിന്റെ പഠനവിഷയം 'അൽമായരുടെ ദൈവവിളിയും ദൗത്യവും സഭയിലും ലോകത്തിലും' എന്നതാണല്ലോ. ഈ വിഷയത്തെപ്പറ്റി ഇടവക – രൂപത തലങ്ങളിലും കേരളത്തിൽതന്നെയും ചർച്ച ചെയ്യുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുവാൻ കേരളകാത്തലിക് ബിഷപ്സ് കോൺഫ്രൻസിനോട് ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ ഇരുപതു വർഷങ്ങളിൽ വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും കേരള റീജനൽ സെമിനാറിന്റെ തീരുമാനങ്ങളും ഏതളവിൽ ഇവിടെ പ്രാവർത്തികമായി എന്ന് വിലയിരുത്തുവാൻ കേരളതലത്തിൽ വിളിച്ചുകൂട്ടുന്ന സമ്മേളനം ശ്രദ്ധിയ്ക്കേണ്ടതാണ്.

3. കേരളത്തിൽ ഇന്ന് പല അൽമായ സംഘടനകൾ ഉണ്ട്. ഈ സംഘടനകൾ ഫെഡറേഷൻ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയും അത് കേരളസഭയിലെ എല്ലാ വിഭാഗങ്ങളിലുംപെടുന്ന അൽമായർക്കുള്ള പൊതുവേദിയായിത്തീരുകയുവേണം. ഇതിന് മുൻകയ്യെടുക്കുവാൻ എ.കെ.സി.സി.യോട് ഈ നേതൃസമ്മേളനം ശുപാർശ ചെയ്യുന്നു.

4. ക്രൈസ്തവസമൂഹത്തിന് ലഭിച്ചിരിക്കുന്ന ന്യൂനപക്ഷാവകാശത്തിന്റെ പ്രയോജനം സമൂഹത്തിലെ എല്ലാവിഭാഗത്തിനും ലഭിക്കുന്നുവെന്ന് സഭാ നേതൃത്വം ഉറപ്പുവരുത്തേണ്ടതാണ്.

താഴെപ്പറയുന്ന ആവശ്യങ്ങൾ സഭാനേതൃത്വത്തിന്റെ പരിഗണനയ്ക്കായി ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

(1) അൽമായരോട് സഭാനേതൃത്വം പുലർത്തിപ്പോരുന്ന അവഗണനാ മനോഭാവം അവസാനിപ്പിക്കുക. സഭാസ്ഥാപനങ്ങളിൽ നിന്നും അൽമായർക്ക് ഒരു വിധത്തിലുള്ള വിവേചനവും ഉണ്ടാകരുത്. (2) കൂട്ടുത്തരവാദിത്വവും ഉത്തരവാദിത്വത്തിലുള്ള പങ്കുചേരലും സഭയുടെ എല്ലാതലങ്ങളിലേക്കും കൊണ്ടുവരുക. (3) പാസ്റ്ററൽ കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. (4) പുതിയ (ലാറ്റിൻ) കാനൻ നിയമത്തിൽ അൽമായർക്ക് നൽകിയിരിക്കുന്ന അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അവരെ പറഞ്ഞു മനസ്സിലാക്കുക. (5) സഭാഭരണത്തിൽ കേരളത്തിൽ ഒരു കാലത്ത് നിലവിലിരുന്ന മഹത്തായ പാരമ്പര്യം കാലോചിതമായ പരിഷ്കാരങ്ങളോടുകൂടി പുനഃസ്ഥാപിക്കുക. (6) സഭയുടെ ഭൗതികതലത്തിലുള്ള പ്രവർത്തനങ്ങളുടെ ചുമതലകൾ അതിനു കഴിവും പ്രത്യേക വൈദഗ്ദ്ധ്യവുമുള്ളവരെ ഏൽപിക്കുക. (7) പണസംബന്ധമായ കാര്യങ്ങളിൽ അക്കൗണ്ടബിലിറ്റി പുലർത്തുക (8) വിദേശസഹായത്തിനുള്ള പരക്കം പാച്ചിൽ അവസാനിപ്പിച്ച് സ്വയം പര്യാപ്തതയിലേക്ക് സഭയെ നയിക്കുക. (9) അജപാലകരുടെ തെരഞ്ഞെടുപ്പു വരുമ്പോൾ അൽമായരുടെ അഭിപ്രായംകൂടി ആരായുക (രഹസ്യമായിത്തന്നെ) (10) അൽമായരുടെ പരിശീലനത്തിനുകൂടി സഭയുടെ വിഭവശേഷി ഉപയോഗിക്കുക.

www.malankaralibrary.com

(11) സഭാസമിതികളിൽ വനിതകൾക്കു മതിയായ പ്രാതിനിധ്യം നൽകുക.

വത്തിക്കാൻ സൂനഹദോസും അതിനുശേഷം സഭയുടെ ഉന്നതതലത്തിൽ നടന്ന നിരവധി സമ്മേളനങ്ങളും സഭയുടെ കൂട്ടായ്മയിലേക്കും കൂട്ടുത്തരവാദിത്വത്തിലേക്കുമാണ് വഴി ചൂണ്ടുന്നത്. കേരളസഭ ഇതേ പന്ഥാവിലൂടെ മുന്നോട്ടു നീങ്ങുവാൻ ഈ സമ്മേളനം വഴിയൊരുക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

കോട്ടയം സ്പിരിച്വാലിറ്റി സെന്റർ
01-08-1986

## 94

# എ.കെ.സി.സി. സൗജന്യ നേത്രചികിത്സാ ക്യാമ്പ്

മാർപ്പാപ്പായുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് 32 യുവമിഥുനങ്ങളെ വിവാഹകതിർമണ്ഡപത്തിലേക്ക് സമൂഹവിവാഹത്തിലൂടെ ആനയിച്ച കത്തോലിക്കാ കോൺഗ്രസ്സ് മാനന്തവാടി രൂപതാസംഘം 1384 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ചുങ്കക്കുന്നിൽ ഒരു സൗജന്യ നേത്രചികിത്സാക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. യാത്രാസൗകര്യങ്ങളും ചികിത്സാസൗകര്യങ്ങളും വളരെ കുറവായ മലയോര പ്രദേശത്തുവച്ച് നടത്തപ്പെട്ട ക്യാമ്പ് വളരെയധികം പ്രയോജനം നേടികൊടുത്തുവെന്ന് അഭിമാനിക്കാവുന്നതാണ്. കൊട്ടിയൂർ, ചുങ്കക്കുന്ന് മുതലായ പ്രദേശങ്ങളിൽനിന്നും സമീപത്തുള്ള കണ്ണൂർ, കോഴിക്കോട് മുതലായ പ്രദേശങ്ങളിൽ എത്തി പരിശോധനയ്ക്ക് വിധേയരാവാനും ചികിത്സ നടത്തുവാനും സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് മുഖാന്തിരം സാധിക്കുന്നില്ല. അവരുടെ ദുരവസ്ഥ കണ്ടുകൊണ്ടാണ് ഇപ്രകാരമൊരു പദ്ധതി ആസൂത്രണം ചെയ്യുവാൻ മാനന്തവാടി രൂപതാസംഘം തയ്യാറായത്. ക്യാമ്പിൽ പങ്കെടുത്ത 100-ൽ പരം ആളുകൾക്ക് സൗജന്യമായി ഓപ്പറേഷനും നൽകപ്പെട്ടു. സാമ്പത്തിക പരാധീനത കാരണം മററ് ആശുപത്രികളിൽപോയി ചികിത്സ നടത്താൻ സാധിക്കാതിരുന്ന അനേകർക്ക് ഈ ക്യാമ്പ് പ്രയോജനം നൽകിയിട്ടുണ്ട്. സമൂഹവിവാഹവും നേത്രചികിത്സാക്യാമ്പും സംഘടിപ്പിച്ച് സാമൂഹ്യരംഗത്ത് നിസ്തുലസേവനം അനുഷ്ഠിക്കുന്ന മാനന്തവാടി രൂപതാസംഘത്തിന് പ്രത്യേകം അഭിനന്ദനങ്ങൾ നേരുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്.

കോൺഗ്രസ്സിന്റെ പ്രവർത്തനത്തിന് എല്ലാവിധ സഹായസഹകരണവും മാർഗ്ഗനിർദ്ദേശവും നൽകുന്ന ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി, വികാരി ജനറാൾ മോൺ. തോമസ് മൂലക്കുന്നേൽ എന്നിവരോടുള്ള കൃതജ്ഞതയും ഈയവസരത്തിൽ രേഖപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

5-9-86

www.malankaralibrary.com

# 95

# പാഠപുസ്തകങ്ങൾ

കേരള ഗവൺമെന്റ് ഈ വർഷം അച്ചടിച്ചിറക്കിയ പാഠപുസ്തകങ്ങളിലെ പല ഭാഗങ്ങളും കത്തോലിക്കർക്ക് അപമാനകരമാണെന്ന് പറയുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. ഇന്ത്യയിൽ വിശിഷ്യാ കേരളത്തിൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ എ.ഡി. 52-ൽ എത്തുകയും കത്തോലിക്കാസഭ സ്ഥാപിക്കുകയും ചെയ്തു. ഇവിടുത്തെ ക്രിസ്ത്യാനികൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെടുന്നത്. ക്രിസ്തുമതത്തിന്റെ ആരംഭത്തിൽ തന്നെ ഭാരതത്തിലും ക്രിസ്തുമതം ആരംഭിച്ചു. ആദിമ നൂററാണ്ടിലെ ക്രൈസ്തവസമൂഹം കത്തോലിക്കാസഭയുടെ ഒരു അവിഭാജ്യ ഘടകംതന്നെ ആയിരുന്നു. കേരളസഭയും പേർഷ്യൻസഭയും തമ്മിലുള്ള ബന്ധം അതാണ് വിളിച്ചറിയിക്കുന്നത്. എന്നാൽ പത്താം ക്ലാസ്സിലെ സാമൂഹ്യ പാഠപുസ്തകം വായിക്കുന്നവർ പോർട്ടുഗീസുകാരുടെ വരവിനുശേഷമാണ് ഇവിടെ കത്തോലിക്കാ സഭ സ്ഥാപിതമായതെന്നും ഇവിടെ ഉണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ കത്തോലിക്കാ വിശ്വാസത്തിൽപെട്ടവർ അല്ലായിരുന്നുവെന്നുമാണ് ധരിക്കുക. പാഠപുസ്തകത്തിൽ കത്തോലിക്കരെപ്പററി പറയുന്ന പ്രസക്തഭാഗം താഴെ ചേർക്കുന്നു:

"കത്തോലിക്കാ സഭയ്ക്ക് ഇന്ത്യയിലെ ക്രിസ്ത്യാനികളെ അവരുടെ സഭയിലേയ്ക്ക് മാററുവാൻ കഴിഞ്ഞു. അവർ 1599-ൽ ഉദയംപേരൂർ(ഡയംപർ) സൂനഹദോസ് നടത്തി. മലബാറിലെ അനേകം സിറിയൻ ക്രിസ്ത്യാനികളെ (ഇന്ത്യയിലെ ഏററം പഴക്കമുള്ള ക്രിസ്ത്യൻ വിഭാഗം) കത്തോലിക്കാ സഭയുടെ കീഴിൽ കൊണ്ടുവന്നു." ആദിമനൂററാണ്ടുമുതൽ ഇവിടെ ഉണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ കത്തോലിക്കർ അല്ലായിരുന്നുവെന്ന് മേൽപ്രസ്താവനയിൽനിന്നും തെററിദ്ധരിക്കുവാൻ ഇടയുണ്ട്.

പോർട്ടുഗീസ്കാർ ഭാരതത്തിൽ വന്നപ്പോൾ ബാബേൽ പാത്രിയാർക്കീസ് അയച്ചിരുന്ന മെത്രാന്മാർ ആയിരുന്നു കേരളസഭയുടെ ആദ്ധ്യാത്മിക ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നത്. ആദിമനൂററാണ്ടുമുതൽ സുശക്തമായ ഒരു കത്തോലിക്കാ സമൂഹം ഭാരതത്തിൽ ഉണ്ടായിരുന്നുവെന്നതാണ് പരമാർത്ഥം. പോർട്ടുഗീസുകാരുടെ ആഗമനത്തിനുശേഷം അവരുടെ ചില നടപടികൾ ഇവിടുത്തെ സുറിയാനികത്തോലിക്കരെ വേദനിപ്പിച്ചിട്ടുണ്ട്. തൽഫലമായി പല പിളർപ്പുകളും ഉണ്ടായിട്ടുണ്ട്. അതല്ലാതെ ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികളെ കത്തോലിക്കാസഭയിലേക്ക് ചേർത്തത് പോർട്ടുഗീസുകാരല്ല. സുറിയാനി ക്രിസ്ത്യാനികൾ എന്നും കത്തോലിക്കാ വിശ്വാസത്തിൽ പെട്ടവരായിരുന്നു.

www.malankaralibrary.com

ഭാരതത്തിലെ കത്തോലിക്കാസഭയുടെ ചരിത്രത്തേയും പാരമ്പര്യത്തേയും അപമാനിക്കുന്ന വിധത്തിലുള്ള പാഠഭാഗം പാഠപുസ്തകത്തിൽ നിന്നും നീക്കം ചെയ്തേ മതിയാകു.

സുപ്രസിദ്ധ സമുദായാഭിമാനിയും, രാജ്യസേവകനുമായിരുന്നു തച്ചിൽ മാത്തൂത്തരകൻ. 943 മുതൽ 973 വരെ 30 വർഷക്കാലം തിരുവിതാംകൂർ മഹാരാജാവിനെയും രാജ്യത്തെയും വിശ്വസ്തതയോടെ സേവിച്ച ഒരു മഹാപുരുഷനായിരുന്നു. രാജ്യം ദുർവഹമായ ഋണഭാരത്തിലായിരുന്ന അക്കാലത്ത് 15ലക്ഷം രൂപാ കൈയ്യിൽനിന്നെടുത്ത് സർക്കാരിനെ സഹായിച്ചത് മാത്തുത്തരകനാണ്. "കൊടുങ്ങല്ലൂർ കോട്ടയും മുനമ്പത്തു അതിനോടു ചേർന്ന ഉല്പത്തിപ്പറമ്പുകളും" കമ്പനിക്കാരിൽനിന്നും തിരുവിതാംകൂറിന് കൈമാറുന്നതിന് കാരണക്കാരൻ തരകൻ ആയിരുന്നു. തിരുവിതാംകൂറിലെ കച്ചവടാഭിവൃദ്ധിക്ക് മുൻകൈയെടുത്തു പ്രവർത്തിച്ച മാത്തൂത്തരകൻ ആലപ്പുഴയെ കൊച്ചിക്കു സമാനമായ ഒരു തുറമുഖമായി വളർത്തിയെടുത്തു. കാഞ്ഞൂരിന് കിഴക്കുഭാഗത്ത് അന്നത്തെ കൊച്ചി സംസ്ഥാനത്തിനുള്ളിൽ 40 കാതം നീളത്തിൽ ഭൂമി തരകന്റെ കുടുംബത്തിലേക്ക് കിട്ടിയത് തിരുവിതാം കൂറിന് മാത്തുത്തരകൻ ദാനം ചെയ്തു. തിരുവനന്തപുരത്തു ചെല്ലുമ്പോൾ തരകന്റെ ഉപയോഗത്തിനായി മഹാരാജാവ് പേട്ടയിൽ ഒരു ദേവാലയം നിർമ്മിച്ചുകൊടുത്തു. ക്രൈസ്തവസമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും മാത്തുത്തരകൻ വളരെ ശ്രമിച്ചിട്ടുണ്ട്. ഇങ്ങനെ രാജ്യത്തെയും സമുദായത്തെയും വിശ്വസ്തതാപൂർവ്വം സേവിച്ച മാത്തുത്തരകന്റെ യഥാർത്ഥചിത്രം ചരിത്രപുസ്തകങ്ങളിൽ ചേർക്കപ്പെടേണ്ടതാണ്. എന്നാൽ 7-ാം ക്ലാസ്സിലെ സാമൂഹ്യപാഠത്തിൽ (പേജ് 56) മാത്തുത്തരകനെ രാജ്യദ്രോഹിയായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ചരിത്രവസ്തുതകൾക്ക് കടകവിരുദ്ധമായതും തച്ചിൽ മാത്തുത്തരകന് അപമാനകരങ്ങളുമായ പാഠഭാഗങ്ങൾ എത്രയും വേഗം പാഠപുസ്തകത്തിൽനിന്നും നീക്കം ചെയ്യണമെന്ന് കേരളാഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. ഇന്ത്യയുടെ എല്ലാ ദേശീയ പ്രശ്നങ്ങളിലും സജീവമായി പങ്കെടുക്കുകയും ദേശീയധാരയിൽ അലിഞ്ഞു ചേർന്ന് എക്കാലവും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഒരു സമൂഹമാണ് ഇവിടുത്തെ ക്രൈസ്തവസമൂഹം. ആ സമൂഹത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തുകയും ആ സമൂഹത്തെ അപമാനിക്കുകയും ചെയ്യുന്ന പാഠഭാഗങ്ങൾ പാഠപുസ്തകത്തിൽനിന്നും നീക്കം ചെയ്യണമെന്ന് ബഹു.കേരളാ ഗവണ്മെന്റിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

5-9-86

www.malankaralibrary.com

96

# മാർ കരിയാററി പാറേമാക്കൽ - ഗോവർണ്ണദോർ

മാർ കരിയാററി യൗസേപ്പ് മെത്രാപ്പോലീത്തായുടെ ചരമത്തിന്റെ 200-ാമത് വാർഷികം വിപുലമായ തോതിൽ അദ്ദേഹത്തിന്റെ സ്വദേശമായ ആലങ്ങാട്ടുവെച്ച് ആഘോഷിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ പാറേമാക്കൽ തോമ്മാകത്തനാരുടെ 250-ാം ജന്മദിനവും കൊടുങ്ങല്ലൂർ രൂപതയുടെ ഭരണഭാരം ഏറെറടുത്തതിന്റെയും വർത്തമാനപുസ്തകം രചിച്ചതിന്റെയും 200-ാമത് വാർഷികവും സംബന്ധിച്ചുള്ള ആഘോഷപരിപാടികളുടെ ഔപചാരികമായ ഉദ്ഘാടനം 1986 സെപ്ററംബർ 4-ാം തീയതി ഗോവർണ്ണദോറുടെ ഇടവകയായ രാമപുരത്തുവച്ച് നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു. ഗോവർണ്ണദോറുടെ ജന്മദേശമായ കടനാട്ടുവച്ച് വിപുലമായ പരിപാടികളോടെ 250-ാം ജന്മദിനം ആഘോഷിച്ചു. ഇതിനും പുറമെ പല കേന്ദ്രങ്ങളിലും വച്ച് മാർ കരിയാററിയേയും, ഗോവർണ്ണദോറെയും അനുസ്മരിച്ചുകൊണ്ടുള്ള നിരവധി സമ്മേളനങ്ങൾക്ക് രൂപം കൊടുത്തുവരുന്നതായി വാർത്തകൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

ഭാരതക്രൈസ്തവസഭയുടെ അഭിമാനഭാജനമായ ഈ മഹാപുരുഷന്മാരെ അനുസ്മരിച്ചുകൊണ്ടുള്ള സമ്മേളനങ്ങൾ രാജ്യത്തെമ്പാടും നടക്കുമ്പോൾ കത്തോലിക്കാകോൺഗ്രസ്സാണ് ഏററം അഭിമാനിക്കുന്നത്. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലമായി കത്തോലിക്കാകോൺഗ്രസ്സ് നടത്തിയ ശ്രമങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഫലമാണ് ഈ സമ്മേളനങ്ങൾ എന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഭാരതസഭയുടെ അഭിമാനസ്തംഭമായ കരിയാററി മെത്രാപ്പോലീത്താ 1786 സെപ്ററംബർ 9-ാം തീയതി ഗോവയിൽവച്ച് അവിചാരിതമാംവിധം മരണമടയുകയുണ്ടായി. ഗോവാ കത്തീഡ്രൽദേവാലയത്തിൽ അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കുന്നതിനുള്ള യാതൊരു പരിപാടിയും കേരളസഭ ആസൂത്രണം ചെയ്തിരുന്നില്ല. 1852-ൽ മോൺ. ജോൺ കച്ചിറമററം കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കണമെന്ന ആശയം ആദ്യമായി സമുദായസന്നിധിയിൽ അവതരിപ്പിച്ചു. 1955-ൽ ചേർന്ന കത്തോലിക്കാകോൺഗ്രസ്സ് പ്രതിനിധി സമ്മേളനം മാർ കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കുന്നതിനുവേണ്ടി മോൺ.കച്ചിറമററം കൺവീനറായി ഒരു കമ്മററിയെ നിയമിച്ചു.

ആ കമ്മററിയുടെ നിരന്തര ശ്രമഫലമായി ഇന്ത്യാഗവണ്മെന്റിന്റെയും പോർട്ടുഗീസ് അധികാരികളുടെയും അനുവാദം മാർ കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിലേക്ക് കൊണ്ടുവരുന്നതിനു ലഭിച്ചു.

www.malankaralibrary.com

എ.കെ.സി.സി.യുടെ പ്രതിനിധിസംഘം ഗോവയിലെത്തി ഭൗതികാവശിഷ്ടങ്ങൾ കേരളത്തിലേക്ക് കൊണ്ടുവന്നു. 1961-ൽ കരിയാററി തിരുമേനിയുടെ സ്വദേശമായ ആലങ്ങാട്ട് വച്ച് കത്തോലിക്കാകോൺഗ്രസ്സ് വാർഷികത്തോടനുബന്ധിച്ചു നടത്തിയ മഹാസമ്മേളനത്തിൽവച്ച് ഭൗതികാവശിഷ്ടങ്ങൾ ആലങ്ങാട്ട് പള്ളിയിൽ പുനഃസംസ്കരിച്ചു. കേരളത്തിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. മാർ കരിയാററി ദിവംഗതനായി 175 വർഷങ്ങൾക്കുശേഷമാണ് ഈ പുനഃസംസ്കാരണ ചടങ്ങ് നടന്നത്. അതിന് നേതൃത്വം വഹിച്ചത് കത്തോലിക്കാകോൺഗ്രസ്സുമായിരുന്നു.

മാർ കരിയാററിയുടെ മെത്രാഭിഷേകത്തിന്റെ 200-ാമത് വാർഷികവും വിപുലമായ തോതിൽ ആഘോഷിക്കുവാൻ മുന്നോട്ടുവന്നത് കത്തോലിക്കാ കോൺഗ്രസ്സ് മാത്രമാണ്. രാഷ്ട്രപതി ഗ്യാനി സെയിൽസിംഗ് ആണ് രാമപുരത്ത് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തത്. ഒരു വർഷം നീണ്ടുനിന്ന ആഘോഷപരിപാടികൾ കൊടുങ്ങല്ലൂരിൽ സമാപിക്കുകയുണ്ടായി.

മാർ കരിയാറ്റിയുടേയും ഗോവർണ്ണദോറുടെയും സേവനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് വ്യക്തമാക്കികൊടുക്കാൻ എ.കെ.സി.സി.യാണ് മുൻപിൽ നിന്ന് പ്രവർത്തിച്ചത്. ആ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇന്ന് രാജ്യത്തെമ്പാടും മാർ കരിയാറ്റിയേയും ഗോവർണ്ണദോറെയും അനുസ്മരിച്ചുകൊണ്ടുള്ള സമ്മേളനങ്ങൾ നടക്കുന്നത്. അതിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു.

ഒരു വസ്തുത ഈയവസരത്തിൽ ദുഃഖത്തോടെ അനുസ്മരിക്കുകയാണ്. കേരളസഭാ ചരിത്രരചിതാക്കളും, മാർകരിയാറ്റിയെ അനുസ്മരിച്ചുകൊണ്ട് ലേഖനങ്ങളും, പ്രസ്താവനകളും, തയ്യാറാക്കുന്നവരും മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിലേയ്ക്ക് കൊണ്ടുവന്ന് പുനഃസംസ്ക്കരിക്കുന്നതിന് നേതൃത്വം നൽകിയത് കത്തോലിക്കാ കോൺഗ്രസ്സ് ആയിരുന്നുവെന്ന വസ്തുത സൗകര്യപൂർവ്വം വിസ്മരിച്ചു കളയുന്നു. ചരിത്രത്തോടുള്ള ഒരു വെല്ലുവിളിയായി മാത്രമേ ഇതിനെ കണക്കാക്കുവാൻ സാധിക്കുകയുള്ളു.

ചരിത്രസത്യങ്ങളെ ഒരിക്കലും ഒളിച്ചുവയ്ക്കുവാൻ സാധിക്കുകയില്ല. അത് ഇന്നല്ലങ്കിൽ നാളെ ഉയർത്തെഴുന്നേൽക്കും.

മാർ കരിയാറ്റിയേയും ഗോവർണ്ണദോറെയും പറ്റി ഇന്ന് സമൂഹത്തിൽ ഉണ്ടായിരിക്കുന്ന അറിവ് നൽകിയതിൽ നിർണ്ണായകമായ പങ്കുവഹിച്ചത് കത്തോലിക്കാകോൺഗ്രസ്സാണന്നുള്ളതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഈ മഹാത്മാക്കളുടെ ത്യാഗോജ്ജ്വലമായ സേവനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് പ്രചോദനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

5-10-86

www.malankaralibrary.com

# 97

# പാഠപുസ്തകങ്ങൾ - കത്തോലിക്കാ കോൺഗ്രസ്സ് മെമ്മോറാണ്ടം സമർപ്പിച്ചു.

കേരളാ ഗവൺമെന്റ് ഈ വർഷം തയ്യാറാക്കിയ പാഠപുസ്തകങ്ങളിലെ പല ഭാഗങ്ങളും ക്രൈസ്തവ വിരുദ്ധമാണെന്നും അവയെല്ലാം പാഠ്യപദ്ധതിയിൽ നിന്നും നീക്കം ചെയ്യണമെന്നും അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ് കേരളാ ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിൽ പറഞ്ഞിരിക്കുന്നു.

എ.കെ.സി.സി. പ്രസിഡന്റ് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം, ട്രഷറർ ആന്റണി വള്ളമററം, ക്നാനായ കാത്തലിക് കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ബാബു ചാഴികാടൻ, ജോൺ പെല്ലിശ്ശേരി എന്നിവർ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെത്തിയാണ് മെമ്മോറാണ്ടം സമർപ്പിച്ചത്. മെമ്മോറാണ്ടത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

കേരളസർക്കാർ ഈ വർഷം തയ്യാറാക്കി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിലെ ചില ഭാഗങ്ങൾ കേരള കത്തോലിക്കർക്ക് അപമാനകരമാണെന്നും, കോഴിക്കോട് സർവ്വകലാശാല പ്രീഡിഗ്രിക്ക് ഉപപാഠപുസ്തകമായി തെരഞ്ഞെടുത്തിരിക്കുന്ന ശ്രീ. പി.എ. വാരിയരുടെ 'അനുഭവങ്ങൾ ' എന്ന പുസ്തകത്തിലെ ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന അദ്ധ്യായം ക്രൈസ്തവ പഠനങ്ങൾക്കു വിരുദ്ധമാണെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെപ്പററി സമഗ്രമായ പഠനം നടത്തി അനുകൂലമായ നടപടികൾ എത്രയും വേഗം സ്വീകരിച്ച് ഒരു വലിയ ജനവിഭാഗത്തിന്റെ മതവികാരങ്ങളെ മാനിക്കുവാൻ തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## കത്തോലിക്കാ സഭയുടെ ആരംഭം

പത്താംക്ലാസ്സിലെ സാമൂഹ്യപാഠ പുസ്തകത്തിൽ 5-ാം പേജിൽ ഇപ്രകാരം അച്ചടിച്ചിരിക്കുന്നു. 'കത്തോലിക്കാ സഭയ്ക്ക് ഇന്ത്യയിലെ ക്രിസ്ത്യാനികളെ അവരുടെ സഭയിലേക്ക് മാററുവാൻ കഴിഞ്ഞു. അവർ 1599-ൽ ഉദയംപേരൂർ (ഡയംപർ) സൂനഹദോസ് നടത്തി മലബാറിലെ അനേകം ക്രിസ്ത്യാനികളെ (ഇന്ത്യയിലെ ഏററം പഴക്കമുള്ള ക്രിസ്ത്യൻ വിഭാഗം) കത്തോലിക്കാ സഭയുടെ കീഴിൽ കൊണ്ടുവന്നു.' ഈ പാഠഭാഗം വായിക്കുന്ന ഏതൊരു വ്യക്തിയും ആദിമനൂററാണ്ടുമുതൽ ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ കത്തോലിക്കർ അല്ലായിരുന്നുവെന്നും പോർട്ടുഗീസുകാരുടെ വരവിനു ശേഷമാണ് ഇവിടെ കത്തോലിക്കാ സഭ സ്ഥാപിതമായതെന്നും ധരിക്കാം.

ഇന്ത്യയിൽ വിശിഷ്യ കേരളത്തിൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാ

www.malankaralibrary.com

ശ്ലീഹാ എ.ഡി. 52-ൽ എത്തുകയും ക്രൈസ്തവസഭ സ്ഥാപിക്കുകയും ചെയ്തു. ഇവിടുത്തെ ക്രിസ്ത്യാനികൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെടുന്നത്. ക്രിസ്തുമതത്തിന്റെ ആരംഭത്തിൽത്തന്നെ ഭാരതത്തിലും ക്രിസ്തുമതം ആരംഭിച്ചു. ആദിമനൂററാണ്ടിലെ ക്രൈസ്തവസമൂഹം കത്തോലിക്കാസഭയുടെ ഒരു അവിഭാജ്യഘടകം തന്നെയായിരുന്നു. കേരളസഭയും പേർഷ്യൻസഭയും തമ്മിലുള്ള ബന്ധം അതാണ് വിളിച്ചറിയിക്കുന്നത്. ഭാരതത്തിൽ കത്തോലിക്കാസഭ ആദിമനൂററാണ്ടിൽത്തന്നെ സ്ഥാപിതമായി എന്നതിനെപ്പററി ഇതുവരെ യാതൊരു തർക്കവും ഉണ്ടായിട്ടില്ല. സത്യം ഇതായിരിക്കേ 10-ാം സ്റ്റാൻഡാർഡിലെ പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്ന മേലുദ്ധരിച്ച പാഠഭാഗം സത്യവിരുദ്ധമാണ്. ചരിത്രത്തിനോടുള്ള ഒരു വെല്ലുവിളിയുമാണ്. കത്തോലിക്കാ സഭയുടെ ചരിത്രത്തെയും പാരമ്പര്യത്തെയും ആക്ഷേപിക്കുന്ന വിധത്തിലുള്ള പാഠഭാഗമാണിത് എന്ന ചൂണ്ടിക്കാട്ടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## തച്ചിൽ മാത്തുത്തരകൻ

ഏഴാം സ്റ്റാൻഡാർഡിലെ സാമൂഹ്യപാഠപുസ്തകത്തിൽ 126-ാം പേജിൽ ചേർത്തിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു. "ആയിരക്കണക്കിനു അനുയായികളെയും കൂട്ടി ജയന്തൻ ശങ്കരൻ നമ്പൂതിരി, ശങ്കരനാരായണൻ ചെട്ടി, മാത്തുത്തരകൻ എന്നീ മന്ത്രിമാർ നടത്തിയിരുന്ന ദുർഭരണത്തിനെതിരെ വേലുത്തമ്പി ശബ്ദമുയർത്തി."

തച്ചിൽ മാത്തുത്തരകൻ മന്ത്രിയായിരുന്നിട്ടില്ല. അദ്ദേഹം സർക്കാരിൽ നിന്നു ശമ്പളം പററിയ ഒരു ഉദ്യോഗസ്ഥനുമായിരുന്നില്ല. സമുദായസ്നേഹിയും രാജ്യസേവകനുമായിരുന്നു മാത്തുത്തരകൻ. 943 മുതൽ 973 വരെ 30 വർഷക്കാലം തിരുവിതാംകൂർ മഹാരാജാവിനെയും രാജ്യത്തെയും വിശ്വസ്തതയോടെ സേവിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. രാജ്യം ദുർവഹമായ ഋണഭാരത്തിലായിരുന്ന അക്കാലത്ത് 15 ലക്ഷം രൂപ കയ്യിൽ നിന്നെടുത്ത് സർക്കാരിനെ സഹായിച്ചത് മാത്തുത്തരകനാണ്. 'കൊടുങ്ങല്ലൂർ, കോട്ടയം, മുനമ്പത്തു അതിനോടു ചേർന്ന ഉല്പത്തിപ്പറമ്പുകളും' കമ്പനിക്കാരിൽനിന്നും തിരുവിതാംകൂറിന് കൈമാറുന്നതിന് കാരണക്കാരൻ തരകൻ ആയിരുന്നു. തിരുവിതാംകൂറിലെ കച്ചവടാഭിവൃദ്ധിക്ക് മുൻകൈയ്യെടുത്തു പ്രവർത്തിച്ച മാത്തുത്തരകൻ ആലപ്പുഴയെ കൊച്ചിക്കു സമാനമായ തുറമുഖമാക്കി വളർത്തിയെടുത്തു. കാഞ്ഞൂരിന് കിഴക്കുഭാഗത്ത് അന്നത്തെ കൊച്ചി സംസ്ഥാനത്തിൽ 40 കാതം നീളത്തിൽ ഭൂമി തരകന്റെ കുടുംബത്തിലേക്ക് കിട്ടിയത് തിരുവിതാംകൂറിന് മാത്തുത്തരകൻ ദാനം ചെയ്തു. തിരുവനന്തപുരത്തു ചെല്ലുമ്പോൾ തരകന്റെ ഉപയോഗത്തിനായി മഹാരാജാവ് പേട്ടയിൽ ഒരു ദേവാലയം നിർമ്മിച്ചുകൊടുത്തു. ക്രൈസ്തവസമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും മാത്തുത്തരകൻ വളരെ ശ്രമിച്ചിട്ടുണ്ട്. ഇങ്ങനെ രാജ്യത്തെയും സമുദായത്തെയും വിശ്വസ്തതാപൂർവ്വം സേവിച്ച മാത്തുത്തരകന്റെ യഥാർത്ഥചിത്രം ചരിത്രപുസ്തകങ്ങളിൽ ചേർക്കപ്പെടേണ്ടതാണ്.

www.malankaralibrary.com

എന്നാൽ തച്ചിൽ മാത്തുത്തരകനെപ്പററിയുള്ള യഥാർത്ഥ ചരിത്രം രേഖപ്പെടുത്തേണ്ടതിനുപകരം അദ്ദേഹത്തെ ആക്ഷേപിക്കുന്ന വിധത്തിലുള്ള ഭാഗം പാഠപുസ്തകത്തിൽ ചേർത്തത് അങ്ങേയററം ഉത്ക്കണ്ഠയോടെ ഞങ്ങൾ വീക്ഷിക്കുന്നു.

## നിവർത്തനപ്രക്ഷോഭണം.

ഏഴാം സ്റ്റാൻഡേർഡിലെ സാമൂഹ്യപാഠപുസ്തകത്തിൽ 127-ാം പേജിൽ നിവർത്തനപ്രക്ഷോഭണത്തെപ്പററി ഇപ്രകാരം ചേർത്തിരിക്കുന്നു. 'ജനസംഖ്യാനുപാതികമായി നിയമസഭയിൽ തങ്ങൾക്കും പ്രാതിനിധ്യം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈഴവരും മുസ്ലീങ്ങളും ചില ക്രിസ്ത്യാനികളും ചേർന്ന് സംഘടിപ്പിച്ചതായിരുന്നു ഈ പ്രക്ഷോഭണം.'

നിവർത്തനപ്രക്ഷോഭണത്തിനു നേതൃത്വം നൽകുകയും അതിന്റെ സർവ്വ ഭാരവും വഹിക്കുകയും ചെയ്തത് ക്രിസ്ത്യാനികളായിരുന്നു എന്നത് അഭിമാനപൂർവ്വം ഞങ്ങൾ സ്മരിക്കുന്നു. പക്ഷേ ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്ന ഭാഗം വായിച്ചാൽ ഈ പ്രക്ഷോഭണത്തിൽ ക്രിസ്ത്യാനികളുടെ പങ്കാളിത്തം വളരെ ലഘുവായിരുന്നുവെന്നു തോന്നിപ്പോകും.

ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ജനപ്രതിനിധി സഭയിൽ ലഭിക്കുന്നതിനുവേണ്ടി കേരളത്തിലെ ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായങ്ങൾ ഒന്നിച്ചു നിന്നു നടത്തിയ സമരമാണ് നിവർത്തനപ്രക്ഷോഭണം. 1933-ലാണ് നിവർത്തനപ്രക്ഷോഭണം ആരംഭിക്കുന്നത്. 1921-ലെ നിയമസഭാ പരിഷ്കാരവും വോട്ടവകാശ വ്യവസ്ഥകളും നിയോജകമണ്ഡലവിഭജനവും മുഖാന്തിരം ജനപ്രതിനിധി സഭകളിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1932 ഒക്ടോബർ 15-ാം തീയതി അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് തിരുവിതാംകൂർ മഹാരാജാവിന് ഒരു നിവേദനം നൽകി. ഈ നിവേദനത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. അന്നേവരെ നിയമസഭാപ്രാതിനിദ്ധ്യത്തിനായി തിരുവിതാംകൂറിലെ പല സമുദായങ്ങളും നിവേദനങ്ങളും മെമ്മോറിയലുകളും സമർപ്പിക്കുകയുണ്ടായി. എങ്കിലും അവയെല്ലാം അവരവരുടെ സമുദായ പ്രാതിനിധ്യം മാത്രമാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കത്തോലിക്കാ കോൺഗ്രസ്സാണ് ഗണനീയ സമുദായങ്ങൾക്ക് എല്ലാംതന്നെ സംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകണമെന്ന വാദം ആദ്യമായി ഉന്നയിച്ചത്. ഇതുവഴി യാതൊരു സമുദായത്തിനും അമിതവും അനർഹവുമായ വലിയ പ്രാതിനിധ്യം ലഭിക്കുന്നതിന് ഇടയാകാതെ സമുദായനീതി പാലിക്കുന്നതിന് സാധിക്കുമെന്നതാണ് ഈ വാദത്തിന്റെ രാഷ്ട്രീയ പ്രാധാന്യം. 1922-25-28-31 വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ ഓരോ സമുദായക്കാർക്കു ലഭിച്ച സീററുകളുടെ എണ്ണവും ഓരോ സമുദായത്തിന്റെ ജനസംഖ്യയും പ്രത്യേകം എടുത്തു കാണിച്ചിരുന്നു. തിരുവിതാംകൂർ ചരിത്രത്തിലെ ഒരു മഹാസംഭവമായിരുന്നു ഈ നിവേദനം. ആ നിവേദനത്തിനു ഫലമുണ്ടായില്ല. ആ പ്രത്യേക സാഹചര്യത്തിൽ അവഗണിക്കപ്പെട്ട

www.malankaralibrary.com

സമുദായങ്ങളുടെ ഒരു പ്രത്യേകയോഗം കത്തോലിക്കാ കോൺഗ്രസ്സ് മുൻനിന്ന് തിരുവനന്തപുരത്ത് എൽ.എം.എസ്. ഹാളിൽ വിളിച്ചുകൂട്ടി. ആ യോഗം നിവർത്തനപ്രക്ഷോഭണം അംഗീകരിക്കുകയും സംയുക്തരാഷ്ട്രീയകോൺഗ്രസ്സ് രൂപീകരിക്കുകയും ചെയ്തു. അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ് തിരുവിതാംകൂർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ രൂപീകരിച്ച തിരുവിതാംകൂർ സാംസ്ഥാനിക കത്തോലിക്കാ കോൺഗ്രസ്സാണ് നിവർത്തനപ്രക്ഷോഭണത്തിന്റെ പ്രധാന നേതൃത്വം വഹിച്ചത്. ശ്രീ. എൻ. വി. ജോസഫായിരുന്നു. നിവർത്തനപ്രക്ഷോഭണത്തിന്റെ പ്രമുഖ നേതാവ്. ഈ വസ്തുതകളെല്ലാം വിസ്മരിച്ചുകൊണ്ട് ക്രിസ്ത്യാനികളുടെ പങ്കാളിത്തം വളരെ ലഘുവായി ചിത്രീകരിച്ചുകൊണ്ട് തയ്യാറാക്കിയ പാഠഭാഗം അങ്ങേയററം ചരിത്രവസ്തുതകൾക്ക് നിരക്കാത്തതാണെന്ന് ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു.

## ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം

കോഴിക്കോട് സർവ്വകലാശാല പ്രീഡിഗ്രിക്ക് മലയാളം ഉപപാഠപുസ്തകമായി തെരഞ്ഞെടുത്തിരിക്കുന്ന ശ്രീ. പി.എ. വാര്യരുടെ 'അനുഭവങ്ങൾ' എന്ന പുസ്തകത്തിലെ ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന അദ്ധ്യായത്തിലെ ചില പരാമർശനങ്ങൾ യേശുക്രിസ്തുവിനെ അവഹേളിക്കുന്ന തരത്തിലാണ്. കസാന്റ്സാകിസ്സിന്റെ "The last temptation of Christ" എന്ന നോവലിനെക്കുറിച്ചുള്ള പഠനമാണ് പ്രസ്തുത ലേഖനം.

പ്രസ്തുതലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. ശൈശവബാല്യനാളിലെ കൂട്ടുകാരിയും, പിന്നീടു കാമുകിയുമായ മഗ്ദലനമറിയത്തിനെ താൻ ഭാര്യയായി കൈക്കൊള്ളുന്നു. പുണ്യമാർഗക്കാർ അവളെ പാപത്തിന്റെ പേരിൽ കല്ലെറിഞ്ഞ് കൊന്നതിനുശേഷം രക്ഷക മാലാഖയുടെ നേതൃത്വത്തിൽത്തന്നെ താൻ മേരി, മാർത്താ സഹോദരിമാരെ വേൾക്കുന്നു. അവർ ഇരുവരും മത്സരിച്ച് പ്രസവിക്കുകയും തന്നെ ശുശ്രൂഷിക്കുകയുമാണ്. സമ്പന്നവും സമ്പുഷ്ടവും സമഗ്രവുമായ കുടുംബജീവിതം, മക്കളും പേരക്കുട്ടികളുമായി പടർന്ന് പന്തലിച്ച ജീവിതത്തിന്റെ ഹറാൻ വള്ളിക്കുടിൽ അതാവരുന്നു, പഴയ ശിഷ്യന്മാർ - പീററും മാത്യുവും ജൂഡാസും എല്ലാവരുമുണ്ട്. ശാശ്വതാനന്ദത്തിന്റെ മാർഗമെന്ന് പറഞ്ഞ് തങ്ങളെ ദുർഘടമാർഗത്തിലേക്കു തള്ളിവിട്ട സ്വയം ലളിതസുഖജീവിതം കൈവരിച്ച റാബിയെ അവരെല്ലാവരും അധിക്ഷേപിക്കുന്നു. റാബിയും (ക്രിസ്തു) പ്രലോഭനങ്ങൾക്ക് "വിധേയനായതിനെപ്പററി പശ്ചാത്തപിക്കാൻ തുടങ്ങുന്നു."

ക്രിസ്തുവിന്റെ കാമുകിയായി മഗ്ദലനമറിയത്തെ ചിത്രീകരിച്ചുകൊണ്ടുള്ള ലേഖനത്തിലെ പരാമർശങ്ങൾ കുട്ടികളിൽ തെററിദ്ധാരണയും ചിന്താക്കുഴപ്പവും സൃഷ്ടിക്കുന്നതിന് ഇടനൽകുന്നതാണ്. കസാന്റ്സാകിസ്സിന്റെ 'ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്ന ഗ്രന്ഥത്തെപ്പററി ശ്രീ. വാരിയർ തന്നെ ഇപ്രകാരം എഴുതിയിരിക്കുന്നു. "വെറുതെയല്ല ഈ കൃതിക്ക് പല രാജ്യങ്ങളിലും പ്രവേശനാനുമതി നിഷേധിക്കപ്പെട്ടിരിക്കുന്നത്. പലരാലും ശക്തിയായി അധിക്ഷേപിക്കപ്പെട്ടത്."

www.malankaralibrary.com

ക്രൈസ്തവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നവിധത്തിലുള്ള ലേഖനങ്ങൾ പാഠപുസ്തകങ്ങളിൽ ചേർക്കുന്നതിൽ അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിനുള്ള ശക്തിയായ പ്രതിഷേധം അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ക്രൈസ്തവരുടെ ചരിത്രത്തെയും പാരമ്പര്യത്തെയും വിശ്വാസത്തെയും ആക്ഷേപിക്കുന്ന വിധത്തിലുള്ള മേൽചൂണ്ടികാണിച്ച പാഠഭാഗങ്ങളും ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന അദ്ധ്യായവും നീക്കം ചെയ്ത് ക്രൈസ്തവരുടെ വികാരങ്ങളെ മാനിക്കുവാൻ ബഹു. കേരളാഗവൺമെന്റ് അടിയന്തരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

(മെമ്മോറാണ്ടം സമർപ്പിച്ച തീയതി 16-10-1986)

## 98

# മാർ കരിയാററി മെത്രാഭിഷേക ദ്വിശതാബ്ദി സ്മരണികപ്രകാശനം

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ മാർകരിയാററി യൗസേപ്പ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ 200-ാമത് വാർഷികം 1983-ൽ രാമപുരത്തുവച്ച് പ്രസിഡന്റ് ഗ്യാനി സെയിൽ സിംഗ് ഉൽഘാടനം ചെയ്തു. ആ മഹാസംഭവത്തിന്റെ ശാശ്വത സ്മരണ നിലനിർത്തുന്നതിനായി തയ്യാറാക്കിയ സ്മരണികയുടെ പ്രകാശനകർമ്മം ഭാരത രാഷ്ട്രശില്പിയായ ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14-ാം തീയതി ന്യൂഡൽഹിയിൽ രാഷ്ട്രപതിഭവനിൽ വച്ച് നിർവ്വഹിക്കുകയുണ്ടായി.

രാവിലെ 9 മണിക്ക് കത്തോലിക്കാകോൺഗ്രസ്സ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററവും സ്മരണിക കമ്മററിയംഗം ടി.ജെ. ജോസഫ് മുണ്ടയ്ക്കലും ശാന്തിവനത്തിൽ എത്തി നെഹ്റുസമാധിയിൽ പുഷ്പചക്രം അർപ്പിച്ചു. അനന്തരം അവർ ഇരുവരും രാഷ്ട്രപതി ഭവനത്തിൽ എത്തിച്ചേർന്നു.

രാഷ്ട്രപതിഭവനിൽ നടന്ന ലളിതമായ ചടങ്ങിൽ വച്ച് കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററത്തിന് പ്രഥമകോപ്പി നൽകിക്കൊണ്ട് സ്മരണികയുടെ പ്രകാശനകർമ്മം രാഷ്ട്രപതി നിർവ്വഹിച്ചു.

കേരളം എന്നും എന്റെ സ്മരണയിൽ നിലനിൽക്കുമെന്നും ഭാരതത്തിന്റെ മഹാനായ പുത്രൻ മാർകരിയാററിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷപരിപാടികൾ ഉൽഘാടനം ചെയ്യാൻ സാധിച്ചതിൽ തനിക്കതിയായ സന്തോഷമുണ്ടെന്നും രാഷ്ട്രപതി ഗ്യാനിസെയിൽസിംഗ് പ്രകാശനം നിർവ്വഹിച്ചുകൊണ്ട് പ്രസ്താവിച്ചു.

www.malankaralibrary.com

രാമപുരത്ത് എത്തിച്ചേരുവാനും മാർ കരിയാററി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷങ്ങൾ ഉൽഘാടനം ചെയ്യുവാനും സന്മനസ്സുകാണിച്ച അങ്ങയുടെ മഹാമനസ്കതയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നുവെന്നും രാമപുരം നിവാസികളുടെ ഹൃദയം നിറഞ്ഞ നന്ദി അങ്ങയെ അറിയിക്കുവാൻ ഞങ്ങൾക്കതിയായ സന്തോഷമുണ്ടെന്നും സ്മരണിക കമ്മററിയംഗം ശ്രീ.ടി.ജെ. ജോസഫ് മുണ്ടയ്ക്കൽ രാഷ്ട്രപതിയെ അറിയിച്ചു.

കത്തോലിക്കാകോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന ആഘോഷ പരിപാടികൾ ഉൽഘാടനം ചെയ്ത അങ്ങു തന്നെ, സ്മരണികയും പ്രകാശനം ചെയ്യുന്നതിൽ ഞങ്ങൾക്കതിയായ സന്തോഷമുണ്ട് - ജനറൽസെക്രട്ടറി ജോൺ കച്ചിറമററം പ്രസ്താവിച്ചു.

14-11-1986

99

# തങ്കമണിയിലെ പോലീസ് തേർവാഴ്ച

കട്ടപ്പന പോലീസ്സ്റ്റേഷനതിർത്തിയിലുള്ള തങ്കമണിയിൽ പോലീസ് അതിക്രൂരമായ ഒരു വിളയാട്ടം നടത്തിയിരിക്കുന്നു. മനുഷ്യത്വത്തെ ചവിട്ടി മെതിച്ചുകൊണ്ട് പോലീസ് നടത്തിയ തേർവാഴ്ച സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ ഒരു കറുത്തരേഖയായി നിലകൊള്ളുകതന്നെ ചെയ്യും. കാപ്പിരികളുടെ നാടുകളിൽപോലുമോ സംസ്കാരശൂന്യമായ മദ്ധ്യശതകങ്ങളിൽപോലുമോ സംഭവിക്കാത്ത വിധത്തിലുള്ള അതിക്രൂരമായ പോലീസ് അതിക്രമങ്ങളാണ് തങ്കമണിയിൽ നടന്നത്.

കട്ടപ്പന-തങ്കമണി റൂട്ടിലോടുന്ന സ്വകാര്യബസ് സർവ്വീസ് മുടക്കിയതിനെ തുടർന്നാണ് സംഘർഷം ഉണ്ടായത്. ബസ്സ് ഉടമസ്ഥരും ജനങ്ങളും തമ്മിൽ നടന്ന ഒത്തുതീർപ്പാലോചനകൾ പരാജയപ്പെട്ടതിനെ തുടർന്ന്, പോലീസ് ബസ് ഉടമയുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചുവെന്നും ജനങ്ങളെ ഭയപ്പെടുത്തി ബസ് ഉടമയെ പ്രീതിപ്പെടുത്തുകയാണ് ചെയ്തതെന്നുമാണ് ആരോപണം. ഏതായാലും പോലീസ് ലാത്തിചാർജ് നടത്തി വെടിവച്ചു. വെടിവച്ചതിനെ തുടർന്ന് ഒരാൾ മരിച്ചു. നിരവധിപേർക്ക് പരുക്കുകൾ പററി.

ആദ്യത്തെ അക്രമങ്ങൾക്കുശേഷം പോലീസ് കൂടുതൽ തയ്യാറെടുപ്പോടുകൂടി അർദ്ധരാത്രിക്കുശേഷം വീടുകളിൽ കയറിയിറങ്ങി ഭീകരമർദ്ദനം നടത്തുകയുണ്ടായി. സ്ത്രീകൾ അപമാനിതരായി. പിന്നെ അവിടെ എന്തു നടന്നുവെന്നുള്ളത് വിവരിക്കുവാൻ പോലും സാദ്ധ്യമല്ലാത്ത നിലയിലാണ്. ഈ ക്രൂരസംഭവങ്ങളെപ്പററി സമഗ്രമായ ഒരു അന്വേഷണം ജനത ആവശ്യപ്പെട്ടു. നിയമസഭയ്ക്കകത്തും പുറത്തും ലോക്സഭയിലും രാജ്യസഭയിലും ഇതിന്റെ മാറെറാലികൾ കേട്ടു. പക്ഷേ ജനാധിപത്യഗവൺമെന്റ് ജനവികാരങ്ങളുടെ നേരെ അലസതാമനോഭാവം കാണിച്ചു. എങ്കിലും ജനശക്തിക്ക്

www.malankaralibrary.com

മുൻപിൽ കേരളാഗവൺമെന്റ് തലകുനിച്ചു. ഒത്തു തീർപ്പുകൾ നടന്നു. തങ്കമണി പ്രക്ഷോഭണവും രാജ്ഭവൻ മാർച്ചും താൽക്കാലികമായി നിർത്തിവച്ചു.

ഒത്തു തീർപ്പുവ്യവസ്ഥകൾ പാലിക്കുന്നതിൽ നിന്നും മുഖ്യമന്ത്രി കരുണാകരൻ പിന്നോക്കം പോകുന്നതായാണ് ഇപ്പോൾ അറിയാൻ സാധിക്കുന്നത്. ആ വാർത്തശരിയാണെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കാം. നാളെ തങ്കമണി കർഷകർ പ്രക്ഷോഭണത്തിനിറങ്ങിത്തിരിക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ, ആ പ്രക്ഷോഭണത്തിനുമുൻപിൽ കേരളത്തിലെ സകല ജനാധിപത്യവിശ്വാസികളും അണിനിരക്കുകതന്നെ വേണം.

കരുണാകരൻ പോലീസ് വകുപ്പ് കൈകാര്യം ചെയ്തപ്പോഴെല്ലാം ഭീകരമായ പോലീസ് മർദ്ദനം നടത്തിയിട്ടുണ്ടെന്നാണ് ചരിത്രം പറയുന്നത്. അതിന് ഒരു അന്ത്യം കുറിക്കുവാൻ തങ്കമണി പ്രക്ഷോഭണം ഇടനൽകട്ടെ. എ.കെ.സി.സി. നേതാക്കൾ കേരളാ കേന്ദ്രഗവൺമെന്റുകളുടെ മുൻപിൽ ഈ പ്രശ്നം അവതരിപ്പിച്ചിട്ടുണ്ട്.

ശക്തമായ ഒരു പ്രക്ഷോഭണത്തിന് ഇടം കൊടുക്കാതെ ഒത്തുതീർപ്പുവ്യവസ്ഥകൾ പാലിക്കുവാൻ കേരള ഗവൺമെന്റ് മുൻകൈയ്യെടുക്കണമെന്നാണ് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം.

5–12–86

# 100

# ആറാം തിരുമുറിവ് നാടകം

ക്രൈസ്തവ മതവികാരങ്ങൾ വ്രണപ്പെടുത്തുന്ന ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകം കേരളത്തിൽ ഒരു വിവാദം സൃഷ്ടിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്ന ബഹുജനവികാരങ്ങളെ കണക്കിലെടുത്ത് നാടകം എല്ലാ സ്ഥലങ്ങളിലും തന്നെ അവതരിപ്പിക്കുന്നതിനെ ജില്ലാ കളക്ടർമാർ നിരോധിച്ചിരിക്കുകയാണ്. ക്രമസമാധാനനില തകരും എന്നതുകൊണ്ടാണ് കളക്ടർമാർ നാടകം നിരോധിച്ചത്.

നാടകം നിരോധിച്ചതിനെതിരെ ഏതാനും പുരോഗമനവാദികൾ രംഗത്ത് എത്തിയിരിക്കുകയാണ്. കലാകാരനെ നിയന്ത്രിക്കരുതെന്നും അവന്റെ കലാവാസനയെ വരിഞ്ഞു മുറുക്കരുതെന്നും സ്വതന്ത്രചിന്തകൾ കലാരൂപങ്ങളായി മാറാൻ അനുവദിക്കണമെന്നുമാണ് ഇക്കൂട്ടരുടെ വാദം. അമ്മയെ തല്ലിയാലും രണ്ടുകക്ഷി എന്നല്ലേ ചൊല്ല്.

മതസൗഹാർദ്ദതയ്ക്ക് ഭംഗംവരുത്തുന്ന കലാസൃഷ്ടികൾ സൃഷ്ടിച്ചെങ്കിൽ മാത്രമേ കല വളരുകയുള്ളോ. കലാകാരന് യാതൊരു നിയന്ത്രണവും സമൂഹത്തിൽ ആവശ്യമില്ലേ?

ആറാം തിരുമുറിവ് നാടകം അഭിനയിച്ചുവെന്നുകരുതി ക്രിസ്തുവിനോ,

www.malankaralibrary.com

ക്രൈസ്തവർക്കോ ഒന്നും സംഭവിക്കുകയില്ല. ആരുടേയും വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കുവാൻ എല്ലാവർക്കും ധാർമ്മികമായ കടമയുണ്ട്. ആ ഉത്തരവാദിത്വം കലാകാരൻ ഏറ്റെടുക്കുന്നില്ലെങ്കിൽ കലാകാരനെ നിലയ്ക്കുനിറുത്തുവാൻ സമാധാന പ്രേമികൾ രംഗത്ത് വന്നുവെന്നുവരാം. പണസമ്പാദനരംഗത്ത് ഏതു മാർഗ്ഗവും കലാകാരന് സ്വീകരിക്കാം എന്ന നില അനുവദിച്ചാൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും.

മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന ഇത്തരം നാടകങ്ങൾക്കെതിരെ ഈശ്വരവിശ്വാസികൾ ഒററക്കെട്ടായി നിന്ന് പോരാടുക തന്നെ വേണം.

## 101

# ആവിഷ്കാര സ്വാതന്ത്ര്യം

ആവിഷ്കാരസ്വാതന്ത്ര്യത്തിനുവേണ്ടി കുറേ കലാകാരന്മാർ പുരോഗമനത്തിന്റെ പേരിൽ ശബ്ദമുയർത്തിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകത്തിനെതിരെ ക്രൈസ്തവർ പ്രതിഷേധം പ്രകടിപ്പിച്ചപ്പോഴാണ് ആവിഷ്കാരസ്വാതന്ത്ര്യവുമായി ചിലർ രംഗത്തിറങ്ങിയിരിക്കുന്നത്. ആവിഷ്കാരസ്വാതന്ത്ര്യവാദക്കാരുടെ വാക്കുകൾ കേട്ടാൽ ഇവിടെ എന്തും എഴുതാനും കാണിക്കാനുമുള്ള അവകാശം എല്ലാവർക്കുമുണ്ടെന്ന് തോന്നിപ്പോകും. സ്വാതന്ത്ര്യത്തിന് പരിധികളുണ്ട്. ആ പരിധികൾ ആവശ്യവുമാണ്. ആറാം തിരുമുറിവ് നാടകം നിരോധിച്ചത് ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ മേലുള്ള കടന്നാക്രമണമാണെന്ന് പ്രഖ്യാപിച്ചവർ 'ഭഗവാൻ കാലുമാറുന്നു' എന്ന നാടകം അവതരിപ്പിച്ചപ്പോൾ എന്തു നിലപാട് ആണു സ്വീകരിച്ചതെന്ന് സ്വയമൊന്ന് ആത്മപരിശോധന നടത്തിനോക്കട്ടെ. നമുക്കൊക്കെ സ്വാതന്ത്ര്യം ഉണ്ട്, സ്വാതന്ത്ര്യം വേണം താനും. പക്ഷെ ആ സ്വാതന്ത്ര്യം ദുർവിനയോഗം ചെയ്യുവാൻ പാടില്ല. ആവിഷ്കാര സ്വാതന്ത്ര്യം ഏതെങ്കിലും സമുദായത്തെ അവഹേളിക്കുന്നതിനാണോ ഉപയോഗിക്കേണ്ടത്. ഏതെങ്കിലും വ്യക്തിയെ തേജോവധം ചെയ്യാനാണോ ഉപയോഗിക്കേണ്ടത്? സിനിമയ്ക്ക് സെൻസ്സർബോർഡ് ഏർപ്പെടുത്തിയിരിക്കുന്നത് എന്തിനാണ്? സ്വാതന്ത്ര്യം നിഷേധിക്കുവാനാണോ? ഒരിക്കലുമല്ല. എല്ലാററിനും ഒരു പരിമിതിയുണ്ട്. ആവിഷ്കാരസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നവർ സ്വാതന്ത്ര്യത്തിന് പരിധികളുണ്ടെന്ന് ഓർമ്മിക്കണം. ക്രൈസ്തവരെയും ക്രൈസ്തവവിശ്വാസങ്ങളെയും ആക്ഷേപിക്കുന്നതാണോ ആവിഷ്കാര സ്വാതന്ത്ര്യം?

യഥാർത്ഥത്തിൽ ജാതിമതചിന്തകൾക്കതീതമായി ആറാംതിരുമുറിവ് നാടകത്തിൽ ഒരു നിലപാട് എടുക്കേണ്ടതായിരുന്നു. അത് നമുക്ക് സാധിച്ചില്ല. ഈ ആവിഷ്കാര സ്വാതന്ത്ര്യ പ്രേമികളെ സ്വാതന്ത്ര്യത്തിന്റെ പരിധി ബോദ്ധ്യപ്പെടുത്തുവാൻ നമുക്ക് ധാർമ്മികമായ കടമയുണ്ട്. ആ കടമ നിർവ്വഹിക്കുവാൻ നാം ഒററക്കെട്ടായി നീങ്ങേണ്ടിയിരിക്കുന്നു.

05-02-87

www.malankaralibrary.com

# 102

# പാർപ്പിട വർഷം

ഐക്യരാഷ്ട്ര സമിതി 1987 വീടില്ലാത്തവർക്ക് പാർപ്പിടം നൽകുന്നതിനുള്ള അന്താരാഷ്ട്രവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ലോകത്തെമ്പാടുമുള്ള സകല ജനങ്ങൾക്കും പാർപ്പിടം നൽകുവാനുള്ള പരിപാടികൾ എല്ലാ രാജ്യക്കാരും ആവിഷ്കരിക്കണമെന്നും രണ്ടായിരം ആണ്ട് ആകുമ്പോഴേയ്ക്കും എല്ലാവർക്കും പാർപ്പിടം ലഭിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും യു.എൻ.ഒ. നിർദ്ദേശിച്ചിട്ടുണ്ട്.

ഐക്യരാഷ്ട്ര സഭ ശിശു വർഷം, വനിതാ വർഷം തുടങ്ങി പല വർഷാചരണങ്ങളും നടത്തുകയുണ്ടായി. ഓരോന്നിന്റേയും വിവിധ വശങ്ങളെപ്പററി പഠിക്കുന്നതിനും പ്രശ്നങ്ങളെപ്പററി സമഗ്രമായ വിലയിരുത്തലുകൾ നടത്തുന്നതിനും ഇപ്രകാരമുള്ള വർഷാചരണങ്ങൾ സഹായകരമായിത്തീരും. ലോകത്താകെ 500 കോടി ജനങ്ങൾ ഉണ്ടെന്നാണ് കണക്ക്. അതിൽ 150 കോടിയും ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ളവരും ഭവനരഹിതരും ചേരികളിൽ താമസിക്കുന്നവരുമാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ലവലിലും സാമൂഹ്യ സംഘടനകൾ വഴിയും വിവിധതരം ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ അതുകൊണ്ടും പ്രശ്നത്തിന് ശാശ്വതപരിഹാരം നേടുവാൻ കഴിഞ്ഞിട്ടില്ല. വീടുപണിയാൻ ആവശ്യമായ ഭൂമിയില്ലായ്മ, ഭൂമിയുടെ വിലവർദ്ധനവ് മുതലായവ സാധാരണക്കാരെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങളാണ്. ഇടവക തലത്തിലും രൂപതാ തലത്തിലും ഭവനരഹിതരുടെ കണക്കുകൾ എടുത്ത് കേരളാടിസ്ഥാനത്തിൽ പാർപ്പിടപ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുവാൻ അടിയന്തിരമായ നടപടികൾ നാം സ്വീകരിക്കണം. അതിന് ഈ പാർപ്പിടവർഷാചരണം വേണ്ട പ്രചോദനം നൽകട്ടെ. പാർപ്പിട പ്രശ്നത്തെപ്പററി ശരിയായ ഒരു അവബോധം ജനങ്ങളിൽ ഉളവാക്കുന്നതിന് ഈ വർഷാചരണം സഹായകരമായിത്തീരട്ടെയെന്നാശംസിക്കുന്നു.

05-02-87

# 103

# ഫാ.വള്ളമററത്തിനെതിരായ നടപടി

ഗവൺമെന്റ് വിദ്യാഭ്യാസരംഗത്ത് ഒന്നും പ്രവർത്തിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ പൊൻകുരിശും പൊന്നരുളിക്കായും വിററും ക്രൈസ്തവർ കൈ തുറന്ന് സംഭാവനകൾ നൽകിയും ആണ് വിദ്യാലയങ്ങൾ ക്രൈസ്തവർ സ്ഥാപിച്ചത്. ആ വിദ്യാലയത്തിൽ എന്തുംപഠിപ്പിക്കണമെന്ന് പറയുവാൻ സർക്കാരിന് അവകാശമില്ല. ക്രിസ്തുവിനെ അവഹേളിക്കുന്ന ഒരു പാഠഭാഗം

www.malankaralibrary.com

പഠിപ്പിക്കണ്ടായെന്ന് കേരള പ്രൈവററ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ തീരുമാനിച്ചതിൽ യാതൊരു തെററുമില്ല. അസോസിയേഷന്റെ തീരുമാനം പ്രഖ്യാപിച്ച ഫാ. വള്ളമററത്തിന്റെ പേരിൽ യൂണിവേഴ്സിററി ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ക്രിസ്തുവിനെയും ക്രൈസ്തവപഠനങ്ങളെയും ആക്ഷേപിക്കുന്ന ഒരു പാഠഭാഗം പഠിപ്പിക്കണമെന്ന് ആരു നിർദ്ദേശിച്ചാലും അംഗീകരിക്കുവാൻ ക്രൈസ്തവർ തയ്യാറല്ല. പലപ്പോഴും നിയമലംഘനങ്ങൾ പിൽക്കാലത്ത് നല്ല നടപടിയായിത്തീരുക സാധാരണമാണ്. നിസ്സഹകരണപ്രസ്ഥാനവും ക്വിററ് ഇന്ത്യാപ്രക്ഷോഭണവും എല്ലാം ഇന്ന് ദേശാഭിമാനികളെ പുളകം കൊള്ളിക്കുന്ന പ്രക്ഷോഭണങ്ങളാണ്. ഒരു കാലത്ത് ആ പ്രക്ഷോഭണങ്ങൾ ദേശദ്രോഹമായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു.

1945, 1959, 1972 എന്നീ കാലങ്ങളിൽ സ്വകാര്യവിദ്യാലയങ്ങളുടെമേൽ സർക്കാർ കടന്നാക്രമണത്തിന് മുതിർന്നപ്പോൾ വിദ്യാലയങ്ങൾ അടച്ചിട്ട് പ്രതിഷേധിച്ചു. ക്രിസ്തുവിനെ അവഹേളിക്കുന്ന പാഠഭാഗം പഠിപ്പിക്കാനാണെങ്കിൽ ക്രൈസ്തവർ സ്കൂളുകൾ സ്ഥാപിച്ചു നടത്തേണ്ട ആവശ്യമില്ല. സർക്കാർ കോളേജുകളിലും അങ്ങനെയുള്ള പാഠഭാഗങ്ങൾ പഠിപ്പിക്കുവാൻ അനുവദിക്കുകയില്ല. പാഠഭാഗം പഠിപ്പിക്കുകയില്ലെന്ന് തീരുമാനിച്ചതിന്റെ പേരിലല്ല പാഠഭാഗം പഠിപ്പിക്കണമെന്ന് നിശ്ചയിച്ചവരുടെ പേരിലാണ് നടപടിയെടുക്കേണ്ടത്. ഏത് ആഭാസവും കോളേജിൽ പഠിപ്പിക്കുവാൻ സർവ്വകലാശാലാ സിൻഡിക്കേററിന് അവകാശമുണ്ടോ? ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ തുറന്നുപറയാനും വ്യവസ്ഥാപിതമായ രീതിയിൽ പ്രക്ഷോഭണം നടത്താനും നമുക്കവകാശമില്ലേ. ആ ജനാധിപത്യാവകാശത്തിന്റെ നേരെയുള്ള കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേററിന്റെ നടപടി ആക്ഷേപാർഹമാണ്. ഫാ.വള്ളമററത്തിനെതിരെയുള്ള നടപടി ഉടൻ പിൻവലിക്കുക തന്നെ വേണം.

05–02–87

## 104

# പൊതു തെരഞ്ഞെടുപ്പ്

കേരളം ഒരുപൊതു തിരഞ്ഞെടുപ്പിനെ നേരിടുകയാണ്. കേരള ജനത അവരുടെ സമ്മതിദാനാവകാശം ഒരിക്കൽക്കൂടി വിനിയോഗിക്കുവാൻ പോവുകയാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നാലു ദശാബ്ദങ്ങൾ പിന്നിട്ടു കഴിഞ്ഞിട്ടും ഇവിടെ ജനാധിപത്യഭരണസമ്പ്രദായം നിലനിൽക്കുന്നുവെന്നത് സന്തോഷകരമാണ്. ഭാരതത്തിനുശേഷം സ്വാതന്ത്ര്യം പ്രാപിച്ച മററു പല രാജ്യങ്ങളിലും ജനാധിപത്യഭരണസമ്പ്രദായം പരാജയപ്പെട്ടിട്ടും ഭാരതത്തിൽ ഇന്നും ജനാധിപത്യരീതി നിലനിർത്തുവാൻ സാധിച്ചതിൽ പ്രബുദ്ധരായ സമ്മതിദായകർക്ക് അഭിമാനിക്കാവുന്നതാണ്.

എന്നാൽ കഴിഞ്ഞ ഒന്നുരണ്ടു മാസക്കാലമായി കേരളത്തിൽ നടക്കുന്ന രാഷ്ട്രീയ നാടകങ്ങൾ ദുഃഖകരമല്ലേയെന്ന് നാമൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

കഴിഞ്ഞ കാൽനൂററാണ്ടുകാലമായി ഇവിടെ ഐക്യമുന്നണികളാണല്ലോ ഭരണരംഗത്തും പ്രതിപക്ഷത്തും പ്രവർത്തിക്കുന്നത്. മുന്നണിയിലെ ഘടക കക്ഷികൾ തമ്മിലും രാഷ്ട്രീയകക്ഷികളിലെ ഗ്രൂപ്പുകൾ തമ്മിലും നടക്കുന്ന ലജ്ജാകരമായ മത്സരം ജനാധിപത്യകേരളത്തിന് ഒരിക്കലും ഭൂഷണമല്ല. റൗഡികൾ നട്ടുച്ചയ്ക്ക് ആൾക്കാരെ പിടിച്ചു നിർത്തി പണം തട്ടിയെടുക്കുന്നതു പോലെ ചില രാഷ്ട്രീയ കക്ഷികൾ മുന്നണിയിലെ ഘടകകക്ഷികളോട് വിലപേശൽ നടത്തുന്ന കാഴ്ചയാണ് നാമിന്ന് കുറേക്കാലമായി കാണുന്നത്. ഏതു സമ്മർദ്ദത്തിനും വഴങ്ങാനും വഴങ്ങില്ലെന്ന് വീമ്പടിക്കുവാനും ചില രാഷ്ട്രീയ കക്ഷികൾ കാണിക്കുന്ന "ചങ്കൂററം" എത്രയോ ലജ്ജാകരമാണ്.

ഇത് മുന്നണിയിലെ കാര്യം. അതിനേക്കാൾ കഷ്ടമല്ലേ ഓരോ രാഷ്ട്രീയ പാർട്ടിയിലെയും ഇന്നത്തെ സ്ഥിതി വിശേഷം. ഒരു രാഷ്ട്രീയ കക്ഷിയിൽ തന്നെ രണ്ടും മൂന്നും പ്രബലഗ്രൂപ്പുകൾ. മദ്ധ്യസ്ഥന്മാർ ഇടപെട്ട് എന്നും അവയെ കൂട്ടിയിണക്കുന്ന കാഴ്ചകൾ. വീണ്ടും ഒന്നിച്ചിരിക്കുമ്പോൾ അഭിപ്രായവ്യത്യാസ വുമായി ബഹളമുണ്ടാക്കുന്ന കാഴ്ചകൾ. ഈ പോക്ക് എങ്ങോട്ടാണ്? ഇത് കേരളത്തിന് അഭിമാനകരമാണോ? ജനാധിപത്യത്തിന്റെ ഓജസ്സുള്ള കേന്ദ്ര ങ്ങളായി മാറേണ്ട രാഷ്ട്രീയപാർട്ടികൾ സ്ഥാപിത താല്പര്യങ്ങളുടെ കേന്ദ്രങ്ങ ളായി മാറുന്ന ദയനീയമായ കാഴ്ചയാണ് നാമിന്ന് കാണുന്നത്. സംഘടനയിൽ ഒരു പരിധിവരെ ഗ്രൂപ്പ് പ്രവർത്തനമാവാം. ഒരു ഗ്രൂപ്പ് എന്നത് ഒരു വ്യക്തിയായി മാറുകയും ആ വ്യക്തിക്ക് അടിമപ്പെട്ട് എന്നും അനുയായികൾ പ്രവർത്തിക്ക ണമെന്ന് വാദിക്കുകയും അങ്ങനെ ഒത്തുതീർപ്പുകൾ ഉണ്ടാക്കുകയും ചെയ്യുന്നത് എത്ര ലജ്ജാകരമാണ്.

അനുയായികളെ എന്നും കൂട്ടത്തിൽ നിറുത്തുന്നതിലാണ് നേതാവിന്റെ സാമർത്ഥ്യം കാണേണ്ടത്.

സ്ഥാനാർത്ഥി നിർണ്ണയമാണല്ലോ പാർട്ടികളിൽ കൂടുതൽ അപസ്വരം സൃഷ്ടിക്കുക. ഒരാൾ ഒരു പ്രാവശ്യം ഒരു മണ്ഡലത്തിൽ നിന്നു ജയിച്ചാൽ അദ്ദേഹം തന്നെയായിരിക്കണം ആജീവനാന്ത മെമ്പർ എന്ന് വാദിക്കുന്നത് എത്രയോ ബാലിശമാണ്. ഒന്നോ രണ്ടോ തവണ മത്സരിച്ച് ജയിക്കുന്നവർ വീണ്ടും സംഘടനാപ്രവർത്തനത്തിലേക്ക് തിരിയട്ടെ. പുതുമുഖങ്ങളെ ഭരണ രംഗത്തേക്ക് കടത്തിവിടുകയും ചെയ്യട്ടെ. ഒരിക്കൽ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുന്നവർ വീണ്ടും ആ സ്ഥാനത്തേക്ക് തന്നെ തെരഞ്ഞെ ടുക്കപ്പെടുവാൻ കാണിക്കുന്ന വ്യഗ്രത കാണുമ്പോൾ ഈ സേവനത്തിന് എന്തോ പന്തികേട് തോന്നിപ്പോകുകയാണ്.

ഈ ലക്കം ബുള്ളററിൻ വായനക്കാരന്റെ കൈകളിലെത്തുമ്പോൾ ഇവിടുത്തെ രാഷ്ട്രീയരംഗം എന്തായിരിക്കുമെന്ന് പ്രവചിക്കാൻപോലും സാദ്ധ്യമല്ല. എങ്കിലും ഇന്നത്തെ സാഹചര്യം വേദനാജനകമാണ് എന്ന് സൂചിപ്പിക്കുവാൻ വേണ്ടി ഇത്രയും എഴുതുകയാണ്. ഈ പോക്ക് രാജ്യത്തിനും ജനാധിപത്യത്തിനും അപകടകരമാണ്. ജനാധിപത്യവിശ്വാസികൾ ഉറക്കെ ചിന്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു.

05-03-87

www.malankaralibrary.com

# 105

# എ.കെ.സി.സി. 68-ാമത് വാർഷികവും ചാലിപ്പള്ളി ശാഖയുടെ സുവർണ്ണ ജൂബിലിയാഘോഷവും

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ 68-ാമത് വാർഷികവും ചാലിപ്പള്ളി ശാഖയുടെ സുവർണ്ണ ജൂബിലിയാഘോഷവും ഏകോപിച്ച് 1986 ഡിസംബർ 18 മുതൽ 22 വരെ തീയതികളിൽ ചാലിപ്പള്ളിയിൽ സിറിയക് കണ്ടത്തിൽ നഗറിൽ വച്ച് വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി. വാർഷികത്തോടനുബന്ധിച്ച് എഴുപുന്നയിലും ചെമ്പിലും നടന്ന സമ്മേളനങ്ങളും മററിതര പരിപാടികളും എ.കെ.സി.സി. പതാകയും സിറിയക് കണ്ടത്തിലിന്റെ ഛായാചിത്രവും വഹിച്ചുകൊണ്ടുള്ള വാഹനപ്രയാണജാഥയും സമ്മേളനനഗറിലെ വിവിധ സമ്മേളനങ്ങളും എല്ലാം സഭയും സമുദായവും രാഷ്ട്രവും നേരിടുന്ന നിരവധി പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുവാനും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും സഹായകരമായിത്തീർന്നിട്ടുണ്ട്. സമുദായ സംഘടനയുടെ ഇന്നത്തെ നിലയെപ്പററി വസ്തുനിഷ്ഠമായി വിലയിരുത്തിയ വാർഷിക സമ്മേളനം 1987 സംഘടനാവർഷമായി ആചരിച്ചുകൊണ്ട് സംഘടനാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി.

ഈ വർഷത്തെ വാർഷികത്തിന് ചില പ്രത്യേകതകൾ കൂടിയുണ്ടായിരുന്നു. എ.കെ.സി.സി. വാർഷികത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ഏറെറടുത്തുകൊണ്ട് നടത്തുവാൻ ചാലിപ്പള്ളി ശാഖക്കാർ തയ്യാറായി എന്നതാണ് പ്രധാന പ്രത്യേകത. വാർഷികാഘോഷപരിപാടികൾക്ക് ചിലവായ തുകയ്ക്കു പുറമെ, ജൂബിലി സ്മാരകമന്ദിരത്തിനും ഓപ്പൺ എയർ ഓഡിറേറാറിയത്തിന്റെ നിർമ്മാണത്തിനും ഭീമമായ തുക ചാലിപ്പള്ളി ശാഖ ചിലവാക്കുകയുണ്ടായി. ഒരു ലക്ഷത്തോളം ചിലവു വരുന്ന മേൽപറഞ്ഞ പരിപാടികൾ നടത്തിയതിന് ഒരു പൈസാപോലും പിരിവ് നടത്തിയില്ല എന്നുള്ളത് ഒരു പ്രത്യേകതയാണ്. ചാലിപ്പള്ളി ശാഖയുടെ വരുമാനത്തിൽനിന്ന് ചിലവഴിക്കുകയാണ് ചെയ്തത്. ഈ ഒററ കാരണത്തിൽനിന്നും ചാലിപ്പള്ളി ശാഖയുടെ പ്രവർത്തന പരിപാടികൾ എത്ര വിപുലമാണെന്ന് ചിന്തിക്കാവുന്നതാണ്. ഒരു കാലത്ത് യാതൊരു വിധ യാത്രാസൗകര്യവും ഇല്ലാതിരുന്ന ചാലിപ്പള്ളി പ്രദേശത്തിന്റെ വികസനത്തിൽ അവിടുത്തെ എ.കെ.സി.സി. ശാഖ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. വാർഷികാഘോഷം നടത്തുമ്പോൾ സാധാരണ കേന്ദ്രകമ്മററിയംഗങ്ങൾക്കും ഭാരവാഹികൾക്കും ഉണ്ടാകുന്ന യാതൊരു ബുദ്ധിമുട്ടുകളും ഈ വാർഷികാഘോഷവേളയിൽ ഉണ്ടായിട്ടില്ലെന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. സംഘടനയെപ്പററിയും സമുദായത്തെപ്പററിയും നല്ല ബോദ്ധ്യമുള്ളവരും എന്തൊക്കെയാണ്, എങ്ങിനെയൊക്കെയാണ് പ്രവർത്തിക്കേണ്ടതെന്ന് നല്ല നിശ്ചയമുള്ളവരും ആണ് ചാലിപ്പള്ളി ശാഖയിലെ

www.malankaralibrary.com

പ്രവർത്തകർ. കഴിഞ്ഞ അരനൂററാണ്ടുകാലത്തെ പ്രവർത്തന പാരമ്പര്യത്തിൽനിന്നും ആർജ്ജിച്ചെടുത്ത ആ സവിശേഷതകൾ എന്നും നിലനിർത്തുവാൻ ചാലിപ്പള്ളി ശാഖയ്ക്ക് സാധിക്കട്ടെയെന്നാശംസിക്കുന്നു.

സംഘടനാചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായി ചാലിപ്പള്ളി സമ്മേളനം നിലകൊള്ളും. ആ വാർഷികത്തിന് നേതൃത്വം നൽകിയ ചാലിപ്പള്ളി ശാഖാപ്രവർത്തകരുടെയും ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. കുര്യാക്കോസ് മാഞ്ഞാലിയുടെയും അർപ്പണമനോഭാവത്തെ ഞങ്ങൾ വിലമതിക്കുന്നു. കേരളത്തിലെ മററിതരശാഖകൾക്കും കൂടി മാതൃകയാകത്തക്കവിധം പ്രവർത്തിക്കുന്ന ചാലിപ്പള്ളി ശാഖയ്ക്ക് ഒരിക്കൽക്കൂടി അഭിനന്ദനങ്ങൾ നേരുന്നു.

എ.കെ.സി.സി. വാർഷിക തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനും എ.കെ.സി.സി. യുടെ സന്ദേശം എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതിനും സംഘടനാപ്രവർത്തകർ തയ്യാറാകണം. എങ്കിൽ മാത്രമേ വാർഷികസമ്മേളനം വിജയകരമായി എന്ന് അഭിമാനിക്കാൻ സാധിക്കുകയുള്ളു. എല്ലാ പ്രവർത്തകരുടെയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

5-4-87

## 106

# ദീപിക ശതാബ്ദി

കേരളത്തിലെ പ്രഥമ ദിനപത്രമാണ് ദീപിക. ദീപികയുടെ ശതാബ്ദിയാഘോഷങ്ങൾ 1986 ഫെബ്രുവരി 8ന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാതിരുമേനിയാണ് ഉൽഘാടനം ചെയ്തത്. ഒരു വർഷം നീണ്ടുനിന്ന ആഘോഷപരിപാടികൾ മെയ് 1-ന് പ്രധാനമന്ത്രി രാജീവ് ഗാന്ധി പങ്കെടുത്ത ശതാബ്ദിസമ്മേളനത്തോടെ സമാപിച്ചു.

1887 ഏപ്രിൽ 15 ന് ആണ് ദീപികയുടെ പ്രഥമലക്കം പുറത്തിറങ്ങിയത്. ഇക്കഴിഞ്ഞ വിഷുപ്പുലരിയിൽ ദീപിക 100 വർഷം പിന്നിട്ടുകഴിഞ്ഞു. ദീപികയുടെ പ്രഥമലക്കത്തിൽ ദീപികയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പററി വ്യക്തമായി പ്രതിപാദിച്ചിരുന്നു. "ഒരു വിശ്വസ്തദൂതിയായി രാജമന്ദിരങ്ങളിലും മന്ത്രിസത്തമന്മാരുടെ സഭകളിലും ന്യായകർത്താക്കന്മാരുടെ സന്നിധാനത്തിങ്കലും പോയി നാട്ടിൽ നടക്കുന്ന അക്രമങ്ങൾ, അനീതിയായ വാർത്തകൾ, പരജന പീഢകൾ, സാധുക്കൾക്കുള്ള ആവശ്യങ്ങൾ ആദിയായവ അറിയിച്ച് പരജനസങ്കടങ്ങൾക്ക് നിവൃത്തിവരുത്തി സകലർക്കും ഗുണപ്രദ സുമുഖിയായി വിലസി എങ്ങും സഞ്ചരിച്ച് മംഗല്യമോടെ ചിരഞ്ജീവിയായി വാണുകൊണ്ടിരിക്കുവാനായിട്ടാ"ണ് ദീപിക ജന്മമെടുത്തത് എന്ന് പ്രഥമലക്കത്തിൽ തന്നെ പ്രഖ്യാപിച്ചിരുന്നു. ഇക്കഴിഞ്ഞ നൂറുവർഷവും ഈ ലക്ഷ്യത്തിൽനിന്നും അണുവിട വ്യതിചലിക്കാതെ ദീപിക പ്രവർത്തിച്ചുവെന്നത് മലയാളികൾക്ക് അഭിമാനം നൽകുന്ന ഒരു കാര്യമാണ്. പാവങ്ങളുടെ പക്ഷം ചേർന്നും അവഗണിക്കപ്പെട്ടവർക്കുവേണ്ടി വാദിച്ചും ദീപിക കഴിഞ്ഞ ഒരു ശതവർഷം നടത്തിയ പ്രവർത്തനം കേരള

www.malankaralibrary.com

ചരിത്രത്തിന്റെ തന്നെ ഭാഗമായി തീർന്നിരിക്കുന്നു. സാമൂഹ്യനീതിക്കും സാമൂഹ്യപരിഷ്കരണത്തിനും വേണ്ടി ദീപികയോളം ധീരതയോടെ പ്രവർത്തിച്ച മറെറാരു പ്രസിദ്ധീകരണവും ഇല്ലെന്ന് തറപ്പിച്ചു പറയാവുന്നതാണ്.

ദീപിക മുൻനിന്നു നടത്തിയ മലയാളി മെമ്മോറിയൽ സമർപ്പണം, പൗര സമത്വവാദ പ്രക്ഷോഭണം, നിവർത്തന പ്രക്ഷോഭണം, വിദ്യാഭ്യാസ പ്രക്ഷോഭണം മുതലായവ സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുള്ള വലിയ ജനകീയ പ്രക്ഷോഭണങ്ങളാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കുടിയിറക്കുകൾക്ക് എതിരായും കർഷകതാല്പര്യ സംരക്ഷണത്തിനുവേണ്ടിയും ദീപിക സ്വീകരിച്ച നിലപാട് ധീരമായിരുന്നു. കഴിഞ്ഞ നൂറുവർഷവും ബിസിനസ്സു താല്പര്യങ്ങൾ കണക്കിലെടുക്കാതെ സമൂഹനന്മ ലക്ഷ്യമാക്കി പ്രവർത്തിച്ച ദീപികയുടെ നയം പ്രശംസാർഹമാണ്. ദീപികയ്ക്ക് എത്രകോപ്പിയുണ്ടെന്നല്ല, ദീപിക എത്രവർഷം പ്രവർത്തിച്ചുവെന്നല്ല, ദീപിക എങ്ങനെ പ്രവർത്തിച്ചുവെന്നാണ് ഈ ശതാബ്ദി വേളയിൽ നാം വിലയിരുത്തേണ്ടത്. ആ വിലയിരുത്തലിന് ദീപികയുടെ ശതാബ്ദിയാഘോഷ പരിപാടികൾ സഹായകരമാകട്ടെയെന്നാശംസിക്കുന്നു.

ദീപികയുടെ പ്രവർത്തനങ്ങളെപ്പററി വിലയിരുത്തുമ്പോൾ ദീപിക കഴിഞ്ഞകാലങ്ങളിൽ ആർക്കുവേണ്ടി നിലകൊണ്ടുവെന്നും ദീപികയുടെ ഗുണഫലങ്ങൾ അനുഭവിച്ചവർ ആ പത്രത്തെ എന്തുമാത്രം സഹായിച്ചുവെന്നും ആത്മപരിശോധന നടത്തുകയും ചെയ്യേണ്ട സന്ദർഭമാണിത്.

ശതാബ്ദിയിലെത്തിയ ദീപികക്ക് മംഗളങ്ങൾ നേരുന്നു. നീതിക്കുവേണ്ടിയുള്ള പോരാട്ടം നൂററാണ്ടുകൾ തുടരാനുള്ള ശക്തി ലഭിക്കട്ടെയെന്നാശംസിക്കുന്നു.

(ശതാബ്ദിയാഘോഷക്കമ്മറ്റിയുടെ ജനറൽ കൺവീനർ ജോൺ കച്ചിറമറ്റം ആയിരുന്നു.)

5–5–87

## 107

# പൊതുതെരഞ്ഞെടുപ്പും രാഷ്ട്രീയ സംഭവവികാസങ്ങളും

കേരളത്തിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി അമ്പേപരാജയപ്പെടുകയും ഇടതുപക്ഷമുന്നണി അധികാരത്തിൽ വരികയും ചെയ്തിരിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തോടുള്ള സാമാന്യജനങ്ങളുടെ അമർഷവും ഐക്യജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ തമ്മിൽ പരസ്പരം നടത്തിയ കാലുവാരലുമാണ് ഇടതുപക്ഷ ജനാധപത്യമുന്നണിയെ അധികാരത്തിലേററിയത്. കാലുവാരലിൽ സർവ്വകാല റിക്കോർഡാണ് ഐക്യജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ നടത്തിയത് എന്നുപറയേണ്ടിവന്നതിൽ ഖേദമുണ്ട്. കഴിഞ്ഞ 5 വർഷത്തെ ഭരണത്തി

www.malankaralibrary.com

നിടയിൽ നടന്ന അഴിമതികളും സ്വജനപക്ഷപാതവും, സമകാലീന പ്രശ്ന ങ്ങളോട് സ്വീകരിച്ച നയവും ഐക്യജനാധിപത്യമുന്നണിയെ അപഹാസ്യ മാക്കിത്തീർത്തുവെന്നു പറയാവുന്നതാണ്. തെരഞ്ഞെടുപ്പിനെ വിലയിരുത്തി ക്കൊണ്ട് ഓരോ ഘടകകക്ഷിയും നൽകിയ വിശദീകരണങ്ങളും പത്രക്കുറിപ്പു കളും അതിലേറെ ലജ്ജാകരമായിരുന്നു. ഓരോ ഘടകകക്ഷിയും മററു ക ക്ഷികളെ പഴിചാരിക്കൊണ്ടുള്ള വിലയിരുത്തലുകളാണ് നടത്തിയത്. സ്വയം ആത്മപരിശോധന നടത്താൻ ആരും തയ്യാറായില്ല.

പുതിയ മന്ത്രിസഭ അധികാരമേററെടുത്തതിനുശേഷം പെട്ടെന്ന് ക്രമ സമാധാനം വഷളായി എന്നൊരു ആരോപണം പ്രതിപക്ഷകക്ഷികൾ ഉന്നയിച്ചു തുടങ്ങിയിട്ടുണ്ട്. ആ ആരോപണം പൂർണ്ണമായും ശരിയാണോ, രാജ്യത്ത് നട മാടുന്ന അക്രമപ്രവർത്തനങ്ങളോട് ഭരിക്കുന്ന ഗവൺമെന്റ് എന്തു നിലപാടാ ണ് സ്വീകരിച്ചിരിക്കുന്നത്, എന്നൊക്കെ, പ്രബുദ്ധരായ ജനത ശാന്തമായി ചി ന്തിക്കേണ്ടതാണ്. ക്രമസമാധാനനില തകർന്നുവെന്ന ഭീതി ജനങ്ങളിൽ വളർ ത്തുന്നത് അപകടകരമാണ്. സാമൂഹ്യദ്രോഹികൾക്ക് മുതലെടുപ്പ് നടത്തുവാ നും ഇത് അവസരം നൽകും. ഇങ്ങനെയൊരു ഭീതി വളർത്തുന്നത് പ്രതിപ ക്ഷകക്ഷികൾക്ക് ആവശ്യമായിരിക്കാം. പക്ഷെ രാജ്യനന്മയ്ക്ക് അത് അപകട കരമാണ്.

ക്രമസമാധാനനില ഭദ്രമാക്കാൻ ഗവൺമെന്റ് കർശനമായ നടപടികൾ സ്വീകരിക്കണം. ഭരണകക്ഷികളുടെ നേതാക്കൾ നടത്തിയ പല പ്രസ്താവ നകളും ജനങ്ങളിൽ ഭയാശങ്കകൾ വളർത്തുന്നതിന് ഇടനൽകിയിട്ടുണ്ടെങ്കിൽ അതെല്ലാം ദുരീകരിക്കുവാൻ ശ്രമിക്കേണ്ടതുമാണ്. "കഴിഞ്ഞകാല ചെയ്തികൾ ഇനിയും ആവർത്തിക്കുമെന്നും മതപഠനം സ്കൂളുകളിൽ നടത്തുവാൻ അനുവദിക്കുകയില്ലെന്നുമുള്ള" ഇ.എം.എസ്സിന്റെ പ്രസ്താവന ജനങ്ങളുടെ കടുത്ത വിമർശനത്തിന് ഇടയാക്കിയിട്ടുണ്ടെന്ന വസ്തുത കേരളാഗവൺമെന്റ് മനസ്സിലാക്കണം. അധികാരം സേവനത്തിനുള്ള അവസരമായി വിനിയോഗി ക്കാൻ ഇന്നത്തെ ഗവൺമെന്റിന് സാധിക്കണം. അതിനുള്ള വിവേകം പുതിയ ഭരണകർത്താക്കൾക്കുണ്ടാകട്ടെയെന്നാഗ്രഹിക്കുന്നു.

05-05-87

## 108

## വിദ്യാലയങ്ങളെയും ആതുരാലയങ്ങളെയും നികുതിയിൽനിന്ന് ഒഴിവാക്കണം : വിവിധ സമുദായ നേതാക്കളുടെ യോഗം ആവശ്യപ്പെടുന്നു

സേവനപ്രധാനമായ വിദ്യാഭ്യാസ-ആതുരശുശ്രൂഷാരംഗങ്ങളിൽ വ്യക്തി ഗതമായ ലാഭേച്ഛകൂടാതെ ഏററവും ഫലപ്രദവും ഉയർന്നതുമായ സേവനം നൽകുന്ന അംഗീകൃത വിദ്യാലയങ്ങളെയും ആതുരാലയങ്ങളെയും നികുതി

www.malankaralibrary.com

യിൽനിന്ന് പൂർണ്ണമായി ഒഴിവാക്കണമെന്ന് കോട്ടയത്ത് സെന്റ് എഫ്രേം എക്യുമിനിക്കൽ സെന്ററിൽ ചേർന്ന വിവിധസമുദായനേതാക്കളുടെ യോഗം ഗവൺമെന്റിനോടഭ്യർത്ഥിച്ചിരിക്കുന്നു.

സ്വകാര്യവിദ്യാലയങ്ങളും ആശുപത്രികളും സ്ഥാപിച്ചു നടത്തുന്നത് സമുദായസ്നേഹികളുടെ കൈ തുറന്ന സംഭാവനയും ത്യാഗമനസ്ഥിതിയും കൊണ്ടുമാത്രമാണെന്നും വിദ്യാലയങ്ങളിലെയോ ആതുരാലയങ്ങളിലെയോ വരുമാനംകൊണ്ട് ഒരു സ്ഥാപനവും പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയില്ലെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ഈ സ്ഥാപനങ്ങൾ പ്രത്യേകവിധത്തിൽ സഹായിക്കുന്നുണ്ടെന്നും സേവനപ്രധാനങ്ങളായ ഈ സ്ഥാപനങ്ങളെ വ്യാപാരസ്ഥാപനങ്ങളേപ്പോലെ കണക്കാക്കി നികുതിപിരിക്കാൻ തീരുമാനിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നും യോഗം അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞിരിക്കുന്നു. അംഗീകൃതവിദ്യാലയങ്ങളുടെയും സ്വകാര്യആശുപത്രികളിലെയും പ്രവർത്തനത്തെപ്പറ്റി സർക്കാർ വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തണമെന്നും യോഗം സർക്കാരിനോടാവശ്യപ്പെട്ടു. എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം പ്രമേയം അവതരിപ്പിച്ചു.

കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലും ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റവും കൂടി വിളിച്ചുകൂട്ടിയ യോഗത്തിൽ എൻ.എസ്സ്.എസ്സ്. ജനറൽ സെക്രട്ടറി കെ. നാരായണക്കുറുപ്പ് അദ്ധ്യക്ഷത വഹിച്ചു. ഭാവിപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുവാൻ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, കെ. നാരായണക്കുറുപ്പ് എന്നിവർ ചെയർമാൻമാരായും എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജോൺ കച്ചിറമറ്റം എന്നിവർ യഥാക്രമം കൺവീനറായും ജോ.കൺവീനറായും ആക്ഷൻ കൗൺസിൽ രൂപീകരിച്ചു.

ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് സമ്മേളനം ഉൽഘാടനം ചെയ്തു. അംഗീകൃതവിദ്യാലയങ്ങളും ആതുരാലയങ്ങളും പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നേരിടുന്ന പ്രതിസന്ധികളെപ്പറ്റിയും മറ്റും മുഖ്യമന്ത്രിക്ക് നിവേദനം നൽകുന്നതിനു തീരുമാനിച്ചു.

21-06-87

## 109

# കേരള ബഡ്ജററ്

കേരളാഗവൺമെന്റ് 1987-88 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നു. 158.90 കോടിരൂപായുടെ പുതിയ നികുതിനിർദ്ദേശങ്ങളോടുകൂടിയ ബഡ്ജററ് 39.90 കോടിരൂപായുടെ കമ്മിയാണ് കാണിക്കുന്നത്.

പുതിയ നികുതി നിർദ്ദേശങ്ങൾ കേരളജനതയെ നിരാശപ്പെടുത്തിയിരിക്കുകയാണ്. സാധാരണക്കാരുടെയും അദ്ധ്വാനിക്കുന്നവരുടെയും ഗവൺമെന്റ് എന്നുപറഞ്ഞ് അധികാരത്തിലേറിയ ഗവൺമെന്റ് സാധാരണക്കാരെയും

www.malankaralibrary.com

അദ്ധ്വാനിക്കുന്നവരെയും ഈ ബഡ്ജററിലൂടെ ദ്രോഹിച്ചിരിക്കുകയാണ്. സേവനപ്രധാനങ്ങളായ അംഗീകൃതവിദ്യാലയങ്ങൾക്കും സ്വകാര്യആശുപത്രികൾക്കും വരെ നികുതി ഏർപ്പെടുത്തിയ ഈ ഗവൺമെന്റ് വിദ്യാലയങ്ങളെയും ആതുരാലയങ്ങളെയും വ്യാപാര സ്ഥാപനങ്ങളെപ്പോലെയാണ് കണക്കാക്കിയിരിക്കുന്നത്. സർക്കാരിന്റെ ഈ മനോഭാവം ദുഃഖകരമാണ്. പ്രതിഷേധാർഹമാണ്.

സംസ്ഥാനത്തെ ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും ചികിത്സാ സൗകര്യം ലഭിക്കുന്നത് സ്വകാര്യആശുപത്രികളിൽ നിന്നാണ്. ആശുപത്രികളിലെ കിടക്കകൾക്ക് നികുതി ഏർപ്പെടുത്തിയാൽ അതിന്റെ ദുരിതം അനുഭവിക്കുന്നത് രോഗികളായിരിക്കും. സാധുക്കൾക്ക് സൗജന്യ ചികിത്സ ചെയ്യുന്ന സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം സ്തംഭിപ്പിക്കുവാൻവരെ ഈ നികുതി നിർദ്ദേശം സഹായകരമാകും. രാജ്യത്തെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുവാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. സർക്കാരിന് അത് സാധിക്കാതിരുന്ന കാലഘട്ടത്തിലാണ് സ്വകാര്യവിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുവാൻ ജനങ്ങൾ സ്വമനസ്സാലെ തയ്യാറായി മുന്നോട്ടുവന്നത്. സർക്കാരിന് യാതൊരു സാമ്പത്തിക ബുദ്ധിമുട്ടും വരുത്താതെ പ്രവർത്തിക്കുന്ന അംഗീകൃത വിദ്യാലയങ്ങൾക്ക് നികുതി ചുമത്താനുള്ള തീരുമാനം അങ്ങേയററം ആക്ഷേപാർഹമാണ്. സേവന പ്രധാനങ്ങളായ ആശുപത്രികളെയും വിദ്യാലയങ്ങളെയും പൂർണ്ണമായും നികുതിയിൽനിന്നും ഒഴിവാക്കാൻ വിവേകപൂർണ്ണമായ ഒരു തീരുമാനം ഗവൺമെന്റ് കൈക്കൊള്ളേണ്ടതാണ്.

ബഡ്ജററ് വ്യാപാരരംഗത്ത് വലിയ സ്തംഭനമുണ്ടാക്കി. അതിന്റെ പ്രത്യാഘാതങ്ങൾ ഇന്നും തുടരുകയാണ്. തോട്ടനികുതി വർദ്ധനവ് സാധാരണക്കാരെ ആകെ തളർത്തിക്കഴിഞ്ഞു. ബഡ്ജററിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിയ ഗവൺമെന്റ് 32.75 കോടി രൂപായുടെ നികുതി നിർദ്ദേശങ്ങൾ പിൻവലിച്ചു. എന്നിട്ടും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. തികച്ചും അശാസ്ത്രീയമായ ഈ ബഡ്ജററ് കാർഷികമേഖലയിൽ പ്രവർത്തിക്കുന്നവരോട് എന്തോ വൈരാഗ്യത്തോടെ തയ്യാറാക്കിയതാണെന്ന് തോന്നിപ്പോകും. സാധാരണക്കാരന്റെ ജീവിതഭാരം വർദ്ധിപ്പിക്കാൻ മാത്രം സഹായിക്കുന്ന ഈ ബഡ്ജററ് അങ്ങേയററം പ്രതിഷേധാർഹമാണ്.

സേവന പ്രധാനങ്ങളായ ആശുപത്രികളെയും അംഗീകൃത വിദ്യാലയങ്ങളെയും പൂർണ്ണമായി നികുതിയിൽനിന്നും ഒഴിവാക്കണമെന്ന് വിവിധ സമുദായ നേതാക്കളുടെ യോഗം ഗവൺമെന്റിനോടാവശ്യപ്പെട്ടിരിക്കുകയാണ്. ആ അഭ്യർത്ഥന മാനിക്കുവാൻ സർക്കാർ തയ്യാറാകുകതന്നെ വേണം. അല്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും.

5-7-87

www.malankaralibrary.com

# 110

# കർദ്ദിനാൾ ലൂർദ്ദ് സ്വാമിയുടെ കേരള സന്ദർശനം

പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ സൈമൺ ഡി. ലൂർദ്ദ്സ്വാമി ഇരുപത്തിയെട്ടുദിവസത്തെ കേരളസന്ദർശനത്തിനുശേഷം മടങ്ങിപ്പോയിരിക്കുന്നു. കേരളത്തിലെ എല്ലാ സീറോ മലബാർ, സീറോ - മലങ്കര രൂപതകളും സന്ദർശിച്ച കർദ്ദിനാൾ തിരുമേനി വിശ്രമമില്ലാത്ത ഒരു പര്യടനപരിപാടിയിലാണ് ഏർപ്പെട്ടത്. സീറോ-മലബാർ സഭ ആരാധന ക്രമപ്രശ്നത്തിൽ ഒരു വലിയ ആഭ്യന്തരപ്രതിസന്ധിയെ നേരിട്ടുകൊണ്ടിരുന്ന സന്ദർഭത്തിൽ കേരളപര്യടനം നടത്തിയ കർദ്ദിനാൾ തിരുമേനി എല്ലാം കണ്ട്, എല്ലാം പഠിച്ച് കേരളത്തിൽനിന്നും പുറപ്പെട്ടുവെന്നുവേണം പ്രതീക്ഷിക്കാൻ. വിശ്രമമെന്തെന്നറിയാതെ കഠിനാദ്ധ്വാനം ചെയ്ത തിരുമേനി വിവാദപരമായ കാര്യങ്ങളെക്കുറിച്ച് ഒന്നും തന്നെ അഭിപ്രായ പ്രകടനം നടത്താതെയാണ് കേരളം വിട്ടത്.

കർദ്ദിനാൾ ലൂർദ്ദ് സ്വാമി കേരള സന്ദർശനത്തിനിടയിൽ ഒരിക്കൽപ്പോലും പരസ്യകുർബ്ബാന അർപ്പിച്ചിട്ടില്ല. തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലി ദിനത്തിൽ എറണാകുളത്ത് അർപ്പിച്ച ദിവ്യബലി ലത്തീൻ റീത്തിലാണ് അർപ്പിച്ചത്.

അഖില കേരള കത്തോലിക്കാകോൺഗ്രസ്സ് വർക്കിംഗ് കമ്മററിയംഗങ്ങളുമായി കർദ്ദിനാൾ തിരുമേനി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ അരമണിക്കൂറോളം സഭാസംബന്ധമായ കാര്യങ്ങളെപ്പററി ചർച്ച ചെയ്തു.

കേരളത്തിൽനിന്ന് ഒട്ടേറെ നിവേദനങ്ങൾ കർദ്ദിനാൾ തിരുമേനിക്ക് ലഭിച്ചിട്ടുണ്ടാകും. അവയെപ്പററിയെല്ലാം ശരിക്ക് പഠിച്ച് സുപ്രധാന തീരുമാനങ്ങൾ സ്വീകരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ആ തീരുമാനങ്ങൾ കേരളസഭയിലെ ഐക്യം കൂടുതൽ ദൃഢപ്പെടുത്തുന്നതിന് സഹായകരമായി തീരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. പൗരസ്ത്യസഭകളുടെ വികസനത്തിൽ ഒരു പുത്തൻ അദ്ധ്യായം എഴുതിച്ചേർത്ത കാർഡിനാൾ ടിസറന്റ് തിരുമേനിയുടെ പിൻഗാമി, കർദ്ദിനാൾ ലൂർദ്ദ് സ്വാമി സഭാ നൗകയെ കാറ്റിലും കോളിലുംപെടാതെ നയിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. തിരുമേനിയുടെ കേരള പര്യടനം വിജയപ്രദമാകട്ടെയെന്നാശംസിക്കുന്നു.

5-9-87

www.malankaralibrary.com

## 111

# പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് നിവേദനം

ക്രിസ്ത്യൻ പിന്തുടർച്ചാവകാശം സംബന്ധിച്ച് ഉണ്ടായിട്ടുള്ള സുപ്രീം കോടതിവിധി ഇവിടുത്തെ ക്രൈസ്തവസമുദായത്തിൽ ഉളവാക്കിയിരിക്കുന്ന പ്രതിസന്ധിയെക്കുറിച്ചും അടിയന്തര പരിഹാരം കാണാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക്, എ.കെ.സി.സി. ഒരു നിവേദനം നൽകുന്നതിന് തീരുമാനിച്ചു. നിവേദകസംഘത്തിലേക്ക് പ്രസിഡന്റ് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, ആന്റണി വള്ളമറ്റം, അഡ്വ. ഇ.എം. ജോസഫ് എന്നിവരെ ചുമതലപ്പെടുത്തി.

05-11-87

## 112

# കേരളസർക്കാരിന്റെ പുതിയ മദ്യനയം

വിദ്യാലയങ്ങൾക്കും ദേവാലയങ്ങൾക്കും സമീപം മദ്യഷാപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന നിരോധനം ഗവമ്മെന്റ് നീക്കം ചെയ്തിരിക്കുന്നു. ഈ സ്ഥാപനങ്ങളുടെ നാനൂറ് മീററർ പരിധിക്കുള്ളിൽ ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ പാടില്ലന്നായിരുന്നു നിയമം. പുതിയ ഉത്തരവുമൂലം ആ നിയമം റദ്ദാക്കി. പുതിയ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുമെന്നാണ് അസാധാരണ ഗസററിലൂടെ വ്യക്തമാക്കിയിരിക്കുന്നത്.

കഴിഞ്ഞ മാർച്ചിൽ അധികാരമേററെടുത്ത നയനാർ മന്ത്രിസഭ സാമാന്യം നല്ല ഒരു ഭരണം ജനങ്ങൾക്ക് നൽകും എന്ന പ്രതീക്ഷയോടെയാണ് ജനങ്ങൾ കഴിഞ്ഞിരുന്നത്. നയനാർ മന്ത്രിസഭയുടെ ചില നടപടികൾ ജനങ്ങൾ അംഗീകരിക്കുകയും ചെയ്തു. മാർക്സിസ്റ്റു പാർട്ടിയുടെ യുവജന വിഭാഗമായ ഡി.വൈ.എഫ്.ഐ. സൃഷ്ടിച്ച മനുഷ്യചങ്ങലയെ രാഷ്ട്രീയത്തിനതീതമായി സാധാരണ ജനങ്ങൾ വീക്ഷിക്കുകയും കക്ഷി രാഷ്ട്രീയത്തനതീതമായി പല പ്രമുഖ നേതാക്കൾ മനുഷ്യചങ്ങലയിൽ കണ്ണികളാവുകയും ചെയ്തപ്പോൾ ഭരണപക്ഷത്തിന് ഏതാണ്ടൊക്കെ ഒരു അംഗീകാരം ലഭിക്കുകയുണ്ടായി.

ഭരണകക്ഷിക്കുണ്ടായ സകല അംഗീകാരങ്ങളുടെയും കടയ്ക്കൽ കോടാലി വയ്ക്കുന്നതിന് പുതിയ മദ്യനയം ഇടനൽകിയെന്നതാണ് പരമാർത്ഥം. പുതിയ മദ്യനയം എക്സൈസ് മന്ത്രിയുടേതാണെന്നാണ് ആദ്യം കരുതിയിരുന്നത്. മുഖ്യന്ത്രി പുതിയ മദ്യനയത്തെപ്പററി തനിക്ക് യാതൊരു അറിവുമില്ലന്ന് പ്രഖ്യാപിച്ചതും ഭരണകക്ഷി നേതാക്കളുടെ അഭിപ്രായ പ്രകടനങ്ങൾ ആ രീതിയിൽ ചിന്തിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചു. മാർക്സിസ്റ്റ് നേതാക്കൾതന്നെ പുതിയമദ്യനയത്തെപ്പററി ഭിന്നാഭിപ്രായങ്ങളാണ് ആദ്യം പുറപ്പെടുവിച്ചത്.

www.malankaralibrary.com

ഘടക കക്ഷികളിൽ പലതും പുതിയ മദ്യനയത്തെ തുറന്ന് എതിർക്കുകയും ചെയ്തു.

ദിവസങ്ങൾ കഴിയുന്തോറും പുതിയ മദ്യനയം മാർക്സിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക നയമാണെന്ന് തെളിഞ്ഞുവരുകയാണ്. ദീർഘമായ ആലോചനയ്ക്കുശേഷം എടുത്തനയമാണിതെന്നും അത് ഉടനെ നടപ്പാക്കുമെന്നുമാണ് ഇടതുമുന്നണി കൺവീനർ ലോറൻസ് പ്രഖ്യാപിച്ചിരിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ പോഷക സംഘടനകളായ ഡി.വൈ.എഫ്.ഐ.യും എസ്സ്.എഫ്.ഐ.യും പുതിയ മദ്യനയത്തെ ആദ്യം ശക്തമായി എതിർത്തെങ്കിലും ഇപ്പോൾ സ്വരം മാററിയിരിക്കുന്നു.

പുതിയ മദ്യനയത്തിനെതിരായി നാടെങ്ങും ശക്തമായ പ്രതിഷേധം ഉയർന്നു കഴിഞ്ഞിരിക്കുകയാണ്. ഭരണകക്ഷികളിലെ ഘടകകക്ഷികൾ തുറന്ന സമരപരിപാടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. പ്രതിപക്ഷകക്ഷികൾ ശക്തമായ ഉയർത്തെഴുന്നേൽപ്പിന് ഈ അവസരം വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മാർക്സിസ്റ്റ് പാർട്ടി യാതൊരു വിട്ടുവീഴ്ചയുമില്ലന്ന് തുറന്ന് പ്രഖ്യാപിച്ചിരിക്കുകയുമാണ്.

ജനവികാരത്തെ മാനിച്ച് ദുരഭിമാനം വെടിഞ്ഞ് പുതിയ ഉത്തരവ് പിൻവലിക്കുവാനുള്ള സന്നദ്ധത ഗവൺമെന്റിനുണ്ടാകണം. ഉത്തരവ് പിൻവലിച്ചേ പററു. ഈ ആവശ്യത്തിൽ പ്രബുദ്ധകേരളം ഉറച്ചുതന്നെ നിൽക്കും. ഈ ഉത്തരവ് പിൻവലിപ്പിക്കുന്നതിനായി ത്യാഗപൂർണ്ണമായ ഒരു ദീർഘസമരത്തിന് കേരള ജനത തയ്യാറെടുത്തു കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവിന്റെ ജന്മദിനമായ ഒക്ടോബർ രണ്ടിന് ആ സമരപരിപാടിക്ക് പുതിയ രൂപവും ഭാവവും കൈവന്നു കഴിഞ്ഞു.

പുതിയ മദ്യനയത്തിനെതിരായി, ശക്തമായ പൊതുജനാഭിപ്രായം രൂപീകരിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ തയ്യാറാകണം. അതിന് ഉതകുന്ന കർമ്മ പരിപാടികൾക്ക് രൂപം നൽകണം.

കക്ഷിരാഷ്ട്രീയത്തിനതീതമായി ഈ ബഹുജന മുന്നേററം വളർന്നുവരട്ടെ. പ്രബുദ്ധ കേരളത്തിന്റെ അഭിമാനം സംരക്ഷിക്കുവാൻ കേരളജനത സമരരംഗത്തേക്ക് കുതിച്ചു ചാടട്ടെ. ഈ ധർമ്മ സമരത്തിന് സകലവിധ വിജയങ്ങളും നേർന്നുകൊള്ളുന്നു.

**05-10-87**

# 113

# കത്തോലിക്കാ കോൺഗ്രസ്സ് എഴുപതാം വയസ്സിലേക്ക്

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് എഴുപതാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുന്നു. കോതനല്ലൂരിൽ ചേർന്ന 69-ാമത് വാർഷികസമ്മേളന

www.malankaralibrary.com

ത്തിൽ വച്ച് 1988 എ.കെ.സി.സി. സപ്തതി വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. കത്തോലിക്കാ കോൺഗ്രസ്സ് നിർണ്ണായകമായ പല സമരങ്ങൾക്കും നേതൃത്വം നൽകിയ കാലഘട്ടത്തിൽ ആ സംഘടനക്ക് നേതൃത്വം നൽകിയ കേരളജനതയുടെ ആരാധ്യനായ നേതാവ് ഗവർണ്ണർ പ്രൊഫ. കെ.എം. ചാണ്ടിയാണ് സപ്തതി വർഷപ്രഖ്യാപനം നടത്തിയത്. സപ്തതി വർഷാചരണത്തിന് ഒരു രൂപരേഖ പ്രതിനിധി സഭയും വർക്കിംഗ് കമ്മററിയും തയ്യാറാക്കിയിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ്സിന്റെ കഴിഞ്ഞ 69 വർഷക്കാലത്തെ പ്രവർത്തനങ്ങളെപ്പററി വിലയിരുത്തുവാനും ഭാവിപരിപാടികൾക്ക് രൂപം കൊടുക്കുവാനും ഈ സപ്തതി വർഷാചരണം സഹായകരമാകണം.

കേരളകത്തോലിക്കർക്ക് ഒരു സമുദായസംഘടന വേണമെന്ന ആശയം ആദ്യമായി സമുദായ സന്നിധിയിൽ അവതരിപ്പിച്ചത് നിധീരിക്കൽ മാണിക്കത്തനാരായിരുന്നു. പാറായിൽ അവിരാ വർക്കിതരകൻ ആയിരുന്നു ആ സംരംഭത്തിൽ അദ്ദേഹത്തോടു സഹകരിച്ച പ്രമുഖനായ അൽമേയ നേതാവ്. 1904-ലെ മാന്നാനത്തെ നാല്പതുമണിയാരാധനയുടെ സമാപനദിനത്തിലെ മുഖ്യപ്രസംഗകനായിരുന്നു നിധീരിക്കൽ മാണിക്കത്തനാർ. 1905-ലെ മാന്നാനത്തെ നാല്പതുമണിയാരാധനയുടെ സമാപനദിവസം സംഘടനാസ്ഥാപനത്തെപ്പററി ആലോചിക്കുവാൻ ഒരു യോഗം ചേരുന്നതാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ 1905-ലെ സമ്മേളനത്തിന് മുമ്പ് മാണിക്കത്തനാർ ദിവംഗതനായി. എങ്കിലും 1905-ലെ സമ്മേളനം നടന്നു. കത്തോലിക്കാ ക്രിസ്തീയ മഹാജന സഭയ്ക്ക് രൂപം കൊടുത്തു. 1906-ലും 1907-ലും ക്രിസ്തീയ മഹാജനസഭയുടെ വാർഷികങ്ങൾ നടന്നു. 1907-ൽ പാറായിൽ അവിരാ വർക്കിതരകനും അന്തരിച്ചു. അതിനുശേഷം സംഘടനാസ്ഥാപനത്തിന് പല പ്രതിബന്ധങ്ങളും നേരിട്ടു. അതിനാൽ 1907-മുതൽ വർഷം തോറും സാമൂഹ്യസമ്മേളനങ്ങൾ എന്ന പേരിൽ ജനങ്ങൾ സമ്മേളിക്കുകയും സമുദായപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. 1918-ൽ കത്തോലിക്കാ മഹാജനസഭ എന്ന പേരിൽ രൂപം കൊണ്ട സംഘടന 1930-ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് എന്നു പേരു സ്വീകരിച്ച് പ്രവർത്തനം തുടർന്നു.

സർക്കാർ സർവ്വീസിൽ അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും ഉദ്യോഗം ലഭിക്കുന്നതിനുവേണ്ടി നടത്തിയ പൗരസമത്വവാദപ്രക്ഷോഭണം, നിയമനിർമ്മാണസഭയിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി നടത്തിയ നിവർത്തനപ്രക്ഷോഭണം-സർ സി.പി.യുടെ പ്രൈമറിവിദ്യാലയ ദേശസാൽക്കരണത്തിനെതിരായി നടത്തിയ പ്രക്ഷോഭണം രണ്ടരലക്ഷം പേർ ഒപ്പിട്ട് 1945-ൽ മഹാരാജാവ് തിരുമേനിക്ക് സമർപ്പിച്ച ഭീമഹർജി, 1951-ലെ പനമ്പള്ളിപദ്ധതിക്കെതിരായി നടത്തിയപ്രക്ഷോഭണം 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്തെ പാഠപുസ്തകങ്ങൾക്കെതിരായി നടത്തിയ പ്രക്ഷോഭണം കുടിയിറക്കുകൾക്കും മേൽച്ചാർത്തുകൾക്കുമെതിരെ നടത്തിയ പ്രക്ഷോഭണം മുതലായവയെല്ലാം കോൺഗ്രസ്സിന്റെ ചരിത്രത്തിലെ നിർണ്ണായക സംഭവങ്ങളാണ്. സമുദായം പല പ്രശ്നങ്ങളെയും അഭിമുഖീകരിച്ചപ്പോൾ സമുദായ താല്പര്യങ്ങൾ സംരംക്ഷിക്കുന്നതിനുവേണ്ടി നിലകൊണ്ടത് കത്തോലിക്കാ കോൺഗ്രസ്സാണ്. കോൺഗ്രസ്സ് പ്രവർത്തകർക്ക്

www.malankaralibrary.com

കഴിഞ്ഞകാലങ്ങളിൽ സംഘടനാപ്രവർത്തനരംഗത്ത് പല പ്രതിസന്ധികളെയും നേരിടേണ്ടിവന്നിട്ടുണ്ട് എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

തിരുവിതാംകൂറും കൊച്ചിയും മലബാറും മൂന്ന് വ്യത്യസ്ത ഭരണകൂടങ്ങളുടെ കീഴിൽ മൂന്നായി വിഭജിക്കപ്പെട്ടിരുന്നകാലത്ത് അഖിലകേരളാടിസ്ഥാനത്തിൽ ഒരു സംഘടന രൂപീകരിക്കുവാനുള്ള ദീർഘവീക്ഷണം നമ്മുടെ പൂർവ്വികന്മാർക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് ചിലരെങ്കിലും റീത്തുകളുടെയും രൂപതകളുടെയും അടിസ്ഥാനത്തിൽ സംഘടനരൂപീകരിക്കുവാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. സുസ്ഥിരമായ കെട്ടുറപ്പുള്ള കേന്ദ്രനേതൃത്വത്തോടുകൂടിയ ഒരു സംഘടനക്കുപകരം ചെറിയ ചെറിയ സംഘടനകൾ - സ്വതന്ത്രസംഘടനകൾ രൂപീകരിക്കുവാനുള്ള ശ്രമം-എത്രയോ അപകടകരമാണ്.

പുതിയ സംഘടനകൾ രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ നിലവിലുള്ള സംഘടനയുടെ പ്രവർത്തനത്തെ അല്പം മന്ദീഭവിപ്പിക്കുവാൻ സാധിച്ചെന്നുവരാം. അതിൽ കൂടുതലായി ഒന്നും നേടുവാൻ സാധിക്കുകയില്ല.

കേരള കത്തോലിക്കാ കോൺഗ്രസ്സിന് സുദീർഘമായ ഒരു ചരിത്രവും പാരമ്പര്യവുമുണ്ട്. ആ ചരിത്രവും പാരമ്പര്യവും ഇന്നത്തെ തലമുറയ്ക്ക് അവ്യക്തമാണ്. അവയ്ക്ക് ഒരു പരിഹാരം കണ്ടെത്തുവാനുള്ള സമഗ്രമായ പരിപാടികൾക്ക് ഈ സപ്തതി വർഷത്തിൽ രൂപം കൊടുക്കണം. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഒരു സമ്പൂർണ്ണ ചരിത്രം തയ്യാറാക്കേണ്ടത് കാലഘട്ടത്തിന്റെ കൂടി തന്നെ ആവശ്യമാണ്. സപ്തതിയാഘോഷിക്കുന്ന കത്തോലിക്കാ കോൺഗ്രസ്സിന് സർവ്വവിധ മംഗളങ്ങളും ആശംസിക്കുന്നു.

05-01-1988

## 114

# മരിയൻ ജൂബിലി

മരിയൻ ജൂബിലി വർഷമാണല്ലോ ഇത്. മരിയൻ ജൂബിലി വർഷാചരണം ഇടവക-രൂപത തലങ്ങളിൽ വിപുലമായി നടന്നുകൊണ്ടിരിക്കുകയാണ്. മരിയ ഭക്തിയിൽ കേൾവികേട്ടവരായ കേരളീയർ മരിയൻ വർഷ ജൂബിലി ഏററം ഭംഗിയായി തന്നെ ആചരിക്കുമെന്നതിൽ സംശയം വേണ്ട.

അഖിലകേരളാടിസ്ഥാനത്തിലുള്ള ജൂബിലി വർഷത്തിന്റെ സമാപനം കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ 1988 മെയ് 13,14,15 തീയതികളിൽ എറണാകുളത്തുവച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനായി പി.ഒ.സി യിൽ ഇതിനകം പല ആലോചനായോഗങ്ങളും നടക്കുകയുണ്ടായി. വിവിധ കമ്മററികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സമാപന പരിപാടികളോടനുബന്ധിച്ച് വിവിധ സമ്മേളനങ്ങളും മരിയൻ റാലിയും വിവിധ കലാപരിപാടികളും നടക്കും. വലിയ തോതിലുള്ള ഒരു എക്സിബിഷനും പ്ലാൻ ചെയ്തുകൊണ്ടിരിക്കുന്നു.

www.malankaralibrary.com

ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ റെഡംപ്തോറിൻ മാത്തർ എന്ന ചാക്രികലേഖനത്തിന്റെ പശ്ചാത്തലത്തിൽ രക്ഷകന്റെ അമ്മ എന്ന വിഷയത്തെപ്പററിയുള്ള പഠനം സംസ്ഥാനത്തൊട്ടാകെ നടന്നുകൊണ്ടിരിക്കുകയാണ്. മരിയൻ വർഷാചരണത്തോടനുബന്ധിച്ച് അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തന പരിപാടികൾ ഇടവക-രൂപത തലത്തിൽ നടത്തുവാനുള്ള പരിപാടികളും ക്രമീകരിച്ചിട്ടുണ്ട്.

മരിയഭക്തിയിൽ പ്രത്യേകം തല്പരരായ കേരളീയർ മരിയൻഭക്തി പ്രചരിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിറുത്തി മരിയൻ റാലികൾ സംഘടിപ്പിക്കുന്നതും മരിയൻ തീർത്ഥകേന്ദ്രങ്ങൾ ബന്ധപ്പെടുത്തി തീർത്ഥാടന കേന്ദ്രങ്ങളെപ്പറ്റി പഠനം നടത്തുന്നതും സമുചിതമായിരിക്കും. മരിയൻ വർഷാചരണം നമ്മുടെ ഓരോരുത്തരുടെയും ജീവിത നവീകരണത്തിനും സഹായകരമായിതീരട്ടെ.

മരിയൻ ഭക്തർ കൂടുതലുള്ള ഈ കൊച്ചു കേരളത്തിലെ മരിയൻ ജൂബിലി വർഷാചരണം ഒരു പുതുയുഗ പിറവിക്ക് സഹായകരമായി തീരട്ടെയെന്ന് ആശംസിക്കുന്നു. കെ.സി.ബി.സി. യുടെ നേതൃത്വത്തിലും പി.ഒ.സി. യുടെ പ്രത്യേക ഉത്തരവാദിത്വത്തിലും നടക്കുന്ന ആഘോഷപരിപാടികൾക്ക് സകലവിധ വിജയങ്ങളും ആശംസിക്കുന്നു.

05-01-1988

## 115

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ജനുവരി 23-ാം തീയതി നടക്കുകയാണ്. തെരഞ്ഞെടുപ്പ്രംഗം സജീവമായിതന്നെ നിലനിൽക്കുന്നു. ഭരണമുന്നണിയെ അപേക്ഷിച്ച് പ്രതിപക്ഷമുന്നണിയിലെ ഘടകകക്ഷികൾ പരസ്പരം ഭിന്നിച്ചാണ് നിൽക്കുന്നത്. ഭിന്നിച്ചുനിന്നതിന്റെ അനുഭവം ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നാം കണ്ടതാണ്. പക്ഷെ അനുഭവത്തിൽ നിന്നും പാഠം പഠിക്കാൻ കേരളത്തിലെ ജനാധിപത്യമുന്നണിയുടെ നേതാക്കൾ ഇനിയും തയ്യാറായിട്ടില്ല. ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥികൾ ആരാണെന്ന് പ്രഖ്യാപിക്കുവാൻ തിരഞ്ഞെടുപ്പിന് ഒരാഴ്ചമുൻപുപോലും സാധിച്ചില്ലെന്നത് ദുഃഖകരമായ വസ്തുതയാണ്. അതേ രീതി തന്നെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലും കാണാൻ സാധിക്കുന്നത്. ജനാധിപത്യ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഏറെ സങ്കടകരമാണിത്. പല വാർഡുകളിലും ജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ നിന്നു പരസ്പരം മത്സരിക്കുന്നു. സ്ഥാനാർത്ഥിത്വം കിട്ടുവാൻ വേണ്ടി ഏതു പാർട്ടിയിലും ചേരാൻ തയ്യാറായി പല നേതാക്കളും ഓടി

www.malankaralibrary.com

നടക്കുന്നു. രാഷ്ട്രീയ സത്യസന്ധത ഇവിടെ നാമാവശേഷമായി കൊണ്ടിരിക്കുന്നു. ഇത്രമാത്രം ധാർമ്മികാധഃപതനം രാഷ്ട്രീയരംഗത്ത് നടന്നിട്ടും സാധാരണ ജനം നിഷ്ക്രിയരായി നോക്കി നിൽക്കുകയാണ്.

കഴിഞ്ഞകാലങ്ങളിൽ വിശേഷിച്ച് സ്വാതന്ത്ര്യസമരകാലത്ത് പൊതുപ്രവർത്തനത്തിൽ ജനങ്ങൾ ഏർപ്പെട്ടത് രാഷ്ട്രത്തിനും സമൂഹത്തിനും വേണ്ടി സ്വയം സമർപ്പിക്കുവാൻ തയ്യാറായി കൊണ്ടായിരുന്നു. ധനവും ആരോഗ്യവും നഷ്ടപ്പെടുത്തിയാണ് പല നേതാക്കളും പൊതു പ്രവർത്തനം നടത്തിയത്. ക്രൈസ്തവരായ നേതാക്കന്മാർ പൊതു പ്രവർത്തനം ഒരു പ്രേഷിതപ്രവർത്തനമായിട്ടാണ് കണക്കാക്കിയിരുന്നത്. ആർ.വി.തോമസ്, എ.ജെ. ജോൺ, ഷെവ.കുഞ്ഞിത്തൊമ്മൻ, പി.ററി. ചാക്കോ, എ.സി. കുര്യാക്കോസ്, അക്കാമ്മ ചെറിയാൻ, അനിമസ്ക്രീൻ, പി.ജെ. സെബാസ്റ്റ്യൻ, എം.എം. വർക്കി തുടങ്ങി നൂറുകണക്കിന് സത്യസന്ധരായ പൊതു പ്രവർത്തകരെയാണ് കത്തോലിക്കാ സമുദായം സമൂഹത്തിന് സംഭാവന നല്കിയിട്ടുള്ളത്. അവരുടെ പൊതു പ്രവർത്തനത്തിൽ ആദ്യന്തം ക്രൈസ്തവ സാക്ഷ്യം നമുക്ക് ദർശിക്കുവാൻ സാധിക്കുമായിരുന്നു. പൂമാലകളും അധികാര കസേരകളും കണ്ടുകൊണ്ടല്ല കാരിരുമ്പഴികൾ കണ്ടുകൊണ്ടായിരുന്നു അവർ പൊതു പ്രവർത്തനത്തിലേക്ക് ഇറങ്ങിതിരിച്ചത്.

എന്നാൽ ഇന്ന് കത്തോലിക്കാ സമുദായം സംഭാവന ചെയ്തിരിക്കുന്ന പൊതു പ്രവർത്തകർ എങ്ങിനെയുള്ളവരാണ്? കത്തോലിക്കാരായ ഓരോ പൊതു പ്രവർത്തകനും സ്വയം ആത്മപരിശോധന നടത്തട്ടെ. ക്രൈസ്തവ സാക്ഷ്യം വഹിക്കാതെ അധികാരവും ധനസമ്പാദനവും മാത്രം ലക്ഷ്യം വച്ചുകൊണ്ട് ഏതു കൊള്ളരുതായ്മയും നടത്തുന്ന പൊതു പ്രവർത്തകർ ഇന്ന് നമ്മുടെ സമുദായത്തിലുണ്ടോ? സമുദായം മൊത്തത്തിൽ ചിന്തിച്ചു നോക്കട്ടെ. ക്രൈസ്തവ നേതാക്കളുടെ മർക്കടമുഷ്ടിയും പിടിവാശിയും ആണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ജനാധിപത്യ മുന്നണിയെ പരാജയപ്പെടുത്തുന്നതെങ്കിൽ അങ്ങനെയുള്ള നേതാക്കളെ നിലക്കു നിറുത്തുവാൻ സമുദായം സ്വയം തയ്യാറാകേണ്ടി വരും. ഈ തിന്മ അധികനാൾ നിലനിൽക്കുവാൻ അനുവദിച്ചുകൂടാ. ശക്തമായി പ്രതികരിച്ചേ മതിയാകൂ.

05-01-1988

## 116

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്

ഇക്കഴിഞ്ഞ മാർച്ചിൽ നടന്ന നിയമസഭാതെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യമുന്നണി കനത്ത പരാജയം ഏററു വാങ്ങുകയുണ്ടായി. ഐക്യ മുന്നണിയുടെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണത്തോടുള്ള ജനങ്ങളുടെ

www.malankaralibrary.com

എതിർപ്പും ഘടകകക്ഷികൾ തമ്മിലുള്ള അനൈക്യവും ആണ് നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണിയെ അതിദയനീയമാംവിധം പരാജയപ്പെടുത്തിയത്. കഴിഞ്ഞ ഒൻപതുമാസക്കാലത്തെ ഇടതുപക്ഷമുന്നണിയുടെ ഭരണത്തോടുള്ള ജനങ്ങളുടെ പ്രതികരണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളുടെ പിൻപിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുക. ഇടതുമുന്നണിയുടെ വാഗ്ദാനലംഘനവും ജനാധിപത്യവിരുദ്ധ നടപടികളോടുള്ള എതിർപ്പും ആണ് ഈ പതനത്തിൽ ഇടതുമുന്നണിയെ കൊണ്ടുപോയി എത്തിച്ചതെന്ന വസ്തുത ഇടതുമുന്നണി വിസ്മരിക്കരുത്.

ഇടതുമുന്നണി അധികാരത്തിൽ വന്നതിനുശേഷം മലയോരങ്ങളിൽ കർഷകദ്രോഹ നടപടികൾ തകൃതിയായി നടക്കുകയാണുണ്ടായത്. പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിൽ മാർക്സിസ്റ്റുപാർട്ടിയും ഇടതുമുന്നണിയും അതിദയനീയമാംവിധം പരാജയപ്പെട്ടു. ഇതിന്റെയെല്ലാം ഫലമായാണ് ഈ പഞ്ചായത്ത് മുൻസിപ്പൽ തെരഞ്ഞെടുപ്പുകളിൽ ഇടതുമുന്നണി ഒരു പരിധിവരെ പരാജയപ്പെട്ടത്.

ഐക്യജനാധിപത്യമുന്നണി പൂർണ്ണമായും ഐക്യത്തോടു കൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ കേരളത്തിലെ 75 ശതമാനം പഞ്ചായത്തുകളുടെയും ഭരണം പിടിച്ചെടുക്കുവാൻ സാധിക്കുമായിരുന്നു. ഇനിയെങ്കിലും ഐക്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കുവാൻ ജനാധിപത്യകക്ഷികളിലെ പ്രവർത്തകർക്ക് സാധിക്കട്ടെ. അതിന് ഈ തെരഞ്ഞെടുപ്പു ഫലം സഹായകരമാകട്ടെ.

**05-03-1988**

## (117)

# കോടംതുരുത്ത് കോൺക്രീറ്റ് സിമിറ്ററി പ്രശ്നം സർക്കാർ മുൻകൈയെടുക്കണം

### കത്തോലിക്കാ കോൺഗ്രസ്സ്

നിലവിലുള്ള വ്യവസ്ഥാപിതമാർഗ്ഗങ്ങൾ അവലംബിച്ച്, കേരളാ പഞ്ചായത്ത് ആക്റ്റിന് വിധേയമായി ദേവാലയത്തോടനുബന്ധിച്ച് നിർമ്മാണമാരംഭിച്ച കോൺക്രീറ്റു വോൾട്ടിന്റെ പണികൾ നിർത്തിവയ്ക്കുവാനിടയായ സംഭവം ദുഃഖകരവും പ്രതിഷേധാത്മകവും ആണെന്നും സർക്കാർ മുൻകൈയ്യെടുത്ത് പ്രശ്നം സമാധാനപരമായി പരിഹരിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധിസംഘം സ്ഥലം സന്ദർശിച്ചതിനുശേഷം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, വർക്കിംഗ് കമ്മറ്റി മെമ്പർ ശ്രീ. ജോസഫ് കുട്ടുമ്മേൽ എന്നിവർ കോടന്തുരുത്തലെ പ്രശ്നസ്ഥലം സന്ദർശിക്കുകയുണ്ടായി. ആലപ്പുഴ ബിഷപ്പ് ഡോ. പീറ്റർ ചേനപ്പറമ്പിലിനെയും പ്രതിനിധിസംഘം സന്ദർശിക്കുകയുണ്ടായി. പ്രതിനിധിസംഘം പുറപ്പെടുവിച്ച പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു.

കേരളാ പഞ്ചായത്ത് ആക്ടിനു വിധേയമായി ഒരു കോൺക്രീറ്റു വോൾട്ടിന്റെ ലൈസൻസിനായി കോടന്തുരുത്തു പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർക്ക് പള്ളിവികാരി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആ അപേക്ഷയുടെ വെളിച്ചത്തിൽ എക്സിക്യൂട്ടീവ് ഓഫീസ്സർ 8136–ാം നമ്പർ തീരുമാന പ്രകാരം ശുപാർശചെയ്തുകൊണ്ട് അനന്തരനടപടികൾക്കായി ജില്ലാകളക്ടർക്ക് സമർപ്പിച്ചു. അതേതുടർന്ന് തുറവൂർ പ്രൈമറി ഹെൽത്തുസെന്ററിലെ മെഡിക്കൽ ഓഫീസ്സർ 30–03–1987 ലും ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസ്സർ 27–5 –1987, 10–06–87 എന്നീ ദിവസങ്ങളിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. 15–08–1987 ൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവിൽ കോൺക്രീറ്റ് അറനിർമ്മാണത്തിൽ ആരോഗ്യസംരക്ഷണകാഴ്ചപ്പാടിൽ സ്ഥലം യോഗ്യമാണെന്ന് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് ദേവാലയത്തിന്റെ അൾത്താര കോൺക്രീറ്റു വോൾട്ടിന്റെ മുകളിലായിരിക്കത്തക്കവിധം ദേവാലയനിർമ്മാണം ആരംഭിച്ചത്. തികച്ചും നിയമാനുസൃതമായ നടപടികളാണ് ദേവാലയാധികൃതർ നടത്തിയത്.

ഇതിനിടെയാണ് ഏതാനും സാമൂഹ്യദ്രോഹികൾ നിർമ്മാണം ആരംഭിച്ച കോൺക്രീററ് വോൾട്ടിന്റെ കുറെ ഭാഗങ്ങൾ തല്ലിത്തകർത്തത്. എന്നിട്ടും ഇടവകാംഗങ്ങൾ ആത്മസംയമനം പാലിക്കുകയും നിർമ്മാണപ്രവർത്തനം പുനരാരംഭിക്കുകയുമാണ് ചെയ്തത്.

ആലപ്പുഴ ആർ.ഡി.ഒ. സ്ഥലത്തെത്തി ക്രമസമാധാന പ്രശ്നം ഉന്നയിച്ചുകൊണ്ട് നിരോധന ഉത്തരവ് നൽകുകയുണ്ടായി. പണിതീർന്ന കല്ലറ പൊളിച്ചുമാററുവാൻ അധികാരികളോട് കല്പിക്കുകയും ചെയ്തു. ആ നീക്കത്തിനെതിരെ ഇടവകാംഗങ്ങൾ ഒററക്കെട്ടായി സംഘടിച്ചിരിക്കുകയാണ്. തങ്ങളുടെ ചിരകാല പ്രതീക്ഷയായ ദൈവാലയത്തിന്റെ പണി എന്തു പ്രതിബന്ധം ഉണ്ടായാലും മുന്നോട്ടുതന്നെ കൊണ്ടുപോകുവാൻ ഇടവകാംഗങ്ങൾ ദൃഢപ്രതിജ്ഞ എടുത്തുകഴിഞ്ഞിരിക്കുന്നു.

കുറെ നാളുകളായി ഇടവകാംഗങ്ങൾ അഖണ്ഡപ്രാർത്ഥനായജ്ഞം നടത്തുകയാണ്. നീതിയും സമാധാനവും സംരക്ഷിക്കപ്പെടുവാൻ അവർ ഒററക്കെട്ടായി നീങ്ങുന്നു. മന്ത്രി കെ.ആർ.ഗൗരിയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലമാണിത്. ഈ പ്രശ്നം സമാധാനപരമായി പരിഹരിക്കുന്നതിനും

www.malankaralibrary.com

സമുദായ സൗഹാർദ്ദം നിലനിറുത്തുന്നതിനും മന്ത്രി ഗൗരിയും കേരളാ ഗവൺമെന്റും മുൻകൈയ്യെടുക്കണമെന്നും ഏതാനും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ പിടിവാശിക്കു മുമ്പിൽ മുട്ടുകുത്തരുതെന്നും പ്രതിനിധിസംഘം അഭ്യർത്ഥിച്ചു.

കോടം തുരുത്ത് കോൺക്രീററുവോൾട്ട് പ്രശ്നം സംബന്ധിച്ച് ഇടവക വികാരിയും ജനങ്ങളും സ്വീകരിച്ചിരിക്കുന്ന നടപടികൾക്ക് എ.കെ.സി.സി. സകലവിധ പിന്തുണയും വാഗ്ദാനം ചെയ്തു.

## 118

# സി.ബി.സി.ഐ. സമ്പൂർണ്ണ സമ്മേളനം

ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രാൻസിന്റെ സമ്പൂർണ്ണസമ്മേളനം ഏപ്രിൽ 12 മുതൽ 22 വരെ തീയതികളിൽ വടവാതൂർ സെമിനാരിയിൽ നടക്കും. രണ്ടുവർഷത്തിലൊരിക്കലാണ് മെത്രാന്മാരുടെ സമ്പൂർണ്ണ സമ്മേളനം നടക്കുക. 1969-ൽ കേരളത്തിൽ സി.ബി.സി.ഐ യുടെ സമ്മേളനം നടന്നിരുന്നു.

സി.ബി.സി.ഐ. യുടെ പുതിയ ഭരണഘടന, വൈദികപരിശീലനത്തിനുള്ള പുതിയ മാർഗ്ഗരേഖ, ദേശീയ ഉദ്ഗ്രഥനം എന്നീ പ്രധാന വിഷയങ്ങളെപ്പററിയാണ് പ്രധാനമായും സമ്മേളനം ചർച്ച ചെയ്യുക. 1987 മേയ് 28-ാം തീയതി മാർപാപ്പാ ഭാരതത്തിലെ മെത്രാന്മാർക്കയച്ച കത്തിന്റെ പശ്ചാത്തലത്തിൽ സി.ബി.സി.ഐ. ഭരണഘടനയ്ക്ക് രൂപം നൽകുവാൻ ഈ സമ്മേളനത്തിന് സാധിക്കുമെന്ന് പ്രതീക്ഷിക്കാം. ആധുനിക സാഹചര്യങ്ങളിൽ പുതിയ പരിതസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് വൈദികപരിശീലനത്തിനുള്ള പുതിയ മാർഗ്ഗരേഖയും സമ്മേളനം അംഗീകരിക്കുന്നതാണ്.

ഭാരതത്തിന്റെ അഖണ്ഡതയേയും മതേതരത്വത്തെയും വെല്ലുവിളിക്കുന്ന ഛിദ്രവാസനകൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ദേശീയോദ്ഗ്രന്ഥനം എന്ന വിഷയത്തെപ്പററി മെത്രാന്മാർ ചർച്ച ചെയ്യുന്നത് തികച്ചും സമുചിതമാണ്. മനുഷ്യരെ സ്നേഹത്തിലൂടെ ഒന്നിപ്പിക്കേണ്ട മതങ്ങൾ അവരെ തമ്മിലടിപ്പിക്കുകയും അകററുകയുമാണ് ഇന്ന് ചെയ്യുന്നത്. മതത്തിന്റെ പേരിലുള്ള കൊല്ലും കൊലയും സർവ്വസാധാരണമായിരിക്കുന്നു. മതത്തിന്റെ പേരിലുള്ള വിവേചനവും ഈ ഭാരതത്തിൽ നിലവിലുണ്ട്. ഈ പ്രശ്നങ്ങളെപ്പററിയെല്ലാം ചർച്ചചെയ്യുവാൻ ചേരുന്ന സി.ബി.സി.ഐ.യുടെ സമ്പൂർണ്ണസമ്മേളനം ഭാരതത്തിന് ഒരു മാർഗ്ഗദീപമായി ഭവിക്കട്ടെ.

ഭാരതസഭയെ ബാധിക്കുന്ന പ്രശ്നങ്ങൾ ശാശ്വതമായ പരിഹാരം കണ്ടെത്തുവാൻ ഈ സമ്മേളനം ഉപകരിക്കട്ടെ. സീറോ-മലബാർ, സീറോമലങ്കര, ലത്തീൻ എന്നീ മൂന്നു സഭകളാണ് ഭാരതത്തിൽ നിലവിലുള്ളത്.

www.malankaralibrary.com

ഭാരതകത്തോലിക്കാസഭയുടെ ഐക്യവും വൈവിധ്യവും പ്രകടമാക്കുന്ന ഒരു മഹാസമ്മേളനമായിരിക്കും. സി.ബി.സി.ഐയുടെ സമ്പൂർണ്ണ സമ്മേളനത്തിന് സകലവിധ വിജയങ്ങളും ആശംസിക്കുന്നു. സമ്മേളനത്തിന്റെ വിജയത്തിനായി ഒരോ കത്തോലിക്കനും പ്രത്യേകം പ്രാർത്ഥിക്കുണം.

05-04-1988

## 119

# സി.ബി.സി.ഐ. സമ്മേളനം

ഏപ്രിൽ 12-ാം തീയതി ആരംഭിച്ച സി.ബി.സി.ഐ യുടെ സമ്പൂർണ്ണ സമ്മേളനം ദേശീയോദ്ഗ്രഥനത്തിന്റെ പാതയിൽ മതസൗഹാർദ്ദത്തിന്റേതായ വെളിച്ചം പകർന്നുകൊണ്ട് 22-ാം തീയതി സമാപിച്ചു. കോടിക്കണക്കിനു ജനങ്ങൾ സാമൂഹിക-സാമ്പത്തിക അസമത്വത്തിന് ഇരകളാകുമ്പോൾ ദേശീയോദ്ഗ്രഥനം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെവരുന്നുവെന്നു സി.ബി.സി.ഐ സമ്മേളനം അംഗീകരിച്ച പ്രമേയത്തിലൂടെ ചൂണ്ടിക്കാട്ടുകയുണ്ടായി. മനുഷ്യാവകാശങ്ങൾ സംരംക്ഷിക്കാൻ പടവെട്ടുന്നവരെ ദേശീയ സുരക്ഷിതത്വത്തിന്റെ പേരിൽ അടിച്ചമർത്തി അവരുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്നതിനെതിരെ സമ്മേളനം ഉത്ക്കണ്ഠ പ്രകടിപ്പിച്ചു. ക്രൈസ്തവസഭയിലും ഉച്ചനീചത്വങ്ങൾ തലപൊക്കുന്നതിനെതിരെ ശക്തമായ നിലപാട് കൈക്കൊള്ളണമെന്ന് അഭിപ്രായപ്പെട്ട പിതാക്കന്മാർ ക്രൈസ്തവരുടെയിടയിൽ ജാതിയുടെപേരിൽ പീഡനം അനുഭവിക്കാൻ ആർക്കു ഇടവരരുതെന്നും ശക്തമായ ഭാഷയിൽ പ്രഖ്യാപിച്ചു. ദേശീയോദ്ഗ്രഥനസന്ദേശം കൂടുതൽ ഫലപ്രദമായി ജനങ്ങളിലെത്തിക്കാൻ വ്യത്യസ്ത മതാനുയായികളുടെ കൂട്ടപ്രാർത്ഥനകൾ സഹായകരമാകണമെന്നും സമ്മേളനം നിർദ്ദേശിച്ചു.

അൽമായപ്രേഷിതസന്ദേശം ഉയർത്തിപ്പിടിക്കാൻ അൽമായ ഞായറും അവശക്രൈസ്തവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിന് നീതിഞായറും ആചരിക്കാൻ സമ്മേളനം തീരുമാനിച്ചിട്ടുണ്ട്.

സഭയെയും സമുദായത്തെയും രാഷ്ട്രത്തെയും ബാധിക്കുന്ന എല്ലാ പ്രശ്ങ്ങളെയുംപററി സി.ബി.സി.ഐ. സമ്മേളനം ചർച്ചനടത്തിയിട്ടുണ്ട്. ഭാരതത്തിന്റെ ദേശീയ ഐക്യത്തിനും അഖണ്ഡതയ്ക്കും എതിരായിട്ടുള്ള പ്രവർത്തനത്തിനെതിരെ ജാഗരൂകരായിരിക്കേണ്ട ആവശ്യകതയെപ്പററിയും സമ്മേളനം ചർച്ചചെയ്തു. സമ്മേളനതീരുമാനങ്ങൾ പ്രായോഗികതയിലേക്കു കൊണ്ടുവരുന്നതിന് ദൈവജനം ഒററക്കെട്ടായി പരിശ്രമിക്കുകതന്നെ വേണം.

05-05-1988

www.malankaralibrary.com

# 120

# ഇവാഞ്ചലൈസേഷൻ -2000

ലോക രക്ഷകനായ യേശുക്രിസ്തുവിന്റെ രണ്ടായിരാം ജന്മദിനത്തിനുള്ള ഒരുക്കങ്ങൾ റോമിൽ ആരംഭിച്ചിരിക്കുന്നു. ഒരു ദശവർഷക്കാലത്തെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക് വത്തിക്കാൻ രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനപരിപാടികളുടെ മുഖ്യമായ ലക്ഷ്യം മുൻകാലങ്ങളേക്കാളുപരി യഥാർത്ഥക്രൈസ്തവരെ ലോകത്തിന് സമ്മാനിക്കുകയെന്നതാണ്. യേശുവിന്റെ രണ്ടായിരാം ജന്മദിനം മുന്നിൽ കണ്ടുകൊണ്ട് 1990 ഡിസംബർ 25-ന് കത്തോലിക്കാസഭ ഒരു "സുവിശേഷ പ്രഘോഷണ ദശകം" ഉൽഘാടനം ചെയ്യുകയാണ്. ലോകത്തിലെ മുഴുവൻ കത്തോലിക്കരെയും ഇതര ക്രൈസ്തവസഭകളെയും ക്രീസ്തീയാരൂപിയാൽ യോജിപ്പിക്കുവാൻ ക്രിസ്തുവിന്റെ രണ്ടായിരാം ജന്മദിനാഘോഷത്തിന് സാധിക്കണം.

ഇവാഞ്ചലൈസേഷൻ -2000 ത്തിന്റെ പ്രവർത്തനങ്ങൾ വത്തിക്കാൻ സ്റ്റേററ് സെക്രട്ടറിയേററിന്റെ മേൽനോട്ടത്തിലാണ് നടക്കുക. വത്തിക്കാനിലെ സെന്റ് പീറേറഴ്സ് ബസ്ലിക്കായുടെ സമീപമാണ് ഇവാഞ്ചലൈസേഷൻ 2000-ത്തിന്റെ ഓഫീസ്.

ലോകം മുഴുവൻ ഉള്ള കത്തോലിക്കാ മെത്രാന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് 1989ലും അന്തർദേശീയ തലത്തിൽ 7000 വൈദികരെ പങ്കെടുപ്പിച്ചുകൊണ്ട് 1990ലും റോമിൽ നടക്കുന്ന ധ്യാനങ്ങൾ ഇവാഞ്ചലൈസേഷൻ -2000 ത്തിനെ മുന്നിൽകണ്ടുകൊണ്ടുതന്നെയാണ്. അന്തർദേശീയതലത്തിൽ പല വിഭാഗങ്ങൾക്കും പ്രാതിനിദ്ധ്യം കൊടുത്തുകൊണ്ട് 1991-ൽ നാലായിരം ദൈവശാസ്ത്ര പണ്ഡിതന്മാരെപങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നധ്യാനവും, "സഞ്ചരിക്കുന്ന സുവിശേഷപ്രഘോഷണ ദൗത്യ സംഘത്തിന്റെ പ്രവർത്തനവും" വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നതും ഇവാഞ്ചലൈസേഷൻ മാസികയും എല്ലാം ക്രിസ്തുവിന്റെ രണ്ടായിരാം ജന്മദിനാഘോഷത്തെ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ എല്ലാം ഉൾക്കൊള്ളിച്ച് ഇവാഞ്ചലൈസേഷൻ -2000 ത്തിന്റെ പ്രവർത്തനം ശക്തപ്പെടുത്തുവാനാണ് പരിപാടി. ഏഷ്യൻ രാജ്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനത്തിന് സിംഗപ്പൂർ കേന്ദ്രമാക്കി ഒരു ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ലോകമെങ്ങുമുള്ള കത്തോലിക്കാസഭ നേരിടുന്ന വചനപ്രഘോഷണ പ്രതിസന്ധികളെ മുന്നിൽകണ്ടുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ വിശാല പദ്ധതിക്ക് സകലവിധ മംഗളങ്ങളും വിജയങ്ങളും ആശംസിക്കാം. ക്രിസ്തുവിന്റെ രണ്ടായിരാം ജന്മദിനാഘോഷത്തിന് നമുക്ക് എല്ലാ അർത്ഥത്തിലും പൂർണ്ണമായി ഒരുങ്ങാം. അതിന് സുവിശേഷ പ്രഘോഷണദശകം സഹായകരമാകട്ടെ.

05-07-1988

www.malankaralibrary.com

# 121

# പെരുമൺദുരന്തം

അത്യഗാധമായ ദുഃഖത്തോടെയാണ് ഈ വരികൾ കുറിയ്ക്കുന്നത്. ബാംഗാളൂരിൽ നിന്നും തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ട ഐലന്റ് എക്സപ്രസ്സ് പെരുമൺ എന്ന സ്ഥലത്ത് അഷ്ടമുടികായലിൽ വീണ് നിരവധിയാളുകളുടെ ജീവഹാനിക്കിടവരുത്തി. പ്രസ്തുത ട്രെയിനിൽ യാത്ര ചെയ്തിരുന്നവർ പലരും ആ യാത്ര തങ്ങളുടെ അന്ത്യയാത്രയാകുമെന്നു കരുതിയില്ല. കേരളം കണ്ടതിൽവച്ചേററവും വലിയ ട്രെയിൻ അപകടമാണിത്. 110-ഓളം ആളുകളുടെ ജീവഹാനിക്കിടവരുത്തിയ ഈ അപകടത്തിൽപെട്ട് മുന്നൂറിൽപരം ആളുകളെയാണ് പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

സംസ്ഥാനത്തെയാകെ അഗാധ ദുഃഖത്തിലാഴ്ത്തിയ ഈ അത്യാഹിതം ജൂലൈ 7-ാം തീയതിയാണ് സംഭവിച്ചത്. അപകടത്തെ തുടർന്ന് ഓടിയെത്തിയ നാട്ടുകാർ രക്ഷാപ്രവർത്തനം ആരംഭിച്ചില്ലായിരുന്നുവെങ്കിൽ മരണസംഖ്യ വളരെയധികമാകുമായിരുന്നു.

അട്ടിമറിയോ പാളത്തിന്റെ തകരാറോ, അമിതവേഗമോ ഒന്നുമല്ല, മറിച്ച് ട്രെയിനിന് നേരത്തെ ഉണ്ടായിരുന്ന ഏതോ മെക്കാനിക്കൽ തകരാറാണ് അപകടകാരണമെന്നാണ് ഏററവും ഒടുവിൽ ലഭിച്ച സൂചന. അത് ശരിയാണെങ്കിൽ ഈ മഹാദുരന്തത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം റെയിൽവേ അധികൃതർക്കാണ്. അവരുടെ കുററകരമായ അനാസ്ഥമൂലം ഉണ്ടായ അപകടമാണെങ്കിൽ അത് വളരെയേറെ ഗുരുതരമായ പ്രശ്നമാണ്.

കേരളത്തെ കണ്ണീരിലാഴ്ത്തിയ ഈ ദുരന്തത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടതുമൂലം വിങ്ങിപ്പൊട്ടുന്നവരുടെ ഹൃദയവ്യഥ ഞങ്ങൾ മനസ്സിലാക്കുന്നു. ആകസ്മികമായി ജീവിതം പൊലിഞ്ഞു പോയവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

05-08-1988

# 122

# മരിയൻ വർഷാചരണം

ഒരു വർഷം നീണ്ടുനിന്ന മരിയൻ വർഷാചരണം ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ാം തീയതിയോടുകൂടി പര്യവസാനിച്ചു. ഇടവകരൂപതാതലങ്ങളിലും സംസ്ഥാനതലത്തിലും മരിയൻ വർഷം വളരെ ഭംഗിയായി ആഘോഷിക്കപ്പെടുകയുണ്ടായി. കേരളം മരിയഭക്തിക്ക് കേൾവികേട്ട ഒരു പ്രദേശമാണ്. കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈകുന്നേരം സന്ധ്യാപ്രാർത്ഥനയോടുകൂടി ജപമാല എത്തിക്കുന്നുണ്ട്. കേരളീയർ ഉത്തരീയം ധരിക്കുന്നതിൽ തൽപരരുമാണ്. മരിയഭക്തരായ കേരളീയർ ഈ വർഷാചരണം സമുചിത

www.malankaralibrary.com

മായിത്തന്നെ നടത്തുകയുണ്ടായി.

മരിയൻ ജൂബിലിവർഷത്തെ അവിസ്മരണീയമാക്കുവാൻ രണ്ടാം ജോൺപോൾ മാർപ്പാപ്പ ഒരു ചാക്രകലേഖനംതന്നെ പ്രസിദ്ധീകരിച്ചു. മരിയൻ ചാക്രികലേഖനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി നടത്തിയ സെമിനാറുകളും സമ്മേളനങ്ങളും റാലികളുമെല്ലാം മാതാവിനെ ശരിയായി അറിയുന്നതിനും, മാതാവിലൂടെ യേശുവിനെ കണ്ടെത്തുന്നതിനും, മറിയംവഴി യേശുവിലെത്തി ഒന്നാകുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട് എന്ന് നമുക്ക് വിശ്വസിക്കാം.

ചരിത്രത്തിലെ ഈ രക്ഷാകര അവസരം കുറേ ആഘോഷങ്ങളിലൂടെയും പ്രകടനങ്ങളിലൂടെയും അവസാനിപ്പിക്കുവാൻ ഉള്ളതല്ല. കേരളസഭയിലെ മരിയൻപാരമ്പര്യത്തിന് കൂടുതൽ ഊന്നൽകൊടുത്ത് പ്രവർത്തിക്കുവാൻ ഈ വർഷാചരണം സഹായകരമാകണം. നമ്മുടെ മരിയൻ തീർത്ഥകേന്ദ്രങ്ങൾ ആദ്ധ്യാത്മികഉറവകളാക്കുവാൻ നമുക്ക് സാധിക്കണം.

യേശുക്രിസ്തുവിന്റെ രണ്ടായിരാം ജന്മദിനാഘോഷത്തിന് നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ആ ആഘോഷത്തിന്റെ വിജയകരമായ പര്യവസാനത്തിന് ഈ മരിയൻവർഷാചരണം വേണ്ടപശ്ചാത്തലം ഒരുക്കിയിട്ടുണ്ട് എന്ന് നമുക്ക് വിശ്വസിക്കാം. ഈ വർഷാചരണം വിജയകരമായി തീർക്കുവാൻ സാധിച്ചതിൽ നമുക്ക് നന്ദിപറയാം.

05-09-1988

## 123

# വീണ്ടും ദുരന്തം

പെരുമൺദുരന്തത്തിന്റെ ആഘാതത്തിൽ നിന്നും നാം ഇപ്പോഴും വിമുക്തമായിട്ടില്ല. ഇതാ മറെറാരു ദുരന്തത്തിനുകൂടി ഈ വർഷം സാക്ഷ്യം വഹിക്കേണ്ടിവന്നിരിക്കുന്നു. ഉത്തരേന്ത്യയിലും നേപ്പാളിലും ബംഗ്ലാദേശിലും ഉണ്ടായ ഭൂചലനം ആയിരത്തിലേറെപ്പേരുടെ മരണത്തിനിടയാക്കിയിരിക്കുന്നതായിട്ടാണ് റിപ്പോർട്ട്. ബീഹാറിൽതന്നെ അഞ്ഞൂറുപേർ കൊല്ലപ്പെട്ടുവെന്നാണ് കരുതുന്നത്. ഹിമാലയമേഖലയെ വിറപ്പിച്ച ഭൂകമ്പത്തിന്റെ ദുരന്തങ്ങളുടെ പൂർണ്ണമായ ചിത്രം ലഭിക്കണമെങ്കിൽ ഇനിയും കുറേദിവസങ്ങളെടുക്കുമെന്നാണ് കരുതേണ്ടത്. ഏതാനും ആഴ്ചകൾക്കുമുൻപ് ഇടുക്കിയിൽ ഉണ്ടായ ഭൂചലനത്തേക്കാൾ വളരെ ശക്തമായ ഭൂചലനമാണ് ഉത്തരേന്ത്യയിൽ അനുഭവപ്പെട്ടത്. ഇനിയും ഭൂചലനമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

രക്ഷാപ്രവർത്തനങ്ങളിൽ കേന്ദ്രസംസ്ഥാനസർക്കാരുകൾ ആത്മാർത്ഥമായി ഏർപ്പെടുകയുണ്ടായി. ഭൂകമ്പത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം എത്തിക്കുന്നതിനും പരിക്കേററവരെ ആശുപത്രിയിലെത്തിക്കുന്നതിനും രക്ഷാപ്രവർത്തകർ കാണിച്ച സേവനസന്നദ്ധത ആദരണീയമാണ്.

www.malankaralibrary.com

ഭൂകമ്പത്തിൽ മരണമടഞ്ഞവരുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. ബന്ധുമിത്രാദികളുടെ ദുഃഖത്തിൽ ഞങ്ങൾ പങ്കുചേരുന്നു. രാഷ്ട്രം നേരിടുന്ന ഈ വിപൽഘട്ടങ്ങളിൽ എല്ലാവിധ സഹായങ്ങളും നൽകി ദുരുതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ എല്ലാ മനുഷ്യസ്നേഹികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. എല്ലാ വിഭാഗീയ ചിന്തകളും വെടിഞ്ഞ് രാഷ്ട്രത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കുവാനും നമുക്ക് കടമയുണ്ട്. അപകടങ്ങളിൽ നിന്നും രാഷ്ട്രീയ മുതലെടുപ്പുനടത്തുവാൻ ശ്രമിക്കുന്നവരെ ഒററപ്പെടുത്തുവാനും ശ്രമിക്കണം.

05-09-1988

## 124

# ആർ.എസ്സ്.എസ്സ്. മാർക്സിസ്റ്റ് സംഘട്ടനം

കേരളത്തിന്റെ പലഭാഗത്തും രാഷ്ട്രീയസംഘട്ടനങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ടുകൾ ലഭിക്കുന്നത്. മുരിക്കുംപുഴയിൽ ഉണ്ടായ മാർക്സിസ്ററ് ആർ.എസ്സ്.എസ്സ്. സംഘട്ടനത്തിൽ മൂന്ന് ആർ.എസ്സ്.എസ്സുകാർ മരിച്ചതാണ് ഏററവും ഒടുവിൽ നടന്ന സംഘട്ടനം. ഇത് ജനാധിപത്യവിശ്വാസികളെയാകെ വേദനിപ്പിക്കുന്ന സംഭവമാണ്. 1980-ൽ അധികാരമേറെറടുത്ത നായനാർ സർക്കാരിന്റെ ഭരണകാലത്തും രാഷ്ട്രീയ സംഘട്ടനങ്ങൾ നിത്യസംഭവങ്ങളായിരുന്നു. ആ രാഷ്ട്രീയസംഘട്ടനങ്ങളാണ് ഒരു പരിധിവരെ നായനാർ ഭരണത്തിന്റെ അന്ത്യം കുറിച്ചത്.

ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കേണ്ട മനുഷ്യർ രാഷ്ട്രീയത്തിന്റെ പേരിൽ സംഘട്ടനങ്ങളിലേർപ്പെടുന്നത് ഈ പരിഷ്കൃതയുഗത്തിനു ചേരുന്നതല്ല. രാഷ്ട്രീയപാർട്ടികൾ വിശാലമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുകയും കക്ഷിരാഷ്ട്രീയത്തിന്റെ പേരിൽ മനുഷ്യബന്ധങ്ങൾ നശിപ്പിക്കപ്പെടാതിരിക്കുവാൻ പരിശ്രമിക്കുകയും വേണം. അക്രമങ്ങൾ ഒരിക്കലും ഒരു പ്രശ്നത്തിനും പരിഹാരമാവുകയില്ല. അക്രമരഹിതമായ സമരത്തിലൂടെ സ്വാതന്ത്ര്യം നേടിയെടുത്ത ഒരു രാജ്യത്ത് രാഷ്ട്രീയപാർട്ടികൾ അക്രമത്തിന് പ്രേരണനൽകുന്നത് ഒരിക്കലും ഭൂഷണമല്ല. മാർക്സിസ്റ്റ് -ആർ.എസ്സ്.എസ്സ്. സംഘട്ടനത്തിന്റെ മുഖ്യകാരണങ്ങളിലേക്ക് കടക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഭരണകക്ഷിയിലെ ഒരു ഘടകകക്ഷി ഈ അക്രമത്തിൽ ഒരു കക്ഷിയായിതീരുന്നത് നിർഭാഗ്യകരമാണ്. രാജ്യത്ത് സമാധാനം സ്ഥാപിക്കാൻ ഗവൺമെന്റിന് കടമയുണ്ട്. ഭരണകക്ഷിക്കാരായാലും പ്രതിപക്ഷക്കാരായാലും അക്രമത്തിന് മുതിരുന്നവരെ നിലയ്ക്കുനിറുത്തുവാൻ സർക്കാർ ശ്രമിക്കണം. ഭരണകക്ഷികൾ കൂടുതൽ വിവേകവും സംയമനവും കാണിക്കാൻ ബാദ്ധ്യസ്ഥരുമാണ്. അക്രമത്തിൽ നിന്നും മുതലെടുക്കുവാൻ ആരെയും അനുവദിക്കുകയുമരുത്.

നമ്മുടെ സംസ്ഥാനത്ത് യഥാർത്ഥ ശാന്തിയും സമാധാനവും

www.malankaralibrary.com

കൈവരുത്തുവാൻ സകലകേരളീയനും ആത്മാർത്ഥമായി പരിശ്രമിക്കുകതന്നെ വേണം. അക്രമം ഒന്നിനും പരിഹാരമാർഗ്ഗമല്ലന്ന് എല്ലാ മനുഷ്യസ്നേഹികളും ധരിക്കുകയും വേണം.

05-09-88

## 125

# വിദ്യാഭ്യാസ ചട്ടങ്ങളിലെ ഭേദഗതി

കേരള വിദ്യാഭ്യാസചട്ടങ്ങളിൽ ഭേദഗതിവരുത്തിക്കൊണ്ട് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ 91 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് തടയുന്ന ഉത്തരവിനെതിരെയുള്ള സുപ്രീംകോടതിവിധി മറികടക്കാൻ വേണ്ടിമാത്രമാണ് ഈ ഭേദഗതിയുമായി സർക്കാർ രംഗത്ത് വന്നിരിക്കുന്നത്. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് 91 സ്ക്കൂളുകൾ അപ്ഗ്രേഡുചെയ്യാൻ കൈക്കൊണ്ട് തീരുമാനം തടഞ്ഞുകൊണ്ട് നായനാർ ഗവൺമെന്റ് ഉത്തരവ് ഇട്ടപ്പോഴാണ് പ്രശ്നം കോടതിയിൽ എത്തിയത്. നായനാർ സർക്കാരിന്റെ ഉത്തരവ് പിൻവലിക്കണമെന്ന് ഹൈക്കോടതി വിധിച്ചു. ഹൈക്കോടതിവിധിക്കെതിരെ കേരള ഗവൺമെന്റ് നൽകിയ അപ്പീൽ സുപ്രീം കോടതി നിരസിച്ചു. മുൻസർക്കാർ നൽകിയ അനുമതി പിൻവലിക്കുവാൻ സംസ്ഥാനഗവൺമെന്റിന് യാതൊരവകാശവുമില്ലെന്നും മുൻസർക്കാരിന്റെ തീരുമാനം റദ്ദാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട സ്കൂൾ അധികൃതർക്ക് ഇതേക്കുറിച്ചുള്ള അഭിപ്രായങ്ങൾകൂടി സർക്കാർ കണക്കിലെടുക്കേണ്ടതായിരുന്നുവെന്നും കോടതി ഓർമ്മിപ്പിക്കുകയുണ്ടായി.

ഈ കോടതിവിധി അംഗീകരിക്കുവാൻ സർക്കാരിന് ധാർമ്മികമായ കടമയുണ്ടായിരുന്നു. എന്നാൽ അതിനുള്ള വിവേകം കാണിക്കാതെ വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തി കോടതിയുടെ അന്തഃസത്തയെ ചോദ്യം ചെയ്യാനാണ് ഗവൺമെന്റ് ഒരുമ്പെട്ടത്. 1982 മുതൽ പ്രാബല്യം നൽകിക്കൊണ്ടാണ് ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച് അന്നുമുതൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ മുന്നറിയിപ്പൊന്നും കൂടാതെ നടപടിയെടുക്കുവാൻ ഗവൺമെന്റിന് കഴിയും. നേരത്തെ കൈക്കൊണ്ടിട്ടുള്ള തീരുമാനമോ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളോ പുനരവലോകനം ചെയ്യുവാനും പരിഷ്കരിക്കുവാനും റദ്ദാക്കുവാനും ഗവൺമെന്റിന് ഇതോടെ സാധിക്കും.

കോടതിവിധി മറികടക്കാനുള്ള ലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് വൈര്യനിര്യാതനബുദ്ധിയോടെ രൂപം കൊടുത്ത ഈ ഭേദഗതികൾ അങ്ങേയററം ദുരുദ്ദേശപരമാണ്. പ്രതിഷേധാർഹമാണ്. ഈ ഭേദഗതിക്കെതിരെ സകല ജനാധിപത്യവിശ്വാസികളും ശബ്ദമുയർത്തേണ്ടതുമാണ്.

05-10-1988

www.malankaralibrary.com

# 126

# എച്ച്.സി.എം.എസ്സ്. സമരം

കേരളത്തിലെ 15 ലക്ഷത്തോളം വരുന്ന അവശക്രൈസ്തവർ വീണ്ടും ഒരു സമരത്തിനു തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. അതിനു പ്രാരംഭമായി നടത്തുന്ന ദീപശിഖാ പ്രയാണത്തിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവേശോജ്ജ്വലമായ സ്വീകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഹരിജനങ്ങളെപ്പോലെതന്നെ സാമൂഹ്യമായും സാംസ്കാരികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഒരു ജനവിഭാഗമാണ് ഹരിജൻ കത്തോലിക്കർ. അവരെ പട്ടികജാതി ലിസ്ററിൽ ഉൾപ്പെടുത്തി ഹരിജനങ്ങൾക്കു നൽകുന്ന എല്ലാ ആനുകൂല്യവും അവർക്കും നൽകണമെന്നാണ് എച്ച്.സി.എം.എസ്സ്. ആവശ്യപ്പെടുന്നത്. ഇതേ ആവശ്യമുന്നയിച്ച് ഹരിജൻകത്തോലിക്കർ കഴിഞ്ഞ നാലുദശാബ്ദക്കാലമായി സമരരംഗത്താണ്. പക്ഷെ അവരുടെ ദീനരോദനം കേൾക്കുവാൻ കേന്ദ്രസർക്കാർ നാളിതുവരെ തയ്യാറായിട്ടില്ല. മതംമാറി എന്നതിന്റെപേരിൽ മാത്രമാണ് ഹരിജൻ ക്രൈസ്തവരെ പട്ടിക്കജാതിലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കുന്നത്. ഇത് മതത്തിന്റെ പേരിലുള്ള ഒരു വിവേചനം തന്നെയാണ്. ഇത് മതേതരരാഷ്ട്രമായ ഭാരതത്തിനു ഭൂഷണമല്ല.

പട്ടികജാതി ലിസ്ററ് പത്തുവർഷം കൂടുന്തോറും പുതുക്കിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം പട്ടികജാതിലിസ്ററ് പുതുക്കും. ഈ സന്ദർഭത്തിൽ അവശക്രൈസ്തവരുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം. സംസ്ഥാനഗവൺമെന്റ് ഹരിജൻക്രൈസ്തവരെ പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശചെയ്യുകയും വേണം.

മതത്തിന്റെപേരിലുള്ള ഒരു വിവേചനമാണിത്. ആകയാൽ ഇത് ഹരിജൻക്രൈസ്തവരുടെമാത്രം പ്രശ്നമല്ല. സകല ക്രൈസ്തവരുടെയും പ്രശ്നമാണ്. അതിനാൽ ഈ പ്രശ്നം ശാശ്വതമായി പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി സകലക്രൈസ്തവരും ഒററക്കെട്ടായി സ്വരമുയർത്തുകതന്നെ വേണം.

05-11-1988

www.malankaralibrary.com

# 127

# ഹരിജൻ ക്രൈസ്തവരുടെ ഉജ്ജ്വലറാലി

മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ കേരളത്തിലെ അവശ ക്രൈസ്തവർ ശക്തമായ സമരപരിപാടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. സമരത്തിന്റെ ഭാഗമായി രാമപുരത്തുനിന്നും ആരംഭിച്ച ദീപശിഖാപ്രയാണം ഒക്ടോബർ 13ന് കോട്ടയത്തെത്തി സമാപിക്കുകയും അതോടനുബന്ധിച്ച് ഒരു ഉജ്ജ്വലറാലി നടത്തുകയും ചെയ്തിരിക്കുന്നു. പ്രസ്തുത പ്രകടനം ഹരിജൻ കത്തോലിക്കാ മഹാജനസഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴിക ക്കല്ലായി തീരും. 1979-ൽ കേരളത്തിലെ ക്രൈസ്തവസഭകൾ മതവിവേചനത്തി നെതിരെ സംയുക്തമായി തിരുവന്തപുരത്ത് നടത്തിയ പ്രകടനത്തിനുശേഷം നടന്ന ഏററവും വലിയ പ്രകടനമായിരുന്നു ഇത്. അവശക്രൈസ്തവരുടെ കരുത്ത് തെളിയിച്ച കൂററൻ പ്രകടനം. ചുരുങ്ങിയദിവസത്തെ തയ്യാറെടുപ്പു കൊണ്ട് പ്രകടനം ഇത്രകണ്ട് വലുതാക്കിതീർക്കുവാൻ സാധിച്ചത് ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ സമർപ്പണമനോഭാവത്തിന്റെ ഫലമായിട്ടാണ്.

സമരത്തിന്റെ രണ്ടാംഘട്ടം മാർതോമ്മാശ്ലീഹായുടെ പാദസ്പർശമേററ മലയാററൂർ നിന്നും ഒക്ടോബർ 18-ന് ആരംഭിച്ചുകഴിഞ്ഞു. ഒരു മാസത്തെ കാൽനടജാഥയ്ക്കുശേഷം തിരുവനന്തപുരത്തെത്തി ഗവർണ്ണറെയും സംസ്ഥാനമന്ത്രിമാരെയും സന്ദർശിച്ച് നിവേദനം സമർപ്പിക്കുവാനാണ് പദ്ധതി.

പട്ടികജാതിലിസ്റ്റ് പുനഃപരിശോധന നടത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവശക്രൈസ്തവരെകൂടി പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടു ത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക എന്നത് മാത്രമാണ് ഈ സമര ത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി ഹരിജൻ കത്തോ ലിക്കർ നടത്തുന്ന സമരത്തിന് പൂർണ്ണപിന്തുണ നൽകുവാൻ ക്രൈസ്തവ സമൂഹം ഒററക്കെട്ടായി മുന്നോട്ടു നീങ്ങുകതന്നെവേണം. അതിനായി എല്ലാവരും മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുന്നു.

05-12-1988

www.malankaralibrary.com

**128**

# എ.കെ.സി.സി. സപ്തതിയാഘോഷം എഴുപതുകൊണ്ട് സ്വീകരണം

**മാനന്തവാടി, ഡിസംബർ 11**

താലപ്പൊലിയേന്തിയ വരവേൽപ്പിനു പകരം വിശിഷ്ടാതിഥികളെ സ്വീകരിക്കുവാൻ ചട്ടയും മുണ്ടും ധരിച്ച 70 സ്ത്രീകൾ. 70-ാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ സംബന്ധിക്കാനെത്തിയ വിശിഷ്ടാതിഥികളെ സ്വീകരിക്കാനാണ് കത്തോലിക്കാ കോൺഗ്രസ്സ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പരമ്പരാഗത വേഷമായ ചട്ടയും മുണ്ടും ധരിച്ച് 70 സ്ത്രീകളെ അണിനിരത്തിയത്.

യുവതലമുറക്ക് അന്യമായിക്കൊണ്ടിരിക്കുന്ന ചട്ടയും മുണ്ടും ധരിച്ച സ്ത്രീകൾക്കൊപ്പം വെള്ള വസ്ത്രം ധരിച്ച 70 പുരുഷന്മാർ, മഞ്ഞയും വെള്ളയും നിറത്തിലുള്ള വേഷമണിഞ്ഞ 70 യുവതികളും 70 യുവാക്കളും, പൂച്ചെണ്ട് പിടിച്ച 70 ബാലികമാരും 70 ബാലന്മാരും വിശിഷ്ടാതിഥികളെ സ്വീകരിക്കുവാൻ മാനന്തവാടിയിൽ അണിനിരന്നപ്പോൾ ..... സ്വീകരണരംഗത്ത് ഒരു പുതിയ ചരിത്രം രചിക്കുകയായി.

അഭിവന്ദ്യ വൈദിക മേലദ്ധ്യക്ഷന്മാർ, മന്ത്രി എം.എൽ.എ. സമുദായ നേതാക്കൾ തുടങ്ങിയവരെ സ്വീകരിച്ചുകൊണ്ട് എഴുപതുകൊണ്ടുണ്ടാക്കിയ പടനിര മുന്നോട്ടു നീങ്ങിയപ്പോൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തന നിരതമായ 70 വർഷങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടുള്ള 70 വെടികൾ മുഴങ്ങുകയുണ്ടായി.

വയനാട്ടിൽ വച്ച് നടത്തിയ എ.കെ.സി.സി. വാർഷികം എല്ലാംകൊണ്ടും പുതുമനിറഞ്ഞതും ആവേശം അലതല്ലുന്നതുമായിരുന്നു. എഴുപതുകൊണ്ടു നടത്തിയ സ്വീകരണം മനുഷ്യഹൃദയങ്ങളെയെല്ലാം ആവേശം കൊള്ളിക്കുന്നതുമായിരുന്നു. കേരളത്തിന്റെ ചരിത്രഗതിയെ തിരിച്ചുവിടുക. കോൺഗ്രസ്സ് എന്നും ചരിത്രം സൃഷ്ടിക്കുകയാണ്.

**129**

# സി.ബി.സി.ഐ. ദേശീയോപദേശകസമിതി

1974-ൽ ആണ് സി.ബി.സി.ഐ. ദേശീയോപദേശകസമിതി രൂപം കൊണ്ടത്. വളരെയധികം പ്രതീക്ഷകളോടെയാണ് ആ ഉപദേശകസമിതിയെ ഭാരതകത്തോലിക്കർ സ്വീകരിച്ചത്. എന്നാൽ ആ പ്രതീക്ഷകൾ എല്ലാം അസ്ഥാന

www.malankaralibrary.com

ത്താകുന്ന തരത്തിലാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് ഉപദേശകസമിതിയിലെ ഒരു അംഗമായ റവ. ഡോ. സി.എ. അബ്രാഹം സത്യദീപത്തിൽ എഴുതിയ ലേഖനത്തിൽനിനന്നും മനസ്സിലാകുന്നു.

1974-ൽ ഉപദേശകസമിതി രൂപീകരിച്ചപ്പോൾ അൽമായർക്ക് ഉണ്ടായിരുന്ന പങ്കാളിത്തം 1985-ൽ പുനഃസംഘടിപ്പിക്കപ്പെട്ട സമിതിയിൽ ലഭിക്കുന്നില്ലെങ്കിൽ അത് അങ്ങേയറ്റം ദുഃഖകരവും വേദനാജനകവുമാണ്. ഇന്ത്യയുടെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയരംഗങ്ങളിൽ മഹത്തായ സംഭാവനകൾ നൽകുകയും ഭാരതസഭയുടെ അഭിമാനം സംരക്ഷിക്കുകയും ചെയ്ത സാമുദായിക സംഘടനകൾക്ക് നൽകിയിരുന്ന പ്രാതിനിദ്ധ്യം നഷ്ടപ്പെടുത്തുവാൻ ഇടയായിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്?

ഈ ജനാധിപത്യ ഭാരതത്തിൽ ഇവിടുത്തെ ക്രൈസ്തവർക്ക് മഹത്തായ സംഭാവനകൾ നൽകുവാൻ സാധിക്കും. ആ മഹത്തായ കർമ്മത്തിൽ സഭയെ സജീവമായി പങ്കുചേർക്കുവാൻ അൽമായർക്ക് സാധിക്കും. സി.ബി.സി.ഐ ദേശീയ ഉപദേശകസമിതിയിൽ അൽമായർക്ക് അർഹമായ പ്രാതിനിദ്ധ്യം നൽകുകയും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സാമുദായികസംഘടനകൾക്ക് സമിതിയിൽ അംഗത്വം നൽകുകയും ചെയ്യുന്നത് തികച്ചും സമുചിതമായിരിക്കും.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം അൽമേയർക്ക് സഭാകാര്യങ്ങളിൽ തുല്യപരിഗണനയും പദവിയും നൽകുവാൻ സഭാനേതൃത്വം സമ്മതിക്കുന്നില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കുമെന്നതിൽ സംശയമില്ല. ഒരു നല്ല നാളെയെ കെട്ടിപ്പടുക്കുവാനാണ് നാം ശ്രമിക്കേണ്ടത്. ആ യത്നത്തിൽ അൽമായരെക്കൂടി പങ്കുകാരാക്കുവാൻ സഭാനേതൃത്വം ആത്മാർത്ഥമായി പരിശ്രമിക്കുകതന്നെ വേണം.

05-02-89

## 130

# പൗരാവകാശ സംരക്ഷണസമിതികൾ രൂപീകരിക്കുക

കേരളത്തിലെ ക്രമസമാധാന നിലയിലെ തകരാർ, രാഷ്ട്രീയകൊലകൾ, സംഘട്ടനങ്ങൾ, ഭവനഭേദനം, കൊള്ള, കവർച്ച എന്നിവയ്ക്കെതിരെ പ്രവർത്തിക്കുവാൻ എല്ലാപ്രദേശത്തും പൗരാവകാശസംരക്ഷണസമിതികൾ രൂപീകരിക്കാൻ എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റി ജനാധിപത്യവിശ്വാസികളോടഭ്യർത്ഥിച്ചു. പ്രസിഡന്റ് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തിൽ ഇപ്രകാരം പറയുന്നു. കുറെ നാളുകളായി മോഷണത്തിന്റെയും ഭവനഭേദനത്തിന്റെയും സംഘട്ടനത്തിന്റെയും കൊലപാതക

www.malankaralibrary.com

ങ്ങളുടെയും റിപ്പോർട്ടുകളാണ് നാടിന്റെ നാനാഭാഗങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണിന്ന്. ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പോലീസ് നിർവീര്യമായി പ്രവർത്തിക്കുകയാണിന്ന്. സാമൂഹ്യവിരുദ്ധർ അത് ശരിക്കു മനസ്സിലാക്കുകയും അതിൽനിന്ന് മുതലെടുക്കുകയും ചെയ്യുന്നു.

ഈ സ്ഥിതിവിശേഷത്തിൽനിന്നും മോചനം നേടുവാൻ പ്രാദേശികമായി ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനും ജാതിമതവർഗ്ഗചിന്തകൾക്കും അതീതമായി പൗരാവകാശസംരക്ഷണസമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. അതിന് ജനാധിപത്യവിശ്വാസികൾ തയ്യാറായി മുന്നോട്ടു വരണം. എ.കെ.സി.സി. അഭ്യർത്ഥിച്ചു.

ഇന്നത്തെ ഈ രാഷ്ട്രീയപരിതസ്ഥിതിയെപ്പറ്റി അടിയന്തിരമായി ചർച്ച ചെയ്യാൻ സംസ്ഥാനതലത്തിൽ ഒരു നേതൃസമ്മേളനം വിളിച്ചുകൂട്ടണമെന്നും പ്രസ്തുത സമ്മേളനത്തിന്റെ ഒരുക്കമെന്നനിലയിൽ വിവിധകേന്ദ്രങ്ങളിൽ മേഖലാ സമ്മേളനങ്ങൾ വിളിച്ചുകൂട്ടണമെന്നും വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചു. കേരളം ഇത്ര ഗുരുതരമായ ഭീഷണികളെ നേരിടുമ്പോഴും പ്രതിപക്ഷകക്ഷികൾ ഭിന്നിച്ചുനിൽക്കുന്നത് അപലപനീയമാണെന്നും, സകല ജനാധിപത്യവിശ്വാസികളുടെയും ശക്തമായ ഐക്യനിരപടുത്തുയർത്തുവാൻ ശ്രമിക്കേണ്ടതിനുപകരം ഭിന്നിച്ചു നിൽക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇട നൽകുമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു.

10-02-1989

## 131

# കർഷകസമരം

കേരളത്തിലെ കശുവണ്ടി കർഷകർ വലിയ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കുത്തകസംഭരണത്തെ കഴിഞ്ഞകാലങ്ങളിൽ ശക്തമായി എതിർത്തിരുന്ന മാർക്സിസ്റ്റ് പാർട്ടി കേരളത്തിലെ കശുവണ്ടി ബലമായി വാങ്ങി സംഭരിച്ച് കശുവണ്ടി കമ്പനിമുതലാളിമാർക്ക് കൊടുക്കുന്നതിൽ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അതിവിപ്ലവം പറഞ്ഞു നടന്ന ഈ കമ്മ്യൂണിസ്റ്റ് പാർട്ടി കശുവണ്ടി മുതലാളിമാർക്കുവേണ്ടി നിലകൊള്ളുകയാണിന്ന്. കേരളത്തിലെ കർഷകരോട് 12.50 രൂപ മുതൽ 13 രൂപ വരെ വിലനൽകിയാണ് കശുവണ്ടി ഗവൺമെന്റ് വിവിധ ഏജൻസികൾ മുഖാന്തിരം ശേഖരിക്കുന്നത്. കഴിഞ്ഞവർഷം ലഭിച്ചതിനേക്കാൾ താഴ്ന്ന ഒരു വിലയാണിത്. അതേസമയം കേരളത്തിന്റെ അതിർത്തി കടത്തി അന്യസംസ്ഥാനത്ത് എത്തിച്ചുകൊടുത്താൽ ഒരു കിലോ കശുവണ്ടിക്ക് 16 രൂപയോളം ലഭിക്കും. കേരളത്തിൽത്തന്നെ കശുവണ്ടിക്ക് ഒരു സ്വതന്ത്രവ്യാപാരമേഖല അനുവദിച്ചിരുന്നുവെങ്കിൽ ഇന്നു ലഭിക്കുന്നതിനേക്കാൾ കൂടുതൽ വില ലഭിക്കുമായിരുന്നു.

www.malankaralibrary.com

ഇവിടുത്തെ കശുവണ്ടി റഷ്യയിലോ അമേരിക്കയിലോ യൂറോപ്പിലോ കൊണ്ടുപോയി വിൽക്കാനുള്ള അനുവാദം കിട്ടിയാൽ മതി. പക്ഷെ കുത്തകമുതലാളിമാർക്ക് കശുവണ്ടി കർഷകരെ പണയപ്പെടുത്തി പാർട്ടി കോൺഗ്രസിന് ലക്ഷക്കണക്കിന് രൂപാ സമ്പാദിച്ച മാർക്സിസ്റ്റ് പാർട്ടി അതിന് തയ്യാറില്ല. അതുപോലെതന്നെ കർഷകരിൽനിന്നും കഴിഞ്ഞവർഷം ശേഖരിച്ച കശുവണ്ടിയുടെ വില ഇന്നുവരെ സർക്കാർ കൊടുത്തുതീർത്തിട്ടുമില്ല. ഈ സാഹചര്യത്തിലാണ് കശുവണ്ടിക്കർഷകർ ഒരു സമരരംഗത്തേക്ക് കുതിച്ചുപാഞ്ഞത്. മലയോര കർഷകഫെഡറേഷൻ പ്രസിഡണ്ട് ഫാ. ജോസഫ് വടക്കൻ കേളകത്തും എ.കെ.സി.സി. പ്രവർത്തകനും മദ്യവർജ്ജനസമിതി സംസ്ഥാന സെക്രട്ടറിയുമായിരുന്ന മാത്യു കണ്ടം ഇരിട്ടിയിലും നിരാഹാരസത്യാഗ്രഹം നടത്തി. പയ്യാവൂർ, ആലക്കോട്, ചെമ്പേരി എന്നിവിടങ്ങളിലും സത്യാഗ്രഹങ്ങൾ നടന്നു.

വ്യക്തിത്വത്തെ മാനിക്കാത്ത നായനാരുടെ നേതൃത്വത്തിലുള്ള സംസ്ഥാനസർക്കാർ ഫാ.വടക്കന്റെ നേതൃത്വത്തിലുള്ള സത്യാഗ്രഹസമരത്തെ ആക്ഷേപിക്കുകയാണ് ചെയ്തത്. കശുവണ്ടി സമരഭൂവിൽ അതോടെ സംഘർഷം വദ്ധിച്ചു. ഫാ. വടക്കനെ കേളകത്തെത്തി അറസ്റ്റു ചെയ്യുവാനുള്ള പോലീസ് നീക്കത്തെ സംഘടിത കർഷകർ എതിർത്തു പരാജയപ്പെടുത്തി. കർഷകരുടെ ന്യായമായ അവകാശങ്ങളുടെ നേരെ സംസ്ഥാനസർക്കാർ കാണിച്ച അലംഭാവത്തിനെതിരെ ജനരോഷം ആളിപ്പടർന്നു. ഏതുസമയവും സംഘർഷമുണ്ടാകാമെന്ന നിലവന്നു.

ഈ നിർണ്ണായകഘട്ടത്തിൽ കശുവണ്ടി കർഷകസമിതിയും മലയോര കർഷകഫെഡറേഷൻ നേതാക്കളും മലയോരകർഷകഫെഡറേഷൻ വൈസ്പ്രസിഡണ്ടും കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറിയുമായ ജോൺ കച്ചിറമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ കേളകത്ത് യോഗം ചേർന്ന് സമരത്തെപ്പറ്റി വിലയിരുത്തി. പരിശുദ്ധമായ ഗാന്ധിയൻ മാതൃകയിലുള്ള ഉപവാസയജ്ഞം ഈ സർക്കാരിന് മാനസിക പരിവർത്തനം വരുത്തുമെന്നോ നായനാർ ഭരണത്തിൽ കർഷകർക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നോ വിശ്വാസമില്ലാത്തതിനാൽ ഉപവാസസമരം അവസാനിപ്പിക്കുവാൻ യോഗം ഫാ. വടക്കനോടഭ്യർത്ഥിച്ചു. ഒത്തുതീർപ്പാലോചനകളിൽ സർക്കാർ ധിക്കാരപരവും നീതിരഹിതവുമായ നിലപാടാണ് സ്വീകരിച്ചതെന്ന് സമിതി കുറ്റപ്പെടുത്തി. നിരപരാധികളായ നൂറുകണക്കിനാളുകൾ കേളകത്ത് പിടഞ്ഞുമരിക്കുന്ന സ്ഥിതി പോലീസ് സംജാതമാക്കിയ സാഹചര്യത്തിൽ നിരാഹാരം അവസാനിപ്പിക്കുകയാണ് ഉചിതമെന്ന് സമിതി തീരുമാനിച്ചു. സമരസമിതിയുടെ തീരുമാനത്തിന് ഫാ. വടക്കൻ അംഗീകാരം നൽകി. അതേസമയം സമരം കൂടുതൽ ശക്തിപ്പെടുത്താൻ 10 സമരമാർഗ്ഗങ്ങൾ യോഗം അംഗീകരിക്കുകയും ചെയ്തു. അതനുസരിച്ചുള്ള സമരപരിപാടികളുമായിട്ടാണ് ഇപ്പോൾ കശുവണ്ടി കർഷകർ മുന്നേറുന്നത്. ഈ സമരത്തിന് കക്ഷിരാഷ്ട്രീയ ചിന്തകൾക്കതീതമായി എല്ലാ ജനങ്ങളും കലവറയില്ലാത്ത പിന്തുണ നൽകണം. കുത്തകസംഭരണത്തെ എതിർത്ത് പരാജയപ്പെടുത്തണം.

05-04-89

www.malankaralibrary.com

132

# ജോൺ കച്ചിറമററം ഉപവസിച്ചു

കശുവണ്ടിക്ക് ന്യായമായ വില ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മലയോരകർഷക ഫെഡറേഷൻ പ്രസിഡണ്ട് ഫാ.വടക്കൻ നടത്തുന്ന നിരാഹാരസത്യാഗ്രഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം ഫാ. വടക്കനോടൊത്ത് കേളകത്ത് സത്യാഗ്രഹപന്തലിൽ നിരാഹാരസത്യാഗ്രഹം നടത്തി.

1964-ൽ ചുരുളികീരിത്തോട്ടിൽ നിന്നും കുടിയിറക്കിയപ്പോൾ ആ കർഷകരെ അവിടെത്തന്നെ കുടിയിരുത്തുമെന്ന് പ്രഖ്യാപിച്ച ഫാ.വടക്കന് ചുരുളികീരിത്തോട്ടിൽ തന്നെ കുടിയിരുത്തുവാൻ സാധിച്ചെങ്കിൽ - കശുവണ്ടി കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഫാ.വടക്കനെക്കൊണ്ട് സാധിക്കുമെന്ന് ജോൺ കച്ചിറമററം സത്യാഗ്രഹപന്തലിൽ നടത്തിയ പ്രസംഗത്തിൽ പ്രസ്താവിച്ചു. ഫാ.തോമസ് തൈത്തോട്ടം നൽകിയ നാരങ്ങാ നീര് കുടിച്ച് കച്ചിറമററം സത്യാഗ്രഹം അവസാനിപ്പിച്ചു.

05-04-1989

133

# ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്

ക്നാനായ കത്തോലിക്കരുടെ പൊതു സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിന്റെ സുവർണ്ണജൂബിലി സമാപനവും സിറിയൻ കുടിയേറ്റത്തിന്റെ 1644-ാം വാർഷികവും മെയ് 26, 27, 28 തീയതികളിൽ കോട്ടയം തിരുഹൃദയക്കുന്നിൽ നടത്തപ്പെടുകയാണ്. സുവർണ്ണജൂബിലി ആഘോഷിക്കുന്ന എ.കെ.സി.സി.യുടെ അംഗസംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന് ആശംസകൾ നേരുന്നു.

ക്നായിതോമ്മായുടെ നേതൃതത്തിൽ ഉറഹായിലെ മാർ യൗസേപ്പു മെത്രാനും നാലു വൈദികരും ഏതാനും ശെമ്മാശ്ശന്മാരും ഏഴു ഗോത്രങ്ങളിൽപ്പെട്ട എഴുപത്തിരണ്ടു കുടുംബങ്ങളിൽനിന്നും നാനൂറോളംപേരും കേരളത്തിൽ കൊടുങ്ങല്ലൂർ- എ.ഡി. 345-ൽ കുടിയേറിപ്പാർത്തു. ഇതരസമുദായങ്ങളുമായി ഇടപഴകി ജീവിച്ചിരുന്ന ക്നാനായക്കാരുടെ സന്തതിപരമ്പരകൾ ആര്യദ്രാവിഡസംസ്കാരങ്ങളിൽനിന്ന് പലതും തങ്ങളുടെ സാമൂഹ്യജീവിതത്തിൽ സ്വീകരിച്ചുവെങ്കിലും വംശശുദ്ധിക്ക് ഭംഗം വരാതെ തങ്ങളുടെ തനിമ സൂക്ഷിക്കുകയും തങ്ങളുടെ സ്വന്തമായ ദേവാലയങ്ങൾ പണിതു വരികയും ചെയ്തിരുന്നു. ധാരാളം ദേവാലയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു ക്നാനായ സമുദായത്തിന്റെ അത്ഭുതകരമായ വളർച്ചയിൽ സന്തുഷ്ടനായ

www.malankaralibrary.com

പത്താം പീയൂസ് മാർപ്പാപ്പാ 1911 ആഗസ്റ്റ് 29-ാം തീയതി In Universi Christiani എന്നാരംഭിക്കുന്ന തിരുവെഴുത്തുവഴി ചങ്ങനാശ്ശേരി, എറണാകുളം എന്നീ രണ്ടു മിസങ്ങളിലും ഉൾപ്പെട്ടിരുന്ന തെക്കുംഭാഗ സുറിയാനി ജനത്തിനുവേണ്ടി കോട്ടയം വികാരിയാത്ത് പുനഃസ്ഥാപിച്ചു. 1923-ൽ കോട്ടയം രൂപതയാക്കി ഉയർത്തി.

കോട്ടയം രൂപതയിലെ കത്തോലിക്കരുടെ സാമുദായിക സംഘടനയാണ് ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്. കഴിഞ്ഞ 50 വർഷക്കാലമായി ഈ സംഘടന മഹത്തായ സേവനങ്ങളാണ് അനുഷ്ഠിച്ചിട്ടുള്ളത്. യുവജനങ്ങൾക്കായുള്ള ക്നാനായ കത്തോലിക്കാ യൂത്ത് ലീഗ്, വനിതകൾക്കായുള്ള ക്നാനായ കാത്തലിക് വിമൻ അസോസിയേഷൻ, കലാസാംസ്കാരിക പ്രസ്ഥാനമായ ക്നാനായ കൾച്ചറൽ സൊസൈറ്റി എന്നിവ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ പോഷകസംഘടനകളാണ്.

ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് ഇന്ന് സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണ്. ജൂബിലി വർഷത്തിൽ സംഘടന രൂപംകൊടുത്ത 14 ഇന പരിപാടികൾ പ്രത്യേകം ശ്രദ്ധേയമാണ്. ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡണ്ട് ശ്രീ. എം.സി. എബ്രഹാം എക്സ്.എം.എൽ.എ യുടെയും ജനറൽ സെക്രട്ടറി അഡ്വ. ജോസ് ഫിലിപ്പിന്റെയും നേതൃത്വത്തിൽ സംഘടന ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കട്ടെയെന്നാശംസിക്കുന്നു. ജൂബിലി മംഗളങ്ങൾ നേരുന്നു. ജൂബിലിയാഘോഷാവസരത്തിൽ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരോടൊപ്പം ഞങ്ങളും ആഘോഷങ്ങളിൽ പങ്കു ചേരുന്നു.

05-05-1989

## 134

# ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് സുവർണ്ണജൂബിലി

കോട്ടയം രൂപതയിലെ കത്തോലിക്കരുടെ ഏക പൊതുസമുദായസംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ സുവർണ്ണജൂബിലിയാഘോഷങ്ങൾ വിപുലമായ പരിപാടികളോടെ ആഘോഷിക്കപ്പെട്ടു. കഴിഞ്ഞ 50 വർഷക്കാലം സംഘടന നടത്തിയ നിസ്തുല സേവനങ്ങളെ വിലയിരുത്തുവാനും അതിന്റെ പശ്ചാത്തലത്തിൽ ഭാവിപരിപാടികൾക്ക് രൂപം കൊടുക്കുവാനും സംഘടനയ്ക്ക് ജൂബിലിയാഘോഷം സഹായകരമായിത്തീർന്നു.

ക്നാനായ കുടിയേറ്റത്തിന്റെ 1644-ാം വാർഷികത്തിലാണ് സംഘടന സുവർണ്ണജൂബിലിയാഘോഷിച്ചത്. ആ കുടിയേറ്റത്തിന്റെ പ്രഗത്ഭസാരഥിയായിരുന്ന ക്നായിത്തോമ്മായുടെ ഒരു പ്രതിമ തിരുഹൃദയക്കുന്നിൽ സ്ഥാപിക്കുവാൻ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന് സാധിച്ചുവെന്നത് വളരെ അഭി

www.malankaralibrary.com

മാനകരമായ ഒരു സംഗതിയാണ്. ഇക്കാര്യത്തിൽ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ സാരഥികൾക്ക് അഭിമാനിക്കാവുന്നതാണ്.

ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന് രൂപം കൊടുക്കുവാൻ മുൻനിന്ന് പ്രവർത്തിച്ച മഹാരഥന്മാരുടെ സ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഷെവ. വി.ജെ. ജോസഫ്, അഡ്വ. തോമസ് മാക്കീൽ, ജോസഫ് ചാഴികാടൻ തുടങ്ങിയവരുടെ നേതൃത്വം സംഘടനയെ സജീവമാക്കുകയുണ്ടായി. സംഘടന ആരംഭിച്ചപ്പോൾതന്നെ സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേക്ക് കടന്നുവെന്നതിന്റെ മുഖ്യതെളിവാണ് മലബാർ കുടിയേറ്റ പദ്ധതി.

കത്തോലിക്കാ കോൺഗ്രസ്സിന്റെ അംഗസംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ സംഘടനയെ ഉത്തരോത്തരം മുന്നോട്ടു നയിക്കുവാൻ അഡ്വ. എം.സി. അബ്രാഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിക്ക് സാധിക്കട്ടെയെന്നു ഞങ്ങൾ ആശംസിക്കുന്നു.

05-07-1989

## 135

# രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും എ.കെ.സി.സി. നിവേദനം നൽകും

കോട്ടയം 7

കേരളത്തിലെ മതന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപ്രകാരം ലഭിച്ചുകൊണ്ടിരുന്ന അവകാശങ്ങൾ നിഷേധിക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനും കേരളാഗവൺമെന്റ് കഴിഞ്ഞ രണ്ടുവർഷമായി നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങൾ പ്രതിഷേധാർഹമാണെന്നും ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കുന്നതിൽനിന്നും സംസ്ഥാനഗവൺമെന്റിനെ നിയമപരമായി തടയുവാൻ കേന്ദ്രഗവൺമെന്റ് സത്വരമായ നടപടികൾ സ്വീകരിക്കണമെന്നും ഇന്നിവിടെ കോട്ടയത്ത് എ.കെ.സി.സി. രജിസ്റ്റേർഡ് ഓഫീസിൽ ചേർന്ന കത്തോലിക്കരായ വിദ്യാഭ്യാസ പ്രവർത്തകരുടെയും സാമൂഹ്യപ്രവർത്തകരുടെയും സമ്മേളനം അംഗീകരിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. ഈ പ്രശ്നം സംബന്ധിച്ച് രാഷ്ട്രപതി ആർ.വെങ്കിട്ടരാമനും, പ്രധാനമന്ത്രി രാജീവ്ഗാന്ധിക്കും ന്യൂനപക്ഷകമ്മീഷനും നിവേദനം സമർപ്പിക്കുന്നതിനും യോഗം തീരുമാനിച്ചു.

കേരളത്തിലെ മതന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിലും അഫിലിയേഷൻ നൽകുന്നതിലും കേരളാഗവൺമെന്റ് നിയമവിരുദ്ധമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനെ യോഗം ശക്തിയായി അപലപിച്ചു.

1987 ഫെബ്രുവരി 4-നാണ് 91 അൺഎയിഡഡ് അംഗീകൃത സ്കൂളു

www.malankaralibrary.com

കൾ തുറക്കാനും അപ്ഗ്രേഡ് ചെയ്യാനും അനുമതി നൽകിക്കൊണ്ട് മുൻഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ മെയ് 19ന് പിന്നീട് അധികാരത്തിൽവന്ന നായനാർ സർക്കാർ മുൻഗവൺമെന്റിന്റെ ഉത്തരവ് ക്യാൻസൽ ചെയ്തു. ഇതിനെതിരെ സ്കൂൾ അനുവദിച്ചുകിട്ടിയ മാനേജ്മെന്റു കൾ ഹൈക്കോടതിയിൽ പരാതി നൽകി. കെ.ഇ.ആർ-ലെ അഞ്ചാം ചാപ്റ്ററിലെ റൂൾ 2-എ പ്രകാരം സ്കൂളുകൾ അനുവദിക്കാൻ എടുത്ത തീരുമാനം പുനഃപരിശോധിക്കാൻ ഗവൺമെന്റിന് അവകാശമില്ലെന്നായിരുന്നു ഹൈക്കോടതി വിധി. ഇതിനെതിരെ സുപ്രീംകോടതിയിൽ ഗവൺമെന്റ് അപ്പീൽ നൽകിയെങ്കിലും ഗവൺമെന്റ് നിലപാടിനെ സുപ്രീംകോടതിയും ശരിവച്ചില്ല. ഈ സാഹചര്യത്തിൽ വൈര്യനിര്യാതന ബുദ്ധിയോടെ സർക്കാർ കെ.ഇ.ആർ. 5-ാം ചാപ്റ്ററിലെ റൂൾ 2-എ പ്രകാരം എടുത്ത തീരുമാനങ്ങൾ ഗവൺമെന്റിന് പുനഃ പരിശോധിക്കാൻ അധികാരം നൽകുന്ന നിയമഭേദഗതി ഗവൺമെന്റു പാസ്സാക്കി. അതിന് ഗവൺമെന്റ് 1987 മാർച്ച് 1 മുതലുള്ള മുൻകാല പ്രാബല്യം നൽകുകയും ചെയ്തു. യഥാർത്ഥത്തിൽ കോടതിവിധിയെ മറികടക്കുവാനാണ് വിദ്യാഭ്യാസചട്ടങ്ങളിൽ ഈ ഭേദഗതി വരുത്തിയത്. ആ ഭേദഗതിയുടെ മറവിൽ നിന്നുകൊണ്ടാണ് സംസ്ഥാനത്ത് ആവശ്യത്തിലധികം സ്കൂളുകൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ സ്കൂളുകൾ അനുവദിച്ചിരുന്നതെന്നും പറഞ്ഞ് സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയത്. ഈ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

കോട്ടയം
5-7-89

## 136

# കത്തോലിക്കാ ദേശീയസമ്മേളനം

ഭാരതസഭയുടെ ചരിത്രത്തിൽ മാറ്റത്തിന്റേതായ ഒരു നവീനാദ്ധ്യായം രചിച്ചുകൊണ്ട് ചതുർദ്ദിന കത്തോലിക്കാ ദേശീയസമ്മേളനം ജൂൺ 2ന് ആരംഭിച്ചു. അഞ്ചിന് സമാപിച്ചു. ഭാരതത്തിന്റെ പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് സാർവ്വത്രികസഭയ്ക്ക് വരുംനൂറ്റാണ്ടിൽ പാതയൊരുക്കുവാൻ ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റേയും സി.ബി.സി.ഐയുടെ അൽമേയാ കമ്മീഷന്റെയും സംയുക്താഭിമുഖ്യത്തിൽ ബോംബെയിൽ ചേർന്ന സമ്മേളനം എടുത്ത തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ സഭ കൂട്ടായി യത്നിക്കേണ്ടിയിരിക്കുന്നു. ദേശീയസമ്മേളനത്തിൽ ആദ്യന്തം പങ്കെടുത്ത സി.ബി.സി.ഐ. പ്രസിഡണ്ട് ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി സമാപനസമ്മേളനവേദിയായ ബാന്ദ്രയിലെ സെന്റ് ആൻഡ്രൂസ് മൈതാനിയിൽ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ സഭയുടെ ദൈനംദിനപ്രവർത്തനത്തിൽ അൽമായർക്ക് അർഹമായ പങ്കാളിത്തം നൽകുമെന്നും ദേശീയ കത്തോലിക്കാ സമ്മേളനത്തിൽ അൽമായർ പാസ്സാക്കിയ പ്രമേയങ്ങൾ ഗൗരവപൂർവ്വം പരിഗണിച്ച് വേണ്ട സഹായവും പ്രോത്സാഹനവും നൽകുമെന്നും പ്രസ്താവിച്ചത് വളരെയധികം പ്രതീ

www.malankaralibrary.com

ക്ഷകളോടെയാണ് ഭാരതത്തിലെ കത്തോലിക്കർ ശ്രവിച്ചത്. ദേശീയ സമ്മേളന തീരുമാനങ്ങൾ നടപ്പാക്കാൻ സംസ്ഥാനതലങ്ങളിൽ സെമിനാറുകൾ നടത്താൻ എടുത്ത തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ സംസ്ഥാനതല പ്രവർത്തകർ മുൻകൈ എടുക്കണം. ഭാരതസഭയെ 21-ാം നൂറ്റാണ്ടിലേക്ക് ആനയിക്കുവാനുള്ള ഈ യത്നത്തിൽ സർവ്വ ദൈവജനവും ആത്മാർത്ഥമായി പരിശ്രമിക്കുകയും സഹകരിക്കുകയും വേണം.

1969-ൽ ബാംഗ്ലൂർ നടന്ന "ഇന്നത്തെ ഇന്ത്യയിലെ സഭ" എന്ന സെമിനാറിന്റെ തീരുമാനങ്ങൾ രണ്ടു ദശകങ്ങൾ പൂർത്തിയാക്കിയിട്ടും പ്രാവർത്തികമാക്കിയിട്ടില്ലെന്ന വസ്തുത അവശേഷിക്കുകയാണ്. ബോംബെ സമ്മേളനത്തിന് ഈ ഗതികേട് വരാതിരിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കാം. ബോംബെ സമ്മേളനത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും കൃതജ്ഞത. സമ്മേളനതീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമത്തിൽ നമുക്ക് പങ്കുചേർന്ന് സഹകരിക്കാം.

05-08-89

## 137

# സത്യദീപത്തിന്റെ വിമർശനം - ബോംബെ കൺവെൻഷൻ ഒരു തിരിഞ്ഞു നോട്ടം

ജൂൺ 2 മുതൽ 5 വരെ ബോംബെയിൽ "കത്തോലിക്കരുടെ നാഷണൽ കൺവെൻഷൻ" എന്ന പേരിൽ ഒരു സമ്മേളനം നടന്നു.

ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്ന അല്മായസംഘടനയുടെ സ്വകാര്യസമ്മേളനമായിരുന്നു ഇതെന്നു കരുതുവാൻ കഴിയില്ല. അല്മായർക്കും കുടുംബത്തിനും വേണ്ടിയുള്ള സി.ബി.സി.ഐ.കമ്മീഷന്റെയും ആഭിമുഖ്യത്തിലാണ് സമ്മേളനം നടന്നത്. അപ്പോൾ അതിന് ഇന്ത്യയിലെ എല്ലാ അല്മായരുടേയും പ്രാതിനിധ്യസ്വഭാവമുണ്ട്. സഭ മുഴുവന്റേയും പ്രതിനിധികൾ പങ്കെടുക്കുന്ന ഒരു സമ്മേളനത്തിന്റെ ആരവം അതിനുണ്ടായി. ഈ വിധത്തിലാണു സമ്മേളനത്തിൽ ചർച്ചകളും തീരുമാനങ്ങളും നടന്നത്.

കൺവെൻഷൻ പുറപ്പെടുവിച്ച പ്രഖ്യാപനത്തിനു സി.ബി.സി.ഐ. പ്രസിഡണ്ടിന്റെ ആശീർവാദമുള്ളതായി മനസ്സിലാക്കുന്നു. സഭയുടെ ഏതാണ്ട് എല്ലാ മണ്ഡലങ്ങളേയും സ്പർശിക്കുന്ന തീരുമാനങ്ങളും ശപഥങ്ങളും പ്രഖ്യാപനങ്ങളുമാണു ബോംബെയിൽ നിന്നു കേട്ടത്. അടുത്ത ചില്ലറ വർഷങ്ങൾക്കുള്ളിൽ സഭയിലുടനീളം കാര്യമായ മാററങ്ങളുണ്ടാകും എന്നു പ്രതീക്ഷിക്കാം. കോൺഫ്രൻസിൽനിന്നു സെമിനാറിലേക്കു തീർത്ഥാടനം നടത്തുന്ന കുറേ പേരുടെ മേളയായി ഇതിനെ മററുള്ളവർ കാണുകയോ ഇതിന്റെ പ്രഖ്യാപനം ചരിത്രത്തിന്റെ ചവററുകൊട്ടക്കു ഭാരം മാത്രമായി പരിണമിക്കുകയോ ചെയ്യാതിരിക്കട്ടെ.

www.malankaralibrary.com

അൽമായരുടെ അവകാശങ്ങൾ പിടിച്ച് ആണയിടുന്നവർ നടത്തിയ കൺവെൻഷന്റെ പിന്നിലെ പ്രാതിനിധ്യസ്വഭാവം വിമർശനാതീതമാക്കാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. 1.5 കോടി വരുന്ന ഇന്ത്യൻ കത്തോലിക്കരിൽ നാലിലൊരു വിഭാഗം കേരളത്തിലാണല്ലോ. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ രണ്ട് അൽമായ കമ്മീഷനുകളെങ്കിലുമുണ്ട് - കുടുംബത്തിനു വേണ്ടിയുള്ള കമ്മീഷനും, യൂത്ത് കമ്മീഷനും. ഇതിൽ കുംടുംബത്തിനുവേണ്ടിയുള്ള കമ്മീഷനെ ഇങ്ങനെയൊരു കൺവെൻഷൻ നടക്കുന്നതിനെക്കുറിച്ചു യാതൊരു വിവരവും അറിയച്ചിട്ടില്ലെന്ന് അതിന്റെ ഭാരവാഹികൾ പറയുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും ശക്തമായി പ്രവർത്തിക്കുന്ന യുവജന സംഘടനയാണു കെ.സി.വൈ.എം. കേരള കത്തോലിക്കാ മെത്രാന്മാരുടെ കമ്മീഷന്റെ മേൽനോട്ടത്തിൽ നടക്കുന്ന ഈ സംഘടനയ്ക്കു ദേശീയ തലത്തിലും അംഗീകാരമുള്ളതാണ്. ഈ സംഘടനയുടെ സംസ്ഥാന പ്രസിഡണ്ടോ മറ്റേതെങ്കിലും ഭാരവാഹിയോ ബോംബെ കൺവെൻഷനിലേക്കു ക്ഷണിക്കപ്പെടുകയോ അവരാരെങ്കിലും അതിൽ പങ്കെടുക്കുയോ ചെയ്തില്ല. ഈ കൺവെൻഷൻ തന്നെ "യുവാക്കളുടെ രൂപീകരണത്തിലും, സഭാകാര്യങ്ങളിലും ദേശീയ പ്രശ്നങ്ങളിലുള്ള അവരുടെ ഭാഗഭാഗിത്വത്തിലും ഞങ്ങൾ പ്രത്യേക ശ്രദ്ധ പതിക്കും." എന്നു പ്രഖ്യാപിക്കുമ്പോൾ കുറേ അൽമായരായ മൂപ്പന്മാരുടെ കാര്യ ഗൗരവമില്ലാത്ത ജല്പനമായി യുവാക്കൾ തള്ളിയാൽ ആരാണ് അതിന് ഉത്തരവാദികൾ? സി.എൽ.സി.യുടെ സംസ്ഥാന ഭാരവാഹികളും മുകളിൽ പറഞ്ഞ പരാതിക്കാരാണ്.

അടുത്ത അഞ്ചു കൊല്ലത്തിനുള്ളിൽ അൽമായർക്കു നേതൃത്വപരിശീലനം നൽകണമെന്നും സഭയുടെ സ്ഥാപനങ്ങളിലും മററും അൽമായരെ നിയമിക്കണമെന്നുമൊക്കെ കൺവെൻഷൻ രൂപതകളോട് ആവശ്യപ്പെടുന്നു. ഒരു രൂപതയിൽ നിന്നു കേട്ടതുകൂടി ഇവിടെ പറഞ്ഞോട്ടെ. ബോംബെയിലെ കൺവെൻഷനിലേയ്ക്ക് അയയ്ക്കുന്നതിനു രണ്ടു അൽമായ പ്രതിനിധികളുടെ പേരുകൾ നൽകാൻ രൂപതാധികാരികളോട് സംഘാടകർ ആവശ്യപ്പെട്ടു. പേരുകൾ അയച്ചു. പിന്നെ പ്രതികരണമില്ല. ആരും പോയില്ല. എന്നാൽ, ചില പ്രത്യേക വ്യക്തികളെ രൂപതയുടെ ഔദ്യോഗിക പ്രതിനിധികളാക്കണമെന്നു ചിലർ രൂപതാധികാരികളുടെ പക്കൽ സമ്മർദ്ദം നടത്തിയതായും കേൾക്കുന്നു.

ബോംബെ കൺവെൻഷന്റെ പ്രഖ്യാപനത്തിന്റെ മൂന്നാം ഭാഗത്തുതന്നെ രണ്ടു തവണയെങ്കിലും സമ്പർക്ക മാധ്യമങ്ങളെക്കുറിച്ചു പരാമർശമുണ്ട്. ജനങ്ങളുടെ ബോധവൽക്കരണത്തിന് "നമ്മുടെ മാധ്യമങ്ങൾ " ഉപയോഗിക്കും എന്നു പറയുമ്പോൾ "നമ്മുടെ" എന്നതുകൊണ്ടു കത്തോലിക്കാ പത്രങ്ങളേയും അർത്ഥമാക്കുന്നുണ്ട് എന്നു കരുതട്ടെ. എന്നാൽ ഈ പത്രങ്ങളെ ഉപയോഗിക്കുന്ന വിധംകൂടി അറിയേണ്ടേ. ഇത്രയും വലിയ കൺവെൻഷൻ ബോംബെയിൽ നടന്നിട്ടും സത്യദീപത്തിന്റെ ഓഫീസിൽ ഇതുസംബന്ധമായ ഒരു കഷ്ണം കടലാസുപോലും ഇതുവരെ കിട്ടിയിട്ടില്ല. സത്യദീപത്തിനു കേരള കത്തോലിക്കാ സഭയിൽ എന്തു പ്രസക്തി എന്നു ഞങ്ങൾ പറയേണ്ടിതില്ലല്ലോ. കൺവെൻഷനിൽ പങ്കെടുത്ത ഒരു വ്യക്തിയുടെ ഔദാര്യത്തിന്റെ ഫല

www.malankaralibrary.com

മായിട്ടാണ് ഈ ലക്കം സത്യദീപത്തിൽ വായനക്കാർക്കുവേണ്ടി കൺവെൻഷൻ വിവരങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത്. ഈ കഥ നീട്ടുന്നില്ല.

കൺവെൻഷനെക്കുറിച്ച് ഇത്രയും പറഞ്ഞത് അതിന്റെ നല്ല ലക്ഷ്യങ്ങളേയോ നേട്ടങ്ങളേയോ ചോദ്യം ചെയ്യാനോ താഴ്ത്തികെട്ടാനോ അല്ല. "ആകാശത്തെവിടെയോ ഒരു കത്തോലിക്കാ കൺവെൻഷൻ നടന്നു. ആർക്കുവേണ്ടി? നടത്തിയവർക്കുവേണ്ടി." എന്ന വിധത്തിൽ പ്രതികരണങ്ങൾ ഉണ്ടാകാൻ ഇട നൽകുന്നത് ഇതുപോലുള്ള സമ്മേളനങ്ങളുടെ വിശ്വാസ്യതയേയും അവയുടെ ഫല പ്രാപ്തിയേയും കാര്യമായി ബാധിക്കും. (ഇപ്പോൾ സീറോ - മലബാർ സഭയുടെ ഔദ്യോഗിക വക്താവായ ഫാ.പോൾ തേലക്കാട്ടാണ് 1989-ൽ സത്യദീപം ചീഫ് എഡിററർ. ഫാ. തേലക്കാട്ടിനെ ദേശീയ കൺവെൻഷനിലേക്ക് ക്ഷണിക്കാതിരുന്നതുകൊണ്ടാണോ ഇപ്രകാരം ഒരു എഡിറേറാറിയൽ എഴുതിയത്?)

21-06-89ൽ സത്യദീപം എഴുതിയ മുഖപ്രസംഗം

## 138

# സത്യദീപത്തിന് ഒരു വിശദീകരണം ബോംബെ കൺവെൻഷൻ

ജൂൺ 21-ാം തീയതിയിലെ സത്യദീപത്തിലെ മുഖപ്രസംഗം വായിച്ചു. "ജൂൺ 2 മുതൽ 5വരെ ബോംബെയിൽ കത്തോലിക്കരുടെ നാഷണൽ കൺവെൻഷൻ എന്ന പേരിൽ ഒരു സമ്മേളനം നടന്നു". എന്നാണല്ലോ ആ മുഖപ്രസംഗത്തിന്റെ തുടക്കം. ഈ പ്രയോഗത്തിൽ നിന്നും നാഷണൽ കൺവെൻഷനെ എത്ര പുഛമായിട്ടാണ് സത്യദീപം വീക്ഷിക്കുന്നതെന്ന് ആർക്കും മനസ്സിലാക്കാൻ സാധിക്കും.

ബോംബെ സമ്മേളനത്തിന്റെ പ്രാതിനിദ്ധ്യസ്വഭാവത്തെയാണ് സത്യദീപം ചോദ്യം ചെയ്തിരിക്കുന്നത്. "അൽമായരുടെ അവകാശങ്ങൾ പിടിച്ച് ആണയിടുന്നവർ നടത്തിയ കൺവെൻഷന്റെ പിന്നിലെ പ്രാതിനിദ്ധ്യ സ്വഭാവം വിമർശനാതീതമാക്കാൻ ശ്രമിക്കേണ്ടതായിരുന്നുവെന്നാണ്" മുഖപ്രസംഗം പറയുന്നത്. അൽമായരുടെ അവകാശങ്ങൾ പിടിച്ച് ആണയിടുന്നതിൽ സത്യദീപത്തിന് പ്രയാസമുണ്ടെന്നും അൽമായരെക്കൊണ്ട് ഒന്നും ശരിയായി നടത്താൻ കൊള്ളുകയില്ലെന്ന ധാരണയാണ് സത്യദീപത്തിന് ഉള്ളതെന്നും ഈ മുഖപ്രസംഗം വായിച്ചപ്പോൾ മനസ്സിലായി. അൽമായർ നേതൃത്വം നൽകി ഒരു സമ്മേളനം നടത്തിയതിൽ സത്യദീപത്തിന് എന്താണിത്ര വെപ്രാളം?

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒട്ടും അൽമായർ തങ്ങളുടെ അവകാശങ്ങളെപ്പററി പറഞ്ഞിട്ടില്ല. അത് പറഞ്ഞതിൽ സത്യദീപത്തിന് ഇഷ്ടപ്പെട്ടില്ലെങ്കിൽ സഹതപിക്കുന്നു. അൽമായർ അവകാശങ്ങളെപ്പററി ഒന്നും പറയണ്ട. മിണ്ടാതിരുന്നുകൊള്ളണം എന്നാണ് സത്യദീപത്തിന്റെ താക്കീത്.

www.malankaralibrary.com

നാഷണൽ കൺവെൻഷനിലേക്ക് ക്ഷണിച്ചത് അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികളെയാണ്. കത്തോലിക്കാ പത്രങ്ങളുടെ പ്രതിനിധികളെയും ഓരോരോ മണ്ഡലങ്ങളിൽ പ്രത്യേകം വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ളവരെയും കത്തോലിക്കാ എം.എൽ.എ.മാരെയും എം.പി. മാരെയും രൂപതകളുടെ പ്രതിനിധികളെയും ക്ഷണിച്ചിട്ടുണ്ട്. എന്നിട്ടു തന്നെ ക്ഷണിതാക്കളുടെ എണ്ണം 600 ആയി ഓരോ സംസ്ഥാനത്തും രൂപതകളിലും പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികളെ വിളിക്കുകയെന്നുവച്ചാൽ മൊത്തം ക്ഷണിതാക്കളുടെ നമ്പർ എവിടെവരെയാകും എന്ന് ഊഹിക്കാമല്ലോ. അതുകൊണ്ട് സത്യദീപത്തിന്റെ പ്രതിനിധിയേയോ കെ.സി.വൈ.എമ്മിന്റെ പ്രതിനിധിയേയോ ക്ഷണിക്കണ്ടെന്ന് ഞാൻ പറയുന്നില്ല. പ്രായോഗികപ്രശ്നങ്ങൾ സൂചിപ്പിച്ചുവെന്നു മാത്രം.

സത്യദീപത്തിന് ഇപ്പോഴെങ്കിലും കെ.സി.വൈ.എം.നോട് താല്പര്യമുണ്ടായതിൽ സന്തോഷം. ബോംബെ കൺവെൻഷൻ അൽമേനി വിളിച്ചുകൂട്ടി - പിശകായി-എന്നുതന്നെയിരിക്കട്ടെ. ഇന്ന് കെ.സി.വൈ.എം.ന്റെ പേരിൽ മുറവിളികൂട്ടുന്ന സത്യദീപത്തിന്റെ മുമ്പിൽ ഒരു കാര്യം സൂചിപ്പിക്കട്ടെ.

മാർപാപ്പായുടെ കേരളസന്ദർശനത്തെപ്പററി ചർച്ച ചെയ്യാൻ മെത്രാന്മാർ (അൽമായരല്ല) ഒരു സമ്മേളനം എറണാകുളത്തു വിളിച്ചുകൂട്ടി. അവിടെ കെ.സി.വൈ.എം.ന്റെ പ്രതിനിധിയെ ക്ഷണിച്ചില്ല. മാർപാപ്പായുടെ വരവേൽപ്പിന് നേതൃത്വം നൽകാൻ ഒരു കേന്ദ്രകമ്മററിയെ തെരഞ്ഞെടുത്തു. അവിടെയും കെ.സി. വൈ.എമ്മിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തിയില്ല. മാർപാപ്പാസന്ദർശനം നടത്തുന്ന 4 സ്ഥലങ്ങളിലും സ്വീകരണകമ്മററികൾ രൂപീകരിച്ചു. ഒരിടത്തും കെ.സി.വൈ.എം.ന്റെ പ്രതിനിധിയെ ഉൾപ്പെടുത്തിയില്ല. ബോംബെ സമ്മേളനത്തിന്റെ അപാകത വിളിച്ചുപറഞ്ഞ സത്യദീപം എന്തുകൊണ്ട് അന്ന് മൗനം ഭജിച്ചു. അത് അൽമായർ ചെയ്തതല്ലല്ലോ. അതുകൊണ്ടായിരിക്കാം.

മാർപാപ്പാ കേരളത്തിൽ എത്തി. കേരളത്തിലെ ഏതെങ്കിലും ഒരു അൽമായസംഘടനയുടെ പ്രതിനിധിക്ക് മാർപാപ്പായുമായി ഒരു കൂടിക്കാഴ്ചക്ക് അവസരം കൊടുത്തോ. കേരളത്തിലെ എല്ലാ രൂപതകളിലും ശക്തമായി പ്രവർത്തിക്കുന്നുവെന്ന് സത്യദീപം എഴുതിയ കെ.സി.വൈ.എം. - ന്റെ പ്രസിഡണ്ടിന് എങ്കിലും ഒരു കൂടിക്കാഴ്ചയ്ക്ക് അവസരം നൽകിയോ? ഈ കൊച്ചുകേരളത്തിന്റെ മണ്ണിൽ നടന്ന അതിഭയങ്കരമായ അനീതിയെപ്പററി ഒരക്ഷരം ഉരിയാടാതിരുന്ന സത്യദീപത്തിന് ഇപ്പോഴെങ്കിലും കെ.സി.വൈ.എം. - ന്റെ കാര്യത്തിൽ താല്പര്യം ഉണ്ടായതിൽ സന്തോഷമുണ്ട്.

മാർപാപ്പാ സന്ദർശനം പ്രമാണിച്ച് നാലുസ്ഥലങ്ങളിലും രൂപീകരിച്ച കമ്മററികളിൽ ഓരോ രൂപതയിലും പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികൾക്കുകൂടി പ്രാതിനിദ്ധ്യം കൊടുക്കണമെന്ന് കാണിച്ച് ഞാൻ എല്ലാ വൈദികമേലദ്ധ്യക്ഷന്മാർക്കും അന്ന് കത്തയച്ചിരുന്നു. കെ.സി.വൈ.എം. - ന്റെ കാര്യം പ്രത്യേകം എടുത്തുപറയുകയും ചെയ്തിരുന്നു. ആരും ഒരു മറുപടി പോലും തന്നില്ല. സംഘാടകസമിതിയിലെ ഒരു വൈദികൻ എനിക്കെഴുതി."സംഘടനകൾക്കല്ല രൂപതകൾക്കാണ് ഞങ്ങൾ പ്രാതിനിധ്യം കൊടുത്തി

www.malankaralibrary.com

രിക്കുന്നത്." ഇവയെപ്പററിയൊക്കെ ഞങ്ങൾ പറഞ്ഞാൽ അൽമായരുടെ അവകാശങ്ങൾ പിടിച്ച് ആണയിടുന്നവരാണ് ഞങ്ങളെന്ന് പറഞ്ഞ് സത്യദീപം ആക്ഷേപിക്കുമല്ലോ.

മാർപാപ്പാ ഭാരതത്തിൽ വന്നപ്പോൾ അക്രൈസ്തവരായ പല നേതാക്കന്മാരെയും സഭയുടെ ചിലവിൽ മദ്രാസിൽകൊണ്ടു പോയി മാർപാപ്പായെ കാണിച്ചു. ആ നേതാക്കന്മാരെല്ലാം ആറാംതിരുമുറിവ് നാടകത്തിന്റെ പ്രശ്നം വന്നപ്പോൾ നമുക്കെതിരായിരുന്നുവെന്ന് സത്യദീപവും അൽമായരല്ലാത്തവരും മനസ്സിലാക്കിയാൽകൊള്ളാം എന്നാലും കത്തോലിക്കാനേതാക്കന്മാരെ ഒന്നു കാണിക്കാത്തതിൽ ആർക്കും പരാതിയില്ല.

ബോംബെ കൺവെൻഷനിലേക്ക് പ്രതിനിധികളെ അയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.സി.ബി.സി. പ്രസിഡണ്ടിനാണ് കത്തയച്ചത്. എത്ര രൂപതയിൽ നിന്നും പ്രതിനിധികളെ അയച്ചില്ലായെന്നുകൂടി മനസ്സിലാക്കണം. സീറോ-മലബാർ രൂപതകളിൽ നിന്നുമായിരുന്നു പ്രതിനിധികൾ കൂടുതലും പങ്കെടുക്കാതിരുന്നത്.

സത്യദീപത്തിലെ മുഖപ്രസംഗത്തിലെ ഒരു ഭാഗം കൂടി ചേർക്കട്ടെ."ഒരു രൂപതയിൽ നിന്നു കേട്ടതു കൂടി ഇവിടെ പറഞ്ഞോട്ടെ. ബോംബെയിലെ കൺവെൻഷനിലേക്ക് അയക്കുന്നതിന് രണ്ട് അൽമേയാപ്രതിനിധികളുടെ പേരുകൾ നൽകാൻ രൂപതാധികാരികളോട് സംഘാടകർ ആവശ്യപ്പെട്ടു. പേരുകൾ അയച്ചു. പിന്നെ പ്രതികരണമില്ല. ആരും പോയുമില്ല. എന്നാൽ ചില പ്രത്യേക വ്യക്തികളെ രൂപതയുടെ പ്രതിനിധികളാക്കണമെന്ന് ചിലർ രൂപതാധികാരികളുടെ പക്കൽ സമ്മർദ്ദം നടത്തിയതായും കേൾക്കുന്നു."

രൂപതയിൽ നിന്നും യഥാവസരം പേരുകൾ അയച്ചുകൊടുത്തിരുന്നുവെങ്കിൽ പ്രതിനിധികൾക്ക് ബന്ധപ്പെട്ട രേഖകൾ നേരത്തെതന്നെ അയച്ചുകൊടുക്കുമായിരുന്നു. പേരുകൾ അയച്ചവർ സമ്മേളനത്തിന് പോകുമോയെന്ന് അന്വേഷിക്കാനും അവർക്കുള്ള യാത്രചിലവ് വഹിക്കാനും രൂപതകൾക്ക് ബാദ്ധ്യതയുണ്ടായിരുന്നു. ആ ബാദ്ധ്യത രൂപതകൾ നിറവേററിയില്ലെങ്കിൽ അതിനും അൽമായരെ കുററപ്പെടുത്തണമോ? ചില പ്രത്യേക വ്യക്തികളെ രൂപതയുടെ ഔദ്യോഗികപ്രതിനിധികളാക്കാൻ ശ്രമിച്ചെങ്കിൽ അത് തെററാണ്. സമ്മതിക്കാതെ തരമില്ല. പക്ഷെ മുൻകാലങ്ങളിൽ രൂപതയുടെ പ്രതിനിധികളായി പിൻവാതിലിലൂടെ കയറി അനുഭവമുള്ളവരായിരിക്കും ഇത്തവണയും അതിന് ശ്രമിച്ചത്. ആ പ്രവണത ഇല്ലാതാക്കാൻ സത്യദീപം മുൻകൈയെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

1969-ൽ ബാംഗ്ളൂർ നടന്ന ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന ദേശീയ സെമിനാറിനുശേഷം നടന്ന ഒരു വലിയ സമ്മേളനമായിരുന്നു അത്. അത് അൽമേയാസംഘടനയുടെ നേതൃത്വത്തിലായതിന്റെ പേരിലാണ് ഈ ബഹളമെല്ലാം ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. 1961ൽ കേരളത്തിലെ മലയോരകർഷകർ സർക്കാരിന്റെ കർഷകദ്രോഹനടപടിക്ക് വിധേയരായപ്പോൾ അഖിലകേരളകത്തോലിക്കാകോൺഗ്രസ്സ് കോട്ടയത്ത് ഒരു നേതൃസമ്മേളനം

www.malankaralibrary.com

വിളിച്ചുകൂട്ടി. ആ നേതൃസമ്മേളനത്തിന്റെ പ്രസക്തിയെ കേരളത്തിലെ എല്ലാ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും സ്വാഗതം ചെയ്തു. എന്നാൽ സത്യദീപത്തിന്റെ സഹോദരസ്ഥാപനമായ മലബാർ മെയിൽ ആ നേതൃസമ്മേളനത്തെ ശക്തമായി വിമർശിക്കുകയാണ് ചെയ്തത്. മലബാർ മെയിലിന്റെ ആ വിമർശനത്തെ നേതൃസമ്മേളനം എങ്ങിനെയാണ് പ്രതികരിച്ചതെന്ന് സത്യദീപം ഒന്നന്വേഷിച്ചറിയുന്നത് കൊള്ളാം.

ജൂൺ 21-ലെ സത്യദീപത്തിന്റെ മുഖപ്രസംഗം എത്രയോ ബാലിശമായിപ്പോയി. സത്യദീപത്തിനുണ്ടായ ചില്ലറ പ്രയാസങ്ങളുടെപേരിൽ ഇത്രയും പക്വതയില്ലാതെ എഴുതിവിടണമായിരുന്നോ? സത്യദീപത്തിന്റെ സാരഥികൾ തന്നെ തീരുമാനിക്കട്ടെ.

05-08-89

## 139

# ഇൻഡ്യൻ കാത്തലിക് സെന്റർ

ഇറ്റലിയിൽ ഭാരതീയരായ നിരവധി കത്തോലിക്കർ അധിവസിക്കുന്നുണ്ട്. അവർ തമ്മിൽ പരസ്പരം ബന്ധപ്പെടുവാനോ അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുവാനോ ഇന്ന് യാതൊരു സംവിധാനവുമില്ല. വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലാണ് അവർ ഇറ്റലിയിൽ ചെന്നെത്തിയത്. പല കാരണങ്ങളാലും അവർ പരസ്പരം ബന്ധപ്പെടുവാൻ താല്പര്യം കാണിക്കുന്നുമില്ല.

ഇറ്റലിയിലെ ഇൻഡ്യൻ കത്തോലിക്കർ എത്ര? അവർ അവിടെ ഏതു സാഹചര്യത്തിൽ, എങ്ങനെ ജീവിക്കുന്നു? അവർ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഇവയെപ്പറ്റിയെല്ലാം ഒരു പഠനം നടത്തേണ്ടിയിരിക്കുന്നു. ഭാരതത്തിലെ കത്തോലിക്കർക്ക് മതപരമായ ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സാദ്ധ്യതകൾ ഇന്നുണ്ടോ. ഇല്ലെങ്കിൽ അവക്ക് ഒരു പരിഹാരം കാണേണ്ടതല്ലേ.

ഈ പ്രശ്നം ഇറ്റലിയിൽ അധിവസിക്കുന്ന ഭാരതനേതാക്കളിൽ ചിലരെങ്കിലും ചർച്ചാവിഷയമാക്കിയിട്ടുണ്ട്. ഒരു ഇന്ത്യൻ കാത്തലിക് സെന്റർ വത്തിക്കാനിൽ രൂപീകരിക്കുന്നത് പലതുകൊണ്ടും പ്രയോജനപ്രദമായിരിക്കുമെന്ന് പല നേതാക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേരളാ കാത്തലിക് ബിഷപ് കോൺഫറൻസും അഖിലേന്ത്യാ ബിഷപ്സ് കോൺഫറൻസും ഈ വിഷയം ചർച്ചാവിഷയമാക്കുകയും ഒരു ഇന്ത്യൻ കാത്തലിക് സെന്ററിന് രൂപം കൊടുക്കുകയും ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇറ്റലിയിൽ അധിവസിക്കുന്ന നൂറുകണക്കിന് ഭാരതീയർക്ക് ഈ സെന്റർ മാർഗ്ഗദർശനം നൽകുന്നതിനിടനൽകണം.

www.malankaralibrary.com

അഖില കേരള കത്തോലിക്കാ കോൺഗ്രസ്, ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നിവ കാത്തലിക് സെന്ററിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ തയ്യാറാകുകയും വേണം.

05-10-89

## 140

# ലോകസഭാ തിരഞ്ഞെടുപ്പ്

ഭാരതം ഒരു പൊതു തിരഞ്ഞെടുപ്പിനെ നേരിടുകയാണ്. ലോകം മുഴുവൻ ഈ തെരഞ്ഞെടുപ്പിനെ ഉറ്റുനോക്കുന്നു. ഇൻഡ്യൻ ജനാധിപത്യത്തിന്റെ മുഖ്യശത്രുക്കളായ വർഗ്ഗീയതയും കമ്മ്യൂണിസ്റ്റ് ഏകാധിപത്യവും മുമ്പെന്നത്തേക്കാളുമേറെ ശക്തിയാർജ്ജിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭാരതത്തിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിന് ലോകം മുഴുവൻ പ്രാധാന്യം നൽകുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. പഞ്ചാബ് പ്രശ്നവും ശ്രീലങ്കൻ പ്രശ്നവും എല്ലാം ഭാരതത്തെ ഒരു വഴിത്തിരിവിൽ എത്തിച്ചിരിക്കുന്നു. പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഈ തെരഞ്ഞെടുപ്പിൽ ജനാധിപത്യകക്ഷികൾ സംഘടിച്ചുനിന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സീറ്റു വിഭജനത്തെ തുടർന്നുണ്ടായ നിസ്സാര അഭിപ്രായവ്യത്യാസങ്ങൾ തള്ളിക്കളഞ്ഞ് ജനാധിപത്യത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാവരും തയ്യാറാകണം.

ജാതി-മത-വർഗ്ഗ-വർണ്ണ പ്രാദേശിക ചിന്തകൾക്കതീതമായിപ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് നമുക്കിന്നാവശ്യം. അതിനുവേണ്ടിയായിരിക്കണം നാം പരിശ്രമിക്കേണ്ടത്.

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 42 വത്സരങ്ങൾ പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. ഭാരതത്തോടൊപ്പവും അതിനുശേഷവും സ്വാതന്ത്ര്യം പ്രാപിച്ച പല രാജ്യങ്ങളിലും ജനാധിപത്യ ഭരണം അവസാനിക്കുകയും സ്വേച്ഛാധിപതികൾ അധികാരത്തിലേറുകയും ചെയ്ത വസ്തുത നമുക്കറിയാവുന്നതാണ്. ഒരു പോറൽ പോലും ഏൽക്കാതെ ഇവിടെ ഇത്രയും നാൾ ജനാധിപത്യം സംരക്ഷിക്കപ്പെട്ടതിൽ നമുക്ക് അഭിമാനിക്കാം.

ഭാരതത്തിന്റെ ശാസ്ത്രസാങ്കേതിക രംഗത്തെ അത്ഭുതാവഹമായ വളർച്ചയിൽ അസൂയാലുക്കളായ പല രാഷ്ട്രങ്ങളും നമുക്കെതിരെ ശക്തമായ പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വസ്തുതകൾ എല്ലാം കണക്കിലെടുത്ത് ജനാധിപത്യത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ നല്ലയാളുകളും തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

05-11-89

## 141

# കേരളസർക്കാരിന്റെ വിദ്യാഭ്യാസനയം

വിദ്യാഭ്യാസരംഗം കൈയ്യടക്കുവാനുള്ള ഹീനശ്രമത്തിലാണ് കേരള സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. കോടതിവിധികളെപ്പോലും മറികടക്കാൻ മുൻകാലപ്രാബല്യത്തോടെ വിദ്യാഭ്യാസചട്ടങ്ങളിൽ ഭേദഗതി വരുത്തിയ സർക്കാർ സ്വകാര്യവിദ്യാലയങ്ങളോട് കടുത്ത ദ്രോഹമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസരംഗം കൂടുതൽ കലുഷിതമായിത്തീരുന്ന ഈ സാഹചര്യത്തിൽ നാം നിതാന്തമായ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. സംസ്ഥാനഗവൺമെന്റ് ഈയടുത്തകാലത്ത് പുറപ്പെടുവിച്ചിട്ടുള്ള ചില ഓർഡറുകൾ നമ്മുടെ സ്ഥാപങ്ങളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുമെന്നതിന് സംശയം വേണ്ട.

ഹോളി എയ്ഞ്ചൽസ് സംഭവങ്ങൾ, 99 സ്കൂളുകളുടെ പ്രവർത്തനാനുമതി നിഷേധിച്ചത്, ന്യൂനപക്ഷസമുദായ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ നിയമിക്കുന്നതിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ, ടി.ടി.സി. സ്കൂളിലെ അഡ്മിഷൻ വ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളോടുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുന്നവയാണ്.

നമ്മുടെ സംസ്ഥാനത്തെ ഇന്ന് വിദ്യാഭ്യാസനിലവാരത്തിൽ ഒന്നാം സ്ഥാനത്തെത്തിച്ചത് ഇവിടുത്തെ ക്രൈസ്തവസമൂഹമാണ്. ആ വസ്തുത നിഷേധിക്കുവാൻ ഇന്ന് ആർക്കും സാദ്ധ്യമല്ല. പക്ഷേ ആ വിദ്യാഭ്യാസ പ്രവർത്തകരെ ഇന്ന് സാമൂഹ്യദ്രോഹികളായി ജനമദ്ധ്യത്തിൽ അവതരിപ്പിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ നടപടിക്കെതിരെ ശക്തമായി നാം പ്രതികരിക്കേണ്ടിയിരിക്കുന്നു. അതിനായി സമുദായസ്നേഹികൾ ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങണം.

05-11-89

## 142

# ഫാ.ഡി.എസ്. അമലോർപവദാസ്

ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുവാൻ മൈസൂറിലെ അഞ്ജലി ആശ്രമത്തിൽനിന്നും ബാംഗ്ലൂർക്ക് വരുംവഴി ഒരു കാറപകടത്തിൽപ്പെട്ട് ഫാ. അമലോർപവദാസ് ദിവംഗതനായി. ഭാരതസംസ്കാരത്തിൽ ആഴമായി വേരൂന്നിയ ഒരു സഭാസമൂഹത്തെ പണിതുയർത്തുന്നതിൽ മാർഗ്ഗദർശിയായിരുന്ന ഫാ. അമലോർപവദാസ് കഠിനാദ്ധ്വാനിയും അഖിലലോകപ്രശസ്തനായ ഒരു ദൈവശാസ്ത്രജ്ഞനും പ്രമുഖ പ്രാസംഗികനും ഗ്രന്ഥകാരനുമായിരുന്നു.

പോണ്ടിച്ചേരി അതിരൂപതയിൽ 1932 ജൂൺ 15-ന് ജനിച്ച ഫാ. അമലോർ വൈദികപദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ടിണ്ടിവനത്തുള്ള മതബോധന കേന്ദ്രത്തിലെ സ്റ്റാഫായി നിയമിക്കപ്പെട്ടു. സ്ഥിരമായൊരു മതബോധന പ്രദർശനം അദ്ദേഹം സ്ഥാപിച്ചു. 1962-ൽ പാരീസിൽനിന്നും ബിരുദാനന്തരബിരുദം സമ്പാദിച്ച അദ്ദേഹം "കർത്താവിനെ കണ്ടുമുട്ടുന്ന ഇന്ത്യ" എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ആധുനിക ഇന്ത്യയിൽ സഭയുടെ ഭാഗധേയം എന്നതായിരുന്നു ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടുന്നതിനായി ഫാ. അമലോർ തയ്യാറാക്കിയ പ്രബന്ധം.

പാരീസിൽനിന്നും തിരിച്ചെത്തിയ ഫാ.അമലോർപവദാസ് മതബോധനത്തിനും ആരാധനാക്രമത്തിനും വേണ്ടിയുള്ള ദേശീയകേന്ദ്രത്തിന്റെ സ്ഥാപകഡയറക്ടറായി നിയമിതനായി. ദേശീയതലത്തിൽ അദ്ദേഹത്തിന് ലഭിച്ച ഒരു അംഗീകാരമായിരുന്നു അത്. എൻ.ബി.സി.എൽ.സി.യുടെ മുഖ്യസൂത്രധാരൻ. ഭാരതസഭയെ ഭാരതീയസംസ്കാരത്തിൽ വളർത്തിയെടുത്തുകൊണ്ടുവരുവാൻ ഈ സ്ഥാപനം വഹിച്ച പങ്ക് വിലപ്പെട്ടതാണ്.

1982-ൽ ഫാ. അമലോർ എൻ.ബി.സി.എൽ.സി. വിട്ട് പുതിയ ഒരു പ്രവർത്തനപാത സ്വീകരിച്ചു. മൈസൂർ സർവ്വകലാശാലയിലെയും അഞ്ജലി ആശ്രമത്തിലെയും പ്രവർത്തനത്തിലൂടെയാണ് ഇത് പ്രകടമായിരുന്നത്. ഇന്ത്യയിൽ ആദ്യമായി ഒരു സർവ്വകലാശാല ക്രിസ്തുമതപഠനത്തിനു ഒരു വിഭാഗം ആരംഭിച്ചത് മൈസൂറിലായിരുന്നു. ക്രിസ്തുമതപഠത്തിന് വേണ്ടിയുള്ള ചെയറിന്റെ ആദ്യത്തെ പ്രൊഫസ്സറും ചെയറിന്റെ ആദ്യത്തെ തലവനും അദ്ദേഹമായിരുന്നു. ഈ രംഗത്ത് ഫാ. അമലോർ അനുഷ്ഠിച്ച സേവനങ്ങൾ ഭാരതസഭാചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടുമെന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ ലളിതമായ വസ്ത്രധാരണവും ജീവിതശൈലിയും ആരെയും ആകർഷിക്കുന്നതായിരുന്നു. 1969-ലെ ഭാരതസഭാസെമിനാറിന്റെ മുഖ്യസംഘാടകനുമായിരുന്നു അദ്ദേഹം. ഇന്ത്യൻ കത്തോലിക്കരുടെ പൊതുസമുദായസംഘടനയായ ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ ഉറ്റ സുഹൃത്തായിരുന്നു ഫാ. അമലോർപവദാസ്. അദ്ദേഹത്തിന്റെ നിര്യാണം ഭാരതസഭയ്ക്ക് ഒരു തീരാനഷ്ടം തന്നെയാണ്. ആ മഹാപുരുഷന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുന്നു.

05-01-90

www.malankaralibrary.com

# 143
# അവാർഡുകൾ

(05-04-1990)

കത്തോലിക്കരായ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് 1972-ൽ സാഹിത്യഅവാർഡ് ഏർപ്പെടുത്തുകയുണ്ടായി. 1983-മുതൽ വിവിധമണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച മഹാത്മാക്കളെ ആദരിക്കുന്നതിനായി അവാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതിനകം 45-ൽ പരം വ്യക്തികൾക്ക് അവാർഡ് നൽകുകയും ചെയ്തു. സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ മഹാത്മാക്കളെ ആദരിക്കാനുള്ള പദ്ധതിക്ക് ആദ്യം രൂപവും ഭാവവും നൽകിയത് എ.കെ.സി.സി. യാണെന്നുള്ള വസ്തുത അഭിമാനപൂർവ്വം ഞങ്ങൾ സ്മരിക്കുന്നു.

കത്തോലിക്കാസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കാനുള്ള യത്നത്തിൽ കേരളാകാത്തലിക് ബിഷപ്സ് കോൺഫറൻസും ചങ്ങനാശ്ശേരി അതിരൂപതയും രംഗത്തുവന്നിരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. കെ.സി.ബി.സി. മാദ്ധ്യമകമ്മീഷൻ ഏർപ്പെടുത്തിയ പ്രഥമ അവാർഡ് ദാർശനികസാഹിത്യകാരനായ പ്രൊഫ.പി.ടി. ചാക്കോയ്ക്ക് നൽകുകയുണ്ടായി. ചങ്ങനാശ്ശേരി അതിരൂപത ഏർപ്പെടുത്തിയ ഐ.സി.ചാക്കോ അവാർഡിന് പ്രൊഫ.പി.സി. ദേവസ്യായുമാണ് തിരഞ്ഞെടുക്കപ്പെട്ടത്.

പ്രൊഫ.ചാക്കോയും പ്രൊഫ.ദേവസ്യായും 1985-ലെ എ.കെ.സി.സി. അവാർഡിന് അർഹരായവരാണ്. എ.കെ.സി.സി. അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടവർ തന്നെ കെ.സി.ബി.സിയുടെയും ചങ്ങനാശ്ശേരി അതിരൂപതയുടെയും അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടുവെന്നതിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർക്ക് വളരെയധികം സന്തോഷമുണ്ട്.

ചങ്ങനാശ്ശേരി അതിരൂപത ഏർപ്പെടുത്തിയ അവാർഡ് ഐ.സി.ചാക്കോയുടെ പേരിലാണ്. അത് അഭിനന്ദനാർഹമാണ്. സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സംഭാവനകൾ നൽകി മൺമറഞ്ഞുപോയ നിരവധി അംഗങ്ങൾ ഉണ്ട്. അവരിൽ പലരും ഇന്ന് വിസ്മൃതിയിൽ ആണ്ടുപോയിരിക്കുന്നു. അവരുടെ സേവനങ്ങളെപ്പററി ഇന്നത്തെ തലമുറ തികച്ചും അജ്ഞരാണ്. മൺമറഞ്ഞ മഹാരഥന്മാരെ ആദരിക്കുന്നതിനുള്ള പരിപാടി എ.കെ.സി.സി. ആരംഭിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചകളാണ് കെ.സി.ബി.സി. മാദ്ധ്യമകമ്മീഷന്റെ പുതിയ ഈ ശ്രമം.

5-4-90

www.malankaralibrary.com

# 144

# സ്നേഹിതരേ ഉണരുക

ഉത്തർപ്രദേശിലെ ഗജറൗളയിലെ സെന്റ് മേരീസ് കോൺവെന്റ് കൊള്ളയടിക്കുകയും രണ്ടു കന്യാസ്ത്രീകളെ അപമാനിക്കുകയും ചെയ്ത സംഭവം ഈശ്വരനിലും മതത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന സകലരെയും ഞെട്ടിപ്പിച്ചിരിക്കുകയാണ്. കോൺവെന്റ്വക സ്കൂളിലെ ഒരു ലക്ഷത്തിലധികം രൂപാ കൊള്ളയടിക്കുകയും കന്യാസ്ത്രീകളെ അപമാനിക്കുകയും ചെയ്തിട്ട് രണ്ടാഴ്ച പിന്നിട്ടു കഴിഞ്ഞിട്ടും ഉത്തർപ്രദേശ് ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നുള്ളത് വളരെയേറെ ദുഃഖകരമാണ്. പോലീസിന്റെയും ഗവൺമെന്റ് ആശുപത്രിയിലെ ഡ്യൂട്ടി ഡോക്ടറുടെയും നിഷ്ക്രിയത്വം അതിലേറെ ദുഃഖകരവും പ്രതിഷേധാർഹവുമാണ്.

ഭാരതത്തിന്റെ അവികസിത മേഖലകളുടെ സമഗ്രവികസനത്തിനായി അക്ഷീണം യത്നിക്കുന്ന ക്രിസ്തീയ മിഷനറിമാരുടെ പ്രത്യേകിച്ച് കന്യാസ്ത്രീകളുടെ നേർക്ക് കഴിഞ്ഞ കുറെ വർഷങ്ങളായി നടക്കുന്ന കടന്നാക്രമണങ്ങളുടെ പിന്നിൽ ഒരു സംഘടിതശക്തി പ്രവർത്തിക്കുന്നുണ്ടെന്നുവേണം വിചാരിക്കുവാൻ. അവികസിതമേഖലകളിലെ ജനങ്ങൾക്ക് വിജ്ഞാനദീപം തെളിച്ചുകൊടുത്ത് നൂററാണ്ടുകളായി അവർ അനുഭവിക്കുന്ന അടിമത്വത്തിൽനിന്നും അവരെ മോചിപ്പിക്കുവാൻ ശ്രമിക്കുന്നതിൽ അമർഷംപൂണ്ട ഒരു വിഭാഗം ജനങ്ങൾ ഈ ആക്രമണത്തിനു പിന്നിൽ അണിനിരന്നിട്ടുണ്ടെന്ന് ന്യായമായി പ്രതീക്ഷിക്കാം.

കൊള്ളയും പിടിച്ചുപറിയും മാത്രമല്ലായിരുന്നു ഗജറൗളയിൽ നടന്നത്. അവിടെ മനുഷ്യത്വം ചവിട്ടിമെതിക്കപ്പെട്ടു. കന്യാസ്ത്രീകളുടെമേൽ നടന്ന വിളയാട്ടം ക്രൈസ്തവ സമൂഹത്തിനു നേരെ നടന്ന ഒരു ആക്രമണമായിരുന്നു. സംസ്കാരശൂന്യമായ മദ്ധ്യശതകങ്ങളിൽപോലും സംസ്കാരശൂന്യരായ കാപ്പിരികളുടെ നാടുകളിൽപോലും നടക്കാത്ത അതിനീചമായ ആക്രമണങ്ങൾ ആണ് ഗജറൗളയിൽ നടന്നത്. ഈ നീചപ്രവർത്തനം നടത്തിയവരുടെ നേർക്ക് വേണ്ട നടപടികളെടുക്കാൻ വിസമ്മതിച്ച സംസ്ഥാന ഗവൺമെന്റിന്റെ കുറ്റകരമായ അനാസ്ഥക്കെതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കേണ്ടതാണ്. വടക്കേ ഇന്ത്യയിൽ ഇതിനു മുമ്പും ഇതുപോലുള്ള അനുഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. ഇന്നും ആക്രമണങ്ങളുടെ പരമ്പര തുടർന്നുകൊണ്ടിരിക്കുന്നു.

ഈ അക്രമങ്ങൾക്കെതിരെ ഉണർന്നു പ്രവർത്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നീതിക്കുവേണ്ടി പാടുപെടുന്നവരോട് നമുക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാം. സ്നേഹിതരേ ഉണരുക, ഉണർന്നു പ്രവർത്തിക്കുക.

05-08-90

www.malankaralibrary.com

## 145

# ആക്രമണം മ്ലേച്ഛതരം

*എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ*

ഈ മാസം 12-ാം തീയതി യു.പി.യിലെ ഗജറൗളയിൽ സെന്റ്മേരീസ് കോൺവെന്റിലെ കന്യാസ്ത്രീകളെ ആക്രമിക്കുകയും മാനഭംഗപ്പെടുത്തുകയും പണം കൊള്ളചെയ്യുകയും ചെയ്ത സംഭവം ഏററം മൃഗീയവും ഹീനവുമാണെന്നും ന്യൂനപക്ഷമായ ക്രസ്ത്യാനികളുടെ ഇടയിൽ പ്രസ്തുത സംഭവം ആശങ്കയും ഭീതിയും അരക്ഷിതാബോധവും വളർത്തിയിട്ടുണ്ടെന്നും യു.പി. പോലീസ് അധികാരികളുടെ തണുപ്പൻ നയം മാററി ആക്രമികളെ ഉടനെ തന്നെ കണ്ടുപിടിക്കുവാൻ ശക്തമായ നടപടികൾ എടുക്കണമെന്നും കാണിച്ച് പ്രധാന മന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി, യു.പി. മുഖ്യമന്ത്രി എന്നിവർക്ക് എ.കെ.സി.സി. പ്രസിഡണ്ട് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ കമ്പി സന്ദേശമയച്ചു. അടുത്തകാലത്തായി വടക്കേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ക്രൈസ്തവവൈദികരോടും കന്യാസ്ത്രീകളോടും അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളോടും സംസ്ഥാന ഗവൺമെന്റുകളും ചില രാഷ്ട്രീയ പാർട്ടികളും അനുവർത്തിക്കുന്ന പക്ഷപാതപരമായ നടപടികളും അവസാനിപ്പിക്കണമെന്ന് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ അയച്ച കമ്പി സന്ദേശത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 146

# ഗജറൗള പ്രതിഷേധത്തിന്റെ അലകളുയരുന്നു

ഇക്കഴിഞ്ഞ ജൂലൈ 12ന് ഉത്തരപ്രദേശിലെ ഗജറൗളയിലെ കന്യാസ്ത്രീ മഠം ആക്രമിക്കുകയും കന്യാസ്ത്രീകളെ അപമാനിക്കുകയും ചെയ്ത സംഭവത്തിൽ രാജ്യവ്യാപകമായ പ്രതിഷേധം ഉയർന്നുകഴിഞ്ഞിരിക്കുന്നു. കക്ഷിരാഷ്ട്രീയത്തിനും ജാതിമതവർഗ്ഗ ചിന്തകൾക്കുമതീതമായി ഗജറൗള സംഭവത്തെ പ്രതിഷേധിക്കുവാൻ ഭാരതജനത മുന്നോട്ടുവന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണ്.

കേരളത്തിന്റെ അരുമസന്താനങ്ങളും അഭിമാനസ്തംഭങ്ങളുമായ കൊച്ചുമിഷനറിമാരാണ് ഗജറൗളയിൽ ആക്രമിക്കപ്പെട്ടത്, അവഹേളിക്കപ്പെട്ടത്. ഈ ആക്രമത്തെ അപലപിക്കുവാൻ പ്രബുദ്ധകേരളം മുന്നോട്ടുവന്നു. അതേ തുടർന്ന് ഇന്ത്യയൊട്ടാകെ ഈ ആക്രമത്തിനെതിരെ പ്രതിഷേധമുയർന്നു. 1990 ജൂലൈ 31-ന് സംസ്ഥാനത്തെ എല്ലാ ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങളും അടച്ചിട്ട് പ്രതിഷേധം രേഖപ്പെടുത്തി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റാലികളും പൊതുയോഗങ്ങളും നടന്നു.

മനുഷ്യമനസ്സാക്ഷിയെ ഞെട്ടിച്ച ഗജറൗള സംഭവത്തിലുള്ള പ്രതിഷേധ സൂചകമായി കോട്ടയം ടൗണിലെ കടകമ്പോളങ്ങൾ അടച്ചു ഹർത്താൽ

www.malankaralibrary.com

ആചരിച്ചു. ക്രൈസ്തവവിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിച്ചിരുന്നില്ലെങ്കിലും നൂറുകണക്കിന് കോളേജ് സ്കൂൾ വിദ്യാർത്ഥികളും പൊതുജനങ്ങളും ഒന്നുചേർന്ന് കോട്ടയം ടൗണിലൂടെ മൗനജാഥ നടത്തി. പോലീസ് ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച ജാഥ കെ.കെ. റോഡുവഴി തിരുനക്കര മൈതാനിയിൽ പ്രവേശിച്ചു. പൊതുസമ്മേളനം നടന്നു. പ്രകടനത്തിന് ബിഷപ്പ് ഡോ.പീററർ തുരുത്തിക്കോണം എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺകച്ചിറമററം, മുൻസിപ്പൽ ചെയർമാൻ അയ്യപ്പൻപിള്ള, ബാബുചാഴികാടൻ, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് ജന.സെക്രട്ടറി അഡ്വ.സി.ജോസ് ഫിലിപ്പ്, മോൺ.പീററർ ഊരാളിൽ തുടങ്ങിയവർ നേതൃത്വം നൽകി.

ഗജറൗളസംഭവത്തിലുള്ള പ്രതിഷേധം തുടർന്നുകൊണ്ടിരിക്കുകയാണ്. എന്നുവരികിലും അക്രമകാരികളുടെമേൽ നടപടികളെടുക്കുവാൻ സാധിച്ചിട്ടില്ലെന്നാണ് അറിയുന്നത്.

5-9-90

**147**

# ഗജറൗള-ജോഗേശ്വരി സംഭവങ്ങൾ

ലോകമനസാക്ഷിയെത്തന്നെ ഞെട്ടിപ്പിച്ച രണ്ടുസംഭവങ്ങളാണ് ഇക്കഴിഞ്ഞ ജൂലൈയിൽ ഗജറൗളായിലും നവംബറിൽ ജോഗേശ്വരിയിലും നടന്നത്. ഭാരതത്തിന്റെ മഹത്തായ സാംസ്കാരിക പൈതൃകത്തിന് ഏററം കടുത്ത ആഘാതമാണീ സംഭവങ്ങൾ.

ഭാരതത്തിന്റെ അവികസിത മേഖലകളുടെ സമഗ്രവികസനത്തിനായി അക്ഷീണം യത്നിക്കുന്ന ക്രിസ്തീയമിഷനറിമാരുടെ, പ്രത്യേകിച്ച് കന്യാസ്ത്രീകളുടെ നേർക്ക് കഴിഞ്ഞ കുറെ വർഷങ്ങളായി നടക്കുന്ന കടന്നാക്രമണങ്ങളുടെ പിന്നിൽ ഒരു സംഘടിതശക്തി പ്രവർത്തിക്കുന്നുണ്ടെന്ന് വേണം വിചാരിക്കാൻ. അവികസിതമേഖലകളിലെ ജനങ്ങൾക്ക് വിജ്ഞാനദീപം തെളിയിച്ചുകൊടുത്ത് നൂററാണ്ടുകളായി അവർ അനുഭവിക്കുന്ന അടിമത്വത്തിൽ നിന്നും അവരെ മോചിപ്പിക്കുവാൻ ശ്രമിക്കുന്നതിൽ അമർഷം പൂണ്ട ഒരു വിഭാഗം ജനങ്ങൾ ഈ ആക്രമണത്തിന് പിന്നിൽ അണിനിരക്കുന്നുണ്ടെന്ന് ന്യായമായി പ്രതീക്ഷിക്കാം. കൊള്ളയും കൊലയും പിടിച്ചുപറിയും മാത്രമല്ലായിരുന്നു ഗജറൗളയിൽ നടന്നത്. അവിടെ മനുഷ്യത്വം ചവിട്ടിമെതിക്കപ്പെട്ടു.

കന്യാസ്ത്രീകളുടെമേൽ നടന്ന വിളയാട്ടം ക്രൈസ്തവസമൂഹത്തിന് നേരെ നടന്ന ഒരു ആക്രമണമായിരുന്നു. സംസ്കാരശൂന്യരായ കാപ്പിരികളുടെ നാടുകളിൽ പോലും നടക്കാത്ത അതിനീചമായ ആക്രമണങ്ങളാണ് ഗജറൗളയിൽ നടന്നത്. ഈ നീചപ്രവർത്തനം നടത്തിയവരുടെ നേർക്ക് വേണ്ട നടപടികളെടുക്കുവാൻ വിസമ്മതിച്ച സംസ്ഥാനഗവൺമെന്റിന്റെ കുററകരമായ അനാസ്ഥക്കെതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കേണ്ടതാണ്. വടക്കേ ഇന്ത്യയിൽ ഇതിന്മുൻപും ഇതുപോലുള്ള അനുഭവങ്ങൾ ധാരാളമുണ്ടാ

www.malankaralibrary.com

യിട്ടുണ്ട്. ഇന്നും ആക്രമങ്ങളുടെ പരമ്പര തുടർന്നുകൊണ്ടിരിക്കുന്നു. ഗജറൗള സംഭവത്തിൽ കുററവാളികളെ ശിക്ഷിക്കണമെന്ന് ജനറൽസെക്രട്ടറി ജോൺ കച്ചിറമററം പ്രധാനമന്ത്രി വി.പി. സിംഗിനോടാവശ്യപ്പെട്ടു.

കോട്ടയം ടൗണിൽ ഗജറൗള സംഭവത്തിൽ പ്രതിഷേധിക്കുന്നതിനായി നടത്തിയ മൗനജാഥയ്ക്ക് വൈദികമേലദ്ധ്യക്ഷന്മാരോടൊപ്പം ജനറൽസെക്രട്ടറി ജോൺകച്ചിറമററം നേതൃത്വം നൽകി.

ഗജറൗളസംഭവത്തിന്റെ വേദനവിട്ടുമാറും മുൻപാണ് ബോംബെയിലെ ജോഗേശ്വരിയിൽ രണ്ടു കന്യാസ്ത്രീകളെ കൊലപ്പെടുത്തിയത്. ഉററവരും ഉടയവരുമില്ലാത്ത സാധുകുട്ടികൾക്ക് സ്നേഹം പകർന്നു നൽകുകയും നിരക്ഷരരെയും നിരാലംബരെയും സേവിക്കുകയും ചെയ്തു എന്ന ഏകകുററത്തിനാണ് ജോഗേശ്വരിയിൽ രണ്ടു കന്യാസത്രീകൾ വധിക്കപ്പെട്ടത്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവരുടെയും മിഷനറിമാരുടെയും നേർക്കു നടന്ന ആക്രമങ്ങളെപ്പററി സമുദായസ്നേഹികൾ ബോധവാന്മാരാ കേണ്ടതാണ്. ഈ രീതിയിലുള്ള അക്രമ പ്രവർത്തനങ്ങൾക്കെതിരെ ബഹുജനാഭിപ്രായം രൂപം കൊള്ളിക്കുവാനും നാം പരിശ്രമിക്കുക തന്നെ വേണം.

10-12-1990

## 148

# രാഷ്ട്രം അനിശ്ചിതത്വത്തിലേക്ക്

1989 ഡിസംബർ 2-ന് ഇന്ത്യൻ പ്രധാനമന്ത്രി വിശ്വനാഥ് പ്രതാപസിംഗ് അധികാരമേറ്റെടുത്തു. നാടകീയവും അതേസമയം ഗുരുതരമായ ഗൂഡാലോചനയിലൂടെയുമാണ് വി.പി.സിംഗ് പ്രധാനമന്ത്രി പദത്തിലെത്തിയത്. വന്ദ്യവയോധികനായ ദേവിലാലായിരുന്നു ആ ഗൂഡാലോചനയുടെ മുഖ്യകണ്ണി. വി.പി. അധികാരത്തിലേറിയ അന്നുമുതൽ അദ്ദേഹത്തെ താഴെയിറക്കാനുള്ള നീക്കങ്ങളും ജനതാദളിൽ നിന്നുതന്നെയുണ്ടായി. ഒന്നിനു പുറകെ ഒന്നായി നിരവധി പ്രതിസന്ധികളെ അതിജീവിച്ച് വി.പി. സിംഗിന്റെ മന്ത്രിസഭ ഒരു ജൈത്രയാത്ര തന്നെ നടത്തി. തന്നെ പ്രധാനമന്ത്രിപദത്തിലേക്ക് എത്തിക്കുന്ന ഗൂഡാലോചനയിൽ മുഖ്യപങ്കുവഹിച്ച ദേവിലാലിനെ ഉപപ്രധാനമന്ത്രിപദത്തിൽ നിന്നും വി.പി. സിംഗ് നീക്കം ചെയ്തു. ദേവിലാലും ബി.ജെ.പിയും സമ്മർദ്ദതന്ത്രങ്ങളുമായി നീങ്ങിയപ്പോൾ ആഗസ്റ്റ് 7-ാം തീയതി മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കികൊണ്ടും 27 ശതമാനം സംവരണം പിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തികൊണ്ടും വി.പി. സിംഗ് ആഞ്ഞടിച്ചു. ഇന്ത്യയിലെ 74.5 ശതമാനം വരുന്ന പിന്നോക്ക വിഭാഗങ്ങൾ വി.പി. സിംഗിന്റെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്തു. പിന്നോക്കവിഭാഗങ്ങളുടെ താല്പര്യ സംരക്ഷകനായി അവർ വി.പി.യെ കണ്ടു.

സംവരണപ്രഖ്യാപനം ബി.ജെ.പി. യെ വെട്ടിൽ വീഴ്ത്തുകയുണ്ടായി.

www.malankaralibrary.com

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ ബി.ജെ.പി. എതിർത്തില്ലെങ്കിലും സംവരണപ്രഖ്യാപനത്തിനെതിരെ വമ്പിച്ച ഒരു ബഹുജന മുന്നേറ്റമുണ്ടാക്കാൻ ബി.ജെ.പി. പിൻവാതിലിലൂടെ ശ്രമിച്ചു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ആരോടും ആലോചിക്കാതെ പെട്ടെന്ന് നടപ്പിലാക്കിയതിൽ ദേശീയ മുന്നണിയിലെ പല ഘടകകക്ഷികളും വി.പി. യെ വിമർശിച്ചു. ജനതാദളിന്റെ പ്രകടനപത്രികയിൽ ഉള്ള കാര്യം മാത്രമാണ് വി.പി. നടപ്പിലാക്കിയത്. വി.പി. സിംഗ് പെട്ടെന്ന് റിപ്പോർട്ട് നടപ്പിലാക്കിയതിൽ ബി.ജെ.പി. അമർഷം രേഖപ്പെടുത്തിയപ്പോൾ 74.5 ശതമാനം വരുന്ന പിന്നോക്ക സമുദായങ്ങൾ കാക്കാകലേക്കർ ചെയർമാനായി നിയമിക്കപ്പെട്ട ഒന്നാം പിന്നോക്കസമുദായ കമ്മീഷൻ റിപ്പോർട്ട് മരവിപ്പിച്ചതിലും രണ്ടാം പിന്നോക്ക സമുദായ കമ്മീഷന്റെ - മണ്ഡൽ കമ്മീഷന്റെ - റിപ്പോർട്ട് 10 വർഷമായിട്ടും നടപ്പാക്കാത്തതിലും എന്തുമാത്രം അസംതൃപ്തരായിരുന്നുവെന്ന് ചിന്തിച്ചു നോക്കേണ്ടതായിരുന്നു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ചർച്ചക്കെടുത്തിരുന്നുവെങ്കിൽ അത് ഒരിക്കലും നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നില്ലെന്ന് എല്ലാവർക്കും അറിയാം.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ ഫലമായി ബി.ജെ.പി. യുടെ വോട്ടുബാങ്കിൽ ഉണ്ടായ വിള്ളൽ പരിഹരിക്കുവാനാണ് ബി.ജെ.പി. അദ്ധ്യക്ഷൻ അഡ്വാനി സോമനാഥപുര ക്ഷേത്രത്തിൽനിന്ന് അയോദ്ധ്യയിലേക്ക് രഥയാത്ര നടത്തിയത്. പ്രസ്തുത രഥയാത്രയും അതോടനുബന്ധിച്ച് കഴിഞ്ഞ ഏതാനും ആഴ്ചകളായി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രസംഗങ്ങളും രാജ്യത്തൊട്ടാകെ വർഗ്ഗീയത ഇളക്കിവിടുന്നതിന് മാത്രമാണ് സഹായിച്ചത്. വടക്കേ ഇന്ത്യയിൽ വർഗ്ഗീയ കലാപങ്ങൾ തന്നെയുണ്ടായി. ബാബറി മസ്ജിദ് പൊളിച്ചുമാറ്റി അവിടെ ശ്രീരാമക്ഷേത്രം പണിയുമെന്നുള്ള പ്രഖ്യാപനവുമായി മുന്നോട്ടു നീങ്ങിയ അഡ്വാനിയെ അറസ്റ്റ് ചെയ്യുക മാത്രമായിരുന്നു ഗവൺമെന്റിനുള്ള ഏക പോവഴി.

അഡ്വാനിയെ അറസ്റ്റു ചെയ്തു. ബി.ജെ.പി. നേരത്തെ പ്രഖ്യാപിച്ചിരുന്നതുപോലെ ദേശീയ മുന്നണി ഗവൺമെന്റിനുള്ള പിന്തുണ പിൻവലിക്കുകയും ചെയ്തു. ബി.ജെ.പി. യുടെ ബന്ദു പ്രഖ്യാപനം രാജ്യത്ത് കുറെയൊക്കെ അക്രമത്തിന് പ്രേരണ നൽകി.

ഭാരതത്തിലെ ഒരു ഭൂരിപക്ഷ സമൂഹമാണ് ഹിന്ദു സമുദായം. അവർ ഇവിടെ അക്രമത്തിന് - വിഘടന വാദത്തിന്- നേതൃത്വം നൽകിയാൽ അതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും. 1947-ൽ ഭാരതം ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും രണ്ടായി - വേദനാജനകമായ ഒരു സംഭവമായിരുന്നു അത്. അതിനുശേഷം കാഷ്മീർ പ്രശ്നവും പഞ്ചാബ് പ്രശ്നവുമെല്ലാം രാജ്യത്തിന്റെ അഖണ്ഡതയുടെ മുൻപിൽ ചോദ്യചിഹ്നമായി നിലകൊണ്ടു. ഈ സാഹചര്യം സൃഷ്ടിച്ചതിൽ കാഷ്മീരിലെ മുസ്ലീങ്ങളെയോ പഞ്ചാബിലെ സിക്കുകാരെയോ മാത്രം കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. ഇവിടുത്തെ ഭൂരിപക്ഷ സമൂഹത്തിനും അതിൽ പങ്കുണ്ട്.

www.malankaralibrary.com

ഭാരതത്തിന്റെ ദേശീയധാരയിൽ എല്ലാസമൂഹങ്ങളെയും ഉറപ്പിച്ചു നിർത്തുന്നതിന് ഭൂരിപക്ഷ സമൂഹത്തിന് ഉള്ള ഉത്തരവാദിത്വം വലുതാണ്. ആ ഉത്തരവാദിത്വം ശരിയായി നിർവ്വഹിക്കുന്നുണ്ടോയെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തുക തന്നെ വേണം.

ഇന്നത്തെ ഈ പ്രതിസന്ധികളുടെയെല്ലാം പിന്നിൽ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതാണ് എന്ന് എല്ലാവർക്കും അറിയാം. സംവരണവിരുദ്ധസമരക്കാർ ആത്മാഹുതിയുടെ പരിവേഷമണിയിച്ച് എത്രവിദ്യാർത്ഥികളെയാണ് കൊലചെയ്തത്. എത്രയെത്ര ക്രൂരതകളാണ് അവർ ചെയ്തത്.

സമൂഹത്തിൽ അവശതയനുഭവിക്കുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം എന്ന നയത്തെ ധാർമ്മികബോധമുള്ളവർക്ക് എതിർക്കാനാവില്ല. അധികാരത്തിന്റെയും തൊഴിലിന്റെയും സിംഹഭാഗവും വച്ചനുഭവിക്കുന്നവർക്കാണ് ആധിപത്യനഷ്ടത്തിൽ അരിശം കേറുന്നത്. ഇത്രയും നാൾ അധികമായി - അന്യൻ അനുഭവിക്കേണ്ടത് കൈവശം വച്ചനുഭവിച്ചിരുന്നത് - തിരികെ കൊടുക്കുവാനുള്ള വൈമനസ്യമാണ് ഈ സംവരണ വിരുദ്ധ പ്രക്ഷോഭണത്തിന്റെ പിന്നിൽ കാണുന്നത്.

ഇന്ത്യയിലെ 3.5 ശതമാനം വരുന്ന ബ്രാഹ്മണർ 1982 ലെ കണക്കും പ്രകാരം സർക്കാർ സർവ്വീസിലെ 70 ശതമാനം ജോലിയും കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നു. അന്നത്തെ കണക്കനുസരിച്ച് ഇന്ത്യയിലെ 3300 ഐ.എ.എസ്സുകാരിൽ 2376 പേരും ബ്രാഹ്മണരാണ്. 50 ശതമാനം ഹൈക്കോടതി ജഡ്ജിമാരും ബ്രാഹ്മണരാണ്. അനർഹമായി കൈവശം വച്ച് അനുഭവിക്കുന്ന ഉദ്യോഗം ജനസംഖ്യാനുപാതികമായി എല്ലാ സമുദായങ്ങളിൽപെട്ടവർക്കും ലഭിക്കുന്നതിനുവേണ്ടിയാണ് പിന്നോക്കവിഭാഗങ്ങൾ ശ്രമിക്കുന്നത്. ആ നീതിക്കുവേണ്ടിയുള്ള പരിശ്രമത്തെ എതിർക്കുന്നത് ഒരിക്കലും ഭൂഷണമല്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി 1983-ൽ തന്നെ തുറന്ന പ്രഖ്യാപനം നടത്തിയ ഒരു സാമുദായിക സംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്സ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ എത്ര സൂക്ഷ്മതയോടെയാണ് കോൺഗ്രസ്സ് കൈകാര്യം ചെയ്തിരുന്നത് എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

ഇന്നത്തെ രാഷ്ട്രീയ പ്രതിസന്ധി ഖേദകരമാണ്. രാജ്യത്തിന്റെ വിശാലതാല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും രാജ്യത്തെ അനിശ്ചിതത്വത്തിൽനിന്ന് കരകയറ്റുവാനും എല്ലാ ജനാധിപത്യവിശ്വാസികളും സകല വർഗ്ഗീയ ചിന്തകൾക്കും അതീതമായി ഒത്തൊരുമിച്ച് പ്രവർത്തിക്കുക തന്നെ വേണം.

05-11-90

www.malankaralibrary.com

## 149

# ക്രൈസ്തവ നേതൃത്വം എങ്ങോട്ട്

ഭാരതം നിരവധി പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. കാഷ്മീരിലും പഞ്ചാബിലും ആസാമിലും നടക്കുന്ന സംഭവങ്ങൾ ഏതൊരു ഭാരതീയനെയും ദുഃഖത്തിലാഴ്ത്തുകയാണ്. കാഷ്മീരിൽ ആരംഭിച്ച അരക്ഷിതാവസ്ഥ ഇന്ന് പലവിധത്തിൽ പല സംസ്ഥാനങ്ങളിലും തുടർന്നുകൊണ്ടിരിയ്ക്കുകയാണ്. ബാബ്റിമസ്ജിദ് പ്രശ്നവും രാമജന്മഭൂമി പ്രശ്നവും എല്ലാം ഭാരതത്തിന്റെ ഐക്യത്തിന് വിലങ്ങുതടിയായി തീരുമോയെന്ന് സംശയിക്കുകയാണ്. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന അക്രമങ്ങളും അനിഷ്ടസംഭവങ്ങളുമെല്ലാം ഏതൊരു ഭാരതീയനെയും വേദനിപ്പിക്കുന്നവയാണ്.

ഈ നിർണ്ണായകമായ പ്രതിസന്ധിയിൽ ക്രൈസ്തവർക്ക് ഭാരതത്തിന് എന്തു സംഭാവന നൽകുവാൻ സാധിക്കും. ശക്തവും സുസംഘടിതവുമായ ഒരു ക്രൈസ്തവ നേതൃത്വം ഈ രാജ്യത്തുണ്ടായിരുന്നുവെങ്കിൽ ഈ രാജ്യത്തിനു തന്നെ നേതൃത്വം നല്കുവാൻ സാധിക്കുമായിരുന്നു. റീത്തുകളുടെയും ലിറ്റർജി പ്രശ്നങ്ങളുടെയും പേരിൽ പരസ്പരം ഭിന്നിച്ചു നില്ക്കുന്ന ഒരു സമൂഹത്തിൽനിന്ന് ആദർശനിഷ്ഠയുള്ള നേതൃത്വം വളർന്നു വരുവാൻ ഒട്ടേറെ പ്രയാസങ്ങളുണ്ട്.

ഭാരതത്തിന്റെ തന്നെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ മഹത്തായ സംഭാവനകൾ നല്കിയിട്ടുള്ള നേതാക്കന്മാർക്ക് ജന്മം നല്കിയിട്ടുള്ള സമുദായമാണ് കത്തോലിക്കാ സമുദായം. സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപ് നടന്ന ജനകീയ സമരങ്ങൾക്ക് നേതൃത്വം നല്കിയ ക്രൈസ്തവ നേതാക്കൾ ത്യാഗോജ്ജ്വലമായ ജീവിതമാണ് നയിച്ചത്. തങ്ങൾക്ക് നേതാവാകുവാനല്ല. ആ കഴിഞ്ഞ തലമുറയിലെ നേതാക്കന്മാരിൽ നിന്നും ആവേശം ഉൾക്കൊള്ളുവാനാണ് ഇന്നത്തെ തലമുറ തയ്യാറാകേണ്ടത്.

ഉന്നതമായ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് പദവി രാജിവച്ച് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് ചാടിയിറങ്ങി 28-ാമത്തെ വയസ്സിൽ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡണ്ട് പദം ഏറ്റെടുത്ത് കാരാഗ്രഹവാസവും പോലീസ് മർദ്ദനവം സസന്തോഷം അനുഭവിച്ച അക്കാമ്മ ചെറിയാൻ - സാമ്പത്തികമായി തകർന്ന് തരിപ്പണമായപ്പോഴും സർ സി.പി. വച്ചുനീട്ടിയ ഉന്നതഉദ്യോഗങ്ങൾ തിരസ്കരിച്ചുകൊണ്ട് - സമരാങ്കണത്തിൽ ഉറച്ചുനിന്ന ആനിമസ്ക്രിൻ, സാമ്പത്തികമായി ഭീമമായ നഷ്ടം വഹിച്ചുകൊണ്ട് തന്റെ കൃഷിഭൂമി വിറ്റുകിട്ടിയ പണംകൊണ്ടു ക്രൈസ്തവരുടെയും പിന്നോക്ക സമുദായങ്ങളുടെയും അവകാശ സംരക്ഷണത്തിനുവേണ്ടി പടപൊരുതി ജയിൽ വാസം അനുഭവിച്ച ഷെവ. തര്യതുകുഞ്ഞിത്തൊമ്മൻ, ഒരു പുരുഷായുസ്സ് മുഴുവൻ സ്വാതന്ത്ര്യ

www.malankaralibrary.com

ത്തിനുവേണ്ടി പോരാട്ടം നടത്തുകയും മനുഷ്യാവകാശം സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി യത്നിക്കുകയും സ്വന്തമായി ഒന്നും നേടാതെ എല്ലാം സമൂഹത്തിനുവേണ്ടി ത്യജിക്കുകയും ചെയ്ത ശ്രീ. എം.എം. വർക്കി, സർ സി.പി. യുടെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരെ സന്ധിയില്ലാ സമരം ചെയ്ത ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, ആർ. വി. തോമസ്, എ.ജെ. ജോൺ തുടങ്ങിയ രാജ്യ സ്നേഹികളെയാണ് നമ്മുടെ സമുദായം പ്രസവിച്ചിട്ടുള്ളത്. അവരുടെയെല്ലാം നേതൃത്വം നമ്മുടെ സമുദായത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുകയും ചെയ്തു. നമ്മുടെ അഭിമാനജനമായ ശ്രീ. എ.ജെ. ജോൺ കള്ളം പറയുകയില്ലെന്ന് ഞങ്ങൾക്കുറപ്പുണ്ട് എന്ന് എതിരാളികൾ നിയമസഭയിൽ പ്രസ്താവിച്ചപ്പോൾ നമ്മുടെ നേതൃത്വത്തിന്റെ മാറ്റ് വർദ്ധിക്കുകയാണുണ്ടായത്.

അധികാരക്കസേരകൾ കണ്ടുകൊണ്ടല്ല, കാരാഗ്രഹവാസവും ഭീകരമർദ്ദനവും അനുഭവിക്കേണ്ടിവരുമെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് കഴിഞ്ഞ തലമുറയിലെ നേതാക്കന്മാർ പൊതുരംഗത്ത് ഇറങ്ങി പ്രവർത്തിച്ചത്. അതുകൊണ്ട് അവരുടെ നേതൃത്വത്തെ ആ സമൂഹം അംഗീകരിച്ചു ആദരിച്ചു. നമ്മുടെ നേതാക്കളുടെ നേതൃത്വം ഏവർക്കും മാതൃകയായിരുന്നു.

അതുപോലെതന്നെ കഴിഞ്ഞതലമുറയിലെ നമ്മുടെ നേതാക്കന്മാർ അധികാരം ഇളം തലമുറയിലേക്ക് കൈമാറുവാൻ ശ്രമിക്കുകയും പുതിയ നേതൃത്വത്തെ വളർത്തികൊണ്ടുവരുവാൻ ശ്രമിക്കുകയും ചെയ്തു. സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവിയായിരുന്നു അവരുടെ ലക്ഷ്യം.

എന്നാൽ ഇന്നത്തെ നമ്മുടെ നേതൃത്വം എങ്ങോട്ടാണ് പോകുന്നത്. അധികാരം മുഴുവൻ തന്നിൽ മാത്രം ഒതുക്കി നിർത്തുവാനും സഹപ്രവർത്തകരുടെ വളർച്ചയെ മരവിപ്പിക്കാനുമല്ലേ പലപ്പോഴും നാം ശ്രമിക്കാറുള്ളത്. യാതൊരു തത്വദീക്ഷയുമില്ലാതെ രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുകയും വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പാർട്ടിയെ ദിനം തോറും പിളർക്കുകയും ചെയ്യുന്നതിന് നേതൃത്വം നല്കുന്ന ഇന്നത്തെ ക്രൈസ്തവരായ രാഷ്ട്രീയനേതാക്കൾ സമൂഹത്തിൽ ആദരിക്കപ്പെടുകയാണോ അവഹേളിക്കപ്പെടുകയാണോ ചെയ്യുന്നത്? ഓരോ ക്രൈസ്തവനും ഉണർന്ന് ചിന്തിക്കേണ്ട സന്ദർഭമാണിത്?

ഇന്ത്യൻ രാഷ്ട്രീയത്തിൽ ലജ്ജാകരമായ കപടനാടകങ്ങളാണ് കഴിഞ്ഞ ഏതാനും ആഴ്ചകളായി പരസ്യമായി അരങ്ങേറിയത്. ഈ സന്ദർഭത്തിലെങ്കിലും ക്രൈസ്തവസാക്ഷ്യം വഹിച്ച് 'സേവനമാണ് നമ്മുടെ മുദ്രാവാക്യം' എന്ന് പറഞ്ഞ് ഇന്ത്യൻ സമൂഹത്തിന് ഒരു ധാർമ്മിക നേതൃത്വം നല്കുവാൻ ക്രൈസ്തവനേതാക്കൾ ശ്രമിച്ചില്ല എന്നുള്ളത് എത്രയോ വേദനാജനകമാണ്. വളരുന്ന തലമുറയുടെ മുൻപിൽ ഇന്നത്തെ ക്രൈസ്തവരായ രാഷ്ട്രീയ നേതാക്കളുടെ പ്രവർത്തികൾ ഒരു ചോദ്യചിഹ്നമായി നിൽക്കട്ടെ.

04-12-90

www.malankaralibrary.com

# 150

# നാം എങ്ങോട്ട്

ഭാരതം ആഭ്യന്തരവും ബാഹ്യവുമായ നിരവധി വെല്ലുവിളികളെ ഇന്ന് നേരിടുകയാണ്. സംഘർഷങ്ങളുടെയും ഭീകരപ്രവർത്തനങ്ങളുടെയും നിരവധി റിപ്പോർട്ടുകളുമായാണ് ദിനപ്പത്രങ്ങൾ നമ്മുടെ കൈയ്യിലെത്തുന്നത്. റേഡിയോയിലും ടെലിവിഷനിലും നാം കേൾക്കുകയും കാണുകയും ചെയ്യുന്നതും ഇതുതന്നെ. രാജ്യത്തെ ജനങ്ങൾ ആകെ ഇന്ന് വിഷമസന്ധിയിലാണ്.

തങ്ങൾ അധികാരത്തിൽ വന്നാൽ നൂറ് ദിവസത്തിനകം 1990 ജൂണിലെ വിലനിലവാരത്തിലേയ്ക്ക് വിലകൾ എത്തിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് തെരഞ്ഞെടുപ്പിനെ നേരിട്ടവരാണ് ഇന്ന് ഈ രാജ്യം ഭരിക്കുന്നത്. വിലകൾ താഴേയ്ക്ക് കൊണ്ടുപോകുവാൻ സാധിച്ചില്ലെന്നുമാത്രമല്ല വിലവർദ്ധനയെ തടഞ്ഞുനിർത്തുവാൻ പോലും ഭരണക്കാർക്ക് സാധിച്ചില്ല. നിത്യോപയോഗ സാധനങ്ങളുടെ വില 6 മാസത്തെ ഭരണത്തിനിടയിൽ 50 ശതമാനം ഉയർന്നു കഴിഞ്ഞിരിക്കുന്നു. ഇനിയും വിലക്കയററം ഉണ്ടാകാനാണ് സാദ്ധ്യത.

വിലവർദ്ധന എന്ന ഭീഷണി ഏററം കൂടുതൽ ദുരിതത്തിലാഴ്ത്തുന്നത് കേരളീയരെയാണ്. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ചപ്പോൾ കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിയുകയാണ് ചെയ്തത്. റബ്ബർ, കുരുമുളക് മുതലായവയുടെ വിലയിടിവ് കേരളകർഷകരെ സാമ്പത്തികമായി ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു.

കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ 1992-ലെ ബജററുകൂടി വരുമ്പോൾ കേരളീയരുടെ സാമ്പത്തികസ്ഥിതി ആകെ അവതാളത്തിലാകും. രാജ്യത്തെ 10 ശതമാനത്തോളം വരുന്ന സമ്പന്നർ കൂടുതൽ സമ്പന്നന്മാരും ദരിദ്രർ കൂടുതൽ ദരിദ്രമായിത്തീരുന്ന ഒരു സ്ഥിതിവിശേഷമാണ് വരാൻ പോകുന്നത്.

വിലവർദ്ധന രാജ്യത്തെ ജനങ്ങളെ അസംതൃപ്തരാക്കിയിട്ടുണ്ട്. ഭരണകക്ഷിയിലും പ്രതിപക്ഷത്തും ഉള്ള ജനങ്ങൾ അസംതൃപ്തരാണ്. പലരും അതു തുറന്നു പറയുന്നില്ലെന്നു മാത്രം.

രാജ്യം ഇന്ന് കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ ജനങ്ങൾ ഒററക്കെട്ടായി പ്രവർത്തിക്കേണ്ടതാണ്. പക്ഷേ അതിന് ജനങ്ങളെ ഒരുക്കിയെടുക്കുവാൻ ഗവൺമെന്റിന് യാതൊരു പരിപാടിയുമില്ല.

വോട്ട് മുൻപിൽ കണ്ടുകൊണ്ട് മുൻഗവൺമെന്റുകൾ നടത്തിയ ചില പരിപാടികളാണ് രാജ്യത്തെ ഇത്ര സാമ്പത്തികപ്രതിസന്ധിയിലാഴ്ത്തിയത്. സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയുടെ പേരിൽ രാജീവ്ഗാന്ധിയുടെ ഗവൺമെന്റ് ചെലവഴിച്ച 12000 കോടി രൂപയും കടം എഴുതിത്തള്ളാനായി വി.പി. സിംഗ് ഗവൺമെന്റ് ചെലവിട്ട 10000 കോടി രൂപയും – അതെ ആകെ

www.malankaralibrary.com

22000 കോടി രൂപയുടെ വിനയോഗമാണ് - നമ്മുടെ രാജ്യത്തെ ഇന്ന് ഈ സാമ്പത്തികപ്രതിസന്ധിയിൽ എത്തിച്ചതെന്ന് എല്ലാവർക്കുമറിയാം. ഭരണകർത്താക്കളുടെ - കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാപിടി-എന്ന മനോഭാവം മാററാതെ ഇവിടുത്തെ സാമ്പത്തികസ്ഥിതി നന്നാകാൻ പോകുന്നില്ല.

കടുത്ത സാമ്പത്തിക അച്ചടക്കം നാം പാലിച്ചേപററൂ. ഡി.എ ഉൾപ്പെടെ സർക്കാരുദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ പലതും മരവിപ്പിച്ചെന്നുവരാം. ഏതു പ്രതിസന്ധികളെ നേരിടേണ്ടിവന്നാലും രാജ്യസ്നേഹമുള്ള ഉത്തമപൗരന്മാരായി വർത്തിക്കുവാൻ നാം തയ്യാറാകണം. അതിന് ജനങ്ങളെ ഒരുക്കുവാൻ ഗവൺമെന്റും സാമൂഹ്യസംഘടനകളും പരിശ്രമിക്കുകയും വേണം.

05-02-92

## 151

# കേരളരാഷ്ട്രീയം

ആർക്കും മുൻകൂട്ടി പ്രവചിക്കാനാവാത്ത വിധത്തിൽ കേരളരാഷ്ട്രീയം കലങ്ങിമറിഞ്ഞുകൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി കേരളം ഭരിക്കുന്നത് മുന്നണിയാണ്. പ്രതിപക്ഷത്തെ നയിക്കുന്നതും മുന്നണിതന്നെ. ഭരണത്തിനും പ്രതിപക്ഷ പ്രവർത്തനത്തിനും നേതൃത്വം നൽകുന്നത് മുന്നണികളാണ് എന്ന് ചുരുക്കം. ഒരു പ്രകടനപത്രികയുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു നിന്ന് മത്സരിച്ച് അധികാരത്തിൽ എത്തയവർ വ്യക്തിതാല്പര്യങ്ങളും ഗ്രൂപ്പുതാല്പര്യങ്ങളും പാർട്ടി താല്പര്യങ്ങളും മാത്രം കണക്കിലെടുത്ത് പ്രവർത്തിക്കുന്ന കാഴ്ചയാണ് നാം പലപ്പോഴും കാണുക. രാജ്യതാല്പര്യം അവർക്ക് ഒരു പ്രശ്നമല്ല. ഭീഷണിപ്പെടുത്തി ഒരുത്തന്റെ കൈയിലുള്ള സ്വത്ത് മറെറാരുത്തൻ കൈവശപ്പെടുത്തുന്നതുപോലെയാണ് സമ്മർദ്ദ തന്ത്രങ്ങൾ പ്രയോഗിച്ച് വ്യക്തികളും ഗ്രൂപ്പുകളും പാർട്ടികളും മുന്നണി ഭരണത്തിൽ നിന്നും അധികാരങ്ങൾ പിടിച്ചെടുക്കുന്നത്. എങ്ങനെയും ഭരണം കൈവിട്ടുപോകരുതെന്ന ചിന്തയിൽ പ്രവർത്തിക്കുന്ന ഭരണമുന്നണി നേതൃത്വം, ഒരു സമ്മർദ്ദത്തിനും വഴങ്ങുകയില്ലെന്ന് വീമ്പടിക്കുകയും ഏതു സമ്മർദ്ദത്തിനും വഴങ്ങുകയും ചെയ്യുന്ന കാഴ്ചയാണ് കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി നാം കാണുന്നത്.

ഇന്ന് കേരളത്തിൽ ഘടകകക്ഷികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം ഗുരുതരമാണ്. വടികിട്ടുമ്പോൾ അടിക്കുവാൻ തക്കം നോക്കിയിരിക്കുകയായിരുന്നു മുന്നണിയിലെ പല പാർട്ടികളും. ഘടകകക്ഷികൾ തമ്മിൽ ഏററുമുട്ടുവാൻ തയ്യാറെടുത്തുനിൽക്കുന്ന സന്ദർഭത്തിലാണ് ഭരണമുന്നണിക്ക് നേതൃത്വം നൽകുന്ന കോൺഗ്രസ് പാർട്ടിയിൽ ഗ്രൂപ്പുവഴക്ക് മൂർച്ഛിച്ചത്. കോൺഗ്രസ് ഇലക്ഷനെ തുടർന്നാണ് ഗ്രൂപ്പ് വഴക്കിന് ശക്തികൂടിയത്. കോൺഗ്രസ്സിലെ

www.malankaralibrary.com

ഗ്രൂപ്പുവഴക്കും ആരോപണപ്രത്യാരോപണങ്ങളും കേരളാ ഗവൺമെന്റിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കുകയാണ്. പ്രതിപക്ഷമല്ല, ഭരണമുന്നണിയിലെ ഘടകകക്ഷികളുമല്ല, ഭരണമുന്നണിക്ക് നേതൃത്വം നൽകുന്ന കോൺഗ്രസ്സിലെ മന്ത്രിമാരുൾപ്പെടുന്ന ഒരു വിഭാഗമാണ് കേരളാഗവൺമെന്റിന്റെ പ്രവർത്തനത്തെപ്പററി ഗുരുതരമായ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്.

കോൺഗ്രസ്സിലെ ഗ്രൂപ്പുവഴക്ക് മുന്നണി ഗവൺമെന്റിന്റെ പ്രതിച്ഛായയ്ക്ക മങ്ങലേല്പിക്കുന്നുവെന്ന് മനസ്സിലാക്കിയ ഘടകകക്ഷികൾ കോൺഗ്രസ്സിലെ ഗ്രൂപ്പിസം അവസാനിപ്പിക്കുവാൻ ചർച്ചകൾ നടത്തി. കോൺഗ്രസ്സിന്റെ ആഭ്യന്തരപ്രശ്നമാണിതെന്നും അതിലിടപെടുവാൻ മററു കക്ഷികൾ മുതിരരുതെന്നുമുള്ള വാദം കോൺഗ്രസ്സിൽനിന്നും പുറത്തുവന്നു. കോൺഗ്രസ്സിന്റെ വാദം ഒരർത്ഥത്തിൽ ശരിയാണ്. കോൺഗ്രസ്സിന്റെ കാര്യങ്ങൾ കോൺഗ്രസ്സിന് നോക്കാനറിയാം. എന്നാൽ കേരളത്തെ സംബന്ധിച്ച് അങ്ങനെ തറപ്പിച്ചു പറയാൻ പററുമോ? കോൺഗ്രസ്സ് അതിന്റെ പ്രത്യയശാസ്ത്രത്തിൽ ഉറച്ചുനിന്നുകൊണ്ട് ആ പ്രത്യയശാസ്ത്രം മാത്രം ഉയർത്തിപ്പിടിച്ചുകൊണ്ടല്ല തെരഞ്ഞെടുപ്പിനെ നേരിട്ടത്. ഒരു പൊതു പ്രകടനപത്രികയുടെ അടിസ്ഥാനത്തിൽ വിവിധ രാഷ്ട്രീയകക്ഷികൾ ഒത്തുചേർന്നാണ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. അതേ കാരണത്താൽത്തന്നെ ഘടകകക്ഷികളിൽ ഉണ്ടാകുന്ന എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മുന്നണിഭരണത്തെ ബാധിക്കും. അതിനാൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഘടകകക്ഷികളിൽ ഉണ്ടാകുന്ന എല്ലാ അഭിപ്രായവ്യത്യാസങ്ങളും മുന്നണി ഭരണത്തെ ബാധിക്കും. അതിനാൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഘടകകക്ഷികൾ പരസ്പരം ചർച്ചചെയ്യുന്നതിൽ തെററില്ലെന്നതാണ് യാഥാർത്ഥ്യം.

ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഭാരതം. ഭാരതത്തിലെ ഏററം വലിയ രാഷ്ട്രീയകക്ഷിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്. ഈ സംഘടനയിൽ ഉണ്ടാകുന്ന എല്ലാ തർക്കങ്ങളും ഇൻഡ്യൻ ജനാധിപത്യവ്യവസ്ഥിതിയെ ബാധിക്കുക തന്നെ ചെയ്യും. അക്കാരണത്താൽ കോൺഗ്രസ്സിലെ അഭിപ്രായവ്യത്യാസം പറഞ്ഞൊതുക്കുവാൻ രാഷ്ട്രീയത്തിനതീതമായി ചിന്തിക്കുന്നവർക്കെല്ലാം കടമയുണ്ട്. ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ അഭിപ്രായഭിന്നത ഉണ്ടാകുമ്പോൾ ആ തക്കം നോക്കി മദ്ധ്യസ്ഥഭാവം അഭിനയിച്ചുകൊണ്ട് പാർട്ടിയെ പിളർക്കുവാൻ മററു രാഷ്ട്രീയപാർട്ടികളും നേതാക്കളും ശ്രമിച്ചിട്ടുള്ള ചരിത്രം ഈ നാട്ടിലുണ്ട്. അതാവർത്തിക്കരുത്. ആ ദുരുദ്ദേശപരമായ സമീപനം പാടില്ലതാനും.

കോൺഗ്രസ്സ് പോലുള്ള വലിയ ജനാധിപത്യകക്ഷികൾ ഒരു കാര്യം മനസ്സിലാക്കണം. കോൺഗ്രസ്സിനെ ഇവിടെ അധികാരത്തിലേററിയത് ഒരു കാലത്തും കോൺഗ്രസ്സുകാരല്ല. തെരഞ്ഞെടുപ്പ് വരുമ്പോൾ ഗ്രൂപ്പുതിരിഞ്ഞു പ്രവർത്തിക്കുകയും കാലുവാരലും കുതികാൽവെട്ടും നടത്തുകയും ചെയ്ത പാരമ്പര്യമാണ് കോൺഗ്രസ്സടക്കമുള്ള പല ജനാധിപത്യകക്ഷികൾക്കുമുള്ളത്. തെരഞ്ഞെടുപ്പുകാലത്ത് കോൺഗ്രസ്സിനെ പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്നത് കോൺഗ്രസ്സുകാർ തന്നെ. എന്നാൽ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന കോൺ

www.malankaralibrary.com

ഗ്രസ്സിന്റെ മഹത്തായ സംസ്കാരത്തിൽ അഭിമാനം കൊള്ളുന്ന ലക്ഷക്കണക്കായ ജനങ്ങൾ ഈ നാട്ടിലുണ്ട്. കോൺഗ്രസ്സുകാരുടെ കാലുവാരലിലും ഗ്രൂപ്പു പ്രവർത്തനത്തിലും താല്പര്യമില്ലാത്തവരും ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരുമായ ലക്ഷക്കണക്കിനാളുകളുടെ പരിശ്രമം കൊണ്ടാണ് കോൺഗ്രസ്സടക്കമുള്ള ജനാധിപത്യകക്ഷികൾ ഇവിടെ വിജയിച്ചത്. ഗ്രൂപ്പുപ്രവർത്തനത്തിൽ താല്പര്യമില്ലാത്ത സ്വാർത്ഥചിന്തയില്ലാത്ത രാജ്യതാല്പര്യത്തിൽമാത്രം ശ്രദ്ധയുള്ള ലക്ഷക്കണക്കായ ജനങ്ങൾക്ക് കോൺഗ്രസ്സിനുള്ളിലെ ഗ്രൂപ്പുവഴക്കിൽ വേദനയുണ്ട്. അക്കാരണത്താൽ ഈ പ്രശ്നത്തിൽ ഇടപെടുവാൻ അവർക്കർഹതയുണ്ട്. കോൺഗ്രസ്സ് പ്രവർത്തകരല്ല, കോൺഗ്രസ്സനുഭാവികളും സുഹൃത്തുക്കളുമാണ് കോൺഗ്രസ്സിനെ അധികാരത്തിൽ എന്നും കയററിയിട്ടുള്ളത് എന്ന യാഥാർത്ഥ്യം കോൺഗ്രസ്സുകാർ മനസ്സിലാക്കണം. അതിനാൽ കോൺഗ്രസ്സിലെ പ്രശ്നങ്ങളെ വെറും ആഭ്യന്തരപ്രശ്നമായി കണക്കാക്കുവാൻ സാധിക്കുകില്ല.

കോൺഗ്രസ്സിലെ 'ഐ' ഗ്രൂപ്പിനോടോ 'എ' ഗ്രൂപ്പിനോടോ ഞങ്ങൾക്ക് പ്രത്യേകമമതയൊന്നുമില്ല. എല്ലാം കോൺഗ്രസ്സുകാർ തന്നെ. എല്ലാവരെയും കോൺഗ്രസ്സുകാരായിത്തന്നെയാണ് ഞങ്ങൾ കാണുന്നതും. പക്ഷേ ഗ്രൂപ്പു വഴക്കുകൾ മൂർഛിക്കുമ്പോൾ പഴയചരിത്രവും പാരമ്പര്യവും പറഞ്ഞ് ആരേയും ആക്ഷേപിക്കുന്നത് ശരിയല്ല. പണ്ട് കോൺഗ്രസ്സിൽ നിന്ന് ആരെങ്കിലും അകന്നു പോയതിനുശേഷം ഇന്ന് സഹകരിക്കുവാൻ തയ്യാറായി വന്നിട്ടുണ്ടെങ്കിൽ വേദനിപ്പിക്കാതെ അവരെ സഹകരിപ്പിക്കുവാനാണ് വിവേകമുള്ളവർ ശ്രമിക്കേണ്ടത്. പഴയ ചരിത്രം പറഞ്ഞ് ആക്ഷേപിക്കുവാനല്ല ശ്രമിക്കേണ്ടത്.

പഴയചരിത്രവും പ്രതാപവും പറഞ്ഞ് അഭിമാനംകൊള്ളാൻ അർഹതയുള്ളവർ എത്രപേരുണ്ടെന്ന് ഓരോ കോൺഗ്രസ്സ് പ്രവർത്തകനും നെഞ്ചിൽ കൈവച്ച് ആത്മപരിശോധന നടത്തുന്നതുകൊള്ളാം. കോൺഗ്രസ്സിനെ ആറടി മണ്ണിൽ കുഴിച്ചുമൂടുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സർ സി.പി. ക്ക് സ്തുതിപാടി നടന്ന കോൺഗ്രസ്സ് വിരോധികൾ ഇവിടെ കെ.പി.സി.സി. പ്രസിഡണ്ടുമാരായി സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പ്രവർത്തിച്ചിട്ടുണ്ട്. ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ ഏർപ്പെട്ട് ജയിൽവാസം അനുഭവിച്ചവരും മർദ്ദനങ്ങൾ ഏററവരും സ്വാതന്ത്ര്യം കിട്ടിയപ്പോൾ കോൺഗ്രസ്സിൽനിന്നും പുറന്തള്ളപ്പെട്ടു. അവരെ കോൺഗ്രസ്സിൽ നിന്ന് പുറംതള്ളിയത് സർ സി.പി.യുടെ സ്തുതി പാഠകന്മാരായി നടന്നവരാണ്. കോൺഗ്രസ്സ് പ്രവർത്തകരെ മർദ്ദിക്കുവാൻ സി.പി. യോടൊത്തു കൂട്ടുകൂടിനടന്നവർ സ്വാതന്ത്ര്യപ്രാപ്തിയെതുടർന്ന് കോൺഗ്രസ്സിൽ ചേരുകയും കോൺഗ്രസ്സിന്റെ കടിഞ്ഞാൺ പിടിക്കുകയും ചെയ്തു. ആ അവസരവാദികളെപ്പോലും കോൺഗ്രസ്സിലേക്ക് സഹർഷം സ്വാഗതം ചെയ്ത് കഴിഞ്ഞകാലതെററുകൾ വിസ്മരിച്ച് പ്രവർത്തിച്ച പാരമ്പര്യം ഇവിടുത്തെ ആദർശസമ്പന്നരായ കോൺഗ്രസ്സ് നേതാക്കൾക്കുണ്ട്. ഈ വസ്തുത മനസ്സിലാക്കാതെയാണ് കോൺഗ്രസ്സുകാർ ഇവിടെ ഗ്രൂപ്പ് കളിക്കുന്നത്.

കോൺഗ്രസ്സ് പ്രവർത്തകരാണ് ഇവിടെ കോൺഗ്രസ്സിനെ വിജയിപ്പിക്കുന്നത് എന്നുള്ള തെററായ ചിന്തയുടെ ഫലമായാണ്, ജനവികാരങ്ങൾ

www.malankaralibrary.com

മനസ്സിലാക്കാതെ പ്രവർത്തിക്കുവാൻ കോൺഗ്രസ്സുകാരെ പ്രേരിപ്പിക്കുന്നത്. 1967-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് 9 അംഗങ്ങളെയുംകൊണ്ട് നിയമസഭയിൽ ഇരിക്കേണ്ടി വന്നത് ജനവികാരം മനസ്സിലാക്കുവാൻ സാധിക്കാതെ വന്നതുകൊണ്ടാണ്.

കോൺഗ്രസ്സനുഭാവികളായ ലക്ഷക്കണക്കിനാളുകളുടെ വികാരങ്ങളെ മാനിച്ച് കോൺഗ്രസ്സിലെ ഗ്രൂപ്പുവഴക്ക് അവസാനിപ്പിക്കുവാൻ എല്ലാ കോൺഗ്രസ്സുകാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അതിനുള്ള വിവേകം കോൺഗ്രസ്സുകാർക്കുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

05-03-1992

## 152

# ഇരവിപുരം സംഘട്ടനം

ഇരവിപുരത്ത് ഈസ്റ്റർ ആഘോഷത്തിനിടയിൽ രണ്ടു വിഭാഗങ്ങൾ തമ്മിൽ-അതേ ക്രൈസ്തവരും ഹിന്ദുക്കളും തമ്മിലുണ്ടായ സംഘട്ടനം- കേരളത്തിലെ സകല ജനങ്ങളേയും ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. മത സൗഹാർദ്ദത്തിന് കേൾവികേട്ട ഈ പുണ്യഭൂമിയിൽ ഇത് സംഭവിക്കരുതായിരുന്നു. സംഭവിച്ചെങ്കിൽ അതിന്റെ പേരിൽ എരിതീയിൽ എണ്ണയൊഴിക്കരുതായിരുന്നു. സംഘട്ടനം രാഷ്ട്രീയ മുതലെടുപ്പിന് വേണ്ടി വിനിയോഗിക്കരുതായിരുന്നു.

ഇരവിപുരം സെന്റ് ജോൺസ് പള്ളിയിലെ ഈസ്റ്റർ കർമ്മങ്ങളും ചെട്ടിനാട് ഭഗവതി ക്ഷേത്രത്തിലെ ഉത്സവാഘോഷവും ഒരേ സമയത്ത് നടത്തുന്നതു സംബന്ധിച്ച് പോലീസിന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതോടെയാണ് കലാപത്തിന് തിരികൊളുത്തിയത്. ലത്തീൻ ക്രമമനുസരിച്ച് 11 മണിക്കാണ് ഈസ്റ്റർ തിരുക്കർമ്മങ്ങൾ ആരംഭിക്കേണ്ടത്. അതുകൊണ്ട് ചെട്ടിനാട് ഭഗവതിക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ഉള്ള മൈക്കിന്റെ ഉപയോഗം 11 മണിക്ക് നിർത്തിക്കൊള്ളാമെന്ന് ക്ഷേത്രാധികാരികൾ സമ്മതിച്ചിരുന്നു. ഉച്ചഭാഷിണി ഉപയോഗം നിർദ്ദിഷ്ടസമയത്ത് നിറുത്താത്തതിന്റെ പേരിൽ ഉണ്ടായ വാക്കുതർക്കം സംഘട്ടനത്തിലേയ്ക്കും വെടിവെപ്പിലേയ്ക്കും വരെ നയിച്ചു.

സംഭവസ്ഥലത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്നുവെന്നും പോലീസ് എത്തിച്ചേരണമെന്നും പോലീസ് സ്റ്റേഷനിലേയ്ക്ക് സന്ദേശം കൊടുത്തിട്ടും വളരെ വൈകിയാണ് പോലീസ് എത്തിയത്. സമാധാനപാലനത്തിനായി മുന്നോട്ടു വന്ന വികാരി ഫാ. പീററർ മണികുററിയേയും ഫാ. തോമസ് പെരുനിലത്തേയും പോലീസ് മർദ്ദിച്ചു. നിരപരാധികളായവരുടെ പേരിൽ കള്ളക്കേസുകൾ എടുക്കുവാൻ പോലീസ് ബാഹ്യസമ്മർദ്ദങ്ങളിലേർപ്പെട്ട് ശ്രമിക്കുകയാണിന്ന്.

www.malankaralibrary.com

89 കത്തോലിക്കാഭവനങ്ങൾ ചുട്ടുചാമ്പലാക്കി. സെന്റ് ജോർജ്ജിന്റെയും സെന്റ് സെബാസ്റ്റ്യന്റെയും നാമധേയത്തിലുള്ള രണ്ടു കപ്പേളകൾ കത്തിക്കുകയും തകർക്കപ്പെടുകയും ചെയ്തു. വി. ഗീവർഗീസിന്റേയും വി. സെബസ്ത്യാനോസിന്റേയും രൂപങ്ങൾ തകർക്കപ്പെട്ടു. വേളാങ്കണ്ണിമാതാവിന്റെ നാമധേയത്തിലുള്ള ഷ്റൈനിന്റേയും ഫാത്തിമാമാതാകോളേജിന്റെയും മുമ്പിലുള്ള ഓലമേഞ്ഞ പന്തലുകൾ ചുട്ടുകരിച്ചു. ശ്രീ. ഭഗവതീക്ഷേത്രത്തിനും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഏതാണ്ട് 6 ലക്ഷം രൂപയുടെ നഷ്ടമാണ് ക്രൈസ്തവഭവനങ്ങളും കുരിശടികളും നശിപ്പിക്കപ്പെട്ടതിന്റെ പേരിൽ ഉണ്ടായിരിക്കുന്നത്.

സംഘട്ടനത്തിന്റെയും വിദ്വേഷത്തിന്റെയും പാത ഉപേക്ഷിച്ച് സമാധാമാന്തരീക്ഷം സ്ഥാപിക്കാൻ ശ്രമിക്കേണ്ട നേതാക്കൾ ഹർത്താലചരിച്ച് എരിതീയിൽ എണ്ണ ഒഴിക്കാനാണ് ശ്രമിച്ചത്. നാടാകെ പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ച് വർഗ്ഗീയവിദ്വേഷം വളർത്തുന്നതിന് ഉതകുന്ന വിധത്തിലുള്ള പ്രസംഗങ്ങളാണ് നടത്തിയത്.

ജനവികാരം ഇളക്കിവിടാനുള്ള ഒരു ശ്രമവും സംഘട്ടത്തിനുശേഷം പോലും കത്തോലിക്കരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നുള്ളത് ആശ്വാസകരമാണ്. ഇവിടുത്തെ സുസംഘടിതമായ കത്തോലിക്കാ സമൂഹത്തിന് വേണമെങ്കിൽ നാടാകെ പ്രതിഷേധയോഗങ്ങളും വിശദീകരണ പ്രസംഗങ്ങളും നടത്താമായിരുന്നു. എങ്കിൽ എന്താണ് സംഭവിച്ചതെന്ന് ലോകം അറിയുമായിരുന്നു. സത്യം ജനങ്ങൾ ഗ്രഹിക്കുമായിരുന്നു. അതിനൊന്നും ശ്രമിക്കാതെ സമാധാനത്തിന്റെ സന്ദേശവുമായി മാത്രം നീങ്ങിയ കത്തോലിക്കർ സമാധാന ശ്രമങ്ങൾക്ക് നൽകിയ സംഭവന വിലപ്പെട്ടതുതന്നെയാണ്.

ചില പ്രസിദ്ധീകരണങ്ങൾ കത്തോലിക്കരുടെ മേൽ മുഴുവൻ കുററം ആരോപിച്ചപ്പോഴും ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും ക്രൈസ്തവ നേതാക്കളും മൗനം അവലംബിച്ചു. ഈ നയം ഒരു ബലഹീനതയായി ആരും കാണരുത്. സമാധാനമാണ് നമുക്ക് ലോകത്തിനു നൽകുവാനുള്ള സന്ദേശം. ആ ലക്ഷ്യം വച്ചുകൊണ്ട് ക്രൈസ്തവർ പ്രവർത്തിക്കുന്നുവെന്നു മാത്രം മനസ്സിലാക്കുക.

ഇരവിപുരം എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം സന്ദർശിച്ചു.

ഇരവിപുരത്ത് സംഘടനമുണ്ടായ സ്ഥലങ്ങൾ എല്ലാം എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റവും മുൻട്രഷറർ ആന്റണി വള്ളമറ്റവും സന്ദർശിച്ചു. ഇരുവരും കൊല്ലം മെത്രാസനമന്ദിരത്തിൽ എത്തി വികാരി ജനറൽ മോൺ റൊസാരിയേയും ലാറ്റിൻ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് ജോർജ്ജ് തെക്കയത്തിനെയും മുൻ മന്ത്രി ബി വെല്ലിംഗ്ടണിനെയും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

05-05-1992

www.malankaralibrary.com

# 153
# വിദ്യാലയ രാഷ്ട്രീയം

വിദ്യാലയങ്ങൾ ജൂൺ ഒന്നിന് തുറന്ന് പ്രവർത്തനം ആരംഭിച്ചു. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ വിദ്യാലയങ്ങളിലേയ്ക്ക് പുറപ്പെട്ടതോടെ നാട്ടിൻപുറങ്ങളും പട്ടണപ്രദേശങ്ങളും സജീവമായി. യാത്ര തന്നെ ബുദ്ധിമുട്ടായി. സ്കൂൾ തുറന്നതോടെ മിക്ക വിദ്യാലയങ്ങളുടേയും മുമ്പിൽ രാഷ്ട്രീയ പാർട്ടികളുടെ പോഷകസംഘടനകളായ വിദ്യാർത്ഥിസംഘടനകളുടെ പതാകകൾ പാറിക്കളിക്കുകയാണ്. വിദ്യാർത്ഥികൾക്ക് സ്വാഗതമോതിക്കൊണ്ടുള്ള ബാനറുകൾ സ്ഥലം പിടിച്ചുകഴിഞ്ഞു. ഇനി വരുന്ന ദിവസങ്ങൾ ഒരു പക്ഷേ സമരകോലാഹലങ്ങൾ നിറഞ്ഞതാകാം. വിദ്യാർത്ഥിസമരങ്ങൾ മൂലം എത്ര അദ്ധ്യയനദിവസങ്ങൾ കഴിഞ്ഞവർഷങ്ങളിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന വസ്തുത നമ്മെ ഇരുത്തിചിന്തിപ്പിക്കേണ്ടതാണ്.

സ്ക്കൂൾ വിദ്യാർത്ഥികളെ രാഷ്ട്രീയക്കാർ ചൂഷണംചെയ്യുന്നതിന്റെ ഫലമാണിതെന്ന് നിസ്സംശയം പറയാവുന്നതാണ്. സ്ക്കൂൾ വിദ്യാർത്ഥികളെ രാഷ്ട്രീയക്കാരുടെ ചൂഷണത്തിൽ നിന്നും വിമുക്തമാക്കുവാൻ അദ്ധ്യാപകർക്ക് കഴിയാതെപോയത് എന്തുകൊണ്ടാണെന്ന് അദ്ധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരും ചിന്തിക്കണം. ഏതൊരു വ്യക്തിയേയും പോലെ വിദ്യാർത്ഥിയും അംഗീകാരവും നേതൃത്വവും ആഗ്രഹിക്കുന്നുണ്ട്. ആ അംഗീകാരവും നേതൃത്വവും അദ്ധ്യാപകരിൽ നിന്നും വേണ്ടത്ര ലഭിക്കാതെ പോയപ്പോൾ, ആ അംഗീകാരവും നേതൃത്വവും അംഗീകരിക്കുവാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറായി. വിദ്യാർത്ഥികൾ അവരുടെ പിന്നാലെപോയി.

വിദ്യാർത്ഥികളെ വിശ്വസിക്കണം. അവരുടെ നേതൃത്വവാസനയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. വിദ്യാലയം തങ്ങളുടേതാണെന്നും വിദ്യാലയത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളിൽ വൻകാര്യങ്ങൾ ചെയ്യാൻ തങ്ങൾക്കു ചുമതലയുണ്ടെന്നും വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്തണം. സ്ക്കൂളിലെ എല്ലാ പ്രവർത്തനങ്ങളും കുട്ടികളുമായി ആലോചിച്ചും സഹകരിച്ചും നടത്തണം. സ്ക്കൂൾ തങ്ങളുടേതാണെന്ന ബോദ്ധ്യം വന്നാൽ കുട്ടികൾ ഡസ്ക്കും ബഞ്ചും മേശയും നശിപ്പിക്കുവാൻ ശ്രമിക്കുകയില്ല. അവ സംരക്ഷിക്കുവാൻ തന്നെ പരിശ്രമിക്കും. സാഹിത്യസമാജത്തിന്റെ ഉദ്ഘാടനം ഇന്ന ദിവസം ഇന്നയാൾ നടത്തുമെന്ന് അദ്ധ്യാപകൻ പ്രഖ്യാപിക്കാതെ എന്നാണ് നടത്തേണ്ടതെന്നും ആരെക്കൊണ്ടാണ് നടത്തിക്കേണ്ടതെന്നും കുട്ടികളുടെ അഭിപ്രായം ആരാഞ്ഞ് തീരുമാനിച്ചാൽ കുട്ടികൾ അദ്ധ്യാപകരുടെ ഉള്ളംകയ്യിൽ തന്നെ ഇരിക്കും. രാഷ്ട്രീയക്കാരിൽ നിന്നും വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അംഗീകാരം അദ്ധ്യാപകനിൽ നിന്നും ലഭിച്ചാൽ വിദ്യാർത്ഥികൾ രാഷ്ട്രീയ പാർട്ടികളുടെ പിന്നാലെ പോവുകയില്ല. വിദ്യാലയരാഷ്ട്രീയത്തിന്റെ അതിപ്രസരത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്യും.

05-06-1992

www.malankaralibrary.com

# 154

# സഭയിലെ തീരുമാന സമിതികളിൽ

1968-ഡിസംബറിൽ കെ.സി.ബി.സി. വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരളസഭയിൽ എങ്ങിനെ നടപ്പാക്കാമെന്നുള്ളതിനെപ്പറ്റി ചർച്ച ചെയ്യുവാൻ ആലുവായിൽ ഒരു റീജയണൽ സെമിനാർ വിളിച്ചുകൂട്ടി. 24 വർഷം മുൻപു നടന്ന ആ സമ്മേളനത്തിന്റെ പല ശുപാർശകളും ഇന്നും നടപ്പിലാക്കിയിട്ടില്ലായെന്നുള്ളത് ദുഃഖകരമാണ്. നേതൃത്വം എന്ന വിഷയത്തെപ്പറ്റി നടന്ന റിപ്പോർട്ടിന്റെയും പഠനത്തിന്റെയും വെളിച്ചത്തിൽ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ സെമിനാർ ഏകകണ്ഠമായി അംഗീകരിച്ചു. സെമിനാർ തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് കെ.സി.ബി.സി. ഭാരവാഹികളും പ്രഖ്യാപിച്ചു. കേരളത്തിലെ അൽമായരെ സംബന്ധിച്ചിടത്തോളം – ഏറ്റം പ്രധാനമായ ഒരു ശുപാർശ താഴെ ചേർക്കുന്നു.

"സഭയിലെ എല്ലാ തീരുമാന സമതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിധിധ്യം നൽകിയും എല്ലാ രൂപതകളിലും ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും എ.കെ.സി.സി.യെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു."

ഈ തീരുമാനം ഏകകണ്ഠമായാണ് എടുത്തത്. കേരളത്തിലെ ലത്തീൻ – സിറിയൽ – മലങ്കര റീത്തുകളിൽപ്പെട്ടവർ ഏകകണ്ഠമായി എടുത്ത തീരുമാനമാണിത്. അന്ന് സെമിനാറിൽ സംബന്ധിച്ചവരിൽ പലരും സഭയിലെ നിർണ്ണായക ശക്തികളായി അന്ന് സെമിനാറിൽ സംബന്ധിച്ച പല വൈദികരും പിന്നീട് വൈദികമേലദ്ധ്യക്ഷന്മാരുമായി.

സെമിനാറിന്റെ ഏകകണ്ഠമായ തീരുമാനം പ്രാവർത്തികമാക്കുന്നതിൽ ആരും താല്പര്യം കാണിച്ചില്ല. സഭയിലെ ഏതെങ്കിലും ഒരു തീരുമാനസമിതിയിൽ എ.കെ.സി.സി.ക്കു പങ്കാളിത്തം നൽകിയില്ല. അൽമായരുടേതാണ് സഭ എങ്കിലും ആ സഭയിലെ സ്ഥാപനങ്ങളുടെ ഭരണ സമതികളിൽ യാതൊരു പങ്കാളിത്തവും എ.കെ.സി.സി.യ്ക്ക് നൽകിയില്ല എന്നുതന്നെയുമല്ല എല്ലാ ഇടവകകളിലും എ.കെ.സി.സി.യുടെ ശാഖകെട്ടിപ്പെടുക്കേണ്ടതിനുപകരം പുത്തൻ പുത്തൻ സംഘടനകൾ കെട്ടിപ്പെടുത്ത് സംഘടനയെ ശിഥിലമാക്കുവാനാണ് രൂപതാധികാരികൾ ശ്രമിച്ചത്.

1943-ൽ എ.കെ.സി.സി. കേരളത്തിലെ കത്തോലിക്കാ മാനേജ്മെന്റ് വക സ്കൂളുകളുടെ ഭരണസമിതികളിൽ അൽമായ സംഘടനയായ എ.കെ.സി.സി.ക്ക് പ്രാതിനിദ്ധ്യം നൽകുമെന്ന് ആവശ്യപ്പെട്ടിരുന്നു. ആരും അതു ശ്രദ്ധിച്ചില്ല. ചിലർ ആ ആവശ്യത്തെ പുച്ഛിച്ചുതള്ളിയെന്നതും വിസ്മരിക്കുന്നില്ല. 25 വർഷങ്ങൾക്കുശേഷം അതേ ആവശ്യം കെ.സി.ബി.സി. വിളിച്ചുകൂട്ടിയ റീജയണൽ സെമിനാരിൽ ഉന്നയിച്ചു. പിന്നെയും ഇതാ 25 വർഷമാകുവാൻ പോകുന്നു.

www.malankaralibrary.com

സ്കൂളിലെ നിയമനങ്ങൾ, അഡ്മിഷനുകൾ മുതലായവയിലെങ്കിലും അൽമായർക്കും അൽമായ സംഘടനകൾക്കും മതിയായ പ്രാതിനിദ്ധ്യം നൽകേണ്ടതില്ലേ. നൽകിയാൽ എന്താണ് കുഴപ്പം. എ.കെ.സി.സി.ക്ക് വേണ്ടത്ര അംഗീകാരവും തീരുമാനങ്ങൾ എടുക്കുന്ന സമതികളിൽ വേണ്ടത്ര പ്രാതിനിദ്ധ്യവും നൽകാൻ വിസമ്മതിക്കുന്നതുകൊണ്ടല്ലേ ശക്തമായ ഒരു സമുദായ നേതൃത്വം വളർന്നുവരാത്തത്? സമുദായ സ്നേഹികൾ തുറന്ന ചർച്ചകൾ നടത്തുകതന്നെവേണം.

05-07-92

## 155

# സ്വാതന്ത്ര്യദിനത്തിൽ

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ച ദിനമാണ് ആഗസ്റ്റ് 15. രണ്ടു നൂററാണ്ടുകളായി നീണ്ടുനിന്ന സ്വാതന്ത്ര്യസമരം വിജയിച്ചിട്ട് ആഗസ്റ്റ് 15-ന് 45 വർഷം പിന്നിടുകയാണ്. വിദേശമേധാവിത്വത്തിനെതിരെ പടപൊരുതി, ത്യാഗങ്ങൾ അനുഭവിച്ചവരും കാരാഗൃഹവാസമനുഭവിച്ചവരും വെടിയുണ്ടയുടെ മുൻപിൽ നിന്ന് പൊരുതി വീരമരണം വരിച്ചവരും സ്വപ്നം കണ്ട സ്വതന്ത്രഭാരതം എന്ന ആശയം സ്വാതന്ത്ര്യലബ്ധിയോടുകൂടി യാഥാർത്ഥ്യമായോ? ഇല്ലെന്നതാണ് സത്യം.

ഒരു രാജ്യത്തിന്റെ ചരിത്രത്തിൽ 45 വർഷക്കാലം എന്നുപറയുന്നത് നീണ്ട ഒരു കാലഘട്ടമൊന്നുമല്ലെങ്കിലും ജനങ്ങളുടെ മൗലികമായ കുറെ ആവശ്യങ്ങൾ എങ്കിലും നേടിയെടുക്കുവാൻ സാധിക്കേണ്ടതായിരുന്നു. ഇന്നും പട്ടിണി മരണം ഈ കൊച്ചുകേരളത്തിൽ നടമാടുകയാണ്. നഗ്നത മറയ്ക്കാൻ വസ്ത്രമില്ലാത്തവരും അന്തിയുറങ്ങാൻ പാർപ്പിടമില്ലാത്തവരും ലക്ഷക്കണക്കിനാണ്. ജനങ്ങൾക്കുവേണ്ടി സേവനം അനുഷ്ഠിക്കാൻ തയ്യാറായി നിൽക്കേണ്ട ഉദ്യോഗസ്ഥന്മാരും അവരെ നയിക്കേണ്ട ജനപ്രതിനിധികളും മന്ത്രിമാരും അഴിമതിയിലും സ്വജനപക്ഷപാതത്തിലും സ്വാർത്ഥതയിലും മുങ്ങിക്കുളിക്കുന്ന കാഴ്ചയാണ് നാം എവിടെയും ദർശിക്കുന്നത്.

രാഷ്ട്രീയക്കാരുടെ ലക്ഷ്യബോധമില്ലായ്മ, ദീർഘവീക്ഷണമില്ലായ്മ, ചില ചില്ലറ രാഷ്ട്രീയലാഭങ്ങൾക്കുവേണ്ടി നടത്തുന്ന കൂട്ടുകെട്ടുകൾ മുതലായവ ഇന്ത്യൻ ജനതയിൽ അസ്വസ്ഥത വളർത്തുകയും തത്ഫലമായി ജനങ്ങൾ അക്രമത്തിലേക്ക് നീങ്ങാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. രാഷ്ട്രീയ പാർട്ടികൾ തത്ത്വങ്ങളുടെയടിസ്ഥാനത്തിലല്ല മുന്നണികൾക്ക് രൂപം കൊടുക്കുന്നത്. തൽക്കാല രാഷ്ട്രീയലാഭം മുന്നിൽ കണ്ടുകൊണ്ടു മാത്രമാണ്. ഇന്ത്യൻ ജനാധിപത്യത്തിന് ഏററവും വലിയ ശാപവുമതാണ്.

ഏതൊരു സംസ്കാരത്തെയും ഉൾക്കൊള്ളാനും ഏതൊരു നൂതനാശയങ്ങളെയും ശ്രവിക്കാനും സന്മനസ്സുള്ള ഒരു സമൂഹമായിരുന്നു ഭാരതത്തിലുണ്ടായിരുന്നത്. അവർ ഇന്ന് ജാതിയുടെയും മതത്തിന്റെയും വർഗ്ഗ

www.malankaralibrary.com

ത്തിന്റെയും പ്രാദേശികത്വത്തിന്റെയും പേരിൽ തമ്മിൽത്തല്ലുകയും കഠാര മുനകളുമായി ഏററുമുട്ടുകയും ചെയ്യുന്ന ദയനീയകാഴ്ചയാണ് നാം എവിടെയും കാണുന്നത്.

അയോദ്ധ്യയിലും പഞ്ചാബിലും ആസ്സാമിലും കാഷ്മീരിലും എല്ലാം ഇന്ന് എന്താണ് നടക്കുന്നത്? മോസ്ക് പൊളിച്ച് ക്ഷേത്രം പണിയാനാണ് ഒരു വിഭാഗം ഒരുമ്പെടുന്നത്. കോടതിവിധികളെ ലംഘിക്കാൻ തന്നെ ഏതാനും അതിവിപ്ലവകാരികൾ ആഹ്വാനം ചെയ്യുന്നു. ഹിമാചൽ ഗിരിശൃംഗങ്ങളിലെ ഗുഹാഗഹ്വരങ്ങളിലും താരകനിബിഡമായ അംബരസീമകളിലും ഈശ്വരനെ ത്തേടുന്ന സന്യാസിമാരാണ് ഭാരതസംസ്കാരത്തിന്റെ ശില്പികൾ. ആധുനിക ഭാരതത്തിന് വെളിച്ചം നൽകേണ്ട ഇന്നത്തെ സന്യാസികൾ പള്ളിപൊളിക്കാനും ജനങ്ങളെ തമ്മിൽ കലഹിപ്പിക്കുവാനുമാണ് ഇന്ന് ശ്രമിക്കുന്നത്. സ്വതന്ത്ര ഭാരതമേ കേഴുക; പ്രിയ നാടേ കേഴുക!

മനുഷ്യമനസ്സുകളെ ബന്ധിച്ചിട്ടിരിക്കുന്ന ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് വ്യക്തികളെ യഥാർത്ഥസ്വാതന്ത്ര്യത്തിലേക്ക് ആനയിക്കുവാൻ ഒരു പുതിയ വ്യവസ്ഥിതിക്ക് രൂപം കൊടുക്കുവാൻ ഈ സ്വാതന്ത്ര്യദിനവാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ നമുക്ക് പരിശ്രമിക്കാം.

05-08-1992

## 156

# അൽമായ കാഹളം

സീറോ മലബാർ അൽമായവേദിയുടെ മുഖപത്രമായി അൽമായകാഹളം എന്ന ഒരു പ്രസിദ്ധീകരണം പാലായിൽ നിന്നും ആരംഭിച്ചിരിക്കുന്നു. പണ്ഡിതനും പക്വമതിയും സഭയുടെ വിശ്വസ്തസേവകനുമായ പ്രൊഫ. കെ.വി. ജോസഫാണ് അൽമായകാഹളത്തിന്റെ മുഖ്യപത്രാധിപർ. പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനും നലംതികഞ്ഞ പ്രസംഗകനും സാമൂഹ്യപ്രവർത്ത കനുമായ ഡോ. സിറിയക്ക് തോമസാണ് മാനേജിംഗ് എഡിററർ. കറപുരളാത്ത രാഷ്ട്രീയപ്രവർത്തനത്തിന്റെ ഉടമയും അനീതിക്കെതിരെ പോരാടി കാരാഗൃഹവാസം അനുഷ്ഠിച്ച സ്വാതന്ത്ര്യസമരസേനാനിയും ആയ ആർ.വി. തോമസിന്റെ പുത്രനാണ് സിറിയക്ക് തോമസ്. പ്രമുഖ അൽമായരുടെ നേതൃത്വ ത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ബുള്ളററിൻ അൽമായരുടെ ഒരു ശബ്ദമായി ത്തീരട്ടെയെന്നാശംസിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം അൽമായന്റെ നിലയും വിലയും ഉയർന്നിരിക്കുകയാണ്. അൽമായരെ ദൈവജനമെന്നാണ് കൗൺസിൽ വിശേഷിപ്പിച്ചത്. അൽമായന്റെ കടമകളും ഉത്തരവാദിത്വങ്ങളും അവനെ ബോദ്ധ്യപ്പെടുത്തുവാനും ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുവാൻ പ്രാപ്തനാക്കു വാനും അൽമായകാഹളത്തിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഭയിൽ അൽമായർ ഉത്തരവാദിത്വങ്ങൾ ഏറെറടുക്കണമെന്നും സഭാസ്ഥാപനങ്ങളുടെ

www.malankaralibrary.com

ഭരണത്തിൽ തുല്യമായ ഉത്തരവാദിത്വങ്ങൾ അവരെ ഏല്പിക്കണമെന്നും കൗൺസിൽ ആഹ്വാനം ചെയ്തിട്ടുണ്ട്. കൗൺസിൽ തീരുമാനങ്ങൾ കേരളസഭയിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പററി ചർച്ച ചെയ്യുവാൻ 1968-ൽ ആലുവായിൽ കെ.സി.ബി.സി. വിളിച്ചുകൂട്ടിയ റീജിയണൽ സെമിനാർ ഇതു സംബന്ധിച്ചു പല ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്. കൗൺസിൽ സമാപിച്ചിട്ട് കാൽ നൂററാണ്ട് പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. റീജിയണൽ സെമിനാർ ശുപാർശകൾ സ്മരണികയിലൂടെ പ്രസിദ്ധം ചെയ്തിട്ട് 24 വർഷവും കഴിഞ്ഞിരിക്കുന്നു. ആ ശുപാർശകളിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്, ഇനി ഏതെല്ലാം നടപ്പാക്കാനുണ്ട്, ശുപാർശകൾ നടപ്പിലാക്കാതിരിക്കാനുള്ള സാഹചര്യങ്ങൾ എന്തെല്ലാം എന്നൊക്കെ അൽമായകാഹളം പരിശോധിക്കുകയും വേണ്ട നിവൃത്തിമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുകയും വേണം. കത്തോലിക്കാകോൺഗ്രസ്സും അതിന്റെ മുഖപത്രമായ ബുള്ളററിനും ആ വഴിക്ക് ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. തീർത്തും അൽമായരുടെ നേതൃത്വത്തിൽ രൂപംകൊണ്ട അൽമായ കാഹളത്തിനും ഈ രംഗത്ത് വലിയ സംഭാവന നൽകുവാൻ സാധിക്കുമെന്നാണ് എന്റെ പൂർണ്ണവിശ്വാസം.

അൽമായ കാഹളത്തിൽ ഡോ. സിറിയക്ക് തോമസ് എഴുതിയിരിക്കുന്ന ഒരു കാര്യം നൂറു ശതമാനവും ശരിയാണ്. "സഭാകാര്യങ്ങളിൽ ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തമായിരുന്നു ഇവിടെ സീറോ-മലബാർ സഭയിൽ ഒരു കാലത്ത് അൽമായർക്കുണ്ടായിരുന്നത്". ആ ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തം പുനഃസ്ഥാപിക്കുവാൻ നമുക്ക് ശ്രമിക്കാം. അത് ആരോടും എതിർത്തിട്ടല്ല. ആരെയും കുററപ്പെടുത്തിയും വേണ്ട. അൽമായരെയും വൈദികരെയും രണ്ടു ചേരികളാക്കി അവർക്കിടയിൽ വൈരാഗ്യവും വർഗ്ഗവിദ്വേഷവും വളർത്തിയും വേണ്ട. പരസ്പരസ്നേഹത്തിലും വിശ്വാസത്തിലും നേടിയെടുക്കാവുന്ന കാര്യം മാത്രമാണ്.

ഡോ. സിറിയക്ക് തോമസ് എഴുതുന്നു "പ്രധാനമായ പള്ളിക്കാര്യങ്ങളൊക്കെ തീരുമാനിക്കപ്പെട്ടിരുന്നത് പള്ളിയോഗത്തിന്റെയും പൊതുധാരണയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നുവെന്നതാണ് അനിഷേദ്ധ്യമായ വസ്തുത. വൈദികാർത്ഥിപരിശീലനം പൂർത്തിയാക്കിക്കഴിയുമ്പോൾ അദ്ദേഹം പൗരോഹിത്യപദവിക്ക് യോഗ്യനാണോ എന്നതും സ്വന്തം ഇടവകയിലെ പള്ളിയോഗം തന്നെ പരിശോധിച്ചിരുന്നു. പള്ളിയോഗനിശ്ചയത്തിനു കൂടി വിധേയമായായിരുന്നു അന്നു ഗുരപ്പട്ടം നൽകിയിരുന്നത് എന്ന് ചുരുക്കം. ഇടവകഭരണമെന്നാൽ പള്ളിയുടെ സ്വത്തു മേൽനോട്ടം മാത്രമായിരുന്നില്ല. നമ്മുടെ പള്ളിയോഗങ്ങളെ പ്രായോഗികമായി ഉപദേശകസമിതികളുടെ നിലവാരത്തിലേയ്ക്ക് തരംതാഴ്ത്തുവാനുള്ള ശ്രമങ്ങൾക്കും അവർ തന്നെ തന്ത്രപൂർവ്വം മുൻകൈയെടുത്തു." ഡോ. സിറിയക് തോമസിന്റെ ഈ അഭിപ്രായം 100 ശതമാനം ശരിയാണ്. നമ്മുടെ സഭയുടെ തനിമ സംരക്ഷിക്കുവാനുള്ള ശ്രമത്തിൽ നാം ഏർപ്പെടുമ്പോൾ 16-ാം നൂററാണ്ടിന് മുൻപ് പള്ളിയോഗത്തിനുണ്ടായിരുന്ന പ്രാധാന്യവും പദവിയും വീണ്ടെടുക്കുവാനും കൂടി നാം ശ്രമിക്കണം. അതാണല്ലോ ഡോ.

www.malankaralibrary.com

സൂചിപ്പിച്ചിരുന്നതും.

ലത്തീൻ മെത്രാപ്പോലീത്തയായിരുന്ന മെനേസ്സിസ് 1599-ൽ വിളിച്ചു കൂട്ടിയ ഉദയംപേരൂർ സൂനഹദോസിൽ പോലും ഭൂരിപക്ഷം അൽമായരായിരുന്നു പങ്കെടുത്തിരുന്നത്. പോർട്ടുഗീസുഭരണാധികാരികൾപോലും അന്ന് സഭയിൽ അൽമായർക്കുണ്ടായിരുന്ന പദവിയെ ബഹുമാനിച്ചിരുന്നുവെന്നതിന് ഒരു തെളിവാണിത്. അങ്കമാലി പടിയോല എഴുതിവയ്ക്കുവാൻ കൂടിയ ഇടവകപ്രതിനിധികളുടെ യോഗത്തിലും ഭൂരിപക്ഷം അൽമായരായിരുന്നു. മാർ കരിയാററിയേയും പാറേമാക്കൽ ഗോവർണ്ണദോറെയും റോമിലേയ്ക്കയക്കാൻ പണം ഉണ്ടാക്കിയതും ഇവിടുത്തെ അൽമായരാണ്. ഈ യാഥാർത്ഥ്യങ്ങൾ നമ്മുടെ അൽമായരെ ബോദ്ധ്യപ്പെടുത്തിയാൽ മാത്രമെ ഉത്തരവാദിത്വത്തോടുകൂടി സഭയുടെ ഭരണകാര്യങ്ങളിൽ ഏർപ്പെടുവാൻ അൽമായർ തയ്യാറായി മുന്നോട്ടു വരികയുള്ളു.

കത്തോലിക്കാ സ്ഥാപനങ്ങളുടെ ഭരണസമിതികളിലും സഭയിലെ എല്ലാ തീരുമാനസമിതികളിലും അർഹമായ പങ്കാളിത്തം സമുദായ സംഘടനയ്ക്ക് നൽകണമെന്ന കെ.സി.ബി.സി. വിളിച്ചുകൂട്ടിയ റീജിയണൽ സെമിനാറിന്റെ ശുപാർശകൾ നടപ്പാക്കുന്നതടക്കം 16-ാം നൂററാണ്ടുവരെ കേരളസഭയിൽ അൽമായർക്ക് ഉണ്ടായിരുന്ന പ്രാധാന്യവും പദവിയും പവിത്രതയും സംരക്ഷിക്കുവാനും സ്നേഹത്തിന്റെയും പരസ്പരവിശ്വാസത്തിന്റെയും പാതയിലൂടെ നമുക്ക് ഒന്നിച്ച് മുന്നോട്ട് നീങ്ങാം.

ഇന്നത്തെ ഈ പ്രത്യേകകാലഘട്ടത്തിൽ അൽമായ പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യാനും പഠിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും നൂറ്നൂറ് പ്രസിദ്ധീകരണങ്ങൾ ഉദയം ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(ഡോ. സിറിയക് തോമസ് ചെയർമാനായി രൂപീകരിച്ച സീറോ-മലബാർ അൽമായ വേദിയുടെ മുഖപത്രമായിരുന്നു അൽമായകാഹളം. അൽമായ വേദിക്കും കാഹളത്തിനും ഒരു വർഷത്തെ ആയുസ്സുപോലും ഉണ്ടായില്ല.)

**157**

# സീറോ-മലബാർ സഭയിലെ അഭിപ്രായഭിന്നത

ആരാധനാക്രമം, ഭരണസംവിധാനം എന്നീകാര്യങ്ങളിൽ സീറോ-മലബാർ സഭയിൽ ഉണ്ടായിട്ടുള്ള അഭിപ്രായ ഭിന്നതയെ കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അത്യന്തം ഉൽക്കണ്ഠയോടെ വീക്ഷിക്കുന്ന പ്രമേയം അംഗീകരിച്ചു. പ്രസിഡന്റ് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റമാണ് പ്രമേയം അവതരിപ്പിച്ചത്. പ്രമേയത്തിൽ ഇപ്രകാരം പറയുന്നു.

ഒരേ വിശ്വാസവും ഒരേ മാമ്മോദീസായും ഒരേ കർത്താവും ഒരേ തലവനുമുള്ള ക്രൈസ്തവ സമൂഹം പരസ്പരം ഭിന്നിച്ചു നിൽക്കുന്നത് ശക്തി

www.malankaralibrary.com

ക്ഷയത്തിന് കാരണമാകും അനേക വർഷമായി നിലനിൽക്കുന്ന അഭിപ്രായ ഭിന്നത വിശ്വാസികളിൽ ഇടർച്ച വരത്തക്കവിധത്തിൽ പരസ്യമായി പുറപ്പെടുവിക്കുകയും പരസ്പരം തേജോവധം ചെയ്യുന്നവിധത്തിൽ മത്സരബുദ്ധിയോടെ സമുദായ നേതൃത്വം മുന്നോട്ടുനീങ്ങുകയും ചെയ്യുന്നതിൽ ഈ യോഗത്തിനുള്ള ദുഃഖം രേഖപ്പെടുത്തുന്നു. സീറോ-മലബാർ സഭയിൽ ഉണ്ടായിട്ടുള്ള എല്ലാ അഭിപ്രായഭിന്നതകളും എത്രയുംവേഗം വൈദീകമേലദ്ധ്യക്ഷന്മാരും അൽമായാ സംഘടനാ പ്രതിനിധികളും ഒന്നിച്ചിരുന്ന് ചർച്ച ചെയ്ത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കണം. പ്രശ്നപരിഹാരത്തിന് കൂടുതൽ സഹായകരമാകുന്ന വിധത്തിൽ സീറോ-മലബാർ സഭയ്ക്ക് എത്രയും വേഗം ഒരു തലവനെ നിയമിക്കണമെന്ന് പരിശുദ്ധ മാർപാപ്പായോടഭ്യർത്ഥിക്കണം.

പൊന്തിഫിക്കൽ കമ്മീഷൻ കേരളത്തിൽ വരുമ്പോൾ കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധികൾക്ക് മെമ്മോറാണ്ടം നൽകുവാൻ അവസരം നൽകണമെന്ന് പൊന്തിഫിക്കൽ കമ്മീഷനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

05-08-1992

## 158

# വർഗ്ഗീയ സംഘട്ടനങ്ങൾ

സർവ്വസമുദായ മൈത്രിക്ക് കേൾവികേട്ട ഒരു പ്രദേശമാണ് കേരളം. ഹിന്ദുവും, മുസൽമാനും, ക്രിസ്ത്യാനിയും ഏകോദരസഹോദരങ്ങളെപ്പോലെ നൂററാണ്ടുകൾ കഴിഞ്ഞുകൂടിയ ഒരു പുണ്യഭൂമി. ഉത്സവങ്ങളും പെരുന്നാളുകളും എല്ലാ മതവിഭാഗക്കാരും കൂടി സന്തോഷപൂർവ്വം ആഘോഷിച്ചിരുന്ന ഒരു നാട്. എന്നാൽ ഇന്ന് കേരളത്തിലെ സ്ഥിതി ആകെ മാറിയിരിക്കുന്നു. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിൽ വർഗ്ഗീയസംഘട്ടനങ്ങൾ വർദ്ധിച്ചുവരുന്നുവെന്നത് ലജ്ജാകരമാണ്. നാം നൽകിയ വിദ്യാഭ്യാസം സംഘട്ടന പ്രേരിതമായ വിദ്യാഭ്യാസമാണോ? എങ്കിൽ ലജ്ജിക്കുകതന്നെ.

ഈസ്റ്റർ ദിവസം ഇരവിപുരത്ത് ഒരുവർഗ്ഗീയ സംഘട്ടനം ഉണ്ടായി- ഹിന്ദുക്കളും ക്രൈസ്തവരും തമ്മിൽ. അതിൽ നിന്ന് രാഷ്ട്രീയ മുതലെടുപ്പു നടത്താനും ബന്ദും ഹർത്താലും പൊതുയോഗവും സംഘടിപ്പിച്ച് സമുദായമൈത്രിക്ക് വിഘാതം സൃഷ്ടിക്കുന്ന പ്രസംഗങ്ങൾ നടത്തി ജനവികാരം ഇളക്കിവിടുവാനുമാണ് ബി.ജെ.പി.യും. ആർ.എസ്സ്.എസ്സും. ശ്രമിച്ചത്. വികാരപരമായ ഒരു സമീപനവും കേരളത്തിൽ ഒരിടത്തും ഉണ്ടാകാതിരിക്കാൻ ക്രൈസ്തവർ പ്രത്യേകം ശ്രദ്ധിച്ചു. ക്രൈസ്തവരുടെ സമീപനം ബലഹീനതകൊണ്ടായിരുന്നില്ല. മറിച്ച് രാജ്യസ്നേഹം ഒന്നുകൊണ്ടുമാത്രമായിരുന്നു. ഇത്ര സമചിത്തതയോടെ പ്രശ്നത്തിൽ ഇടപെടുവാൻ ക്രൈസ്തവർക്കു മാത്രമേ സാധിക്കുകയുള്ളുവെന്ന് ഇരവിപുരം സംഭവവും അതിനുശേഷം നടന്ന സംഭവങ്ങളും തെളിയിച്ചുകഴിഞ്ഞു.

www.malankaralibrary.com

ഇക്കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുമുൻപ് തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഹിന്ദുക്കളും മുസ്ലീംങ്ങളും തമ്മിൽ സംഘട്ടനം ഉണ്ടായി. ക്രമസമാധാനനില അപകടത്തിലേക്കു നീങ്ങി. കേന്ദ്രഗവൺമെന്റിന്റെ പട്ടാളം വിമാനത്തിൽ വന്നിറങ്ങി റൂട്ട് മാർച്ച് നടത്തിയതിനുശേഷമാണ് രംഗം ശാന്തമായത്. സംഘട്ടനത്തിലും വെടിവയ്പിലും എത്ര ജീവൻ അപഹരിച്ചു? എത്ര കുടുംബങ്ങൾ അനാഥമായി? എത്ര ഭവനങ്ങൾ അഗ്നിക്കിരയാക്കി? ഈ കലാപത്തിന്റെ പേരിൽ എത്രകോടിരൂപയുടെ ദേശീയനഷ്ടമാണുണ്ടായത്. ഭക്ഷണമില്ലാതെ പട്ടിണികിടന്ന് മരിക്കുന്ന ഒരു രാജ്യത്താണ് ഇത് സംഭവിച്ചത് എന്നോർക്കണം.

പതിവിൻപടി പ്രതിപക്ഷ ഭരണപക്ഷ കക്ഷികളുടെ നേതൃയോഗം വിളിച്ചുകൂട്ടി. സമുദായ സൗഹാർദ്ദജാഥകൾ ജില്ലകൾതോറും സംഘടിപ്പിച്ചു. ഇതുകൊണ്ട് യഥാർത്ഥ സമാധാനം നിലവിൽ വന്നോ? എല്ലാ രാജ്യസ്നേഹികളും ഗൗരവപൂർവ്വം ചിന്തിക്കണം.

വർഗ്ഗീയ സംഘട്ടനങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുവാനാണ് നാം ശ്രമിക്കേണ്ടത്. ഈശ്വരന്റെ പേരിൽ ഈശ്വരവിശ്വാസികൾ തമ്മിൽ ഏററുമുട്ടുന്നത് ഒരിക്കലും ഭൂഷണമല്ല. ഈശ്വരനെ നാമെല്ലാവരും സ്നേഹിക്കുന്നു. അവിടുത്തെ സ്നേഹമാണ് നമ്മെ നയിക്കേണ്ടത്. നാമെല്ലാം മനുഷ്യരാണ്. ഈശ്വരന്റെ മക്കളാണ്. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ” എന്ന യേശുവിന്റെ ദിവ്യപ്രബോധനം ഭാരതജനതയുടെ കർണ്ണപുടങ്ങളിൽ ചെന്നടിക്കുമ്പോൾ മാത്രമേ ഇവിടെ സമാധാനം കൈവരികയുള്ളൂ.

05-08-92

## 159

# പിന്തുടർച്ചാവകാശനിയമം

കേരളത്തിലെ ക്രിസ്ത്യൻ പിന്തുടർച്ച സംബന്ധിച്ച് 1986-ലെ സുപ്രീം കോടതി വിധിമൂലമുണ്ടായിട്ടുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണം അതിനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനുള്ളതായി ലോകസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യൻ പിന്തുടർച്ചാ നിയമം ഇപ്പോൾ ക്രൈസ്തവർക്ക് മാത്രമാണ് ബാധകമായിട്ടുള്ളത്.

കുടുംബത്തിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യ അവകാശം ഉണ്ടെന്നവിധിയോട് ക്രൈസ്തവസമൂഹം പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഈ വിധിക്ക് 1951 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യം നൽകുന്നത് തിരുകൊച്ചി, കേരള, മദ്രാസ്, ഹൈക്കോടതി വിധികളുടെ അംഗീകാരമുണ്ടായിരുന്ന പിന്തുടർച്ചാ നിയമം പാലിച്ചുപോന്ന ക്രൈസ്തവ സമുദായത്തിന് ദോഷകരമാകും. മറ്റു സമുദായങ്ങൾക്കും ഇത് നിരവധി ബുദ്ധിമുട്ടുകളുണ്ടാക്കും. അക്കാ

www.malankaralibrary.com

ലത്തെ പണമിടപാടുകളും വസ്തുകൈമാറ്റങ്ങളും അസ്ഥിരപ്പെടും ഇതരസമുദായാംഗങ്ങൾ ക്രൈസ്തവരുമായി നടത്തിയ വസ്തു ഇടപാടുകളും അസാധുവാകും.

ഈ വിധിയെ തുടർന്ന് സാമ്പത്തിക സ്ഥാപനങ്ങൾ കൃഷികൾക്കും വ്യവസായങ്ങൾക്കും വസ്തു ഈടിന്മേൽ ക്രിസ്ത്യാനികൾക്ക് അവരോട് വസ്തു വാങ്ങിയവർക്കും വായ്പകൾ നിരസിക്കുന്നു. മുൻകാലങ്ങളിൽ എടുത്ത വായ്പകൾക്ക് കൂടുതൽ ഈടുകൾ ആവശ്യപ്പെട്ടു തുടങ്ങുകയും ചെയ്തിരിക്കുന്നു. കൃഷിഭൂമിയുടെ പൂർണ്ണമായ ഉടമാവകാശം തെളിയിക്കാൻ കഴിയാതെ വന്നിരിക്കുന്നതിനാൽ റബ്ബർ ബോർഡ് സബ്സിഡി നിഷേധിക്കുകയാണ്. ഇതെല്ലാം ആൺമക്കൾക്കും – പെൺമക്കൾക്കും ഒരുപോലെ ദോഷകരമാണ്. ഈ പശ്ചാത്തലത്തിൽ സുപ്രീംകോടതി വിധിയുടെ മുൻകാലപ്രാബല്യം റദ്ദാക്കാനുള്ള നിയമനിർമ്മാണം എത്രയും വേഗം ഗവൺമെന്റ് നടത്തണം. കോടതി വിധിയുടെ മറ്റൊരു ദോഷഫലം ഭീമമായ കോടതിഫീസ് നല്കി ക്രൈസ്തവരുടെ വിൽപ്പത്രങ്ങൽ പ്രൊബേറ്റ് ചെയ്യണമെന്നുള്ളതാണ്. പ്രൊബേറ്റ് നടപടികൾക്ക് വലിയകാലതാമസമുണ്ടാകും. ഇതര സമുദായങ്ങൾക്കില്ലാത്ത ഈ വ്യവസ്ഥ ക്രൈസ്തവർക്ക് ദോഷകരമാണ്.

## 160

# സ്നേഹിതരേ ഉണരുക

കേരളത്തിലെ സീറോ-മലബാർ സഭ ഇന്നൊരു പ്രതിസന്ധിയിലാണ്. ശ്രീയേശുക്രിസ്തുവിന്റെ ശിഷ്യരിൽ ഒരാളായ സെന്റ് തോമസ് സ്ഥാപിച്ച കേരളസഭ പല കാലഘട്ടങ്ങളിലും വിവിധ തരത്തിലുള്ള പ്രതിസന്ധികളെ നേരിടേണ്ടി വന്നിട്ടുണ്ട്. എ.ഡി. അഞ്ചാം നൂററാണ്ടുമുതൽ 1599 വരെ കൽദായ സഭ അയച്ചിരുന്ന മെത്രാന്മാരാണ് സുറിയാനിക്രിസ്ത്യാനികളെ ഭരിച്ചിരുന്നത്. 1599-മുതൽ പോർട്ടുഗീസ് ആധിപത്യം ഇവിടെ നിലനിന്നു. നാലു നൂററാണ്ടുകാലം നീണ്ടുനിന്ന ലത്തീൻ ആധിപത്യത്തിനെതിരെ ഇവിടുത്തെ സുറിയാനി സഭ പോരാടിക്കൊണ്ടിരുന്നു. അവരുടെ ലത്തീനീകരണ ശ്രമങ്ങളെ സഭ സർവ്വശക്തിയും ഉപയോഗിച്ചെതിർത്തു. ദീർഘ നാളത്തെ സമരത്തിനു ശേഷം സുറിയാനി സഭ വിജയം കണ്ടെത്തി. ആ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച ശക്തികേന്ദ്രം ഇവിടുത്തെ പ്രബുദ്ധരായ അത്മായരായിരുന്നു. സ്വയം ഭരണത്തിനുവേണ്ടി നിവേദനം സമർപ്പിക്കുവാൻ മാർ. കരിയാററിയേയും പാറേമാക്കൽ തോമ്മാ കത്തനാരേയും റോമിലേക്കയക്കാൻ തീരുമാനമെടുത്ത യോഗത്തിൽ പങ്കെടുത്തവരിൽ ബഹുഭൂരിപക്ഷവും അൽമായരായിരുന്നു. അവരെ റോമിലേക്കയക്കാനുള്ള പണം കണ്ടെത്തിയതും ഇവിടുത്തെ അൽമായരാണ്. ലത്തീൻ സിറിയൻ വിഭാഗങ്ങൾ തമ്മിൽ ദീർഘനാളായി നിലനിന്ന അഭിപ്രായവ്യത്യാസം ഇവിടുത്തെ ക്രൈസ്തവസമൂഹത്തിൽ ആഴത്തിലുള്ള വിടവുകൾ സൃഷ്ടിക്കുകയുണ്ടായി. പരസ്പര വിശ്വാസമില്ലാത്ത രണ്ടു സമൂഹങ്ങളായി ലത്തീൻ – സിറിയൻ വിഭാഗങ്ങൾ മാറുകയുണ്ടായി.

www.malankaralibrary.com

ക്രൈസ്തവർ തമ്മിൽ പരസ്പരം ഭിന്നിച്ചു നിന്നിരുന്ന സന്ദർഭത്തിൽ നമുക്ക് ലഭിച്ചുകൊണ്ടിരുന്ന പല അവകാശങ്ങളും നിഷേധിക്കപ്പെട്ട വസ്തുത നാം അറിഞ്ഞുപോലുമില്ല. എന്നാൽ നഷ്ടപ്പെട്ട അവകാശങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമം നടന്നു. അപ്പോൾപോലും ഒന്നിച്ചുനീങ്ങുവാൻ സാധ്യമല്ലാത്തവിധം ലത്തീൻ-സിറിയൻ വിഭാഗങ്ങൾ തമ്മിൽ അകന്നു കഴിഞ്ഞിരുന്നു. ഈ ഭിന്നിപ്പ് നമ്മുടെ ശക്തിക്ഷയത്തിന് കാരണമായി. അതിന്റെ ഫലമെന്തായിരുന്നുവെന്ന് നാം മനസ്സിലാക്കുക തന്നെ വേണം.

ലത്തീൻ-സിറിയൻ വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം വരുത്തിവച്ച വിനകളിൽനിന്നും നാം സാവധാനം കരകയറിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് ഒരു ശിക്ഷയെന്നോണം സീറോ മലബാർ സഭയിൽ പിളർപ്പിന്റെ വിത്തു പാകിയത്. അഞ്ചാറു വർഷക്കാലമായി രൂപംകൊണ്ട ലിററർജി പ്രശ്നം വരുത്തിവച്ച അപകടം എത്ര ഭീകരമാണെന്ന് ഭാവിചരിത്രകാരന്മാർ വിധിയെഴുതുക തന്നെ ചെയ്യും. ആരാധനാക്രമത്തിലുണ്ടായ അഭിപ്രായ വ്യത്യാസം ആരോപണപ്രത്യാരോപണങ്ങളിലേക്കും പരസ്യപ്രസ്താവനകളിലേക്കും നീങ്ങിക്കഴിഞ്ഞിരിക്കുന്നു. സമുദായനേതൃത്വം പരസ്പരം തേജോവധം ചെയ്യുവാൻ മത്സരബുദ്ധിയോടെ മുന്നോട്ടു നീങ്ങുകയാണ്. തന്റെ ശിഷ്യരുടെ കാലുകൾ കഴുകിക്കൊണ്ട് വിനയത്തിന്റെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശം മാനവരാശിക്ക് നല്കിയ ശ്രീയേശുവിന്റെ അനുയായികൾ -നമ്മുടെ അഭിവന്ദ്യസമുദായ നേതൃത്വം - ആരാധനാക്രമത്തിന്റെയും അധികാരത്തിന്റെയും പേരിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ എത്ര ലജ്ജാകരമാണ്.

ആഗോള കത്തോലിക്കാ സഭയിൽ പിളർപ്പിന്റെയോ അഭിപ്രായഭിന്നതയുടെയോ വിത്തു പാകാത്തവരാണ് അൽമായ സമൂഹം. ഒരു ശീശ്മ കെട്ടിപ്പടുക്കുവാനോ ഭിന്നിപ്പിന്റെ സ്വരം ഉയർത്തുവാനോ ഒരു അൽമായനും ഇന്നേവരെ ശ്രമിച്ചിട്ടില്ലെന്നത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. വിശ്വാസത്തിന്റെയും അധികാരത്തിന്റെയും ഒക്കെ പേരിൽ സമുദായനേതൃത്വം കാട്ടിക്കൂട്ടുന്ന വിക്രിയകൾ നമ്മെ പലപ്പോഴും വേദനിപ്പിച്ചിട്ടുണ്ട്.

സഭാമണ്ഡലത്തിൽ ഇന്ന് ഉണ്ടായിരിക്കുന്ന അപകടകരമായ സ്ഥിതിവിശേഷത്തെപ്പററി കൂട്ടായി ചർച്ച ചെയ്യാനും അഭിപ്രായ സമന്വയം ഉണ്ടാക്കുവാനും ഒരു വൈദികമേലദ്ധ്യക്ഷനും കാര്യമായ ശ്രമമൊന്നും നടത്തിയിട്ടില്ലെന്നുള്ളത് അങ്ങേയററം ദുഃഖകരമാണ്. തങ്ങളുടെ വാദമുഖങ്ങളെ പിന്താങ്ങുന്ന ഏതാനും ആളുകളെ വിളിച്ചുകൂട്ടി- അവരെ സമുദായ വക്താക്കളാക്കി ചിത്രീകരിച്ച് വിജയിക്കാമെന്ന - രാഷ്ട്രീയശൈലിയാണ് സമുദായനേതൃത്വവും സ്വീകരിക്കുന്നത്. ഇത് പ്രതിഷേധാർഹമാണ്.

ഈ സന്ദർഭത്തിൽ സഭാസ്നേഹികളായ അത്മായ സമൂഹം ഒററക്കെട്ടായി ഉണർന്നെഴുന്നേൽക്കുകതന്നെ വേണം. ഇന്ന് സഭയിൽ നിലവിലിരിക്കുന്ന യഥാർത്ഥ പ്രശ്നം എന്തെന്ന് പഠിക്കണം. ഭിന്നിച്ചു നിൽക്കുന്ന സഭാനേതൃത്വത്തെ ഒരു വട്ടമേശക്ക് ചുററുമിരുത്തി ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിന് ശ്രമിക്കുവാൻ നാമൊരു സമ്മർദ്ദഗ്രൂപ്പായി പ്രവർത്തിക്കണം. ഇന്ന്

www.malankaralibrary.com

അനാഥമായി നില്ക്കുന്ന സീറോ - മലബാർ സഭയ്ക്ക് എത്രയും വേഗം ഒരു സഭാ തലവനെ തരുവാൻ റോമിനോട് അഭ്യർത്ഥിക്കണം. ഈ വഴക്കിൽ യാതൊരു കക്ഷിയും ചേരാതെ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ച് പ്രവർത്തിക്കുവാനും ഒരു ധാർമ്മികശക്തിയായി നിലകൊണ്ട് സീറോ-മലബാർ സഭയെ രക്ഷിക്കുവാനും പ്രബുദ്ധരായ അൽമായർക്ക് സാധിക്കട്ടെയെന്നാശംസിക്കുന്നു. അതിനായി നമുക്കൊത്തൊരുമിച്ച് പ്രവർത്തിക്കാം. ജയ് ക്രൈസ്റ്റ്.

05-09-92

## 161

# കേരളഭരണം

ഐക്യജനാധിപത്യമുന്നണി കേരളഭരണം ഏറ്റെടുത്തിട്ട് 14 മാസങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. കേരളം ഭരിച്ചിരുന്ന ഇടതുജനാധിപത്യമുന്നണിയെ അമ്പെ പരാജയപ്പെടുത്തിക്കൊണ്ട് വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരമേറ്റെടുത്ത ഐക്യജനാധിപത്യമുന്നണി ഒരു സൽഭരണം കാഴ്ചവയ്ക്കുമെന്ന് ജനങ്ങൾ വിചാരിച്ചു. ഒരു സൽഭരണം പ്രതീക്ഷിച്ചുകൊണ്ടാണ് ജനങ്ങൾ ഐക്യജനാധിപത്യമുന്നണിയെ അധികാരത്തിലേറ്റിയത്. പക്ഷേ പ്രതീക്ഷകൾ ഫലമണിഞ്ഞില്ല.

മന്ത്രിസഭാരൂപീകരണം മുതൽ ഇന്നുവരെ ഘടകകക്ഷികൾ തമ്മിലും ഘടകകക്ഷിയിലെ ഗ്രൂപ്പുകൾതമ്മിലുമുള്ള മത്സരത്തിന്റെ റിപ്പോർട്ടുകളാണ് ജനങ്ങൾ കേൾക്കുന്നത്. ഇവിടുത്തെ ഭരണരംഗമാകെ സ്തംഭിച്ചിരിക്കുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന മട്ടിൽ കിട്ടിയ വകുപ്പുകൾ ഓരോരുത്തരും കൈകാര്യം ചെയ്യുന്നു. പരസ്പരം ചർച്ച ചെയ്തോ രാജ്യത്തിന്റെ പൊതുവായ താല്പര്യങ്ങൾ കണക്കിലെടുത്തോ ഒരു മന്ത്രിയും ഭരിക്കുന്നില്ല. ഭരണരംഗം സ്തംഭിച്ചിരിക്കുകയാണെങ്കിലും ഭരണചെലവുകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്.

ഭരണമുന്നണിയിലെ പ്രധാനകക്ഷിയായ കോൺഗ്രസ്സിലെ ഗ്രൂപ്പുവഴക്കാണ് ഇന്നത്തെ ഭരണസ്തംഭനത്തിനു പ്രധാന കാരണം. ഭരണം തുടങ്ങിയിട്ട് ഒരു വർഷമായിട്ടും കോർപ്പറേഷനുകളുടെ ചെയർമാന്മാരെ പോലും നിശ്ചയിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് എത്ര ഖേദകരമാണ്. കോൺഗ്രസ്സിലെ രണ്ടു ഗ്രൂപ്പുകൾ തമ്മിൽ സ്നേഹപൂർവ്വമായ ഒരു ചർച്ച നടത്തി പ്രശ്നം പരിഹരിക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇവിടുത്തെ ഭരണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുമായിരുന്നു. എതിർഗ്രൂപ്പിനെ തകർത്തേ അടങ്ങൂ എന്ന വാശിയാണ് ആദ്യമായി ഉപേക്ഷിക്കേണ്ടത്.

ഇന്നത്തെ നിലയിലാണ് തുടർന്നും ഭരണകക്ഷി ഭരിക്കാനാഗ്രഹിക്കുന്നതെങ്കിൽ 5 വർഷത്തിനുശേഷം നടക്കുന്ന തെരഞ്ഞെടുപ്പിൽ ഇന്നത്തെ ഭരണമുന്നണി വലിയ പരാജയം ഏററുവാങ്ങുകതന്നെ ചെയ്യും. ഇവിടുത്തെ ജനങ്ങളുടെ വികാരം മനസ്സിലാക്കാൻ സാധിച്ചിരുന്നുവെങ്കിൽ ഭരണകക്ഷിക്കാർ

www.malankaralibrary.com

നേരായവഴിക്ക് സഞ്ചരിക്കുവാൻ ശ്രമിക്കുമായിരുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കേരളത്തിൽ ഇത്രയും മോശമായ ഒരു ഭരണം ഒരു ഗവൺമെന്റും കാഴ്ചവെച്ചിട്ടില്ല. അഴിമതിയും സ്വജനപക്ഷ പാതവും കൊടികുത്തി വാഴുകയാണിവിടെ. വർഗ്ഗീയസംഘട്ടനങ്ങൾ കേരളത്തിൽ സ്വൈര്യജീവിതം അസാദ്ധ്യമാക്കിത്തീർത്തിരിക്കുന്നു.

കേരളത്തിലെ ഭരണതകർച്ചയെപ്പററി ഘടകകക്ഷികൾ പത്രപ്രസ്താവനകളിറക്കുന്നുണ്ടെങ്കിലും ക്രിയാത്മകമായി പ്രതികരിക്കുവാൻ അവരും തയ്യാറില്ലെന്ന് സമീപകാല സംഭവങ്ങൾ തെളിയിച്ചിരിക്കുകയാണ്. ഭരണപിശകുകളെ വിമർശിക്കുന്നുണ്ടെങ്കിലും ഭരണം കൈവിട്ട് പോകരുതെന്ന ചിന്ത മാത്രമാണ് അവർക്കും ഉള്ളത്. ഇന്നത്തെ ഈ രാഷ്ട്രീയ അനിശ്ചിതത്വത്തിന് ഒരു വിരാമമുണ്ടാക്കുവാൻ സകല ജനാധിപത്യവിശ്വാസികളും ഒന്നിച്ച് പ്രവർത്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു. അന്ധമായ രാഷ്ട്രീയചിന്ത ഉപേക്ഷിച്ച് രാജ്യതാല്പര്യം മുൻനിറുത്തി പ്രവർത്തിക്കുവാൻ ഓരോരുത്തരും തയ്യാറാകണം

05-09-92

## 162

# പൊന്തിഫിക്കൽ കമ്മീഷൻ

സീറോമലബാർ സഭയിലെ ഇന്നത്തെ പ്രശ്നങ്ങൾ നേരിട്ടു പഠിക്കുവാനും അവയുടെ പരിഹാരത്തിനു വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും പരിശുദ്ധപിതാവ് ഒരു കമ്മീഷനെ കേരളത്തിലേക്കയക്കുകയുണ്ടായി. കമ്മീഷൻ സെപ്തംബർ 4-ന് കേരളത്തിൽ എത്തിച്ചേരുകയും കേരളത്തിലെ എല്ലാ സീറോ മലബാർ രൂപതകളിലും പര്യടനം നടത്തിയതിനുശേഷം 24-ന് മടങ്ങിപ്പോവുകയും ചെയ്തു.

പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള വാർത്ത വന്നു ഏതാനും ദിവസങ്ങൾക്കകം കർദ്ദിനാൾ മാർ ആന്റണി പടിയറയുടെ നേതൃത്വത്തിൽ സീറോ മലബാർ സഭയിലെ സമാനമനസ്കരായ ബിഷപ്പുമാർ യോഗം ചേർന്ന് പൊന്തിഫിക്കൽ കമ്മീഷനെ നിയോഗിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ തീരുമാനത്തെ ഏകകണ്ഠമായി സ്വാഗതം ചെയ്തു. ബിഷപ്പുമാരെ കൂടാതെ വൈദികർ, സന്ന്യസ്തർ, അത്മായർ എന്നിവരിൽനിന്നുകൂടി തെളിവുകൾ ശേഖരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. സീറോ മലബാർ സഭയ്ക്ക് അനുകൂലമല്ലാത്ത നിലപാട് പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള ഒരംഗം കമ്മീഷനിലുണ്ടെന്നും അദ്ദേഹത്തെ കമ്മീഷനിൽ നിന്നും ഒഴിവാക്കണമെന്നു കൂടി മെത്രാന്മാരുടെ യോഗം ആവശ്യപ്പെട്ടു. റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷനിലെ ഉത്തരവാദപ്പെട്ട രണ്ടുപേർ പക്ഷപാതപരമായും

www.malankaralibrary.com

ഏകപക്ഷീയമായും പ്രവർത്തിക്കുന്നതായുള്ള ആരോപണം ഉന്നയിക്കുകയും ഇവരെ മാററണമെന്ന് മാർപ്പാപ്പായോട് അഭ്യർത്ഥിക്കുകയും ചെയ്തു. സെപ്ററംബറിൽ കേരളം സന്ദർശിക്കാനുള്ള കമ്മീഷന്റെ തീരുമാനം 2 മാസത്തേക്ക് നീട്ടി വയ്ക്കണമെന്ന് പിതാക്കന്മാർ അഭിപ്രായപ്പെട്ടു.

കമ്മീഷന്റെ കേരള സന്ദർശനം നീട്ടിവയ്ക്കാതെയും കമ്മീഷനിലെ ഒരംഗത്തെയും ഒഴിവാക്കാതെയും പൊന്തിഫിക്കൽ കമ്മീഷനംഗങ്ങൾ മുൻ പ്രഖ്യാപനമനുസരിച്ചുതന്നെ കേരളത്തിൽ എത്തി. തങ്ങൾ അവിശ്വാസം രേഖപ്പെടുത്തിയ അംഗത്തെ മാററാതെ കേരളത്തിലെത്തിയ കമ്മീഷനെ ബോയിക്കോട്ടു ചെയ്യുമെന്ന് ചിലരെങ്കിലും വിചാരിച്ചു. ഒന്നും സംഭവിച്ചില്ല. പൊന്തിഫിക്കൽ കമ്മീഷൻ പ്രവർത്തനത്തിൽ എല്ലാ മെത്രാന്മാരും സഹകരിക്കുകയുണ്ടായി.

കമ്മീഷന്റെ പ്രവർത്തനത്തെപ്പററിയും നിഷ്പക്ഷതയെപ്പററിയും മെത്രാന്മാർ വരെ അസംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി എന്നത് പ്രത്യേകം എടുത്തുപറയേണ്ടകാര്യമാണ്.

കേരളത്തിലെ സീറോമലബാർ സഭയിലെ ഭരണക്രമം, ആരാധനാക്രമം എന്നിവയെപ്പററിയുള്ള തർക്കങ്ങളെപ്പററി പഠിക്കാൻ ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിക്കണമെന്ന നിർദ്ദേശം അൽമായരുടെ ഭാഗത്തു നിന്നുമാണുണ്ടായത്. കമ്മീഷന്റെ പ്രവർത്തനത്തിൽ അൽമായർ തികച്ചും സംതൃപ്തരാണെന്നു പറയുവാൻ നിവൃത്തിയില്ല. ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിക്കണമെന്ന് അത്മായർ നിർദ്ദേശിച്ചത് വസ്തുനിഷ്ഠമായ ഒരു പഠനം നടത്തി പ്രശ്നപരിഹാരത്തിനു ശ്രമിക്കുമെന്നുള്ള ഉദ്ദേശ്യത്തിലായിരുന്നു. സ്വതന്ത്രവും നീതിപുർവ്വകവുമായ വിധത്തിൽ എല്ലാവർക്കും കമ്മീഷന്റെ മുമ്പിൽ അഭിപ്രായം പറയുവാനുള്ള അവസരം ലഭിക്കുമെന്ന് പ്രതീക്ഷിച്ചു. എല്ലാവരുടെയും അഭിപ്രായം അറിയിക്കുന്നതിനുള്ള അവസരം പല സ്ഥലത്തും നിഷേധിച്ചു എന്നുള്ളതാണ് യാഥാർത്ഥ്യം. ഓരോ രൂപതയിലേയും വൈദിക മേലദ്ധ്യക്ഷന്മാർ തങ്ങളുടെ താളത്തിനൊപ്പിച്ച് തുള്ളുന്നവരെ കമ്മീഷന്റെ മുമ്പിൽ അവതരിപ്പിക്കുകയും മെമ്മോറാണ്ടം സമർപ്പിക്കുവാൻ അനുവദിക്കുകയും ചെയ്തു. എതിരഭിപ്രായമുള്ളവരെ കമ്മീഷന്റെ മുമ്പിൽ കടത്തിവിടാതിരിക്കുവാനുള്ള എല്ലാ കരുക്കളും നീക്കുകയും ചെയ്തു. ഈ പ്രശ്നത്തിൽ സഭാ മേലദ്ധ്യക്ഷന്മാർ സ്വീകരിച്ച നയം അങ്ങേയററം ആക്ഷേപാർഹമാണ്. ഗ്രൂപ്പു രാഷ്ട്രീയം കളിക്കുന്ന അവസരവാദികളായ രാഷ്ട്രീയക്കാരേക്കാൾ തരംതാണ വിധത്തിൽ സഭാധികാരികൾ പ്രവർത്തിച്ചുവെന്ന് പറയേണ്ടിവന്നതിൽ ഞങ്ങൾ ദുഃഖിക്കുന്നു.

ഓരോ രൂപതയിലും വളരെ വർഷങ്ങളായി പ്രവർത്തിക്കുന്ന അത്മായ സംഘടനകളുണ്ട്. സമുദായ സംഘടനകളുമുണ്ട്. ആ സംഘടനകളുടെ അഭിപ്രായം കമ്മീഷനു മുമ്പിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം

www.malankaralibrary.com

സഭാദ്ധ്യക്ഷന്മാർ നൽകിയില്ല. അതേസമയം കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം ഉണ്ടായതിനുശേഷം പല രൂപതകളിലും പല സംഘടനകളും കെട്ടിപ്പടുക്കുകയും അവരെക്കൊണ്ട് കമ്മീഷനു മുമ്പിൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. ഒരു രൂപതയിൽ കമ്മീഷൻ അംഗങ്ങൾ ചെല്ലുന്നതിന്റെ തലേദിവസം ആ രൂപതയിൽ ഒരു അത്മായ സംഘടന രൂപീകരിച്ചെന്നും ആ സംഘടന കമ്മീഷന്റെ മുമ്പിൽ മെമ്മോറാണ്ടം സമർപ്പിച്ചുവെന്നും ഒരു പത്രത്തിൽ വാർത്ത വരുകയുണ്ടായി. ഈ വാർത്ത ശരിയാണെങ്കിൽ അത് എത്രയോ ലജ്ജാകരമാണ്! ഈ ഗ്രൂപ്പുകളി സമുദായത്തിന്റെ നന്മക്കു വേണ്ടിയോ? സ്വന്തം സ്ഥാനമാനങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയോ?

ഓരോ സമയത്തും സ്വാർത്ഥലാഭത്തോടുകൂടി സംഘടന കെട്ടിപ്പടുക്കുവാൻ ശ്രമിക്കുന്ന ഒരു പ്രവണത ഈ അടുത്ത കാലത്ത് വർദ്ധിച്ചു വരികയാണ്. ഇതു സമുദായത്തിന്റെ സംഘടിത ശക്തിക്ക് ക്ഷതം ഏല്പിക്കുകയാണ്. നമ്മുടെയ സമുദായത്തിന്റെ സ്ഥാപനങ്ങളുടെ നടത്തിപ്പ് മുഴുവൻ കൈകാര്യം ചെയ്യുന്ന നമ്മുടെ പിതാക്കന്മാർ വിചാരിച്ചാൽ ഒന്നല്ല ഒൻപത് സംഘടന ഇരുപത്തിനാലു മണിക്കൂർകൊണ്ട് കെട്ടിപ്പടുക്കുവാൻ സാധിക്കും. ഉദ്യോഗം പ്രതീക്ഷിക്കുന്നവരും സ്ഥലം മാററം, പ്രെമോഷൻ മുതലായവ ആഗ്രഹിക്കുന്നവരും, ഒരു മാനേജ്മെന്റ് കോട്ടായ്ക്കുവേണ്ടി പരക്കം പായുന്നവരും അങ്ങനെയുള്ള റെഡിമെയ്ഡ് സംഘടനകളിൽ ചേർന്ന് സ്വാർത്ഥതാല്പര്യത്തോടുകൂടി 'ചാടിക്കളിക്കുവാൻ' തയ്യാറാകും. അങ്ങനെയുള്ള അവസരവാദികളാണ് സഭയുടെ യഥാർത്ഥ ശത്രുക്കൾ എന്ന് മനസ്സിലാക്കാനുള്ള വിവേകം നമുക്കില്ലതാനും.

കമ്മീഷന്റെ തീരുമാനങ്ങളും ശുപാർശകളും എന്തുമാകട്ടെ. സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ ഒരു സമീപനത്തിന് നമ്മുടെ സഭാനേതൃത്വം തയ്യാറല്ലെന്ന് വ്യക്തമായിരിക്കുകയാണ്. സ്വതന്ത്രമായ പഠനത്തിനും ചർച്ചയ്ക്കും നാം സന്നദ്ധരല്ലെന്നും തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. ജനാധിപത്യയുഗത്തിൽ സഭയുടെ ഈ പ്രവർത്തനശൈലി നമുക്ക് ഭൂഷണമാണോയെന്ന് സഭാസ്നേഹികൾ ഉണർന്നു ചിന്തിക്കണം.

പൊന്തിഫിക്കൽ കമ്മീഷന് മുമ്പിൽ തെളിവുകൾ നല്കിയ സംഘടനകൾ എന്ന് രൂപീകരിച്ചുവെന്നും അവർക്ക് സംഘടനയുടെ പേരിൽ അഭിപ്രായം രേഖപ്പെടുത്തുവാനുള്ള ധാർമ്മിക അവകാശമുണ്ടോയെന്നും നാം ചിന്തിച്ചു നോക്കുക തന്നെ വേണം. പാറേമാക്കൽ ഗോവർണ്ണദോർ പരുഷമായ രീതിയിൽ ശക്തിയായി അന്നത്തെ സഭാനേതൃത്വത്തോട് പറഞ്ഞതുപോലെ നാമും പറയുവാൻ നിർബന്ധിതരാകുകയാണ്. ക്ഷമിക്കണം.

05-10-1992

www.malankaralibrary.com

## 163

# ഈ നാടിനെ രക്ഷിക്കാൻ ആർക്കുകഴിയും?

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് നാല്പത്തയഞ്ചു വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. വിദേശാധിപത്യത്തെ ഇന്ത്യയിൽ നിന്നും ആട്ടി ഓടിക്കുവാനും രാജാക്കന്മാരുടെ കൈകളിൽ നിന്നും അധികാരം ജനപ്രതിനിധികളുടെ കൈയ്യിലേയ്ക്ക് മാററിയെടുക്കുവാനും നിരവധി ത്യാഗങ്ങൾ സഹിച്ച മുൻ തലമുറകളുടെ കർമ്മനിരതമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് നാം സ്വാതന്ത്ര്യം നേടിയെടുത്തത്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ജനകീയ മന്ത്രിസഭകൾ അധികാരമേററു. അധികാരക്കൊതിപൂണ്ട ജനപ്രതിനിധികൾ കഴിഞ്ഞകാല കഷ്ടപ്പാടിന്റെ കഥകളെപ്പററി ചിന്തിക്കാതെ കാലുവാരലും തൊഴുത്തിൽകുത്തും മുഖ്യ തൊഴിലാക്കി മാററി. ഭാരതത്തിലെ വിവിധ സ്റേററുകളിൽ ആദ്യം മന്ത്രിസഭാപതനം ഉണ്ടായത് തിരു-കൊച്ചിയിലാണ് ഐക്യകേരളം രൂപീകരിക്കുന്നതുവരെ തിരു-കൊച്ചിയിൽ എത്ര മന്ത്രിസഭകൾ തകർന്നുവീണു. ആദർശത്തിന്റെയോ തത്വത്തിന്റെയോ പേരിലായിരുന്നില്ല ആ മന്ത്രിസഭകളുടെ പതനം. സ്വാർത്ഥത നിറഞ്ഞതും അവസരവാദപരവുമായ പ്രവൃത്തികളുമായിരുന്നു പ്രധാനകാരണം. 1956-ൽ കേരളം രൂപീകരിക്കപ്പെട്ടു. കേരളസംസ്ഥാനം രൂപീകരിക്കപ്പെട്ടിട്ട് 36 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ ന്യായമായി 7 മന്ത്രിസഭകൾ ഭരിക്കാനുള്ള കാലമേ ആയിട്ടുള്ളൂ. ജനാധിപത്യത്തിനുതന്നെ അപമാനം വരത്തക്കവിധത്തിൽ ഇവിടെ മന്ത്രിസഭകളെ മറിച്ചിടുകയും രാഷ്ട്രീയപാർട്ടികളെ പിളർക്കുകയും മുന്നണിസംവിധാനങ്ങളെ കാലുവാരുകയും ചെയ്ത് ഭരണം കുട്ടിച്ചോറാക്കി. ഐക്യകേരളം പിറന്നുവീണത് പ്രസിഡണ്ടു ഭരണത്തിലാണ്. അന്നുതൊട്ടിന്നുവരെ എത്രപ്രാവശ്യം പ്രസിഡണ്ടു ഭരണം ഈ കൊച്ചുസംസ്ഥാനത്ത് ഏർപ്പെടുത്തേണ്ടി വന്നു. ലജ്ജയോടുകൂടി മാത്രമേ കഴിഞ്ഞ കാലത്തെപ്പററി സ്മരിക്കുവാൻ കേരളീയർക്കു സാധിക്കുകയുള്ളൂ.

ഏകകക്ഷിഭരണം കേരളത്തിൽ സാദ്ധ്യമല്ലാതായി. തെരഞ്ഞെടുപ്പുവിജയം മാത്രം മുന്നിൽ കണ്ടുകൊണ്ട് രാഷ്ട്രീയപാർട്ടികൾ മുന്നണികൾ രൂപീകരിച്ച് തെരഞ്ഞെടുപ്പിനെ നേരിട്ടു. ഒരു തത്വത്തിന്റേയും പേരിലല്ലായിരുന്നു മുന്നണി രൂപീകരണം. അതുകൊണ്ടുതന്നെ മുന്നണി രൂപീകരിച്ച അന്നുതന്നെ അതിനെ പൊളിക്കാനുള്ള ശ്രമവും ആരംഭിച്ചു. ഭരണമുന്നണിയിലും പ്രതിപക്ഷമുന്നണിയിലും സ്ഥിതി ഇതുതന്നെയായിരുന്നു. കേരളത്തിൽ ഇന്നു നിലവിലുള്ള എല്ലാ രാഷ്ട്രീയപാർട്ടികളും ഏതെങ്കിലും മുന്നണിയിൽ നിന്നുകൊണ്ട് ഭരണം നടത്തിയിട്ടുണ്ട്. ആരു ഭരിച്ചാലും ഇവിടെ സ്വൈര്യതയില്ല. വിലകൾ വർദ്ധിക്കുന്നു, ക്രമസമാധാനനില തകരുന്നു, ഭരണയന്ത്രം ചലിക്കുന്നുമില്ല. ഈ രാഷ്ട്രീയ അനിശ്ചിതത്വം കണ്ട് ജനങ്ങൾ

www.malankaralibrary.com

അന്ധാളിച്ചിരിക്കുകയാണോ?

ഓരോ ഗവൺമെന്റ് അധികാരത്തിൽ കയറുമ്പോഴും ഒരു സൽഭരണം ജനങ്ങൾ പ്രതീക്ഷിക്കും. ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഉയർന്ന ഒരു സർക്കാരും കേരളത്തിൽ ഉണ്ടായിട്ടില്ല. ഇക്കഴിഞ്ഞ നായനാർ സർക്കാരിന്റെ ഭരണത്തിനുശേഷം ഒരു സൽഭരണം പ്രതീക്ഷിച്ചുകൊണ്ടാണ് ഐക്യജനാധിപത്യമുന്നണിയെ കേരളജനത വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിലേററിയത്. മാസങ്ങൾ പതിനഞ്ചുകഴിഞ്ഞിരിക്കുന്നു. മുമ്പത്തേക്കാളധികം രാഷ്ട്രീയമായ ഒരു അനിശ്ചിതത്വമാണ് ഇന്നിവിടെ കാണുന്നത്. സത്യം തുറന്നുപറഞ്ഞാൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കേരളജനത ഇത്രയും വലിയ ഒരു ദുർഭരണം കണ്ടിട്ടില്ല. ഭരണം കയ്യേററ അന്നുമുതൽ ഭരണകക്ഷികൾ തമ്മിൽ അകലാൻ തുടങ്ങി. പ്രധാനഭരണകക്ഷിയായ കോൺഗ്രസ്സ് ഐ., എ., തിരുത്തൽവാദി എന്നിങ്ങനെ തിരിഞ്ഞുനിന്ന് ശണ്ഠയും തുടങ്ങി. ഭരണത്തിൽ ആർക്കും താല്പര്യമില്ല. ഉദ്യോഗസ്ഥവൃന്ദത്തിന്റെ ചൂതാട്ടമാണെവിടെയും. അഴിമതിയും സ്വജനപക്ഷപാതവും വ്യാപകമായിരിക്കുന്നു. മുഖ്യമന്ത്രിയടക്കം മന്ത്രിമാർ പറയുന്ന ഒരു വാക്കിനും വിലയില്ലാതായിരിക്കുന്നു. ഇന്നു പറയുന്നത് നാളെ നിഷേധിക്കാൻ ആർക്കും മടിയില്ല.

കോൺഗ്രസ്സ് കക്ഷിയിലെ പ്രശ്നം എത്രയോ നേരത്തെ പറഞ്ഞുതീർത്ത് ഭരണം ഭംഗിയായി കൊണ്ടുപോകേണ്ടതായിരുന്നു. “അന്നു കഴിഞ്ഞാൽ ആണ്ടു കഴിഞ്ഞു'' എന്ന മനോഭാവമാണ് മുഖ്യമന്ത്രിക്ക്. ഗുരുതരമായ പ്രതിസന്ധിയുണ്ടാകുമ്പോൾ എന്തു വിട്ടുവീഴ്ചയും ചെയ്യാമെന്നു പറയും. ആ പ്രതിസന്ധി മാറുന്നതിനുമുമ്പേതന്നെ അതിനെതിരെ നിലപാട് പ്രഖ്യാപിക്കുകയും ചെയ്യും. തെന്നില കമ്മറ്റി രൂപീകരണം – പിന്നെ ആ കമ്മറ്റിയെ തള്ളിപറഞ്ഞത് – തെന്നില കമ്മറ്റി പുനർജീവിപ്പിക്കാനുള്ള ശ്രമം നടന്നത് – അതിനുശേഷം അതിനെ തകർത്തത്. ഇങ്ങനെ എത്രയെത്ര അനുഭവങ്ങൾ.

സൂചികൊണ്ട് എടുക്കാവുന്നത് തൂമ്പാകൊണ്ട് മാത്രമേ നമ്മുടെ മുഖ്യമന്ത്രി എടുക്കുകയുള്ളു. മുഖ്യമന്ത്രിയും മന്ത്രിമാരും പറയുന്നത് ജനങ്ങൾ പുച്ഛത്തോടുകൂടിയാണ് വീക്ഷിക്കുന്നത്. അതുപോലും മനസ്സിലാക്കുവാനുള്ള കഴിവ് ഈ പ്രതിനിധികൾക്ക് ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

കേരളം കണ്ടതിൽവച്ച് ഏറ്റം വലിയ ദുർഭരണം നടത്തുന്ന ഈ ഗവൺമെന്റിനെ നിലയ്ക്കു നിറുത്താനും ഈ രാജ്യത്തെ രക്ഷിക്കാനും ആർക്കും കഴിയും? ഈ ചോദ്യം ഇന്നു നമ്മുടെ മുന്നിൽ ഉയർന്നു നില്ക്കുകയാണ്.

ഭരണം നടത്തുന്നവർ ചില ചില്ലറ സ്വാർത്ഥ ലാഭത്തിനുവേണ്ടി വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുകയാണ്. പ്രതിപക്ഷവും ഇക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. ഈ ഭരണം ഇനിയും ഇതേരീതിയിൽ തുടർന്നാൽ വർഗ്ഗീയ സംഘർഷം വർദ്ധിക്കുമെന്നതിൽ സംശയിക്കേണ്ട. ഗ്രൂപ്പുവഴക്കുകൾക്കും മുന്നണിവഴക്കുകൾക്കും താല്ക്കാലിക വിജയമുണ്ടാക്കാൻ രാഷ്ട്രീയപ്പാർട്ടികൾ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്നത് എത്ര ക്രൂരതയാണ്.

www.malankaralibrary.com

കോർപ്പറേഷൻ ചെയർമാൻ സ്ഥാനം വച്ചുനീട്ടി രാഷ്ട്രീയ വിലപേശൽ നടത്തുന്ന ഈ ഭരണത്തോളം അധഃപതിച്ച ഒരു ഭരണം ഇനി ഇവിടെ ഉണ്ടാകുനുണ്ടോ? ഈ ദുഃസ്ഥിതിയിൽ നിന്നും കേരളത്തെ മോചിപ്പിക്കുവാൻ നമുക്ക് കടമയില്ലേ? ആ കടമ ഏറ്റെടുക്കുവാൻ ഓരോ കേരളീയനും മുന്നോട്ടു വരിക തന്നെ വേണം.

05-11-92

## 164

# മണ്ഡൽ കമ്മീഷൻ

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഭാരതത്തിലെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് 27 ശതമാനം ജോലി സംവരണം ഏർപ്പെടുത്തിക്കൊണ്ടി വി.പി.സിംഗ് പുറപ്പെടുവിച്ച നടപടി ശരിയായിരുന്നവെന്ന് സുപ്രീം കോടതിവിധിമൂലം തെളിഞ്ഞിരിക്കുകയാണ്. മുന്നോക്കവിഭാഗങ്ങളുടെ പ്രീതി ആർജ്ജിക്കുന്നതിനുവേണ്ടി നരസിംഹറാവു നിർദ്ദേശിച്ച 10 ശതമാനം സാമ്പത്തിക സംവരണം സുപ്രീം കോടതി തള്ളിക്കളഞ്ഞതോടെ സാമ്പത്തിക മാനദണ്ഡം കണക്കിലെടുത്തല്ല ജോലിസംവരണം ഏർപ്പെടുത്തിയതെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ് ചെയ്തിരിക്കുന്നത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് സുപ്രീംകോടതി ശരിവച്ചതോടെ ഇവിടുത്തെ പിന്നോക്കവിഭാഗങ്ങൾ ആഹ്ലാദചിത്തരാണ്. ഈ സന്ദർഭത്തിൽ പിന്നോക്കജനവിഭാഗങ്ങൾക്കുള്ള ആനന്ദത്തിൽ പങ്കുചേരുവാനുള്ള സന്മനോഭാവം എല്ലാ ഭാരതീയരും പ്രദർശിപ്പിക്കേണ്ടതാണ്.

മണ്ഡൽകമ്മീഷൻ റിപ്പോർട്ടിനെ ആദ്യംമുതലേ പിന്താങ്ങുകയും കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുകയും ചെയ്യണമെന്ന് വാദിച്ച ഒരു സംഘടയാണ് അഖിലകേരളാകത്തോലിക്കാകോൺഗ്രസ്സ്. സുപ്രീംകോടതി വിധിയിൽ കോൺഗ്രസ്സ് പ്രവർത്തകർ ആനന്ദിക്കുന്നു, ആഹ്ലാദിക്കുന്നു. പിന്നോക്കജനവിഭാഗങ്ങൾക്ക് കോടതിവിധിമൂലം ലഭിച്ച അവകാശങ്ങൾ എത്രയുംവേഗം നടപ്പിലാക്കണമെന്ന് ഞങ്ങൾ കേന്ദ്രഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു.

05-12-1992

## 165

# വഞ്ചിക്കപ്പെട്ട രാഷ്ട്രം

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏററവും ദുഖഃപൂർണ്ണമായ ദിനമാണ് ഡിസംബർ 6. നൂററാണ്ടുകളായി ഇവിടെ നിലനിന്നുപോന്ന മതേതരത്വത്തിന് ഇതിൽപരം ആഘാതമേററ മറെറാരു ദിവസമില്ല. ബാബറി മസ്ജിദിന് കേടുവരുത്തിയവർ നൂററാണ്ടുകളായി ഭാരതം കൈമോശം വരാതെ കാത്തുസൂക്ഷിച്ച തത്ത്വങ്ങളും മൂല്യങ്ങളുമാണ് നശിപ്പിച്ചത്. ഇന്ത്യൻ

www.malankaralibrary.com

സ്വാതന്ത്ര്യസമരത്തിന് ധീരനായകത്വം വഹിച്ച മുന്നണിപ്പോരാളികളും ഭാരതത്തിലെ ജനകോടികളും നനച്ചുവളർത്തിയ മൂല്യങ്ങൾക്കുമാണ് ഇവിടെ ക്ഷതമേററിരിക്കുന്നത്. രാഷ്ട്രപതി ഡോ.ശങ്കർ ദയാൽ ശർമ്മ പറഞ്ഞതു പോലെ 'എല്ലാ മതവിഭാഗങ്ങളേയും ഒരേ പോലെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന സനാതന ധർമ്മമാണ് ഇവിടെ തകർന്നുവീണത്.'

ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനെത്തുടർന്ന് അന്താരാഷ്ട്രലവലിൽ ഉണ്ടായിട്ടുള്ള പ്രതികരണം വിലയിരുത്തുവാൻ നാം തയ്യാറാകണം. ഒരു രാഷ്ട്രീയപാർട്ടിയുടെ മതഭ്രാന്തുമുഖാന്തിരം ഇന്ത്യയുടെ സൽപ്പേരും അന്താരാഷ്ട്ര മാന്യതയുമൊക്കെ കളഞ്ഞുകുളിച്ചിരിക്കുന്നു. ഇന്ത്യയുടെയും ഹിന്ദു സമുദായത്തിന്റെയും പ്രതിച്ഛായ ഇത്രമേൽ തകർന്ന അവസര മുണ്ടായിട്ടില്ല. 1947-ൽ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ വിഭജിച്ചപ്പോൾ ഈ മണ്ണിൽ തുടർന്ന ലക്ഷക്കണക്കിന് മുസ്ലീംകളുണ്ട്. തങ്ങളുടെ സ്വന്തപ്പെട്ട വരെല്ലാം പാക്കിസ്ഥാനിലേയ്ക്ക് പലായനം ചെയ്തപ്പോഴും ഹിന്ദുസഹോദര ന്മാരിലും ഇന്ത്യൻ വ്യവസ്ഥിതിയിലും വിശ്വാസമർപ്പിച്ചുകൊണ്ട് ഇവിടെ കഴിയാ നാഗ്രഹിച്ചവരാണവർ. പക്ഷേ അവരുടെ വിശ്വാസം ഇന്ന് അസ്ഥാനത്തായി. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ കൊലപ്പെടുത്തിയതിനെ ന്യായീകരിക്കുന്നവരാണ് ബി.ജെ.പി.യിലെ പല അംഗങ്ങളും. രാജ്യമൊട്ടാകെ ചോരപ്പുഴയൊഴുക്കി രണ്ടുവർഷം മുമ്പ് അഡ്വാനി നടത്തിയ രഥയാത്രയും നിരവധി അക്രമസംഭവങ്ങളുടെ അകമ്പടിയോടെ മുരളിമനോഹർജോഷി ഈ വർഷം ആദ്യം നടത്തിയ ഏകതായാത്രയും വോട്ടിൽ കണ്ണുവെച്ചുകൊണ്ടു മാത്രമുള്ളതായിരുന്നു. ഇത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കു മെതിരെയുള്ള പ്രവർത്തനങ്ങൾ തന്നെയാണ്.

സുപ്രീംകോടതി ഉത്തരവുതന്നെ കാററിൽ പറത്താൻ ഒരു സംസ്ഥാന സർക്കാർ നേതൃത്വം നൽകിയെന്നതാണ് ഏററം അപകടകരം. രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിന്റെ ഉത്തരവുകൾ കാററിൽപറത്താൻ തെരഞ്ഞെടു ക്കപ്പെട്ട ഒരു സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമ്പോൾ, ഇവിടെ ജനാധിപത്യം തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്.

ബി.ജെ.പി. എന്തിനുവേണ്ടിയായിരുന്നു ഈ നടപടികൾക്ക് നേതൃത്വം നൽകിയത്. രാജ്യത്തിന്റെ ഭരണചക്രം തിരിക്കുവാനുള്ള അവകാശം നേടി ക്കൊടുക്കാൻ വേണ്ടി നടത്തിയ ഒരു കുറുക്കുവഴി മാത്രമായിരുന്നു ഇത്. അംഗീകാരമില്ലാത്ത അവസ്ഥയിൽപോലും കോടതിവിധിയെ ധിക്കരിക്കാൻ ശ്രമിച്ച ഈ പാർട്ടി അധികാരത്തിലേറിയാൽ കോടതിയെ അംഗീകരിക്കുമോ? ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുമോ?

ഇന്ത്യയുടെ മനസ്സിൽ യുഗങ്ങളോളം ജ്വലിച്ചു നിന്ന മതേതരചിന്തയുടെ ദീപാങ്കുരങ്ങൾ തച്ചുകെടുത്താൻ ഏതാനും പേരുടെ ഉന്മാദ നൃത്തങ്ങൾക്ക് സാധിച്ചിരിക്കുന്നു. മസ്ജിദിന്റെ ഒരു കല്ലിളകിയപ്പോൾ ഇവിടുത്തെ മുസ്ലീം ന്യൂനപക്ഷത്തിന്റെ അസ്തിത്വമാണ് ഇളകിയിരിക്കുന്നത് എന്ന് വിശ്വസിക്കു ന്നവർ ഉണ്ട്. പക്ഷേ അതല്ല ശരി. പള്ളിക്ക് ഇളക്കം തട്ടിയപ്പോൾ തകർത്തത് നമ്മുടെ മതേതര സങ്കല്പം തന്നെയാണ്.

www.malankaralibrary.com

വി.പി.സിങ്ങിന്റെ ഭരണകാലത്ത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ രാജ്യത്ത് എമ്പാടും കലാപമുണ്ടാക്കുവാൻ ശ്രമിച്ച സവർണ്ണാധിപത്യം തന്നെയാണ് ബാബറി മസ്ജിദ് തകർത്തത്.

ഈ വസ്തുത മനസ്സിലാക്കി ഭാരതത്തിന്റെ മതേതര ചിന്ത നിലനിർത്തുവാൻ ഇവിടുത്തെ ന്യൂനപക്ഷപിന്നോക്ക ജനവിഭാഗങ്ങൾ ഒന്നിച്ചണിനിരക്കേണ്ടിയിരിക്കുന്നു. ബി.ജെ.പി. രാജ്യത്തിന്റെ അധികാരം പിടിച്ചെടുക്കാൻ ഭൂരിപക്ഷവർഗ്ഗീയതയെ ചൂഷണം ചെയ്യുകയാണിന്ന്. ജനസംഖ്യയിൽ 74 ശതമാനത്തോളം വരുന്ന പിന്നോക്ക ജനവിഭാഗങ്ങൾക്ക് 27 ശതമാനം ജോലി സംഭരണം ഏർപ്പെടുത്തിയപ്പോൾ അതിനെതിരെ രാജ്യത്ത് സൃഷ്ടിച്ച കലഹം എത്ര പേരുടെ ജീവൻ അപഹരിച്ചു? ഇതെല്ലാം സവർണ്ണാധിപത്യത്തിന്റെ സൃഷ്ടികളാണ്.

ഈ രാജ്യത്ത് മതേതരത്വം നിലനിർത്താൻ, ശാന്തിയും സമാധാനവും എന്നേയ്ക്കുമായി നിലനിർത്താൻ സകല ഭാരതീയരും ഒററക്കെട്ടായി അണിനിരക്കണമെന്ന്, വർഗ്ഗീയവാദികളെ ഒററപ്പെടുത്തുവാൻ എല്ലാ ദേശസ്നേഹികളും മുന്നോട്ട് വരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

5-01-93

**166**

# കർഷകസമരത്തിന് പിന്തുണ

1977ന് മുൻപുള്ള കുടിയേററകർഷകർക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടി കർഷകർ നടത്തുന്ന ജനകീയ സമരങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ്സ് സമ്പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു. കഴിഞ്ഞ 14 വർഷമായി പട്ടയം ഉടൻ നൽകുന്നതാണെന്നുള്ള പ്രഖ്യാപനം തുടരെത്തുടരെ ഭരണകക്ഷി വക്താക്കളും ഗവൺമെന്റും നടത്തിക്കൊണ്ടിരുന്നിട്ടും അതിന്റെ നടപടിക്രമങ്ങൾ ഇതുവരെ ആയിട്ടില്ല എന്നത് ദുഃഖകരവും പ്രതിഷേധാർഹവുമാണ്. ഏപ്രിൽ 2 മുതൽ പട്ടയം നൽകിത്തുടങ്ങും എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ കർഷകസമരം നിറുത്തിവയ്ക്കണമെന്നുള്ള ജനപ്രതിനിധികളുടെ നിർദ്ദേശത്തോട് യോജിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ പട്ടയം ലഭിക്കുന്നതുവരെ കർഷകർ ശക്തമായ സമരം നടത്തുന്നതിൽ യാതൊരു തെററുമില്ലെന്ന് എ.കെ.സി.സി. ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. കക്ഷി രാഷ്ട്രീയപരിഗണനകൾക്കതീതമായി മലയോരകർഷകസമരത്തിന് സർവ്വവിധ പിന്തുണയും എ.കെ.സി.സി. വാഗ്ദാനം ചെയ്യുന്നു. ജോൺ കച്ചിറമററം കൺവീനറായി ഒരു കമ്മററിയേയും തിരഞ്ഞെടുത്തു.

8-02-1993

www.malankaralibrary.com

## 167

# മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ

ഭാരതസഭയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതപ്പെട്ട ദിനമാണ് ജനുവരി 29. അന്നേ ദിവസമാണ് സീറോ - മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പ.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ തിരുമേനി പ്രഖ്യാപിച്ചത്. സീറോ - മലബാർ സഭയ്ക്ക് ലഭിച്ചിരിക്കുന്ന ഈ അംഗീകാരത്തിൽ സഭയ്ക്ക് ആഹ്ളാദിക്കാം. സന്തോഷിക്കാം. അതേസമയം ദൈവത്തിന് നന്ദി പറയുകയും ചെയ്യാം. സെന്റ് തോമസ് അപ്പസ്തോലനാൽ സ്ഥാപിതമായ ഈ സഭയുടെ തനതായ വ്യക്തിത്വത്തിന്റെ അംഗീകാരവും സ്ഥിരീകരണവുമാണിത്. ഈ സന്ദർഭത്തിൽ അഖിലകേരളാ കത്തോലിക്കാ കോൺഗ്രസ്സ് സഭാംഗങ്ങളോടൊത്ത് ആനന്ദിക്കുകയും ആഹ്ളാദിക്കുകയും ചെയ്യുന്നു.

ആരാധനാക്രമം, സഭാഭരണസംവിധാനം എന്നീ കാര്യങ്ങളിൽ സീറോ - മലബാർ സഭയിൽ കഴിഞ്ഞ കുറെ നാളുകളായി നിലനിന്നിരുന്ന തർക്കങ്ങൾ വിശ്വാസികളുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചിരുന്നു. സഭയിൽ ശാശ്വതമായ സമാധാനം കൈവരുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്ന് സഭാസ്നേഹികൾ ഉള്ളുരുകി പ്രാർത്ഥിച്ചിരുന്നു.

അപ്പസ്തോല പാരമ്പര്യമുള്ള സീറോ - മലബാർ സഭയ്ക്ക് ഒരു തലവനെ നിയമിക്കുന്നതായിരിക്കും പ്രശ്ന പരിഹാരത്തിനുള്ള പോംവഴിയെന്ന് സമുദായ സ്നേഹികൾ ചിന്തിച്ചു. സീറോ - മലബാർ സഭയിലെ പ്രശ്നങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരളത്തിലേയ്ക്ക് ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചത് ഈ സന്ദർഭത്തിലാണ്. ആ കമ്മീഷൻ മുമ്പാകെ അഖില കേരള കത്തോലിക്കാകോൺഗ്രസ്സ് സഭയ്ക്ക് ഒരു തലവനെ നിയമിക്കണമെന്ന് കാണിച്ചു നിവേദനം നൽകി. സീറോ - മലബാർ സഭയിലെ അംഗങ്ങൾ ഇതേ രീതിയിൽ തന്നെ കമ്മീഷൻ മുമ്പാകെ അഭിപ്രായ പ്രകടനം നടത്തി, കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് സീറോ - മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയത്.

പുതിയതായി രൂപം കൊണ്ട മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ തലവനായി മേജർ ആർച്ച് ബിഷപ്പായി കർദ്ദിനാൾ മാർ ആന്റണി പടിയറ തിരുമേനിയെ പ.പിതാവ് നേരിട്ടു നിയമിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ മേജർ ആർച്ചു ബിഷപ്പായി ഉയർത്തപ്പെട്ട കർദ്ദിനാൾ മാർ ആന്റണി പടിയറ തിരുമേനിയെ ഹാർദ്ദവമായി ഞങ്ങൾ അനുമോദിക്കുന്നു. പണ്ഡിതനും വിശുദ്ധനും വിനയാന്വിതനുമായ പടിയറ തിരുമേനിയുടെ നേതൃത്വത്തിൽ സീറോ - മലബാർ സഭ എല്ലാ പ്രതിസന്ധികളെയും അതിജീവിക്കട്ടെയെന്നാശംസിക്കുകയും ചെയ്യുന്നു.

പൗരസ്ത്യസഭയിൽ ഉക്രേനിയൻ സഭയ്ക്കുശേഷം ആദ്യമായാണ് ഒരു

www.malankaralibrary.com

സഭാവിഭാഗത്തിന് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി നൽകുന്നത്. ചങ്ങനാശ്ശേരി – എറണാകുളം പ്രൊവിൻസുകളിൽപ്പെട്ട കേരളത്തിലെ 12 രൂപതകളും ഇനി മുതൽ മേജർ ആർച്ച് ബിഷപ്പിന്റെ കീഴിലായിരിക്കും. മെത്രാന്മാരുടെ നിയമനം, രൂപതകളുടെ സ്ഥാപനം, നിയമനിർമ്മാണം തുടങ്ങിയ തന്ത്രപ്രധാനമായ അധികാരങ്ങളും മേജർ ആർച്ചു ബിഷപ്പിന്റെ കീഴിലായിരിക്കും.

സീറോ – മലബാർ സഭയിൽ ജനിച്ച് ലത്തീൻ സഭയിൽ വൈദികനായി – ലത്തീൻ രൂപതയായ ഊട്ടി രൂപതയുടെ ബിഷപ്പായി–സ്ഥലംമാററത്തിലൂടെ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി തീർന്ന മാർ ആന്റണി പടിയറ എറണാകുളത്തേയ്ക്ക് സ്ഥലം മാററപ്പെടുകയും അവിടെ വച്ച് കർദ്ദിനാളായി ഉയർത്തപ്പെടുകയുമാണ് ചെയ്തത്. സീറോ – മലബാർ സഭയുടെ സുപ്രധാനമായ ഈ വഴിത്തിരിവിൽ സഭയെ നയിക്കുവാനും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അജപാലനദൗത്യം സഭയിലും സമൂഹത്തിലും അതിന്റെ പരിപൂർണ്ണതയിൽ നിറവേററുവാനും ഈ മഹാപുരോഹിതന് കഴിയുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കർദ്ദിനാൾ തിരുമേനിയെ ഒരിക്കൽകൂടി അനുമോദിക്കുന്നു.

05–03–1993

## 168

# കലാപങ്ങൾക്ക് ഉത്തരവാദികളാര്?

ഭാരതത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ലഹളകൾ നമ്മെ ഇന്ന് ഭയപ്പെടുത്തുകയാണ്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ച നാളുകളിൽ ഇവിടെ നടമാടിയ വർഗ്ഗീയകലാപങ്ങളെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള ലഹളകളാണ് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് നടമാടുന്നത്. ഈ ലഹളകളിൽ നാം അസ്വസ്ഥരാണെങ്കിലും അതിൽ നിന്ന് മുതലെടുക്കുവാനുള്ള ശ്രമത്തിലാണ് ഇവിടുത്തെ ഭരണപ്രതിപക്ഷകക്ഷികൾ ഏർപ്പെട്ടിരിക്കുന്നത്. ഏതു കൊള്ളരുതായ്മകളെയും ഇഷ്ടംപോലെ വ്യാഖ്യാനിക്കുവാനും ലഹളകളെ രാഷ്ട്രീയപ്രതിയോഗികൾക്കെതിരെ ആഞ്ഞടിക്കുവാൻ ഉപയോഗിക്കാനും ഇവിടുത്തെ രാഷ്ട്രീയകക്ഷികൾ കാണിക്കുന്ന വ്യഗ്രത രാഷ്ട്രത്തിന്റെ ശോഭനമായ ഭാവി കാംക്ഷിക്കുന്ന ഏതൊരു ഭാരതീയനേയും വേദനിപ്പിക്കുക തന്നെ ചെയ്യും.

ഡിസംബർ 6–ന് ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനു ശേഷം രാജ്യത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഉണ്ടായ വർഗ്ഗീയ കലാപങ്ങൾ ആയിരത്തോളം മനുഷ്യജീവൻ അപഹരിച്ചു. കോടിക്കണക്കിനു രൂപയുടെ സമ്പത്തുകൾ നശിപ്പിക്കപ്പെട്ടു. ലഹളകൾ ഒതുങ്ങുകയും സാധാരണ നില പുനസ്ഥാപിക്കപ്പെടുകയും ചെയ്തുവെന്ന് ജനം വിശ്വസിച്ചിരുന്ന സന്ദർഭത്തിലാണ് ജനുവരി ആദ്യം ബോംബെയിൽ വർഗ്ഗീയകലാപം വീണ്ടും പൊട്ടിപ്പുറപ്പെട്ടത്. 400–ൽ അധികം പേരുടെ മരണത്തിനിടയാക്കിയ ദുരന്ത

www.malankaralibrary.com

സംഭവത്തിന്റെ ഓർമ്മകൾ വിട്ടുമാറുന്നതിനുമുമ്പാണ് ഇക്കഴിഞ്ഞ മാർച്ച് 12-ന് ഭാരതത്തിന്റെ സാമ്പത്തികസിരാകേന്ദ്രമായ ബോംബെയിൽ 18 കേന്ദ്രങ്ങളിൽ ബോംബു സ്ഫോടനം ഉണ്ടായത്. ബോംബെ സ്ഫോടനത്തിൽ തന്നെ 200-ൽ അധികം ആളുകൾ കൊലചെയ്യപ്പെട്ടു. രണ്ടുനാൾക്കകം കൽക്കട്ടയിലും ഗുണ്ടൂരിലും എന്തിന് കേരള തലസ്ഥാനനഗരിയിലും ബോംബു സ്ഫോടനങ്ങൾ ഉണ്ടായി. കൽക്കട്ടാസ്ഫോടനത്തിൽ 80-ൽ പരം പേർ മരണപ്പെട്ടുവെന്നാണ് കണക്കുകൾ തെളിയിക്കുന്നത്.

അക്രമങ്ങളുടെയും ബോംബുസ്ഫോടനങ്ങളുടെയും പിന്നിൽ വിദേശശക്തികളാണ് പ്രവർത്തിക്കുന്നതെന്നും, അതല്ല അധോലോക നായകന്മാരാണെന്നും ഒക്കെ അഭിപ്രായമുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ ആരായാലും ഈ മണ്ണിൽ ജനിച്ചുവളർന്ന ആരുടേയും സഹായമില്ലാതെ ഈ ക്രൂരകൃത്യങ്ങൾ ചെയ്യുവാൻ പ്രയാസമാണ്. പത്രറിപ്പോർട്ടുകളിൽ നിന്നും 30 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരാണ് ഈ ക്രൂരകൃത്യങ്ങൾക്ക് മുൻപിൽ നിന്നു പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു. ഇതെങ്ങനെ സംഭവിച്ചു? 9000 കോടി രൂപയാണ് വർഷം തോറും വിദ്യാഭ്യാസത്തിനായി ഭാരതം ചെലവഴിക്കുന്നത്. ഇത്ര ഭീമമായ തുക ചെലവഴിച്ചിട്ടും രാജ്യസ്നേഹമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ അമ്പേ പരാജയപ്പെട്ടുവെന്നല്ലേ നാം ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. കണക്കും സയൻസും ഭാഷയും പഠിപ്പിക്കുന്നതിൽ ഒരു പക്ഷേ നാം വിജയിച്ചിരിക്കാം. പൗരധർമ്മം പഠിപ്പിക്കുന്നതിൽ നാം ദയനീയമായി പരാജയപ്പെട്ടു. അതുകൊണ്ടാണ് ഇവിടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടക്കുന്നത്. അതുകൊണ്ടാണ് മന്ത്രിമാർ തുടങ്ങി വില്ലേജാഫീസിലെ ശിപായിവരെയുള്ളവർ അഴിമതിയിൽ മുങ്ങിക്കുളിക്കുന്നത്. ഭരണത്തിന്റെ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നില്ല. അതേസമയം ഭരണകർത്താക്കളുടെ എല്ലാ പീഡനങ്ങൾക്കും അവർ വിധേയരാവുകയും ചെയ്യുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന 50% വരുന്ന ജനവിഭാഗങ്ങൾ സർക്കാർ ആഫീസുകളിൽ നിന്നും നീതി നിഷേധിക്കപ്പെട്ടു കഴിയുകയാണ്. അവരുടെ മുമ്പിൽ എല്ലാ പ്രതീക്ഷകളും കൊട്ടിയടയ്ക്കപ്പെട്ടിരിക്കുന്നു. നീതി നിഷേധിക്കപ്പെട്ട, അന്തിയുറങ്ങാൻ പാർപ്പിടമില്ലാത്ത, നഗ്നത മറയ്ക്കാൻ വസ്ത്രമില്ലാത്ത ജനലക്ഷങ്ങൾ നിരാശരായി ഇന്ന് ജീവിതം നയിക്കുകയാണ്. അവരാണ് വിദേശശക്തികളുടെയും അധോലോകനായകന്മാരുടെയും കരുക്കളായി പ്രവർത്തിക്കുന്നത്. അവരെ ഇതിൽനിന്നും പിന്തിരിപ്പിക്കണമെങ്കിൽ മന്ത്രിമാർ തുടങ്ങി എല്ലാ തലങ്ങളിൽ നിന്നും അഴിമതിയും സ്വജനപക്ഷപാതവും തുടച്ചുമാററണം. എല്ലാവർക്കും നീതി ലഭിക്കുമെന്ന ഉറപ്പുവരുത്തണം. അതിനായി ദീർഘകാല അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കാൻ നാം പരാജയപ്പെടുന്നുവെങ്കിൽ നമ്മുടെ രാഷ്ട്രത്തിന്റെ ഭാവി ഇരുളടഞ്ഞതായിരിക്കും. ഇവിടെ ഒരു പ്രശ്നമുണ്ടാകുമ്പോൾ, ഒരു കലാപമുണ്ടാകുമ്പോൾ അത് രാഷ്ട്രത്തെ എങ്ങനെ ബാധിക്കുമെന്ന് ചിന്തിക്കുന്നവർ ഇല്ല. അതേസമയം അത് തന്റെ അധികാരത്തെ - നിലനിൽപ്പിനെ - എങ്ങനെ ബാധിക്കുമെന്ന് ചിന്തിക്കുന്നവരാണ് ഭൂരിപക്ഷം ഭരണകർത്താക്കളും. അങ്ങനെ സ്വാർത്ഥമതികളായി പ്രവർത്തിക്കുന്ന ഭരണകർത്താ

www.malankaralibrary.com

ക്കളാണ് ബോംബെയിലും കൽക്കട്ടയിലും ബോംബുവച്ച് നൂറകണക്കിനാളു കളെ കൊലചെയ്ത, ഭീകരന്മാരെക്കാൾ വലിയ ഭീകരർ എന്ന് തറപ്പിച്ചു പറയാവുന്നതാണ്. ആ സ്വാർത്ഥമതികളായ ഭീകരന്മാരിൽ നിന്നും ഈ രാജ്യത്തെ രക്ഷിക്കാൻ നമുക്കു സാധിച്ചാൽ മാത്രമേ ഈ രാജ്യത്തെ നില നിർത്തുവാൻ സാധിക്കുകയുള്ളു. അതിനായുള്ള ഒരു വിപ്ലവത്തിനാണ് നാം തയ്യാറാകേണ്ടത്.

5-04-1993

## 169

# സീറോ-മലബാർ മഹാമെത്രാപ്പോലീത്തൻ സഭ

സീറോ - മലബാർ സഭയെ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും ആ സഭയുടെ തലവനായി കർദ്ദിനാൾ മാർ ആന്റണി പടിയറ നിയമിക്കപ്പെടുകയും ചെയ്ത സംഭവം ചരിത്രത്തിലെ തിളക്കമുള്ള ഒരു അദ്ധ്യായമാണ്. മെയ്-20ന് സഭയുടെ തലവനായി കർദ്ദിനാൾ മാർ ആന്റണി പടിയറ സ്ഥാനാരോഹണം ചെയ്യുകയും തുടർന്ന് അഞ്ചു ദിവസം നീണ്ടു നിന്ന മെത്രാന്മാരുടെ സിനഡ് സ്ഥിരം സിനഡിലേയ്ക്കുള്ള അംഗങ്ങളെയും സിനഡിന്റെ സെക്രട്ടറിയേയും തെരഞ്ഞെടുക്കുകയും ചെയ്തു. സഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ആറു കമ്മീഷനുകളെയും സിനഡ് തെരഞ്ഞെടുത്തു.

സീറോ - മലബാർ സഭ മഹാമെത്രാപ്പോലീത്തൻ സഭയായതോടുകൂടി നമ്മുടെ സഭയുടെ പഴയ പാരമ്പര്യങ്ങൾ പുനഃരുദ്ധരിക്കപ്പെടുമെന്ന് ഇവിടുത്തെ ദൈവജനം പൂർണ്ണമായും വിചാരിച്ചു. ദൈവജനത്തിന് ഫലപ്രദ മായ പങ്കാളിത്തമുള്ള ഒരു ഭരണ സംവിധാനത്തിന് രൂപംകൊടുത്തുകൊണ്ട് ഈ സഭയുടെ മഹത്തായ പാരമ്പര്യം പുനഃസ്ഥാപിക്കുവാൻ സിനഡ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്നും പ്രതീക്ഷിച്ചു. അഞ്ചു ദിവസം നീണ്ടു നിന്ന സിനഡ് അത്മായ പങ്കാളിത്തത്തെക്കുറിച്ച് എന്തെങ്കിലും തീരുമാനമെടുത്തതായി അറിയാൻ സാധിച്ചിട്ടില്ല. അടുത്ത സമ്മേളന ങ്ങളിലെങ്കിലും ഈ വിഷയം ചർച്ച ചെയ്യപ്പെടുമെന്നും കേരളസഭയുടെ പൈതൃകം വീണ്ടെടുക്കാൻ ശ്രമിക്കുമെന്നും നമുക്കു പ്രത്യാശിക്കാം.

ദൈവശാസ്ത്രജ്ഞനായ പ്രൊഫ.കെ.റ്റി. സെബാസ്റ്റ്യൻ മെയ് ലക്കം അസ്സീസിയിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. “കേരളത്തെ സംബന്ധിച്ചിടത്തോളം പാശ്ചാത്യ മിഷനറിമാരുടെ വരവിനു മുമ്പ് ഇവിടെ നിലനിന്നിരുന്നത് ശരിക്കും ഒരു സ്വയംഭരണ സമ്പ്രദായമായിരുന്നു. ഇവിടുത്തെ പള്ളിയോഗങ്ങൾക്ക് സഭയുടെ ഭൗതിക പ്രശ്നങ്ങളിൽ മാത്രമല്ല ക്രിസ്തീയ ജീവിതം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും തീരുമാന മെടുക്കാനുള്ള അവകാശമുണ്ടായിരുന്നു. ഇവ കേവലം ആലോചനാ

www.malankaralibrary.com

സമിതികൾ മാത്രമായിരുന്നില്ല. തീരുമാനങ്ങൾ എടുക്കുന്ന സമിതികൾതന്നെയായിരുന്നു. 18-ാം നൂററാണ്ടിൽ കേരളം സന്ദർശിച്ച കർമ്മലീത്താ മിഷനറിമാരായിരുന്ന പൗളിനോസ്, ബർത്തലോമ്യാ, ഫാ.ബോണിഫസ് എന്നിവർ ഇവിടുത്തെ പള്ളിയോഗങ്ങളെക്കുറിച്ചു പറയുന്നത് അത്ഭുതാദരവുകളോടെയാണ്. കാരണം യൂറോപ്യൻ രാജ്യങ്ങളിൽ അന്ന് നിലവിലിരുന്നത് പഴയ ഫ്യൂഡലിസ്റ്റ് രീതിയിലുള്ള സഭാഭരണമായിരുന്നു. ഉദയം പേരൂർ സൂനഹദോസ് വിളിച്ചുകൂട്ടിയ പാശ്ചാത്യഭരണാധികാരികൾക്കുപോലും ഈ പാരമ്പര്യത്തെ അംഗീകരിക്കേണ്ടി വന്നു എന്നതിന്റെ തെളിവാണല്ലോ സിനഡിൽ സംബന്ധിച്ചിരുന്ന 813 പേരിൽ 660 പേരും അൽമായരായിരുന്നുവെന്നത്. ദീർഘനാളത്തെ പരാതികളുടെയും പരിദേവനങ്ങളുടെയും ഫലമായി 1887-ൽ നമുക്ക് സ്വന്തം വികാരിയാത്തുകൾ ഉണ്ടായി. പക്ഷേ വികാരി അപ്പസ്തോലിക്കാമാരായി വന്ന ലവീഞ്ഞ്, മെഡലിക്കോട്ട് എന്നീ വിദേശികളായ മെത്രാന്മാർ ഇവിടുത്തെ പുരാതന സഭാഭരണ സമ്പ്രദായത്തെക്കുറിച്ച്, അറിവുള്ളവരല്ലായിരുന്നു. അവരുടെ സ്ഥാനത്ത് പിന്നീട് ജയിംസ് പഴേപറമ്പിൽ, ജോൺ മേനാച്ചേരി, മാത്യു മാക്കീൽ എന്നീ നാട്ടുമെത്രാന്മാർ വന്നപ്പോഴും ഇവിടുത്തെ ഭരണത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായില്ല. പാശ്ചാത്യരീതിയിലുള്ള ഭരണസമ്പ്രദായവും അധികാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുമാണ് അവർക്കുണ്ടായിരുന്നത്. 1923-ൽ സീറോ - മലബാർ സഭയ്ക്ക് സ്വന്തമായ ഒരു ഹൈരാർക്കി ഉണ്ടായി. നൈയാമികമായി ഇതിനെ സ്വയംഭരണപ്രാപ്തി എന്ന് വിശേഷിപ്പിക്കാമെങ്കിലും നമ്മുടെ സഭയുടെ ചൈതന്യം തന്നെയായിരുന്നു. ജനകീയ അടിത്തറയോടുകൂടിയ ഭരണസമ്പ്രദായം പുനസ്ഥാപിക്കുവാൻ അവർക്ക് സാധിച്ചില്ല. പാശ്ചാത്യ രീതിയിലുള്ള ശിക്ഷണം ലഭിച്ച അവർ പേരിനു മാത്രമായിരുന്നു നാട്ടുമെത്രാന്മാർ. അവരുടെ ഭരണവും വത്തിക്കാൻ സൂനഹദോസിന്റെ കാലം വരെ പഴയ ഫ്യൂഡലിസ്റ്റ് രീതിയിൽ തന്നെയായിരുന്നു.

പാശ്ചാത്യസഭയിലെന്നതുപോലെ ഇവിടെയും വൈദികമേധാവിത്വം കർക്കശമായി ഉറപ്പിക്കാനത്രെ എല്ലാവരും ശ്രമിച്ചത്. കേരളസഭയിൽ ജനായത്തപരമായ അത്മായ ചലനങ്ങളെങ്കിലുമുണ്ടായത് വത്തിക്കാൻ സൂനഹദോസിനുശേഷമായിരുന്നു. മററു പ്രദേശങ്ങളിലും സഭകളിലും എന്നതുപോലെ ഇവിടെയും പാസ്റ്ററൽ കൗൺസിലുകളുണ്ടായി. ഈ പാസ്റ്ററൽ കൗൺസിലുകൾ നമ്മുടെ പുരാതന പള്ളിയോഗങ്ങളുടെ ഒരു നിഴൽ പോലുമാകുന്നില്ല."

പ്രൊഫ.സെബാസ്റ്റ്യന്റെ ഈ വാക്കുകൾ നൂറു ശതമാനവും ശരിയാണ്. സഭ പുത്തൻ പദവിയിലേക്കുയർന്നപ്പോഴും അത്മായന്റെ കാര്യത്തിൽ "വഞ്ചി ഇന്നും തിരുനക്കര തന്നെയാണോ" എന്ന് സംശയിച്ചു പോവുകയാണ്.

ഈ സന്ദർഭത്തിൽ അസ്സീസി മാസികയിലെ മെയ് ലക്കത്തിലെ മുഖമൊഴിയിൽ നിന്നു കൂടി ഏതാനും ഭാഗം ഉദ്ധരിക്കട്ടെ "............അൽമായർ എല്ലാക്കാര്യങ്ങളിലും ഇടയന്മാർക്ക് വിധേയരായിക്കൊള്ളണമെന്നുള്ള തെററായ ധാരണ നീക്കിയശേഷം ആത്മായരും വൈദികരും പരസ്പരം സഹായിച്ചും

www.malankaralibrary.com

ആശ്രയിച്ചും കഴിയണമെന്ന് പ്രമാണരേഖ സിദ്ധാന്തിക്കുന്നു. പരീക്ഷണാർത്ഥം ഇപ്പോൾ നിലവിലിരിക്കുന്ന മലബാർ സഭയുടെ കുർബ്ബാനക്രമമോ അടുത്തകാലത്ത് പ്രാബല്യത്തിൽ വന്നിരിക്കുന്ന പൗരസ്ത്യ കാനൻ നിയമസംഹിതയോ ഈ ആശയങ്ങൾ ഉൾക്കൊണ്ടിട്ടില്ല എന്നത് ഖേദകരമാണ്.

മേജർ എപ്പിസ്കോപ്പൽ അസംബ്ലിയിൽ ഓരോ രൂപതയിൽ നിന്നും രണ്ട് അത്മായർ വീതമെങ്കിലും അംഗങ്ങളായിരിക്കണമെന്ന് പൗരസ്ത്യകാനൻ നിയമം നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഏത് രീതിയിലാണ് അവരെ തിരഞ്ഞെടുക്കേണ്ടത് എന്നു തീരുമാനിക്കുക രൂപതാമെത്രാനായിരിക്കും. (പൗ.കാ.നി.143 - 1,6) രൂപതാഅസംബ്ലിയിൽ അത്മായർക്ക് മൂന്നിലൊന്നിൽ കൂടാത്ത പ്രാതിനിദ്ധ്യം ആകാമെങ്കിലും അവരെ പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുക്കുകയോ രൂപതാമെത്രാൻ നിർദ്ദേശിക്കുന്ന രീതിയിൽ നിയമിക്കപ്പെടുകയോ ആവാം. (പൗ.കാ.നി. 238-10) രൂപതാ അസംബ്ലിയിൽ ചർച്ച ചെയ്യപ്പെടുവാനായി വിഷയം നിർദ്ദേശിക്കാൻ ഏതൊരു വിശ്വാസിക്കും അവകാശമുണ്ടെങ്കിലും ഏത് വിഷയങ്ങളാണ് ചർച്ചയ്ക്കെടുക്കുക എന്ന് തീരുമാനിക്കുക രൂപതാദ്ധ്യക്ഷൻ മാത്രമായിരിക്കും. (പൗ.കാ.നി. 240-1) രൂപതാ അസംബ്ലി എപ്പോൾ വിളിച്ചുകൂട്ടണമെന്ന് മാത്രമല്ല, വിളിച്ചുകൂട്ടണമോ വേണ്ടയോ എന്ന് തീരുമാനിക്കാനും രൂപതാദ്ധ്യക്ഷന് പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കും. പൗരസ്ത്യകാനൻ നിയമത്തിൽ നാമമാത്രമായ ഭാഗഭാഗിത്വവും അധികാരവും മാത്രമേ അത്മായന് വകയിരുത്തിയിട്ടുള്ളു എന്നു കാണാം"

കേരളസഭയുടെ മഹത്തായ പൈതൃകത്തിൽ അഭിമാനംകൊള്ളുന്ന സഭയിൽ ഈ സ്ഥിതി നിലനിൽക്കുന്നത് അപമാനകരമാണ്. പാശ്ചാത്യനാടുകളിലും അമേരിക്കയിലുമെല്ലാം രൂപതാകോടതികളിലും, രൂപതാഫിനാൻഷ്യൽ കമ്മററികളിലും സഭാസിനഡുകളിലും ഒക്കെ അത്മായൻ അംഗങ്ങളാണ്. അമേരിക്കയിലെ ചില രൂപതകളിൽ ചാൻസലർ പദവി അലങ്കരിക്കുന്നത് അൽമായരോ കന്യാസ്ത്രീകളോ ആണ്. നമ്മുടെ മഹത്തായ പൈതൃകം വീണ്ടെടുക്കണമെന്ന് മുറവിളി കൂട്ടുന്ന നാം മററു രാജ്യങ്ങളിൽ ഉണ്ടായ മാററങ്ങൾ പോലും കണ്ടില്ലെന്ന് നടിക്കുന്നത് അപടകരമാണ്.

കേരളസഭക്ക് നാട്ടുമെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടിയും നമ്മുടെ പ്രശ്നങ്ങൾ റോമായിൽ എത്തിക്കുന്നതിനുവേണ്ടിയും മാർ കരിയാററിയേയും പാറേമ്മാക്കൽ തോമ്മാകത്തനാരേയും റോമായിലേയ്ക്ക് അയയ്ക്കുന്നതിലും അവർക്ക് ചെലവിനുള്ള പണം കണ്ടെത്തുന്നതിലും ഇവിടുത്തെ അൽമായർ വഹിച്ച പങ്ക് വിലപ്പെട്ടതാണ്. സഭയെ സംബന്ധിച്ചുള്ള എല്ലാ തീരുമാന സമിതികളിലും അത്മായർക്ക് അർഹമായ പ്രാതിനിദ്ധ്യം നൽകാനുതകുംവിധം സീറോ-മലബാർ സഭയിൽ മാററങ്ങൾ വരുത്തുവാൻ മെത്രാന്മാരുടെ സിനഡ് തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം. അതിനായി നമുക്കു പ്രാർത്ഥിക്കാം.

05-06-1993

www.malankaralibrary.com

## 170

# എയ്ഡ്സ് രോഗികൾക്ക് അഭയകേന്ദ്രം

എയ്ഡ്സ് രോഗികൾക്കായി ഒരു പുനരധിവാസ കേന്ദ്രവും ഒരു എയ്ഡ്സ് റിസേർച്ച് സെന്ററും തുറക്കുമെന്ന് ജോൺ കച്ചിറമററം അറിയിച്ചു.

ആശുപത്രിയിൽ കിടന്നു മരിച്ച എയ്ഡ്സ് രോഗിയുടെ മൃതദേഹം ഏററുവാങ്ങാൻ പോലും ബന്ധുമിത്രാദികൾ എത്തുന്നില്ല. എയ്ഡ്സ് രോഗത്തെപ്പററി പത്രങ്ങളിൽ കൂടി വരുന്ന റിപ്പോർട്ടുകൾ ജനങ്ങളിൽ ഭയം ജനിപ്പിക്കുന്നു. ഈ തെററിദ്ധാരണകൾ നീക്കണം. ഇതിന്റെ അണുക്കൾ വായുവിലൂടെ പകരുന്നതല്ല. ഈ സത്യം ജനങ്ങളെ ഗ്രഹിപ്പിച്ചാൽ ഇന്ന് ഉളവായിട്ടുള്ള ഭീതി അകററുവാൻ സാധിക്കും.

കുത്തഴിഞ്ഞ ലൈംഗിക ജീവിതംകൊണ്ട് മാത്രമാണ് എയ്ഡ്സ് പിടി പെടുന്നതെന്ന തെററായ ധാരണയും മാറേണ്ടിയിരിക്കുന്നു. ഏഷ്യൻ രാജ്യ ങ്ങളിലും വിശിഷ്യ ഇന്ത്യയിലും എയ്ഡ്സ് രോഗികളുടെ എണ്ണം അടുത്ത പത്തു വർഷത്തിനകം ഭയാനകമാംവിധം വർദ്ധിക്കുമെന്ന കണക്ക് നാം ഗൗരവപൂർവ്വം വീക്ഷിക്കണം. ഈ സാഹചര്യത്തിൽ എയ്ഡ്സ് രോഗികളെ സംരക്ഷിക്കു ന്നതിന് ഒരു അഭയകേന്ദ്രം ഉണ്ടാകേണ്ടിയിരിക്കുന്നു. അത് നടപ്പിലാകാത്ത പക്ഷം ഈ രോഗം പിടിപെടുന്നവർ രാഷ്ട്രത്തിനും കുടുംബങ്ങൾക്കും ഒരു ബാദ്ധ്യതയായിമാറും. അതുകൊണ്ട് എയ്ഡ്സ് രോഗികളെ പുനരധിവസി പ്പിക്കുകയെന്നത് സമൂഹത്തിന്റെ ഒരു ആവശ്യമായി മാറിയിരിക്കുന്നു. ഈ വെല്ലുവിളി നാം ഏറെറടുക്കുവാൻ തയ്യാറാകണം. കച്ചിറമററം അഭിപ്രായപ്പെട്ടു. നാലഞ്ചുമാസംകൊണ്ട് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഈ സംരംഭത്തിന് സർക്കാരി ന്റെയും ബഹുജനങ്ങളുടെയും സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു.

(ഇതനുസരിച്ച് കച്ചിറമററത്തിന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ കെട്ടിടം പണി തീർത്തുവെങ്കിലും സെന്റർ പ്രവർത്തിക്കാൻ ഇതുവരെ സാധിച്ചില്ല)

12-06-1993

## 171

# സ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യദിനം ഒരിക്കൽക്കൂടി സമാഗതമാകുന്നു. അതേ! ആഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യദിനത്തിന്റെ 46-ാം വാർഷികം നാം ആഘോഷിക്കുവാൻ പോകുകയാണ്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളുടെ എണ്ണം ഒന്നിനൊന്ന് കുറഞ്ഞുകൊണ്ടിരിക്കുന്നു. സ്വതന്ത്രഭാരതത്തിൽ ജനിച്ചവരാണ് ഇന്ന് ബഹുഭൂരിപക്ഷവും.

www.malankaralibrary.com

1947 ആഗസ്റ്റ് 15-ാം തീയതി വിദേശാധിപത്യത്തിൽ നിന്നും നാം മോചനം നേടിയപ്പോൾ - രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും കൈകളിൽ നിന്നും അധികാരം ജനഹസ്തങ്ങളിലേയ്ക്ക് കൈമാറിയപ്പോൾ എന്തെന്തു പ്രതീക്ഷകളായിരുന്നു നമുക്കുണ്ടായിരുന്നത്. സമത്വസുന്ദരമായ ഒരു ക്ഷേമരാഷ്ട്രം നാം സ്വപ്നം കണ്ടു. ഭാരതമക്കൾ തോളോടു തോൾ ചേർന്ന് നിന്ന് ഭാരതത്തിന്റെ സമഗ്രപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുമെന്നും ഏകോദര സഹോദരന്മാരെപ്പോലെ ഭാരതമക്കൾ ഒരുമയോടെ പ്രവർത്തിക്കുമെന്നും നാം വിചാരിച്ചു.

സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത് യാതനകൾ അനുഭവിച്ചവരും, കാരിരുമ്പഴികൾക്കുള്ളിൽ കിടന്ന് മർദ്ദനമേററവരും ജാലിയൻ വാലാബാഗിലെ കൂട്ടക്കൊലയിൽ വച്ച് ദേശാഭിമാനത്തിന്റെ കാഹളമൂതിക്കൊണ്ട് ചുടുരക്തം ചിന്തി വീരമരണം പ്രാപിച്ചവരും ക്വിററ് ഇന്ത്യ പ്രഖ്യാപിച്ചുകൊണ്ട് മഹാത്മജി നയിച്ച പാവനമായ പടനീക്കത്തിൽ പങ്കെടുത്തവരും സ്വപ്നംകണ്ട ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ 46 വർഷങ്ങൾ പിന്നിട്ടിട്ടും നമുക്കു കഴിഞ്ഞോ?

നമ്മുടെ എല്ലാ പ്രതീക്ഷകളെയും തകർത്തുകൊണ്ട് നമുക്കു ലഭിച്ച സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യുന്ന കാഴ്ചയാണ് നാമിന്ന് എവിടെയും കാണുന്നത്. രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും കസേരകളിൽ കയറിയിരുന്ന് രാജ്യം ഭരിക്കുന്ന ജനകീയഭരണകർത്താക്കൾ അഴിമതിയിലും സ്വാർത്ഥചിന്തയിലും മുങ്ങിക്കുളിക്കുന്ന കാഴ്ചയാണ് നാമിന്ന് എവിടെയും കാണുന്നത്. തങ്ങളുടെ രാഷ്ട്രീയ ലാഭം നോക്കി ആരാധനാലയങ്ങൾ തച്ചുടക്കാൻ ശ്രമിക്കുന്നതും അതേലാഭം നോക്കി ആരാധനാലയങ്ങൾ സംരക്ഷിക്കുവാൻ വേണ്ടത്ര ജാഗ്രത കാണിക്കാത്തതും നാം ഈ രാജ്യത്ത് അനുദിനം കാണുന്നു. മതത്തിന്റെ പേരിൽ, വർഗ്ഗത്തിന്റെ പേരിൽ, ജാതിയുടെ പേരിൽ, ഭാഷയുടെ പേരിൽ എല്ലാം രക്തപ്പുഴയൊഴുകുന്നത് നാം കാണുന്നു. അതിൽ നിന്നെല്ലാം മുതലെടുക്കുവാൻ ശ്രമിക്കുന്ന രാഷ്ട്രീയകക്ഷികളെ മാത്രമേ നമുക്കിന്ന് ഈ രാജ്യത്ത് കാണുവാൻ സാധിക്കുന്നുള്ളൂ. രാജ്യഭദ്രതയുടെ കടയ്ക്കൽ കോടാലി വയ്ക്കുവാൻ തയ്യാറായി നിൽക്കുന്ന ഭീകരപ്രവർത്തകർ - സ്ഫോടകവസ്തുക്കളും ബോംബുമായി ഓടിനടക്കുന്ന കാഴ്ചയാണ് നാമിന്ന് എവിടെയും കാണുന്നത്. വേശ്യാലയങ്ങളും മദ്യശാലകളും ഇന്ന് ഈ രാജ്യത്ത് ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിദ്യാലയങ്ങൾ കലാപാലയങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. പൊതുമുതൽ നശിപ്പിക്കാനുള്ള വ്യഗ്രത ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വേദങ്ങളുടെയും ഉപനിഷത്തുകളുടെയും മഹത്ത്വം മനസ്സിലാക്കാനുള്ള സാഹചര്യം പോലും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ മഹത്തായ സാംസ്കാരിക പൈതൃകം നശിപ്പിക്കുവാൻ - ഭരണകർത്താക്കൾ തന്നെ നേതൃത്വം നൽകുന്നു. പ്രസിദ്ധ വാഗ്മിയായ സുകുമാർ അഴീക്കോട് പറഞ്ഞതുപോലെ രാജ്യത്തിന്റെ കനക സംസ്കാരം പണയം വച്ച് ഒന്നും പണയം വയ്ക്കാനില്ലാത്ത സ്ഥിതിയിലേയ്ക്ക് നാം നീങ്ങിക്കൊണ്ടിരിക്കുന്നു.

www.malankaralibrary.com

എല്ലാ പ്രദേശങ്ങളിലും രാജ്യങ്ങളിലും അധാർമ്മികത ഉയരുമ്പോൾ പ്രതീക്ഷയോടെ നോക്കുന്നത് യുവജനങ്ങളിലേയ്ക്കാണ്. കഴിഞ്ഞ 46 വർഷത്തെ രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനഫലമായി ഇവിടുത്തെ യുവജനങ്ങൾ അഴിമതിക്കാരും അവസരവാദികളും തഞ്ചംനോക്കികളുമായി മാറിക്കഴിഞ്ഞിരിക്കുന്നു. കാലുമാററത്തിലും കൂറുമാററത്തിലും അവർ സർവ്വകാല റിക്കാർഡു ഭേദിച്ചിരിക്കുന്നു. എല്ലാ തിന്മകളുടെയും ഉറവിടം ആണോയെന്ന് സംശയിക്കത്തവിധത്തിൽ യുവജനങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു.

ഈ വേദനാജനകമായ അന്തരീക്ഷത്തിൽ നിന്നും ഈ രാജ്യത്തെ രക്ഷിക്കാൻ ആർക്കാണ് സാധിക്കുക? കഴിഞ്ഞകാലങ്ങളിൽ നാം മഹത്തായ നമ്മുടെ ഭാരതീയ സംസ്കാരത്തെപ്പററി യുവാക്കളെ പഠിപ്പിക്കുവാൻ സമയം കണ്ടെത്തിയില്ല. കുററകരമായ ഈ അനാസ്ഥയാണ് നമ്മുടെ രാജ്യത്തെ ഈ നിലയിൽ എത്തിക്കുവാനിടയാക്കിയത്.

പൊതുപ്രവർത്തകർക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുള്ള - മൂല്യബോധമുള്ള പൊതുപ്രവർത്തകരെ വളർത്തിയെടുക്കാനുള്ള - പദ്ധതികൾക്ക് നാം രൂപം കൊടുക്കേണ്ടിയിരിക്കുന്നു. അതിന് നാം ശ്രമിക്കുന്നില്ലെങ്കിൽ മഹത്തായ നമ്മുടെ കനകസംസ്കാരം നമുക്ക് അന്യമായിത്തീരും. അതു സംഭവിക്കാതിരിക്കാൻ നമുക്ക് ഉണർന്ന് പ്രവർത്തിക്കാം.

5-08-1993

## 172

# ക്രൈസ്തവ നേതൃസമ്മേളനം

കേരളത്തിലെ ക്രൈസ്തവനേതാക്കളുടെയും സാമൂഹ്യ പ്രവർത്തകരുടെയും ഒരു സമ്മേളനം ഒക്ടോബർ അവസാനം കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചുകൂട്ടുകയാണ്. സഭയും സമുദായവും രാഷ്ട്രവും നേരിടുന്ന വെല്ലുവിളികളെപ്പററി തുറന്ന ചർച്ച നടത്തുക, അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് നേതൃസമ്മേളനം വിളിച്ചുകൂട്ടുന്നത്. സമ്മേളനത്തിന്റെ മുഖ്യ ചർച്ചാവിഷയം 'സാമൂഹ്യജീവിതത്തിലെ വെല്ലുവിളികളും ക്രൈസ്തവന്റെ പ്രത്യുത്തരവും എന്നുള്ളതാണ്.'

സഭയും രാഷ്ട്രവും വെല്ലുവിളികളെ നേരിട്ടപ്പോഴെല്ലാം കത്തോലിക്കാ കോൺഗ്രസ്സ് നേതൃസമ്മേളനം വിളിച്ചുകൂട്ടുകയും സമുദായത്തിന്റെ വികാരങ്ങൾ മനസ്സിലാക്കുകയും സമുദായനേതാക്കളുടെ താല്പര്യങ്ങൾ അനുസരിച്ച് കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 1957-ൽ കമ്മ്യൂ.ഗവൺമെന്റ് കേരളത്തിൽ അധികാരമേററടുത്ത് ദുർഭരണം നടത്തിയപ്പോൾ അതിൽ നിന്ന് മോചനം നേടുന്നതിനെപ്പററി ആലോചിക്കുവാൻ എ.കെ.സി.സി. വിളിച്ചുകുട്ടിയ നേതൃസമ്മേളനവും കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ കുടിയിറക്കു ഭീഷണിയും മലബാറിലെ

www.malankaralibrary.com

സ്വകാര്യവനപ്രദേശങ്ങളിൽ മേൽച്ചാർത്തുഭീഷണിയും നില നിന്നപ്പോൾ അറുപതുകളിൽ വിളിച്ചുകൂട്ടിയ നേതൃസമ്മേളനവും കേരളത്തിന്റെ ചരിത്രം തന്നെ മാററിമറിക്കുവാൻ ഇട നൽകിയിട്ടുണ്ട്. 1972-ലെ കോളേജ് വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് കളമൊരുക്കിയത് കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചു കൂട്ടിയ നേതൃസമ്മേളനം തന്നെയായിരുന്നു. 1986-ൽ കോട്ടയത്ത് വടവാതൂർ സെമിനാരിയിൽ വിളിച്ചുകൂട്ടിയ നേതൃസമ്മേളനം 'അൽമായ പങ്കാളിത്തം കേരളസഭയിൽ പ്രശ്നങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തെപ്പററിയാണ് ചർച്ച നടത്തിയത്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ കണക്കിലെടുത്തു കൊണ്ടാണ് കത്തോലിക്കാ കോൺഗ്രസ്സ് കാലാകാലങ്ങളിൽ നേതൃസമ്മേളനം വിളിച്ചുകൂട്ടിയിട്ടുള്ളത്.

ഇന്ന് കത്തോലിക്കാ നേതാക്കളുടെ മാത്രം യോഗമല്ല ക്രൈസ്തവനേതാക്കളുടെ യോഗമാണ് വിളിച്ചുകൂട്ടുക. ക്രൈസ്തവസമൂഹം മൊത്തത്തിൽ നേരിടുന്ന ആഭ്യന്തരവും ബാഹ്യവുമായ പ്രശ്നങ്ങൾ ചർച്ചചെയ്യുക, ന്യൂന പക്ഷസമുദായങ്ങൾ നേരിടുന്ന വെല്ലുവിളികൾക്കും പരിഹാരം കണ്ടെത്തുക തുടങ്ങിയ അതിപ്രധാനകാര്യങ്ങൾ ഈ നേതൃസമ്മേളനം ചർച്ചചെയ്യേണ്ടി യിരിക്കുന്നു. അതേസമയം നമ്മുടെ രാജ്യം നിരവധി പ്രതിസന്ധികളെ തരണം ചെയ്യേണ്ടിയിരിക്കുന്നു. ബാബറിമസ്ജിദ് തകർക്കലിനുശേഷം രാജ്യത്തുണ്ടായിട്ടുള്ള സ്ഥിതിവിശേഷം യോഗം ചർച്ച ചെയ്യണം. രാജ്യത്തെമ്പാടും അക്രമങ്ങളും കൂട്ടക്കൊലകളും നടക്കുന്നു. വൻസ്ഫോടനങ്ങളുടെ ഫലമായി പ്രധാനനഗരങ്ങൾ എല്ലാം ഭീതിയുടെ നിഴലിൽ കഴിയുകയാണ്. ഇന്ത്യൻ ജനാധിപത്യം തന്നെ അപകടത്തിലേയ്ക്ക് നീങ്ങുകയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഈ പ്രശ്നങ്ങൾ എല്ലാം തുറന്ന് ചർച്ച ചെയ്യണം. ക്രൈസ്തവർക്ക് ഈ പ്രതിസന്ധിയിൽ രാഷ്ട്രത്തിനു എന്തു നേതൃത്വം നൽകുവാൻ സാധിക്കും. തുറന്ന ചർച്ചയ്ക്കുവേണ്ടി നേതൃസമ്മേളനത്തിൽ പങ്കെടുക്കാൻ എല്ലാ ക്രൈസ്തവനേതാക്കളെയും ചിന്തകന്മാരെയും സാമൂഹ്യപ്രവർത്തകരെയും ക്ഷണിച്ചുകൊള്ളുന്നു.

19-9-1993

**173**

# ഇന്ത്യൻ ജനാധിപത്യം

ഇന്ത്യൻ ജനാധിപത്യം ഭീഷണിയെ നേരിടുകയാണ്. 47 വർഷക്കാലം യാതൊരു തകർച്ചയും അനുഭവിക്കാതെ ലോകരാഷ്ട്രങ്ങൾക്ക് മുഴുവൻ മാതൃകയായി ഇന്ത്യയിൽ ജനാധിപത്യം മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു. ഭാരതത്തോടൊപ്പവും അതിനുശേഷവും സ്വാതന്ത്ര്യം പ്രാപിച്ച പല രാഷ്ട്ര ങ്ങളും ജനാധിപത്യത്തിന്റെ പാത ഉപേക്ഷിക്കുകയും ഏകാധിപത്യഭരണ ക്രമത്തിലേയ്ക്കും പട്ടാള ഭരണത്തിലേയ്ക്കും വഴുതിപ്പോവുകയും ചെയ്തപ്പോൾ ജനാധിപത്യ സംവിധാനത്തിന് യാതൊരു കോട്ടവും സംഭവിക്കാതെ

www.malankaralibrary.com

ജനാധിപത്യ ഭരണം മററു രാഷ്ട്രങ്ങൾക്ക് മാതൃകയാകത്തക്കവണ്ണം നില നിർത്തുവാൻ നമുക്ക് സാധിച്ചു.

എന്നാൽ ഇന്ന് നമ്മുടെ രാഷ്ട്രവും ജനാധിപത്യ ഭരണരംഗത്ത് വെല്ലു വിളികളെ നേരിടുകയാണ്. ഭരണപക്ഷവും പ്രതിപക്ഷവും അതിന് ഉത്തരവാദി കളാണ്. ജനാധിപത്യഭരണക്രമത്തിന്റെ അന്തസത്ത നിലനിർത്തുകയെന്നതല്ല, എങ്ങനെയും ഏതു മാർഗ്ഗവും സ്വീകരിച്ച് ഭരണം നിലനിർത്തുക, ഭരണം പിടിച്ചെടുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഭരണപക്ഷവും പ്രതിപക്ഷവും ഇന്ന് നീങ്ങുന്നത്. ഈ സ്വാർത്ഥപരമായ നീക്കം ഇന്ത്യൻ ജനാധിപത്യത്തെ അപകടത്തിലേയ്ക്കാണ് നയിക്കുന്നതെന്ന യാഥാർത്ഥ്യം നാം പലപ്പോഴും വിസ്മരിക്കുകയാണ്.

പള്ളി പൊളിച്ചാലും അമ്പലം പൊളിച്ചാലും രാജ്യത്ത് എമ്പാടും വർഗ്ഗീയകലാപങ്ങൾ ഉണ്ടായാലും കൂട്ടക്കൊലകൾ നടന്നാലും അത് രാജ്യത്തിന് വരുത്തിവയ്ക്കുന്ന ദുരന്തങ്ങളെപ്പററി ചിന്തിക്കുവാനോ ദുരന്തങ്ങളിൽ നിന്ന് മോചനം നേടാനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനോ ഒരു രാഷ്ട്രീയകക്ഷി യും ശ്രമിക്കുന്നില്ലെന്നതാണു യാഥാർത്ഥ്യം. അതേസമയം ആ കിരാത നടപടി കളിൽ നിന്ന് എങ്ങനെ മുതലെടുക്കാമെന്നാണ് ഓരോ രാഷ്ട്രീയപാർട്ടി പ്രവർ ത്തകനും ചിന്തിക്കുന്നത്. അതാണ് രാജ്യം അഭിമുഖീകരിക്കുന്ന ഏററം വലിയ പ്രശ്നം.

ജൂലൈ അവസാനം ലോകസഭയിൽ നരസിംഹറാവു ഗവൺമെന്റി നെതിരായി അവിശ്വാസപ്രമേയം അവതരിപ്പിച്ചു. അവിശ്വാസപ്രമേയം അവത രിപ്പിച്ച അന്നുമുതൽ വോട്ടിംഗ് നടക്കുന്ന ആ സമയം വരെ ജനാധിപത്യ വിരുദ്ധമായ എത്രയെത്ര പ്രവൃത്തികളാണ് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷ ത്തുനിന്നും നടത്തിയിട്ടുള്ളത്. സ്വതന്ത്രമായ ചർച്ച നടത്തട്ടെ, മറുപടി പറയട്ടെ, ജനപ്രതിനിധികൾ വിധിയെഴുതട്ടെ എന്ന ഉയർന്ന ചിന്താഗതി വച്ചു പുലർത്തേണ്ടതിനുപകരം എങ്ങനെ ഭൂരിപക്ഷം നേടാം, അതിന് എന്തു മാർഗ്ഗം സ്വീകരിക്കണം എന്ന ചിന്താഗതിയോടെയാണ് രാഷ്ട്രീയപാർട്ടികൾ പ്രവർത്തിച്ചത്. നാടൻ ഭാഷയിൽ പറഞ്ഞാൽ എന്ത് വിലകൊടുക്കാനും ഭരണകക്ഷിക്കാരും പ്രതിപക്ഷക്കാരും തയ്യാറായി. ഒരു രാഷ്ട്രീയ പാർട്ടിയും ജനാധിപത്യപരമായ രീതിയിൽ ചിന്തിച്ചില്ല. ചാക്കിട്ടു പിടിത്തത്തിൽ ഭരണ കക്ഷി വിജയിച്ചു. പല പാർട്ടികളെയും വിഭജിപ്പിക്കുവാനും സാധിച്ചു. ഇവിടെ യെന്താണ് സംഭവിച്ചത്. അവിശ്വാസപ്രമേയം പരാജയപ്പെട്ടുവെന്നതിനേ ക്കാളേറെ, ജനാധിപത്യം കശാപ്പുചെയ്യപ്പെട്ടു എന്ന് പറയുന്നതാണ് ശരി. ഇതിൽ ഭരണപക്ഷത്തെമാത്രം കുററപ്പെടുത്തേണ്ട. ഭരണപക്ഷത്തെ ശൈലിതന്നെയാണ് പ്രതിപക്ഷവും കൈക്കൊണ്ടത്.

ഇന്ത്യയിലെ ജനസംഖ്യയിൽ 10 ശതമാനത്തിൽ താഴെ മാത്രമാണ് സജീവരാഷ്ട്രീയക്കാർ. ആ പത്തുശതമാനം രാഷ്ട്രീയനേതാക്കൾ ആണ് ഇവിടെ സാഹചര്യം കശാപ്പു ചെയ്തത്. ഈ നിലകണ്ടുകൊണ്ട് മഹാഭൂരി പക്ഷം വെറുതെയിരിക്കാൻ പാടില്ല. ജനാധിപത്യം നിലനിർത്തുവാൻ സകല ഭാരതീയരും ഒററക്കെട്ടായി രംഗത്തിറങ്ങേണ്ട സന്ദർഭമാണിത്. അഴിമതി

www.malankaralibrary.com

നിറഞ്ഞ - ചാക്കിട്ടു പിടിത്തത്തിൽ വിശ്വസിക്കുന്ന ഈ രാഷ്ട്രീയ ശൈലിക്ക് വിരാമമിടാനുള്ള നീക്കത്തിൽ പങ്കുചേരുവാൻ എല്ലാ ജനാധിപത്യ വിശ്വാസികളും മുന്നോട്ടു വരണം.

ഉന്നത മൂല്യങ്ങൾ നിലനിർത്തുവാൻ, ജനാധപത്യം നിലനിർത്തുവാൻ സമസ്തശക്തികളെയും സംഭരിച്ചുകൊണ്ട് നമുക്ക് മുന്നേറാം.

5-09-1993

## 174

# മെത്രാന്മാരുടെ സംയുക്ത ഇടയലേഖനം

കേരളത്തിലെ എല്ലാ റീത്തുകളിലുംപെട്ട 27 കത്തോലിക്കാ മെത്രാന്മാർ സംയുക്തമായി പുറപ്പെടുവിച്ച ഇടയലേഖനം കാലഘട്ടത്തിന്റെ വെല്ലുവിളികൾ പൂർണ്ണമായും ഗ്രഹിച്ചറിഞ്ഞ് തയ്യാറാക്കിയതാണെന്ന് അടിവരയിട്ടുപറയുവാൻ വളരെയധികം സന്തോഷമുണ്ട്. നമ്മുടെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയിലേയ്ക്ക് വിരൽചൂണ്ടിക്കൊണ്ട് അഭിവന്ദ്യ തിരുമേനിമാർ പുറപ്പെടുവിച്ച ഇടയലേഖനം ഇന്നാട്ടിലെ സാമൂഹിക രാഷ്ട്രീയ പ്രവർത്തകരെയെല്ലാം ഇരുത്തി ചിന്തിപ്പിക്കുവാൻ പര്യാപ്തമാണ്. പൊതുരംഗത്ത് കഴിഞ്ഞ കുറെ നാളുകളായി സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ തുറന്നുകാട്ടാനും ഈ വ്യവസ്ഥിതിയിൽ നിന്ന് സമൂഹത്തെ പിന്തിരിപ്പിക്കുവാനും ഉച്ചൈസ്തരം പറയുവാൻ അർഹതപ്പെട്ടവരും നമ്മുടെ വൈദികമേലദ്ധ്യക്ഷന്മാരാണ്. അവർക്ക് രാഷ്ട്രീയ ലക്ഷ്യമില്ല എന്നതുതന്നെ കാരണം.

ഒരു ഇടയലേഖനംകൊണ്ട് പ്രശ്നം പരിഹൃതമാകുകയില്ലായെന്നത് ഒരു പരമാർത്ഥമാണ്. ഈ ഇടയലേഖനത്തിന്റെ പശ്ചാത്തലത്തിൽ ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയെ വിലയിരുത്തുവാനും ഇന്നത്തെ മൂല്യച്യുതിയെ പ്പററി ജനങ്ങളെ ബോധവാന്മാരാക്കാനുമുള്ള സംഘടിത നീക്കം തുടർന്ന് ഉണ്ടായെങ്കിൽ മാത്രമേ, ഇടയലേഖനംകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം നേടുകയുള്ളു. അതിന് ദൈവജനത്തെ സജ്ജമാക്കുകയെന്നത് അടിയന്തര പ്രാധാന്യമുള്ള കാര്യമാണ്.

നമ്മുടെ സംഘടനകളും നമ്മുടെ പ്രസിദ്ധീകരണങ്ങളും ഈ ചുമതല ഏറെറടുത്തേ മതിയാകൂ. നമ്മുടെ സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന അഴിമതി, സ്വജനപക്ഷപാതം, അന്യായവില, മായം ചേർക്കൽ, അമിതപലിശ, നികുതിവെട്ടിപ്പ് തുടങ്ങിയവ വർജ്ജിച്ച് മററുള്ളവർക്ക് മാതൃകയായിതീരുവാനും കൂടി ഇടയലേഖനം കത്തോലിക്കരോട് ആഹ്വാനം ചെയ്യുന്നുണ്ട്. മാതൃകയായാൽ മാത്രം പോര, മേൽപറഞ്ഞ തിന്മകൾ ചെയ്യുന്നവർക്കെതിരെ ബഹുജനാഭിപ്രായം രൂപീകരിക്കുവാനും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഇടവകതലത്തിലും രൂപതാതലത്തിലും സംസ്ഥാന തലത്തിലും സംയുക്ത ഇടയലേഖനത്തെപ്പററി ചർച്ചകൾ നടത്തുകയും ഇടയലേഖന

www.malankaralibrary.com

ത്തിലെ പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. കത്തോലിക്കാ കോൺഗ്രസ്സിന്റെ എല്ലാ ശാഖകളും രൂപതാസംഘങ്ങളും എല്ലാ അംഗങ്ങളും ഈ കാര്യത്തിൽ മത്സരബുദ്ധിയോടെ മുന്നോട്ടു വരണമെന്നഭ്യർത്ഥിക്കുന്നു.

5-11-1993

## 175

# മഹാരാഷ്ട്രാ ദുരന്തം

ഇക്കഴിഞ്ഞമാസം മഹാരാഷ്ട്രയിൽ ഉണ്ടായ ഭൂകമ്പത്തിൽ ലത്തൂർ, ഉസ്മാനാബാദ് ജില്ലകളിൽ മുപ്പതിനായിരത്തിലധികം ആളുകൾ മരണമടയുകയുണ്ടായി. സ്വതന്ത്രഭാരതത്തിന്റെ ആത്മാവിൽ ദുഃഖത്തിന്റെ കരിനിഴൽ കോരിയിട്ട ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. സ്വന്തപ്പെട്ടവർ എല്ലാ നഷ്ടപ്പെട്ട ഏതാനും ആൾക്കാർ മാത്രമാണ് ഇനി അവശേഷിക്കുക. അവരുടെ ദുഃഖത്തിന്റെ ആഴം മനസ്സിലാക്കാൻ ആർക്കാണ് സാധിക്കുക? അവരുടെ ദുഃഖത്തിൽ നമുക്കും പങ്കുചേരാം.

വിവിധജാതികളിലും മതങ്ങളിലും വിശ്വസിക്കുന്നവർ അധിവസിക്കുന്ന ഒരു നാടാണ് ഭാരതം. ഈ അടുത്ത നാളുകളിൽ ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ നമ്മുടെ രാജ്യത്ത് നടന്ന സംഘട്ടനങ്ങളിൽ എത്രയോപേരാണ് ജീവൻ വെടിയേണ്ടിവന്നത്. നിർഭാഗ്യകരമായ സാഹചര്യത്തിൽ കൊല്ലപ്പെട്ടവരുടെ പേരിൽ ദുഃഖം കടിച്ചമർത്തി നാം കഴിയുമ്പോഴാണ് ഒരു പ്രദേശത്തെ ജനങ്ങളാകെ ജാതിയും മതവും വർഗ്ഗവും ഒന്നും കണക്കിലെടുക്കാതെ ഭൂകമ്പത്തെത്തുടർന്ന് ഇഹലോകവാസം വെടിഞ്ഞത്. കൊല്ലും കൊലയും നടത്തുന്നവർക്കും അതിനു പ്രേരണ നൽകുന്നവർക്കും മഹാരാഷ്ട്ര ദുരന്തം ഒരു പാഠമായിരിക്കട്ടെ. തലേദിവസം വൈകുന്നേരം ഈശ്വരപൂജയും കഴിഞ്ഞ് സസുഖം കിടന്നുറങ്ങിയവർ പിറേറന്ന് ഇങ്ങനെയൊരു ദുരന്തത്തിന് ഇരയാകുമെന്ന് ആരും കരുതിയിരിക്കുവാൻ ഇടയില്ല. ഈ ദുരന്തം എല്ലാ മനുഷ്യരുടെയും ചിന്തയ്ക്ക് വിധേയമാകട്ടെ.

ദുരന്തത്തെ തുടർന്ന് ദുരതാശ്വാസയത്നങ്ങളിൽ സഹകരിക്കാൻ ജാതിമതഭേദമെന്യേ സകല ഭാരതീയരും മുന്നോട്ട് വന്നു എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അല്പം ആശ്വാസകരമാണ്.

മഹാരാഷ്ട്ര ദുരന്തത്തിൽ എല്ലാ ഭാരതീയരോടും ഒപ്പം ഞങ്ങളും ദുഃഖിക്കുന്നു. നമ്മുടെയിടയിലെ ഭിന്നിപ്പും മാത്സര്യവും അവസാനിപ്പിക്കുവാൻ ഈ ദുരന്തം നമുക്ക് ഇടനൽകുമെന്ന് പ്രതീക്ഷിക്കാം. എല്ലാ ഭാരതീയരും ഒററക്കെട്ടായി നിന്ന് ലോകത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുമെന്ന് - ഭാരതത്തിന്റെ ഐക്യത്തിനായി നിന്ന് പോരാടുമെന്ന് ഈ ദുരന്തത്തിൽ മരണപ്പെട്ട പതിനായിരങ്ങളെ സാക്ഷി നിർത്തി നമുക്ക് പ്രതിജ്ഞയെടുക്കാം.

5-11-1993

www.malankaralibrary.com

## 176

# ക്രിസ്തുമസ്

ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ ഓർമ്മകളുമായി ക്രിസ്തുമസ്സ് ഒരിക്കൽകൂടി വന്നണയുകയാണ്. ക്രൈസ്തവലോകം മാത്രമല്ല മാനവകുലം മുഴുവൻ ഈ സുദിനത്തിൽ ആഹ്ളാദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും ക്രിസ്തുമസ്സ് ആർഭാടപൂർവ്വം ആഘോഷിക്കുന്നു. ആബാലവൃദ്ധം ജനങ്ങൾ ഈ ആഹ്ളാദത്തിൽ പങ്കുചേരുന്നു. ബാഹ്യമായ ആഘോഷങ്ങളും ആർഭാടങ്ങളും മുഖാന്തിരം നാം ഈ ദിനത്തെ മനോഹരമാക്കുന്നുണ്ട്. പക്ഷേ ഓരോ ക്രൈസ്തവന്റെയും ഹൃദയം യേശുവിന് വന്ന് പിറക്കാൻ മാത്രം പരിശുദ്ധമാണോ? ഈ സന്ദർഭത്തിൽ ഓരോ ക്രൈസ്തവനും ചിന്തിക്കേണ്ട ഒരു പ്രശ്നമാണിത്? നമ്മുടെ ഹൃദയം ക്രിസ്തുവിന് വസിക്കുവാൻ പററിയതാണോ?

നമ്മുടെ ഹൃദയങ്ങളെ സ്വാർത്ഥത, വെറുപ്പ്, അശുദ്ധത, അധികാരപ്രവണത തുടങ്ങിയ തിന്മകൾകൊണ്ട് യേശുവിന് പ്രവേശിക്കുവാൻ സാധ്യമാകാത്തവിധം കൊട്ടിയടയ്ക്കപ്പെട്ടിരിക്കുകയല്ലേ? അങ്ങനെയെങ്കിൽ നാം ബാഹ്യമായ പ്രകടനങ്ങളിലൂടെ ക്രിസ്തുമസ് ഭംഗിയായി ആഘോഷിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?

യേശു പുൽക്കൂട്ടിലാണ് ജനിച്ചത്. അവിടുത്തെ ത്യാഗവും സഹനവും വിനയവും ആണ് പുൽക്കൂട്ടിലെ ജനനം നമുക്ക് നൽകുന്ന സന്ദേശങ്ങൾ. ആ സന്ദേശങ്ങൾ നമ്മുടെ അനുദിനജീവിതത്തിലേയ്ക്ക് ഏററുവാങ്ങി ക്രിസ്തുവിന് വസിക്കുവാൻ മാത്രം നമ്മുടെ ഹൃദയത്തെ യോഗ്യമാക്കുവാൻ നാം ശ്രമിക്കുകയാണ് വേണ്ടത്. അതിന് ഈ നോമ്പുകാലത്ത് നമുക്ക് ശ്രമിക്കാം.

ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും നമുക്ക് ആശംസിക്കാം.

05-12-93

## 177

# ഞങ്ങൾ ദുഃഖിക്കുന്നു

അത്യധികമായ ദുഃഖത്തോടെയാണ് ഈ വരികൾ കുറിക്കുന്നത്. ലോകത്തിന് മാതൃകയായി വർത്തിക്കേണ്ടവരാണ് ക്രസ്ത്യാനികളായ നാം. പക്ഷേ നാം മാതൃകാപരമായ ജീവിതമാണോ നയിക്കുന്നത്. നമ്മുടെ ജീവിതം മററുള്ളവർക്ക് ഉതപ്പിന് ഇടനൽകുന്നുണ്ടോ? നാം വളരെ ഗൗരവപൂർവ്വം

www.malankaralibrary.com

ആത്മപരിശോധന നടത്തേണ്ട സന്ദർഭമാണിത്.

സീറോ - മലബാർ സഭ നിരവധി പ്രതിസന്ധികളെ തരണം ചെയ്താണ് മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടിരിക്കുന്നത്. ഈ സഭയുടെ മേൽ നൂററാണ്ടുകളായി നിലനിന്ന വിദേശാധിപത്യം അവസാനിപ്പിച്ച് നമ്മുടെ പൈതൃകം സംരക്ഷിക്കുവാൻ വളരെയധികം ക്ലേശങ്ങൾ നമ്മുടെ മുൻതലമുറ സഹിക്കേണ്ടതായി വന്നിട്ടുണ്ട്. അഭിപ്രായവ്യത്യാസങ്ങളും ആശയസംഘട്ടനങ്ങളും സഭയിൽ പല കാലഘട്ടങ്ങളിലും പൊന്തിവന്നിട്ടുണ്ട്. നൂററാണ്ടുകളായി നിലനിന്ന - ലത്തീൻ - സിറിയൻ - വിഭാഗങ്ങൾ തമ്മിലുള്ള സമരങ്ങൾ പരസ്പര വിശ്വാസമില്ലാത്ത രണ്ടു സമൂഹങ്ങളായി അവരെ അകററി നിറുത്തുകയുണ്ടായി. ക്രൈസ്തവർ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയമണ്ഡലങ്ങളിലെല്ലാം അവഗണിക്കപ്പെട്ടപ്പോഴും അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഒന്നിച്ചണിനിരക്കാൻ പോലും സാദ്ധ്യമല്ലാത്തവിധം ആ രണ്ടു വിഭാഗങ്ങളും അകന്നു പോവുകയുണ്ടായി. ഒരേ വിശ്വാസവും ഒരേ മാമ്മോദീസായും സ്വീകരിച്ച ഒരേ തലവന്റെ കീഴിൽ വളർന്ന ഒരു സമുദായമാണ് ഭിന്നചേരിയിൽ നിലകൊണ്ടത്, അതുകൊണ്ട് വന്നു ഭവിച്ച നഷ്ടങ്ങളെപ്പററി കണക്കുകൂട്ടുവാൻ പോലും നാം ഇന്നു തയ്യാറില്ല. റീത്തിന്റെ പേരിൽ നിലനിന്ന അഭിപ്രായവ്യത്യാസങ്ങൾ നമ്മുടെ സമുദായത്തിന്റെ ശക്തിക്ഷയത്തിന് കാരണമായിട്ടുണ്ടെന്ന യാഥാർത്ഥ്യം നമുക്ക് വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

പരസ്പരം ഭിന്നിച്ചു വളർന്നുവന്ന ഒരു സമൂഹമാണ് നമ്മുടേതെങ്കിലും ആ ഭിന്നിപ്പിലും സ്നേഹത്തിന്റെ ചൈതന്യം നാം നിലനിർത്തിക്കൊണ്ടു പോന്നിരുന്നു. അച്ചടക്കമുള്ള ഒരു സമൂഹം എന്ന ബഹുമതി ക്രൈസ്തവ സമൂഹത്തിന് എന്നും ലഭിച്ചിരുന്നു.

പൈതൃകം വീണ്ടെടുക്കുന്നതിനുവേണ്ടി നൂററാണ്ടുകൾ സമരം ചെയ്ത സീറോ - മലബാർ സഭയിൽ ആരാധനാക്രമത്തിന്റെ പേരിൽ കഴിഞ്ഞ കുറെ വർഷങ്ങളായി അഭിപ്രായവ്യത്യാസങ്ങൾ തഴച്ചുവളരുകയായിരുന്നു. ആ അഭിപ്രായവ്യത്യാസങ്ങൾ സകലവിധ മര്യാദകളെയും അതിലംഘിച്ച്, രാഷ്ട്രീയക്കാരുടെ ശൈലിയിലേയ്ക്ക് തരം താണുപൊയ്ക്കൊണ്ടിരിക്കുന്നതിൽ ഇവിടുത്തെ ക്രൈസ്തവസമൂഹം ലജ്ജിക്കേണ്ടിയിരിക്കുന്നു.

അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുക സ്വഭാവികമാണ്. തനിക്ക് ശരിയെന്നു തോന്നുന്ന ആശയത്തിലേക്കു മററുള്ളവരെ കൂട്ടിക്കൊണ്ടുവരുന്നതിന് പരിശ്രമിക്കുന്നതിലും തെററില്ല. ആ ശ്രമം പരാജയപ്പെട്ടെന്നും വിജയിച്ചെന്നും വരാം. പരാജയത്തിലും വിജയത്തിലും പതറാതെ ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ചു മുന്നേറാനുള്ള പക്വതയാണു നാം കൈവരിക്കേണ്ടത്.

സീറോ - മലബാർ സഭയിലെ ഇന്നത്തെ അഭിപ്രായവ്യത്യാസം വളർത്തുന്നതിൽ കത്തോലിക്കാ മാസികകളും വാരികകളും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു ദശകക്കാലമായി സഭയിൽ അനൈക്യത്തിന്റെ വിത്ത് വിതച്ചത് ഇവിടുത്തെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളാണ് എന്നത് ഉറക്കെ പ്രഖ്യാപിക്കാൻ സാധിക്കും. സഭയിൽ ഈ രീതിയിലുള്ള ഗ്രൂപ്പിസം

www.malankaralibrary.com

വളർത്തുന്നത് ശരിയല്ലെന്നും ജനങ്ങൾ ഭിന്നചേരിയിൽ നിന്ന് പ്രവർത്തിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നത് അപകടകരമാണെന്നും അതു സഭയുടെയും രാജ്യത്തിന്റെയും താല്പര്യങ്ങൾക്ക് വിഘാതമായിത്തീരുമെന്നും കഴിഞ്ഞ ലക്കങ്ങളിലൂടെ ഞങ്ങൾ തുറന്ന്എഴുതിയപ്പോൾ മിതമായ വാക്കുകൾ ഉപയോഗിച്ച് എഴുതിയപ്പോൾ – ഞങ്ങളെ പലരും കുററപ്പെടുത്തിയത് ഞങ്ങൾ അനുസ്മരിക്കുന്നു. പക്ഷേ ഇന്ന് സഭയിലെ ഉത്തരവാദപ്പെട്ടവർതന്നെ സംസ്കാര ശൂന്യമായ പദങ്ങൾ ഉപയോഗിച്ച് ജനങ്ങളെ തമ്മിൽ അടിപ്പിക്കുവാൻ സർവ്വ ശക്തിയും ഉപയോഗിച്ച് പ്രവർത്തിക്കുമ്പോൾ അതിനോട് വേണ്ടവിധത്തിൽ പ്രതികരിച്ചിട്ടുണ്ടോയെന്ന് നാം ചിന്തിക്കണം. ഈ ലക്കം ബുള്ളററിൻ വായനക്കാരുടെ കൈകളിലെത്തുമ്പോഴേയ്ക്കും സീറോ – മലബാർ സഭയിലെ മെത്രാന്മാരുടെ സമ്പൂർണ്ണ സിനഡ് സമാപിച്ചിരിക്കും. സിനഡിന്റെ ആരംഭംമുതൽ പത്രപംക്തികളിലൂടെ ഇന്നത്തെ അഭിപ്രായവ്യത്യാസങ്ങൾ പെരുപ്പിച്ചു കാണിക്കുവാൻ ശ്രമിച്ചിട്ടുള്ള ശക്തികൾ, സഭയെ നന്നാക്കുവാനാണോ, തകർക്കുവാനാണോ യഥാർത്ഥത്തിൽ പരിശ്രമിച്ചത്?

സീറോ – മലബാർ സഭയിൽ ഉയർന്നുവന്നിരിക്കുന്ന വിവാദങ്ങൾക്ക് വിരാമമിടാൻ ആവശ്യപ്പെട്ടുകൊണ്ട് പരിശുദ്ധ മാർപ്പാപ്പാ മെത്രാന്മാർക്ക് ഒരു കത്തയയ്ക്കേണ്ട സാഹചര്യം വരെ ഇവിടെ സംജാതമായിരിക്കുന്നു. ഇങ്ങനെയൊരു സാഹചര്യം സൃഷ്ടിക്കേണ്ടിയിരുന്നോ? ചെറുതോ വലുതോ ആയ പ്രശ്നങ്ങളുടെ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ എളുപ്പം സാധിക്കും. പക്ഷേ ഭിന്നിച്ചുപോയവരെ ഒന്നിപ്പിക്കാൻ എളുപ്പം സാധിക്കുകയില്ല.

നാം അച്ചടക്കമുള്ള ഒരു സമൂഹമെന്ന് എല്ലാവരും അംഗീകരിച്ചിരുന്നു. ഇന്ന് ആ അച്ചടക്കം ദിവസംതോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രവാചക ശബ്ദം എന്ന ഒരു ലഘുലേഖ ഈയിടെ കാണുകയുണ്ടായി. ഏതാനും വൈദികരാണ് അതിന്റെ പിന്നിൽ. ആ പ്രവാചക ശബ്ദത്തിലെ പദപ്രയോഗങ്ങൾ എത്രയോ സംസ്കാരശൂന്യമാണ്? ആ ലഘുലേഖയിൽ അവർ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ ഭംഗിയായ ഭാഷയിൽ മാന്യമായ രീതിയിൽ എഴുതിപ്രസിദ്ധീകരിക്കാമായിരുന്നില്ലേ. ? സഭയിൽ ഭിന്നിപ്പിന്റെ സ്വരം ഭീഷണിയോടുകൂടി മുഴക്കുകയല്ലേ അവർ ചെയ്തിരിക്കുന്നത്?

മെത്രാന്മാരുടെ സിനഡിനെ ആക്ഷേപിച്ചുകൊണ്ടാണ് അവർ എഴുതിയിരിക്കുന്നത്. വാളെടുക്കുവാൻ അവർ ആഹ്വാനം ചെയ്തിരിക്കുന്നു. സെമിനാരി വിദ്യാർത്ഥികളിൽ ഗ്രൂപ്പിസം വളർത്താൻ ശ്രമിക്കുന്നു. വൈദികവിദ്യാർത്ഥികളെ ഗ്രൂപ്പ് കളിക്കാൻ പ്രേരിപ്പിക്കുന്നു. ഇതെല്ലാം സഭയുടെ നന്മയ്ക്കോ?

മേജർ ആർച്ചുബിഷപ്പിനെയും പൊന്തിഫിക്കൽ ഡലഗേററിനേയും ആക്ഷേപിച്ചുകൊണ്ടാണ് ലഘുലേഖ പുറത്തിറക്കിയിരിക്കുന്നത്. വ്യക്തിപരമായി സഭാധികാരികളെ ആക്ഷേപിക്കുന്ന ഈ പ്രവണത അപലപനീയം തന്നെയാണ്. ചോദിക്കാനാരുമില്ല എന്ന സ്ഥിതിവിശേഷം തുടരുന്നത് ശരിയല്ല. ബാലൻസ് തെററിയ ഈ പോക്ക് ലക്ഷ്യം പ്രാപിക്കുവാൻ സഹായകരമാവുക

www.malankaralibrary.com

യില്ലെന്ന് അവർ മനസ്സിലാക്കണം.

അച്ചടക്കമുള്ള ജനങ്ങൾ ഉള്ള സംഘടനയ്ക്കേ, സമൂഹത്തിനേ, രാഷ്ട്രത്തിനേ, വിജയപൂർവ്വം മുന്നേറുവാൻ സാധിക്കുകയുള്ളു. അച്ചടക്കം തകർക്കാൻ ശ്രമിക്കുന്നവരുടെ പേരിൽ കർശനനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് അമാന്തം വിചാരിച്ചാൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്ന് മുന്നറിയിപ്പു നൽകുവാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു.

സീറോ - മലബാർ സഭ കെട്ടുറപ്പോടെ ഒരേ ഇടയന്റെ കീഴിൽ മുന്നോട്ടു നീങ്ങണം. അത് രാഷ്ട്രത്തിന്റെയും സഭയുടെയും തന്നെ പുരോഗതിക്ക് ആവശ്യമാണ്? ഇന്നത്തെ എല്ലാ അഭിപ്രായവ്യത്യാസങ്ങളും അവസാനിപ്പിച്ച് കൂടുതൽ ഊർജ്ജസ്വലതയോടെ എല്ലാവരും ഒന്നിച്ചു നീങ്ങണം. ആ കൂട്ടായ്മ അരക്കിട്ടുറപ്പിക്കുമെന്ന് വേണമെങ്കിൽ ഒന്നുകൂടി കൂനൻ കുരിശിൽ ആലാത്തുകെട്ടി അതിൽപിടിച്ചുകൊണ്ട് നമുക്ക് സത്യം ചെയ്യാം. സഭാതലവന്റെ കീഴിൽ ഒന്നിച്ചണിനിരക്കുമെന്നായിരിക്കണം നാം കൂനൻ കുരിശിൽ പിടിച്ച് പ്രഖ്യാപിക്കേണ്ടത്. "ഒന്നിച്ചാൽ നാം ജയിക്കും ഭിന്നിച്ചാൽ നാം നശിക്കും" എല്ലാവരുടെയും മനസ്സിൽ ഈ വാക്കുകൾ പ്രതിദ്ധ്വനിക്കട്ടെ.

05-12-1993

## 178

# ഇവരോ സഭാസ്നേഹികൾ?

സീറോ-മലബാർ സഭയിൽ കുറെനാളുകളായി ആരാധനക്രമം, ഭരണസംവിധാനം തുടങ്ങിയ ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുകയാണ്. സഭ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെടുകയും സഭയ്ക്ക് ഒരു തലവനെ നിയമിക്കുകയും ചെയ്തപ്പോൾ പ്രശ്നങ്ങൾ ഇവിടെത്തന്നെ സാവധാനം പരിഹരിക്കപ്പെടുമെന്ന് സഭാസ്നേഹികൾ വിശ്വസിച്ചു. അതിനായി പ്രാർത്ഥിച്ചു. എന്നാൽ ആ പ്രതീക്ഷയെ തകർത്തുകൊണ്ട് സഭാസ്നേഹത്തിന്റെ പേരിൽ സമുദായത്തിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുവാൻ ചിലർ മനഃപൂർവ്വം ശ്രമിക്കുകയാണ്. ഇത് ദുഃഖകരമാണ്, പ്രതിഷേധാർഹവുമാണ്.

സഭയിലായാലും സംഘടനകളിലായാലും അഭിപ്രായവ്യത്യാസമുണ്ടാവുക സാധാരണമാണ്. അവ പരിഹരിച്ചു മുന്നോട്ടുനീങ്ങുന്നതിലാണ് വിജയം. പരിഹരിക്കപ്പെടാതെ പ്രശ്നങ്ങൾ മുന്നോട്ടുനീങ്ങുന്നത് കൂടുതൽ അപകടകരമാണ്. സീറോ-മലബാർ സഭയിലെ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ ഈയിടയായി കുറെ ലഘുലേഖകൾ അച്ചടിച്ച് ഇറങ്ങിയിരിക്കുന്നത് കാണുവാനിടയായി. ചില ലഘുലേഖകൾ വൈദികർ തയ്യാറാക്കിയതാണ്. ചിലത് വൈദികരും അൽമേയരുംകൂടി പേരുവച്ച് പ്രസിദ്ധീകരിച്ചിരിക്കുന്നതാണ്. മറെറാന്ന് പ്രതികരണവേദി മെമ്പേഴ്സ് എന്നുവച്ചു മൂന്ന് അൽമായ

www.malankaralibrary.com

രുടെ പേരിലുള്ളതാണ്. പല ലഘുലേഖകളും ഏതു പ്രസ്സിൽ അച്ചടിച്ചതാണെന്നുപോലും കാണുന്നില്ല. ഈ ലഘുലേഖകളുടെയെല്ലാം ഉറവിടം കണ്ടെത്തുക പ്രയാസമാണ്.

രാഷ്ട്രീയപാർട്ടികൾ വിഭജിക്കുമ്പോൾ നേതാക്കൾ തമ്മിൽ ശണ്ഠ കൂടുകയും ആരോപണപ്രത്യാരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുക സർവ്വസാധാരണമാണ്. അഴിമതി സ്വജനപക്ഷപാതം തുടങ്ങിയ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുക സാധാരണമാണ്. എന്നാൽ രാഷ്ട്രീയനേതാക്കൾ തമ്മിൽ മദ്യപാനിയെന്നോ സ്ത്രീലമ്പടനെന്നോ വിളിച്ച് ആക്ഷേപിക്കുന്നത് കേട്ടിട്ടില്ല. മേൽപറഞ്ഞ ആരോപണങ്ങൾ ഉണ്ടായിട്ടുള്ള നേതാക്കന്മാരെപ്പറ്റിപ്പോലും പൊതുവേദികളിലോ ലഘുലേഖകളിലോ മദ്യപാനിയെന്നോ സ്ത്രീലമ്പടനെന്നോ ആക്ഷേപിക്കുന്നത് കേട്ടിട്ടില്ല. അത്രയ്ക്ക് മാന്യത രാഷ്ട്രീയപാർട്ടി പ്രവർത്തകരും നേതാക്കളും കാണിക്കാറുണ്ട്.

എന്നാൽ രാഷ്ട്രീയനേതാക്കളെക്കാൾ തരംതാണ പ്രവർത്തനവുമായിട്ടാണ് ഈയിടെ ചില സഭാസ്നേഹികൾ മുന്നിട്ടിറങ്ങിയിരിക്കുന്നത്. പൗരസ്ത്യസഭയോടുള്ള അവരുടെ സ്നേഹത്തിന്റെ പേരിലാണ് അവർ പോർവിളി മുഴക്കുന്നത്. സീറോ-മലബാർ സഭയെ അവരോളം സ്നേഹിക്കുന്നവർ മററാരുമില്ലെന്നാണ് അവരുടെ ചിന്തയെന്ന് തോന്നും. അവരുടെ പ്രവർത്തനശൈലി ക്രൈസ്തവമാണോ? അവർ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരാണോ? ഇവരൊക്കെ സഭയുടെയും ക്രിസ്തുവിന്റെയും പേരിൽ ശബ്ദിക്കുവാൻ അർഹരാണോ? ഇവരൊക്കെ വിചാരിക്കുന്നതുപോലെ സഭയും സഭാധികാരികളും പ്രവർത്തിച്ചില്ലെങ്കിൽ എല്ലാററിനെയും നശിപ്പിക്കുമെന്ന വിധത്തിൽ അട്ടഹാസം മുഴക്കുന്നത് എന്തു ധാർമ്മികതയുടെ പേരിലാണ്? എന്ത് നീതിബോധത്തിന്റെ പേരിലാണ്?

പാണം വിലാവ് (കോഴിക്കോട്) നിന്ന് മൂന്ന് പ്രതികരണവേദി മെമ്പേഴ്സ് തയ്യാറാക്കി പ്രസിദ്ധീകരിച്ച ലഘുലേഖ വായിക്കുവാൻപോലും ലജ്ജതോന്നും. മഞ്ഞപ്പിത്തം പിടിച്ചവൻ നോക്കുന്നതെല്ലാം മഞ്ഞച്ചിരിക്കും എന്നുപറയുന്നതുപോലെയാണ് പ്രതികരണവേദി മെമ്പേഴ്സിന്റെ നിഗമനം എന്നാണ് ഞങ്ങൾക്കു തോന്നുക. ധാർമ്മികമായി അത്രമാത്രം അധഃപതിച്ചവർക്കു മാത്രമേ ഇതുപോലുള്ള ലഘുലേഖകൾ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. അവർ എഴുതിയ ലഘുലേഖയിലെ ഒരു വാചകം പോലും നമ്മുടെ വീടുകളിൽ വായിക്കുവാൻപോലും സാദ്ധ്യമല്ലാത്തവിധം വികൃതമാണ്. വ്യക്തിവിദ്വേഷത്തിലധിഷ്ഠിതമാണ് ആ ലഘുലേഖ. സഭയിലെ ഒരു മെത്രാനെയോ വൈദികനെയോ വേണ്ട, ഒരു അൽമേനിയെപ്പോലും ഇത്രമാത്രം വികൃതമായി ആക്ഷേപിക്കുവാൻ ഒരു വ്യക്തിക്കും സാധിക്കുകയില്ല. ഈ ലഘുലേഖ തയ്യാറാക്കിയവരുടെയും അതിനു കൂട്ടുനിന്നവരുടെയും ധാർമ്മികത എന്താണ്?

ഇതുപോലുള്ള ലഘുലേഖയെ അവഗണിക്കുകയാണ് ഏററവും ഉചിതം. അവഗണിച്ചതുകൊണ്ടുമാത്രം ആയില്ല. അവർ മുഖാന്തിരം നമ്മുടെ സഭാനേതാക്കൾ സമൂഹത്തിന്റെ മുമ്പിൽ തെററിദ്ധരിക്കപ്പെടുന്നെങ്കിൽ അത്

www.malankaralibrary.com

എത്രയോ വലിയ കുററമാണ്. വ്യക്തിവിദ്വേഷം മാത്രം കൈമുതലായുള്ള വരുടെ ഈദൃശ്യ പ്രവർത്തനങ്ങളെ ശക്തിയായി നേരിടുവാൻ സമുദായ സ്നേഹികൾ ഒന്നിക്കണം.

സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി നിയമിതനായ പണ്ഡിതനും പക്വമതിയും വിശാലഹൃദയനും തികഞ്ഞ സഭാസ്നേഹിയുമായ അത്യുന്നത കർദ്ദിനാൾ മേജർ ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ തിരുമേനിയും പൊന്തിഫിക്കൽ ഡലഗേററായി നിയമിതനായ പ്രമുഖ നയതന്ത്രജ്ഞനും ബുദ്ധിശാലിയും സഭാസ്നേഹിയുമായ ആർച്ച് ബിഷപ്പ് മാർ അബ്രാഹം കാട്ടുമനയും ഈ സഭയുടെ അഭിമാനഭാജനങ്ങളാണ്. അവർക്കെതിരായി തത്വദീക്ഷയില്ലാതെ പറഞ്ഞുപരത്തുന്ന ആരോപണങ്ങൾക്ക് വിരാമമിടണമെന്ന് എല്ലാ സമുദായസ്നേഹികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഏതാനും വികൃതികളുടെ പെരുമാററംകൊണ്ട് നിരവധിപേർ തെററിദ്ധരിക്കുവാൻപോലും ഇടയാകുന്നുണ്ടെന്ന യാഥാർത്ഥ്യം അവർ വിസ്മരിക്കരുത്.

5-2-94

## (179)

# അമേരിക്ക ഇന്ത്യക്കെതിരെ

സോവിയററ് റഷ്യയുടെ തകർച്ചയോടുകൂടി യു.എസ്സ്.എ. അതിന്റെ തനിനിറം കാട്ടി തുടങ്ങിയിരിക്കുകയാണ്. ലോകത്തെമ്പാടും ആഭ്യന്തരകലഹം ഉണ്ടാക്കുകയും രാഷ്ട്രങ്ങളെ തമ്മിൽ ഭിന്നിപ്പിച്ച് ആയുധം വിററ് വമ്പിച്ച ലാഭം കൊയ്യുകയും ചെയ്യുന്ന അമേരിക്ക കഴിഞ്ഞ കുറേനാളുകളായി ഇന്ത്യയുടെ ആഭ്യന്തരകാര്യത്തിൽ ഇടപെടുകയാണ്. ചോദിക്കുവാൻ ആരുമില്ലെന്ന അഹങ്കാരമാണ് അമേരിക്കയെ ഈവിധം പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്നത്. അമേരിക്കയുടെ ഈ നയത്തിനെതിരെ ലോകമനസ്സാക്ഷി ഉയർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു. അതിന് ലോകരാഷ്ട്രങ്ങൾ തയ്യാറാകുന്നില്ലെങ്കിൽ ഒന്നിന് പുറകെ ഒന്നായി ഓരോ രാജ്യത്തിന്റെയും ആഭ്യന്തരകാര്യങ്ങളിൽ അമേരിക്ക ഇടപെട്ടെന്നുവരും. ലോകമാസകലം അസമാധാനം അവർ സൃഷ്ടിച്ചെന്നുവരും.

പഞ്ചാബിന്റെ കാര്യത്തിലാണ് അമേരിക്ക ഇന്ത്യക്കെതിരെ നീങ്ങിയിരിക്കുന്നത്. പഞ്ചാബിൽ ഇപ്പോഴും മനുഷ്യാവകാശലംഘനം തുടരുന്നുണ്ടെന്ന് തറപ്പിച്ചുപറഞ്ഞ ക്ലിന്റൺ, സിക്കുകാരുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്ന ഒരു പരിഹാരം പഞ്ചാബിലുണ്ടാക്കുന്നതിനെ താൻ അനുകൂലിക്കുമെന്നുകൂടി പറഞ്ഞിരിക്കുകയാണ്. ഇതിന്റെ അർത്ഥം എന്താണ്? പഞ്ചാബിലെ വിപ്ലവകാരികളുടെ കൂടെയാണ് അമേരിക്ക നിലകൊള്ളുന്നതെന്നർത്ഥം. പഞ്ചാബിലെ വിപ്ലവകാരികളുടെ പക്ഷം ചേർന്ന് ഇന്ത്യക്കെതിരെ പ്രവർത്തിക്കുമെന്നർത്ഥം.

പഞ്ചാബിൽ മാത്രമല്ല, കാഷ്മീരിലും അമേരിക്കയുടെ നിലപാട് ഇന്ത്യക്കെതിരാണ്. പാക് അനുകൂല കാഷ്മീരിൽ അമേരിക്കൻ കൗൺസിൽ നേതാവ്

www.malankaralibrary.com

ഗുലാംനബി ഭായിക്ക് അനുകൂലമായ നിലപാട് എടുത്തുകൊണ്ട് ഭാരതത്തിനെതിരെ തുറന്ന ഒരു നിലപാട് അമേരിക്ക സ്വീകരിച്ചിരിക്കുകയാണ്. കാഷ്മീരിൽ സമാധാനമുണ്ടാക്കാൻ ഭായിയോടൊത്ത് പ്രവർത്തിക്കാമെന്നാണ് അമേരിക്ക വാക്ക് നൽകിയിരിക്കുന്നത്. ക്ലിന്റന്റെ ഈ ധിക്കാരപരമായ പോക്ക് ലോകസമാധാനത്തിനുതന്നെ അപകടകരമാണ്.

ഇന്ത്യ ശാസ്ത്രസാങ്കേതികരംഗത്ത് അത്യുജ്ജ്വല വിജയം നേടിയപ്പോൾ ഇന്ത്യക്കെതിരെ അണിയറനീക്കം നടത്തിയവരാണ് അമേരിക്ക. നാം അഗ്നി വിക്ഷേപിച്ചപ്പോൾ അമേരിക്ക എത്ര അസഹിഷ്ണുതയോടെയാണ് അതിനെ വീക്ഷിച്ചത്.

ലോകത്തെല്ലാം സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നെന്ന് പറയുകയും എല്ലാ രാഷ്ട്രങ്ങളിലും വിഘടനവാദം ശക്തിപ്പെടുത്തുന്നതിന് എല്ലാവിധ പിന്തുണയും നൽകുകയും ചെയ്യുന്ന അമേരിക്ക, കാഷ്മീർ പ്രശ്നത്തിലും പഞ്ചാബ് പ്രശ്നത്തിലും സ്വീകരിച്ച നിലപാട് പ്രതിഷേധാർഹമാണ്. ഇന്ത്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ അമേരിക്കയെ ഒരു നിമിഷവും നാം അനുവദിക്കരുത്. ലോകപോലീസ് വേഷം ചമഞ്ഞ് നടക്കുന്ന ഈ അമേരിക്കൻ മേധാവിത്വത്തിനെതിരെ എല്ലാ രാജ്യസ്നേഹികളും ഒന്നിച്ചണിനിരക്കണം. ജനാധിപത്യത്തിലും മാനുഷികമൂല്യങ്ങളിലും വിശ്വസിക്കുന്ന എല്ലാ രാഷ്ട്രങ്ങളും അമേരിക്കയുടെ ഈ നയത്തിനെതിരെ ശബ്ദിക്കണം; ഒന്നിക്കണം.

ഇന്ത്യൻജനത ഒററക്കെട്ടായി അമേരിക്കയുടെ ഈ നയത്തിനെതിരെ പോരാടണം. ഈ പോരാട്ടത്തിൽ ഇന്ത്യയിലെ സിക്കുകാരും മുസ്ലീങ്ങളും മുൻപന്തിയിൽ നിൽക്കണം. അപ്പോൾ മാത്രമേ ഇന്ത്യാക്കാരുടെ രാജ്യസ്നേഹത്തിന്റെ തീവ്രത മനസ്സിലാക്കുവാൻ അമേരിക്കൻ ഗവൺമെന്റിനും ജനങ്ങൾക്കും സാധിക്കുകയുള്ളു.

5-2-94

## 180

# മെത്രാന്മാരുടെ സിനഡിന് മുമ്പിൽ

സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സമ്പൂർണ്ണസിനഡ് മാർച്ച് 7-ന് ആരംഭിക്കുകയാണ്. സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ് ഈ സിനഡ്. വിവാദപരമായ ഒട്ടേറെ പ്രശ്നങ്ങളെപ്പററി സമ്മേളനം ചർച്ച ചെയ്യുന്നതാണ്. സിനഡ് വിജയകരമായി പര്യവസാനിക്കുന്നതിനും എല്ലാ അഭിപ്രായഭിന്നതകളും അവസാനിക്കുന്നതിനും സഭയിലെ കൂട്ടായ്മ കൂടുതൽ അനുഭവവേദ്യമാകുന്നതിനും വേണ്ടി നമുക്കെല്ലാവർക്കും ഈ ദിവസങ്ങളിൽ പ്രാർത്ഥിക്കാം. നൂററാണ്ടുകളായി നമ്മുടെ സഭയിൽ നിലനിന്നിരുന്ന അച്ചടക്കം നഷ്ടപ്പെടാതെ കാത്തുസൂക്ഷി

www.malankaralibrary.com

ക്കുന്നതിനുവേണ്ടി നമുക്ക് പരിശ്രമിക്കാം. സഭയുടെ പൊതുതാല്പര്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്നവരുടെമേൽ കർശനനടപടികൾ സ്വീകരിക്കേണ്ടി വന്നാൽ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട അധികാരികളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഈ സന്ദർഭത്തിൽ 1968-ൽ ആലുവായിൽ കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടിയ ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന വിഷയത്തെപ്പററി ചർച്ച ചെയ്ത റീജിയണൽ സെമിനാറിലേയ്ക്ക് അഭിവന്ദ്യവൈദികമേലദ്ധ്യക്ഷന്മാരുടെ ശ്രദ്ധയെ വിനയപൂർവ്വം ക്ഷണിക്കട്ടെ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ എങ്ങനെ കേരളസഭയിൽ നടപ്പിലാക്കുമെന്നതിനെപ്പററി ചർച്ച ചെയ്യാനായിരുന്നു റീജിയനൽ സെമിനാർ സംഘടിപ്പിച്ചത്. ഒരു വർഷം നീണ്ടുനിന്ന ഒരുക്കങ്ങൾ സെമിനാറിനുവേണ്ടി നടന്നു. 13 പ്രധാനപ്പെട്ട വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ചർച്ചകൾ നടന്നത്. ഓരോ വിഷയത്തെപ്പററിയും ഒരു വിദഗ്ദ്ധ സമിതി തയ്യാറാക്കിയ പ്രബന്ധത്തിന്റെയടിസ്ഥാനത്തിൽ സെമിനാർ അംഗങ്ങൾ പല ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി. സീറോ-മലബാർ, ലത്തീൻ, മലങ്കര സഭ വിഭാഗങ്ങളിൽപ്പെട്ട മെത്രാന്മാരും വൈദികരും അൽമേയ പ്രതിനിധികളും സന്യാസീസന്യാസിനികളും സെമിനാറിൽ പങ്കെടുത്തിരുന്നു. ഒരാഴ്ച നീണ്ടുനിന്ന സെമിനാർ പല സുപ്രധാന തീരുമാനങ്ങളും കൈക്കൊണ്ടു. ഏകാഭിപ്രായത്തിലാണ് തീരുമാനങ്ങൾ സ്വീകരിച്ചത്. കേരളസഭയിലെ ജനങ്ങൾ ഏതുവഴിക്കു ചിന്തിക്കുന്നുവെന്ന് ആ റീജിയണൽ സെമിനാറിന്റെ ചർച്ചകളും തീരുമാനങ്ങളും വായിക്കുന്നവർക്ക് മനസ്സിലാക്കുവാൻ സാധിക്കും. സെമിനാറിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് അർത്ഥശങ്കക്കിടയില്ലാത്തവണ്ണം കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ സമാപന സമ്മേളനത്തിൽ പ്രഖ്യാപിച്ചു.

വർഷം 25 പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. സെമിനാറിൽ പങ്കെടുത്തവരിൽ നല്ലൊരു വിഭാഗം ദിവംഗതരായി. പലരും വാർദ്ധക്യത്തിലേക്ക് കടന്നിരിക്കുന്നു. അന്നു സെമിനാറിൽ പങ്കെടുത്ത പല വൈദികരും പിന്നീട് മെത്രാൻ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടു. റീജിയണൽ സെമിനാറിന്റെ തീരുമാനങ്ങൾ ഭാഗികമായി രൂപതാതലത്തിൽ നടപ്പിലാക്കാൻ കുറെയൊക്കെ ശ്രമിച്ചിട്ടുണ്ട്. എന്നാൽ റീജിയണൽ സെമിനാർ കേരളസഭയെ ഒന്നാകെ കണ്ടതുപോലെ കാണാനോ സെമിനാറിന്റെ തീരുമാനങ്ങളും നിഗമനങ്ങളും പൂർണ്ണമായും നടപ്പിലാക്കുവാനോ ശ്രമിച്ചിട്ടില്ല. ഇത് വളരെ ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതാണ്. സെമിനാറിൽ ആരാധനാക്രമവും മതബോധനവും എന്നത് രണ്ടാമത്തെ വിഷയമായിരുന്നു. ആ വിഷയത്തെപ്പററി പ്രബന്ധം തയ്യാറാക്കിയിരുന്നത് ഫാ.ജോൺ വള്ളമററം ചെയർമാനായിരുന്ന സർവ്വീസ് ടീം ആയിരുന്നു. ഗ്രൂപ്പ് ചർച്ചയ്ക്ക് നേതൃത്വം നല്കിയത് ഫാ.ജെ.ചേന്നാട്ട് ചെയർമാനും ഫാ.ജോൺ വള്ളമററം ലീഡറും ഫാ.സി.എ.അബ്രാഹം, അബ്രാഹം ചാത്തപറമ്പിൽ എന്നിവർ സെക്രട്ടറിമാരായിട്ടുള്ള ഗ്രൂപ്പായിരുന്നു. ആ ഗ്രൂപ്പ് ചർച്ചചെയ്ത് പൊതുസമ്മേളനത്തിൽ അവതരിപ്പിച്ചതും പൊതുയോഗം അംഗീകരിച്ചതുമായ ചില വസ്തുതകൾ ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

www.malankaralibrary.com

"ഒരു പ്രദേശത്ത് ഒരു റീത്തിൽപ്പെട്ട പള്ളിയോ സ്ഥാപനമോ ഉണ്ടെങ്കിൽ മറ്റൊരു റീത്തിന്റെ വകയായി പുതിയ പള്ളിയോ സ്ഥാപനമോ ഏർപ്പെടുത്തരുത്. ആ റീത്തിൽ ആ പ്രദേശത്ത് ധാരാളം കത്തോലിക്കർ ഉണ്ടെങ്കിൽത്തന്നെയും അങ്ങനെ ചെയ്യരുത്. തങ്ങളുടെ റീത്തിൽത്തന്നെ ആരാധനക്രമം വേണമെന്ന് നിർബന്ധമുണ്ടെങ്കിൽ ഒരേ പള്ളിയിൽത്തന്നെ അതിനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്. വിദേശങ്ങളിൽ കത്തോലിക്കർക്കും പ്രോട്ടസ്റ്റന്റുകാർക്കും ഒരേ പള്ളിയിൽ പോകാമെങ്കിൽ എന്തുകൊണ്ട് ഇന്ത്യയിൽ വിവിധ റീത്തുകളിൽപ്പെട്ട കത്തോലിക്കർക്കും അങ്ങനെ ചെയ്തുകൂടാ?

പള്ളിയില്ലാത്ത പ്രദേശത്തു പള്ളി ആവശ്യമായി വരുകയും അവിടെ രണ്ടോ അതിൽ കൂടുതലോ റീത്തുകളിൽപ്പെട്ട ധാരാളം കത്തോലിക്കർ ഉണ്ടായിരിക്കുകയും ചെയ്താൽ പൊതുവായ ഒരു പള്ളി പണിയാവുന്നതാണ്. അഭിപ്രായവ്യത്യാസങ്ങളും തർക്കവുമുണ്ടെങ്കിൽ അത് പറഞ്ഞു തീർക്കുന്നതിനും പള്ളികളും സ്ഥാപനങ്ങളും അനാവശ്യമായി പെരുപ്പിക്കാതിരിക്കുന്നതിനും വിവിധ ഭരണാധികാരികളുടെ ഒരു ഏകോപനസമിതി ഏർപ്പെടുത്തുന്നത് അത്യാവശ്യമാണ്. അതുപോലെ വിവിധ ഭരണാധികാരങ്ങളിൽപ്പെട്ട പ്രദേശങ്ങളിൽ ഐക്യവും പൊതുയത്നവും വളർത്തുന്നതിന് അത്തരം സമിതികൾ ഏർപ്പെടുത്തുന്നത് കൊള്ളാം.

ശുപാർശകൾ: രൂപതാകച്ചേരിയിലെ ഉദ്യോഗസ്ഥന്മാരെ മെത്രാൻ തിരഞ്ഞെടുക്കുന്നത് വൈദികരോടും അത്മായരോടും കൂടി ആലോചിച്ചു കൊണ്ടുവേണം. അവരുടെ ഉദ്യോഗകാലാവധി 5 കൊല്ലത്തിൽ കൂടുതൽ പാടില്ല. കഴിയുമെങ്കിൽ അൽമേയരെക്കൂടി ഉൾപ്പെടുത്തുന്നതു കൊള്ളാം. മെത്രാന്മാരെ തിരഞ്ഞെടുക്കുമ്പോൾ വൈദികരോടും പാസ്റ്ററൽ കൗൺസിലിനോടും കൂടി ആലോചിക്കണം. വൈദികരുടെയും മെത്രാന്മാരുടെയും പിരിഞ്ഞുപോകലിനുള്ള പ്രായം 70 ആയി നിശ്ചയിക്കണം."

ഇങ്ങനെയുള്ള സുപ്രധാന തീരുമാനങ്ങൾ ആണ് സെമിനാർ കൈക്കൊണ്ടത്. ഈ തീരുമാനങ്ങൾ സഭാംഗങ്ങളുടെ പൂർണ്ണയോജിപ്പോടെയുള്ളതാണ്. ഈ ശുപാർശകൾ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇന്ന് ഇവിടെക്കാണുന്ന പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാവുമായിരുന്നില്ല. റീജിയണൽ സെമിനാറിന്റെ തീരുമാനങ്ങൾ കാൽനൂററാണ്ടിനുശേഷം കേരളത്തിലെ മെത്രാന്മാരുടെ പരിഗണനക്കായി ഞങ്ങൾ വീണ്ടും സമർപ്പിക്കുകയാണ്. ഈ ശുപാർശകൾ തിരസ്ക്കരിക്കപ്പെടുകയാണെങ്കിൽ സമുദായാംഗങ്ങളുടെ അഭിപ്രായം എന്താണെന്നറിയുവാൻ പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയ മറ്റൊരു റീജിയണൽ സെമിനാർ വിളിച്ചു കൂട്ടണമെന്നഭ്യർത്ഥിക്കുന്നു.

5-3-94

www.malankaralibrary.com

## 181

# എ.കെ.സി.സി. ഭരണഘടനാഭേദഗതി

അഖിലകേരള കത്തോലിക്കാ മഹാജനസഭ 1918-ൽ ആണ് രൂപം കൊണ്ടത്. 1931-ൽ പ്രസ്തുത സംഘടന അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് എന്ന പേര് സ്വീകരിച്ചു. അതിനുശേഷം പല കാലങ്ങളിലും സംഘടനയുടെ നിയമാവലി പരിഷ്കരിച്ചിട്ടുണ്ട്. നിയമാവലിയിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം സംഘടനയുടെ പരമാധികാര സമിതിയായ ജനറൽ ബോഡിക്കുമാത്രമാണ്. എന്നാൽ ഭരണഘടനാ ഭേദഗതി ചെയ്തിട്ടുള്ള സന്ദർഭങ്ങളിലെല്ലാം വിദഗ്ദ്ധ നേതാക്കളുടെ അഭിപ്രായം ആരായുകയും സ്വീകാര്യമായവ ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അതിനുള്ള വിവേകം എന്നും പ്രതിനിധിസഭ കാണിച്ചിട്ടുണ്ട്. കെ.സി.ബി.സി. എ.കെ.സി.സി.യുടെ ഭരണഘടന അംഗീകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ നടത്തിയ ഭേദഗതികൾ കേരളത്തിലെ മെത്രാന്മാർക്കെല്ലാം അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. 1987 നവംബർ 22-ാം തീയതി ചേർന്ന എ.കെ.സി.സി. പ്രതിനിധി സഭായോഗമാണ് ഭരണഘടനയിൽ സമൂലമായ മാററങ്ങൾ വരുത്തിയത്. കെ.സി.ബി.സി. നിയോഗിച്ച ഒരു സബ്ബ് കമ്മററിയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഭരണഘടനയിൽ കാതലായ മാററങ്ങൾ വരുത്തിയത്. അതിനുശേഷം സംഘടനയുടെ സുഗമമായ നടത്തിപ്പിനെപ്പററി കെ.സി.ബി.സി. പ്രതിനിധികളും എസ്.എം.ബി.സി. പ്രതിനിധികളുമായി പലവട്ടം ചർച്ച ചെയ്തു. 1991 ജൂലായ് 30-ാം തീയതി അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ജന്റിൽമെൻസ് എഗ്രിമെന്റിൽ എസ്.എം.ബി.സി. പ്രതിനിധികളുമായി എ.കെ.സി.സി. ഭാരവാഹികൾ ഒപ്പുവയ്ക്കുകയും എ.കെ.സി.സി.യുടെ ഭരണഘടനയുടെ വെളിച്ചത്തിൽ ചില നീക്കുപോക്കുകളും ക്രമീകരണങ്ങളും ഏർപ്പെടുത്തുകയും ചെയ്തു. 1990 ജൂൺ 24-ാം തീയതി ചേർന്ന എ.കെ.സി.സി. പ്രതിനിധി സമ്മേളനത്തിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് മേൽ നടപടി എ.കെ.സി.സി. ഭാരവാഹികൾ ചെയ്തിട്ടുള്ളത്.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭരണഘടനാഭേദഗതിക്ക് കുറെയൊക്കെ നിയമങ്ങൾ ഉണ്ടെന്നും അതൊരു ജനാധിപത്യസംഘടനയാണെന്നും എല്ലാവരും ധരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. സംഘടനയുടെ പ്രസിഡന്റോ ജനറൽ സെക്രട്ടറിയോ തീരുമാനിച്ചാൽ മാററാവുന്നതല്ല ഭരണഘടന. തിരുവിതാംകൂർ-കൊച്ചി ലിററററി സയന്റിഫിക് ആൻഡ് ചാരിററബിൾ സൊസൈററീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് S.No.17 ഓഫ് 1967യായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതാണ് ഈ സംഘടന. ആരൊക്കെ പറഞ്ഞാലും അതിന്റെ വ്യവസ്ഥകളെയും ജനാധിപത്യസ്വഭാവത്തെയും തച്ചുടയ്ക്കാൻ സാധിക്കുകയില്ല. അതിനനുവദിക്കുന്നത് ശരിയുമല്ല. ഈ ജനാധിപത്യ സംഘടനയുടെ ജനാധിപത്യ സ്വഭാവത്തെ തച്ചുടയ്ക്കണമെന്ന് ആരും ആഗ്രഹിക്കരുതെന്നും വളരെ വിനീതമായി ഞങ്ങൾ

www.malankaralibrary.com

അഭ്യർത്ഥിക്കുന്നു. ഭരണഘടനാ ഭേദഗതി സമർപ്പിക്കേണ്ടത് സംഘടനയുടെ അംഗങ്ങളോ പ്രതിനിധി സഭാംഗങ്ങളോ ആണ്. അത് അംഗീകരിക്കേണ്ടത് പ്രതിനിധി സഭയുമാണ്.

കത്തോലിക്കാ കോൺഗ്രസ്സ് പ്ലാററിനം ജൂബിലിയും ആഘോഷിച്ചു കഴിഞ്ഞിരിക്കുകയാണ്. ഒരു കാലത്ത് കേരളത്തിന്റെ - വിശിഷ്യാ തിരുവിതാംകൂറിന്റെ ചരിത്രം തിരുത്തിക്കുറിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച ഒരു സംഘടനയാണിത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അതിന്റെ പഴയ പ്രതാപം നിലനിർത്തുവാൻ സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് സമുദായം ഉറക്കെ ചിന്തിക്കണം. 1905-ൽ സ്ഥാപിതമായ കത്തോലിക്കാ ക്രിസ്തീയ മഹാജനസഭയ്ക്ക് രണ്ടുവർഷം മാത്രമേ പ്രവർത്തിക്കുവാൻ സാധിച്ചുള്ളു. സംഘടന സ്ഥാപിച്ച് പ്രവർത്തിക്കുന്നതിന് അനുകൂലമായ നിലപാടല്ലായിരുന്നു അക്കാലത്ത് ഹൈരാർക്കിക്കുണ്ടായിരുന്നത് എന്ന് വിസ്മരിക്കരുത്. 1918-ൽ എത്രയോ വ്യവസ്ഥകൾക്ക് വിധേയമായാണ് ഒരു സംഘടന രൂപീകരിച്ചത് എന്ന് ചരിത്രരേഖകൾ സംസാരിക്കും. ആ വ്യവസ്ഥകൾ പലതും മാററിയെടുക്കുവാൻ ദശാബ്ദങ്ങൾ കഴിയേണ്ടിവന്നു. കേരളത്തിലെ കത്തോലിക്കർക്ക് സുശക്തമായ ഒരു സമുദായ സംഘടന ഉണ്ടാകണമെന്ന നമ്മുടെ പൂർവ്വികരുടെ സ്വപ്നം സക്ഷാത്കരിക്കുന്നതിനുവേണ്ടി നമുക്ക് യത്നിക്കാം. ഭരണഘടന അതിന് എതിരല്ല. സംഘടനയുടെ പരമാധികാര സമിതിക്ക് ഭരണഘടനാ ഭേദഗതി ആവശ്യമെന്ന് ബോദ്ധ്യമാകുമ്പോൾ ആ സമിതി അതിന് തയ്യാറാകും. സംശയിക്കേണ്ട. പ്രതിനിധി സഭയുടെ അധികാരം പ്രതിനിധി സഭയ്ക്കു മാത്രമുള്ളതാണ്. അത് മാററണമെങ്കിൽ പ്രതിനിധി സഭയ്ക്ക് മാററുകയും ചെയ്യാം. അതിന് തയ്യാറാകുകയും ചെയ്യും.

5-5-94

## 182

# ഇതോ സൽഭരണം?

ശ്രീ.കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേറെറടുത്തിട്ട് മൂന്നുവർഷം കഴിഞ്ഞിരിക്കുന്നു. മൂന്നാം വാർഷികം ഭംഗിയായി ആഘോഷിച്ചു. പരസ്യങ്ങൾ പത്രത്തിന് നല്കിക്കൊണ്ട് ഗവൺമെന്റിന്റെ നേട്ടങ്ങൾ ബഹുജനദൃഷ്ടിയിൽ സർക്കാർ വരച്ചു കാണിക്കുകയും ചെയ്തു. കൂടാതെ ഓരോ മന്ത്രിയും തങ്ങളുടെ വകുപ്പിൽ നടന്ന പുരോഗതിയെപ്പററി ഭംഗിയായി എഴുതി മന്ത്രിമാരുടെ വാക്കുകൾ കേൾക്കുകയും അവർ എഴുതിയത് വായിക്കുകയും ചെയ്തപ്പോൾ അവർ ഭരിക്കുന്ന ഈ കേരളസംസ്ഥാനത്താണോ നാം ജീവിക്കുന്നതെന്ന് പലരും സംശയിച്ചിട്ടുണ്ടാകും. പണ്ട് ആരോ പറഞ്ഞതുപോലെ, തന്നെ വച്ചു, തന്നെ കഴിച്ചു എന്നതാണ് ശരി. മന്ത്രിസഭയുടെ നേട്ടങ്ങൾ വരച്ചുകാണിച്ചവർ അവർക്കുണ്ടായ നേട്ടങ്ങൾ മാത്രം മനസ്സിൽവച്ച് എഴുതിയതാണ്, പറഞ്ഞതാണ്. അവർ പത്രത്തിൽ പരസ്യങ്ങളായി നൽകിയ നേട്ടങ്ങൾ സത്യത്തിന് നിരക്കാത്തതാണെന്നും കഴിഞ്ഞ മൂന്നു വർഷത്തോതു

www.malankaralibrary.com

പോലെ ഇനിയും തട്ടിപ്പ് തുടരാനുള്ള ഒരു പദ്ധതിയിലേയ്ക്കാണ് അവർ നീങ്ങുന്നതെന്നും നാം ന്യായമായി ഊഹിക്കേണ്ടിയിരിക്കുന്നു.

മിനിമം പരിപാടികളുടെ അടിസ്ഥാനത്തിൽ ഒരു കൂട്ടുമന്ത്രിസഭയാണ് കേരളം ഭരിക്കുന്നത്. ഒരു ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണിവിടെ ഭരിക്കുന്നതെന്ന് പറയുന്നു. പക്ഷേ കഴിഞ്ഞ മൂന്നു വർഷത്തിലൊരിക്ക ലെങ്കിലും ഐക്യത്തോടെ ഈ ഗവൺമെന്റ് പ്രവർത്തിച്ചതായി അറിയുവാൻ സാധിച്ചിട്ടില്ല. ഇവിടെ ഐക്യമല്ല അനൈക്യമാണ് നിലനിൽക്കുന്നത്.

അനൈക്യത്തോടെ ഭരിക്കുന്ന ഈ ഗവൺമെന്റിൽ നിന്നും സാധാരണ ജനങ്ങൾക്ക് യാതൊരു നന്മയും ലഭിക്കുകയില്ല. പരസ്പരം വിലപേശി ഭരിക്കുന്ന രാഷ്ട്രീയ തൊഴിലാളികൾക്ക് മാത്രമാണ് നേട്ടമുണ്ടാകുക. അവരാണ് നേട്ടങ്ങളെപ്പററി പ്രസ്താവനയിറക്കുക.

മന്ത്രിസഭാരൂപീകരണം തുടങ്ങി ഇന്നുവരെ ഘടകകക്ഷികളിലും ഭരണ മുന്നണിയിലും ഉണ്ടായിട്ടുള്ള ഭിന്നതകൾ എത്ര രൂക്ഷമാണ്. ഭരണകക്ഷിയിലെ എൻ.ഡി.പി.യും കേരളാ കോൺഗ്രസ്സ് (എം) ഉം കോൺഗ്രസ്സും പിളർന്നും ഭിന്നിച്ചും കഴിയുകയല്ലേ?

ഭരണമുന്നണിയിലെ ഉപനേതാവും ധനകാര്യമന്ത്രിയുമായിരുന്ന ശ്രീ.ഉമ്മൻ ചാണ്ടി സഹിച്ച് സഹിച്ച് സഹികെട്ട് മന്ത്രിസഭയിൽനിന്നും രാജി വച്ചിരിക്കുന്നു. കൂട്ടായ ചർച്ചയോ തീരുമാനങ്ങളോ ഭരണമുന്നണിയിൽ നടക്കു ന്നില്ലെന്നും അദ്ദേഹം തറപ്പിച്ചു പറയുന്നു. ഒരു മന്ത്രി ഇതുപറയുമ്പോൾ സാധാരണക്കാരന്റെ സ്ഥിതി എന്താണെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

മൂന്നുവർഷം ഭരിച്ചു. നേട്ടങ്ങളുടെ പട്ടിക നിരത്തിവയ്ക്കുന്ന ഗവൺമെന്റിന്റെ വക്താക്കളോട് ഒരുകാര്യം ചോദിക്കട്ടെ. കഴിഞ്ഞ മൂന്നുവർഷമായിട്ടും എല്ലാ കോർപ്പറേഷന്റെയും ചെയർമാൻമാരെ നിയമി ക്കുവാൻ ഈ ഗവൺമെന്റിന് സാധിച്ചോ? ഇല്ല ഭിന്നിച്ച് വിലപേശി ഭരിക്കുന്ന ഈ ഗവൺമെന്റിന്റെ തെററായ നീക്കങ്ങൾക്കെതിരെ ബഹുജന മുന്നേററമുണ്ടാ ക്കുവാനുള്ള ശക്തി ഭിന്നിച്ച് നിൽക്കുന്ന പ്രതിപക്ഷത്തിന് ഇല്ലാതെ പോയതിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾക്കിവിടെ ഭരിക്കാൻ സാധിക്കുന്നത്.

നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവും കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവും ആണ് ഈ സർക്കാർ കഴിഞ്ഞ മൂന്നുവർഷം കൊണ്ട് ജനങ്ങൾക്ക് സമ്മാനിച്ചത്. ഭരണത്തിന്റെ എല്ലാ തലങ്ങളിലും അഴിമതി നടമാടുകയാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇത്രയും വലിയ ഒരു ദുർഭരണം ഇവിടെ ഉണ്ടായിട്ടില്ല. അഴിമതിയും സ്വജനപക്ഷപാതവും സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുകയാണ്. എല്ലാററിനും ഉപരി മന്ത്രിമാരുടെ വാക്കുകളുടെ വിശ്വാസ്യത നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

അടുത്ത രണ്ടു വർഷം കൂടി ജനങ്ങളെയും ഘടകകക്ഷികളെയും തമ്മിൽത്തമ്മിലും ഘടകകക്ഷികളിൽപ്പെട്ടവരെ പരസ്പരം ഭിന്നിപ്പിച്ചും ഈ രാജ്യം ഭരിക്കാമെന്നാണ് വിചാരിക്കുന്നതെങ്കിൽ അതിന്റെ പ്രത്യാഘാതം ഗുരുത

www.malankaralibrary.com

രമായിരിക്കും. ഈ ദുർഭരണത്തിന് അറുതിവരുത്തുവാൻ ഒരു ചാട്ടവാറു കൊണ്ട് ഒരു സ്വദേശാഭിമാനി ഇനിയും വരണമോ?

യുവാക്കളേ സ്നേഹിതരേ, കേരളത്തെ ഈ ദുരവസ്ഥയിൽനിന്നും രക്ഷിക്കുവാൻ ധാർമ്മികമായ ഒരു കടമ നമുക്കില്ലേ? ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിങ്ങൾ തയ്യാറാകണം. എങ്കിലേ നമ്മുടെ രാജ്യം രക്ഷ പെടുകയുള്ളു.

5–7–1994

**183**

# ഈ ദുർഭരണത്തിനെതിരെ അണിനിരക്കുക

കേരള ജനത ഒരു പ്രതിസന്ധിയിലാണിന്ന്. ഇവിടുത്തെ ഭരണാധികാരികളുടെ ദുർഭരണംകണ്ട് എന്തുചെയ്യണമെന്ന് പോലും നിശ്ചയമില്ലാതെ കേരളജനത നിസ്സഹായരായി നോക്കി നിൽക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷമായി ഭിന്നിച്ചും വഴക്കടിച്ചും പരസ്പരവിശ്വാസമില്ലാതെയും രാജ്യം ഭരിക്കുന്ന അവസരവാദികളും സ്വാർത്ഥമോഹികളുമായ കേരളത്തിലെ ജനപ്രതിനിധികളും മന്ത്രിമാരും 'വാണിയനും വാണിയത്തിയും' കളിച്ച് ജനങ്ങളെ എന്നും വഞ്ചിക്കാമെന്നാണോ വിചാരിച്ചിരിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷംകൊണ്ട് ജനക്ഷേമകരമായ നിരവധി കാര്യങ്ങൾ ചെയ്തുവെന്ന് പൊതു സ്റ്റേജുകളിൽ വച്ച് പ്രഖ്യാപിക്കുന്ന മന്ത്രിമാരും ജനപ്രതിനിധികളും പൊതുജനങ്ങളെ ഇതിൽപരം ആക്ഷേപിക്കുവാനുണ്ടോ? അധികാരം ഏറ്റെടുത്തിട്ട് മൂന്നു വർഷം കഴിഞ്ഞിട്ടും വിവിധ കോർപ്പറേഷനുകളുടെ ചെയർമാൻമാരെ പോലും നിയമിക്കുവാൻ സാധിക്കാതെ ആരോപണ പ്രത്യാരോപണങ്ങളുമായി ഭരണത്തിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന ഈ ഭരണാധികാരികൾക്കെതിരെ അണിനിരക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളമന്ത്രിമാർക്കെതിരെ എത്രയെത്ര അഴിമതിക്കഥകളാണ് അനുദിനം പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്നത് പ്രതിപക്ഷനേതാക്കളല്ല, സഹപ്രവർത്തകരും സ്വന്തപാർട്ടിക്കാരുമാണ്. എന്നിട്ടും ലജ്ജയില്ലാതെ ജനാധിപത്യത്തിന്റെ പേരിൽ, ഭൂരിപക്ഷത്തിന്റെ പേരിൽ അധികാരത്തിൽ കടിച്ചുതൂങ്ങി കിടക്കുവാനുള്ള മന്ത്രിമാരുടെ വ്യഗ്രത എത്ര ലജ്ജാകരമാണ്.

ഈ ഭരണകർത്താക്കളുടെ നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞുവെന്ന് അവർക്കുതന്നെ അറിയാം. ഭരണകർത്താക്കളെ സംബന്ധിച്ചിടത്തോളം മൂപ്പിറക്കിന്റെ സമയമാണിത്. ആ മൂപ്പിറക്കിൽ അതിപ്രധാനമാണ് മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫിൽപ്പെട്ടവർക്ക് ആയുഷ്ക്കാലപെൻഷൻ നൽകാനുള്ള തീരുമാനം. ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുവാൻ പണമില്ലാത്ത ഗവൺമെന്റാണ്, വികസനപ്രവർത്തനങ്ങൾക്ക് പണം ഇല്ലാത്തതിന്റെ പേരിൽ പല പദ്ധതികളും നിറുത്തി വച്ച ഒരു സർക്കാരാണ് മൂന്നുവർഷം സർവ്വീസ് പൂർത്തിയാക്കിയ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്ക് ആയുഷ്ക്കാല പെൻഷൻ

www.malankaralibrary.com

നൽകാൻ തീരുമാനിച്ചത് സംസ്ഥാന സർക്കാരിന്റെ 'മാതൃകാപരമായ' ചെലവ് ചുരുക്കലായിരിക്കും ഇത്. ഈ ആയുഷ്ക്കാലപെൻഷൻ വാഗ്ദാനം തന്നെ ഒരു വലിയ അഴിമതിയാണ്.

കഴിഞ്ഞ മൂന്നുവർഷം ഇവിടുത്തെ മുഖ്യമന്ത്രി നടത്തിയ പ്രസ്താവനകൾ ഒന്ന് പരിശോധിച്ചാൽ ആത്മാർത്ഥതയില്ലാത്ത പ്രസ്താവന കളായി മാത്രമേ നമുക്ക് അവയെ കാണുവാൻ സാധിക്കുകയുള്ളൂ. പണത്തിന് പ്രയാസമുണ്ടെങ്കിലും വികസനപ്രവർത്തനങ്ങൾ മുടക്കം കൂടാതെ മുന്നോട്ടു കൊണ്ടുപോകുമെന്ന് ദൃഢസ്വരത്തിൽ പ്രഖ്യാപിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് നമുക്കുള്ളത്. അദ്ദേഹം കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഓരോ പ്രത്യേക പദ്ധതിക്കും മുടക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള കോടികളുടെ കണക്കെടുത്താൽ അദ്ദേഹത്തിന്റെ വാക്കുകളുടെ വിശ്വാസ്യത നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഏതെങ്കിലും ഒരു പദ്ധതിക്ക് ആയിരം കോടി രൂപാമുടക്കുമെന്ന് പറയുവാൻ നമ്മുടെ മുഖ്യമന്ത്രിക്ക് ഒരു വിഷമവുമില്ല. ഈ അസാമാന്യകഴിവ് ഒന്നുമാത്രമാണ് നാണംകെട്ടും ഭരണത്തിലിരിക്കുവാൻ ഈ ഭരണാധികാരികളെ പ്രേരിപ്പിക്കുന്നത്. കേരളജനത ഈ ദുർഭരണം എത്രനാൾ സഹിക്കും? ഈ ദുർഭരണത്തിൽ നിന്നും ഒരു മോചനം എന്നാണ്?

സ്നേഹിതരേ ഉണരുക. നിഷ്ക്രിയരായി ഇരിക്കാതെ സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുവാൻ തയ്യാറെടുക്കുക. ഈ ദുർഭരണത്തിനെ തിരെയുള്ള അന്തിമസമരത്തിന് തയ്യാറെടുക്കുക.

എത്രയെത്ര സത്യസന്ധന്മാരായ രാഷ്ട്രീയനേതാക്കൾക്ക് ജന്മം നൽകിയ ഒരു സംസ്ഥാനമാണ് കേരളം. പ്രധാനമന്ത്രിസ്ഥാനമോ പാർട്ടി പ്രസിഡണ്ട് സ്ഥാനമോ അതിലേതെങ്കിലും ഒന്ന് രാജിവയ്ക്കണമെന്ന് പറഞ്ഞപ്പോൾ രണ്ടും രാജിവച്ച് ഇറങ്ങിപ്പോയ പട്ടംതാണുപിള്ളയെ ഈയവസരത്തിൽ സ്മരിക്കുന്നു. തന്റെ പേരിൽ അഴിമതിയാരോപണമുന്നയിച്ചപ്പോൾ മന്ത്രിസ്ഥാനം രാജിവച്ച് അഴിമതിയാരോപണം തെളിയിക്കാൻ വെല്ലുവിളിച്ച ഇ.ജോൺ പീലിപ്പോസിന് ജന്മം നല്കിയ ഒരു നാടാണിത്. 'എ.ജെ. ജോൺ സാറാണിത് പറഞ്ഞത്. അതുകൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം കളവുപറയുകയില്ലെന്ന് ഞങ്ങൾക്കറിയാം' എന്ന് നിയമസഭയിൽ പ്രതിപക്ഷംപോലും പറയാൻ മാത്രം സത്യസന്ധനായിരുന്ന ഒരു രാഷ്ട്രീയനേതാവിന് -എ.ജെ.ജോണിന് ജന്മം നൽകിയ നാടാണിത്. തനിക്കുള്ളതെല്ലാം ദരിദ്രർക്ക് കൊടുത്ത് സ്വയം ദരിദ്രനായി തീർന്ന സത്യസന്ധനായ ആർ.വി. തോമസിന് ജന്മം നൽകിയ നാടാണിത്. തനിക്ക് വാഗ്ദാനം ചെയ്ത എല്ലാ ഉന്നത ഉദ്യോഗങ്ങളും തിര സ്കരിച്ച് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽ കത്തിജ്വലിച്ച ആനിമസ്ക്രീന് ജന്മം നൽകിയ നാടാണിത്. ഉന്നതമായ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് പദവി രാജിവച്ച് സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകുകയും കാരാഗൃഹവാസ മനുഭവിക്കുകയും ചെയ്ത അക്കാമ്മ ചെറിയാന് ജന്മം നൽകിയ നാടാണിത്. അവശജനവിഭാഗങ്ങളുടെ ഉണർത്തെഴുന്നേല്പിന് മുഖ്യനേതൃത്വം നൽകിയ സി.കേശവന് ജന്മം നൽകിയ നാടാണിത്.

www.malankaralibrary.com

സത്യന്ധരും ത്യാഗമതികളുമായ ആ ധീരപുരുഷന്മാകരുടെ പാവന സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ അഴിമതി ഭരണത്തിന് അറുതിവരുത്തുവാൻ ശ്രമിക്കുമെന്ന് നമുക്ക് ദൃഢപ്രതിജ്ഞ യെടുക്കാം.

വീരന്മാരും അതിസമർത്ഥരുമായ പട്ടം താണുപിള്ള, സി.കേശവൻ, ഏ.ജെ.ജോൺ, ടി.കെ, ടി.എം. വർഗ്ഗീസ്, പനമ്പള്ളി ഗോവിന്ദമേനോൻ തുടങ്ങിയ ഭരണാധികാരികൾക്കൊന്നും മൂന്നുവർഷം പോലും തുടർച്ചയായി രാജ്യം ഭരിക്കാൻ സാധിച്ചില്ല. അവരുടെ ചെരിപ്പുകളുടെ വള്ളികൾ പോലും അഴിക്കാൻ കഴിവില്ലാത്തവർ ഇന്ന് അനേകവർഷങ്ങൾ തുടർച്ചയായി രാജ്യം ഭരിക്കുന്നു. അവസരവാദരാഷ്ട്രീയത്തിന്റെ മുഖ്യവിജയമായി നമുക്കിതിനെ കണക്കാക്കാം.

5-10-1994

## 184

# ക്രൈസ്തവ യുവജനങ്ങളോട്

യുവജനങ്ങൾ സഭയുടെയും രാഷ്ട്രത്തിന്റെയും വലിയ സമ്പത്താണ്. അനീതിക്കെതിരെ പോരാടാൻ യുവജനങ്ങളോളം ധീരത മററാർക്കുമില്ല. പ്രശ്നങ്ങളെപ്പററി പഠിക്കാനും അവയ്ക്കു പരിഹാരം കാണുവാനും യുവജന ങ്ങൾക്ക് പ്രത്യേക കഴിവുകളുണ്ട്.

കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളിലും വിവിധ സംഘടന കളിലും യുവജനങ്ങൾ നിർണ്ണായകമായ ശക്തിയാണ്. പൊതുരംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്ന യുവജനങ്ങൾ ജനിച്ചുവളർന്ന നാടിന്റെയും സമൂഹത്തി ന്റെയും സമുദായത്തിന്റെയും ചരിത്രം ശരിയായി പഠിക്കുകയും അവയെപ്പററി ശരിയായ വിലയിരുത്തലുകൾ നടത്തുകയും ചെയ്യേണ്ടതാണ്. ചരിത്രപരമായ ഒരു ജ്ഞാനം സമ്പാദിക്കാത്തവർ പലപ്പോഴും പല തെററായ പരാമർശനങ്ങളും ശരിയായി ധരിക്കാൻ ഇടയുണ്ട്.

ഇടവക, രൂപത, സംസ്ഥാന അന്താരാഷ്ട്രതലങ്ങളിൽ ശക്തമായി പ്രവർത്തിക്കുന്ന യുവജനസംഘടനകൾ നമുക്കുണ്ട്. അവർ സമകാലീന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വലിയ താൽപര്യം കാണിക്കുന്നുമുണ്ട്. പക്ഷേ അവർ ചരിത്രം പഠിക്കുവാൻ തയ്യാറാകുന്നില്ല. യുവജനപ്രസ്ഥാന ങ്ങൾക്ക് നേതൃത്വം വഹിക്കുന്നവർ അതിന് വേണ്ടത്ര പ്രാധാന്യം നൽകുന്നു മില്ല. തന്മൂലം പൊതുരംഗത്ത് പ്രവർത്തിക്കുന്ന യുവജനങ്ങൾക്ക് തെററായ വിമർശനങ്ങൾക്ക് മറുപടി നൽകുവാൻ സാധിക്കുന്നില്ല. നാളികേരത്തിന്റെയും കശുവണ്ടിയുടെയും റബ്ബറിന്റെയും താങ്ങുവിലയ്ക്കുവേണ്ടി വാദിക്കാനും വിലയിടിവിന് എതിരായി സമരം ചെയ്യുവാനും യുവജനങ്ങളെ പ്രേരിപ്പി ക്കുന്നവർ, യുവജനങ്ങൾക്ക് ചരിത്രപരമായ ഒരു അവബോധം ഉണ്ടാക്കുവാൻ ശ്രമിക്കുന്നില്ലെന്നുള്ളതാണ് സത്യം.

www.malankaralibrary.com

സ്വന്ത സമുദായത്തിന്റെ അഭിമാനാർഹങ്ങളായ നേട്ടങ്ങളെക്കുറിച്ച് അറിയുവാൻ പാടില്ലാത്തവർ സഭാവിമർശകരുടെ വാദഗതിക്കുമുമ്പിൽ ചൂളിപ്പോകുക സാധാരണമാണ്.

ഒരു ഉദാഹരണം മാത്രം പറയാം. ഇക്കഴിഞ്ഞ നിയമസഭയുടെ കാലത്ത് വലതു കമ്മ്യൂണിസ്റ്റും ഈഴവ സമുദായ നേതാവുമായ ശ്രീ. ശ്രീനിവാസൻ കത്തോലിക്കാ എം.എൽ.എമാരെ നോക്കി പറഞ്ഞു. 'സി.പി.യുടെ സ്വേച്ഛാധിപത്യത്തിനെതിരെ തിരുവിതാംകൂറിലെ ജനത സമരം നടത്തിയപ്പോൾ നിങ്ങളുടെ നേതാക്കൾ സി.പി. ക്ക് മംഗളപത്രം കൊടുത്തവരാണ്' എന്ന്. അതിനോട് പ്രതികരിക്കുവാൻ ഒരൊററ കത്തോലിക്കാ എം.എൽ.എ.യും തയ്യാറായില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? മംഗളപത്രസമർപ്പണത്തിന്റെ പ്രശ്നം എന്താണെന്ന് വിവേചനബുദ്ധ്യാ മനസ്സിലാക്കുവാൻ നമ്മുടെ എം.എൽ.എ. മാർക്ക് സാധിച്ചില്ല. എന്താണ് മംഗളപത്രവിവാദം. 1947 വരെയുള്ള രാജകീയ ഭരണകാലത്ത് പൊതുയോഗങ്ങൾ നടക്കുമ്പോൾ ആദ്യമേ രാജഭക്തിപ്രമേയങ്ങൾ പാസ്സാക്കുക പതിവായിരുന്നു. അതുപോലെതന്നെ രാജാക്കന്മാരുടെയും ദിവാന്മാരുടെയും ജന്മദിനം ആഘോഷിക്കുകയും ചെയ്യുക സാധാരണമായിരുന്നു. അന്നങ്ങനെ രാജഭക്തി പ്രമേയം പാസ്സാക്കുകയെന്നത് എല്ലാ സമുദായങ്ങളുടെയും ഒരു നടപടി ക്രമമായിരുന്നു. ഇന്ന് ഏതെങ്കിലും സമുദായത്തിൽപ്പെട്ടവർ മറെറാരു സമുദായക്കാരനെനോക്കി നിങ്ങളുടെ സമുദായസംഘടന പണ്ട് രാജഭക്തിപ്രമേയം പാസ്സാക്കിയിട്ടില്ലേയെന്ന് ചോദിച്ചാൽ, ചരിത്രം അറിയാൻ പാടില്ലാത്തവർ ലജ്ജിച്ച് തലതാഴ്ത്തി ഇരിക്കും. ചോദിച്ചവൻ മിടുക്കനായി അഭിനയിക്കും. ഇതുതന്നെയാണ് മംഗളപത്രസമർപ്പണത്തിലും നടന്നത്.

സർ സി.പി. രാമസ്വാമിഅയ്യർ തിരുവിതാംകൂറിലെ ദിവാനായിരുന്നു. ദിവാന്റെ സ്വേച്ഛാധിപത്യത്തിനെതിരെ – ജനവിരുദ്ധനീക്കങ്ങൾക്കെതിരെ – ശക്തമായി പോരാടിയ ഒരു സമുദായമായിരുന്നു ക്രൈസ്തവസമുദായം. കത്തോലിക്കാ കോൺഗ്രസ്സ് ആ സമരത്തിന് മുഖ്യ നേതൃത്വം നൽകി. അതേസമയം ഇവിടുത്തെ രണ്ടു പ്രബല സമുദായങ്ങളായിരുന്നു നായർ സമുദായവും ഈഴവ സമുദായവും. ആ രണ്ടു സമുദായങ്ങളും അവയെ പ്രതിനിധീകരിക്കുന്ന എൻ.എസ്സ്.എസ്സ്. എസ്സ്.എൻ.ഡി.പി. എന്നീ സംഘടനകളും സർ സി.പി. ക്ക് സ്തുതി പാടിയവരായിരുന്നു. സി.പി.യുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഈ രണ്ടു സമുദായ സംഘടനകളും മത്സരിച്ച് ഹല്ലേലുയ്യാ പാടുകയായിരുന്നു. സി. നാരായണപിള്ള തിരുവിതാംകൂർ സ്വാതന്ത്ര്യ സമരവും കുമ്പളത്തു ശങ്കുപ്പിള്ളയുടെ ആത്മകഥയുമൊക്കെ വായിക്കുന്നവർക്ക് ഈ സത്യം മനസ്സിലാകും. പക്ഷേ കത്തോലിക്കാ കോൺഗ്രസ്സും ക്രൈസ്തവ സമുദായവും സി.പി.ക്കെതിരെ വലിയ ബഹുജനമുന്നേററം വളർത്തിയെടുത്തു. തിരുവിതാംകൂറിൽ ഉത്തരവാദ ഭരണത്തിനുവേണ്ടി സമരം ചെയ്ത സ്റ്റേററ് കോൺഗ്രസ്സിനെ ക്രിസ്ത്യൻ കോൺഗ്രസ്സ് എന്നു വിളിച്ചു ആക്ഷേപിച്ചു. സർ സി.പി. യുടെ ഷഷ്ട്യബ്ദിയാഘോഷത്തോടനുബന്ധിച്ചു എൻ.എസ്സ്.എസ്സും, എസ്സ്.എൻ.ഡി.പി.യും സർ സി.പി. ക്ക് മംഗളപത്രം നൽകുകയും ഭക്തിവിലാസ

www.malankaralibrary.com

ത്തെത്തി സി.പി. യെ പ്രസാദിപ്പിക്കുകയും ചെയ്തു. ഈ മംഗളപത്രസമർപ്പണം എല്ലാം കഴിഞ്ഞ്, ഏതാനും ക്രൈസ്തവരുടെ ഒരു യോഗം വിളിച്ചുകൂട്ടി സി.പി.ക്ക് ക്രിസ്ത്യാനികളും മംഗളപത്രം സമർപ്പിക്കുന്നതിനെപ്പററി ഒരു ആലോചന നടന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരും അവിടെ കൂടിയിരുന്ന എല്ലാവരും തന്നെ (ഒരാൾ ഒഴികെ) മംഗളപത്രം കൊടുക്കരുതെന്ന് വാദിച്ചു. സമുദായത്തിന്റെ ശക്തമായ എതിർപ്പ് ഉണ്ടായിട്ടും സമുദായത്തിന്റെ ശക്തമായ എതിർപ്പ് നിലനിന്നപ്പോഴാണ് ഒരു വൈദികമേലദ്ധ്യക്ഷൻ മംഗളപത്രം സമർപ്പിച്ചത്. എൻ.എസ്സ്.എസ്സും, എസ്സ്.എൻ.ഡി.പി.യും ഒരു എതിർപ്പുമില്ലാതെ മംഗളപത്രം കൊടുത്തു. പക്ഷെ ക്രൈസ്തവരെ എല്ലാ രംഗത്തു തേജോവധം ചെയ്യാൻ കച്ചകെട്ടിയിറങ്ങിയവർ എൻ.എസ്സ്.എസ്സും, എസ്സ്.എൻ.ഡി.പി.യും നൽകിയ മംഗളപത്രത്തെപ്പററി ബോധപൂർവ്വം മൗനം ഭജിക്കുകയും സമുദായത്തിന്റെ ശക്തമായ എതിർപ്പിനെ നേരിട്ടുകൊണ്ട് ഒരു വൈദിക മേലദ്ധ്യക്ഷൻ നൽകിയ മംഗളപത്രസമർപ്പണത്തെ കൊട്ടിഘോഷിക്കുകയും ചെയ്തു. അതിന്റെ ഫലം, ക്രൈസ്തവർ പോലും തെററിദ്ധരിക്കപ്പെട്ടു. അതേസമയം നിയമസഭയിലിരുന്ന ക്രൈസ്തവ എം.എൽ.എ. മാർ ചരിത്രം പഠിച്ചിരുന്നുവെങ്കിൽ മംഗളപത്രം സമർപ്പിച്ച സമുദായമെന്ന് പറഞ്ഞ് ക്രൈസ്തവ സമുദായത്തെ ആക്ഷേപിച്ചപ്പോൾ നിങ്ങളല്ലേ ആദ്യം മംഗളപത്രം കൊടുത്തതെന്ന് തിരിച്ച് ചോദിക്കുമായിരുന്നു. ക്രൈസ്തവ സമുദായം നൽകിയ സംഭാവനകളെപ്പററി, അവർ ഉയർത്തിക്കാട്ടിയ മൂല്യങ്ങളെപ്പററി ആ സമുദായത്തിൽപ്പെട്ടവരെ ശരിക്ക് പഠിപ്പിക്കാത്തതിന്റെ ദുരന്തഫലങ്ങളാണ് ഇവയെല്ലാം. റബർ കർഷക സമരവും നാളികേര വിലയിടിവിനെതിരെ സമരവും മററും നടത്തുന്ന നമ്മുടെ യുവജനങ്ങൾ എന്ന് ചരിത്രം പഠിക്കും? അവരെ ചരിത്രം പഠിപ്പിക്കണമെന്ന ചിന്ത എന്ന് യുവജനനേതാക്കൾക്കുണ്ടാകും?

ക്രൈസ്തവ സമുദായത്തെ എല്ലാ രംഗത്തും തേജോവധം ചെയ്യാൻ ശ്രമിക്കുന്ന ഒരു വിഭാഗം സ്ഥാപിതതാല്പര്യക്കാരുടെ തടവറയിലല്ലേ ക്രൈസ്തവ യുവജനങ്ങൾ എത്തിപ്പെട്ടിരിക്കുന്നത്. ശരിയായ ചരിത്രവിജ്ഞാനം ലഭിക്കാത്ത ക്രൈസ്തവയുവജനങ്ങൾ വിമർശകർ പറയുന്നത് മുഴുവൻ ശരിയാണെന്ന് ധരിക്കുക സ്വാഭാവികമാണ്. തൽഫലമായി യുവജനങ്ങൾ ക്രൈസ്തവ സമുദായം ഒരു പിന്തിരിപ്പൻ സമുദായമാണെന്ന് മനസ്സിൽ ധരിക്കുകയും പുരോഗമനവാദി എന്ന പേര് ലഭിക്കുവാൻ ക്രൈസ്തവസമൂഹത്തെ പിന്തിരിപ്പൻ സമൂഹമെന്ന് വിളിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ പോക്കു പോയാൽ ക്രൈസ്തവസമുദായത്തിന്റെ അടിക്കല്ല് തകർക്കുവാൻ തല്പരകക്ഷികൾക്ക് സാധിക്കും. ഉത്തരവാദ ഭരണത്തെ സർവ്വശക്തിയുമുപയോഗിച്ച് എതിർത്തവർ 1947–ന് ശേഷം കോൺഗ്രസ്സിൽ ഇടിച്ചുകയറി കോൺഗ്രസ്സ് നേതൃസ്ഥാനത്ത് കയറിപ്പററുന്നതും ഉത്തരവാദ ഭരണ പ്രക്ഷോഭണത്തിന് മുഖ്യ നേതൃത്വം വഹിച്ചവരെ രാജ്യദ്രോഹികൾ എന്ന് ചിത്രീകരിച്ച് കോൺഗ്രസ്സിൽ നിന്ന് പുറംതള്ളുവാൻ ശ്രമിക്കുന്നതും നാം കണ്ടുകഴിഞ്ഞതാണ്.

ഈ സ്ഥാപിത താല്പര്യക്കാരുടെ ഗൂഢാലോചനകളിൽ നിന്നും ക്രൈസ്തവ സമുദായത്തെ രക്ഷിക്കാൻ ക്രൈസ്തവ യുവജനങ്ങൾക്ക്

www.malankaralibrary.com

ശരിയായ ചരിത്രവിജ്ഞാനം നല്കുവാൻ സമുദായം ഒററക്കെട്ടായി മുന്നോട്ടു വരണം. ക്രൈസ്തവ യുവജനങ്ങൾ ഒരു ലക്ഷ്യബോധത്തോടെ ചരിത്രപരമായ വിജ്ഞാനം കരസ്ഥമാക്കാൻ ശ്രമിക്കുകയും വേണം.

05-10-1994

## 185

# ജീവിതം സുന്ദരമാക്കാം

വിദ്യാഭ്യാസരംഗത്ത് മഹത്തായ സംഭാവന ചെയ്ത ഒരു സമൂഹമാണ് ക്രൈസ്തവ സമുദായം. തങ്ങളുടെ കുട്ടികൾക്ക് എങ്ങനെയുള്ള വിദ്യാഭ്യാസം നൽകണമെന്ന് നിശ്ചയിക്കാനുള്ള അവകാശം കണക്കിലെടുത്താണ് ക്രൈസ്തവർ വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തിയത്. ക്രൈസ്തവർക്കുമാത്രം വിദ്യാഭ്യാസം നൽകാനല്ല, സകല ജനതയ്ക്കും വിദ്യാഭ്യാസം നൽകുവാനാണ് ക്രൈസ്തവവിദ്യാലയങ്ങൾ സ്ഥാപിതമായത്. ഈ രംഗത്ത് അഭിമാനാർഹമായ നേട്ടം കൈവരിക്കുവാനും ക്രൈസ്തവ സമുദായത്തിന് സാധിച്ചു.

ക്രൈസ്തവ വിദ്യാലയങ്ങളിൽ നാലു മണിക്കുശേഷം ആഴ്ചയിൽ മൂന്നു ദിവസം അരമണിക്കൂർ മതപഠനത്തിനായി നീക്കിവച്ചിരുന്നു. ആ അരമണിക്കൂർ ശരിയായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകരോ യഥാർത്ഥ ഫലം അനുഭവിക്കുന്നതിന് വിദ്യാർത്ഥികളോ താല്പര്യം കാണിച്ചിരുന്നില്ല. എങ്ങനെയും അരമണിക്കൂർ കടത്തിവിടുന്നതിൽ മാത്രം അദ്ധ്യാപകരും വിദ്യാർത്ഥികളും താല്പര്യം കാണിച്ചിരുന്നു. ഈ സമീപനം മതപഠനത്തിനോട് ഒരു വിരസത ഉണ്ടാക്കുവാൻ മാത്രം സഹായിച്ചു. മതപഠനം കത്തോലിക്കാ വിദ്യാർത്ഥികൾക്കുവേണ്ടി മാത്രമായിരുന്നു നടത്തിയിരുന്നത്. ഇന്ന് ആഴ്ചയിൽ ഒരു ദിവസം ധാർമ്മികവിദ്യാഭ്യാസത്തിനായി മാററിവച്ചിരിക്കുകയാണ് (Moral Instruction). കേരള വിദ്യാഭ്യാസചട്ടങ്ങളിൽ അദ്ധ്യായം 8-ൽ ചട്ടം 9-ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. എല്ലാ സ്ക്കൂളുകളിലും ധാർമ്മിക വിദ്യാഭ്യാസത്തിന് നിയതമായ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പൊതുവായ സാമൂഹിക മതവികാരങ്ങളെ അത് ഒരിക്കലും മുറിപ്പെടുത്തുന്നതാവരുത്. സത്യസന്ധത, ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള അഹിംസ, നിർഭയത്വം, ആത്മസംയമനം, നിസ്വാർത്ഥത, മേലധികാരികളോടുള്ള ബഹുമാനം, മുതിർന്നവരോട് ആദരവ്, ജീവജാലങ്ങളോട് ദയ, പാവപ്പെട്ടവരോട് അനുകമ്പ, വിനയം, സ്ഥിരോത്സാഹം, സ്വരാജ്യസ്നേഹം, മാതൃഭൂമിയുടെ സാംസ്കാരിക പൈതൃകത്തിലുള്ള അഭിമാനം, ഭാവിയെക്കുറിച്ചുള്ള ശുഭപ്രതീക്ഷ, ക്രമവും കൃത്യനിഷ്ഠയുമുള്ള പെരുമാററം, തുടങ്ങിയവയാണ് സമുന്നത സ്വഭാവത്തിന്റെ സവിശേഷതകൾ എന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. വിദ്യാഭ്യാസ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ നിയതമായ ഒരു പാഠ്യപദ്ധതി ആവിഷ്കരിക്കുവാൻ സർക്കാരിന് സാധിച്ചിട്ടില്ല.

ഈ രംഗത്ത് വിലപ്പെട്ട സേവനം ചെയ്ത ഒരു സ്ഥാപനം ഈ കൊച്ചു

www.malankaralibrary.com

കേരളത്തിലുണ്ട്. പാലായിൽ, മോറൽ ഇൻസ്ട്രക്ഷൻ സെന്റർ എന്നാണ് ആ സ്ഥാപനത്തിന്റെ പേര്. കഠിനാദ്ധ്വാനിയും അർപ്പണമനോഭാവവും ആത്മാർത്ഥതയും കൈമുതലായുള്ള ഡോ.ജോസഫ് മലേപ്പറമ്പിൽ ആണ് ഇതിന്റെ ഡയറക്ടർ. മോറൽ ഇൻസ്ട്രക്ഷൻ നിയതമായ ഒരു പാഠപദ്ധതി ഈ സെന്ററിൽ നിന്നും പുറത്തിറക്കിയിരിക്കുന്നു. 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഉപയോഗത്തിനായി തയ്യാറാക്കിയ പുസ്തകമാണ് "ജീവിതം സുന്ദരമാക്കാ"മെന്ന പുസ്തക പരമ്പര. ആ പുസ്തകത്തിന്റെ ആമുഖത്തിൽ ഡോ. മലേപ്പറമ്പിൽ ഇങ്ങനെയെഴുതിയിരിക്കുന്നു. 'മനുഷ്യരെ സംസ്കാരചിത്തരാക്കുന്ന പരിശീലനപദ്ധതിയാണ് വിദ്യാഭ്യാസം. സംസ്കാരം രൂപപ്പെടുത്തുന്നതും മൂല്യബോധമുള്ള സമൂഹം ഉടലെടുക്കുന്നതും വിദ്യാഭ്യാസം വഴിയാണ്. ബൗദ്ധികവ്യക്തിത്വത്തിന്റെ വികാസത്തിനുള്ള ഉപാധിയായി മാത്രം വിദ്യാഭ്യാസത്തെ പരിഗണിച്ചാൽ വിദ്യാർത്ഥികളുടെ സാമൂഹികവും ആത്മീയവുമായ വ്യക്തിത്വതലങ്ങളെ അത് സ്വാധീനിക്കാതെ പോകും. അറിവുള്ളവരെങ്കിലും സംസ്കാര ശൂന്യരായ ഒരുപററം ആളുകളെ സൃഷ്ടിക്കുകയാവും ഫലം. ഇവിടെയാണ് ധാർമ്മിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി.'

ധാർമ്മിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി കണക്കിലെടുത്തുകൊണ്ടാണ് കുട്ടികളിൽ ഈശ്വരചിന്തയും ധർമ്മാധർമ്മ വിവേചനവും മൂല്യബോധവും വളർത്തിയെടുക്കുന്നതിനുവേണ്ടി ജീവിതം സുന്ദരമാക്കാം എന്ന പുസ്തകപരമ്പര തയ്യാറാക്കിയിരിക്കുന്നത്. പുസ്തക പരമ്പരയിൽ പൂമൊട്ടുകൾ എന്ന ഒന്നാം പുസ്തകത്തിൽ കുട്ടികൾ തങ്ങളുടെ ദൈനംദിന ജീവിതത്തിൽ പാലിക്കേണ്ട ആചാരമര്യാദകളെ പ്രതിപാദിച്ചിരിക്കുകയാണ്. കുരുന്നു മനസ്സുകളിൽ സൽസ്വഭാവവും ഈശ്വരചിന്തയും വളർത്താൻ ഈ പുസ്തകം സഹായിക്കും. ജീവിതമൂല്യങ്ങൾ കുട്ടികളിൽ ചെറുപ്രായം മുതൽ വളർത്തിയെടുക്കാനും ഈശ്വരനെ സ്നേഹിക്കാനും സഹോദരങ്ങളെ സഹായിക്കാനും കുട്ടികളെ പ്രേരിപ്പിക്കാനും സഹായിക്കുന്നതാണ് 'നമുക്ക് നല്ലവരാകാം' എന്ന രണ്ടാം പുസ്തകം. രസകരമായ കഥകളിലൂടെ ചില സന്മാർഗ്ഗികമൂല്യങ്ങൾ കുഞ്ഞുങ്ങളിൽ വളർത്താൻ സഹായിക്കുന്നതാണ്.

നന്മ വിതയ്ക്കാം എന്ന മൂന്നാം പുസ്തകം സത്യം, സ്നേഹം, സ്ഥിരോത്സാഹം, കഠിനാദ്ധ്വാനം, ശുചിത്വം, നിസ്വാർത്ഥത തുടങ്ങിയ നല്ല ഗുണങ്ങൾ കുട്ടികളെ പരിശീലിപ്പിക്കാൻ സഹായിക്കുന്നതാണ്. മററുള്ളവർക്ക് സന്തോഷം പകരേണ്ടതെങ്ങനെയെന്നും സത്യസന്ധമായി എല്ലാവരോടും പെരുമാറേണ്ടതെങ്ങനെയെന്നും വിശദീകരിക്കുന്ന ഈ ഗ്രന്ഥം സദ്ഗുണ സമ്പന്നരാകാൻ കുട്ടികളെ സഹായിക്കുകതന്നെ ചെയ്യും.

സത്യം, സ്ഥിരോത്സാഹം, വായനാശീലം, നിസ്വാർത്ഥസ്നേഹം, തുടങ്ങിയ സൽഗുണങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും മൂല്യാധിഷ്ഠിതമായ ഒരു പുത്തൻ തലമുറയ്ക്ക് രൂപംകൊടുക്കുന്നതിന് എല്ലാവരേയും സ്നേഹിക്കാം എന്ന നാലാം പുസ്തകം സഹായിക്കുന്നതാണ്. സാമൂഹ്യജീവിയായ മനുഷ്യൻ സമൂഹത്തിൽ എങ്ങനെ മാന്യമായി പെരുമാറണമെന്ന് വിശദീകരിക്കുന്ന നവരത്നങ്ങളാകാം എന്ന അഞ്ചാം പുസ്തകം, കുടുംബ

www.malankaralibrary.com

ത്തിൽ നിന്ന് ഒരാൾ സ്വീകരിക്കുന്ന ജീവിതമര്യാദകൾ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ എങ്ങനെ അനുവർത്തിക്കണമെന്ന് വ്യക്തമായി അവതരിപ്പിക്കുന്നു. ഈശ്വരോന്മുഖമായി വളരാൻ കുട്ടികളെ സഹായിക്കുന്ന പാഠങ്ങളാണ് സുവർണ്ണസോപാനം എന്ന ആറാം പുസ്തകം. മനുഷ്യത്വത്തിന്റെ സുഗന്ധം നമുക്കുചുററും പരത്തണമെന്നും ഈശ്വരന്റെ ദാനമായ കഴിവുകളെ നാം വളർത്തണമെന്നും പരസ്പരം സ്നേഹിക്കാനും അന്യരെ സഹായിക്കാനും നാം കടപ്പെട്ടവരാണെന്നും ഉദ്ബോധിപ്പിക്കുന്നതാണ് ഈ ഗ്രന്ഥം. ഓരോ കുട്ടിയും സ്വായത്തമാക്കേണ്ട ജീവിതമൂല്യങ്ങളാണ് പ്രപഞ്ചസംഗീതം എന്ന ഏഴാം പുസ്തകം. താൻ ജനിച്ചുവളർന്ന സമൂഹത്തിന്റെ പൊതുധാരയിൽ മൂല്യാധിഷ്ഠിതമായി പങ്കുചേരാൻ കുട്ടികളെ സഹായിക്കുന്നതാണ് ഈ ഗ്രന്ഥം. മനുഷ്യസ്നേഹത്തിന്റെ പ്രകാശകിരണങ്ങൾ ചുററും പരത്തുവാൻ കുട്ടികളെ സഹായിക്കുകയും ഓരോരുത്തരും വളർത്തിയെടുക്കേണ്ട ജീവിത മൂല്യങ്ങളെക്കുറിച്ചും, മൂല്യാധിഷ്ഠിത ജീവിതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നതാണ് പ്രകാശകിരണങ്ങൾ എന്ന ഒൻപതാം പുസ്തകം. കതിരായി കനിചൂടി എന്ന പത്താംപുസ്തകം ബൗദ്ധിക പക്വതയിലേക്ക് കടന്നുവരുന്ന കുട്ടികളിൽ മാനുഷിക മൂല്യങ്ങളും സ്വരാജ്യ സ്നേഹവും വിവിധ മതാനുയായികളോടുള്ള ബഹുമാനവും വളർത്താൻ സഹായിക്കുന്നതാണ്.

ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ ഉദ്ദേശിച്ചാണ് ജീവിതം സുന്ദരമാക്കാം എന്ന ഈ ഗ്രന്ഥപരമ്പര തയ്യാറാക്കിയിരിക്കുന്നത്. ഇത് കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ല. മലയാളഭാഷയറിയാവുന്നവർ എല്ലാവരും വായിച്ചറിയേണ്ടതാണ്. എല്ലാ ഭാരതീയരും ഈ പുസ്തകത്തിന്റെ ഉള്ളടക്കം ഗ്രഹിക്കുന്നതിന് അവസരം ലഭിച്ചാൽ 10-ാം പുസ്തകത്തിലെ 'ഒരേ ഒരു ഇന്ത്യ ഒരൊററ ജനത' എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടുവാൻ സഹായിക്കും. ഒരു നല്ല പൗരനെ വാർത്തെടുക്കുവാൻ ഈ ഗ്രന്ഥങ്ങൾ സഹായകമാകും. ഇന്ന് നമ്മുടെ ഭാരതം നിരവധി വെല്ലുവിളികളെ നേരിടുകയാണ്. ഭാഷാഭ്രാന്തും വിഘടനവാദവും മതമൗലികവാദവും എല്ലാം ഭാരതം നേരിടുന്ന വെല്ലുവിളികളാണ്. ഇന്ന് സമൂഹത്തിന് നേതൃത്വം നൽകുന്നവർ അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങിക്കുളിക്കുകയാണ്. പൊതു ജീവിതത്തിൽ ധാർമ്മികമൂല്യസമുച്ചയം ഉയർത്തിപ്പിടിക്കാനും രാജ്യസ്നേഹം പുലർത്താനും സേവനനിരതമായ ജീവിതം നയിക്കാനും വീക്ഷണഗതിയിൽ മാനവികതയുടേയും സാമൂഹ്യനീതിയുടേയും ചൈതന്യം പ്രസരിപ്പിക്കുവാനും ജീവിതം സുന്ദരമാക്കാം എന്ന ഈ ഗ്രന്ഥപരമ്പര സഹായിക്കും.

സ്കൂൾകുട്ടികളുടെ കൈയിൽ ഇരുന്നാൽ മാത്രം പോരാ ഈ പുസ്തകം. എല്ലാ ഭവനങ്ങളിലും 'ഒരു ക്രിസ്മസ് കിററായി' ഈ ഗ്രന്ഥം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ജാതിയോ, മതമോ, രാഷ്ട്രീയമോ, വർഗ്ഗീയതയോ, ലിററർജിയോ, റീത്തോ, രൂപതകളോ എന്നുള്ള തരംതിരിവുകൾ ഒന്നും കൂടാതെ ഈ പുസ്തകം എല്ലാ ഭവനങ്ങളിലും എത്തിക്കണം. രാജ്യസ്നേ

www.malankaralibrary.com

ഹവും ദേശീയ ബോധവുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് ഈ പുസ്തകത്തിന്റെ ലക്ഷക്കണക്കിന് കോപ്പികൾ വിതരണം ചെയ്യണം.

ഈ രാജ്യത്ത് സമാധാനം നിലനിർത്താൻ - എല്ലാ മതങ്ങൾക്കും നിലനിൽക്കാൻ - എല്ലാ ചിന്തകൾക്കും വളരാൻ - എല്ലാവരോടും നീതി പുലർത്താൻ ഇതുപോലുള്ള ഗ്രന്ഥങ്ങൾ ഉണ്ടാകണം. ധാർമ്മിക വിദ്യാഭ്യാസത്തിനു നിയതമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുവാൻ സർക്കാരിനു പോലും സാധിക്കാത്ത സന്ദർഭത്തിൽ മനോഹരമായ ഒരു പാഠപദ്ധതി തയ്യാറാക്കിയ പാലായിലെ മോറൽ ഇൻസ്ട്രക്ഷൻ സെന്ററിനേയും അതിന്റെ ഡയറക്ടർ ഡോ. ജോസഫ് മലേപ്പറമ്പിലിനേയും എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. സെന്ററിന്റെ പ്രവർത്തനത്തിനു അഭിനന്ദനങ്ങൾ നേരുന്നു.

5-12-1994

## 186

# റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷൻ

ഡിസംബർ 17-ാം തീയതി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ്സ് ഹൗസിൽ ചേർന്ന വിവിധ സമുദായ നേതാക്കളുടേയും സാമൂഹ്യപ്രവർത്തകരുടേയും സമ്മേളനം റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷൻ രൂപീകരിച്ചിരിക്കുന്നു. വിവിധ മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും സഹകരണവും വളർത്തുകയാണ് റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷന്റെ ലക്ഷ്യം. ദേശിയോദ്ഗ്രഥനം, മാനവസാഹോദര്യം, സമുദായ സൗഹാർദ്ദം എന്നിവ വളർത്താൻ ഫൗണ്ടേഷൻ പ്രതിജ്ഞാബദ്ധമാണ്. മിക്കമതങ്ങളിലും മതമൗലികവാദം കൂടുതലാവുകയും അത് രാഷ്ട്രത്തിന്റെ സമഗ്രമായ വളർച്ചക്ക് ഭീഷണിയാവുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷൻ വിഭാവന ചെയ്യുന്ന പ്രവർത്തനങ്ങൾ കാലഘട്ടത്തിന്റെ ഒരു ആവശ്യം തന്നെയാണ്.

നാനാത്വത്തിൽ ഏകത്വം പ്രകടമാകുന്ന നാടാണ് ഭാരതം. ഭാഷയുടേയും മതത്തിന്റേയും സംസ്കാരത്തിന്റേയും ജാതിയുടെയും കാലാവസ്ഥയുടേയും എല്ലാ മേഖലകളിലും ഇന്ത്യ വൈവിധ്യം പുലർത്തുന്നു. ലോകത്തിലെ എല്ലാ മതങ്ങളേയും എല്ലാ ചിന്തകളേയും സ്വീകരിച്ച ഒരു നാടാണ് ഭാരതം. ലോകത്തിലെ എല്ലാ പ്രധാന മതങ്ങളും ഇവിടെയുണ്ട്. ബുദ്ധ,ജൈന,സിക്ക് ഉൾപ്പെടെ പല മതങ്ങളുടേയും ഈറ്റില്ലവും ഇന്ത്യതന്നെ. ക്രിസ്തുമതത്തിന്റെ ആരംഭത്തിൽതന്നെ ഭാരതത്തിലും ക്രിസ്തുമതം സ്ഥാപിക്കപ്പെട്ടു. ഇസ്ലാം മതം ഇവിടെ വരികയും സാമ്രാജ്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. എല്ലാ ജനതയും ഏകോദരസഹോദരന്മാരെപ്പോലെ ഇവിടെ കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് ഭാരതത്തിൽ ഭിന്നിപ്പിന്റെ സ്വരം മുഴങ്ങുന്നു. മതത്തിന്റേയും ജാതിയുടെയും വർഗ്ഗത്തിന്റെയും ഭാഷയുടെയും അടിസ്ഥാനത്തിൽ ഇന്ത്യയിൽനിന്ന് വിട്ടുമാറുവാൻ പലരും ശ്രമിക്കുന്നു. വിഘടനവാദങ്ങളും തൽഫലമായുണ്ടായ സംഘട്ടനങ്ങളും പതിനായിരങ്ങളുടെ ജീവൻ അപഹരിച്ചു കഴിഞ്ഞു. ഭാരത

www.malankaralibrary.com

ത്തെ ഇന്ന് അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം മതമൗലികവാദമാണ്. മതമൗലികവാദം അഴിച്ചുവിട്ട അക്രമങ്ങൾ സ്വതന്ത്രഭാരതത്തിന് ഒരു ഭീഷണിതന്നെയാണ്. ഇന്ത്യയിൽ അടിക്കടി തകർന്നുകൊണ്ടിരിക്കുന്ന മതസൗഹാർദ്ദം ഭാരതത്തിന്റെ നിലനില്പിനെതന്നെ ചോദ്യം ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്.

ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ സി.ബി.സി.ഐ. പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് എ.കെ.സി.സി. ബുള്ളറ്റിൻ ഏപ്രിൽ ലക്കത്തിലെ മുഖപ്രസംഗത്തിൽ എഴുതിയ ഏതാനും ഭാഗം താഴെ ചേർക്കട്ടെ.

'ഏതെങ്കിലും ഒരു ഹിന്ദുവിന് എതിർപ്പുണ്ടെങ്കിൽ അവിടെ ദേവാലയം നിർമ്മിക്കാൻ ഞങ്ങൾ ശ്രമിക്കുകയില്ല' എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ച ക്രൈസ്തവ സമൂഹത്തിനു മാത്രമേ ഇന്നത്തെ പ്രതിസന്ധിയിൽ രാജ്യത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളു. സ്നേഹത്തിന്റെ സന്ദേശമാണ് ക്രൈസ്തവർ സംവഹിക്കുക. ഭാരതത്തിന്റെ സാംസ്കാരിക പൈതൃകം എന്നു പറയുമ്പോൾ അത് ഇവിടുത്തെ ഹൈന്ദവന്റെ മാത്രം സാംസ്കാരിക പൈതൃകമല്ല. ഇവിടുത്തെ ക്രിസ്ത്യാനിയുടെയും മുസ്ലീമിന്റെയുമൊക്കെ പൈതൃകമാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ഇവിടുത്തെ മുസൽമാനും ക്രിസ്ത്യാനിക്കും സാധിക്കണം. ആ യാഥാർത്ഥ്യം അംഗീകരിക്കുവാൻ ഇവിടുത്തെ ഹൈന്ദവ സമൂഹവും തയ്യാറാകണം.

ഇന്നത്തെ ഈ ദുർഘടസന്ധിയിൽ ഭാരതത്തിൽ ശാശ്വതമായ സമാധാനം കൈവരുത്തുവാൻ ക്രൈസ്തവ സമൂഹം നേതൃത്വം നൽകണം. ഭാരതത്തിന്റെ സംസ്കാരിക പൈതൃകത്തെപ്പറ്റി തികഞ്ഞ അവബോധമുള്ള ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിലിന് ഈ രംഗത്ത് വലിയ സംഭാവനകൾ നൽകാൻ കഴിയുമെന്നാണ് ഞങ്ങളുടെ ഉത്തമ ബോദ്ധ്യം. സി.ബി.സി.ഐ. പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ നടത്തിയ ആദ്യപ്രസ്താവനയിൽ 'മതമൈത്രി വളർത്താൻ ഇതരമതങ്ങളുമായി ചർച്ച നടത്തുകയാവും തന്റെ പ്രഥമ കർത്തവ്യമെന്നും രാജ്യത്ത് മതേതരത്വം ശക്തിപ്പെടുത്താൻ സി.ബി.സി.ഐ. കഴിവതും ശ്രമിക്കു'മെന്നും പറയുകയുണ്ടായി.

സി.ബി.സി.ഐ. പ്രസിഡണ്ട് എന്ന നിലയിൽ ഇന്ത്യയിലെ കത്തോലിക്കരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഞാൻ ശ്രമിക്കുമെന്നല്ല മാർ പൗവ്വത്തിൽ പ്രസ്താവിച്ചത്. മറിച്ച് ഭാരതത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. ഉത്തമനായ ഒരു രാജ്യസ്നേഹിക്ക് ഇതിൽക്കവിഞ്ഞ് എന്താണ് പറയുവാനുള്ളത്? നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ നിലയിൽ മാർപൗവ്വത്തിലിനും ക്രൈസ്തവ സമൂഹത്തിനുള്ള ഉൽക്കണ്ഠയും വേദനയുമാണ് ആ വാക്കുകളിൽകൂടി പ്രകടമാകുന്നത്.

ഇന്ത്യ ഇന്ത്യയായിതന്നെ നിലനിൽക്കണം. അവിടെ ഹിന്ദുവും മുസൽമാനും പാർസിയും സിക്കുകാരനും ക്രിസ്ത്യാനിയും എല്ലാം ഏകോദര സഹോദരന്മാരേപ്പോലെ പെരുമാറണം. അതിനുള്ള സാഹചര്യം സൃഷ്ടി

www.malankaralibrary.com

ക്കാൻ മാർ പൗവ്വത്തിലിന് സാധിക്കട്ടെയെന്ന് ഞങ്ങൾ ആശംസിക്കുന്നു. പക്ഷേ അതിനുള്ള ശ്രമം ഒരു ഭഗീരഥപ്രയത്നമാണെന്ന് ഞങ്ങൾക്കുത്തമ ബോദ്ധ്യമുണ്ട്. പക്ഷേ ഈ വെല്ലുവിളിയെ ആരെങ്കിലും നേരിട്ടേ മതിയാവൂ. പുറംതിരിഞ്ഞു നിൽക്കുവാൻ സാദ്ധ്യമല്ല. അർപ്പണമനോഭാവവും കഠിനാദ്ധ്വാനവും ലക്ഷ്യബോധവുമുള്ളവർക്കേ ഈ രംഗത്ത് വിജയിക്കുവാൻ സാധിക്കയുള്ളു. പുതിയ സി.ബി.സി.ഐ. പ്രസിഡണ്ടിന് അത് സാധിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ചവിശ്വാസം. അത് സാധിച്ചേ മതിയാവൂ.

'സഭയും സമൂഹവും രാഷ്ട്രവും നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള പ്രത്യുത്തരവും' ശരിയായ ഒരു പഠനത്തിന് വിധേയമാക്കണം. അതിനവേണ്ടി വന്നാൽ വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചുകൊണ്ട് സി.ബി.സി.ഐ. മുന്നോട്ടു പോകണം. ആ ശ്രമത്തിനു മുൻപിൽ സകല ഭാരതീയരെയും അണിനിരത്തണം.

മുഖപ്രസംഗത്തിൽ ഞങ്ങൾ പ്രകടിപ്പിച്ച അഭിപ്രായം പ്രാവർത്തികമാക്കുവാൻ മാർ പൗവ്വത്തിൽ മുഖ്യ നേതൃത്വം കൊടുത്ത് രൂപീകരിച്ച റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷന് സാധിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ചവിശ്വാസം. ഈ ഫൗണ്ടേഷൻ പ്രശ്നഭാരതത്തിൽ ഒരു രക്ഷകനായി ഉദയം ചെയ്തിരിക്കുകയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഫൗണ്ടേഷന്റെ കേന്ദ്രം കോട്ടയം ആണ്. അതിന്റെ പ്രവർത്തനപരിപാടികൾ ഭാരതം മുഴുവൻ വ്യാപിപ്പിക്കണം. മതസൗഹാർദ്ദവും ദേശീയതയും വളർത്താൻ വിലപ്പെട്ട സംഭാവനകൾ ചെയ്യുവാൻ ഈ ഫൗണ്ടേഷന് സാധിക്കുമാറാകണം. ഈ മൂല്യങ്ങളുടെ പ്രചാരണത്തിനായി യുവാക്കളെയും വിദ്യാർത്ഥികളെയും പരിശീലിപ്പിക്കുകയും വേണം. ഈ ഫൗണ്ടേഷന് എല്ലാവിധ വിജയങ്ങളും നേരുന്നു. ഇതിന് നേതൃത്വം നൽകുന്ന ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ തിമേനിയേയും സഹപ്രവർത്തകരേയും അനുമോദിക്കുകയും ചെയ്യുന്നു.

(ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിലിന്റെ ചിന്തയിൽനിന്നും രൂപം കൊണ്ടതാണ് റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷൻ. ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സ്കൂൾ, കോളേജു തലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കണമെന്നും പഞ്ചായത്തു തലത്തിൽതന്നെ ഫൗണ്ടേഷന്റെ പ്രവർത്തനം വ്യാപിപ്പിക്കണമെന്നുമായിരുന്നു തീരുമാനം. അതായിരുന്നു പൗവ്വത്തിൽതിരുമേനി ആഗ്രഹിച്ചതും. പക്ഷെ അതിന് നേതൃത്വം കൊടുത്ത ഭാരവാഹികൾ ഗ്രാസ്റൂട്ട് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് യാതൊരു പ്രാധാന്യവും നൽകിയില്ല. അതേസമയം നേതാക്കന്മാരെയും വൈദികമേലദ്ധ്യക്ഷന്മാരെയും അണിനിരത്തി മഹാസമ്മേളനങ്ങൾ നടത്തി പത്രവാർത്ത സൃഷ്ടിക്കുന്നതിൽ മാത്രം ശ്രദ്ധ പതിപ്പിച്ചു. ഒരേയാളെത്തന്നെ ഭീമമായ യാത്രാക്കൂലി നൽകി എല്ലാ സമ്മേളനങ്ങളിലും പങ്കെടുപ്പിച്ചതിന്റെ ഉദ്ദേശശുദ്ധിയും ചോദ്യം ചെയ്യപ്പെടേണ്ടി വന്നു. ഏതായാലും ഫൗണ്ടേഷന്റെ പ്രവർത്തനം ഒരു വർഷത്തിനകം നിലക്കുകയുണ്ടായി.)

05-02-1995

www.malankaralibrary.com

**187**

# ഭാരതത്തിലെ മുസ്ലിം സഹോദരങ്ങളോട്

ലോകത്തൊട്ടാകെ തൊണ്ണൂറ്റിമൂന്ന് കോടി എഴുപതുലക്ഷം മുസ്ലീങ്ങൾ ഉണ്ടെന്നാണ് കണക്ക്. ഭാരതത്തിൽ മുസ്ലീങ്ങൾ ഒരു ന്യൂനപക്ഷമാണെങ്കിലും ഏറ്റം കൂടുതൽ മുസ്ലീങ്ങൾ അധിവസിക്കുന്ന ഒരു നാടാണ് ഭാരതം. ഭാരതത്തിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷം ഹിന്ദുക്കളാണെങ്കിലും ഒരു മതേതര രാഷ്ട്രമായിട്ടാണ് ഭാരതം നിലനിൽക്കുക. മതേതരത്വത്തിന്റെ ചൈതന്യം നിലനിർത്തുവാൻ എല്ലാ സമുദായങ്ങളും വലിയ സംഭാവനകൾ ചെയ്തിട്ടുണ്ട്. ലോകത്ത് ഉണ്ടായിട്ടുള്ള എല്ലാ മതങ്ങളെയും എല്ലാ ആശയങ്ങളെയും ഉൾക്കൊള്ളുവാനുള്ള വിശാലമനസ്ഥിതി ഭാരതീയർ എന്നും കാണിച്ചിട്ടുമുണ്ട്.

ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ ഒരു തരത്തിലും വേദനിക്കരുതെന്ന് സ്വതന്ത്ര്യ ഇന്ത്യയിലെ ആദ്യഭരണാധികാരികൾക്ക് നിർബന്ധമുണ്ടായിരുന്നു. ആ വിശാലമനസ്കരായ ആളുകളാണ് ഭാരതത്തിന്റെ ഭരണഘടനയ്ക്ക് രൂപം കൊടുത്തത്. ന്യൂനപക്ഷാവകാശം ഒരിക്കലും ഭരണഘടനയിൽ എഴുതിവച്ചതുകൊണ്ട് ലഭിക്കണമെന്നില്ല. ആ ആശയത്തോട് ജനങ്ങൾക്ക് വികാരപരമായി യോജിപ്പ് ഉണ്ടായെങ്കിലേ ന്യൂനപക്ഷാവകാശത്തിന്റെ പ്രയോജനം നമുക്ക് ലഭിക്കുകയുള്ളൂ.

മറ്റ് ഏതൊരു രാജ്യത്തെയപേക്ഷിച്ചും ന്യൂനപക്ഷങ്ങൾക്ക് മാന്യമായ സംരക്ഷണം നൽകുന്ന ഒരു രാജ്യമാണ് ഭാരതം എന്ന വസ്തുത നാം അംഗീകരിച്ചേ മതിയാകൂ. എന്നാൽ ഈയടുത്തകാലത്ത് ചില അനിഷ്ടസംഭവങ്ങൾ തുടരെത്തുടരെ നടക്കുന്നുണ്ടെന്നുള്ള വസ്തുത ഞങ്ങൾ അംഗീകരിക്കുന്നു. അത് ഒഴിവാക്കേണ്ടതാണ്. ഭൂരിപക്ഷ സമുദായത്തെപ്പോലെതന്നെ ന്യൂനപക്ഷ സമുദായങ്ങളും വിശാലമനസ്ഥിതിയോടുകൂടി പ്രവർത്തിച്ചെങ്കിൽ മാത്രമേ ഭരണഘടനയിൽ എഴുതിവച്ചിരിക്കുന്ന അവകാശങ്ങൾ നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. അവകാശവാദമോ, സംഘട്ടനമോ ഒന്നും അതിന് പരിഹാരമാവുകയില്ല. നൂറ്റാണ്ടുകൾക്ക് മുൻപ് ഇവിടെയെത്തിയ മുസ്ലിം ഭരണാധികാരികൾ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കുകയും ആരാധനാലയങ്ങൾ തകർക്കുകയും ചെയ്തിട്ടുണ്ട്. ഹൈന്ദവ ഭരണാധികാരികളും അതേനടപടി സ്വീകരിച്ചിട്ടുണ്ട്. ആ രക്തപ്പുഴയുടെ ചരിത്രം ഇനി ആവർത്തിക്കപ്പെടാൻ സാദ്ധ്യമല്ല. ഇനി യോജിപ്പിന്റെ മേഖലയാണ് ആവശ്യം. യോജിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ ഇന്ത്യൻ ജനത രക്ഷപ്പെടുകയുള്ളൂ, ഇവിടെ വികസനം നടപ്പാവുകയുള്ളൂ.

മതമൗലികവാദം ഇവിടെ ശക്തിപ്പെട്ടുവരികയാണ്. ഇന്ത്യയിൽ അടിക്കടി തകർന്നുകൊണ്ടിരിക്കുന്ന മതസൗഹാർദ്ദം ഭാരതത്തിന്റെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുമെന്ന കാര്യത്തിൽ സംശയം വേണ്ട. മതമൗലികവാദം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി മുന്നേറണം.

www.malankaralibrary.com

ലോകത്തെല്ലാം അനുദിനം നടക്കുന്ന സംഭവവികാസങ്ങളെ ഇന്ത്യയിലെ ജനങ്ങൾ നോക്കിക്കാണുന്നുണ്ടെന്നുള്ള വസ്തുത ഏവരും മനസ്സിലാക്കണം. ഇന്ത്യയിലെ മുസ്ലീങ്ങളും ന്യൂനപക്ഷ സമുദായങ്ങളും പ്രത്യേകിച്ചും ഈ വസ്തുത മനസ്സിലാക്കണം. മതമൗലികവാദം ഉയർത്തിപ്പിടിച്ചുകൊണ്ട് മുസ്ലീം പീഡനത്തിനെതിരെ ഇവിടുത്തെ മുസ്ലീം സമുദായം മുന്നോട്ടുനീങ്ങുമ്പോൾ മുസ്ലീം രാഷ്ട്രങ്ങളിൽ എന്താണ് നടക്കുന്നതെന്ന് ഭാരതത്തിലെ ഹിന്ദുവും ക്രിസ്ത്യാനിയും സിക്കുകാരനുമൊക്കെ ചിന്തിക്കുന്നുണ്ട്, പഠിക്കുന്നുണ്ട്. ഒരു രാമായണമോ, ബൈബിളോ കൈയിൽ പിടിച്ചുകൊണ്ട് പോകുവാനോ, പ്രാർത്ഥിക്കുവാനോ ഒരു മുസ്ലിം രാഷ്ട്രത്തിലെ ഹിന്ദുവിനും ക്രിസ്ത്യാനിക്കും സാധിക്കുന്നില്ല. ഇവിടെ അവകാശവാദങ്ങൾക്കുവേണ്ടി മുറവിളികൂട്ടുമ്പോൾ തങ്ങളുടെ സഹോദരങ്ങൾ ഭരിക്കുന്ന രാഷ്ട്രങ്ങളിലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി വാദിക്കാൻ ഇവിടുത്തെ മുസ്ലീങ്ങൾ തയ്യാറാകുന്നില്ലെന്നത് ദുഃഖകരമാണ്. ലോക മുസ്ലീം രാഷ്ട്രങ്ങളിൽ നടക്കുന്ന മത പീഡനത്തിനെതിരെ - മതവിവേചനത്തിനെതിരെ ശബ്ദമുയർത്താൻ ഇവിടുത്തെ മുസ്ലീം സഹോദരങ്ങൾ തയ്യാറാകാത്തിടത്തോളംകാലം ഭാരതത്തിൽ ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നതിൽ എന്ത് പ്രസക്തിയാണുള്ളത്.

മുസ്ലീം രാഷ്ട്രങ്ങളിലെല്ലാം മുസ്ലീം സമുദായത്തിൽപ്പെടാത്തവർ മർദ്ദിക്കപ്പെടുകയാണ്. ഈ മർദ്ദനത്തിനെതിരെ ഭാരതത്തിലെ മുസ്ലീം സഹോദരങ്ങൾ ശബ്ദമുയർത്തണം. അങ്ങനെയൊരു പ്രവർത്തനശൈലി ഭാരതത്തിലെ മുസ്ലീം സഹോദരങ്ങൾക്കില്ലായെന്ന ആരോപണം നമുക്ക് നിഷേധിക്കുവാൻ സാധിക്കുകയില്ല.

നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാനിൽ മതനിന്ദയാരോപിച്ച് രണ്ട് ക്രിസ്ത്യാനികളെ വധശിക്ഷയ്ക്ക് വിധിക്കുകയുണ്ടായല്ലോ. ലോകരാഷ്ട്രങ്ങളെല്ലാം ഈ നടപടിയെ പഴിക്കുകയുണ്ടായി. പക്ഷേ ഇന്ത്യയിലെ മുസ്ലീങ്ങൾ ഈ നടപടിയെപ്പറ്റി പ്രതികരിച്ചതായി കണ്ടില്ല. മുസ്ലീം രാഷ്ട്രങ്ങളിലെ ഈ ക്രൂരതയ്ക്കെതിരെ ഇവിടുത്തെ മുസ്ലീങ്ങൾ പ്രതികരിക്കണം. എല്ലാ സ്വാതന്ത്ര്യവും അനുഭവിക്കുന്ന ഇന്ത്യയിലെ മുസ്ലീങ്ങൾ മുസ്ലീം രാഷ്ട്രങ്ങളിലെ ന്യൂനപക്ഷങ്ങൾക്കു വേണ്ടി ശബ്ദമുയർത്തി ലോകത്തിന് ഒരു മാതൃക കാട്ടിക്കൊടുക്കണം. ലോകത്ത് ഏറ്റം കൂടുതൽ മുസ്ലീങ്ങൾ അധിവസിക്കുന്ന രാഷ്ട്രമാണ് ഭാരതം. അതേ കാരണത്താൽ തന്നെ മതനീതിക്കും സാമൂഹ്യനീതിക്കുംവേണ്ടി ശബ്ദിക്കുവാൻ ഭാരതത്തിലെ മുസ്ലീങ്ങൾക്ക് ബാദ്ധ്യതയുണ്ട്. അതിനവർ തയ്യാറാകുമെന്ന് പ്രതീക്ഷിക്കട്ടെ.

ഏതെങ്കിലും വിധത്തിൽ അധികാരരാഷ്ട്രീയത്തിൽ കയറി വിലപേശൽ നടത്തി മുതലെടുക്കുക എന്ന നയം മാറ്റി രാഷ്ട്രത്തിന്റെ സമഗ്രപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക എന്ന ലക്ഷ്യം ഏറ്റെടുക്കുവാൻ ഇവിടുത്തെ ന്യൂനപക്ഷങ്ങൾ തയ്യാറാകുകയും അതിന് ഇവിടുത്തെ ന്യൂനപക്ഷമായ മുസ്ലീങ്ങൾ നേതൃത്വം നൽകുകയും വേണം. മറ്റെല്ലാ ന്യൂനപക്ഷങ്ങളും ഇക്കാര്യത്തിൽ ഒത്തൊരുമിച്ച് മുന്നേറുകയും വേണം.

05-03-1995

www.malankaralibrary.com

# 188

# കേരളഭരണം

മൂന്നരവർഷം മുൻപ് വളരെ പ്രതീക്ഷകളോടെയാണ് ഐക്യജനാധിപത്യമുന്നണിയെ ജനങ്ങൾ അധികാരത്തിലേറ്റിയത്. മന്ത്രിസഭാ രൂപീകരണം മുതൽ ഭിന്നിപ്പിന്റെയും അവിശ്വാസത്തിന്റെയും സ്വരം മാത്രമാണ് യു.ഡി.എഫ് നേതാക്കളിൽനിന്നും ജനങ്ങൾക്ക് കേൾക്കാൻ സാധിച്ചത്. പരസ്പരം വിലപേശൽ നടത്തിയും ആരോപണപ്രത്യാരോപണങ്ങൾ നടത്തിയും അഴിമതി ആരോപണങ്ങൾക്ക് വിധേയമായും, സ്വയം ജനങ്ങളാൽ അവഹേളിതരായി അധികാരത്തിൽ കഴിഞ്ഞുകൂടുകയാണ് ഇന്നത്തെ മന്ത്രിമാർ. മൂന്നരവർഷമായിട്ടും വിവിധ കോർപ്പറേഷൻ ചെയർമാന്മാരെപ്പോലും നിയമിക്കുവാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. പരസ്പര വിശ്വാസമില്ലാത്ത മന്ത്രിമാരുടെ കൂട്ടുമന്ത്രിസഭയാണ് ഈ സർക്കാർ. ഈ മന്ത്രിമാർക്ക് ഒരു കാര്യത്തിൽമാത്രം യോജിപ്പുണ്ട്. ഭരണം തുടരണം. താൻ കൈകാര്യം ചെയ്യുന്ന വകുപ്പ് ഒരു സാമ്രാജ്യമാണെന്ന് കരുതി ഭരിക്കുകയാണ് ഈ മന്ത്രിമാർ. ആ വകുപ്പിലൂടെ രാജ്യത്തെ കൊള്ളയടിക്കുകയാണ് ഈ ജനപ്രതിനിധികൾ. ചോദ്യം ചെയ്യാനാരുമില്ലെന്ന അഹന്തയാണ് ഈ ജനപ്രതിനിധികളെ നയിക്കുന്നത്.

ഏതാനും രാഷ്ട്രീയകക്ഷികളുടെ കൂട്ടുമുന്നണിയാണല്ലോ ഐക്യജനാധിപത്യമുന്നണി. ഓരോ രാഷ്ട്രീയപാർട്ടിയും തങ്ങളുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടുള്ള സംവിധാനമാണ് കൂട്ടുകക്ഷി മുന്നണിയിൽ സാധാരണ കാണാറുള്ളത്. ഏതെങ്കിലും രാഷ്ട്രീയകക്ഷിയെ അതെത്ര ചെറുതാണെങ്കിലും ആ കക്ഷിയുടെ വ്യക്തിത്വം നശിപ്പിക്കുവാൻ ഘടകകക്ഷികളിൽ ഏതെങ്കിലും ശ്രമിച്ചാൽ മുന്നണിവിട്ട് ഇറങ്ങിപ്പോന്ന് സ്വന്തം പാർട്ടിയുടെ ഇമേജ് നിലനിർത്തുവാൻ ശ്രമിച്ചിട്ടുള്ള പാരമ്പര്യമാണ് ഇവിടുത്തെ രാഷ്ട്രീയപാർട്ടിക്കുള്ളത്. ആ പാരമ്പര്യവും ഇന്നത്തെ ഐക്യജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ തകർത്തുകളഞ്ഞുവെന്നാണ് ഈ മൂന്നരവർഷത്തെ ചരിത്രം.

മുന്നണി അധികകാരമേറ്റെടുത്തപ്പോൾ ആദ്യം കോൺഗ്രസ്സ് പാർട്ടിയിലായിരുന്നു അപസ്വരം കേട്ടത്. കോൺഗ്രസ്സിന്റെ ആഭ്യന്തകാര്യങ്ങളിൽ മറ്റു ഘടകകക്ഷികൾ ഇടപെടരുതെന്ന് മുന്നറിയിപ്പ് നൽകിയെങ്കിലും വിജയിച്ചില്ല കോൺഗ്രസ്സിലെ ഒരു ഗ്രൂപ്പിനെ തകർക്കാൻ മറ്റേഗ്രൂപ്പ് ഘടകകക്ഷികളുടെ രഹസ്യപിന്തുണ സ്വീകരിച്ചു. ഇരുഗ്രൂപ്പുകളും അതേനയം സ്വീകരിച്ചതോടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടരുതെന്നവാദം വെറും തത്വം മാത്രമായി മാറിപ്പോയി. അതിനുശേഷം ഘടകകക്ഷികളെ പിളർത്തുന്ന കാര്യത്തിൽ ചില ഘടകകക്ഷികൾ നേതൃത്വം നൽകി. പരസ്യമായ രഹസ്യമായിരുന്നു അത്. കേരളാ കോൺഗ്രസ്സിന്റെ പിളർപ്പും എൻ.ഡി.പി.യിലെ സംഭവവികാസങ്ങളും സൂചിപ്പിക്കുന്നത് അതാണ്.

ഐക്യജനാധിപത്യ മുന്നണിയിലെ ഘടകകക്ഷികളും കോൺഗ്രസ്സിലെ ഒരു ഗ്രൂപ്പും നേതൃമാറ്റം ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ നീക്കങ്ങൾ ഘടകക

www.malankaralibrary.com

ക്ഷികളുടെ വ്യക്തിത്വം തകർക്കുന്നതിൽ ചെന്നു പതിച്ചു. ഘടകകക്ഷിനേതാക്കൾ ഡൽഹിയിലെ വിളികേട്ട് രണ്ടാം പ്രാവശ്യവും പോയി തിരിച്ചുവന്നതോടെ ഇവിടെ മുന്നണി സംവിധാനത്തിൽ നിലനിന്നിരുന്ന "മാന്യമായ മാനദണ്ഡങ്ങൾ" മുഴുവൻ തകർത്തുകളഞ്ഞു. എന്നിട്ടും രാഷ്ട്രീയ പാർട്ടിനേതാക്കൾക്ക് അധികാരം മതി. നാണക്കേട് സഹിച്ചോളാം എന്ന നിലപാടാണ്.

വ്യക്തിതാല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി രാഷ്ട്രീയപാർട്ടികൾ കെട്ടിപ്പടുക്കുകയും ഗ്രൂപ്പുകൾ സംഘടിപ്പിക്കുകുയം ചെയ്യുന്ന രാഷ്ട്രീയ നേതാക്കൾ, "രാഷ്ട്രീയ പാർട്ടികൽ തങ്ങൾക്കുവേണ്ടി മാത്രം" എന്ന പുതിയ മുദ്രാവാക്യവുമായി ഇറങ്ങിതിരിച്ചിരിക്കുകയാണോയെന്ന് തോന്നിപ്പോകും. ഇന്നത്തെ മുന്നണിനേതാക്കൾ ഓരോ ദിവസവും നടത്തുന്ന പ്രസ്താവനകൾ സാധാരണ ജനങ്ങൾപോലും എത്ര അവജ്ഞയോടെയാണ് വീക്ഷിക്കുക. അല്പമെങ്കിലും അന്തസ്സുണ്ടായിരുന്നുവെങ്കിൽ ഈ സ്ഥാനത്ത് അള്ളിപ്പിടിച്ചിരിക്കാതെ ജനവിധി തേടാൻ തയ്യാറാകുമായിരുന്നു. മുഖ്യമന്ത്രിയാരായിരിക്കണമെന്ന വിവാദം സൃഷ്ടിച്ച കോളിളക്കം സകല ജനാധിപത്യമര്യാദകളെയും അതിലംഘിച്ചിരിക്കുകയാണ്. അധികാരം കൈയാളാൻ എല്ലാ മൂല്യങ്ങളെയും ചവിട്ടിമെതിക്കുമെന്ന് ഭരണകർത്താക്കൾ തെളിയിച്ചിരിക്കുകയാണ്.

മുന്നണിയിൽപ്പെട്ടവർക്ക് യോജിച്ച് പ്രവർത്തിക്കുവാൻ സാധിക്കുകയില്ലെന്ന് തെളിഞ്ഞ സ്ഥിതിക്ക് മുന്നണിപിരിച്ചുവിട്ട് ജനവിധി തേടുകയാണ് കരണീയം. മന്ത്രിസഭാരൂപീകരണം തുടങ്ങി എത്രയെത്ര ഭീഷണികളാണ് മന്ത്രിസഭക്ക് നേരിടേണ്ടിവന്നത്. ചില ഘടകകക്ഷികൾ ഏതാനും മാസം കൂടുമ്പോൾ നിരന്തരം മന്ത്രിസഭയ്ക്ക് ഭീഷണി ഉയർത്തുകയും വിലപേശൽ നടത്തി കൂടുതൽ ആനുകൂല്യങ്ങൾ നേടാൻ ശ്രമിക്കുകയുമാണ്. ഈ കച്ചവടരാഷ്ട്രീയം ഒരു കലയാക്കി ചില രാഷ്ട്രീയ കക്ഷികൾ രൂപപ്പെടുത്തികഴിഞ്ഞു. ഈ മന്ത്രിസഭ ഇനിയും തുടർന്നാൽ വിലപേശലും കച്ചവടവും വർദ്ധിക്കും. ഈ സ്ഥിതിയിൽനിന്നും കേരളത്തെ രക്ഷിക്കാൻ സമസ്തശക്തികളെയും ശേഖരിച്ചുകൊണ്ട് സമസ്ത ജനാധിപത്യ ഹൃദയങ്ങളെയും തുടിപ്പിച്ചുകൊണ്ട് നമസ്ത ശിരസ്സുകളെയും യോജിപ്പിച്ചുകൊണ്ട് ഒരു ബഹുജനമുന്നേറ്റമുണ്ടാകേണ്ടത് അടിസന്തരാവശ്യമായി തീർന്നിരിക്കുന്നു.

05-03-1995

## 189

# ദുഃഖകരം ലജ്ജാകരം

മൂന്നരവർഷത്തെ ഭരണത്തിനുശേഷം ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ രാജിവെയ്ക്കുകയും എ.കെ. ആന്റണിയുടെ പുതിയ മന്ത്രിസഭ അധികാരമേൽക്കുകയും ചെയ്തിരിക്കുന്നു. ഈ ലക്കം ബുള്ളറ്റിൻ നിങ്ങളുടെ കൈകളിലെത്തുമ്പോഴേക്കും കേരള രാഷ്ട്രീയത്തിൽ എന്തു മാറ്റങ്ങൾ സംഭവിക്കുമെന്ന് പ്രവചിക്കുവാൻ സാദ്ധ്യമല്ല. എങ്കിലും കഴിഞ്ഞ

www.malankaralibrary.com

കുറേവർഷങ്ങളായി കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഭവ വികാസങ്ങൾ ദുഃഖകരവും ലജ്ജാകരവുമാണെന്ന് പറയേണ്ടിയിരിക്കുന്നു.

മൂന്നരവർഷം മുൻപ് കരുണാകരൻ മുഖ്യമന്ത്രിയായ അന്നുമുതൽ മുന്നണിയിലും ഭരണകേന്ദ്രങ്ങളിലും അസംതൃപ്തി നിലവിലിരുന്നു. കോൺഗ്രസ്സിലെ എ, ഐ വിഭാഗങ്ങൾ തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന കോലാഹലങ്ങൾ സകല ജനാധിപത്യ മര്യാദകളെയും അതിലംഘിച്ചുകൊണ്ടുള്ളതായിരുന്നു. ഉമ്മൻ ചാണ്ടിയും വിശ്വനാഥനും രാജിവച്ചുകൊണ്ടുള്ള നീക്കം കരുണാകര മന്ത്രിസഭയുടെ പതനത്തിലെത്തി. കരുണാകരന്റെമേൽ പാമോയിൽ അഴിമതിയാരോപണം തുടങ്ങി നിരവധി ആരോപണങ്ങൾ എ വിഭാഗവും ഘടകകക്ഷികളും നിരത്തിവച്ച് പ്രതിപക്ഷത്തെപ്പോലും കടത്തിവെട്ടി, അവസാനം ചാരവൃത്തിക്കേസും. കരുണാകരൻ അപഹാസ്യനായി മുഖ്യമന്ത്രി കസേരയിൽ നിന്നും ഇറങ്ങിപ്പോകേണ്ടിവന്നു. ഇതോടെ കരുണാകരവിരുദ്ധർ ആദർശവാദികളായി ജനം കണക്കാക്കി.

പക്ഷെ പിന്നീടുണ്ടായ സംഭവവികാസങ്ങൾ ആദർശ പരിവേഷം തകർത്തുകളഞ്ഞു. തങ്ങൾ ആരുടെ മേൽ അഴിമതിയാരോപണം ഉന്നയിച്ചോ, ആരുടെമേൽ ചാരവൃത്തിയാരോപണം ഉന്നയിച്ചോ, ആരുടെമേൽ വിശ്വാസം നഷ്ടപ്പെട്ടുവെന്ന് പത്രത്തിൽ കൂടി പ്രസ്താവിച്ചോ, ആ ആളെ രാജ്യസഭാംഗമാക്കുവാനും കേന്ദ്രത്തിൽ മന്ത്രിയാക്കുവാനും ആരോപണം ഉന്നയിച്ചവർ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അവർ ഉന്നയിച്ച ആരോപണങ്ങൾ ശരിയാണെന്ന് അവർക്ക് ഉത്തമബോദ്ധ്യമുണ്ടെങ്കിൽ ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാമോ? കേരളത്തിൽ അഴിമതിയാരോപിക്കപ്പെട്ട ഒരാൾ, ചാരവൃത്തി ആരോപണത്തിന് വിധേയനായ ഒരാൾ കേന്ദ്രത്തിൽ മന്ത്രിയായിരിക്കുന്നതിനെ എങ്ങനെ അനുകൂലിക്കും. കേന്ദ്രത്തിൽ അഴിമതി നടത്താനും ചാരവൃത്തി നടത്താനം പൊയ്ക്കൊള്ളട്ടെ. ഇവിടെ ഞങ്ങൾക്ക് ശല്യം ചെയ്യാതിരുന്നാൽ മതിയെന്നാണ് ഈ ആദർശവാദികൾ പറയുന്നതെങ്കിൽ നിങ്ങളെയോർത്ത് ഞങ്ങൾ സഹതപിക്കുന്നു, ദുഃഖിക്കുന്നു, ലജ്ജിക്കുന്നു.

അഴിമതിയാരോപണത്തിനും ചാരവൃത്തിക്കും വിധേയനായ ഒരാളെ ഉന്നതസ്ഥാനമാനങ്ങൾ നൽകിയാദരിക്കുകയാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ നിങ്ങളുടെ ആദർശവാദം വെറും കാപട്യം നിറഞ്ഞതാണെന്ന് പറയേണ്ടിയിരിക്കുന്നു.

മൂന്നരവർഷത്തിലധികം ഭരിച്ചിട്ടും വിവിധകോർപ്പറേഷൻ ചെയർമാൻമാരെ നിയമിക്കുവാൻ കരണാകരൻ മന്ത്രിസഭയ്ക്ക് സാധിച്ചില്ല. ഇന്നത്തെ മുഖ്യമന്ത്രിക്ക് ഒരു മാസമായിട്ടും സഹമന്ത്രിമാരെ തിരഞ്ഞെടുക്കുവാൻ സാധിച്ചില്ല. ഭരണ കേന്ദ്രത്തെ സമ്മർദ്ദതന്ത്രങ്ങളും വിലപേശലുകളുമാണ് നയിക്കുന്നതെങ്കിൽ – ഈ ഭരണം തകരുകയാണ് വേണ്ടത്. പുതിയ ജനവിധി നേടട്ടെ. ബാക്കികാര്യം ജനം നോക്കികൊള്ളും. ജനങ്ങളുടെ പേരിൽ മുതലകണ്ണുനീർ പൊഴിക്കുന്നവരോട് ഞങ്ങൾക്കിതു മാത്രമാണ് പറയാനുള്ളത്.

05-05-1995

www.malankaralibrary.com

**190**

# ജനം ഉണർന്നെഴുന്നേൽക്കണം

ഒക്ടോബർ 27-ന് സംസ്ഥാനത്ത് ഒരു വിദ്യാഭ്യാസ ബന്ത് ഇടതുപക്ഷ കക്ഷികൾ സംഘടിപ്പിക്കുകയുണ്ടായി. ഇടതുപക്ഷ പിന്തുണയുള്ള സേവ് എഡ്യൂക്കേഷൻ സമതിയാണ് ബന്തിന് ആഹ്വാനം നൽകിയത്. ബന്തു വരുന്നുവെന്ന് കേട്ടപ്പോൾതന്നെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിയും നൽകി.

എന്തിനുവേണ്ടിയായിരുന്നു ബന്ത്? ഏതാനും സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന്റെ പേരിലാണ് ഈ ബന്ത്. ഈ ബന്തിനെ നേരിടാൻ വിദ്യാലയങ്ങൾക്ക് അവധി നൽകുകയല്ല വേണ്ടത്. ജനം സംഘടിച്ച് ഈ ആഭാസത്തെ എതിർത്ത് തോല്പിക്കുകയാണ് വേണ്ടത്.

കേരളം വിദ്യാഭ്യാസത്തിനുവേണ്ടി റവന്യൂവിൽ നല്ലൊരു പങ്കു മുടക്കിക്കൊണ്ടിരിക്കുകയാണ്. സാങ്കേതികരംഗത്ത് പുതിയ കോളേജുകൾ സ്ഥാപിക്കുവാൻ സർക്കാരിന് സാധിക്കുന്നില്ല. തന്മൂലം കേരളത്തിൽനിന്നും വർഷം തോറും ആയിരക്കണക്കിന് കുട്ടികൾ വൻതുക കോഴ കൊടുത്തു അന്യസംസ്ഥാനങ്ങളിൽ പോയി പഠിക്കുന്നു. ഇടതുപക്ഷകക്ഷി നേതാക്കളിൽ പലരുടെയും കുട്ടികൾ കോഴ കൊടുത്ത് അന്യസംസ്ഥാനങ്ങളിൽ പോയി പഠിക്കുകയാണെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്.

അന്യസംസ്ഥാനങ്ങളിലേക്ക് കോടിക്കണക്കിന് രൂപയാണ് തലവരി പണമിനത്തിൽ ഒഴുകുന്നത്. കേരളത്തിൽ സ്വാശ്രയ കേളേജുകൾ സ്ഥാപിച്ചാൽ നമ്മുടെ കുട്ടികൾക്ക് എത്ര ആയിരം രൂപാ ലാഭിക്കുവാൻ സാധിക്കും. പക്ഷേ ഇവിടുത്തെ 'പുരോഗമന വാദികൾ' അതിന് സമ്മതിക്കുകയില്ല.

എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള ഇന്ത്യയിലെ തന്നെ ഏറ്റം മെച്ചപ്പെട്ട ആശുപത്രിയായ അങ്കമാലിയിൽ നേത്രരോഗ ചികിത്സയിൽ ബിരുദാനന്തര ബിരുദമേർപ്പെടുത്താൻ ശ്രമിച്ചപ്പോൾ അതിനെതിരെ ഇളകിയവർ തന്നെയാണ് ഇന്ന് സ്വാശ്രയ കോളേജുകൾക്കുമെതിരെ പട നയിക്കുന്നത്.

ഇവിടെ സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിനെതിരെ സമരം നടത്തുന്നവർ അന്യ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടി ദല്ലാൾ പണി നടത്തുകയാണെന്ന് ദീപിക മുഖപ്രസംഗത്തിലൂടെ എഴുതിയിരിക്കുന്നത് തികച്ചും ശരിയാണ്.

എന്തിനും ഏതിനും ബന്ത് നടത്തുന്ന ഈ പ്രക്രിയക്കെതിരെ സ്വരമുയർത്തുവാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ ഉണർന്നെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

05-11-1995

www.malankaralibrary.com

## 191

# മദ്യ നിരോധനം യാഥാർത്ഥ്യമാകട്ടെ

ഐക്യജനാധിപത്യമുന്നണി സർക്കാർ അതിന്റെ ഭരണ കാലാവധി തീരാറായ സമയത്താണെങ്കിലും ചാരായ വില്പന നിരോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ തീരുമാനം യാഥാർത്ഥ്യമായി തീർന്നു കാണുവാൻ ആഗ്രഹിക്കുന്നു.

അടുത്ത ഏപ്രിൽ മുതൽ ആണ് ചാരായ വില്പന നിരോധിക്കാൻ തീരുമാനിച്ചിരിക്കുന്നത്. പൊതു തെരഞ്ഞെടുപ്പ് മാർച്ചിൽ നടത്തുകയാണെങ്കിൽ ഈ പ്രഖ്യാപനം നടപ്പിൽ വരുത്തുവാൻ ഈ സർക്കാരിന് സാധിക്കുകയില്ല. പൊതു തെരഞ്ഞെടുപ്പ് ഏപ്രിൽ - മെയ് മാസങ്ങളിലാണ് നടത്തുന്നതെങ്കിൽ തെരഞ്ഞെടുപ്പിന് മുൻപ് ഈ നടപടി സ്വീകരിച്ചാൽ ഇലക്ഷൻ കമ്മീഷൻ ഇടപെടുമോ?

ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുമെന്ന പ്രഖ്യാപനവുമായി കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിട്ട ഐക്യജനാധിപത്യമുന്നണി നാലുവർഷത്തിനുശേഷമാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതുതന്നെ. അതും ഒരു അവധി കച്ചവടം പോലെ.

മദ്യവിമുക്ത കേരളത്തിനുവേണ്ടി അനേകവർഷങ്ങളായി ഈ നാട്ടിൽ നടന്ന സമരങ്ങൾ എത്രയെത്രയായിരുന്നു? ഓരോരോ കാലഘട്ടത്തിലും കേരളം ഭരിച്ചിരുന്ന സർക്കാരുകൾ മദ്യ രാജാക്കന്മാരുടെ കെണിയിൽ കുടുങ്ങി മദ്യവിമുക്ത കേരളത്തിനുവേണ്ടി പടപൊരുതിയിരുന്നവരെ ദ്രോഹിക്കുകയായിരുന്നു. മദ്യനിരോധനസമിതിക്കാരും മദ്യവർജ്ജന പ്രസ്ഥാനക്കാരും എല്ലാം അനേകവർഷങ്ങളായി നടത്തിയ സമരത്തിന്റെ ഒരു വിജയ ചിഹ്നമായി കേരളസർക്കാരിന്റെ ചാരായ വില്പന നിരോധനത്തെ കാണാവുന്നതാണ്.

സമ്മർദ്ദങ്ങൾക്കും പ്രലോഭങ്ങൾക്കും വഴങ്ങാതെ എടുത്ത തീരുമാനം എങ്കിലും നടപ്പാക്കാനുള്ള ധീരത സർക്കാരിനുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

05-12-199

## 192

# അഴിമതിക്കാരെയും സാമൂഹ്യദ്രോഹികളെയും തോൽപ്പിക്കും

ആസന്നമായ നിയമസഭ പാർലമെന്റ് തിരഞ്ഞെടുപ്പിൽ അഴിമതിക്കാരെയും സാമൂഹ്യദ്രോഹികളെയും സ്ഥാനാർത്ഥികളാക്കിയാൽ മുന്നണി വ്യത്യാസമില്ലാതെ അത്തരക്കാരായ സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തുവാൻ സർവ്വ കഴിവും വിനിയോഗിക്കുമെന്ന് കത്തോലിക്കാ കോൺഗ്രസ്സ്

www.malankaralibrary.com

രാഷ്ട്രീയകാര്യസമിതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

തെരഞ്ഞെടുപ്പ് അടുത്തതോടെ സ്ഥാനാർത്ഥിത്വത്തിനുവേണ്ടിയുള്ള നെട്ടോട്ടം ആരംഭിച്ചിരിക്കുകയാണ്. അഴിമതിക്കാരും മദ്യപാനികളും സാമൂഹ്യ ദ്രോഹികളും സ്ഥാനാർത്ഥിത്വത്തിനുവേണ്ടി സമ്മർദ്ദതന്ത്രം പ്രയോഗിക്കുക യാണ്. ധാർമ്മികമൂല്യങ്ങളിൽ വിശ്വസിക്കുന്നവർ ഈ സമ്മർദ്ദതന്ത്രത്തിന്റെ ഫലമായി പുറംതള്ളപ്പെടാൻ ഇടയുണ്ട്. ബോഫോഴ്സ്, ഓഹരികുംഭകോണം, ഹവാലാ, പെൺവാണിഭം തുടങ്ങിയവയുടെ ഫലമായി രാഷ്ട്രീയരംഗം മലീമസമായിക്കൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ മൂല്യബോധമുള്ളവരെ സ്ഥാനാർത്ഥികളാക്കി രാഷ്ട്രീയരംഗം സംശുദ്ധീകരിക്കാൻ രാഷ്ട്രീയപാർട്ടികൾ മുന്നോട്ടുവരേണ്ടതാണ്.

യോഗ്യരായവരെ സ്ഥാനാർത്ഥികളാക്കുന്നതിന് പരിഗണിക്കണമെന്നും അർഹമായ പ്രാതിനിധ്യം കത്തോലിക്കാ സമുദായത്തിന് ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്നും സമിതി എല്ലാ ജനാധിപത്യരാഷ്ട്രീയ കക്ഷികളോടും അഭ്യർത്ഥിച്ചു.

തിരഞ്ഞെടുപ്പിനെ നേരിടാൻ മുൻ തിരഞ്ഞെടുപ്പുകളിൽ മദ്യവിതരണം നടത്തുക സാധാരണമാണ്. രാഷ്ട്രീയപാർട്ടിനേതാക്കളും സ്ഥാനാർത്ഥികളും ഈ തിരഞ്ഞെടുപ്പിൽ മദ്യം ഉപയോഗിക്കുകയോ മദ്യവിതരണത്തെ പ്രോത്സാ ഹിപ്പിക്കുകയോ ചെയ്താൽ അതിനോട് പ്രതികരിക്കുകതന്നെ ചെയ്യും. അങ്ങനെയുള്ളവരെ ഒററപ്പെടുത്തുകയും അവർക്കെതിരെ പൊതുജനാഭിപ്രായം രൂപീകരിക്കുകയും ചെയ്യുമെന്നും സമിതി അഭിപ്രായപ്പെട്ടു. അനധികൃതമായ തിരഞ്ഞെടുപ്പിനെ ലക്ഷ്യംവച്ച് മദ്യം ശേഖരിച്ചുവക്കുന്നത് കണ്ടുപിടിക്കുവാനും മദ്യത്തിന്റെ ഉപയോഗത്തെ ഫലപ്രദമായി നേരിടുവാനും കത്തോലിക്കാ കോൺഗ്രസ്സ് ഇടവകതലത്തിൽ വിജലൻസ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതാണ്. കത്തോലിക്കാ കോൺഗ്രസ്സ് യാതൊരുകാരണവശാലും സ്വന്തം സ്ഥാനാർത്ഥികളെ നിറുത്തി മത്സരിപ്പിക്കുന്നതല്ലെന്നും പ്രഖ്യാപിച്ചു.

പ്രസിഡണ്ട് ജോൺ കച്ചിറമററം യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

## 193

# മദ്യനിരോധനം ഭരണഘടനാ ബാദ്ധ്യത

നിയമം മുഖേന സമ്പൂർണ്ണമദ്യനിരോധനം ഏർപ്പെടുത്തുവാനുള്ള ഭരണഘടനാപരമായ ബാദ്ധ്യതയിൽനിന്ന് ഒരു സർക്കാരിനും ഒഴിഞ്ഞുമാറാനാ കുകയില്ലെന്ന് എ.കെ.സി.സി.പ്രസിഡണ്ട് ജോൺ കച്ചിറമററം പ്രസ്താവിച്ചു. ആന്റണി സർക്കാരിന്റെ മദ്യനിരോധനനടപടികൾക്ക് കത്തോലിക്കാ സമുദായത്തിന്റെ സമ്പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് കത്തോലിക്കാകോൺഗ്ര സ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന മദ്യവർജ്ജനവാരാചരണപരിപാടിയുടെ കോതമംഗലം രൂപതാതല സമ്മേളനം മൂവാററുപുഴ എം.പി. മന്മഥന്റെ

www.malankaralibrary.com

സമാധിസ്ഥലത്ത് ഉൽഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു കച്ചിറമററം. പ്രൊഫ.എം.പി.മന്മഥന്റെ ചിത്രത്തിൽ ഹാരാർപ്പണം നടത്തിയ തിനുശേഷമാണ് ഉൽഘാടനം ചെയ്തത്.

05-04-1996

## 194

# പൊതുതിരഞ്ഞെടുപ്പ്

പതിനൊന്നാം ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പും ഏതാനും സംസ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും നടന്നു കൊണ്ടിരിക്കുകയാണ്. ഈ ലക്കം ബുള്ളററിൻ വായനക്കാരുടെ കൈകളിലെത്തുമ്പോഴേക്കും തിരഞ്ഞെ ടുപ്പുകൾ പൂർത്തിയായി കഴിയും. വോട്ടെണ്ണലും മന്ത്രിസഭാ രൂപീകരണശ്ര മങ്ങളും തുടർന്നു നടക്കും.

ലോകത്തിലെ ഏററം വലിയ ജനാധിപത്യരാജ്യമാണ് ഭാരതം. അക്കാരണത്താൽ തന്നെ ഭാരതത്തിലെ തിരഞ്ഞെടുപ്പ് ലോകശ്രദ്ധയെ മുഴുവൻ ആകർഷിക്കുന്നതാണ്. ഇലക്ഷൻ കമ്മീഷന്റെ കർശനമായ നിയന്ത്രണം മുഖാന്തിരം തെരഞ്ഞെടുപ്പ് പ്രചരണ ചിലവുകൾ ലഘുപ്പെടുത്തുവാനും മുൻതിരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് അനിഷ്ടസംഭവങ്ങൾ കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. അതേ സമയം മുൻകാലഘട്ടങ്ങളെയപേക്ഷിച്ച് പോളിംഗ് ശതമാനം കുറയുവാനുള്ളകാരണത്തെപ്പററി വളരെ ഗൗരവപൂർവ്വം നാം ചിന്തി ക്കേണ്ടതാണ്. പൗരബോധം വളർന്നു വരുന്നതനുസരിച്ച് പോളിംഗ് ശതമാനം വർദ്ധിക്കേണ്ടതാണ്. എന്നാൽ കേരളത്തിലും മററു സംസ്ഥാനങ്ങളിലും പോളിംഗ് ശതമാനം വളരെ കുറഞ്ഞിരിക്കുന്നു.

ഭാരതത്തിലെ രാഷ്ട്രീയകക്ഷികളുടെയും ജനനേതാക്കളുടെയും സത്യസന്ധതയില്ലായ്മയും രാഷ്ട്രീയ കച്ചവടങ്ങളും കണ്ട് ജനം മടുത്തതു കൊണ്ടാണോ പോളിംഗ്ശതമാനം കുറഞ്ഞത്? രാഷ്ട്രീയ പാർട്ടികളിലുള്ള വിശ്വാസം കുറഞ്ഞതുകൊണ്ടാണോ ഇത് സംഭവിച്ചത്? അതോ ചാരായ നിരോധനമാണോ പോളിംഗ് ശതമാനത്തെ സ്വാധീനിച്ചത്? പോളിംഗ് ദിവസം അടുക്കുന്തോറും മദ്യം നൽകി ജനങ്ങളെ സജീവമാക്കി നിർത്തിയിരുന്ന അനുഭവങ്ങളുണ്ടായിരുന്നു. അതിനുള്ള സാഹചര്യം ഇക്കുറിയില്ലായിരുന്നു. അത് പോളിംഗ്ശതമാനത്തെ ബാധിച്ചിട്ടുണ്ടോ?

കാരണമെന്തായാലും പോളിംഗ്ശതമാനം കുറയുന്നത് ഭൂഷണമല്ല. ഈ നിസ്സംഗതാമനോഭാവം തുടർന്നാൽ നാം ഇത്രയും നാൾ കാത്തുസൂക്ഷിച്ച ജനാധിപത്യവ്യവസ്ഥിതിക്ക് ഉലച്ചിൽ തട്ടുവാനിടയാകും.

കഴിഞ്ഞ കുറേ കാലങ്ങളായി ഒരു രാഷ്ട്രീയപാർട്ടിയും ഒററയ്ക്ക് മത്സരിക്കുവാൻ തയ്യാറാകാതെ മുന്നണികൾ കെട്ടിപ്പെടുത്ത് തിരഞ്ഞെടുപ്പിനെ നേരിടുവാനാണ് ശ്രമിക്കുന്നത്. നേതാക്കന്മാരുടെ സ്ഥാനങ്ങൾ ഉറപ്പിക്കുവാനും കൂടുതൽ സീററുകൾ നേടി അധികാരത്തിലേറുവാനും മുന്നണി സംവിധാനം

www.malankaralibrary.com

ആണ് സഹായകരം. പക്ഷെ സംഘടനാപ്രവർത്തനം തൽഫലമായി ഇല്ലാതായിത്തീരും. അത് രാഷ്ട്രീയപാർട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കും. മുന്നണി സംവിധാനം പരസ്പരം വിലപേശൽ നടത്തുവാനും വിലപേശലിൽകൂടി നേതാക്കളുടെ താല്പര്യങ്ങൾ സംരംക്ഷിക്കുവാനും മാത്രമാണ് സാധിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഐക്യമുന്നണി പലസ്ഥലത്തും അനൈക്യമുന്നണിയായിരുന്നുവെന്നും കാലുവാരൽ നടത്തിയെന്നും ആരോപണമുണ്ട്. ഒരു പരിധിവരെ അത് ശരിയുമാണ്. ഇപ്രകാരമുള്ള മുന്നണി സംവിധാനം രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾ സംരംക്ഷിക്കുവാൻ സഹായകരമാണോയെന്ന് നാം ചിന്തിക്കണം.

മുന്നണിക്കുള്ളിൽനിന്നുകൊണ്ട് ഗ്രൂപ്പുകൾ സൃഷ്ടിക്കുക രാഷ്ട്രീയ പാർട്ടികളെ പിളർത്തുക, പരസ്പരം അരോപണ പ്രത്യാരോപണങ്ങളുമായി മുന്നേറുക, തിരഞ്ഞെടുപ്പ് വരുമ്പോൾ യാതൊരു ആത്മാർത്ഥതയുമില്ലാതെ യോജിക്കുക, കാലുവാരാൻ സാധിക്കുന്നിടത്തൊക്കെ കാലുവാരുക, ഇതാണ് എല്ലാ മുന്നണികളിലെയും സ്ഥിതി. ഈ സ്ഥിതി തുടരുന്നത് വളരെ നിർഭാഗ്യകരം തന്നെ. ജനാധിപത്യത്തിന് ഹാനികരവുമാണ്.

രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനങ്ങൾക്കും തിരഞ്ഞെടുപ്പുകൾക്കും മാറിയ സാഹചര്യത്തിൽ പുതിയ പ്രവർത്തനശൈലിക്ക് രൂപം കൊടുക്കുന്നതിനുള്ള ചർച്ചകളും ചിന്തകളും വളർന്നുവരേണ്ടിയിരിക്കുന്നു.

05-05-1996

**195**

# ടി.വി.പുരത്ത് ഭീകരതപരത്തുന്നു.

ടി.വി.പുരം പള്ളിയിലെ കോൺക്രീററ് വോൾട്ട് നിർമ്മാണത്തോടനുബന്ധിച്ച് ടി.വി.പുരത്ത് ഭീകരത പരത്തുന്ന വിധത്തിലുള്ള അക്രമണങ്ങളാണ് തല്പരകക്ഷികൾ നടത്തുന്നതെന്നും രാത്രികാലങ്ങളിൽ ക്രൈസ്തവരുടെ വീടുകൾ ആക്രമിക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്യുന്ന സംഭവങ്ങൾ ജനങ്ങളുടെയിടയിൽ ഭീകരത വളർത്തിയിരിക്കുന്നുവെന്നും ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണെന്നും സംഭവസ്ഥലം സന്ദർശിച്ച കത്തോലിക്കാ കോൺഗ്രസ്സ് നേതാക്കൾ പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം ജനറൽ സെക്രട്ടറി ആന്റണി വള്ളമററം വൈസ് പ്രസിഡണ്ട് ശ്രീ.ഇ.ജെ. ലൂക്കോസ് എന്നിവർ സംഭവസ്ഥലം സന്ദർശിച്ചു. പള്ളി ട്രസ്ററി ജോർജ്ജ് മററപ്പള്ളിയുടെ ഭവനത്തിന് നേർക്ക് കല്ലേറിയുകയും കൊപ്രാക്കളം അഗ്നിക്കിരയാക്കുകയും ചെയ്തു. വട്ടയിൽ ജോണിന്റെ കയർഷെഡ് അഗ്നിക്കിരയാക്കി. ക്ലാരമഠത്തിന് നേരെ കല്ലേറിഞ്ഞ് രൂപത്തിന് കേടുവരുത്തി. എട്ടിൽപരം ആളുകളുടെ ഭവനങ്ങൾ ആക്രമിക്കപ്പെട്ടു. ഇതേ തുടർന്ന് ജനങ്ങൾ സംഭീതരായി കഴിയുകയാണെന്ന് കത്തോലിക്കാ കോൺഗ്രസ്സ് നേതാക്കൾ പ്രസ്താവിച്ചു.

www.malankaralibrary.com

സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിലാണ് സിമിത്തേരി നിർമ്മാണം നടത്തുന്നത്. അതു സ്റ്റേ ചെയ്തുവെന്ന് മാധ്യമങ്ങളിൽ കൂടി നടത്തിയ പ്രചാരണം ശുദ്ധകളവാണ്. പള്ളികൾക്കുവേണ്ടി ഹാജരായ അഡ്വക്കേററും കോടതിയും തമ്മിൽ ഉണ്ടാക്കിയ ഒരു ധാരണയനുസരിച്ച് 10 ദിവസത്തേക്ക് പണി നിർത്തിവയ്ക്കുക മാത്രമാണ് ചെയ്തത്. അത് സ്റ്റേ എന്ന് വ്യാഖ്യാനിക്കുന്നത് ഒരിക്കലും ശരിയല്ല.

കന്യകാമഠങ്ങളിലും കത്തോലിക്കാഭവനങ്ങളിലും ആക്രമണം നടത്തുന്ന തല്പരകക്ഷികളുടെ നടപടി വളരെ ഗൗരവപൂർവ്വം കത്തോലിക്കാ കോൺഗ്രസ്സ് കണക്കിലെടുക്കുമെന്നും ശാശ്വതമായ സമാധാനം കൈവരുത്തുവാൻ എല്ലാവരും മുന്നോട്ടു വരണമെന്നും എ.കെ.സി.സി. അഭ്യർത്ഥിച്ചു. കോൺക്രീററ് വോൾട്ട് നിർമ്മാണംകൊണ്ട് ആർക്കും യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതല്ലെന്നും തദ്ദേശസ്വയം ഭരണാധികാരികൾ നടത്തിയ അന്വേഷണത്തിന്റെയും പഠനത്തിന്റെയും വെളിച്ചത്തിലാണ് നിർമ്മാണത്തിന് അനുമതി നൽകിയതെന്നും പ്രസിഡണ്ട് ജോൺ കച്ചിറമററം ജനറൽ സെക്രട്ടറി ആന്റണി വള്ളമററം വൈസ് പ്രസിഡണ്ട് ഇ.ജെ.ലൂക്കോസ് എന്നിവർ അറിയിച്ചു. നേതാക്കൾ കർദ്ദിനാൾ മാർ ആന്റണി പടിയറ, ബിഷപ്പ് മാർ ജേക്കബ് മനന്തോടത്ത് എന്നിവരെ സന്ദർശിച്ച് ഈ വിഷയത്തെപ്പററി ചർച്ച ചെയ്തു.

## 196

# ററി.വി.പുരം സിമററി പ്രശ്നവും വിശാല ഹിന്ദുമുന്നണിയും

വൈക്കത്തിനുസമീപമുള്ള ററി.വി.പുരം തിരുഹൃദയ പള്ളി നൂറോളം കത്തോലിക്കാകുടുംബങ്ങളുടെ ഒരു കൂട്ടായ്മയാണ്. ആയിരത്തിലധികം ഹൈന്ദവസഹോദരങ്ങളുടെയിടയിലാണ് വെറും ന്യൂനപക്ഷമായ ക്രൈസ്തവർ അധിവസിക്കുന്നത്. അവർ പരസ്പരം സഹകരിച്ചും യോജിച്ചുമാണ് നാളിതുവരെ പ്രവർത്തിച്ചിട്ടുള്ളത് സമുദായസൗഹാർദ്ദം അവിടെ നിലനിന്നിരുന്നു. മനുഷ്യസ്നേഹം അവിടെ നിറഞ്ഞു തുളുമ്പിയിരുന്നു.

ററി.വി.പുരം പള്ളി ഒരു സിമററിക്കുവേണ്ടിയുള്ള ശ്രമം ആരംഭിച്ചിട്ട് നാളുകളേറെയായി. സിമിത്തേരികൾ ഒരു സാമൂഹികാവശ്യമാകയാലാണ് ഈ ശ്രമം ആരംഭിച്ചത്. സമൂഹത്തിന് മരിച്ചയാളിനോട് ആദരവ് നൽകാനുള്ള അവസാന അവസരം മൃതദേഹ സംസ്കാരത്തോടനുബന്ധിച്ചുള്ളതാണ്. ററി.വി.പുരം ഇടവകക്കാർ മരിച്ചാൽ ഉദ്ദേശം നാലു കിലോമീററർ അകലെയുള്ള വെക്കം ഫൊ.പള്ളി സിമററിയിലായിരുന്നു അടക്കിയിരുന്നത്. അത് വളരെയധികം ബദ്ധപ്പാടായിരുന്നു. മരിച്ചയാളിന്റെ ശവകുടീരത്തിനുസമീപം പ്രാർത്ഥനയ്ക്ക് പോവുക ക്രൈസ്തവരുടെ ഒരു കീഴ്വഴക്കമാണ്. വൈക്കം വരെ പോവുകയെന്നതും ക്ലേശകരമായിരുന്നു.

www.malankaralibrary.com

ഈ സാഹചര്യത്തിലാണ് ററി.വി.പുരം ഇടവകയിൽ ഒരു സിമററി നിർമ്മാണത്തിനുള്ള ശ്രമം ആരംഭിച്ചത്. നിലവിലുള്ള നിയമങ്ങൾ പാലിച്ചും പരിസരവാസികളുടെ പരാതികൾ പരിഗണിച്ചും സർക്കാർ വകുപ്പുകളുടെ അംഗീകാരം വാങ്ങിയും കോൺക്രീററ് വോൾട്ട് സിമററിയാണ് പണിയാൻ ആരംഭിച്ചത്. എന്നാൽ ആ നീക്കത്തിനെതിരെ സകല ജനാധിപത്യമര്യാദ കളെയും അതിലംഘിച്ച് ഒരു പററം ആൾക്കാർ സമരരംഗത്തു വന്നു. സിമററി നിർമ്മാണം തടസ്സപ്പെടുത്തുവാൻ ശ്രമിച്ചു. പോലീസുമായി ഏററുമുട്ടലിനും ശ്രമിച്ചു. അതിനും പുറമെ ആയിരത്തിലധികം ഹൈന്ദവസഹോദരങ്ങളു ടെയിടയിൽ ചിതറിക്കിടക്കുന്ന കത്തോലിക്കാഭവനങ്ങളുടെ നേർക്ക് രാത്രിയിൽ ആക്രമങ്ങൾ അഴിച്ചുവിട്ടു. അവരുടെ കൊപ്രാക്കളങ്ങളും, കയർഷെഡുകളും പെട്രോളൊഴിച്ച് അഗ്നിക്കിരയാക്കി. ലോറി, കാർ തുടങ്ങിയ വാഹനങ്ങൾ തകർത്തു. പള്ളിക്കു സമീപമുള്ള ക്ലാരമഠത്തിന് നേർക്ക് കല്ലേറ് നടന്നു. മഠത്തിന്റെ ഗേററിനും, മഠത്തിൽ പ്രതിഷ്ഠിച്ചിരുന്ന തിരുസ്വരൂപത്തിനും കേടുപാടുകൾ വരുത്തി. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് സാമൂഹ്യദ്രോഹികൾ വരുത്തിയിരിക്കുന്നത്.

ഈ നാശനഷ്ടങ്ങൾ വരുത്തിയതിനു പുറമേ വൈക്കം താലൂക്കിൽ ജനജീവിതം ദുസ്സഹമാക്കിക്കൊണ്ട് ബന്ദ് സംഘടിപ്പിച്ചു. കഴിഞ്ഞ കുറെ ദിവസങ്ങളായി ഉപവാസ സമരം നടത്തിക്കൊണ്ടിരിക്കുന്നു. സിമററി പ്രശ്നത്തിന്റെ പേരിൽ സംസ്ഥാനമാകെ സംഘർഷമുണ്ടാക്കാനും ഭീതിപരത്താനുമാണ് തൽപരകക്ഷികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്ത് നിലനിന്ന സമാധാനാന്തരീക്ഷം തകർക്കാനും വർഗ്ഗീയത ആളികത്തിക്കുവാനും രാഷ്ട്രീയമുതലെടുപ്പു നടത്തുവാനുമാണ് തല്പരകക്ഷികളുടെ നീക്കം.

ഈ അനിഷ്ടസംഭവങ്ങളുണ്ടായപ്പോൾ അവിടെ ആദ്യം ഓടിയെത്തിയത് കത്തോലിക്കാകോൺഗ്രസ്സ് നേതാക്കളും പ്രവർത്തകരുമായിരുന്നു. അവിടുത്തെ കത്തോലിക്കരുടെ വികാരങ്ങൾ ആളികത്തിക്കുവാനോ രാജ്യത്താ കമാനമുള്ള കത്തോലിക്കരുടെ ശ്രദ്ധ ടി.വി. പുരത്തേക്ക് തിരിച്ചുവിടുവാനോ ക്രൈസ്തവകേന്ദ്രങ്ങളിൽ വൻപിച്ച യോഗങ്ങളും പ്രകടനങ്ങളും നടത്തി അവരെ സമരസജ്ജരാക്കുവാനോ അല്ല കത്തോലിക്കാകോൺഗ്രസ്സ് നേതൃത്വം അവിടെ പാഞ്ഞെത്തിയത്. ടി.വി.പുരത്തെ പ്രശ്നം ഒരു പ്രാദേശിക പ്രശ്ന മായി നിലനിർത്തണമെന്നും അതിന്റെ പേരിൽ രാജ്യത്ത് ജനങ്ങൾ രണ്ടായി തിരിയരുതെന്നും ഇവിടെ നിലനിൽക്കുന്ന മതസൗഹാർദ്ദം അഭംഗുരം നിലനിർത്തണമെന്നുമുള്ള ആഗ്രഹംകൊണ്ടാണ് അവിടെ ചെന്നത്. പള്ളി അധികൃതരെയും വൈദികമേലദ്ധ്യക്ഷന്മാരെയും ഞങ്ങൾ കണ്ട് വിവരങ്ങൾ തിരക്കി. സിമററി പ്രശ്നത്തിന്റെ പേരിൽ, ഒരു പൊതുയോഗമോ പ്രകടനമോ നടത്താൻ പാടില്ല. നാം നിയമപരമായും സമാധാനപരമായും മാത്രം മുന്നോട്ടു നീങ്ങണമെന്നുമാണ് കോൺഗ്രസ്സ് നേതൃത്വം ആഹ്വാനം ചെയ്തത്. ആത്മ സംയമനം പാലിക്കണമെന്നാണ് അത്യുന്നത കർദ്ദിനാൾ മാർ.ആന്റണി പടിയറ ആവശ്യപ്പെട്ടത്. രാജ്യത്തെമ്പാടുമുള്ള കത്തോലിക്കർക്ക് ഞങ്ങൾ നൽകിയ നിർദ്ദേശവും അതായിരുന്നു.

www.malankaralibrary.com

സിമററിനിർമ്മാണത്തിനെതിരെ ഹൈക്കോടതിയിൽ തൽപര കക്ഷികൾ റിട്ടുകൊടുത്തു. ജനാധിപത്യപരമായ അവരുടെ അവകാശത്തെ ടി.വി.പുരം ഇടവകക്കാർ ചോദ്യം ചെയ്തില്ല. അതിനെമാനിച്ചു പള്ളിക്കുവേണ്ടി കോടതിയിൽ ഹാജരായി. എതിർഭാഗത്തുനിന്ന് വിശദീകരണം നൽകേണ്ട അഡ്വക്കേററ്സ് കോടതിയിൽ എത്തിയില്ല. കോടതി പള്ളിക്കുവേണ്ടി ഹാജരായ വക്കീലിനോടു ചോദിച്ചു. കുറെ ദിവസത്തേക്ക് സിമററി നിർമ്മാണം നീട്ടിവയ്ക്കുമോയെന്ന്. നിയമവ്യവസ്ഥയിൽ വിശ്വാസമുള്ളതുകൊണ്ട് കോടതി എന്തു തീരുമാനിച്ചാലും അംഗീകരിക്കുമെന്ന് കോടതിയെ അറിയിച്ചു. പത്തുദിവസത്തേയ്ക്ക് പണിനിറുത്തിവയ്ക്കാൻ കോടതി നിർദ്ദേശിച്ചു. അക്ഷരം പ്രതി പള്ളി അതംഗീകരിച്ചു.

സിമററി പ്രശ്നം സംബന്ധിച്ച് ഹൈക്കോടതിയിൽ റിട്ട് നൽകിയത് കോടതിയിലും നിയമവ്യവസ്ഥിതിയിലും അവർക്ക് വിശ്വാസമുള്ളതുകൊണ്ടാണെന്നുവേണം ധരിക്കാൻ. കോടതിയിൽ കേസ് ഫയൽചെയ്യുകയും കോടതി നിർദ്ദേശാനുസരണം സിമററിനിർമ്മാണം നിറുത്തിവയ്ക്കുകയും ചെയ്തു. എന്നാൽ തല്പരകക്ഷികൾ കോടതിവിധിക്കുവേണ്ടി കാത്തിരിക്കാതെ പ്രക്ഷോഭണവുമായി മുന്നോട്ടു നീങ്ങുകയാണ്. പ്രക്ഷോഭണവുമായി മുന്നോട്ടു നീങ്ങാനാണാഗ്രഹിക്കുന്നതെങ്കിൽ കേസുകൊടുത്തതിന്റെ പ്രസക്തിയെന്ത്? കോടതിവിധിക്ക് കാത്തിരിക്കാതെ ഈ പ്രശ്നം സംസ്ഥാനതലത്തിലേക്ക് വലിച്ചിഴക്കുവാനും പ്രശ്നത്തെ വർഗ്ഗീയവൽക്കരിക്കാനും, രാഷ്ട്രീയ മുതലെടുപ്പിനുള്ള ഉപാധിയാക്കാനും ശ്രമിക്കുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടയാക്കുകതന്നെ ചെയ്യും.

ടി.വി. പുരത്ത് മാത്രം ഒതുങ്ങി നിൽക്കേണ്ട ഈ പ്രശ്നം സംസ്ഥാന തലത്തിലേക്ക് കൊണ്ടുപോകുവാനും ഹിന്ദുസന്യാസികളെ വിളിച്ചുവരുത്തി വർഗ്ഗീയത പ്രചരിപ്പിക്കുവാനും ശ്രമിക്കുന്നത് ദുഃഖകരമാണ്. സിമററി പ്രശ്നത്തെ തുടർന്ന് എസ്.എൻ.ഡി.പി. സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. വിശാലഹിന്ദുമുന്നണികെട്ടിപ്പെടുക്കുവാൻ ആഹ്വാനം ചെയ്തു. രാഷ്ട്രീയ പ്രേരിതമായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് രാജ്യത്തിന്റെ ഭദ്രതയ്ക്ക് ഗുണകരമാവുകയില്ല.

വിശാലഹിന്ദുമുന്നണി എന്ന ആശയം ശ്രേഷ്ഠമാണ്. ഭാരതീയ സംസ്കാരത്തിലും ദർശനത്തിലും അടിയുറച്ചു നിന്നുകൊണ്ട് ഹിന്ദുജനതയുടെ ഒരു കൂട്ടായ്മ വളർത്തിയെടുക്കുവാനുള്ള ഏതു ശ്രമവും ശ്ലാഘനീയമാണ്. അത് രാജ്യത്തിന് ഗുണകരമാവുകയും ചെയ്യും. എന്നാൽ ഇന്ന് വിശാലഹിന്ദുമുന്നണി ആശയവുമായി രംഗത്ത് വന്നിരിക്കുന്നത് ആരാണ്? ഭാരതത്തിലെ എഴുപത്തഞ്ചുശതമാനത്തിലധികം വരുന്ന പിന്നോക്കക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ശ്രീ.വി.പി. സിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രമിച്ചു. അന്ന് ബി.ജെ.പി.യും വിശാല ഹിന്ദുമുന്നണി ആശയത്തിന്റെ വക്താക്കളും എന്തു നിലപാടാണ് സ്വീകരിച്ചത്? മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിൽ നടന്ന ആക്രമങ്ങളും ആത്മാഹുതികളും ഇന്നത്തെ വിശാലഹിന്ദുമുന്നണി വക്താക്കളുടെ സൃഷ്ടിയായിരുന്നോ?

www.malankaralibrary.com

പിന്നോക്ക വിഭാഗങ്ങളെ കൂട്ടിച്ചേർത്ത് വിശാലമുന്നണി കെട്ടിപ്പെടുക്കാൻ ശ്രമിക്കുന്നവർ ഇന്ന് നിലവിലിരിക്കുന്ന സമുദായസംവരണ വ്യവസ്ഥയെ അട്ടിമറിക്കാൻ ശ്രമിക്കുന്നവരല്ലേ? തിരുവിതാംകൂറിൽ സർക്കാർ സർവ്വീസിൽ ഈഴവർക്കും പറയർ പുലയർ തുടങ്ങിയ അവർണ്ണഹിന്ദുക്കൾക്കും പ്രവേശനം ലഭിക്കുന്നതിനുവേണ്ടി 1922 വരെ നടന്ന പൗരസമത്വവാദപ്രക്ഷോഭണത്തെ എതിർത്തവരല്ലേ വിശാലഹിന്ദുമുന്നണി വക്താക്കളുടെ മുൻഗാമികൾ?

1922, 1925, 1928, 1931 എന്നീ വർഷങ്ങളിൽ തിരുവിതാംകൂറിൽ നടന്ന നാലു തിരഞ്ഞെടുപ്പുകളുടെ ഫലം എന്തായിരുന്നു? തിരുവിതാംകൂറിലെ ജനസംഖ്യയിൽ 8.68 ലക്ഷം നായന്മാർ ആയിരുന്നു. ഈ നാലു തിരഞ്ഞെടുപ്പുകളിൽ നായന്മാർക്ക് നിയമസഭയിലേക്ക് 12,13, 14, 15 പ്രതിനിധികളെ തിരഞ്ഞെടുത്തയക്കാൻ സാധിച്ചു. 4.79 ജനസംഖ്യയുടെ സവർണ്ണഹിന്ദുക്കൾക്ക് യഥാക്രമം 4,3,2,3 പ്രതിനിധികളെ തിരഞ്ഞെടുത്തയക്കാൻ സാധിച്ചു. എന്നാൽ 8.69 ലക്ഷം ജനസംഖ്യയുള്ള (നായന്മാരേക്കാൾ കൂടുതലും സവർണ്ണഹിന്ദുക്കളുടെ ഏകദേശം ഇരട്ടിയും) ഈഴവർക്ക് ഈ നാലു തിരഞ്ഞെടുപ്പുകളിൽ ഒററസ്ഥാനാർത്ഥിയെപ്പോലും നിയമസഭയിലേക്കയക്കാൻ സാധിച്ചില്ല. അവർണ്ണഹിന്ദുക്കൾ 9.17 ലക്ഷമായിരുന്നു (സവർണ്ണഹിന്ദുക്കളുടെ ഇരട്ടി) അവർക്ക് ഈ നാലുതിരഞ്ഞെടുപ്പിൽ 1931-ലെ തിരഞ്ഞെടുപ്പിൽ മാത്രം ഒരു പ്രതിനിധിയെ തിരഞ്ഞെടുത്തയക്കാൻ സാധിച്ചു.

തിരുവിതാംകൂറിലെ ജനസംഖ്യയിൽ 3.53ലക്ഷമുണ്ടായിരുന്ന മുസ്ലീംങ്ങൾക്കും നാലുതിരഞ്ഞെടുപ്പിൽ ഒരു തിരഞ്ഞെടുപ്പിൽ മാത്രമായിരുന്നു ഒരു പ്രതിനിധിയെ തിരഞ്ഞെടുത്തയക്കാൻ സാധിച്ചത്. നിയമസഭയിലെ ഈ പ്രാതിനിധ്യക്കുറവ് സർക്കാർ സർവ്വീസിലും പ്രതിഫലിച്ചിരുന്നു. ഇത് കടുത്ത അനീതിയാണെന്ന് പ്രത്യേകം പറയേണ്ടതില്ല. ഈ അനീതി അവസാനിപ്പിക്കണമെന്ന് മാത്രമാണ് അന്ന് ഈഴവരും മുസ്ലീംങ്ങളും പിന്നോക്കവിഭാഗങ്ങളും ആവശ്യപ്പെട്ടത്. അവഗണിക്കപ്പെട്ട ക്രൈസ്തവരും ഈ ആവശ്യത്തിന്റെ മുൻപിൽ ഉണ്ടായിരുന്നു. നീതിക്കുവേണ്ടി ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം ലഭിക്കുന്നതിനു വേണ്ടി നടത്തിയ സമരത്തെ അടിച്ചമർത്തുവാൻ സർ.സി.പി.ക്ക് കൂട്ടുനിന്നവർ ആരായിരുന്നുവെന്ന് ഇവിടുത്തെ പിന്നോക്കവിഭാഗങ്ങൾ ചിന്തിക്കണമെന്നഭ്യർത്ഥിക്കുന്നു?

ഇന്ന് വിശാല ഹിന്ദുമുന്നണി കെട്ടിപ്പെടുക്കുവാൻ ശ്രമിക്കുന്നവർ ഹിന്ദുവികാരങ്ങൾ ആളിക്കത്തിച്ച് പിന്നോക്കക്കാരെ കൂട്ടുപിടിച്ച് അധികാരത്തിന്റെ കൊടുമുടിയിൽ കയറി വിലസുവാൻ ആഗ്രഹിക്കുന്നവരാണ്. ഈ യാഥാർത്ഥ്യം ഇവിടുത്തെ പിന്നോക്കവിഭാഗങ്ങളും അവർണ്ണഹിന്ദുക്കളും മനസ്സിലാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

തിരുവിതാംകൂറിന്റെ ചരിത്രത്തിലെ ഒരു മഹാസംഭവമാണ് മലയാളി മെമ്മോറിയൽ സമർപ്പണം. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വിജയത്തിന് സഹായിച്ച രാമയ്യൻ എന്ന തമിഴ്ബ്രാഹ്മണൻ രാജ്യഭരണത്തിൽ ലഭിച്ച ഉന്നതസ്വാധീനം ഉപയോഗിച്ച് തിരുവിതാംകൂറിലെ പ്രധാന ഉദ്യോഗങ്ങളിലെല്ലാം

www.malankaralibrary.com

തമിഴ്ബ്രാഹ്മണരെ നിയമിക്കുകയുണ്ടായി. അങ്ങനെ ബ്രാഹ്മണമേധാവിത്വത്തിന്റെ തള്ളിക്കയററത്തിൽ ഇന്നാട്ടുകാരായ ജനങ്ങൾ ജാതിമതഭേദമന്യേ പുറംതള്ളപ്പെട്ടുകൊണ്ടിരുന്നു. ദുർവഹമായ ഈ ബ്രാഹ്മണമേധാവിത്വത്തെ തച്ചുടച്ച് മണ്ണിന്റെ മക്കളുടെ അവകാശം പുനഃസ്ഥാപിക്കുവാൻ രാജ്യാഭിമാനികൾ തീരുമാനിച്ചതിന്റെ പ്രത്യക്ഷഫലമായിരുന്നു സുപ്രസിദ്ധമായ മലയാളി മെമ്മോറിയൽ സമർപ്പണം 10038 പേർ ഒപ്പിട്ട മെമ്മോറാണ്ടം. ഈ സമർപ്പണത്തിന്റെ ഫലമായി ഉയർന്ന ഉദ്യോഗങ്ങളിൽ ഏതദ്ദേശീയർക്ക് ഗണ്യമായ സ്ഥാനം ലഭിച്ചു. മലയാളിമെമ്മോറിയൽ സമർപ്പണവിഷയത്തിൽ മുൻനിന്ന് പ്രവർത്തിച്ച ഈഴവർക്കോ ക്രിസ്ത്യാനിക്കോ അവർണ്ണഹിന്ദുക്കൾക്കോ അതുകൊണ്ട് പ്രയോജനമുണ്ടായില്ല. സവർണ്ണസമുദായങ്ങളുടെ മേധാവിത്വം സുരക്ഷിതമായപ്പോൾ വിവിധസമുദായങ്ങൾക്ക് പ്രാതിനിദ്ധ്യമെന്ന മെമ്മോറിയലിലെ ആവശ്യം അവർ പാടെ മറന്നുപോയി. പിന്നോക്കവിഭാഗങ്ങൾ വീണ്ടും പുറന്തള്ളപ്പെട്ടു. വീണ്ടും തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈഴവർ ഈഴവമെമ്മോറിയലും കത്തോലിക്കർ ക്രിസ്ത്യൻ മെമ്മോറിയലുകളും സമർപ്പിക്കേണ്ടിവന്നു.

ഈ സത്യം ഇവിടുത്തെ എല്ലാവിഭാഗങ്ങളും മനസ്സിലാക്കണം. വിശാലഹിന്ദുമുന്നണി രൂപീകരിച്ച് ഹൈന്ദവവികാരം ആളിക്കത്തിച്ചു അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നവർ അധികാരത്തിൽ കയറിപ്പററിയാൽ പിന്നോക്കവിഭാഗങ്ങളെ പുറംകാൽകൊണ്ട് ആഞ്ഞുതൊഴിക്കുമെന്ന് മനസ്സിലാക്കാനുള്ള വിവേകം ഇവിടുത്തെ പിന്നോക്ക വിഭാഗങ്ങൾക്കുണ്ടാകണം.

05-07-1996

## 197

# ജൂലൈ മൂന്ന് പ്രാർത്ഥനാദിനമായി ആചരിച്ചു

ടി.വി.പുരം തിരുഹൃദയപള്ളിയിലെ സിമിററി പ്രശ്നം സംബന്ധിച്ച് പ്രകടനങ്ങളോ പൊതുയോഗങ്ങളോ സംഘടിപ്പിക്കേണ്ടതില്ലെന്നും നൂററാണ്ടുകളായി നിലനിന്നുവരുന്ന സമുദായ മൈത്രിക്ക് കോട്ടം തട്ടുന്ന യാതൊരു നടപടികളും സ്വീകരിക്കരുതെന്നും സിമിററി പ്രശ്നത്തിന് സമാധാനപരമായും നിയമപരമായും ശാശ്വതപരിഹാരം കാണുന്നതിന് ഭാരതക്രൈസ്തവസഭയുടെ ജനയിതാവും ഭാരതീയ ക്രിസ്ത്യാനികളുടെ പൊതുപിതാവുമായ മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വദിനമായ ജൂലൈ മൂന്ന് പ്രാർത്ഥനാദിനമായി സംസ്ഥാനവ്യാപകമായി ആചരിക്കണമെന്നും സംഭവസ്ഥലം സന്ദർശിച്ച കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം, ജനറൽ സെക്രട്ടറി ആന്റണി വള്ളമററം വൈസ് പ്രസിഡണ്ട് ശ്രീ.ഇ.ജെ. ലൂക്കോസ് എന്നിവർ പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

അക്രമം അഴിച്ചുവിട്ടും നിയമം കൈയ്യിലെടുത്തും സിമററി നിർമ്മാണ

www.malankaralibrary.com

ത്തിനെതിരെ ഒരു വിഭാഗം നടത്തുന്ന നീക്കം ദുഃഖകരമാണ്. ക്രൈസ്തവഭവനങ്ങൾക്കും കടകൾക്കും കന്യാമഠങ്ങൾക്കും എതിരെ നടന്ന ആക്രമണങ്ങൾ അപലപനീയമാണ്. വളരെയധികം പ്രകോപനങ്ങൾ ഉണ്ടായിട്ടും സീറോ - മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ആന്റണി പടിയറ തിരുമേനിയുടെ നിർദ്ദേശാനുസരണം ആത്മസംയമനത്തോടെ പ്രവർത്തിച്ച ടി.വി.പുരം പള്ളി വികാരിയേയും ഇടവകാംഗങ്ങളേയും ആദരവോടെ ഞങ്ങൾ അഭിനന്ദിക്കുന്നു.

ടി.വി.പുരം ഇടവക കൂട്ടായ്മയുടെ ദുഃഖത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പങ്കുചേരുകയും അവർ നടത്തുന്ന നീതിക്കുവേണ്ടിയുള്ള സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു.

എ.കെ.സി.സി.യുടെ മേലുദ്ധരിച്ച ആഹ്വാനത്തിന്റെ വെളിച്ചത്തിൽ ജൂലൈ 3 പ്രാർത്ഥനാദിനമായി സംസ്ഥാന വ്യാപകമായി ആചരിക്കുകയുണ്ടായി.

05-07-1996

**198**

# കേരളത്തിലെ ക്രമസമാധാനനില

കുറേ നാളുകളായി മോഷണത്തിന്റേയും ഭവനഭേദനത്തിന്റേയും പിടിച്ചുപറിക്കലിന്റേയും സംഘട്ടനത്തിന്റേയും റിപ്പോർട്ടുകളാണ് നാടിന്റെ നാനാഭാഗത്തുനിന്നും ലഭിക്കുന്നത്. കേരളത്തിലെ ഭരണമാററത്തെ തുടർന്ന് പോലീസ് നിഷ്ക്രിയരായി തീർന്നതാണ് ഇന്നത്തെ പ്രതിസന്ധിക്കു കാരണം. സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടത്തിന് ഗവൺമെന്റോ രാഷ്ട്രീയപാർട്ടികളോ കൂട്ടുനിൽക്കുന്നുവെന്ന് ആരോപിക്കുന്നുമില്ല. എന്നാൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭകൾ കഴിഞ്ഞകാലങ്ങളിൽ ചെയ്തതുപോലെ ജയിലിൽ കഴിയുന്നവരെ വിട്ടയക്കുന്ന കാര്യത്തെപ്പററി ചിന്തിക്കുമെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടനൽകിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്താണ് ഒരു പെൺകുട്ടി സൂര്യനെല്ലിയിൽ പീഡിപ്പിക്കപ്പെട്ടത്. ഉന്നതന്മാർ വരെ ആ സംഭവത്തിന് പിന്നിലുണ്ടായിരുന്നു. രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെ. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം ഒരു വലിയ ഇഷ്യു ആയി സൂര്യനെല്ലി സംഭവം ഉയർത്തിപ്പിടിച്ചിരുന്നു. എന്നാൽ അതിനുശേഷം സൂര്യനെല്ലി സംഭവത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ടിട്ടെന്നപോലെ കൂട്ടബലാൽസംഗങ്ങളുടെ റിപ്പോർട്ടുകൾ ദിനം തോറും വന്നുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്ക് ഭയം കൂടാതെ പുറത്തിറങ്ങിനടക്കാൻ പാടില്ലാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. സൂര്യനെല്ലി സംഭവത്തിനുപിന്നാലെ അടിമാലി, അട്ടപ്പാടി എന്നിവിടങ്ങളിൽ നടന്ന സ്ത്രീപീഡനത്തിന്റെ ഞെട്ടിപ്പിക്കുന്ന കഥകളും അനന്തപുരിയിലെ കലാലയമുററത്ത്

www.malankaralibrary.com

പെൺകുട്ടി ബലാൽസംഗത്തെ തുടർന്ന് കൊലചെയ്യപ്പെട്ടതും സാധാരണ ജനങ്ങളെ ഭയവിഹ്വലരാക്കി തീർത്തിരിക്കുകയാണ്. ഈ പ്രശ്നത്തിന്റെ ഗുരുതരമായ സ്വഭാവം ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഈ ഗവൺമെന്റ് അധികാരമേററെടുക്കുന്നതിന് മുമ്പ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് ഹൈറേഞ്ചിൽ ആനവിലാസത്ത് മുഖം മൂടി ആക്രമണം നടന്നത്. ഹൈറേഞ്ചിനെയാകമാനം ഞെട്ടിപ്പിച്ച സംഭവമായിരുന്നു അത്. ഈ ഗവൺമെന്റ് അധികാരമേററെടുത്തതിനുശേഷം ഒരു ഡസനിലധികം മുഖം മൂടി ആക്രമണം സംസ്ഥാനത്തൊട്ടാകെ നടന്നിരിക്കുന്നു. ഭരണമാററം സാമൂഹ്യദ്രോഹികൾ ശരിക്കും മുതലെടുക്കുകയാണിന്ന്. ഈ സ്ഥിതിവിശേഷത്തെ നേരിടുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുക തന്നെ വേണം.

കണ്ണൂർ ജില്ലാ ബി.ജെ.പി. സെക്രട്ടറി വെട്ടേററ് മരിക്കാനിടയായ സംഭവം ഏററവും നിർഭാഗ്യകരമാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ ഒരിക്കലും ഒരു രാഷ്ട്രീയ പാർട്ടിയേയും രക്ഷിക്കുകയില്ല. ജനങ്ങളുടെ സുരക്ഷിതത്വബോധം നശിപ്പിക്കുക മാത്രമേ ചെയ്യുകയുള്ളു. ഇത് രാജ്യത്ത് അപകടകരമായ സ്ഥിതി വിശേഷം വളർത്തുകതന്നെ ചെയ്യും ഇതിൽ നിന്നുള്ള മോചനം അത്യാവശ്യമായി തീർന്നിരിക്കുന്നു. ജയിൽപുള്ളികളെ ജയിൽ തുറന്നു വിടുകയല്ല ചെയ്യേണ്ടത്, സാമൂഹ്യദ്രോഹികളെ രാഷ്ട്രീയ പരിഗണന കൂടാതെ ജയിലിലടക്കുകയാണ് വേണ്ടത്. അതിനുള്ള ധീരതയും മാന്യതയും സംസ്ഥാന സർക്കാരിനുണ്ടാകണം. ജനങ്ങളിൽ നിലനിൽക്കുന്ന ഭയം ഉന്മൂലനം ചെയ്യാൻ സർക്കാർ ശ്രമിക്കുകതന്നെ വേണം.

05-07-1996

## 199

# പ്രൊബേററ് പ്രശ്നം, ടി.വി. പുരം എ.കെ.സി.സി. മെമ്മോറാണ്ടം സമർപ്പിച്ചു.

പ്രൊബേററ് പ്രശ്നം സംബന്ധിച്ചുള്ള യഥാർത്ഥ വസ്തുത കേന്ദ്ര നിയമവകുപ്പിനെ ബോദ്ധ്യപ്പെടുത്താൻ ഒരു അഭിഭാഷകസംഘത്തെ കേന്ദ്രത്തിലേക്കയക്കണമെന്നും ടി.വി. പുരം സിമിററി പ്രശ്നത്തോടനുബന്ധിച്ച് സാമൂഹ്യദ്രോഹികൾ നടത്തിയ അക്രമത്തിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപായുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും നഷ്ടപരിഹാരം നൽകുവാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ്സ് കേരളാഗവൺമെന്റിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. കേരള മുഖ്യമന്ത്രി, നിയമവകുപ്പുമന്ത്രി, ടി.വി.പുരം പ്രശ്നം സംബന്ധിച്ച് രൂപീകരിച്ച അനുരഞ്ജകസമിതിയംഗം, മന്ത്രി ടി.കെ. രാമകൃഷ്ണൻ എന്നിവർക്കാണ് മെമ്മോറാണ്ടം സമർപ്പിച്ചത്. പ്രസിഡണ്ട് ജോൺ കച്ചിറമററം,

www.malankaralibrary.com

വൈസ് പ്രസിഡണ്ട് ഇ.ജെ. ലൂക്കോസ്, ജനറൽ സെക്രട്ടറി ആന്റണി വള്ളമററം എന്നിവരാണ് കോൺഗ്രസ്സിനുവേണ്ടി നിവേദനം സമർപ്പിച്ചത്.

**മെമ്മോറാണ്ടം**

ക്രിസ്ത്യൻ വിൽപ്പത്രം പ്രൊബേററ് ചെയ്യണമെന്ന വ്യവസ്ഥമാററിക്കൊണ്ട് കഴിഞ്ഞ സർക്കാർ ഓർഡിനൻസിന്റെ കരടു തയ്യാറാക്കി കേന്ദ്രാനുമതിക്ക് സമർപ്പിക്കുകയുണ്ടായി. വളരെ നാളുകളായിട്ടും അനുമതി ലഭിക്കാത്തതിനാൽ പിന്നീട് നിയമബിൽ അവതരിപ്പിച്ച് പാസ്സാക്കി കേന്ദ്രത്തിനയച്ചു. കേന്ദ്രപരിഗണനയിലിരിക്കെയാണ് ഓർഡിനൻസിന്റെ കരടും അതു സംബന്ധിച്ചുള്ള സംശയവും ഉൾപ്പെടുത്തി കേന്ദ്രസംസ്ഥാന നിയമവകുപ്പിന് അയച്ചുകൊടുത്തിരിക്കുന്നത്. ഓർഡിനൻസും ബില്ലും ഒരേ വിഷയത്തെക്കുറിച്ചുള്ളതാണ്. ഈ പ്രശ്നത്തിൽ സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ ബില്ലിനുള്ള അനുമതിയും താമസിക്കും.

വിൽപത്രമെഴുതിയാലും അത് പിന്നീട് പ്രൊബേററ് ചെയ്യണമെന്ന വ്യവസ്ഥ ക്രിസ്ത്യാനികൾക്ക് മാത്രമേ ബാധകമാക്കിയിട്ടുള്ളു. മേരി റോയി കേസിൽ ഇന്ത്യൻ ഫാമിലി ലോയാണ് കേരളത്തിലെ ക്രസ്ത്യാനികൾ പിന്തുടരേണ്ടതെന്ന് സുപ്രീം കോടതി വിധിച്ചതാണ് ക്രിസ്ത്യാനികളെ വിഷമത്തിലാക്കിയിരിക്കുന്നത്. ഇന്ത്യൻ ഫാമിലി ലോ ഫലത്തിൽ ക്രിസ്ത്യാനികൾക്കു മാത്രമാണ് ബാധകം. മററു മതവിഭാഗങ്ങൾക്കെല്ലാം സ്വന്തമായ നിയമങ്ങളുണ്ട്.

വിൽപ്പത്രം പ്രൊബേററ് ചെയ്യുന്നത് ക്രിസ്ത്യൻ കുടുംബങ്ങൾക്ക് ധനനഷ്ടത്തിനും ബുദ്ധിമുട്ടിനും കാലതാമസത്തിനും കാരണമാകും. ഓർഡിനൻസ് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ട് തിരിച്ചയച്ചതുമൂലം ബില്ലിന് അനുമതി നൽകുവാനും കാലതാമസം നേരിടും. മററു വിഭാഗങ്ങൾ അനുഭവിക്കുന്ന സൗകര്യം കേരളത്തിലെ ക്രൈസ്തവർക്ക് മാത്രം നിഷേധിക്കുന്നത് കടുത്ത വിവേചനവും അനീതിയുമാണ്.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശം സ്വീകാര്യമല്ലെന്നും യുക്തിസഹമല്ലെന്നും പ്രൊബേററ് ചെയ്യുന്നത് സംബന്ധിച്ച നിയമവ്യവസ്ഥ ഏകീകരിക്കുകയാണ് ബില്ലിന്റെ കാതലായ ഉദ്ദേശമെന്നും കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുവാൻ അടിയന്തിര നടപടികൾ കേരള സർക്കാർ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഈ വസ്തുതകൾ കേന്ദ്രഗവൺമെന്റിനെ ധരിപ്പിക്കുവാൻ കേരളാഗവൺമെന്റ് കേന്ദ്രത്തിലേക്ക് ഒരു പ്രതിനിധി സംഘത്തെ അയയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**മെമ്മോറാണ്ടം 2**

എറണാകുളം അതിരൂപതയുടെ കീഴിലുള്ള ടി.വി.പുരം തിരുഹൃദയ പള്ളി, നിലവിലുള്ള നിയമങ്ങൾ പാലിച്ചും പരിസരവാസികളുടെ പരാതികൾ പരിഗണിച്ചും സർക്കാർ വകുപ്പുകളുടെ അംഗീകാരം വാങ്ങിയും കോൺക്രീററ്

www.malankaralibrary.com

വോൾട്ട് സിമിററി നിർമ്മാണം ആരംഭിക്കുകയുണ്ടായി. എന്നാൽ സിമിററി നിർമ്മാണത്തെ ഏതാനും ആളുകൾ എതിർക്കുകയും സിമററി നിർമ്മാണത്തിനെതിരെ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും ചെയ്തു. ബഹു. കോടതിയുടെ നിർദ്ദേശാനുസരണം സിമിററി നിർമ്മാണം നിറുത്തി വച്ചിരിക്കുകയാണിപ്പോൾ. എന്നാൽ ഇതിനിടയിൽ ചില സാമൂഹ്യദ്രോഹികൾ അക്രമം അഴിച്ചുവിടുകയും നിരവധി നാശ നഷ്ടങ്ങൾ പള്ളികൾക്കും ഇടവകക്കാർക്കും വരുത്തുകയും ചെയ്തു. ക്രൈസ്തവസ്ഥാപനങ്ങളുടെ നേർക്ക് കയ്യേററം നടന്നു. പള്ളിക്കു സമീപമുള്ള കന്യകാമഠത്തിന്റെ നേർക്കു നടന്ന ആക്രമണത്തിന്റെ ഫലമായി തിരുസ്വരൂപത്തിന് കേടുവരുത്തി ഗേററ് കല്ലെറിഞ്ഞ് കേടുപാടുകൾ വരുത്തി. ടി.വി.പുരം ഇടവകക്കാരായ പലരുടെയും കൊപ്രാക്കളങ്ങളും കയർഷെഡുകളും അഗ്നിക്കിരയാക്കി. കാർ, ലോറി, മുതലായ വാഹനങ്ങൾക്ക് കേടുവരുത്തി. ടി.വി. പുരത്ത് ക്രൈസ്തവർ വെറും ന്യൂനപക്ഷമാണ്. തൽപരകക്ഷികളുടെ ആക്രമണഫലമായി അവർ ഭയവിഹ്വലരായി കഴിയുകയാണ്.

തീ വയ്പും കല്ലേറും നടത്തിയവരെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിച്ചിട്ടും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിൽ കത്തോലിക്കാ കോൺഗ്രസ്സിനുള്ള ഉൽക്കണ്ഠ രേഖപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. തീവയ്പിലും കല്ലേറിലും ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് ഉണ്ടായിരിക്കുന്നത്. നാശനഷ്ടങ്ങൾ സംഭവിച്ച എല്ലാവർക്കും നഷ്ടപരിഹാരം നൽകുവാൻ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അക്രമങ്ങൾ നടത്തുന്നവരുടെ മേൽ നടപടികളെടുക്കുവാനും സമാധാന നില പുനഃസ്ഥാപിക്കുവാനും നിയമവാഴ്ച നിലനിർത്തുവാനും സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

05-07-1996

## 200

# അന്വേഷണം സ്വാഗതാർഹം

മുൻഗവൺമെന്റിന്റെ കാലത്തുണ്ടായ എല്ലാ അഴിമതിയാരോപണങ്ങളെപ്പററിയും അന്വേഷണം നടത്തുമെന്നുള്ള കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഐ.എസ്സ്.ആർ.ഒ. ചാരവൃത്തി ക്കേസ്, പാമോയിൽ, ബ്രഹ്മപുരം എന്നിവയുൾപ്പെടെ മുൻഗവൺമെന്റിന്റെ കാലത്തുണ്ടായ എല്ലാ അഴിമതിയാരോപണങ്ങളെപ്പററിയും അന്വേഷിക്കുമെന്നാണ് പ്രഖ്യാപനം.

തമിഴ്നാട് ഗവൺമെന്റ് മുൻമുഖ്യമന്ത്രി ജയലളിതയുടെയും അവരുടെ ഉററമിത്രവും സഹായിയുമായ ശശികലയുടെയും മേലുള്ള അഴിമതിയാരോപണങ്ങളെപ്പററിയും അന്വേഷണം നടത്തുകയാണ്.

ബോഫോഴ്സ്, ഓഹരി കുംഭകോണം, ഹവാലാ, യൂറിയാ, ജാർഖണ്ഡ്

www.malankaralibrary.com

എം.പി.മാരെ വിലക്കുവാങ്ങൽ തുടങ്ങിയ അഴിമതിയാരോപണങ്ങൾ കേന്ദ്രതലത്തിലും നിലനിൽക്കുന്നു. കേന്ദ്രതലത്തിലുള്ള അഴിമതിയാരോപണങ്ങളെപ്പററി, കോൺഗ്രസ്സിന്റെ പിന്താങ്ങോടെ ഭരണത്തിലിരിക്കുന്ന ദേവഗൗഡ ഗവൺമെന്റ് ശരിയായ വിധത്തിൽ അന്വേഷണം നടത്തുമോയെന്ന് പറയാറായിട്ടില്ല. യൂറിയ ഇടപാട് തകൃതിയായി നടക്കുന്നുണ്ട്. മുൻ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ പുത്രനും ബന്ധുക്കളും ഒക്കെ അതിൽ പ്രധാന പങ്കാളികളാണെന്നാണ് ഇപ്പോഴത്തെ അറിവ്. മുമ്പൊക്കെ അഴിമതി എന്നു പറയുമ്പോൾ സർക്കാർ ഉദ്യോഗസ്ഥന്മാർ നടത്തുന്ന കൈക്കൂലിയെപ്പററിയായിരുന്നു പ്രധാന ചിന്ത. ഇന്ന് ആ ധാരണയൊക്കെ പാടെപൊളിച്ചെഴുതിയിരിക്കുകയാണ്. ഇന്ന് രാജ്യം ഭരിക്കുന്നവരാണ് അഴിമതി നടത്തുന്നത്. കോടികളുടെ അഴിമതികളാണ് ഭരണതലത്തിൽ നടക്കുന്നത്. 133 കോടി രൂപാ യൂറിയാ ഇടപാടിൽ – വിദേശത്തേക്ക് കൈമാറിയിരിക്കുന്നു. ഒരു കിലോ യൂറിയാപോലും ഇവിടെ കിട്ടിയിട്ടില്ല. ആ പണം പുറത്തേയ്ക്കയച്ചതിൽ റിസർവ്വ് ബാങ്ക് പോലും കണ്ണടച്ചിരിക്കുന്നു. ആ അഴിമതിയുടെയെല്ലാം പിൻപിൽ ഉള്ള സമ്മർദ്ദത്തിന്റെ ശക്തി എത്ര ശക്തമാണെന്ന് നാം വിചാരിച്ചാൽ മതി.

എന്തു ചെയ്താലും ആരും ചോദിക്കാനില്ലെന്ന നിലയാണ് വന്നു ചേർന്നിരിക്കുന്നത്. മുൻഗവൺമെന്റിന്റെമേലുള്ള അഴിമതിയാരോപണങ്ങൾ പുതിയ ഗവൺമെന്റ് രാഷ്ട്രീയത്തിനതീതമായി അന്വേഷിക്കട്ടെ. കുററം ചെയ്തവരെ യാതൊരു ദാക്ഷിണ്യവും ഇല്ലാതെ ശിക്ഷിക്കട്ടെ. ഇന്ന് ഭരിക്കുന്നവരുടെ മേൽ നാളെ ഭരിക്കാൻ വരുന്നവർ അന്വേഷണം നടത്തും എന്നൊരു ചിന്ത ഇന്നത്തെ ഭരണാധികാരികൾക്കുമുണ്ടാകട്ടെ. രാഷ്ട്രീയത്തിനതീതമായി അന്വേഷണം നടക്കുന്നതിൽ എല്ലാ രാജ്യസ്നേഹികളും സന്തോഷിക്കുകതന്നെ ചെയ്യും.

05-07-1996

# 201

# ജനനേതാക്കൾ കാരാഗൃഹത്തിലേക്ക്

ആഗസ്റ്റ് 15 നമ്മുടെ രാഷ്ട്രം സ്വാതന്ത്ര്യം പ്രാപിച്ച ദിനമാണ്. രണ്ടു നൂററാണ്ടുകാലത്തോളം ദീർഘിച്ച അടിമത്തത്തിന്റെ ഇരുമ്പുചങ്ങലകൾ പൊട്ടിച്ചെറിഞ്ഞു ഭാരതം സ്വതന്ത്രയായിട്ട് 49 വർഷം പൂർത്തിയാവുകയാണ്. അതേ സ്വാതന്ത്ര്യത്തിന്റെ കനകജൂബിലി വർഷമാണ് അടുത്ത ആണ്ട്. അടിമത്തത്തിനെതിരായി ഐതിഹാസികമായ ഒരു പോരാട്ടം നാം നടത്തുകയുണ്ടായി. ലക്ഷക്കണക്കിനാളുകൾ മർദ്ദനം അനുഭവിച്ചു. അനേകം പേരുടെ ജീവൻ ഹോമിച്ചു. പട്ടിണികിടന്നു. സാമ്പത്തികനഷ്ടം അനുഭവിച്ചു. ലാത്തിയടികൊണ്ടു. വിരിമാറിൽ വെടിയുണ്ടയേററു. എല്ലാം നഷ്ടപ്പെട്ടെങ്കിലും സ്വാതന്ത്ര്യസമര പോരാളികൾ പിന്നോട്ട് ഓടിയില്ല. കാരാഗൃഹത്തിൽ അടക്കപ്പെട്ട ധീരദേശാഭിമാനികൾ കാരാഗൃഹത്തിനുള്ളിൽ ഭാരതജനതയുടെ

www.malankaralibrary.com

ഒരു കൂട്ടായ്മ വളർത്തിയെടുത്തു.

ഇന്ത്യയിലെ യുവതലമുറയിൽ പെട്ടവരാരും അടിമത്തം അനുഭവിച്ചവരല്ല. അടിമത്തം എത്ര ഭീകരവും നിന്ദ്യവും അപമാനകരവുമാണെന്നറിയണമെങ്കിൽ അത് അനുഭവിച്ചറിയണം. നമ്മുടെ മുൻതലമുറ അതനുഭവിച്ചു.

മുൻ തലമുറയുടെ ത്യാഗപൂർണ്ണമായ ശ്രമത്തിന്റെ ഫലമായി അവസാനം നമുക്ക് സ്വാതന്ത്ര്യം കിട്ടി. വിദേശികൾ രാജ്യം വിടുക മാത്രമല്ല, കൊല്ലും കൊലയും ആയിവാണ രാജാക്കന്മാരും ചക്രവർത്തിമാരും കിരീടം ആഗസ്റ്റ് 15ന് തന്നെ താഴെവച്ചു ജനങ്ങളുടെ കൈകളിലേക്ക് അവരും അധികാരം കൈമാറുവാൻ തയ്യാറായി. വളരെ വേദനയോടുകൂടിയായിരുന്നു അവർ അധികാരം വിട്ടൊഴിഞ്ഞത്. സംശയിക്കേണ്ട. നൂററാണ്ടുകളായി ഭരണം നിർവ്വഹിച്ചിരുന്ന രാജകുടുംബങ്ങളും ചക്രവർത്തികുടുംബങ്ങളും അധികാരം കൈമാറിയപ്പോൾ ദുഃഖിക്കുക സ്വാഭാവികമാണ്. ജനങ്ങളുടെ പ്രതിനിധികൾ അധികാരം ഏറെറടുത്തപ്പോൾ മുൻ ഭരണാധികാരികളെപ്പററി ഗൗരവമായ ഒരു ആക്ഷേപവും അവർക്കുന്നയിക്കാനില്ലായിരുന്നു. ദീർഘനാൾ അധികാരം കൈയ്യാളിയെങ്കിലും അവർ പ്രജാ ക്ഷേമതല്പരരും രാജ്യസ്നേഹികളുമായിരുന്നു. തങ്ങളുടെ ഉപദേശകന്മാരായിരുന്ന ദിവാൻമാരോ, മററു ഭരണക്കാരോ ജനങ്ങളോട് എന്തെങ്കിലും ക്രൂരത കാട്ടിയിട്ടുണ്ടെങ്കിൽ, ആ വസ്തുത ഗ്രഹിക്കുമ്പോൾ തന്നെ, തെററു തിരുത്തുവാൻ ആ ഏകാധിപതികൾ ശ്രമിച്ചിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ദീർഘനാളത്തെ ഭരണം അവരെ കൂടുതൽ സ്വാർത്ഥമതികളാക്കുകയല്ല, ജനക്ഷേമതല്പരരാക്കുകയാണ് ചെയ്തത്.

ജനകീയഭരണം നടപ്പിലായതോടുകൂടി ജനപ്രതിനിധികളിൽ അധികാരവടംവലി ദൃശ്യമായി. സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽകിടന്ന് നരകയാതനയനുഭവിച്ചവരെ തട്ടിമാററി, അധികാരമോഹികളും അവസരവാദികളും അധികാരത്തിന്റെ അകത്തങ്ങളിൽ പ്രവേശിച്ചു. തങ്ങളുടെ അധികാരം നിലനിർത്താൻ വർഗ്ഗീയതയും വിഘടനവാദങ്ങളും എല്ലാം അവർ ആയുധമായി ഉപയോഗിച്ചു. സ്വാർത്ഥന്മാരായ ആ ഭരണാധികാരികൾ വലിയ അഴിമതിക്കാരായി മാറി.

സ്വാതന്ത്ര്യത്തിന്റെ ആദ്യഘട്ടങ്ങളിൽ ഏതെങ്കിലും ഒരു ഭരണകർത്താവിന്റെമേൽ അഴിമതിയാരോപണമുണ്ടായാൽ രാജിവച്ചു അന്വേഷണത്തെ നേരിടുകയും അഴിമതിയാരോപണം ഉന്നയിച്ചവരുടെമേൽ കേസുകൊടുക്കുകയും അവരുടെ നിരപരാധിത്വം തെളിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്നത്തെ ഭരണാധികാരികളുടെമേൽ ആരെങ്കിലും അഴിമതി ആരോപണം ഉന്നയിച്ചാൽ അവനെ ഗുണ്ടകളെ ഉപയോഗിച്ചു അടിച്ചമർത്തുവാനും അഴിമതിയാരോപണത്തെ അധികാരം ഉപയോഗിച്ചു പരാജയപ്പെടുത്തുവാനുമാണ് ശ്രമിക്കുന്നത്.

കേന്ദ്രത്തിൽ ദീർഘനാൾ കോൺഗ്രസ്സ് ഒററയ്ക്കു ഭരിച്ചുകൊണ്ടിരുന്നു. പല സംസ്ഥാനങ്ങളിലും ദീർഘനാൾ കോൺഗ്രസ്സിനു ഭരിക്കാൻ സാധിച്ചു. പല നേതാക്കളും ദീർഘനാൾ ഭരണത്തിന്റെ തലപ്പത്ത് വിരാജിയ്ക്കുക

www.malankaralibrary.com

യുണ്ടായി. ദീർഘനാളത്തെ അധികാരംകൊണ്ട് തങ്ങൾ നിയമത്തിനതീതരാണെന്നും തങ്ങളെ ചോദ്യം ചെയ്യാനാരുമില്ലെന്നും ഉള്ള ചിന്ത പല ഭരണകർത്താക്കളെയും നയിക്കുകയുണ്ടായി. രാഷ്ട്രീയപാർട്ടികളിൽ ഗ്രൂപ്പുകളും ക്ലിക്കുകളും വ്യാപിച്ചതോടെ അണികളെ തങ്ങളുടെ കൂടെ പിടിച്ചുനിർത്തുവാൻ അനുയായികൾ പറയുന്ന ഏതു കാര്യവും നടത്തിക്കൊടുക്കാൻ ബാദ്ധ്യസ്ഥരുമായി. ഭരണകർത്താക്കളിലും അനുയായികളിലും അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിച്ചുവന്നു. പിടിച്ചുനിൽക്കുവാൻ അതാവശ്യമാണെന്ന് അണികളെ ബോദ്ധ്യപ്പെടുത്താനും ഭരണാധികാരികൾ ശ്രമിച്ചു. അഴിമതിയും സ്വജനപക്ഷപാതവും എല്ലാം അങ്ങനെ അവർ ഭരണത്തിന്റെ ഭാഗമായി മാററി.

മൂല്യബോധം ഭരണകർത്താക്കളിൽ നിന്ന് വിട്ടുമാറി. മൂല്യബോധമുള്ളവർ പിടിച്ചുനിൽക്കാൻ പററാതെ രാഷ്ട്രീയരംഗത്ത് നിന്ന് പിന്മാറുകയും ചെയ്തു. അവർ സ്വപ്നം കണ്ട ഭാരതസൃഷ്ടിക്കുവേണ്ടി വീണ്ടും ഒരു സ്വാതന്ത്ര്യസമരം നടത്താൻ തന്നെ അവർ തയ്യാറായി. പക്ഷെ അവരുടെ പിന്നിൽ അണിനിരക്കാൻ ആളുകൾ എത്രയുണ്ടാകും?

സ്വാതന്ത്ര്യത്തിന്റെ കനകജൂബിലിയാഘോഷിക്കുന്ന ഈ സന്ദർഭത്തിൽ നേരിയ പ്രത്യാശ അനുഭവപ്പെടുന്നു. തെററ് ചെയ്തവർ ആരായാലും അവർ ശിക്ഷിക്കപ്പെടുമെന്ന് ഒരു വിശ്വാസം ജനങ്ങളിൽ ഉളവായിരിക്കുന്നു. ഭരണാധികാരികൾവരെ നിയമത്തിന്റെ മുൻപിൽ തുല്യരാണെന്ന ഒരു ബോദ്ധ്യം ജനങ്ങളിൽ വളർന്നുകൊണ്ടിരിക്കുന്നു.

മുൻ കേന്ദ്രമന്ത്രിമാരുടെയും പല സംസ്ഥാന മുഖ്യമന്ത്രിമാരുടെയും മന്ത്രിമാരുടെയും പേരിൽ ഗുരുതരമായ ആരോപണങ്ങൾ സി.ബി.ഐ. ഉന്നയിച്ചിരിക്കുന്നു. പലരും കാരാഗൃഹത്തിലടക്കപ്പെട്ടിരിക്കുന്നു. പലരുടെയും സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള ആലോചനകൾ നടക്കുന്നു. ഇവിടെ വളർന്നുവന്ന ദുർഭരണത്തിനും അഴിമതിഭരണത്തിനും ഒരു തടയിടാനെങ്കിലും സി.ബി.ഐ.യുടെ നടപടി സഹായകരമാകട്ടെ. തെററു ചെയ്തവർ എത്ര ഉന്നതരായാലും അവർ ശിക്ഷിക്കപ്പെടണം. ഈ സ്വാതന്ത്ര്യദിനത്തിൽ മുൻ പ്രധാനമന്ത്രിയടക്കം പല ഉന്നത ഭരണകർത്താക്കളും കാരാഗൃഹത്തിൽ അടക്കപ്പെട്ടേക്കാം. 49 വർഷം മുൻപു നമ്മുടെ മുൻതലമുറ സ്വാതന്ത്ര്യത്തിനായി കാരാഗൃഹവാസം അനുഭവിച്ചു. സന്തോഷത്തോടെയാണ് അവർ അതിന് തയ്യാറായത്. 49 വർഷങ്ങൾക്കുശേഷം സ്വാതന്ത്ര്യത്തിന്റെ മധുരഫലം സ്വാർത്ഥതക്കുവേണ്ടി വിനിയോഗിച്ച ഭരണകർത്താക്കളെ കാരാഗൃഹത്തിലേക്ക് വിലങ്ങുവച്ചുകൊണ്ടുപോകുമ്പോൾ ഇവിടെ ജനാധിപത്യം എല്ലാ അർത്ഥത്തിലും വിജയിക്കുകയാണ്.

അരനൂററാണ്ടുമുൻപ് നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി കാരാഗൃഹത്തിൽ ത്യാഗപൂർണ്ണമായ ജീവിതം ഭാരതമക്കൾ നയിച്ചു. ഇന്നിതാ മുൻതലമുറ നേടിത്തന്ന സ്വാതന്ത്ര്യം ദുരുപയോഗിച്ചതിന്റെ പേരിൽ ഭാരതത്തിന്റെ ഭരണം നടത്തിയ പലപ്രമുഖരും കൈകൾക്കു വിലങ്ങുവച്ചു

www.malankaralibrary.com

കാരാഗൃഹത്തിലേക്ക് ആനയിക്കുന്നു. ഇവിടെ ജനാധിപത്യം വിജയമകുടം ചൂടുന്നു. എല്ലാ അർത്ഥത്തിലും ഇവിടെ ജനാധിപത്യം വിജയിക്കുന്നു. നിയമത്തിന്റെ മുൻപിൽ എല്ലാവരും തുല്യരാണെന്ന യാഥാർത്ഥ്യം അംഗീകരിക്കുമ്പോൾ ജനാധിപത്യം വിജയിക്കും.

05-08-1996

# (202)

# സ്വാതന്ത്ര്യസുവർണ്ണ ജൂബിലി വർഷത്തിൽ ജോൺകച്ചിറമററം 50 പ്രഭാഷണങ്ങൾ നടത്തും.

*എ.കെ.സി.സി. യൂത്ത് കമ്മീഷൻ*

ഭാരതത്തിലെ വിശിഷ്യാ കേരളത്തിലെ ക്രൈസ്തവർ ജനകീയ പ്രക്ഷോഭണങ്ങളിൽ വഹിച്ച പങ്ക് എന്ന വിഷയത്തെപ്പററി കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺകച്ചിറമററം സ്വാതന്ത്ര്യകനക ജൂബിലി വർഷത്തിൽ 50 പ്രഭാഷണങ്ങൾ നടത്തുമെന്ന് എ.കെ.സി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ ഇഗ്നേഷ്യസ് തയ്യിൽ അറിയിച്ചു. ഭാരതത്തിലെ ജനസംഖ്യയിൽ ക്രൈസ്തവർ വെറും രണ്ടരശതമാനമാണെങ്കിലും ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിലും സ്വാതന്ത്ര്യസമരത്തിലും ക്രൈസ്തവർ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് ക്രൈസ്തവർ വഹിച്ച പങ്കിനെപ്പററി കാര്യമായ ഒരു പഠനം നാളിതുവരെ നടന്നിട്ടില്ല. 1946വരെ കേരളത്തിൽ നടന്ന സ്വാതന്ത്ര്യസമരത്തെയും സ്റ്റേററ് കോൺഗ്രസ്സ് പ്രക്ഷോഭണത്തെയും എതിർക്കുകയും സ്റ്റേററ് കോൺഗ്രസ്സ് പ്രക്ഷോഭണത്തെ കത്തോലിക്കാ പ്രക്ഷോഭണം എന്ന് വിളിച്ചാക്ഷേപിക്കുകയും ചെയ്തവർ 1946-ന് ശേഷം സ്വാതന്ത്ര്യസമരയോദ്ധാക്കളായി മാറി. ക്രൈസ്തവർ സ്വാതന്ത്ര്യസമരത്തിനെതിരായിരുന്നുവെന്ന് സ്ഥാപിക്കുവാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു.

തൽപരകക്ഷികളുടെ ഈ കുപ്രചരണത്തിൽ ക്രൈസ്തവയുവാക്കൾ അറിഞ്ഞോ അറിയാതെയോ കുടുങ്ങിപ്പോകുകയും ചെയ്യുന്നു. സാമൂഹ്യസേവനരംഗത്ത് അർപ്പണബുദ്ധിയോടെ പ്രവർത്തിച്ച ക്രൈസ്തവർ ആത്മകഥാരചനയിലും ചരിത്രഗ്രന്ഥരചനയിലും വേണ്ടത്ര താൽപര്യം പ്രകടിപ്പിക്കാതിരുന്നതാണ് ഈ ദുരവസ്ഥക്ക് കാരണം.

ഈ സാഹചര്യത്തിലാണ് ക്രൈസ്തവ യുവജനങ്ങളെ പ്രധാനമായും ഉദ്ദേശിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സുവർണ്ണജൂബിലി വർഷത്തിൽ 50 പ്രഭാഷണങ്ങൾ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം നടത്തുന്നത്. യുവജനസംഘടനകൾക്കും കോളേജിലെ കത്തോലിക്കാ വിദ്യാർത്ഥി സംഘടനകൾക്കും ഈയവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

www.malankaralibrary.com

# 203

# കനകജൂബിലിയാഘോഷിക്കുന്ന കേരളകാത്തലിക് ട്രസ്റ്റ്

സേവനത്തിന്റേതായ അമ്പതുവർഷം പിന്നിട്ട കേരളാകാത്തലിക് ട്രസ്റ്റ് കനകജൂബിലിയാഘോഷിക്കുകയാണ്. കനകജൂബിലിയാഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 1996 ജൂലായ് 27-ാം തീയതി ലോകസഭാസ്പീക്കർ ശ്രീ.പി.എ. സംഗ്മ ഉദ്ഘാടനം ചെയ്തു. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾക്കാണ് ട്രസ്റ്റ് രൂപം കൊടുത്തിരിക്കുന്നത്. ജൂബിലിയോടനുബന്ധിച്ച് ക്രൈസ്തവസംഭാവനകൾ വിലയിരുത്തിക്കൊണ്ട് ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഈടുററ ഒരു ചരിത്രഗ്രന്ഥമായിരിക്കും ആ സ്മരണിക.

അഖില കേരളകത്തോലിക്കാ കോൺഗ്രസ്സും കേരളാകാത്തലിക് ട്രസ്റ്റും യാഥാർത്ഥത്തിൽ ഒന്നു തന്നെയാണ്. ഒന്ന് മറെറാന്നിന് പൂരകം തന്നെ. കോൺഗ്രസ്സില്ലെങ്കിൽ ട്രസ്റ്റ് ഉണ്ടാകുമായിരുന്നില്ല. ഏതു സമുദായ സംഘടനക്കുമെന്നപോലെ കത്തോലിക്കാ കോൺഗ്രസ്സിനും ബഹുമുഖപ്രവർത്തനങ്ങൾക്കായി ഒരു കേന്ദ്രാലയം വേണമെന്ന അഭിപ്രായം രൂപപ്പെടുകയുണ്ടായി. ഇന്നത്തേതുപോലെ ഓഡിറേറാറിയങ്ങളോ ബഹുനിലകെട്ടിടങ്ങളോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ പള്ളിമേടകളിലും ഔദാര്യനിധികളുടെ ബംഗ്ലാവുകളിലുമാണ് കോൺഗ്രസ്സ് യോഗം ചേർന്നിരുന്നത്. പാറായിൽ അവിരാവർക്കി തരകന്റെ ബംഗ്ലാവും നിധീരി വക്കീലിന്റെ ഓഫീസും ഒരു കാലത്ത് സമുദായ കാര്യാലയമായിരുന്നിട്ടുണ്ട്. തര്യതു കുഞ്ഞിത്തൊമ്മനാണ് സ്ഥിരം ഓഫീസ് ഏർപ്പെടുത്തുവാൻ മുൻകൈയ്യെടുത്തത്.

1943 ഡിസംബർ 30 - ന് കത്തോലിക്കാ കോൺഗ്രസ്സിന്റെ പാലായിൽ ചേർന്ന വാർഷിക സമ്മേളനത്തിലാണ് കേന്ദ്രഭവനപ്രമേയം അംഗീകരിച്ചത്. കെട്ടിടം നിർമ്മാണത്തിന് പണം ശേഖരിക്കുവാൻ 29 പേരുള്ള ഒരു കമ്മിററിയെ യോഗം തിരഞ്ഞെടുത്തു. കമ്മിററിയുടെ കൺവീനർ ശ്രീ. ജേക്കബ് ചെറിയാൻ മരുതുക്കുന്നേലും ഖജാൻജി ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയും ആയിരുന്നു. 1945 മെയ് 1-ന് സബ് കമ്മിററി അതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ്സിന് റിപ്പോർട്ട് സമർപ്പിച്ചു. കേന്ദ്രകാര്യാലയ സബ് കമ്മിററി യോഗങ്ങളിൽ മുഖ്യ ആലോചനാവിഷയം ധനശേഖരണമായിരുന്നു. അതിന്റെ രീതികളെപ്പററി പല അഭിപ്രായങ്ങളുമുണ്ടായി. പൊതു കാര്യങ്ങൾക്കായി നൽകുന്ന തുകകൾ ചിലപ്പോൾ ശരിയായ നിയന്ത്രണത്തിന്റെ അഭാവം മൂലം വേണ്ടത്ര പ്രയോജനപ്പെടാറില്ല എന്ന് സംശയിക്കുന്നവർക്കും കൊടുക്കുന്ന പണത്തിന് മതിയായ ഉറപ്പുണ്ടായിരിക്കണമെന്ന് വാദിക്കുന്നവർക്കും നിശ്ചിതമായ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്ന് നിർബന്ധിക്കുന്നവർക്കും കേന്ദ്രകാര്യാലയം ഉണ്ടാക്കുന്നതിനു പുറമേ

www.malankaralibrary.com

ഉപകാരപ്രദങ്ങളായ ഇതരകാര്യങ്ങളും നടത്താൻ അവസരമുണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്നവർക്കും സംഘടിതമായ രൂപത്തിലായിരിക്കണമെന്ന് ഉപദേശിക്കുന്നവർക്കും പൊതുവേ സമ്മതമായ പദ്ധതി അവലംബിക്കണമെന്നായിരുന്നു കമ്മററിയുടെ ആഗ്രഹം.

കാഞ്ഞിരപ്പള്ളിയിൽ 1945 മെയ് 8-ന് ചേർന്ന കോൺഗ്രസ്സ് വാർഷിക യോഗത്തിൽ ജനറൽ സെക്രട്ടറി ജോസഫ് ചാഴികാടൻ താഴെ കാണുന്ന റിപ്പോർട്ട് സമർപ്പിച്ചു. "കോൺഗ്രസ്സിന് ശരിയായ ഒരു ഓഫീസും ഓഫീസിലിരുന്ന ജോലി ചെയ്യുന്നതിന് ആളും ഇല്ലാത്തതാണ് കോൺഗ്രസ്സിന്റെ ഒരു വലിയ ന്യൂനതയെന്ന് കമ്മിററിക്കാർ തീരുമാനിച്ചുരുന്നു. അതു പരിഹരിക്കാൻ ജേക്കബ്ബ് ചെറിയാൻ കൺവീനറായി കേരളകത്തോലിക്കരിൽ അനേകരെ ഉൾപ്പെടുത്തി ഒരു കമ്മിററിയെ പാലാ കോൺഗ്രസ്സിൽ നിന്നും നിയമിച്ചു. അവർ അവരെ നിശ്ചയിച്ച തീയതി മുതൽ ജോലി ആരംഭിച്ചു. ആദായരഹിതമായ ഒരു കമ്പനി സ്ഥാപിക്കുന്നതിന് അവർ തീരുമാനിച്ചു. കേരളകാത്തലിക് ട്രസ്റ്റ് എന്ന പേരിൽ രജിസ്റ്റേർഡ് ട്രസ്റ്റ് ഉണ്ടാക്കുന്നതിനുള്ള നിയമങ്ങളും നിബന്ധനകളും ഉണ്ടാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. താമസിയാതെ ആ കമ്മിററി അതിന്റെ പ്രവർത്തനം പൂർത്തിയാക്കി നമുക്ക് ഹെഡ്ഡാഫീസ് ഉണ്ടാക്കിത്തരുമെന്ന് പ്രത്യാശിക്കാം. അപ്പോൾ കോൺഗ്രസ്സിന്റെ ഏററവും വലിയ ന്യൂനത പരിഹരിക്കപ്പെടും" ധനശേഖരകമ്മിററിയിലെ പേരുകളും ട്രസ്റ്റിനെ സംബന്ധിച്ചുള്ള വിവരങ്ങളും 1945-ലെ ദീപികപത്രത്തിൽ ഫുൾപേജിൽ പരസ്യപ്പെടുത്തി. ദീപിക, ട്രസ്റ്റിന് ആശംസകൾ നേർന്നു കൊണ്ട് മുഖപ്രസംഗവും എഴുതി. ദീപികയിലെ പരസ്യത്തിൽ ഇപ്രകാരം എഴുതിയിരുന്നു -'തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളിലെ കത്തോലിക്കരുടെ ക്ഷേമത്തെ പുലർത്തുന്നതിനും കത്തോലിക്കരുടെ വിഭിന്ന സമുദായ വിഭാഗങ്ങളെ സംഘടിപ്പിച്ച് സാമുദായിക ഐക്യം സൃഷ്ടിക്കുന്നതിനും മതപരമായും സാമുദായികമായും സംസ്കാരപരമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മററുമുള്ള എല്ലാ സംരംഭങ്ങളേയും അഭിവൃദ്ധിപ്പെടുത്തുന്നതിനും തദനന്തരം പൊതു താൽപ്പര്യങ്ങളിൽ സംയോജിച്ച് പ്രവർത്തിക്കുന്നതിനും വിവിധ ക്രൈസ്തവ വിഭാഗങ്ങളെ ഏകീകരിക്കുന്നതിനും കത്തോലിക്കാ കോൺഗ്രസ്സിന് ഒരു കേന്ദ്രാലയം സ്ഥാപിച്ച് നടത്തുന്നതിനും മററുമായി കേരളാ കാത്തലിക് ട്രസ്റ്റ് എന്ന പേരിൽ 1945 ഓഗസ്റ്റ് 29-ന് കമ്പനി രജിസ്റ്റർ ചെയ്തു.'

1949 മാർച്ച് 13-ന് ചേർന്ന കാത്തലിക് ട്രസ്റ്റ് യോഗത്തിന് എ.കെ.സി.സി.യുടെ പ്രതിനിധികളായി ഷെവ. സി.ജെ. വർക്കിയും പി.കെ. കുര്യാക്കോസും പങ്കെടുത്തു. (ഇതിനിടെ ട്രസ്റ്റ് ഏകദേശം രണ്ടരഏക്കർ സ്ഥലം കോട്ടയം പട്ടണത്തിൽ വാങ്ങിയിരുന്നു) ഹെഡ്ഡാഫീസ് നിർമ്മിക്കാൻ ട്രസ്റ്റിന് 5000 രൂപാ പലിശയില്ലാതെ നൽകണമെന്ന് കത്തോലിക്കാ കോൺഗ്രസ്സിനോടാവശ്യപ്പെടുകയുണ്ടായി. വ്യക്തമായ വ്യവസ്ഥകൾ ഇല്ലാതിരുന്നതിനാൽ കോൺഗ്രസ്സ് രൂപാകൊടുക്കുവാൻ തയ്യാററായില്ല. തുടർന്നുള്ള ചർച്ചയിൽ കോൺഗ്രസ്സ് രജിസ്റ്റർ ഉടമ്പടിചെയ്യാമെന്നും അത്യാവശ്യമെങ്കിൽ 10,000 രൂപാ അഡ്വാൻസ് നൽകാമെന്നും കോൺഗ്രസ്സ് സമ്മതിച്ചു. എന്നാൽ കെട്ടിടം പണി യാഥാർത്ഥ്യമായില്ല.

www.malankaralibrary.com

1971-ൽ ശ്രീ. മൈക്കിൾ കള്ളിവയലിൽ പ്രസിഡണ്ടായും പ്രസിഡണ്ട് സഖറിയാസ് ചെറിയാൻ മരുതുക്കുന്നേൽ ജനറൽ സെക്രട്ടറിയായും റവ.ഫാ. അഗസ്റ്റിൻ കച്ചിറമററം ട്രഷറർ ആയും തിരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവിൽ ആണ് അഞ്ചു ലക്ഷത്തിലധികം രൂപാ ചിലവ് ചെയ്ത് ട്രസ്റ്റ് ഒരു മൂന്നു നില കെട്ടിടം നിർമ്മിച്ചത്. കത്തോലിക്കാ കോൺഗ്രസ്സ് ഒരു ലക്ഷം രൂപാ ട്രസ്റ്റിന് കെട്ടിടം പണിയാൻ വായ്പയായി നൽകി. അതിൽ 75000 രൂപാ 10 ശതമാനം പലിശയ്ക്കും 25000 രൂപാ പലിശ കൂടാതെയുമാണ് നല്കിയത്. കോൺഗ്രസ്സ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാററുകയും ചെയ്തു. 1983 ആഗസ്റ്റ് 2-ന് ഗവർണ്ണർ പ്രൊഫ. കെ.എം. ചാണ്ടി പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

1986-ൽ കേന്ദ്രമന്ത്രി ശ്രീ. എം.എം. ജേക്കബ്ബ് പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. മൂന്നുനില പണി പൂർത്തിയായി. 30 ലക്ഷം രൂപായുടെ പ്രോജക്ട് ആണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടുതൽ വികസനപ്രവർത്തനങ്ങൾ ട്രസ്റ്റ് വിഭാവന ചെയ്യുന്നുണ്ട്. ഉന്നത പരീക്ഷകൾക്കുള്ള ട്രയിനിംഗ്സെന്റർ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഒരു ഓഡിറേറാറിയം തുടങ്ങിയുള്ള വികസനപ്രവർത്തനങ്ങൾക്ക് രണ്ടു കോടി രൂപായോളം മുതൽമുടക്കുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കൂടുതൽ കർമ്മപരിപാടികളുമായി ട്രസ്റ്റ് വിജയപൂർവ്വം മുന്നോട്ടുനീങ്ങുന്നതിനിടായാകട്ടെയെന്ന് ആശംസിക്കുന്നു.

(വ്യവസ്ഥയനുസരിച്ച് എ.കെ.സി.സി. യുമായുള്ള പണമിടപാട് തീർക്കാൻ ട്രസ്റ്റ് തയ്യാറായില്ല. ട്രസ്റ്റിൽ 14 ലക്ഷത്തോളം രൂപായുടെ കൃത്രിമം നടന്നുവെന്നാണ് അറിവ്. കനകജൂബിലിയാഘോഷം ഉൽഘാടനം ചെയ്യപ്പെട്ടെങ്കിലും തുടർന്ന് യാതൊരു പരിപാടികളും നടക്കുകയുണ്ടായില്ല.)

05-09-1996

## 204

# കുവൈററ് മലയാളി കാത്തലിക് അസോസിയേഷൻ

ഇന്ത്യയിലെ ഒരു ചെറിയ സംസ്ഥാനമാണ് കേരളം. സാക്ഷരതയിൽ മററു സംസ്ഥാനങ്ങളെയപേക്ഷിച്ച് മുൻപന്തിയിലാണ് കേരളം. ക്രൈസ്തവർ സ്ഥാപിച്ചു നടത്തിയ വിദ്യാലയങ്ങളാണ് കേരളത്തെ സാക്ഷരതയിൽ മുൻപന്തിയിലെത്തിച്ചത്. ജനസംഖ്യയിലും കേരളം മുൻപന്തിയിലാണ്. ഭക്ഷ്യക്ഷാമവും, ദാരിദ്ര്യവും കൊടുംപിരികൊണ്ടപ്പോൾ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ മലയോരങ്ങളിലും ജനങ്ങൾ കുടിയേറിപ്പാർത്തു. ഈ വലിയ കുടുയേററം ഭാരതത്തിന്റെ സാമ്പത്തികനിലയെ വളർത്തുകയും കൂടുതൽ വിദേശനാണ്യം ഭാരതത്തിന് നേടിക്കൊടുക്കുകയും ചെയ്തു.

വൻതോതിലുള്ള കുടിയേററമായിരുന്നു നടന്നത്. ഏതാനും നാളുകൾ

www.malankaralibrary.com

കൊണ്ട് കൃഷിക്കുപയുക്തമായ സ്ഥലങ്ങളെല്ലാം കർഷകർ കയ്യടക്കുകയും വനഭൂമികളെ കനകം വിളയിക്കുന്ന ഗ്രാമങ്ങളാക്കി മാററുകയും ചെയ്തു. കുടിയേററത്തിനുള്ള സൗകര്യങ്ങൾ ഒന്നിനൊന്ന് കുറഞ്ഞു. അതേ സമയം ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അവർക്കെല്ലാം തൊഴിൽ സൗകര്യം നൽകാനുള്ള സാദ്ധ്യതകൾ കേരളത്തിൽ കുറവായിരുന്നു. അതിസാഹസികരായ വിദ്യാസമ്പന്നരായ യുവജനങ്ങൾ ജോലിയന്വേഷിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്കും, മററു ചിലർ കടലുകൾ താണ്ടി വിദൂരരാജ്യങ്ങളിലേക്കും കുടിയേറി. ഇന്ന് ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലും അമേരിക്കയിലുമെല്ലാം അനേകായിരങ്ങളാണ് കുടിയേറിയിരിക്കുന്നത്. മലയാളികൾ എത്താത്ത ഒരു രാജ്യവും ഭൂമുഖത്ത് ഉണ്ടാകുകയില്ല. ഒന്നരക്കോടിയോളം മലയാളികൾ കേരളത്തിന് വെളിയിൽ അധിവസിക്കുന്നുണ്ടാകും. വിവിധ മേഖലകളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ച് ജനങ്ങളുടെ ആദരവും അംഗീകാരവും പിടിച്ചുപററുവാൻ പലർക്കും സാധിച്ചിട്ടുണ്ടെന്നത് നമുക്ക് അഭിമാനകരമാണ്. മലയോരങ്ങളിലേക്കായാലും ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്കായാലും വിദൂരരാഷ്ട്രങ്ങളിലേക്കായാലും കുടിയേറിയവരിൽ നല്ല പങ്ക് കത്തോലിക്കാരാണ്. ആദ്യകാലങ്ങളിൽ ഓരോ പ്രദേശത്തും മലയാളികൾ ഒററപ്പെട്ട് ജീവിതം തുടർന്നു. കുടിയേററക്കാരുടെ എണ്ണം വർദ്ധിച്ചതോടെ ഓരോ പ്രദേശത്തെയും മലയാളികൾ ഒന്നിച്ചു കൂടുവാൻ തുടങ്ങി. മുസ്ലീംങ്ങളും കത്തോലിക്കരുമെല്ലാം പ്രത്യേക അസോസിയേഷനുകൾക്ക് രൂപം നൽകി. ആദ്യകാലത്ത് വിശ്രമസമയങ്ങളിൽ സൗഹൃദം പങ്കിടുവാനാണ് ഈ കൂട്ടായ്മ ആരംഭിച്ചത്. ഓണം, വിഷു, ക്രിസ്മസ്, ഈസ്റ്റർ തുടങ്ങിയ വിശേഷദിവസങ്ങളിൽ ആ കൂട്ടായ്മ കൂടുതൽ ശക്തമായി മാറി. മലയാളികളായ കത്തോലിക്കർ ഈ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയപ്പോൾ അവർ ഏത് റീത്തുകാരാണ്, ഏത് രൂപതക്കാരാണ്, ഏത് ദേശക്കാരാണ് എന്നൊന്നും ചിന്തിക്കുകപോലുമുണ്ടായില്ല. മലയാളി കത്തോലിക്കർ എന്ന് മാത്രമേ അവർ ചിന്തിച്ചിരുന്നുള്ളു.

എല്ലാ വിഭാഗീയ ചിന്താഗതികൾക്കുമതീതമായി വളർന്നു വന്ന ഈ മലയാളി കത്തോലിക്കാ കൂട്ടായ്മയ്ക്ക് അവർ അധിവസിക്കുന്ന പ്രദേശത്തെ – രാജ്യത്തെ – സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ സാധിച്ചു. സാമൂഹ്യ ജീവിതത്തിൽ തങ്ങളുടെ സ്വാധീനം വർദ്ധിച്ചു. പല പ്രദേശത്തും മലയാളി കത്തോലിക്കരുടെ എണ്ണം വർദ്ധിച്ചതോടെ ആ കൂട്ടായ്മയിൽ അപസ്വരങ്ങൾ വർദ്ധിച്ചുവന്നു. വിഘടനവാദം തലപൊക്കി. പ്രത്യേകം പ്രത്യേകം പേരുകൾ നൽകി പല സംഘടനകൾ രൂപം കൊണ്ടു. തങ്ങളുടെ നിലനില്പിനുവേണ്ടി പല ഗ്രൂപ്പുകളുടെയും പേരുകൾ അവർ സ്വീകരിച്ചു. ലാററിൻ, മലങ്കര, സീറോ മലബാർ എന്നിങ്ങനെ പല റീത്തുകളുടെയും പേരുകൾ തങ്ങളുടെ നിലനില്പിനുവേണ്ടി സൗകര്യപൂർവ്വം ഉപയോഗിച്ചു. ഇന്നലെവരെ സൗഹൃദത്തിൽ കഴിഞ്ഞിരുന്നവർ ഇന്ന് പരസ്പരം അധിക്ഷേപിക്കുകയും ആരോപണ പ്രത്യാരോപണങ്ങൾ നടത്തുകയും ചെയ്യുന്നു. തങ്ങൾ ഇന്നലെവരെ വളർത്തിയെടുത്ത ആ കൂട്ടായ്മയുടെ കടയ്ക്കൽ കോടാലി വെയ്ക്കുകയാണെന്ന യാഥാർത്ഥ്യം അവർ

www.malankaralibrary.com

അറിയുന്നില്ല. ഒരേ വിശ്വാസവും മാമ്മോദീസായും സ്വീകരിച്ചവരും യേശുവിനെ തങ്ങളുടെ രക്ഷകനും മിശിഹായുമായി അംഗീകരിച്ചവരുമാണ് പരസ്പരം ഭിന്ന ചേരികളിൽ അണിനിരക്കുന്നത് എന്ന യാഥാർത്ഥ്യം അവർ വിസ്മരിച്ചുപോകുന്നു. ഇതിന്റെ ഫലമായി പരസ്പരവിശ്വാസമില്ലാത്ത, സ്നേഹം പങ്കുവയ്ക്കാത്ത വിവിധ ഗ്രൂപ്പുകളായി കത്തോലിക്കർ തിരിഞ്ഞുപോകുന്നു. ഇങ്ങനെയുള്ള വിഭാഗീയ മുന്നേററത്തെ പ്രോത്സാഹിപ്പിക്കുവാൻ പാടില്ല. അതിനുള്ള വിവേകം എല്ലാവർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു.

കേരളത്തിൽ രാഷ്ട്രീയവും മററിതരവുമായ കാരണങ്ങളാൽ - സംവരണങ്ങൾ നിലനിൽക്കുന്നതിനാൽ ലത്തീൻ വിഭാഗങ്ങൾക്കും സിറിയൻ വിഭാഗങ്ങൾക്കും പ്രത്യേകം താല്പര്യങ്ങളുണ്ടാകാം. എന്നാൽ ഭാരതത്തിന് വെളിയിൽ ആ പ്രശ്നം നിലനിൽക്കുന്നില്ല. അവിടെ കത്തോലിക്കരുടെ കൂട്ടായ്മ മാത്രമാണ് ആവശ്യം. റീത്തുകളുടെ പേരിൽ സംഘടിപ്പിക്കേണ്ട ആവശ്യമില്ല.

വ്യക്തിസഭകളുടെ പൈതൃകം സംരക്ഷിക്കണമെന്ന വാദം ഇവിടെ ഉന്നയിക്കാം. പൈതൃകം സംരക്ഷിക്കപ്പെടുവാൻ സാമൂഹ്യസംഘടനയുടെ ചട്ടക്കൂടുകൾ മാറേണ്ട ആവശ്യമില്ല. സാമൂഹ്യ സംഘടന അതുപോലെ തന്നെ തുടരട്ടെ. ദേവാലയത്തെ കേന്ദ്രീകരിച്ച് പൈതൃക സംരക്ഷണാർത്ഥം വേണ്ട ക്രമീകരണങ്ങൾ നൽകട്ടെ. അതിനുവേണ്ടി സാമൂഹ്യസംഘടനകളെ പിളർത്തുവാൻ പാടില്ല.

കേരളത്തിനു വെളിയിലും, ഇന്ത്യയ്ക്ക് വെളിയിലും അധിവസിക്കുന്ന മലയാളി കത്തോലിക്കരുടെ താല്പര്യങ്ങൾ ഒന്നു തന്നെയാണ്. അവരുടെ കൂട്ടായ്മയിലാണ് അവരുടെ നിലനിൽപ്പുതന്നെ അടങ്ങിയിരിക്കുന്നത്. ആ കൂട്ടായ്മയെ തകർക്കുന്ന യാതൊരു നടപടുകളിലേക്കും ആരും കടക്കരുത്. ഒന്നിച്ചാൽ നാം നിലനിൽക്കും, ഭിന്നിച്ചാൽ നാം നശിക്കും എന്ന യാഥാർത്ഥ്യം വിസ്മരിക്കാതിരിക്കട്ടെ.

നാലു ദശാബ്ദങ്ങൾക്കു മുൻപാണ് കുവൈററിൽ മലയാളികൾ കുടിയേറിപാർത്തു തുടങ്ങിയത്. ഒററപ്പെട്ട് ജീവിച്ചിരുന്ന മലയാളി കത്തോലിക്കർ അവിടുത്തെ വികാരിയുടെയും, രൂപതാദ്ധ്യക്ഷന്റെയും സഹകരണത്തോടെ ഒരു കൂട്ടായ്മ വളർത്തിയെടുത്തു. അതാണ് കുവൈററ് മലയാളി കാത്തലിക്ക് അസോസിയേഷൻ. പ്രസ്തുത അസോസിയേഷൻ രജതജൂബിലി യാഘോഷിക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ സാമൂഹ്യ പ്രവർത്തനത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് അസോസിയേഷൻ പ്രവർത്തിച്ചത്. അത്ഭുതകരങ്ങളായ നേട്ടങ്ങൾ കൈവരിക്കുവാൻ അസോസിയേഷന് സാധിച്ചു. ആ കൂട്ടായ്മ ഭാവിയിലും ഭദ്രമായി മുന്നോട്ടു നീങ്ങട്ടെയെന്നാശംസിക്കുന്നു. അവരുടെ കൂട്ടായ്മയെ ഉലയ്ക്കുന്ന യാതൊന്നും അവിടെ ഉണ്ടാകാതിരിക്കട്ടെയെന്നാംശംസിക്കുന്നു. കുവൈററ് മലയാളി കാത്തലിക്ക് അസോസിയേഷന് ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു.

05-10-1996

www.malankaralibrary.com

## 205

# അന്വേഷണത്തിൽ സഹകരിക്കുക

വിദേശ മേധാവിത്വത്തിനെതിരെ സമരം ചെയ്ത ഒരു പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്. അഴിമതിയില്ലാത്ത ഒരു സൽഭരണത്തിനു വേണ്ടി - ജനാധിപത്യത്തിലധിഷ്ഠിതമായ ഒരു ഭരണത്തിനുവേണ്ടിയാണ് കോൺഗ്രസ്സ് പ്രവർത്തിച്ചത്. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി കഠിനമായ യാതനകൾ അനുഭവിക്കുവാൻ കോൺഗ്രസ്സ് പ്രവർത്തകർ തയ്യാറായി. പലരും വെടിയേററു മരിച്ചു. പലരും കാരാഗൃഹത്തിലടക്കപ്പെട്ടു. മർദ്ദനങ്ങൾ ഏററു വാങ്ങി.

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു. രാജ്യം നാലര ദശാബ്ദകാലവും കോൺഗ്രസ്സ് തന്നെ ഭരിച്ചു. രാജ്യമെങ്ങും അഴിമതി വ്യാപിച്ചു. ഭരണത്തിലുള്ളവർ വരെ അതിന് കൂട്ടുനിന്നു. സ്വാതന്ത്ര്യം ലഭിക്കാത്ത കാലഘട്ടത്തിൽ അഴിമതിയെന്നതു സർക്കാർ സർവ്വീസിലെ ജോലിക്കാർ വാങ്ങുന്ന ചില്ലറ കൈമടക്കുകളായിരുന്നു. ജനാധിപത്യത്തിൽ ആ അഴിമതിയെ തടയാൻ ഭരണകർത്താക്കൾ ശ്രമിച്ചില്ല എന്നു തന്നെയുമല്ല അവരുമായി ഒത്തുചേർന്ന് കോടികളുടെ അഴിമതികൾ നടത്താനാണ് മന്ത്രിമാരും ജനപ്രതിനിധികളും തയ്യാറായത്. ഭരണരംഗമാകെ അഴിമതി അഴിഞ്ഞാടുകയാണ്. പഞ്ചായത്തുതലം തൊട്ട് കേന്ദ്രം വരെ എല്ലായിടത്തും അഴിമതി നടമാടുകയാണ്. നമ്മുടെ സർവ്വീസ് സഹകരണസംഘങ്ങളിൽ തന്നെ നിയമനത്തിന്റെ പേരിൽ എന്ത് അഴിമതികളാണ് നടക്കുക. ഈ യാഥാർത്ഥ്യം സാധാരണക്കാർക്കു പോലും അറിയാം. ഒരു സഹകരണസംഘമെങ്കിലും കൈയ്യിലില്ലെങ്കിൽ ജീവിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണിന്ന് ഉള്ളതെന്നു ആളുകൾ പറയാൻ തുടങ്ങിയിരിക്കുന്നു. ഭരണരംഗമാകെ അഴിമതി വ്യാപിച്ചിട്ടും അതിനെതിരെ പ്രതികരിക്കാൻ സാധിക്കാതെ രാഷ്ട്രീയ പ്രവർത്തകർ മുന്നോട്ടു നീങ്ങുന്നു.

കഴിഞ്ഞ കേന്ദ്രമന്ത്രിസഭയിലെ 21 മന്ത്രിമാരുടെ പേരിൽ ഇന്ന് കേസ് നടക്കുകയാണ്. സംസ്ഥാന മന്ത്രി സഭയിലെ (കഴിഞ്ഞ മന്ത്രിസഭയിലെ) പല മന്ത്രിമാരുടെയും പേരിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചിരിക്കുന്നു. ചില കേന്ദ്രമന്ത്രിമാരുടെ വീടുകളിൽ നിന്ന് കോടിക്കണക്കിന് രൂപയുടെ കറൻസികൾ കണ്ടെടുത്തിരിക്കുന്നു. എല്ലാവർക്കുമറിയാം ഇവിടെ ഭയങ്കര അഴിമതിയാണെന്ന്. എന്നാൽ കോൺഗ്രസ്സുകാർ പറയുന്നു, ഈ കേസുകളും അന്വേഷണങ്ങളുമെല്ലാം രാഷ്ട്രീയപ്രേരിതമെന്ന്. അത് വിശ്വസിച്ചുകൊള്ളണം എന്നാണവരുടെ നിലപാട്.

മുൻ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും നേതാക്കളും അഴിമതി നടത്തിയിട്ടില്ലെങ്കിൽ അന്വേഷണത്തോട് സഹകരിച്ച് എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി അവരുടെ നിരപരാധിത്വം തെളിയിക്കട്ടെ. എല്ലാ കോൺഗ്രസ്സുകാരും പറയണം അന്വേഷണത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നുവെന്ന്. അന്വേഷണങ്ങളും കേസുകളും ശീഘ്രതരമാക്കി സത്യാവസ്ഥ വെളിച്ചത്തു

www.malankaralibrary.com

കൊണ്ടു വരണമെന്ന്. അതു പറയാനുള്ള ചങ്കൂററം കോൺഗ്രസ്സുകാർക്കുണ്ടോ?

തിഹാർ ജയിലിലേക്ക് പോകുന്ന ദിവസങ്ങൾ അകലെയാക്കാനാണ് ഇന്ന് പാർട്ടി പ്രവർത്തകർ ശ്രമിക്കുന്നത്. എത്ര ദയനീയമായ ചിത്രമാണിത്. തങ്ങളുടെ മേൽ അഴിമതിയാരോപണങ്ങൾ ഉന്നയിച്ചപ്പോൾ രാജി വച്ചുകൊണ്ട് അഴിമതിയാരോപണത്തെ നേരിട്ട പാരമ്പര്യം ഒരു കാലത്ത് കോൺഗ്രസ്സുകാർക്കുണ്ടായിരുന്നു. ഇന്ന് ആ കാര്യം ഓർക്കുവാൻ പോലും സാധിക്കുന്നില്ല.

അരൊക്കെ എന്തൊക്കെ പറഞ്ഞാലും ഭരണതലത്തിൽ വ്യാപകമായ അഴിമതി നടമാടുന്നു എന്ന് പരക്കെ ജനങ്ങൾ വിശ്വസിക്കുന്നു. ഈ അന്വേഷണങ്ങളിൽ സാധാരണ ജനങ്ങൾ സന്തോഷവാന്മാരാണ്. തങ്ങളുടെ സ്വാധീനവും അഴിമതിയിലൂടെ അവിഹിതമായി നേടിയ സമ്പത്തും ഉപയോഗിച്ച് ഈ കേസുകളെയും അന്വേഷണങ്ങളെയും നിർവീര്യമാക്കുവാൻ ശ്രമിക്കുമോയെന്നാണ് സാധാരണക്കാർ ഭയപ്പെടുന്നത്.

കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് രാഷ്ട്രീയ പ്രേരിതമായിട്ടാണ് മുൻ മന്ത്രിമാരുടെ പേരിൽ അന്വേഷണം ഏർപ്പെടുത്തിയത് എന്നാണ് ഇന്നത്തെ പ്രതിപക്ഷം പറയുന്നത്. വയലാർ രവി പറയുന്നതും അതുതന്നെ. അതിന്റെ പേരിൽ നിയമസഭയിൽ പോലും പ്രതിഷേധം രേഖപ്പെടുത്തുന്നു.

"രാഷ്ട്രീയ പ്രേരിതമായിട്ടാണ് അന്വേഷണം ഏർപ്പെടുത്തിയിരിക്കുന്നതെങ്കിലും അതിനെ നേരിടാൻ ഞങ്ങൾ തയ്യാറാണ്, ഞങ്ങളുടെ നിരപരാധിത്വം ഞങ്ങൾ തെളിയിക്കാം" എന്നു ചങ്കൂററത്തോടെ പറയാനുള്ള ധൈര്യം കോൺഗ്രസ്സുകാർക്കുണ്ടാകണം. എ.കെ. ആന്റണിക്കുപോലും ആ ചങ്കൂററം ഇല്ലാതായതിൽ ഖേദിക്കുന്നു. ആ ചങ്കൂററം എന്ന് കോൺഗ്രസ്സുകാർക്കുണ്ടാകുമോ അന്ന് മാത്രമെ ഇവിടുത്തെ കോൺഗ്രസ്സിനെ ജനങ്ങൾ അംഗീകരിക്കുകയുള്ളൂ. രാഷ്ട്രീയപ്രേരിതമായിട്ടാണ് അന്വേഷണം ഏർപ്പെടുത്തിയതെങ്കിൽ രാഷ്ട്രീയമായി തന്നെ അന്വേഷണത്തെ നേരിടട്ടെ. അതിന് കോൺഗ്രസ്സ് നേതൃത്വം തയ്യാറാകണം.

08-04-1997

## 206

# ഭാരതം എങ്ങോട്ട്

രണ്ടു നൂറ്റാണ്ടുകാലം നീണ്ടുനിന്ന വിദേശമേധാവിത്വം അവസാനിപ്പിച്ച് 1947-ൽ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു അന്ന് ഇന്ത്യയിൽ ഭരണം നടത്തിക്കൊണ്ടിരുന്ന 600-ൽപരം നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിച്ചു. പല നാട്ടുരാജ്യങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ വിസമ്മതം പ്രകടിപ്പിച്ചെങ്കിലും ജനാഭിലാഷത്തിനെതിരെ പോരാടാൻ തയ്യാറാകാതെ ഇന്ത്യൻ യൂണിയനിൽ ലയിക്കുകയായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്ന് ജനകീയമ

www.malankaralibrary.com

ന്ത്രിസഭകൾ അധികാരത്തിൽ വന്നു. സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനു വേണ്ടി കാരാഗ്രഹങ്ങളിൽ കിടന്ന് യാതന അനുഭവിച്ചവരും വെടിയുണ്ടയുടെ മുമ്പിൽ വിരിമാറ് കാണിച്ചവരും അധികാരത്തിൽ കയറി. ആദ്യകാലങ്ങളിൽ തന്നെ പല ജനകീയമന്ത്രിമാരുടെയും പേരിൽ അഴിമതിയാരോപണങ്ങൾ ഉണ്ടായി. ആരോപണം ഉന്നയിച്ചപ്പോൾ ഒരു നിമിഷം കാത്തുനിൽക്കാതെ അധികാരസ്ഥാനങ്ങളിൽനിന്ന് രാജിവെച്ച്, അഴിമതിയാരോപണം ഉന്നയിച്ചവരുടെ പേരിൽ കേസുകൊടുക്കുകയും അന്വേഷണത്തെ ധീരമായി നേരിടുകയും ചെയ്തു. അന്ന് പ്രധാനമായും അഴിമതിയാരോപണം ഉന്നയിക്കുന്നത് സർക്കാർ ജോലിക്കാരുടെ പേരിലായിരുന്നു. കാര്യം കാണാൻ ശിപായിക്ക് ഒരു രൂപാ കൊടുക്കുന്നതും ഓഫീസ് ക്ളർക്കിന് 5 രൂപാ കൊടുക്കുന്നതും ആയിരുന്നു അന്നത്തെ വലിയ അഴിമതികൾ.

ഇന്ന് നാം സ്വാതന്ത്ര്യത്തിന്റെ കനകജൂബിലിയാഘോഷിക്കുകയാണ്. കഴിഞ്ഞ 50 വർഷത്തിനിടയിൽ ഉദ്യോഗസ്ഥന്മാരെ കരുവാക്കിക്കൊണ്ട് ജനകീയമന്ത്രിമാർ അഴിമതി നടത്തിക്കൊണ്ടിരുന്നു. അതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നു. ആരുടെയെങ്കിലും പേരിൽ അഴിമതിയാരോപണം ഉന്നയിക്കുമ്പോൾ അത് രാഷ്ട്രീയപ്രേരിതമെന്നു മുദ്രകുത്തി രക്ഷപെടാനും ശ്രമങ്ങൾ നടന്നിരുന്നു. ഇന്ന് അതെല്ലാം മാറിയിരിക്കുന്നു. കൈക്കൂലി, വ്യാജരേഖ ചമയ്ക്കൽ, കുറ്റകരമായ ഗൂഢാലോചനകൾ എന്നിവക്കെല്ലാം നിരവധി നേതാക്കൾ വിധേയരായി തീർന്നിരിക്കുന്നു. മുൻ പ്രധാനമന്ത്രി തുടങ്ങി കേന്ദ്രമന്ത്രിമാരും സംസ്ഥാനമന്ത്രിമാരും എല്ലാം അതിൽ ഉൾപ്പെടുന്നു. നരസിംഹറാവു, സുഖറാം, സതീഷ് ശർമ്മ, അദ്വാനി, ഖുറാന, ഭൂട്ടാസിംഗ്, ഷീലാകൗൾ, പി.കെ. തുംഗൻ, ജയലളിത, വി.സി.ശുക്ല, സിന്ധ്യാ, ദേവിലാൽ, ശിവശങ്കർ, ആരിഫ്, ശരദ് യാദവ്, കമൽനാഥ് തുടങ്ങിയ രാഷ്ട്രീയ വമ്പൻമാർ കുറ്റപത്രകുരുക്കിൽ ഉൾപ്പെട്ടിരിക്കുകയാണ്. ബീഹാർ മുഖ്യമന്ത്രി ലാലുപ്രസാദ് യാദവ്, കാലിത്തീറ്റ കുംഭകോണകേസ്സിൽ പ്രതിയായിരിക്കുന്നു. 900 കോടി രൂപയുടെ വെട്ടിപ്പുനടന്നുവെന്നാണ് സി.ബി.ഐ. റിപ്പോർട്ട്. ലാലു മുഖ്യമന്ത്രി മാത്രമല്ല, ഒരു രാഷ്ട്രീയപാർട്ടിയുടെ അഖിലേന്ത്യാ നേതാവു കൂടിയാണ്. കോൺഗ്രസ്സ് പാർട്ടിനേതാവ് സീതാറാം കേസരിയുടെ മേൽ എന്തെന്ത് ആരോപണങ്ങളാണ് വന്നിരിക്കുന്നത്. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നുണ്ട്. കൈക്കൂലിയും വ്യാജരേഖചമക്കലും വിശ്വാസവഞ്ചനയും ഗൂഢാലോചനകൾ നടത്തുന്നതും ഒരു കക്ഷിയിൽപ്പെട്ടവർ മാത്രമല്ല; എല്ലാ കക്ഷിയിൽപ്പെട്ടവരും അതിൽ ഉൾപ്പെടുന്നുണ്ട്. കൂടുതൽ സൗകര്യം ലഭിച്ചവർ കൂടുതൽ കട്ടു എന്നു മാത്രം. മറ്റുള്ളവർക്ക് അത്രയും സൗകര്യം ലഭിക്കുന്നില്ലാ എന്നുള്ളതുകൊണ്ട് അവർ അത്രയും നടത്തിയില്ലെന്നുമാത്രം.

പണ്ട് ഒരാൾ ഒരു സുഹൃത്തിനോട് ചോദിച്ചു. നീ മനക്കലെ ചോറുണ്ണുമോയെന്ന്. സുഹൃത്ത് പറഞ്ഞു. ഉണ്ണുകയില്ലെന്ന്. എന്തുകൊണ്ടാണ് നീ ഉണ്ണുകയില്ലാത്തതെന്ന് വീണ്ടും ചോദിച്ചു. അപ്പോൾ കിട്ടിയ ഉത്തരം കിട്ടുകയില്ലാഞ്ഞിട്ടാണ് എന്നാണ്. ഇതുതന്നെയാണ് പല രാഷ്ട്രീയക്കാരുടെയും നിലപാട്. അഴിമതി നടത്താൻ സൗകര്യം ലഭിക്കാത്തതുകൊണ്ടുമാ

www.malankaralibrary.com

ത്രമാണ് അവർ അഴിമതി നടത്താത്തത്.

കോടിക്കണക്കിന് രൂപയുടെ അഴിമതിയാരോപണങ്ങൾക്ക് വിധേയരായി കഴിയുമ്പോഴും അഴിമതിക്ക് വിധേയരായവർ പറയുന്നു. ഈ ആരോപണം രാഷ്ട്രീയപ്രേരിതമാണ്, ഞാൻ അധികാരത്തിൽനിന്ന് രാജി വയ്ക്കുകയില്ലെന്ന്. ആ പാർട്ടിയിലെ അനുയായികളും അതുതന്നെ പറയുന്നു. രാജി വയക്കേണ്ടായെന്ന്. എന്തൊരു നിർഭാഗ്യകരമായ അവസ്ഥയാണിത്. അഴിമതിക്ക് വിധേയരായവർ രാജിവച്ച് അന്വേഷണത്തെ നേരിട്ട് തങ്ങളുടെ നിരപരാധിത്വം തെളിയിക്കുമെന്നുപറയാൻ ഒരു നേതാവും ഇന്നുവരെ തയ്യാറായിട്ടില്ലെന്നതാണ് ഏറ്റം ദുഃഖകരം. ഈ നിലപാട് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെ അപകടത്തിലേക്ക് നയിക്കുകതന്നെ ചെയ്യും.

ഒരു സുപ്രഭാതത്തിൽ കേന്ദ്രസർക്കാരിനുള്ള പിന്തുണ കോൺഗ്രസ്സ് പിൻവലിച്ചു. ദേവഗൗഡാ മന്ത്രിസഭയുടെ പതനത്തിൽ ആ സംഭവം ചെന്നു കലാശിച്ചു. എന്തു തത്വത്തിന്റെ അടിസ്ഥാനത്തിലാണ് പിന്തുണ പിൻവലിച്ചത് എന്ന കാര്യം ഇന്നും ഉത്തരം കിട്ടാതെ കിടക്കുന്നു. അത് വിശദീകരിക്കാനും ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും കോൺഗ്രസ്സ് പാർട്ടി പോലും താല്പര്യം കാണിച്ചില്ല. ഓരോ കോൺഗ്രസ്സ് നേതാവും ഡൽഹിയിൽ എത്തി അധികാരകേന്ദ്രങ്ങളുടെ ചുറ്റും കൂടി പിന്തുണ പ്രഖ്യാപിച്ചു സംതൃപ്തിയടയുകയാണ്. സംഘടനാപ്രവർത്തനത്തിന്റെ സാമാന്യമര്യാദയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ വാർഡുതലത്തിലും ബ്ലോക്കുതലത്തിലും ജില്ലാതലത്തിലുമൊക്കെ വിശദീകരണയോഗങ്ങൾ നടത്തി കോൺഗ്രസ്സിന്റെ നിലപാട് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുമായിരുന്നു. അതിനൊന്നും ആർക്കും താല്പര്യമില്ല. സീതാറാം കേസരിയുടെ മേലുള്ള നിരവധി കേസുകൾ ശക്തിപ്രാപിക്കുമെന്നുള്ള നില വന്നപ്പോഴാണ് മന്ത്രിസഭാ പ്രതിസന്ധി സൃഷ്ടിക്കാൻ കോൺഗ്രസ്സ് ശ്രമിച്ചതെന്ന് ആരെങ്കിലും വിശ്വസിച്ചാൽ അവരെ കുറ്റപ്പെടുത്തുവാൻ സാധിക്കുമോ.

മന്ത്രിസഭാ പ്രതിസന്ധി എല്ലാ പാർട്ടികളിലും അമ്പരപ്പുളവാക്കി. രാജ്യം ഒരു പൊതുതിരഞ്ഞെടുപ്പിനെ നേരിടേണ്ടെന്നും അധികാരം പങ്കിട്ടെടുക്കാമെന്നും എല്ലാവരുംകൂടെ തീരുമാനിച്ചു. അങ്ങനെ ഒരു പ്രശ്നം പരിഹരിച്ചു. എല്ലാ പാർട്ടികളും ഒന്നുപോലെ പ്രഖ്യാപിച്ച ഒരു കാര്യമുണ്ട്. ഒരു പൊതുതിരഞ്ഞെടുപ്പിന് രാഷ്ട്രം വിധേയമായാൽ 500 കോടി രൂപാ ചിലവ് വരുമെന്ന്. അത്ര വലിയ ഒരു സാമ്പത്തികഭാരം വഹിക്കുവാൻ രാഷ്ട്രത്തിന് കെല്പില്ലെന്ന്. ഈ കാര്യത്തിൽ എല്ലാവരും ഏക അഭിപ്രായക്കാരാണ്. പക്ഷെ ഒരു സത്യം അവർ വിസ്മരിക്കുന്നു. ഇവിടുത്തെ ഒരു സംസ്ഥാനമന്ത്രി നടത്തുന്ന വെട്ടിപ്പ് 900 കോടി രൂപയുടേതാണ്. ഹവാല ഇടപാടുകളിൽകൂടി കോടിക്കണക്കിന് രൂപയാണ് രാഷ്ട്രീയനേതാക്കൾ രാഷ്ട്രത്തിന് നഷ്ടം വരുത്തിയിരിക്കുന്നത്. മദ്രാസ് മുഖ്യമന്ത്രിയായിരുന്ന ജയലളിതയുടെ പേരിൽ ആയിരക്കണക്കിന് കോടി രൂപയുടെ വെട്ടിപ്പ് നടത്തിയതായാണ് റിപ്പോർട്ട്. ഒരു ജനകീയ മന്ത്രി നടത്തിയ വെട്ടിപ്പിന്റെ തുകപോലും ഒരു പൊതുതിരഞ്ഞെടുപ്പിന് വേണ്ടി വരുന്നില്ലായെന്നുള്ള യാഥാർത്ഥ്യം ജനങ്ങൾക്കറിയാം. എന്നാൽ സാമ്പത്തി

www.malankaralibrary.com

കഭാരം എന്ന ആയുധം ജനങ്ങളെ കാണിച്ച് ഭയപ്പെടുത്തി തെരഞ്ഞെടുപ്പിൽനിന്നും ഒളിച്ചോടുകയാണ് ഈ ജനപ്രതിനിധികൾ. ആറുമാസമെങ്കിലും ഭരണം പങ്കുവെച്ച് കഴിയുന്നതും നേട്ടമുണ്ടാക്കാമെന്ന കാര്യത്തിൽ സകലജനപ്രതിനിധികളും ഏകാഭിപ്രായക്കാരാണ്. ഈ ഏച്ചുകെട്ടലിനേക്കാൾ നല്ലത് പൊതുതിരഞ്ഞെടുപ്പ് തന്നെയാണ്. ഇന്നത്തെ സാഹചര്യത്തിൽ ഐക്യമുന്നണി മന്ത്രിസഭകൾക്കേ ഭാരതത്തിൽ രക്ഷയുള്ളൂ. ഈ മുന്നണി മന്ത്രിസഭ ഒരു വിലപേശൽ മന്ത്രിസഭയായിരിക്കും. ആർക്കും ആരെയും ഭയപ്പെടേണ്ടാത്ത ഒരു മന്ത്രിസഭയിലെ അംഗങ്ങൾ വിലപേശലിലൂടെ സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കുവാൻ ശ്രമിക്കുമെന്ന് കഴിഞ്ഞകാലാനുഭവങ്ങൾ തെളിയിക്കുകയാണ്. ഇന്നത്തെ ഈ രാഷ്ട്രീയപ്രതിസന്ധികളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുകയും ഒരു പുതിയ സമൂഹസൃഷ്ടിക്കുവേണ്ടി ചിന്തിക്കുവാൻ എല്ലാവരും തയ്യാറാവുകയും ചെയ്യേണ്ടിയിരിക്കുന്നു.

05-05-1997

## 207

# ക്രൈസ്തവരുടെ സഹിഷ്ണുത ബലഹീനതയായി കരുതരുത്

*കത്തോലിക്കാ കോൺഗ്രസ്സ്*

ക്രിസ്ത്യാനികൾക്ക് ദൈവപുരുഷനും ലോകജനതയ്ക്ക് ആരാധനാമൂർത്തിയുമായ യേശുക്രിസ്തുവിനെ ഭീരുവും വിഷയലമ്പടനും സാമൂഹ്യവിരുദ്ധനുമായി ചിത്രീകരിക്കുന്നതിൽ ചില സാഹിത്യകാരന്മാരും മാതൃഭൂമി പോലുള്ള ചില പ്രസിദ്ധീകരണങ്ങളും അടുത്ത കാലത്ത് മനഃപൂർവ്വം ശ്രമിച്ചു വരുന്നതായി കാണുന്നതിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് ശക്തിയായി പ്രതിഷേധിച്ചു. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ ക്രൈസ്തവർ കാണിക്കുന്ന സഹിഷ്ണുത ഒരു ബലഹീനതയായി സാഹിത്യകാരന്മാരും പ്രസിദ്ധീകരണക്കാരും കണക്കാക്കരുതെന്നും ഇന്നിവിടെ കോട്ടയത്ത് എ.കെ.സി.സി. രജി. ഓഫീസിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിററി അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞിരിക്കുന്നു.

യോഗത്തിൽ പ്രസിഡന്റ് ജോൺ കച്ചിറമററം ആദ്ധ്യക്ഷം വഹിച്ചു. പ്രമേയത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

ക്രിസ്ത്യാനികൾക്ക് ദൈവപുരുഷനും ലോകജനതയ്ക്ക് ആരാധനാമൂർത്തിയുമായ യേശുക്രിസ്തുവിനെ ഭീരുവും വിഷയലമ്പടനും സാമൂഹ്യവിരുദ്ധനുമായി ചിത്രീകരിക്കുന്നതിൽ ചില സാഹിത്യകാരന്മാരും മാതൃഭൂമി പോലുള്ള ചില പത്രങ്ങളും അടുത്തകാലത്ത് മനഃപൂർവ്വം ശ്രമിച്ചു വരുന്നതായി കാണുന്നതിൽ ഞങ്ങൾക്ക് ഏറെ മനോവേദനയുണ്ട്. ഡി.വിനയചന്ദ്രന്റെ മഗ്ദലനമറിയം എന്ന കവിത മുതൽ അടുത്തിടയ്ക്കിറങ്ങിയ കണ്ണാടി കൺ

www.malankaralibrary.com

മോളവും എന്ന കഥവരെ പ്രസിദ്ധീകരിച്ച മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഇത്തരം സൃഷ്ടികൾക്ക് നൽകുന്ന ദുരുദ്ദേശപരമായ പ്രോത്സാഹനങ്ങൾക്കു ഉദാഹരണ മായി ഞങ്ങൾ കണക്കാക്കുന്നു. ദൈവീകജനനമായിരുന്നു ക്രിസ്തുവിന്റേ തെന്ന് വി.ഖുറാൻ പോലും സിദ്ധാന്തിക്കുന്നു. സ്ത്രീ പുരുഷ സംസർഗ്ഗം കൂടാതെയും മനുഷ്യൻ ജനിക്കുമെന്ന് ആധുനികശാസ്ത്രം തെളിയിച്ചിരിക്കു മ്പോൾ ദൈവീകശക്തിയാൽ അതു സംഭവിക്കുമെന്നു വിശ്വസിക്കുന്നവരെ പരിഹസിച്ചുകൊണ്ട് ക്രിസ്തുവിനെ ഒരു ജാരസന്തതിയായി ചിത്രീകരിക്കുന്ന ദുഷ്ടബുദ്ധി അക്ഷന്തവ്യമല്ലയോ? ചരിത്രപുരുഷനായ ക്രിസ്തുവിനെ കേവല ഭാവനയുപയോഗിച്ച് കരിതേച്ചു വികൃതനാക്കികാണിക്കുന്നത് അനീതിയാണ്. സ്വാമി വിവേകാനന്ദൻ മുതൽ രംഗനാഥാനന്ദസ്വാമി വരെയുള്ള ഭാരതീയ മഹാപുരുഷന്മാർക്ക് സമാരാധ്യനായ ക്രിസ്തുവിനെ അകാരണമായി അധിക്ഷേ പിക്കുന്നതിന് ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ചില വികല ബുദ്ധി ജീവികൾ ശ്രമിക്കുമ്പോൾ യേശുദേവന്റെ കർത്താവായ കെ.പി.കേശവമേനോൻ ഊട്ടിവളർത്തിയ ഒരു പത്രം അതിനു നിരന്തരം പ്രസിദ്ധീകരണം നൽകു ന്നതാണ് പരിതാപകരമായിരിക്കുന്നത്. കൗസല്യാദേവി പായസഭക്ഷണം കഴിച്ചതിൽ നിന്നും ശ്രീരാമൻ ജനിച്ചു എന്ന കഥയെ ഒരു ജാരസംസർഗ്ഗ കഥയായി ചിത്രീകരിക്കുകയോ, ശ്രീരാമൻ ശൂർപ്പണഖയുടെ ചുംബനമേററ് അവളുടെ മടിയിൽ തലപൂഴ്ത്തി കിടന്നുവെന്നു ഭാവന ചെയ്യുകയോ ചെയ്താൽ സുബുദ്ധിയായ ഒരു ഭാരതീയനും അത് സഹിക്കുകയില്ല. മുഹമ്മദ് നബിയെപ്പററി ഇല്ലാവചനങ്ങൾ എഴുതിയ സൽമാൻ റഷീദിയെ അഭിനന്ദിക്കുവാനും സമനില തെററാത്തവരാരും മുതിരുകയില്ല.

അത്തരം ഗുരുനിന്ദകളുടെ ഭവിഷ്യത്തറിയാവുന്ന എഴുത്തുകാർ അവരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് വേണ്ടുവോളം കടിഞ്ഞാണിടുകയും ചെയ്യുന്നുണ്ട്. എന്നാൽ ക്രിസ്ത്യാനികളുടെ സഹിഷ്ണുത പരീക്ഷിക്കുന്നതി ലാണ് ആവിഷ്ക്കാര സ്വാതന്ത്ര്യവാദികൾക്ക് ഇപ്പോൾ ഉത്സാഹം. അതിനു രംഗമൊരുക്കിക്കൊടുക്കുന്ന പത്രമാസികകൾ ജനങ്ങളുടെ സമാധാന ജീവിതത്തെ ഭഞ്ജിക്കുന്ന ദേശദ്രോഹപരമായ കൃത്യമാണു ചെയ്യുന്നതെന്ന് അവരെ അനുസ്മരിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിൽ ഞങ്ങൾക്കുള്ള അമർഷവും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഞങ്ങളുടെ ക്ഷമ ഒരു ദൗർബല്യമായി കരുതുന്ന പക്ഷം നിർമത്സരബുദ്ധികളായ സജ്ജനങ്ങളുടെ സഹകരണത്തോടെ ക്രൈസ്തവർക്ക് പ്രതിഷേധകർമ്മപരി പാടികളിലേക്ക് കടക്കേണ്ടി വരുമെന്ന് അറിയിക്കുവാനും ഞങ്ങളാഗ്രഹിക്കുന്നു. അതിന്റെ പൂർണ്ണ ഉത്തരവാദിത്വവും മാതൃഭൂമിക്കും കൂട്ടാളികൾക്കുമായിരിക്കും എന്ന് അറിയിക്കട്ടെ.

ക്രിസ്തുവിനെ ദൈവമായി ആരാധിക്കുന്നവരും മഹാപുരുഷനായി ബഹുമാനിക്കുന്നവരുമായ കോടിക്കണക്കിന് ജനങ്ങളെ വേദനിപ്പിക്കുന്നവിധം കഥകൾ എഴുതുന്ന സാഹിത്യകാരന്മാരും അത് പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണ ഉടമകളും ഈ നാട്ടിലെ ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാ ക്കണമെന്നും തങ്ങളുടെ തെററുകൾ തിരുത്തുവാൻ തയ്യാറാകണമെന്നും അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് താല്പര്യപ്പെടുന്നു.

www.malankaralibrary.com

യോഗത്തിൽ പ്രൊഫ. മാത്യു ഉലകും തറ, ഡോ.സിറിയക് തോമസ്, ഇ.ജെ. ലൂക്കോസ് എക്സ്.എം.എൽ.എ. വി.ഐ. ആന്റണി, അഡ്വ.സി.ജോസഫ് ഫിലിപ്പ്, ആന്റണി വള്ളമററം, അഡ്വ. ഇ.എം. ജോസഫ്, വി.എ.വർഗീസ് (തൃശൂർ) അഡ്വ.ജോസ്.പി.ജോർജ്, അഡ്വ.ജിജി സെബാസ്റ്റ്യൻ, ജോസഫ് കുടപ്പുഴ, ജയിംസ് മുതിരപ്പറമ്പിൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

**208**

# ഇന്ത്യൻ ജനതയുടെ വിജയം

ഭാരതം സ്വാതന്ത്ര്യത്തിന്റെ കനകജൂബിലി ആഘോഷിക്കുമ്പോൾ മലയാളിയായ ശ്രീ. കെ.ആർ. നാരായണൻ ഭാരതത്തിന്റെ രാഷ്ട്രപതിയായി ഇരുപത്തൊന്നാംനൂററാണ്ടിലേക്ക് ഇന്ത്യയെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. ഭാരതത്തിൽ നൂററാണ്ടുകളായി നിലനിന്ന സാമൂഹ്യദുരാചാരങ്ങളുടെമേൽ ഇന്ത്യൻ ജനത നേടിയ വിജയമാണിത്.

അയിത്തജാതിക്കാർക്ക് നീതി നിഷേധിച്ചിരുന്ന ഈ കൊച്ചു തിരുവിതാംകൂറിൽ അയിത്തജാതിയിൽ ജനിച്ച് ഇന്ത്യയിൽ നിലനിന്ന സാമൂഹിക ദുരാചാരങ്ങൾ അനുഭവിച്ചറിഞ്ഞ് സ്വപ്രതിഭയാൽ വളർന്നുവന്ന - ശ്രീ. കെ.ആർ നാരായണനു മുൻപിൽ ഭാരതജനത ശിരസ്സു നമിച്ച് നിൽക്കുകയാണിന്ന്. ഈ ധന്യനിമിഷത്തിൽ, സാമൂഹ്യനീതിക്കുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ച വ്യക്തികൾക്കും സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സന്തോഷിക്കാം. സാമൂഹ്യനീതിക്കുവേണ്ടിയുള്ള ക്രൈസ്തവസമൂഹത്തിന്റെ നൂററാണ്ടുകളായിട്ടുള്ള പരിശ്രമത്തിന്റെ ഉജ്ജ്വലവിജയമാണിത്. ക്രൈസ്തവർ സ്ഥാപിച്ചു നടത്തിയ വിദ്യാലയങ്ങളും ആ വിദ്യാലയങ്ങളിൽനിന്നു ലഭിച്ച സാമൂഹ്യബോധവും ഭാരതത്തെ ഇന്നത്തെ നിലയിൽ എത്തിച്ചുവെന്ന് നമുക്കഭിമാനിക്കാം.

ലോകത്തിലെ ഏററവും വലിയ ജനാധിപത്യരാജ്യമാണ് ഭാരതം. ആ രാജ്യത്തിന്റെ പരമോന്നത സ്ഥാനത്തേക്ക് -രണ്ടുനൂററാണ്ടുകളുടെ ഈ സംക്രമവേളയിൽ - തിരഞ്ഞെടുക്കപ്പെട്ട പണ്ഡിതനും പക്വമതിയും വിശാലഹൃദയനും അടിച്ചമർത്തപ്പെട്ടവരുടേയും അവഗണിക്കപ്പെട്ടവരുടേയും വികാരവിചാരങ്ങൾ അനുഭവിച്ചറിഞ്ഞവനുമായ ശ്രീ. കെ.ആർ. നാരായണൻ തിരഞ്ഞെടുക്കപ്പെട്ടതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ആ മഹാത്മാവിന് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

05-08-1997

www.malankaralibrary.com

209

# പ്ലസ് ടു ഒരു സമുദായം കുറെ സത്യങ്ങൾ

പ്രീഡിഗ്രി വേർപെടുത്തി ഈ അദ്ധ്യയനവർഷംതന്നെ പ്ലസ്ടു ആരംഭിക്കുവാൻ ഇടതുപക്ഷഗവൺമെന്റ് ആറുമാസം മുൻപ് തീരുമാനിക്കുകയുണ്ടായി. മൂന്നിലൊന്ന് പ്രീഡിഗ്രി സീററുകൾ പ്ലസ് ടുവിലേക്ക് മാററാനായിരുന്നു സർക്കാർ തീരുമാനം. സ്വകാര്യസ്കൂളുകളിലും സർക്കാർ സ്കൂളുകളിലും "പ്ലസ് ടു" കോഴ്സുകൾ ഈ വർഷംമുതൽ ആരംഭിക്കുവാനും തീരുമാനമെടുത്തു. ഈ നിശ്ചയം നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസവകുപ്പ് സജീവ പരിഗണന നൽകി പ്രവർത്തനം ആരംഭിച്ചു. ഈ സ്കൂൾവർഷം പ്ലസ് ടു കോഴ്സ് ആരംഭിക്കുവാനുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളും ഏറെക്കുറെ പൂർത്തിയായി. ഇടതുപക്ഷഗവൺമെന്റിന്റെ ഈ പൊതുതീരുമാനത്തിനെതിരെ, ഇടതുപക്ഷമുന്നണിയിലെ പ്രമുഖകക്ഷിയായ സി.പി.എം.ന്റെ പോഷകസംഘടനകളായ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. തുടങ്ങിയ സംഘടനകൾ രംഗത്തെത്തി. പ്ലസ് ടു ആരംഭിക്കുന്നതിനെതിരെ പ്രകടനങ്ങളും പൊതുയോഗങ്ങളും അവർ സംഘടിപ്പിച്ചു. ഈ സന്ദർഭത്തിൽ സാക്ഷാൽ സി.പി.എം. തന്നെ രംഗത്തെത്തി. "ആശയക്കുഴപ്പം ഒഴിവാക്കിയ ശേഷം മാത്രം പ്ലസ് ടു ആരംഭിച്ചാൽ മതിയെന്നും ഈ വർഷം തുടങ്ങയാൽ തന്നെ പരിമിതമായ സർക്കാർ സ്ക്കൂളുകളിൽ മാത്രം മതിയെന്നും" സി.പി.എം. അഭിപ്രായപ്പെട്ടു. അനവസരത്തിലുള്ള ഈ പ്രഖ്യാപനം സി.പി.എം. ന്റെ വൻ പാർട്ടി മനോഭാവത്തിന്നുദാഹരണമാണ്. മന്ത്രിസഭാതീരുമാനമനുസരിച്ച് വിദ്യാഭ്യാസവകുപ്പിനേയും വിദ്യാഭ്യാസമന്ത്രിയേയും സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവദിക്കുകയില്ലെന്നുള്ള ധിക്കാരമായ മനോഭാവമാണ് സി.പി.എം. ന്റെ ഈ ചുവടു മാററത്തിൽ കാണുന്നത്.

മതത്തിനും വർഗ്ഗീയതക്കും അതീതമായി നിലകൊള്ളുന്നുവെന്ന് അവകാശപ്പെടുന്ന സി.പി.എം. എന്ന രാഷ്ട്രീയകക്ഷിയുടെ നേതാവ് ശ്രീ. ലോറൻസിന്റെ പ്രസ്താവനയിൽ ഇങ്ങനെ കാണുന്നു."സർക്കാർ സ്കൂളുകളിൽ മാത്രമായി ഈ വർഷം കോഴ്സുകളാരംഭിക്കുവാൻ തീരുമാനിച്ചത് സൗകര്യക്കുറവുകൊണ്ടല്ലെന്ന് യോഗം വ്യക്തമാക്കി. വിവിധ സമുദായങ്ങൾ ഈ മേഖലയിൽ ഉള്ളതിനാൽ പല താൽപര്യങ്ങളും തർക്കങ്ങളുമുണ്ടാകും. ഇതൊക്കെ ഒഴിവാക്കി കോഴ്സ് അനുവദിക്കുന്നതിനാണ് ഒരു വർഷത്തേക്ക് മാററി വച്ചത്." ജാതി മത വർഗ്ഗ ചിന്തകൾക്കതീതമായി നിലകൊള്ളുന്ന ഒരു പാർട്ടിയുടെ പുത്തൻ നയം!

പ്ലസ് ടുവിനെതിരെയും മന്ത്രി ശ്രീ. പി.ജെ. ജോസഫിനെതിരെയും തുറന്ന യുദ്ധം ആദ്യമായി പ്രഖ്യാപിച്ചത് എസ്.എൻ.ഡി.പി. യുടെ നേതാവ് വെള്ളാപ്പള്ളി നടേശനാണ്. ഒരു പ്രത്യേക സമുദായത്തിനുമാത്രം പ്ലസ് ടു അനുവദിക്കാനുള്ള തത്രപ്പാടിലാണ് മന്ത്രി ജോസഫ് എന്നാണ് നടേശന്റെ കണ്ടുപിടുത്തം.

www.malankaralibrary.com

വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ വിവിധ സമുദായങ്ങൾ വഹിച്ച പങ്കിനെ പററി വിസ്മരിച്ചുകൊണ്ടാണ് നടേശൻ ഈ പ്രസ്താവന നടത്തിയത്. വിദ്യാർത്ഥികളുടെ പ്രവേശനത്തിനും അദ്ധ്യാപക നിയമനത്തിനും കോഴ വാങ്ങിക്കുവാനുള്ള സാഹചര്യം മുന്നിൽ കണ്ടുകൊണ്ടാണ് ഇവിടെ പല സമുദായങ്ങളും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുവാൻ തയ്യാറായി മുന്നോട്ടു വന്നതെന്നുള്ള വസ്തുത ശ്രീ. നടേശൻ മനസിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉത്തരവാദ ഭരണ പ്രക്ഷോഭണം നടന്നപ്പോൾ ഉത്തരവാദ ഭരണ പ്രക്ഷോഭണത്തെ ഒററിക്കൊടുത്തുകൊണ്ട് സർ സി.പി. വച്ചു നീട്ടിയ രൂപയും സ്ഥലവും കൈവശപ്പെടുത്തി വിദ്യാലയങ്ങൾ സ്ഥാപിച്ച് – സേവനം നടത്തിയ സമുദായങ്ങളുടെ ചരിത്രവും നമുക്കറിയാവുന്നതാണ്. സർ. സി.പി. പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുവാൻ ശ്രമിച്ചപ്പോൾ സ്വമനസ്സാലെ പ്രൈമറി വിദ്യാലയങ്ങൾ സർക്കാരിലേക്ക് എഴുതിക്കൊടുത്ത് ദിവാൻ സർ സി.പി.യെ പ്രീതിപ്പെടുത്തിയ ചരിത്രവും നമ്മുടെ ഓർമ്മയിൽ തെളിഞ്ഞുനിൽക്കുന്നുണ്ട്. സർ. സി.പി. യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെ ക്രൈസ്തവസമൂഹം സന്ധിയില്ലാസമരം നടത്തിക്കൊണ്ടിരുന്നപ്പോൾ – ആ സമരത്തെ പൊളിക്കുന്നതിനുവേണ്ടിയാണ്, സ്വന്തം വിദ്യാലയങ്ങൾ സർ സി.പി. ക്കു മുൻപിൽ അടിയറ വെക്കുവാൻ, ചില സമുദായങ്ങൾ തയ്യാറായി മുന്നോട്ടു വന്നത്. അങ്ങിനെ ഒരു സമുദായത്തെ തോൽപ്പിക്കുവാൻ വേണ്ടി ആദർശശുദ്ധിയില്ലാതെ പ്രവർത്തിച്ചവരാണ് പ്ലസ് ടൂവിന്റെ പങ്കുവക്കൽ വാദവുമായി മുന്നോട്ടു വന്നിരിക്കുന്നത്.

അർഹതയുള്ള സ്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കുന്നതിൽ ക്രൈസ്തവ സമുദായത്തിന് സന്തോഷമേയുള്ളു. സൗകര്യങ്ങളില്ലെങ്കിൽ സർക്കാർ സ്കൂളുകളിലാണെങ്കിലും പ്ലസ് ടു അനുവദിക്കുന്നത് ശരിയല്ല. കൂടുതൽ സൗകര്യങ്ങൾ എൻ.എസ്സ്.എസ്സ്. ന്റേയോ എസ്സ്.എൻ.ഡി.പി. യുടേയോ, എം.ഇ. എസ്സിന്റേയോ സ്കൂളുകളിലാണ് ഉള്ളതെങ്കിൽ അവിടെ പ്ലസ് ടൂ അനുവദിക്കണം. ക്രൈസ്തവമാനേജ്മെന്റുകളുടെ സ്കൂളുകളിലാണ് കൂടുതൽ സൗകര്യങ്ങൾ ഉള്ളതെങ്കിൽ അവർക്ക് മുൻഗണന നൽകണം. അവിടെ പങ്കുവക്കലിന് സമുദായത്തിന്റെ പ്രാതിനിദ്ധ്യം നോക്കുന്നത് ഒരു ഗവൺമെന്റിനും പ്രത്യേകിച്ച് ഇടതുപക്ഷ ഗവൺമെന്റിന് ഭൂഷണമല്ല.

ക്രൈസ്തവ മാനേജ്മെന്റുകളിൽ "പ്ലസ് ടൂ" അനുവദിക്കുന്നതിനെ എതിർക്കുന്നവരോട് ഏതാനും കാര്യങ്ങൾ വിനയപൂർവ്വം അറിയിക്കട്ടെ. ഏതാണ്ട് അഞ്ചു നൂററാണ്ടുകളായി ക്രൈസ്തവർ വിദ്യഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഒന്നരശതവർഷത്തിലധികമായി ക്രിസ്ത്യാനികളുടെ സർവ്വപ്രധാനമായ ശ്രദ്ധ വിദ്യാഭ്യാസത്തിലായിരുന്നു. ഇന്ന് ക്രൈസ്തവർക്ക് പ്ലസ് ടൂ കോഴ്സുകൾ നടത്താൻ അനുവാദം കൊടുക്കരുതെന്ന് വാദിക്കുന്നവർക്കും അവരുടെ മുൻതലമുറക്കാർക്കും അതുപറയാൻ മാത്രം വിദ്യ നൽകിയത് ക്രൈസ്തവസമുദായം നടത്തിയ വിദ്യഭ്യാസ സ്ഥാപനങ്ങളാണെന്നുള്ളത് ഞങ്ങൾ സ്മരിക്കുന്നു.

www.malankaralibrary.com

വിദ്യഭ്യാസരംഗത്ത് സർക്കാരും സാമൂഹ്യസംഘടനകളും ശ്രദ്ധിക്കാതിരുന്ന ഒരു കാലഘട്ടത്തിലാണ് ക്രൈസ്തവസമുദായം വിദ്യാലയങ്ങൾ സ്ഥാപിച്ച് നടത്തിയത്. മററ് സമുദായങ്ങൾ അവരുടെ ആരാധനാലയങ്ങളിൽ സ്വർണ്ണകുമ്പാരങ്ങൾ സൃഷ്ടിച്ച് സമ്പത്ത് വർദ്ധിപ്പിക്കാൻ ശ്രമിച്ചപ്പോൾ, ക്രൈസ്തവർ പൊൻകുരിശും പൊൻ അരുളിക്കായും വിററാണ് പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചത്. അത് എന്തിനു വേണ്ടിയായിരുന്നു? ക്രൈസ്തവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി മാത്രമായിരുന്നില്ല. ഇന്ത്യയുടെ സാംസ്കാരികവും ധാർമ്മികവും പൗരപരവും ദേശീയവുമായ പുരോഗതി ലക്ഷ്യമാക്കി എല്ലാ ജനവിഭാഗത്തിനും വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയായിരുന്നു. സർക്കാർ ഖജനാവിൽ നിന്നും ചിലവ് ചെയ്ത് സ്ഥാപിച്ച സർക്കാർ വിദ്യാലയങ്ങളിൽ, അയിത്ത ജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്ന ഒരു കാലഘട്ടത്തിൽ, പൊൻകുരിശും, പൊൻ അരുളിക്കയും വിററു കിട്ടിയ പണം കൊണ്ട് ക്രൈസ്തവർ സ്ഥാപിച്ചു നടത്തിയ വിദ്യാലയങ്ങളിൽ അയിത്തജാതിക്കാരെ സവർണ്ണരോടൊപ്പമിരുത്തി, വിദ്യ അഭ്യസിപ്പിച്ചു എന്ന ചരിത്രം വെള്ളാപ്പള്ളിനടേശനെപ്പോലെയുള്ളവർ വിസ്മരിക്കരുതെന്ന് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈഴവ സമുദായ നേതാവായിരുന്ന സി.വി. കുഞ്ഞിരാമന്റെ വാക്കുകൾ സ്മരണാർഹമാണ്. "അധഃകൃതോദ്ധാരണത്തിനായി ക്രൈസ്തവമിഷണറിമാർ ചെയ്ത് വരുന്ന യത്നങ്ങളും അതിനായി അവർ സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളും അതിന് വേണ്ടി അവർ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും സംഭരിച്ച് ഇവിടെ കൊണ്ട് വന്ന് ചെലവാക്കിയിട്ടുള്ള പണവും എത്രയാണെന്ന് ഒരു കണക്കുമില്ല. സർക്കാർ സ്കൂളുകളിൽ പ്രവേശനമില്ലാതിരുന്ന കാലത്ത് ഈഴവർക്കും മററും വിദ്യ പ്രദാനം ചെയ്ത് വന്നത് ക്രൈസ്തവ മിഷണറിമാരുടെ ധർമ്മ പള്ളിക്കൂടങ്ങളിലായിരുന്നു. ജാതി സംബന്ധമായ ശല്യങ്ങളുടെ നിവാരണത്തിനുവേണ്ടി അവർ എന്തുമാത്രം ശ്രമിച്ചിട്ടുണ്ടെന്ന് അവർണ്ണ സ്ത്രീകൾ നഗ്നത മറച്ച് നടക്കുവാനുള്ള അവകാശസ്ഥാപനത്തിനുവേണ്ടി അവർ നടത്തിയിട്ടുള്ള പോരാട്ടത്തിന്റെ ചരിത്രത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്."

മറെറാരു ഈഴവ നേതാവായിരുന്ന കെ. അയ്യപ്പന്റെ വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ. "മുൻപ് എല്ലാ വിഭാഗക്കാർക്കും എല്ലാ വിദ്യാലയങ്ങളിലും പ്രവേശനമില്ലായിരുന്നു. അന്ന് ക്രിസ്ത്യൻ മിഷണറിമാർ നടത്തിയിരുന്ന വിദ്യാലയങ്ങളായിരുന്നു അധഃസ്ഥിത വർഗ്ഗക്കാർക്ക് വിദ്യാഭ്യാസം നിർവഹിക്കാനുള്ള രംഗമായുണ്ടായിരുന്നത്."

വിവിധ ജാതി മത വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരേ അന്തരീക്ഷത്തിൽ ശിക്ഷണം നൽകിക്കൊണ്ട് ഇന്ത്യയിൽ സാർവ്വത്രികമായിരുന്ന ജാതീയമായ ഭിന്നതകളെയും മുൻവിധികളെയും പ്രതിബന്ധങ്ങളെയും തട്ടി നീക്കുന്നതിനും രാജ്യത്തിലെ വിവിധ ശക്തികളെ തമ്മിൽ കൂട്ടിയിണക്കുന്നതിനും ജാതി വ്യത്യാസവും വർഗ്ഗീയതയുമെന്ന തിൻമകളെ ഒരു പരിധി വരെ അമർച്ചചെയ്യുന്നതിനും ക്രിസ്തീയവിദ്യാലയങ്ങൾക്ക് സാധിച്ചിരിക്കുന്നു. അങ്ങനെ ഇന്ത്യയുടെ സംസ്കാരത്തിനും ജീവിതരീതിക്കും ഗണ്യമായ

www.malankaralibrary.com

പുരോഗതി നേടി കൊടുക്കുന്നതിനും സാധിച്ചിരിക്കുന്നു. കേരളം ഇന്ന് സാക്ഷരതയിൽ മുന്നിട്ട നിൽക്കുന്നതിന്റെ പ്രധാന കാരണം ക്രൈസ്തവരുടെ വിദ്യാഭ്യാസരംഗത്തെ സേവനങ്ങളാണ്. ആധുനികരീതിയിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയതും സ്ത്രീ വിദ്യാഭ്യാസത്തിന് പ്രചോദനം നൽകിയതും ക്രൈസ്തവർ തന്നെയാണ്.

ക്രൈസ്തവ മാനേജ്മെന്റുകൾക്ക് "പ്ലസ് ടു" കോഴ്സ് നടത്താൻ അനുവാദം നൽകുന്നതിൽ അസഹിഷ്ണുക്കളായ നേതാക്കൾ മദ്രാസിലെ ഹൈന്ദവ നേതാവായിരുന്ന എം.വി. അരുണാചലത്തിന്റെ വാക്കുകൾ ശ്രദ്ധക്കട്ടെ. "ഈ രാജ്യത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വളരെ വേഗത്തിലുണ്ടായ പ്രചാരണത്തിന് പ്രധാനകാരണം ക്രിസ്തുമതത്തിന്റെ സ്വാധീനമാണ്.... അവർ നടത്തുന്ന പല കോളേജുകളും ഒന്നാംകിട വിദ്യഭ്യാസ സ്ഥാപനങ്ങൾ എന്ന പ്രശസ്തിയുള്ളവയാണ്. രാജ്യത്തിന്റെ പല ഭാഗത്തും പ്രത്യേകിച്ച് വലിയ നഗരങ്ങളിലും മലമ്പ്രദേശത്തും കന്യാസ്ത്രീകൾ നടത്തുന്ന സ്കൂളുകൾ നേടിയിട്ടുള്ള പ്രശസ്തിയും ജനസമ്മതിയും ആ സ്കൂളുകളുടെ കാര്യക്ഷമമായ നടത്തിപ്പിനേയും അവർ സേവിക്കുന്ന സമൂഹത്തിനുള്ള വലിയ ഉപകാരത്തേയുമാണ് കാണിക്കുന്നത്. അവർ വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യുന്ന ശിക്ഷണ ബോധവും പഠനകാര്യങ്ങളിൽ പാലിക്കുന്ന ഉന്നത നിലവാരവും ക്രൈസ്തവ അദ്ധ്യാപകർ എത്രമാത്രം അർപ്പിത മനോഭാവത്തോടെയാണ് തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നത് എന്നതിന്റെ ഉത്തമോദാഹരണമാണ് കേരളത്തിലെ ജനങ്ങളിൽ ഇന്ന് കാണുന്ന ഉയർന്ന സാക്ഷരത ശതമാനത്തിന് കാരണം അവിടെയുള്ള ക്രിസ്ത്യാനികളാണ്. ........................ ഈ സ്ഥാപനങ്ങൾ നടത്തുന്ന സന്യാസ സഭയിൽപെട്ട മിഷനറിമാരുടെ ക്രമാനുഷ്ഠാന ജീവിതവും അർപ്പിത മനോഭാവവും വഴി നൽകുന്ന നല്ല മാതൃകയാണ് ക്ലാസ്മുറിയിൽ അവർ നടത്തുന്ന പ്രസംഗങ്ങളേക്കാൾ സ്ഥായിയായും യഥാർത്ഥവുമായ ഫലം നൽകുന്നത്".

ക്രൈസ്തവ വിദ്യാലയങ്ങളിൽ തീണ്ടലും തൊടീലും അനുവദിച്ചിരുന്നില്ല. ക്രൈസ്തവ വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന ദരിദ്ര വിദ്യാർത്ഥികൾക്ക് പുസ്തകം വാങ്ങാനും ഭക്ഷണം കഴിക്കാനുമൊക്കെയുള്ള സാമ്പത്തിക സഹായവും നൽകിപ്പോന്നു. അങ്ങനെ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും സമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനുവേണ്ടി യത്നിച്ച ക്രൈസ്തവ സമുദായത്തെ, അതിന്റെ ഗുണഫലങ്ങൾ അനുഭവിച്ചവർ വരെ തള്ളിപ്പറയുന്നത് നിർഭാഗ്യകരമാണ്.

ക്രൈസ്തവ മിഷനറിമാരുടെ ആഗമനത്തിന് മുമ്പ് വിദ്യാഭ്യാസം അവർണ്ണർക്ക് തീരെ വിലക്കപ്പെട്ട ഒരു കനിയായിരുന്നു. ഈ കർക്കശ നിയമം ലംഘിച്ച് രഹസ്യമായി വിദ്യ അഭ്യസിച്ചവരുമുണ്ടാകാം. അങ്ങനെയുള്ളവർ കണ്ടുപിടിക്കപ്പെട്ടാൽ ഏകലവ്യന്റെ അനുഭവമായിരുന്നു അവർക്ക് ഉണ്ടാകുമായിരുന്നത്. അനർഹമായ ധനുർവിദ്യ അഭ്യസിച്ച ഏകലവ്യനോട് തള്ളവിരൽ ഛേദിച്ചുകൊടുക്കുവാൻ ആചാര്യനായ ബ്രാഹ്മണൻ ആവശ്യപ്പെട്ട കഥ

www.malankaralibrary.com

പ്രസിദ്ധമാണ്. തള്ള വിരലില്ലാത്ത ഒരു വില്ലാളിക്ക് ധനുർവിദ്യാവൈദഗ്ധ്യം നിഷ്പ്രഭമാണല്ലോ.

ജാതിയുടെ പേരിൽ ഡോക്ടർ പൽപ്പുവിന് തിരുവിതാംകൂറിൽ ഉദ്യോഗം നിഷേധിച്ച സംഭവം ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. അവർണ്ണജാതിക്കാർക്ക് പ്രവേശനം നിഷേധിച്ച, ഉരുക്കുവാതിൽ ചവിട്ടിപൊളിക്കുവാൻ ക്രൈസ്തവ സമുദായം ആണ് മുന്നിൽ നിന്ന് പ്രവർത്തിച്ചത്. ഈ ക്രൈസ്തവ സമുദായത്തിന് ഒരു പ്ലസ് ടു കോഴ്സ് നൽകുന്നതിനെ എതിർക്കുവാൻ പിന്നോക്ക വിഭാഗങ്ങൾ തയ്യാറാകുന്നതിനെ നന്ദിയില്ലായ്മ എന്ന് മാത്രമേ വിശേഷിപ്പിക്കുവാൻ സാധിക്കുകയുള്ളു.

ക്രൈസ്തവർക്ക് പ്ലസ് ടു അനുവദിക്കുന്നതിനെ വെള്ളാപ്പള്ളി നടേശനോടൊപ്പം നിന്ന് എതിർക്കുവാൻ തയ്യാറായിമുന്നോട്ടുവന്ന ബി.ജെ.പി. മണ്ഡൽകമ്മീഷൻ റിപ്പോർട്ട് പോലുള്ള പ്രശ്നങ്ങൾ വന്നപ്പോൾ അവർണ്ണ സമുദായങ്ങൾക്ക് ഒപ്പം നിന്നോ? സവർണ്ണ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി നിലനിന്നോ? ജനസംഖ്യയിൽ മഹാഭൂരിപക്ഷം വരുന്ന ഇവിടുത്തെ പിന്നോക്ക ജനവിഭാഗങ്ങൾ ഗൗരവപൂർവ്വം ചിന്തിച്ച് ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കേണ്ടതാണ്. ക്രിസ്ത്യാനികൾക്ക് പ്ലസ് ടു അനുവദിക്കുമെന്ന ഭയത്തിൽ അതിനെ എതിർത്ത സഹോദര സമുദായങ്ങൾ, ക്രൈസ്തവർ വിദ്യാഭ്യാസ രംഗത്ത് അവരോട് എന്ത് തെററ് ചെയ്തു എന്ന് ചിന്തിക്കട്ടെ. ക്രൈസ്തവർ ഈ രംഗത്ത് കാണിച്ച മാന്യത മററാരെങ്കിലും കാണിച്ചിട്ടുണ്ടോയെന്നും അവർ വിലയിരുത്തട്ടെ.

05-08-1997

## 210

# എ.കെ.സി.സി. സുവിശേഷവത്കരണം - 2000 ത്രിവത്സരപദ്ധതി

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ്, സുവിശേഷവത്ക്കരണം 2000 വിജയപ്രദമാക്കാൻ ഒരു ത്രിവത്സരപദ്ധതിക്ക് രൂപംകൊടുത്തിരിക്കുകയാണ്. പരിപാടികളുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി എ.കെ.സി.സി. രജിസ്റ്റേർഡ് ഓഫീസിൽതന്നെ ഒരു കേന്ദ്രഓഫീസ് തുറന്ന് പ്രവർത്തം ആരംഭിച്ചു. കേന്ദ്രഓഫീസിന്റെ ഔപചാരികമായ ഉൽഘാടനം 1997 ആഗസ്റ്റ് മാസം 12-ാം തീയതി ചൊവ്വാഴ്ച കോട്ടയം രൂപതാദ്ധ്യക്ഷൻ മാർകുര്യാക്കോസ് കുന്നശ്ശേരി നിർവ്വഹിച്ചു. പ്രസിഡണ്ട് ജോൺ കച്ചിറമററം യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

രൂപതാതലത്തിലും ഇടവക തലത്തിലും ഉള്ള പ്രവർത്തനങ്ങൾക്ക്

www.malankaralibrary.com

നേതൃത്വം നൽകുവാൻ 200 പേരടങ്ങുന്ന ഒരു കോർഗ്രൂപ്പിനെ തിരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകുവാൻ ഒരു ത്രിദിന ക്യാമ്പ് സംഘടിപ്പിക്കുന്നതിനും യുവാക്കൾ, വനിതകൾ, വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, മുതിർന്നവർ ഇവർക്കെല്ലാം പ്രത്യേകം സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ത്രിവത്സരപദ്ധതിയിൽ ലക്ഷ്യം വച്ചിട്ടുണ്ട്. അൽമായ ദൗത്യം സഭയിലും സമൂഹത്തിലും അർത്ഥവത്താക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള രൂപതാ സെമിനാറുകൾ, പുനഃസുവിശേഷവൽക്കരണം ലക്ഷ്യംവച്ച് ഒരു ബൃഹത്തായ അനുരഞ്ജന പരിപാടി, കത്തോലിക്കർക്കിടയിലെ വഴക്കുകൾ പറഞ്ഞു തീർക്കുന്നതിനായി അഭിഭാഷകരടങ്ങിയ പ്രത്യേക സമിതികൾ, സ്ത്രീധനം, സ്ത്രീപീഡനം, അസന്മാർഗ്ഗികത, ഭ്രൂണഹത്യ, മദ്യം, മയക്കുമരുന്ന്, അഴിമതി തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ സംസ്ഥാനവ്യാപകമായ പ്രചരണം മനുഷ്യാവകാശലംഘനങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ, ഒരു സമ്പൂർണ്ണ കാത്തലിക് ഡയറക്ടറി, ക്രൈസ്തവസംഭാവനകളെക്കുറിച്ചുള്ള പഠനം, സഭയുടെ ആധികാരിക പഠനങ്ങളെപ്പറ്റിയുള്ള പഠനം, സംസ്ഥാനതല കലാസാഹിത്യ മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ ത്രിവത്സരകർമ്മപരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

12-08-1997

## 211

# വിളനശിപ്പിക്കൽ സമരം

ഒരു ഐക്യമുന്നണി ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ഐക്യമുന്നണിയെന്നാണ് പേരെങ്കിലും ഐക്യമില്ലാതെ ഓരോ പാർട്ടിയും പാർട്ടി പ്രവർത്തകരും "ചെന്ന കോൽ പതിനാറ്" എന്ന കണക്കിൽ ഭരണം നടത്തുകയാണ്. കൂട്ടായ ചർച്ചയോ നീക്കങ്ങളോ ഭരണമുന്നണിയിൽ കാണുന്നില്ല. പ്ലസ്ടു പരിപാടിയുമായി മന്ത്രിസഭാതീരുമാനമനുസരിച്ച് വിദ്യാഭ്യാസമന്ത്രി മുന്നോട്ടു നീങ്ങിയപ്പോൾ അതിനെതിരെ മാർക്സിസ്റ്റ് പാർട്ടി പോഷക സംഘടനകളെ ഇളക്കിവിട്ടു. അവസാനം ബഞ്ചും ഡസ്കും പോലുമില്ലാത്ത സർക്കാർ സ്കൂളുകളിൽ മാത്രം പ്ലസ്ടു അനുവദിക്കാനും എല്ലാ സൗകര്യങ്ങളുമുള്ള സ്വകാര്യ സ്കൂളുകളിൽ ഈ വർഷം പ്ലസ് ടു ആരംഭിക്കേണ്ടെന്നും തീരുമാനിച്ചു.

പരസ്പരം കാലുവാരിയും ആക്ഷേപിച്ചും രാജ്യം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി വിളനശിപ്പിക്കൽ സമരത്തോടുകൂടി പല തട്ടിലായിരിക്കുകയാണ്. ഭരണത്തിൽ തുടരണമെന്ന കാര്യത്തിൽ മാത്രം ഘടക കക്ഷികൾ തമ്മിൽ അഭിപ്രായ ഐക്യമുണ്ട്. മറ്റെല്ലാ കാര്യത്തിലും അനൈക്യമാണ് കാണുന്നത്. കുട്ടനാടൻ പാടശേഖരങ്ങളിൽ വരമ്പുകുത്തി തെങ്ങും വാഴയും കൃഷിചെയ്തതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ പോഷകസംഘടനയായ

www.malankaralibrary.com

കർഷകതൊഴിലാളി യൂണിയനെ വിളനശിപ്പിക്കൽ സമരത്തിലേക്ക് നയിച്ചത്. കഴിഞ്ഞ പത്തുപതിനഞ്ചു വർഷക്കാലമായി അനേകം ഏക്കർ നെൽപാടങ്ങൾ കൃഷി ചെയ്യാതെ തരിശായി കിടന്നതിനു യൂണിയനോ മാർക്സിസ്ററു പാർട്ടിക്കോ പരാതിയില്ല. കൃഷിചെയ്ത നെൽപ്പാടങ്ങളിൽ വിളവെടുക്കാൻ പോലും ആളിനെ ലഭിക്കാതെ കൃഷി നശിച്ചുപോയതിലും അവർക്കു ദുഃഖമില്ല. പ്രതിഷേധമില്ല. കൃഷി ചെയ്യാൻ പററാതെ കിടന്ന സ്ഥലത്ത് തെങ്ങും വാഴയും മററ് കൃഷികളും ചെയ്തതിലാണ് നേതാക്കൾക്ക് പ്രതിഷേധം. ആ നടപടിയോട് പാർട്ടിക്കോ തൊഴിലാളി നേതാക്കൾക്കോ വിയോജിപ്പുണ്ടെന്നു തന്നെ കണക്കാക്കാം. വിയോജിപ്പുണ്ടെന്നു കരുതി കൃഷി നശിപ്പിക്കാൻ ഇവർക്ക് അവകാശമുണ്ടോ? ഒരാളുടെ കൈവശമുള്ള ഭൂമിയിൽ കയറി കൃഷി നശിപ്പിക്കാൻ തൊഴിലാളി യൂണിയന് ധൈര്യമുണ്ടായെങ്കിൽ ഗവൺമെന്റിന്റെ പിന്തുണ തങ്ങൾക്കുണ്ടെന്ന അഹങ്കാരത്തിന്റെ ഫലമായാണ്. 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ അധികാരത്തിലേറിയപ്പോൾ പാർട്ടിയുടെ സെൽ ഭരണമായിരുന്നു ഇവിടെ നടന്നത്. ആ സെൽ ഭരണത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള നടപടിയാണ് കർഷക തൊഴിലാളി യൂണിയൻ സ്വീകരിച്ചത്.

കററാനത്തും കരുവാററയിലും നെടുമുടിയിലും സി.പി.എം. പ്രവർത്തകർ കൃഷിഭൂമി കയ്യേറി വിളകൾ നശിപ്പിച്ചപ്പോൾ അതിനെതിരെ ആദ്യം പ്രതിഷേധം രേഖപ്പെടുത്തിയത് കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം മാത്രമായിരുന്നു. പ്രതിഷേധിക്കുക മാത്രമല്ല എ.കെ.സി.സി. നേതാക്കൾ സംഭവസ്ഥലം സന്ദർശിച്ചു. പാലായിലെ എ.കെ.സി.സി. കർഷകവേദി പ്രവർത്തകർ കൃഷി നശിപ്പിച്ച സ്ഥലങ്ങളിൽ കൃഷിയിറക്കാനായി തെങ്ങിൻ തൈകളുമായി സ്ഥലത്തെത്തി.

എ.കെ.സി.സി. പ്രതിനിധി സംഘമാണ് ആദ്യം സംഭവസ്ഥലം സന്ദർശിച്ചത്. അതിനുശേഷമാണ് രാഷ്ട്രീയപ്രവർത്തകർ സമരവുമായി രംഗത്തെത്തിയത്. ഈ പ്രശ്നം ബഹുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിന് എ.കെ.സി.സി.ക്ക് സാധിച്ചുവെന്നത് ഒരു യാഥാർത്ഥ്യമാണ്. പ്രശ്നം ബഹുജനങ്ങളിലേക്ക് വ്യാപിച്ചപ്പോൾ കർഷകരേയും കർഷകതൊഴിലാളികളേയും വിളിച്ച് സമരം അവസാനിപ്പിക്കുന്നതിനെപ്പററി മുഖ്യമന്ത്രി ചർച്ചക്കു വിളിച്ചു. അങ്ങനെയൊരു ചർച്ച സംഘടിപ്പിക്കുന്നത് കയ്യേററക്കാരെ ബഹുമാനിച്ചാദരിക്കാനുള്ള നടപടിയാണെന്ന് കത്തോലിക്കാ കോൺഗ്രസ് ഉടൻ തന്നെ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ഇങ്ങനെയൊരു ചർച്ച സംഘടിപ്പിച്ചതു തന്നെ അപലപനീയമാണെന്നും കൃഷി നശിപ്പിച്ചവരിൽ നിന്നും നഷ്ടം ഈടാക്കണമെന്നും കർഷകർക്ക് നഷ്ടപരിഹാരം നല്കണമെന്നുമാണ് കത്തോലിക്കാ കോൺഗ്രസിന്റെ ഖണ്ഡിതമായ അഭിപ്രായം. കർഷക താൽപര്യമുള്ള ഏതു പാർട്ടിക്കും ആ ഒരു നിലപാട് മാത്രമേ സ്വീകരിക്കാൻ സാധ്യമാകൂ.

മാർക്സിസ്ററ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇതുപോലുള്ള പരിപാടികളാണ് നടത്താൻ തയ്യാറാകുന്നതെങ്കിൽ അതിനെതിരെ സർവ്വശക്തിയുമുപയോഗിച്ച് സമരപരിപാടികൾ ആസൂത്രണം ചെയ്യുകതന്നെ വേണം. രാഷ്ട്രീയ മുതലെടു

www.malankaralibrary.com

പ്പിന് ശ്രമിക്കാതെ പ്രശ്നം പരിഹരിക്കുവാനാണ് ഏവരും ശ്രമിക്കേണ്ടത്. പ്രതിപക്ഷ കക്ഷികളും ഒരു പൊതു ധാരണയിലേക്ക് വരേണ്ടിയിരിക്കുന്നു. പ്രതിപക്ഷകക്ഷികളിലെ ചില നേതാക്കൾ, ഭരണകക്ഷിയിലെ ചില മന്ത്രിമാർ രാജി വെച്ച് ഇറങ്ങിപ്പോരണമെന്ന് പ്രസ്താവിച്ചിരിക്കുന്നത് വായിക്കാനിടയായി. ഓരോരോ പ്രശ്നങ്ങൾ വരുമ്പോൾ ഓരോ മന്ത്രിമാരും പ്രതിഷേധിച്ച് രാജിവെച്ച് ഇറങ്ങിപ്പോരുന്നത് ഒന്നിനും പരിഹാരമാവുകയില്ല. ഭരണത്തിൽ ഇരുന്നു കൊണ്ട് സമ്മർദ്ദം ചെലുത്തി നേരായ വഴിക്ക് ഗവൺമെന്റിനെ നയിക്കുകയാണ് വേണ്ടത്. രാജി അവസാന ആയുധമായി മാത്രമേ സ്വീകരിക്കാവു. ആ കസേരയിൽ കയറി ഇരിക്കുക എന്ന ലക്ഷ്യം മാത്രമുള്ളവർ പറയുന്നത് അവഗണനയോടെ തള്ളിക്കളയട്ടെ.

1957– ആവർത്തിക്കാനാണ് മാർക്സിസ്റ്റ് പാർട്ടി ആഗ്രഹിക്കുന്നതെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്ന് മുന്നറിയിപ്പു നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കൃഷിഭൂമികൾ ഇനി കയ്യേറിയാൽ ആ കയ്യേററത്തിനെതിരെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ സ്വയരക്ഷക്ക് കർഷകർ സംഘടിക്കുമെന്നും ഏതക്രമത്തെയും നേരിടുമെന്നും സർക്കാരും മാർക്സിസ്റ്റ് പാർട്ടിയും മനസ്സിലാക്കണമെന്നഭ്യർത്ഥിക്കുന്നു. എ.കെ.സി.സി. വിളനശിപ്പിക്കൽ പ്രശ്നത്തിൽ എടുത്ത നിലപാട് ശരിയായിരുന്നുവെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചരിക്കുന്നു. സമരം അവസാനിപ്പിക്കുന്നതിനെപ്പററി ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രി ചർച്ചക്ക് ക്ഷണിച്ചതിനെ ആദ്യം എതിർത്തത് എ.കെ.സി.സി. യാണ്. അതേ ആശയഗതി പിന്നീട് രാഷ്ട്രീയകക്ഷികൾ സ്വീകരിക്കുകയും യു.ഡി.എഫ്. ചർച്ച ബഹിഷ്കരിക്കുകയും ചെയ്തപ്പോൾ എ.കെ.സി.സി. യുടെ ശബ്ദം ശരിയായിരുന്നുവെന്ന് തെളിഞ്ഞു. വിളനശിപ്പിക്കൽ സമരം ആരംഭിച്ചതിനുശേഷം എ.കെ.സി.സി. പുറപ്പെടുവിച്ച പത്രക്കുറിപ്പുകൾ അന്യത്ര ചേർത്തിട്ടുണ്ട്. ഒരു പ്രശ്നം ഉടലെടുക്കുമ്പോൾ എത്ര ദീർഘവീക്ഷണത്തോടെയാണ് എ.കെ.സി.സി. അത് കൈകാര്യം ചെയ്യുന്നതെന്നുള്ളതിന് വ്യക്തമായ തെളിവുകളാണ് ആ പത്രക്കുറിപ്പുകൾ.

കർഷകതാൽപര്യ സംരക്ഷണത്തിനായി കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു സംയുക്ത നിര പടുത്തുയർത്തുവാൻ ശ്രമിക്കേണ്ടതിന്റെ ആവശ്യകത വിളനശിപ്പിക്കൽ സമരത്തോടെ ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. കർഷക സ്നേഹികൾ ഈ വിഷയത്തെപ്പററി കൂട്ടായി ചിന്തിക്കണമെന്നഭ്യർത്ഥിക്കുന്നു.

05–09–1997

## വിളനശിപ്പിക്കൽ സമരവും കത്തോലിക്കാ കോൺഗ്രസ്സും

മാർക്സിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള വിളനശിപ്പിക്കൽ സമരം ആരംഭിച്ചപ്പോൾ തുടങ്ങി കത്തോലിക്കാ കോൺഗ്രസ്സ് പുറപ്പെടുവിച്ച പത്രക്കുറിപ്പുകൾ തീയതി സഹിതം ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച്

www.malankaralibrary.com

എ.കെ.സി.സി. എടുത്ത നിലപാട് പിന്നീട് എല്ലാ കക്ഷികളും സ്വീകരിക്കുകയാണ് ചെയ്തത്.

## ഭൂമി കയ്യേററം നിയമവാഴ്ചയോടുള്ള വെല്ലുവിളി

ആഗസ്റ്റ് 1

കററാനത്തും കരുവാററയിലും നെടുമുടിയിലും സി.പി.എം. പ്രവർത്തകർ കൃഷിഭൂമി കയ്യേറി വിളകൾ നശിപ്പിച്ചത് നിയമവാഴ്ചയോടുള്ള ഒരു വെല്ലുവിളിയാണെന്ന് അഖിലകേരളകത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം പ്രസ്താവിച്ചു. ചെങ്ങന്നൂർ, മാവേലിക്കര, മങ്കൊമ്പ്, തൈക്കാട്ടുശ്ശേരി, തകഴി തുടങ്ങിയ സ്ഥലങ്ങളിൽ സി.പി.എം. പ്രവർത്തകർ ക്രമസമാധാനനില തകർത്തിരിക്കുകയാണ്. കരുവാററായിലും കററാനത്തും കൃഷിഭൂമികൾ സി.പി.എം. പ്രവർത്തകർ നശിപ്പിച്ചപ്പോൾ പോലീസ് നിഷ്ക്രിയരായി നോക്കിനിന്നത് പ്രതിഷേധാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. ഭരണത്തിന്റെ മറവിൽ പാർട്ടിപ്രവർത്തകർ നടത്തുന്ന അതിക്രമം അവസാനിപ്പിക്കണമെന്നും കോടതിവിലക്കു ലംഘിച്ച് ഭൂമി കയ്യേറുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുത്തുമെന്നും അദ്ദേഹം പറഞ്ഞു. കൃഷിഭൂമി നശിപ്പിക്കുന്നത് സർക്കാർ ഗൗരവമായി കാണണം. സി.പി.എം. പ്രവർത്തകരുടെ അഴിഞ്ഞാട്ടവും അക്രമവും അവസാനിപ്പിക്കാൻ സർക്കാർ മുൻകൈയ്യെടുക്കണം - കച്ചിറമററം പറഞ്ഞു.

## സി.പി.എം. സെൽഭരണം നടപ്പിലാക്കുന്നു

ആഗസ്റ്റ് 3

കററാനത്തും കരുവാററയിലും നെടുമുടിയിലും സി.പി.എം. പ്രവർത്തകർ കൃഷിഭൂമികയ്യേറി വിളകൾ നശിപ്പിച്ചത് നിയമവാഴ്ചയോടുള്ള ഒരു വെല്ലുവിളിയാണെന്നും 1957-ലെ സെൽഭരണം നാട്ടിൽ നടപ്പിലാക്കാൻ ശ്രമിച്ചാൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്നും എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം പറഞ്ഞു. കോടതിവിലക്കു ലംഘിച്ചുകൊണ്ടുള്ള ഈ പോക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുത്തും. സി.പി.എം. പ്രവർത്തകർ നിയമം കൈയ്യിലെടുക്കുകയും കൊള്ള നടത്തുകയും ആണ് ചെയ്യുന്നതെങ്കിൽ അതിനെ എതിർത്തുപരാജയപ്പെടുത്തുവാൻ ഭരണമുന്നണിയിലെ ഘടകകക്ഷികൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

## 1957-ലെ സെൽ ഭരണരീതി അവസാനിപ്പിക്കണം. കുട്ടനാടൻ കർഷകർക്ക് സംരക്ഷണം നൽകണം.

കോട്ടയം ആഗസ്റ്റ് 4

നെൽകൃഷിസംരക്ഷണത്തിന്റെ പേരിൽ മാർക്സിസ്റ്റ് പാർട്ടിയുടെ

www.malankaralibrary.com

നിയന്ത്രണത്തിലുള്ള കേരളസ്റ്റേററ് കർഷകതൊഴിലാളി യൂണിയൻ ആലപ്പുഴജില്ലയിൽ നടത്തിവരുന്ന കൃഷിനശിപ്പിക്കൽ നിയമവാഴ്ചയുടെ നേർക്കുള്ള വെല്ലുവിളിയാണെന്നും ഭീതിയിൽ കഴിയുന്ന കുട്ടനാടൻ കർഷകർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ എൽ.ഡി.എഫ്. ഗവൺമെന്റ് മുൻകൈയെടുക്കണമെന്നും 1957-ലെ സെൽഭരണരീതി ഇനി കേരളത്തിൽ നടപ്പാക്കാൻ അനുവദിക്കുകയില്ലന്നും കുട്ടനാടൻ പാടശേഖരങ്ങൾ സന്ദർശിച്ച കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധിസംഘം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. പ്രസിഡണ്ട് ജോൺ കച്ചിറമററം, അലൻമാത്യു വാണിയപ്പുര, സൈബി അക്കര, ജിജി സെബാസ്റ്റ്യൻ എന്നിവർ പാടശേഖരങ്ങൾ സന്ദർശിക്കുകയും ചെയ്തു.

നെടുമുടിക്കുസമീപമുള്ള പൊങ്ങയിലെ എത്സമ്മയുടെ 250-ൽ പരം വാഴകളും 150-ൽ പരം തെങ്ങിൻതൈകളും ജി.സുധാകരൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ100-ൽ പരം ആളുകൾ എത്തി നശിപ്പിച്ചു. മത്സ്യകൃഷി നടത്തിയിരുന്ന പാടത്തിന് മടവച്ച് നാൽപ്പതിനായിരത്തിൽപ്പരം മത്സ്യക്കുഞ്ഞുങ്ങളെ ഒഴുക്കിവിട്ട് അനേകായിരം രൂപയുടെ നഷ്ടമാണ് വരുത്തിവച്ചിരിക്കുന്നത്. ആക്രമികൾ എത്തുന്നതിന് ഏതാണ്ട് ഒരു മണിക്കൂർ മുൻപുതന്നെ സംഭവസ്ഥലത്ത് നിരവധി പോലീസുകാർ എത്തിയിരുന്നു. ആക്രമികൾ പോലീസ് സംരക്ഷണയിലാണ് ഈ തേർവാഴ്ച നടത്തിയത്. ഈ സംഭവം ഗദ്ഗദത്തോടെയാണ് എത്സമ്മ വിശദീകരിച്ചത്. കഴിഞ്ഞ15 വർഷമായി നെൽകൃഷിക്ക് പര്യാപ്തമല്ലാത്തതിന്റെ പേരിൽ കൃഷിചെയ്യാതിരുന്ന സ്ഥലത്താണ് മററു കൃഷികൾ നടത്തിയിരുന്നത്. കൃഷി നശിപ്പിക്കലും തൊഴിലാളികളുടെ കർഷകദ്രോഹനടപടികളും ഒരു ദേശീയ വിപത്തായി കണക്കാക്കണമെന്നും കർഷകരുടെ ഒരു ഐക്യനിര പടുത്തുയർത്തി കർഷകദ്രോഹനടപടികളെ ചെറുക്കണമെന്നും പ്രസിഡണ്ട് ജോൺ കച്ചിറമററം പ്രസ്താവിച്ചു.

## രാഷ്ട്രപതി അന്വേഷണ കമ്മീഷനെ നിയമിക്കണം

ആഗസ്റ്റ് 5

കേരളത്തിലെ ഭരണമുന്നണിയിലെ പ്രധാന ഘടകകക്ഷിയായ സി.പി.എം.ന്റെ പോഷകസംഘടനയായ കേരളസംസ്ഥാന കർഷകതൊഴിലാളി യൂണിയൻ നടത്തിവരുന്ന വിളനശിപ്പിക്കൽ, കേരളകർഷകരെ ഭീതിയിലാഴ്ത്തി യിരിക്കുകയാണെന്നും ആലപ്പുഴ പത്തനംതിട്ട ജില്ലകളിൽ പോലീസ് അകമ്പടിയോടെ ഒരു സംഘം ആളുകൾ ഭരണകക്ഷി എം.എൽ.എ. യുടെ നേതൃത്വത്തിൽ എത്തി കർഷകരെ ഭീഷണിപ്പെടുത്തി വിളനശിപ്പിച്ചുകൊണ്ടിരി ക്കുകയാണെന്നും സ്വകാര്യഭൂമിയിൽ കടന്നുകയറി വിളകൾ നശിപ്പിക്കുന്ന സംഭവം തുടർന്നാൽ കേരളത്തിലെ ക്രമസമാധാനനില തകരുന്നതിനിടയാകു മെന്നും ഈ ഗുരുതരമായ സംഭവങ്ങളെപ്പററി രാഷ്ട്രപതി നേരിട്ട് ഒരു കമ്മീഷനെ ചുമതലപ്പെടുത്തുകയോ, ആഭ്യന്തര വകുപ്പ് മുഖേനയോ, അന്വേഷണം നടത്തി കുററക്കാരുടെമേൽ നടപടി സ്വീകരിക്കണമെന്നും

www.malankaralibrary.com

പ്രസിഡണ്ട് ജോൺ കച്ചിറമററം രാഷ്ട്രപതിക്കയച്ച അടിയന്തരസന്ദേശത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

നിയമവാഴ്ചയെ തകർക്കുന്ന വിധത്തിൽ കോടതി വിധികളെ ആദരിക്കാതെ ഒരു വിഭാഗം ആളുകൾ നടത്തുന്ന വിളനശിപ്പിക്കൽ, ഇന്ത്യൻ സമ്പദ്വ്യവസ്ഥയേയും കാർഷികമേഖലയേയും തകർക്കുന്നതിനിടയാക്കുമെന്നും വിളനശിപ്പിക്കലിന്റെ പേരിൽ കർഷകർക്കുണ്ടായ നഷ്ടം വിലയിരുത്തി, ആ നഷ്ടം പരിഹരിക്കുവാൻ കേന്ദ്രസംസ്ഥാനഗവൺമെന്റുകളോടാവശ്യപ്പെടണമെന്നും കച്ചിറമററം രാഷ്ട്രപതിയോടഭ്യർത്ഥിച്ചു. കർഷകന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ കേന്ദ്രസംസ്ഥാനഗവൺമെന്റുകൾക്ക് ധാർമ്മികമായ കടമയുണ്ടെന്നും കേരളീയനായ അങ്ങ് കേരളീയർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കണമെന്നും കച്ചിറമററം ആവശ്യപ്പെട്ടു. ആയിരക്കണക്കിന് വിളവെടുക്കാറായ വാഴകളും തെങ്ങിൻതൈകളും വെട്ടിനശിപ്പിച്ചും മത്സ്യകൃഷിനടത്തിയ പാടങ്ങൾ തുറന്ന്വിട്ടും കോടിക്കണക്കിനുരൂപയുടെ നഷ്ടം വരുത്തിയെന്നും സംഭവസ്ഥലം സന്ദർശിക്കുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാക്കുവാൻ സാധിക്കുമെന്നും ഈ പ്രദേശങ്ങൾ എല്ലാം താനും സഹപ്രവർത്തകരും സന്ദർശിക്കുകയുണ്ടായെന്നും സന്ദേശത്തിൽ അറിയിച്ചു.

## ക്രിമിനലുകളെ ചർച്ചക്ക് ക്ഷണിച്ചത് അപലപനീയം

ആഗസ്റ്റ് 9

വയൽ നികത്തൽ സമരം അവസാനിപ്പിക്കുവാൻ കർഷകതൊഴിലാളി സംഘടനകളെ മുഖ്യമന്ത്രി ക്ഷണിച്ചത് അക്രമം പ്രവർത്തിച്ചവരെ അംഗീകരിക്കുന്നതിന് തുല്യമാണെന്നും നിയമം കൈയ്യിലെടുത്ത് കാർഷികമേഖലയിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുകയും കൃഷികൾ നശിപ്പിക്കുകയും ചെയ്ത കുട്ടിസഖാക്കളുടെ മേൽ നിയമപരമായ നടപടികൾ സ്വീകരിക്കാതെ അവരെ ചർച്ചക്ക് വിളിച്ച നടപടി അപലപനീയമാണെന്നും പ്രസിഡണ്ട് ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

കൃഷിനശിപ്പിക്കലിന്റെ ഫലമായി കുട്ടനാടൻ പാടശേഖരങ്ങളിലെ കൃഷിക്കാർക്കുവന്നിട്ടുള്ള നഷ്ടം പരിഹരിക്കുവാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. നഷ്ടപരിഹാരത്തെ സംബന്ധിച്ചും ഭാവിയിൽ കർഷകർക്ക് നൽകേണ്ട സംരക്ഷണങ്ങളെപ്പററിയും കർഷകരുമായി ചർച്ച ചെയ്യാം. അല്ലാതെ കർഷകരെയും കൃഷിനശിപ്പിച്ച സഖാക്കളെയും ഒന്നിച്ചിരുത്തി സമരം അവസാനിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി ചർച്ച ചെയ്യുന്നത് ശരിയായ നടപടിയല്ല. അങ്ങനെയൊരു ചർച്ചനടത്തി കൃഷിനശിപ്പിച്ച സഖാക്കളെ ബഹുമാനിച്ചാദരിക്കാനുള്ള നീക്കം ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുത്തും. കൃഷി നശിപ്പിച്ചവരിൽ നിന്നും നഷ്ടം ഈടാക്കണം. കാർഷികമേഖലയെ ആകെ അസ്വസ്ഥമാക്കിയിട്ടും ആക്രമികളെ നിലക്കുനിർത്തുവാൻ സർക്കാരിന് സാധിച്ചില്ലെന്നുള്ളത് നിർഭാഗ്യകരമാണ്. ഈ നിലതുടർന്നാൽ കേരളത്തിൽ സ്വൈര്യജീവിതം സാദ്ധ്യമാകാതെവരും.

www.malankaralibrary.com

അതുകൊണ്ട് തെററുചെയ്തവരെ ആദ്യം ശിക്ഷിക്കട്ടെ. ധിക്കാരപൂർവ്വം അവർ നടത്തുന്ന സമരം അവസാനിപ്പിക്കുവാൻ അവരെ ചർച്ചയ്ക്കു വിളിക്കുകയല്ല വേണ്ടത്. ആ സമരത്തെ നേരിടുകയാണ് വേണ്ടത്. അല്ലാതെയുള്ള എല്ലാ നീക്കങ്ങളും സർക്കാർ സമരത്തെ പ്രോത്സാഹിപ്പിച്ചുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നതിനു മാത്രമേ സഹായകരമാവുകയുള്ളു.

### എ.കെ.സി.സി. കർഷകവേദി കുട്ടനാടൻ പ്രദേശങ്ങളിൽ

കൃഷിഭൂമികയ്യേറി വിളകൾ നശിപ്പിച്ച കുട്ടനാടൻ പ്രദേശങ്ങൾ സന്ദർശിക്കുവാൻ എ.കെ.സി.സി. പാലാ രൂപതാസംഘം കർഷകവേദി നേതാക്കൾ കുട്ടനാടൻ പ്രദേശങ്ങളിൽ എത്തി. സംഭവസ്ഥലം സന്ദർശിക്കുന്നതിനും കൃഷിക്കാരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും തെങ്ങിൻ തൈകളുമായി കുട്ടനാട്ടിലേയ്ക്കു പുറപ്പെട്ട കർഷകവേദി പ്രതിനിധി സംഘത്തിന് രൂപതാപ്രസിഡണ്ട് കെ.കെ. ജോസിന്റെ അദ്ധ്യക്ഷതയിൽ പാലായിൽ ചേർന്ന യോഗം ആശംസകൾ അർപ്പിച്ചു. കർഷകവേദി ചെയർമാൻ ബേബി പുത്തൻപുരയ്ക്കലിനെ തെങ്ങിൻതൈകൾ ഏൽപ്പിച്ചുകൊണ്ട് പ്രസിഡണ്ട് ജോൺകച്ചിറമററം ആശംസകൾ അർപ്പിച്ചു. ഇഗ്നേഷ്യസ് തയ്യിൽ, എം.എം. ജേക്കബ്ബ്, ടോമി തുരുത്തിക്കര, ജെയിംസ് ചെറുവള്ളി, ജോയി മുത്തോലി, അഗസ്റ്റിൻ ഇടമററം തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

## 212

# ക്രിസ്ത്യൻ പിന്തുടർച്ചഭേദഗതി ബിൽ പിൻവലിക്കണം

കോട്ടയം ഒക്ടോബർ 15

ഇന്ത്യയിലെ ക്രൈസ്തവരുടെ പിന്തുടർച്ചാവകാശം സംബന്ധിച്ച് നിലനിൽക്കുന്ന നിയമങ്ങൾ ഭേദഗതിചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പിന്തുടർച്ചാവകാശഭേദഗതിബിൽ ക്രൈസ്തവർക്ക് ദോഷകരമായതിനാൽ ഉടൻ പിൻവലിക്കണമെന്ന് കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം ആവശ്യപ്പെട്ടു.

വിൽപ്പത്രം എഴുതാതെ മരിച്ചാൽ സ്വത്തിന്റെ പകുതി ഭാര്യക്കും ബാക്കി കുട്ടികൾക്കും, കുട്ടികൾ ഇല്ലെങ്കിൽ മുഴുവനും ഭാര്യയ്ക്ക്, ഒരു ക്രിസ്ത്യാനി സ്വത്തിന്റെ പകുതിമാത്രമേ വിൽപത്രം എഴുതാവൂ, ജാരസന്തതിക്കും സ്വത്തിൽ മുന്തിയ പരിഗണന, തുടങ്ങിയ ഭേദഗതികൾ മതത്തിന്റെ പേരിൽ വിവേചനം പാടില്ല എന്ന അടിസ്ഥാനതത്വത്തിന് വിരുദ്ധമാണ്.

118-ാം വകുപ്പ് ഭേദഗതിചെയ്തിരിക്കുന്നതനുസരിച്ച്, സ്വത്തിന്റെ

www.malankaralibrary.com

അമ്പതുശതമാനത്തിനുമാത്രമേ ക്രിസ്ത്യാനികൾ വിൽപത്രം എഴുതാവൂ എന്ന നിബന്ധന മെത്രാന്മാർക്കും സന്യസ്തർക്കും വൈദികർക്കും കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. സഭാവക സ്വത്തുക്കളുടെ തണ്ടപേരുകൾ എന്ന നിലയിൽ സന്യസ്തർക്ക് വിൽപത്രം വഴി സ്വത്തുക്കളുടെ ഇടപാടുകൾ നടക്കാൻ പററാത്ത സ്ഥിതിയുണ്ടാകും.

മേരി റോയി കേസിനുശേഷം തിരു-കൊച്ചി പ്രദേശത്തെ ക്രൈസ്തവർക്ക് സ്വത്ത് അവകാശ സംബന്ധമായി ഉണ്ടായിട്ടുള്ള അനിശ്ചിതത്വം നീക്കാനാണ് നേരത്തെ പിന്തുടർച്ചാ അവകാശനിയമത്തിന് ഭേദഗതി ആവശ്യപ്പെട്ടത്. പക്ഷെ കൂടുതൽ അനിശ്ചിതത്വം സൃഷ്ടിക്കാനേ ഇപ്പോഴത്തെ ഭേദഗതി ഉപകരിക്കൂ-കച്ചിറമററം അഭിപ്രായപ്പെട്ടു.

## 213

# കേന്ദ്രഗവൺമെന്റ് അന്വേഷിക്കണം

കോട്ടയം ഒക്ടോബർ 18

ബീഹാറിൽ മലയാളി വൈദികൻ വധിക്കപ്പെട്ട സംഭവത്തെക്കുറിച്ച് കേന്ദ്രഗവൺമെന്റ് പ്രത്യേക ഏജൻസിയെക്കൊണ്ട് അന്വേഷിക്കണമെന്ന് എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം ആവശ്യപ്പെട്ടു. രാഷ്ട്രപതി കെ.ആർ. നാരായണനും പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിനും അയച്ച ഫാക്സ് സന്ദേശത്തിലാണ് കച്ചിറമററം ഈ ആവശ്യം ഉന്നയിച്ചത്. ദളിതരുടെയും ആദിവാസികളുടെയും സമഗ്രമോചനത്തിനായി സ്കൂളുകളും ആതുരാലയങ്ങളും സ്ഥാപിച്ച് സാമൂഹ്യപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ആദരണീയനായ മലയാളി വൈദികനാണ് ഫാ. തോമസ് അഞ്ചാനിക്കൽ. ബീഹാറിൽ വർദ്ധിച്ചുവരുന്ന പീഡനം അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ മോചനത്തിനായി നിസ്വാർത്ഥസേവനം അനുഷ്ഠിക്കുന്നവരെ പീഡിപ്പിക്കുന്ന സാഹചര്യം ഉന്മൂലനം ചെയ്യാൻ കേന്ദ്രഗവൺമെന്റ് അടിയന്തരനടപടികൾ സ്വീകരിക്കണം. ദളിത് വിഭാഗത്തെ ഇനിയും ചൂഷണം ചെയ്യാൻ ശ്രമിക്കുന്ന സ്ഥാപിതതാല്പര്യക്കാരാണ് കൊള്ളയുടെയും കൊലപാതകങ്ങളുടെയും പിന്നിലെന്നും കച്ചിറമററം അറിയിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന മലയാളികളായ സാമൂഹ്യ പ്രവർത്തകർക്ക് സുരക്ഷിതത്വം നൽകാൻ കേരളസർക്കാർ ശ്രമിക്കണമെന്നും ഫാ.തോമസിന്റെ വധത്തെപ്പററി അന്വേഷിക്കാൻ ബീഹാർ ഗവൺമെന്റിലും കേന്ദ്രഗവൺമെന്റിലും സമ്മർദ്ദം ചെലുത്തണമെന്നും കച്ചിറമററം അഭ്യർത്ഥിച്ചു.

www.malankaralibrary.com

## 214

# സിനഡംഗങ്ങളായ മെത്രാന്മാർ എ.കെ.സി.സി. യുമായി ചർച്ച നടത്തണം

സിനഡംഗങ്ങളായ മെത്രാന്മാർ തമ്മിലുള്ള കൂട്ടായ്മ ശക്തിപ്പെടുത്തുകയും സഭാംഗങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാൻ തയ്യാറാവുകയും ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സിനഡിന്റെ ഓരോ സമ്മേളനവും നടക്കുന്നതിനുമുമ്പും സിനഡ് സമ്മേളനാവസരങ്ങളിലും അൽമേയാസംഘടനകളുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുവാൻ മെത്രാൻസംഘം തയ്യാറായാൽ ഇന്നത്തെ പല പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. സിനഡിന്റെ ഈ സമ്മേളനത്തിനുമുൻപ് സീറോ മലബാർ സഭയുടെ ഔദ്യോഗിക അൽമായ സംഘടനയായ അഖില കേരള കത്തോലിക്കാകോൺഗ്രസ്സുമായി പോലും-കത്തോലിക്കാ കോൺഗ്രസ്സ് രേഖാമൂലം ആവശ്യപ്പെട്ടിട്ടുപോലും - ചർച്ചയ്ക്ക് അവസരം നൽകിയില്ലായെന്നത് ഞങ്ങളെ അത്യധികം വേദനിപ്പിക്കുന്നു. സഭയിൽ അൽമേയർക്ക് അർഹിക്കുന്ന അംഗീകാരവും സഭാഭരണത്തിൽ തുല്യ പങ്കാളിത്തവും യഥാവസരം നൽകിയിരുന്നുവെങ്കിൽ എറണാകുളത്തു നടന്നതുപോലുള്ള സംഭവവികാസങ്ങൾ ഉണ്ടാകുമായിരുന്നില്ലെന്നാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. സീറോ - മലബാർ സഭ മേജർ ആക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടിട്ടും നമ്മുടെ പാരമ്പര്യമനുസരിച്ച് അൽമേയർക്ക് അർഹമായ പ്രാതിനിദ്ധ്യവും പങ്കാളിത്തവും സഭാകാര്യങ്ങളിൽ നൽകുന്നില്ലെന്നുള്ളത് ഏറെ ദുഖകരമാണ്. ഈ സ്ഥിതിവിശേഷത്തിന് മാററം വരുത്തുവാനും എ.കെ.സി.സി.ക്ക് അംഗീകാരം നൽകുവാനും തയ്യാറാകണമെന്ന് സീറോ - മലബാർ സഭാസിനഡിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സഭയിൽ ശാശ്വതമായ സമാധാനവും ഐക്യവും വളർത്തിയെടുക്കുവാൻ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നും ആവശ്യമെങ്കിൽ അതിന് നേതൃത്വം നൽകുവാൻ എ.കെ.സി.സി. തയ്യാറാണെന്നും അറിയിക്കാൻ ആഗ്രഹിക്കുന്നു.

## 215

# ഭീഷണിയുടെ സ്വരം ക്രൈസ്തവമല്ല

1997 ആഗസ്റ്റ് 1

സീറോ മലബാർ സഭയുടെ ആരാധനാക്രമം, ഭരണസംവിധാനം തുടങ്ങിയ കാര്യങ്ങളെപ്പററി അഭിപ്രായം പറയുവാനും ബഹുജനാഭിപ്രായം രൂപീകരിക്കുവാനും എല്ലാവർക്കും അവകാശമുണ്ടെന്നും തങ്ങളുടെ നിലപാട് അംഗീകരിച്ചില്ലെങ്കിൽ നിയമലംഘനം നടത്തുമെന്നുള്ള ഭീഷണിപ്രയോഗം ക്രൈസ്തവമല്ലെന്നും സിനഡിനു മുൻപും സിനഡ് സമ്മേളനാവസരങ്ങളിലും

www.malankaralibrary.com

സീറോ-മലബാർ സഭയുടെ ഔദ്യോഗിക അൽമേയാ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സുമായി ആശയവിനിമയം നടത്തുവാൻ സിനഡ് തയ്യാറായിരുന്നുവെങ്കിൽ എറണാകുളത്ത് നടന്നതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുമായിരുന്നില്ലെന്നും പ്രസിഡണ്ടു ജോൺ കച്ചിറമററത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന എ.കെ.സി.സി. വർക്കിംഗ് കമ്മററി യോഗം അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് കമ്മററി രൂപീകരിച്ച പ്രമേയത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

സീറോ മലബാർ സഭയിൽ ഏതാനും വർഷങ്ങളായി ആരാധനാക്രമം ഭരണസംവിധാനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ എല്ലാ ജനാധിപത്യ മര്യാദകളെയും അതിലംഘിച്ച് ഭീഷണിയുടെ രീതിയിലേക്ക് നീങ്ങിക്കാണുന്നത് വളരെ നിർഭാഗ്യകരമാണ്. ജൂൺ 9 മുതൽ നടന്ന സിനഡ് സമ്മേളനത്തിനിടയിൽ ഒരു കൂട്ടം ആളുകൾ നടത്തിയ ധർണയും സിനഡ് സമ്മേളനം നിർത്തിവയ്പിച്ച് ഒരു പററം വൈദീകർ നടത്തിയ നിവേദന സമർപ്പണവും ക്രൈസ്തവസമീപനമല്ലന്ന് തറപ്പിച്ച് പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സിനഡിനിടയിൽ നടന്ന ഇത്തരം സംഭവങ്ങൾ ക്രൈസ്തവകൂട്ടായ്മയെ തകർക്കുന്നതിനും ലോകത്തിനു മുന്നിൽ സഭയെ അപഹാസ്യമായി ചിത്രീകരിക്കുന്നതിനും മാത്രമേ സഹായകരമായിട്ടുള്ളുവെന്നാണ് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം. നിവേദനം സമർപ്പിക്കുക ഏതൊരു പൗരന്റെയും അവകാശമാണ്. നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ നിലവിലുള്ള സംവിധാനത്തെ തകർക്കുമെന്ന് ഭീഷണിപ്പെടുത്തുന്നത് ശരിയല്ല. എറണാകുളത്ത് സിനഡിൽ മെമ്മോറാണ്ട സമർപ്പണത്തിനെത്തിയ വൈദികർ പത്രങ്ങൾക്കു നൽകിയ പ്രസ്താവനകളും പ്രതിഷേധാർഹമാണ്.

**216**

# ഉരുൾപൊട്ടിയ ദുരന്തഭൂമിയിൽ ദുരിതാശ്വാസവുമായി എ.കെ.സി.സി.

കോതമംഗലം
ജൂലായ് 97

പതിനൊന്നുപേരുടെ മരണത്തിനിടയാക്കിയ ഉരുൾപൊട്ടലുകൾകൊണ്ട് നടുങ്ങിവിറച്ചിരിക്കുന്ന കോതമംഗലം രൂപതയിൽപ്പെട്ട മാമലക്കണ്ടം, പഴംപിള്ളിചാൽ (ഹൈറേഞ്ച്) എന്നീ സ്ഥലങ്ങൾ എ.കെ.സി.സി. പ്രതിനിധി സംഘം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. 14 വീടുകൾ പൂർണ്ണമായും 50 വീടുകൾ ഭാഗികമായും നശിച്ചു. 25 ഏക്കറിലധികം കൃഷിഭൂമി ഒലിച്ചുപോയി. അടിമാലി ഗവ.ആസ്പത്രിയിൽ 46 പേരും മററിടങ്ങളിൽ 6 പേരും ചികിത്സയിലാണ്. വീണ്ടും ഉരുൾപൊട്ടലുണ്ടാകാനുള്ള സാധ്യത സംഘം വിലയിരുത്തി.

www.malankaralibrary.com

പഴംപിള്ളിച്ചാൽ കത്തോലിക്കാപള്ളിയിൽ കോതമംഗലം രൂപതാ സോഷ്യൽ സർവ്വീസ് ഡയറക്ടർ ഫാ.ആലപ്പാട്ടിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ സമിതി പ്രവർത്തിക്കുന്നുണ്ട്. മദർതെരേസയുടെ മിഷനറീസ് ഓഫ് ചാരിററീസിലെ കന്യാസ്ത്രീകളും സേവന രംഗത്തുള്ളതായി പ്രസിഡണ്ട് ജോൺ കച്ചിറമററം അറിയിച്ചു.

ദുരിതാശ്വാസ ഫണ്ടിലേക്ക് ആദ്യ ഗഡുവായി എ.കെ.സി.സി. 5000 രൂപ സംഭാവന നൽകിയതായും, ഉരുൾപൊട്ടലിൽ മാതാപിതാക്കളും സഹോദരങ്ങളും നഷ്ടപ്പെട്ട റീന എന്ന പെൺകുട്ടിയുടെ പുനരധിവാസം എ.കെ.സി.സി. ഏറെറടുത്ത് കഴിഞ്ഞതായും ജനറൽസെക്രട്ടറി ആന്റണി വള്ളമററവും പ്രസിഡണ്ട് ജോൺ കച്ചിറമററവും അറിയിച്ചു.

## 217

# മദർതെരേസ

കാരുണ്യത്തിന്റെയും പരസ്നേഹത്തിന്റെയും പ്രതീകമായിരുന്ന മദർ തെരേസ - ലോകത്തിലെങ്ങും നന്മയുടെയും കാരുണ്യത്തിന്റെയും പ്രകാശം പരത്തിയ മദർ തെരേസ - ദാരിദ്ര്യത്തിനും അനാഥത്വത്തിനും ഭാഷയുടെയും രാഷ്ട്രത്തിന്റെയും അതിർവരമ്പുകളില്ലെന്ന് സ്വജീവിതം കൊണ്ട് തെളിയിച്ച മദർ തെരേസ - കൽക്കട്ടയിലെ തെരുവുകളിൽ കാരുണ്യത്തിന്റെ അമ്മയായി വളർന്ന് ലോകത്തിന്റെ മുഴുവൻ അമ്മയായി തീർന്ന മദർ തെരേസ - തെരുവുമക്കളിലും അനാഥരിലും അശരണരിലും ക്രിസ്തുവിന്റെ മുറിവേററ മുഖം ദർശിച്ച മദർ തെരേസ - ഇരുപതാം നൂററാണ്ടിന്റെ ഇതിഹാസവും ഈ നൂററാണ്ടിന്റെ വിശുദ്ധയുമായ മദർ തെരേസ - ഇക്കഴിഞ്ഞ സെപ്ററംബർ 5ന് ദിവംഗതയായി. ആ വാർത്ത കേട്ട ലോകം മുഴുവൻ ഞെട്ടി. എല്ലാ കണ്ണുകളും കൽക്കട്ടയിലേക്ക് തിരിഞ്ഞു. യുഗോസ്ലാവിയായിൽ ജനിച്ച് 19-ാമത്തെ വയസ്സിൽ ഇന്ത്യയിൽ എത്തി. സ്വന്തമെന്ന് പറയുവാനൊന്നുമില്ലായിരുന്ന നസ്രായക്കാരന്റെ വഴിയിലൂടെ നടന്ന് - ലോകത്തിന് മുഴുവൻ ധാർമ്മിക നേതൃത്വം നൽകി - ജനകോടികളുടെ ആദരവുകൾ നേടിയാണ് ആ ജീവിതം നിത്യതയിലേക്ക് കടന്നത്.

വിദേശത്ത് ജനിച്ച്, ഇന്ത്യയിൽ വളർന്ന്, ഭാരത പൗരത്വം സ്വീകരിച്ച് ലോകത്തെല്ലായിടത്തുമുള്ള അശരണർക്കും അഗതികൾക്കുമായി ജീവൻ ബലിയർപ്പിച്ച മദർ തെരേസയെ ലോകം മുഴുവൻ ഭക്തി ബഹുമാനങ്ങളോടെ ആദരിച്ചു. 1962-ൽ പത്മശ്രീ ബഹുമതിയും 1980-ൽ ഭാരതത്തിലെ പരമോന്നത ബഹുമതിയായ ഭാരതരത്നം അവാർഡും അവർക്കു നൽകി. ഇതിനും പുറമെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്രയെത്ര അവാർഡുകളാണ് മദറിനെ തേടിയെത്തിയത്. മാഗ്സാസെ അവാർഡ്, ജോൺ 23-ാമൻ സ്മാരക സമാധാന സമ്മാനം, കെന്നഡി അന്താരാഷ്ട്ര സമ്മാനം, ഗുഡ്സമരിററൻ അവാർഡ്, അന്താരാഷ്ട്രധാരണയ്ക്കുള്ള നെഹ്റു അവാർഡ്, സമാധാന

www.malankaralibrary.com

ത്തിനുള്ള നോബൽ സമ്മാനം, രാജീവ്ഗാന്ധി സദ്ഭാവനാ അവാർഡ്...... ഇങ്ങനെ പോകുന്നു നീണ്ട പട്ടിക.

അമ്മയുടെ ശവസംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുവാൻ, അമ്മക്ക് ആദരാഞ്ജലിയർപ്പിക്കുവാൻ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും അതിപ്രശസ്തർ വന്നെത്തി. വത്തിക്കാനിൽ നിന്ന് പോപ്പിന്റെ പ്രതിനിധി കാർഡിനൽ സൊഡാനോ, അമേരിക്കൻ പ്രസിഡണ്ടിന്റെ ഭാര്യ ഹിലാരി ക്ലിന്റൺ, ഇററലി, ഫ്രാൻസ്, ബംഗ്ലാദേശ്, ഘാന തുടങ്ങിയ രാജ്യങ്ങളുടെ രാഷ്ട്ര തലവന്മാർ, പാലസ്തീൻ നേതാവ് യാസർ അരാഫത്ത് തുടങ്ങിയ ലോകനേതാക്കൾ അമ്മയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാൻ കൽക്കട്ടയിൽ എത്തി.

ഭാരതം ദേശീയ ദുഃഖാചരണം തന്നെ നടത്തി. ദേശീയ ബഹുമതിയോടെ അവരുടെ സംസ്കാര ചടങ്ങുകൾ നടത്തി. ഇന്ത്യൻ രാഷ്ട്രപതിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രി, കാബിനററ് മന്ത്രിമാർ തുടങ്ങിയ ഉന്നത നേതാക്കൾ അന്ത്യോപചാരം അർപ്പിക്കുവാൻ കൽക്കട്ടയിൽ എത്തി.

നിരാലംബർക്കുവേണ്ടി ജീവിച്ച മദർ തെരേസയോട് ഇന്ത്യാഗവൺമെന്റ് കാണിച്ച സൗമനസ്യത്തിൽ ഇന്ത്യയുടെ മതേതരത്വത്തിന്റെ മഹാനിദർശനമാണ് പ്രതിഫലിച്ചത്. ആ പ്രതിഫലനം ലോകം മുഴുവൻ ദർശിച്ചു. അങ്ങനെ ഭാരതം ലോകത്തിന്റെ മുഴുവൻ പ്രശംസയ്ക്കും അർഹയായി.

അല്ലയോ ഭാരതാംബികേ! നന്മചെയ്യുന്നവരെ ഇത്രമാത്രം ആദരിക്കുവാൻ നിനക്കെങ്ങനെ സാധിക്കുന്നു? എല്ലാ മതങ്ങളെയും ആദരിക്കുകയും എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കുകയും എല്ലാവിധ ആചാരങ്ങൾക്കും ബഹുമാനം നൽകുകയും ചെയ്തു പോന്നിട്ടുള്ള മഹത്തായ ഭാരതീയ സംസ്കാരം - ആദർശങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി എന്നും നിലകൊണ്ടിട്ടുള്ള പവിത്രമായ ഭാരതീയ സംസ്കാരം - അതാണ് നിന്റെ നന്മയുടെയെല്ലാം അടിസ്ഥാനമെന്ന് ഞങ്ങൾ അറിയുന്നു. വേദങ്ങളുടെയും വേദാന്തങ്ങളുടെയും തണലിൽ വളർന്ന് ലോകത്തെ പ്രകാശമാനമാക്കിയ ആർഷഭാരതത്തിന്റെ പാരമ്പര്യം നീ എന്നും തുടരുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

05-10-1997

## 218

# അഭിനന്ദന സന്ദേശം അയച്ചു

മദർ തെരേസയുടെ സംസ്കാര ചടങ്ങുകൾ ദേശീയ ബഹുമതിയോടെ നടത്താൻ നടപടി സ്വീകരിച്ച പ്രധാനമന്ത്രി ഐ.കെ.ഗുജ്റാളിനും സംസ്ഥാനതലത്തിൽ എല്ലാ ക്രമീകരണങ്ങളും ചെയ്ത ബംഗാൾ മുഖ്യമന്ത്രിക്കും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ജോൺ കച്ചിറമററം അഭിനന്ദന സന്ദേശം അയച്ചു.

www.malankaralibrary.com

നിരാലംബർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മദർ തെരേസയോട് ഇന്ത്യാഗവൺമെന്റ് കാണിച്ച സൗമനസ്യത്തിൽ ഇന്ത്യയുടെ മതേതരത്വത്തിന്റെ മഹാനിദർശനമാണ് പ്രതിഫലിക്കുന്നതെന്നും രാജ്യത്തെ ഒരു ന്യൂനപക്ഷ സമുദായത്തിന്റെ ആരാധ്യനേതാക്കളിലൊരാൾക്ക് ഇപ്രകാരം ഒരു ബഹുമതി നൽകിയതിനെ ആദരപൂർവ്വം സ്മരിക്കുന്നുവെന്നും ജോൺ കച്ചിറമററം അയച്ച സന്ദേശത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

07-10-97

**219**

# ഭാരതാംബികേ കേഴുക

ഭാരതത്തിലെ ഒരു ന്യൂനപക്ഷമാണ് ക്രൈസ്തവർ. ഭാരതത്തിൽ ക്രൈസ്തവർ ന്യൂനപക്ഷമാണെങ്കിലും ഭാരതത്തിന്റെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിയിൽ ഏററം കൂടുതൽ വിലപ്പെട്ട സംഭാവന നൽകിയിട്ടുള്ള ഒരു സമൂഹമാണ് ക്രൈസ്തവസമൂഹം. ഭരണാധികാരികൾ വരെ അത് അംഗീകരിച്ചിട്ടുമുണ്ട്.

ഭാരതത്തിന്റെ സാംസ്കാരിക പുരോഗതിയിൽ നിർണ്ണായകമായ പങ്കു വഹിച്ച ക്രൈസ്തവസമൂഹം ഇന്നിവിടെ പീഡനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. വീടും നാടുമുപേക്ഷിച്ച് സ്വന്തക്കാരെയും നാട്ടുകാരെയും ഉപേക്ഷിച്ച് അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും ഇടയിൽ പോയി സാമൂഹ്യപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വൈദികരും കന്യാസ്തീകളും ഇന്ന് മർദ്ദിക്കപ്പെടുന്നു. വധിക്കപ്പെടുന്നു.

ഈ മർദ്ദനമുറകൾകൊണ്ട് ക്രൈസ്തവമിഷനറിമാരെ തങ്ങളുടെ മേഖലകളിൽ നിന്നും പിന്തിരിപ്പിക്കാമെന്ന് വ്യാമോഹിക്കുന്നത് ശരിയായിരിക്കില്ല. ഈ മർദ്ദനങ്ങളും പീഡനങ്ങളും ഏൽക്കേണ്ടിവരുമെന്ന ഉത്തമബോദ്ധ്യത്തോടെയാണ് മിഷനറിമാർ അന്യനാടുകളിലേക്ക് പ്രവർത്തനത്തിന് പോയത്. ക്രിസ്തു തന്റെ വത്സല ശിഷ്യന്മാരെ സുവിശേഷ പ്രഘോഷണത്തിനയച്ചപ്പോൾ അവർ ഭാവിയിൽ അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങളെപ്പററി മുന്നറിയിപ്പ് നൽകിയിരുന്നു. "ഇതാ ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. അവർ ന്യായാധിപന്മാരുടെ കച്ചേരിയിൽ നിങ്ങളെ ഏല്പിക്കുകയും തങ്ങളുടെ സംഘങ്ങളിൽ വച്ച് നിങ്ങളെ അടിക്കുകയും ചെയ്യും നിങ്ങൾ എന്റെ നാമം നിമിത്തം സകല മനുഷ്യരാലും ദ്വേഷിക്കപ്പെട്ടവരായിത്തീരും." (മത്തായി 10:16-42). "ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതു നിങ്ങൾക്കുമുൻപേ എന്നെ ദ്വേഷിച്ചുവെന്ന് അറിഞ്ഞുകൊള്ളുവിൻ. നിങ്ങൾ ലോകത്തിൽ നിന്നുള്ളവരല്ല. അതുകൊണ്ടാണ് ലോകം നിങ്ങളെ ദ്വേഷിക്കുന്നത്...... അവർ തങ്ങളുടെ സംഘങ്ങളിൽ നിന്ന് നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിന് ബലി സമർപ്പ

www.malankaralibrary.com

ക്കുന്നവെന്ന് വിചാരിക്കുന്ന സമയം വരികയും ചെയ്യും. അവർ എന്റെ പിതാവിനെയാകട്ടെ എന്നെയാകട്ടെ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇങ്ങനെ ചെയ്യും. നിങ്ങൾ കരഞ്ഞു വിലപിക്കും. ലോകം സന്തോഷിക്കും. നിങ്ങൾക്ക് ദുഃഖം നേരിടും. എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി ഭവിക്കും. ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." (യോഹന്നാൻ 15:19, 17:33).

ക്രിസ്തുനാഥന്റെ ഈ വാക്കുകളുടെ പൂർണ്ണമായ അർത്ഥം മനസ്സിലാക്കിക്കൊണ്ടാണ് മിഷനറി പ്രവർത്തനത്തിനായി വൈദികരും കന്യാസ്ത്രീകളും ഇറങ്ങിതിരിച്ചത്. വീടും നാടും ഉപേക്ഷിച്ച് യാത്ര പുറപ്പെട്ടത്. അതുകൊണ്ടാണ് അവർ മർദ്ദനത്തിന് വിധേയരാവുമ്പോൾ - വധിക്കപ്പെടുമ്പോൾ ഭയപ്പെടാത്തത്. ദുഃഖിക്കാത്തത്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഈ മതേതര ഭാരതത്തിൽ ക്രൈസ്തവ മിഷനറിമാർക്കുനേരെ പല സന്ദർഭങ്ങളിലും ആക്രമണങ്ങൾ നടന്നിട്ടുണ്ട്. പലരും വധിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഇവിടുത്തെ ക്രൈസ്തവർക്ക് ദുഃഖമുണ്ട്. ക്രൈസ്തവരേക്കാൾ കൂടുതലായി ദുഃഖിക്കുന്നത് ഇവിടുത്തെ ഹൈന്ദവ സമൂഹമായിരിക്കുമെന്ന് ഞങ്ങൾക്ക് ഉത്തമബോദ്ധ്യമുണ്ട്.

ലോകസംസ്കാരങ്ങളിൽ വച്ച് ഏററം പഴക്കമുള്ളതാണ് ഭാരതസംസ്കാരം. എല്ലാ മതങ്ങളെയും ആദരിക്കയും എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കുകയും എല്ലാവിധ ആചാരങ്ങൾക്കും ബഹുമാനം നൽകുകയും ചെയ്തുപോന്നിട്ടുള്ളതാണ് ഭാരതീയ സംസ്കാരം. ലോകത്തിലെ എല്ലാ നല്ല ആശയങ്ങളെയും ഉൾക്കൊള്ളാൻ - സ്വാംശീകരിക്കുവാൻ ഭാരതസംസ്കാരത്തിന് സാധിച്ചിട്ടുണ്ട്.

ആ മഹത്തായ ഭാരതീയ സംസ്കാരത്തിന്റെ മഹത്വം മനസ്സിലാക്കാൻ സാധിക്കാത്തവരാണ് ഫാ. തോമസ് അഞ്ചാനിക്കലിന്റെ കഴുത്തറുത്തത്. ആ മഹത്വം മനസ്സിലാക്കാൻ ഹൃദയമില്ലാത്തവരാണ് ഫാ. ക്രിസ്തുദാസിനെ നഗ്നനാക്കി മർദ്ദിച്ച് പെരുവഴിയിലൂടെ അനേകം കിലോമീററർ നടത്തിച്ചത്.

ഫാ. അഞ്ചാനിക്കലിനെ വധിച്ചതിലല്ല, റാണി മരിയ സിസ്റ്ററിനെ വധിച്ചതിലല്ല, ഫാ. ക്രിസ്തുദാസിനെ നഗ്നനാക്കി മർദ്ദിച്ചതിലല്ല ഇവിടുത്തെ ക്രൈസ്തവസമൂഹം ഇന്ന് ദുഃഖിക്കുന്നത്. ഭാരതത്തിലെ ജനകോടികൾ ശതാബ്ദങ്ങളായി ഇവിടെ നനച്ചുവളർത്തിയ മൂല്യങ്ങൾക്ക് ക്ഷതമേററതിലാണ് ഞങ്ങൾ ദുഃഖിക്കുന്നത്.

ഇന്ത്യയുടെ മനസ്സിൽ യുഗങ്ങളോളം ജ്വലിച്ചുനിന്ന മതേതരചിന്തയുടെ ദീപാങ്കുരങ്ങൾ തച്ചുകെടുത്താൻ ഏതാനും പേർ നടത്തിയ ഹീന നടപടികൾ ഞങ്ങളെ ദുഃഖിതരാക്കുന്നു. ഫാ. അഞ്ചാനിക്കൽ വധിക്കപ്പെട്ടപ്പോൾ ഇവിടെ തകർന്നുവീണത് നമ്മുടെ മതേതര സങ്കൽപമാണ്. നൂററാണ്ടുകളായി നിലനിന്ന മതേതര സങ്കല്പത്തിന് ഇളക്കം തട്ടുകയും ലോകത്തിന്റെ മുൻപിൽ നാം അപഹാസ്യരായിതീരുകയും ചെയ്തതിലാണ് ഞങ്ങൾക്ക് ദുഃഖം.

www.malankaralibrary.com

വേദങ്ങളുടെയും വേദാന്തങ്ങളുടെയും തണലിൽ വളർന്ന് ലോകത്തെ പ്രകാശമാനമാക്കിയ ആർഷഭാരതത്തിന്റെ മഹത്തായ പാരമ്പര്യത്തിലാണ് രാജാറാം മോഹൻറോയി ബ്രഹ്മസമാജവും സ്വാമി ദയാനന്ദസരസ്വതി ആര്യസമാജവും സ്ഥാപിച്ച് പ്രവർത്തിച്ചത്. ബ്രഹ്മസമാജവും ആര്യ സമാജവും ഉയർത്തികാട്ടിയ ആ മൂല്യങ്ങൾ ഇവിടെ തകർക്കപ്പെടുവാൻ ശ്രമിക്കുന്നതിലാണ് പ്രതിഷേധിക്കുന്നത്. ഞങ്ങൾ ദുഃഖിക്കുന്നത്.

വൈദീകർ വധിക്കപ്പെടാൻ,അവർ മർദ്ദനത്തിന് വിധേയരായാൽ ഇവിടെ തകർന്ന് വീഴുന്നത് , യുഗങ്ങളോളം നാം കാത്തുസൂക്ഷിച്ച നമ്മുടെ സാംസ് കാരിക പൈതൃകമാണ് എന്നത് എല്ലാവരും മനസ്സിലാക്കുക തന്നെ വേണം.

പോലീസും പട്ടാളവും നിഷ്ക്രിയരായതുകൊണ്ട് മാത്രമല്ലേ ഈ കൊലപാതകങ്ങളും മർദ്ദനങ്ങളും മതത്തിന്റെ പേരിൽ ഇന്ന് നടക്കുന്നത്. നമ്മുടെ മഹത്തായ സാംസ്കാരിക പൈതൃകത്തിന്റെ അന്തസ്സത്ത തലമുറകളിലേക്ക് കൈമാറുന്നതിൽ നാം പരാജയപ്പെട്ടതുകൊണ്ടാണ്. ഇവിടെ ശാശ്വതമായ സമാധാനം കൈവരുവാൻ, മതസൗഹാർദ്ദം നിലനിൽക്കുവാൻ ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തെപ്പററിയുള്ള ശരിയായ ഒരു അവബോധം ജനങ്ങളിൽ വളർത്തിയെടുക്കുവാൻ നാം ശ്രമിക്കണം.

വടക്കേ ഇന്ത്യയിൽ നടന്ന ക്രൈസ്തവ പീഡനങ്ങളെ ഉൽക്കണ്ഠയോടുകൂടി ഞങ്ങൾ വീക്ഷിക്കുന്നു. ഞങ്ങൾ ദുഃഖിക്കുന്നു. ഭാരതജനതയുടെ ഉൽക്കണ്ഠയിലും ദുഃഖത്തിലും ഞങ്ങളും പങ്കുചേരുന്നു.

05-12-1997

## 220

# തൃശൂർ സെന്റ് തോമസ് കോളേജ്: സർക്കാർ നിലപാട് പ്രതിഷേധാർഹം.

തൃശൂർ സെന്റ് തോമസ് കോളേജ് ഉൾപ്പെടെയുള്ള രണ്ടു പ്രമുഖ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുറന്നുപ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്നും കലാലയങ്ങളെ കലാപഭൂമിയാക്കാനുള്ള ചില സംഘടനകളുടെ നീക്കത്തിനെതിരെ രാഷ്ട്രീയ ചിന്തകൾക്കതീതമായി പ്രവർത്തിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ജോൺ കച്ചിറമററം ആവശ്യപ്പെട്ടു.

പഠിക്കാനാഗ്രഹിക്കുന്ന ഭൂരിപക്ഷം വിദ്യാർത്ഥികളുടെയും പഠിക്കാനുള്ള അവകാശം തകർക്കുന്നത് കൈയ്യുംകെട്ടി നോക്കിയിരിക്കാൻ സമ്മതിക്കുകയില്ലെന്ന് കച്ചിറമററം അറിയിച്ചു. അദ്ധ്യാപകരെയും

www.malankaralibrary.com

മാനേജ്മെന്റിനെയും ഭീഷണിപ്പെടുത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ചവരെ മാതൃകാപരമായി ശിക്ഷിക്കാൻ കേരളസർക്കാരിന് കടമയുണ്ട്. ക്രമസമാധാന നില തകർക്കാതിരിക്കാൻ മുൻകൈയെടുക്കേണ്ട ഗവൺമെന്റ് സമരക്കാരെ അഴിഞ്ഞാടാൻ അനുവദിക്കുന്നത് പ്രതിഷേധാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. ഏതാനും വിദ്യാർത്ഥികളുടെ അക്രമ പ്രവർത്തനം മൂലം അനേകം കുട്ടികൾക്ക് പഠനം നിഷേധിക്കുന്ന സാഹചര്യത്തിന് അറുതിവരുത്താൻ സർക്കാർ മുൻകൈ എടുക്കാത്ത പക്ഷം സംസ്ഥാനാടിസ്ഥാനത്തിൽ പ്രശ്നം കൈകാര്യം ചെയ്യാൻ നിർബന്ധിതരായിത്തീരുമെന്നും ജോൺ കച്ചിറമററം അറിയിച്ചു.

തൃശൂർ സെന്റ് തോമസ് കോളേജ്, ചെമ്പഴത്തി എസ്. എൻ.കോളേജ്, റാന്നി സെന്റ് തോമസ് കോളേജ് എന്നിവയുടെ മാനേജ്മെന്റ് നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ കത്തോലിക്കാ കോൺഗ്രസ് ശ്രമിക്കുമെന്നും പ്രസ്തുത കോളേജ് മാനേജ്മെന്റിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നുവെന്നും കച്ചിറമററം അറിയിച്ചു.

12-12-97

## 221

# ഘടക കക്ഷികൾ നിലപാടു വ്യക്തമാക്കണം: കച്ചിറമററം

തൃശൂർ സെന്റ് തോമസ് കോളേജിൽ എസ്.എഫ്.ഐക്കാർ നടത്തുന്ന സമരത്തിന് ഭരണമുന്നണിയിലെ പ്രമുഖ കക്ഷിയായ സി.പി.എം. ഐക്യദാർഢ്യം പ്രകടിപ്പിച്ച സ്ഥിതിക്ക് മററ് ഘടകകക്ഷികൾ തങ്ങളുടെ നിലപാട് വ്യക്തമാക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ജോൺ കച്ചിറമററം ആവശ്യപ്പെട്ടു. 3500ലധികം വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കാൻ ഏതാനും വിദ്യാർത്ഥികൾ നടത്തുന്ന സമരത്തെ ഭരണകക്ഷി പിൻതാങ്ങുന്നത് അപലപനീയമാണ്. ഈ നീക്കം ചെറുക്കാൻ ഘടകകക്ഷികൾ തയ്യാറാകണം.

സെന്റ് തോമസ് കോളേജിലെ സമരം ഒത്തു തീർക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്നും കച്ചിറമററം ആവശ്യപ്പെട്ടു.

14-12-97

www.malankaralibrary.com

## 222

# സെന്റ് തോമസ് കോളേജ് പ്രശ്നം: എ.കെ.സി.സി. നേതൃസമ്മേളനം23-ന്.

സെന്റ് തോമസ് കോളേജ് പ്രശ്നത്തിൽ മാനേജ്മെന്റിനു പിന്തുണ പ്രഖ്യാപിക്കുന്നതിന് എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ സംസ്ഥാന തല നേതൃത്വ സമ്മേളനം ചേരുന്നു. 1997 ഡിസംബർ 23-ന് ഉച്ചകഴിഞ്ഞ് 3.30ന് കോട്ടയത്ത് എ.കെ.സി.സി. ഹാളിലാണ് യോഗം ചേരുക.

കഴിഞ്ഞ ആറാഴ്ചയായി എസ്.എഫ്.ഐ. വിദ്യാർത്ഥികൾ നടത്തുന്ന സമരത്തെത്തുടർന്ന് അദ്ധ്യയനം മുടങ്ങിക്കിടക്കുന്ന തൃശൂർ സെന്റ് തോമസ് കോളജിൽ സന്ദർശനം നടത്തിയ എ.കെ.സി.സി. പ്രതിനിധി സംഘം അറിയിച്ചതാണിത്. കോളേജ് മാനേജ്മെന്റിനോട് പ്രിതിനിധിസംഘം ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമററം, കേരള കാത്തലിക് ഫെഡറേഷൻ സെക്രട്ടറി പ്രൊഫ. പി.എ.ജോസ്, ട്രെഷറർ വി.എ.വർഗീസ് എന്നിവരാണ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്. തൃശൂർ ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി, വികാരി ജനറാൾ മോൺ ബോസ്കോ പുത്തൂർ, കോളജ് പ്രിൻസിപ്പൽ റവ.ഡോ. ആന്റണി പൊറത്തൂർ, കോളേജ് അദ്ധ്യാപക-അനദ്ധ്യാപകർ തുടങ്ങിയവരുമായി പ്രതിനിധി സംഘം ചർച്ചകൾ നടത്തി.

സമരം മൂലം ഇക്കൊല്ലം വെറും 38 ദിവസം മാത്രമാണ് കോളേജിൽ ക്ലാസുകൾ നടന്നതെന്ന് പ്രതിനിധി സംഘം ചൂണ്ടിക്കാട്ടി. സമരത്തോടനുബന്ധിച്ച് കോളേജിൽ അതിക്രമം നടത്തിയ എസ്.എഫ്.ഐ. വിദ്യാർത്ഥികൾ കോളേജ് ഉപകരണങ്ങൾ നശിപ്പിച്ചു. അദ്ധ്യാപക- അനദ്ധ്യാപകരുടെ ഭവനങ്ങൾ തകർത്ത് അവരെ ഭീഷണിപ്പെടുത്തി. സി.പി.എം. ജില്ലാകമ്മിററിയുടെ യോഗം ഈ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതോടെ കോടതിവിധികളെപ്പോലും ധിക്കരിച്ചുകൊണ്ട് സി.പി.എം. പോഷക സംഘടനാ പ്രവർത്തകർ കോളേജിലെത്തി അതിക്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

കുററക്കാരായ വിദ്യാർത്ഥികളുടെ മേൽ സ്വീകരിച്ച നടപടികൾക്ക് എ.കെ.സി.സി. പിന്തുണ പ്രഖ്യാപിച്ചു. കുററക്കാരെ ശിക്ഷിക്കുന്നത് അച്ചടക്കം നിലനിർത്താൻ ആവശ്യമാണ്. കോളജ് പ്രശ്നം ഗൗരവമായി ചർച്ച നടത്താൻ 23-ന് ചേരുന്ന നേതൃത്വസമ്മേളനത്തിൽ സംഘടനാ നേതാക്കൾ എത്തിച്ചേരണമെന്ന് പ്രതിനിധിസംഘം അറിയിച്ചു.

16-12-1997

www.malankaralibrary.com

## 223

# എ.കെ.സി.സി.ആക്ഷൻ കൗൺസിൽ രൂപീകരിച്ചു.

വിദ്യാഭ്യാസസ്ഥാപനങ്ങൾ രാഷ്ട്രീയവൽക്കരിക്കാൻ നടത്തുന്ന നീക്കങ്ങൾ ചെറുക്കുന്നതിന് തൃശൂർ സെന്റ് തോമസ് കോളേജിലെ സമരമടക്കമുള്ള വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരം കാണുന്നതിനും അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സംസ്ഥാന തല ആക്ഷൻ കൗൺസിൽ രൂപീകരിച്ചു.

പ്രൊഫ. കെ.ടി.സെബാസ്റ്റ്യൻ ചെയർമാനും എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമററം ജനറൽ സെക്രട്ടറിയുമായി കൗൺസിൽ നിലവിൽ വന്നു.

വിദ്യാർത്ഥിസമരത്തെത്തുടർന്നു തൃശൂർ സെന്റ് തോമസ് കോളേജ് ഒന്നര മാസമായി അടച്ചിടേണ്ടി വന്ന സ്ഥിതിവിശേഷം ചർച്ചചെയ്യാൻ കോട്ടയം എ.കെ.സി.സി. ഹാളിൽ ചേർന്ന യോഗത്തിലാണ് ഈ തീരുമാനം ഉണ്ടായത്.

പ്രശ്നം പരിഹരിക്കാൻ കോളേജ് മാനേജ്മെന്റ് നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും യോഗം പൂർണ പിന്തുണ പ്രഖ്യാപിച്ചു.

ജോൺ കച്ചിറമററം അദ്ധ്യക്ഷത വഹിച്ച ചർച്ചാസമ്മേളനത്തിൽ സി.ബി.സി.ഐ. പ്രസിഡണ്ടും ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പുമായ മാർ ജോസഫ് പൗവ്വത്തിൽ മുഖ്യപ്രഭാഷണം നടത്തി.

നിയമവാഴ്ച തകർത്തുകൊണ്ടു ശക്തിരാഷ്ട്രീയത്തിനു അവസരമുണ്ടാക്കുകയാണു സർക്കാർ ചെയ്യുന്നത്. നിയമവാഴ്ച നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു പൗരനും ജീവിക്കാൻ സാധിക്കാത്ത കാലഘട്ടമാണിത്. നിയമവാഴ്ചയെപ്പോലും തുരങ്കം വയ്ക്കാനാണു രാഷ്ട്രീയപാർട്ടികൾ ശ്രമിക്കുന്നതെന്ന് ആർച്ച് ബിഷപ്പ് പറഞ്ഞു.

നിയമവാഴ്ച നടപ്പാക്കാൻ പരാജയപ്പെടുന്ന മേഖലകളിലും കലാലയങ്ങളെ നശിപ്പിക്കാൻ രാഷ്ട്രീയപാർട്ടികളുടെ പോഷകസംഘടനകളെ പറഞ്ഞുവിടുന്ന കാലഘട്ടത്തിലും എ.കെ.സി.സി. ഉണർന്നു പ്രവർത്തിക്കണമെന്ന് ആർച്ച് ബിഷപ്പ മാർ ജോസഫ് പൗവ്വത്തിൽ ആഹ്വാനം ചെയ്തു.

മുൻ എം.പി. പി.സി. തോമസ്, പ്രൊഫ.വി.എ. വർഗീസ്, പ്രൊഫ. പി.എ. ജോസ്, റവ. ഡോ. ജോസഫ് വട്ടക്കളം, വർഗീസ് കരിപ്പായി, ആന്റണി വള്ളമററം എന്നിവർ പ്രസംഗിച്ചു.

സിസ്റ്റർ മരിയ, പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ, ഇ.ജെ. ലൂക്കോസ്,

www.malankaralibrary.com

ഫാ.ജോർജ്ജ് ശ്രാമ്പിക്കൽ, മാത്യു മടുക്കക്കുഴി, കെ.ടി. മൈക്കിൾ, റവ. ഡോ.അലക്സ് ചെട്ടിയത്ത്, അഡ്വ. ജോസ് ഫിലിപ്പ്, പ്രൊഫ.കെ.എം. മാത്യു, അഡ്വ.ജിജി സെബാസ്റ്റ്യൻ, പ്രൊഫ.റൂബിൾരാജ്, പ്രൊഫ.സെബാസ്റ്റ്യൻ വർഗീസ്, ടോമി കണയംപ്ലാക്കൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

23-12-97

## 224

# തൃശ്ശൂർ സെന്റ് തോമസ് കോളേജ്

കേരളത്തിലെ അതിപുരാതനവും അതിപ്രശസ്തവുമായ ഒരു കലാലയമാണ് തൃശ്ശൂർ സെന്റ് തോമസ് കോളേജ്. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഇതര കോളേജുകളെയപേക്ഷിച്ച് സെന്റ് തോമസ് കോളേജ് വളരെ മുൻപന്തിയിലാണ്. തൃശ്ശൂർ സെന്റ് തോമസിന്റെ ഈ ഉന്നതനിലവാരം കണ്ടറിഞ്ഞ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും രക്ഷാകർത്താക്കൾ കുട്ടികളെ ഈ കോളേജിലേക്കയക്കുകയാണ്. യഥാർത്ഥത്തിൽ സെന്റ് തോമസിലെ വിദ്യാർത്ഥികളിൽ നല്ലൊരു പങ്കും തൃശ്ശൂർജില്ലയ്ക്ക് പുറത്തു നിന്നുള്ളവരാണ്. മെരിററിന്റെയടിസ്ഥാനത്തിൽ പ്രവേശനം നേടിയവർ എസ്.എസ്.എൽ.സി.ക്ക് 500 മാർക്കിന് മുകളിലുള്ളവർ തന്നെയാണ്. പഠിക്കാനായി കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തിയ വിദ്യർത്ഥികളുടെ കൂട്ടത്തെയാണ് നമുക്ക് തൃശ്ശൂരിൽ കാണാൻ സാധിക്കുക.

വിദ്യാഭ്യാസരംഗത്ത് കേരളത്തിന്റെ അഭിമാനമായി ഉയർന്ന സെന്റ് തോമസ്, രണ്ടുമാസത്തിലേറെക്കാലമായി അദ്ധ്യയനം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ചെന്നു പതിച്ചിരിക്കുകയാണ്. സെന്റ് തോമസ് കോളേജിൽ ഏതാനും എസ്.എഫ്.ഐ. വിദ്യാർത്ഥികൾ കാട്ടി കൂട്ടിയ വിക്രിയകളാണ് ഇതിനു കാരണം. മററൊരു കോളേജിലെ വിദ്യാർത്ഥിസമരത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് തുടർച്ചയായി നടത്തിയ സമരത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ച വിദ്യാർത്ഥികളെ കയ്യേററം ചെയ്യുകയും പഠനം അലങ്കോലപ്പെടുത്തി കോളേജിൽ അരാജകാവസ്ഥ സൃഷ്ടിക്കുകയും അദ്ധ്യാപകരെ ഘെരാവോ ചെയ്യുകയും ചെയ്ത ഏതാനും എസ്.എഫ്.ഐ. വിദ്യാർത്ഥികളെ പ്രിൻസിപ്പൽ സസ്പെന്റ് ചെയ്തു. അന്വേഷണക്കമ്മീഷന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പിന്നീടവരെ പുറത്താക്കുകയുണ്ടായി. അതേ തുടർന്ന് എസ്.എഫ്.ഐ. സമരം ശക്തിപ്പെടുത്തി. വിദ്യാർത്ഥികൾ നടത്തിയ സമരത്തോട് സി.പി.എം.ന്റെ തൃശ്ശൂർ ജില്ലാ ഘടകം ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും സി.ഐ.ടി.യു. ക്കാർ കോളേജിൽ പ്രവേശിച്ച് കലാപമുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഭരണമുന്നണിയിലെ പ്രധാനഘടകകക്ഷിയാണ് ഈ സമരത്തിന് പിന്നിൽ. എന്നാൽ ഭരണമുന്നണിയിലെ മററു പ്രധാന ഘടകകക്ഷികളും

www.malankaralibrary.com

സി.പി.എം നെപ്പോലെ സമരത്തെ പിന്താങ്ങുന്നുണ്ടോയെന്ന് വ്യക്തമാക്കുക തന്നെ വേണം.

ഈ ആസൂത്രിത സമരത്തെ തുടർന്ന് കലാലയങ്ങളെ കലാപഭൂമികളാക്കി മാററാനാണ് മാർക്സിസ്റ്റുകാർ ശ്രമിക്കുന്നത്. കുട്ടനാടൻ പാടശേഖരങ്ങളിൽ കൃഷികൾ നശിപ്പിച്ച് അരാജകത്വം സൃഷ്ടിച്ച മാർക്സിസ്റ്റ് പാർട്ടി കലാലായങ്ങളെയും വെട്ടിനിരപ്പാക്കുവാൻ ശ്രമിക്കുകയാണ്. ഈ സമരത്തെ നേരിടുവാൻ മാനേജ്മെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാടിനോട് തൃശ്ശൂർ ജനതയും രക്ഷാകർത്താക്കളും പൂർണ്ണമായും സഹകരിക്കുന്നുണ്ടെന്നുള്ളത് സന്തോഷകരമാണ്.

ചെമ്പഴന്തി ശ്രീനാരായണ കോളേജും റാന്നി സെന്റ് തോമസ് കോളേജും കോഴഞ്ചേരി സെന്റ് തോമസ് കോളേജും മാർക്സിസ്റ്റ് ഭീഷണയിൽ അടഞ്ഞു കിടക്കുകയാണ്. രാഷ്ട്രീയപാർട്ടികളുടെ ചൊൽപ്പടിക്ക് വിദ്യാലയങ്ങളെ കൊണ്ടുവരുവാനുള്ള ഗൂഢ നീക്കത്തിന്റെ ഭാഗമാണ് ഈ സമരങ്ങളെല്ലാം.

കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സംഘം തൃശ്ശൂർ സെന്റ് തോമസ് കോളേജ് സന്ദർശിക്കുകയും പ്രശ്നങ്ങൾ പഠിക്കുകയും കോളേജ് മാനേജ്മെന്റിന്റെ എല്ലാ നടപടികളോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു. തൃശ്ശൂർ സെന്റ് തോമസ് കോളേജ് പ്രശ്നം അവിടുത്തെ ഒരു പ്രാദേശിക പ്രശ്നമായി കാണാൻ പാടില്ലെന്നും കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമായി കണക്കിലെടുക്കണമെന്നും ആണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ ഉചിതമായ അഭിപ്രായം. ഈ പ്രശ്നത്തെപ്പററി സമഗ്രമായി ചർച്ച ചെയ്ത് ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്നതിനായി ഡിസംബർ 23-ാം തീയതി ഒരു നേതൃയോഗം എ.കെ.സി.സി. വിളിച്ചു കൂട്ടുകയുണ്ടായി. വിദ്യാഭ്യാസസ്ഥാപനങ്ങൾ രാഷ്ട്രീയവൽക്കരിക്കാൻ നടത്തുന്ന നീക്കങ്ങൾ ചെറുക്കുന്നതിനും തൃശ്ശൂർ സെന്റ് തോമസിലെ സമരമടക്കമുള്ള വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനുമായി നേതൃസമ്മേളനം എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും ചെയ്തു. (നേതൃ സമ്മേളന റിപ്പോർട്ട് അന്യത്രചേർത്തിരിക്കുന്നു.)

കുററം ചെയ്ത വിദ്യാർത്ഥികൾക്കെതിരെയുള്ള ശിക്ഷണ നടപടി പിൻവലിക്കണമെന്ന നിർദ്ദേശവുമായി ചിലർ രംഗത്തുവരുകയുണ്ടായി എന്നാണ് അറിയുന്നത്. ആ സമീപനം ഒരിക്കലും ശരിയല്ല. കുററക്കാർ ശിക്ഷിക്കപ്പെടണം. അച്ചടക്കം നിലനിൽക്കാൻ അത്യാവശ്യമാണ്. മാനേജ്മെന്റ് സ്വീകരിച്ചിരിക്കുന്ന എല്ലാ നടപടികൾക്കും സകല ജനാധിപത്യവിശ്വാസികളും പിന്തുണ നൽകാൻ തയ്യാറാകുക തന്നെ വേണം.

05-01-1998

www.malankaralibrary.com

## 225

# സീറോമലബാർ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർക്ക് എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമറ്റം അയച്ച കത്ത്

അഭിവന്ദ്യ തിരുമേനി,

1. കേരള കത്തോലിക്കരുടെ പൊതുസമുദായ സംഘടനയെന്ന നിലയിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും കഴിഞ്ഞ കാലങ്ങളിൽ അനുഷ്ഠിച്ച സേവനങ്ങൾ എത്ര വിലപ്പെട്ടതായിരുന്നുവെന്ന് അങ്ങേയ്ക്ക് അറിയാമെന്ന് വിശ്വസിക്കുന്നു. പൗരാവകാശങ്ങളും ക്രൈസ്തവതാല്പര്യങ്ങളും സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി കോൺഗ്രസ്സ് അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ ഇന്ന് ചരിത്രത്തിന്റെതന്നെ ഭാഗമായി മാറിയിരിക്കുകയാണല്ലോ.

2. കേരള കത്തോലിക്കരുടെ പൊതു സമുദായ സംഘടനയായിട്ടാണ് കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനം ആരംഭിച്ചതെങ്കിലും അഭിവന്ദ്യ വൈദിക മേലദ്ധ്യക്ഷന്മാരുടെ നിർദ്ദേശത്തെ മാനിച്ച് കോൺഗ്രസ്സിന്റെ പ്രവർത്തനം സീറോ-മലബാർ രൂപതകളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. എങ്കിലും കേരള സഭയെ ബാധിക്കുന്ന എല്ലാ പൊതുപ്രശ്നങ്ങളിലും, റീത്തുകൾക്കും രൂപതകൾക്കും അതീതമായി വിശാല മനോഭാവത്തോടെ പ്രവർത്തിക്കുവാൻ എ.കെ.സി.സി. ഇന്നും ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്.

3. ഇന്ന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിനെ സീറോ-മലബാർ സഭയുടെ ഔദ്യോഗിക സംഘടനയായി സീറോ-മലബാർ ബിഷപ്പ്സ് കോൺഫ്രൻസ് അംഗീകരിച്ചിരിക്കുകയാണ്. എന്നാൽ സഭയെ ബാധിക്കുന്ന പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടപ്പോഴൊന്നും കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുമായി ആശയവിനിമയം നടത്തുവാൻ സീറോ-മലബാർ ബിഷപ്പ്സ് കോൺഫ്രൻസോ, സീറോ-മലബാർ സഭയുടെ സിനഡോ തയ്യാറായിട്ടില്ലെന്നത് ഞങ്ങളെ അത്യധികം ദുഃഖിപ്പിയ്ക്കുന്നു.

4. സീറോ-മലബാർ സഭയുടെ സിനഡിന്റെ സമ്മേളനം നടക്കുന്നതിന് മുമ്പും സിനഡ് സമ്മേളനാവസരങ്ങളിലും സിനഡ് അംഗങ്ങളായ മെത്രാന്മാർ എ.കെ.സി.സി.യുമായി ചർച്ച നടത്തണമെന്ന് കാണിച്ച് മുൻ അവസരങ്ങളിൽ കത്തോലിക്കാ കോൺഗ്രസ്സ് നടത്തിയ നിവേദനങ്ങൾക്ക് യാതൊരു പ്രതികരണവും ഉണ്ടാകാത്തതിൽ എ.കെ.സി.സി. പ്രവർത്തകർ ദുഃഖിതരാണ്.

5. ഇക്കഴിഞ്ഞ ജൂണിൽ സീറോ-മലബാർ സഭയുടെ സിനഡ് നടക്കുന്നയവസരങ്ങളിൽ വൈദികർ നടത്തിയ പ്രകടനത്തെ അധിക്ഷേപിച്ചുകൊണ്ടും സിനഡ് അംഗങ്ങളായ മെത്രാന്മാർ എ.കെ.സി.സി.യുമായി ചർച്ച നടത്തേണ്ടതായിരുന്നുവെന്നു കാണിച്ചും അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ്

www.malankaralibrary.com

വർക്കിംഗ് കമ്മിറ്റി പാസ്സാക്കിയ പ്രമേയത്തിന്റെ പൂർണ്ണരൂപം സീറോ-മലബാർ സഭാ സിനഡിലെ എല്ലാ അംഗങ്ങൾക്കും ഞങ്ങൾ അയച്ചുകൊടുത്തിട്ടുള്ളതാണ്. ആ പ്രമേയത്തിന്റെ പൂർണ്ണരൂപം ഒരിക്കൽക്കൂടി അഭിവന്ദ്യ തിരുമേനിമാരുടെ അറിവിലേക്കായി അനുബന്ധമായി ചേർത്തിരിക്കുന്നു.

6. 1996 ഫെബ്രുവരി 25-ാം തീയതി എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി പാസ്സാക്കിയതും അഭിവന്ദ്യപിതാക്കന്മാർക്ക് അയച്ചുകൊടുത്തിട്ടുള്ളതുമായ പ്രമേയത്തിന്റെ കോപ്പിയും ഇതോടൊന്നിച്ച് ചേർത്തിരിക്കുന്നു.

7. കഴിഞ്ഞകാലാനുഭവങ്ങൾ എന്തുതന്നെയായാലും പ്രത്യാശയോടുകൂടി അഭിവന്ദ്യപിതാക്കന്മാരുടെ പരിഗണനയ്ക്കും ചർച്ചക്കും മേൽനടപടിക്കുമായി ഏതാനും കാര്യങ്ങൾ വിനയപൂർവ്വം സമർപ്പിക്കട്ടെ.

എ) അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന് ഒരു ബിഷപ്പ്സ് ഡലഗേറ്റിനെ സിനഡ് നിയമിക്കുക (എ.കെ.സി.സി.യുമായി ആലോചിച്ച് ഒരു ബിഷപ്പ്സ് ഡലഗേറ്റിനെ നിയമിച്ചാൽ അത് കൂടുതൽ പ്രയോജനകരമായിരിക്കുമെന്നാണ് ഞങ്ങളുടെ അഭിപ്രായം.)

ബി) ഭാരതസഭയിലും ഇന്ത്യൻ രാഷ്ട്രീയഘടനയിലും വലിയ മാറ്റങ്ങൾ വരുത്തുവാൻ പോർട്ടുഗീസുകാരുടെ ആഗമനം ഇടയാക്കിയിട്ടുണ്ട്. പോർട്ടുഗീസുകാർ ഇന്ത്യയിൽ എത്തിയിട്ട് ഈ വർഷം 500 വത്സരം പൂർത്തിയാകുകയാണ്. പോർട്ടുഗീസ് ആഗമനത്തെപ്പറ്റി ചരിത്രദൃഷ്ട്യാ ഒരു വിലയിരുത്തൽ നടത്തുവാൻ നാം ശ്രമിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്നു നടക്കുന്ന പല ചർച്ചകളും ക്രൈസ്തവസമുദായത്തിന് അപമാനകരമാണ്. ഈ സാഹചര്യത്തിൽ ഒരു നല്ല വിലയിരുത്തൽ നടത്തുവാൻ ശ്രമിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

സി) ഉദയംപേരൂർ സൂനഹദോസ് നടന്നതിന്റെ 400-ാം വാർഷികം 1999-ൽ ആണല്ലോ. 1998-99 വർഷങ്ങളിൽ സൂനഹദോസിനെപ്പറ്റിയും സൂനഹദോസിന്റെ കാനോനകൾ ആധുനിക മലയാള ഗദ്യസാഹിത്യത്തിന് നൽകിയ നേട്ടങ്ങളെപ്പറ്റിയും ഒരു ചർച്ച നടത്തി നല്ല ഒരു രേഖ തയ്യാറാക്കണമെന്നഭ്യർത്ഥിക്കുന്നു.

ഡി) ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച, പാറേമ്മാക്കൽ തോമ്മാ കത്തനാരുടെ ചരമ ദ്വിശതാബ്ദി വർഷമാണ് 1998-99. തോമ്മാ കത്തനാർ മലയാള ഗദ്യസാഹിത്യത്തിനും ഭാരതീയ ഭാഷകളിലെ യാത്രാവിവരണശാഖയ്ക്കും ആരംഭം കുറിച്ച ഒരു പ്രഗത്ഭനാണ്. സീറോ മലബാർ സഭയുടെ അഭിമാനസംരക്ഷണാർത്ഥം അദ്ദേഹം നൽകിയ സേവനങ്ങൾ വിലപ്പെട്ടതാണ്. ഒരു ബഹുമുഖ പ്രതിഭയായ തോമ്മാ കത്തനാരുടെ സേവനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് ബോദ്ധ്യമാകാനുതകും വിധം ചരമദ്വിശതാബ്ദി വിപുലമായ തോതിൽ നടത്തണമെന്നഭ്യർത്ഥിക്കുന്നു. (മാർ കരിയാറ്റിയുടെ ഭൗതീകാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പുനഃസംസ്കരിച്ചതും മാർ കരിയാറ്റിയുടെ മെത്രാഭിഷേക ദ്വിശതാബ്ദി രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ തോതിൽ ആഘോഷിച്ചതും അഖില കേരളകത്തോലിക്കാ കോൺഗ്രസ്സായിരു

www.malankaralibrary.com

ന്നുവെന്നത് ഞങ്ങൾ അഭിമാനപൂർവ്വം സ്മരിക്കുന്നു. )

ഇ) ഭാരതത്തിലെ ജനസംഖ്യയിൽ വെറും രണ്ടരശതമാനം മാത്രമുള്ള ക്രൈസ്തവർ, ഭാരതത്തിന്റെ സാമൂഹിക സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ ക്രൈസ്തവ സമൂഹത്തിന്റെ സേവനങ്ങൾ ശരിയായി വിലയിരുത്തപ്പെട്ടിട്ടില്ല. ഭാരതത്തിലെ ചരിത്രകാരന്മാർ ഭാരതക്രൈസ്തവരുടെ സംഭാവനകൾ ബോധപൂർവ്വം വിസ്മരിച്ച് ചരിത്രം എഴുതിയപ്പോൾ അതിനെ ഫലപ്രദമായി നേരിടുവാൻ ക്രൈസ്തവചരിത്രകാരന്മാർക്ക് സാധിച്ചിട്ടില്ല. എം.ഒ. ജോസഫ് നെടുംകുന്നത്തെപ്പോലുള്ള ചരിത്രകാരന്മാർ അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണെങ്കിലും അവർ നടത്തിയ ഗവേഷണഫലങ്ങൾ ശരിയായി പ്രചരിപ്പിക്കുവാനും യുവതലമുറയെ ആ വസ്തുതകൾ മനസ്സിലാക്കുവാനും ചരിത്രാവബോധമുള്ള തലമുറയെ വളർത്തിക്കൊണ്ടുവരുവാനും നമുക്ക് ഇന്നുവരെ സാധിച്ചിട്ടില്ല.

പൗരാവകാശങ്ങൾ സംരംക്ഷിക്കപ്പെടുന്നതിനുവേണ്ടി ക്രൈസ്തവർ നൽകിയ നേതൃത്വംപോലും വേണ്ടത്ര പരിഗണന ലഭിക്കാതെയിരിക്കുന്നു. ഈ സാഹചര്യത്തിൽ ക്രൈസ്തവ സംഭാവനകളെപ്പറ്റി യുവതലമുറയ്ക്ക് ശരിയായ പരിശീലനം നൽകുന്നതിനുവേണ്ടി ഒരു പദ്ധതിക്ക് രൂപം നൽകണമെന്നഭ്യർത്ഥിക്കുന്നു. പ്രതിവർഷം ചരിത്രത്തോട് താല്പര്യമുള്ള 1000 യുവാക്കൾക്കെങ്കിലും പരിശീലനം നൽകാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കണം.

എഫ്) 1997 നവംബർ 27 - സത്യദീപത്തിന്റെ മുഖ പ്രസംഗത്തിലെ ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കട്ടെ.

(സഭയെ നന്നാക്കാൻ വേണ്ടി സംസാരിക്കുന്നവരും സഭയെ നശിപ്പിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും ചിലപ്പോൾ പറയുന്നത് ഒന്നുതന്നെയാകാം. സഭാസ്ഥാപനങ്ങളിലെ അനീതികൾ, സഭാധികാരികളുടെ അധികാര ദുർവിനിയോഗങ്ങൾ, സഭക്കുള്ളിലെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ ഇവയൊക്കെ ചെറുക്കേണ്ടതാണ്. പക്ഷെ ഇതൊക്കെ വിശ്വാസികളെ സഭയ്ക്കെതിരാക്കാനും അവരെ സഭാധികാരികൾക്ക് വിരുദ്ധരാക്കാനും ലക്ഷ്യമാക്കിയുള്ള തന്ത്രപരമായ പ്രവർത്തനങ്ങളായാലോ. ഈ ഭാഗം അഭിവന്ദ്യ പിതാക്കന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഈ തന്ത്രപരമായ പ്രവർത്തനങ്ങൾ ബോധപൂർവ്വം സഭാംഗങ്ങളെ മനസ്സിലാക്കിക്കൊടുക്കുവാൻ ഒരു സംവിധാനത്തിന് രൂപം കൊടുക്കേണ്ടതും അടിയന്തിരാവശ്യമായിരിക്കുന്നുവെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ജി) സഭയും സമുദായവും രാഷ്ട്രവും നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ കേരളത്തിലെ നസ്രാണി കത്തോലിക്കരുടെ ഒരു മഹാസമ്മേളനം എല്ലാ വർഷവും എല്ലാ രൂപതകളിൽനിന്നുമുള്ള പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തണമെന്നഭ്യർത്ഥിക്കുന്നു. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ചരമദിനമായ മാർച്ച് 20-ഓ അതിനടുത്ത ദിവസമോ ആയിരുക്കുമതിന് ഉചിതമായ ദിവസം.

www.malankaralibrary.com

8. മേൽപറഞ്ഞ നിർദ്ദേശങ്ങളിൽ (ബി,സി,ഡി,ഇ,എഫ്, ജി) എന്നീ ആറു കാര്യങ്ങളും നടപ്പിലാക്കുവാനുള്ള ചുമതല ഏറ്റെടുക്കുവാൻ എ.കെ.സി.സി. തയ്യാറാണ്. പക്ഷെ അതിനുള്ള സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുവാൻ ഇന്നത്തെ സാഹചര്യത്തിൽ കത്തോലിക്കാ കോൺഗ്രസ്സിനെക്കൊണ്ട്മാത്രം സാധിക്കുകയില്ലെന്ന വസ്തുത അങ്ങേക്കറിയാമല്ലോ. ബഹുജനങ്ങളിൽനിന്നും പണം പിരിച്ചും മറ്റുവിധത്തിൽ സാമ്പത്തികം സംഘടിപ്പിച്ചും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സീറോ- മലബാർ സിനഡിന്റെയും എ.കെ. സി.സിയുടെയും സംയുക്ത നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുവാൻ സിനഡ് മാർഗ്ഗനിർദ്ദേശം നൽകണമെന്നഭ്യർത്ഥിക്കുന്നു.

9. എന്റെ ഈ കത്ത് അവസാനിപ്പിക്കുകയാണ്. കേരളാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവന്ന കത്തോലിക്കാ കോൺഗ്രസ്സ് അഭിവന്ദ്യപിതാക്കന്മാരുടെ നിർദ്ദേശാനുസരണമാണ് സീറോ-മലബാർസഭയിൽ മാത്രമായി പ്രവർത്തനം ചുരുക്കിയത്. ഈ സാഹചര്യത്തിൽ എസ്സ്.എം.ബി.സി.യിൽനിന്നും കൂടുതൽ സഹകരണം വാഗ്ദാനം ചെയ്യുകയും അതു ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്തു. സീറോ - മലബാർ സഭ മേജർ അർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയതിനുശേഷവും അൽമേയ സംഘടനയായ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് അവഗണിക്കപ്പെടുന്നുവെന്ന ഒരു പ്രതീതിയാണ് നിലനിൽക്കുന്നത്. ഈ സ്ഥിതി വിശേഷത്തിന് ഒരു മാറ്റം വരുത്തുവാൻ അഭിവന്ദ്യപിതാക്കന്മാർ ശ്രമിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

കോട്ടയം<br>
10-01-1998

എന്ന് വിനീതവിധേയൻ<br>
ജോൺ കച്ചിറമറ്റം, (പ്രസിഡന്റ്)

**അനുബന്ധം 1**

## എ.കെ.സി.സി. പ്രതിനിധി സഭായോഗം 1996 ഫെബ്രുവരി 25-ാം തീയ്യതി ചേർന്ന് അംഗീകരിച്ച പ്രമേയം

സീറോ-മലബാർ സഭയുടെ ഔദ്യോഗിക അൽമായ സംഘടനയായ അഖില കേരളാ കത്തോലിക്കാ കോൺഗ്രസ്സിനെ സീറോ-മലബാർ ബിഷപ്പ്സ് കോൺഫ്രൻസ് അംഗീകരിച്ചിരിക്കുകയാണ്. പല സന്ദർഭങ്ങളിലും കത്തോലിക്കാ കോൺഗ്രസ്സിനെ വേണ്ടവിധം ഹൈരാർക്കി അംഗീകരിക്കുന്നില്ലായെന്ന വസ്തുത വളരെ ഖേദപൂർവ്വം എ.കെ.സി.സി. വർക്കിംഗ് കമ്മററി പിതാക്കന്മാരെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. റോമിൽവെച്ചു നടന്ന സിനഡിൽ അൽമേയപ്രതിനിധിയായി എ.കെ.സി.സി.യുടെ പ്രതിനിധിയെ അയയ്ക്കേണ്ടതായിരുന്നുവെന്നാണ് വർക്കിംഗ് കമ്മറ്റിയുടെ ഖണ്ഡിതമായ അഭിപ്രായം. എ. കെ.സി.സിയുടെ പ്രതിനിധിയെ സിനഡിൽ പങ്കെടുക്കുവാൻ അനുവദിക്കാതിരുന്ന സാഹചര്യം എ.കെ.സി.സി. പ്രവർത്തകരെ വേദനിപ്പിച്ചിരിക്കുകയാണ്. ഈ വസ്തുത സീറോ-മലബാർ സഭയിലെ അഭിവന്ദ്യപിതാക്കന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

www.malankaralibrary.com

അനുബന്ധം-2

## അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി 1997 ജൂലൈ 17-ാം തീയതി ചേർന്ന് അംഗീകരിച്ച പ്രമേയം

സീറോ-മലബാർ സഭയിൽ ഏതാനും വർഷങ്ങളായി ആരാധനാക്രമം, ഭരണസംവിധാനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ എല്ലാ ജനാധിപത്യ മര്യാദകളെയും അതിലംഘിച്ച് ഭീഷണിയുടെ രീതിയിലേയ്ക്ക് നീങ്ങിക്കാണുന്നത് വളരെ നിർഭാഗ്യകരമാണ്. ജൂൺ 9 മുതൽ നടന്ന സിനഡ് സമ്മേളനത്തിനിടയിൽ ഒരു കൂട്ടം ആളുകൾ നടത്തിയ ധർണ്ണയും സിനഡ് സമ്മേളനം നിർത്തിവയ്പിച്ച് ഒരു പറ്റം വൈദികർ നടത്തയ നിവേദന സമർപ്പണവും ക്രൈസ്തവ സമീപനമല്ലെന്ന് തറപ്പിച്ച് പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സിനഡിനിടയിൽ നടന്ന ഇത്തരം സംഭവങ്ങൾ ക്രൈസ്തവ കൂട്ടായ്മയെ തകർക്കുന്നതിനും ലോകത്തിനു മുന്നിൽ സഭയെ അപഹാസ്യമായി ചിത്രീകരിക്കുന്നതിനും മാത്രമേ സഹായകരമായിട്ടുള്ളുവെന്നാണ് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം. നിവേദനം സമർപ്പക്കുക ഏതൊരു പൗരന്റേയും അവകാശമാണ്. നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ നിലവിലുള്ള സംവിധാനത്തെ തർക്കുമെന്ന് ഭീഷണിപ്പെടുത്തുന്നത് ശരിയല്ല. എറണാകുളത്ത് സിനഡിൽ മെമ്മോറാണ്ട സമർപ്പണത്തിനെത്തിയ വൈദികർ പത്രങ്ങൾക്കു നൽകിയ പ്രസ്താവനകളും പ്രതിഷേധാർഹമാണ്.

സിനഡംഗങ്ങളായ മെത്രാന്മാർ തമ്മിലുള്ള കൂട്ടായ്മ ശക്തിപ്പെടുത്തുകയും സഭാംഗങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാൻ തയ്യാറാവുകയും ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സിനഡിന്റെ ഓരോ സമ്മേളനവും നടക്കുന്നതിനു മുമ്പും സിനഡ് സമ്മേളനാവസരങ്ങളിലും അൽമേയ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുവാൻ മെത്രാൻ സംഘം തയ്യാറായാൽ ഇന്നത്തെ പല പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. സിനഡിന്റെ ഈ സമ്മേളനത്തിനു മുൻപ് സീറോ-മലബാർ സഭയുടെ ഔദ്യോഗിക അൽമായ സംഘടനയായ അഖില കേരളാ കത്തോലിക്കാ കോൺഗ്രസ്സുമായിപ്പോലും -കത്തോലിക്കാ കോൺഗ്രസ്സ് സീറോ -മലബാർ സഭയുടെ ഔദ്യോഗിക അൽമായ സംഘടനയായ അഖില കേരളാ കത്തോലിക്കാ കോൺഗ്രസ്സുമായിപ്പോലും -കത്തോലിക്കാ കോൺഗ്രസ്സ് മരേഖാ മൂലം ആവിശ്യപ്പെട്ടിട്ടുപോലും- ചർച്ചയ്ക്ക് അവസരം നല്കിയില്ലായെന്നത് ഞങ്ങളെ അത്യധികം വേദനിപ്പിക്കുന്നു. സഭയിൽ അൽമേയർക്ക് അർഹിക്കുന്ന അംഗീകാരവും സഭാഭരണത്തിൽ തുല്യ പങ്കാളിത്തവും യഥാവസരം നല്കിയിരുന്നുവെങ്കിൽ എറണാകുളത്ത് നടന്നതുപോലുള്ള സംഭവവികാസങ്ങൾ ഉണ്ടാകുമായിരുന്നില്ലന്നാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. സീറോ -മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേയ്ക്ക് ഉയർത്ത

www.malankaralibrary.com

പ്പെട്ടിട്ടും നമ്മുടെ പാരമ്പര്യമനുസരിച്ച് അൽമേയർക്ക് അർഹമായ പ്രാതിനിധ്യവും പങ്കാളിത്തവും സഭാകാര്യങ്ങളിൽ നല്കുന്നില്ലെന്നുള്ളത് ഏറെ ദുഃഖകരമാണ്. ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തുവാൻ എ.കെ.സി.സി. ക്ക് അംഗീകാരം നൽകുവാനും തയ്യാറാകണമെന്ന് സീറോ-മലബാർ സഭാ സിനഡിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സഭിയിൽ ശാശ്വതമായ സമാധാനവും ഐക്യവും വളർത്തിയെടുക്കാൻ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നും ആവശ്യമെങ്കിൽ അതിന് നേതൃത്വം നൽകുവാൻ എ.കെ.സി.സി. തയ്യാറാണന്നും അറിയിക്കാൻ ആഗ്രഹിക്കുന്നു.

## 226

# ഗർഭഛിദ്രത്തിനെതിരെ ഉപവാസം

*1998 ജനുവരി 21*

ഗർഭഛിദ്രത്തിനെതിരെ ബഹുജനാഭിപ്രായം രൂപീകരിക്കാനും ലോകമനസ്സാക്ഷിയെ ഉണർത്തുന്നതിനുമായി കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് ലൂർദ്ദ്ഫൊറോനാപള്ളിയിൽ സമൂഹപ്രാർത്ഥനാ യജ്ഞം നടത്തി.

ഗർഭഛിദ്രത്തെ അനുകൂലിക്കുന്ന നിയമങ്ങളെ അസംബ്ലികളിലും പാർലമെന്റുകളിലും സർവ്വോപരി ജനഹൃദയങ്ങളിലും പരാജയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു വന്നെത്തിയ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ ലൂർദ്ദ് പള്ളിയിൽ എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമററം, റവ.ഡോ.ജേക്കബ്ബ് കട്ടയ്ക്കൽ, റവ.ഫാ. ജോർജ് കളം, ഫാ.വാൾട്ടർ സി.എം.ഐ., സിസ്റ്റർ സൊളോറസ് എന്നിവരുടെ നേതൃത്വത്തിൽ പ്രാർത്ഥനാ യജ്ഞം നടത്തി.

സമൂഹപ്രാർത്ഥനയ്ക്കുശേഷം എ.കെ.സി.സി. ഓഫീസിൽ പ്രസിഡന്റ് ജോൺ കച്ചിറമററത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. അനധികൃതമായി പ്രവർത്തിക്കുന്ന ഗർഭഛിദ്രക്ലിനിക്കുകളുടെ പ്രവർത്തനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം ഗവൺമെന്റിനോടഭ്യർത്ഥിച്ചു. ഗർഭഛിദ്രനിയമത്തിനെതിരെ അമേരിക്കൻ കത്തോലിക്കർ നടത്തിയ ജാഗരണ പ്രാർത്ഥനയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടാണ് എ.കെ.സി.സി. ഈ പരിപാടി സംഘടിപ്പിച്ചത്.

ഗർഭഛിദ്രം ലോകത്തുനിന്ന് തുടച്ചുനീക്കും വരെ ലോകജനത ധാർമ്മികമായി മൃതാവസ്ഥയിലായിരിക്കുമെന്നും ലോകമെമ്പാടും ഗർഭഛിദ്രത്തിനെതിരായി ബഹുജനാഭിപ്രായം സംഘടിപ്പിക്കുന്നതിനും ലോകമനസ്സാക്ഷിയെ ഉണർത്തുന്നതിനും വേണ്ടിയാണ് ഈ പ്രാർത്ഥനായജ്ഞം സംഘടിപ്പിച്ചതെന്നും ഗർഭഛിദ്രത്തെ അനുകൂലിക്കുന്ന അമേരിക്കയിൽ ഈ നയത്തിനെ

www.malankaralibrary.com

തിരായി വ്യാപകമായ പ്രതിഷേധം ഉയർന്നുവരുന്നത് സന്തോഷകരമാണെന്നും അമേരിക്കൻ കത്തോലിക്കർ ഇന്ന് ഇതേസമയം വാഷിംഗ്ടണിൽ നടത്തുന്ന ജനജാഗരണാപ്രാർത്ഥനയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടാണ് ഈ പ്രാർത്ഥനായജ്ഞം നടത്തുന്നതെന്നും പ്രസിഡന്റ് കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

10-2-1998

227

# ലോകസഭാ തിരഞ്ഞെടുപ്പ്

ഭാരതം ഒരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. ഈ തിരഞ്ഞെടുപ്പ് യഥാർത്ഥത്തിൽ ഇപ്പോൾ നടക്കേണ്ടതായിരുന്നില്ല. 2001 മെയ് മാസത്തിൽ നടക്കേണ്ടതായിരുന്നു. നമ്മുടെ രാഷ്ട്രീയ പ്രവർത്തകരുടെ തത്വദീക്ഷയില്ലായ്മയാണ് ഈ തിരഞ്ഞെടുപ്പ് വിളിച്ച് വരുത്തിയത്. 1996-ൽ നടന്ന തിരഞ്ഞെടുപ്പിനുശേഷം മൂന്നു മന്ത്രിസഭകൾ അധികാരത്തിൽ വന്നു. വാജ്പേയ് ഗവൺമെന്റ് 16 ദിവസവും ദേവഗൗഡ ഗവൺമെന്റ് 324 ദിവസവും രാജ്യം ഭരിച്ചു. ഐ.കെ. ഗുജറാൾ ഗവൺമെന്റ് 222 ദിവസം ഭരിച്ച് രാജിവെച്ചു. ഇപ്പോൾ കെയർടേക്കർ ആയി ഭരിച്ചുകൊണ്ടിരിക്കുന്നു.

11-ാം ലോകസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ബി.ജെ.പി. 163 സീററും ബി.ജെ.പി.ക്കും സഖ്യകക്ഷികൾക്കും കൂടി 194 സീററും ലഭിച്ചു. ഭരണത്തിൽ തുടരാമെന്ന് വിശ്വാസമില്ലായിരുന്നുവെങ്കിലും ഭൂരിപക്ഷം തെളിയിക്കാമെന്ന ഉറപ്പിന്മേൽ അധികാരമേററെടുത്ത ബി.ജെ.പി. ഭൂരപക്ഷം തെളിയിക്കാനാകാതെ 16-ാം ദിവസം രാജിവെച്ച് പിരിഞ്ഞു. തുടർന്ന് പതിമൂന്ന് കക്ഷികൾ ചേർന്നുണ്ടാക്കിയ മുന്നണിയുടെ നേതാവായി ദേവഗൗഡയും രാജ്യം ഭരിച്ചു. ദേവഗൗഡയുടെ പതനത്തിനുശേഷം ഐ.കെ. ഗുജറാൾ മന്ത്രിസഭയും അധികാരമേററു. എല്ലാ മന്ത്രിസഭകളും അകാലത്തിൽ മരണമടഞ്ഞു.

1996-ലെ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴും ഒരോ മന്ത്രിസഭയുടെ പതനത്തെ തുടർന്നും ഇവിടെ രാഷ്ട്രീയ നേതാക്കളും രാഷ്ട്രീയ പാർട്ടികളും പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ഒന്നു പരിശോധിച്ചാൽ നമ്മുടെ രാഷ്ട്രീയരംഗത്തുണ്ടായ തത്വദീക്ഷയില്ലായ്മ മനസ്സിലാക്കുവാൻ സാധിക്കും. ബി.ജെ.പി.യോട് തൊട്ടുകൂടായ്മയാണ് ആദ്യം മററ് കക്ഷികളെ യോജിപ്പിച്ചത്. ബി.ജെ.പി.യും ബി.ജെ.പി. മുന്നണിയിലെ കക്ഷികളും മതേതര ചിന്താഗതിക്ക് എതിരായി പ്രവർത്തിക്കുന്നവരാണെന്നും ആ കക്ഷികളെ ഒററപ്പെടുത്തണമെന്നുമായിരുന്നു എല്ലാവരുടെയും അഭിപ്രായം. ബി.ജെ.പി.ക്ക് എതിരെ ഒരു ഊരുവിലക്ക് പ്രഖ്യാപിക്കുകയാണ് മററ് കക്ഷികൾ ചെയ്തത്. ഭൂരിപക്ഷമില്ലാതിരുന്നിട്ടും ദേവഗൗഡയും ഐ.കെ. ഗുജറാളും അധികാരത്തിലേറാൻ ഇടയായത് ബി.ജെ.പി.യെ ഒററപ്പെടുത്തുക എന്ന ലക്ഷ്യത്തിന്റെ ഫലമായിട്ടായിരുന്നു. ഈ തൊട്ടു കൂടായ്മ നയത്തിന്റെ ശക്തിയിൽ ആണ് ദേവഗൗഡക്കും, ഐ.കെ. ഗുജറാളിനും അധികാരത്തിലേറാൻ സാധിച്ചത്.

www.malankaralibrary.com

ഈ തൊട്ടുകൂടായ്മ പ്രഖ്യാപിച്ചവർ ഇന്ന് എവിടെ നിൽക്കുന്നു. ഐ.കെ. ഗുജറാൾ രാജിവെച്ചതിനെ തുടർന്ന് കോൺഗ്രസ്സിലെയും ഇതര കക്ഷികളിലെയും എം.പി.മാർ ബി.ജെ.പി.യുമായി മന്ത്രിസഭയുണ്ടാക്കാൻ ശ്രമിച്ചുവെന്നാണ് അറിയുന്നത്. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം തൊട്ടുകൂടായ്മ പ്രഖ്യാപിച്ച നേതാക്കളിലും രാഷ്ട്രീയപാർട്ടികളിലും ഉണ്ടായ മാററം എന്തടിസ്ഥാനത്തിലുള്ളതാണ്. ഇന്നലെവരെ മതേതരത്വത്തിന്റെ വക്താക്കളായി നടന്നിരുന്നവരിൽ പലരും ബി.ജെ.പി.യുടെ കൊടിക്കീഴിൽ അണിനിരന്ന കാഴ്ച നാം കണ്ടതാണ്. അതുപോലെ തന്നെ ബി.ജെ.പി.യിൽ മാത്രം രക്ഷകണ്ടെത്തിയ പലരും കോൺഗ്രസ്സിലേക്ക് തിരിച്ചുവരുന്നു. വ്യക്തികൾ മാത്രമല്ല പാർട്ടികളും ഈ നയം സ്വീകരിച്ചുകൊണ്ടാണിരിക്കുന്നത്. എന്തെങ്കിലും തത്വദീക്ഷയുടെയടിസ്ഥാനത്തിലാണ് ഈ നയംമാററങ്ങൾ എന്ന പറയുവാൻ സാധിക്കുകയില്ല.

എങ്ങനെയെങ്കിലും പാർട്ടിയിൽ നിന്നും സീററ് സമ്പാദിക്കുക, എങ്ങനെയെങ്കിലും ഭരണത്തിൽ കയറിപ്പററുക എന്ന ലക്ഷ്യത്തോടെ ഏത് ഹീന പ്രവൃത്തിയും ചെയ്യുവാൻ രാഷ്ട്രീയപ്രവർത്തകരും രാഷ്ട്രീയപാർട്ടികളും തയ്യാറാകുമെന്നാണ് കഴിഞ്ഞകാലാനുഭവങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

ഈ തിരഞ്ഞെടുപ്പിൽ ജനങ്ങൾ മുൻകാലങ്ങളെപ്പോലെ വോട്ടുരേഖപ്പെടുത്തുവാൻ പോളിംഗ് ബൂത്തിലേക്ക് പോകും. ഒരു സൽഭരണം രാജ്യത്ത് ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടെയാണ് അവർ വോട്ടു ചെയ്യുവാൻ പോകുന്നത്. നാം തിരഞ്ഞെടുത്തയക്കുന്നവർ നാളെ ഏതു നിലപാടാണ് സ്വീകരിക്കുന്നതെന്ന് നമുക്ക് ഊഹിക്കുവാൻ പോലും സാദ്ധ്യമാകാത്ത നിലയിൽ രാഷ്ട്രീയം എത്തിച്ചേർന്നിരിക്കുന്നു. സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുവാൻ രാജ്യത്തെപ്പോലും ഒററിക്കൊടുക്കുവാൻ മടിക്കാത്ത രാഷ്ട്രീയനേതാക്കളാണ് ഇന്നിവിടെയുള്ളത്. ഈ രാഷ്ട്രീയക്കാരുടെ തത്വദീക്ഷയില്ലായ്മയാണ് ഇന്ന് രാഷ്ട്രം നേരിടുന്ന വലിയ ഭീഷണി. ഈ ഭീഷണിയെ നേരിടുവാൻ നമുക്ക് എന്തു ചെയ്യുവാൻ സാധിക്കും എന്ന് ഓരോ സമ്മതിദായകനും ഉറക്കെ ചിന്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു.

05-02-1998

## 228

# കോയമ്പത്തൂരിലെ സ്ഫോടനം

ദക്ഷിണേന്ത്യയിലെ പ്രധാനനഗരങ്ങളിൽ ഒന്നായ വ്യവസായ പ്രാധാന്യമേറിയ കോയമ്പത്തൂരിൽ ഇക്കഴിഞ്ഞ ഫെബ്രുവരി 14-ന് ബോംബു സ്ഫോടനത്തിന്റെ ഫലമായി എഴുപത്തിഞ്ചിൽപരം ആളുകൾ മരിക്കുകയും 200-ൽ പരം ആളുകൾ ആശുപത്രിയിൽ അഭയം പ്രാപിക്കുകയും ചെയ്തു. ബി.ജെ.പി. നേതാവായ അദ്വാനി പ്രസംഗിക്കാനിരുന്ന അർ.എസ്സ്. പുരം ജംഗ്ഷനിലാണ് ആദ്യം ബോംബ് സ്ഫോടനം ഉണ്ടായത്. ജനം പരിഭ്രാന്തരായി നാനാഭാഗങ്ങളിലേക്കും പരക്കം പാഞ്ഞപ്പോൾ അടുത്ത സ്ഫോടനം ഉണ്ടായി. പിന്നീട് നഗരത്തിന്റെ പല ഭാഗങ്ങളിലും സ്ഫോടന പരമ്പര തന്നെ നടന്നു.

www.malankaralibrary.com

നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഫോടനം ഉണ്ടായതോടെ നഗരം ഭീതിയിൽ വിറങ്ങലിച്ചു. പരിഭ്രാന്തരായ ജനങ്ങൾ രക്ഷക്കായി മെഡിക്കൽ കോളേജ് ആശുപത്രയിലേക്ക് ഓടിക്കയറുമ്പോഴാണ് ആശുപത്രിക്കു മുമ്പിൽ സ്ഫോടനം നടക്കുന്നത്. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടറും മൂന്നു നഴ്സുമാരും മരണമടഞ്ഞു.

നിമിഷങ്ങൾക്കുള്ളിൽ ഗതാഗതം സ്തംഭിച്ചു. ഓടിക്കൊണ്ടിരുന്ന ബസുകൾ റോഡിൽ തന്നെ നിറുത്തിയിട്ട് ഡ്രൈവറും യാത്രക്കാരും ഇറങ്ങിയോടി. ജനങ്ങളുടെ കൂട്ടക്കരച്ചിലും പരിഭ്രാന്തമായ ഓട്ടവും നഗരത്തെ ഞെട്ടിച്ചു. ഒരു ദിവസം കൊണ്ട് സ്ഫോടനം അവസാനിച്ചില്ല. നഗരത്തിന്റെ പല ഭാഗങ്ങളിലും അടുത്ത ദിവസങ്ങളിൽ സ്ഫോടനം നടന്നു നിരവധി സ്ഥലങ്ങളിൽ നിന്നും ബോംബുകൾ കണ്ടെടുത്തു.

സ്ഫോടനങ്ങളുടെ പിന്നിൽ വിദേശ ഗൂഡാലോചനയുണ്ടെന്ന് കരുണാനിധി അഭിപ്രായപ്പെട്ടു. ഇലക്ഷൻ അട്ടിമറിക്കുകയായിരുന്നു അവരുടെ ലക്ഷ്യമെന്നും ഭരണകർത്താക്കൾ പ്രഖ്യാപിച്ചു.

രാജ്യത്തെ അരാജകത്വത്തിലേക്ക് തള്ളിവിടാനും രാജ്യത്തിന്റെ ഐക്യവും, അഖണ്ഡതയും തകർക്കാനും ഉള്ള ശ്രമങ്ങളുടെ ഭാഗമാണിതെല്ലാം. ഈ നീക്കത്തെ ഗൗരവപൂർവ്വം നേരിടുക തന്നെ വേണം. വിദേശ ശക്തികളുടെ പിന്തുണ ഇതിനുണ്ടെങ്കിലും ഇന്ത്യൻ ജനതയുടെ സഹകരണമില്ലാതെ ഇങ്ങനെയുള്ള ശ്രമങ്ങൾ വിജയിക്കുകയില്ല. ഇന്ത്യയിലെ ഒരു ചെറിയ ന്യൂനപക്ഷം ആളുകളെങ്കിലും ഇങ്ങനെയുള്ള വിധ്വംസക പ്രവർത്തനങ്ങളിൽ സഹകരിക്കുവാനുള്ള കാരണമെന്താണ്? ഇന്ത്യയെന്നും ഇന്ത്യക്കാരെന്നുമുള്ള ഉജ്ജ്വലാഭിമാനത്തോടെ വളർന്നു വന്ന ഭാരതീയരിൽ എന്തുകൊണ്ട് ഇങ്ങനെയൊരു മാററം സംഭവിച്ചു? ഒരു വിഭാഗമെങ്കിലും സ്വാർത്ഥതയിൽ വളരാൻ കാരണമെന്ത്? സഹിഷ്ണതയുടെ ഈ നാട്ടിൽ എന്തുകൊണ്ട് വിധ്വംസക പ്രവർത്തനങ്ങൾ മുന്നേറുന്നു?

ഭാരതീയ ദർശനങ്ങളെപ്പററിയും ഭാരതീയ ചിന്തകളെപ്പററിയും ഇന്നത്തെ തലമുറയെ ആഴത്തിൽ പഠിപ്പിക്കാതിരുന്നതിന്റെ തിക്തഫലങ്ങളാണ് നാമിന്ന് അനുഭവിക്കുന്നത്. സ്വാതന്ത്ര്യസമരകാലത്ത് ഐക്യത്തോടെ കാരിരുമ്പഴികൾക്കുള്ളിൽ കിടന്ന് യാതനകളനുഭവിച്ചവരുടെ പിൻതലമുറക്കാർ എന്തുകൊണ്ട് ധാർമ്മികഭ്രംശം സംഭവിച്ചവരെപ്പോലെ പ്രവർത്തിക്കുന്നു. ഭാരത ജനത വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട പ്രശ്നമാണ്. ഭാരതജനതയുടെ കൂട്ടായ്മ വളർത്തിയെടുക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്ത പക്ഷം നമ്മുടെ ഭാവി വീണ്ടും ഭയാനകമായിത്തീരും. അധികാരചിന്തവെടിഞ്ഞ് രാജ്യത്തിന്റെ ശ്രേയസ്സ് കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ രാഷ്ട്രീയകക്ഷികളും നേതാക്കളും ഭാരതജനതമുഴുവനും ഒററക്കെട്ടായി ശ്രമിക്കേണ്ടിയിരിക്കുന്നു. ഭാരതജനതയുടെ ശ്രദ്ധ ആ വഴിയിലേക്ക് തിരിയണമെന്നഭ്യർത്ഥിക്കുന്നു.

05-03-98

www.malankaralibrary.com

229

# എ.കെ.സി.സി. ബുള്ളറ്റിൻ സുവർണ്ണജൂബിലി

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ഔദ്യോഗിക ജിഹ്വയാണ് എ.കെ.സി.സി. ബുള്ളററിൻ. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഔദ്യോഗിക ജിഹ്വയായി ഒരു പ്രസിദ്ധീകരണം വേണമെന്നുള്ള അഭിപ്രായം പല വാർഷിക സമ്മേളനങ്ങളിലും പ്രകടിതമായി. 1946 മേയ് മാസത്തിൽ അതിരമ്പുഴ കൂടിയ വാർഷിക സമ്മേളനത്തിൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളും നയങ്ങളും യഥാവസരം പ്രസിദ്ധപ്പെടുത്തി അവയ്ക്ക് പൊതുജനങ്ങളുടെ പിന്തുണ നേടുന്നതിനും സഭയ്ക്കും സമുദായത്തിനും എതിരായി നടത്തുന്ന വ്യാജപ്രചരണങ്ങളെ എതിർത്ത് യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുന്നതിനുമായി ഒരു ബുള്ളററിൻ തുടങ്ങേണ്ടതാണെന്ന് ഉള്ള പ്രമേയം അംഗീകരിച്ചു.

1947 ജൂലൈ മാസത്തിൽ എറണാകുളത്ത് കൂടിയ എ.കെ.സി.സി.യുടെ വാർഷിക സമ്മേളനത്തിൽ താഴെ പറയുന്ന തീരുമാനം ചെയ്തു. "കത്തോലിക്കാ കോൺഗ്രസ്സിന്റെ പരിപാടികളെ പൊതുജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുന്നതിനും ശാഖാംഗങ്ങളുടെ പ്രവർത്തനത്തിന് ക്രോഡീകരണം നൽകുന്നതിനും പര്യാപ്തമായ വിധം ഹെഡ് ഓഫീസിൽ നിന്ന് എ.കെ.സി.സി. ബുള്ളററിൻ പ്രസിദ്ധം ചെയ്യേണ്ടതാണ്."

കത്തോലിക്കാ കോൺഗ്രസ്സ് 1946-ൽ ഇദം പ്രഥമായി ഒരു ഓഫീസ് എറണാകുളത്ത് സ്ഥാപിതമായി. അന്നത്തെ ചുററുപാടിൽ പ്രസിഡണ്ടോ സെക്രട്ടറിയോ ഓഫീസിൽ വന്നിരുന്ന് ജോലികൾ നിർവ്വഹിക്കുക സാദ്ധ്യമായിരുന്നില്ല. തന്മൂലം അന്നത്തെ പ്രസിഡണ്ട് തര്യതു കുഞ്ഞിത്തൊമ്മൻ സ്വന്തം ഉത്തരവാദിത്വത്തിൽ അമ്പലത്തുങ്കൽ അബ്രാഹമിനെ ഓഫീസ് മാനേജരായി നിയമിച്ചു. നല്ലൊരു സമുദായ സ്നേഹിയും സാമൂഹ്യപ്രവർത്തകനുമായിരുന്ന ശ്രീ. അബ്രാഹത്തിന്റെ അകാല നിര്യാണത്തെ തുടർന്ന് ഓഫീസ് തന്നെ നാമമാത്രമായി. ശ്രീ. കുഞ്ഞിതൊമ്മൻ പ്രസിഡണ്ട് സ്ഥാനം ഒഴുയുകയും ശ്രീ. സി.എ.ഔസേപ്പ് പ്രസിഡണ്ടാകുകയും ചെയ്തു.

മലബാർ മെയിൽ പത്രാധിപരായിരുന്ന ശ്രീ.എം.ഒ. ജോസഫ് നെടുംകുന്നം 1947 ഓഗസ്റ്റ് 10-ാം തീയതി ഓഫീസ് സൂപ്രണ്ടായി. ഓഫീസിന്റെ ചുമതല ഏറെറടുത്ത ഉടനെ ദീർഘകാലമായി മരവിച്ചുകിടന്ന ബുള്ളററിൻ പ്രശ്നം ഒരു യാഥാർത്ഥ്യമാക്കാൻ അദ്ദേഹം നിശ്ചയിച്ചു.

1947 ഓഗസ്റ്റ് 10-ാം തീയതി കൂടിയ മാനേജിംഗ് കമ്മററി താഴെ പറയുന്ന നിശ്ചയം ചെയ്തു. കഴിഞ്ഞ വാർഷിക യോഗത്തിൽ നിശ്ചയിച്ചമാതിരിയുള്ള കോൺഗ്രസ്സ് ബുള്ളററിൻ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ്

www.malankaralibrary.com

വർക്കിംഗ് കമ്മററിക്കുവേണ്ടി തൽക്കാലം എം.ഒ. ജോസഫ് നെടുംകുന്നം എഡിററും പബ്ലിഷറും ആയി പ്രസിദ്ധം ചെയ്യേണ്ടതാണ്. സി.ജെ.വർക്കി, എം.എം. വർക്കി, സിറിയക്ക് കണ്ടത്തിൽ എന്നിവർ ബുള്ളററിന്റെ പ്രസിദ്ധീകരണകാര്യത്തിൽ ഉപദേശക സമിത ആയിരിക്കും. പിന്നീട് കൂടിയ വർക്കിംഗ് കമ്മററി യോഗം കോൺഗ്രസ്സ് ബുള്ളററിൻ എല്ലാ മാസങ്ങളിലും 15,30 തീയതികളിൽ പ്രസിദ്ധം ചെയ്യേണ്ടതാണെന്നും ഒന്നാമത്തെ ലക്കം ഓഗസ്റ്റ് 30-ാം തീയതി തന്നെ പുറപ്പെടുവിക്കണമെന്നും നിശ്ചയിച്ചു. എം.ഒ. ജോസഫിനെ അതിന് അധികാരപ്പെടുത്തി. ബോംബെയിൽ നിന്നും പുറപ്പെടുവിക്കുന്ന എക്സാമിനർ പത്രം പോലെ ഫുൾസ്കാപ്പ് സൈസിൽ തന്നെ ബുള്ളററിൻ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. പ്രസാധകക്കുറിപ്പുകളോടു കൂടിയ ബുള്ളററിൻ ആരംഭിക്കുന്ന രീതി അങ്ങനെ എക്സാമിനറിൽ നിന്ന് പകർത്തിയതാണ്. 1947 ഓഗസ്റ്റ് 30-ന് തന്നെ പ്രഥമലക്കം പ്രസിദ്ധീകരിച്ചു. 1948 ജനുവരി 15-ാം തീയതിയിലെ പ്രസാധകക്കുറിപ്പിൽ ഇങ്ങനെ കാണുന്നു.

"കോൺഗ്രസ്സിന്റെ ആദർശങ്ങളെയും നിശ്ചയങ്ങളെയും കോൺഗ്രസ്സ് സാമാജികന്മാരെയും മററു സമുദായാംഗങ്ങളെയും യഥാകാലം അറിയിക്കണമെന്ന സദുദ്ദേശ്യത്തോടുകൂടിയാണ് ബുള്ളററിൻ ആരംഭിച്ചിട്ടുള്ളത്. കോൺഗ്രസ്സ് ശാഖാസംഘങ്ങൾക്ക് അത് അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ബുള്ളററിന്റെ പ്രചരണം കോൺഗ്രസ്സിന്റെ ആദർശങ്ങളുടെ പ്രചരണമാണെന്ന വസ്തുതയെ മുൻനിറുത്തിയാണ് അതിന്റെ വരിസംഖ്യ യഥാർത്ഥ ചിലവിന്റെ 90 ശതമാനത്തിൽ കവിയേണ്ടെന്ന് ഭാരവാഹികൾ തീരുമാനിച്ചതും മൂന്നു രൂപ വരിസംഖ്യയായി നിശ്ചയിച്ചതും. എന്നാൽ ബുള്ളററിൻ ധാരാളമായി പ്രചരിപ്പിക്കുന്ന വിഷയത്തിൽ പ്രതീക്ഷിച്ചത്ര ഉത്സാഹം ശാഖാ സംഘങ്ങൾ കാണിക്കുന്നില്ലെന്ന് പറയേണ്ടിയിരിക്കുന്നു.

ഇതിനിടയിൽ ജയിംസ് കണ്ടത്തിൽ ഓഫീസ് സെക്രട്ടറിയായി നിയമിതമായി 1947 സെപ്ററംബർ 28-ന് എം.ഒ. ജോസഫ് ഓഫീസ് സൂപ്രണ്ട് സ്ഥാനം ഒഴിഞ്ഞു. എങ്കിലും അദ്ദേഹത്തെ ബുള്ളററിന്റെ എഡിററും പബ്ലിഷറുമായി വർക്കിംഗ് കമ്മററി നിശ്ചയിച്ചു. ജയിംസ് കണ്ടത്തിൽ ഓഫീസ് സെക്രട്ടറിയായതിനുശേഷവും എം.ഒ.ജോസഫ് ബുള്ളററിൻ എഡിററു ചെയ്തുകൊണ്ടിരുന്നു. കാത്തലിക് ട്രസ്റ്റിനെപ്പററിയുള്ള യഥാർത്ഥ വിവരങ്ങൾ ബുള്ളററിനിൽ 1947 ഒക്ടോബർ 30-ന്റെ ബുള്ളററിനിൽ എം.ഒ. ജോസഫ് പ്രസിദ്ധം ചെയ്തു. 1948 ജനുവരി 15-ലെ ലക്കത്തോടുകൂടി എം.ഒ. ജോസഫ് ബുള്ളററിന്റെ പത്രാധിപത്യവും പ്രസാധകത്വവും ഉപേക്ഷിച്ചു. പിന്നീട് ശ്രീ. ജയിംസ് കണ്ടത്തിൽ പ്രസാധകനും പത്രാധിപരുമായി. അദ്ദേഹം ഓഫീസ് സെക്രട്ടറി സ്ഥാനത്തുനിന്ന് പിരിയുന്നതുവരെ ബുള്ളററിന്റെ പ്രസാധകനും പത്രാധിപരും അദ്ദേഹമായിരുന്നു.

പിന്നീട് കാലാകാലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ജനറൽ സെക്രട്ടറിമാരായിരുന്നു പത്രാധിപ ജോലി നിർവ്വഹിച്ചത്. 1961-നു ശേഷം ജനറൽ സെക്രട്ടറിമാരായ കെ.എം. ജോസഫും, ഇ.എം.ജോസഫും, കെ.ജെ. ചാണ്ടിയും എൻ.കെ. ജോസും, ജോൺ കച്ചിറമററവും, പി.സി. തോമസും ചീഫ് എഡിററർ

www.malankaralibrary.com

മാരായി. ശ്രീ. എൻ.കെ. ജോസ് ജനറൽ സെക്രട്ടറിയും ചീഫി എഡിററററു മായിരുന്ന കാലത്താണ് ബുള്ളററിൻ രജതജൂബിലിയാഘോഷിച്ചത്. (1969-ൽ ശ്രീ.കെ.ജെ. ചാണ്ടി പത്രാധിപരായിരുന്ന കാലം മുതൽ ഒരു എഡിറേറാറിയൽ ബോർഡോ, അഡ്വൈസറി ബോർഡോ കാലാകാലങ്ങളിൽ പ്രവർത്തിച്ചിരുന്നു.) ബുള്ളററിൻ രജത ജൂബില സ്മരണിക പ്രകാശനം ചെയ്തു. ഒരു നല്ല ചരിത്ര രേഖയാണ് ഈ സ്മരണിക.

പി.സി. തോമസ് ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്ന് പിരിഞ്ഞതി നുശേഷം 1982 മുതൽ 1996 വരെ ജനറൽസെക്രട്ടറിയായിരുന്ന ജോൺ കച്ചിറമററം ആയിരുന്നു പ്രധാന പത്രാധിപർ. 1996-ൽ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ആന്റണി വള്ളമററം ആണ് ബുള്ളററിന്റെ ഇപ്പോഴത്തെ ചീഫ് എഡിററർ. എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം ഇപ്പോൾ മാനേജിംഗ് എഡിറററാണ്.

സമകാലീന പ്രശ്നങ്ങളെ വിലയിരുത്തികൊണ്ടും സമുദായം നേരിടുന്ന വെല്ലുവിളികളെ പരാമർശിച്ചും പ്രസാധകക്കുറിപ്പുകൾ എഴുതുന്ന രീതിക്ക് തുടക്കം കുറിച്ചത് ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നമാണ്. ആ രീതിയാണ് ശ്രീ. ജയിംസ് കണ്ടത്തിലും പിൻതുടർന്നത്. പിന്നീട് ജനറൽ സെക്രട്ടറിമാർ ചീഫ് എഡിററർമാരായപ്പോഴും ആ പാത തന്നെ പിന്തുടർന്നു. 1975 മുതൽ 1979 വരെയും 1982 മുതൽ ഇന്നു വരെയുമുള്ള കാലഘട്ടത്തിൽ എഴുതിയ പ്രസാധനക്കുറിപ്പുകൾ ജോൺ കച്ചിറമററമാണ് എഴുതിയത്.

05-03-1998

## 230

# കേരളം കടുത്ത സാമ്പത്തിക തകർച്ചയിൽ

കേരളം വലിയ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരി ക്കുകയാണ്. ഈ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം എത്ര ഭീകരമെന്നോ അതിന്റെ അനന്തരഫലങ്ങൾ എത്ര ഗുരുതരമാണെന്നോ ചിന്തിക്കാനും പഠിക്കാനും സർക്കാരും ബഹുജനപ്രസ്ഥാനങ്ങളും രാഷ്ട്രീയസംഘടനകളും തയ്യാറായിട്ടില്ലെന്നതാണ് സത്യം. ഇന്നത്തെ ഈ സാമ്പത്തിക തകർച്ച നീണ്ടുനിന്നാൽ സാധാരണക്കാരന്റെ ജീവിതം ദുസ്സഹമായിത്തീരും. അവയ്ക്ക് പരിഹാരം കാണാനുള്ള യാതൊരു ശ്രമങ്ങളും ആരംഭിച്ചിട്ടെല്ലന്നതാണ് സത്യം.

നാണ്യവിളകളുടെ വിലയിടിവാണ് ഏററം ഭീകരം. റബ്ബറിന് കഴിഞ്ഞ വർഷം 70 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഇരുപത്തഞ്ചുരൂപ. കഴിഞ്ഞ വർഷത്തെ ഒട്ടുപാലിന്റെ വിലപോലും ഇന്ന് റബ്ബർ ഷീററിന് ലഭിക്കുന്നില്ല. തേങ്ങായുടെ വിലയും ഏലത്തിന്റെ വിലയും കാപ്പിയുടെ വിലയും എല്ലാം കുത്തനെ തകർന്നുകൊണ്ടിരിക്കുന്നു. കുരുമുളക് വിലയിൽ മാത്രം അല്പം വർദ്ധനയുണ്ടായി. എങ്കിലും അതു കുറഞ്ഞുകൊണ്ടിരിക്കുന്നു. ഒരു വില സ്ഥിരതയും ഒരു ഉല്പന്നത്തിനും ഇല്ല.

നാട്ടിൻപുറങ്ങളിലെ കടകളിൽപോലും കഴിഞ്ഞ വർഷത്തേതിന്റെ 35 ശതമാനം പോലും വില്പനനടക്കുന്നില്ല. കെട്ടിടം പണി പാടെ സ്തംഭിച്ചു കൊണ്ടിരിക്കുന്നു. തൊഴിലാളികൾ തൊഴിൽ രഹിതരായി തീർന്നു കഴിഞ്ഞിരിക്കുന്നു. ഈ സാമ്പത്തിക തകർച്ച എന്ന്, എങ്ങിനെ മാറുമെന്നുപോലും ആർക്കും അറിയാൻ പാടില്ലാത്ത സ്ഥിതിവിശേഷം.

നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വലിയ വർദ്ധനയാണ് കഴിഞ്ഞ കുറേമാസങ്ങളായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. ഉള്ളി, മുളക്, പച്ചക്കറികൾ തുടങ്ങിയവയുടെ വിലയിൽ 100 ശതമാനം വില വർദ്ധിച്ചു കഴിഞ്ഞിരിക്കുന്നു. കെട്ടിട നിർമ്മാണ രംഗത്തെ അവശ്യ സാധനങ്ങളായ സിമന്റിന്റെയും കമ്പിയുടെയും വില താഴ്ന്നുവെന്നുതു മാത്രമാണ് ഒരു വ്യത്യാസം. കെട്ടിടം പണി പാടെ സ്തംഭിച്ചപ്പോൾ സിമന്റിന്റെയും കമ്പിയുടെയും വില താഴ്ന്നതുകൊണ്ട് എന്ത് പ്രയോജനം.

കഴിഞ്ഞ വർഷം ലോണെടുത്ത്, വസ്തുവാങ്ങിയവരും സ്വയം തൊഴിൽ തേടി വാഹനങ്ങൾ വാങ്ങിയവരും കെട്ടിടം പണിതവരും എങ്ങിനെയവരുടെ സാമ്പത്തികം ക്രമീകരിക്കുമെന്നറിയാതെ നട്ടം തിരിയുകയാണ്. ഈ വിഷയത്തിന്റെ പ്രാധാന്യം കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ മനസ്സിലാക്കിയിട്ടു പോലുമില്ലെന്നതാണ് സത്യം. ഈ പ്രതിസന്ധി പരിഹരിക്കുവാൻ യാതൊരു ശ്രമങ്ങളും നടക്കുന്നുമില്ല.

കേരള ഗവൺമെന്റിന്റെ ഈ വർഷത്തെ ബഡ്ജററ് - നികുതി നിർദ്ദേശങ്ങൾ - സാമ്പത്തിക പ്രതിസന്ധിയെ കൂടുതൽ ഗുരുതരമാക്കുകയാണ്. ഇവിടുത്തെ സാമ്പത്തികപ്രതിസന്ധിപോലെ ഗുരുതരമാണ് രാഷ്ട്രീയ പ്രതിസന്ധിയും. മൂല്യങ്ങൾ നഷ്ടപ്പെടുത്തി, അധികാരം മാത്രം കണ്ടുകൊണ്ട്, അവസരവാദപരമായ ഏതു സമീപനവും സ്വീകരിക്കാമെന്ന് ഇവിടുത്തെ എല്ലാ രാഷ്ട്രീയപാർട്ടികളും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ വരെ അഴിമതിയേയും അഴിമതിക്കാരെയും എതിർത്തുകൊണ്ട് വലിയതത്വം പറഞ്ഞവർ അധികാരത്തിൽ കയറുവാൻ വേണ്ടി അഴിമതിക്കാരെ കൂട്ടുപിടിക്കുന്നതും അഴിമതിക്കാരെ സംരക്ഷിക്കുന്നതുമായ കാഴ്ചയാണ് നാം കാണുക. ഇന്നലെ വരെ വർഗീയതയെ എതിർത്തവർ, അധികാരത്തിൽ കയറാൻവേണ്ടി വർഗീയകക്ഷികളെ കൂട്ടുപിടിക്കുന്ന കാഴ്ചയാണ് നാം കാണുക.

സാമ്പത്തിക പ്രതിസന്ധിയേക്കാൾ ഗുരുതരമാണ് പൊതുപ്രവർത്തകരിൽ വളർന്നു വരുന്ന മൂല്യച്യുതി, ഇന്നലെവരെ നാം പാവനമായി കരുതിയിരുന്ന മൂല്യങ്ങൾ തകർത്ത്, അധികാരത്തിൽ കയറാൻ വെമ്പൽകൊള്ളുന്ന രാഷ്ട്രീയക്കാർ ഈ രാജ്യത്തിന്റെ എല്ലാ നല്ല പൈതൃകങ്ങളെയും തകർക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്. ഈ മൂല്യച്യുതിക്കെതിരെ പോരാടുവാൻ ഇന്ന് ആരെയും ലഭിക്കുകയില്ലാത്തവിധം നമ്മുടെ മൂല്യങ്ങൾ തകർത്തു കൊണ്ടിരിക്കുന്നു. ഇതിനെതിരെ പോരാടുവാൻ സ്വാതന്ത്ര്യസമരകാലത്തെപ്പോലെ ത്യാഗമതികൾ രംഗത്തുവരേണ്ടിയിരിക്കുന്നു. അതിന് സന്നദ്ധരായി മുന്നോട്ടുവരുന്ന രാജ്യസ്നേഹികളുടെ കരങ്ങളിലാണ് ഭാരതത്തിന്റെ ഭാവി

സ്ഥിതിചെയ്യുന്നത്. ക്ലേശകരമായ ഈ ദൗത്യം ഏറെറടുക്കുവാൻ, സഹോദര സ്നേഹമുള്ള, രാജ്യസ്നേഹമുള്ള സകല ജനങ്ങളെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

05-04-1998

# 231

# വടക്കേക്കളം കർഷക കുടിയിറക്ക്

വടക്കേക്കളം കൃഷിഭൂമിയിൽ ദശാബ്ദങ്ങളായി കൃഷിചെയ്ത് ജീവിക്കുന്ന കർഷകരെ കുടിയിറക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും ഭൂമി വിലകൊടുത്തുവാങ്ങി കൃഷിചെയ്ത് ജീവിക്കുന്ന കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിച്ച് ഭീതിയിൽ കഴിയുന്ന കർഷകരെ രക്ഷിക്കണമെന്നും കാണിച്ച് തിരുവനന്തപുരത്ത് സെക്രട്ടറിയേററിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെത്തി മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു. കുടിയിറക്കു സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതി വിധി തള്ളപ്പെട്ട സ്ഥിതിവിശേഷം മൂലമുണ്ടായ സ്ഥിതിഗതികൾ മുഖ്യമന്ത്രിയെ ധരിപ്പിച്ചു.

കുടിയിറക്കു നടപടികൾ നിറുത്തിവയ്ക്കണമെന്നും കേരളഭൂപരിഷ് കരണനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും നിവേദക സംഘം സർക്കാരിനോടാവശ്യപ്പെട്ടു.

വടക്കേക്കളം കർഷകപ്രശ്നം ഗവൺമെന്റിന്റെ സജീവപരിഗണന യിലുണ്ടെന്നും കുടിയേററകർഷകതാല്പര്യം സംരക്ഷിക്കുന്നതിനുള്ള എല്ലാനിയമനടപടികളും സ്വീകരിക്കുമെന്നും മുഖ്യമന്ത്രി ഇ.കെ.നായനാരും മന്ത്രി പി.ജെ. ജോസഫും റവന്യൂമന്ത്രി ഇസ്മായേലും നിവേദകസംഘത്തിന് ഉറപ്പുനൽകി. പ്രസിഡന്റ് ജോൺ കച്ചിറമററം ജനറൽസെക്രട്ടറി ആന്റണി വള്ളമററം എന്നിവർ ചേർന്നാണ് നിവേദനം സമർപ്പിച്ചത്.

5-4-1998

# 232

# മാർത്തോമ്മാക്കുരിശ് ചിഹ്നം കത്തിച്ചാൽ പ്രത്യാഘാതം ഗുരുതരമായിരിക്കും

*ഏപ്രിൽ 13*

സീറോ മലബാർ സഭയുടെ പള്ളിയോഗ നടപടി ക്രമവും മാർത്തോമ്മാ ക്കുരിശ് എന്ന ചിഹ്നവും കേരള കത്തോലിക്കാ സഭാധികാരത്തോടുള്ള പ്രതിഷേധസൂചകമായി മേയ് 7-ാം തീയതി ചുട്ടെരിക്കുമെന്ന് ഇടമററത്ത്

www.malankaralibrary.com

ഓശാന മൗണ്ടിൽ വിവിധ സംഘടനാ പ്രതിനിധികൾ ചേർന്ന് രൂപവൽക്കരിച്ച "നസ്രാണി കത്തോലിക്കാ സംരക്ഷണ സമിതി" തീരുമാനിച്ചതായി പത്രങ്ങളിൽ പ്രസ്താവന കാണുകയുണ്ടായെന്നും മാർത്തോമ്മാക്കുരിശ് ചിഹ്നവും പള്ളിയോഗ നടപടി ക്രമവും കത്തിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുമെന്നും കുരിശുകത്തിക്കലും മററുക്രൈസ്തവ വിശ്വാസികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതും സംഘർഷാവസ്ഥകൾക്കിട വരുത്തുന്നതുമാകയാൽ ഗവൺമെന്റും നിയമസമാധാനപാലകരും വേണ്ട കരുതൽ നടപടികൾ മുൻകൂട്ടി സ്വീകരിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. ഈ ഹീനശ്രമത്തിന് നേതൃത്വം നൽകുന്ന സംഘടനകളിൽ പലതും ഓശാനാമൗണ്ടിലെ ക്രൈസ്തവ പഠനകേന്ദ്രത്തിൽ തന്നെ രൂപം കൊടുത്തിട്ടുള്ളതാണെന്നും കത്തോലിക്കാ വിശ്വാസത്തെയും സഭയുടെ കെട്ടുറപ്പിനെയും നശിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് നിരന്തരം സാഹിത്യ രചനകളും സെമിനാറുകളും നടത്തുന്ന ഓശാനാ പഠനകേന്ദ്രത്തിന്റെ ഒരു സംരംഭമായിട്ടേ ഈ പ്രതിഷേധപ്രകടനത്തെ കാണുവാൻ സാധിക്കുകയുള്ളുവെന്നും കച്ചിറമററം പ്രസ്താവനയിൽ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്താവന തുടരുന്നു.

ക്രൈസ്തവർ നടത്തുന്ന ഏതു പ്രതിഷേധപ്രകടനവും സുവിശേഷാത്മകമായിരിക്കണമെന്നും രാഷ്ട്രീയശൈലിയിൽ ആവരുതെന്നുമുള്ള ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധിയുടെ പ്രസ്താവന അർഹിക്കുന്ന ഗൗരവത്തിൽ നസ്രാണികത്തോലിക്കർ ചെവിക്കൊള്ളണം. സംഘടിക്കുന്നതിനും പ്രതിഷേധിക്കുന്നതിനുമൊക്കെ നമുക്കവകാശമുണ്ട്. എന്നാൽ നമ്മുടെ പ്രതിഷേധപ്രകടനങ്ങൾ അടിക്കുന്നവന് മറുചെവികാണിച്ചുകൊടുക്കാനും ശത്രുവിനുവേണ്ടി പ്രാർത്ഥിക്കുവാനും പഠിപ്പിച്ച ക്രിസ്തുവിന്റെ ആത്മീയ ശൈലിയിലായിരിക്കണം. യേശുവിന്റെ ശരീരമായ സഭയിൽ അന്തഃഛിദ്രമുണ്ടാക്കുവാനും വിദ്വേഷം വർദ്ധിപ്പിക്കുവാനും ഇടയാക്കുന്ന വിധത്തിലുള്ള ചുട്ടെരിക്കൽ, സ്ഫോടകവസ്തു പ്രയോഗം മുതലായ തീക്കളികൾ ക്രൈസ്തവ പൈതൃകത്തിന് ചേർന്നതല്ല. സീറോമലബാർ സിനഡ് അംഗീകരിച്ചിട്ടുള്ള പള്ളിയോഗ നടപടിക്രമങ്ങളിൽ പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കുന്നതിന് ക്രിസ്തീയമായ വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽക്കൂടി ശ്രമിക്കാവുന്നതാണ്. പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

ചരിത്ര കാലഘട്ടങ്ങളിൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വി.കുരിശ് വ്യത്യസ്ത ആകൃതികളിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഓരോന്നിനും ഓരോ അർത്ഥവും ഭാവാനുസൃതം നൽകപ്പെട്ടിട്ടുണ്ട്. അങ്ങനെ പീഡാനുഭവകുരിശും ഉത്ഥാനക്കുരിശും അലങ്കാരക്കുരിശും ആതുരശുശ്രൂഷാക്കുരിശും (റെഡ്ക്രോസ്) ഒക്കെയുണ്ടായി. ഏത് ആകൃതിയോ അർത്ഥമോ നൽകപ്പെട്ടാലും കുരിശ് രക്ഷയുടെ അടയാളമാണ്. കുരിശ് അടയാളത്തെ നിന്ദിക്കുന്നതും

www.malankaralibrary.com

ചുട്ട് കരിക്കുന്നതുമെല്ലാം ഹീനകൃത്യങ്ങളായിട്ടേ കരുതപ്പെടുകയുള്ളൂ. ഈ വസ്തുതകൾ കണക്കിലെടുത്ത് പ്രഖ്യാതമായ പ്രതിഷേധ പ്രകടനങ്ങളിൽ നിന്ന് പിന്മാറണമെന്ന് സംരക്ഷണസമിതിയോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കുരിശുകത്തിക്കൽ തുടങ്ങിയ ഹീനപ്രവർത്തികൾക്ക് നേതൃത്വവും ഒത്താശയും കൊടുക്കുന്ന ഓശാനാമൗണ്ടിലെ ക്രൈസ്തവപഠനകേന്ദ്രം ഇത്തരം വിനാശകരമായ പ്രവർത്തനങ്ങളിൽനിന്നും പിന്തിരിയണം ക്രൈസ്തവസ്നേഹത്തിൽ ചർച്ചകളിലൂടെ സഭയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനുള്ള വിവേകം സമുദായ സ്നേഹികൾ കാണിക്കുകതന്നെ വേണം.

മാർത്തോമ്മാക്കുരിശെന്ന ചിഹ്നവും പള്ളിയോഗ നടപടിക്രമങ്ങളും കത്തിച്ചാൽ അതിനെതിരെ പ്രതികരിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിത്തീരുമെന്ന് മുന്നറിയിപ്പുനൽകുവാൻ ആഗ്രഹിക്കുന്നു. അതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും. കുരിശുചിഹ്നം കത്തിക്കാൻ തീയുമായി ഇറങ്ങിവരുന്നവർ അതിന്റെ ഭവിഷ്യത്തുകൾകൂടി വിലയിരുത്തുവാൻ തയ്യാറാകണം. ഈ ഹീനപ്രവർത്തികൾക്കെതിരെ ബഹുജനമുന്നേററമുണ്ടാക്കുവാൻ എ.കെ.സി.സി.യുടെ എല്ലാ പ്രവർത്തകരും ശാഖകളും മുന്നോട്ടുവരണമെന്നും ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## 233

# കുരിശുകത്തിക്കലിനെതിരെ കത്തോലിക്കാ കോൺഗ്രസ്സിന്റെ അന്ത്യശാസനം

ഏപ്രിൽ 22, കോട്ടയം: സീറോമലബാർ സഭയുടെ പള്ളിയോഗ നിയമാവലിയും മാർത്തോമ്മാശ്ലീബാ എന്ന ചിഹ്നവും കേരള കത്തോലിക്കാ സഭാധികാരികളോടുള്ള പ്രതിഷേധ സൂചകമായി പരസ്യമായി ചുട്ടെരിക്കുമെന്നുള്ള "നസ്രാണികത്തോലിക്കാ സംരക്ഷണ സമിതിയുടെ തീരുമാനം മെയ് 1-ാം തീയതിക്കുമുമ്പ് പിൻവലിക്കണമെന്ന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് സംരക്ഷണ സമിതിക്ക് അന്ത്യശാസനം നൽകി. ഏപ്രിൽ 22-ാം തീയതി എ.കെ.സി.സി. ഓഫീസിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരുടെയും സമുദായ സ്നേഹികളുടെയും യോഗമാണ് ഈ അന്ത്യശാസനം നൽകിയത്."

മെയ് 1-നകം സംരക്ഷണ സമിതിയുടെ തീരുമാനം പിൻവലിക്കാത്ത പക്ഷം സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുവാനും യോഗം തീരുമാനിച്ചു. ചുട്ടെരിക്കൽ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആക്ഷൻ കൗൺസിൽ പൈതൃക സംരക്ഷണ സമിതിക്ക് കത്തുകളയയ്ക്കും. പിൻവലിക്കാത്തപക്ഷം

www.malankaralibrary.com

മെയ് 1-നുശേഷം പൈതൃക സംരക്ഷണ സമിതിയുടെ മേൽ ഉപരോധം ഏർപ്പെടുത്തുന്നതിനും മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന ദ്രോഹനടപടിയെന്ന നിലയിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു. കുരിശ് രക്ഷയുടെ ചിഹ്നമാണെന്നും അത് ചുട്ടെരിച്ചാൽ കയ്യുംകെട്ടി നോക്കിയിരിക്കില്ലെന്നും ആക്ഷൻ കൗൺസിൽ അറിയിച്ചു. യോഗത്തിൽ എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമററം അദ്ധ്യക്ഷത വഹിച്ചു. ആന്റണി വള്ളമററം, പ്രൊഫ.കെ.ടി. സെബാസ്റ്റ്യൻ, മാത്യു മടുക്കക്കുഴി, പ്രൊഫ. ജോസഫ് ടിറ്റോ, സൈബി അക്കര, പ്രൊഫ.സെബാസ്റ്റ്യൻ വർഗ്ഗീസ്, ടോമി കണയംപ്ലാക്കൽ, അഡ്വ.പി.പി. ജോസഫ്, തോമസ്കുട്ടി മണക്കുന്നേൽ, അഡ്വ.സി. ജോസ് ഫിലിപ്പ്, ഐസക് കാട്ടുവള്ളി, ജോർജ്ജ് പാലക്കാട്ടുകുന്നേൽ, കെ.പി.മാത്യു കടുത്തോട്, ജെയിംസ് ഇലവുങ്കൽ എന്നിവർ പ്രസംഗിച്ചു. ഭാവി പരിപാടികൾക്ക് രൂപം നൽകാൻ ആക്ഷൻ കൗൺസിൽ മേയ് 1-ന് ചേരും.

**(234)**

# കുരിശ്ചിഹ്നം കത്തിക്കൽ മാററിവയ്ക്കുകയല്ല പിൻവലിക്കയാണാവശ്യം

*എ.കെ. സി.സി. ആക്ഷൻ കൗൺസിൽ*

കുരിശ്ചിഹ്നം കത്തിക്കൽ മാററിവയ്ക്കുവാനുള്ള നീക്കത്തിൽ യാതൊരു ആത്മാർത്ഥതയുമില്ലെന്നും ആർച്ച് ബിഷപ്പ് മാർവർക്കി വിതയത്തിലിന്റെ പ്രസ്താവനയുടെ വെളിച്ചത്തിൽ മാററിവയ്ക്കുകയല്ല പിൻവലിക്കുകയാണ് ചെയ്യേണ്ടതെന്നും കുരിശ് കത്തിക്കലിനെതിരെ രൂപീകരിച്ച എ.കെ.സി.സി. ആക്ഷൻ കൗൺസിൽ ഇന്നിവിടെ അടിയന്തിരമായി സമ്മേളിച്ച് പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. കുരിശ്ചിഹ്നം കത്തിക്കൽ കടുത്ത തിന്മയും അച്ചടക്കലംഘനവുമാണെന്ന് ആർച്ച് ബിഷപ്പ് മാർവർക്കി വിതയത്തിൽ അസന്ദിഗ്ദമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാർ വിതയത്തിലിന്റെ അഭിപ്രായത്തെ ആദരിച്ചാണ് പൈതൃകസംരക്ഷണസമിതി പ്രവർത്തിക്കുന്നതെങ്കിൽ കുരിശു കത്തിക്കൽ നടപടി പിൻവലിച്ചുകൊണ്ട് വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി ചർച്ചയ്ക്ക് തയ്യാറാകുകയാണ് ചെയ്യേണ്ടത്. അതിനുതയ്യാറാകാതെ മാററിവച്ചത് മാർ വർക്കി വിതയത്തിലിനെ അധിക്ഷേപിക്കുന്നതിന് തുല്യമാണ്. കൗൺസിൽ അഭിപ്രായപ്പെട്ടു.

യോഗത്തിൽ ജോൺ കച്ചിറമററം (പ്രസിഡണ്ട്) അദ്ധ്യക്ഷത വഹിച്ചു.

www.malankaralibrary.com

# 235

# കുരിശ് കത്തിക്കൽ

ക്രിസ്തു ശിഷ്യനായ സെന്റ് തോമസ് ഭാരതത്തിൽ എത്തി സുവിശേഷ ദീപം തെളിച്ച് ക്രൈസ്തവസമൂഹത്തിന് ആരംഭം കുറിച്ചു. അച്ചടക്കമുള്ള ഒരു സമൂഹമായി അതു വളർന്നു. ഭാരതസഭ പല പ്രതിസന്ധികളെയും അഭിമുഖീകരിച്ചുകൊണ്ടാണ് വളർന്നുവന്നത്. വേദനാജനകമായ പല സംഭവങ്ങളും സഭയ്ക്കുള്ളിൽ നടന്നപ്പോഴും അച്ചടക്കമുള്ള ഒരു ജനതയായി നാം മുന്നേറിക്കൊണ്ടിരുന്നു. ഭാരതക്രൈസ്തവരുടെ എല്ലാ പുരോഗതിക്കും നിദാനം അച്ചടക്കമുള്ള ഒരു സമൂഹമായി നാം മുന്നേറിയെന്നുള്ളതായിരുന്നു.

ആ അച്ചടക്കം തകർത്ത് സഭയെ സമൂഹത്തിൽ അപഹാസ്യമാക്കാനുള്ള ശ്രമങ്ങൾ പലകാലഘട്ടങ്ങളിലും രൂപം കൊണ്ടു. പക്ഷെ ക്രൈസ്തവർ ആ ഹീനമായ നീക്കത്തെ എന്നും എതിർത്തുപരാജയപ്പെടുത്തി. കഴിഞ്ഞ കാൽ നൂററാണ്ടുകാലമായി വിദേശസഹായത്തോടെ ചില നീക്കങ്ങൾ സഭയിലെ അച്ചടക്കം തകർക്കാൻ നടന്നുകൊണ്ടിരുന്നു. സഭയുടെ പൈതൃകസംരക്ഷണമെന്നൊക്കെ പറഞ്ഞ് ജനങ്ങളെ തെററിദ്ധരിപ്പിച്ച് സഭയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനാണവർ ശ്രമിച്ചത്. ബോധപൂർവ്വമായ ആ നീക്കത്തിൽ – ആ നീക്കത്തിന്റെ അപകടം മനസ്സിലാക്കാതെ – പലരും ഉൾപ്പെട്ട് പോയി എന്നത് ഒരു യാഥാർത്ഥ്യമാണ്.

സീറോ – മലബാർ സഭയിലെ ആരാധനാക്രമം, ഭരണസംവിധാനം തുടങ്ങിയ കാര്യങ്ങളെപ്പററി കഴിഞ്ഞ കുറേനാളുകളായി സഭയിൽ ഉണ്ടായ അഭിപ്രായ വ്യത്യാസത്തിൽ നിന്നും മുതലെടുക്കുവാനാണ് അവർ ശ്രമിച്ചത്. അഭിപ്രായ വിരുദ്ധതയുള്ളവരുടെയും അസംതൃപ്തരുടെയും "രക്ഷാകേന്ദ്രമായി" വിദേശസഹായത്തോടെ പ്രവർത്തിക്കുന്ന ഇടമററത്തെ ക്രൈസ്തവ പഠനകേന്ദ്രം അഭിനയിച്ചു. അവർക്ക് യോഗങ്ങൾ ചേരുവാനും ലഘുലേഖകൾ അച്ചടിച്ചുകൊടുക്കുവാനും ആ കേന്ദ്രം സഹായിച്ചു. ആ കേന്ദ്രത്തിന്റെ യഥാർത്ഥ ലക്ഷ്യം മനസ്സിലാക്കുവാൻ ആർക്കും സാധിച്ചില്ല. ആ ക്രൈസ്തവപഠനകേന്ദ്രത്തിൽ തന്നെ പലപേരിൽ പല സംഘടനകൾ സ്ഥാപിച്ചു പ്രവർത്തിച്ചു. ആ സംഘടനകളുടെ പേരിൽ കഴിഞ്ഞ കുറേനാളുകളായി പുറപ്പെടുവിച്ചുകൊണ്ടിരുന്ന ലഘുലേഖകൾ സഭയെ തേജോവധം ചെയ്യുകയെന്ന ലക്ഷ്യത്തോടെ മാത്രമായിരുന്നു. വൈദികരെയും മെത്രാന്മാരെയും എന്തിന് മാർപ്പാപ്പായെപോലും അധിക്ഷേപിക്കാനുള്ള നീക്കമാണവർ തുടർന്ന് നടത്തിയത്.

ദീർഘനാളത്തെ ശ്രമഫലമായി ഭാരതീയ ക്രൈസ്തവപഠനകേന്ദ്രത്തിൽ ഒരു യോഗം ചേരുവാനും ആ കേന്ദ്രത്തിൽ തന്നെ രൂപം കൊണ്ട പലസംഘടനകളുടെയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് മാർത്തോമ്മാക്കുരിശും (ചിഹ്നവും) പള്ളിയോഗ നിയമാവലിയും പരസ്യമായി കത്തിക്കാൻ അവരെ കൊണ്ട് തീരുമാനമെടുപ്പിക്കുവാനും അവർക്ക് സാധിച്ചു. ലിററർജിക്കൽ

www.malankaralibrary.com

ആക്ഷൻ കമ്മററിയും അതിന്റെ സാരഥികളായ പ്രൊഫ. പി.ററി. ചാക്കോയും ഫാ. തോമസ് കൊടിയനും വരെ ഭാരതീയ ക്രൈസ്തവപഠനകേന്ദ്രത്തിൽ ചേർന്ന സമ്മേളനത്തിൽ പങ്കെടുത്തവരുടെ സമ്മർദ്ദങ്ങൾക്കുവഴങ്ങി സ്ലീവായും സഭാനിയമവും കത്തിക്കുവാൻ സമ്മതിച്ചു. അത് കത്തിക്കാൻ ഭാരതീയ പഠനകേന്ദ്രം ബോധപൂർവ്വം ചുമതലപ്പെടുത്തിയത് പി.ററി. ചാക്കോയേയും ഫാ. തോമസ് കൊടിയനേയുമാണ്.

ഭാരതീയ ക്രൈസ്തവപഠനകേന്ദ്രത്തിന്റെ യഥാർത്ഥ സാരഥി ഈ തന്ത്രങ്ങളെല്ലാം ഒരുക്കി പലരെയും വലയിൽ വീഴ്ത്തി വിജയഭാവം നടിച്ചു. ഈ നടപടി പിശകാണെന്നും കുരിശുകത്തിക്കുന്നതും സഭാനിയമങ്ങൾ ചുട്ടുകരിക്കുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുത്തുമെന്നും കത്തോലിക്കാ കോൺഗ്രസ്സ് ആദ്യമേതന്നെ മുന്നറിയിപ്പ് നൽകുകയും ആ നടപടിയിൽ നിന്ന് പിന്മാറണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് അടുത്ത ദിവസം സീറോമലബാർസഭയുടെ തലവനായ അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് നസ്രാണി കത്തോലിക്കാ പൈതൃക സംരംക്ഷണസമിതിയുടെ ഈ ചുട്ടെരിക്കൽ നടപടി കടുത്ത മതനിന്ദയും അച്ചടക്കലംഘനവുമാണെന്ന് തറപ്പിച്ച് പറയുകയും ഈ ഹീനശ്രമത്തിൽനിന്ന് പിന്തിരിയണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. ഏപ്രിൽ 22-ാം തീയ്യതി കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തകരും സമുദായ സ്നേഹികളും കോട്ടയത്ത് എ.കെ.സി.സി. ഓഫീസിൽ ചേർന്ന് കുരിശു കത്തിക്കൽ നടപടി മേയ് 1-ാം തിയ്യതിക്കകം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പൈതൃക സംരംക്ഷണസമിതിക്ക് അന്ത്യശാസനം നൽകി. (ഇതു സംബന്ധിച്ച് എ.കെ.സി.സി.യുടെ പ്രസ്താവനകൾ അന്യത്ര ചേർത്തിരിക്കുന്നു.)

ഈ ബുള്ളററിൻ വായനക്കാരുടെ കൈകളിൽ എത്തുമ്പോഴേക്കും നസ്രാണി കത്തോലിക്കാ പൈതൃകസംരക്ഷണസമിതി ചുട്ടെരിക്കൽ പരിപാടി ഉപേക്ഷിക്കണമെന്നും ഇങ്ങനെയൊരു നടപടി സ്വീകരിക്കാൻ ഇടയായതിലും വിശ്വാസികളിൽ കുഴപ്പം സൃഷ്ടിച്ചതിലും പശ്ചാത്തപിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിലിന്റെ പ്രസ്താവനയുടെയും താക്കീതിന്റെയും പശ്ചാത്തലത്തിൽ സംരക്ഷണസമിതി ഈ ഹീനശ്രമത്തിൽ നിന്നും പിന്മാറുമെന്നാണ് ഞങ്ങൾ വിചാരിച്ചത്. അതിനുള്ള വിവേകം അവർ കാണിക്കാതിരുന്നതുകൊണ്ടാണ് കത്തോലിക്കാ കോൺഗ്രസ്സ് ഒരു അന്ത്യശാസനം നൽകാൻ ഇടയായത്. ഈ അന്ത്യശാസനം സ്വീകരിക്കാനുള്ള വിവേകം അവർ കാണിക്കാത്തപക്ഷം, ഇതുമൂലമുണ്ടാകുന്ന എല്ലാ പ്രത്യാഘാതങ്ങൾക്കും അവർ സമാധാനം പറയേണ്ടിവരും.

സമുദായത്തെ വഞ്ചിച്ചും ആക്ഷേപിച്ചും ഹിന്ദുത്വകൊടിപിടിച്ചും തൻകാര്യം നേടാനുള്ള ശ്രമത്തിൽ ചിലർ ഏർപ്പെട്ടിരിക്കുന്നുവെന്ന് കഴിഞ്ഞ കുറെ മാസങ്ങളായി ഞങ്ങൾ ബുള്ളററിനിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. കുരിശു കത്തിക്കാനും പള്ളി നിയമങ്ങൾ ചുട്ടെരിക്കാനും ജനങ്ങളെ തയ്യാറെടുപ്പിച്ചതിനുശേഷം ഹിന്ദുത്വകൊടി പിടിച്ച് കേന്ദ്രഗവൺമെന്റിനെ സ്വാധീനിച്ച്, സർക്കാർ കമ്മററികളിലും കമ്മീഷനുകളിലും കയറിപ്പററാനുള്ള ചിലരുടെ നീക്കങ്ങൾക്ക് പ്രൊഫ. പി.ററി. ചാക്കോയും ഫാ. കൊടിയനും

www.malankaralibrary.com

കൂട്ടുനിൽക്കണമോയെന്ന് അവർ ചിന്തിക്കേണ്ട സമയം വൈകിയിരിക്കുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രിയെ സന്ദർശിച്ച് ക്രൈസ്തവന്റെ പേരിൽ ഗവർണ്ണർ പദവി വരെ നേടിയെടുക്കാമെന്ന വ്യാമോഹത്തിൽ കരുക്കൾ നീക്കുന്ന സമുദായ വഞ്ചകരുടെ കെണിയിൽ വീഴാതിരിക്കാനുള്ള വിവേകം നമുക്കുണ്ടാകേണ്ടതാണ് എന്ന് മാത്രം ഈയവസരത്തിൽ അനുസ്മരിപ്പിക്കാൻ ആഗ്രഹിക്കുന്നു.

05-05-1998

## 236

# പ്രധാനമന്ത്രിക്ക് എ.കെ.സി.സി. പ്രസിഡണ്ട് അയച്ച കത്ത്

From

John Kachiramattam,
President,
All Kerala Catholic Congress,
Kottayam-4, Kerala

To

Shri Atal Behari Vajpaee,
The Honourable Prime Minister,
Govt. of India,
New Delhi

Dear Sri Atal Behari Vajpaeeji,

Greetings from the Christian Community of Kerala.

This has reference to the appointment of Christian members to the Minorities Commission.

**Introduction** : The Christian faith was brought to India by St. Thomas, one of the apostles of Jesus Christ in the first century itself. In Kerala where the Church (The Christian Community) was planted by St. Thomas himself there was never a conflict or dichotomy between Christian faith and Indian culture. Christians in Kerala have always been part of the national mainstream. The missionaries from Western Europe and America came here only 16 centuries later. It is unfortunate that some people in India, particularly North India, look upon Christian as some kind of foreign elements. The fact that their Christian faith does not take away even a bit of their Indian identity and culture. Christians in India, particularly those in the South were on the forefront of India's freedom

www.malankaralibrary.com

struggle and the onward march of the nation to self government.

**The Church's Contribution to the Country** : The Christian Church's contribution to education, health care and developmental activities are so well known that they don't need reiteration. Mother Teresa was just one among the thousands of Christian missionaries who opted for the poor and the oppressed in this country. And most of these missionaries are from Kerala only. They have every right to serve the poor in any part of the country. Right now there are hundreds of missionaries working in remote areas of the country, dedicated to the goal of liberating those who are in bondage and exploitation.

**Sense of Insecurity** : In the recent past many Christian missionaries from Kerala working in Bihar, Madhya Pradesh and the North Eastern states were brutally massacred just because those missionaries were working on behalf of the poor trying to liberate them from the bondage of the all-powerful land and the money lenders. Christina schools, convents and even churches have been attacked, paying scant respect to the holiness of the places of worship. Very often little or no action is taken against the culprits. This situation has created a sense of helplessness and insecurity in the minds of the Christian Community. In several states the constitutional rights of the Christian as a minority community have been violated.

Another painful issue is the plight of the Dalit Christians. They are being penalised for their religion. Govt aid and other concessions granted to Dalit Hindus are denied to the Dalit Christians. They will get the assistance of the Dalits if only if they are converted to Hinduism. This is a sad state of affairs and a clear case of religious discrimination. The Christian community, especially the Dalits among them, are very much aggrieved by this step-motherly attitude towards them.

**The Minorities Commission** : The Minorities commission was constituted in 1977 by the then Janatha Government specifically for the purpose of redressing the grievances of the minorities. If this purpose is to be achieved it is important that men/women of integrity and selfless dedication are appointed to the Commission. With regard to the choice of the Christian member to the commission, we appeal to you to see that the person chosen for this post has the backing of the community. Formerly we had men or the stature and calibre of Prof. V. V. John on the commission.

We make this appeal to you because we have come to know that certain undesirable persons with vested interests in our community have

www.malankaralibrary.com

been lobbying for a berth in the commission.

As president of the All Kerala Catholic Congress, representing the lay people of the Christian Community in Kerala, I appeal to you to see that the member representing the Christian Community is chosen only after a wider consultation with Christian M.P.S., the Bishop's Councils of various Christian denominations and the leaders of various Christian organizations.

Assuring you of our support in your endeavors for the promotion of National security and the rule of law in this country,

Kottayam
05-05-1998

Yours faithfully,
**John Kachiramattam**

## 237

# ദൂരദർശന്റെ നടപടി അപലപനീയം

*എ.കെ.സി.സി.*

കോട്ടയം: കഴിഞ്ഞ കുറേക്കാലമായി ക്രൈസ്തവമതത്തേയും പുരോഹിതവർഗ്ഗത്തേയും തുടർച്ചയായി ആക്ഷേപിക്കുന്ന വിധത്തിലുള്ള ദൂരദർശന്റെ നടപടി തികച്ചും അപലപനീയമാണെന്ന് കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ.ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറയുന്നു. പ്രസ്താവന ഇപ്രകാരം തുടരുന്നു "ഏപ്രിൽ 19-ാം തീയതി ഞായറാഴ്ച 1.30ന് പൊൻകുന്നം വർക്കിയെ പരിചയപ്പെടുത്തിക്കൊണ്ട് ശിവപ്രസാദ് സംവിധാനംചെയ്തവതരിപ്പിച്ച പരിപാടിയിൽ മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന രീതിയിൽ നടത്തിയ പ്രസ്താവനകൾ അതേപടി പ്രസിദ്ധീകരിച്ച് അധിക്ഷേപിച്ചതും തുടർന്ന് ചില നിഗമനങ്ങൾ നടത്തുകയും ചെയ്തത് അത്യന്തം പ്രതിഷേധാർഹമാണ്. പൊൻകുന്നം വർക്കിയെ അവതരിപ്പിച്ചുകൊണ്ട് എന്ന് വ്യാജേന നടത്തിയ പരിപാടിയിൽ സാഹിത്യസൃഷ്ടികളെക്കുറിച്ചും വർക്കിയുടെ സംഭാവനകളെക്കുറിച്ചും കാര്യമായി വിലയിരുത്തൽ നടത്താതെ മതദ്വേഷം ജനിപ്പിക്കത്തക്ക പ്രസ്താവനകൾക്ക് പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചതിന്റെ പിന്നിലുള്ള ഉദ്ദേശ്യത്തെ ക്രൈസ്തവസമൂഹം ഉൽകണ്ഠയോടുകൂടിയാണ് വീക്ഷിക്കുന്നത്. ദൂരദർശൻ പ്രോഗ്രാമുകൾ തയ്യാറാക്കുമ്പോൾ നൽകുന്ന മാർഗനിർദേശക തത്ത്വങ്ങളുടെ പരസ്യമായ ലംഘനമായാണ് പൊൻകുന്നം വർക്കിയെക്കുറിച്ചുള്ള ഡോക്യുമെന്ററിയെ കരുതുന്നത്. ഇത്തരത്തിലുള്ള പരിപാടി സംപ്രേക്ഷണം ചെയ്ത ദൂരദർശൻ അധികാരികളുടെമേൽ വേണ്ട നടപടികൾ കേന്ദ്രഗവൺമെന്റ് കൈക്കൊള്ളണമെന്നും തിരുവനന്തപുരം ദൂരദർശൻ ഇതിൽ പരസ്യമായ ഖേദം പ്രകടിപ്പിക്കണമെന്നും കച്ചിറമററം ആവശ്യപ്പെട്ടു."

www.malankaralibrary.com

## 238

# ദൈവദൂഷണക്കുററം

ഭാരതം ഒരു മതേതര രാഷ്ട്രമാണ്. എല്ലാ മതത്തിൽ വിശ്വസിക്കുന്നവർക്കും ഒരു മതത്തിലും വിശ്വസിക്കാത്തവർക്കും ഇവിടെ തുല്യ പ്രാധാന്യമുണ്ട്. ഭാരതത്തിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷം ഹിന്ദുക്കളാണ്. ആ ബഹുഭൂരിപക്ഷംവരുന്ന ഹിന്ദുക്കൾ ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ ഒരു വിധത്തിലും വേദനിക്കരുതെന്ന് ആഗ്രഹിച്ചു. അതിന്റെ ഫലമായാണ് ന്യൂനപക്ഷാവകാശം ഭരണഘടനയിൽ എഴുതിച്ചേർത്തത്. കഴിഞ്ഞ 50 വർഷക്കാലവും ആ ഭരണഘടനയുടെ ചൈതന്യം നിലനിർത്തിക്കൊണ്ടുപോരുവാൻ ഭാരതത്തിനു കഴിഞ്ഞു.

ന്യൂനപക്ഷാവകാശധ്വംസനം ചില പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന് വിസ്മരിക്കുന്നില്ല. ബാബറി മസ്ജിദ് തകർത്തപ്പോൾ നാമെല്ലാം ദുഃഖിച്ചു. ആ ദുഃഖത്തിന്റെ അലയടികൾ ലോകം മുഴുവൻ വ്യാപിച്ചു. മുസ്ലീം രാഷ്ട്രങ്ങൾ പ്രതിഷേധം രേഖപ്പെടുത്തി. മുസ്ലീം രാഷ്ട്രങ്ങളിൽ പ്രതിഷേധപ്രകടനങ്ങൾ നടന്നു.

തൊണ്ണൂററിനാലുകോടി മുസ്ലീങ്ങൾ ലോകത്തൊട്ടാകെയുണ്ട്. ഭാരതത്തിൽ മുസ്ലീങ്ങൾ ഒരു ന്യൂനപക്ഷമാണെങ്കിലും ഏററം കൂടുതൽ മുസ്ലീങ്ങൾ അധിവസിക്കുന്ന ഒരു രാഷ്ട്രമാണ് ഭാരതം. ബാബറി മസ്ജിദ് തകർത്തപ്പോൾ അതിനോട് ബന്ധപ്പെട്ട് മുസ്ലീംസഹോദരങ്ങൾ ഭാരതത്തിൽ നടത്തിയ ബന്ദും ഹർത്താലും അക്രമങ്ങളും ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. ആ പ്രതിഷേധ പ്രകടനങ്ങൾ നടത്താൻ ഇവിടുത്തെ മുസ്ലീങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെന്ന വസ്തുത ലോകമെമ്പാടുമുള്ള മുസ്ലീം സഹോദരങ്ങൾ മനസ്സിലാക്കുകതന്നെ വേണം.

നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാൻ ഒരു മുസ്ലീംരാഷ്ട്രമാണ് എല്ലാ മുസ്ലീം രാഷ്ട്രങ്ങളിലേയും പോലെ പാക്കിസ്ഥാനിലും മുസ്ലീങ്ങൾക്കല്ലാതെ മററാർക്കും മതസ്വാതന്ത്ര്യം നൽകിയിട്ടില്ല. എല്ലാ സ്വാതന്ത്ര്യങ്ങളും ഭാരതത്തിൽ അനുഭവിക്കുന്ന ഭാരതത്തിലെ മുസ്ലീങ്ങൾപോലും മുസ്ലീംരാഷ്ട്രങ്ങളിൽ അവിടുത്തെ ന്യൂനപക്ഷങ്ങൾക്ക് സ്വാതന്ത്ര്യം നൽകണമെന്ന് ഒരിക്കൽപോലും പറഞ്ഞുകേട്ടിട്ടില്ല. അത് ഏററം നിർഭാഗ്യകരമാണെന്ന് ഭാരതത്തിലെ മുസ്ലീംസഹോദരങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കുറെ ഇസ്ലാം തീവ്രവാദികളുടെ പിന്തുണ ലഭിക്കാനായി പാക്കിസ്ഥാനിലെ പട്ടാളമേധാവി ഏർപ്പെടുത്തിയ കടുത്ത നടപടിയാണ് ദൈവദൂഷണക്കുററം. പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങളെ പ്രത്യേകിച്ചും ക്രൈസ്തവരെ ദ്രോഹിക്കാനായി ഏർപ്പെടുത്തിയിരിക്കുന്ന നിയമമാണ് ദൈവനിന്ദനക്കുററം. മനുഷ്യാവകാശക്കമ്മീഷൻ പലപ്രാവശ്യവും സൂചിപ്പിച്ചിട്ടുള്ളതുപോലെ ക്രിസ്ത്യൻ പൗരന്മാർക്ക് എതിരായി പാക്കിസ്ഥാനിൽ ഉന്നയിച്ചിട്ടുള്ള മിക്ക

www.malankaralibrary.com

പരാതികളും ദൈവനിന്ദനവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. വസ്തുതർക്കമോ അയൽതർക്കമോ മറ്റോ ഉണ്ടായാൽ അതിന്റെപേരിൽ മുസ്ലീങ്ങൾ ദൈവനിന്ദനക്കുററം ആരോപിക്കുകയാണ് ക്രൈസ്തവരുടെ മേൽ. ദൈവനിന്ദനക്കുററം ആരോപിച്ച് അയൂബ് മസീഹ് എന്ന വ്യക്തിയെ തൂക്കിലേററാൻ വിധിയുണ്ടായത് ഇത്തരത്തിലുള്ള ഒരു പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു. സലാമത് മബീഹി എന്ന ക്രിസ്ത്യൻ യുവാവിന്റെ മേൽ ദൈവനിന്ദനക്കുററം ആരോപിച്ച് കേസെടുത്തപ്പോൾ ലോകമെമ്പാടും ഉണ്ടായ പ്രതിഷേധത്തിന്റെ പേരിൽ ബേനസീർ ഭൂട്ടോ ഇടപെട്ട് ദൈവനിന്ദനക്കുററത്തിൽനിന്ന് മോചിപ്പിക്കുകയുണ്ടായി.

പാക്കിസ്ഥാനിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ദൈവനിന്ദനക്കുററം പിൻവലിപ്പിക്കുവാൻ പാക്കിസ്ഥാന്റെമേൽ കാര്യമായ സമ്മർദ്ദങ്ങളൊന്നുമുണ്ടായിട്ടില്ല. ഇതിനെതിരെ നിരന്തരം പോരാടിക്കൊണ്ടിരുന്ന ഒരു കത്തോലിക്കാ മെത്രാനായിരുന്നു ഡോ. ജോൺ ജോസഫ്. ഒരു സഭാനേതാവ്, സമാധാനത്തിന്റെയും നീതിയുടെയും കമ്മീഷൻ ചെയർമാൻ, മനുഷ്യാവകാശസംരക്ഷണ സമരത്തിന്റെ മുന്നണിപ്പോരാളി എന്നിങ്ങനെ വിവിധനിലകളിൽ അറിയപ്പെട്ടിരുന്ന ഡോ. ജോൺ ജോസഫ് (ഫയിസലാബാദ് ബിഷപ്പ്) ദൈവനിന്ദനക്കുററം പിൻവലിപ്പിക്കുന്നതിന് വേണ്ടി നിരന്തരം പോരാടിക്കൊണ്ടിരുന്നു. ഈ പോരാട്ടത്തിനിടയിൽ സ്വയം വെടിവെച്ച് ആത്മാഹൂതി ചെയ്യുകയുണ്ടായി. ക്രിസ്ത്യൻ വിശ്വാസത്തിന്റെതന്നെ അടിസ്ഥാനതത്വങ്ങൾക്ക് വിരുദ്ധമാണ് ആത്മാഹൂതിയെങ്കിലും ഈ ആത്മാഹൂതിയിലൂടെ മനുഷ്യമനസ്സാക്ഷിയെ തട്ടിയുണർത്താനും പാക്കിസ്ഥാനിൽ നടക്കുന്ന ന്യൂനപക്ഷദ്രോഹത്തിനെതിരെ ബഹുജനാഭിപ്രായം രൂപംകൊള്ളാനും ഇടനൽകുമെന്ന് പ്രതീക്ഷിക്കാം.

ഇറാക്കിന്റെമേൽ യുദ്ധം അമേരിക്ക പ്രഖ്യാപിച്ചപ്പോൾ അതിനെതിരെ പ്രതിഷേധ ശബ്ദം പുറപ്പെടുവിച്ച ഇന്ത്യയിലെ മുസ്ലീംസഹോദരങ്ങൾ ബിഷപ്പ് ജോൺ ജോസഫിന്റെ ആത്മാഹൂതിയെപ്പററി എന്തുകൊണ്ട് പ്രതികരിച്ചില്ല? എല്ലാ സ്വാതന്ത്ര്യവും ഇന്ത്യയിൽ അനുഭവിക്കുന്ന മുസ്ലീം സഹോദരങ്ങൾ, തങ്ങളുടെ സഹോദരങ്ങൾ ഭരിക്കുന്ന മുസ്ലീം രാഷ്ട്രങ്ങളിൽ മതസ്വാതന്ത്ര്യം അനുഭവിക്കുന്നതിനുവേണ്ടി ശബ്ദമുയർത്തണം.

മുസ്ലീം രാഷ്ട്രങ്ങളിൽ മുസ്ലീങ്ങൾ അല്ലാത്തവർക്ക് നിരവധി യാതനകൾ അനുഭവിക്കേണ്ടിവരുന്നു. ഇത് അവസാനിപ്പിക്കുവാനും എല്ലാം മുസ്ലീം രാഷ്ട്രങ്ങളിലും മതസ്വാതന്ത്ര്യം അനുവദിക്കുന്നതിനുവേണ്ടി ആഗോളതലത്തിൽ ശബ്ദമുയർത്താനും ഇന്ത്യയിലെ മുസ്ലീം സഹോദരങ്ങൾ മുന്നോട്ടു വരണമെന്നഭ്യർത്ഥിക്കുന്നു.

05-06-1998

www.malankaralibrary.com

## 239

# ആണവസ്ഫോടനം

ലോകരാഷ്ട്രങ്ങളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് രണ്ടു തവണയായി അഞ്ച് ആണവസ്ഫോടനങ്ങൾ നടത്തി ഇന്ത്യയുടെ ആണവരംഗത്തെ കരുത്ത് തെളിയിച്ചതിൽ ഇന്ത്യയിലെ തൊണ്ണൂററിരണ്ടുകോടി ഭാരതീയരും അഭിമാനം കൊള്ളുകയാണ്. ശക്തമായ രഹസ്യാന്വേഷണ ഏജൻസിയുണ്ടെന്ന് അഹങ്കരിച്ച് ഊററംകൊള്ളുന്ന അമേരിക്കയുടെ രഹസ്യാന്വേഷണ ഏജൻസിയെപ്പോലും അമ്പരപ്പിച്ചുകൊണ്ട് ഇന്ത്യ കൈവരിച്ച ഈ ഉജ്ജ്വല വിജയത്തെ ഭീഷണികൊണ്ടും സമ്മർദ്ദംകൊണ്ടും നേരിടാനുള്ള ചില സമ്പന്ന രാഷ്ട്രങ്ങളുടെ നീക്കത്തെ ഇന്ത്യൻ ജനത ഒററക്കെട്ടായി നേരിടുവാൻ തയ്യാറാകണം.

ആണവസ്ഫോടനം നടത്തിയതിന്റെ പേരിൽ ഇന്ത്യയുടെ മേൽ ഉപരോധം ഏർപ്പെടുത്തുമെന്ന് അമേരിക്കയും മററുചില രാജ്യങ്ങളും ഭീഷണി മുഴക്കിയിരിക്കുകയാണ്. തൊണ്ണൂററിരണ്ടുകോടി ജനങ്ങളുടെമേൽ ഉപരോധം ഏർപ്പെടുത്തി നമ്മെ തകർക്കാമെന്നുള്ള വ്യാമോഹം മാത്രമാണിത്. ഈ ഉപരോധഭീഷണിയെ നേരിടാനുള്ള ആത്മധൈര്യമാണ് നമുക്കുണ്ടാകേണ്ടത്. ആ ആത്മധൈര്യം നമുക്കുണ്ടെന്നു കാണിച്ചുകൊടുക്കുകതന്നെ വേണം. ഇന്ത്യയുടെ മേൽ അമേരിക്ക ഉപരോധം ഏർപ്പെടുത്തുന്നത് നമുക്ക് മനസ്സിലാക്കാം. ഇന്ത്യയെ ശ്വാസം മുട്ടിക്കാൻ രാജ്യാന്തര സ്ഥാപനങ്ങളെക്കൂടി നിർബന്ധിക്കുന്നത് അങ്ങേയററം ധിക്കാരമാണ്. ലോകബാങ്ക്, ഐ.എം.എഫ്., ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് തുടങ്ങിയ രാജ്യാന്തര ധനകാര്യസ്ഥാപനങ്ങളെക്കൂടി ഇന്ത്യയുടെമേൽ ഉപരോധമേർപ്പെടുത്തുന്നതിനെതിരെ അമേരിക്കയിൽ വ്യാപകമായ പ്രതിഷേധമുയർന്നുകഴിഞ്ഞിരിക്കുന്നു. പല രാഷ്ട്രങ്ങളും അമേരിക്കൻ നിയന്ത്രണത്തിനെതിരെ ശബ്ദമുയർത്തിക്കഴിഞ്ഞിരിക്കുന്നു.

ഏതു ഉപരോധത്തെയും തന്റേടത്തോടെ ഇന്ത്യൻ ജനത നേരിടുമെന്നുള്ള പ്രധാനമന്ത്രി വാജ്പേയിയുടെ പ്രഖ്യാപനം ഇന്ത്യൻ ജനതയുടെ ആത്മാഭിമാനത്തെ തട്ടിയുണർത്താനും ഇന്ത്യൻ ജനതയ്ക്ക് ആത്മവിശ്വാസം പകർന്നു നൽകുവാനും സഹായകരമാണെന്ന കാര്യത്തിൽ സംശയമില്ല. ആണവപരീക്ഷണത്തെതുടർന്ന് ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിൽ ജനങ്ങൾ അഭിമാനംകൊള്ളുകയാണ്. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് തകർന്ന് തരിപ്പണമായ ജർമ്മനിയും ജപ്പാനും ഒന്നര ദശാബ്ദക്കാലത്തെ കഠിനാധ്വാനംകൊണ്ട് കരുത്താർജ്ജിച്ചു. ആ രാഷ്ട്രങ്ങളിലെ ജനങ്ങളുടെ ആത്മവീര്യത്തെ തട്ടിയുണർത്തുവാൻ അവിടുത്തെ ഭരണാധികാരികൾക്ക് സാധിച്ചു. സമ്പന്ന രാഷ്ട്രങ്ങളുടെ ഉപരോധത്തെ അതേ ചൈതന്യത്തോടെ നേരിടുവാൻ - ക്ലേശങ്ങൾ സഹിക്കുവാൻ ഭാരതജനത തയ്യാറാകണം. ആണവ പരീക്ഷണത്തിന്റെ പേരിൽ ഇന്ത്യയെ ഒററപ്പെടുത്തുവാൻ ശ്രമിച്ച രാഷ്ട്രങ്ങൾ

www.malankaralibrary.com

ഇന്ത്യൻ ജനതയുടെ ആത്മവീര്യത്തെ തട്ടിയുണർത്തിയിരിക്കുകയാണെന്ന് നാം കാണിച്ചുകൊടുക്കണം. ഈ വെല്ലുവിളിയെ നേരിടാൻ മൂന്നാം ലോകരാഷ്ട്രങ്ങൾ ഒന്നിച്ചുനിൽക്കേണ്ടതായും അവരെ ബോദ്ധ്യപ്പെടുത്തുവാനും നാം ശ്രമിക്കണം.

ആണവരംഗത്തെ ഇന്ത്യയുടെ വിജയം നാം വർഷങ്ങളായി നേടിയെടുത്തതാണ്. മുൻഗവൺമെന്റുകൾക്കെല്ലാം അതിൽ അഭിമാനിക്കാം. അമേരിക്കൻ സമ്മർദ്ദത്തെ ധീരതയോടെ നേരിട്ട് സി.ടി.ബി.ടി.ക്കരാറിൽ ഒപ്പിടാതിരുന്ന മുൻ പ്രധാനമന്ത്രി നരസിംഹറാവിവിന് ഈ ആണവപരീക്ഷണവിജയത്തിൽ കൂടുതൽ അഭിമാനിക്കാം. ശ്രീ അബ്ദുൾ കലാം ഉൾപ്പെടെയുള്ള ശാസ്ത്രജ്ഞരിൽ നമുക്ക് അഭിമാനം കൊള്ളാം.

ആണവസ്ഫോടനങ്ങളെ രാഷ്ട്രീയലക്ഷ്യത്തോടെ എതിർക്കുന്ന മൂന്നുദശാബ്ദക്കാലമായി വോട്ടുപോലും ചെയ്യാതിരിക്കുന്ന ചില സാംസ്കാരിക നായകന്മാരും ചില സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ആ നിലപാട് മാററി ഇന്ത്യൻ ജനതയുടെ ആത്മവീര്യത്തെ തട്ടിയുണർത്തി ഉപരോധത്തെ ശക്തമായി നേരിടുവാൻ ജനങ്ങളെ തയ്യാറെടുപ്പിക്കുകയാണ് ചെയ്യേണ്ടത്.

ആണവരംഗത്തെ നമ്മുടെ വിജയം ഇന്ത്യൻ ജനതയുടെ വിജയമായി കണക്കാക്കുവാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകണം. ഇത് ബി.ജെ.പി. ഗവൺമെന്റിന്റെ വിജയമാണെന്ന് വരുത്തിത്തീർക്കുവാൻ ശ്രമിച്ചാൽ ഇതിനെ രാഷ്ട്രീയമായി നേരിടുവാൻ മററു കക്ഷികൾ തയ്യാറായെന്നു വരും. അത് രാജ്യത്തിന്റെ ഭാവിക്ക് അപകടകരമായിത്തീരും.

അണ്വായുധപരീക്ഷണഭൂമിയായ പൊഖ്റാനിൽ ക്ഷേത്രം നിർമ്മിക്കുമെന്നുള്ള വിശ്വഹിന്ദുപരിഷത്തിന്റെ പ്രഖ്യാപനം അവരുടെ അൽപത്വത്തിന് ഉദാഹരണമാണ്. അവിടെ ക്ഷേത്രം നിർമ്മിച്ചാൽ ഇന്ത്യൻ ജനതയുടെ കൂട്ടായ്മയുടെ മേലുള്ള കടുത്ത ആക്രമണമായിരിക്കുമത്. നൂററാണ്ടുകളായി ഇവിടെ നിലനിന്ന മതസൗഹാർദ്ദം നശിപ്പിക്കുന്നതിനിടനൽകുന്നതായിരിക്കും. ഈ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ബി.ജെപി.ക്കും ആർ.എസ്സ്.എസ്സിനും സാധിക്കണം.

ആണവസ്ഫോടനത്തെ ഒരു ദേശീയപ്രശ്നമായി കാണുവാനും ആ ദേശീയ പ്രശ്നത്തിൽ സർക്കാരുമായി സഹകരിച്ച് നീങ്ങുവാനും വിദേശരാഷ്ട്രങ്ങളുടെ ഭീഷണിക്കുമുമ്പിൽ ധീരമായി നിലകൊള്ളുവാനും ഇന്ത്യൻ ജനത തയ്യാറാണ്. പൊഖ്റാനിൽ ക്ഷേത്രം പണിത് ആർ.എസ്സ്.എസ്സ്. മുതലെടുപ്പിന് ശ്രമിച്ചാൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിക്കുവാൻ ഈയവസരം ഞങ്ങൾ വിനിയോഗിക്കുന്നു.

05-06-1998

www.malankaralibrary.com

240

# ന്യൂനപക്ഷാവകാശ ധ്വംസനം അനുവദിക്കുകയില്ല

വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്താനുള്ള ഭരണഘടനാനുസൃതമായ അവകാശങ്ങൾ നിഷേധിക്കാനുള്ള ഏതു നീക്കത്തെയും എതിർത്തു പരാജയപ്പെടുത്തുവാൻ എ.കെ.സി.സി. പ്രതിജ്ഞാബദ്ധമാണെന്നും പ്ലസ്ടു കോഴ്സുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനവും സ്റ്റാഫ് നിയമനവും സംബന്ധിച്ച് സർക്കാർ വ്യവസ്ഥകൾ ന്യൂനപക്ഷാവകാശങ്ങളുടെ വ്യക്തമായ ധ്വംസനമാണെന്നും ഈ വ്യവസ്ഥകൾ പിൻവലിക്കുവാൻ സർക്കാർ തയ്യാറാകണമെന്നും കോട്ടയത്ത് എ.കെ.സി.സി. രജി. ഓഫീസിൽ ചേർന്ന പ്രവർത്തകസമ്മേളനം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

അശാസ്ത്രീയമായ രീതിയിൽ ചില കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപെടുത്തിയതും രാഷ്ട്രീയ പരിഗണനകളുടെയും സമ്മർദ്ദതന്ത്രങ്ങളുടെയും പേരിൽ ചില സ്കൂളികളിൽ പ്ലസ്ടു അനുവദിച്ചതും വളരെ ബുദ്ധിമുട്ടുകൾക്കിടയാക്കിയിട്ടുണ്ടെന്നും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്ന വിദ്യാലയങ്ങളെ ഒഴിവാക്കി യാതൊരു സൗകര്യവുമില്ലാത്ത സ്കൂളുകളിൽ പ്ലസ്ടു അനുവദിച്ചത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുമെന്നും സമ്മേളനം മുന്നറിയിപ്പ് നൽകി. പുതിയതായി ആരംഭിച്ച പ്ലസ്ടു കോഴ്സുകൾ ക്രിസ്ത്യൻ മാനേജുമെന്റുകൾക്ക് അനർഹമായി നൽകിയെന്നയാരോപണം ദുരുപദിഷ്ടമാണ്. പ്രീഡിഗ്രി വേർപെടുത്തലും പല കോളേജുകളുടെയും സമീപം പ്ലസ്ടു അനുവദിക്കാതിരുന്നതും ഗുരുതരമായ പ്രതിസന്ധിക്ക് വഴിതെളിച്ചിരിക്കുന്നു - സമ്മേളനം അഭിപ്രായപ്പെട്ടു.

ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായാണ് പ്ലസ്ടുകോഴ്സുകൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ചേർക്കപ്പെട്ടത്. അതിനാൽ എല്ലാ സ്കൂളുകളിലും പ്ലസ്ടു അനുവദിക്കുകയും സർക്കാർ വ്യവസ്ഥചെയ്യുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന സ്കൂളുകളിൽ മാത്രം പ്ലസ്ടു തുടങ്ങുവാൻ അംഗീകാരം നൽകുകയുമാണ് ചെയ്യേണ്ടത്. ഗവൺമെന്റ് സ്കൂളെന്നോ സ്വകാര്യസ്കൂളെന്നോ നോക്കേണ്ട കാര്യമില്ല. ജാതിതിരിച്ച് അനുവദിക്കുകയും വേണ്ട. മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന സ്കൂളുകളിൽ അനുവദിക്കുകയാണ് കരണീയം.

ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങൾ ഉന്നതനിലവാരം പുലർത്തുന്നതാണ്. വിദ്യാർത്ഥികളുടെ പ്രവേശനത്തിനും അദ്ധ്യാപക നിയമനത്തിനും കോഴവാങ്ങിക്കുവാൻ സൗകര്യമുണ്ടായപ്പോഴല്ല; സ്കൂളും കോളേജും സ്ഥാപിക്കുവാൻ ക്രൈസ്തവർ മുന്നോട്ടുവന്നത്; ഭീമമായ സാമ്പത്തിക ബാദ്ധ്യത ഏററെടുത്തുകൊണ്ട്, പൊൻകുരിശും പൊന്നരുളിക്കായും വരെ

www.malankaralibrary.com

വിററാണ് ക്രൈസ്തവർ വിദ്യാലയങ്ങൾ സ്ഥാപിച്ചത്. എല്ലാ ജനവിഭാഗങ്ങൾക്കും വിദ്യ അഭ്യസിക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചതും ക്രൈസ്തവരാണ്. ക്രൈസ്തവർക്ക് കൂടുതൽ പ്ലസ്ടു കോഴ്സ് അനുവദിച്ചുവെന്ന ദുരാരോപണം നടത്തുന്നവർ ക്രൈസ്തവരുടെ വിദ്യാഭ്യാസരംഗത്തെ സേവനങ്ങൾ അംഗീകരിച്ചില്ലെങ്കിലും അവരുടെ സേവനങ്ങളെ ആക്ഷേപിക്കുകയെങ്കിലും ചെയ്യരുത്. യോഗം അഭിപ്രായപ്പെട്ടു.

സമ്മേളനത്തിൽ എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം ആദ്ധ്യക്ഷ്യം വഹിച്ചു. പ്രൊഫ.കെ.ററി.സെബാസ്റ്റ്യൻ, പ്രൊഫ. മാത്യു ഉലകംതറ, ആന്റണി വള്ളമററം (ജന.സെക്രട്ടറി), അലൻ മാത്യു വാണിയപ്പുര തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

28-06-1998

## 241

# ബി.ജെ.പി. സർക്കാർ എങ്ങോട്ട്?

കേന്ദ്രം ഭരിക്കുന്നത് ബി.ജെ.പി നേതൃത്വം നൽകുന്ന ഒരു മുന്നണി ഗവൺമെന്റാണ്. മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഭരണമുന്നണിയിലെ ഘടകകക്ഷികൾചേർന്ന് മന്ത്രിസഭയുണ്ടാക്കിയെന്നാണ് അവർ പറയുന്നത്. അവർക്കെന്ത് മിനിമം പരിപാടിയാണുള്ളതെന്ന് 100 ദിവസം പിന്നിട്ടിട്ടും നമുക്ക് മനസ്സിലായിട്ടില്ല. ആദർശങ്ങളിൽപ്പോലും വിട്ടുവീഴ്ച ചെയ്ത് ഭരണം നിലനിർത്തുകയെന്ന മിനിമം പരിപാടിയാണ് ഈ മുന്നണിക്കുള്ളതെന്ന് തോന്നിപ്പോകുന്നു. ഘടകകക്ഷികളിൽ ചില പാർട്ടികളുടെ സമ്മർദ്ദ തന്ത്രങ്ങൾ കണ്ടാൽ ആരാണ് ലജ്ജിക്കാത്തത്?

ബി.ജെ.പി. സർക്കാർ 100 ദിവസം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. ഈ നൂറു ദിവസത്തിനുള്ളിൽ എന്തു നേട്ടമാണ് ഭരണമുന്നണി കൈവരിച്ചത്? ഭരണമുന്നണിയിലെ ഘടകകക്ഷികൾ ഭിന്നസ്വരത്തിൽ സംസാരിക്കുന്നതാണ് നാം എന്നും കേൾക്കുന്നത്. പ്രധാനഘടകകക്ഷിയായ ബി.ജെ.പി.യിലെ അംഗങ്ങളും ഭിന്നസ്വരത്തിൽതന്നെ സംസാരിക്കുന്നു. യാതൊരു തത്വദീക്ഷയുമില്ലാതെ ഭരണത്തിൽതുടരുകയെന്ന മിനിമംപരിപാടിയുമായി ഇഴഞ്ഞു നീങ്ങുന്ന ഒരു ഭരണം നമുക്കാവശ്യമാണോ?

ദേശീയ താല്പര്യം മുൻനിർത്തിയാണോ ഈ മുന്നണി സർക്കാർ ഭരിക്കുന്നത്? ഈ കാര്യത്തിൽ സാധാരണ ജനങ്ങൾ സംശയാലുക്കളാണ്. ഈ നൂറു ദിവസത്തിനുള്ളിൽ ഒരു അണുബോംബുസ്ഫോടനം നടത്തിയെന്നതൊഴിച്ചാൽ മറെറന്തു നേട്ടമാണ് ഈ ഗവൺമെന്റ് കൈവരിച്ചത്. അമേരിക്കയുടെ രഹസ്യാന്വേഷണ ഏജൻസികളെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ഇന്ത്യ അണുസ്ഫോടനം നടത്തിയെന്നുള്ളത് ഒരു നേട്ടമാണ്. രാജ്യത്തിന്റെ സുരക്ഷക്ക് അത് ആവശ്യമാണെന്ന് ജനങ്ങൾ വിശ്വസിച്ചു. അതുകൊണ്ട് ഭാരതജനത മുഴുവൻ ഈ കാര്യത്തിൽ ഗവൺമെന്റിനെ

www.malankaralibrary.com

അഭിനന്ദിച്ചു. സമ്പന്ന രാഷ്ട്രങ്ങളുടെ ഏതു ഉപരോധത്തെയും ചെറുക്കാൻ ആത്മധൈര്യത്തോടെ ഭാരതജനത ഒററക്കെട്ടായി അണിനിരന്നു.

ഇന്ത്യൻ ജനതയുടെ ആത്മവീര്യത്തെ തട്ടിയുണർത്തുവാൻ ഈ ബോംബ് സ്ഫോടനവും വിദേശരാഷ്ട്രങ്ങളുടെ ഭീഷണിയും നിമിത്തമാകുമെന്ന് നാം വിചാരിച്ചു. പക്ഷെ ഗവൺമെന്റിന്റെ നിഷ്ക്രിയത്വവും ജനങ്ങളെ ഒരുമിപ്പിച്ചുകൊണ്ടുപോകുവാൻ ശ്രമിക്കാതെ പലതട്ടുകളിലാക്കി ഭിന്നിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങളും ഇന്ത്യൻ ജനതയുടെ ആത്മാഭിമാനത്തെ നിർവീര്യമാക്കുവാൻ ഇടയാക്കിയിട്ടുണ്ടോയെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ബോംബ് സ്ഫോടനം, പൊഖ്റാനിൽ ക്ഷേത്രം പണിയുമെന്ന ചില മതഭ്രാന്തന്മാരുടെ പ്രഖ്യാപനങ്ങളും ആ പ്രഖ്യാപനങ്ങളോട് ഭരണമുന്നണി നേതാക്കൾ സ്വീകരിച്ച നിലപാടും ഇന്ത്യൻ ജനതയിൽ ആശങ്ക വളർത്തിയിട്ടുണ്ട്. ബി.ജെ.പി. ഗവൺമെന്റിനെ പിന്തുണക്കുന്ന ആർ.എസ്സ്.എസ്സ്. വിശ്വഹിന്ദുപരിഷത്ത് തുടങ്ങിയ പ്രസ്ഥാനങ്ങൾ ഈയടുത്ത കാലത്ത് നടത്തിയ പ്രസ്താവനകൾ, ഭാരതം നൂററാണ്ടുകളായി നിലനിർത്തിപ്പോരുന്ന മഹത്തായ ഭാരതീയ സംസ്കാരത്തിന്റെ കടയ്ക്കൽ ആഞ്ഞുവെട്ടുന്നതിന് തുല്യമായി തോന്നുന്നു.

രാജ്യത്തിന്റെ സുരക്ഷക്കായി നടത്തിയ ആണവ പരീക്ഷണം സർക്കാരിന്റെ ബുദ്ധിശൂന്യമായ പ്രവൃത്തികൾ കൊണ്ട് വിപരീത ഫലമാണ് ഉളവാക്കിയിരിക്കുന്നത്. ഈ നയം തുടർന്നുകൊണ്ടുപോയാൽ അയൽരാജ്യങ്ങളെല്ലാം നമ്മുടെ ശത്രുക്കളായി മാറും. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യ ഒററപ്പെടുകയും ചെയ്യും.

കേന്ദ്രസർക്കാരിന്റെ പല പ്രവൃത്തികളും അധികാരദുർവിനിയോഗമായി ജനങ്ങൾക്ക് തോന്നുന്നു. പ്രതിപക്ഷകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലേക്കുമാത്രം കേന്ദ്രം പ്രതിനിധിസംഘത്തെ അയക്കുന്നതും, ക്രമസമാധാന നില തകർന്ന ഉത്തർപ്രദേശിലേക്ക് അന്വേഷണസംഘത്ത അയക്കാത്തതും അധികാര മോഹത്തിനും അധികാര ദുർവിനിയോഗത്തിനും ഉത്തമോദാഹരണങ്ങളാണ്.

അയോദ്ധ്യയിൽ ബാബ്റിമസ്ജിദ് ഇരുന്ന സ്ഥലത്ത് രാമക്ഷേത്രം പണിയാൻ ദ്രുതഗതിയിൽ നടക്കുന്ന നീക്കങ്ങളോടുള്ള സർക്കാരിന്റെ സമീപനവും വിവാദപരമാണ്. ജനങ്ങൾ സംശയദൃഷ്ടിയോടും ആശങ്കകളോടും കൂടിയാണ് സർക്കാരിന്റെ ഓരോ നീക്കത്തെയും വീക്ഷിക്കുന്നത്. ഈ ഗവൺമെന്റിന്റെ ഭരണനേട്ടം ഗവൺമെന്റിൽ വിശ്വാസമില്ലാത്ത ഒരു സമൂഹത്തെ ഇവിടെ വളർത്തിയെടുക്കുന്നുവെന്നുള്ളതുമാത്രമാണ്.

ബി.ജെ.പി. സർക്കാർ അധികാരത്തിൽ തുടരുന്നത് രാജ്യരക്ഷയ്ക്ക് ഭീഷണിയാണ് എന്ന രാഷ്ട്രീയനേതാക്കളുടെ നിഗമനം അവഗണിക്കാവതല്ല. ഈ ഗവൺമെന്റ് ഇതേ രീതിയിൽ തുടരണമോ വേണ്ടയോ എന്ന കാര്യം ഗൗരവമായി രാഷ്ട്രീയ കക്ഷികൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

05-07-1998

www.malankaralibrary.com

## 242

# രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ ക്രൈസ്തവ സമൂഹം വഹിച്ച പങ്ക് നിസ്തുലം

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ അഡ്വൈസറായി തിരഞ്ഞെടുക്കപ്പെട്ട പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ തിരുമേനിയെ അനുമോദിക്കുവാനും തിരുമേനിക്ക് മെത്രാഭിഷേക രജതജൂബിലി മംഗളങ്ങൾ ആശംസിക്കുവാനുമാണ് നാമിവിടെ സമ്മേളിച്ചിരിക്കുന്നത്. കത്തോലിക്കാ കോൺഗ്രസ്സിന് ആദ്യമായിട്ടാണ് ഒരു അഡ്വൈസറെ നിയമിക്കുക. മുൻകാലങ്ങളിൽ ബിഷപ്പ്സ് ഡലഗേററകളാണുണ്ടായിരുന്നത്. മോൺ ജേക്കബ് നടുവത്തുശ്ശേരി, വിൻസൻഷ്യൻ സഭാംഗമായ ഫാ. ജോർജ് മണ്ണാറ, മോൺ. എൽ.ജെ. ചിറ്റൂർ, ഇന്നിവിടെ സന്നിഹിതനായിരിക്കുന്ന മോൺ. മാത്യു വെള്ളാങ്കൽ എന്നിവരായിരുന്നു മുൻകാലങ്ങളിലെ ബിഷപ്പ്സ് ഡലഗേററകൾ. അവരുടെ സേവനങ്ങളെ ഈയവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

മാർ പള്ളിക്കാപറമ്പിൽ തിരുമേനിയുടെ മുൻഗാമി മാർ സെബാസ്റ്റ്യൻ വയലിൽ എ.കെ.സി.സി. യുടെ ആയുഷ്ക്കാലാംഗമായിരുന്നു. സംഘടനയുടെ വളർച്ചയിൽ അതീവതല്പരനായിരുന്ന വയലിൽ തിരുമേനിയെ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. അൽമേയ പ്രസ്ഥാനങ്ങളുടെ വളർച്ചയിൽ വളരെ തല്പരനായിരുന്ന- എ.കെ.സി.സി. പ്രവർത്തനങ്ങളെ കലവറയില്ലാതെ സഹായിക്കുന്ന മാർ പള്ളിക്കാപറമ്പിൽ തിരുമേനിയെ ഞങ്ങളുടെ അഡ്വൈസറായി നിയമിച്ച സീറോ- മലബാർ സഭാ സിനഡിനോട് ഞങ്ങൾ പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ മെത്രാഭിഷേക രജതജൂബിലി മംഗളങ്ങളും ആശംസിക്കുവാനും തിരുമേനിയെ അനുമോദിക്കുവാനും ഞങ്ങൾക്ക് സന്തോഷമുണ്ട്.

1882-ൽ നിധീരിക്കൽ മാണികത്തനാരുടെ ശ്രമഫലമായി രൂപം കൊണ്ട ജാത്യൈക്യസംഘം ഏതാനും വർഷങ്ങൾക്കുശേഷം പ്രവർത്തന രഹിതമായി 1905-ൽ മാന്നാനത്തുവെച്ച് കത്തോലിക്കാ ക്രിസ്തീയ മഹാജനസഭ രൂപം കൊണ്ടു. സമുദായം നേരിടുന്ന പ്രശ്നങ്ങളെപ്പററി വിലയിരുത്തി പ്രവർത്തന പരിപാടികൾ ആരംഭിച്ചു. ആസംഘടനയും പ്രവർത്തന രഹിതമായപ്പോൾ സാമൂഹ്യ സമ്മേളനങ്ങൾ നടത്തി സമകാലീന പ്രശ്നങ്ങളെപ്പററി ചർച്ചകൾ നടത്തി. 1918-ൽ കത്തോലിക്കാ കോൺഗ്രസ്സ് ആരംഭിച്ചു. 80 വർഷം പൂർത്തിയായി കഴിഞ്ഞിരിക്കുന്നു സംഘടന സ്ഥാപിതമായിട്ട്.

സർക്കാർ സർവ്വീസിൽ ക്രൈസ്തവരെപ്പോലെ അവഗണിക്കപ്പെട്ട ഇതരജനവിഭാഗങ്ങൾക്കും പ്രവേശനം ലഭിക്കാൻ തടസ്സമായിരുന്ന വ്യവസ്ഥകൾ മാററിയെടുക്കുവാൻ വേണ്ടി നടന്ന പൗരസമത്വവാദ പ്രക്ഷോഭണത്തിന് നേതൃത്വം നല്കിക്കൊണ്ടാണ് കത്തോലിക്കാ കോൺഗ്രസ്സ് സജീവമായ പ്രവർത്തനം ആരംഭിക്കുന്നത്. അതിനുശേഷം ജനസംഖ്യാനുപാതികമായ

www.malankaralibrary.com

പ്രാതിനിധ്യം നിയമനിർമ്മാണസഭകളിൽ നേടിയെടുക്കുന്നതിനായി നടത്തിയ നിവർത്തന പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയതും തിരുവിതാംകൂറിൽ നടന്ന ഉത്തരവാദപ്രക്ഷോഭണത്തിന് പൂർണ്ണ പിന്തുണ്ണ നൽകിയതും കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. ഉത്തരവാദഭരണ പ്രക്ഷോഭണത്തെ മററിതര സമുദായ സംഘടനകൾ എതിർക്കുകയാണുണ്ടായത്. എ.കെ.സി.സി. മാത്രമാണ് ഉത്തരവാദഭരണ പ്രക്ഷോഭണത്തെ പൂർണ്ണമായി പിന്താങ്ങിയ സമുദായിക സംഘടന.

സർ സി. പി. രാമസ്വാമി അയ്യർ സ്വകാര്യ പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാൻ തുടങ്ങിയപ്പോൾ അതിനെതിരായി രണ്ടരലക്ഷംപേർ ഒപ്പിട്ട ഭീമഹർജി സമർപ്പിച്ചുകൊണ്ട് എ.കെ.സി.സി. നടത്തിയ സമരം ചരിത്രത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു.

1951-ൽ പനമ്പള്ളി വിദ്യാഭ്യാസ പദ്ധതിയുമായി വന്നപ്പോഴും 1958-ൽ മുണ്ടശ്ശേരി വിദ്യാഭ്യാസ പദ്ധതിയുമായി വന്നപ്പോഴും ന്യൂനപക്ഷാവകാശ സംരക്ഷണത്തിനുവേണ്ടി പോരാടിയതും കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ താഴെയിറക്കാൻ നടത്തിയ വിമോചന സമരത്തിന് കളമൊരുക്കിയതും കത്തോലിക്കാ കോൺഗ്രസ്സാണ്. 1960-കളിൽ കേരളത്തിൽ വിമോചന സമരത്തിനുശേഷം രൂപം കൊണ്ട ഐക്യമുന്നണി ഗവൺമെന്റ് കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ (ഉടുമ്പൻ ചോല, അമരാവതി, ചുരുളി, കീരിത്തോട്) കുടിയിറക്കുകൾ നടത്തിയപ്പോഴും മണ്ണിലുള്ള കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും ആദ്യം രംഗത്തിറങ്ങിയതും കത്തോലിക്കാ കോൺഗ്രസ്സാണ്. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നത്തിന്റെയും ദീപിക പത്രാധിപരായിരുന്ന കെ.എം. ജോസഫിന്റെയും നേതൃത്വത്തിൽ ആരംഭിച്ച സമരപരിപാടികളാണ് അമരാവതിയിൽ എ.കെ.ജിയേയും ഫാ. വടക്കനെയും വരാൻ പ്രേരിപ്പിച്ചത് എന്ന് ഞങ്ങൾ അഭിമാനപൂർവ്വം സ്മരിക്കുന്നു.

1972-ലെ കോളേജ് സമരകാലത്ത് ധീരമായ നേതൃത്വം നൽകുന്നതിലും എ.കെ.സി.സി നിർണ്ണായകമായ പങ്കുവഹിച്ചു. ഗവൺമെന്റുമായുണ്ടാക്കിയ എഗ്രിമെന്റിൽ കത്തോലിക്കാ സമുദായത്തിനു വേണ്ടി ഒപ്പുവെച്ചത് എ.കെ.സി.സി. യുടെ അന്നത്തെ പ്രസിഡണ്ട് ശ്രീ. ഇ.എം. ജോസഫ് ആയിരുന്നു.

തൈക്കൽ സിമിററി പ്രശ്നം, ഈയടുത്തകാലത്തുനടന്ന ടി. വി. പുരം സിമിററി പ്രശ്നം മുതലായവ കൈകാര്യം ചെയ്യുന്നതിലും വിവാഹം ആശിർവ്വാദിക്കുന്ന വൈദികർ അതിനുവേണ്ടി ലൈസൻസ് എടുക്കണമെന്ന നിയമം കൊണ്ടുവന്നപ്പോഴും ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമത്തെപ്പററിയുള്ള ചർച്ചകൾ വന്നപ്പോഴും ദളിത് ക്രൈസ്തവ പ്രശ്നത്തിലും കത്തോലിക്കാ സമുദായത്തിന്റെ താല്പര്യ സംരക്ഷണത്തിനു വേണ്ടി നിലകൊണ്ട് പ്രവർത്തിച്ചത് കത്തോലിക്കാ കോൺഗ്രസ്സാണ്.

1957-ൽ അധികാരമേറെറടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലം മുതൽ ഇന്നുവരെ പാഠപുസ്തകങ്ങളിൽ വന്നിട്ടുള്ള ക്രൈസ്തവർക്ക്

www.malankaralibrary.com

അപമാനകരങ്ങളായ വസ്തുതകൾ ചൂണ്ടിക്കാണിച്ച് അഭിവന്ദ്യവൈദിക മേലദ്ധ്യക്ഷന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും അതിനുവേണ്ടി നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതും കത്തോലിക്കാകോൺഗ്രസ്സ് മാത്രമായിരുന്നുവെന്നുപറയുവാൻ ഞങ്ങൾക്കഭിമാനമുണ്ട്. കത്തോലിക്കാകോൺഗ്രസ്സ് സ്വന്തമായി ഒരു നഴ്സറി സ്കൂൾ പോലും നടത്തുന്നില്ല. കത്തോലിക്കരുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഴുവൻ കത്തോലിക്കാകോൺഗ്രസ്സിന്റേതാണെന്ന ഉത്തമബോദ്ധ്യത്തിൽ കഴിഞ്ഞകാലമത്രയും ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശതാല്പര്യസംരക്ഷണത്തിനുംവേണ്ടി യാതൊരു സ്ഥാപിത താല്പര്യങ്ങളും നോക്കാതെ എ.കെ.സി.സി. എന്നും പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ന് നമ്മുടെ സമുദായം കടുത്ത വെല്ലുവിളികളെ നേരിടുകയാണ്. ഈ സാഹചര്യത്തിൽ ക്രൈസ്തവതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സ് കൂടുതൽ കരുത്താർജിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവതാല്പര്യം സംരക്ഷിക്കുകയെന്നതുകൊണ്ട് ഞങ്ങൾ വിവക്ഷിക്കുന്നത് അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുക എന്നതാണ്. ഈ പോരാട്ടത്തിൽ സമസ്ത ശക്തികളെയും ശേഖരിച്ചുകൊണ്ട് സമസ്ത ശിരസ്സുകളെയും ക്രോഡീകരിച്ചുകൊണ്ട് സമസ്ത ജനാധിപത്യ ഹൃദയങ്ങളെയും തുടിപ്പിച്ചുകൊണ്ട് മുന്നേറുവാനുള്ള ശക്തി ഞങ്ങൾക്ക് ലഭിക്കുവാൻ അഭിവന്ദ്യപിതാക്കന്മാരുടെയും ജനനേതാക്കളുടെയും ബഹുജനങ്ങളുടെയും സഹായം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഈ പോരാട്ടത്തിൽ ഞങ്ങൾക്കുവേണ്ട ഉപദേശങ്ങൾ നൽകുവാൻ ഞങ്ങൾക്കുവേണ്ട നേതൃത്വം നൽകുവാൻ കഴിവും സന്നദ്ധതയും ഉള്ള മാർ പള്ളിക്കാപ്പറമ്പിൽ തിരുമേനിയെ അഡ്വൈസറായി ലഭിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

അച്ചടക്കമുള്ള ഒരു സമൂഹത്തിനുമാത്രമേ നിലനിൽക്കുവാനും അഭിവൃദ്ധിപ്പെടുവാനും സാധിക്കുകയുള്ളു. കഴിഞ്ഞ രണ്ടായിരം വർഷമായി ഇവിടെ നിലനിന്ന- അച്ചടക്കം ഇതര സമൂഹങ്ങളെ അസൂയാലുക്കളാക്കിയിട്ടുണ്ട്. ഇവിടെ നിലനിൽക്കുന്ന അച്ചടക്കം തകർക്കാനുള്ള എല്ലാ നീക്കങ്ങളെയും തകർക്കാൻ - പരാജയപ്പെടുത്തുവാൻ എ.കെ.സി.സി. പ്രതിജ്ഞാബദ്ധമായിരിക്കുന്നുവെന്ന് അടിവരയിട്ട് പറയുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. സഭയെ നന്നാക്കാൻ വേണ്ടി സംസാരിക്കുന്നവരും സഭയെ നശിപ്പിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും ചിലപ്പോൾ പറയുന്നത് ഒന്നു തന്നെയാകാം. സഭയ്ക്കുള്ളിലെ ചെറുചെറു പ്രശ്നങ്ങൾ പെരുപ്പിച്ച് കാണിച്ചുകൊണ്ട് വിശ്വാസികളെ സഭയ്ക്കെതിരാക്കുവാനും, അവരെ സഭാധികാരികൾക്ക് വിരുദ്ധരാക്കാനും ലക്ഷ്യമാക്കിയുള്ള തന്ത്രപരമായ പ്രവർത്തനങ്ങളെ നേരിടുവാൻ പ്രത്യേക സംവിധാനത്തിനുതന്നെ രൂപം കൊടുക്കുവാൻ സമയം സമാഗതമായിരിക്കുന്നുവെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഭാരതക്രൈസ്തവരിൽ 35%വും കേരളത്തിലാണ്. ഭാരതസഭയ്ക്കുവേണ്ടി എല്ലാ നേതൃത്വവും നൽകാൻ നമുക്ക് കടമയുണ്ട്. അതുകൊണ്ട് 1956-ൽ നിയോഗി കമ്മിററി റിപ്പോർട്ടിനെതിരായും 1979-ൽ ഒ.പി. ത്യാഗി ബില്ലിനെതിരായും വടക്കേ ഇന്ത്യയിൽ നടക്കുന്ന - മിഷനറിമാരുടെ നേർക്കു

www.malankaralibrary.com

നടക്കുന്ന ആക്രമണങ്ങൾക്കെതിരായും കഴിഞ്ഞ കാലങ്ങളിൽ എ.കെ.സി.സി. പ്രവർത്തിച്ചത്. ഇന്ത്യൻ ക്രൈസ്തവരുടെ ശബ്ദം പല സന്ദർഭങ്ങളിലും കത്തോലിക്കാ കോൺഗ്രസ്സിലൂടെയാണ് കേൾക്കുവാൻ സാധിച്ചത്.

ഭാരതത്തിൽ, ക്രൈസ്തവർ വെറും രണ്ടര ശതമാനം മാത്രമാണ്. ഈ രണ്ടര ശതമാനം ഈ നാടിന്റെ പുരോഗതിക്കുവേണ്ടി നൽകിയിട്ടുള്ള സംഭാവനകളെപ്പററി വരും തലമുറയെ നാം പഠിപ്പിക്കണം. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞകാലങ്ങളിൽ രണ്ടര ശതമാനം മാത്രം വരുന്ന ക്രൈസ്തവർ പ്രവർത്തിച്ചിട്ടുള്ളത്. ജനസംഖ്യയിൽ ന്യൂനപക്ഷമാണെങ്കിലും ഇന്ത്യയുടെ പുരോഗതിക്കുവേണ്ടി മററേതൊരു സമുദായത്തേക്കാളും കഠിനമായി പ്രവർത്തിച്ച ഒരു സമൂഹമാണ് ക്രൈസ്തവസമൂഹം. വിദ്യാഭ്യാസരംഗത്ത് ഇന്ത്യൻ സ്റ്റേററുകളുടെ മുൻപന്തിയിൽ കേരളത്തെ എത്തിച്ചത് ക്രൈസ്തവരാണ്. രോഗികളെ ശുശ്രൂഷിക്കുകയെന്നത് സമൂഹത്തിന്റെ കടമയാണെന്ന ചിന്താഗതിക്ക് രൂപം നൽകിക്കൊണ്ട് ആതുരാലയങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചത് ക്രൈസ്തവരാണ്. ഇവിടെ കൃഷി വികസിപ്പിച്ചത്, കച്ചവടം പുരോഗമിപ്പിച്ചത്, വ്യവസായം ആരംഭിച്ചത്, ബാങ്കിംഗ് നടപ്പാക്കിയത് എല്ലാം ക്രൈസ്തവരാണ്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിയിരുന്ന ഭാരതത്തിന്റെ സാംസ്കാരിക പുരോഗതിക്ക് വേഗത കൂട്ടിയത് ക്രൈസ്തവരാണ്. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും അവകാശ സംരക്ഷണത്തിനുവേണ്ടി ആദ്യം ശബ്ദമുയർത്തിയത് ക്രൈസ്തവരാണ്. മലയാളി മെമ്മോറിയൽ തുടങ്ങിയുള്ള പൗരാവകാശലബ്ധിക്കുവേണ്ടിയുള്ള എല്ലാ ജനകീയ പ്രക്ഷോഭണങ്ങൾക്കും നേതൃത്വം നൽകിയത് ക്രൈസ്തവരാണ്. ക്ഷേത്രപ്രവേശനവിളംബരത്തിന്റെയും പരോക്ഷമായ കാരണക്കാർ ക്രൈസ്തവരാണ്. വർത്തമാനപ്പത്രങ്ങൾക്കും പ്രസ്സുകൾക്കും ജന്മം നൽകിയത് ക്രൈസ്തവരാണ്. കേരള ജനതയെ ഒരു പ്രത്യേകസംസ്കാരത്തിന്റെ ഉടമാവകാശികളായി മാറ്റിയതിന് അടിത്തറ പാകിയതും ക്രൈസ്തവരാണ്. ഏകദൈവ വിശ്വാസം, ത്രിമൂർത്തി സങ്കല്പം, ഭക്തിപ്രസ്ഥാനം, സ്നേഹദൈവചിന്താഗതി തുടങ്ങി ആദ്ധ്യാത്മിക രംഗത്തെ ഹിന്ദു സംസ്കാരത്തിന്റെ ഇന്നത്തെ സവിശേഷയത്ക്ക് പ്രചോദനം നൽകിയത് ക്രൈസ്തവ വിശ്വാസവും ക്രൈസ്തവമതവുമാണ്. വിധവാ വിവാഹ നിരോധനം, സതി, നരബലി തുടങ്ങിയ അനാചാരങ്ങൾ അവസാനിപ്പിക്കുന്നതിന് പ്രേരണ നൽകിയത് ക്രൈസ്തവരാണ്. കുട്ടനാടൻ കായലുകളെ ഒരുപ്പൂവും ഇരുപ്പൂവും വിളയുന്ന നിലങ്ങളാക്കി മാററിയത്, മലബാറിന്റെ മാറാല പിടിച്ചുകിടന്ന കുഗ്രാമങ്ങളിൽ വഴിയും തോട്ടവും പോലും ഉണ്ടാക്കി കർഷകകേന്ദ്രങ്ങളാക്കി മാററിയത് എല്ലാം ക്രൈസ്തവർ തന്നെ.

ഇങ്ങനെ രാഷ്ട്രപുനർനിർമ്മാണപ്രക്രിയയിൽ മഹത്തായ സംഭാവനകളർപ്പിച്ച ക്രൈസ്തവസമുദായം, ആർക്കും വേണ്ടാത്ത, ആരാലും പരിഗണിക്കപ്പെടാത്ത, യാതൊന്നിനും അവകാശമില്ലാത്ത യാതൊരു മണ്ഡലത്തിലും സ്വാധീനശക്തിയില്ലാത്ത ഒരു സമൂഹമായി മാറിയിരിക്കുകയാണ്. ഈ

www.malankaralibrary.com

അവസ്ഥാവിശേഷം മാറേണ്ടിയിരിക്കുന്നു. ഈ സാഹചര്യം മാററിയെടുക്കുവാനുള്ള എ.കെ.സി.സി.യുടെ യത്നത്തിൽ പങ്കുചേരുവാൻ എല്ലാ സമുദായ സ്നേഹികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

നമുക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുവാൻ സീറോ-മലബാർ സഭയുടെ സിനഡ് നമുക്കൊരു അഡ്വൈസറെ തന്നെ നൽകിയിരിക്കുന്നു. കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഇത് ഒരു പിറവിയാണ്. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയെ ഞങ്ങൾ സ്നേഹപൂർവ്വം ആദരവോടുകൂടി അനുമോദിക്കുന്നു. മെത്രാഭിഷ്ക രജതജൂബിലി മംഗളങ്ങൾ അശംസിക്കുന്നു.

(എ.കെ.സി.സി.അഡ്വൈസറായി നിയമിതനായ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയെ അനുമോദിക്കാൻ കൂടിയ യോഗത്തിൽ എ.കെ.സി.സി.പ്രസിഡണ്ട് ജോൺ കച്ചിറമററം നടത്തിയ അദ്ധ്യക്ഷപ്രസംഗം)

## 243

# എ.കെ.സി.സി. മെമ്പർഷിപ്പ് വർഷാചരണം

ഷെവ.ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മന്റെ 115-ാം ജന്മദിനത്തിൽ മെമ്പർഷിപ്പ് വർഷാചരണം മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഉൽഘാടനം ചെയ്തു.

1998 ജൂലൈ 27

ഭാരതത്തിലെ ക്രൈസ്തവസമൂഹം നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ ശക്തമായ ഒരു സമുദായസംഘടന ആവശ്യമാണെന്നും സഭയേയും സമുദായത്തെയുംപററി നല്ല ഉൾക്കാഴ്ചയുള്ളവർക്കുമാത്രമേ സംഘടനയെ ശക്തമായി നയിക്കാൻ സാധിക്കുകയുള്ളുവെന്നും കോതമംഗലംബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. കോതമംഗലത്ത് ഷെവ.ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ നഗറിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകകൺവെൻഷനിൽവച്ച് കുഞ്ഞിത്തൊമ്മന്റെ 115-ാം ജന്മദിനത്തിൽ, 115 പേർക്ക് എ.കെ.സി.സി. മെമ്പർഷിപ്പ് നൽകിക്കൊണ്ട് മെമ്പർഷിപ്പ് വർഷാചരണം ഉൽഘാടനം ചെയ്യുകയായിരുന്നു തിരുമേനി. ഇലഞ്ഞിക്കൽ അഡ്വ.ജോസിനാണ് മെമ്പർഷിപ്പ് നൽകിയത്. സമുദായാചാര്യനായിരുന്ന ഷെവ.ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മന്റെ സമുദായസ്നേഹവും അർപ്പണമനോഭാവവും ഇന്നത്തെ തലമുറ മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തക്കണമെന്നും തിരുമേനി തുടർന്നു പ്രസ്താവിച്ചു.

യോഗത്തിൽ എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം ആദ്ധ്യക്ഷം വഹിച്ചു. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും അവകാശസംരക്ഷണത്തിനായി പോരാടിയ കുഞ്ഞിത്തൊമ്മന്റെ സമുദായസ്നേഹം മനസ്സിലാക്കണമെന്നും കുഞ്ഞിത്തൊമ്മന്റെ കാലടികളെ

www.malankaralibrary.com

പിന്തുടരുവാൻ നാം തയ്യാറാകണമെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ കച്ചിറമററം പറഞ്ഞു. യോഗത്തിന് ജനറൽ സെക്രട്ടറി ആന്റണി വള്ളമററം സ്വാഗതവും തോട്ടക്കരദാസ് നന്ദിയും പറഞ്ഞു.

കോതമംഗലം
27-07-1998

## 244

# മലയാളി കാത്തലിക് ഫെല്ലോഷിപ്പ് അഹമ്മദാബാദ്

ലോകത്തിന്റെ ഏത് ഭാഗത്ത് ചെന്നാലും മലയാളികളെ നമുക്ക് കാണുവാൻ സാധിക്കും. കൃഷിക്കുവേണ്ടി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കേരളീയർ കുടിയേറിപ്പാർത്തതുപോലെ ഉദ്യോഗം തേടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികൾ എത്തിച്ചേർന്നിട്ടുണ്ട്. ആ കുടിയേററത്തിൽ നല്ലപങ്ക് മലയാളികൾ അഹമ്മദാബാദിൽ എത്തുകയുണ്ടായി. അഹമ്മദാബാദിൽ കുടിയേറിയ മലയാളികളായ കത്തോലിക്കരുടെ കൂട്ടായ്മയ്ക്ക് രൂപം കൊടുക്കാൻ നടത്തിയ ശ്രമങ്ങളുടെ അനന്തരഫലമാണ് മലയാളി കാത്തലിക് ഫെല്ലോഷിപ്പ്. 1983-ൽ ആണ് മലയാളി കത്തോലിക്കരുടെ കൂട്ടായ്മ വളർത്തിയെടുത്തുകൊണ്ട് ഈ പ്രസ്ഥാനത്തിന് രൂപം നൽകിയത്. റീത്തുകൾക്കോ പ്രാദേശികതയ്ക്കോ പ്രാധാന്യം നൽകാതെ മലയാളി കത്തോലിക്കരെ ഒററച്ചരടിൽ കോർത്തിണക്കുവാൻ സാധിച്ചുവെന്നത് അഭിമാനകരവും സന്തോഷകരവുമാണ്.

അറുപതുകളിൽ കേരള കാത്തലിക് അസോസിയേഷൻ എന്ന പേരിൽ രൂപം കൊണ്ട പ്രസ്ഥാനമാണ് പിന്നീട് മലയാളി കാത്തലിക് ഫെല്ലോഷിപ്പ് എന്ന പേരിൽ അഹമ്മദാബാദിൽ വളർന്ന് പന്തലിച്ചത്. അഹമ്മദാബാദിലും സമീപപ്രദേശങ്ങളിലുമുള്ള രണ്ടായിരത്തിൽപരം കുടുംബങ്ങൾ ഈ ഫെല്ലോഷിപ്പുമായി ബന്ധപ്പെട്ട് സജീവമായി പ്രവർത്തിക്കുന്നു.

1983-ലെ ഒക്ടോബർ മാസത്തിലെ ആദ്യ ഞായറാഴ്ച മൗണ്ട് കാർമ്മൽ കത്തീഡ്രലിലെ പാരീഷ് ഹാളിൽചേർന്ന യോഗം ഈ ഫെല്ലോഷിപ്പിന്റെ പ്രഥമ ഭാരവാഹികളെ തെരഞ്ഞെടുത്തു. ശ്രീ.കെ.പി.ജോസ് പ്രസിഡണ്ടായും ടി.പി.ജോൺ സെക്രട്ടറിയായും, സി.എസ്.ജോസഫ് ട്രഷററായും പ്രഥമ ഭരണ സമിതിയെ തെരഞ്ഞെടുത്തു. തുടർന്നിങ്ങോട്ടുള്ള 15വർഷക്കാലം ഈ സംഘടന മലയാളി കത്തോലിക്കരുടെ കൂട്ടായ്മയിലൂടെ അവരുടെ പല നീറുന്ന പ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിക്കുകയുണ്ടായി. പ്രധാനമായും ഈ ഫെല്ലോഷിപ്പ് ഏറെറടുത്ത് നടത്തിയ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

www.malankaralibrary.com

(1) മലയാളി കത്തോലിക്കരെ ഒരു സമൂഹമായി ഒന്നിപ്പിച്ചു. (2) അംഗവൈകല്യമുള്ളവർക്ക് മരുന്നും യാത്രാസൗകര്യങ്ങളും സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ ഉപകരണങ്ങളും നൽകി. (3) ആരോഗ്യ പഠനക്ലാസ്സുകളും മെഡിക്കൽ കോഴ്സുകളും നടത്തുകയും പാവങ്ങൾക്ക് ആതുരസേവനം നൽകുകയും ചെയ്തു. (4) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുകയും പാഠ്യ ഉപകരണങ്ങൾ നല്കുകയും ചെയ്തു. (5) കരിയർ ഗൈഡൻസ് യൂണിററുകൾ സംഘടിപ്പിക്കുകയും സാംസ്കാരിക, ആദ്ധ്യാത്മിക സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു. (6) രക്തദാന ക്യാമ്പുകളും, ആരോഗ്യ പരിപാലന ക്യാമ്പും സംഘടിപ്പിച്ചു. (7) പ്രകൃതി ക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനും മരണാനന്തര സഹായത്തിനും ഫണ്ടുകൾ ഏർപ്പെടുത്തി. (8) തൊഴിൽ പരിശീനല കേന്ദ്ര ങ്ങൾ സ്ഥാപിച്ച് പരിശീലനം നൽകി. (9) വിവിധ തലങ്ങളിൽ പ്രവർത്തിക്കു ന്നവർക്കായി കരിസ്മാററിക് ധ്യാനങ്ങൾ നടത്തി. (10) ആഗോള കുടുംബവർഷ ത്തോടനുബന്ധിച്ച് കുടുംബകൺവെൻഷനുകൾ നടത്തി. (11) ഫെല്ലോഷി പ്പിന്റെ നേതൃത്വത്തിൽ ഗുജറാത്ത് ബൈബിൾ കൺവെൻഷൻ സ്ഥാപിച്ചു. (12) ഗുജറാത്ത കത്തോലിക്കാ സഭയുടെ ശതാബ്ദിയാഘോഷങ്ങൾക്ക് നേതൃത്വം നൽകി. (13) ദേശീയവും അന്തർദേശീയവുമായ കത്തോലിക്കാ സംഘടന കളുമായി ആത്മബന്ധം പുലർത്തി. (14) സമുദായ മൈത്രിക്കുവേണ്ടി പ്രവർത്തിച്ചു. (15) മാരേജ് ഇൻഫർമേഷൻ ബ്യൂറോയ്ക്ക് രൂപം കൊടുത്തു.

അഹമ്മദാബാദിലെ കത്തോലിക്കരിൽ 60 ശതമാനത്തിലധികം അംഗങ്ങൾ മലയാളികളാണ്. ദേശീയ അന്തർദേശീയ തലത്തിലുള്ള സമ്മേള നങ്ങളിൽ പങ്കെടുത്തും അപ്രകാരമുള്ള സംഘടനകളുമായി സഹകരിച്ചും ഫെല്ലോഷിപ്പ് പ്രവർത്തിക്കുന്നു.

അഹമ്മദാബാദിലെ മലയാളി കാത്തലിക് ഫെല്ലോഷിപ്പ് നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെപ്പററി വരും ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്ന താണ്. മാരേജ് ഇൻഫർമേഷൻ ബ്യൂറോയും സെക്രട്ടറിയൽ ട്രെയിനിംഗ് ഇൻസ്റ്റിററ്യൂട്ടും, ദൂരവ്യാപകമായ സൽഫലങ്ങൾ പുറപ്പെടുവിക്കുകതന്നെ ചെയ്തു. ഈ ഫെല്ലോഷിപ്പ് എ.കെ.സി.സി.യുമായി സഹകരിച്ച് പ്രവർത്തിക്കു ന്നതിന് ആഗ്രഹിക്കുന്നുണ്ട്. അനതിവിദൂരമായ ഭാവിയിൽ ആ യാഥാർത്ഥ്യം സഫലീകരിക്കുകതന്നെ ചെയ്യും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി കാത്തലിക് അസോസിയേഷനുമായി ബന്ധപ്പെടാനുള്ള എ.കെ.സി.സി.യുടെ ശ്രമത്തിൽ ഒരു പുതിയ വഴിത്തിരിവാണിത്. ഫെല്ലോ ഷിപ്പിന് എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു.

www.malankaralibrary.com

# 245
# നാം എങ്ങോട്ട്

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 51 വർഷം പൂർത്തിയാവുകയാണ്. ഈ ജൂബിലി വർഷത്തിൽ രാജ്യം ഭരിക്കുന്നത് ബി.ജെ.പി. നേതൃത്വം നൽകുന്ന മുന്നണി സർക്കാരാണ്. ഈ ഗവൺമെന്റ് അധികാരമേറെറടുത്തിട്ട് 4 മാസം പൂർത്തിയാകുന്നു. ഈ സന്ദർഭത്തിലും ഈ ഗവൺമെന്റിന്റെ നയമെന്താണെന്ന് വ്യക്തമാകുന്നില്ല.

ജാതിയുടെയും മതത്തിന്റെയും പേരിൽ മുൻ ഗവൺമെന്റുകൾ യാതൊരു വിവേചനവും കാണിച്ചിരുന്നില്ല. എന്നാൽ ഇന്നത്തെ ഗവൺമെന്റിൽ ഇവിടുത്തെ ന്യൂനപക്ഷങ്ങളും പിന്നോക്കവിഭാഗങ്ങളും അസംതൃപ്തരായി കഴിയുകയാണ്. രാജ്യം ഭരിക്കുന്ന പ്രധാനകക്ഷിയായ ബി.ജെ.പി. യുടെ നേതാക്കൾ നടത്തുന്ന പ്രസ്താവനകളും അവരുടെ മന്ത്രിമാർ നടത്തുന്ന ചില നടപടികളും ജനങ്ങളിൽ ഭീതി വളർത്തിയിരിക്കുകയാണ്.

ഈസ്റ്റർ ഞായറാഴ്ച ബാങ്കുകൾക്ക് പ്രവർത്തിദിനമാക്കിയതും ഡൽഹി ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് വീഞ്ഞ് ഉപയോഗിക്കുന്നതിന്റെ പേരിൽ ക്രൈസ്തവദേവാലയങ്ങളെ ആരാധനാലയങ്ങളായി അംഗീകരിക്കാൻ പാടില്ലെന്ന നിലപാടെടുത്തതും അങ്ങേയററം അപലപനീയവും പ്രതിഷേധാർഹവുമാണ്. ബി.ജെ.പി.ക്ക് സ്വാധീനമുള്ളിടത്തൊക്കെ മുസ്ലീംങ്ങളെയും ക്രൈസ്തവരെയും ദ്രോഹിക്കാനാണ് അവരുടെ പുറപ്പാട്. ഈ നീക്കം രാജ്യത്തിന് അപമാനകരമാണ്. അതിൽ കൂടുതൽ അപകടകരവുമാണ്.

വിവിധ ജാതിമതവർണ്ണ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു നാടാണ് ഭാരതം. നാളിതുവരെ നാം പവിത്രമായി കരുതുകയും നിലനിർത്തുകയും ചെയ്തുപോന്ന സൗഹാർദ്ദം ബി.ജെ.പി.യുടെ പിടിവാശിമൂലം തകരുകയാണെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും. അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബി.ജെ.പി.ക്കായിരിക്കുകയും ചെയ്യും.

ബി.ജെ.പി.യുടെ വർഗ്ഗീയ ഭ്രാന്തുപിടിച്ച നീക്കങ്ങളെ അതേനാണയത്തിൽ തിരിച്ചടിക്കുകയല്ല സംയമനത്തോടെ നേരിടുകയാണ് വേണ്ടത്. അതിനുള്ള വിശാല മനോഭാവം ഇന്ത്യൻ ജനതക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

05-08-1998

www.malankaralibrary.com

# 246

# പ്ലസ് ടൂ - ചില ചിന്തകൾ

കേരളത്തിൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചെങ്കിലും പ്രവർത്തനം ഇതെഴുതുമ്പോഴും ആരംഭിച്ചിട്ടില്ല. 106 സർക്കാർ സ്ക്കൂളുകളിലും, 226 സ്വകാര്യ എയ്ഡഡ് സ്ക്കൂളുകളിലുമാണ് പ്ലസ് ടൂ കോഴ്സ് ആരംഭിച്ചത്. ഇവിടെയൊന്നും സ്ക്കൂൾ തുറന്ന് മൂന്ന് മാസമായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നുള്ളത് വളരെ ദുഃഖകരമാണ്. ചില കോളേജുകളിൽ നിന്ന് പ്രീഡിഗ്രി കുറേ ബാച്ചുകൾ നീക്കം ചെയ്തതും ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്.

രണ്ടുവർഷമായി പ്ലസ് ടൂ കൊട്ടിഘോഷിക്കുവാൻ തുടങ്ങിയിട്ട്. ഈ വർഷം പ്രവർത്തനമാരംഭിക്കണമായിരുന്നുവെങ്കിൽ അതിന് ആറുമാസം മുമ്പേ അതിനുള്ള ക്രമീകരണങ്ങൾ ആരംഭിക്കാമായിരുന്നു. ഏതെല്ലാം സ്ക്കൂളുകളിലാണ് പ്ലസ് ടൂ ആരംഭിക്കേണ്ടത് എന്ന് വളരെ നേരത്തേ നിശ്ചയിക്കുകയും, ഒരു നിശ്ചിത സമയത്തിനുള്ളിൽ സ്ക്കൂളുകളിൽ അതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുകയും പ്ലസ് ടൂവിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സ്ക്കൂളുകളിൽ നിശ്ചിത സമയത്ത് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുകയുമായിരുന്നു വേണ്ടിയിരുന്നത്. അധ്യാപക നിയമനം പോലും നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ പ്ലസ് ടൂ കോഴ്സിന്റെ ഈ വർഷത്തെ ഭാവി എന്തായിരിക്കുമെന്ന് ഊഹിക്കുകയേ വേണ്ടു. വിദ്യാഭ്യാസ രംഗത്ത് അസ്വസ്ഥത സൃഷ്ടിക്കുന്നതിനു മാത്രമേ പ്ലസ് ടൂ ആരംഭിച്ചതുകൊണ്ട് സാധിച്ചിട്ടുള്ളു.

പ്ലസ് ടൂ പ്രശ്നത്തിന് ശാശ്വതമായി പരിഹാരം കാണുന്നതിന് ഇതുവരെയും യാതൊരു നീക്കവും ആരംഭിച്ചിട്ടില്ല എന്നുള്ളത് ദുഃഖകരവും അതിലേറെ പ്രതിഷേധാർഹവുമാണ്. വിദ്യാഭ്യാസരംഗം മാററത്തിന് വിധേയമാക്കുമ്പോൾ, ആ മാററം വിജയപ്രദമാക്കിത്തീർക്കുവാൻ മുൻകൂട്ടി ഒരു പ്ലാനിംഗ് നടത്തേണ്ടതാണ്. ഇവിടെ പ്ലാനിംഗ് ഒന്നും ഒരിക്കലുമില്ലെന്നതാണ് സത്യം. ഒരു മാററം വരുത്തുവാൻ തീരുമാനിക്കുമ്പോൾ അതിനെ രാഷ്ട്രീയമായി നേരിടുവാൻ വിദ്യാർത്ഥിസംഘടനകളും, ഇടതുവലതു രാഷ്ട്രീയ പാർട്ടികളും ഓരോ പ്രസ്താവനയുമായി മുന്നോട്ടിറങ്ങും. അതുമാത്രമാണ് പ്ലാനിംഗ്.

കഴിഞ്ഞവർഷം പ്ലസ് ടൂ അനുവദിച്ചപ്പോൾ സർക്കാർ സ്ക്കൂളുകളിൽ മാത്രം പ്രവർത്തനം ആരംഭിക്കുകയാണ് ചെയ്തത്. അങ്ങനെയൊരു സ്ഥിതിവിശേഷം വളർത്തിയെടുത്തത് ഭരണമുന്നണിയിലെ പ്രധാന ഘടക കക്ഷിയും അവരുടെ പോഷക സംഘടനകളുമാണ്. അന്നേ നിരവധി പ്രശ്നങ്ങളെ നേരിടേണ്ടി വന്നതുകൊണ്ട് വളരെ മുൻകരുതലോടെ ഈ പ്രശ്നം

www.malankaralibrary.com

കൈകാര്യം ചെയ്യുവാൻ സർക്കാർ ശ്രമിക്കേണ്ടതായിരുന്നു. വിദ്യഭ്യാസ രംഗമാകെ അസ്വസ്ഥത സൃഷ്ടിക്കുവാൻ ഇടയാക്കിയ പ്ലസ് ടു അനുവദിക്കൽ പ്രായോഗികമാകാൻ ഇനിയും എത്രനാൾ കാത്തിരിക്കേണ്ടി വരും?

അധ്യപക നിയമനംപോലും നടക്കാതെ പ്ലസ് ടു കോഴ്സ് ഉദ്ഘാടനവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്ന സർക്കാരും മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ഇവിടുത്തെ ജനങ്ങളെ വിഡ്ഢികളാക്കുകയാണോ?

05-09-1998

## 247

# രാഷ്ട്രപതിക്കും സോണിയാഗാന്ധിക്കും നിവേദനം

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ കുറെ നാളുകളായി ക്രൈസ്തവ മിഷനറിമാരുടെയും സന്യാസിസന്യാസിനികളുടെയും ക്രൈസ്തവസ്ഥാപനങ്ങളുടെയും നേർക്കുനടന്നുവരുന്ന അക്രമപ്രവർത്തനങ്ങളിൽ ഉൽക്കണ്ഠരേഖപ്പെടുത്തിക്കൊണ്ടും ഈ അക്രമപ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും രാഷ്ട്രപതി കെ.ആർ.നാരായണനും, കോൺഗ്രസ്സ് അദ്ധ്യക്ഷ സോണിയാഗാന്ധിക്കും കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സംഘാംഗങ്ങളായ പ്രസിഡണ്ട് ജോൺ കച്ചിറമററം ജന.സെക്രട്ടറി ആന്റണി വള്ളമററം, അഡ്വ.ജോസ് പി.ജോർജ്, കെ.എൽ.സി. പ്രസിഡണ്ട് ആന്റണി ഐസക് എന്നിവർ ചേർന്ന് നിവേദനം സമർപ്പിച്ചു.

രാഷ്ട്രപതിഭവനിലെത്തിയ നിവേദകസംഘം ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന അക്രമപ്രവർത്തനങ്ങളുടെ സംക്ഷിപ്തവിവരണം രാഷ്ട്രപതിക്കു സമർപ്പിച്ചു. ഇത് സംബന്ധിച്ച് നിരവധി നിവേദനങ്ങൾ തനിക്കു ലഭിച്ചിട്ടുണ്ടെന്നും പ്രശ്നപരിഹാരത്തിനായി ശ്രമിക്കുന്നതാണെന്നും രാഷ്ട്രപതി നിവേദകസംഘത്തിന് ഉറപ്പുനൽകി.

ജൻപഥ്പത്തിൽ എത്തി നിവേദകസംഘം കോൺഗ്രസ്സ് അദ്ധ്യക്ഷ സോണിയാഗാന്ധിക്ക് നിവേദനം സമർപ്പിച്ചു. ഈ പ്രശ്നം തന്റെ സജീവപരിഗണനയിലാണെന്നും ഗുജറാത്തിലെ പ്രശ്നങ്ങൾ താൻ വിശദമായി പഠിച്ചുവെന്നും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന അക്രമങ്ങൾ അവസാനിപ്പിക്കുവാൻ തന്റെ കഴിവുകൾ വിനയോഗിക്കുമെന്നും ശ്രീമതി സോണിയാ ഗാന്ധി ഉറപ്പുനൽകി.

4-10-1998

www.malankaralibrary.com

## 248

# സീറോ - മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

സീറോ-മലബാർ സഭയുടെ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം എഴുതിച്ചേർക്കപ്പെടുവാൻ പോവുകയാണ്. ചരിത്രപ്രധാനമായ ഒരു വലിയ സംഭവത്തിന് സീറോ-മലബാർ സഭ സാക്ഷ്യം വഹിക്കുവാൻ തയ്യാറെടുക്കുന്നു. നവംബർ 9 മുതൽ 12 വരെ നടക്കുന്ന സീറോ-മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയാണ് ചരിത്രപ്രധാനമായ ആ വലിയ സംഭവം.

ഒരു വർഷത്തോളം നീണ്ടുനിന്ന ഒരുക്കങ്ങളുടെ ഫലമായിട്ടാണ് ഈ അസംബ്ലി ചേരുന്നത്. മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന സഭ പ്രത്യാശയോടെയാണ് ഈ അസംബ്ലിയെ നോക്കുന്നത്. സഭയെ സംബന്ധിക്കുന്ന അനേകം കാര്യങ്ങൾ ഈ അസംബ്ലിയിൽ ചർച്ച ചെയ്യപ്പെടും. ഭാവിയിലേക്കുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടും. അസംബ്ലിക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന വിഷയാവതരണരേഖയിൽ പറഞ്ഞിരിക്കുന്നതുപോലെ "ഈ അസംബ്ലി പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനും ഇതുവഴി പരിശുദ്ധാത്മാവിന്റെ ശക്തിസഭയിൽ പ്രകടമാകുന്നതിനും വേണ്ടി" നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം.

സീറോ - മലബാർ സഭ മൂന്നാം സഹസ്രാബ്ദത്തിലേക്ക് "ദൗത്യവും സക്ഷ്യവും" എന്നത് അസംബ്ലിയുടെ അടിസ്ഥാനപ്രമേയമായി അംഗീകരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ മാർഗ്ഗരേഖ എല്ലാതലങ്ങളിലേക്കും പഠനത്തിനും ചർച്ചക്കുമായി അയച്ചുകൊടുക്കുകയും ചെയ്തു. ചർച്ചകളുടെയടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വിഷയാവതരണരേഖ തയ്യാറാക്കിയിരിക്കുകയാണ്. ആ രേഖയുടെ പശ്ചാത്തലത്തിലാണ് അസംബ്ലിയുടെ ചർച്ചകൾ നടക്കുക. സീറോ - മലബാർ സഭ അപ്പസ്തോലികസഭയാണ്. മാർത്തോമാശ്ലീഹയിൽ നിന്നും വിശ്വാസം ഏററുവാങ്ങിയ നാം തോമാശ്ലീഹായുടെ പാതയിലൂടെ രണ്ടു സഹസ്രാബ്ദങ്ങളായി ചരിക്കുകയാണ്. നമ്മുടെ ഈ യാത്രയിൽ പൗരസ്ത്യ സുറിയാനി സഭയുമായി നമുക്ക് ബന്ധമുണ്ടായി. 16-ാം നൂററാണ്ടിൽ പോർട്ടുഗീസ് മിഷനറിമാരുടെ ആഗമനത്തെത്തുടർന്ന് നമ്മുടെ സഭയുടെമേൽ ലത്തീൻ ചിട്ടകളും ആരാധനാക്രമവും അടിച്ചേൽപ്പിക്കുവാനുള്ള ശ്രമം ഉണ്ടായി. തൽഫലമായി സഭതന്നെ രണ്ടായി പിളർന്നു.

വിദേശമേധാവിത്വത്തിനെതിരായി നാം നടത്തിയ നിരന്തരശ്രമങ്ങളുടെ ഫലമായി 1887-ൽ സീറോ - മലബാർ സഭക്കു വേണ്ടി മാത്രം രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചു. 1896ൽ നമ്മുടെ സ്വന്തം സഭയിൽനിന്ന് മെത്രാന്മാരെ ലഭിക്കുകയും ചെയ്തു. 1992ൽ സീറോ - മലബാർ സഭ ചില പരിമിതികളോടുകൂടി മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

www.malankaralibrary.com

മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട സീറോ - മലബാർ സഭക്ക് 5 വർഷത്തിലൊരിക്കൽ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി കൂടണമെന്നുണ്ട്. അതനുസരിച്ചാണ് ഈ നവംബറിൽ അസംബ്ലി കൂടുന്നത്.

സീറോ - മലബാർ സഭയിലെ ആരാധനാക്രമം, ഭരണസംവിധാനം എന്നിവയെപ്പററി വലിയ വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ അസംബ്ലി ചേരുന്നത്. അച്ചടക്കത്തിൽ വളർന്നുവന്ന ഈ സഭയിൽ അച്ചടക്കം തകർക്കാനുള്ള ശ്രമങ്ങൾ തുടരെത്തുടരെ നടന്നുകൊണ്ടിരിക്കുന്നുവെന്നത് നമ്മെ ദുഃഖത്തിലാഴ്ത്തുകയാണ്. സീറോ - മലബാർ സഭയിലെ നിർഭാഗ്യകരമായ സംഭവങ്ങൾ സഭയ്ക്കുള്ളിൽ ആഴമേറിയ മുറിവുകൾ ഉണ്ടാക്കിയിരിക്കുന്നു. അതേസമയം സമൂഹത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ പ്രതിസാക്ഷ്യമാവുകയും ചെയ്തു. ഈ സത്യം അംഗീകരിച്ചുകൊണ്ടുവേണം അസംബ്ലിയിൽ നാം പങ്കെടുക്കാൻ.

ഈ അസംബ്ലി ദൈവം നമുക്ക് നൽകിയിരിക്കുന്ന ഒരു സമ്മാനം തന്നെയാണ്. ഈ അസംബ്ലി വഴി ദൈവം തന്റെ സുവിശേഷംകൊണ്ട് നമുക്കൊരു പുതിയ വെല്ലുവിളി തരുകയാണ്. ഈ വെല്ലുവിളിയെ തിരസ്ക്കരിക്കുവാൻ പാടില്ല. സീറോ - മലബാർ സഭയുടെ ആത്മാവിൽ ഈ അസംബ്ലി സൃഷ്ടിക്കുവാൻ പോകുന്ന പ്രതികരണം ബ്രഹത്തായിരിക്കും. അസംബ്ലി ദൂരവ്യാപകമായ അലയടികളും ആഴമേറിയ പ്രത്യാഘാതങ്ങളും ഉളവാക്കുമെന്നതിൽ സംശയമില്ല. നാം ഒട്ടേറെയോ വളരെക്കുറച്ചോ ഈ അസംബ്ലിയിൽ നിന്നും നേടിയെടുക്കാം. നമ്മുടെ തീരുമാനങ്ങൾ സുപ്രധാനങ്ങളോ ബാലിശങ്ങളോ ആയേക്കാം. ഈ അസംബ്ലി നടക്കുന്നതിന് മുമ്പുണ്ടായിരുന്ന സഭയായിരിക്കില്ല അസംബ്ലിക്ക്ശേഷം ഈ സഭ. ഈ അസംബ്ലിയോടുകൂടി പുതിയ ഒരു പ്രസ്ഥാനം ഇവിടെ ആരംഭിക്കും. ഏതോ ഒന്നിന്റെ പിറവി സമീപിച്ചിരിക്കുന്നു. ഈ വ്യത്യാസം വളർച്ചയാണോ തളർച്ചയാണോ, അതോ പുരോഗതിയോ നിർജീവത്വമോ എന്നതാശ്രയിച്ചിരിക്കുന്നത്, നാം ഈ അസംബ്ലിയിൽ നിർവ്വഹിക്കാൻ പോകുന്ന ജോലിയിലും, സുവിശേഷത്തിലേക്കുള്ള നമ്മുടെ അന്തർദർശനത്തിലും, നാം ജീവിക്കുന്ന കാലത്തിന്റെ ചലനങ്ങൾ അനുഭവിച്ചറിയാനുള്ള നമ്മുടെ കഴിവിലും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടുള്ള നമ്മുടെ വിശ്വസ്തതയിലും അതുപോലെതന്നെ നമ്മുടെ ക്രിസ്തീയമായ അർപ്പണത്തിലും ധൈര്യത്തിലുമാണ്. ഈ അസംബ്ലി നിർണ്ണായകമാണ്. ദൈവവചനം ഒരുമിച്ച് കൊണ്ടുവന്നിരിക്കുന്ന ഈ സഭയ്ക്ക് - ഈ അസംബ്ലിയുടെമേൽ നടത്താൻ പോകുന്ന വിധിയുടെ മണിക്കൂറാണ്.

സീറോ - മലബാർസഭയിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരാണ് ഈ അസംബ്ലിയിൽ പങ്കെടുക്കുക. അസംബ്ലിയിലെ ചർച്ചകളും പഠനങ്ങളും തീരുമാനങ്ങളും സീറോ - മലബാർസഭയെ മൂന്നാം സഹസ്രാബ്ദത്തിലേക്ക് നയിക്കുന്നതിന് സഹായകമായി തീരട്ടെയെന്നാശംസിക്കുന്നു.

05-11-1998

www.malankaralibrary.com

## 249

# മിഷനറിമാർക്ക് തോക്കിന്റെ സംരക്ഷണമോ?

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 51 വർഷം കഴിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ക്രൈസ്തവ മിഷനറിമാരെ പല സംസ്ഥാന ഗവൺമെന്റുകളും പ്രത്യക്ഷമായും പരോക്ഷമായും ദ്രോഹിക്കുകയാണ് ചെയ്തിട്ടുള്ളത്. ഭാരതത്തിന്റെ ആഭ്യന്തരമന്ത്രിയായിരുന്ന കൈലാസ്നാഥ് കഡ്ജു പാർലമെന്റിൽ മിഷനറിമാർക്കെതിരെ നടത്തിയ പ്രസ്താവനകളും, മധ്യപ്രദേശ് ഗവൺമെന്റ് സമർപ്പിച്ച നിയോഗികമ്മിററി റിപ്പോർട്ടും, ഒ.പി. ത്യാഗി ബില്ലും, ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ നടന്ന മിഷനറിമാരുടെ നേർക്കുള്ള അക്രമങ്ങളും അവയോട് സർക്കാർ സ്വീകരിച്ച നടപടികളും എല്ലാം പഠനവിധേയമാക്കുമ്പോൾ ക്രൈസ്തവ മിഷനറിമാരുടെ നേർക്കുള്ള അക്രമങ്ങളുടെ ശക്തി ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നത് മനസ്സിലാക്കുവാൻ സാധിക്കും. ഗജറൗള തുടങ്ങിയ സംഭവങ്ങൾ ഞെട്ടലോടുകൂടി മാത്രമെ സ്മരിക്കുവാൻ സാധിക്കുകയുള്ളു.

ഏതാനും നാളുകൾക്കുമുമ്പ് ജംബുവായിലും ബാഗ്പെട്ടിലും പല വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും നടന്ന അതിക്രമങ്ങൾ എത്ര ഭീകരമായിരുന്നു! യേശുവിന് വേണ്ടി ദരിദ്രരിൽ ദരിദ്രർക്ക് സേവനമനുഷ്ഠിക്കുവാനായി വീടും നാടും ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ച കന്യാസ്ത്രീകൾക്കുനേരെ നടന്ന പൈശാചികമായ ആക്രമണം വിവരിക്കുവാൻ വാക്കുകൾ പോരാ. എല്ലാം സഹിക്കുവാനും, എല്ലാം ത്യജിക്കുവാനും തയ്യാറായി ദരിദ്രരുടെയിടയിൽ ത്യാഗപൂർണ്ണമായ പ്രവർത്തനം നടത്തിയ കന്യാസ്ത്രീകളെ ബലാൽസംഗത്തിന് വിധേയമാക്കിയെന്നത് ഓരോ ഭാരതീയനും ദുഃഖത്തോടും വിറയലോടും കൂടി മാത്രമേ ഓർമ്മിക്കുകയുള്ളു.

മഹത്തായ ഒരു സംസ്കാരത്തിന്റേയും ജനതയുടേയും നാടാണ് ഭാരതം. ആ സംസ്കാരത്തിനും ജനതക്കും അപമാനംവരുത്തിവെച്ചവർ യഥാർത്ഥത്തിൽ രാജ്യദ്രോഹികൾതന്നെയാണ്. അവർ ഭാരതത്തിന് അന്താരാഷ്ട്ര തലത്തിൽ അപമാനം വരുത്തിവെച്ചിരിക്കുകയാണ്. ഉത്തരേന്ത്യയിൽ മിഷനറിമാർ ആക്രമിക്കപ്പെട്ടപ്പോൾ ഇവിടെ ഒരൊററ ഹിന്ദുവും ഒരൊററ മുസ്ലീമും സന്തോഷിച്ചിട്ടില്ല. അവർ ദുഃഖിക്കുകയും പ്രതിഷേധിക്കുകയുമാണ് ചെയ്തത്. മിഷനറിമാർക്കുനേരെ നടന്ന മർദ്ദനങ്ങളോട് പ്രതിഷേധിക്കുവാൻ നാടാകെ യോഗങ്ങൾ നടക്കുമ്പോൾ ഹിന്ദുക്കളും മുസ്ലീംങ്ങളും എന്നു വേണ്ട മത-ജാതി-ചിന്തകൾക്കതീതമായി എല്ലാവരും അതിൽ സഹകരിക്കുകയുണ്ടായി. ഭാരതത്തിന്റെ പാരമ്പര്യത്തിന്റെ വേരുകൾ അറുത്തവർക്കെതിരേ ഇവിടെ ബഹുജനാഭിപ്രായം രൂപീകരിക്കാൻ അവരെല്ലാം മുന്നോട്ട്വന്നുവെന്നത് നമുക്കെല്ലാം അഭിമാനകരമാണ്.

നമ്മുടെയെല്ലാം കണക്കുകൂട്ടലുകൾ തെററിച്ചുകൊണ്ട് ഈ രാജ്യത്ത്

www.malankaralibrary.com

മതമൗലികവാദികൾ വളർന്നുകൊണ്ടിരിക്കുന്നുവെന്നത് ഭാരതജനതയെ ദുഃഖത്തിലാഴ്ത്തുന്നു. മിഷനറിമാർക്ക് നേരെ ആക്രമണമുണ്ടായപ്പോൾ പോലീസ് സജീവമായി രംഗത്തിറങ്ങിയില്ലായെന്നത് നമ്മെ ദുഃഖിപ്പിക്കുന്നു. പാവങ്ങളുടെയിടയിൽ പ്രവർത്തിക്കുന്ന മിഷനറിമാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ സർക്കാർ തയ്യാറാകണം. അതിന് വേണ്ട തയ്യാറെടുപ്പുകൾ സ്വീകരിക്കാതെ മിഷനറിമാർക്ക് തോക്ക് തരാമെന്ന വാഗ്ദാനം ശരിയായില്ല. മിഷനറിമാർക്ക് സ്വയം രക്ഷക്ക് തോക്ക് ധരിക്കുന്നതിൽ തെറ്റുമില്ല. തോക്കിൻ കുഴലിലൂടെ തങ്ങളുടെ ജീവൻ രക്ഷിച്ചുകൊള്ളാമെന്ന പ്രതീക്ഷയിലല്ല അവർ വടക്കേ ഇന്ത്യയിലേക്ക് ഇറങ്ങിത്തിരിച്ചത്. അവർക്ക് തോക്കുകളല്ല വേണ്ടത്, പാവങ്ങളെ വിദ്യയഭ്യസിപ്പിക്കുവാനും, അവരെ ചികിത്സിക്കാനും തയ്യാറായി നിൽക്കുന്ന വൈദികരെയും കന്യാസ്ത്രീകളേയും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ് ചെയ്യേണ്ടത്. നൂറ്റാണ്ടുകളായി സമ്പന്നന്മാരുടെയും സവർണ്ണരുടെയും ചൂഷണത്തിന് വിധേയമായി കഴിഞ്ഞ്കൂടുന്ന പിന്നോക്ക ദരിദ്രവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നൽകി, ചൂഷണത്തിന്റെ പിടിയിൽ നിന്നും അവരെ രക്ഷിച്ച് ഭാരതജനതയ്ക്ക് യാഥാർത്ഥ സ്വാതന്ത്ര്യം നേടിത്തരുവാൻ ശ്രമിക്കുന്ന മിഷനറിമാരോട് കൂടുതൽ സഹാനുഭൂതിയോടെ പ്രവർത്തിക്കുവാൻ ഭാരതജനതയെ സജ്ജമാക്കുവാനാണ് എല്ലാവരും ശ്രമിക്കേണ്ടത്. അതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തയ്യാറായി മുന്നോട്ട് വരിക തന്നെവേണം.

05-11-1998

## 250

# എ.കെ.സി.സി. അശീതി വർഷസമാപനം

എ.കെ.സി.സി.യുടെ 80-ാം വാർഷികവും, കഴിഞ്ഞ ഒരു വർഷമായി നടന്നുവരുന്ന അശീതി വർഷാചരണത്തിന്റെ സമാപനവും പാലായിൽ വച്ച് നടത്തപ്പെടുകയാണ്. കത്തോലിക്കാ കോൺഗ്രസ്സിന്റെ പല മഹാസമ്മേളനങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള പാലായിൽ വച്ച് നടത്തപ്പെടുന്ന ആഘോഷപരിപാടികൾ വിജയപ്രദമാകുന്നതിനുവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ആയുഷ്ക്കാലാംഗവും, കത്തോലിക്കാ കോൺഗ്രസ്സിനെ പാലായിൽ അവഗണിക്കാനാവാത്ത ശക്തിയായി വളർത്തിയെടുത്ത കേരളസഭയുടെ അഭിമാനസ്തംഭവും ആയ പാലായുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ നാമമാണ് സമ്മേളന നഗറിന് നൽകിയിരിക്കുന്നത്. ഭാരതസഭ പ്രശ്നങ്ങൾ നേരിടുമ്പോഴെല്ലാം കേരളത്തിലേക്കാണ് ഉററുനോക്കുന്നത്. കേരളസഭ ശക്തമായെങ്കിലേ ഭാരതസഭയ്ക്ക് ഊർജ്ജം ലഭിക്കു. വർഷങ്ങൾക്കുമുമ്പ് നിയോഗി കമ്മിററി റിപ്പോർട്ട് വന്നപ്പോഴും ഒ.പി. ത്യാഗി ബില്ല് വന്നപ്പോഴും ശക്തമായ നിലപാടെടുത്തത്

www.malankaralibrary.com

കേരളസഭയായിരുന്നു. ഇന്ന് ആ ദൗത്യം കൂടുതൽ ഊർജ്ജസ്വലതയോടെ നടത്തുവാൻ നമുക്ക് സാധിക്കണം. അതിന് സമുദായ സംഘടന ശക്തി യാർജ്ജിക്കണം. പാലാ സമ്മേളനം അതിനുള്ള ഒരു വഴിത്തിരിവ് ആകട്ടെ യെന്ന് ആശംസിക്കുന്നു.

05-11-1998

# 251

# കുരിശുപള്ളിയെ തൊട്ടു കളിക്കേണ്ട

*എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം*

ദശാബ്ദങ്ങളായി മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ക്രൈസ്തവപുരോഹിതന്മാരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്തുകൊണ്ടും നായനാർ സർക്കാർ വന്നതിനുശേഷമാണ് മദ്യവിരുദ്ധപ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് തോന്നുമാറും പാലായിലെ കുരിശുപള്ളി മദ്യവ്യവസായികൾ നിർമ്മിച്ചുനൽകിയതാണെന്ന് ഊഹിച്ചും രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് സുകുമാർ അഴീക്കോട് മദ്യലോബിക്ക് വഴങ്ങി പുറപ്പെടുവിക്കുന്ന പ്രസ്താവനകൾ അദ്ദേഹത്തിന്റെ തനിനിറം വ്യക്തമാക്കുന്നതാണെന്ന് കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

മദ്യത്തിനെതിരെ, വൈദികരുടെ ആത്മാർത്ഥത നായനാർ സർക്കാർ വന്നപ്പോൾ തുടങ്ങേണ്ടതല്ലെന്ന അഴീക്കോടിന്റെ പ്രസ്താവന ദുരുദ്ദേശ പരമാണ്. 1918-ൽ മാർ കുര്യാളശ്ശേരി തിരുമേനിയാണ് മദ്യത്തിന് എതിരെ ഒരു സംഘടിതപ്രസ്ഥാനം വളർത്തിയെടുത്തത്. അന്ന് നായനാർ ജനിച്ചിട്ടു പോലുമില്ലെന്ന് അഴീക്കോട് മനസ്സിലാക്കണം. പാലായിലെ കുരിശുപള്ളി നിർമ്മിച്ചത് മദ്യവ്യവസായികളല്ല, പാലായിലെ നാനാജാതി മതസ്ഥരായ നിരവധിയാളുകൾ നേർച്ച സമർപ്പിച്ച പണം കൊണ്ടാണ്. ആ നേർച്ച സമർപ്പിച്ചവർ പണ്ഡിതന്മാരും പാമരന്മാരും, ദരിദ്രന്മാരും, സമ്പന്നന്മാരും, മദ്യവ്യവസായികളും, മദ്യവിരുദ്ധപ്രവർത്തകരും ഒക്കെയാണ്. അവരുടെ ബയോഡേററാ ശേഖരിക്കേണ്ട ആവശ്യം ഞങ്ങൾക്കില്ല.

ആർക്കൊക്കെ കുർബാന കൊടുക്കണമെന്ന് പുരോഹിതന്മാർ തീരുമാനിച്ചുകൊള്ളും. സുകുമാർ അഴീക്കോടിന്റെ ശിപാർശ ആവശ്യമില്ല. ഗാന്ധിയൻ ആണെന്നു സ്വയം പ്രഖ്യാപിച്ചുകൊണ്ട് സാംസ്കാരികനായകപട്ടം സ്വയം സ്വീകരിച്ചുകൊണ്ട് പ്രസ്താവനയും പ്രസംഗവുമായി നടക്കുന്ന അഴീക്കോട് കഴിഞ്ഞ 36 വർഷമായി തന്റെ വിലയേറിയ സമ്മതിദാനാവകാശം വിനിയോഗിച്ചിട്ടില്ല എന്ന സത്യം വിസ്മരിക്കരുത്. ഒരു തെരഞ്ഞെടുപ്പിൽ നിന്ന് അതിദയനീയമാംവിധം പരാജയപ്പെട്ടപ്പോൾ തുടങ്ങി പോളിംഗ്ബൂത്തു കാണുമ്പോൾ ഗാന്ധിയനായ അഴീക്കോടിന് അലർജിയാണ്. കഴിഞ്ഞ 36 വർഷമായി സമ്മതിദാനാവകാശം വിനിയോഗിക്കാത്ത അഴീക്കോട് മദ്യലോബി

www.malankaralibrary.com

ക്കുവഴങ്ങി കുറെ പ്രസ്താവനയിറക്കിയാൽ അതിൽ ആരും അത്ഭുതപ്പെടു കയില്ല.

ആറാം തിരുമുറിവ് നാടകം വന്നപ്പോൾ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ പി.എ.ആന്റണിക്കുവേണ്ടി വാദിച്ച അഴീക്കോട്, മുഹമ്മദുനബിയെ ആക്ഷേപിച്ച് നോവലെഴുതിയ സാൽമൻ റുഷ്ദിക്കുവേണ്ടി ശബ്ദിക്കുവാൻ തയ്യാറായില്ല. ആ സാംസ്കാരിക നായകന്റെ നാവ് അനങ്ങിയില്ല. യേശുക്രിസ്തുവിനെയും ക്രൈസ്തവപുരോഹിതന്മാരെയും പററി എന്തും എഴുതാമെന്നും മുഹമ്മദുനബിയെപ്പററി പറയുകയോ എഴുതുകയോ ചെയ്താൽ അത് തന്റെ അവസാന പ്രസംഗവും എഴുത്തും ആയിരിക്കുമെന്നും അറിയാനുള്ള ബുദ്ധി അഴീക്കോടിനുണ്ട്.

ഗാന്ധിജി അർദ്ധനഗ്നനായി നടന്ന് പ്രസംഗിച്ചു. പ്രതിഫലേച്ഛകൂടാതെ ലേഖനങ്ങൾ എഴുതി. എന്നാൽ ഇന്ന് അഭിനവഗാന്ധിയൻമാരെ ഒരു സ്ഥലത്ത് ഒരു പ്രസംഗത്തിന് ക്ഷണിക്കുമ്പോൾ അതിന് സമീപം അഞ്ചാറ് പ്രസംഗങ്ങൾ കൂടി സ്വയം ശ്രമിച്ച് സംഘടിപ്പിക്കുകയും എല്ലാവരോടും കാർകൂലി പ്രത്യേകം പ്രത്യേകം വാങ്ങിക്കുകയും ചെയ്യുന്നതായി അറിയാം. ഇങ്ങനെയുള്ള ഗാന്ധിയൻമാരുടെ എണ്ണം അനുദിനം വർദ്ധിക്കുമ്പോൾ ഗാന്ധിയെ അവരുടെ യിടയിൽനിന്നു മോചിപ്പിക്കാനുള്ള സമരത്തിനുകൂടി ക്രൈസ്തവപുരോഹി തന്മാർ നേതൃത്വം നൽകണം. കച്ചിറമററം പ്രസ്താവനയിൽ പറഞ്ഞു.

## 252

# സഭയ്ക്ക് പുനരുജ്ജീവനം നൽകിയ അസംബ്ലി

സീറോ - മലബാർസഭയുടെ തനിമ, ആരാധനാക്രമം, ഭരണ സംവിധാനം, സഭയിൽ നൂററാണ്ടുകളായി ഉപയോഗിച്ചിരുന്ന മാർത്തോമ്മാ ക്കുരിശ് തുടങ്ങിയ വിഷയങ്ങളെപ്പററി വളരെയധികം വിവാദങ്ങൾ നിലനിന്ന സന്ദർഭത്തിലാണ് സീറോ - മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുകൂട്ടുവാൻ മെത്രാന്മാരുടെ സിനഡ് തീരുമാനിച്ചത്. ഈ തർക്കങ്ങളും അതേത്തുടർന്നുണ്ടായിരുന്ന സംഘർഷാന്തരീക്ഷവും അസംബ്ലി യിൽ പ്രതിഫലിക്കുമെന്നും അസംബ്ലി ഒരു ബലാബല പരീക്ഷണത്തെ നേരിടേണ്ടിവരുമെന്നും സ്വാഭാവികമായി സമുദായാംഗങ്ങൾ പ്രതീക്ഷിച്ചു. സഭയിലെ ഏതാനും അംഗങ്ങൾ രാജ്യത്തുടനീളം നടത്തിയ പ്രസംഗ പരിപാടി കളും, മാർത്തോമ്മാക്കുരിശും, പള്ളിയോഗനടപടികളും അഗ്നിദാഹം ചെയ്യാൻ നടത്തിയ ശ്രമങ്ങളും എല്ലാ സമുദായാംഗങ്ങളെയും ഉൽക്കണ്ഠാകുലരാക്കി യിരുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഇങ്ങനെയൊരു പ്രത്യേകാന്തരീക്ഷത്തിൽ അസംബ്ലി എല്ലാ കണക്കുകൂട്ടലുകളെയും തെററിച്ച് തികഞ്ഞ സംയമന ത്തോടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് സഭയുടെ അഭിമാനം കാത്തുസൂക്ഷിച്ചു വെന്നു പറയുവാൻ അതിയായ സന്തോഷമുണ്ട്.

www.malankaralibrary.com

മാർപ്പാപ്പായ്ക്കും. ഓറിയന്റൽ കോൺഗ്രഗേഷൻ ഉൾപ്പെടെയുള്ള റോമൻ കൂരിയായ്ക്കും നമ്മുടെ സഭയുടെമേൽ അധികാരമുണ്ടെന്നും, പൗരസ്ത്യ സഭകളെ സംബന്ധിച്ച കാനൻനിയമങ്ങൾ നമുക്കും ബാധകമാണെന്നും ഈ അസ്സംബ്ലി ഏകകണ്ഠമായി അതിന്റെ നടപടികളിലൂടെ അംഗീകരിച്ചുവെന്നത് ഏററവും വലിയ ഒരു നേട്ടമാണ്. നമ്മുടെ സഭ പൗരസ്ത്യസഭയല്ലെന്നു പ്രചാരണം നടത്തിയവരുടെ വാദങ്ങൾ അസംബ്ലി തിരസ്കരിച്ചുവെന്നത് നമുക്ക് അഭിമാനകരമാണ്.

ആരാധനാക്രമവും, അച്ചടക്കവും സംബന്ധിച്ച് അസംബ്ലിക്കുശേഷം മെത്രാന്മാരുടെ സിനഡ് നടത്തിയ പ്രഖ്യാപനം അസംബ്ലിയുടെ മൊത്തം അഭിപ്രായപ്രകടനമാണ്. അസംബ്ലിയിൽ പങ്കെടുത്തവർ 15 ഗ്രൂപ്പുകളായി തിരഞ്ഞാണ് ചർച്ചനടത്തിയത്. എല്ലാ ഗ്രൂപ്പും ഒരു സെഷനിൽ ആരാധനാക്രമവും അച്ചടക്കവും ചർച്ച ചെയ്തു. ആരാധനാക്രമത്തിൽ ഏകീകൃതരൂപം വേണമെന്നും അതിനെ ലക്ഷ്യമാക്കിയുള്ള പഠനങ്ങളും ആരാധനാക്രമസംബന്ധമായ മററു ഗവേഷണങ്ങളും നടത്തുന്നതിനു ഒരു ഗവേഷണകേന്ദ്രം ആരംഭിക്കണമെന്നുമാണ് എല്ലാ ഗ്രൂപ്പുകളും ചർച്ച ചെയ്തു ഏകകണ്ഠമായി അഭിപ്രായപ്പെട്ടത്. ഇക്കാര്യത്തിൽ ഒരു ഭിന്നാഭിപ്രായമുണ്ടായില്ല. സഭാംഗങ്ങൾ അച്ചടക്കവിരുദ്ധ പ്രവർത്തനം നടത്തിയാൽ സഭാനിയമപ്രകാരം നടപടി സ്വീകരിക്കണമെന്ന ഗ്രൂപ്പുകളുടെ ഏകകണ്ഠമായ അഭിപ്രായം സിനഡ് പൂർണ്ണമായി അംഗീകരിച്ചു. നടപടി എങ്ങനെ ആയിരിക്കണമെന്നതിനെപ്പററി അസംബ്ലിയിലെ അംഗങ്ങൾ പല അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും ശിക്ഷണനടപടികൾ സ്വീകരിക്കണമെന്നും, അത് സഭയുടെ നിലനില്പിനും, വളർച്ചയ്ക്കും ആവശ്യമാണെന്നും എല്ലാവരും അഭിപ്രായപ്പെട്ടു. സഭാവിശ്വാസികളുടെ കൂട്ടായ്മയും, സഭയോടുള്ള വിശ്വസ്തതയും വിധേയത്വവുമാണ് ഇങ്ങനെ സുദൃഢമായ ഒരു നിലപാടെടുക്കാൻ അസംബ്ലിഅംഗങ്ങളെ പ്രേരിപ്പിച്ചത്.

പള്ളിയോഗനടപടികളെപ്പററിയോ, മാർത്തോമ്മാക്കുരിശിനെപ്പററിയോ യാതൊരു വിവാദവും അസംബ്ലിയിലെ ചർച്ചകളിൽ വന്നില്ലായെന്നതാണ് സത്യം. ഏതാനും വ്യക്തികൾ ചർച്ചയിൽ മാർത്തോമ്മാക്കുരിശിനെപ്പററി പരാമർശിക്കുകയും ക്രൂശിതരൂപം എടുത്തുമാററരുതെന്ന് പറയുകയും ചെയ്തു. മാർത്തോമ്മാക്കുരിശ് അവഗണിക്കണമെന്ന് ആരും പറഞ്ഞില്ല.

കുരിശിന്റെ വണക്കത്തെ സംബന്ധിച്ച് അടുത്തകാലത്തുണ്ടായ വിവാദങ്ങൾക്കു വിരാമമിടണമെന്ന് സിനഡ് തീരുമാനിച്ചത് അസംബ്ലിയിലെ അംഗങ്ങളുടെ ഏകാഭിപ്രായത്തെ മാനിച്ചാണ്. മാർത്തോമ്മാക്കുരിശ് ഉൾപ്പെടെ എല്ലാ കുരിശുകളും ക്രൂശിതരൂപങ്ങളും സീറോമലബാർ സഭയിൽ വണക്കത്തിന് യോഗ്യമാണെന്ന് സിനഡ് ഏകകണ്ഠമായി പ്രഖ്യാപിച്ചതോടെ കുരിശിന്റെ പേരിൽ സഭയിൽ ചിന്താക്കുഴപ്പം ഉണ്ടാക്കാനും സഭയുടെ ഐക്യത്തെ തകർക്കാനും ചിലർ വിദേശസഹായത്തോടെ ബോധപൂർവ്വം

www.malankaralibrary.com

നടത്തിയ ശ്രമങ്ങൾക്ക് കനത്ത തിരിച്ചടിയായി. ചില ചില്ലറ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി അസംതൃപ്തരായ ആളുകളെ കൂട്ടിക്കെട്ടി പ്രക്ഷോഭണം നടത്തി സഭയിൽ ഇടർച്ച വരുത്താമെന്ന ചില സ്ഥാപിത താല്പര്യക്കാരുടെ കണക്കുകൂട്ടലുകൾ തകർക്കാൻ, അസംബ്ലിയംഗങ്ങൾ മുന്നോട്ടുവന്നുവെന്നത് മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന സഭയ്ക്ക് ആഹ്ലാദകരവും അഭിമാനകരവുമാണ്.

മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന സഭയുടെ ദൗത്യത്തെക്കുറിച്ചും സാക്ഷ്യത്തെക്കുറിച്ചും ഉള്ള ചർച്ചകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിച്ചില്ലായെന്നു പറയേണ്ടിയിരിക്കുന്നു. ആരാധനാക്രമത്തിന് വേണ്ടതിലധികം പ്രാധാന്യം നൽകിയതുകൊണ്ട് വളരെ ഗൗരവമായ പലവിഷയങ്ങളെക്കുറിച്ചും അർഹിക്കുന്നവിധത്തിൽ പ്രാധാന്യം നൽകി ചർച്ചചെയ്യുവാൻ സാധിച്ചില്ല. ഗ്രൂപ്പു ചർച്ച ഒന്നും രണ്ടും സമ്മേളനങ്ങളിൽ 15 ഗ്രൂപ്പും ഒരേ വിഷയത്തെപ്പററിയാണ് ചർച്ച ചെയ്തത്. എല്ലാ ഗ്രൂപ്പുകളുടെയും റിപ്പോർട്ട് ഒരു രീതിയിൽതന്നെ വരികയും ചെയ്തു. ഗ്രൂപ്പു ചർച്ചകളുടെ മൂന്നാം സമ്മേളനത്തിൽ ഒരേ വിഷയത്തെപ്പററി 5 ഗ്രൂപ്പുകൾ ചർച്ചചെയ്തു. ഓരോ ഗ്രൂപ്പിനും പ്രത്യേകം പ്രത്യേകം വിഷയങ്ങൾ കൊടുക്കുകയും ആ വിഷയത്തെപ്പററി ചർച്ചചെയ്യുവാൻ അവയുമായി ബന്ധമുള്ളയാളുകളെ ആ ഗ്രൂപ്പിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ പുതിയപുതിയ ആശയങ്ങൾ ഉരുത്തിരിഞ്ഞുവരുമായിരുന്നു. അസംബ്ലിയിൽ പങ്കെടുത്തവർ അവരുടെ കഴിവുകൾക്കൊത്ത വിഷയങ്ങളെപ്പററി ചർച്ചചെയ്യുവാൻ ഉതകുന്നവിധത്തിൽ ഗ്രൂപ്പുകൾ തരംതിരിക്കുകയും വിഷയങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നുവെങ്കിൽ അസംബ്ലി കൂടുതൽ പ്രയോജനകരമാകുമായിരുന്നു.

1968 ഡിസംബറിൽ 'ഇന്നത്തെ ഇന്ത്യയിലെ സഭ' എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ആലുവായിൽ ചേർന്ന റീജിയണൽ സെമിനാറിന്റെ മാതൃകയിൽ ഈ അസംബ്ലി കരുപ്പിടിപ്പിക്കേണ്ടിയിരുന്നു. സഭയിലെ അവഗണിക്കാനാവാത്ത ഒരു വിഭാഗമാണ് അത്മായർ - വിശിഷ്യാ യുവജനങ്ങൾ. അത്മായരുടെ - യുവജനങ്ങളുടെ ദൗത്യത്തെക്കുറിച്ചും അവർ സമൂഹത്തിൽ നിന്നു നേരിടുന്ന വെല്ലുവിളികളെപ്പററിയും ചർച്ച ചെയ്യുവാൻ ഒരവസരം ലഭിച്ചില്ലെന്നത് ഏററം ദുഃഖകരമാണ്. അത്മായരെയും - വിശിഷ്യായുവജനങ്ങളെയും, അത്മായപ്രസ്ഥാനങ്ങളെയും ഈ അസംബ്ലി അവഗണിച്ചുവെന്നത് സംഘാടകസമിതിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചതന്നെയാണ്. മുൻകൂട്ടി തയ്യാറാക്കി വിതരണം ചെയ്ത വിഷയാവതരണരേഖയിൽ അത്മായരെപ്പററിയോ, കൂട്ടായ്മയെപ്പററിയോ പ്രതിപാദിച്ചിരുന്നില്ല. ഗ്രൂപ്പു ചർച്ചകളിൽ പോലും ഈ കാര്യങ്ങൾ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല.

സഭയിലെ സർഗ്ഗാത്മകശക്തിയായ യുവജനങ്ങളെപ്പററി കാര്യമായ പരാമർശമുണ്ടായില്ലെന്നത് സഭയുടെ ഇനിയുള്ള വളർച്ചയെ കാര്യമായി ബാധിക്കുകതന്നെ ചെയ്യും.

കേരളത്തിനുപുറത്ത് വസിക്കുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ

www.malankaralibrary.com

പ്രതിനിധികളുടെ സാന്നിദ്ധ്യം പ്രയോജനകരമായി. കേരളത്തിനുപുറത്ത് അധിവസിക്കുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ആവശ്യമായ അജപാലനകാര്യങ്ങൾ ലഭിക്കണമെന്ന അവരുടെ ആഗ്രഹം അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. കേരളത്തിന് വെളിയിൽ രൂപതകൾ സ്ഥാപിക്കുന്നതിനെതിരെ ചില തല്പരകക്ഷികൾ കുറെനാളായി നടത്തിയ പ്രചരണത്തിന് യാതൊരു പ്രസക്തിയുമില്ലെന്ന് ഇതോടെ വ്യക്തമായി.

അസംബ്ലിയിലെ പൊതുസമ്മേളനങ്ങളിലും, ഗ്രൂപ്പു ചർച്ചകളിലും അഭിവന്ദ്യപിതാക്കന്മാർ ആദ്യന്തം പങ്കെടുക്കുകയും അംഗങ്ങളുടെ അഭിപ്രായങ്ങൾ ശ്രവിക്കുകയും ചെയ്തുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്.

പുതിയ കാനൻ നിയമസംഹിതവന്നതിൽപ്പിന്നെ പൗരസ്ത്യസഭകളിൽ ആദ്യമായി അസംബ്ലി വിളിച്ചുകൂട്ടിയ സഭയാണ് സീറോ മലബാർ സഭ. സഭയ്ക്ക് പുനരുജ്ജീവനം നൽകാൻ ഈ അസംബ്ലി സഹായകമായി.

05-12-1998

253

# മതപരിവർത്തനമല്ല ലക്ഷ്യം, ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വീകാര്യമായ വത്സരവും സുവിശേഷവൽക്കരണത്തിന്റെ ലക്ഷ്യം

ക്രിസ്തു ഈ ലോകത്തിലേക്ക് വന്നത് ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുവാനും ബന്ധിതർക്ക് മോചനം നൽകുവാനും അടിച്ചമർത്തപ്പെട്ടവർക്ക് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുവാനും വേണ്ടിയായിരുന്നുവെന്നും ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് സുവിശേഷവൽക്കരണം 2000 വിപുലമായി ആഘോഷിക്കുന്നതെന്നും, വിശ്വഹിന്ദു പരിഷത്ത് പ്രസ്താവിച്ചതുപോലെ, മതപരിവർത്തനമല്ല തങ്ങളുടെ ലക്ഷ്യമെന്നും ക്രൈസ്തവർക്കു നേരെ നടക്കുന്ന അക്രമങ്ങൾ തെറ്റിദ്ധാരണയുടെ ഫലമാണെന്നും വിശ്വഹിന്ദുപരിഷത്തിന്റെ നീക്കം ഭാരതസംസ്കാരത്തെ തകർക്കുന്നവയാണെന്നും കത്തോലിക്കാ കോൺഗ്രസ്സിന്റെയും കേരള കാത്തലിക് ഫെഡറേഷന്റെയും പ്രസിഡന്റ് ജോൺ കച്ചിറമറ്റം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

'പ്രസ്താവന തുടരുന്നു. ഭാരതത്തിലെ നല്ലൊരു വിഭാഗം പേർക്കും എഴുത്തും വായനയും അറിയില്ല. കോടിക്കണക്കിന് ആളുകൾ അടിമത്തത്തിൽ കഴിയുന്നു, ചൂഷണത്തിന് വിധേയരാകുന്നു. അവരുടെയിടയിൽ നല്ല വാർത്ത - സുവിശേഷം - എത്തിക്കുക എന്നതു മാത്രമാണ് ക്രൈസ്തവ ധർമ്മം. മൂന്നാം സഹസ്രാബ്ദത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഭാരതത്തിലെ എല്ലാ ജനങ്ങളും ബന്ധനത്തിൽനിന്നും ചൂഷണത്തിൽനിന്നും മോചി

www.malankaralibrary.com

തരാകണമെന്നാണ് ക്രൈസ്തവരുടെ ആഗ്രഹം. അതിനുവേണ്ടി മാത്രമാണ് സുവിശേഷവൽക്കരണം -2000 ലക്ഷ്യം വയ്ക്കുന്നത്. ഈ നല്ല ലക്ഷ്യത്തോട് സഹകരിക്കുവാൻ വിശ്വഹിന്ദുപരിഷത്തും തയ്യാറാവുകയാണ് വേണ്ടത്. അടിച്ചമർത്തപ്പെട്ടവരുടേയും അവഗണിക്കപ്പെട്ടവരുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ അവർക്ക് വിദ്യാഭ്യാസം നൽകുവാൻ അവരെ സ്വാതന്ത്ര്യത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ എല്ലാ ഹിന്ദുസംഘടനകളോടും യോജിച്ചു പ്രവർത്തിക്കുവാൻ ക്രൈസ്തവർ തയ്യാറാകണം. അടിമത്തത്തിൽനിന്നും ചൂഷണത്തിൽനിന്നും ഭാരതത്തിലെ ജനകോടികളെ മോചിപ്പിക്കുവാനുള്ള എല്ലാ ശ്രമങ്ങൾക്കും എല്ലാ ഹൈന്ദവ സംഘടനകളുടെയും സഹായം, കൂട്ടായ ശ്രമം ആവശ്യമാണ്. ആ കൂട്ടായ ശ്രമത്തിലൂടെ ക്രൈസ്തവരുടെ ലക്ഷ്യം മതപരിവർത്തനമാണോ അല്ലയോ എന്ന് എല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും.

മാനവ ജനതയുടെ മോചനത്തിനായി ഭൂമിയിലവതരിച്ച യേശുദേവന്റെ രണ്ടായിരം ജന്മദിനം - ആ മഹാജൂബിലി - ആഘോഷിക്കുന്നത് ക്രൈസ്തവരിലും ഇതരരിലും സാമൂഹിക ചിന്ത വളർത്തുന്നതിനും എല്ലാവരുടെയും ജീവിതം മെച്ചപ്പെട്ടതാക്കി പരിവർത്തനത്തിനു വിധേയമാക്കുന്നതിനുവേണ്ടി മാത്രമാണെന്നും ക്രൈസ്തവരിൽ മെച്ചപ്പെട്ട ജീവിതം വളർത്തുകയെന്നതും ലക്ഷ്യമാണെന്നും കച്ചിറമറ്റം പ്രസ്താവിച്ചു. ഈ യാഥാർത്ഥ്യം ഹൈന്ദവ സഹോദരങ്ങൾ മനസ്സിലാക്കി ക്രൈസ്തവർക്കു നേരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്നും അക്രമികൾക്കെതിരെ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും സർക്കാരിനോട് കച്ചിറമറ്റം അഭ്യർത്ഥിച്ചു.

05-02-1999

## 254

# പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോർ ചരമദ്വിശതാബ്ദിയാചരണം - രൂപരേഖ

(തോമ്മാ കത്തനാരുടെ ചരമദ്വിശതാബ്ദിയാചരണത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം നടത്തിയ പ്രസംഗം)

കേരളത്തിനും കൈരളിക്കും അഭിമാനഭാജനമായിത്തീർന്നിട്ടുള്ള ഒരു മഹാപുരുഷനാണ് പാറേമ്മാക്കൽ തോമ്മാ കത്തനാർ. ആധുനിക മലയാള ഗദ്യസാഹിത്യത്തിന്റെ പിതാവ്, ഭാരതീയ ഭാഷകളിലെ പ്രഥമ യാത്രാവിവരണത്തിന്റെ കർത്താവ്, ഹൂവാൻസാങിനെയും മാർക്കോപോളോയേയും പോലെ അതിസാഹസികമായ ലോകസഞ്ചാരം നടത്തിയ പ്രഥമ ഭാരതീയൻ, ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായപങ്ക്വഹിച്ച പ്രതിഭാശാലി, സുറിയാനി ക്രിസ്ത്യാനികളുടെ ആധ്യാത്മീകതലവൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രകീർത്തിതനാണ് തോമ്മാ ഗോവർണ്ണദോർ.

www.malankaralibrary.com

തോമ്മാ കത്തനാർ കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ അവകാശസംരക്ഷണത്തിനും, അവരുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി നിസ്തന്ദ്രം പരിശ്രമിക്കുകയുണ്ടായി. ആ ശ്രമത്തിന്റെ ഭാഗമായാണ് ലോകയാത്രനടത്തിയത്. ലോകയാത്രയെ അടിസ്ഥാനമാക്കി രചിച്ച വർത്തമാനപുസ്തകം ഒരു യാത്രാവിവരണഗ്രന്ഥമെന്ന നിലയിലും മലയാള ഗദ്യസാഹിത്യത്തിന്റെ ആരംഭഗ്രന്ഥമെന്ന നിലയിലും, ഒരു ഭൂമിശാസ്ത്രഗ്രന്ഥമെന്ന നിലയിലും, ആ കാലഘട്ടത്തിന്റെ സമ്പൂർണ്ണമായ ചിത്രം മനുഷ്യമക്കളിൽ വരച്ചുകാട്ടുന്ന ഗ്രന്ഥമെന്ന നിലയിലും പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. തോമ്മാ കത്തനാർ എഴുതിയ വർത്തമാനപുസ്തകത്തിലാണ് ഇന്ന് നാം അത്യന്തം അഭിമാനാവഹമായിക്കരുതുന്ന ദേശീയബോധം- ഇന്ത്യയെന്നും ഇന്ത്യക്കാരനെന്നുമുള്ള ഉജ്ജ്വലാഭിമാനം, ആദ്യമായി പ്രകാശിപ്പിച്ചു കാണുന്നത്. വിദേശാധിപത്യത്തിൽനിന്നും മോചനം നേടണമെന്നും ഇന്ത്യക്കാരെ ഇന്ത്യക്കാർതന്നെ ഭരിക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കണമെന്നും ആദ്യം അഭിപ്രായപ്പെട്ടവരിൽ ഒരാളാണ് തോമ്മാ കത്തനാർ. ആ അഭിപ്രായം പുറപ്പെടുവിക്കുക മത്രമല്ല, ആ അഭിപ്രായത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി സ്വയംഭരണമെന്ന ആശയം യുക്തിയുക്തമായി സ്ഥാപിക്കുകയും, അതിനുവേണ്ടി സ്വജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന ഗ്രന്ഥമാണ് വർത്തമാനപുസ്തകം. നസ്രാണിജനതയെ ആത്മവീര്യമുള്ളവരാക്കിതീർക്കുകയും അവർ ചുമന്നു കൊണ്ടുനടക്കുന്ന അടിമത്വനുകത്തിന്റെ വലുപ്പം അവർക്ക് വെളിപ്പെടുത്തികൊടുക്കുകയും ചെയ്തുകൊണ്ട് ഒരു വലിയ വിമോചനസമരത്തിന് നേതൃത്വം കൊടുക്കുകയുമാണ് തോമ്മാ കത്തനാർ ചെയ്തത്. ഫറവോന്റെ അടിമത്വത്തിൽനിന്നും ഇസ്രായേൽക്കാരെ വിമോചിപ്പിച്ച മോശയോടാണ് തോമ്മാ കത്തനാരെ താരതമ്യപ്പെടുത്തേണ്ടത്. ആ വിമോചനസമരത്തിന്റെ കഥയും കാഹളനാദവുമാണ് വർത്തമാനപുസ്തകത്തിൽ ഗോവർണ്ണദോർ രേഖപ്പെടുത്തിയിരിക്കുന്നത്. മാർ കരിയാററിയും തോമ്മാ കത്തനാരും അനുഭവിച്ച ക്ലേശങ്ങളുടെയും അവർ നയിച്ച സാഹസസമരങ്ങളുടെയും ഒരു ചരിത്രം ഇന്ന് ശരിക്കും പഠനവിഷയമാക്കേണ്ടതാണ്. സഭാമണ്ഡലങ്ങളിൽ അവർ അനുഷ്ഠിച്ച സേവനങ്ങൾ ഇന്ത്യക്കാരിൽ സ്വാതന്ത്ര്യതൃഷ്ണയും ദേശാഭിമാനവും വളർത്താൻ സഹായിച്ചു. കത്തനാര് രചിച്ച ഗ്രന്ഥത്തിൽ ഇന്നത്തെ ഭാരതീയർക്കുപോലും ഭാവിക്കാൻ കഴിയാത്ത സ്വരാജ്യാഭിമാനത്തിന്റെ അലയടികൾ ആദ്യന്തം ദർശിക്കാൻ കഴിയും.

അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ ഉണ്ടായ വികാസ പരിണാമങ്ങൾ പഠിക്കുവാനും രാജ്യവാസികളെ ബോദ്ധ്യപ്പെടുത്തുവാനും നമുക്ക് കടമയുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് കളമൊരുക്കിയതും അതിന് ബീജാവാപം നൽകിയതും ഇന്ത്യൻ ക്രൈസ്തവർ ആണെന്നുമുള്ള വസ്തുത അറിയപ്പെടാതെ കഴിയുകയാണ്.

തോമ്മാ കത്തനാരുടെ സഹപ്രവർത്തകനായിരുന്ന മാർ കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പുനസംസ്ക്കരി

www.malankaralibrary.com

ക്കന്നതിനും മെത്രാഭിഷേക ദ്വി ശതാബ്ദി രാഷ്ട്രപതിയെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായതോതിൽ ആഘോഷിക്കുന്നതിനും കത്തോലിക്ക കോൺഗ്രസ് മുൻനിന്ന് പ്രവർത്തിക്കുകയുണ്ടായി. സീറോ-മലബാർസഭയുടെ അത്മായ സംഘടനയായ എ.കെ.സി.സി. സഭയുടെ സമ്പൂർണ്ണമായ സഹകരണത്തോടെ തോമ്മാക്കത്തനാരുടെ ചരമത്തിന്റെ 200-ാം വാർഷികം ആചരിക്കുന്നതിന് ഒരു കർമ്മപരിപാടി താഴെകൊടുക്കുന്നു.

1. 200-ാം ചരമവാർഷികദിനമായ മാർച്ച് 20 ന് ഒരു സെമിനാറോടുകൂടി 1999 ചരമ ദ്വി ശതാബ്ദി വർഷമായി പ്രഖ്യാപിക്കുക.

2. കേരളത്തിൽ വ്യാപകമായി തോമ്മാ കത്തനാരുടെ രണ്ടാംചരമ ശതാബ്ദിയാഘോഷിക്കുന്നതിന് പ്രാരംഭമായി ഗോവർണ്ണദോറുടെ ഭരണകാലത്ത് നിലവിലിരുന്ന 84 സുറിയാനി പള്ളികളിൽ സെമിനാറും, പൊതുസമ്മേളനവും നടത്തുക.

3. സഭാതലത്തിലുള്ള തോമ്മാ കത്തനാരുടെ സേവനങ്ങളെപ്പററി ഊന്നൽനൽകിക്കൊണ്ട് ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, പൊതുസമ്മേളനങ്ങൾ എന്നിവ കേരളത്തിലെ പ്രധാനപ്പെട്ട 200 കേന്ദ്രങ്ങളിലെങ്കിലും പൊതുസമ്മേള നങ്ങൾ നടത്തുക.

4. പൊതുസമ്മേളനങ്ങൾ, തോമ്മാ കത്തനാരും മാർ കരിയാററിയും, ഭാരത ക്രൈസ്തവരും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലും, ദേശീയ നവോത്ഥാന ത്തിന്റെ വളർച്ചയിലും നിർവഹിച്ചപങ്കിനെപ്പററി പ്രതിപാദിക്കാൻ കഴിവുള്ള പ്രത്യേകം വിദഗ്ദ്ധരായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് നട ത്തണം അതിന് കഴിവുള്ളയാളുകളെ ഉൾപ്പെടുത്തി ഒരു റിസോഴ്സ് ടീം രൂപീകരിക്കണം.

5. വർത്തമാനപുസ്തകത്തെ കേന്ദ്രീകരിച്ചുകൊണ്ട് ക്വിസ് കോമ്പററീഷനും ഉപന്യാസമൽസരങ്ങളും സംഘടിപ്പിക്കുക.

6. നമ്മുടെ സെമിനാരികളിലും (മൈനർ ആന്റ് മേജർ) കോളേജുകളിലും സെമിനാറുകൾ നടത്തുക.

7. നമ്മുടെ സ്കൂളുകളിൽ ഏതെങ്കിലും ഒരു ദിവസം (സെപ്തംബർ 10 ഉചിതം) രാവിലെ അസംബ്ലിസമയത്ത് തോമ്മാ കത്തനാരെപ്പററി ഒരു റഫറൻസ് നടത്തുക.

8. മാർത്തോമ്മാ ക്രസ്ത്യാനികളും ഭാരതീയരും അധിവസിക്കുന്ന ഡൽഹി, ബോംബെ, അഹമ്മദാബാദ്, മദ്രാസ്, ബംഗ്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ സെമിനാറുകളും പൊതുസമ്മേളനങ്ങളും നടത്തി ക്രൈസ്തവ സംഭാവനകളെപ്പററി ഭാരതജനതയെ ബോദ്ധ്യപ്പെടുത്തുക.

9. വിദേശ രാജ്യങ്ങളിൽ അധിവസിക്കുന്ന സഭാപണ്ഡിതന്മാരുടെ സേവനം പ്രയോജനപ്പെടുത്തി ന്യൂയോർക്ക്, ലണ്ടൻ, ജർമ്മനി, റോം മുതലായ

www.malankaralibrary.com

സ്ഥലങ്ങളിൽ സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുക.

10. തോമ്മാ കത്തനാരുടെ പ്രധാന പ്രവർത്തനകേന്ദ്രങ്ങളായിരുന്ന കൊടുങ്ങല്ലൂർ, അങ്കമാലി, വടയാർ, രാമപുരം, കടനാട് എന്നി സ്ഥലങ്ങളിൽ വച്ച് വിപുലമായ ഓരോ പരിപാടികൾ സംഘടിപ്പിക്കണം.

11. 1999 അവസാനത്തോടുകൂടി സാധിക്കുമെങ്കിൽ തോമ്മാ കത്തനാരുടെ ഭൗതികാവശിഷ്ടങ്ങൾ വിലയംകൊള്ളുന്ന രാമപുരത്ത് വച്ച് വിപുലമായ തോതിൽ സമാപനം നടത്തുക.

05-03-1999

## 255

# "കച്ചിറമററത്തിന്റെ നേതൃത്വം സമുദായം അംഗീകരിച്ചതാണ്"

*ഡോ. എം.വി.പൈലി*

സാധാരണഗതിയിൽ ഒരു സംഘടനയുടെ ഭാരവാഹിയായിട്ട്, ഒരാൾക്ക് അധികകാലം പ്രവർത്തിക്കുവാൻ സാധിക്കുകയില്ലെന്നും, എന്നാൽ ജോൺ കച്ചിറമററം ഇതിന് ഒരു അസാധാരണപ്രഭാവം കാണിച്ചിരിക്കുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണെന്നും നിസ്വാർത്ഥവും ആത്മാർത്ഥതയോടെയുമുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ എ.കെ.സി.സി.യുടെ നേതൃത്വത്തിൽ നിലനിർത്തുന്നതിന് ഇടവരുത്തിയതെന്നും ആ നേതൃത്വം സമുദായം അംഗീകരിച്ചിട്ടുള്ളതാണെന്നും പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനും മുൻ വൈസ് ചാൻസലറും പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ മെമ്പറുമായ പ്രൊഫ. എം.വി. പൈലി ഇന്നിവിടെവച്ച് പ്രസ്താവിച്ചിരിക്കുന്നു.

എ.കെ.സി.സി. ലീഗൽസെല്ലിന്റെ ആഭിമുഖ്യത്തിൽ എറണാകുളത്ത് സെന്റ് മേരീസ് കോൺവെന്റ് സ്കൂൾ ഹാളിൽ ചേർന്ന അഭിഭാഷക സമ്മേളനത്തിൽവച്ച് ഓൾ ഇന്ത്യ കാത്തലിക് യൂണിയന്റെ മെനേസീസ് അവാർഡ് ലഭിച്ച ജോൺ കച്ചിറമററത്തെ അഭിനന്ദിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു ഡോ.എം.വി.പൈലി. അദ്ദേഹം തുടർന്നു, കഴിഞ്ഞ മൂന്നര ദശാബ്ദക്കാലമായി ജോൺ കച്ചിറമററത്തെ എനിക്ക് നേരിട്ടറിയാം. ഈ കാലഘട്ടത്തിനിടയിൽ അദ്ദേഹം എ.കെ.സി.സി.യുടെ എല്ലാ സ്ഥാനങ്ങളിലും വിജയപ്രദമായി നേതൃത്വംവഹിച്ചുപോന്നിട്ടുണ്ട്. എ.കെ.സി.സി. ജനറൽ സെക്രട്ടറി, പ്രസിഡണ്ട് എന്നീ പദവികളിൽ അദ്ദേഹം തന്റെ സംഘാടക ശക്തി തെളിയിച്ചിട്ടുണ്ട്.

ഓൾ ഇന്ത്യ കാത്തലിക് യൂണിയന്റെ റീജിയണൽ സെക്രട്ടറിയായും, വൈസ്പ്രസിഡണ്ടായും ദീർഘകാലം കച്ചിറമററം പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ കാത്തലിക് ഫെഡറേഷന്റെ പ്രസിഡണ്ട് പദവിയും അലങ്കരിക്കുന്നു. ശ്രീ.കച്ചിറ

www.malankaralibrary.com

മററത്തിന്റെ സേവനങ്ങളെ ആദരിച്ചാണ് ഈ വർഷത്തെ (1998ലെ) ഏററവും നല്ല സമുദായപ്രവർത്തകനുള്ള അഖിലേന്ത്യാതലത്തിൽ നൽകുന്ന വലിയ ബഹുമതിയായ "ജോർജ് മെനേസീസ് അവാർഡ്" നൽകിയത്. എ.ഐ.സി.യു.വിന്റെ ജയ്പ്പൂർ സമ്മേളനത്തിൽ വച്ചാണ് അവാർഡ് കച്ചിറമററത്തിന് നൽകിയത്.

എ.കെ.സി.സി.യുടെ അഭിഭാഷക സമ്മേളനത്തിൽവച്ച് ജോൺ കച്ചിറമററത്തിന് നൽകുന്ന ഈ സ്വീകരണം കൂടുതൽ അഭികാമ്യവും അളവുററ സന്തോഷവും നൽകുന്ന കാര്യമാണ്. ഈ സന്ദർഭത്തിൽ, കച്ചിറമററത്തിന് ഞാൻ "സ്നേഹ സ്മരണിക" (Momento), എ.കെ.സി.സി. ലീഗൽ സെല്ലിന്റെ പേരിൽ സമ്മാനിക്കുന്നു.

**256**

# ജോൺ കച്ചിറമററത്തെ പാസ്റ്ററൽ കൗൺസിൽ അനുമോദിച്ചു

കേരള കാത്തലിക് ഫെഡറേഷന്റെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ഭാരതത്തിലെ ഏററവും മികച്ച സമുദായപ്രവർത്തകനുള്ള ഓൾ ഇന്ത്യ കാത്തലിക് യൂണിയന്റെ മെനേസീസ് അവാർഡിന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററത്തെ പാസ്റ്ററൽ കൗൺസിൽ പ്രസിഡണ്ട് ശ്രീ. ഇ.എം. ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗം അനുമോദിച്ചു. യോഗത്തിന് സെക്രട്ടറി ഡോ.ബാബു സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു.

യോഗം പാലാ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഉദ്ഘാടനം ചെയ്തു. ദീർഘനാളായി സമുദായരംഗത്ത് അർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന കച്ചിറമററത്തിന്റെ സേവനങ്ങളെ മാർ പള്ളിക്കാപറമ്പിൽ പ്രശംസിച്ചു. ഓൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ ദേശീയകോർഡിനേററർ ആയി ശ്രീ.കച്ചിറമററത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന വാർത്ത ഇന്നലെ പത്രത്തിൽ വായിച്ചത് ബിഷപ്പ് അനുസ്മരിച്ചു. പുതിയ എല്ലാ പ്രവർത്തനങ്ങളിലും വിജയം കൈവരിക്കാനിടയാകട്ടെയെന്ന് തിരുമേനി ആശംസിച്ചു.

പ്രമുഖനായ ഒരു സംഘാടക ശ്രേഷ്ഠനാണ് കച്ചിറമററമെന്ന് അധ്യക്ഷ പ്രസംഗത്തിൽ ഇ.എം.ജോസഫ് പ്രസ്താവിച്ചു. പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ.കുര്യൻ മററം കച്ചിറമററം കുടിയേററ കർഷകർക്കു വേണ്ടി അനുഷ്ഠിച്ച സേവനങ്ങളെ വിലിയിരുത്തി. ചരിത്രഗവേഷണരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കച്ചിറമററം 300 മൺമറഞ്ഞ നേതാക്കന്മാരുടെ ചരിത്രം തയ്യാറാക്കിക്കൊണ്ടിരിക്കുന്നത് അഭിമാനാർഹമാണ്. സഭയ്ക്കെതിരായി ഉയർന്നുവരുന്ന ആരോപണങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിൽ കച്ചിറമററം അഭമാനാവഹമായ പങ്കുവഹിക്കുന്നുണ്ടെന്നും ഡോ.കുര്യൻ മററം അഭിപ്രായപ്പെട്ടു.

www.malankaralibrary.com

വാഴയുടെ ടിഷ്യുകൾച്ചറിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങളുടെയടിസ്ഥാനത്തിൽ ന്യൂയോർക്ക് സയൻസ് അക്കാദമിയിൽ അംഗത്വം ലഭിച്ച റവ.ഡോ. മാത്യു മാലേപ്പറമ്പനും പാസ്റ്ററൽ കൗൺസിൽ അനുമോദനം അർപ്പിച്ചു.

ജോൺ കച്ചിറമററവും, ഫാ. മാലേപ്പറമ്പിലും മറുപടി പ്രസംഗം നടത്തി.

## 257

# അടിച്ചമർത്തപ്പെട്ടവർക്ക് മോചനം - ക്രൈസ്തവലക്ഷ്യം

ഭാരതം ഒരു ജനാധിപത്യരാജ്യമാണ്, അതേസമയം മതേതര രാഷ്ട്രവുമാണ്. ഭാരതത്തിലെ ജനതയ്ക്ക് ഏതുമതത്തിൽ വിശ്വസിക്കുവാനും, ഏതുമതത്തിൽ ചേരുവാനും ഭാരതത്തിന്റെ ഭരണഘടനയിലൂടെ നമുക്ക് അവകാശം നൽകിയിട്ടുണ്ട്. ഇത് സത്യമാണ്.

അതിമനോഹരമായ ഈ ഭരണഘടനയ്ക്ക് രൂപം നൽകിയിട്ട് അര നൂററാണ്ട് മാത്രമേ ആയിട്ടുള്ളൂ. ഈ ഭരണഘടന നിലവിൽ വരുന്നതിനുമുമ്പേ അനേകായിരം വർഷങ്ങൾക്കുമുമ്പെ, ഈ ഭരണഘടനയുടെ അന്തസത്ത ഭാരതജനത മുഴുവൻ അംഗീകരിച്ചിരുന്നുവെന്ന വസ്തുത നാമാരും വിസ്മരിക്കരുത്. ഭാരതത്തിൽ നിലവിലിരുന്ന ഒരു അലിഖിതനിയമം ഭരണഘടനാശില്പികൾ എഴുതിച്ചേർക്കുക മാത്രമാണ് ചെയ്തത്.

മഹത്തായ ഒരു സംസ്കാരത്തിന്റെ ഉടമകളാണ് നാം. ആ സംസ്കാരത്തിനനുസൃതമായ ഒരു ഭരണഘടനയ്ക്കാണ് നാം രൂപം നൽകിയത്. എല്ലാ മതങ്ങളെയും ആദരിക്കുകയും, എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കുകയും, എല്ലാവിധ ആചാരങ്ങൾക്കും ബഹുമാനം നൽകുകയും ചെയ്തുപോന്നിട്ടുള്ളതാണ് ഭാരതീയ സംസ്ക്കാരം. ലോകമതങ്ങളിൽ പഴക്കം കൊണ്ടും, തിളക്കം കൊണ്ടും ഏററവും പ്രശസ്തിയാർജ്ജിച്ച ഹൈന്ദവമതമാണ്, ഭാരതത്തിലെ ക്രൈസ്തവന്റെയും മുസൽമാന്റെയും പൈതൃകം. ഭാരതീയ സംസ്ക്കാരത്തിൽ, ആർഷഭാരതത്തിന്റെ ഹൈന്ദവ സംസ്കാരത്തിൽ, അഭിമാനം കൊള്ളുവാൻ നമുക്ക് സാധിക്കണം. ഭാരതീയ ജനതയ്ക്ക് മുഴുവൻ സാധിക്കണം. ഇത്രമാത്രം അനുഭവസമ്പത്തും, താത്വീകമായ ചിന്താഗതികളും സാന്മാർഗ്ഗീകോപദേശങ്ങളും ലോകത്തിന് നൽകിയ മറെറാരു പുരാതനമതം ലോകത്തിലെവിടെയെങ്കിലുമുണ്ടോ? ലോകത്തിലെ എല്ലാ നല്ല ആശയങ്ങളെയും ഉൾക്കൊള്ളാൻ, സ്വാംശീകരിക്കാൻ കഴിഞ്ഞിട്ടുള്ളതാണ് ഹൈന്ദവമതം. ഹൈന്ദവമതത്തെ കൂടുതൽ മനശാസ്ത്രപരമായി വളർത്തിയെടുക്കാൻ കഴിഞ്ഞ ബുദ്ധമതവും, ജൈനമതവും ഭാരതത്തിന്റെ സ്വന്തമാണ്. ലോകമതങ്ങളുടെ കൂടെ തല ഉയർത്തിപ്പിടിച്ചു നിൽക്കുന്ന ഈ മതങ്ങളുടെ മടിത്തട്ടിലേക്കാണ് ക്രിസ്തുവിന്റെ ആദർശങ്ങളുമായി തോമാശ്ലീഹാ കടന്നുവന്നത്.

www.malankaralibrary.com

ഒരു കാര്യം ഇവിടത്തെ ക്രൈസ്തവർ മനസ്സിലാക്കണം. നമ്മുടെ പൂർവ്വികർ ക്രിസ്തുവിനെ സ്വീകരിച്ചത് ഹൈന്ദവപൈതൃകത്തെ ധിക്കരിച്ചു കൊണ്ടല്ല. അതിന് കൂടുതൽ അർത്ഥവ്യാപ്തി നൽകിക്കൊണ്ടാണ്. ഒരു നല്ല ക്രൈസ്തവന് ഹൈന്ദവസംസ്കാരത്തെ തള്ളിപ്പറയാൻ സാധിക്കുകയില്ല. ഒരു നല്ല ഹൈന്ദവൻ എല്ലാ മതങ്ങളേയും ആദരിക്കുന്നവനാണ്. സർവ്വമതങ്ങളോടും മൈത്രിയിൽ കഴിയുന്നവനാണ്. നന്മയെ അംഗീകരിച്ചാശ്ലേഷിക്കുവാനും തിന്മയ്ക്കെതിരെ പോരാടുവാനും മതം നമ്മെ ശക്തരാക്കുന്നു. വേദപുസ്തകവും ഭഗവത്ഗീതയും നൽകുന്ന സന്ദേശം തിന്മയ്ക്കെതിരെ പോരാടി നന്മയെ വിജയിപ്പിക്കണമെന്നാണ്.

യുദ്ധത്തിനിറങ്ങാൻ മടിച്ചുനിന്ന അർജ്ജുനനോട് യുദ്ധത്തിനിറങ്ങി തിന്മയുടെ പ്രവാചകന്മാരെയും യോദ്ധാക്കളെയും നശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ശ്രീകൃഷ്ണൻ ഉൽബോധനം നൽകുന്ന ഭാഗം ആരെയും ഹൃദയപരിവർത്തനത്തിന് പ്രേരിപ്പിക്കും.

ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും വർണ്ണത്തിന്റെയും വൈവിദ്ധ്യം തിങ്ങിനിറഞ്ഞ, വിവിധ സംസ്കാരങ്ങളുടെയും ആചാരങ്ങളുടെയും കലവറയായ ഭാരതത്തിന്റെ പുണ്യഭൂമിയിൽ മതസൗഹാർദ്ദം കഴിഞ്ഞ കാലങ്ങളിൽ വളർന്ന് പന്തലിച്ചിരുന്നു. എന്നാൽ ഇന്ന് ഈ പുണ്യഭൂമിയിൽ പലയിടത്തും മതസൗഹാർദ്ദങ്ങൾ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു. ക്രൈസ്തവരുടെ ദേവാലയങ്ങളും വിദ്യാലയങ്ങളും ആക്രമിക്കപ്പെടുന്നു. 1998- ൽതന്നെ ക്രൈസ്തവർക്കെതിരെ 96 സ്ഥലത്ത് അക്രമങ്ങൾ നടന്നിരിക്കുന്നു. വൈദികരും കന്യാസ്ത്രീകളും വധിക്കപ്പെടുന്നു. ദേവാലയങ്ങളും ക്രൈസ്തവ സ്ഥാപനങ്ങളും അഗ്നിക്കിരയാക്കുന്നു. ഈ അക്രമങ്ങൾക്ക് പിന്നിൽ ഹിന്ദുവർഗ്ഗീയവാദികൾ ആണെന്ന് പ്രചരണം നടത്തുന്നു.

ഒരിക്കലും ഒരു ഹിന്ദുവിന് വർഗ്ഗീയവാദിയാകാൻ സാധിക്കുകയില്ല. അവൻ വർഗ്ഗീയവാദിയും കൊള്ളക്കാരനുമായി മാറുന്നുവെങ്കിൽ അതിന്റെ അർത്ഥം അവൻ ഹിന്ദുവല്ലാതായിത്തീരുന്നുവെന്നു മാത്രമാണ്. ഒരിക്കലും ഒരു ഹിന്ദുവിന് ഒരു ഭാരതീയന് ഏതുമതത്തിൽപ്പെട്ടവനേയും വിദ്വേഷത്തോടെ കാണുവാൻ സാധിക്കുകയില്ല എന്നതാണ് സത്യം. ഏതെങ്കിലും ഒരു ഭാരതീയൻ മതവിദ്വേഷിയായി മാറുന്നുവെങ്കിൽ അതിന് ഉത്തരവാദി നാം തന്നെയാണ്. നമ്മുടെ വിദ്യാലയങ്ങളും ഒരു പരിധിവരെ അതിന് ഉത്തരവാദികളാണ്. നമ്മുട യുവതലമുറയെ ഭാരതീയസംസ്കാരത്തെപ്പററിയും അതിന്റെ ചരിത്രത്തെപ്പററിയും ഭാരതീയദർശനത്തെപ്പററിയും ശരിക്കു പഠിപ്പിച്ചിരുന്നുവെങ്കിൽ, നമ്മുടെ മഹത്തായ സംസ്കാരത്തെയും പൈതൃകത്തെയും നശിപ്പിക്കുന്ന പ്രവർത്തികളിൽ ഒരു ഭാരതീയനും ഏർപ്പെടില്ലായിരുന്നു.

നമ്മുടെ വേദങ്ങളും ഉപനിഷത്തുക്കളും ലോകത്തിന് നൽകിയ സന്ദേശം ഭാരതജനതയ്ക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിൽ നാം പരാജയപ്പെട്ടതിന്റെ ഫലമാണ് ഭാരതത്തിൽ കാണുന്ന വിദ്വേഷപൂർണ്ണമായ പ്രവർത്തനങ്ങൾ. ഈ യാഥാർത്ഥ്യം നാം അംഗീകരിക്കണം.

www.malankaralibrary.com

ക്രിസ്ത്യാനികൾ വാളും, വടിയും ഭീഷണിയും പണവും ഉപയോഗിച്ച് ഹിന്ദുക്കളെ മതം മാററുന്നുവെന്നാണ് പ്രചരണം. ആ പ്രചരണം യഥാർത്ഥത്തിൽ ഹിന്ദുസഹോദരങ്ങൾ അല്ല നടത്തുന്നത്. ചില നിക്ഷിപ്ത താല്പര്യക്കാർ തങ്ങളുടെ താല്പര്യസംരക്ഷണത്തിന് വേണ്ടി വർഗ്ഗീയത ഇളക്കിവിട്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്.

ക്രിസ്തു സന്ദേശം ഈ മണ്ണിൽ എത്തുന്നതിന് മുമ്പ് മനുസ്മൃതിയുടെ കാലംമുതൽ ഇവിടെ മതപരിവർത്തനം നടന്നിരുന്നു. മനുസ്മൃതിയുടെ കാലംമുതൽ ഇവിടെ അടിമകളാക്കപ്പെട്ട അധകൃതജനവിഭാഗങ്ങൾ രക്ഷാമാർഗ്ഗം തേടി അന്യമതങ്ങളെ അഭയം പ്രാപിക്കുകയാണുണ്ടായത്. ഈ മതപരിവർത്തനത്തിന് ചുരുങ്ങിയത് 2500 വർഷത്തെ പഴക്കമുണ്ട്. ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ,"അടിമകളെ അപ്പാടെ സ്വീകരിക്കാൻ ബുദ്ധമതം മടികാണിച്ചപ്പോൾ ജൈനമതം അടിമകളെ രണ്ടുകയ്യും നീട്ടി സ്വീകരിച്ചു. ജൈനമതത്തിന് വടക്കേഇന്ത്യയിൽ ബുദ്ധമതത്തോളം രാജകീയാംഗീകാരം ലഭിക്കാതെ പോയ കാരണം ഇതുകൂടിയായിരുന്നു. അടിമത്വം ഉപേക്ഷിച്ച താണവർഗ്ഗക്കാർക്ക് ബുദ്ധമതവും പിന്നീട് അഭയസ്ഥാനമായി. അതിനെന്ത്? ബുദ്ധമതത്തെ ഇന്ത്യയിൽനിന്നുതന്നെ യാഥാസ്ഥിതികർ കെട്ടുകെട്ടിക്കുകയും ക്രിസ്തുമതത്തിലേക്കും ഇസ്ലാംമതത്തിലേക്കും അധഃകൃതരും അടിമകളും ഓടിപ്പോയതും രക്ഷാമാർഗ്ഗം തേടിയായിരുന്നു. ആരാണിതിന് കാരണക്കാർ? പൊതുനിരത്തിലൂടെ നടക്കാനും പൊതുജലാശയങ്ങളിൽനിന്ന് വെള്ളം കോരിക്കുടിക്കുവാനും വിലക്കപ്പെട്ടവർ, മററുള്ളവർക്ക് ഒപ്പമിരുന്ന് ഭക്ഷിക്കാനും കുളിക്കാനും എഴുത്ത് പഠിക്കാനും അവകാശമില്ലാത്തവർ, മുഖ്യഭാഷയിൽ സംസാരിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട അവർ പിന്നെ എന്തുചെയ്യണമായിരുന്നു? മുഖ്യധാരാജീവിതത്തിൽ നിന്ന് പാടെ അവഗണിക്കപ്പെട്ട അശരണരായ ഈ അടിമപ്പുഴുക്കൾ പിൽക്കാലത്ത് ക്രിസ്തുമതത്തിലും ഇസ്ലാം മതത്തിലും ആശ്വാസം കണ്ടെത്തിയത് അവരുടെ കുററമാണോ? ഈ ഹീനജീവികളെ മനുഷ്യരായി പരിഗണിച്ചവർ കുററവാളികളെന്നോ? ആരാണ് യഥാർത്ഥ കുററവാളികളെന്ന് തിരിച്ചറിയാൻ ചരിത്രത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുകയേ വേണ്ടൂ."

ഈ രാജ്യത്ത് സംഭവിച്ചതും, സംഭവിച്ചുകൊണ്ടിരിക്കുന്നതും എന്താണെന്ന് രാമചന്ദ്രന്റെ വാക്കുകളിൽനിന്നും നമുക്ക് മനസ്സിലാക്കാം. ഇവിടെ ക്രൈസ്തവർ ഭീഷണിപ്പെടുത്തിയോ, പണം കൊടുത്തോ ആരെയെങ്കിലും എന്നെങ്കിലും മതം മാററിയിട്ടുണ്ടോയെന്ന് നിഷ്പക്ഷമായ ഒരന്വേഷണം നടത്തുകയാണ് വേണ്ടത്.

രണ്ടായിരാമാണ്ടിൽ ഭാരതത്തെ സുവിശേഷവൽക്കരിക്കാൻ ക്രൈസ്തവർ തയ്യാറെടുക്കുന്നുവെന്നാണ് സംഘപരിവാറും മററും ആരോപിക്കുന്നത്. എന്താണ് ക്രൈസ്തവരുടെ സുവിശേഷവൽക്കരണം? അടിച്ചമർത്തപ്പെട്ടവർക്ക് മോചനവും, ബന്ധിതർക്ക് സ്വീകാര്യമായ വൽസരവും നൽകുകയെന്നതാണ്. ഇവിടെ അടിച്ചമർത്തപ്പെട്ട സകലമനുഷ്യർക്കും നീതി ലഭിക്കുമ്പോൾ ക്രൈസ്തവദൗത്യം ഇവിടെ പൂർത്തീകരിക്കപ്പെടും. രണ്ടായിരമാണ്ടാകുമ്പോ

www.malankaralibrary.com

ഭേക്കും ഭാരതത്തെ ക്രൈസ്തവമാക്കുവാനല്ല ക്രൈസ്തവർ ശ്രമിക്കുന്നത്. പിന്നെയോ, സകലഭാരതീയരും സ്വാതന്ത്ര്യത്തിന്റെ മധുരഫലങ്ങൾ അനുഭവിക്കുവാൻ യോഗ്യരായി തീർക്കുകയെന്നതുമാത്രമാണ് ലക്ഷ്യം.

ആദിവാസികളെ ജന്മിമാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കാൻ ക്രൈസ്തവർ നടത്തുന്ന ശ്രമങ്ങളെ സംഘപരിവാർ എതിർക്കുന്നത്, സംഘപരിവാർ പ്രവർത്തകർ, ജന്മിമാരുടെ പക്ഷം ചേർന്ന് ആദിവാസികളെ വീണ്ടും ചൂഷണം ചെയ്യാൻ വേണ്ടിയാണ്. ഈ സ്ഥിതിവിശേഷം മാററി സകലജനതയ്ക്കും സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ സകല ഹിന്ദുസഹോദരങ്ങളും ക്രൈസ്തവരോടു സഹകരിക്കണമെന്നാണ് ഞങ്ങൾക്കു പറയുവാനുള്ളത്. ഹിന്ദുസഹോദരങ്ങൾ ആർ.എസ്.എസ്.ന്റെയും സംഘപരിവാറിന്റെയും താളത്തിനൊപ്പിച്ച് തുള്ളിയാൽ നാം നൂററാണ്ടുകളായി സംരക്ഷിച്ചുപോരുന്ന മഹത്തായ സംസ്ക്കാരമായിരിക്കും നശിപ്പിക്കുക. അത് ഭാരതത്തിന് തീരാകളങ്കമായിരിക്കും.

സകലജനത്തിനും സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനുവേണ്ടി നമുക്ക് യത്നിക്കാം. ആ യത്നത്തിൽ ഹൈന്ദവസഹോദരങ്ങൾ മുൻപന്തിയിലുണ്ടാകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

05-04-1999

## 258

# വൈക്കം സത്യാഗ്രഹം

കേരളീയ സമൂഹത്തിലും ഇന്ത്യ ഒട്ടാകെയും മാററങ്ങളുടെ കൊടുങ്കാററ് അഴിച്ചു വിട്ട വൈക്കം സത്യാഗ്രഹത്തിന്റെ പ്ലാററിനം ജൂബിലി ചുടുപിടിച്ച വിവാദങ്ങളുടെ മദ്ധ്യേ വിവിധ രാഷ്ട്രീയ കക്ഷികളും സമുദായസംഘടനകളും ആഘോഷിച്ചു കഴിഞ്ഞിരിക്കുന്നു. വൈക്കം സത്യാഗ്രഹത്തിന്റെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കാനോ, ആ സത്യാഗ്രഹപരിപാടി ഉയർത്തിവിട്ട ചിന്തകൾ പഠനവിഷയമാക്കാനോ ശ്രമിക്കാതെ രാഷ്ട്രീയ സംഘടനകളും സാമുദായ സംഘടനകളും വൈക്കം സത്യാഗ്രഹത്തെ 75 വർഷങ്ങൾക്കുശേഷം തങ്ങളുടെ മുതലെടുപ്പിനു വേണ്ടി വിനിയോഗിച്ചുവെന്നത് അത്യന്തം ഖേദകരമാണ്.

ആന്ധ്രയിലെ കാക്കിനാഡയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം അയിത്തോച്ചാടനം കോൺഗ്രസ്സിന്റെ ഒരു പരിപാടിയായി അംഗീകരിച്ചതാണ് വൈക്കം സത്യാഗ്രഹത്തിന് പ്രേരകമായത്. അതിന് മുമ്പ് മനുഷ്യാവകാശ സംരക്ഷണത്തിനുവേണ്ടി തിരുവിതാംകൂറിൽ നടന്ന ജനകീയ പ്രക്ഷോഭണങ്ങൾ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കുവാൻ തിരുവിതാംകൂർ ജനതയെ പ്രേരിപ്പിച്ചുവെന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നില്ല.

അയിത്തോച്ചാടനം കോൺഗ്രസ്സിന്റെ ഒരു പ്രവർത്തനപരിപാടിയായി അംഗീകരിച്ചതിനുശേഷമാണ് വൈക്കം സത്യാഗ്രഹം ആരംഭിക്കുന്നത്. ആ

www.malankaralibrary.com

ഒരൊററ കാരണത്താൽ ആര് എന്തൊക്കെ പറഞ്ഞാലും കോൺഗ്രസ്സിന് വൈക്കം സത്യാഗ്രഹജൂബിലിയാഘോഷിക്കാൻ അവകാശമുണ്ട്. ഈ ചരിത്ര സത്യത്തിന് നേരെ കണ്ണടയക്കുന്നത് ഒരിക്കലും ശരിയല്ല. കോൺഗ്രസ്സിന്റെ ആഹ്വാനമനുസരിച്ച് ടി.കെ. മാധവൻ, കെ.പി. കേശവമേനോൻ, ഹസൻ കോയമൊല്ല അബ്ദുൾ റഹ്മാൻ, ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, ഭജേഭാരതം എം. മാത്തുണ്ണി, പൂവത്തുങ്കൽ സെബാസ്റ്റ്യൻ, മന്നത്തു പത്മനാഭൻ, കേളപ്പൻ തുടങ്ങി ഒട്ടേറെപ്പേർ വൈക്കം സത്യാഗ്രഹസമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. അയിത്തോച്ചാടനത്തിനെതിരെ കോൺഗ്രസ്സ് നടത്തിയ സമരം ഒരു സാമൂഹ്യപരിഷ്കരണത്തിനു വേണ്ടിയുള്ള സമരമായിരുന്നു. എല്ലാ കോൺ ഗ്രസ്സുകാരും ജാതിയും മതവും നോക്കാതെ ആ സമരത്തിൽ പങ്കെടുത്തു.

ഒരു വിശാല വീക്ഷണത്തോടെയാണ് കോൺഗ്രസ്സ് പ്രമേയം പാസ്സാക്കിയതും നടപ്പിലാക്കാൻ ശ്രമിച്ചതും. ജാതിയും മതവും നോക്കാതെ എല്ലാ കോൺഗ്രസ്സുകാരും സമരത്തിൽ പങ്കെടുക്കുകയാണ് ചെയ്തത്. ഈ സന്ദർഭത്തിലാണ് അയിത്തം ഹിന്ദുമതത്തിലെ ഒരു കളങ്കമാണെന്നും അതിനെതിരെ പോരാടേണ്ടത് ഹിന്ദുക്കളാണെന്നും അഹിന്ദുക്കൾ സത്യാഗ്രഹത്തിൽ പങ്കെടുക്കേണ്ട കാര്യമില്ലെന്നും ഗാന്ധിജി പ്രസ്താവിച്ചത്. ഗാന്ധിജിയുടെ സമ്മർദ്ദത്തിന്റെ ഫലമായി ക്രൈസ്തവമുസ്ലീം നേതാക്കൾ വൈക്കം സത്യാഗ്രഹസമരത്തിൽനിന്നും മാറുവാൻ നിർബന്ധിതരായി. ഗാന്ധിജിയുടെ പ്രസ്താവനയും പിന്നീടുള്ള നീക്കങ്ങളും വൈക്കം സത്യാഗ്രഹത്തെ വർഗ്ഗീയവൽക്കരിക്കുകയാണ് ചെയ്തത്.

ഹിന്ദു സമൂഹത്തിലെ സതി, നരബലി, ശിശുവിവാഹം തുടങ്ങിയ സാമൂഹ്യ ദുരാചാരങ്ങൾ നീക്കം ചെയ്യുവാൻ ഹിന്ദുക്കൾ മാത്രമല്ല ശ്രമിച്ചത്. നാട്ടിൽ ജനങ്ങൾക്കു ലഭിച്ച വിദ്യാഭ്യാസം ഈ ദുരാചാരങ്ങൾ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിച്ചു. ബോധവൽക്കരണത്തിനുവേണ്ടി എല്ലാ നല്ല മനുഷ്യരും പരിശ്രമിക്കുകയുണ്ടായി. അതിന്റെ ഫലമായിട്ടാണ് വില്യം പ്രഭു സതിനിർത്തൽ ചെയ്തത്. ഹിന്ദുക്കൾ മാത്രം സ്വരമുയർത്തിയതുകൊണ്ടല്ല അവിടെ സതി നിർത്തൽ ചെയ്യാൻ ശ്രമിച്ചത്. സതിക്കെതിരെ പടപൊരുതിയ രാജാറാം മോഹൻ റോയിപോലും സതിക്കെതിരെയുള്ള പോരാട്ടത്തിൽ എല്ലാ നല്ല മനുഷ്യരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ് ചെയ്തത്. വൈക്കം സത്യാഗ്രഹസമരത്തിൽ ഗാന്ധിജി ഇടപെട്ടുകൊണ്ട് കോൺഗ്രസ് അംഗീകരിച്ച സ്പിരിട്ടിനെ തകർക്കുകയാണ് ചെയ്തത്.

വൈക്കം സത്യാഗ്രഹ ജൂബിലി സന്ദർഭത്തിൽ സമഗ്രമായ ഒരു പഠനത്തിനും വിലയിരുത്തലിനും ശ്രമിക്കാതെ വെറും മുതലെടുപ്പിന് ഓരോ വിഭാഗവും ശ്രമിച്ചത് നിർഭാഗ്യകരമായി. ഈ സന്ദർഭത്തിൽ അല്പം വൈകിയാണെങ്കിലും അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വൈക്കം സത്യാഗ്രഹത്തിന്റെ പ്ലാററിനം ജൂബിലി ആഘോഷിക്കുകയാണ്. ഈ സംരംഭത്തിൽ ഞങ്ങളോടൊത്ത് സഹകരിക്കാൻ എല്ലാവരെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് നേതൃത്വം നൽകിയ പലരും

www.malankaralibrary.com

ഇന്ന് വിസ്മരിക്കപ്പെട്ടിരിക്കുന്നു. പലതും മനഃപൂർവ്വമായ വിസ്മരിക്കലാണോയെന്ന് ഞങ്ങൾ സംശയിക്കുന്നു. ആ വിസ്മരിക്കൽ, ചരിത്രാന്വേഷികൾക്ക് വേദനയുളവാക്കുന്നവയാണ്. സത്യസന്ധമായ ചരിത്രം മാത്രമെ നിലനിൽക്കുകയുള്ളു. സത്യം ഉയർത്തെഴുന്നേൽക്കും എന്ന് ഞങ്ങൾക്ക് ഉത്തമബോദ്ധ്യമുണ്ട്.

05-05-1999

## 259

# കോൺഗ്രസ്സ് രാഷ്ട്രീയം

നൂററിപ്പതിനാലു വർഷത്തെ പാരമ്പര്യമുള്ള ഒരു മഹത്തായ സംഘടനയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്. എ.ഒ.ഹ്യൂം എന്ന ഇംഗ്ലീഷുകാരനാണ് ഈ സംഘടന സ്ഥാപിച്ചത്. ബ്രിട്ടീഷുകാരിയായ ആനിബസന്റ് ദീർഘകാലം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു. ആനിബസന്റ് ഇംഗ്ലീഷുകാരിയായിരുന്നുവെങ്കിലും ഇന്ത്യാക്കാരിയായിത്തന്നെയാണ് വർത്തിച്ചത്. ആനിബസന്റിന്റെ പ്രസംഗങ്ങൾ കേട്ടിട്ട് ഒരു ലഹരിപിടിച്ചവനെപ്പോലെയാണ് താൻ പോയിരുന്നതെന്ന് ഗാന്ധിജി പ്രസ്താവിക്കുകയുണ്ടായി.

114 വർഷങ്ങൾക്കുള്ളിൽ കോൺഗ്രസ്സിൽ പല പിളർപ്പുകളും ഉണ്ടായിട്ടുണ്ട്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം പിളർപ്പ് അത്ര പുത്തരിയല്ല. എന്നാൽ ഈ മെയ് മാസത്തിൽ കോൺഗ്രസ്സിലുണ്ടായ സംഭവവികാസങ്ങൾ ഏവരെയും അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു. കോൺഗ്രസ്സ് പ്രവർത്തകരെ മാത്രമല്ല, ഇന്ത്യൻ ജനതയെ മൊത്തത്തിൽ അത്ഭുതപ്പെടുത്തിയ സംഭവങ്ങളായിരുന്നു അത്.

രാജീവ്ഗാന്ധിയുടെ വധത്തെതുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ഒററയ്ക്ക് ഭൂരിപക്ഷം ലഭിച്ചിരുന്നില്ല. എങ്കിലും പി.വി. നരസിംഹറാവുവിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപവൽക്കരിക്കാൻ സാധിച്ചു. ആ മന്ത്രിസഭ പല പ്രതിസന്ധികളെയും നേരിട്ടെങ്കിലും ഭരണം പിടിച്ചു നിറുത്തുവാൻ റാവുവിന് സാധിച്ചു. പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ദയനീയമായി പരാജയപ്പെട്ടു. ദേവഗൗഡയുടെ നേതൃത്വത്തിൽ ഒരു കൂട്ടുകക്ഷി മന്ത്രിസഭ രൂപം കൊണ്ടു. ആ മന്ത്രിസഭ തകർന്നപ്പോൾ ഐ.കെ. ഗുജ്റാൾ പ്രധാനമന്ത്രിയായി. ആ മന്ത്രിസഭയും പിടിച്ചുനിൽക്കാനാവാതെ തകർന്നു.

റാവുവിന്റെ ഭരണകാലം കോൺഗ്രസ്സ് അനുദിനം ക്ഷയിച്ചുകൊണ്ടിരുന്നു. കോൺഗ്രസ്സ് പ്രസിഡണ്ട് സ്ഥാനത്തുനിന്നും മാറണമെന്നും പുതിയ നേതൃത്വത്തിനു മാത്രമേ കോൺഗ്രസ്സിനെ രക്ഷിക്കാൻ സാധിക്കുകയുള്ളുവെന്നും പ്രബലമായ ഒരഭിപ്രായം രൂപംകൊണ്ടു. കോൺഗ്രസ്സ് പ്രസിഡണ്ടും മുൻ പ്രധാനമന്ത്രിയുമായിരുന്ന റാവുവിന്റെ പേരിൽ അഴിമതി, സ്വജനപക്ഷപാതം, കൃത്രിമരേഖ ചമയ്ക്കൽ, വിശ്വാസവഞ്ചന തുടങ്ങി ഒട്ടേറെ ആരോപണ

www.malankaralibrary.com

ങ്ങൾ ഒന്നിനുപുറകെ ഒന്നായി വന്നുകൊണ്ടിരുന്നു. നിരവധി കേസുകളിൽ റാവു കുടുങ്ങി. പല കോൺഗ്രസ്സ് നേതാക്കളും കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടു. റാവുവും ജയിലിൽ അടയ്ക്കപ്പെടുമെന്ന് വിചാരിച്ചെങ്കിലും അതുണ്ടായില്ല. റാവു ഇന്ത്യൻ ജനതയുടെ മുമ്പിൽ പരിതാപകരമാംവിധം അപഹാസ്യനായി തീർന്നു.

റാവു കോൺഗ്രസ്സ് പ്രസിഡണ്ട് സ്ഥാനം ഒഴിയേണ്ടിവന്നു. സീതാറാം കേസരിയാണ് പിന്നീട് കോൺഗ്രസ്സ് നേതൃത്വത്തിലേക്ക് അവരോധിക്കപ്പെട്ടത്. കേസരിയുടെ പേരിലും നിരവധി ആരോപണങ്ങൾ ഉണ്ടായി. റാവുവും കേസരിയും തങ്ങളുടെ നിലനിൽപ്പിനു മാത്രം പ്രാധാന്യം നൽകി. കോൺഗ്രസ്സിന്റെ താൽപ്പര്യങ്ങൾ അവഗണിച്ചു. കോൺഗ്രസ്സ് നേതൃത്വം ജനങ്ങളുടെ മുമ്പിൽ പരിഹാസപാത്രമായി. ഗുജ്റാൾ ഗവൺമെന്റിന്റെ പതനത്തെ തുടർന്ന് പൊതു തിരഞ്ഞെടുപ്പ് ആസന്നമായി. കോൺഗ്രസ്സ് പ്രവർത്തകർ, കോൺഗ്രസ്സിന്റെ ഭാവിയിൽ പ്രത്യാശയില്ലാത്തവരായിത്തീർന്നു. പല കോൺഗ്രസ്സ് നേതാക്കളും കോൺഗ്രസ്സിൽനിന്ന് രാജിവെച്ച് മററു പാർട്ടികളിൽ അഭയം തേടി. കോൺഗ്രസ്സിനെ തള്ളിപ്പറഞ്ഞു. അന്നുവരെ ദേശീയത പ്രസംഗിച്ചു നടന്ന പല കോൺഗ്രസ്സ് നേതാക്കളും ബി.ജെപിയിൽ ചേർന്നു. കോൺഗ്രസ്സ് നാഥനില്ലാതെ അലഞ്ഞുകൊണ്ടിരുന്നു.

രാജീവ്ഗാന്ധിയുടെ മരണത്തെത്തുടർന്ന് കോൺഗ്രസ്സ് നേതൃത്വം ഏറെറടുക്കുവാൻ സോണിയാഗാന്ധിയിൽ സമ്മർദ്ദം ചെലുത്തിയിരുന്നു. രാഷ്ട്രീയത്തിൽ താല്പര്യം കാണിക്കാതെ കുടുംബകാര്യങ്ങളിലും സാമൂഹ്യ പ്രവർനങ്ങളിലും മാത്രം ഏർപ്പെട്ട് അടങ്ങി ഒതുങ്ങി കഴിയാനാണവർ ആഗ്രഹിച്ചത്. റാവുവിന്റെയും കേസരിയുടെയും നേതൃത്വം കോൺഗ്രസ്സിനെ അനുദിനം അധഃപതനത്തിലേക്ക് നയിക്കുകയാണുണ്ടായത്. കോൺഗ്രസ്സ് പ്രവർത്തകരുടെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായി സോണിയാ രാഷ്ട്രീയ പ്രവർത്തനത്തിലേക്ക് ഇറങ്ങി. എ.ഐ.സി.സി. പ്രസിഡണ്ട് സ്ഥാനവും സി.പി.പി. ലീഡർ സ്ഥാനവും സോണിയാ ഏറെറടുത്തു. കോൺഗ്രസ്സിനെ ഒരു പുത്തൻ സരണിയിലൂടെ നയിക്കാൻ സോണിയാ തീരുമാനിച്ചു. സോണിയായുടെ നേതൃത്വം കോൺഗ്രസ്സുകാർക്ക് പ്രത്യാശ നൽകി. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് രാജ്യം മുഴുവൻ ചുററി നടന്ന് അണികൾക്ക് ആവേശം പകർന്ന് കോൺഗ്രസ്സിനെ പുരോഗതിയിലേക്കു നയിച്ചു. കോൺഗ്രസ്സ് വിട്ടുപോയ നേതാക്കൾ കൂട്ടത്തോടെ കോൺഗ്രസ്സിലേക്ക് തിരിച്ചുവന്നു. പല കാലങ്ങളിൽ കോൺഗ്രസ്സ് വിട്ടുപോയവരും മാതൃസംഘടനയിലേക്ക് വരാൻ സോണിയായുടെ നേതൃത്വം സഹായിച്ചു. കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി തിരഞ്ഞെടുപ്പിൽ വൻ വിജയം നേടാനായില്ലെങ്കിലും 140-ൽപരം സീററുകൾ നേടി കോൺഗ്രസ്സ് അഭിമാനം രക്ഷിച്ചു. വിവിധ കക്ഷികളെ കൂട്ടുപിടിച്ച് അധികാരത്തിൽ കയറാൻ കുറുക്കുവഴികളൊന്നും സ്വീകരിക്കാതെ പ്രതിപക്ഷത്തിരിക്കാനാണ് സോണിയ തയ്യാറായത്. കോൺഗ്രസ്സ് പ്രവർത്തനം സജീവമാക്കാനും പ്രവർത്തകരിൽ ആവേശം ജനിപ്പിക്കാനും സോണിയക്ക് സാധിച്ചു.

www.malankaralibrary.com

പല സന്ദർഭങ്ങളും വാജ്പേയി ഗവൺമെന്റിനെ അട്ടിമറിക്കുവാൻ ലഭിച്ചതാണ്. അതിനൊന്നും ശ്രമിക്കാതെ സംഘടനയെ ശക്തമാക്കുവാനും യഥാർത്ഥ പ്രതിപക്ഷമായി പ്രവർത്തിക്കുവാനുമാണ് സോണിയാ ആഗ്രഹിച്ചത്. അധികാരക്കൊതിയന്മാരുടെ ഇംഗിതത്തിനൊപ്പിച്ച് മന്ത്രിസഭയുണ്ടാക്കാത്തതിന്റെപേരിൽ കോൺഗ്രസ്സ് അണികളിൽ അസംതൃപ്തിയുണ്ടായി.

ഇക്കഴിഞ്ഞ നാലുവർഷം അവസാനം നടന്ന നാലു സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ അഭിമാനാർഹമാംവിധം വിജയം വരിക്കാൻ കോൺഗ്രസ്സിന് സാധിച്ചു. സോണിയായുടെ നേതൃത്വമാണ് അതിന് സഹായിച്ചതെന്ന് പവാർ ഉൾപ്പെടെയുള്ളവർ സമ്മതിക്കും. സോണിയായുടെ നേതൃത്വം കോൺഗ്രസ്സിനെ കേന്ദ്രഭരണം പിടിച്ചെടുക്കുവാൻ സഹായിക്കുമെന്ന് മനസ്സിലാക്കിയ രാഷ്ട്രീയപാർട്ടികൾ സോണിയായുടെ പേരിൽ വിദേശി എന്ന ആക്ഷേപം ഉന്നയിച്ച് അവരെ നിർവീര്യയാക്കുവാൻ ശ്രമിച്ചു. ആ നീക്കത്തെ കോൺഗ്രസ്സുകാർ ധീരമായി എതിർത്തു. എന്നാൽ കോൺഗ്രസ്സിലെ ഏതാനും ആളുകളെ സ്വാധീനിച്ച് സോണിയയ്ക്കെതിരെ നീങ്ങുവാൻ കരുക്കൾ നീക്കി. ശരദ് പവാർ, സാംഗ്മ, താരിഖ് അൻവർ എന്നിവർ ബി.ജെ.പിയുടെ വക്താക്കളായി മാറി സോണിയായ്ക്ക് എതിരായ നിലപാട് സ്വീകരിച്ചു. നിർഭാഗ്യകരമായ ഒരു സംഭവമാണിത്. അനുദിനം തകർന്നടിഞ്ഞുകൊണ്ടിരുന്ന കോൺഗ്രസ്സിനെ വിജയത്തിലേക്ക് അഭിമാനാർഹമാംവിധം നയിച്ച സോണിയയോട് കാണിച്ച ഈ സമീപനം ദുഃഖകരമാണ്. സോണിയാ പ്രധാനമന്ത്രിയാകാൻ പാടില്ല. കോൺഗ്രസ്സ് പ്രസിഡണ്ടായിരുന്നുകൊള്ളട്ടെ എന്ന നിലപാടാണവർക്കുള്ളത്. എന്നുവെച്ചാൽ കൊട്ടുകൊള്ളുവാൻ ചെണ്ടയും പണം വാങ്ങാൻ മാരാരും എന്നു പറഞ്ഞതുപോലെയാണത്. സോണിയാ സംഘടനയെ നന്നാക്കി തെരഞ്ഞെടുപ്പിൽ സംഘടനയെ വിജയിപ്പിച്ച്, പവാറിനെ പ്രധാനമന്ത്രിയാക്കി കൊള്ളണമെന്ന് ചുരുക്കം.

തകർന്നടിഞ്ഞുകൊണ്ടിരുന്ന കോൺഗ്രസ്സിന് ജീവൻ നൽകി വിജയത്തിന്റെ കൊടുമുടിയിലേക്ക് നയിച്ച സോണിയായോട് മൂവർസംഘം കാണിച്ച നന്ദിയില്ലായ്മയ്ക്ക് ചരിത്രം മാപ്പു നൽകുകയില്ല. സോണിയാ പ്രധാനമന്ത്രിയാകണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. ജനങ്ങളുടെ വിധിയെഴുത്തിനെ മാനിക്കേണ്ടത് സോണിയായും.

ഈ ലക്കം നിങ്ങളുടെ കൈകളിൽ എത്തുമ്പോൾ മററിതര പാർട്ടികളിലും അഖിലേന്ത്യാ രാഷ്ട്രീയം ഉണ്ടാക്കുന്ന മാററങ്ങൾ പ്രവചിക്കുവാൻ സാദ്ധ്യമല്ല. ഒരു പരിവർത്തന ഘട്ടത്തിലൂടെ രാഷ്ട്രം കടന്നു പോകുന്ന ഈ സന്ദർഭത്തിൽ അചഞ്ചലരായി ധീരരായി മുന്നേറുവാനും ജനാധിപത്യത്തിന്റെ കാവൽഭടൻമാരായി നിലകൊള്ളുവാനും ഓരോ ഭാരതീയനും തയ്യാറെടുക്കണം.

05-06-1999

www.malankaralibrary.com

## 260

# മുന്നണി ഭരണം രാജ്യത്തിനാപത്ത്

നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 50 വർഷം പൂർത്തിയാകുന്നു. ഇക്കഴിഞ്ഞ കാലമത്രയും ഇവിടെ ജനാധിപത്യം നിലനിന്നുവെന്നതിൽ നമുക്കഭിമാനിക്കാം. എന്നാൽ ഇന്ന് നമ്മുടെ അതിർത്തികളിൽ നടക്കുന്ന സംഭവവികാസങ്ങൾ നമ്മെ ലജ്ജിപ്പിക്കുകയല്ലേ. നമ്മുടെ രാജ്യത്തിന്റെ അതിർത്തികൾ സംരക്ഷിക്കുവാനും ഏതു വെല്ലുവിളികളെയും നേരിടുവാനും തയ്യാറായ ജനത ഇക്കഴിഞ്ഞ മാസം കേൾക്കുന്ന വാർത്ത നമ്മുടെ അതിർത്തി പ്രദേശങ്ങളിൽ 10 കിലോമീററോളം ഉള്ളിലേക്ക് ആയിരക്കണക്കിന് നുഴഞ്ഞുകയററക്കാർ കയറി നിരവധി പ്രദേശങ്ങൾ കയ്യടക്കിയിരിക്കുന്നു വെന്നാണ്. നമ്മുടെ മണ്ണിൽ യുദ്ധവിമാനങ്ങൾ ഇറക്കാൻ അവർ താവളങ്ങൾ തയ്യാറാക്കിയിരിക്കുന്നു. നാം നിർമ്മിച്ച ബങ്കറുകളിൽ നുഴഞ്ഞുകയററക്കാർ കയറി അവരുടെ ആയുധങ്ങൾ ശേഖരിച്ചിരിക്കുന്നു. നമ്മുടെ ഷെഡ്ഡുകളിൽ അവർ താമസമാക്കിയിരിക്കുന്നു. ആറേഴുമാസങ്ങൾക്കുമുമ്പ് ഈ കയ്യേററം നടന്നിട്ടും അത് കണ്ടുപിടിക്കാൻ സാധിച്ചത് വളരെ വൈകിയാണ്.

നമ്മുടെ അതിർത്തി കാവൽക്കാർ നിരുത്തരവാദപരമായി പ്രവർത്തിച്ച തുകൊണ്ടാകാം, അതല്ലെങ്കിൽ അവർ നുഴഞ്ഞുകയററക്കാരുമായി അവിശുദ്ധ കൂട്ടുകെട്ട് നടത്തിയതിന്റെ ഫലമാകാം. എന്താണ് യഥാർത്ഥ കാരണമെന്ന് നുഴഞ്ഞുകയററക്കാരെ മുഴുവൻ നമ്മുടെ മണ്ണിൽനിന്നും ഒഴിപ്പിച്ചതിനുശേഷം അന്വേഷിക്കുമെന്നും വേണ്ട നടപടികൾ സ്വീകരിക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

പ്രതിപക്ഷത്തിരുന്നപ്പോൾ രഥയാത്ര നടത്തിയവർ-കാഷ്മീരിൽ ദേശീയ പതാക ഉയർത്തുവാൻ കൊട്ടും കുരവയുമായി പുറപ്പെട്ടവർ ഭരിച്ച സന്ദർഭ ത്തിലാണ് ആരുമറിയാതെ നുഴഞ്ഞുകയററക്കാർ നമ്മുടെ മണ്ണിൽ കാലുറപ്പി ച്ചതെന്ന വസ്തുത ബി.ജെ.പി.ക്ക് അപമാനകരം തന്നെയാണ്. എന്തുകൊണ്ട് ഇത് സംഭവിച്ചു? മുന്നണി ഭരണത്തിന്റെ ഒരു പ്രധാന തകരാറാണിതിനു കാരണം. ബി.ജെ.പി. നേതൃത്വം നൽകുന്ന മുന്നണി സർക്കാർ ഭരണമേറെ ടുത്തപ്പോൾ മുതൽ ഘടകകക്ഷികൾ വിലപേശൽ തുടങ്ങി. ചെറുതും വലുതുമായ വിവിധ കക്ഷികളുടെ സഹകരണംകൊണ്ടു മാത്രമേ ഭരണത്തിൽ തുടരുവാൻ സാധിക്കുകയുള്ളുവെന്ന സ്ഥിതി വന്നു. ഒരു എം.പി. മാത്രമുള്ള രാഷ്ട്രീയ പാർട്ടികൾപോലും തങ്ങളുടെ പിൻബലത്തിലാണ് സർക്കാർ നിലനിൽക്കുന്നതെന്ന് മനസ്സിലാക്കുകയും സമ്മർദ്ദതന്ത്രങ്ങൾ ഉപയോഗിച്ച് സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുകയും ചെയ്തു. അധികാര ത്തിൽ എങ്ങനെയും തുടരുകയെന്ന ലക്ഷ്യത്തോടെ ഭരണനേതൃത്വം വിട്ടുവീഴ്ച കൾക്കും അഡ്ജസ്റ്റുമെന്റുകൾക്കും വിധേയമായി, രാജ്യതാല്പര്യത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതെയായി. കഴിഞ്ഞ 13 മാസക്കാലം അധികാര

www.malankaralibrary.com

ത്തിൽ തുടരുകയെന്നതു മാത്രം ലക്ഷ്യമായി ഭരണകർത്താക്കൾ നീങ്ങി. എല്ലാ ഭീഷണികൾക്കും മുമ്പിൽ ഭരണനേതൃത്വം തലകുനിച്ചു. രാജ്യതാല്പര്യത്തിന് പ്രാധാന്യം നൽകാതെ, ഘടകകക്ഷികളെ തൃപ്തിപ്പെടുത്തി അധികാരത്തിൽ തുടരാൻ നടത്തിയ ശ്രമത്തിനിടയിൽ നുഴഞ്ഞുകയററക്കാർ നമ്മുടെ പ്രദേശങ്ങൾ കയ്യേറി.

വിലപേശലും സമ്മർദ്ദവും ഉപേക്ഷിച്ച് രാജ്യത്തിന്റെ നന്മ മാത്രം ലക്ഷ്യം വച്ച് മുന്നണിയിലെ ഘടകകക്ഷികൾ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇരുനൂറിലധികം ജവാൻമാരുടെ ജീവൻ ബലിയർപ്പിക്കേണ്ടിവരില്ലായിരുന്നു. നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട കോടിക്കണക്കിന് രൂപാ യുദ്ധത്തിന്വേണ്ടി ചിലവിടേണ്ടി വരികയില്ലായിരുന്നു. രാഷ്ട്രീയ പ്രവർത്തകരിൽ അധികാരമോഹവും സ്വാർത്ഥതയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മുന്നണിഭരണം രാജ്യത്തിന് അപകടകരമായി തീരുമെന്നുള്ളതിന് ഒന്നാംതരം തെളിവാണ് നമ്മുടെ അതിർത്തി സംരക്ഷിക്കുന്ന കാര്യത്തിൽ ബി.ജെ.പി. മുന്നണി ഗവൺമെന്റിന് നേരിട്ട പരാജയം.

ഇന്ത്യയിൽ ആദ്യം മുന്നണിഭരണത്തിന് തുടക്കം കുറിച്ചത് കേരളത്തിലാണ്. രാഷ്ട്രീയപ്രവർത്തകരിൽ അച്ചടക്കം ഇല്ലാതാകുന്നതിനും അഴിമതി വർദ്ധിക്കുന്നതിനും മുന്നണിഭരണമാണ് പ്രധാനകാരണമെന്ന് സമീപകാല രാഷ്ട്രീയസംഭവവികാസങ്ങൾ നിരീക്ഷിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും.

ഭരണമുന്നണിയിലെ ഏതെങ്കിലും കക്ഷിയെ പിളർത്തി പ്രതിപക്ഷ മുന്നണി അധികാരം പിടിച്ചെടുക്കാൻ നടത്തിയിട്ടുള്ള ഹീനശ്രമങ്ങൾ നിരവധിയാണ്. തങ്ങളുടെ ഓരോ ചുവടുമാററത്തിനും നല്ല വില ലഭിക്കുമെന്ന് മനസ്സിലാക്കിയ രാഷ്ട്രീയ നേതാക്കൾ ഈ അവസരം ശരിക്കും വിനിയോഗിച്ചു. അങ്ങനെ രാഷ്ട്രീയ പ്രവർത്തകരിൽ അച്ചടക്കം എന്നൊന്നില്ലാതാക്കാൻ കൂട്ടുകക്ഷി മുന്നണികൾക്കു സാധിച്ചു. തങ്ങളുടെ കൂട്ടത്തിൽ ഘടകകക്ഷികളെയും നേതാക്കന്മാരെയും പിടിച്ചു നിർത്തുന്നതിനുവേണ്ടി ഏത് അഴിമതിക്കും കൂട്ടുനിൽക്കുവാൻ അവർ തയ്യാറാവുകയും ചെയ്തു.

ഈ മുന്നണി ഭരണസമ്പ്രദായം നമ്മുടെ രാജ്യത്തെ അപകടത്തിലേക്ക് നയിക്കും. വിലപേശലും സമ്മർദ്ദതന്ത്രവും ഉപയോഗിച്ച് ജനാധിപത്യമൂല്യങ്ങളെ മുഴുവൻ നശിപ്പിക്കാനിടനൽകുന്ന മുന്നണി ഭരണമല്ല ഏകകക്ഷിഭരണമാണ് നമ്മുടെ രാജ്യത്തിന്റെ ഭദ്രതയ്ക്ക് ആവശ്യം. നുഴഞ്ഞുകയററക്കാർ ഇന്ത്യൻമണ്ണിൽ 10 കിലോമീററർ കയ്യേറിയതും നമ്മുടെ ബങ്കറുകൾ ആയുധപുരകളാക്കി ശത്രുക്കൾ മാററിയതും നമ്മുടെ മണ്ണിൽ വിമാനത്താവളങ്ങൾ നിർമ്മിച്ചതും ഒക്കെ നാം യഥാസമയം അറിയാതിരുന്നത് മുന്നണി ഭരണത്തിന്റെ ദൂഷ്യഫലമാണ്.

05-07-1999

www.malankaralibrary.com

## 261

# അഖില കേരള വിശാല കത്തോലിക്കാ നേതൃസമ്മേളനം

കേരളാ കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഒരു വിശാല കത്തോലിക്കാ നേതൃസമ്മേളനം 1999 ജൂലായ് 17-ാം തീയതി കോട്ടയത്ത് ദർശനാ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുകയുണ്ടായി. ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട 800-ൽപരം സമുദായ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യരായ വൈദികമേലദ്ധ്യക്ഷന്മാർ, വൈദികർ, സന്യസ്തർ, രാഷ്ട്രീയസാമൂഹ്യസാംസ്കാരിക സാമുദായിക നായകർ, എല്ലാം പങ്കെടുക്കുന്നത് ഈ സമ്മേളനത്തിന്റെ ഗൗരവം വിളിച്ചറിയിക്കുന്നതാണ്.

നമ്മുടെ സഭയും രാഷ്ട്രവും നിരവധി പ്രശ്നങ്ങളെ നേരിടുന്ന ഒരു സാഹചര്യത്തിലാണ് നേതൃസമ്മേളനം നടത്തപ്പെട്ടത്. നമ്മുടെ അതിർത്തി സംരക്ഷണപോരാട്ടത്തിൽ ജീവൻ വെടിഞ്ഞ ധീരരക്തസാക്ഷികളുടെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് യോഗം ആരംഭിച്ചത്.

വിദ്യാഭ്യാസം, ന്യൂനപക്ഷാവകാശം, തീരദേശവികസനം, നാണ്യവിലകളുടെ വിലയിടിവ്, സഭൈക്യം, സർവ്വസമുദായസൗഹാർദ്ദം, രാഷ്ട്രീയരംഗത്തെ അവഗണന, നിയമനങ്ങൾ, ദളിത് ക്രൈസ്തവ പ്രശ്നം തുടങ്ങി വിവിധങ്ങളായ വിഷയങ്ങളെപ്പററിനേതൃസമ്മേളനം ചർച്ച ചെയ്യുകയും പ്രമേയങ്ങൾ അംഗീകരിക്കുകയും ചെയ്തു. പ്രമേയങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുതകുന്ന കർമ്മപരിപാടികൾക്ക് രൂപംകൊടുക്കാൻ ഫെഡറേഷൻ പ്രസിഡണ്ട് ജോൺ കച്ചിറമറ്റം കൺവീനറായും പ്രൊഫ. ആന്റണി ഐസക്ക്, വർഗ്ഗീസ് കരിപ്പായിൽ എന്നിവർ അംഗങ്ങളായും ഒരു കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

ഇതു സംബന്ധിച്ച് വാർത്താമാദ്ധ്യമങ്ങളിൽ വന്ന വാർത്തകൾ അവരവരുടെ താല്പര്യങ്ങൾക്കനുസരിച്ച് നിറം കൊടുത്തവയായിരുന്നു. മേൽപ്പറയപ്പെട്ട ഒൻപതു വിഷയങ്ങളെപ്പററിയും ചർച്ചചെയ്തുവെങ്കിലും രാഷ്ട്രീയ പ്രശ്നം മാത്രം ചർച്ച ചെയ്തു എന്നു തോന്നത്തക്കവിധത്തിലാണ് ചില വാർത്താമാദ്ധ്യമങ്ങൾ പ്രചരിപ്പിച്ചത്. ബിഷപ്പുമാർ രാഷ്ട്രീയപ്രേരിതങ്ങളായ പ്രസംഗങ്ങൾ നടത്തിയെന്നുപോലും പല മാദ്ധ്യമങ്ങളും പ്രചരിപ്പിച്ചു. പല രാഷ്ട്രീയ പ്രവർത്തകരും സത്യം ഗ്രഹിക്കാതെ ആ രീതിയിൽ പ്രചരണം നടത്തി. ഒരു പക്ഷെ സ്വാർത്ഥ താല്പര്യം വച്ചുകൊണ്ട് അവർ അങ്ങനെ പ്രചരിപ്പിച്ചതുമാകാം.

രാഷ്ട്രീയരംഗത്തെ അവഗണനയെപ്പററി യോഗത്തിൽ ചിലർ സംസാരിക്കുകയുണ്ടായി. മററ് എല്ലാ സമുദായ വിഭാഗങ്ങളും ആവശ്യപ്പെടുന്ന

www.malankaralibrary.com

തുപോല ജനാധിപത്യപാർട്ടികളുടെ സ്ഥാനാർത്ഥി നിർണ്ണയത്തിൽ കത്തോലിക്കാ വിഭാഗത്തിന് അർഹമായ പ്രാതിനിദ്ധ്യം വേണമെന്നു മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയോട് മാത്രമായിട്ടല്ല എല്ലാ ജനാധിപത്യപാർട്ടികളോടും കൂടിയാണ് നേതൃസമ്മേളനം പ്രാതിനിദ്ധ്യപ്രശ്നം ആവശ്യപ്പെട്ടത്. ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം സർക്കാർ സർവ്വീസിലും നിയമനിർമ്മാണസഭകളിലും ലഭിക്കുന്നതിനുവേണ്ടി തിരുവിതാംകൂറിൽ നടന്ന പ്രക്ഷോഭണങ്ങൾ ചരിത്രം അറിയാവുന്നവർക്കൊക്കെ അറിയാം. അന്നും ന്യായമായ അവകാശവാദമുന്നയിച്ചപ്പോൾ അനർഹമായി അധികാരങ്ങൾ കൈവശം വച്ചുകൊണ്ടിരുന്നവർ അതിനെ എതിർക്കുകയുണ്ടായി. ആ ചരിത്രം ആണ് ഇന്നും ആവർത്തിക്കപ്പെടുന്നത്.

ഗവൺമെന്റ് കമ്മററികളിലും കോർപ്പറേഷനുകളിലും പാർട്ടി കമ്മററികളിലും പാർട്ടിഭാരവാഹികളുടെ തിരഞ്ഞെടുപ്പിലും എല്ലാം സമുദായപ്രാതിനിദ്ധ്യം അംഗീകരിച്ചുകൊണ്ടാണ് ആളുകളെ തിരഞ്ഞെടുക്കുന്നത്. പല സമുദായങ്ങളും വിലപേശൽ നടത്തി അവരുടെ സ്ഥാനങ്ങൾ ഉറപ്പിക്കുകയും ചെയ്യും. എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ കത്തോലിക്കർ കഴിഞ്ഞ 52 വർഷമായി അങ്ങനെയൊരു വിലപേശൽ നടത്തിയിട്ടില്ലെന്നതാണ് സത്യം. അതേസമയം സർക്കാരും രാഷ്ട്രീയപാർട്ടികളും കത്തോലിക്കാ പ്രാതിനിദ്ധ്യം തികക്കാൻ വേണ്ടി ചിലപ്പോൾ കത്തോലിക്കാനാമധാരികളെ പരിഗണിക്കാറുണ്ട്. ചില രാഷ്ട്രീയ കുതന്ത്രശാലികളിലൂടെ, സ്വഭാവശുദ്ധിയും സമൂഹാംഗീകാരവും ഇല്ലാത്തവരും കത്തോലിക്കാ പ്രാതിനിദ്ധ്യം പേറി നടക്കുകയും ചെയ്യുന്നുണ്ട്. കത്തോലിക്കാ പ്രാതിനിദ്ധ്യത്തിന്റെ പേരിൽ കയറിപ്പററിയ അവസരവാദികളാണ് ന്യായമായ പ്രാതിനിദ്ധ്യത്തിനുവേണ്ടി വാദിക്കുന്നവർക്കെതിരെ ബഹളം വയ്ക്കുന്നത്. ജനാധിപത്യകക്ഷികൾക്ക് വോട്ടുചെയ്യുന്നവരിൽ 35 ശതമാനവും കത്തോലിക്കരാണ്. സ്ഥാനാർത്ഥി നിർണ്ണയകാര്യത്തിൽ ആ പ്രബല സമുദായം എന്നും പുറംതള്ളപ്പെടുന്നു. സമുദായത്തോടു യാതൊരു കൂറുമില്ലാത്തവരെ സമുദായപ്രാതിനിദ്ധ്യത്തിന്റെപേരിൽ ചില്ലറ സ്ഥാനമാനങ്ങൾ നൽകി; അവരെ ഉപയോഗിച്ച് സമുദായത്തിന്റെ പ്രമുഖരായ നേതാക്കളെ ഒതുക്കാനുള്ള ശ്രമം നടക്കുന്നു. സമുദായത്തിന് അർഹമായ പ്രാതിനിദ്ധ്യം ലഭിക്കണമെന്നു പറയുമ്പോൾ, അനർഹമായി ലഭിച്ചതു നഷ്ടപ്പെടുമെന്ന ഭീതിയിലായിരിക്കാം ഈ അവസരവാദികൾ ബഹളം വയ്ക്കുന്നത്.

കേരളത്തിലെ മററെല്ലാ സമുദായങ്ങളും വിലപേശൽ നടത്തി സമുദായ പ്രാതിനിദ്ധ്യം ഉറപ്പുവരുത്തുന്നുണ്ട്. കത്തോലിക്കർ, ഈ കാര്യത്തെപ്പററി ഒന്ന് ഉറക്കെ ചിന്തിച്ചാൽ ഇവിടെ സമുദായ സൗഹാർദ്ദം തകരുമെന്നാണ് മുന്നറിയിപ്പ്. ഞാനല്ലാതെ മററൊരു എം.പിയോ ഞാനല്ലാതെ മററൊരു എം.എൽ.എയോ ഞാനല്ലാതെ മററൊരു മന്ത്രിയോ കത്തോലിക്കരിൽനിന്നും ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്ന നേതാക്കൾ ഈ സമുദായത്തിൽ ഉണ്ടോയെന്ന് നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ളവരാണ് കത്തോലിക്കരുടെ അവകാശങ്ങൾക്ക് വിലങ്ങുതടിയായി നിൽക്കുന്നത്. കത്തോലിക്കന്റെ സകല

www.malankaralibrary.com

പ്രാതിനിദ്ധ്യവും തന്നിൽമാത്രം ആയിരിക്കണമെന്നു ചിന്തിക്കുന്ന നേതാക്കളും നമ്മുടെ സമൂഹത്തിലുണ്ട്.

ഒരു കാര്യം മനസ്സിലാക്കണം. ഈ രാജ്യത്തെ സകല രാഷ്ട്രീയ നേതാക്കളും തങ്ങളുടെ അടിസ്ഥാനം തങ്ങളുടെ സമുദായമാണെന്ന് ഉറച്ചു വിശ്വസിക്കുന്നു. ആ തത്വം മുറുകെ പിടിച്ചുകൊണ്ടാണ് കമ്മ്യൂണിസ്റ്റുകൾ പ്രവർത്തിക്കുന്നത്. തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നത്. തങ്ങളുടെ അടിസ്ഥാനം തങ്ങളുടെ സമുദായമാണെന്ന് അംഗീകരിക്കാതെ മററു നേതാക്കളുടെ പുറകെ നടന്ന് കാര്യം കാണാമെന്ന് വ്യാമോഹിച്ചു നടക്കുന്ന കുറെ കത്തോലിക്കാ നാമധാരികൾ കത്തോലിക്കാ സമുദായത്തിലുണ്ട്. സമുദായത്തെ വിററ് കാശാക്കാനാണവർ ശ്രമിക്കുന്നത്.

ഒരു കാലത്ത് അങ്ങനെ സമുദായത്തെ വിററ് കാശാക്കി രാഷ്ട്രീയ നേതൃത്വം വഹിച്ചിരുന്നവർ തലകുത്തി വീണപ്പോൾ സമുദായം മാത്രമേ അവർക്ക് താങ്ങും തണലുമായി ഉണ്ടായിരുന്നുള്ളുവെന്ന വസ്തുത ഇന്നത്തെ രാഷ്ട്രീയക്കാർ വിസ്മരിക്കരുത്.

കത്തോലിക്കാ നാമധാരികളായ ആരെയെങ്കിലും കൂട്ടത്തിൽ കൊണ്ടുനടന്ന് ചില്ലറ സ്ഥാനമാനങ്ങൾ നൽകിയാദരിക്കുന്നുണ്ടെങ്കിൽ അത് അവരോടുള്ള സ്നേഹംകൊണ്ടല്ല; കത്തോലിക്കാ സമുദായത്തെ മൊത്തത്തിൽ അവഗണിക്കുന്നതിനുവേണ്ടി മാത്രമാണെന്നുള്ള യാഥാർത്ഥ്യം അവർ മനസ്സിലാക്കിയാൽ നന്ന്. കത്തോലിക്കാ സമുദായത്തെ അവഗണിക്കുന്നതിന് അവരെ ഉപയോഗിക്കുക മാത്രമാണ് ചെയ്യുന്നത്.

ഒരു വിശാല കത്തോലിക്കാ നേതൃസമ്മേളനം വിളിച്ചുകൂട്ടി സമുദായ ത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യുമ്പോൾ അതിൽ പങ്കെടുത്ത മെത്രാന്മാരെ തേജോവധം ചെയ്യാൻ ശ്രമിക്കുന്നത് ശരിയല്ല. മെത്രാൻമാർ രാഷ്ട്രീയപ്രവർത്ത നത്തിൽ ഇടപെടണമെന്നോ ഇടപെടരുതെന്നോ ഞങ്ങൾ പറയുന്നില്ല. ഇടപെടുവാൻ ഒരു വ്യക്തിയെന്ന നിലയിൽ അവർക്ക് അവകാശമുണ്ടെന്നാണ് ഞങ്ങളുടെ വ്യക്തിഗതമായ അഭിപ്രായം. ഒരു നേതൃസമ്മേളനത്തിൽ പിതാക്കന്മാർ പങ്കെടുത്തതിന്റെ പേരിൽ അവർ രാഷ്ട്രീയം കൈകാര്യം ചെയ്യുന്നുവെന്ന് ആക്ഷേപിക്കുന്നത് ശരിയല്ല.

രാഷ്ട്രീയപ്രവർത്തനം ആരൊക്കെയാണ് നടത്തേണ്ടത് എന്ന് തീരുമാനി ക്കാൻ ആരും മെനക്കെടേണ്ട ആവശ്യമില്ല. അഴിമതിക്കാരും പള്ളിപൊളി ക്കുന്നവരും റൗഡികളും വ്യഭിചാരികളും സമൂഹ്യബോധമില്ലാത്തവരും മാത്രം രാഷ്ട്രീയ പ്രവർത്തനം നടത്തിയാൽ മതിയെന്നാഗ്രഹിക്കുന്നവർ കാണും. അങ്ങനെയുള്ളവർക്ക് വിലസുവാൻ സത്യസന്ധന്മാരും മാന്യൻമാരും രാഷ്ട്രീയ രംഗത്ത് വന്നാൽ സാധിക്കുകയില്ലെന്ന് അവർക്കറിയാം. അതുകൊണ്ടാണ് രാഷ്ട്രീയരംഗത്ത് മെത്രാന്മാർ കടക്കരുതെന്ന് ഒരു എം.എൽ. എ. ഭീഷണി മുഴക്കിയത്. അവ തികഞ്ഞ അവഗണനയോടെ ഞങ്ങൾ തള്ളിക്കളയുന്നു.

രാഷ്ട്രീയപ്രവർത്തനം ഒരു പ്രേഷിത പ്രവർത്തനമാണ്. ആ വസ്തുത

www.malankaralibrary.com

കണക്കിലെടുത്ത് സത്യസന്ധമായി പൊതുപ്രവർത്തകർ രാഷ്ട്രീയപ്രവർത്തനത്തിലേർപ്പെടണം. എതാനും പള്ളിപൊളിക്കൽ വിദഗ്ദ്ധരും റൗഡികളും രാഷ്ട്രീയം കൈപ്പിടിയിലൊതുക്കുവാൻ നാം അനുവദിക്കരുത്.

വിശാല കത്തോലിക്കാ നേതൃസമ്മേളനം നടത്തുവാൻ ആദ്യം തീരുമാനിച്ചത് എ.കെ.സി.സി.യായിരുന്നു. അതിനോട് സഹകരിക്കുവാൻ കോട്ടയം കാത്തലിക് അസോസിയേഷനും തയ്യാറായി മുന്നോട്ടു വന്നു. എന്നാൽ പിന്നീട് ഈ സമ്മേളനം കേരളാ കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിലായിരിക്കുന്നത് കൂടുതൽ സമുചിതമായിരിക്കുമെന്ന അഭിപ്രായത്തിലാണ് ഫെഡറേഷൻ ഇതിന്റെ നേതൃത്വം ഏററെടുത്തത്. നേതൃസമ്മേളനം വിജയിപ്പിക്കുവാൻ സന്നിഹിതരായ എല്ലാ നല്ലയാളുകളോടും ഞങ്ങൾ പ്രത്യേകം നന്ദി പറയുന്നു.

05-08-1999

## 262

# കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ

ഈ നാടിന്റെ പുരോഗതിക്കുവേണ്ടി മറേറതൊരു സമുദായത്തേക്കാളും പ്രയത്നിച്ച ഒരു സമൂഹമാണ് ക്രൈസ്തവ സമൂഹം. വിദ്യാഭ്യാസത്തിൽ കേരളത്തെ ഇന്ത്യൻ സ്റ്റേററുകളുടെ മുൻപന്തിയിൽ എത്തിച്ചത് ഇവിടുത്തെ കത്തോലിക്കരാണ്. ആതുരസേവനരംഗത്ത് കേരളത്തിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അത് കത്തോലിക്കർ മാത്രമാണ്. രോഗികളെ ശുശ്രൂഷിക്കയെന്നത് സമൂഹത്തിന്റെ കടമയാണ് എന്ന ചിന്താഗതിക്ക് രൂപം നൽകിയത് കത്തോലിക്കരാണ്. ഇവിടെ കൃഷി വികസിപ്പിച്ചത് കച്ചവടം പുരോഗമിപ്പിച്ചത് വ്യവസായം ആരംഭിച്ചത് ബാങ്കിംഗ് നടപ്പാക്കിയത് എല്ലാം കത്തോലിക്കരാണ്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകി നശിച്ചുകൊണ്ടിരുന്ന അവർണ്ണരുടെ അവകാശസ്ഥാപനത്തിനു വേണ്ടി പടപൊരുതിയത് കത്തോലിക്കരാണ്. ഇവിടെ നടന്ന ജനകീയപ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നൽകിയത് കത്തോലിക്കരാണ്. ക്ഷേത്രപ്രവേശനവിളംബരത്തിന്റെയും പരോക്ഷമായ കാരണം കത്തോലിക്കർ തന്നെ. മലയാളം എന്നൊരു ഭാഷ എഴുതുവാനും വായിക്കുവാനും അച്ചടിക്കുവാനും കൊള്ളാവുന്നതാക്കി തീർത്തത്, ആദ്യത്തെ മലയാള പുസ്തകം അച്ചടിപ്പിച്ചത് കത്തോലിക്കരാണ്. കേരളജനത ഒരു പ്രത്യേക സംസ്കാരത്തിന്റെ ഉടമാവകാശികളായി മാറിയതിന് അടിത്തറ പാകിയത് കത്തോലിക്കരാണ്. ഏകദൈവവിശ്വാസം, ത്രിമൂർത്തി സങ്കല്പം, ഭക്തിപ്രസ്ഥാനം, സ്നേഹദൈവചിന്താഗതി തുടങ്ങി ആദ്ധ്യാത്മികരംഗത്തെ ഹിന്ദുസംസ്കാരത്തിന്റെ ഇന്നത്തെ സവിശേഷതയ്ക്ക് പ്രചോദനം നൽകിയത് കത്തോലിക്കാ വിശ്വാസവും മതവുമാണ്. സാമൂഹ്യരംഗത്ത് വിധവാവിവാഹനിരോധനം, സതി, നരബലി തുടങ്ങിയ അനാചാരങ്ങളെ

www.malankaralibrary.com

അവസാനിപ്പിക്കുന്നതിന് പ്രേരണ നൽകിയതും മററൊന്നുമല്ല. മനുഷ്യന്റെ വ്യക്തിത്വവും അതോടൊപ്പം സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും എന്ന ചിന്താഗതിയും കത്തോലിക്കരുടെ സംഭാവനകളാണ്.

കത്തോലിക്കർ ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി നൽകിയ സേവനങ്ങളുടെ നീണ്ട പട്ടിക നിരത്തിവയ്ക്കുവാൻ ആഗ്രഹിക്കുന്നില്ല. കുട്ടനാടൻ കായലുകളെ ഒരുപ്പൂവും ഇരുപ്പൂവും വിളയുന്ന നിലങ്ങളാക്കി മാററിയത്, കിഴക്കൻ മലയോരങ്ങളെ വിദേശനാണയത്തിന്റെ വിളനിലങ്ങളാക്കി മാററിയത്, മലബാറിന്റെ മാറാല പിടിച്ചുകിടന്ന കുഗ്രാമങ്ങളിൽ വഴിയും തോടും പാലവും ഉണ്ടാക്കി കർഷകകേന്ദ്രങ്ങളാക്കി മാററിയത്, രാജ്യത്ത് എമ്പാടും സ്കൂളുകളും കോളേജുകളും ആശുപത്രികളും അനാഥമന്ദിരങ്ങളും അച്ചടിശാലകളും പണിതീർത്തത് എല്ലാം കത്തോലിക്കർ തന്നെ.

കത്തോലിക്കർ സ്ഥാപിച്ചുനടത്തുന്ന കോളേജുകൾ, ഹൈസ്കൂളുകൾ, സാങ്കേതിക വിദ്യാലയങ്ങൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ എല്ലാം നിരവധിയാണ്. ഇവിടെ ആദ്യം പത്രവ്യവസായം ആരംഭിച്ചത് കത്തോലിക്കരാണ്. 50-ഓളം പ്രസിദ്ധീകരണങ്ങൾ കേരളത്തിൽ കത്തോലിക്കർക്കുണ്ട്. അച്ചടിശാലകളും നിരവധിയാണ്.

ഇതിന്റെയെല്ലാം ഉടമസ്ഥരായ ഇവിടുത്തെ 60 ലക്ഷത്തിലധികം വരുന്ന കത്തോലിക്കർ, ആർക്കും വേണ്ടാത്ത, ആരാലും പരിഗണിക്കപ്പെടാത്ത, യാതൊന്നിനും അവകാശമില്ലാത്ത യാതൊരു മണ്ഡലത്തിലും സ്വാധീനശക്തിയില്ലാത്ത ഒരു സമൂഹമായി മാറിയിരിക്കുകയാണ്. എല്ലാ പുരോഗതിയുടെയും കഴുത്തിന് കത്തിവയ്ക്കുന്ന മൂരാച്ചി, യഥാസ്ഥിതികൻ, പിന്തിരിപ്പൻ എന്നെല്ലാമുള്ള അപരനാമങ്ങൾക്ക് കത്തോലിക്കൻ അർഹനാണെന്ന പ്രചരണം നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ഏററം കൂടുതൽ പ്രയത്നിച്ചവരെ, ഇന്നും പ്രയത്നിച്ചുകൊണ്ടിരിക്കുന്നവരെ, വിലങ്ങുതടികളുടെ കുത്തകാവകാശികൾ എന്ന് വിശേഷിപ്പിക്കുകയാണ്.

ഇവിടെ നായർക്കും ഈഴവർക്കും സമുദായ സംഘടനകൾ ഉണ്ട്. മറെറല്ലാ സമുദായങ്ങൾക്കും അവരുടേതായ സമുദായ സംഘടനകൾ ഉണ്ട്. അതൊന്നും വർഗ്ഗീയ സംഘടനയായി ആരും പറയുന്നില്ല. ആ സംഘടനകൾ ഒളിഞ്ഞും തെളിഞ്ഞും രാഷ്ട്രീയത്തിൽ ഇറങ്ങി വിലപേശൽ നടത്തുന്നുണ്ട്. അതിൽ ഒന്നും വർഗ്ഗീയത കാണുന്നില്ല. കത്തോലിക്കന് ഒരു സമുദായ സംഘടന ഉണ്ടായാൽ അതു മാത്രമാണ് വർഗ്ഗീയ സംഘടന. എൻ. എസ്സ്. എസ്സിലേയും എസ്സ്. എൻ. ഡി. പിയിലെയും ഒരംഗത്തിന് പുരോഗമനപരമായ ഏതൊരു രാഷ്ട്രീയ പാർട്ടിയിലും അംഗമാകാം, പ്രവർത്തിക്കാം, മന്ത്രിയാകാം, മുഖ്യമന്ത്രിയാകാം. എന്നാൽ ഒരു കത്തോലിക്കന് അവന്റെ സമുദായ സംഘടനയിൽ പ്രവർത്തിക്കുന്നതോടൊപ്പം ഒരു രാഷ്ട്രീയ സംഘടനയിൽ ചേരാൻ പാടില്ല. അതു വർഗ്ഗീയതയ്ക്ക് വളം വച്ചു കൊടുക്കും. കത്തോലിക്കൻ രാഷ്ട്രീയത്തിലിറങ്ങുന്നതിന്റെ ആദ്യപടിയായി സമുദായവുമായുള്ള എല്ലാ ബന്ധങ്ങളും വേർപ്പെടുത്തണമെന്നാണ് അലിഖിത നിയമം. ഒരു

www.malankaralibrary.com

കത്തോലിക്കൻ ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയുടെ സമുന്നത നേതൃസ്ഥാന പദവിയിൽ എത്തണമെങ്കിൽ അവൻ സ്വന്തം സമുദായത്തെ ഒററുകൊടുത്തവ നായിരിക്കണമെന്ന് ഒരു അലിഖിത കീഴ്‌വഴക്കം ഇന്ന് നിലവിൽ വന്നിരിക്കു കയാണ്. എങ്ങനെയും രാഷ്ട്രീയ നേതൃത്വം പിടിച്ചെടുക്കാൻ ശ്രമിക്കുന്നവർ സ്വസമുദായത്തെ തള്ളിപ്പറയുവാൻ മടി കാണിക്കുന്നുമില്ല.

ഈ സ്ഥിതി വിശേഷം ദുഃഖകരമാണ്. ഇതിനെതിരെ പ്രതികരിക്കേണ്ടത് ഇവിടുത്തെ മാധ്യമ പ്രവർത്തകരാണ്. നമ്മുടെ കത്തോലിക്കാ പ്രസിദ്ധീകരണ ങ്ങൾ ഈ വെല്ലുവിളി ഏറെറടുക്കാൻ എന്നെങ്കിലും തയ്യാറായിട്ടുണ്ടോ? സാമൂ ഹ്യസാംസ്കാരമാധ്യമ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഓരോരുത്തരും സ്വയം ചോദിച്ച് ഉത്തരം കണ്ടുപിടിക്കേണ്ടത് ഒരു അടിയന്തിരാവശ്യം തന്നെയാണ്.

ദശക്കണക്കിനുള്ള കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ഈ വെല്ലുവിളി കളെ നേരിടാൻ തയ്യാറായിട്ടുണ്ടോ? അതിനുള്ള ശക്തി ഇന്നവർക്കുണ്ടോ? ആത്മധൈര്യമുണ്ടോ?

ജൂലായ് 17-ാം തീയതി കോട്ടയത്ത് ദർശനാ ഓഡിറേറാറിയത്തിൽ കേരളാ കാത്തലിക് ഫെഡറേഷൻ വിളിച്ചുകൂട്ടിയ വിശാല കത്തോലിക്കാ നേതൃസമ്മേള നത്തിനെതിരേ ഇവിടുത്തെ ചില സ്ഥിരം വിമർശകരും ചില പ്രസിദ്ധീകരണ ങ്ങളും സ്വീകരിച്ച നിലപാടു കാണുമ്പോൾ ദുഃഖം വരുന്നു. വിശാല കത്തോലിക്കാ നേതൃസമ്മേളനത്തെ ബിഷപ്പുമാരുടെ യോഗമെന്ന് പ്രചരിപ്പി ച്ചത് തല്പര കക്ഷികൾ മനഃപൂർവ്വമായിരുന്നു. യോഗം വിളിച്ചുകൂട്ടിയത് കേരള കാത്തലിക് ഫെഡറേഷനാണെന്ന സത്യം അവർ മനഃപൂർവ്വം മറച്ചു വച്ചു. ഒരു പൊതു അഭ്യർത്ഥനയായി നടത്തിയ രാഷ്ട്രീയ പ്രമേയത്തിന്റെ പേരിൽ മെത്രാന്മാരെ ഉപദേശിക്കുവാനും അവർക്കു താക്കീതു നൽകുവാനും ചില കത്തോലിക്കാ നാമധാരികൾ രംഗത്തു വന്നപ്പോൾ സത്യം വെളിച്ചത്തുകൊണ്ടു വരുവാൻ ദശക്കണക്കായ നമ്മുടെ പ്രസിദ്ധീകരണങ്ങൾക്കു സാധിച്ചോ? ഇത് വളരെ ഗൗരവപൂർവ്വം നാം ചിന്തിക്കേണ്ടതാണ്.

വിശാല കത്തോലിക്കാ നേതൃസമ്മേളനത്തെ എതിർത്തുകൊണ്ട് മെത്രാന്മാരെ വിമർശിച്ചുകൊണ്ട് ചില ലേഖനങ്ങൾ പല പ്രസിദ്ധീകരണങ്ങ ളിലും വരികയുണ്ടായി. സത്യാവസ്ഥ പുറത്തുകൊണ്ടുവരുവാൻ നമുക്ക് സാധിച്ചോ? നമ്മുടെ പ്രസിദ്ധീകരണസാരഥികളിൽ പലരും ഈ സന്ദർഭത്തിൽ നിസ്സംഗരായിരിക്കുകയല്ലേ ചെയ്തത്? പലപ്പോഴും നമ്മുടെ പ്രസിദ്ധീകരണ ക്കാർ ഉറച്ച നിലപാട് സ്വീകരിക്കുന്നതിന് വിസമ്മതം കാണിക്കുന്നു. ആരു പറഞ്ഞുവെന്ന് നോക്കി വ്യക്തി താല്പര്യം നോക്കി പലപ്പോഴും നാം മൗനമവലംബിക്കുന്നു.

നമ്മുടെ ചില പ്രസിദ്ധീകരണങ്ങൾ സമുദായത്തിന്റെ ആത്മാഭിമാ നത്തെ തകർക്കുവാൻ പരോക്ഷമായിട്ടെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോയെന്ന് നാം ചിന്തിക്കണം. ചില പ്രസിദ്ധീകരണങ്ങൾ പുരോഗമനത്തിന്റെ പേരിൽ സഭയെ ഒന്നടങ്കം വിമർശിച്ച് - വിലകുറഞ്ഞ കൈയ്യടിക്കുവേണ്ടി കാത്തിരിക്കുന്നു. മററു ചിലർ സമുദായ കാര്യങ്ങളെപ്പററിയൊന്നും പറയാതെ വിശാല

www.malankaralibrary.com

ചിന്താഗതിക്കാരാണെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്നു.

മററു ചില പ്രസിദ്ധീകരണങ്ങൾ ക്രൈസ്തവ സമൂഹം ഈ നാടിനു ചെയ്ത സേവനങ്ങളെപ്പററി പറയുന്നതുപോലും ശരിയല്ലെന്ന് വിശ്വസിക്കുന്നു. അവർ മററിതര സമുദായങ്ങളിൽ അഭിമാനം കൊള്ളുന്നു. മഹാനവമിയെ പ്പററിയും മിലാഡിഷെറീഫിനെപ്പററിയും ഒരു ലേഖനം പ്രസിദ്ധീകരിച്ചാൽ തങ്ങളുടെ പ്രസിദ്ധീകരണത്തിന് നല്ല ഒരു പ്രതിഛായ ലഭിക്കുമെന്ന ധാരണയിൽ സ്വസമുദായത്തെ തള്ളിപ്പറയുന്നു. ഈസ്റ്ററും ക്രിസ്തുമസ്സും പ്രമാണിച്ച് ഒരു കഥ പ്രസിദ്ധീകരിച്ചാൽ, ലേഖനം പ്രസിദ്ധീകരിച്ചാൽ യഥാർത്ഥ പത്രധർമ്മം നിർവ്വഹിച്ചുവെന്ന ചിന്തയിലാണ് പല മാധ്യമപ്രവർത്തകരും. വേലുത്തമ്പിയേയും പാലിയത്തച്ചനെയും സ്വാതന്ത്ര്യസമര സേനാനികളായി ചിത്രീകരിച്ചാൽ തങ്ങളുടെ പ്രസിദ്ധീകരണത്തിന് നല്ല പ്രതിഛായ ലഭിക്കുമെന്ന് അവർ വിശ്വസിക്കുന്നു. കത്തോലിക്കരായ സ്വാതന്ത്ര്യസമര സേനാനികളെ പ്പററി എഴുതിയാൽ ആ പ്രസിദ്ധീകരണം പിന്തിരിപ്പൻ ആകുമെന്ന് ചിലരെങ്കിലും പ്രതീക്ഷിക്കുന്നു.

ഇവിടുത്തെ എല്ലാ പത്രമാസികകളുടെയും അടിസ്ഥാനം എന്തായിരുന്നു വെന്ന് ചിന്തിച്ചു നോക്കുക. ഒന്നുകിൽ സമുദായം അല്ലെങ്കിൽ രാഷ്ട്രീയ സംഘടന. ആ അടിസ്ഥാനം ഏതെന്ന് മനസ്സിലാക്കി പ്രവർത്തിച്ചവർ ഈ നാട്ടിൽ വിജയമകുടം ചൂടി. താൻ പിന്താങ്ങേണ്ടുന്ന സമൂഹത്തെ പുറം കാൽകൊണ്ട് ചവുട്ടി പുറം തള്ളിയവർക്ക് ഒരിക്കലും രക്ഷയുണ്ടാവുകയില്ല. അവർ സ്വയം പരിഹാസ്യരായിത്തീരും. അവർ ഈ സമൂഹത്തോട് ചെയ്യുന്ന ദ്രോഹം അവർ എന്നെങ്കിലും മനസ്സിലാക്കാൻ നിർബന്ധിതരായി തീരുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

05-09-1999

263

# മിഷനറി പീഡനങ്ങൾ-രാജ്യത്തിന് അപമാനം

ഭാരതത്തിൽ ഒരു വൈദീകനെക്കൂടി മതഭ്രാന്തന്മാർ വധിച്ചു. അതേ! അതിക്രൂരമായ വിധത്തിൽ കൊലപ്പെടുത്തി. ഇക്കഴിഞ്ഞ ജനുവരിയിൽ ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും രണ്ടു കുട്ടികളെയും ചുട്ടുകൊന്ന ഹീനമായ കൃത്യത്തിന്റെ ഞെട്ടൽ വിട്ടുമാറുന്നതിന് മുൻപാണ് ഒറീസായിലെ കത്തോലിക്കാ പുരോഹിതൻ ഫാ.അരുൾദാസ് കൊല്ലപ്പെടുന്നത്. ഏതാനും വർഷങ്ങളായി ക്രൈസ്തവ മിഷനറിമാരുടെ മേലുള്ള അതിക്രമം ഭാരതത്തിൽ ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഭാരതത്തിന് അപമാനകരമാണ്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾക്ക് കൂടുതൽ അപമാനകരമാണ്.

മുസ്ലീം രാഷ്ട്രങ്ങളിലാണ് മതസ്വാതന്ത്ര്യം അനുവദിക്കാതിരിക്കുന്നത്.

www.malankaralibrary.com

അതിൽ ഇന്ത്യൻ ജനതയും ഇന്ത്യ ഗവൺമെന്റും പലവട്ടം പ്രതിഷേധിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് ഇന്ത്യയും മുസ്ലീംരാഷ്ട്രങ്ങളുടെ പാത പിന്തുടരുകയാണോയെന്ന് സംശയിക്കണം. ഭാരതത്തിൽ മിഷനറിമാരോടുള്ള ഈ മനോഭാവം കുറെ നാളുകളായി നിലനിൽക്കുന്നതാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആഭ്യന്തര മന്ത്രിയായിരുന്ന ഡോ.കൈലാസ്നാഥ് കഡ്ജു പാർലമെന്റിൽ വിദേശമിഷനറിമാർക്കെതിരെ ശബ്ദമുയർത്തുകയുണ്ടായി. ഭാരതത്തിൽ പലഭാഗങ്ങളിലും പിന്നീട് മിഷനറിമാർ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്.

മിഷനറിമാരുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ പല സന്ദർഭങ്ങളിലുമുണ്ടായിട്ടുണ്ട്. 1956-ൽ മദ്ധ്യപ്രദേശ് ഗവൺമെന്റ് നിയമിച്ച നിയോഗ കമ്മററി സമർപ്പിച്ച റിപ്പോർട്ടും 1982-ൽ ഒ.പി. ത്യാഗി അവതരിപ്പിച്ച ബില്ലും എല്ലാം മിഷനറിമാരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. സംശയമില്ല! ബി.ജെ.പി.യുടെ ഭരണത്തോടു കൂടിയാണ് മിഷനറിമാരുടെ മേലുള്ള ആക്രമണം കൂടുതൽ വർദ്ധിച്ചത്. വാജ്പേയിയോ, അഡ്വാനിയോ ഈ ആക്രമണങ്ങളുടെ മുൻപിൽ ഉണ്ടെന്ന് പറയുന്നില്ല. ബി.ജെ.പി യെ നയിക്കുന്ന ബജറംഗ്ദൾ, ആർ.എസ്സ്.എസ്സ്. തുടങ്ങിയ സംഘടനകൾ ഈ ആക്രമണത്തിന് മുൻപിലുണ്ടാകാം. എന്നാൽ അവരെ തള്ളിപ്പറയാനോ അവരുടെ ക്രൂരകൃത്യങ്ങളെ എതിർക്കാനോ ഭരണാധികാരികൾക്ക് സാധിക്കുന്നില്ല. ഭരണം നിലനിർത്തുവാൻ അവരുടെ സഹകരണം ആവശ്യമാണ്. അതുകൊണ്ട് അവരുടെ എല്ലാ പ്രവർത്തനങ്ങളുടെയും നേർക്ക് മൃദുവായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നു. തൽഫലമായി വൈദികമർദ്ദനം വർദ്ധിക്കുന്നു.

വർഗീയത ഇളക്കി വിട്ടുകൊണ്ട് വോട്ടുചോദിക്കാൻ പോലും ഇന്ന് ഇക്കൂട്ടർ മടിക്കുന്നില്ല. മനുഷ്യനെ തമ്മിൽ കലഹിപ്പിക്കുവാൻ വർഗീയത ഇളക്കിവിടുകയാണ് എളുപ്പമെന്ന് എല്ലാവർക്കും അറിയാം.

ഏതാനും നാളത്തെ അധികാരത്തിനുവേണ്ടി ജനങ്ങളെ തമ്മിൽ കലഹിപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടം എത്ര വലുതായിരിക്കുമെന്ന വർ ചിന്തിക്കുന്നില്ല. ഹിന്ദു-മുസ്ലീം വർഗീയതയുടെ ഫലമായി നമ്മുടെ രാഷ്ട്രം വിഭജിക്കേണ്ടി വന്നു. ആ വിഭജനത്തിന്റെ ദുരന്തം നമ്മളെ വിട്ടുമാറിയിട്ടില്ല.

എന്തുകൊണ്ടാണ് മിഷനറിമാരുടെ മേൽ ആക്രമണം നടത്തുന്നത്? മതപരിവർത്തനം നടത്തിയിട്ടാണോ? മിഷനറിമാർ മതപരിവർത്തനം ലക്ഷ്യമാക്കിയാണോ പ്രവർത്തിക്കുന്നത്? ഈ വിഷയം ഒരു തുറന്ന ചർച്ചക്ക് വിധേയമാക്കണം. തെററിദ്ധാരണയുണ്ടെങ്കിൽ മാററുക തന്നെ വേണം.

മിഷനറിമാർ അവികസിത പ്രദേശങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നു. ആതുരാലയങ്ങൾ സ്ഥാപിക്കുന്നു. ഇതൊക്കെ മതപരിവർത്തനം ലക്ഷ്യമാക്കിയാണെന്നുള്ള പ്രചരണം നടക്കുന്നുണ്ട്. സത്യം പുറത്തുകൊണ്ടുവരിക തന്നെ വേണം.

www.malankaralibrary.com

നൂററാണ്ടുകളായി ആദിവാസികളുടെയിടയിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ നിലനിർത്തിക്കൊണ്ട് അവരെ എന്നും ചൂഷണം ചെയ്യണമെന്നാഗ്രഹിക്കുന്ന ഒരു വിഭാഗം ഈ ഭാരതത്തിലുണ്ട്. അവർക്ക് വിദ്യാഭ്യാസം ലഭിച്ചാൽ, അവരുടെ അവകാശങ്ങളെപ്പററി അവർ ബോധവാന്മാരായാൽ ഭാവിയിൽ അവരെക്കൊണ്ട് അടിമപ്പണി ചെയ്യിക്കാൻ സാധിക്കുകയില്ലെന്നവർക്കറിയാം. അതുകൊണ്ട് ആദിവാസികളെ അടിമത്വത്തിൽനിന്നും മോചിപ്പിക്കുവാൻ നടത്തുന്ന എല്ലാ ശ്രമങ്ങളെയും സ്ഥാപിതതാല്പര്യക്കാർ എതിർക്കും. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന എല്ലാ ജനങ്ങളും ഈ ആദിവാസികളെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുവാൻ ശ്രമിക്കണം. മിഷനറിമാരുടെ പ്രവർത്തനങ്ങളെ സഹായിക്കണം.

ഭാരതത്തിലെ 90 കോടി ജനങ്ങൾക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കണമോ അതയോ ബഹുഭൂരിപക്ഷം വരുന്ന അടിച്ചമർത്തപ്പെട്ടവരെ വീണ്ടും അടിച്ചമർത്തുവാൻ ഇവിടുത്തെ സവർണ്ണർക്ക് സൗകര്യം കൊടുക്കണമോ? ഇതിൽ ഏതാണ് വേണ്ടത് എന്ന് തീരുമാനിക്കേണ്ട സമയം സമാഗതമായിരിക്കുന്നു.

കേരളത്തിലെ പിന്നോക്ക സമുദായങ്ങൾക്ക് ഈ സന്ദർഭത്തിൽ വലിയ സേവനം ചെയ്യുവാൻ സാധിക്കും. ദീർഘനാളുകൾ അടിച്ചമർത്തലിനും അവഗണനയ്ക്കും വിധേയരായിട്ടുള്ളവരാണവർ. അതിന്റെ രൂക്ഷത അവർക്കറിയാം. ആ പിന്നോക്കവിഭാഗങ്ങൾ ഇന്ത്യയൊട്ടാകെയുള്ള ദരിദ്രലക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി യത്നിക്കണം. അതിനു ശ്രമിക്കാതെ മതമൗലികവാദികളുടെ കുപ്രചരണത്തിൽപ്പെട്ട് പ്രവർത്തിച്ചാൽ അവർ കോടിക്കണക്കിന് പാവങ്ങളുടെ ഉയർത്തെഴുന്നേൽപ്പിനെ തടസ്സപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്.

വി.പി.സിംഗിന്റെ ഭരണകാലത്ത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ ശ്രമിച്ചപ്പോൾ ഇവിടെ കലാപം ഉണ്ടാക്കിയത് ആരാണ്? ഇവിടുത്തെ പിന്നോക്കവിഭാഗങ്ങൾ ചിന്തിക്കേണ്ട വിഷയമാണിത്.

ബ്രിട്ടീഷ്കാർ ഇന്ത്യവിട്ടുപോയതുകൊണ്ടോ രാജാക്കന്മാരും ചക്രവർത്തിമാരും അധികാരം ഒരു പിടി ജനങ്ങളുടെയിടയിലേക്കു കൈമാറിയതുകൊണ്ടോ നമുക്ക് സ്വാതന്ത്ര്യം പൂർണ്ണമായി ലഭിച്ചുവെന്ന് വിചാരിക്കുന്നതിലർത്ഥമില്ല. എല്ലാവിധ ചൂഷണങ്ങളും അടിമത്തങ്ങളും അവസാനിപ്പിക്കുകയും എല്ലാവർക്കും തുല്യത ലഭിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഭാരതം സ്വതന്ത്രമാവുകയുള്ളൂ. ആ സ്വാതന്ത്ര്യം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് മിഷനറിമാർ പ്രവർത്തിക്കുന്നത്. അവരോട് സഹകരിക്കുവാൻ എല്ലാവരും തയ്യാറാകുക തന്നെ വേണം.

05-09-1999

www.malankaralibrary.com

# 264

# ജീവൻ ജയന്തി പ്രതിജ്ഞ

മാനവരാശി 600 കോടി തികഞ്ഞ ഒക്ടോബർ 12-ാം തീയതി എ.കെ.സി.സി. ജീവൻ ജയന്തിയായി ആചരിച്ചു. ഇതോടനുബന്ധിച്ച് കോട്ടയത്ത് ക്രിസ്തുരാജാ കത്തീഡ്രലിൽ നടന്ന ചടങ്ങിൽ 100-ഓളെ എ.കെ.സി.സി. പ്രവർത്തകർ പങ്കെടുത്തു. പ്രസിഡണ്ട് ജോൺ കച്ചിറമററം സ്വാഗതം ആശംസിച്ചു. കോട്ടയം രൂപതാ വികാരി ജനറാൾ മോൺജേക്കബ്ബ് കൊല്ലംപറമ്പിൽ പരിപാടികൾ ഉൽഘാടനം ചെയ്യുകയും അദ്ദേഹം ചൊല്ലിക്കൊടുത്ത ജീവൻ ജയന്തി പ്രതിജ്ഞ അംഗങ്ങൾ ഏററു ചൊല്ലുകയും ചെയ്തു. മനുഷ്യവംശത്തെയും സർവ്വചരാചരങ്ങളെയും സ്നേഹിച്ചുകൊണ്ട് ലോകത്തിൽ ജീവിക്കുന്നതിനും ജീവന്റെ സുവിശേഷത്തിലൂടെ ലോകജനതയെ തിരുസന്നിധിയിലേക്ക് നയിക്കുന്നതിനും അംഗങ്ങൾ പ്രതിജ്ഞയെടുത്തു.

"ഞങ്ങൾക്ക് ജീവൻ ഉണ്ടാകുന്നതിനും അത് സമൃദ്ധിയായി ഉണ്ടാകുന്നതിനും ആഗ്രഹിക്കുന്ന പിതാവായ ദൈവമേ, ഭൂമിയിൽ നിന്നിൽ നിന്നും ജീവൻ സ്വീകരിച്ച മനുഷ്യരുടെ സംഖ്യ 600 കോടി തികയുന്ന ധന്യമായ ഈ ദിവസത്തിൽ ജീവന്റെ രക്ഷയ്ക്കും നിലനിൽപ്പിനും ആവശ്യമായതെല്ലാം ചെയ്തുകൊള്ളാമെന്ന് തിരുനാമത്തിൽ ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ജീവൻ ഉൽപ്പാദിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടി നീ ഏർപ്പെടുത്തിയിട്ടുള്ള ദാമ്പത്യജീവിതത്തിന്റെ വിശുദ്ധിയെ ഹനിക്കുന്ന എല്ലാ തിന്മകളിൽ നിന്നും അകന്നു നിന്നു കൊള്ളാം. ജീവന്റെ ആവിർഭാവത്തെ തടയുന്ന കൃത്രിമ മാർഗ്ഗങ്ങൾ ഞങ്ങൾ വർജ്ജിച്ചുകൊള്ളാം. ജീവന്റെ അകാലവിനാശത്തിന് ഹേതുവാകുന്നതും സ്വാഭാവിക വളർച്ചയെ തടയുന്നതുമായ ഗർഭഛിദ്രം, ദയാവധം, കൊലപാതകം, ആത്മഹത്യ, തുടങ്ങിയ നീച പാതകങ്ങൾക്കെതിരായ ധർമ സമരത്തിൽ തീക്ഷ്ണതയോടെ ഞങ്ങൾ വ്യാപരിച്ചുകൊള്ളാം. ദരിദ്രവും അനാരോഗ്യകരവുമായ സാഹചര്യങ്ങളിൽ ജനിച്ചുവീഴുന്ന കുഞ്ഞുങ്ങളെയും, ആവശ്യത്തിനുള്ള ആഹാരവും വൈദ്യശുശ്രൂഷയും ലഭിക്കാതെ മരണമടയുന്ന അഗതികളുടെയും യുദ്ധങ്ങളും കലാപങ്ങളുംകൊണ്ട് ജീവഭയംപൂണ്ട് അഭയാർത്ഥികളായി നാടുവിട്ട് ഓടി പോകേണ്ടിവരുന്ന നിസ്സഹായരുടെയും അന്യായതടങ്കലിലും, ബലപ്രയോഗങ്ങളിലും, മദ്യപാനം മയക്കുമരുന്ന് മുതലായവയുടെ സ്വാധീനങ്ങളിലും, അകപ്പെട്ട് ജീവന്റെ വികാസം തടയപ്പെടുന്നവരുടെയും മനുഷ്യജീവനെ വിലമതിക്കപ്പെടാത്ത സാഹചര്യങ്ങളിൽ കഴിയുന്ന എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി കഴിവതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം. നിന്റെ കരവേലയായ മനുഷ്യവംശത്തെയും സർവ്വചരാചരങ്ങളെയും സ്നേഹിച്ചുകൊണ്ട് ഈ ലോകത്തിൽ ജീവിക്കുന്നതിനും ജീവന്റെ സുവിശേഷത്തിലൂടെ ലോകജനതയെ തിരുസന്നിധിയിലേക്ക് ആനയിക്കുന്നതിനും അങ്ങയുടെ നാമത്തിൽ ഞങ്ങളിതാ പ്രതിജ്ഞാബദ്ധരായിരിക്കുന്നു. ഞങ്ങളുടെ ഈ എളിയ പ്രതിജ്ഞയെ സ്വീകരിച്ച് അനുഗ്രഹി

www.malankaralibrary.com

ക്കുകയും ഇത് നിറവേററാനുള്ള വരം നീ തന്നെ ഞങ്ങൾക്ക് നൽകുകയും ചെയ്യണമേ, ആമ്മേൻ."

പ്രസിഡണ്ട് ജോൺ കച്ചിറമററം, ഇ.ജെ. ലൂക്കോസ്, അലൻ വാണിയപ്പുരയ്ക്കൽ, അഡ്വ.ജോസ് ഫിലിപ്പ് തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

ജീവൻ ജയന്തി സന്ദേശം എല്ലാ ഭവനങ്ങളിലും വ്യക്തികളിലും എത്തിക്കാൻ സമഗ്രമായ പരിപാടികൾ തയ്യാറാക്കി.

**265**

# മാർപ്പാപ്പാ വീണ്ടും ഭാരതത്തിൽ

കത്തോലിക്കാ സഭയുടെ പരമോന്നത ഇടയനായ പഃജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഭാരതം വീണ്ടും സന്ദർശിക്കുകയാണ്. 1986-ൽ ആണ് തിരുമേനി ആദ്യമായി കേരളത്തിൽ സന്ദർശനം നടത്തിയത്. ദൈവജനത്തിന്റെ ഇടയൻ എന്ന നിലയിൽ പഃപിതാവ് നടത്തിയ സന്ദർശനത്തിന്റെ അജപാലനപരമായ ലക്ഷ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി വിവിധങ്ങളായ പരിപാടികൾ കത്തോലിക്കാ കോൺഗ്രസ്സ് ആവിഷ്കരിച്ചിരുന്നു. കോളേജ് - ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ ഉപന്യാസ, പ്രസംഗ മത്സരങ്ങളും സംസ്ഥാനാടിസ്ഥാനത്തിലും രൂപതാടിസ്ഥാനത്തിലും ഇടവകാടിസ്ഥാനത്തിലും നടത്തിയ സെമിനാറുകളും സിമ്പോസിയങ്ങളും എല്ലാം അതിൽ പ്രധാനപ്പെട്ടവയായിരുന്നു. പാപ്പായുടെ ബഹുവർണ്ണ ചിത്രത്തോടുകൂടി തയ്യാറാക്കി വിതരണം ചെയ്ത കലണ്ടർ അന്ന് എല്ലാ കത്തോലിക്കാ ഭവനങ്ങളിലും എത്തിക്കുവാനും കത്തോലിക്കാകോൺഗ്രസ്സിന് സാധിച്ചിരുന്നു. കേരളമടക്കം ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ പാപ്പാ അന്ന് സന്ദർശനം നടത്തിയിരുന്നു.

1964-ലെ ദിവ്യകാരുണ്യകോൺഗ്രസ്സിനോടനുബന്ധിച്ച് ബോംബെയിൽ ആദ്യമായി ആറാം പൗലോസ് മാർപ്പാപ്പാ സന്ദർശനം നടത്തി. അന്ന് കേരളത്തിൽ നിന്നും ട്രെയിനിലും കപ്പലിലുമായി അനേകായിരങ്ങൾ ബോംബെയിൽ എത്തി അഭിവന്ദ്യപാപ്പായെ സന്ദർശിക്കുകയുണ്ടായി.

1999 -ലെ സന്ദർശനം ഡൽഹിയിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. എഷ്യൻ സിനഡിന്റെ സമാപനസമ്മേളനത്തിൽ സംബന്ധിക്കുന്നതിനാണ് തിരുമേനി ഡൽഹിയിൽ എത്തുക. നവംബർ 5-ന് ഡൽഹിയിൽ പ്രത്യേകവിമാനമാർഗ്ഗം എത്തിച്ചേരുന്ന പാപ്പാ 6-ാം തീയതി വൈകുന്നേരം നടക്കുന്ന ഏഷ്യൻ സിനഡിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുക്കും. പ്രസ്തുത ചടങ്ങിൽ ഏഷ്യൻ സിനഡിന്റെ ഔപചാരിക സമാപനം അറിയിക്കുകയും ഏഷ്യൻ സഭയെന്ന സിനഡ് പ്രബോധനം പ്രസിദ്ധപ്പെടുത്തുകയും ചെയ്യും. നവംബർ 7-ന് രാവിലെ 9.30ന് ഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ മാർപ്പാപ്പാ വിശുദ്ധകുർബാന അർപ്പിക്കും. 75000 പേർക്ക്

www.malankaralibrary.com

സ്റ്റേഡിയത്തിൽ പ്രവേശിച്ച് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാവുന്നതാണ്.

ഭാരതസഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുന്ന ഒരു സംഭവമായിരിക്കും പാപ്പായുടെ 99-ലെ സന്ദർശനം. ഈ സന്ദർശനം വിജയപ്രദമാക്കുവാൻ എല്ലാ വിശ്വാസികളും ഹൃദയം തുറന്ന് പ്രാർത്ഥിക്കണം. മാർപ്പാപ്പായുടെ സന്ദർശനത്തിന്റെ ലക്ഷ്യം എല്ലാവരും മനസ്സിലാക്കണം. തെററിദ്ധാരണകൾ മാററപ്പെടണം. സ്നേഹത്തിന്റെ സന്ദേശവുമായിട്ടാണ് പാപ്പാ ഭാരതത്തിലെത്തുക.

എല്ലാ മതങ്ങളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു പോരുന്ന ഭാരതത്തിന്റെ മടിത്തട്ടിലേക്ക് എഴുന്നെള്ളുന്ന പാപ്പായെ നമുക്ക് ഭക്ത്യാദരപൂർവ്വം സ്വാഗതം ചെയ്യാം.

1986-ലെ പാപ്പായുടെ സന്ദർശനത്തോടനുബന്ധിച്ച് ആസൂത്രണം ചെയ്ത് എ.കെ.സി.സി. നടപ്പിലാക്കിയ പാരിപാടികളെപ്പറ്റി പ്രസ്താവിച്ചല്ലോ. അന്ന് എ.കെ.സി.സി. ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആ സ്മരണിക ഒരു പ്രധാന ചരിത്രരേഖയായി ഇന്നും നിലകൊള്ളുന്നുണ്ട്.

ഏഷ്യൻ സിനഡിന്റെ സമാപന സമ്മേളനം ധന്യമാക്കുവാൻ ഭാരതം സന്ദർശിക്കുന്ന പാപ്പായ്ക്ക് സ്വാഗതം.

05-11-1999

## 266

# ഫിലാഡൽഫിയായിലെ സീറോ - മലബാർ കൺവെൻഷൻ

വടക്കേ അമേരിക്കയിലെ സീറോ - മലബാർ സഭാംഗങ്ങളുടെ പ്രഥമ ദേശീയ സമ്മേളനം 1999 ആഗസ്റ്റ് 13,14,15 തീയതികളിൽ ഫിലാഡൽഫിയായിലെ ആഡംമാർക്ക് ഹോട്ടലിൽ പ്രത്യേകം തയ്യാറാക്കിയ സെന്റ് തോമസ് നഗറിൽ നടന്നു. സീറോ - മലബാർ ഹയറാർക്കിയുടെ പൂർണ്ണ അനുഗ്രാഹാശിസ്സുകളോടെ നടത്തപ്പെട്ട ഈ ദേശീയ സമ്മേളനം സീറോ - മലബാർ സഭയുടെ ചരിത്രത്തിലെ ഒരു പ്രധാന സംഭവം തന്നെയാണ്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരള ക്രൈസ്തവസഭയുടെ കഴിഞ്ഞ കാലഘട്ടത്തിന്റെ ചരിത്രം എല്ലാ സഭാവിശ്വാസികളും പഠിക്കേണ്ടതാണ്. സ്വന്തം ഹൈരാർക്കിയോടും ആരാധനാക്രമത്തോടും കൂടി മറെറല്ലാ സഭകളിൽ നിന്നും വിഭിന്നമായ വ്യക്തിത്വത്തോടും കൂടി നിലകൊണ്ട കേരളസഭ, വിദേശാധിപത്യത്തിൻ കീഴിൽ അനുഭവിച്ച യാതനകളും അതിൽ നിന്നും മോചനം നേടാൻ വിശ്വാസികൾ നടത്തിയ യത്നങ്ങളും സംഭവ ബഹുലമാണ്.

കേരളസഭ അതിന്റെ വ്യക്തിത്വം വീണ്ടെടുക്കപ്പെട്ടു കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തന മേഖലക്ക് പരിമിതികൾ ഏർപ്പെടുത്തിയിരുന്നു. പമ്പാ നദിക്കും, ഭാരതപ്പുഴക്കും ഇടയ്ക്ക് ഈ സഭയെ തളച്ച് ഇടപ്പെട്ടു. പതിനായിര

www.malankaralibrary.com

ങ്ങൾ ഭാരതപ്പുഴക്ക് അപ്പുറം പോയി അധിവസിച്ചിട്ടും അവരുടെയിടയിൽ പ്രവർത്തിക്കുവാൻ സീറോ - മലബാർ സഭാംഗങ്ങൾക്ക് അനുവാദം ലഭിച്ചിരുന്നില്ല. ത്യാഗമതികളായ നിരവധി സമുദായസ്നേഹികളുടെ കഠിനാദ്ധ്വാനഫലമായി ആ സ്വാതന്ത്ര്യവും നമുക്ക് ലഭിച്ചു. കേരളത്തിന് വെളിയിൽ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ സീറോ - മലബാർ സഭക്ക് എക്സാർക്കേററുകളും രൂപതകളും അനുവദിച്ചു. ഭാരതത്തിന് വെളിയിൽ തന്നെ പല ഇടവകകളും നമുക്ക് ലഭിച്ചു.

സീറോ - മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടു. സഭക്ക് പ്രത്യേകം സിനഡും നിലവിൽ വന്നു. സീറോ - മലബാർ സഭ അതിന്റെ പ്രൗഢിയിലേക്ക് തിരികെ പോകുന്ന സുപ്രധാന സന്ദർഭത്തിലാണ് അമേരിക്കയിലെ സീറോ - മലബാർ സഭാംഗങ്ങളുടെ ദേശീയ കൺവെൻഷൻ ഫിലാഡൽഫിയായിൽ ചേർന്നത്.

സീറോ - മലബാർ സഭാംഗങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ - എല്ലാ ഭൂഖണ്ഡങ്ങളിലും കുടിയേറി പാർത്തിട്ടുണ്ട്. അവർ ബാല്യത്തിൽ തുടർന്ന ആരാധനാക്രമം അനുഷ്ഠിക്കുവാൻ കുടിയേററം മൂലം സാധിക്കാതെ വന്നു. ഇന്ന് അതിന് മാററം വന്നിരിക്കുന്നു. അമേരിക്കയിലും മററിതര ഭൂഖണ്ഡങ്ങളിലും സീറോ - മലബാർ സഭയ്ക്ക് പുതിയരൂപതകൾ ഉണ്ടാകാനുള്ള സാദ്ധ്യതകൾ തെളിഞ്ഞുകാണുന്നുണ്ട്. ഇത് ശുഭോദർക്കമാണ്.

ഫിലാഡൽഫിയായിൽ ചേർന്ന കൺവെൻഷനിൽ 850-ൽ പരം അംഗങ്ങൾ പങ്കെടുത്തു. ചർച്ചകളും തീരമാനങ്ങളും അഭിമാനത്തിന് വക നൽകുന്നതായിരുന്നു. സീറോ - മലബാർ സഭാംഗങ്ങൾക്കായി ഒരു സംഘടന കെട്ടിപ്പെടുക്കുന്നതിനും തീരുമാനമായി. അതിനുവേണ്ടി സമർപ്പിക്കപ്പെട്ട ഭരണഘടനയുടെ രൂപം തത്വത്തിൽ അംഗീകരിച്ചു. 2000-മാണ്ട് ജനുവരിയിൽ ചേരുന്ന സമ്മേളനത്തിൽ വച്ച് സംഘടനക്ക് രൂപം കൊടുക്കുകയും ചെയ്യും.

രണ്ടായിരിത്തിഒന്നാമാണ്ടിൽ സീറോ - മലബാർ കൺവെൻഷൻ ചിക്കാഗോയിൽ വച്ച് നടത്താനും തീരുമാനമായി. രണ്ടാമത്തെ ദേശീയകൺവെൻഷനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ഫിലാഡൽഫിയാ സമ്മേളനത്തിൽ കേരളത്തിൽ നിന്നും സീറോ - മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ, ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമററം, ബിഷപ്പ് മാർ ഗ്രിഗറി കരോട്ട് എമ്പ്രയിൽ, ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്, ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി, കോഹിമാ ബിഷപ്പ് ഡോക്ടർ ജോസ് മുകാല, അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം എന്നിവർ പങ്കെടുത്തു. സീറോ - മലബാർ സഭയുടെ ചരിത്രത്തിലെ ഈ സുപ്രധാനസംഭവം കൂടുതൽ കൂടുതൽ സൽഫലങ്ങൾ പുറപ്പെടുവിക്കുന്നതിനിട നൽകട്ടെയെന്നാശംസിക്കുന്നു. പുതിയതായി രൂപം കൊള്ളുന്ന സംഘടനക്കും ചിക്കാഗോ കൺവെൻഷനും എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

05-11-1999

www.malankaralibrary.com

## 267

# ചരിത്രപ്രാധാന്യമേറിയ സീറോ - മലബാർ ഫിലാഡൽഫിയാ കൺവെൻഷൻ

ക്രിസ്തു ശിഷ്യനായ സെന്റ് തോമസ് സ്ഥാപിച്ച കേരള സഭ, സ്വന്തം ഹൈരാർക്കിയോടും ആരാധനാക്രമത്തോടും കൂടി മററെല്ലാ സഭകളിൽ നിന്നും വിഭിന്നമായ വ്യക്തിത്വത്തോടുകൂടി ഒരു പ്രത്യേക സഭയായി നിലകൊള്ളുന്നു. അതീത കാലങ്ങളിൽ കേരളസഭയുടെ വ്യക്തിത്വം അതിന്റെ സ്വയം ഭരണത്തിലാണ് നിലനിന്നത്. അതിന്റെ പ്രത്യേക വിശേഷതകളാൽ അത് തീർത്തും പൗരസ്ത്യ - ഭാരതീയവുമായിരുന്നു. പതിനാറാം ശതകത്തിന്റെ അവസാനത്തോടും പതിനേഴാം ശതകത്തിന്റെ ആരംഭത്തോടും കൂടി അതു നിയമപരമായി നിർത്തലാക്കപ്പെടുകയും വിരൂപമാക്കപ്പെടുകയും ചെയ്തു. കേരളസഭയുടെ വ്യക്തിത്വം അതിന്റെ സ്വയംഭരണ സംവിധാനത്തിലാണ് നിലനിന്നത്. അതിന്റെ പ്രത്യേക സ്വഭാവവിശേഷതകളാൽ അതു തീർത്തും പൗരസ്ത്യവും ഭാരതീയവുമായിരുന്നു.

കേരളസഭയുടെ സ്ഥാപകൻ മാർത്തോമ്മാശ്ലീഹായാണ്. അതിനാൽ കേരളീയരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നു വിളിക്കുന്നു. അതിപ്രാചീനമായ കാലത്തു തന്നെ കേരളസഭ, ആദ്യം പേർഷ്യയിലെ സഭയുമായും പിന്നീട് മെസപ്പൊട്ടാമിയായിലെ സഭയുമായും ബന്ധം സ്ഥാപിച്ചിരുന്നു.

കേരളസഭയ്ക്ക് അതിന്റെ മെത്രാന്മാരെ തുടരെ തുടരെ ലഭിച്ചിരുന്നത് ഈ സഭകളിൽ നിന്നായിരുന്നു. ഈ സഭകളിൽ നിന്നു തന്നെയാണ് പൗരസ്ത്യസുറിയാനി ആരാധനാക്രമം ഈ സഭയ്ക്ക് ലഭിച്ചത്. എന്നാൽ കേരളസഭ മേൽപ്പറഞ്ഞ സഭകളുടെ പ്രവർത്തനഫലമോ, അവയുടെ ഒരു അവിഭാജ്യഘടകമോ ആയിരുന്നില്ല. ഈ സഭ അതിന്റെ ശ്ലൈഹീകോൽപ്പത്തിയിൽ അഭിമാനംകൊണ്ടിരുന്നു. കേരളീയ ജീവിതരീതിയെ അടിസ്ഥാനപ്പെടിത്തിയിട്ടുള്ള സ്വന്തമായ ആചാരങ്ങളും ശിക്ഷണരീതികളുമാണ് അതിനുണ്ടായിരുന്നത്. പേർഷ്യയിലും മെസപ്പൊട്ടോമിയായിലെയും സഭകളിൽ നിന്ന് സമ്പാദിച്ച പൗരസ്ത്യ സുറിയാനി ആരാധനാക്രമം അഭംഗം കാത്തു സൂക്ഷിച്ചുകൊണ്ട്, കേരളീയർക്ക് സുപരിചിതമായ ഹൈന്ദവജീവിതരീതിയെ നവീകരിച്ചും ക്രൈസ്തവീകരിച്ചും അതിനെ സമ്പന്നമാക്കിത്തീർത്തു.

കേരളസഭയുടെ പ്രധാന ഭരണാധികാരിയെ അഖിലേന്ത്യയുടെയും മെത്രാപ്പോലീത്തയും പടിവാതിലുമായി വിളിക്കപ്പെട്ടിരുന്നു. മെസപ്പൊട്ടാമിയായിലെ പൗരസ്ത്യസുറിയാനി പാത്രിയാർക്കീസാണ് അദ്ദേഹത്തെ അയച്ചിരുന്നതെങ്കിലും അദ്ദേഹത്തിന് സ്വതന്ത്രപദവിയാണുണ്ടായിരുന്നത്. അതുകൊണ്ട് അദ്ദേഹത്തെ ചിലപ്പോൾ പാത്രിയാർക്കീസ് എന്നുകൂടി വിളിച്ചിരുന്നു. എന്നാൽ പാരമ്പര്യത്തിൽ നിന്നും 16-17 നൂററാണ്ടുകളിലെ ചില രേഖകളിൽ നിന്നും നമുക്കറിയാവുന്നതുപോലെ കേരളസഭയുടെ ഭരണം

www.malankaralibrary.com

യഥാർത്ഥത്തിൽ നിർവ്വഹിച്ചിരുന്നത് അർക്കദിയാക്കോൻ എന്നറിയപ്പെടുന്ന ഏതദേശീയ വൈദീകാധികാരിയായിരുന്നു. അർക്കദിയാക്കോന്റെ സ്ഥാനപ്പേര് അഖിലേന്ത്യയുടെയും അർക്കദിയാക്കോൻ എന്നായിരുന്നു. ആകയാൽ ഇന്ത്യമുഴുവനിലെയും സഭ കേരളത്തിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു. അർക്കദിയാക്കോന്മാരുടെ നിയന്ത്രണത്തിൽ കേരളസഭ അതിന്റെ പ്രവർത്തനങ്ങൾ തുടർന്നുപോന്നു. കേരളീയരുടെ സാമൂഹ്യ - രാഷ്ട്രീയ നേതാക്കന്മാരും അർക്കദിയാക്കോന്മാർ തന്നെയായിരുന്നു.

ഒരു ഇടവകയിലെ പ്രായപൂർത്തിവന്നവരുടെയും, ആ ഇടവകയിലെ വൈദീകരുടെയും യോഗമാണ് ഇടവകയുടെ ഭൗതീക സ്വത്തുക്കളുടെ ഭരണം നടത്തുകയും, ജനങ്ങളുടെ ക്രൈസ്തവജീവിതത്തിന്റെ മേലന്വേഷണം വഹിക്കുകയും ചെയ്തിരുന്നത്. പരസ്യക്കുററക്കാരെ മഹറോൻ ചൊല്ലാനും സമൂഹത്തിൽ നിന്ന് നിഷ്കാസനം ചെയ്യുവാനും ഈ യോഗങ്ങൾക്ക് അധികാരമുണ്ടായിരുന്നു. ഗുരുതരമായ സ്വഭാവത്തോടുകൂടിയുള്ള കാര്യങ്ങൾ രണ്ടോ അതിലധികമോപള്ളികളിലെയോ ഇടവകകളിലെയോ യോഗങ്ങൾ ഒരുമിച്ചിരുന്ന് കേട്ടു തീരുമാനിച്ചിരുന്നു. സഭയെയോ സമൂഹത്തേയോ ഒന്നാകെ ബാധിക്കുന്ന കാര്യങ്ങൾ എല്ലാ ഇടവകകളിലെയും പ്രതിനിധികൾ ചേർന്ന് കൈകാര്യം ചെയ്തിരുന്നു. അങ്ങനെ കേരള സഭ ഒരു ക്രിസ്ത്യൻ റിപ്പബ്ളിക്കിന്റ ഛായയാണ് കൈക്കൊണ്ടിരുന്നത്.

മേൽപ്പറഞ്ഞ തരത്തിലുള്ള സ്വയംഭരണത്തിലും, പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിലും ക്രൈസ്തവീകരിക്കപ്പെട്ട ഹൈന്ദവാചാരങ്ങളിലും മററും പ്രകടിതമായ കേരളസഭയുടെ വ്യക്തിത്വം കേരളീയർക്ക് തോമ്മായുടെ മാർഗ്ഗംതന്നെയായിരുന്നു. തോമ്മായുടെ ഈ നിയമം മതപരവും സാംസ്കാരികവും ആയ വീക്ഷണത്തിൽ കേരളസഭയെ ഇന്ത്യൻ മണ്ണിൽ പൂർണ്ണമായും ഏതദ്ദേശീയമാക്കി തീർത്തിരുന്നു. കേരളസഭയുടെ വ്യക്തിത്വത്തിന്റെ പ്രത്യേക സ്വഭാവവിശേഷങ്ങൾ പൂർണ്ണമായും പൗരസ്ത്യവും ഭാരതീയവുമായിരുന്നു.

കേരളസഭയുടെ വ്യക്തിത്വം 16-ാം ശതകത്തിന്റെ അവസാനത്തോടും 17-ാം ശതകത്തിന്റെ ആരംഭത്തോടും കൂടി നിയമപരമായി നിറുത്തലാക്കപ്പെടുകയും വിരൂപമാക്കപ്പെടുകയും ചെയ്തുവെന്നത് ഖേദകരമായ വസ്തുതയാണ്. കേരളസഭയുടെ മേൽ പോർട്ടുഗീസുകാർ സ്വീകരിച്ച നയമാണ് ഇതിന് കാരണം. പോർട്ടുഗീസുകാരുടെ ദൃഷ്ടിയിൽ കേരളസഭയിൽ നിലനിന്ന തോമ്മായുടെ നിയമവും അതുൾക്കൊണ്ടിരുന്ന സമസ്തവും പാഷാന്ധതയും അന്ധവിശ്വസവുമായിരുന്നു. കേരളീയരെ ലത്തീൻ റീത്തുകാരാക്കി പാദ്രുവായുടെ ഭരണത്തിൻ കീഴിൽ കൊണ്ടുവരികയെന്നതായിരുന്നു അവരുടെ നയം. 16-ാം നൂററാണ്ടിൽ കേരളത്തിലുണ്ടായിരുന്ന പൗരസ്ത്യ സുറിയാനി മെത്രാന്മാരിൽ ചിലരോട് കത്തോലിക്കരെന്നപോലെയും മററുചിലരോട് പാഷാണ്ഡികളെന്നപ്പോലെയുമാണ് പോർട്ടുഗീസുകാർ പെരുമാറിപ്പോന്നത്. തങ്ങളുടെ റീത്തിനെ ലത്തീനികരിക്കുന്നതിനെ കേരളീയർ ശക്തിയായി എതിർത്തു. ഗോവാ ഒരു അതിമെത്രാസനമായിത്തീരുന്നതിന് മുമ്പുതന്നെ

www.malankaralibrary.com

ഗോവാ മെത്രാൻ കേരളത്തിന്റെയും ഇന്ത്യമുഴുവന്റെയും മെത്രാനാണെന്ന് പോർട്ടുഗീസുകാർ വാദിച്ചിരുന്നു.

ഗോവായിലെ പോർട്ടുഗീസ് ലത്തീൻ മെത്രാപ്പോലീത്തയായ ഡോ. മെനേസീസ് കേരളത്തിൽ പ്രവേശിച്ച്, കേരള സഭയിൽ ഭരണാധികാരം വിനിയോഗിക്കുകയും ചരിത്രത്തിൽ അറിയപ്പെടുന്ന ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടുകയും ചെയ്തു. ഇതെല്ലാം മുകളിൽപ്പറഞ്ഞ പോർട്ടുഗീസ് നയം നടപ്പാക്കാനായിരുന്നു. എല്ലാം നിയമവിരുദ്ധമായിട്ടായിരുന്നു. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനുകൾ അനുസരിച്ച് കേരളീയർ അവരുടെ പാത്രിയാർക്കീസിനെ പാഷണ്ഡിയെന്ന് വിളിക്കുകയും ശപിക്കുകയും റോമാ നേരിട്ടു നിയമിക്കുന്നയാളെ മാത്രമേ തങ്ങളുടെ മെത്രാനായി സ്വീകരിക്കൂ എന്നും മററും വാഗ്ദാനം ചെയ്യുകയും ചെയ്തു. എന്നാൽ സുനഹദോസ് നിയമപ്രകാരം വിളിച്ചുകൂട്ടിയതല്ലായിരുന്നു. സൂനഹദോസ് കഴിഞ്ഞതിനു ശേഷം മെനേസീസ് പലതും അതിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ സൂനഹദോസിനെ മാർപാപ്പാ അംഗീകരിക്കരുതെന്ന് മാർത്തോമ്മാ ക്രിസ്ത്യാനികൾ മാർപ്പാപ്പായോട് അഭ്യർത്ഥിച്ചു.

നഷ്ടപ്പെട്ട വ്യക്തിത്വം വീണ്ടെടുക്കുന്നതിനായി നടത്തിയ സാഹസിക ശ്രമങ്ങളാണ് പിന്നീട് മാർത്തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. 1653-ൽ മട്ടാഞ്ചേരിയിൽ നടന്ന കൂനൻ കുരിശു സത്യം അതിന്റെ ഒരു ഭാഗമായിരുന്നു. ആ സത്യം സഭയിൽ പല സംഭവ വികാസങ്ങൾക്കും വഴിതെളിച്ചു. സഭയിൽ ശീശ്മ ഉദയം ചെയ്യുന്നതിനും യാക്കോബായ വിശ്വാസം സ്വീകരിക്കുന്നതിലും ഈ സംഭവവികാസങ്ങൾ വഴിതെളിച്ചു. പോർട്ടുഗീസ് ആധിപത്യം അവസാനിപ്പിക്കുന്നതിനും യാക്കോബായ പുനരൈക്യം സാധിതമാക്കുന്നതിനും വേണ്ടിയാണ് മാർ കരിയാററിയും പാറേമാക്കൽ തോമ്മാകത്തനാരും അതിസാഹസികമായ റോമ യാത്ര നടത്തിയത്. അവരുടെ യാത്ര വിജയകരമായി സമാപിച്ചെങ്കിലും മാർ കരിയാററിയുടെ മരണത്തെതുടർന്ന് വീണ്ടും പോർട്ടുഗീസ് ആധിപത്യത്തിനെതിരായി ശക്തമായി പോരാടേണ്ടിവന്നു. 1874-ൽ ഏഴു വൈദീകർ റോമിലേക്കയച്ച പരാതിയെത്തുടർന്ന് 7 വൈദീകരെയും സന്യാസസഭയിൽ നിന്ന് ബഹിഷ്ക്കരിക്കുകയും അവർ ഏഴു വ്യാകുലങ്ങൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി 1887-ൽ കേരളീയരെയും ലത്തീൻകാരെയും റീത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ചു കോട്ടയം തൃശൂർ വികാരിയാത്തുകൾ സുറിയാനികൾക്കായി അനുവദിക്കുകയും ചെയ്തു. രണ്ടു വികാരിയാത്തുകളിലെയും ഭരണാധികാരികൾ ലത്തീൻകാരായിരുന്നുവെങ്കിലും കേരളസഭയുടെ വ്യക്തിത്വത്തിന്റെ നിയമപരമായ ഒരു അംഗീകാരമായിരുന്നു അത്.

കേരളീയർ ഒരു വിധത്തിലും തങ്ങളുടെ ശ്രമങ്ങൾ അവസാനിപ്പിച്ചില്ല. തൽഫലമായി 1896-ൽ തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം വികാരിയാത്തുകൾ സ്ഥാപിക്കപ്പെടുകയും തുടർന്ന് സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കു

www.malankaralibrary.com

കയും ചെയ്തു. 1923-ൽ എറണാകുളം അതിരൂപതയായി ഉയർത്തി.

പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും മധ്യത്തിൽ ഒതുക്കിനിറുത്തിയിരുന്ന സുറിയാനി സഭയുടെ അതിരുകൾ മാററുന്നതിനും കേരളത്തിന് വെളിയിൽ രൂപതകൾ സ്ഥാപിക്കുന്നതിനും മലബാറിലെ കുടിയേററക്കാർക്ക് 1953-ൽ തന്നെ രൂപതസ്ഥാപിക്കുന്നതിനും പൗരസ്ത്യ തിരുസംഘം പ്രീഫക്ട് കാർഡിനൽ ടിസറാന്റ് തിരുമേനിയുടെ ശ്രമം സഹായകമായി. അതിനു മുമ്പിൽ നിന്നു പ്രവർത്തിച്ചത് ഫാ.പ്ലാസിഡ് സി.എം.ഐ. അവർകളായിരുന്നു.

ഭാരതത്തിനു വെളിയിലും സീറോ - മലബാർ സഭ വികസിച്ചുകൊണ്ടിരിക്കുന്നു. സീറോ - മലബാർ സഭ ഇന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടിരിക്കുന്നു. സീറോ മലബാർ സഭയുടെ പൊതു സിനഡ് 1998-നവംബറിൽ കാക്കനാട്ടു ചേർന്നു. വിദേശങ്ങളിലും സീറോ - മലബാർ സഭയ്ക്ക് ഇടവകകളും രൂപതകളും ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. ഈ കൺവെൻഷൻ സഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികകല്ലാണ്. സീറോ-മലബാർ സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ച മാർ കരിയാററിയും പാറേമാക്കൽ തോമ്മാകത്തനാരും അവരോടൊപ്പം നിന്ന് പ്രവർത്തിച്ച തച്ചിൽ മാത്യു തരകനും പൂതത്തിൽ ഇട്ടിക്കുരുവിള തരകനും, നിധീരിക്കൽ മാണി കത്തനാരും സീറോ - മലബാർ സഭയുടെ അഭിമാനഭാജനങ്ങളാണ്. അവരെ സ്മരിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(ഫിലാഡൽഫിയായിൽ ചേർന്ന സീറോ - മലബാർ കൺവൻഷനിൽ പ്രസിഡന്റ് ജോൺ കച്ചിറമറ്റം നടത്തിയ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ അമേരിക്കയിൽ നിന്നും പുറപ്പെടുന്ന മലയാളി പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതാണ് മുകളിൽ കൊടുത്തിരിക്കുന്നത്.)

**268**

# പാറേമാക്കൽ ഗോവർണ്ണദോർ ചരമ ദ്വിശതാബ്ദി സമാപനം

ഭാരതീയ ക്രൈസ്തവരുടെ അഭിമാനസ്തംഭമായ പാറേമാക്കൽ തോമാകത്തനാരുടെ ചരമദ്വിശതാബ്ദിയാഘോഷങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ വിപുലമായ തോതിൽ നടത്തി. 1999 ജനുവരിയിൽ ആണ് ആഘോഷത്തെപ്പററി ചർച്ചചെയ്യാൻ രാമപുരത്ത് യോഗം ചേർന്നത്. മേഘാലയഗവർണ്ണർ എം.എം. ജേക്കബ്ബ് ഉൽഘാടനം ചെയ്തു. വികാരി ജനറാൾ മോൺജോസഫ്മററം യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. ഡോ.സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. ചരമദ്വിശതാബ്ദിയാഘോഷങ്ങളുടെ നടത്തിപ്പിനായി ഫാ.സിറിയക് കുന്നേൽ പ്രസിഡണ്ടായും എ.കെ.സി.സി. പ്രസിഡണ്ട് ജോൺകച്ചിറമററം കൺവീനറുമായി ഒരു കമ്മററിയെ തിരഞ്ഞെടുത്തു. ടി.ജെ. ജോസഫ് മുണ്ടയ്ക്കൽ, കെ.എം. തോമസ്

www.malankaralibrary.com

കൊയപ്പള്ളി, ഷാജി ആററുപുറം തുടങ്ങിയവർ ഉൾക്കൊള്ളുന്ന എക്സിക്യൂട്ടീവ് കമ്മററിയേയും തിരഞ്ഞെടുത്തു.

1999 മാർച്ച് 20-ന് അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിററ്യൂട്ടിൽ ദ്വിശതാബ്ദിയാഘോഷങ്ങളുടെ ഔപചാരികമായ ഉൽഘാടനം നടന്നു സമ്മേളനത്തിൽ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ആദ്ധ്യക്ഷം വഹിച്ചു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ സമ്മേളനം ഉൽഘാടനം ചെയ്തു. മന്ത്രി കെ.എം. മാണി, എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമറ്റം, പ്രൊഫ.മാത്യു ഉലകംതറ, അഡ്വ.ജോസ് സി.ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

തുടർന്ന് എ.കെ.സി.സി. രൂപതാസംഘങ്ങളുടെയും ശാഖകളുടെയും ആഭിമുഖ്യത്തിൽ ചരമദ്വിശതാബ്ദി സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. മാർ അഗസ്തിനോസ് കോളേജിലും എസ്സ്.എച്ച്. കോൺവെന്റ് ഹൈസ്കൂളിലും പ്രത്യേക സെമിനാറുകളും നടത്തി.

സമാപനപരിപാടികൾ 1999 നവംബർ 17ന് സീറോമലബാർസഭയുടെ ആസ്ഥാനകേന്ദ്രമായ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ആരംഭിച്ച് 20-ാം തീയതി രാമപുരത്ത് ഗോവർണ്ണദോർ നഗറിൽ സമാപിച്ചു.

## തോമ്മാകത്തനാരുടെ ഛായാചിത്രവും വഹിച്ചുകൊണ്ടുള്ള പ്രയാണം

ദ്വിശതാബ്ദിയാചരണത്തിന്റെ സമാപനപരിപാടികൾ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സീറോ-മലബാർ സഭയിലെ 27 വൈദികമേലദ്ധ്യക്ഷന്മാർ അർപ്പിച്ച സമൂഹബലിയോടെയാണ് ആരംഭിച്ചത്. സമൂഹബലിക്കുശേഷം ഛായാചിത്രപ്രയാണം ആർച്ച്ബിഷപ്പ് മാർ വർക്കി വിതയത്തിൽ ഉൽഘാടനം ചെയ്തു. തോമ്മാകത്തനാർ കേരളസഭയുടെ അഭിമാനമാണെന്ന് മാർവിതയത്തിൽ തന്റെ ഉൽഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു. സീറോ മലബാർ സഭയുടെ തനിമ കാത്തുസൂക്ഷിക്കാനും പുനരൈക്യം സാധിക്കാനും ദീർഘവും ക്ലേശകരവുമായ വിദേശയാത്രയാണ് തോമ്മാകത്തനാർ നടത്തിയത്. ലക്ഷ്യംനേടി തിരിച്ചെത്തിയ അദ്ദേഹം ഗോവർണ്ണദോർ പദവിയിൽ സഭയെ ധീരമായി നയിച്ചു. മാർ വിതയത്തിൽ അനുസ്മരിച്ചു.

ഛായാചിത്രപ്രയാണത്തിന് പ്രാരംഭമായി രാവിലെ നടന്ന സമൂഹബലിയിലും യോഗത്തിലും സീറോ മലബാർ സഭയിലെ എല്ലാ ബിഷപ്പുമാരും പങ്കെടുത്തു. ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം എന്നിവർ പ്രസംഗിച്ചു. കെ.സി.വൈ.എം. നടത്തുന്ന ദീപശിഖാപ്രയാണത്തിന്റെ ഉൽഘാടനം ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ നിർവ്വഹിച്ചു. ആഘോഷകമ്മററി പ്രസിഡണ്ട് ഫാ.സിറിയക് കുന്നേൽ ആണ് പേപ്പൽപതാക മാർവിതയത്തിലിന്റെ പക്കൽ നിന്നും ഏററുവാങ്ങിയത്.

www.malankaralibrary.com

തുടർന്ന് ഛായാചിത്രപ്രയാണത്തിന് ഇടപ്പള്ളി, കളമശ്ശേരി, ആലങ്ങാട്ട്, കൂനമ്മാവ്, കൊടുങ്ങല്ലൂർ, പറവൂർ, മംഗലപ്പുഴ, അങ്കമാലി, കാലടി, പെരുമ്പാവൂർ, തൃപ്പൂണിത്തുറ, ഉദയംപേരൂർ, ചെമ്പ്, വൈക്കം, വല്ലകം, വടയാർ, തലയോലപ്പറമ്പ്, കടത്തുരുത്തി, മുട്ടുചിറ, കുറുപ്പുന്തറ, കാഞ്ഞിരത്താനം, കുറവിലങ്ങാട്, രത്നഗിരി, ഏററുമാനൂർ, അതിരമ്പുഴ, മാന്നാനം, കോട്ടയം, വടവാതൂർ എന്നിവിടങ്ങളിൽ ആയിരങ്ങൾ ചേർന്ന് സ്വീകരണം നൽകി. വടവാതൂർ സെമിനാരിയിൽ ശ്രീ.ടി.ജെ. ജോസഫ് മുണ്ടയ്ക്കൽ അന്നത്തെ സമാപനപ്രസംഗം നടത്തി.

പിറേറന്ന് 18-ാം തീയതി രാവിലെ വടവാതൂർ നിന്നും ആരംഭിച്ച പ്രയാണം അയർക്കുന്നം, കിടങ്ങൂർ, ചേർപ്പുങ്കൽ, അരുണാപുരം, പാലാ, ഭരണങ്ങാനം, അറുവിത്തുറ, കളത്തൂക്കടവ്, മേലുകാവ്, തുടങ്ങനാട്, കരിങ്കുന്നം, കുറിഞ്ഞി, മാനത്തൂർ, കടനാട്, പ്രവിത്താനം, അന്തീനാട്, കൊല്ലപ്പള്ളി, പിഴക് (ഉറുമ്പുകാവ്) മൂലമററം എന്നിവിടങ്ങളിലെ ഉജ്ജ്വലസ്വീകരണത്തിനുശേഷം ഏഴുമണിക്ക് രാമപുരത്ത് എത്തിച്ചേർന്നു. ഫാ.സിറിയക് കുന്നേൽ പേപ്പൽ പതാകയും എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം എ.കെ.സി.സി. പാതകയും സമ്മേളനനഗറിൽ ഉയർത്തി.

19-ാം തീയതി മാർ അഗസ്തീനോസ് കോളേജിൽ ഗോവർണ്ണദോർ സിമ്പോസിയം നടന്നു. 20-ാം തീയതി രാവിലെ സെന്റ് പോൾസ് ഹോസ്റ്റൽ മൈതാനിയിൽ ഗോവർണ്ണദോർ സിമ്പോസിയം നടന്നു. സിമ്പോസിയം ബിഷപ്പ് ഡോ.ഹിപ്പോളിററസ് കുന്നുങ്കൽ ഉൽഘാടനം ചെയ്തു. എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം ആദ്ധ്യക്ഷം വഹിച്ചു. ഡോ.കുര്യാസ് കുമ്പുളക്കുഴി പ്രബന്ധം അവതരിപ്പിച്ചു. ടി.ജെ. ജോസഫ് മുണ്ടയ്ക്കൽ, കെ.എം. തോമസ് കൊയപ്പള്ളി എന്നിവർ പ്രസംഗിച്ചു.

മൂന്നുമണിക്ക് സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന വന്ദ്യപിതാക്കന്മാരെ ഇടവകാതിർത്തിയിൽ വച്ച് നൂറുകണക്കിന് കാറുകളുടെ അകമ്പടിയോടെ സ്വീകരിച്ച് രാമപുരം പള്ളിമൈതാനിയിലേക്ക് ആനയിച്ചു. ഫാ. സിറിയക് കുന്നേൽ അഭിവന്ദ്യപിതാക്കന്മാരെ ഹാരമണിയിച്ചു സ്വീകരിച്ചു. കോരിച്ചൊരിയുന്ന മഴയത്തും ആയിരക്കണക്കിനാളുകൾ പരിപാടികളിൽ പങ്കെടുക്കാൻ എത്തിച്ചേർന്നു. ഫാ.സിറിയക് കുന്നേൽ, ഫാ.തോമസ് മൂലേച്ചാലിൽ, കെ.എം.മാണി എം.എൽ.എ. എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

അഭിവന്ദ്യപിതാക്കന്മാർ തുടർന്ന് സമൂഹബലിയർപ്പിച്ചു. സമൂഹബലിയെതുടർന്ന് നടത്തിയ സമാപനസമ്മേളനത്തിൽ ആഘോഷകമ്മററി പ്രസിഡണ്ട് ഫാ.സിറയക് കുന്നേൽ ആമുഖ പ്രസംഗം നടത്തി. എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം സ്വാഗതം ആശംസിച്ചു. സീറോമലബാർ സഭയ്ക്കുവേണ്ടി സ്വയം സമർപ്പിച്ച തപോധനനായിരുന്നു തോമ്മാകത്തനാരെന്നും സഭയോടും ദേശത്തോടും വിശ്വസ്തത പുലർത്തിയ അദ്ദേഹം സഭയുടെ സുസ്ഥിതിക്കും കൂട്ടായ്മയ്ക്കും വേണ്ടി യത്നിച്ചുവെന്നും യോഗം ഉൽഘാടനം ചെയ്ത ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പ്രസ്താവിച്ചു.

www.malankaralibrary.com

ബിഷപ്പ് മാർപോൾചിററിലപ്പള്ളി യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. ബിഷപ്പ് മാർ ജോസഫ് പെരുമററം സമ്മാനങ്ങൾ വിതരണം ചെയ്തു.

ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമററം, പാലാ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ബിഷപ്പുമാരായ മാർ തോമസ് ഇലവനാൽ, മാർ വിജയാനന്ദ് നെടുമ്പുറം, മാർ തോമസ് ചക്യത്ത്, മാർ ജോർജ്ജ് ആലഞ്ചേരി, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ ഗ്രീഗറി കരോട്ടെമ്പ്രേൽ, മാർ സൈമൺ സ്റ്റോക്ക് പാലാത്തിറ, മാർ ജോസഫ് കുന്നത്ത് എന്നിവർ പ്രസംഗിച്ചു. കെ.എം. തോമസ് നന്ദി പറഞ്ഞു. വൈദികരും കന്യാസ്ത്രീകളും അടക്കം ഒരു വൻജനാവലി ചടങ്ങുകളിൽ പങ്കെടുത്തു.

മാർ കരിയാററിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിലേക്ക് കൊണ്ടുവന്നത് കത്തോലിക്കാകോൺഗ്രസ്സാണ്. മാർ കരിയാററിയുടെ മെത്രാഭിഷേക ദ്വിശതാബ്ദി രാഷ്ട്രപതി ഗ്യാനിസെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയതും കത്തോലിക്കാകോൺഗ്രസ്സാണ്. പാറേമാക്കൽ തോമ്മാകത്തനാരുടെ ചരമ ദ്വിശതാബ്ദി സീറോ മലബാർ സഭയിലെ എല്ലാ മെത്രാന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയതും കത്തോലിക്കാകോൺഗ്രസ്സ് തന്നെ.

21-12-1999

## 269

# ഗുജറാത്ത് ഫ്രീഡം ഓഫ് റിലീജിയൻ ബില്ല് 1999 ദുരുദ്ദേശപരം

മതപരിവർത്തനം തടയാൻ ഗുജറാത്തിലെ ബി.ജെ.പി. ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്ന ബില്ല് ദുരുദ്ദേശപരമാണെന്നും പ്രസ്തുത ബില്ലിൽ ഓരോ പദങ്ങൾക്കും നൽകിയിരിക്കുന്ന നിർവ്വചനങ്ങൾ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നതാണെന്നും എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

ബില്ലിന്റെ പൂർണ്ണരൂപം ഗുജറാത്തിലെ എം.എൽ.എ.മാർക്കിടയിൽ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

'ബലം' പ്രയോഗിച്ചോ പ്രലോഭിപ്പിച്ചോ വഞ്ചനാമാർഗ്ഗത്തിലൂടെയോ ആരെയെങ്കിലും ഒരു മതത്തിൽ നിന്ന് വേറൊരു മതത്തിലേക്കു പ്രത്യക്ഷമായോ പരോക്ഷമായോ മാററുന്നതിനും മാററാൻ ശ്രമിക്കുന്നതിനും ബിൽ നിരോധിക്കുന്നു. ഈ നടപടിക്കു കൂട്ടുനിൽക്കുന്നതും വിലക്കുന്നു.

ഇതു പ്രകാരമുണ്ടാകുന്ന കേസുകൾ വിചാരണചെയ്യാൻ പ്രത്യേക കോടതി രൂപവൽക്കരിക്കാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. 'കുററവാളി'കൾക്കു രണ്ടു വർഷം തടവാണ് ശിക്ഷ. സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്തവർക്കും നേരെയാണു 'കുററ'മെങ്കിൽ ശിക്ഷ ഇരട്ടിക്കും, അതായത് നാലു വർഷമാകും. പട്ടികജാതി - പട്ടികവർഗ്ഗക്കാരെ മതപരിവർത്തനം ചെയ്യാൻ

www.malankaralibrary.com

പ്രേരിപ്പിച്ചാൽ മൂന്നു വർഷം കഠിനതടവും അയ്യായിരും രൂപ പിഴയും നിർബന്ധമായി വിധിക്കണമെന്നു ബില്ലിൽ പറയുന്നു.

ശിക്ഷാവ്യവസ്ഥകളേക്കാൾ പ്രധാനം ബില്ലിൽ ഓരോ പദങ്ങളും നിർവചിച്ചിരിക്കുന്ന രീതിയാണ്. വളരെ വ്യാപകമാണു നിർവചനം. ഏതു വിധവും വ്യാഖ്യാനിച്ച് കേസുണ്ടാക്കാവുന്ന നിർവചനങ്ങളാവണവ.

പ്രലോഭനത്തിനു നൽകിയിരിക്കുന്ന നിർവചനം ശ്രദ്ധിക്കുക. 'എന്തെങ്കിലും പ്രയോജനമുള്ളവ, പണമായോ സാധനമായോ നല്കാമെന്നു പറയുന്ന സമ്മാനം. ഇതിൽ എന്തെങ്കിലും ആനുകൂല്യവും ഏതെങ്കിലും പ്രത്യേകാവകാശവും ഉൾപ്പെടും' എന്നതാണ് നിർവചനം.

'ബലം' എന്നതിനു ശക്തി പ്രകടനം, ദൈവശിക്ഷയെപ്പററി ധരിപ്പിക്കൽ, സാമൂഹ്യ ഒററപ്പെടുത്തൽ അഥവാ ഊരുവിലക്ക് എന്ന നിർവ്വചനം നൽകിയിരിക്കുന്നു.

ലോക്സഭാ തെരഞ്ഞെടുപ്പു കഴിഞ്ഞയുടനെയാണു നിയമസഭാംഗങ്ങൾക്കിടയിൽ ബില്ല് വിതരണം ചെയ്തത്. നിയമസഭയിൽ ബി.ജെ.പി.ക്കു മുന്നിൽ രണ്ടിലേറെ ഭൂരിപക്ഷമുണ്ട്. അടുത്ത മാസം നിയമസഭ കൂടുമ്പോൾ ബില്ല് പാസാക്കാനാണു നീക്കം.

മുൻവിധിയോടുകൂടി തയ്യാറാക്കിയിരിക്കുന്ന ബില്ലിലെ വ്യവസ്ഥകൾ അംഗീകരിച്ചാൽ ആരുടെമേലും കുററം ആരോപിച്ച് ശിക്ഷിക്കാൻ സാധിക്കും. അതിനാൽ ഈ ബില്ല് കൂടുതൽ പഠനത്തിനും ചിന്തക്കും ശേഷം മാത്രമേ ചർച്ച ചെയ്യാവൂ എന്ന് കച്ചിറമററം അഭ്യർത്ഥിച്ചു.

## 270

# ബിഷപ്പ് മാർ പോത്തനാംമുഴി തിരുമേനിയുടെ പാസ്റ്ററൽ ലെററർ

മാനന്തവാടി രൂപതുടെ മെത്രാൻ മാർ എമ്മാനുവൽ പോത്തനാംമുഴി തിരുമേനി മാനന്തവാടി രൂപതയിലെ ദൈവജനത്തിനെഴുതിയ പാസ്റ്ററൽ ലെററർ തികഞ്ഞ അഭിമാനത്തോടും അതിലേറെ സന്തോഷത്തോടും കൂടിയാണ് എ.കെ.സി.സി. പ്രവർത്തകർ വായിച്ചത്.

നാലുവർഷക്കാലം എ.കെ.സി.സി.യുടെ ഏററം മെച്ചപ്പെട്ട പ്രവർത്തനം നടത്തിയ രൂപതാ സംഘത്തിന്റെ അവാർഡ് നേടിയ രൂപതാ സംഘമായിരുന്നു മാനന്തവാടി രൂപതാസംഘം. രൂപതാ സംഘത്തിന് സുശക്തമായ നേതൃത്വം നൽകിയത് ഡയറക്ടർ ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അവർകളായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് ഫാ. ജോർജ്ജ് മാമ്പിള്ളിൽ അവർകളെ രൂപതാ ഡയറക്ടർ ആയി നിയമിക്കുകയുണ്ടായി. മാനന്തവാടി രൂപതാ

www.malankaralibrary.com

സംഘത്തിന്റെ പൂർവ്വകാലപ്രതാപം വീണ്ടെടുക്കാനുള്ള ശ്രമത്തിന് ഫാ. മാമ്പിള്ളി പ്രത്യേകം ഊന്നൽ നൽകികൊണ്ടാണ് പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. അദ്ദേഹത്തിന്റേയും രൂപതാസംഘത്തിന്റെയും പ്രവർത്തനങ്ങളെ വളരെയധികം താല്പര്യത്തോടെയാണ് രൂപതാദ്ധ്യക്ഷൻ വീക്ഷിക്കുന്നത്. അതിനുള്ള തെളിവാണ് അദ്ദേഹത്തിന്റെ പാസ്റ്ററൽ ലെററർ.

പാസ്റ്ററൽ ലെറററിലൂടെ എല്ലാ ഇടവകകളിലും ശാഖകൾ സ്ഥാപിക്കണമെന്നും കഴിയുന്നത്ര ആളുകൾ എ.കെ.സി.സി.യിൽ ആയുഷ്ക്കാല അംഗത്വം എടുക്കണമെന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. സംഘടനാ പ്രവർത്തനത്തിന് സാമ്പത്തികം പ്രധാനഘടകമാണ്. ആ വസ്തുത മനസ്സിലാക്കികൊണ്ട് ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചപിരിവ് എ.കെ.സി.സിക്ക് നൽകണമെന്നും ആ തുക രൂപതാ കേന്ദ്രത്തിലെത്തിക്കണമെന്നും തിരുമേനി കല്പിച്ചിട്ടുണ്ട്. ഒരു ഞായറാഴ്ച പിരിവ് നടത്തി സംഘടനാ പ്രവർത്തനത്തിന് നൽകണമെന്ന് ആവശ്യപ്പെട്ട പ്രഥമ ബിഷപ്പായിരിക്കും മാർ പോത്തനാമുഴി.

മാനന്തവാടി രൂപതയിൽ സംഘടനാ പ്രവർത്തനം കൂടുതൽ ശക്തമാകുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ അനുകൂലമായ സാഹചര്യം കണക്കിലെടുത്ത് സംഘടനാ പ്രവർത്തനം ഊർജിതപ്പെടുത്തുവാൻ സംഘടനാ പ്രവർത്തകർ ഒററക്കെട്ടായി മുന്നോട്ടുനീങ്ങണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ഒരു പാസ്റ്ററൽ ലെറററിലൂടെ സംഘടനാ പ്രവർത്തനത്തിന് ഉത്തേജനം നൽകിയ മാർ പോത്തനാംമുഴി തിരുമേനിയോട് എ.കെ.സി.സി. പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

05-11-1999

## 271

# സ്നേഹിതരെ ഉണരുക

ഇടതുപക്ഷമുന്നണിയാണ് കേരളം ഭരിക്കുക. ഇടതുപക്ഷ കക്ഷികളിൽ ഏററം ശക്തമായ പാർട്ടി മാർക്സിസ്റ്റ് പാർട്ടിയാണ്. ഘടകകക്ഷികളിൽ ഒന്നിനും ഒററക്കുനിന്ന് മാർക്സിസ്റ്റ് പാർട്ടിയോടു പോരാടാൻ സാധിക്കുകയില്ല. അതിനുള്ള ശക്തിയില്ലെന്നതാണ് സത്യം. മുന്നണിയിലെ ഘടകകക്ഷികൾ പലതു ചേർന്ന് സി.പി.എം.ന്റെ വല്ല്യേട്ടൻ മനോഭാവത്തെ എതിർത്തിട്ടുണ്ടെങ്കിലും ആ എതിർപ്പിന് കാര്യമായ ശക്തി ലഭിച്ചിട്ടില്ല.

മാർക്സിസ്റ്റ് പാർട്ടിയുടെ പോഷക സംഘടനകൾ പല സന്ദർഭത്തിലും നിയമം കൈയിലെടുക്കുകയും രാജ്യത്ത് അസമാധാനം സൃഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ ഫലപ്രദമായി നേരിടുവാൻ ഘടകകക്ഷികൾക്ക് സാധിച്ചിട്ടില്ല. പ്രതിപക്ഷ കക്ഷികൾക്കും മാർക്സിസ്റ്റ് ഭീകരതയ്ക്കെതിരെ ബഹുജന മുന്നേററമുണ്ടാക്കാൻ നാളിതു വരെ സാധിച്ചിട്ടില്ല.

www.malankaralibrary.com

മാർക്സിസ്റ്റ് പാർട്ടിയുടെ പോഷക സംഘടനയും കൂടി ആദ്യം നടത്തിയ ക്രൂരത, കുട്ടനാടൻ മേഖലയിലെ കൃഷിനശിപ്പിക്കലായിരുന്നു. നെൽപാടങ്ങൾ നികത്തി മററു കൃഷികൾ ചെയ്തത് എല്ലാം പോലീസ് നോക്കി നിൽക്കേ നശിപ്പിച്ചു കുട്ടനാടൻ മേഖലയിലാകെ ഭീതി പരത്തിക്കൊണ്ട് മാർക്സിസ്റ്റുകൾ നടത്തിയ അക്രമത്തെ കർഷകരുടെ സംഘടിത നീക്കം കൊണ്ട് താൽക്കാലികമായി തടയുവാൻ സാധിച്ചു. പ്രതിപക്ഷകക്ഷികളും ആ കാര്യത്തിൽ സഹകരിച്ചു.

തൃശ്ശൂർ സെന്റ് തോമസ് കോളേജിലും ചങ്ങനാശ്ശേരി എസ്.ബി. കോളേജിലുമാണ് മാർക്സിസ്റ്റ് പാർട്ടിയുടെ പോഷക സംഘടനയായ എസ്.എഫ്.ഐ., സി.ഐ.ടി.യുവിന്റെ സഹകരണത്തോടെ അക്രമം അഴിച്ചുവിട്ടത്. പഠനത്തിലും പഠ്യേതര പ്രവർത്തനത്തിലും ഉന്നതനിലവാരം പുലർത്തിയിരുന്ന ഈ കോളേജുകളെയും തകർക്കാനുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ ഗൂഢശ്രമത്തിനെതിരെ ബഹുജനസ്വരമുയർന്നു. അവർ താല്കാലികമായി പത്തിമടക്കി. വീണ്ടും അവർ അക്രമം നടത്തിയത് അങ്കമാലി സ്വകാര്യ ആശുപത്രിയുടെ നേർക്കാണ്. കേരളത്തിലെ ഏററം വലിയ സ്വകാര്യ ആശുപത്രികളിൽ ഒന്നാണ് അങ്കമാലി ലിററിൽ ഫ്ളവർ ആശുപത്രി. സി.ഐ.ടി.യു. ഗുണ്ടകൾ ആശുപത്രിയുടെ നേർക്ക് അക്രമണം നടത്തി. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ വരുത്തി. ആ അക്രമണത്തിനെതിരെ ബഹുജനരോഷമുയർന്നു. അവസാനം നഷ്ടപരിഹാരം സർക്കാർ നൽകി പ്രശ്നം ഒത്തു തീർപ്പാക്കി. യഥാർത്ഥത്തിൽ നഷ്ടപരിഹാനം നൽകേണ്ടിയിരുന്നത് മാർക്സിസ്റ്റു പാർട്ടിയായിരുന്നു. അതിനു പകരം സർക്കാർ നഷ്ടപരിഹാരം നൽകി. മർക്സിസ്റ്റുകാർ എന്ത് അക്രമം കാണിച്ചാലും അതിനെതിരെ പ്രതികരിക്കുവാൻ പ്രതിപക്ഷത്തിന് സാധിക്കുന്നില്ല.

അങ്കമാലി സംഭവത്തിനു ശേഷം മലബാറിൽ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിലാണ് ആക്രമണം അരങ്ങേറിയത്. പ്രിൻസിപ്പലിനെ മർദ്ദിച്ചു. കോളേജിന്റെ കോമ്പൗണ്ട് വാൾ തകർത്തു. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വരുത്തി. എന്നു തന്നെയുമല്ല കോളേജ് അദ്ധ്യാപകരെയും വൈദികരെയും കന്യാസ്ത്രീകളെയും അപമാനിച്ച് തേജോവധം ചെയ്യാനാണ് മാർക്സിസ്റ്റു പാർട്ടി ശ്രമിച്ചത്. അതിനുവേണ്ടി അവർ നടത്തിയ ഹീനശ്രമങ്ങൾ വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

ഈ അക്രമ സംഭവങ്ങൾക്കെതിരെ ഭരണ മുന്നണിയിലെ ഘടകകക്ഷികൾ ധീരമായ നിലപാടെടുത്തിട്ടില്ല. തൃശ്ശൂരും, ചങ്ങനാശ്ശേരിയിലും, അങ്കമാലിയിലും ഘടകകക്ഷികളെ നിർവ്വീര്യമാക്കിയ സി.പി.എം., എല്ലായിടത്തും പ്രശ്നങ്ങൾ സൃഷ്ടിച്ച് ഘടകകക്ഷികളെ നിർവ്വീര്യമാക്കുകയാണ് ചെയ്തത്. ധീരമായ നിലപാടെടുക്കുവാൻ ഘടകകക്ഷികൾക്കോ പ്രതപക്ഷ കക്ഷികൾക്കോ സാധിച്ചിട്ടില്ല. നിർമ്മലഗിരിയിൽ കാണിച്ച അക്രമങ്ങൾ വർണ്ണിക്കാവതല്ല.

തൽക്കാലികമായി നിർമ്മലഗിരി ഒത്തു തീർന്നു. സ്വകാര്യ സ്ഥാനപങ്ങളുടെ നേരെയുള്ള ആക്രമണ പരമ്പര ഇനിയും തുടരും. ഘടകകക്ഷിക

www.malankaralibrary.com

ളുടെയും പ്രതിപക്ഷ കക്ഷികളുടെയും ശക്തി ഒന്ന് പരീക്ഷിച്ചു നോക്കുകയാണ് സി.പി.എം. ലക്ഷ്യം.

ഘടകകക്ഷികൾക്കും പ്രതിപക്ഷ കക്ഷികൾക്കും സി.പി.എം.ന്റെ ക്രൂരനടപടികളെ എതിർക്കാൻ സാധിക്കുന്നില്ല. ഈ സത്യം ഗ്രഹിച്ചുകൊണ്ട് മാർക്സിസ്റ്റു ആക്രമണത്തെ നേരിടാൻ നാം സ്വയം സംഘടിക്കേണ്ടിയിരിക്കുന്നു. സ്നേഹിതരേ ഉണരുക. മാർക്സിസ്റ്റ് ആക്രമണങ്ങളെ എതിർക്കാൻ ധീരതയോടെ മുന്നേറുക. വിജയം നമ്മുടെതാണ് സംശയമില്ല.

05-12-1999

## 272

# 2000- മാനവസമഗ്രവിമോചന വർഷം

രണ്ടായിരാമാണ്ട് - മഹാജൂബിലി വർഷം - അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് മാനവ സമഗ്രവിമോചന വർഷമായി ആചരിക്കുകയാണ്. മാനവസമഗ്രവിമോചനവർഷത്തിന്റെ ലക്ഷ്യങ്ങളും അതു വിഭാവന ചെയ്യുന്ന വസ്തുതകളും വിശദീകരിച്ചുകൊണ്ടുള്ള പ്രസിഡണ്ടിന്റെ പ്രസ്താവന അന്യത്ര ചേർത്തിട്ടുണ്ട്. മനുഷ്യാവകാശസംരക്ഷണത്തിനുവേണ്ടി ക്രൈസ്തവസമുദായം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്. അതിന്റെ ചുവടു പിടിച്ചാണ് പൗരസമത്വവാദപ്രക്ഷോഭണവും നിവർത്തന പ്രക്ഷോഭണവും ഉത്തരവാദ ഭരണ പ്രക്ഷോഭണവും എല്ലാം കത്തോലിക്കാ കോൺഗ്രസ്സ് നടത്തിയത്. കുടിയിറക്കുകൾക്കും മേൽച്ചാർത്തുകൾക്കുമെതിരായി സമരം നടത്തിയത്.

മാറ്റങ്ങൾ അനുദിനം നമ്മുടെ സമൂഹത്തിൽ വന്നുകൊണ്ടിരിക്കുകയാണ്.മാറ്റങ്ങൾഅതിവേഗത്തിൽ ഇവിടെ സംഭവിക്കുന്നുണ്ടെങ്കിലും അടിച്ചമർത്തലിന് വിധേയരാകുന്നവരുടെയും ദരിദ്രരുടെയും പീഡിതരുടെയും ദുരിതങ്ങൾ ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ എണ്ണവും വർദ്ധിക്കുന്നു. പീഡിതരുടെ കരച്ചിൽ കേട്ട ദൈവം അവരുടെ പീഡനത്തിനും കഷ്ടതകൾക്കും അറുതിവരുത്തുക എന്ന ലക്ഷ്യംവെച്ചുകൊണ്ടുകൂടിയാണ് മോസ്സസ്സിനെപ്പോലെതന്നെ രാജക്കന്മാരെയും പ്രവാചകന്മാരെയും നിയമിക്കുക. ദൈവത്തിന്റെ രക്ഷാകര-വിമോചനദൗത്യങ്ങളുടെ പൂർത്തീകരണത്തിനായി ഇവരെല്ലാം ദൈവത്തിന്റെ കൈയ്യിൽ ഉപകരണങ്ങളാക്കപ്പെടുന്നതായാണ് നാം കാണുക.

യേശുവിന്റെ ജനനത്തിന് രണ്ടായിരാമാണ്ട് - മഹാജൂബിലി വർഷം - ദൈവം കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരെ പ്രവാചകന്മാരായി നിയമിച്ചിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സത്യത്തിലും നീതിയിലും അടിത്തറ പാകിയ, സ്നേഹവും സാഹോദര്യവും തഴച്ചു വളരുന്ന ഒരു സമൂഹത്തിന്റെ രൂപീകരണത്തിനായിട്ടാണ് പ്രവാചകർവഴി ദൈവം ആഹ്വാനം ചെയ്യുക. ആ പുതിയ സമൂഹത്തിന് രൂപം കൊടുക്കുവാൻ ദൈവം കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരെ പ്രവാചകന്മാരായി തിരഞ്ഞെടുത്തിരിക്കുകയാ

www.malankaralibrary.com

ണ്. അഭിവന്ദ്യ ബിഷപ്പ് മാർ തോമസ് ചക്യത്ത് സഭാജീവിതത്തിന്റെ സാമൂഹ്യപാഠങ്ങൾ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതുപോലെ ദൈവികപദ്ധതിയനുസരിച്ചുള്ള സമൂഹരൂപീകരണത്തിൽ ദൈവജനം പരാജയപ്പെട്ട സന്ദർഭങ്ങളിലൊക്കെ പ്രവാചകർ ഇടപെട്ട് സമൂഹപുനർനിർമ്മാണത്തിനുവേണ്ടി ശ്രമിക്കുകയുണ്ടായി. ന്യായത്തെ കീഴ്മേൽ മറിക്കുകയും നീതിയെ നിലത്തെറിയുകയും ചെയ്തിരുന്ന ജനതയെ (ആമോസ് 5:7) പ്രവാചകർ - ദൈവത്തിന്റെ അധികാരസ്വരത്തിൽ - നീതി പുന:സ്ഥാപിച്ച് ദൈവത്തിന് പ്രീതികരമായ സമൂഹം രൂപപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്.

ആ പ്രവാചകദൗത്യം കത്തോലിക്കാ കോൺഗ്രസ്സ് ഏറ്റെടുക്കുന്നു. സമൂഹത്തിൽ നടമാടുന്ന എല്ലാ തിന്മകൾക്കും എതിരെ - അടിച്ചമർത്തലുകൾക്കും നീതി നിഷേധിക്കലിനുമെതിരെ - ദാരിദ്ര്യത്തിനും രോഗത്തിനുമെതിരെ ഒരു പോരാട്ടം ഞങ്ങൾ മുന്നിൽ കാണുന്നു. മാനവ സമഗ്ര വിമോചനം ലക്ഷ്യമാക്കി ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരുടെ പങ്കാളിത്തത്തോടെ ഈ മഹാജൂബിലി വർഷത്തിൽ ഞങ്ങൾ പ്രവർത്തിക്കും. ഈ വലിയ വിമോചന പ്രക്രിയയിൽ പങ്കുചേരാൻ എല്ലാ മനുഷ്യസ്നേഹികളെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

05-01-2000

**(273)**

# മഹാജൂബിലി വർഷം മാനവ സമഗ്ര വിമോചന വർഷമായി കത്തോലിക്കാ കോൺഗ്രസ്സ് ആചരിക്കും

സമൂഹത്തിലെ അക്രമത്തിനും അനീതിക്കും മൂല്യശോഷണത്തിനും മനുഷ്യാവകാശ നിഷേധത്തിനുമെതിരായി ശബ്ദമുയർത്തിയ - സമഗ്രവിമോചകനായ വിപ്ലവകാരിയുടെ ജന്മദിനത്തിന്റെ മഹാജൂബിലി വർഷമായ 2000-ാമാണ്ട് മാനവ സമഗ്ര വിമോചന വർഷമായി കത്തോലിക്കാ കോൺഗ്രസ്സ് ആചരിക്കുന്നതാണെന്ന് പ്രസിഡണ്ട് ജോൺ കച്ചിറമറ്റം അറിയിച്ചു. കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവൻ എന്നെ അയച്ചിരിക്കുന്നു. (ലൂക്കാ 4:18,19) എന്ന് ഏശയ്യാ പ്രവാചകന്റെ തന്നെക്കുറിച്ചുള്ള പ്രവചനം അവതരിപ്പിച്ചുകൊണ്ട് പരസ്യജീവിതം ആരംഭിച്ച യേശുവിന്റെ - ആ മഹാത്യാഗിയുടെ - മഹാജൂബിലി സകല മനുഷ്യരുടെയും നന്മയെ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടികളോടെ, ആചരിക്കുന്നതാണ്. ലോകജനതയുടെ മുഴുവൻ പിന്തുണയോടും അനുഗ്രഹത്തോടും കൂടി ഈ ജൂബിലിയാഘോഷം സംഘടിപ്പിക്കും.

www.malankaralibrary.com

ക്രിസ്തുജയന്തി - സുവിശേഷവൽക്കരണം 2000 - ഇന്ത്യയിലെ ചുരുക്കം ചിലരുടെയിടയിലെങ്കിലും ആശങ്കക്കിടനൽകിയിട്ടുണ്ടെന്നുള്ള സത്യം ഞങ്ങൾ ഗ്രഹിക്കുന്നു. ആ ആശങ്കയെ ദൂരീകരിക്കുവാൻ ഞങ്ങൾ ശ്രമിക്കും. സുവിശേഷവൽക്കരണം കൊണ്ടുദ്ദേശിക്കുന്നത് ജ്ഞാനസ്നാനപ്പെടുത്തലല്ല, സുവിശേഷ മൂല്യങ്ങളുടെ പ്രസരണം മാത്രമാണ്.

മഹാജൂബിലി വർഷത്തിൽ യേശു നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിൽ വീണ്ടും ജനിക്കണം. മനുഷ്യന്റെ സമഗ്രരക്ഷ അഥവാ പൂർണ്ണവിമോചനമാണ് യേശു തന്റെ ജീവിതം വഴി മനുഷ്യകുലത്തിന് നേടിക്കൊടുത്തത്. മനുഷ്യന്റെ നിത്യരക്ഷയും പാരതന്ത്ര്യത്തിൽ നിന്നുള്ള മുക്തിയും യേശുവിന്റെ പ്രവർത്തനങ്ങളുടെ ലക്ഷ്യമായിരുന്നു. ആ ലക്ഷ്യത്തോടെ പ്രവർത്തിക്കുവാൻ യേശുവിനെ നമ്മുടെ ഹൃദയത്തിൽ വീണ്ടും ജനിപ്പിക്കുവാൻ നാം തയ്യാറാകണം. പഴയ നിയമകാലത്തെ ആമോസ്, ജറിമിയാസ് മുതലായ പ്രവാചകന്മാരുടെ രീതിയിൽ വളരെ നിശിതമായി തങ്ങളുടെ സമകാലീന സമൂഹത്തിലുള്ള അനീതികളെ ചോദ്യം ചെയ്യാൻ ക്രിസ്തു നമ്മിൽ വീണ്ടും ജനിക്കണം.

അടിസ്ഥാന ജീവിതസൗകര്യങ്ങൾ പോലും ലഭിക്കാത്ത കോടിക്കണക്കിനാളുകൾ ഭൂമുഖത്തുണ്ട്. ഒരു നേരത്തെ ഭക്ഷണത്തിനു വകയില്ലാത്തവർ, അന്തിയുറങ്ങാൻ പാർപ്പിടമില്ലാത്തവർ, നഗ്നതമറക്കാൻ വസ്ത്രമില്ലാത്തവർ, പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ പോലും ലഭിക്കാത്തവർ, തൊഴിലില്ലായ്മ, യുദ്ധം, പ്രകൃതിക്ഷോഭം മുതലായവമൂലം ദുരിതമനുഭവിക്കുന്നവർ, അടിമപ്പണിക്ക് വിധേയരാകുന്നവർ, സ്ത്രീപീഡനത്തിനിരയാവുന്നവർ, ഗർഭച്ഛിദ്രത്തിന് വിധേയരാകുന്നവർ എല്ലാം നിരവധിയാണ്. സമ്പൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യം ഓരോരുത്തർക്കും നേടിക്കൊടുക്കുവാൻ ഈ മഹാജൂബിലി വർഷത്തിൽ നമുക്ക് സാധിക്കണം.

നീ സൂക്ഷിച്ചു വയ്ക്കുന്ന അപ്പം വിശക്കുന്നവന്റേതും വസ്ത്രം നഗ്നന്റേതും ചെരിപ്പുകൾ ചെരിപ്പ് ഇല്ലാത്തവന്റേതും കുന്നുകൂട്ടി വയ്ക്കുന്ന സമ്പത്ത് ദരിദ്രനാരായണന്റേതുമാണെന്ന വി. ബേസിലിന്റെ പ്രസ്താവന ഈ സമഗ്രവിമോചനവർഷത്തിൽ കത്തോലിക്കാ കോൺഗ്രസ് പഠനവിധേയമാക്കും. പാപത്തിൽനിന്നും അതിന്റെ സ്വാധീനങ്ങളായ സാമൂഹ്യ - സാമ്പത്തിക രാഷ്ട്രീയ അടിമത്തങ്ങളിൽനിന്നുള്ള വിമോചനം ലക്ഷ്യമാക്കിയുള്ള കർമ്മ പരിപാടികൾക്കു രൂപം നൽകും. നീതിയിലും സത്യത്തിലും അടിത്തറയിട്ട ആദർശസുന്ദരമായൊരു സമൂഹം ഈ കാലഘട്ടത്തിന്റെ വലിയൊരു സ്വപ്നമാണ്. ആ സ്വപ്നസാക്ഷാത്കാരത്തിനുവേണ്ടി ജൂബിലി വർഷത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തിക്കും.

കോഴ, ചതി, കാപട്യം, കരിഞ്ചന്ത, മദ്യം, മായം, കൊല, കൊള്ള, നഗ്നനൃത്തം, നീലച്ചിത്രം, സ്വവർഗ്ഗരതി മുതലായ തിന്മകളുടെ തീവ്രതവെച്ചു നോക്കുമ്പോൾ ഇന്നത്തെ കേരളം ജോനാസ് പ്രവാചകന്റെ കാലത്തെ നിനവേ നഗരം പോലെയായിട്ടുണ്ട്. ഈ തിന്മകൾക്കെതിരെ പോരാടാൻ ഒരു പുതിയ പ്രവാ

www.malankaralibrary.com

ചകൻ ഇവിടെ പിറക്കേണ്ടിയിരിക്കുന്നു. ഉന്നതപീഠങ്ങളിൽ ഉപവിഷ്ടരായവർ തങ്ങളുടെ കിരീടങ്ങളും ചെങ്കോലുകളും വലിച്ചെറിഞ്ഞ് സിംഹാസനങ്ങളിൽനിന്ന് ഇറങ്ങുകയും സാധാരണക്കാരോടും സാധുക്കളോടും ഒത്ത് ചാക്കുവസ്ത്രം ധരിക്കുകയും ചാരം പൂശുകയും പിഴയിടീക്കുകയും പ്രലപിക്കുകയും ചെയ്യാൻ സമയമായിരിക്കുന്നു. ഇതിന് ജനങ്ങളെ സന്നദ്ധരാക്കുവാനാണ് 2000-ാമാണ്ട് എ.കെ.സി.സി. മാനവസമഗ്രവിമോചന വർഷമായി ആചരിക്കുന്നത്.

മനുഷ്യ വിമോചനത്തെക്കുറിച്ച് പ്രത്യാശയും പരിഗണനയും പുലർത്തുന്ന സിനഡ് പിതാക്കന്മാരുടെ ലോകത്തിലെ നീതി എന്ന പ്രമാണരേഖയിലെ താഴെ കാണുന്ന ഭാഗമാണ് ഇങ്ങനെയൊരു വർഷാചരണത്തിന് ഞങ്ങളെ പ്രേരിപ്പിച്ചത്. "അനീതിപൂർവ്വമായ സംവിധാനങ്ങളിൽ മർദ്ദിതരും അടിച്ചമർത്തപ്പെടുന്നവരുമായ മനുഷ്യരുടെ കേഴലുകളും, നീതിയെ സംബന്ധിച്ച ദൈവനിയമങ്ങൾ ലംഘിക്കുന്ന തിന്മ നിറഞ്ഞലോകത്തിന്റെ രോദനവും ഞങ്ങൾ ശ്രവിക്കുന്നു. അതു ഞങ്ങളുടെ കാതുകളിൽ അലയടിക്കുമ്പോൾ ദുഃഖിക്കുന്നവർക്ക് സന്തോഷവും മർദ്ദിതർക്കു വിമോചനവും ദരിദ്രർക്ക് സുവിശേഷവും നൽകികൊണ്ട് ലോകത്തിന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യാനുള്ള സഭയുടെ നൂതന ദൈവവിളിയെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാകുന്നു. ആ ബോധ്യം ഞങ്ങൾ ആവർത്തിച്ച് ഉൽഘോഷിക്കുകയും ചെയ്യുന്നു." മനുഷ്യന്റെ വ്യക്തിപരമായ പാപത്തിൽ നിന്നും അതിന്റെ സാമൂഹിക സ്വാധീനങ്ങളിൽ നിന്നും മാനവരാശിയെ വിമോചിപ്പിക്കുവാൻ ലക്ഷ്യം വച്ചുകൊണ്ടു നടത്തുന്ന "മാനവ സമഗ്ര വിമോചന വർഷാചരണം" വിജയിപ്പിക്കുവാൻ എല്ലാ മനുഷ്യ സ്നേഹികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

എ.കെ.സി.സി. യുടെ മാനവസമഗ്രവിമോചന വർഷാചരണത്തിന്റെ ഉദ്ഘാടനം ജനുവരി ആദ്യം നടത്തുന്നതാണ്. - പ്രസിഡന്റ് ജോൺ കച്ചിറമറ്റം അറിയിച്ചു.

05-01-2000

## 274

# ആരാണ് കുറ്റക്കാർ

പുതിയ ശതാബ്ദത്തിലേക്കും സഹസ്രാബ്ദത്തിലേക്കും പ്രവേശിക്കുവാൻ നാം ദീർഘനാളായി ഒരുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ലോകം മുഴുവൻ അത്യാഹ്ളാദപൂർവ്വം പുതുശതാബ്ദത്തെ, സഹസ്രാബ്ദത്തെ വരവേൽക്കുകയുണ്ടായി. പുതുശതാബ്ദ, സഹസ്രാബ്ദപുലരി കാണുവാൻ ലോകജനത കാണിച്ച ആവേശം വാക്കുകൾകൊണ്ട് വർണ്ണിക്കാനാവില്ല.

നിർഭാഗ്യമെന്നു പറയട്ടെ കഴിഞ്ഞ ശതാബ്ദത്തിന്റെ അവസാന ആഴ്ച ഇന്ത്യൻ മനസ്സുകൾ അഫ്ഗാനിലെ കാൻഡഹാറിലായിരുന്നു. നിരപരാധികളായ 160ഓളം ആളുകളുടെ ജീവൻ വിമാനറാഞ്ചികൾ ഇട്ടു പന്താടുകയായിരു

www.malankaralibrary.com

ന്നു. അവരുടെ ബന്ധുക്കളും മിത്രങ്ങളും ഉള്ളുരുകി പ്രാർത്ഥിച്ചു. അവരുടെ ഹൃദയവേദന മനസ്സിലാക്കുവാൻ നമുക്ക് - ഭാരതജനതയ്ക്ക് പൂർണ്ണമായും സാധിച്ചോ?

വിമാനറാഞ്ചികൾ ആവശ്യപ്പെട്ടത് യാത്രക്കാരെ മോചിപ്പിക്കുന്നതിന് പകരമായി നമ്മുടെ ജയിലിൽ കഴിയുന്ന ഏതാനും കൊടുംതീവ്രവാദികളെ മോചിപ്പിക്കണമെന്നതായിരുന്നു. ദിവസങ്ങൾ നീണ്ടുനിന്ന ചർച്ചകൾക്കുശേഷം മൂന്നു കൊടുംഭീകരരെ മോചിപ്പിച്ചുകൊണ്ടു 154 ബന്ദികളെ രക്ഷപെടുത്തുകയുണ്ടായി. ഈ നടപടിയെപ്പറ്റി ഭിന്നാഭിപ്രായമുണ്ടാവുക സാധാരണമാണ്.

വിമാനറാഞ്ചൽ നടന്ന ഉടനെ വിവിധ രാഷ്ട്രീയകക്ഷികളുടെ യോഗം സർക്കാർ വിളിച്ചുകൂട്ടി. സർക്കാരിന് ഉചിതമായ നടപടികൾ സ്വീകരിക്കാമെന്നറിയിച്ചുകൊണ്ട് പ്രതിപക്ഷകക്ഷികൾ സ്ഥലം വിട്ടു. ദിവസങ്ങൾ നീണ്ടുനിന്ന ചർച്ചകൾക്കുശേഷമാണ് കൊടുംഭീകരരെ മോചിപ്പിച്ചുകൊണ്ട് ബന്ദികളെ രക്ഷിച്ചത്. ഈ നടപടിമൂലം ദേശീയതാൽപര്യം ബലികഴിച്ചുവെന്നാണ് പ്രധാനപ്രതിപക്ഷകക്ഷികൾ പ്രസ്താവിച്ചത്. ഇങ്ങനെയൊരു നടപടി സർക്കാർ സ്വീകരിച്ചതിന്റെ പേരിൽ സർക്കാരിനെ മാത്രം കുറ്റപ്പെടുത്താമോ?

വിമാനറാഞ്ചൽ നടന്നുകഴിഞ്ഞപ്പോൾ ബന്ദികളുടെ ബന്ധുക്കൾ പ്രധാനമന്ത്രിയുടെ വസതിക്കു മുൻപിൽ തടിച്ചുകൂടി എന്താണ് പറഞ്ഞത്? ദേശീയതാല്പര്യത്തിനനുസരിച്ച നടപടിയാണോ അവർ സ്വീകരിച്ചത്? ആ സമയത്ത് ഇന്ത്യൻ ജനത നിസംഗതാമനോഭാവത്തോടെ പ്രവർത്തിച്ചതുകൊണ്ടാണ് സർക്കാർ ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുവാൻ നിർബന്ധിതരായിത്തീർന്നത്.

വിമാനറാഞ്ചലിനെതിരെ ബഹുജനാഭിപ്രായം രൂപം കൊള്ളിക്കുവാനും ഇന്ത്യൻ ജനതയുടെ ആത്മവീര്യം തട്ടിയുണർത്തുവാനും ഭാരതീയരായ നാം എന്തു ചെയ്തു? ബന്ദികളും ബന്ദികളുടെ ബന്ധുക്കളും, രാജ്യരക്ഷക്ക് ഭീഷണിയായിരുന്ന കൊടുംഭീകരരെ വിട്ടയച്ചുകൊണ്ടുള്ള മോചനം തങ്ങൾക്കാവശ്യമില്ലായെന്ന് പറയുവാൻ കടപ്പെട്ടവരായിരുന്നില്ലേ? അവരുടെ മാനസിക ഘടന ഒരു പക്ഷേ അതിനനുവദിച്ചില്ലായിരിക്കാം. പക്ഷെ അവരെ അതിന് സജ്ജരാക്കുവാനുള്ള കടമ ഇന്ത്യൻ ജനതക്കുണ്ടായിരുന്നു. അത് രാജ്യം ഭരിക്കുന്ന രാഷ്ട്രീയ കക്ഷികളുടെ മാത്രം കടമയല്ലായിരുന്നു. എല്ലാ രാഷ്ട്രീയകക്ഷികളുടെയും ജനങ്ങളുടെയും കടമയായിരുന്നു.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗംവരെ ചെയ്യുവാൻ തയ്യാറായ അനേകായിരങ്ങളെ എന്തുകൊണ്ട് നാം ഈയവസരത്തിൽ സ്മരിച്ചില്ല. കൊലമരത്തിലേക്ക് ഭാരതമാതാ കീ ജയ് മുദ്രാവാക്യം മുഴക്കികൊണ്ട് നടന്നുനീങ്ങിയ ഭഗത് സിങ്ങിന് ജന്മം നൽകിയ നാടാണിത്. അതുപോലെ ഏത്ര ദേശാഭിമാനികൾ ഈ ഭാരതമണ്ണിൽ ജീവൻ ബലിയർപ്പിച്ചു. നമ്മുടെ മാനം കാക്കാൻ നമ്മുടെ ദേശീയതാത്പര്യം സംരക്ഷിക്കുവാൻ മുൻതലമുറ അനുഷ്ഠിച്ച ത്യാഗം ഇന്നത്തെ തലമുറ വിസ്മരിച്ചു.

www.malankaralibrary.com

മൂന്നു തീവ്രവാദികളെ വിട്ട് ബന്ദികളെ മോചിപ്പിച്ചത് അവസരോചിത മായിരുന്നുവെന്ന് ഭരണകക്ഷിനേതാക്കളിൽ ചിലർ അഭിപ്രായപ്പെടുകയുണ്ടായി. പിടിച്ചുനിൽക്കാനുള്ള തത്രപ്പാടിൽ ഉള്ള വാചകകസർത്തുകളാണിവയെല്ലാം. ഇന്ത്യൻ ജനതയുടെ ആത്മവീര്യം തട്ടിയുണർത്തി അവരെ കർത്തവ്യ ബോധമുള്ളവരാക്കി തീർക്കുവാൻ നമുക്ക് സാധിച്ചിരുന്നുവെങ്കിൽ കൊടുംഭീകരരെ മോചിപ്പിക്കുവാൻ സർക്കാർ തയ്യാറാവുകയില്ലായിരുന്നു.

കൊടുംഭീകരരെ മോചിപ്പിച്ചതുവഴി ദേശീയതാല്പര്യം ബലികഴിച്ചുവെങ്കിൽ അതിനുള്ള ഉത്തരവാദിത്വംഎല്ലാ രാഷ്ട്രീയപാർട്ടികൾക്കും ജനനേതാക്കൾക്കുമുണ്ട്. കൊടുംഭീകരരെ മോചിപ്പിച്ചതിനെ ഇപ്പോൾ എതിർക്കുന്നവർ പുരയ്ക്ക് തീ പിടിക്കുമ്പോൾ വാഴവെട്ടുന്നവരാണ് എന്ന സത്യം നാം മനസ്സിലാക്കണം.

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 52 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. മുൻപ് രാജ്യം പ്രതിസന്ധിയെ നേരിട്ട കാലഘട്ടങ്ങളിൽ രാഷ്ട്രീയചിന്തകൾക്കതീതമായി ജനം ഒന്നിച്ചുനിന്ന് പ്രവർത്തിച്ചിരുന്നു. രാജ്യം നേരിടുന്ന സമകാലീനപ്രശ്നങ്ങളെ ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ നാടുനീളെ യോഗങ്ങൾ, ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുമായിരുന്നു. പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കാൻ എല്ലാവരും ഒത്തൊരുമിച്ചു ശ്രമിച്ചിരുന്നു. ഇന്ന് ഏതെങ്കിലും ഒരു പ്രശ്നത്തെപ്പറ്റി ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടി വിശദീകരണയോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ? കാർഗിൽപ്രശ്നം തന്നെയെടുക്കുക. ഈ രാജ്യത്ത് ഒരു ചലനം സൃഷ്ടിക്കാൻ സാധിച്ചോ?

ഈ നാട് ഭരിക്കുന്ന രാഷ്ട്രീയകക്ഷികളുടേത് മാത്രമല്ല. നാം ഓരോരുത്തരുടേതുമാണ്. ഭാരതം എന്റെ നാടാണ് എന്ന സത്യം ഗ്രഹിച്ച് രാഷ്ട്രീയമുതലെടുപ്പുകളെക്കാൾ രാജ്യത്തിന്റെ പൊതുപ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കുവാൻ എല്ലാ ഭാരതീയരും ശ്രമിക്കണം.

05-02-2000

## 275

# ഭാരതീയ വനിതകളുടെ നേതൃത്വം അഭിമാനകരം

മൂല്യബോധത്തോടെ പ്രവർത്തിക്കുകയും സമൂഹത്തിന് വീരോചിതമായ നേതൃത്വം നൽകുകയും ചെയ്ത ധീരവനിതകളെ ഭാരതസമൂഹത്തിന് സംഭാവന നൽകിയിട്ടുണ്ടെന്നും അതിൽ ക്രൈസ്തവവനിതകൾ അഭിമാനാർഹമായ പങ്കു വഹിച്ചിട്ടുണ്ടെന്നും എ.കെ.സി.സി. പ്രസഡണ്ട് ജോൺ കച്ചിറമറ്റം വനിതാ സമ്മേളനത്തിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രസ്താവിച്ചു. ഭാര

www.malankaralibrary.com

തീയ സ്വാതന്ത്ര്യസമരത്തിന് സുധീരമായ നേതൃത്വം നൽകിയ ക്രൈസ്തവവനിത രമാഭായി സരസ്വതി, ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് പദവി രാജി വെച്ചുകൊണ്ട് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടിയ ശ്രീമതി. അക്കമ്മ ചെറിയാൻ, സർ സി.പി. വെച്ചുനീട്ടിയ ഉന്നത ഉദ്യോഗം ത്യജിച്ചുകൊണ്ട് സി.പി.യുടെ കിരാതഭരണത്തിന് അറുതി വരുത്തുവാൻ ധീരമായി പോരാടിയ ദരിദ്രയായ ആനി മസ്ക്രീൻ, ഉന്നത വിദ്യാഭ്യാസരംഗത്ത് നിരവധി സംഭാവനകൾ നൽകിയ പ്രഥമ വനിതാ പ്രിൻസിപ്പൽ അന്നാ നിധീരി, പ്രഥമ ചീഫ് എൻജിനീയറായ പി.കെ. ത്രേസ്യാ, പ്രഥമ വനിതാ ജഡ്ജി ശ്രീമതി അന്നാ ചാണ്ടി, സ്വാതന്ത്ര്യസമര സേനാനിയും ന്യൂനപക്ഷകമ്മീഷൻ അംഗവും ബൈബിൾ പണ്ഡിതയുമായിരുന്ന ആനി തയ്യിൽ തുടങ്ങിയ ക്രൈസ്തവവനിതകളിൽനിന്നും ആവേശം ഉൾക്കൊണ്ടു പ്രവർത്തിക്കുവാൻ വനിതകൾ മുന്നോട്ടു വരണമെന്ന് കച്ചിറമറ്റം ആശംസാ പ്രസംഗത്തിൽ പ്രസ്താവിച്ചു.

05-02-2000

## 276

# ഭരണഘടനയുടെ പുനഃപരിശോധന

ഇന്ത്യൻ ഭരണഘടന രൂപംകൊണ്ടിട്ട് 50 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ഇതിനകം ഭരണഘടനക്ക് പല ഭേദഗതികളും നിർദ്ദേശിക്കുകയും ഭേദപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിൽ തെറ്റില്ല. കഴിഞ്ഞ അൻപതു വർഷത്തെ അനുഭവങ്ങളുടെ വെളിച്ചത്തിലും ലോകത്താകമാനം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിലും വേണ്ട മാറ്റങ്ങൾ വരുത്താവുന്നതാണ്. അത് നല്ല ഒരു കാര്യമാണ്. എന്നാൽ അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നത് ജനാധിപത്യരീതിയിൽ ആയിരിക്കുകതന്നെ വേണം.

ഭരണഘടനയുടെ പുനഃപരിശോധനക്ക് ജസ്റ്റിസ്സ് എം.എൽ. വെങ്കിടചെല്ലയ്യ അദ്ധ്യക്ഷനായുള്ള 11 അംഗസമിതിയെ ഗവൺമെന്റ് നിയോഗിച്ചിരിക്കുകയാണ്. ലോകസഭയും രാജ്യസഭയും നിലവിലുള്ളപ്പോൾ ആ സഭയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം വേണമായിരുന്നു ഭരണഘടന പുനഃപരിശോധനാ കമ്മീഷന്റെ നിയമനം. പക്ഷെ അതിന് സർക്കാർ തയ്യാറായില്ല. പല നേതാക്കളുടെ പ്രസ്താവനകൾ കണ്ടാൽ നമ്മുടെ രാജ്യത്തിന്റെ പുരോഗതിയെ തടഞ്ഞത് ഭരണഘടനയാണെന്ന് തോന്നും.

പുനഃപരിശോധനാ സമിതിയുടെ രൂപീകരണം ഒട്ടേറെ സംശയങ്ങൾക്ക് വഴിതെളിച്ചിരിക്കുകയാണ്. ബി.ജെ.പി.യുടെ ചില രഹസ്യ അജണ്ടകളോട് ഈയടുത്ത കാലത്ത് താല്പര്യം കാണിച്ച മുൻ ലോകസഭാസ്പീക്കർ പി.എ. സാംഗ്മയേയും മുൻ എം.പി. സുമിത കുൽക്കർണ്ണിയേയും പുനരവലോകന സമിതിയിലേക്ക് എടുത്തിരിക്കുന്നത് ജനങ്ങളിൽ സംശയം ജനിപ്പിച്ചിരിക്കുകയാണ്.

www.malankaralibrary.com

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനും രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാനും സാധിക്കാതെ വന്നത് ഇന്ത്യൻ ഭരണഘടനയുടെ തകരാറു കൊണ്ടാണോ? അതോ ഭരണത്തിലേറിയ രാഷ്ട്രീയക്കാരുടെ സ്വാർത്ഥതയും മറ്റുമാണോ? വിശദമായ പഠനം നടത്തുകതന്നെ വേണം.

ഭരണഘടനാ പുനഃപരിശോധനാശ്രമം പോലെ ഒട്ടേറെ വിവാദം സൃഷ്ടിച്ചിരിക്കുകയാണ് ചരിത്രത്തെ കാവി പൂശാനുള്ള തന്ത്രനീക്കം. സർക്കാർ ജീവനക്കാരെ അർ. എസ്സ്.എസ്സിൽ ചേർക്കാൻ അനുവദിച്ചതും വാട്ടർ സിനിമക്കെതിരായ നീക്കവും എല്ലാം കേന്ദ്രസർക്കാർ എങ്ങോട്ട് നീങ്ങുന്നുവെന്നതിന്റെ തെളിവുകളാണ്.

കേന്ദ്രസർക്കാരിന്റെ നീക്കം വളരെ ഉൽക്കണ്ഠാജനകമാണ്. സഹസ്രാബ്ദങ്ങളായി ഇവിടെ നിലനിന്ന മഹത്തായ സാംസ്കാരിക പൈതൃകം തകർക്കാനുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ നീക്കം അപകടകരമാണ്. ഈ നീക്കത്തെ കരുതലോടെ കൈകാര്യം ചെയ്യുവാൻ ഭാരതജനതക്ക് സാധിക്കണം.

05-03-2000

## 277

# കുളം കലക്കി മീൻ പിടിക്കട്ടെ:

സംസ്ഥാനഗവൺമെന്റിന്റെ പല നീക്കങ്ങളും ജനാധിപത്യ വിരുദ്ധമാണ്. ഈ രാജ്യത്തെ ക്രമസമാധാനം തകർക്കുന്നതിന് മുഖ്യപങ്കുവഹിച്ചുകൊണ്ടിരിക്കുന്നത് ഭരണകക്ഷിയിലെ പ്രധാനഘടകകക്ഷിയായ സി.പി.എമ്മും, അവരുടെ പോഷകസംഘടനകളുമാണ്. ഇവിടെ സുശക്തമായ ഒരു പ്രതിപക്ഷം ഉണ്ടായിരുന്നുവെങ്കിൽ സംസ്ഥാനസർക്കാരിന് ഈ രീതിയിൽ മുന്നോട്ടുപോകുവാൻ സാധിക്കുകയില്ലായിരുന്നു. ഈ ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഇവിടുത്തെ പ്രതിപക്ഷ കക്ഷികൾ എന്തു ചെയ്തു? ഗവൺമെന്റിന്റെ തെറ്റായ നടപടികൾ ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഒരൊറ്റ വിശദീകരണയോഗമെങ്കിലും ഈ പ്രതിപക്ഷ കക്ഷികൾ നടത്തിയിട്ടുണ്ടോ? ജനങ്ങളെ ബോധവൽക്കരിക്കേണ്ട കാര്യമില്ല. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ എങ്ങനെയെങ്കിലും ഡൽഹിയിൽ ചെന്ന് ഒരു സീറ്റ് തരപ്പെടുത്തിയാൽ മതിയെന്നാണ് പ്രമുഖ കക്ഷിയായ കോൺഗ്രസ്സ് കക്ഷിയിലെ നേതാക്കളുടെ ചിന്ത. സമാനചിന്താഗതിയുള്ളവരാണ് എല്ലാ രാഷ്ട്രീയ പ്രവർത്തകരും. സംസ്ഥാനസർക്കാരിന്റെ തെറ്റായ നയങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി സർക്കാരിന്റെ ജനദ്രോഹനയങ്ങൾക്കെതിരായി ബഹുജനരോഷം ആളിക്കത്തിച്ച്, ആ വസ്തുത കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ ആർക്കും താത്പര്യമില്ല. സമയമില്ല. എങ്ങിനെയെങ്കിലും കേന്ദ്രം ഈ സർക്കാരിനെ താഴെയിറക്കി തന്നാൽ ഞങ്ങൾ അധികാരത്തിൽ കയറി ഇരുന്നുകൊള്ളാമെന്നുള്ള രാഷ്ട്രീയക്കാരുടെ കുറുക്കുവഴി രാജ്യത്തിന് അപകടകരമാണ്.

1959-ൽ ഇവിടെ വിമോചന സമരം നടന്നു. എല്ലാ രാഷ്ട്രീയകക്ഷികളും വിമോചനസമരത്തിൽ പങ്കെടുക്കാൻ ആദ്യം താല്പര്യം കാണിച്ചില്ല.

www.malankaralibrary.com

മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പദ്ധതിക്കെതിരായി ഇവിടുത്തെ ക്രൈസ്തവ സമുദായം ഉയർത്തിവിട്ട ബഹുജനരോഷമാണ് വിമോചനസമരത്തിന് ഇറങ്ങാൻ അറച്ചുനിന്ന അന്നത്തെ രാഷ്ട്രീയ കക്ഷികളെ പ്രേരിപ്പിച്ചത്. 1959-ൽ ഇവിടുത്തെ വിവിധ സമുദായങ്ങൾ ഏകോപിച്ചു നടത്തിയ പ്രക്ഷോഭങ്ങളുടെ മുൻപിൽ രാഷ്ട്രീയക്കാർ അവസാനമാണ് വന്നത്. കുളം കലക്കിയത് അന്ന് ആരായിരുന്നു? മീൻ പിടിക്കാൻ മാത്രമല്ലേ അവർക്കു സാധിച്ചത്. ഇന്നത്തെ പ്രതിപക്ഷകക്ഷികൾ ചിന്തിക്കണം. കുളം കലക്കി തന്നവരെ, നന്ദിപൂർവ്വം സ്മരിക്കാതെ മീൻ പിടിച്ച അന്നത്തെ രാഷ്ട്രീയകക്ഷികൾ; ആരെങ്കിലും ഇനിയും കുളം കലക്കിത്തരുമെന്ന് വിചാരിച്ചാണിരിക്കുന്നതെങ്കിൽ അവരോട് സഹതപിക്കുവാൻ മാത്രമേ സാധിക്കുകയുള്ളൂ.

കേന്ദ്രത്തോ, പിരിച്ചു വിടണമെന്ന് ആവശ്യപ്പെടാതെ, ഗവണ്മെന്റിനെതിരെ ബഹുജനങ്ങളെ അണിനിരത്താനുള്ള ശ്രമം പ്രതിപക്ഷകക്ഷികൾ ആരംഭിക്കുകയാണാവശ്യം.

05-03-2000

## 278

# പൊതുപ്രവർത്തക പരിശീലനക്യാമ്പ്

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് യുവജനപരിശീലനം ലക്ഷ്യമാക്കി ഇദംപ്രഥമമായി നടത്തിയ പ്രസ്ഥാനമാണ് ഗ്രീഷ്മകാലവിദ്യാലയം. യുവാക്കൻമാർക്ക് സാമൂഹ്യസേവനവിഷയത്തിൽ വേണ്ട പരിശീലനവും ജ്ഞാനവും നൽകുകയെന്ന ലക്ഷ്യത്തോടെ 1949ലാണ് ഗ്രീഷ്മകാലവിദ്യാലയം ആരംഭിച്ചത്. ഷെവലിയർ സി.ജെ. വർക്കി ആണ് ഗ്രീഷ്മകാലവിദ്യാലയത്തിന്റെ ഉപജ്ഞാതാവ്. വിജ്ഞാനപ്രദമായ ക്ലാസ്സുകളും വിനോദയാത്രയും ധ്യാനവും മറ്റും ഉൾപ്പെടുത്തി ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികളായിരുന്നു ഗ്രീഷ്മകാലവിദ്യാലയത്തിൽ ഉൾപ്പെടുത്തിയിരുന്നത്. അധികംനാൾ ഈ പദ്ധതി തുടർന്നുകൊണ്ടുപോകാൻ സാധിച്ചില്ല.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നമ്മുടെ പൊതുപ്രവർത്തനരംഗത്ത് വലിയ ധാർമ്മികാധഃപതനം നേരിട്ടുവെന്ന വസ്തുത വിസ്മരിക്കാൻ സാധ്യമല്ല. ഭൗതികനേട്ടം, പ്രശസ്തി, അധികാരം, സ്വാധീനം എന്നിവയ്ക്കു പുറമേയുള്ള പരക്കം പാച്ചിലിൽ മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടുള്ള പ്രവർത്തനം ആണ് പലരും കാഴ്ചവച്ചത്. തൽഫലമായി അധികാരത്തിൽ കയറിയ നേതാക്കൾ അഴിമതി, സ്വജനപക്ഷപാതംകാട്ടൽ, കൃത്രിമരേഖ ചമക്കൽ തുടങ്ങിയ സാമൂഹ്യദ്രോഹങ്ങൾ ചെയ്തതായി പത്രങ്ങളിൽനിന്നും നാം വായിച്ചറിയുകയുണ്ടായി.

പൊതുപ്രവർത്തകർക്ക് ശരിയായ പരിശീലനം നൽകിയാൽ മാത്രമെ ഒരു നല്ല നേതൃനിരയെ വളർത്തിയെടുക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ആ ആശയം വച്ചുകൊണ്ടാണ് മെയ് അവസാനവാരം പൊതുപ്രവർത്തകർക്കായി

www.malankaralibrary.com

ഒരു പരിശീലനക്യാമ്പ് നടത്തുവാൻ കത്തോലിക്കാ കോൺഗ്രസ്സ് തീരുമാനിച്ചത്. ക്യാമ്പിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. 1949-ൽ ആരംഭിച്ച ഗ്രീഷ്മകാലവിദ്യാലയത്തിന്റെ ചുവടുപിടിച്ചാണ് പൊതുപ്രവർത്തക പരിശീലനക്യാമ്പ് സംഘടിപ്പിക്കുന്നത്. പ്രഥമ ക്യാമ്പിൽ 100 പേർക്കു മാത്രം പ്രവേശനം നൽകാനാണ് പരിപാടി. കാലക്രമത്തിൽ വിവിധ മേഖലകളിൽവച്ച് ഇതുപോലുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്. ഒരു വർഷം 1000 യുവാക്കൾക്ക് പരിശീലനം ലഭിച്ചാൽ രാജ്യത്തിന്റെ മുഖച്ഛായ മാറ്റാൻ സാധിക്കും.

ഭാരതസ്വാതന്ത്ര്യ സമരത്തെപ്പറ്റിയും ഭാരതത്തിന്റെ സാംസ്ക്കാരിക പൈതൃകത്തെപ്പറ്റിയും ഈ രാജ്യത്തിന്റെ സാംസ്കാരികപുരോഗതിയിൽ ക്രൈസ്തവസമുദായം വഹിച്ച പങ്കിനെപ്പറ്റിയും എല്ലാ ക്രൈസ്തവരായ പൊതുപ്രവർത്തകരെയും പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ക്രൈസ്തവസമുദായം വഹിച്ച പങ്കിനെ പലരും ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യസമരം നടന്നപ്പോൾ സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്തവരും ഉത്തരവാദഭരണത്തിനെതിരായ നിലപാടു സ്വീകരിച്ചവരുമാണ് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പുതിയ കണ്ടുപിടുത്തവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ഇവിടെ നമ്മുടെ സമുദായാംഗങ്ങൾ പൊതുരംഗത്ത് അഭിമാനത്തോടെ തലയുയർത്തി നിൽക്കണമെങ്കിൽ മുൻകാല ചരിത്രം പഠിക്കണം. ആ ചരിത്രപഠനം ഈ ക്യാമ്പിന്റെ മുഖ്യലക്ഷ്യമാണ്. ക്യാമ്പ് വിജയപ്രദമാക്കുവാൻ എല്ലാ ശാഖകളും രൂപതാ സംഘങ്ങളും ആത്മാർത്ഥമായി ശ്രമിക്കണമെന്നഭ്യർത്ഥിക്കുന്നു.

05-05-2000

## 279

# വിദ്യാഭ്യാസ പ്രതിസന്ധി: ഒന്നുമുതൽ എ.കെ.സി.സി. സമരം

കോട്ടയം: പ്ലസ്ടു കോഴ്സ് അനുവദിക്കൽ വൈകുന്നതും അനംഗീകൃത വിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള തീരുമാനവും മൂലം വിദ്യാഭ്യാസ രംഗത്തുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ജൂൺ ഒന്നിന് സമരപരിപാടികൾ ആരംഭിക്കാൻ ഓൾ കേരള കാത്തലിക് കോൺഗ്രസ് പ്രതിനിധി സമ്മേളനം തീരുമാനിച്ചു. അന്നു കോട്ടയത്തു നടക്കുന്ന സൂചനാ സത്യാഗ്രഹത്തോടെ സമരപരിപാടികൾക്കു തുടക്കം കുറിക്കും.

ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും ആയിരക്കണക്കിന് അധ്യാപകരുടെയും ഭാവിയെപ്പററി ചിന്തിക്കാതെ സർക്കാർ എടുത്ത നടപടികൾ വിദ്യാഭ്യാസരംഗത്ത് പ്രതിസന്ധിയും അസ്വസ്ഥതയും

www.malankaralibrary.com

സൃഷ്ടിച്ചിരിക്കുകയാണെന്ന് സമ്മേളനം പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നു.

എസ്.എസ്.എൽ.സി. ഫലം പ്രഖ്യാപിച്ചുകഴിഞ്ഞിട്ടും എവിടെയെല്ലാമാണ് പ്ലസ്ടുകോഴ്സുകൾ ആരംഭിക്കേണ്ടതെന്ന് നിശ്ചയിച്ചിട്ടില്ല. സ്കൂൾ തുറക്കുന്നതിന് ഒരുമാസം മുമ്പെങ്കിലും ഇതുസംബന്ധിച്ച് തീരുമാനമെടുത്തിരുന്നെങ്കിൽ മാനേജ്മെന്റിനും വിദ്യാഭ്യാസ അധികൃതർക്കും യഥാവസരം വേണ്ട ക്രമീകരണം നടത്താൻ കഴിയുമായിരുന്നു.

യാതൊരു മുന്നറിയിപ്പും നൽകാതെയും ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താതെയും അനംഗീകൃതവിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള സർക്കാർ ഉത്തരവും വിദ്യാഭ്യാസരംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്.

പ്രീഡിഗ്രി വേർപെടുത്തുന്നതുമൂലം വേണ്ടിവരുന്ന ഒരുലക്ഷത്തി നാല്പതിനായിരം സീററുകൾക്കുള്ള പ്ലസ്ടു കോഴ്സുകൾ സൗകര്യപ്രദമായ വിദ്യാലയങ്ങളിൽ ആരംഭിക്കുകയും, അനംഗീകൃതവിദ്യാലയങ്ങൾ അടച്ചു പൂട്ടാനുള്ള ഉത്തരവ് പിൻവലിക്കുകയും വേണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

ഉത്തരേന്ത്യയിൽ ക്രൈസ്തവർക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ ആസൂത്രിതമല്ലെന്ന ന്യൂനപക്ഷകമ്മീഷന്റെ പ്രസ്താവനയിൽ പ്രതിനിധി സമ്മേളനം പ്രതിഷേധിച്ചു.

കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്ന ക്രിസ്ത്യൻ വിവാഹബിൽ ക്രൈസ്തവവിശ്വാസത്തിനും പാരമ്പര്യത്തിനും വിശ്വാസങ്ങൾക്കും ഹാനികരവും ഭരണഘടനാലംഘനവുമാണെന്ന് സമ്മേളനം അംഗീകരിച്ച മറെറാരു പ്രമേയത്തിൽ പറയുന്നു. ക്രൈസ്തവരുമായി വേണ്ടത്ര ചർച്ചകൾ നടത്തി അഭിപ്രായ രൂപീകരണം നടത്തിയതിനുശേഷം മാത്രമേ ബിൽ പാർലമെന്റിൽ അവതരിക്കാവൂ എന്ന് യോഗം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

1-6-2000

## (280)

# സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക രൂപം കൊണ്ടു

അമേരിക്കയിൽ അധിവസിക്കുന്ന സീറോ മലബാർ കത്തോലിക്കർ 1999 ആഗസ്റ്റിൽ ഫിലാഡൽഫിയായിൽ ചേർന്ന് ഒരു സംഘടന രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഫിലാഡൽഫിയായിൽ ചേർന്ന സീറോ മലബാർ കാത്തലിക് കൺവെൻഷൻ സീറോ മലബാർ സഭയുടെ ചരിത്രത്തിലെ മായാത്ത ഒരു ചരിത്ര സംഭവമായിരുന്നു. പ്രസ്തുത കൺവെനഷനിൽ മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ, ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം, മാർ ഗ്രിഗറി കരോട്ടെമ്പ്രയിൽ, മാർ ജേക്കബ് മനന്തോടത്ത്, മാർ ജോർജ്ജ് ആലഞ്ചേരി, ആൾ കേരളാ കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട്

www.malankaralibrary.com

ജോൺ കച്ചിറമറ്റം തുടങ്ങിയവർ മുഖ്യ അതിഥികളായി പങ്കെടുത്തിരുന്നു. പ്രസ്തുത കൺവെൻഷനിൽ വെച്ച് ഒരു താൽക്കാലിക ഭരണഘടനയ്ക്ക് രൂപം കൊടുത്തു. ഫിലാഡൽഫിയാ കൺവെൻഷന്റെ തീരുമാനമനുസരിച്ച് രണ്ടായിരാമാണ്ട് ജനുവരിയിൽ ചേർന്ന പ്രതിനിധി സമ്മേളനം സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ ഭാരവാഹികളെ തിരഞ്ഞെടുത്തു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിലിനെ ഗ്രാന്റ് പേട്രൺ ആയും സംഘടനയുടെ പ്രസിഡണ്ടായി ഡോ. ജയിംസ് കുറിച്ചിയും തിരഞ്ഞെടുക്കപ്പെട്ടു.

05-06-2000

## 281

# ന്യൂനപക്ഷകമ്മീഷൻ

വിവിധ ജാതിമതവിഭാഗങ്ങൾ ഒന്നിച്ചധിവസിക്കുന്ന ഒരു നാടാണ് ഭാരതം. ഹൈന്ദവമതവിശ്വാസികളാണ് ഇവിടുത്തെ ഭൂരിപക്ഷസമുദായം. മറ്റെല്ലാ സമുദായങ്ങളും ന്യൂനപക്ഷസമൂഹങ്ങളാണ്. ഭൂരിപക്ഷ ന്യൂനപക്ഷസമൂഹങ്ങൾ മൊത്തത്തിൽ സഹകരിച്ച് പ്രവർത്തിച്ചിരുന്ന ഒരു പാരമ്പര്യമാണ് ഇവിടെ നിലനിന്നിരുന്നത്. ഭൂരിപക്ഷസമൂഹം എന്നും എക്കാലവും ന്യൂനപക്ഷപരിരക്ഷയിൽ പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു. ഇവിടുത്തെ ന്യൂനപക്ഷസമൂഹം ഒരിക്കലും അവഗണിക്കപ്പെടരുതെന്ന് ഭൂരിപക്ഷസമൂഹം ആഗ്രഹിച്ചതുകൊണ്ടാണ് ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേപരിരക്ഷ നൽകുന്ന വ്യവസ്ഥകൾ എഴുതിച്ചേർത്തത്. എന്നാൽ പ്രത്യേകമായ യാതൊരു പരിരക്ഷയും തങ്ങൾക്കാവശ്യമില്ലെന്നും ന്യൂനപക്ഷസമൂഹം ഇവിടുത്തെ ഭൂരിപക്ഷസമൂഹത്തിൽ പൂർണ്ണവിശ്വാസം അർപ്പിക്കുന്നുവെന്നും ഉള്ള നിലപാടാണ് ക്രൈസ്തവസമൂഹം സ്വീകരിച്ചിരുന്നത്. 1935ലെ ഇന്ത്യാആക്ടിലും അതിനു മുമ്പ് ചില നാട്ടുരാജ്യങ്ങളിലും ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകം നിയോജകമണ്ഡലങ്ങൾ സംവരണം ചെയ്തപ്പോൾ അതിനെതിരെ സമരം ചെയ്ത് ...... കമ്മ്യൂണൽ അവാർഡ് പിൻവലിപ്പിക്കുവാൻ ശ്രമിച്ചവരാണ് ഇവിടുത്തെ ക്രൈസ്തവർ. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ഈ നിലപാടായിരുന്നു ഇവിടെ നിലനിന്നിരുന്നത്. എന്നാൽ ഭാരതത്തിൽ വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ തലപൊക്കുകയുണ്ടായി. സമുദായസംഘട്ടനങ്ങൾ പല ഭാഗത്തും നടന്നു. ന്യൂനപക്ഷസമൂഹങ്ങളിൽ പല ആശങ്കകളും നിലനിന്നു.

ഈ പ്രത്യേകപരിതസ്ഥിതിയിലാണ് ന്യൂനപക്ഷകമ്മീഷൻ രൂപം കൊള്ളുന്നത്. ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാനും അതത് അവസരങ്ങളിൽ തന്നെ സർക്കാരിന് റിപ്പോർട്ടുസമർപ്പിക്കുവാനുമായാണ് ന്യൂനപക്ഷകമ്മീഷൻ രൂപീകരിച്ചത്. അതിന്റെ പ്രവർത്തനത്തിന് എല്ലാവിധ സ്വതന്ത്രസ്വഭാവവും നൽകിയിരുന്നു. നാളിതുവരെ ഒരു സർക്കാരും

www.malankaralibrary.com

ന്യൂനപക്ഷകമ്മീഷന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയോ പ്രവർത്തനത്തിൽ സ്വാധീനം ചെലുത്തുകയോ ചെയ്തിട്ടില്ല. അതിന്റെ സ്വതന്ത്രസ്വഭാവം നിലനിന്നുകാണുവാൻ ആണ് എല്ലാ ഗവൺമെന്റുകളും ശ്രമിച്ചത്.

അതതുകാലത്തെ സർക്കാരാണ് ന്യൂനപക്ഷകമ്മീഷനെ നിയമിക്കുന്നത്. കുറേക്കൂടി തുറന്നുപറഞ്ഞാൽ ഭരണകക്ഷി നിർദ്ദേശിക്കുന്നവരായിരിക്കും സർക്കാർ തിരഞ്ഞെടുക്കുന്നത്. എന്നിരുന്നാലും ന്യൂനപക്ഷകമ്മീഷൻ കഴിഞ്ഞകാലങ്ങളിൽ സ്വതന്ത്രമായി പ്രവർത്തിച്ചിരുന്നു. തങ്ങളെ തിരഞ്ഞെടുത്ത സർക്കാരിന്റെ താൽപര്യത്തിനൊത്ത് പ്രവർത്തിച്ച ഒരു സന്ദർഭവും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടില്ല.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷങ്ങൾക്കുനേരെ വിവിധ ക്രിസ്ത്യൻ സമൂഹത്തിനുനേരെ ആക്രമണങ്ങൾ നടക്കുകയുണ്ടായി. മിഷനറിമാരെ വധിക്കുക, അവരുടെ സ്ഥാപനങ്ങൾ ആക്രമിക്കുക തുടങ്ങിയ നടപടികൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നു. ആക്രമണവിധേയമായ സ്ഥലങ്ങൾ പലതും കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധി സംഘം സന്ദർശിക്കുകയും കേന്ദ്രഗവൺമെന്റിന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

ഈയടുത്തനാളുകളിൽ ന്യൂനപക്ഷകമ്മീഷനിലെ ചില അംഗങ്ങൾ ക്രൈസ്തവർക്കെതിരെ വടക്കേ ഇന്ത്യയിൽ സംഘടിത ആക്രമണം നടത്തുന്നുവെന്ന വാർത്ത ശരിയല്ലെന്നും അങ്ങനെയുള്ള പ്രചരണം അടിസ്ഥാനരഹിതമാണെന്നും പരസ്യപ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. ഇത് സത്യത്തിന് നിരക്കാത്തതാണ്. ന്യൂനപക്ഷകമ്മീഷന്റെ സ്വതന്ത്രസ്വഭാവം സർക്കാരിന്റെ മുൻപിൽ അടിയറവെച്ചിരിക്കുകയാണ്. ന്യനപക്ഷകമ്മീഷൻ ഭരണകക്ഷിയുടെ പോഷകസംഘടനെപ്പോലെ പ്രവർത്തിക്കുകയാണ്.

ന്യൂനപക്ഷകമ്മീഷന്റെ മാന്യത തകർക്കപ്പെട്ടിരിക്കുന്നു. ഗവൺമെന്റിന്റെ സമ്മർദ്ദഫലമായാണ് ഈ പ്രസ്താവന പുറപ്പെടുവിച്ചതെങ്കിൽ അത് നിർഭാഗ്യകരമാണ്. ഏതായാലും ഭരണകക്ഷിയുടെ ഒരു പോഷകസംഘടനയെപ്പോലെ പ്രവർത്തിച്ച ഈ ന്യൂനപക്ഷകമ്മീഷനിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനി ഈ കമ്മീഷൻ ഇതേപടി തുടരുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഈ പ്രശ്നത്തിൽ സർക്കാരിന്റെ അഭിപ്രായമെന്തെന്ന് അറിയുവാൻ ജനങ്ങൾക്കവകാശമുണ്ട്. ന്യൂനപക്ഷക്കമ്മീഷൻ സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അതിന് തയ്യാറാകാതെ തങ്ങളെ നിയമിച്ചവർക്ക് വേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ ഈ കമ്മീഷനെ നിലനിർത്തുന്നതിൽ അർത്ഥമില്ല.

05-06-2000

www.malankaralibrary.com

## 282

# കേരളസർക്കാരിന്റെ വിദ്യാഭ്യാസനയത്തി നെതിരെ എ.കെ.സി.സി. സത്യാഗ്രഹം

കേരള സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ എ.കെ.സി.സി. ജൂൺ ഒന്നിന് കോട്ടയത്ത് മുഖ്യ തപാലാപ്പീസിനു മുന്നിൽ സത്യാഗ്രഹം അനുഷ്ഠിച്ചു. പ്രീഡിഗ്രി വേർപെടുത്തലും പ്ലസ് ടു അനുവദിക്കലും സംബന്ധിച്ചുണ്ടായ പ്രതിസന്ധി, അംഗീകൃത വിദ്യാലയങ്ങൾ ഒന്നടങ്കം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് തുടങ്ങിയ കാര്യങ്ങളിൽ സമുദായത്തിന്റെ വികാരങ്ങൾ പ്രകടിപ്പിക്കുവാനും ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കാനുമായിട്ടാണ് അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് മുഖ്യ തപാലാപ്പീസിനുമുന്നിൽ സത്യാഗ്രഹം അനുഷ്ഠിച്ചത്. സത്യാഗ്രഹം പരിപാടി പ്രസിഡണ്ട് ജോൺ കച്ചിറമറ്റം ഉൽഘാടനം ചെയ്തു.

## 283

# വാജ്പേയി റോമിൽ

ഇന്ത്യൻ പ്രധാനമന്ത്രി വാജ്പേയി വിദേശപര്യടനത്തിനിടയിൽ റോമിൽ വെച്ച് ഭാരതത്തിലെ ക്രൈസ്തവർക്കെതിരെ ഒറ്റപ്പെട്ട ആക്രമണം മാത്രമാണ് നടക്കുന്നതെന്നും സംഘടിതവും ആസൂത്രിതവുമായ അക്രമങ്ങൾ ഒന്നും നടക്കുന്നില്ലെന്നും പ്രസ്താവിച്ചിരിക്കുന്നു. ന്യൂനപക്ഷകമ്മീഷൻ അംഗം ജോൺ ജോസഫും ഇതുപോലെതന്നെയാണ് നേരത്തെ പ്രസ്താവിച്ചത്.

ക്രൈസ്തവർക്കെതിരെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ ആക്രമണം നടന്നുകൊണ്ടിരുന്നു. എന്നാൽ കഴിഞ്ഞ ഒരു ദശാബ്ദകാലമായി തുടരെത്തുടരെയുള്ള അക്രമങ്ങളാണ് നടക്കുന്നത്. എത്രയോ മിഷനറിമാർ വധിക്കപ്പെട്ടു. എത്രയോ മിഷനറിമാർ ചുട്ടുകരിക്കപ്പെട്ടു. നിരവധി മിഷൻകേന്ദ്രങ്ങൾ കൊള്ളയടിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തു. ഇതെല്ലാം ഒറ്റപ്പെട്ട സംഭവം മാത്രമാണെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

എല്ലാ ആശയങ്ങളെയും, ആചാരങ്ങളെയും, ചിന്താഗതിയേയും ഉൾക്കൊള്ളാനുള്ള മഹാമനസ്കത ഭാരതീയർ പുലർത്തിയിരുന്നു. ആ മഹനീയ പാരമ്പര്യത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുകയാണ് ഇവിടുത്തെ മതമൗലീകവാദികൾ. ബി.ജെ.പി. ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷമാണ് കൂടുതൽ ആക്രമണങ്ങൾ നടക്കുന്നത്. ബി.ജെ.പി. ഗവൺമെന്റിനെ പിന്താങ്ങുന്ന കക്ഷികൾക്കും മറ്റും ഇതിൽ പങ്കുണ്ട്. ഭരണം നിലനിർത്താനുള്ള

www.malankaralibrary.com

വ്യഗ്രതയിൽ അത് തുറന്നുപറയുവാൻ പ്രധാനമന്ത്രിക്ക് ധൈര്യമില്ല.

സത്യം തുറന്നുപറയാൻ മടിക്കുന്ന ഗവൺമെന്റ് ന്യൂനപക്ഷകമ്മീഷനെപ്പോലും കയ്യിലൊതുക്കി പ്രസ്താവനയിറക്കിക്കുകയാണ് ചെയ്യുന്നത്. ഇത് നിർഭാഗ്യകരമാണ്. സ്വാതന്ത്ര്യപ്രാപ്തിയെതുടർന്ന് 600-ൽപരം നാട്ടുരാജ്യങ്ങളെ ഒറ്റച്ചരടിൽ കോർത്തിണക്കിക്കൊണ്ടാണ് ഇവിടെ ഭരണം ആരംഭിച്ചത്. ആ ഐക്യവും കൂട്ടായ്മയും ഇന്ന് ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. വിഘടനവാദങ്ങളും മതമൗലികവാദങ്ങളുമെല്ലാം നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയായി നിലകൊള്ളുകയാണ്. ഓരോ കാലത്തും ഭരിക്കുന്ന കക്ഷികൾ ഭരണം നിലനിർത്താൻ എല്ലാ തിന്മയുടെ ശക്തികളെയും കൂട്ടുപിടിച്ച് അധികാരം ഉറപ്പിച്ചതിന്റെ തിക്തഫലമാണ് രാഷ്ട്രം ഇന്ന് നേരിടുന്നത്. ഈ പ്രവർത്തനശൈലി ഭരണാധികാരികൾ എന്ന് ഉപേക്ഷിക്കുന്നുവോ അന്നു മാത്രമേ നമ്മുടെ രാജ്യം സ്വതന്ത്രമാവുകയുള്ളു.

ഇന്ന് ക്രൈസ്തവർക്കുനേരെ സംഘടിതാക്രമണം നടക്കുന്നതെന്ന യാഥാർത്ഥ്യം തുറന്നു സമ്മതിച്ച് അവയെ ഫലപ്രദമായി നേരിടുന്നതിനുള്ള തന്റേടമാണ് വാജ്പേയി കാണിക്കേണ്ടത്. അതിനുള്ള ധീരത കാണിക്കുമ്പോൾ ചിലപ്പോൾ ഭരണം നഷ്ടപ്പെട്ടാലും രാജ്യം രക്ഷപെടുമെന്നതിൽ തർക്കമില്ല. എല്ലാ രാഷ്ട്രീയകക്ഷികളും ഇങ്ങനെയുള്ള കാര്യങ്ങളിൽ തുറന്ന മനസ്സോടെ സഹകരിച്ച് പ്രവർത്തിക്കുകതന്നെ വേണം.

05-08-2000

## 284

# കേരളാകാത്തലിക് ഫെഡറേഷൻ

കേരളത്തിൽ ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് കത്തോലിക്കാകോൺഗ്രസ്സ്. പ്രസ്തുതസംഘടന സീറോ-മലബാർ സഭയുടേത് മാത്രമായി മാറണമെന്നും മൂന്നു വ്യക്തിസഭകളിലും പ്രവർത്തിക്കുന്ന സംഘടനകൾ ചേർന്ന് ഒരു ഫെഡറേഷൻ രൂപീകരിക്കണമെന്നും ഒരു നിർദ്ദേശം മെത്രാൻ സമിതി അവതരിപ്പിക്കുകയുണ്ടായി. ദീർഘനാളത്തെ ചർച്ചക്കുശേഷം എ.കെ.സി.സി. അതിനു സമ്മതിച്ചു. പുതിയ ഒരു പ്രസ്ഥാനം രൂപമെടുക്കുമ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. 1996-ൽ ഫെഡറേഷൻ നിലവിൽ വന്നു. പ്രഥമപ്രസിഡണ്ട് ശ്രീ.വർഗ്ഗീസ് കരിപ്പായൻ (ഷെവ) ആയിരുന്നു. ദ്വിതീയ പ്രസിഡണ്ടായി എന്നെ തിരഞ്ഞെടുക്കപ്പെട്ടു. ആ കാലഘട്ടത്തിൽ എ.കെ.സി.സി. പ്രസിഡണ്ടും ഞാൻ തന്നെയായിരുന്നു. അക്കാലത്താണ് വിശാലകത്തോലിക്കാ നേതൃസമ്മേളനം വിളിച്ചുകൂട്ടിയത്. 1999-ലെ

www.malankaralibrary.com

ലോകസഭാതിരഞ്ഞെടുപ്പിൽ യുക്തമായ നിലപാട് സ്വീകരിക്കുകയും കത്തോലിക്കർ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും ചെയ്തു.

ഫെഡറേഷന്റെ പ്രവർത്തങ്ങൾക്ക് കാര്യമായ പുന്തുണയോ പ്രോത്സാഹ നമോ ലഭിച്ചില്ല. ഈ പ്രശ്നം കെ.സി.ബി.സി. യിൽ അവതരിപ്പിക്കുകയു ണ്ടായി. ഇതു സംബന്ധിച്ച് കെ.സി.ബി.സി. ക്ക് സമർപ്പിച്ച മെമ്മോറാണ്ട മാണ് താഴെ ചേർത്തിരിക്കുന്നത്. കെ.സി.ബി.സി, യോഗത്തിൽ ചെറിയ ഒരു ആമുഖപ്രസംഗത്തോടെയാണ് താഴെ കാണുന്ന മെമ്മോറാണ്ടം സമർപ്പിച്ചത്. നിവേദനത്തിന് കാര്യമായ ചലനം സൃഷ്ടിക്കാൻ സാധിച്ചില്ലെന്നത് മറ്റൊരുകാര്യം.

## മെമ്മോറാണ്ടം

അഭിവന്ദ്യ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ.ഡോ.ഡാനിയൽ അച്ചാരുപറമ്പിൽ തിരുമേനി അദ്ധ്യക്ഷനായിട്ടുള്ള, ബഹു.കേരള കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് മുമ്പാകെ, കേരള കാത്തലിക് ഫെഡറേഷൻ സമർപ്പിക്കുന്ന മെമ്മോറാണ്ടം.

കേരള കാത്തലിക് ഫെഡറേഷന്റെ പ്രവർത്തനസമിതിയോഗം 06-06-1999-ൽ എറണാകുളം പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. കെ.സി.എഫ്-ന്റെ പ്രസിഡണ്ട് ശ്രീ.ജോൺ കച്ചിറമററം അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ വെളിച്ചത്തിലാണ്, ഇപ്രകാരം ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് മുമ്പാകെ ബോധിപ്പിക്കുന്നത്.

കേരള കാത്തലിക് ഫെഡറേഷൻ രൂപീകരിച്ചിരിക്കുന്നത്, കേരളത്തിലെ മൂന്ന് കത്തോലിക്കാ റീത്തുകളുടെ ഒദ്യോഗിക അൽമായ സംഘടനകളെ ഐക്യപ്പെടുത്തുന്നതിനും, കത്തോലിക്കാ സമുദായത്തെ പ്രബലപ്പെടുത്തു ന്നതിനും വേണ്ടിയാണ്. സീറോ മലബാർ കത്തോലിക്കാ റീത്തിനെ പ്രതിനി ധാനം ചെയ്ത് അഖിലകേരളാ കത്തോലിക്കാ കോൺഗ്രസ്സും, ലത്തീൻ കത്തോ ലിക്കാറീത്തിനെ പ്രതിനിധീകരിച്ച് കേരള ലാററിൻ കാത്തലിക് അസോസി യേഷനും, സീറോ മലങ്കര കാത്തലിക് റീത്തിനെ പ്രതിനിധീകരിച്ച് മലങ്കര കാത്തലിക് അസോസിയേഷനും മേൽപ്പറഞ്ഞവിധം, കേരള കാത്തലിക് ഫെഡറേഷനിൽ അഫിലിയേററ് ചെയ്തിട്ടുള്ള അൽമായ സംഘടനകളാണ്.

മൂന്നു വർഷങ്ങൾക്കുമുമ്പാണ് കേരള കാത്തലിക് ഫെഡറേഷൻ രൂപം കൊണ്ടത്. ഇപ്രകാരം ഒരു കത്തോലിക്കാ അൽമായ സംയുക്ത സംഘടന ഉണ്ടായിരിക്കുന്നത്, കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസിന്റെ നിർദ്ദേശത്തോടും, എല്ലാവിധ അനുഗ്രഹങ്ങളോടും കൂടിയാണ്.

നിലവിലുള്ള കേരള കാത്തലിക് ഫെഡറേഷന്റെ പ്രവർത്തക സമിതിയിൽ, ശ്രീ.ജോൺ കച്ചിറമററം പ്രസിഡണ്ടായിട്ടുള്ള 24 അംഗങ്ങളാണു ള്ളത്. മേൽപറഞ്ഞവിധം മൂന്നു റീത്തുകളിൽ നിന്നും തുല്യമായി 8 പേർ

www.malankaralibrary.com

വീതം പ്രതിനിധാനം ചെയ്യുന്നതും എല്ലാ റീത്തുകൾക്കും ഭാരവാഹികളുടെ കാര്യത്തിൽ തുല്യമായ പ്രാതിനിധ്യം ലഭ്യമാകത്തക്ക രീതിയിലുമാണ് ഇതിന്റെ തെരഞ്ഞെടുപ്പും, പ്രവർത്തനങ്ങളും മററും ക്രമീകരിച്ചിരിക്കുന്നത്.

## 1. ധനസഹായം (ഫണ്ട്)

കേരള കാത്തലിക് ഫെഡറേഷൻ രൂപീകരിച്ച വേളയിൽ, അതിന്റെ പ്രവർത്തനങ്ങൾക്കും, പരിപാടികൾക്കുമായി ആവശ്യമായ ധനസഹായം കെ.സി.ബി.സി. യിൽ നിന്ന് ലഭിക്കുമെന്നുള്ള ധാരണയോടെയാണ്, ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ 1996-ൽ പ്രവർത്തനം ആരംഭിച്ച കേരള കാത്തലിക് ഫെഡറേഷന്, നാളിതുവരെ യാതൊരുതരത്തിലുള്ള ധനസഹായങ്ങളും ലഭിച്ചിട്ടില്ല. കെ.സി.എഫ്. -ന്റെ പ്രവർത്തനങ്ങൾ സുഗമമായി നിർവ്വഹിക്കണമെങ്കിൽ, സാമ്പത്തികമായ സഹായങ്ങൾ കെ.സി.ബി.സി. യിൽ നിന്നും ലഭിക്കേണ്ടത് അനിവാര്യമാണ്.

ഇപ്രകാരമുള്ള പരിതസ്ഥിതിയിൽ കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിൽ നിന്നും, കെ.സി.എഫ്.ന്റെ സംഘടനാ പ്രവർത്തനങ്ങൾക്കു വേണ്ടി ആവശ്യമായ സാമ്പത്തിക സഹായം (ഫണ്ട്), ലഭിക്കുകയെന്നത് ഈ മെമ്മോറാണ്ടത്തിന്റെ പ്രഥമവും പ്രാധാന്യമർഹിക്കുന്നതുമായ ആവശ്യമായി ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## 2. കത്തോലിക്ക സമിതികളിൽ പ്രാതിനിധ്യം

കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസും, കേരള കത്തോലിക്കാ രൂപതകളും, രൂപം കൊടുക്കുന്ന വിവിധ സമിതികളിലും കമ്മീഷനുകളിലും കെ.സി.എഫ്-ന്റെ പ്രതിനിധികൾക്ക് വേണ്ടത്ര പ്രാതിനിധ്യം ഇപ്പോൾ ലഭിക്കുന്നില്ല. ആയതുകൊണ്ട് കെ.സി.ബി.സി. രൂപം കൊടുക്കുന്ന കത്തോലിക്കാ സമിതികളിൽ കെ.സി.എഫ്.ന്റെ പ്രാതിനിധ്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇതുപോലെ തന്നെ മൂന്നു റീത്തുകളുടെയും രൂപതകളിൽ സംഘടിപ്പിക്കുന്ന കത്തോലിക്ക സമിതികളിലും, അതാതു റീത്തുകളുടെ ഔദ്യോഗിക അൽമായ സംഘടനകളെ, പ്രത്യേകം പരിഗണിച്ചുകൊണ്ട് വേണ്ടത്ര പ്രാതിനിധ്യം അത്തരം സമിതികളിൽ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## 3. ക്രിസ്തു ജയന്തി ആഘോഷം

രണ്ടായിരം ആണ്ടിനോടനുബന്ധിച്ച്, കത്തോലിക്കാ സഭയുടെ ജയന്തി ആഘോഷങ്ങൾ വിപുലമായ രീതിയിൽ നടക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ക്രിസ്തു ജയന്തി ആഘോഷപരിപാടികളിൽ കാത്തലിക് ഫെഡറേഷനെ ഉൾക്കൊള്ളിക്കുകയും, വേണ്ടത്ര പ്രാതിനിധ്യം കെ.സി.എഫിന് നൽകുകയും ചെയ്യേണ്ടതാണെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## 4. ക്രൈസ്തവ കലോത്സവം

ക്രിസ്തുജയന്തി ആഘോഷങ്ങളോടനുബന്ധിച്ച്, കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ ഒരു ക്രൈസ്തവകലോത്സവം സംഘടിപ്പിക്കണം എന്നുള്ള

www.malankaralibrary.com

ഒരു ആശയം ഈ സന്ദർഭത്തിൽ സമർപ്പിക്കുകയാണ്. ബൈബിളിനെ ആസ്പദമാക്കിയുള്ള കലാ-സാഹിത്യ മത്സരങ്ങളും, ഇന്നു പ്രചാരത്തിലുള്ള മററു ക്രൈസ്തവകലകളും, ഈ കലോത്സവത്തിൽ ഉൾപ്പെടുത്തി പ്രസ്തുത കലോത്സവം സംഘടിപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള ഒരു കലോത്സവം, കെ.സി.ബി.സി.യുടെ നിർദ്ദേശാനുസരണം ഏറെറടുത്ത് നടത്തുവാൻ കേരള കാത്തലിക് ഫെഡറേഷൻ തയ്യാറാണ്. ആയതുകൊണ്ട് കെ.സി.ബി.സി. ഈ കാര്യത്തിൽ ഉചിതമായ ഒരു തീരുമാനം എടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

## 5. ലീഡർഷിപ്പ് ക്യാംപ്

കേരളത്തിലുള്ള മൂന്നു കത്തോലിക്ക റീത്തുകളിലുള്ള സംഘടനാ ഭാരവാഹികളേയും യുവജന നേതാക്കളേയും മററു കത്തോലിക്ക പ്രതിഭാ സംരംഭകരേയും പങ്കു ചേർത്തുകൊണ്ട്, ഒരു ലീഡർഷിപ്പ് ക്യാംപ് സംഘടിപ്പിക്കുന്നതിന് കേരള കാത്തലിക് ഫെഡറേഷൻ തീരുമാനിച്ചിട്ടുണ്ട്. ഈ വരുന്ന പൂജാ അവധി ദിനങ്ങളിലാണ് (ഒക്ടോബർ മാസം) പ്രസ്തുത നേതൃത്വ ശില്പശാല കെ.സി.എഫ്-ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാൻ പോകുന്നത്. ആയതുകൊണ്ട് പ്രസ്തുത പരിപാടി വിജയകരമായി നടത്തുന്നതിനു വേണ്ടി ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കെ.സി.ബി.സി.യിൽ നിന്നും ഉണ്ടാകണമെന്നും അപേക്ഷിക്കുന്നു.

## 6. ചർച്ച

കേരളത്തിലെ കത്തോലിക്ക സമുദായം ഇന്ന് വിദ്യാഭ്യാസ, സാമൂഹിക, സാമുദായിക രംഗങ്ങളിൽ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് കെ.സി.ബി.സി. യുമായി ഒരു ചർച്ച (ഡയലോഗ്) നടത്തുന്നതിനുള്ള അവസരം കെ.സി.എഫിന് ലഭ്യമാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## ഉപസംഹാരം

ഈ മെമ്മോറാണ്ടത്തിൽ സൂചിപ്പിക്കുന്ന (1) ധനസഹായം (ഫണ്ട്) (2) കെ.സി.ബി.സി. കമ്മററികളിലും കമ്മീഷനുകളിലും കെ.സി.എഫിനെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അൽമായ പ്രാതിനിധ്യം (3) ക്രിസ്തു ജയന്തി ആഘോഷങ്ങൾക്ക് കെ.സി.എഫ്-ന്റെ പ്രാതിനിധ്യം (4) ക്രൈസ്തവ കലോത്സവം (5) ലീഡർഷിപ്പ് ക്യാപ് (6) കെ.സി.ബി.സി.യുമായി ഡയലോഗ് തുടങ്ങിയ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾക്ക് കെ.സി.ബി.സി.യുടെ പ്രത്യേക ശ്രദ്ധ ലഭിക്കുന്നതിനു വേണ്ടിയാണ് ഈ മെമ്മോറാണ്ടം സമർപ്പിക്കുന്നത്.

അഭിവന്ദ്യ ആർച്ച് ബിഷപ്പ് റവ.ഡോ. ഡാനിയൽ അച്ചാരുപറമ്പിൽ തിരുമേനി അദ്ധ്യക്ഷനായുള്ള ബഹു.കെ.സി.ബി.സി. ഈ മെമ്മോറാണ്ടം അനുഭാവപൂർവ്വം പരിഗണിക്കുവാൻ സവിനയം അപേക്ഷിക്കുന്നു.

എന്ന് കേരള കാത്തലിക് ഫെഡറേഷനുവേണ്ടി,
ജോൺ കച്ചിറമററം, പ്രസിഡണ്ട്

2000 ജൂൺ മാസം 9-ാം തീയതി

www.malankaralibrary.com

## 285

# പെരിഞ്ചാംകുട്ടി പദ്ധതി പുനപ്പരിശോധിക്കണം: എ.കെ.സി.സി.

കോട്ടയം: പെരിഞ്ചാംകുട്ടി പദ്ധതി പുനപ്പരിശോധിക്കണമെന്ന് അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു. പ്രസിഡന്റ് ജോൺ കച്ചിറമററം, കാഞ്ഞിരപ്പള്ളി രൂപതാസംഘം പ്രസിഡന്റ് ബേബിച്ചൻ ഏർത്തയിൽ, കട്ടപ്പന മേഖലാ പ്രസിഡന്റ് ഒ.എഫ്. വർക്കി എന്നിവർ കഴിഞ്ഞദിവസം പദ്ധതിപ്രദേശം സന്ദർശിച്ച് പഠനം നടത്തിയിരുന്നു.

ഗ്രേററർ ഇടുക്കി പദ്ധതിയുടെ ഭാഗമായി പെരിഞ്ചാംകുട്ടി അണക്കെട്ട് നിർമിക്കാനുള്ള പദ്ധതി ഇരട്ടയാറിലും കല്ലാറിലും ഡാമുകൾ നിർമ്മിച്ച് അവിടുത്തെ ജലസ്രോതസ്സുകൾ ഇടുക്കിയിലേക്ക് തിരിച്ചുവിട്ടതോടെ മരവിപ്പിച്ചിരിക്കുകയായിരുന്നുവെന്നും കൃഷിക്കാർക്ക് പട്ടയം നൽകാൻ സർവേ നടത്തുന്നുവെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പെരിഞ്ചാംകുട്ടി പദ്ധതിയുടെ സർവേ നടത്താൻ മുതിർന്ന ഉദ്യോഗസ്ഥന്മാർ വിശ്വാസവഞ്ചനയാണ് നടത്തിയതെന്നും സംഘം വിലയിരുത്തി.

കട്ടപ്പനയിൽനിന്നും 40 കിലോമീററർ അകലെ സമുദ്രനിരപ്പിൽനിന്ന് 602 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പെരിഞ്ചാംകുട്ടിയിൽ അണക്കെട്ട് നിർമ്മിക്കുന്നതുമൂലം വാത്തുക്കുടി, കൊന്നത്തടി, ഇരട്ടയാർ, നെടുങ്കണ്ടം, ഉടുമ്പൻചോല പഞ്ചായത്തുകളിൽ അധിവസിക്കുന്ന നാലായിരത്തിൽപരം കർഷക കുടുംബങ്ങളെ അയ്യായിരത്തിലധികം ഏക്കർ കൃഷിഭൂമിയിൽനിന്നും ഇറക്കിവിടേണ്ടിവരും. ഈ പദ്ധതിമൂലമുണ്ടാകുന്ന ലാഭനഷ്ടങ്ങളെപ്പററി സമഗ്രമായ പഠനം നടത്തണമെന്ന് ഇവർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

60 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാമെന്നാണ് സർക്കാരിന്റെ അവകാശവാദം. കല്ലാറിലും ഇരട്ടയാറിലും അണക്കെട്ടുകൾ നിർമിച്ചതുമൂലം 60 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളം ലഭിക്കുകയില്ലെന്നും പെരിഞ്ചാംകുട്ടിയിലെ മണ്ണിന്റെ ഘടന ജലസംഭരണത്തിന് സഹായകരമല്ലെന്നും മണ്ണിൽക്കൂടിയുള്ള ജലചോർച്ച ജലസംഭരണത്തെ പരാജയപ്പെടുത്തുമെന്നാണ് വിദഗ്ധാഭിപ്രായം.

നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കിയാൽ ആലപ്പുഴ-മധുര ഹൈവേയുടെ 10 കിലോമീററർ ദൂരം വെള്ളത്തിനടിയിൽ ആയിപ്പോകും. തെങ്ങ്, കമുക്, കാപ്പി, കുരുമുളക്, കൊക്കോ മുതലായ ദേഹണ്ഡങ്ങൾ ഉൾക്കൊള്ളുന്ന 5000 ഏക്കർ സ്ഥലവും വെള്ളത്തിനടിയിലാകും. നാലായിരത്തിലധികം കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും നഷ്ടപരിഹാരം നൽകുകയും വേണം. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ഈ പദ്ധതി ഭീമമായ നഷ്ടമാണ് രാജ്യത്തിനു വരുത്തിവയ്ക്കുക.

www.malankaralibrary.com

പദ്ധതിപ്രദേശത്ത് അധിവസിക്കുന്ന കർഷകരേയും ബഥേൽ പള്ളി വികാരി ഫാ.ജയിംസ് കക്കുഴിയേയും എ.കെ.സി.സി. പ്രതിനിധിസംഘം സന്ദർശിച്ചു വിവരങ്ങൾ ശേഖരിച്ചു. ചെമ്പകപ്പാറ, ബഥേൽ, പെരിഞ്ചാംകുട്ടി, മേലേ ചിന്നാർ എന്നിവിടങ്ങളിൽ സമരസമിതി രൂപീകരിച്ചിട്ടുണ്ട്. ഒരു സെൻട്രൽ കമ്മിററിക്ക് ഉടൻ രൂപം കൊടുക്കും.

മേലേചിന്നാർ ടൗണിൽ പെരിഞ്ചാംകുട്ടി പദ്ധതിക്കെതിരായി നടന്ന യോഗത്തിൽ പഞ്ചായത്തുമെമ്പർ സാബു മാത്യു അദ്ധ്യക്ഷത വഹിച്ചു. ജോൺ കച്ചിറമററം, ബേബിച്ചൻ ഏർത്തയിൽ, ഒ.എഫ്.വർക്കി, കറുവച്ചൻ പന്തിരുവേലിൽ എന്നിവർ പ്രസംഗിച്ചു.

2000 ജൂൺ

## 286

# അസത്യ പ്രചാരണം നിറുത്തണം

കേരളത്തിലെ വിവിധ യൂണിവേഴ്സിററികളും മുൻ ഗവൺമെന്റും അംഗീകാരം നൽകിയ 190 കോഴ്സുകൾ മരവിപ്പിച്ച ഇപ്പോഴത്തെ ഗവൺമെന്റിന്റെ നടപടിക്കെതിരെ പ്രതിഷേധം ഉയർന്നിരിക്കുകയാണ്. അതൊരു വലിയ വിവാദമായി കത്തിപ്പടരുകയാണ്. യുക്തിക്കും സാമാന്യനീതിക്കും നിരക്കാത്ത ആ നടപടി അപലപിക്കപ്പെടുകതന്നെ വേണം. അതുമൂലം കോഴ്സുകൾ നഷ്ടപ്പെടുന്ന മാനേജ്മെന്റുകൾ നീതി നിഷേധിക്കപ്പെടുന്നതിന്റെ പേരിൽ അമർഷം കൊള്ളുന്നത് മനസിലാക്കാൻ കഴിയും. എന്നാൽ, ഇതര സമുദായങ്ങൾക്കും മുൻ വിദ്യാഭ്യാസമന്ത്രിക്കുമെതിരെ സത്യവിരുദ്ധമായ ആരോപണങ്ങൾ ഉയർത്തിക്കൊണ്ടുള്ള നീക്കം പ്രതിഷേധാർഹമാണ്. അതാണ് എസ്.എൻ.ഡി.പി.യൂണിയൻ ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ നിരന്തരമായി ചെയ്തു വരുന്നത്. തൊഴിലധിഷ്ഠിത കോഴ്സുകൾ അനുവദിച്ചതിൽ എസ്.എൻ.ട്രസ്റ്റിനോട് മുൻ വിദ്യാഭ്യാസമന്ത്രി നീതികാട്ടാതെ പക്ഷപാതപരമായി പെരുമാറിയെന്നാണ് അദ്ദേഹത്തിന്റെ ആരോപണം. ഒരു സമുദായത്തിനുമാത്രം ഒന്നിലധികം കോഴ്സുകൾ ഒരേ കോളേജിൽ തന്നെ അനുവദിച്ചു എന്നും അദ്ദേഹം ആരോപിക്കുന്നു.

തൊഴിലധിഷ്ഠിത കോഴ്സുകൾ വഴി പിന്നോക്കസമുദായങ്ങൾ അധികാരത്തിലെത്തുന്നത് തടയാനുള്ള ശ്രമമാണ് മുൻവിദ്യാഭ്യാസമന്ത്രിയും ഗവൺമെന്റും നടത്തിയതെന്ന് വെള്ളാപ്പള്ളി കുററപ്പെടുത്തുന്നു. ചില സമുദായങ്ങൾക്ക് അനർഹമായ പരിഗണന നൽകിയെന്ന് ബോധ്യപ്പെട്ടതുകൊണ്ടാകാം പുതിയ കോഴ്സുകൾ തുടങ്ങുന്നത് സർക്കാർ തടഞ്ഞതെന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ.

വെള്ളാപ്പള്ളിയുടെ നിഗമനങ്ങളും ആരോപണങ്ങളും തികച്ചും അടിസ്ഥാനരഹിതവും നിർഭാഗ്യകരവുമാണ്. സ്വന്തം സമുദായത്തിന്റെ ഉൽക്കർഷത്തിനുവേണ്ടി സ്ഥാപനങ്ങളും കോഴ്സുകളും ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും മനസിലാക്കാനും അംഗീകരിക്കാനും കഴിയും. എന്നാൽ,

www.malankaralibrary.com

ഇതര സമുദായങ്ങൾക്കും മുൻ വിദ്യാഭ്യാസമന്ത്രിക്കും എതിരായി സത്യ വിരുദ്ധവും ദുരുദ്ദേശ്യപരവുമായ ആരോപണങ്ങൾ ഉയർത്തുന്നത് ഒരു സമുദായ നേതാവിന് ഒട്ടും ചേർന്നതല്ല. മുൻ വിദ്യാഭ്യാസ മന്ത്രി സ്വന്തം സമുദായത്തിന് അവിഹിതമായ ആനുകൂല്യങ്ങൾ നൽകിയെന്നും നടേശന്റെ സമുദായത്തെ അവഗണിക്കുന്നു എന്നുമുള്ള ആരോപണങ്ങൾ അദ്ദേഹം ആവർത്തിച്ച് ഉന്നയിക്കുകയാണ്. അതിൽ ശക്തമായ പ്രതിഷേധവും എതിർപ്പുമുണ്ട്.

പ്രീഡിഗ്രി വേർപെടുത്തലും പ്ലസ് ടു അനുവദിക്കലുമായി ബന്ധപ്പെടുത്തിയാണ് ഈ കുപ്രചാരണങ്ങൾ ആരംഭിക്കുന്നത്. ജനസംഖ്യാടിസ്ഥാനത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. സംസ്ഥാന ഗവൺമെന്റാകട്ടെ തത്വാധിഷ്ഠിതമായ നിലപാടാണു സ്വീകരിച്ചത്. പ്രീഡിഗ്രി വേർപെടുത്തൽ മൂലം മാനേജ്മെന്റുകൾക്കുണ്ടായ സീററു നഷ്ടവും അവർ നടത്തിക്കൊണ്ടിരുന്ന ഹൈസ്കൂളുകളുടെ എണ്ണവും കണക്കാക്കിയാണ് പ്ലസ് ടു അനുവദിച്ചത്. ഹൈസ്കൂളുകൾ കുറവുള്ള മാനേജ്മെന്റുകൾക്ക് കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും മാററിവച്ച് പുതിയ ഹൈസ്കൂളുകളും അവയോട് അനുബന്ധിച്ച് പ്ലസ് ടു സ്കൂളുകളും അനുവദിച്ചു. ഇതിന്റെ പ്രയോജനങ്ങൾ ഏററവും കൂടുതൽ ലഭിച്ചത് നടേശന്റെ സമുദായത്തിനാണ്. കോളജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചപ്പോൾ വിദ്യാഭ്യാസ മന്ത്രിയും മുൻഗവൺമെന്റും അദ്ദേഹത്തിന്റെ സമുദായത്തോട് വിവേചനാപരമായി പെരുമാറിയെന്ന ആരോപണവും സത്യത്തിനു നിരക്കുന്നതല്ല.

ഒരു സമുദായത്തിൽ മാത്രം (ഏതു സമുദായമാണെന്ന് അദ്ദേഹത്തിന് മാത്രമേ അറിയൂ) ഒന്നിലധികം കോഴ്സുകൾ ഒരേ കോളേജിൽതന്നെ അനുവദിച്ചുവെന്ന ആരോപണം തീർത്തും അടിസ്ഥാനരഹിതമാണ്. 27-03-01-ലെ G.O.No.39/2001/H.Edn. പ്രകാരമാണ് പുതിയ കോഴ്സുകൾക്ക് അനുമതി നൽകിയത്. ആ ഉത്തരവ് പരിശോധിച്ചാൽ 190 കോളേജുകൾക്ക് ഓരോ കോഴ്സുവീതം മാത്രമേ അനുവദിച്ചിട്ടുള്ളുവെന്ന് കാണുവാൻ കഴിയും. കേരളയൂണിവേഴ്സിററിയുടെ കീഴിൽ 52 കോളേജുകൾക്കും മഹാത്മാഗാന്ധി യൂണിവേഴ്സിററിയുടെ കീഴിൽ 57 കോളേജുകൾക്കും കാലിക്കട്ട് യൂണിവേഴ്സിററിയുടെ കീഴിൽ 63 കോളേജുകൾക്കും കണ്ണൂർ യൂണിവേഴ്സിററിയുടെ കീഴിൽ 18 കോളേജുകൾക്കുമാണ് കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്. ഒരിടത്തും ഒന്നിലധികം കോഴ്സുകൾ അനുവദിച്ചതായി കാണുന്നില്ല.

കോഴ്സ് കൊടുത്തതിൽ ദുരുദ്ദേശ്യവും വിവേചനവും ഉണ്ടെന്ന ആരോപണം തികച്ചും തെററാണ്. ചില സമുദായങ്ങൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകളും പിന്നോക്ക സമുദായങ്ങൾക്ക് തൊഴിലധിഷ്ഠിതമല്ലാത്ത കോഴ്സുകളും നൽകിയെന്ന ആരോപണം ദുരുപദിഷ്ടമാണ്.

ഓരോ കോളേജിലും അനുവദിക്കേണ്ട കോഴ്സ് ഏതാണെന്നു തീരുമാനിച്ചതു കാബിനററ് സബ് കമ്മിററിയാണെന്നാണ് ഞാൻ മനസിലാക്കുന്നത്. അതിൽ മുൻ വിദ്യാഭ്യാസമന്ത്രി നേരിട്ട് ഇടപെട്ടിട്ടില്ല.

www.malankaralibrary.com

പ്രീഡിഗ്രി വേർപെടുത്തൽ മൂലം കോളേജുകളിൽ മിച്ചംവന്ന അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കുകയും അതുവഴി പരമാവധി സാമ്പത്തികഭാരം കുറയ്ക്കുകയും ചെയ്യുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് കോഴ്സ് നിർണയം നടത്തിയത്.

ക്രിസ്ത്യൻ സമുദായം വെള്ളാപ്പള്ളിയുടെ സമുദായത്തോടും സമുദായാംഗങ്ങളോടും എക്കാലവും തികഞ്ഞ സൗഹാർദ്ദം പുലർത്തിവന്നിട്ടുള്ളകാര്യം അദ്ദേഹം മറക്കരുത്. സമുദായാംഗങ്ങളായ ഒട്ടേറെപ്പേർക്ക് വിദ്യാഭ്യാസത്തിനും അതുവഴിയുണ്ടായ ഉയർച്ചയ്ക്കും ക്രിസ്ത്യൻ സമുദായം നടത്തിവന്ന സ്ഥാപനങ്ങൾ വഴി ലഭിച്ചിട്ടുള്ള നന്മകൾ വിസ്മരിക്കുന്നതു നന്ദികേടാണ്.

എല്ലാ വിഭാഗം ജനങ്ങളോടും നീതി പുലർത്തുകയും കാര്യക്ഷമതയോടും സത്യസന്ധതയോടും കൂടി ഭരണം നടത്തുകയും ചെയ്ത മുൻ വിദ്യാഭ്യാസമന്ത്രി പി.ജെ.ജോസഫിനെ മോശമാക്കി കാണിക്കുവാനുള്ള ആസൂത്രിത നീക്കത്തിൽ നിന്നും വെള്ളാപ്പള്ളി പിന്മാറണം.

24-06-2001

## 287

# ന്യൂനപക്ഷ കമ്മീഷനെ പിരിച്ചുവിടണം: എ.കെ.സി.സി.

ന്യൂനപക്ഷ കമ്മിഷന്റെ ന്യനപക്ഷവിരുദ്ധപ്രവർത്തനങ്ങളെ കോട്ടയത്തുചേർന്ന എ.കെ.സി.സി. നേതൃസമ്മേളനം അപലപിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് നേതൃസമ്മേളനം അംഗീകരിച്ച വിവിധ പ്രമേയങ്ങളിൽ ഇങ്ങനെ പറയുന്നു.

കഴിഞ്ഞ ഏതാനും മാസങ്ങളായി ക്രിസ്ത്യൻ സ്ഥാപനങ്ങൾ, വൈദികർ, കന്യാസ്ത്രികൾ,സാമുഹ്യപ്രവർത്തകർ മുതലായവർ ആസൂത്രിതവും സംഘടിതവുമായവിധം പീഡനം, മർദ്ദനം, വധം, അക്രമപ്രവർത്തനങ്ങൾ ഭീകരപ്രവർത്തനങ്ങൾ മുതലായവയ്ക്ക് വിധേയമായ സന്ദർഭങ്ങളിൽ ദേശീയന്യൂനപക്ഷകമ്മീഷൻ സ്വീകരിച്ചപക്ഷപാതപരവും ന്യൂനപക്ഷവിരുദ്ധവുമായ നിലപാടുകളെ അഖിലകേരളാകത്തോലിക്കാകോൺഗ്രസിന്റെ ഈനേതൃസേമ്മളനം അത്യകികം ഖേദത്തോടും ഉൽക്കണ്ഠയോടും വീക്ഷിക്കുന്നു.

അക്രമികൾക്കും പീഡകർക്കും ഘാതകർക്കും മൗനപിന്തുണയോ രഹസ്യവും പരസ്യവുമായ പ്രോത്സാഹനമോ നൽകിക്കൊണ്ട് ചില ഔദ്യോഗികവക്താക്കൾ നടത്തിയ ഇരട്ടത്താപ്പ്പ്രസ്താവനകളോട് ചേർന്ന്, ഈ ആക്രമങ്ങളുടെ പിറകിൽ വർഗ്ഗീയതയും മതപീഡനലക്ഷ്യങ്ങളുമില്ലെന്ന് കമ്മീഷന്റെ കണ്ടെത്തലും പ്രസ്താവനകളും നിർഭാഗ്യകരവും കുറ്റവാളികൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഉതുകുന്നതും, കമ്മീഷ്യന്റെ വിശ്വാസ്യതയെയും വസ്തു

www.malankaralibrary.com

നിഷ്ഠ സ്വഭാവത്തെയും സംശയവിധേയമാക്കുന്നതുമാണ്.

സി.ബി.സി.ഐ, അഭിവന്ദ്യവൈദികമേലദ്ധ്യക്ഷമാർ, വിവിധദേശീയ ക്രൈസ്തവസംഘടനകൾ, പല സംസ്ഥാനഗവൺമെന്റുകൾ, പ്രമുഖമാധ്യമങ്ങൾ, വിവിധ സാമൂഹ്യ സാംസ്ക്കാരിക നേതാക്കൾ സർവ്വോപരി ലോകസഭ മുതലായവയെല്ലാം ശക്തമായി പ്രതിഷേധിക്കുകയും അമർഷം രേഖപ്പെടുത്തുകയും പരിഹാരം ആവശ്യപ്പെടുകയും തെളിവുകൾ നല്കുകയും ചെയ്തിട്ടും ന്യൂനപക്ഷ കമ്മീഷൻ, ഭൂരിപക്ഷമതാധിഷ്ഠിതഭരണം പ്രഖ്യാപിതലക്ഷ്യമാക്കിയ ഒരു കേന്ദ്രസർക്കാർ പാർട്ടിയുടെ വക്താക്കളെപ്പോലെ വർത്തിക്കുന്ന രീതി അവസാനിപ്പിക്കണം. വിശ്വാസ്യത നഷ്ടപ്പെട്ട ന്യൂനപക്ഷകമ്മീഷനെ പിരിച്ചുവിടണം.

കഴിഞ്ഞ ഏതാനും വർഷമായി ഭാരതത്തിലുടനീളം ക്രൈസ്തവർക്കു നേരെ ആക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതുവരെ അക്രമത്തെ ഫലപ്രദമായി നേരിടുവാനുള്ളയാതൊരുനടപടികളും സർക്കാർ സ്വീകരിച്ചിട്ടില്ല. രാജ്യവ്യാപകമായി നടക്കുന്ന അക്രമങ്ങൾ സാധാരണ സംഭവങ്ങളായിട്ടാണ് സർക്കാർ വ്യാഖ്യാനിക്കുന്നത്. വർഗ്ഗീയശക്തികൾ ക്രൈസ്തവ വിരുദ്ധപ്രചാരണം വ്യാപകമായി നടത്തുകയും ആദിവാസികളായ ക്രിസ്ത്യാനികളെ ബലപ്രയോഗത്തിലൂടെ മതപരിവർത്തനം നടത്തുകയും ചെയ്യുന്നു. പാക്കിസ്ഥാന്റെ ചാരസംഘടനായ ഐ.എസ്. ഐയുടെ ഗൂഢനീക്കമാണിതെന്ന ബി.ജെ.പി. യുടെ ആരോപണം ഒരിക്കലും ശരിയല്ല. വർഗ്ഗീയശക്തികളുടെ ആക്രമണത്തെ വെള്ള പൂശാനുള്ള തന്ത്രമാണ് സർക്കാർ വ്യാഖ്യാനത്തിൽ നിഴിച്ചു കാണുന്നത്. ഈ സമീപനം നിർത്തി അക്രമപ്രവർത്തനങ്ങൾക്കറുതി വരുത്തുവാൻ അടിയന്തരനടപടികൾ സ്വീകരിക്കണം.

കേരളത്തിൽ ഏറ്റവും കൂടുൽ വിദ്യാലയങ്ങളും കോളേജുകളും നടത്തുന്നത് ക്രൈസ്തവമാനേജുമെന്റുകളാണ്. അവർക്ക് അർഹിക്കുന്നവിധത്തിൽ ആനുപാതികമായി പ്ലസ്ടുക്ലാസ്സുകൾ അനുവദിച്ചിട്ടില്ല. എന്നിട്ടും പ്ലസ്ടു കോഴ്സുകൾ ക്രൈസ്തവസമുദായത്തിനാണ് കൂടുതൽ നൽകിയതെന്നുള്ള ആരോപണം സഹോദരസമുദായങ്ങൾ ഉന്നയിക്കുന്നത് സത്യവിരുദ്ധവും നിർഭാഗ്യകരവുമാണ് വേദനാജനകവുമാണ്. സർക്കാർ സ്കൂളുകളിൽ പിന്നോക്കവിഭാവങ്ങൾക്ക് പ്രവേശനം നിഷേധിച്ചിരുന്ന ഒരു കാലഘട്ടത്തിൽ, പൊൻകുരിശും പൊന്നരുളിക്കയും വിറ്റ് സ്കൂളുകൾ സ്ഥാപിച്ച് എല്ലാവിഭാഗത്തിൽപെട്ടവർക്കും വിദ്യാഭ്യാസം നൽകിയത് ക്രൈസ്തവരായിരുന്നുവെന്ന സത്യം വിസ്മരിക്കരുതെന്നും ഈസമ്മേളനം സഹോദരസമുദായങ്ങളോടഭ്യർത്ഥിക്കുന്നു. നിയമനത്തിനും അഡ്മിഷനും കോഴവാങ്ങാനുള്ള സൗകര്യമോർത്തല്ല ക്രൈസ്തവർ വിദ്യാലങ്ങൾ സ്ഥാപിച്ചതെന്ന് അടിവരയിട്ട് പ്രഖ്യാപിക്കാൻ ഈ സമ്മേളനം ആഗ്രഹിക്കുന്നു. ക്രൈസ്തവർക്ക് കുടുതൽ പ്ലസ്ടു അനുവദിച്ചെന്ന ആരോപണം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഒരോ സമുദായത്തിനും അനുവദിച്ച പ്ലസ്ടു കോഴ്സുകൾ എത്രയെന്ന് നിലവിലുള്ള സ്കൂളുകളുടെയും കോളേജുകളുടെയും പ്ലസ്ടു കോഴ്സ് അനുവദിച്ചതിന്റെയും ആനുപാതിക കണക്ക് പ്രസിദ്ധീകരിക്കണമെന്ന് ഈ യോഗം സർക്കാരിനോടഭ്യർത്ഥിക്കുന്നു. പ്ലസ്ടു

www.malankaralibrary.com

കോഴ്സുകൾ അൺ എയിഡഡ് റക്കഗ്നൈസ്ഡ് സ്കൂളുകളിൽക്കൂടി അനുവദിക്കുവാൻ തയ്യാറാകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

ക്രിസ്ത്യൻ വ്യക്തിനിയമങ്ങളിൽ കേന്ദ്രഗവൺമെന്റ് വരുത്തുന്ന ഭേദഗതികൾ ക്രിസ്ത്യൻ സമുദായത്തിന്റെ താൽപര്യങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുസൃതമായിരിക്കണമെന്ന് ഈയോഗം സർക്കാരിനോടഭ്യർത്ഥിക്കുന്നു.

കേന്ദ്ര ഗവൺമെന്റ് ഇതിനോടകം തയ്യാറാക്കിയിട്ടുള്ള ക്രിസ്ത്യൻ വിവാഹബിൽ 2000 വിവേചനാപരവും സമുദായതാൽപര്യങ്ങൾക്ക് വിരുദ്ധവുമാണ്. സങ്കീർണ്ണമായ നടപടിക്രമങ്ങളും ശിക്ഷാനടപടികളും ഉൾപ്പെട്ട ഈ ബിൽ മാറ്റി ക്രിസ്ത്യൻ സഭയുടെ സംസ്കാരത്തിനും ആചാരത്തിനും അനുസരിച്ച് വിവാഹിതരാകാൻ അനുവദിക്കുന്ന നിയമം രൂപീകരിക്കേണ്ടതാണ്. ഹിന്ദുവിവാഹനിയമത്തിൽ ഹൈന്ദവപാരമ്പര്യങ്ങൾക്കനുസരിച്ച് വിവാഹംനടത്തിക്കൊടുക്കാൻ പൂജാരിയെ അനുവദിച്ചിട്ടുള്ളതുപോലെ ക്രൈസ്തവർക്കും അവരുടെ വിവാഹം നടത്താനുള്ള നിലവിലുള്ള അവകാശം നിലനിർത്തണം. വിവാഹമോചനനിയമം, വിവാഹത്തിന്റെ പവിത്രതയെക്കുറിച്ചുള്ള ക്രൈസ്തവസഭയുടെ പഠനങ്ങൾക്കനുസൃതമായിരിക്കണം.

## 288

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്

കേരളം ഒരിക്കൽകൂടി തിരഞ്ഞെടുപ്പ് ചൂടിൽ അകപ്പെട്ടിരിക്കുകയായിരുന്നു. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുപ്പുകളാണ് കഴിഞ്ഞ മാസം നടന്നത്. വനിതകൾക്ക് മൂന്നിലൊന്ന് സംവരണം ഏർപ്പെടുത്തിയതുകൊണ്ട് തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ വനിതകളുടെ പങ്ക് സുദൃഢമായിരുന്നു.

യു.ഡി.എഫും, എൽ.ഡി.എഫും തമ്മിലാണ് പ്രധാനമത്സരം നടന്നത്. ഇത് വെറുമൊരു പറച്ചിൽ മാത്രമായിരുന്നു. സ്ഥാനാർത്ഥി നിർണ്ണയത്തിൽ അസംതൃപ്തരായവർ സ്വതന്ത്രസ്ഥാനാർത്ഥികളായി മത്സരിച്ചു. യു.ഡി.എഫിൽ സീറ്റ് കിട്ടാത്തവർ എൽ.ഡി.എഫ് സ്ഥാനാർത്ഥികളായും എൽ.ഡി.എഫിൽ സീറ്റ് കിട്ടാത്തവർ യു.ഡി.എഫ്. സ്ഥാനാർത്ഥികളായും രംഗപ്രവേശം ചെയ്തു. പല സ്ഥലങ്ങളിലും ഇലക്ഷനെ നിയന്ത്രിച്ചത് സ്വതന്ത്രസ്ഥാനാർത്ഥികളായിരുന്നു. പാർട്ടി അച്ചടക്കം ലംഘിച്ചവരെ പാർട്ടിയിൽനിന്നും ആറു വർഷത്തേക്കു സസ്പെൻഡു ചെയ്തു. ഈ സസ്പെൻഷൻ നടപടി മിക്ക തിരഞ്ഞെടുപ്പവസരങ്ങളിലും നടക്കുന്നതാണ്. തിരഞ്ഞെടുപ്പ് കഴിയുമ്പോൾ സസ്പെൻഷൻ സ്വാഭാവികമായും ഇല്ലാതാകും. അച്ചടക്കം ലംഘിച്ച് ജയിച്ചുവരുന്ന സ്ഥാനാർത്ഥികളെ ആരുമറിയാതെ സംഘടനയിലേക്ക് തിരികെ കൊണ്ടുവന്ന് പ്രസിഡന്റ് സ്ഥാനത്തിന് വോട്ടുപിടിക്കാൻ ഉപയോഗിക്കുകയും ചെയ്യും.

www.malankaralibrary.com

ഈ അച്ചടക്കമില്ലായ്മയാണ് നമ്മുടെ ജനാധിപത്യത്തിന് ഏറ്റവും വലിയ ഭീഷണി. സ്വന്തം കാര്യം വരുമ്പോൾ പാർട്ടിയെ തഴയും. ഭാരതത്തിൽ വിവിധ പാർട്ടികൾ ഭിന്നിക്കാനിടയായതും ഈ അച്ചടക്കമില്ലായ്മയും സ്വാർത്ഥചിന്തയുമാണ്.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് സാരഥികളുടെ തിരഞ്ഞെടുപ്പും ഈ ലക്കം ബുള്ളറ്റിൻ വായനക്കാരുടെ കയ്യിൽ എത്തുമ്പോൾ കഴിഞ്ഞിരിക്കും. കാലുവാരലിന്റെയും വിലപേശലിന്റെയും ഞെട്ടിപ്പിക്കുന്ന വാർത്തകൾ, മുന്നണി ബന്ധങ്ങൾ തകർത്ത് പുതിയമുന്നണിബന്ധങ്ങൾ സൃഷ്ടിക്കുന്ന വാർത്തകൾ, മിക്ക പ്രദേശങ്ങളിലും കേട്ടിരിക്കും. ഘടക കക്ഷികൾ തമ്മിൽ പ്രസിഡണ്ടു സ്ഥാനങ്ങൾ വീതംവയ്ക്കുന്ന ബഹളവും കേട്ടിരിക്കും. വീതം വയ്ക്കൽ അട്ടിമറിച്ച് സ്വന്തം സ്ഥാനം ഉറപ്പിക്കാൻ ശ്രമിക്കുന്ന വാർത്തകളും അട്ടിമറി വാർത്തകളും ആയിരിക്കും ഇനിയങ്ങോട്ട് അഞ്ചു വർഷം കേൾക്കുക.

ജനാധിപത്യം സേവനത്തിനുവേണ്ടിയുള്ളതാണെന്ന സത്യം വിസ്മരിച്ച് അധികാരത്തിനുള്ളതാണെന്ന് കണക്കാക്കി പ്രവർത്തിക്കുന്നത് അങ്ങേയറ്റം ദുഃഖകരമാണ്. പ്രസിഡന്റു സ്ഥാനം പങ്കുവയ്ക്കുന്ന സ്ഥിതി അവസാനിപ്പിക്കണം. രാഷ്ട്രീയ കക്ഷികളുടേയും പ്രവർത്തകരുടേയും പ്രവർത്തന ശൈലിക്ക് ഒരു മാറ്റം വരികതന്നെ വേണം. അതിനുവേണ്ടിയുള്ള ഒരു തുറന്ന ചർച്ചതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു.

05-10-2000

## 289

# ഈ പോക്ക് അപകടകരം

വിവിധ ജാതികളിലും വർഗ്ഗങ്ങളിലും വർണ്ണങ്ങളിലും പെട്ടവർ ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്ന നാടാണ് ഭാരതം.

എന്നാൽ കുറെ കാലങ്ങളായി ആ സൗഹാർദ്ദാന്തരീക്ഷം തകർക്കാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ചിലർ. സത്യത്തിന് നേരെ കണ്ണടച്ചുകൊണ്ട് ഇവിടുത്തെ ന്യൂനപക്ഷങ്ങളെ ഭീഷണിപ്പെടുത്തുകയാണ് അവർ. ഈ നില തുടരുന്നത് അപകടകരമാണെന്ന് പറയുവാൻ ഞങ്ങൾ നിർബന്ധിതരായി തീർന്നിരിക്കുന്നു. ഭാരതീയരുടെ സഹിഷ്ണുത ചോദ്യം ചെയ്യുവാൻ ഈ നീക്കം ഇടനൽകും. ഭാരതത്തിന്റെ മഹത്തായ സാംസ്ക്കാരിക പൈതൃകം അവഹേളിക്കപ്പെട്ടു. അന്താരാഷ്ട്രരംഗത്ത് ഇന്ത്യ നേടിയെടുത്ത മഹത്വം തകർന്ന് വീഴുന്നതിനിടനൽകും.

ആർ.എസ്.എസ്. നേതാവ് സുദർശന്റെ പ്രസ്താവനകളാണ് ഈയടുത്തകാലത്ത് ഭാരതത്തിൽ കോളിളക്കം സൃഷ്ടിക്കുന്നത്. ഭാരതത്തിന്റെ ദേശീയ ധാരയിൽ ക്രിസ്ത്യാനികൾ വരണമെന്നും ചൈനയിലേതുപോലെ

www.malankaralibrary.com

ഒരു സ്വതന്ത്രസഭ ഇവിടെ സ്ഥാപിക്കണമെന്നുമാണ് സുദർശന്റെ വാദം. ക്രിസ്തുമതം ഒരു വിദേശമതമാണെന്നും ഇവിടുത്തെ ചിലസഭകൾ ദേശീയമാണെന്നുംകൂടി സുദർശൻ പ്രഖ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവ സഭകളിലെ ചില ഘടകങ്ങളെ ഉപയോഗിച്ച് സഭകളുടെ കൂട്ടായ്മയിൽ വിള്ളലുണ്ടാക്കി ക്രൈസ്തവരെ ദ്രോഹിക്കാമെന്നാണ് സുദർശന്റെ നിലപാട്.

ഇന്നത്തെ ഹിന്ദുമതം പശ്ചിമേഷ്യയിൽ നിന്ന് കുടിയേറിയ ആര്യന്മാർ അവരോടുകൂടിത്തന്നെ കൊണ്ടുവന്നതാണ്. ഹിന്ദുമതം, ഇസ്ലാംമതം, യഹൂദ മതം മുതലായവ തദനുയായികളോടൊപ്പം ഇവിടെ കുടിയേറിയിരിക്കുമ്പോൾ ബുദ്ധമതം, ക്രിസ്തുമതം മുതലായവയുടെ സിദ്ധാന്തങ്ങൾമാത്രമേ ഭാരതത്തിലേക്ക് കടന്നുവന്നിട്ടുള്ളു. ഇക്കാരണത്താൽ ഭാരതത്തിലെ മററ് ഏതുമതങ്ങളേക്കാളും സ്വദേശീയമാണ് ക്രിസ്തുമതം. ഹിന്ദുമതമാണ് വിദേശീയം. ഈ സത്യം സുദർശന് അറിയാൻ പാടില്ലാഞ്ഞിട്ടല്ല, വർഗ്ഗീയ വിദ്വേഷം വളർത്താനുള്ള ഒരു തന്ത്രമായിട്ടാണ് ഈ നിലപാട് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്.

ക്രിസ്തുശിഷ്യനായ സെന്റ് തോമസ് തന്റെ ഗുരുവിന്റെ അദ്ധ്യാത്മിക സന്ദേശങ്ങൾ മനുഷ്യഹൃദയങ്ങളിൽ വിതക്കുവാൻ മാത്രമേ ശ്രമിച്ചിരുന്നുള്ളു. ക്രിസ്തുമതം സ്വീകരിച്ചവർ മണ്ണിന്റെ മക്കളുടെ ആചാരമര്യാദകൾ അതേപടി സ്വീകരിക്കുകയാണ് ചെയ്തത്. അങ്ങനെ തനി ദേശീയവും, ഭാരതീയവുമായ മതമായാണ് ആദ്യകാലം മുതലേ ക്രിസ്തുമതം ഇവിടെ വളർന്നു വന്നത്. ആചാര്യമര്യാദകൾ ഇതരകേരളീയരുടെയും ക്രിസ്ത്യാനികളുടെയും ഏതാണ്ട് ഒന്നു തന്നെയായിരുന്നു. ജീവിതമൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്തുമതത്തിന് ചിലത് നൽകുവാനുണ്ടായിരുന്നു. അതുനൽകുന്നതിൽ ക്രിസ്തുമതം ഒട്ടും അമാന്തം കാണിച്ചുമില്ല.

ഇവിടുത്തെ ക്രൈസ്തവരുടെ പൂർവ്വികർ ക്രസ്തുവിനെ സ്വീകരിച്ചത് ഹൈന്ദവപൈതൃകത്തെ ധിക്കരിച്ചു കൊണ്ടല്ല, അതിന് കൂടുതൽ അർത്ഥ വ്യാപ്തി നൽകിക്കൊണ്ടാണ്. നന്മയെ അംഗീകരിച്ചാശ്ലേഷിക്കുവാനും തിന്മയ്ക്കെതിരെ പോരാടുവാനും മതം നമ്മെ ശക്തരാക്കുന്നു. വേദപുസ്തകവും ഭഗവത്ഗീതയും നൽകുന്ന സന്ദേശം തിന്മയ്ക്കെതിരെ പോരാടി നന്മയെ വിജയിപ്പിക്കണമെന്നാണ്. ആ ദൗത്യമാണ് ക്രൈസ്തവർ ഏറെറടുത്തിരിക്കുന്നത്.

ദീപിക ഒക്ടോബർ 18ന് എഴുതിയ മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇന്നാട്ടിലെ ഹൈന്ദവമക്കളിൽ ഒരു വിഭാഗം ക്രൈസ്തവരായി മാറിയപ്പോൾ നൂററാണ്ടുകൾകൊണ്ട് അവരിവിടത്തെ സാമൂഹികക്രമക്കേടുകൾ പലതും ഇല്ലാതാക്കി. പല അനാചാരങ്ങൾക്കും അറുതിവരുത്തുവാൻ ഇടയാക്കി.

സമൂഹത്തിൽ ഒരു കൂട്ടരെ ചരിത്രഗതിക്കിടയിൽ അധഃസ്ഥിതരും ബലഹീനരുമാക്കി, അവർക്ക് വിദ്യയും അന്തസ്സും നിഷേധിച്ച ദുഷ്ക്രമത്തിന് ക്രൈസ്തവസാന്നിദ്ധ്യം തടസ്സമാകുന്നു എന്നത് സവർണ്ണമേധാവിത്വവാദികളെ അലോസരപ്പെടുത്തുന്നുണ്ടാകാം.

ഒരു പക്ഷേ തങ്ങളുടെ പ്രാമാണ്യവും അധികാരവും ജനാധിപത്യ ഭാരതത്തിൽ ഏറെക്കാലം തുടരാൻ കഴിയില്ലെന്നവർ മനസ്സിലാക്കുന്നുണ്ടാകും.

www.malankaralibrary.com

അല്ലെങ്കിൽ ഉത്തരേന്ത്യയിലെ സാമൂഹ്യഘടന പാടേ മാറിമറിഞ്ഞേക്കാം എന്ന സാദ്ധ്യതയെ അവർ ഭയക്കുകയാവാം.

ഈ ഭീഷണികൾ തടയേണ്ടത് സംഘപരിവാരങ്ങളുടെ ആവശ്യമാണല്ലോ. പക്ഷെ അതിന് അധികാരം വേണം. ദളിതരുടെ ജാഗരണം തടയുകയും വേണം. രാഷ്ട്രീയമായി അധികാരം പിടിച്ചെടുക്കുവാൻ മററുയോഗ്യതകളും അർഹതകളും ഇല്ലാത്തനിലയ്ക്ക് മതവിദ്വേഷം പരത്തുകയെന്ന മ്ലേഛമായ വഴിയേ അവർക്ക് മുന്നിലുള്ളു. ന്യൂനപക്ഷങ്ങളെ പ്രത്യേകിച്ച് ക്രൈസ്തവരെ തന്നെ കടന്നാക്രമിച്ചാൽ ദളിതരുടെ ഉയർത്തെഴുന്നേൽപ്പ് തടയുകയെന്നതും എളുപ്പമാകും.

ചുരുക്കിപ്പറഞ്ഞാൽ മതവിദ്വേഷത്തിലും സവർണ്ണമേധാവിത്വ ദുർമോഹത്തിലും പിറന്ന പ്രസ്ഥാനത്തിന് നിലനിൽക്കാൻ പകയുടേയും വിദ്വേഷത്തിന്റെയും ഇന്ധനം തന്നെ വേണം. അതിന് പാകത്തിൽ പകയും വിദ്വേഷവും പ്രയോഗിക്കുവാൻ ഒരു ശത്രുവിനെ കണ്ടെത്തുകയെന്ന ഗൂഢലക്ഷ്യത്തിന്റെ ഭാഗമാണ് സുദർശനും മററും ക്രൈസ്തവർക്കെതിരെ നടത്തുന്ന ഈ ഭ്രാന്തിളക്കം."

ദീപികയുടെ വിലയിരുത്തൽ നൂറുശതമാനവും ശരിയാണ്. സത്യം ഗ്രഹിച്ചിട്ടും അറിയാത്ത മട്ടിൽ ക്രൈസ്തവർക്കെതിരെ വാളോങ്ങുന്ന സുദർശനും അദ്ദേഹത്തെ പിന്താങ്ങുന്നവരും ഭാരതസംസ്ക്കാരത്തിന്റെ കടക്കൽ ആഞ്ഞുവെട്ടുകയാണ്. ഈ പോക്ക് അപകടകരമാണ്. രാജ്യ സ്നേഹികൾ ഉയർന്ന് ചിന്തിക്കുക തന്നെ വേണം. ഇവിടുത്തെ ഭൂരിപക്ഷസമുദായം സുദർശനെ നേർവഴിക്കു നയിക്കാൻ ശ്രമിക്കുമെന്നു തന്നെ വിശ്വസിക്കാം.

05-11-2000

## 290

# കർഷകരേ സംഘടിക്കൂ

ലോകമെമ്പാടുമുള്ള കർഷകരിന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. കേരളത്തിലെ കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും. കാർഷിക വിളകളുടെ വിലയിടിവും നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനയുമാണ് ഈ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. കേന്ദ്രസർക്കാരിന്റെ ഇറക്കുമതിനയവും സംസ്ഥാനസർക്കാരിന്റെ കർഷകരോടുള്ള പ്രതിബദ്ധതയില്ലായ്മയുമാണ് ഇന്നത്തെ പ്രതിസന്ധിയുടെ അടിസ്ഥാനകാരണം.

ബഹുരാഷ്ട്രകുത്തകകളും ദേശത്തും വിദേശങ്ങളിലുമുള്ള സർക്കാരുകളും, വൻകിട വ്യവസായികൾക്കുവേണ്ടി മാത്രമാണ് ഇന്ന് നിലനിൽക്കുന്നത്. അതിന്റെ പരിണിതഫലമാണ് കേരളത്തിലെ കർഷകർ ഇന്നനുഭവിക്കുന്നത്.

തേങ്ങയുടെ വിലയിടിവ് കർഷകർക്കേറ്റ ഒരടിയായിരുന്നു. ഇതിനോട്

www.malankaralibrary.com

പ്രതികരിക്കാൻ ആദ്യമായി രംഗത്തുവന്നത് കൂരാഞ്ചുണ്ട് ഗ്രാമത്തിലെ കർഷകരാണ്. കൂരാഞ്ചുണ്ടിൽ ആരംഭിച്ച പാമോയിൽ ബഹിഷ്ക്കരണവും ബഹുരാഷ്ട്രക്കുത്തകകളുടെ കോളകൾക്കെതിരേയുള്ള നീക്കങ്ങളും കർഷകരിൽ ഒരു ആവേശം വളർത്തുവാൻ സഹായിച്ചു. ഈ ബഹിഷ്ക്കരണം ഇന്ന് സംഘടനാരൂപത്തിൽ വളർന്നുകഴിഞ്ഞിരിക്കുന്നു. കർഷകർ സംഘടിച്ചുകൊണ്ടിരിക്കുന്നു. ഇതൊരു നല്ല ലക്ഷണമാണ്. കക്ഷിരാഷ്ട്രീയത്തിനധീനമായിട്ടാണ് ഈ സംഘടനയുടെ പ്രവർത്തനം. ആ സംഘടനയാണ് ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് - ഇൻഫാം എന്ന പേരിൽ അറിയപ്പെടുന്നത്.

കേരളമാകെ ഇന്ന് ഇൻഫാമിന്റെ സ്വാധീനത്തിലായിക്കഴിഞ്ഞു. ഈ സ്വാധീനം നമുക്ക് എന്നും നിലനിർത്തുവാൻ സാധിക്കുമോ? രാഷ്ട്രീയത്തിനതീതമായി ഈ സംഘടനയിലെ അംഗങ്ങൾക്ക് എന്നും നിലനിൽക്കാൻ സാധിച്ചാൽ കർഷക പ്രശ്നം പരിഹരിക്കപ്പെടുകതന്നെ ചെയ്യും. ആഗോളവത്ക്കരണത്തിന്റെ ഭീഷണിയിൽനിന്നും രക്ഷപെടുവാൻ കർഷകരെ സഹായിക്കാൻ ഇൻഫാം പ്രസ്ഥാനത്തിന് സാധിക്കട്ടെയെന്നാശംസിക്കുന്നു.

ജാതിമതരാഷ്ട്രീയചിന്തകൾക്കതീതമായി നിലകൊള്ളുന്ന ഒരു സംഘടനയായിട്ടാണ് ഇൻഫാം രൂപംകൊള്ളുന്നത്. ഇൻഫാമിന്റെ നേതാക്കൾ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ ഔദ്യോഗികസ്ഥാനം വഹിക്കരുതെന്ന് എഴുതിച്ചേർത്തത് ഉചിതമാണ്. രാഷ്ട്രീയത്തിനതീതമായി രൂപംകൊണ്ട കർഷകപ്രസ്ഥാനങ്ങളെ രാഷ്ട്രീയപാർട്ടികളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ ശ്രമിച്ച ചരിത്രം ഈ നാട്ടിലുണ്ട്. തങ്ങളുടെ വരുതിയിൽ നിൽക്കാത്ത സംഘടനകളുടെ ഡിമാന്റുകൾ ധിക്കരിച്ച ചരിത്രവും ഈ രാജ്യത്തുണ്ട്. രാഷ്ട്രീയത്തിനതീതമായി രൂപംകൊള്ളുന്ന കർഷകപ്രസ്ഥാനത്തോട് നിവർത്തനം അനുഷ്ഠിക്കുവാൻ രാഷ്ട്രീയപാർട്ടികൾ ശ്രമിക്കുമ്പോൾ അനീതിക്കെതിരേ രാഷ്ട്രീയമായി നേരിടുവാൻ കർഷകർ നിർബന്ധിതരായിത്തീരും. ആ സന്ദർഭത്തിലാണ് ഇൻഫാം പോലുള്ള കർഷകപ്രസ്ഥാനങ്ങളുടെ പിന്നിൽ രാഷ്ട്രീയത്തിനതീതമായി കർഷകർ ഒന്നിച്ചുനിൽക്കുമോ എന്നു ചിന്തിക്കേണ്ടത്. ശരിയായ ബോധവത്ക്കരണത്തിലൂടെ കർഷകരെ വളർത്തിയെടുക്കണം.

ഈ പ്രസ്ഥാനത്തിന് ഇന്ന് മുഖ്യനേതൃത്വം നൽകുന്നത് പ്രമുഖ സാമൂഹ്യപ്രവർത്തകനും മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സ്ഥാപകനേതാവുമായ ഫാ. മാത്യു വടക്കേമുറിയാണ്. അനുഭവസമ്പത്തുള്ള ഫാ. മാത്യുവിന്റെ നേതൃത്വം ഈ പ്രസ്ഥാനത്തിന് ഗുണകരമായിത്തീരുമെന്നുറപ്പുണ്ട്. സാമ്പത്തികമായി അനുദിനം തകർന്നുകൊണ്ടിരിക്കുന്ന കേരളകർഷകർ ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റിലൂടെ അവകാശങ്ങൾ നേടിയെടുക്കട്ടെയെന്നാശംസിക്കുന്നു.

**05-12-2000**

www.malankaralibrary.com

291

# രാജ്യം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തം

പുതിയ സഹസ്രാബ്ദത്തിലെ പ്രഥമ റിപ്പബ്ലിക് ദിനത്തിൽ ഭാരതത്തിൽ ഉണ്ടായ പ്രകൃതി ദുരന്തം ലോകത്തെ മുഴുവൻ നടുക്കിയിരിക്കുന്നു. രാജ്യം കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്നു അത്. എട്ടുവർഷം മുൻപ് മഹാരാഷ്ട്രയിലെ ലത്തൂരിനെ ശ്മശാനഭൂമിയാക്കിയ ഭൂചലനത്തേക്കാളും ഭീകരമായിരുന്നു ഗുജറാത്തിൽ ഉണ്ടായ ഭൂചലനം. ഇരുപതിനായിരത്തിലധികം പേർ മരിച്ചെന്നും ഒന്നേകാൽ ലക്ഷത്തിലധികം ആളുകൾ തകർന്നു വീണകെട്ടിടങ്ങൾക്കടിയിൽ കിടന്ന് മരണത്തോട് മല്ലടിച്ചു കൊണ്ടിരിക്കുന്നുവെന്നുമാണ് ആദ്യം ലഭിച്ച റിപ്പോർട്ട്. ഭൂകമ്പം മൂലം ഉണ്ടായ നഷ്ടത്തിന്റെ പൂർണ്ണ വിവരം അറിയാൻ ദീർഘനാൾ കഴിയേണ്ടി വരും.

വിവിധ ജാതിയിലും മതത്തിലും വർഗ്ഗത്തിലും വർണ്ണത്തിലും പെട്ടവർ നൂറ്റാണ്ടുകളായി ഏകോദരസഹോദരങ്ങളെപ്പോലെ ഭാരതത്തിൽ ജീവിച്ചിരുന്നു. ഭാരതത്തിലെ ഓരോ വ്യക്തിയുടെയും വേദനകൾ തങ്ങളുടെ വേദനയായി കരുതുവാനും പരസ്പരംസഹായിക്കുവാനും ഭാരതീയർക്ക് സാധിച്ചിരുന്നു. പർണ്ണശാലകളുടെയും തപോവനങ്ങളുടെയും ശാന്തിയിൽ നിന്നുയിർകൊണ്ട ആർഷഭാരത സന്ദേശം സ്നേഹത്തിന്റെ ചൈതന്യമായിരുന്നു പ്രസരിപ്പിച്ചിരുന്നത്. ഇന്ന് എന്താണ് നില? അന്ധമായ മതവിശ്വാസത്തിനും സങ്കുചിതമായ രാഷ്ട്രീയ പരിഗണനകൾക്കും അതീതമായി ഭാരതീയരെ തന്റെ സഹോദരങ്ങളായി കാണാൻ ഇന്നു നമുക്ക് സാധിക്കുന്നുണ്ടോ? ബാബറി മസ്ജിദ് തകർത്തതു വഴി നാം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ തച്ചുടക്കുകയല്ലേ ചെയ്തത്? മിഷനറി ഗ്രഹാം സ്റ്റെയിലിനെയും രണ്ടു മക്കളെയും ചുട്ടുകരിച്ചതു വഴി ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകം തകർക്കപ്പെടുകയല്ലേ ചെയ്തത്? ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെട്ടത് ഒറീസ്സയിലും ഗുജറാത്തിലുമല്ലേ? പാറേമ്മാക്കൽ തോമ്മാകത്തനാർ വർത്തമാനപുസ്തകത്തിൽ എഴുതിയിരിക്കുന്ന ഒരു ഭാഗം ഉദ്ധരിക്കട്ടെ. "ഇത് എന്തുകൊണ്ട്? പക്ഷെ മുൻപിൽ ഞങ്ങളുമായിട്ട് അവർക്കുള്ള കണ്ടറിവുകൊണ്ടോ, ആയത് ഒന്നുകൊണ്ടുമല്ല പിന്നയോ നാമെല്ലാവരും ഒരു ജാതി അതായത് ഇന്ത്യാക്കാർ ആയതുകൊണ്ട് വർഗ്ഗത്തിനടുത്ത ഈ സ്നേഹം അവരുടെ ഹൃദയങ്ങളെ ഇളക്കിയതുകൊണ്ടത്രെ." ഇന്ത്യാക്കാർ ഒരു വർഗ്ഗമായിട്ടാണ് നൂറ്റാണ്ടുകൾക്കു മുൻപേ ഭാരതീയർ കണക്കാക്കിയിരുന്നത്. ഇന്ന് ആ നില തകർത്തതിന്റെ ഉത്തരവാദികൾ ആരാണ്? വിദേശി സ്വദേശി പ്രയോഗങ്ങൾകൊണ്ട് ഈ രാജ്യത്തെ ജനങ്ങളെ വേദനിപ്പിച്ചത് ആരാണ്?.

ഭാരതീയർ തങ്ങളുടെ സംസ്ക്കാരത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കപ്പെട്ടിരിക്കുന്നു. ഭാരതജനതയുടെയിടയിൽ വർഗ്ഗീയവിഷം കുത്തിവെച്ച് അവരെ ഭിന്നിപ്പിച്ചിരിക്കുന്നു.

ജനങ്ങളെ തമ്മിൽ ഭിന്നിപ്പിച്ച് ജനങ്ങളുടെയിടയിൽ അസ്വസ്ഥത

www.malankaralibrary.com

വളർത്തികൊണ്ടിരിക്കുന്ന സന്ദർഭത്തിലുമാണ് ഗുജറാത്തിൽ ഒരു വലിയ ഭൂകമ്പം ഉണ്ടായത്. ഈ ഭൂകമ്പത്തിൽ മരിച്ചു വീണത് വിദേശി മാത്രമല്ല, സ്വദേശി മാത്രമല്ല, ഹിന്ദു മാത്രമല്ല, ക്രിസ്ത്യാനി മാത്രമല്ല, മുസ്ലീംങ്ങൾ മാത്ര മല്ല, അവിടെയുണ്ടായിരുന്ന സകല മനുഷ്യരും മരിച്ചു വീണു. ഒന്നും രണ്ടു മല്ല ആയിരങ്ങൾ. ഒരേ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങി പ്പോയത് എല്ലാ മതത്തിലും പെട്ടവരാണ്. എല്ലാ ജാതിയിലും പെട്ടവരാണ്. ഈ സത്യം ഭാരത ജനത ഗ്രഹിക്കട്ടെ. ഈ പ്രകൃതി ദുരന്തത്തിൽ പെട്ടത് ഏതെങ്കിലും ഒരു വിഭാഗത്തിൽ പെട്ടവരല്ല. അങ്ങനെ വേർതിരിക്കുവാൻ ദൈവജനം തയ്യാറല്ല.

ഇന്ത്യയിലെ ജനങ്ങളിൽ ശക്തമായ ഒരു കൂട്ടായ്മ വളർന്നു വരണം. നാം ഭാരതീയരാണ് എന്ന ചിന്തയോടെ പ്രവർത്തിക്കുവാൻ ഈ പ്രകൃതി ദുരന്തം നമ്മെ പ്രേരിപ്പിക്കട്ടെ.

ഭീകരദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞ ബന്ധുക്കളുടെ ദുഃഖത്തിൽ നമുക്ക് പങ്കുചേരാം. അവരോട് ഐക്യദാർഢ്യവും പ്രകടിപ്പിക്കാം.

05-02-2001

## 292

# ചിക്കാഗോയിൽ സീറോ - മലബാർ രൂപത

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ പ്രമുഖനായ സെന്റ് തോമസിനാൽ സ്ഥാപിതമായ സീറോ മലബാർ സഭ ഇന്ന് വളർച്ചയുടെ പാതയിലാണ്. വിദേശ ഇടപെടലിനെ തുടർന്ന് പ്രവർത്തനമേഖല ചുരുങ്ങിയ സീറോ മലബാർ സഭയ്ക്ക് കേരളത്തിന് വെളിയിൽ ഒരു രൂപത സ്ഥാപിതമായി കിട്ടുന്നത് 1962-ലാണ്. പിന്നീട് ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ സീറോ മലബാർ സഭയ്ക്ക് പല രൂപതകൾ ലഭിച്ചു.

1993-ൽ സീറോ മലബാർ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തി. മാർ ആന്റണി പടിയറയെ പ്രഥമ മേജർ ആർച്ചു ബിഷപ്പുമായി നിയമിച്ചു. സഭയുടെ ഭരണക്രമം, ആരാധനക്രമം എന്നീ വിഷയ ങ്ങളിൽ സഭയ്ക്കുള്ളിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾ സഭയുടെ വളർ ച്ചയെ സാരമായി ബാധിച്ചു എന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നില്ല. 2000-മാണ്ടിൽ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിലിനെ മേജർ ആർച്ച് ബിഷപ്പായി ഉയർത്തിയതും ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ അദ്ദേഹത്തെ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തിയതും സീറോ മലബാർ സഭയ്ക്ക് ലഭിച്ച അംഗീകാരമാണ്.

സീറോ മലബാർ സഭയിലെ പതിനായിരക്കണക്കിന് അംഗങ്ങൾ കേരളത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഭാരതത്തിന് പുറത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിലും അധിവസിക്കുന്നുണ്ട്. സീറോ മലബാർ സഭാംഗങ്ങൾക്ക് അവരുടെ ആരാധനക്രമം അനുഷ്ഠിച്ച് മുന്നോട്ട്

www.malankaralibrary.com

നീങ്ങുന്നതിനുള്ള സാഹചര്യം ഇല്ലായിരുന്നു. അവർക്കായി ഇടവകകളും രൂപതകളും ആരംഭിക്കണമെന്ന അഭ്യർത്ഥന അംഗീകരിക്കുവാൻ വർഷങ്ങൾ തന്നെ വേണ്ടി വന്നു. ഇന്ന് സീറോ മലബാർ സഭയ്ക്കുണ്ടായ വളർച്ചയ്ക്ക് പൗരസ്ത്യതിരുസംഘം സെക്രട്ടറിയായിരുന്ന കാർഡിനൽ ടിസറന്റിനോട് നാം വളരെയധികം കടപ്പെട്ടിട്ടുണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ.

സീറോ മലബാർ സഭാംഗങ്ങൾ അധിവസിക്കുന്ന അമേരിക്കയിലും ജർമ്മനിയിലും ഒക്കെ ഒരോ രൂപതയുണ്ടായികാണുവാൻ നാം വളരെയധികം ആഗ്രഹിച്ചു. അമേരിക്കയിലെ ഷിക്കാഗോ കേന്ദ്രമായി രൂപീകരിച്ചിരിക്കുന്ന സെന്റ് തോമസ് രൂപത സീറോ മലബാർ സഭയുടെ ചിരകാലാഭിലാഷമാണ്. ഷിക്കാഗോയിൽ തന്നെ 1500 സീറോ മലബാർ കത്തോലിക്കാ കുടുംബങ്ങൾ ഉണ്ട്. അമേരിക്കൻ ഐക്യനാടുകളിൽ അറുപതിനായിരം സീറോ മലബാർ കത്തോലിക്കാ കുടുംബങ്ങളും ഉണ്ട്. കാനഡയിൽ അയ്യായിരത്തിലധികം കുടുംബങ്ങളും.

അമേരിക്കയിലും കാനഡയിലും ഉള്ള സീറോ മലബാർ സഭാംഗങ്ങൾക്ക് ഇന്ന് രൂപതാസ്ഥാപനം വഴി ഒരു നാഥനെ ലഭിച്ചിരിക്കുകയാണ്. അതിൽ അവരോട് ഒന്നിച്ച് സീറോ മലബാർ സഭയിലെ എല്ലാ അംഗങ്ങൾക്കും സന്തോഷിക്കാം. കഴിഞ്ഞ 17 വർഷക്കാലമായി അമേരിക്കയിലെ സീറോ മലബാർ സഭാംഗങ്ങളോടൊത്ത് പ്രവർത്തിച്ചുവരുന്ന ജേക്കബ് അങ്ങാടിയത്ത് അച്ചനാണ് പുതിയ രൂപതയുടെ ഇടയൻ. കഴിഞ്ഞ ഒന്നരവർഷക്കാലമായി ഷിക്കാഗോയിലെ ബെൽവുഡ് സീറോ മലബാർ കത്തോലിക്കാ മിഷന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുകയായിരുന്നു മോൺ. അങ്ങാടിയത്ത്. മാർ അങ്ങാടിയത്തിനെ കാനഡയിലെ സീറോ മലബാർ കത്തോലിക്കരുടെ സ്ഥിരം അപ്പസ്തോലിക് സന്ദർശകനുമായി മാർപ്പാപ്പ നിയമിച്ചിട്ടുണ്ട്. പാലാ രൂപതയിലെ പെരിപ്പുറം ഇടവകയിൽ 1945 ഒക്ടോബർ 26 ന് ആണ് നിയുക്ത ബിഷപ്പ് ഭൂജാതനായത്. കോട്ടയം വടവാതൂർ സെമിനാരിയിൽ പഠിച്ച് 1972 ൽ പൗരോഹിത്യം സ്വീകരിച്ചു. കേരള സർവ്വകലാശാലയിൽ നിന്നും ബി.എ.യും ഡള്ളാസ് സർവ്വകലാശാലയിൽ നിന്നും എം.ടി. എച്ചും നേടിയ മോൺ. ജേക്കബ് പരിണതപ്രജ്ഞനായ ഒരു ഭരണാധികാരിയാണ്.

അമേരിക്കയിലെ സീറോ മലബാർ കത്തോലിക്കരുടെ രണ്ടാമത് ദേശീയ കൺവെൻഷൻ ചിക്കാഗോയിൽവെച്ച് ജൂൺ 30, ജൂലൈ1,2,3 തീയതികളിൽ നടക്കുകയാണ്. കൺവെൻഷനോടനുബന്ധിച്ചായിരിക്കും മെത്രാഭിഷേക ചടങ്ങുകൾ നടക്കുക.

അമേരിക്കയിലെ സീറോ മലബാർ കത്തോലിക്കരുടെ സന്തോഷത്തിൽ ലോകമാസകലമുള്ള സീറോ മലബാർ കത്തോലിക്കരോടൊപ്പം ഞങ്ങളും പങ്കു ചേരുന്നു. പുതിയ രൂപതയുടെ പുതിയ സാരഥി മാർ ജേക്കബ് അങ്ങാടിയ ത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

സീറോ മലബാർ സഭയ്ക്ക് നല്ലൊരു ഭരണക്രമവും, ആരാധനക്രമവും

www.malankaralibrary.com

ഉണ്ട്. ആ നല്ല പൈതൃകം സംരംക്ഷിക്കപ്പെടുന്നതിനും അർത്ഥപൂർണ്ണ മാക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഈ രൂപത സ്ഥാപനം വഴി അമേരിക്ക യിലെ സീറോ മലബാർ കത്തോലിക്കരെ ഏല്പിച്ചിരിക്കുകയാണെന്ന യാഥാർത്ഥ്യം വിസ്മരിക്കുവാൻ പാടില്ല.

05-04-2001

## 293

# കേരളവും പൊതു തെരഞ്ഞെടുപ്പും

കേരളനിയമസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് മെയ് ആദ്യം നടക്കുകയാണ്. തെരഞ്ഞെടുപ്പ് ചർച്ചകൾ എൽ.ഡി.എഫ്., യു.ഡി.എഫ്. മുന്നണികളിൽ സജീവമായി നടക്കുന്നു. എൽ.ഡി.എഫ്. സ്ഥാനാർത്ഥികളെ നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടും യു.ഡി.എഫിലെ തർക്കങ്ങൾ തീർത്ത് പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

ഏറെ നാളായി മുന്നണി ഭരണമാണല്ലോ കേരളത്തിൽ നടക്കുന്നത്. ഒററക്ക് നിന്ന് മത്സരിച്ച് ജനപിന്തുണയാർജ്ജിച്ച് ഭരണമേററെടുക്കുവാൻ സാധിക്കാത്തത്കൊണ്ടാണ് നിരവധി കക്ഷികളെകൂട്ടി ചേർത്ത് ഭരണം ഏററെടുക്കുവാൻ ശ്രമിക്കുന്നത്. ഈ മുന്നണി സംവിധാനം ഇന്ത്യൻ ജനാധി പത്യത്തിന് ഏൽപിച്ച ക്ഷതം എത്ര വലുതാണെന്ന് നാം ആരും ചിന്തിച്ചിട്ടില്ല. ഇവിടെ അഴിമതി വർദ്ധിക്കുന്നതിനും ഉദ്യോഗസ്ഥമേധാവിത്വം വളരുന്ന തിനുമെല്ലാം ഈ മുന്നണി ഭരണമാണ് കാരണം. ഒററക്ക് നിന്നാൽ ഒരു സീററുപോലും നേടിയെടുക്കുവാൻ കഴിയാത്ത ഓരോ ഈർക്കിൽ പാർട്ടികൾ മുന്നണി സംവിധാനത്തിന്റെ ഉള്ളിൽ കടന്നുകൂടി പത്തു പതിനഞ്ചും സീററുകൾ ആവശ്യപ്പെട്ടുകൊണ്ട് ബഹളം ഉണ്ടാക്കുന്നതും, പത്രപ്രസ്താവ നകൾ പുറപ്പെടുവിച്ച് തങ്ങളുടെ വലിപ്പം കാണിക്കാൻ ശ്രമിക്കുന്നതും രസക രമായ ഒരു പഠനവിഷയമാണ്. ഇന്നലെ വരെ രാജ്യം ഭരിച്ച് ജനദ്രോഹികളെന്ന് സർവ്വരും ഒററക്കെട്ടായി വിളിച്ചുപറഞ്ഞ നേതാക്കളെ സ്വന്തം പാർട്ടിയിൽ നിന്നും പുറത്താക്കുകയും ആ പുറത്താക്കലിന് വിധേയരായവർ ചേർന്നുണ്ടാ ക്കുന്ന രാഷ്ട്രീയപാർട്ടികളെ, മുന്നണിയിലെ ഘടകകക്ഷികളാക്കി ചേർത്ത് അവരെ ചുമന്ന്കൊണ്ട് നടക്കുന്നതും അവർക്കുവേണ്ടി ഘോരഘോരം പ്രസംഗിക്കുന്നതും കാണുമ്പോൾ നാം ലജ്ജിക്കാറില്ലേ? എ.വി. രാഘവന്റെ സി.എം.പി.യേയും കെ.ആർ. ഗൗരിയമ്മയുടെ ജെ.എസ്.എസിനെയും മഅദ്നി യുടെ പി.ഡി.പി.യേയും ഒക്കെ ചുമക്കേണ്ടിവരുന്നത് ആദർശശുദ്ധികൊണ്ടല്ല, എങ്ങനെയും ഭരണം കൈയാളണമെന്ന ഒററചിന്തകൊണ്ട് മാത്രമാണ്.

രണ്ടുമുന്നണികളിലും പെടാത്ത എത്രയെത്ര രാഷ്ട്രീയ സംഘടനക ളാണ് ഇപ്പോൾ ഉയർത്തെഴുന്നേററിരിക്കുന്നത്. അവരൊക്കെ ഓരോ മുന്നണിക ളോടും ഓരോ രാഷ്ട്രീയ പാർട്ടികളോടും പത്രങ്ങളിൽകൂടി നടത്തുന്ന വെല്ലുവിളി കൾ വായിക്കുമ്പോൾ ഏവരും ഭയപ്പെടുകതന്നെ ചെയ്യും സംശയമില്ല!

ജനാധിപത്യകക്ഷികൾ അവരുടെ സ്ഥാനാർത്ഥികളെ നിശ്ചയിക്കു

www.malankaralibrary.com

മ്പോൾ രാഷ്ട്രീയപാരമ്പര്യത്തെ അടിസ്ഥാനമാക്കിയായിരിക്കണം. പാർട്ടിക്കു വേണ്ടി യാതന അനുഭവിച്ചവരേയും, പാർട്ടിപ്രവർത്തകരേയും ഒക്കെ തഴഞ്ഞ്, സമ്മർദ്ദഫലമായി, രാഷ്ട്രീയപാർട്ടികളോട് യാതൊരു ബന്ധവുമില്ലാത്തവരെ സ്ഥാനാർത്ഥികളാക്കി കഴിഞ്ഞകാലങ്ങളിൽ നിർത്തിയതിന്റെ ദുരന്തഫലമാണ് ഇന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളിലും നിഴലിച്ചുകാണുന്ന അസംതൃപ്തി. പ്രവർത്തകരുടെ ആ അസംതൃപ്തിയാണ് രാഷ്ട്രീയ പാർട്ടികളുടെ അധഃപതനത്തിന് വഴിതെളിച്ചത്.

ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുൻപ് കാത്തലിക് ഫെഡറേഷൻ ഒരു വിശാല കത്തോലിക്ക നേതൃസമ്മേളനം വിളിച്ചുകൂട്ടി കത്തോലിക്കർ നേരിടുന്ന രാഷ്ട്രീയ അവഗണനയെപ്പററി ഒററവാചകത്തിലുള്ള ഒരു പ്രമേയം അംഗീകരിച്ചു. കാർഷികപ്രശ്നങ്ങൾ ഉൾപ്പെടെയുള്ള മററ് ഒൻപത് പ്രമേയങ്ങളോടൊപ്പം പാസ്സാക്കിയ ഒററവാചകത്തിലുള്ള പ്രമേയത്തിനെതിരെ എന്തുമാത്രം ഒച്ചപ്പാടാണ് ഇവിടെയുണ്ടാക്കിയത്. സംഘാടകർ സ്വപ്നത്തിൽപ്പോലും വിചാരിക്കാത്ത വ്യാഖ്യാനങ്ങൾ നൽകി ആ പ്രമേയത്തെ അധിക്ഷേപിച്ചവർ, തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ സത്യം ഗ്രഹിച്ചു. ഈ കളി ഇനി കത്തോലിക്കരോട് വേണ്ടെന്നവർ മനസ്സിലാക്കാൻ അവരെ ഇവ പ്രേരിപ്പിച്ചുകാണും. ഈ തെരഞ്ഞെടുപ്പിന് മുൻപ് ഇവിടത്തെ ചില സാമുദായിക സംഘടനകൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങളും അവർ നൽകിയ താക്കീതുകളും യു.ഡി.എഫ്., എൽ.ഡി.എഫ്. കക്ഷികളെ ഭയപ്പെടുത്തി. എല്ലാ സമുദായ സംഘടനകളുമായി ചർച്ചയ്ക്ക് രഹസ്യമായും പരസ്യമായും അവർ തയ്യാറായി.

രാഷ്ട്രീയസംഘടനകൾ അവരുടെ സ്ഥാനാർത്ഥികളെ നിശ്ചയിച്ചപ്പോൾ സമ്മർദ്ദരാഷ്ട്രീയത്തിന്റെ പേരിൽ രാഷ്ട്രീയസംഘടനകളുമായി യാതൊരു ബന്ധവും ഇല്ലാത്തവരെ സ്ഥാനാർത്ഥികളാക്കി. അതാണ് ഇവിടത്തെ രാഷ്ട്രീയപാർട്ടികളുടെ അധഃപതനത്തിന് യഥാർത്ഥകാരണം. ഈ നടപടിക്ക് 53 വർഷത്തെ പഴക്കമുണ്ട്.

1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ അതിനെ എതിർക്കുകയും, സി.പി.യുടെ ,സ്വതന്ത്രതിരുവിതാംകൂറിനെ പിന്തുണയ്ക്കുകയും ചെയ്തവരുണ്ട്. 1947 സെപ്തംബർ 4ന് തിരുവിതാംകൂറിന് ഉത്തരവാദഭരണം അനുവദിച്ചപ്പോൾ അതിനെ എതിർത്തവരും ഉണ്ട്. പക്ഷെ, 1948-ൽ പൊതുതെരഞ്ഞെടുപ്പ് നടന്നപ്പോൾ സ്വാതന്ത്ര്യസമരത്തിലും, ഉത്തരവാദഭരണപ്രക്ഷോഭണത്തിലും പങ്കെടുത്ത് ജയിലിൽ കിടന്ന് യാതനകൾ അനുഭവിച്ചവരെ പുറംതള്ളി ബ്രിട്ടീഷുകാരുടെയും, സി.പി.യുടെയും പദസേവ ചെയ്തവരെ കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി നിയമിച്ചു. കോൺഗ്രസ്സിനെ ആറടി മണ്ണിൽ കുഴിച്ചുമൂടുമെന്ന് പറഞ്ഞവർ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ, സമ്മർദ്ദതന്ത്രം ഉപയോഗിച്ച് 53 വർഷം മുൻപ് സീററുപിടിച്ചെടുത്ത ശക്തികളുടെ സമ്മർദ്ദത്തിന്റെ മുൻപിൽ ഇന്നും കോൺഗ്രസ്സും, വിവിധ രാഷ്ട്രീയ സംഘടനകളും തലകുനിക്കുകയാണ്. സമുദായസംഘടനകളുമായുള്ള സീററ് പങ്ക് വയ്ക്കലിന്റെ ചർച്ച അതാണ് തെളിയിക്കുന്നത്. ഈ നയം കോൺഗ്രസ്സിന് മാത്രമല്ല, എല്ലാ രാഷ്ട്രീയകക്ഷികൾക്കും അപകടകരമായിത്തീരും, സംശയമില്ല. രാഷ്ട്രീയ പാർട്ടികൾ സ്വതന്ത്രമായി അവരുടെ സ്ഥാനാർത്ഥികളെ നിശ്ചയിക്കണം.

www.malankaralibrary.com

അതിനുള്ള ധൈര്യം അവർക്കുണ്ടാകണം.

തൃശ്ശൂർ അതിരൂപതാ കത്തോലിക്കാ നേതൃത്വം ഏതാനും സീററുകൾ കത്തോലിക്കർക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ, അവരെ ആക്ഷേപിക്കാൻ സംഘടിതമായ ഒരു നീക്കം നടക്കുകയുണ്ടായി. അതിന് കുറെ കത്തോലിക്കരും കൂട്ടുനിൽക്കുകയുണ്ടായി. എന്താണ് അവർ ആവശ്യപ്പെട്ടത്? തൃശ്ശൂർ കത്തോലിക്കാ നേതൃത്വം നിർദ്ദേശിക്കുന്നവരെ സ്ഥാനാർത്ഥികളാക്കണമെന്നല്ല, തൃശ്ശൂർ യു.ഡി.എഫിൽ പ്രവർത്തിക്കുന്ന കത്തോലിക്കാരായ ആൾക്കാരെ സ്ഥാനാർത്ഥികളാക്കണമെന്നുമാത്രമാണ്. ഗ്രൂപ്പുരാഷ്ട്രീയത്തിന്റെ ഫലമായി വളരെക്കാലമായി യഥാർത്ഥകത്തോലിക്കർക്ക് തൃശ്ശൂർ ജില്ലയിൽ സ്ഥാനാർത്ഥിത്വം നൽകാതിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. മെത്രാന്മാരെ ചാട്ടവാർകൊണ്ട് അടിക്കണമെന്ന പരസ്യപ്രസ്താവന നടത്തിയവരെ സ്ഥാനാർത്ഥികളാക്കി കത്തോലിക്കരെ ഒതുക്കാനാണ് കഴിഞ്ഞകാലങ്ങളിൽ ശ്രമിച്ചിട്ടുള്ളത്. അതുപോരാ, കത്തോലിക്കർക്കും കൂടി സ്വീകാര്യമായവരെ സ്ഥാനാർത്ഥിയാക്കണമെന്ന തൃശ്ശൂർ അതിരൂപതാനേതൃത്വത്തിന്റെ നിർദ്ദേശത്തെ പുച്ഛിക്കാനാണ് ഭാവമെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും. സമ്മർദ്ദരാഷ്ട്രീയത്തിന്റെ പേരിൽ പാർട്ടിയിൽ ഒന്നുമല്ലാത്തവരെ സ്ഥാനാർത്ഥികളാക്കി അവരെ ചുമക്കണമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കുവാൻമാത്രം ആരും ഉണ്ടാവുകയില്ലയെന്ന് പാർട്ടി നേതൃത്വം മനസ്സിലാക്കുന്നത് നന്നായിരിക്കും.

05-04-2001

## 294

# ആദർശശുദ്ധിയും ധാർമ്മികമൂല്യപ്രതിബദ്ധതയുമുള്ളവരെയും വിജയിപ്പിക്കണം: കത്തോലിക്കാ കോൺഗ്രസ്

കേരളമുൾപ്പെടെ ഏതാനും സംസ്ഥാനങ്ങളിൽ അസംബ്ലി തെരഞ്ഞെടുപ്പുകൾ നടക്കാൻ പോവുകയാണ്. നമ്മുടെ നാടിന്റെ സാമുഹിക-രാഷ്ട്രീയ പശ്ചാത്തലം നാൾക്കുനാൾ ഗുരുതരാവസ്ഥയിലേക്കു നീങ്ങുന്ന കാലഘട്ടത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പാണിത്. സമാധാനകാംക്ഷികളായ ജനതയ്ക്ക് ജീവിതം ദുസ്സഹമായി തീർന്നിരിക്കുന്നു. അക്രമങ്ങളും അനീതികളും വർദ്ധിച്ചുവരുന്നു. ജനതയോടും രാഷ്ട്രത്തോടും ഭരണ നേതാക്കന്മാർക്കുണ്ടായിരിക്കേണ്ട സാമാന്യപ്രതിബദ്ധതപോലും സൗകര്യപൂർവ്വം വിസ്മരിച്ചുകൊണ്ടാണ് നമ്മുടെ രാഷ്ട്രീയ നേതാക്കൾ മുന്നോട്ടു നീങ്ങുന്നത്.

ഭരണരംഗം എങ്ങനെയും കയ്യടക്കുകയെന്ന ചിന്തയോടെയാണ് രാഷ്ട്രീയം പലരും കൈകാര്യം ചെയ്യുന്നത്. അധികാരം പിടിച്ചെടുക്കുന്നതിനായി അധോലോകനായകന്മാരുമായും വർഗ്ഗീയ തീവ്രവാദികളുമായും യാതൊരു മാനദണ്ഡ

www.malankaralibrary.com

വുമില്ലാതെ രാഷ്ട്രീയപ്രവർത്തകർ പങ്കുചേർന്നു പ്രവർത്തിക്കുന്നു. ഇവിടെ പൊതുമുതൽ മത്സരിച്ചു കൊള്ളയടിക്കപ്പെടുന്നു; സ്ത്രീത്വം നീചമായി പിച്ചിച്ചീന്തുന്നു; ഞെട്ടിപ്പിക്കുന്ന കൊലപാതകങ്ങൾ ദിനംതോറും നടക്കുന്നു; രാഷ്ട്രീയ നേട്ടങ്ങൾക്കായി വൻതോതിൽ തീവ്രവാദികളേയും വിഘടനവാദികളേയും ആഭാസന്മാരേയും സൃഷ്ടിക്കുന്നു; വിളഭൂമികൾ കർഷകന്റെ ശവപ്പറമ്പായി മാറ്റപ്പെടുന്നു. ക്രമസമാധാനം പഴങ്കഥയാകുന്നു. രാജ്യഭരണവും പൊതുനീതിയും ഏതാനും ആൾക്കാരുടെ ചിരകാലാഭിലാഷത്തിനായി ഹോമിക്കപ്പെടുന്നു. പരിശുദ്ധമായ ജനാധിപത്യവ്യവസ്ഥിതിയുടെ അടിത്തറതന്നെ ഉലയ്ക്കപ്പെടുന്നു.

ഇന്നിവിടെ തീവ്രവാദികളുണ്ട്; അസന്മാർഗ്ഗികളുണ്ട്; വിഘടനവാദികളും മതഭ്രാന്തന്മാരും ഉണ്ട്; ഇവരിലാരും ജന്മംകൊണ്ട് ഇക്കൂട്ടരായവരല്ല. ഇതുവരെ നാം കണ്ട എല്ലാ മതഭ്രാന്തന്മാരുടെയും പിടിച്ചു നിൽപ്പിനായി കാലാകാലങ്ങളിൽ കരുക്കളാക്കപ്പെട്ടിട്ടുള്ള പാവം ബലിയാടുകളാണിവ. 1948-ൽ നടന്ന ആദ്യ തെരഞ്ഞെടുപ്പു തുടങ്ങി ഇതുവരെ നടന്ന എല്ലാ തിരഞ്ഞെടുപ്പുകളിലും അധികാരത്തിലേറുകയെന്നതിന്റെ പേരിൽ സകല തത്വങ്ങളെയും ബലി കഴിച്ചുകൊണ്ട് ധാർമ്മിക മൂല്യങ്ങൾക്ക് യാതൊരു പരിഗണനയും നൽകാതെ സകല രാഷ്ട്രീയ പാർട്ടികളും പ്രവർത്തിച്ചതിന്റെ ദുരന്തഫലമാണ് നാമിന്ന് അനുഭവിക്കുന്നത്. ഇതിൽനിന്നും മോചനം നേടുവാൻ രാഷ്ട്രീയ രംഗത്തിന്റെ ശുദ്ധീകരണം അനിവാര്യമായിത്തീർന്നിരിക്കുന്നു എന്ന് ഇന്നിവിടെ കോട്ടയത്ത് എ.കെ.സി.സി. ഹാളിൽ ചേർന്ന കത്തോലിക്കാ നേതൃത്വ സമ്മേളനം അഭിപ്രായപ്പെട്ടു.

ആസന്നമായ തിരഞ്ഞെടുപ്പിൽ കത്തോലിക്കാ സമുദായം അഭിമുഖീകരിക്കുന്ന സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ - സാംസ്കാരിക വെല്ലുവിളികൾക്ക് മുന്നിൽ സമുദായത്തോടൊപ്പം നിലയുറപ്പിക്കുകയും പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി വാദിക്കുന്നതോടൊപ്പം സമുദായ താൽപ്പര്യം ഉയർത്തിപ്പിടിക്കുകയും ചെയ്തിട്ടുള്ളവരും ആദർശശുദ്ധിയും ധാർമ്മികമൂല്യപ്രതിബദ്ധതയുമുള്ളവരുമായ സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ ശ്രമിക്കണമെന്ന് നേതൃത്വസമ്മേളനം അഭിപ്രായപ്പെട്ടു. യോഗത്തിൽ പ്രസിഡണ്ട് ജോൺ കച്ചിറമറ്റം അദ്ധ്യക്ഷത വഹിച്ചു.

## 295

# പ്രകടനപത്രിക

കേരള നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് ഈ ബുള്ളറ്റിൻ വായനക്കാരുടെ കൈകളിലെത്തുമ്പോഴേക്കും നടന്നു കഴിയും. വിവിധ രാഷ്ട്രീയ പാർട്ടികൾ ചേർന്നുണ്ടാക്കിയ രണ്ടു മുന്നണികൾ തമ്മിലാണല്ലോ യഥാർത്ഥ മത്സരം നടക്കുന്നത്. ഇവരുടെ തെരഞ്ഞെടുപ്പ് പ്രചരണവും സജീവമായിരുന്നു. മുൻകാലങ്ങളെപ്പോലെ മഹായോഗങ്ങളും പ്രകടനങ്ങളും ഇത്തവണ തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി നടന്നിട്ടില്ല.

www.malankaralibrary.com

സ്ഥാനാർത്ഥികൾ ദശകണക്കിനാളുകളെയും കൂട്ടി കടകളും സ്ഥാപനങ്ങളും ഭവനങ്ങളും സന്ദർശിക്കുകയുണ്ടായി. അവർക്കെല്ലാം എന്തൊക്കെ വാങ്ങിക്കൊടുത്താണ് കൊണ്ടുനടന്നതെന്ന് അന്വേഷിക്കാതിരിക്കുകയാണ് ഭേദം.

മഹായോഗങ്ങളും മഹാപ്രകടനങ്ങളും ഇരുമുന്നണികളും ഒരു പരിധി വരെ ഉപേക്ഷിച്ചുവെന്നതാണ് സത്യം. ഇങ്ങനെയുള്ള യോഗങ്ങളും പ്രകടനങ്ങളും കൊണ്ട് മദ്യവ്യാപാരികൾക്ക് മാത്രമാണ് പ്രയോജനമെന്ന് രാഷ്ട്രീയപാർട്ടി നേതാക്കൾ തിരിച്ചറിഞ്ഞതിന്റെ ഫലമായിരിക്കാം. പ്രാദേശിക തലത്തിൽ നടത്തപ്പെട്ട പ്രചരണയോഗങ്ങളിൽ പൊതു ജനപങ്കാളിത്തം വളരെ കുറവായിരുന്നു. ജനങ്ങളുടെ പങ്കാളിത്തം കുറഞ്ഞത്. ജനാധിപത്യവ്യവസ്ഥിതിയോടുള്ള എതിർപ്പുകൊണ്ടല്ല, ജനാധിപത്യവ്യവസ്ഥിതിയുടെ പേരിൽ കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മകൾ കണ്ട് സഹികെട്ടതിന്റെ ഫലമായിട്ടാണ്.

തിരഞ്ഞെടുപ്പിനെ നേരിടുന്ന ഇടതു മുന്നണിയും വലതുമുന്നണിയും തയ്യാറാക്കിയ പ്രകടനപത്രികകൾ വായിച്ചപ്പോൾ കേരളജനത സന്തോഷിച്ചിരിക്കും. ഏതു മുന്നണി വിജയിച്ചാലും അവരുടെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കിയാൽ ഈ കൊച്ചുകേരളം സ്വർഗ്ഗമായിത്തീരും സംശയമില്ല. നിരവധി പ്രകടനപത്രികകൾ കണ്ടവരാണ് ഈ കേരളീയർ. കഴിഞ്ഞകാലങ്ങളിൽ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചില്ലെന്നുമാത്രമല്ല, പ്രകടനപത്രികയിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേററാതിരിക്കാൻ മനപ്പൂർവ്വം ശ്രമിച്ചുവെന്നതാണ് സത്യം. ഈ കാര്യത്തിൽ ഒരു മുന്നണിയും വ്യത്യസ്തമല്ല. പ്രകടനപത്രികയിൽ ന്യൂനപക്ഷാവകാശ സംരക്ഷണത്തിനും വലിയ പ്രാധാന്യമാണ് എന്നും എല്ലാ പാർട്ടികളും നൽകുന്നത്. അധികാരത്തിലേറിക്കഴിയുമ്പോൾ ന്യൂനപക്ഷങ്ങളെയും കർഷകരെയും സംരക്ഷിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കാറില്ല.

ഇടതുമുന്നണിയുടെ പ്രകടനപത്രിക അതിസുന്ദരം തന്നെ. കഴിഞ്ഞ അഞ്ചുവർഷം വെട്ടിനിരത്തിഭരിച്ചവർ അഞ്ചുവർഷം മുമ്പ് പുറപ്പെടുവിച്ച പ്രകടനപത്രികയെ പുറംതള്ളിക്കൊണ്ടാണ് ഭരിച്ചതെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. സ്വകാര്യകോളേജുകളോടും എഞ്ചിനീയറിംഗ് കോളേജുകളോടും ഇന്നത്തെ സർക്കാർ സ്വീകരിച്ച സമീപനം 1996-ലെ ഇടതുമുന്നണിയുടെ പ്രകടനപത്രികയുടെ സ്പിരിററ് ഉൾക്കൊണ്ടുകൊണ്ടല്ലായിരുന്നു. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു തന്ത്രം മാത്രമാണ് ഈ പ്രകടനപത്രിക.

യു.ഡി.എഫിന്റെ പ്രകടനപത്രികയും വളരെ മനോഹരം തന്നെ. എത്രയോ പ്രാവശ്യം യു.ഡി.എഫ്. കേരളം ഭരിച്ചിട്ടുണ്ട്. പരസ്പരം തമ്മിൽതല്ലി ഭരണം കൈവിട്ടവരാണിവർ. ഈ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഭരണം കയ്യാളിയ സന്ദർഭത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? ഘടകകക്ഷികൾ തമ്മിലും ഭരണകക്ഷിയിലെ ഗ്രൂപ്പുകൾ തമ്മിലും ഉള്ള തർക്കം തീർത്തിട്ട് രാജ്യഭരണകാര്യങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ടോ? കോർപ്പറേഷൻ ഭരണം പങ്കിടുവാൻ പോലും സാധിക്കാതെ ഗവൺമെന്റിന്റെ കാലാവധി തീർന്നപ്പോൾ പോലും കോർപ്പറേഷൻ ചെയർമാൻമാരെ നിയമിക്കാതെ രാജ്യം ഭരിച്ചവരാ

www.malankaralibrary.com

ണിവർ. കഴിഞ്ഞകാലങ്ങളിൽ ഭരണംകിട്ടിയപ്പോൾ ഈ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യങ്ങളും നടപ്പിലാക്കാൻ സാധിച്ചില്ലന്നും ശ്രമിച്ചില്ലന്നും ഇനി ഭരണം തന്നാൽ ഈ കാര്യങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കുന്നതാണെന്നും കൂടി ഇരുകക്ഷികളും അവരുടെ പ്രകടനപത്രികയുടെ അവസാനം ഒന്ന് എഴുതി ചേർക്കേണ്ടതു ആവശ്യമായിരുന്നു.

ഇടതുമുന്നണിയിലും വലതുമുന്നണിയിലും ജയിച്ചു വരുന്ന എം.എൽ.എ.മാരെ തട്ടിമറിച്ച് മുഖ്യമന്ത്രിയും മന്ത്രിയും ആകാനുള്ള നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അധികാരക്കൊതിയുടെ ലക്ഷണമാണിത്. രാജ്യം അപകടത്തിലേക്കാണ് നീങ്ങുന്നത് നാം ജാഗ്രതയോടെ പ്രവർത്തിക്കേണ്ട സമയമാണിത്. അധികാര രാഷ്ട്രീയം ചെലുത്തുന്ന സ്വാധീനം ഇന്ത്യൻ ജനാധിപത്യത്തിന് ഭീഷണിയാകാതിരിക്കാൻ കരുതലോടെ നാം പ്രവർത്തിക്കേണ്ട സമയമാണിത്.

10-05-2001

## 296

# അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കണം

അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കരുതെന്ന ശാസനയുമായി ചില പ്രബലവിഭാഗങ്ങൾ രംഗത്തുവന്നിരിക്കുന്നത് അത്യന്തം നിർഭാഗ്യകരവും പ്രതിഷേധാർഹവുമാണ്. നിലവിലുള്ള എയ്ഡഡ് പ്ലസ്ടു സ്കൂളുകളുടെ നിലനിൽപ്പിന് അൺ എയ്ഡഡ് പ്ലസ്ടു സ്കൂളുകൾ നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിന് ആവശ്യമായ തുക ഫീസിനത്തിൽ പിരിച്ചെടുക്കുവാനുള്ള സ്വാതന്ത്ര്യം എല്ലാ മാനേജുമെന്റുകൾക്കും തുല്യമായിരിക്കുമെന്ന അവരുടെ വാദം അംഗീകരിക്കത്തക്കതുതന്നെ എന്നാൽ അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു പാടില്ല എന്ന നിലപാട് സമ്മതിച്ചു കൊടുക്കാൻ പററില്ല.

പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും എല്ലാ സ്ഥാപനങ്ങളും പൊതുഖജനാവിൽ നിന്നും പണം മുടക്കി നടത്തണമെന്നവാദം തികച്ചും നിരർത്ഥവും ദുർവഹവും ഏറെക്കുറെ അസാധ്യവുമാണ്. രാജ്യത്തിന്റെ വിശേഷിച്ച് സംസ്ഥാനത്തിന്റെ പരിതാപകരമായ സാമ്പത്തിക സ്ഥിതിയും ഋണഭാരവും കണക്കിലെടുക്കുമ്പോൾ, സ്വന്തം നിലയിൽ വിഭവസമാഹരണം നടത്തി സേവനരംഗത്തു പ്രവർത്തിക്കുവാൻ ഒരുക്കമുള്ള സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ടത് പൊതുനന്മയ്ക്കും സംസ്ഥാനത്തിന്റെ പുരോഗതിക്കും അനിവാര്യമാണ്. വിദ്യാഭ്യാസ, ആതുരസേവന രംഗങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള പുരോഗതിക്കും നേട്ടങ്ങൾക്കും കാരണം സ്വകാര്യ പങ്കാളിത്തമാണെന്ന് ആരും സമ്മതിക്കും. കാര്യക്ഷമതയ്ക്കും സത്യസന്ധതയ്ക്കും മുൻഗണനന നൽകുന്ന പ്രസ്ഥാനങ്ങളും സംഘടന

www.malankaralibrary.com

കളും സമുദായങ്ങളും വിദ്യാഭ്യാസം, ആതുരസേവനം എന്നീ സേവനമേഖല കളിൽ അനുഷ്ഠിച്ചിട്ടുള്ള സേവനം എക്കാലത്തും പ്രകീർത്തിക്കപ്പെടുന്നുണ്ട്.

വിദ്യാഭ്യാസരംഗത്ത് രണ്ടുതരം സ്വകാര്യ പങ്കാളിത്തമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. എയ്ഡഡ് അൺ എയ്ഡഡ് മേഖലകളാണവ. എയ്ഡഡ് മേഖലയിൽ സ്ഥലവും കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും മാത്രം മാനേജ് മെന്റ് സജ്ജമാക്കുമ്പോൾ ശമ്പളവും മെയിന്റനൻസ് ഗ്രാന്റും നൽകുന്നത് ഗവൺമെന്റാണ്. ഇത് ഒരു വലിയ സാമ്പത്തികഭാരം പൊതുഖജനാവിനു വരുത്തിവയ്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ആവശ്യമായ എല്ലാ സ്ഥലങ്ങളിലും സ്കൂൾ അനുവദിച്ചുകൊടുക്കുവാൻ ഗവൺമെന്റിനുകഴിയാതെ വന്നിട്ടുള്ളതും.

അൺ എയ്ഡഡ് സ്കൂളുകൾ രണ്ടു തരം പൗരൻമാരുടെ വളർച്ചയ്ക്ക് കാരണമാകുന്നു എന്ന കാലഹരണപ്പെട്ട വാദവുമായി ചിലർ രംഗത്തു വന്നിരി ക്കുന്നതു വിചിത്രമാണ്! ഓരോ വ്യക്തിയും ഓരോ തരമാണ്. പൗരത്വ ത്തിന്റെയും വ്യക്തിത്വത്തിന്റെയും ഉദാത്തമായ സൽഗുണങ്ങൾ പരിപോഷി പ്പിക്കുവാൻ മാത്രമാണ് അൺ എയ്ഡഡ് സ്കൂളുകൾ ശ്രമിക്കുന്നത്.

വാസ്തവത്തിൽ, അൺ എയ്ഡഡ് സ്കൂളുകളുടെ സാന്നിധ്യവും മികച്ച പ്രവർത്തനവും ഉയർത്തിയ വെല്ലുവിളിയാണ് ഗവൺമെന്റ്-എയ്ഡഡ് മേഖല യിലെ അദ്ധ്യാപകരുടെയും രാഷ്ട്രീയക്കാരുടെയും കണ്ണ് തുറപ്പിച്ചതും അതിദയ നീയമായ പിന്നോക്കാവസ്ഥയിൽ നിന്നും കരകയറിയില്ലെങ്കിൽ നിലനില്പു തന്നെ അപകടത്തിലാണെന്ന തിരിച്ചറിവ് അവയ്ക്കു നല്കിയതും. ഇന്ന് ഗവൺമെന്റ് അൺ എയ്ഡഡ് സ്കൂളുകളിലെ പ്രവർത്തനം വളരെ മെച്ചപ്പെട്ടു വരുന്നുണ്ട്. അവയ്ക്ക് എല്ലാവിധ സാമ്പത്തിക പിന്തുണയുമായി സർക്കാരു ണ്ടല്ലോ. പി.എസ്.സി. തെരഞ്ഞെടുക്കുന്ന പ്രഗത്ഭരായ അധ്യാപകരുമുണ്ട്. എന്തുകൊണ്ട് അവ അൺ എയ്ഡഡ് സ്കൂളുകൾക്ക് വെല്ലുവിളി ഉയർത്തുന്നില്ല! വലിയ സാമ്പത്തിക ഞെരുക്കമുള്ള ഇക്കാലത്ത് കുട്ടികളെ കാശുകൊടുത്തേ പഠിപ്പിക്കൂ എന്ന് ആർക്കെങ്കിലും വാശിയുണ്ടോ? ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ അവയുടെ പ്രവർത്തനമഹത്വം തെളിയിച്ചാൽ അൺ എയ്ഡഡ് സ്കൂളുകൾ താനെ നിന്നുപൊയ്ക്കൊള്ളും. അവയ്ക്കെതിരെ ആരും പടവാളെടുക്കേണ്ട. അവ നിന്നുപോയാൽ ഒരുതുള്ളി കണ്ണീർ വീഴ്ത്തുകയും വേണ്ട.

ഇനി മറെറാരു വശത്തേയ്ക്ക് കടക്കാം. അഖിലേന്ത്യാതലത്തിൽ സ്കൂൾ വിദ്യാഭ്യാസം പൂർണ്ണമാക്കുന്നത് പ്ലസ്ടുവോടുകൂടിയാണ്. അൺ എയ്ഡഡ് ഹൈസ്കൂളുകൾക്ക് പ്ലസ്ടു അനുവദിക്കുന്നില്ലെങ്കിൽ അവ എന്നും പണിതീരാത്ത വീടുപോലെ അപൂർണ്ണമായി നിൽക്കും. പത്താംക്ലാസ് വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾക്കും 12-ാം ക്ലാസു വരെയുള്ള പ്ലസ്ടു ക്ലാസുകൾ അനുവദിച്ചുകൊടുക്കുക കേവലം നീതിയാണ്.

www.malankaralibrary.com

സംസ്ഥാനഗവൺമെന്റു തന്നെയാണ് 10-ാം ക്ലാസിനുവരെ അനുവാദം നൽകിയത്. തുടർന്നുള്ള 2 ക്ലാസുകൾക്കുകൂടി അംഗീകാരം നൽകുവാൻ ഗവൺമെന്റിന് ധാർമിക കടമയുണ്ട്.

അംഗീകൃത മേഖലയിൽ ഒട്ടേറെ സിബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ സംസ്ഥാനത്ത് ഉണ്ട്. അവിടെ പ്ലസ്ടുവുമുണ്ട്. അവർക്കെതിരെ ആരും യുദ്ധകാഹളം മുഴക്കുന്നില്ല. സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്രഗവൺമെന്റിന്റെയും വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് സ്കൂൾ വിദ്യാഭ്യാസം പൂർണ്ണമാകുന്നത് 12-ാം ക്ലാസോടുകൂടിയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇതാണ് സ്ഥിതി. വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ മാത്രം സംസ്ഥാനത്തെ ജനങ്ങളുടെ നന്മയ്ക്കും പുരോഗതിക്കും വേണ്ടി അതിമഹത്തായ സേവനം അനുഷ്ഠിച്ച അംഗീകൃത സ്കൂളുകളോട് ഇത്ര വലിയ വിരോധം കാട്ടേണ്ടതുണ്ടോ? സ്കൂളുകൾ അനുവദിക്കുന്നതിന് ഒരു വ്യവസ്ഥാപിത സംവിധാനം സംസ്ഥാനത്തുണ്ട്. ഡി.പി.ഐ ഓഫീസിൽ ഒരു സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗമുണ്ട്. അവർ ശരിയായ പഠനം നടത്തി തയാറാക്കുന്ന ലിസ്ററ് അനുസരിച്ച് സ്കൂളുകൾ അനുവദിച്ചാൽ ഒരു സ്കൂളിനും ഭീഷണി നേരിടേണ്ടി വരില്ല.

അഞ്ചര ലക്ഷത്തോളം വിദ്യാർത്ഥികൾ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയെഴുതി. ജയിച്ചതാകട്ടെ മൂന്നരലക്ഷം പേരാണ്. വിജയശതമാനം വരും വർഷങ്ങളിൽ ഇനിയും ഉയരും. അങ്ങനെ വരുമ്പോൾ ഇന്ന് നിലവിലുള്ള 932 പ്ലസ്ടു സ്കൂളുകളും വിരലിലെണ്ണാവുന്ന വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളും, ടെക്നിക്കൽ ഹയർസെക്കണ്ടറി സ്കൂളുകളും കൊണ്ട് കഷ്ടിച്ച് രണ്ടുലക്ഷം പേർക്കുള്ള സീററുകളേ ലഭ്യമായിട്ടുള്ളു. അവശേഷിക്കുന്ന വിദ്യാർത്ഥികളുടെയും ഭാവിയിൽ ഉണ്ടാകാവുന്ന വർദ്ധനയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിശ്ചയമായും കൂടുതൽ പ്ലസ്ടു സ്കൂളുകൾ ഉണ്ടാകണം. കേവലം 976 ഹൈസ്കൂളുകളും 36 കോളേജുകളുമുള്ള ഗവണ്മെന്റ് മേഖലകൾക്ക് പകുതിയോളം പ്ലസ്ടു സ്കൂളുകൾ അനുവദിച്ചുകൊടുത്തു. 1397 ഹൈസ്കൂളുകളും 130 കോളേജുകളുമുള്ള എയ്ഡഡ് മേഖലയ്ക്ക് 508 പ്ലസ്ടു സ്കൂളുകളെയുള്ളു. 220 അൺഎയ്ഡഡ് ഹൈസ്കൂളുകളുള്ള സംസ്ഥാനത്ത് ഇനി പ്ലസ്ടു അനുവദിക്കുമ്പോൾ അവയ്ക്കും ന്യായമായ വിഹിതം നൽകണം. എയ്ഡഡ്, അൺ എയ്ഡഡ് ഹൈസ്കൂളുകളിൽ ശരിയായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പ്ലസ്ടു സ്കൂളുകൾ അനുവദിക്കണം. ഫീസ് പിരിവിന്റെ കാര്യത്തിൽ ഭൂരിപക്ഷത്തിനും ന്യൂനപക്ഷത്തിനും രണ്ടു മാനദണ്ഡം വേണ്ട. ജീവനക്കാർക്ക് ന്യായമായ ശമ്പളം നൽകാനും സ്കൂളിന്റെ ദൈനംദിന ചിലവുകൾ നടത്തിക്കൊണ്ടുപോകുവാനും ആവശ്യമായ തുക ഫീസിനത്തിൽ വാങ്ങുവാൻ എല്ലാ മാനേജർമാർക്കും അനുവാദം നൽകേണ്ടതാണ്.

15-06-2001

www.malankaralibrary.com

## 297

# ഐക്യജനാധിപത്യമുന്നണി അധികാരത്തിലേക്ക്

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി നിലവിലിരുന്ന ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ട് ഐക്യജനാധിപത്യമുന്നണി അധികാരത്തിലേറിയിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷം വെട്ടിനിരത്തിയും വിദ്യാഭ്യാസവകുപ്പിനെ സ്വതന്ത്രമായി പ്രവർത്തിക്കാനനുവദിക്കാതെ വകുപ്പുമന്ത്രികൊണ്ടുവന്ന എല്ലാ നീക്കങ്ങളെയും എതിർത്തും, സ്ക്കൂളുകളും, കോളേജുകളും, ആതുരാലയങ്ങളും സി.ഐ.ടി.യു. ഗുണ്ടകളെക്കൊണ്ട് ഭീഷണിപ്പെടുത്തിയും നടത്തിയ ദുർഭരണത്തിന് അന്ത്യം കുറിക്കാൻ ജനങ്ങൾ തീരുമാനിച്ചതിൽ അത്ഭുതപ്പെടാനില്ല. പ്ലസ്ടു അനുവദിച്ചപ്പോൾ വകുപ്പുമന്ത്രി എടുത്ത നിലപാടിനെ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി എതിർത്തതും അവസാനം ജനകീയ മുന്നേററത്തിന്റെ ഫലമായി വകുപ്പുമന്ത്രി ആവശ്യപ്പെട്ടതിലും അധികം സ്ക്കൂളുകൾ അനുവദിക്കാൻ നിർബന്ധിതമായി തീർന്നതും ഒക്കെ ജനങ്ങൾ സസൂക്ഷ്മം വീക്ഷിച്ചിരുന്നുവെന്നതിന് തെളിവുകളാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പു ഫലം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്നേവരെ ഉണ്ടാകാത്ത വിധത്തിൽ പുരോഗതി കഴിഞ്ഞ ഭരണകാലത്ത് പൊതുമരാമത്ത് വകുപ്പിൽ ഉണ്ടായിയെന്ന് സകലരും സമ്മതിക്കും. ആ പുരോഗതിയോട് ജനങ്ങൾക്ക് എതിർപ്പുണ്ടായിട്ടല്ല, സ്വൈര്യജീവിതം ഇഷ്ടപ്പെടുന്നതുകൊണ്ടാണ് ഇടതുമുന്നണിയെ പരാജയപ്പെടുത്തി ഐക്യജനാധിപത്യമുന്നണിയെ അധികാരത്തിലേററിയത്. ഒരു ടേം കൂടി ഇവിടെ ഇടതുമുന്നണി അധികാരത്തിലേറിയാൽ ഇവിടെ ക്രമസമാധാന നില തകരുമെന്നും മാർക്സിസ്റ്റു ഭീഷണിക്കു മുൻപിൽ എന്നന്നേക്കുമായി തല കുനിക്കേണ്ടി വരുമെന്നും ജനങ്ങൾക്ക് ബോദ്ധ്യമുണ്ടായതിന്റെ ഫലമാണ് ഈ തിരഞ്ഞെടുപ്പുഫലം.

പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ കോൺഗ്രസ്സ് പാർട്ടിയിലുണ്ടായ സംഭവവികാസങ്ങൾ ജനങ്ങളെ ദുഃഖിപ്പിക്കുകയുണ്ടായി. എന്നാൽ അതെല്ലാം വിസ്മരിച്ചുകൊണ്ട് ജനങ്ങൾ ഐക്യജനാധിപത്യമുന്നണിയെ അധികാരത്തിലേററി. കോൺഗ്രസ്സ് പാർട്ടി ലീഡറെയും പെട്ടെന്നു തന്നെ തെരഞ്ഞെടുക്കുവാൻ സാധിച്ചു. ജനങ്ങൾക്ക് അതും ആശ്വാസമായി. മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതിന്റെ പേരിൽ ഗ്രൂപ്പ് വടം വലി തുടങ്ങിക്കഴിഞ്ഞു. നേതാക്കൾ തമ്മിൽ ആരോഗ്യപരമല്ലാത്തവിധത്തിലുള്ള അഭിപ്രായപ്രകടനങ്ങളും തുടങ്ങിക്കഴിഞ്ഞു. ഈ ഭിന്നതയിൽ ജനങ്ങൾക്ക് വിശ്വാസമില്ല. അവർ അതിൽ അസംതൃപ്തരുമാണ്. ഈ ലക്കം ബുള്ളററിൻ വായനക്കാരുടെ കൈകളിലെത്തുമ്പോഴേക്കും ഈ ഭിന്നതയുടെ ആഴം കൂടുമോ കുറയുമോ എന്ന കാര്യം പ്രവചിക്കുവാൻ സാധ്യമല്ല. ഗ്രൂപ്പ് തർക്കത്തിൽ

www.malankaralibrary.com

ഇവിടത്തെ ബഹുഭൂരിപക്ഷം ജനതയ്ക്കും യാതൊരു താല്പര്യവുമില്ല. സമാധാനപരമായ സ്വൈര്യജീവിതം ആണ് ജനങ്ങൾ ആഗ്രഹിക്കുന്നത്.

കേരളത്തിൽ തെരഞ്ഞെടുപ്പുകാലത്ത് രാഷ്ട്രീയപാർട്ടികളും മുന്നണികളും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പ്രകടനപത്രികയിലെ കാര്യങ്ങൾ അധികാരത്തിലേറി കഴിയുമ്പോൾ നടപ്പിലാക്കുവാൻ ഒരു മുന്നണിയും നാളിതുവരെ ശ്രമിച്ചിട്ടില്ലെന്നതാണ് സത്യം. ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയെങ്കിലും പ്രകടനപത്രികയിലെ കാര്യങ്ങൾ നടപ്പാക്കുവാൻ ശ്രമിക്കണം.

കാർഷിക വിളകളുടെ വിലയിടിവ് രാജ്യത്തെ ജനങ്ങളെ വളരെയധികം വിഷമിപ്പിക്കുകയാണ്. അതിന്റെ ഗൗരവം മനസ്സിലാക്കി കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ശ്രമിക്കണം. തകർന്ന ഖജനാവിനെ രക്ഷിക്കാൻ നികുതി വർദ്ധിപ്പിക്കുകയല്ല വേണ്ടത്. നികുതി പിരിവ് സത്യസന്ധമായി ഊർജ്ജിതപ്പെടുത്തുകയാണ് ചെയ്യേണ്ടത്. ഇൻകംടാക്സ്, സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ അഴിമതിയിൽ നിന്നും കൈക്കൂലിയിൽ നിന്നും വിമുക്തമായാൽ നികുതി പിരിവ് ശക്തമാകും.

ഈ രാജ്യത്തെ സകല ഉദ്യോഗസ്ഥന്മാരുടെയും സ്വത്ത് സമ്പാദനത്തെപ്പററി സമഗ്രമായ അന്വേഷണം നടത്തണം. അനർഹമായി സ്വത്ത് സമ്പാദിച്ചിട്ടുള്ളവരുടെ സ്വത്തുക്കൾ കണ്ടുകെട്ടണം. അവർ അനർഹമായി സമ്പാദിച്ചിട്ടുള്ള സ്വത്ത് സർക്കാരിന് അവകാശപ്പെട്ടതാണ്. സർക്കാരിന് കൊടുക്കേണ്ടത് ഉദ്യോഗസ്ഥർ തട്ടിയെടുത്ത് സർക്കാരിനെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്.

ആർഭാടപൂർണ്ണമായ ജീവിതം നയിക്കാനുള്ള ആഗ്രഹമാണ് അഴിമതിക്കും കൈക്കൂലിക്കും പ്രേരണ നൽകുന്നത്. ആർഭാടപൂർണ്ണമായ ജീവിതത്തിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങൾ സർക്കാർ തലത്തിൽ വ്യാപകമാക്കണം.

അധികാരം പങ്കുവയ്ക്കലാണ് ആന്റണി മന്ത്രിസഭ നേരിടുന്ന വെല്ലുവിളികളിൽ പ്രധാനം. ഇതിന് മുൻപ് യു.ഡി.എഫ്. ഭരിച്ചപ്പോൾ കോർപ്പറേഷനുകൾ പങ്കുവയ്ക്കാൻ സാധിക്കാതെ വർഷങ്ങൾ തള്ളിനീക്കുകയുണ്ടായി. കോർപ്പറേഷൻ ചെയർമാൻസ്ഥാനവും മററും കാണിച്ച്, പ്രലോഭിപ്പിച്ച് അണികളെ കൂട്ടത്തിൽ നിർത്താനുള്ള ശ്രമം ഉപേക്ഷിച്ച് അധികാര വികേന്ദ്രീകരണം നടത്തി ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുവാൻ ശ്രമിക്കണം.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ഒരു സൽഭരണം കേരളത്തിന് പ്രദാനം ചെയ്യുവാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിക്കട്ടെയെന്നാശംസിക്കുന്നു.

**10-06-2001**

www.malankaralibrary.com

298

# കത്തോലിക്കാ കോൺഗ്രസ്സും രാഷ്ട്രീയവും

ഇത് ഒരു ജനാധിപത്യ യുഗമാണെന്ന് പറയാം. ലോകത്തിലെ ഭൂരി പക്ഷം രാഷ്ട്രങ്ങളിലും ജനാധിപത്യ ഭരണമാണ് നിലനിൽക്കുന്നത്. ചില രാഷ്ട്രങ്ങളിൽ നിയന്ത്രിത ജനാധിപത്യമാണെന്ന കാര്യം വിസ്മരിക്കുന്നില്ല. കഴിഞ്ഞ അമ്പത്തിനാല് വർഷമായി ഇന്ത്യയിൽ ജനാധിപത്യഭരണം നില നിൽക്കുകയാണ്. കടുത്ത വെല്ലുവിളികൾ നേരിട്ടപ്പോഴും ജനാധിപത്യത്തിൽ നിന്നും ഇന്ത്യ വഴുതിപ്പോയിട്ടില്ല.

ജനപ്രതിനിധികൾ, മന്ത്രിമാർ തുടങ്ങി പലരും കള്ളരേഖ ചമച്ചവരും ക്രിമിനലുകളും ഒക്കെയായി മാറിയിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്? സത്യസന്ധന്മാരായ നേതാക്കളുടെ സ്വാധീനം രാഷ്ട്രീയ കക്ഷികളിൽ കുറഞ്ഞുവരുന്നതും അവസരവാദികൾ രാഷ്ട്രീയ കക്ഷികളിൽ സ്വാധീനം കൂടുതൽ ചെലുത്തുന്നതുമാണ് കാരണം. ഈ സാഹചര്യത്തിൽ കത്തോലിക്കരായ നാം നമ്മുടെ കടമ പൂർണ്ണമായും നിർവ്വഹിച്ചേ മതിയാകൂ.

രാഷ്ട്രീയ പ്രവർത്തനം ഒരു പ്രേഷിത പ്രവർത്തിപോലെ കണക്കാക്കി കത്തോലിക്കാർ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടണം, സത്യത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് പ്രവർത്തിക്കണം. ക്രൈസ്തവ സാക്ഷ്യത്തോടു കൂടിയുള്ള പ്രവർത്തനം മറ്റുള്ളവരിൽ സ്വാധീനം ചെലുത്താൻ ഇടയാകണം. അതേസമയം സമുദായ താല്പര്യങ്ങളും സമൂഹ താല്പര്യങ്ങളും സംരക്ഷി ക്കുന്നതിൽ നാം ശ്രദ്ധാലുക്കളായിരിക്കണം. രാഷ്ട്രീയ കക്ഷികളും ഗവൺമെന്റും തെറ്റു ചെയ്താൽ ഒരു തിരുത്തൽ ശക്തിയായി അതിനുള്ളിൽ നാം നിലകൊ ള്ളണം.

തിരുത്തൽ ശക്തിയായിട്ടുള്ള പ്രവർത്തനം എപ്പോഴും വിജയിച്ചെന്നു വരുകയില്ല. അതുകൊണ്ട് നാം രാഷ്ട്രീയം ഉപേക്ഷിക്കുകയോ, രാഷ്ട്രീയ കക്ഷി കളിൽ നിന്ന് രാജിവെയ്ക്കുകയോ ചെയ്യേണ്ട കാര്യമില്ല. നമ്മുടെ പ്രവർത്ത നങ്ങൾ എപ്പോഴും മാതൃകയായിരിക്കണം.

രാഷ്ട്രീയ രംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്നവർ പലപ്പോഴും രാഷ്ട്രീയ കക്ഷികളുടെ താല്പര്യത്തിനൊത്തു പ്രവർത്തിക്കുന്നതും സമുദായതാല്പ ര്യങ്ങൾക്കെതിരായി നിലകൊള്ളുന്നതുമായ സന്ദർഭം ഉണ്ടായിട്ടുണ്ട്. അങ്ങ നെയുള്ള സന്ദർഭങ്ങളിലാണ് സമുദായ സംഘടനകൾ ഉണർന്ന് പ്രവർത്തി ക്കേണ്ടത്.

1905-ലെ കത്തോലിക്കാ ക്രിസ്തീയ മഹാജന സഭ, സാമൂഹ്യസമ്മേള നങ്ങൾ, കത്തോലിക്കാ കോൺഗ്രസ്സ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വില യിരുത്തുമ്പോൾ നാം കഴിഞ്ഞ കാലങ്ങളിൽ എന്ത് നിലപാടായിരുന്നു സ്വീക

www.malankaralibrary.com

രിച്ചിരുന്നത് എന്ന് വ്യക്തമാകും. 1938-ൽ രൂപീകരിച്ച സ്റ്റേറ്റ് കോൺഗ്രസ്സിൽ കത്തോലിക്കർ നിർണ്ണായക ശക്തിയായിരുന്നു. സർ സി.പി. പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാനായി മുന്നോട്ട് വന്നപ്പോൾ അതിനെതിരായി കത്തോലിക്കാ കോൺഗ്രസ്സാണ് ഉറച്ച നിലപാടെടുത്തത്. സ്റ്റേറ്റ് കോൺഗ്രസ്സിൽ പ്രവർത്തിച്ച കത്തോലിക്കർക്ക്, എ.കെ.സി.സി.യുടെ പ്രവർത്തനം സഹായകരമായി. സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡന്റ് പട്ടം താണുപിള്ളയും അന്നത്തെ കമ്മ്യൂണിസ്റ്റുപാർട്ടിയും സി.പി.യുടെ വിദ്യാഭ്യാസ നയത്തെ എതിർത്തത് എ.കെ.സി.സി.യുടെ ധീരമായ നിലപാട് കൊണ്ടായിരുന്നു. സ്റ്റേറ്റ് കോൺഗ്രസ്സിൽ പ്രവർത്തിച്ച കത്തോലിക്കർക്ക് ആത്മധൈര്യം പകർന്ന് നൽകുവാനും ഇതു സാധിച്ചു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പനമ്പിള്ളി കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതിയെ കത്തോലിക്കരായ എം.എൽ.എ.മാർ ഒറ്റക്കെട്ടായി അനുകൂലിച്ചപ്പോൾ എ.കെ.സി.സി. പനമ്പിള്ളി പദ്ധതിക്കെതിരായി നിലപാടെടുത്തു. രാഷ്ട്രീയക്കാർ സമുദായ തല്പര്യം സംരക്ഷിക്കാൻ തയ്യാറായില്ല. എന്നാൽ ഈ കാര്യത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് മറ്റൊരു നിലപാട് എടുക്കേണ്ടി വന്നില്ല. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തകരിലും സാരഥികളിലും ബഹുഭൂരിപക്ഷവും കോൺഗ്രസ്സുകാരായിരുന്നു. എന്നാൽ ഒരു സമുദായ സംഘടനയെന്ന നിലയിൽ എ.കെ.സി.സി.യിലെ കത്തോലിക്കർ സമുദായ താല്പര്യത്തിനായി നിലകൊണ്ടു.

1957-ല മുണ്ടശ്ശേരി പദ്ധതിയെ എതിർക്കാൻ പ്രതിപക്ഷ രാഷ്ട്രീയക്കാർ ആദ്യം മടിച്ചുനിന്നു. അവിടെയും സമുദായ താല്പര്യം ലക്ഷ്യംവെച്ച് എ.കെ.സി.സി. പ്രവർത്തിച്ചു. രാഷ്ട്രീയക്കാർ നമ്മുടെ പുറകേവന്നു. 1960കളിൽ കുടിയിറക്കും മേൽച്ചാർത്തുംകൊണ്ട് കോൺഗ്രസ്സ് നേതൃത്വം നൽകിയ ഗവൺമെന്റ് കർഷകരെ ദ്രോഹിച്ചപ്പോൾ പതിനാല് ക്രൈസ്തവ എം.എൽ.എ.മാർ കുടിയിറക്കിനെ അനുകൂലിച്ചു പ്രസ്തവാനയിറക്കി. ദീപികയും ഫാ. വടക്കനും കത്തോലിക്കാ കോൺഗ്രസ്സുമെല്ലാം കുടിയിറക്കുകൾക്കെതിരായ നിലപാട് സ്വീകരിച്ചപ്പോൾ ക്രൈസ്തവ എം.എൽ.എ.മാർ. കർഷകദ്രോഹ നടപടികൾ സ്വീകരിച്ചു. വമ്പിച്ച ഭൂരിപക്ഷത്തോടെ 1960-ൽ അധികാരത്തിൽ ഏറിയ കോൺഗ്രസ്സിന് ദുർഭരണത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ അതിദയനീയമായ പരാജയം ഏറ്റുവാങ്ങി. അന്ന് കത്തോലിക്കാ കോൺഗ്രസ്സിനെ രാഷ്ട്രീയ നേതാക്കളായ എം.എൽ.എ.മാർ എതിർത്തു. പക്ഷെ കത്തോലിക്കാ കോൺഗ്രസ്സിലുള്ള സജീവരാഷ്ട്രീയക്കാർ സമുദായത്തിന്റെയും സമൂഹത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കാൻ നിലകൊണ്ടു.

1967-ലെയും 80-ലെയും കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ചെയ്തികളെ എതിർക്കുവാനും കത്തോലിക്കാ കോൺഗ്രസ്സ് മടിച്ചില്ല. അന്നത്തെ മുന്നണി ഗവൺമെന്റിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾ എ.കെ.സി.സി.യുടെ കേന്ദ്രഭരണസമിതിയിൽ ഉണ്ടായിരുന്നു. അവരാരും ഭരിക്കുന്ന ഗവൺമെന്റിന്റെ മുഖം രക്ഷിക്കാൻ സമുദായത്തെ തള്ളിപ്പറയാൻ തയ്യാറായില്ല. അന്നും കത്തോലിക്കാ കോൺഗ്രസ്സിൽ പ്രവർ

www.malankaralibrary.com

ത്തിച്ച നേതാക്കൾ രാഷ്ട്രീയത്തിനതീയമായി നിലകൊണ്ടു.

1972-ലെ കോളേജ് സമരത്തെ ആദ്യം എതിർത്തത് കത്തോലിക്കാ കോൺഗ്രസ്സും ലാറ്റിൻ കാത്തലിക് അസോസിയേഷനുമായിരുന്നു. കോൺഗ്രസ്സുകാരായ കത്തോലിക്കാ എം.എൽ.എ.മാർ മെത്രാന്മാരെ ചാട്ടവാറുകൊണ്ടടിക്കണമെന്ന് പ്രഖ്യാപിച്ച് സമുദായത്തിനെതിരായ നിലപാട് എടുത്തു. ആ സമരം ആരംഭിച്ചപ്പോൾ എ.കെ.സി.സി. പ്രസിഡന്റ് കോൺഗ്രസ്സിലെ ഒരു സമുന്നത നേതാവായിരുന്നു. ആ രാഷ്ട്രീയ ബന്ധമൊന്നും അന്നത്തെ കത്തോലിക്ക കോൺഗ്രസ്സ് നേതാക്കൾക്ക് സമുദായ താല്പര്യം സംരക്ഷിക്കുന്നതിന് വിഘാതമായിരുന്നില്ല. രാഷ്ട്രീയത്തിനതീതമായി സമുദായ താല്പര്യങ്ങൾക്കു വേണ്ടി നിലകൊള്ളുവാൻ അവർക്കു സാധിച്ചു. എന്തിന് കഴിഞ്ഞ 5 വർഷം വെട്ടിനിരത്തിയും സ്വകാര്യമേഖലക്കെതിരെ ജിഹാദ് വിളിച്ചും ഇടതുപക്ഷമുന്നണി ഭരണം നടത്തിയപ്പോൾ കത്തോലിക്കാ കോൺഗ്രസ്സ് ആ ഗവൺമെന്റിന്റെ നിലപാടിനെ എതിർത്ത് സമരം ചെയ്തു. ആ ഇടതുപക്ഷമുന്നണിയിലെ ഘടകകക്ഷിയുടെ പ്രവർത്തകർക്ക് സമുദായ താല്പര്യ സംരക്ഷണത്തിനു വേണ്ടി നിലകൊള്ളുവാൻ മടിയുണ്ടായിരുന്നില്ല.

ചുരുക്കത്തിൽ സമുദായ സംഘടനയിലെ പ്രവർത്തകർ ഒരിക്കലും രാഷ്ട്രീയ പാർട്ടികളുടെ കുഴലൂത്തുകാരായി മാറിയിട്ടില്ല. സമുദായ താല്പര്യത്തിന് മുൻതൂക്കം നൽകി ഭാവിയിലും പ്രവർത്തിക്കണം.

10-08-2001

**299**

# വെള്ളാപ്പള്ളിയുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതം

എല്ലാ വിഭാഗം ജനങ്ങളോടും നീതി പുലർത്തുകയും കാര്യക്ഷമവും സത്യസന്ധവുമായി ഭരണം നടത്തുകയും ചെയ്ത മുൻ വിദ്യാഭ്യാസമന്ത്രി പി.ജെ.ജോസഫിനെ തേജോവധം ചെയ്യാനുള്ള ആസൂത്രിത നീക്കത്തിൽ നിന്ന് വെള്ളാപ്പള്ളി നടേശൻ പിന്മാറണമെന്ന് അഖില കേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ജോൺ കച്ചിറമററം പ്രസ്താവിച്ചു.

തൊഴിലധിഷ്ഠിത കോഴ്സുകൾവഴി പിന്നോക്ക സമുദായങ്ങൾ അധികാരത്തിലെത്തുന്നത് തടയാനുള്ള ശ്രമമാണ് മുൻ വിദ്യാഭ്യാസമന്ത്രിയും ഗവൺമെന്റും നടത്തിയതെന്ന് അദ്ദേഹം കുററപ്പെടുത്തുന്നു. ചില സമുദായങ്ങൾക്ക് അനർഹമായ പരിഗണനനൽകിയെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാകാം പുതിയകോഴ്സുകൾ തുടങ്ങുന്നത് സർക്കാർ തടഞ്ഞതെന്നാണ് വെള്ളാപ്പള്ളി കണ്ടെത്തിയിരിക്കുന്നത്. അടിസ്ഥാനരഹിതവും നിർഭാഗ്യകരവുമായ ആരോപണങ്ങളാണിത്.

സ്വന്തം സമുദായത്തിന്റെ ഉത്കർഷത്തിനുവേണ്ടി സ്ഥാപനങ്ങളും കോഴ്

www.malankaralibrary.com

സുകളും ആവശ്യപ്പെടുന്നതു മനസ്സിലാക്കാം. പക്ഷെ ഇതരസമുദായങ്ങൾക്കും മുൻ വിദ്യാഭ്യാസമന്ത്രിക്കുമെതിരായി ദുരുദ്ദേശപരമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ഒരു സമുദായ നേതാവിനു ചേർന്നതല്ല. ജോസഫ് സ്വന്തം സമുദായത്തിന് അവിഹിതമായ ആനുകൂല്യങ്ങൾ നൽകിയെന്നും നടേശന്റെ സമുദായത്തെ അവഗണിച്ചെന്നുമുള്ള ആരോപണം ആവർത്തിച്ച് ഉന്നയിക്കുകയാണ്.

പ്രീഡിഗ്രി വേർപെടുത്തൽ മൂലം മാനേജ്മെന്റുകൾക്കുണ്ടായ സീററ് നഷ്ടവും ഹൈസ്കൂളുകളുടെ എണ്ണവും കണക്കാക്കിയാണ് പ്ലസ് ടു അനുവദിച്ചത്. ഹൈസ്കൂളുകൾ കുറവുള്ള മാനേജ്മെന്റുകൾക്ക് കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും മാററിവച്ച് പുതിയ ഹൈസ്കൂളുകളും അവയോടനുബന്ധിച്ച് പ്ലസ് ടു സ്കൂളുകളും അനുവദിച്ചു. ഇതിന്റെ പ്രയോജനം ഏററവും കൂടുതൽ ലഭിച്ചത് നടേശന്റെ സമുദായത്തിനാണ്.

പുതിയ കോഴ്സുകൾ അനുവദിച്ചപ്പോഴും വിവേചനം കാട്ടിയെന്നു പറയുന്നുണ്ട്. ഒരു സമുദായത്തിന് മാത്രം ഒന്നിലധികം കോഴ്സുകൾ ഒരേ കോളേജിൽ അനുവദിച്ചെന്ന ആരോപണവും അടിസ്ഥാനരഹിതമാണ്.

10-08-2001

## 300

# ലോകം യുദ്ധഭീതിയിൽ

അമേരിക്കയിലെ ഇന്റർനാഷണൽ ട്രേഡ്സെന്ററും ആയുധസിരാകേന്ദ്രമായ പെന്റഗൺ കെട്ടിടവും ഉൾപ്പെടെ നിരവധി കെട്ടിടങ്ങൾ തകർത്ത ഭീകരരുടെ ആക്രമണങ്ങൾ ലോകത്തെ നടുക്കിയിരിക്കുകയാണ്. തികച്ചും അപ്രതീക്ഷിതമായിരുന്നു ഈ സംഭവം. ഇങ്ങനെയൊരാക്രമണം അമേരിക്കയുടെമേൽ ഉണ്ടാകുമെന്ന് ഒരു അമേരിക്കക്കാരനും വിചാരിച്ചിരിക്കുകയില്ല. ഭീകരർക്ക് എന്തും ചെയ്യാൻ സാധിക്കുമെന്നതിന് ഒരു മുന്നറിയിപ്പാണിത്. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി സ്വയം മരിക്കാൻ തയ്യാറായി മുന്നോട്ട് വരുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണിന്ന്. ഈ സാഹചര്യത്തിൽ ഭീകരപ്രവർത്തനങ്ങൾ അതിഭീകരമായി ഇനിയും തുടർന്നുകൊണ്ടിരിക്കുമെന്ന് ന്യായമായും പ്രതീക്ഷിക്കാം.

തീവ്രവാദം ഈ നൂററാണ്ടിന്റെ ശാപമായി മാറിയിരിക്കുന്നു. മതത്തിന്റെ പേരിലായാലും ഭാഷയുടെ പേരിലായാലും എന്തിന്റെ പേരിലായാലും അതിനെ അമർച്ച ചെയ്യുക തന്നെ വേണം. അമേരിക്കയിൽ നടന്ന അക്രമം വഴി ഭീകരരുടെ ശക്തി മനസ്സിലാക്കി കൊടുക്കാൻ ഭീകരർക്ക് സാധിച്ചു. ഭീകരരുടെ ഭീഷണിയിൽനിന്നും ഒരു രാജ്യവും വിമുക്തമല്ലായെന്നുള്ള സത്യം നാം അംഗീകരിച്ചേ പററൂ. പക്ഷെ അതിനുത്തരവാദികൾ ഇന്നത്തെ പല രാഷ്ട്രങ്ങളുമാണ്. ഒരു കാലത്ത് ചില രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടി ഭീകരപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ച രാഷ്ട്രങ്ങൾ ഉണ്ട്. ആ ഭീകരർ തന്നെ ആ രാജ്യത്തിന് എതി

www.malankaralibrary.com

രായി നില്ക്കുന്ന കാഴ്ചയും നാം കാണുക തന്നെ ചെയ്യുന്നു. സോവിയററ് ചെമ്പടയ്ക്കെതിരെ പോരാടാൻ അമേരിക്ക ഒസാമ ബിൻലാദനെയാണ് കരുവാക്കിയത്. പണവും ആയുധങ്ങളും നൽകി ലാദനെ പ്രോത്സാഹിപ്പിച്ചു. ഇന്ന് ലോകത്തിലെ ഏററവും വലിയ ഭീകരപ്രസ്ഥാനത്തിന്റെ നേതാവായി ഉയരാൻ ലാദന് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തത് അമേരിക്കയാണ്. അത് തങ്ങൾക്കുതന്നെ വിനയായി തീരുമെന്ന് മനസ്സിലാക്കാൻ അമേരിക്കക്ക് അന്ന് സാധിച്ചില്ല.

ഭീകരരുടെ ആക്രമണത്തെ തുടർന്ന് ഒരു മഹായുദ്ധത്തിനുള്ള തയ്യാറെടുപ്പിലാണ് അമേരിക്ക. ഭീകരപ്രവർത്തനങ്ങളെ എതിർക്കുന്ന എല്ലാ രാജ്യങ്ങളും അമേരിക്കയോടൊപ്പം അണിനിരന്നിട്ടുണ്ട്. എന്നാൽ ആ രാഷ്ട്രങ്ങൾ പലതും ഒരു യുദ്ധത്തിനെ അനുകൂലിക്കുന്നില്ല. തങ്ങൾക്കേററ അപമാനത്തിന് തിരിച്ചടി നൽകാൻ അമേരിക്ക ആഗ്രഹിക്കുക സ്വാഭാവികം മാത്രമാണ്. അത് നിരപരാധികളെ കൊന്നൊടുക്കിക്കൊണ്ടാകണമോ? യുദ്ധത്തിന്റെ ഫലമായി ലോകത്താകമാനം ഉണ്ടാകുന്ന ദുരിതങ്ങളെപ്പററി ചിന്തിക്കുവാൻ നമുക്ക് കഴിയണം.

ഇന്ന് അഫ്ഘാനിലെ ജനങ്ങൾ പട്ടിണിയോടും രോഗത്തോടും മല്ലടിക്കുകയാണ്. പാക്കിസ്ഥാനിലേക്കും മററും അഭയാർത്ഥികളായി അവർ പായുകയാണ്. അമേരിക്കയിൽ നടന്ന ഭീകരാക്രമണത്തിന് തിരിച്ചടിയെന്നവണ്ണം അഫ്ഘാനിസ്ഥാൻ എന്ന ഭീകരരാഷ്ട്രത്തിന് നേരെ യുദ്ധം നടത്തി അനേകരെ കൊന്നൊടുക്കാനുള്ള നീക്കം അംഗീകരിക്കാവുന്നതല്ല.

ഐക്യരാഷ്ട്രസഭയും മററു ലോകരാഷ്ട്രങ്ങളും, യുദ്ധത്തിന്റെ കെടുതിയനുഭവിക്കുന്ന അഫ്ഘാനിസ്ഥാനിലെ സകല മനുഷ്യരെയും സഹായിക്കുവാനുള്ള കർമ്മപദ്ധതിക്ക് രൂപം കൊടുക്കണം. ആ രാജ്യത്തെ ഒരാളും പട്ടിണി കിടക്കാൻ ഇടവരരുത്. ഒരു രോഗിയും ചികിത്സ കിട്ടാതെ - മരുന്നു ലഭിക്കാതെ മരിക്കാനിടയാകരുത്.

ഇന്ത്യയിൽ ഭീകരവാദം തുടങ്ങിയിട്ട് നാളേറെയായി. അതിന്റെ പിന്നിൽ പ്രധാനമായും പ്രവർത്തിക്കുന്നത് പാക്കിസ്ഥാനാണ്. ഈ ഭീകരപ്രവർത്തനങ്ങൾ രാജ്യത്ത് അസ്വസ്ഥത വളർത്തുവാൻ സഹായിക്കുമെന്നതിൽ കവിഞ്ഞ് മറെറാരു നേട്ടവുമുണ്ടാക്കാൻ സാധിക്കുകയില്ല.

ഇന്നത്തെ കലുഷമായ അന്തരീക്ഷം മാറട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ലോകത്ത് ശാന്തിയും സമാധാനവും വളരുന്നതിനും യുദ്ധത്തിന്റെ ഭീഷണികൾ ഇല്ലാതാകുന്നതിനും വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഭീകരവാദം ഒന്നിനും ശാശ്വതപരിഹാരമല്ല. അതിനെ പ്രോത്സാഹിപ്പിക്കുന്നവർ ലോകസമാധാനത്തിന് ഭീഷണി ഉയർത്തുകയാണ് എന്ന സത്യം ഗ്രഹിക്കണം.

10-10-2001

www.malankaralibrary.com

## 301

# സിനഡ് തീരുമാനം സ്വാഗതാർഹം

വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽ ഐക്യരൂപ്യം ഉണ്ടാക്കുന്നതു സംബന്ധിച്ച് സീറോ മലബാർ സഭയിലെ വൈദിക മേലദ്ധ്യക്ഷന്മാർ ഐക കണ്ഠ്യേന എടുത്ത തീരുമാനത്തെ സീറോ മലബാർ കാത്തലിക് കോൺഗ്രസ് നാഷണൽ പ്രസിഡന്റും എ.കെ.സി.സി. പ്രസിഡന്റുമായ ജോൺ കച്ചിറമററം സ്വാഗതം ചെയ്തു.

ആരാധനാക്രമം സംബന്ധിച്ച് അനേകവർഷങ്ങളായി നിലനിന്ന അഭി പ്രായഭിന്നതകൾ പരിഹരിക്കപ്പെട്ടതിൽ സഭാംഗങ്ങൾ ഒന്നാകെ സന്തോഷി ക്കുമ്പോൾ നസ്രാണി കത്തോലിക്കാ പ്രീസ്റ്റ് കോൺഫറൻസ്, ഈ തീരുമാനത്തി നെതിരായ നിലപാട് സ്വീകരിച്ചത് അത്യന്തം വേദനാജനകമാണെന്ന് അദ്ദേഹം പറഞ്ഞു.

വൈദിക മേലദ്ധ്യക്ഷന്മാർ ഏകകണ്ഠമായി എടുത്ത തീരുമാനത്തോട് സഹകരിച്ച് പ്രവർത്തിച്ച് സഭയുടെ കൂട്ടായ്മ ശക്തമാക്കുവാൻ നസ്രാണി കത്തോലിക്കാ പ്രീസ്റ്റ് കോൺഫറൻസ് മുന്നോട്ടുവരുകയാണ് വേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡിസംബർ 19-ന് കത്തോലിക്കാ കോൺഗ്രസ് പ്രതിനിധിസഭായോഗം ചേർന്ന് സിനഡ് തീരുമാനത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കും.

## 302

# പാലം കുലുങ്ങിയാലും .....

പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല എന്നൊരു ചൊല്ല് ഉണ്ട്. ആ ചൊല്ല് ഇന്ന് ഈ കൊച്ചുകേരളത്തിൽ യാഥാർത്ഥ്യമാവുകയാണ്. ഇവിടുത്തെ സർക്കാർ ഇന്ന് ഒരു കേളനായി മാറിയിരിക്കുന്നു. കേരള ജനത ഇന്ന് വലിയ പ്രതിസന്ധിയിലാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവും കാർഷിക വിഭവങ്ങളുടെ വിലയിടിവും ഇവിടുത്തെ ജനങ്ങളെ ആകെ വിഷമത്തിലാക്കിയിരിക്കുന്നു. ജനങ്ങൾ സംഭീതരായിരിക്കുന്നു. ഇനി യെന്ത് എന്ന ചോദ്യം അവരുടെ മുൻപിൽ ഉയർന്നുനിൽക്കുന്നു.

കടുത്ത സാമ്പത്തിക തകർച്ചമൂലം ആത്മഹത്യ ചെയ്തവരുടെ വാർത്ത കളാണ് പത്രത്തിൽ. ജപ്തി നടപടികൾ സാധാരണ ജനങ്ങളെ ഭയവിഹ്വല രാക്കുന്നു. ഇത് ഒന്നോരണ്ടോ പേരുടെ പ്രശ്നമല്ല. കേരളത്തിലെ 95 ശത മാനം ജനങ്ങളും ഇന്ന് ദുരിതത്തിലാണ്. അവർ നടത്തിയ നിവേദനങ്ങളും മറ്റും പരിഗണിക്കുവാൻപോലും ഭരണാധിപന്മാർ തയ്യാറാകുന്നില്ല. ഭരണ ത്തിന്റെ സുഖം ആസ്വദിക്കുന്ന രാഷ്ട്രീയ നേതാക്കൾക്കോ മന്ത്രിമാർക്കോ ഇന്ന് യാതൊരു സാമ്പത്തിക പ്രശ്നവുമില്ല. പക്ഷെ അവരെ അധികാരത്തിലേ റ്റിയ ജനങ്ങൾ നിത്യദുരിതത്തിലാണെന്ന സത്യം ഗ്രഹിച്ചിട്ടും ഗ്രഹിക്കാത്ത

www.malankaralibrary.com

മട്ടിൽ അവർ കഴിഞ്ഞു കൂടുകയാണ്. സർക്കാരിന്റെ ഈ നിസംഗതാമനോഭാവത്തിനെതിരെ കർഷകർ സംഘടിച്ചു കഴിഞ്ഞിരിക്കുന്നു. ആ സംഘടിതശക്തിയെ പുച്ഛിച്ചുതള്ളുവാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിലും അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും.

എല്ലാ മേഖലകളിലും സർക്കാർ പകച്ചു നിൽക്കുകയാണ്. റബ്ബറിന്റെയും കാപ്പിയുടെയും കുരുമുളകിന്റെയും എല്ലാം വിലയിടിവ് കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. പൊതുമരാമത്ത് വകുപ്പ് നിശ്ചലമായിരിക്കുന്നു. റോഡുകൾ കുണ്ടും കുഴിയുമായിരിക്കുന്നു. വാഹനഗതാഗതം അസാദ്ധ്യമായിരിക്കുന്നു. സർക്കാർ നിഷ്ക്രിയമായിരിക്കുന്നതിനാൽ നിയമം ലംഘിച്ചും റോഡുകൾ നന്നാക്കാൻ ജനങ്ങൾ രംഗത്തിറങ്ങിയിരിക്കുകയാണ്. എന്നിട്ടും ഇന്നത്തെ ഭരണാധികാരികളായ കേളന്മാർ കുലുങ്ങില്ല.

പണ്ട് ഒരു മന്ത്രിസഭ ഇവിടെ ഭരണം നടത്തി. വിമോചനസമരത്തിനുശേഷം കർഷക ജനതയുടെ വോട്ടുവാങ്ങി ഭരണം കൈയിലൊതുക്കിയവരായിരുന്നു അവർ. പക്ഷെ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയ ആ മന്ത്രിസഭയ്ക്ക് ജനവികാരം മനസ്സിലാക്കുവാൻ സാധിച്ചില്ല. ഉടുമ്പൻ ചോലയിലെ കുടിയിറക്ക്, അമരാവതിയിലെ കുടിയിരുത്ത്, ചുരുളികീരിത്തോട് കുടിയിറക്ക്, കൊട്ടിയൂരിലെ മേൽച്ചാർത്ത് തുടങ്ങിയ കർഷകദ്രോഹനടപടികൾ ആ മന്ത്രിസഭയുടെ കാലത്താണ് നടന്നത്. വമ്പിച്ച ഭൂരിപക്ഷം നേടി അധികാരത്തിലേറിയ ആ മന്ത്രിസഭയിലെ പ്രധാനഘടക കക്ഷിയായ കോൺഗ്രസ്സ് അടുത്ത തെരഞ്ഞെടുപ്പിൽ ഒൻപത് എം.എൽ.എ. മാരെയും കൊണ്ട് പ്രതിപക്ഷത്തിരിക്കേണ്ടി വന്നു. ഈ യാഥാർത്ഥ്യം ഇവിടത്തെ ഭരണകക്ഷിക്കാർ ഓർമ്മിക്കുന്നത് നന്ന്. ജനം അക്ഷരാർത്ഥത്തിൽ വലഞ്ഞിട്ടും അത് ഒരു പ്രശ്നമായി കണക്കാക്കാൻ ഭരണാധികാരികൾക്ക് സാധിക്കുന്നില്ല. ജനങ്ങളോട് പ്രതിബദ്ധതയില്ലാത്ത ഒരു ഭരണകൂടമാണ് ഇന്നുള്ളത്. ജനങ്ങളെ അവഗണിച്ച് ഭരണം നടത്തുന്ന ഈ ഭരണാധിപന്മാർ ജനരോഷത്തിന് വിധേയമാകുമെന്ന് മുന്നറിയിപ്പു നൽകാൻ ആഗ്രഹിക്കുന്നു.

10-11-2001

## 303

# കത്തോലിക്കാ കോൺഗ്രസ്സ് 2002-ാമാണ്ട് കർഷക വർഷമായി ആചരിക്കും.

### -പ്രതിനിധി സമ്മേളന തീരുമാനം-

കേരളത്തിലെ ജനങ്ങളിൽ 85 ശതമാനവും കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന സാഹചര്യത്തിൽ കാർഷിക മേഖലയിലെ തകർച്ച ഈ നാട്ടിലെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുകയാണെന്നും കാർഷിക രംഗത്തെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കുവാൻ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ പരാജയപ്പെട്ടിരിക്കുകയാണെന്നും ഈ സാഹചര്യത്തിൽ കർഷകർ

www.malankaralibrary.com

നേരിടുന്ന പ്രശ്നങ്ങളെപ്പററി സർക്കാരിനെയും ജനങ്ങളെയും ബോധവാന്മാരാക്കുന്നതിന് വേണ്ടി 2002-ാമാണ്ട് കർഷകവർഷമായി ആചരിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സ് 83-ാമത് വാർഷിക പ്രതിനിധി സമ്മേളനം തീരുമാനിച്ചതായി എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം അറിയിച്ചു.

കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇൻഫാം ചെയ്തുകൊണ്ടിരിക്കുന്ന പ്രക്ഷോഭ പരിപാടികളോട് കത്തോലിക്കാ കോൺഗ്രസ്സ് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ഇൻഫാമിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ചു പ്രവർത്തിക്കുവാൻ രൂപതാ - ശാഖാതല പ്രവർത്തകരോട് യോഗം ആഹ്വാനം ചെയ്യുകയും ചെയ്തു.

തെങ്ങു ചെത്തുവാനുള്ള അവകാശം കർഷകർക്കു നൽകണമെന്നും കാർഷികകടങ്ങൾക്ക് മൂന്ന് വർഷത്തേക്ക് മൊറോട്ടോറിയം നൽകണമെന്നും യോഗം മറെറാരു പ്രമേയത്തിലൂടെ സർക്കാരിനോടഭ്യർത്ഥിച്ചു.

മദ്യദുരന്തങ്ങൾക്കും വൻ അഴിമതികൾക്കും വ്യജച്ചാരായം ഒഴുക്കിനും വഴി തെളിയിച്ച അബ്കാരികളുടെ കൈകളിലേക്കു കള്ളുഷാപ്പുകൾ ഏൽപ്പിക്കാനുള്ള സർക്കാർ നീക്കത്തെ യോഗം ശക്തിയായി അപലപിച്ചു.

എയ്ഡഡ് സ്ക്കൂളിലെ അദ്ധ്യാപകരുടെ ശമ്പളത്തിൽ ഒരു നിശ്ചിത ശതമാനം മാനേജ്മെന്റ് വഹിക്കണമെന്ന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം മാനേജ്മെന്റും സർക്കാരും തമ്മിലുള്ള ധാരണകൾക്കും വ്യവസ്ഥകൾക്കും വിപരീതമാണെന്നും അതിനാൽ ആ നിർദ്ദേശം ഗവൺമെന്റ് തിരസ്ക്കരിക്കണമെന്നും യോഗം അഭ്യർത്ഥിച്ചു.

10-02-2002

## 304

# കർഷകവർഷ പ്രഖ്യാപനം

2002-മാണ്ട് എ.കെ.സി.സി. കർഷകവർഷമായി ആചരിക്കുകയാണ്. കർഷക വർഷാചരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ഫെബ്രുവരി 16-ാം തീയതി പാലായിൽവെച്ച് നടത്തപ്പെട്ടു. തിങ്ങിനിറഞ്ഞ സദസ്സിൽവച്ചാണ് ഇൻഫാം ദേശീയദ്ധ്യക്ഷൻ ഫാ. മാത്യുവടക്കേമുറി കർഷകവർഷ പ്രഖ്യാപനം നടത്തിയത്. കർഷക വർഷാചരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് ശാഖാരൂപതാ തലങ്ങളിൽ നേതൃത്വംകൊടുക്കുവാൻ എല്ലാവരും ശ്രമിക്കുക തന്നെ വേണം. കടുത്ത സാമ്പത്തിക പ്രതിസന്ധിയെയാണ് നാം നേരിടുന്നത്. ഈ സാമ്പത്തിക പ്രതിസന്ധിയെ നേരിടുവാനുള്ള ആസൂത്രണ പരിപാടികൾക്ക് നാം രൂപം കൊടുക്കണം. ആർഭാടപൂർണ്ണമായ ജീവിതം നാം ഉപേക്ഷിക്കണം. ലാളിത്യപൂർണ്ണമായ ജീവിതം നയിക്കുവാൻ നാം തയ്യാറാകണം. ഇന്നത്തെ സാമ്പത്തികപ്രതിസന്ധിയെ ശരിയായ പ്ലാനിംഗിലൂടെ ഒരു പരിധിവരെ നേരിടുവാൻ നമുക്ക് സാധിക്കും. അതിന് നമുക്ക് ശ്രമിക്കാം.

10-03-2002

www.malankaralibrary.com

## 305

# നാം എങ്ങോട്ട്

ഗുജറാത്തിലെ ഗോദ്രയിൽ ഫെബ്രുവരി 27-ാം തീയതിയുണ്ടായ ട്രെയിൻ കൊള്ളിവയ്പിനെ തുടർന്ന് സംസ്ഥാനത്തൊട്ടാകെ പടർന്ന കലാപം 900ൽപരം ആളുകളുടെ ജീവൻ അപഹരിക്കുകയുണ്ടായി. ഗുജറാത്തിൽ സമാധാനം സ്ഥാപിക്കുവാൻ പട്ടാളം ഇറങ്ങേണ്ടിവന്നു. പട്ടാളം ഇറങ്ങിയതോടെ അക്രമം ഗ്രാമങ്ങളിലേക്ക് വ്യാപിച്ചു. മാർച്ച് 3-ലെ ദീപിക പത്രത്തിലെ റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു."മേഹ്സന ജില്ലയിലെ സർദാർപുര ഗ്രാമത്തിൽ അക്രമികൾ സ്ത്രീകളും കുട്ടികളുമടക്കം 28 പേരെ ചുട്ടുകൊന്നു. ബറോഡ ജില്ലയിലെ ഒരു ബേക്കറിയിലെ ജോലിക്കാരായ എട്ടു പേരെ അക്രമികൾ ചുട്ടുകൊന്നു. സബർകാന്താ ജില്ലയിൽ 11 പേർ കൊല്ലപ്പെട്ടു. ഒൻപതുപേരെ കുത്തിക്കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തി. പോലീസ് വെടിവെയ്പിൽ രണ്ടുപേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്. ഗോദ്രയിൽ രണ്ടുപേർ കൂടി കൊല്ലപ്പെട്ടു.

ഗ്രാമങ്ങൾ വൻവിപത്തിന്റെ ഭീതിയിലാണ്. അക്രമത്തെ തുടർന്ന് അഹമ്മദാബാദ് - ബറോഡ റൂട്ടിലെ ആറ് ഹ്രസ്വദൂര ട്രെയിനുകൾ റദ്ദാക്കി. കലാപം ഭയന്ന് ജനം കൂട്ടത്തോടെ പാലായനം തുടരുകയാണ്. നാടുവിടാനുള്ള വ്യഗ്രതയാൽ റെയിൽവേ സ്റ്റേഷനുകളിൽ വൻതിരക്കാണ്. സൂറത്ത് ബറോഡ, ഭവ്നഗർ നഗരങ്ങൾ ഇപ്പോഴും സംഘർഷഭരിതമാണ്..... അഹമ്മദാബാദിൽ ബെൽപൂർ. ജൂഹപുര തുടങ്ങിയ പ്രദേശങ്ങളിൽ തീയണക്കാനെത്തിയ ഫയർ ഫോഴ്സിനെ അക്രമികൾ തടഞ്ഞു. കത്തിച്ച കടകളുടെ അവശിഷ്ടങ്ങൾക്കിടയിൽനിന്നും മൃതദേഹങ്ങൾ കണ്ടെടുക്കുന്നു. മാരകായുധങ്ങളുമായി അക്രമികൾ തെരുവുകളിൽ അഴിഞ്ഞാടുകയാണ്. പലരും ഉറങ്ങാതെയാണ് വെളുപ്പിക്കുന്നത്."

ഈ റിപ്പോർട്ടിൽ നിന്നും ഗുജറാത്തിലെ ഭീകരാന്തരീക്ഷം ഏകദേശം മനസ്സിലാക്കാൻ സാധിക്കും. ഗുജറാത്തിൽ ആയിരക്കണക്കിന് മലയാളികൾ അധിവസിക്കുന്നുണ്ട്. ഈ കൂട്ടകലാപത്തിൽ മലയാളികൾ സുരക്ഷിതരല്ല. അവരുടെ ബന്ധുക്കളും സ്നേഹിതരും കേരളത്തിൽ ഞടുക്കത്തോടെയാണ് കഴിയുന്നത്.

ഇന്ത്യൻ പ്രധാനമന്ത്രി വാജ്പേയ് പ്രസ്താവിച്ചതുപോലെ ഗുജറാത്തിലെ വർഗ്ഗീയ കലാപം ലോകരാജ്യങ്ങൾക്കുമുന്നിൽ ഇന്ത്യയുടെ പ്രതിച്ഛായ കളങ്കപ്പെടുത്തി. ഇത് ഒരു തീരാക്കളങ്കം തന്നെയാണ്. ഗുജറാത്തിൽ കൂട്ടക്കൊലകൾ നടക്കുമ്പോൾ കേരളത്തിലും ആക്രമങ്ങൾ നടക്കുന്നുണ്ട്. തലശ്ശേരി, കണ്ണൂർ മേഖലകളിൽ ദിനംതോറും ആളുകൾ ആക്രമിക്കുന്നു. നിരവധിപേർ

www.malankaralibrary.com

കൊല്ലപ്പെടുന്നു. ഇതൊക്കെ സ്വതന്ത്ര ഇന്ത്യക്ക് അപമാനകരമാണ്. ഈ സന്ദർഭത്തിൽ കേരളമുഖ്യമന്ത്രിയുടെ പ്രസ്താവന വിലപ്പെട്ടതാണ്. "ഗുജറാത്തിലും മററുചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും അടുത്ത ദിവസങ്ങളിൽ നടന്ന അക്രമങ്ങളും കൂട്ടക്കൊലയും മനുഷ്യമനസ്സിനെ വേദനിപ്പിച്ച സംഭവങ്ങളാണ്. പലയിടങ്ങളിലും സംഘർഷാവസ്ഥ തുടരുന്നു എന്നത് ആശയും ദുഃഖവും വളർത്തുകയും ചെയ്യുന്നു. സ്ഥിതിഗതികൾ പൂർണ്ണനിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനും ഗവൺമെന്റും ജനങ്ങളും ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ട സന്ദർഭമാണിതെന്ന്" ഉള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന ഏവരും ശ്രദ്ധിക്കുകതന്നെ വേണം.

ശാശ്വതമായ ശാന്തിയും സമാധാനവും ഭാരതത്തിൽ നിലനിർത്തുന്നതിന് നമുക്ക് ശ്രമിക്കാം.

10-03-2002

## 306

# അൺ എയ്ഡഡ് സ്കൂളിൽ പ്ലസ്ടു അനുവദിക്കണം

അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കണമെന്ന് എൽ.ഡി.എഫ്. ഭരണകാലത്ത് നിവേദനങ്ങൾ നടത്തിയവർ ഇന്ന് അൺ എയ്ഡഡ് സ്കൂളിൽ പ്ലസ്ടു അനുവദിക്കരുതെന്ന നിലപാട് സ്വീകരിച്ചിരിക്കുന്നത് നിർഭാഗ്യകരമാണെന്നും പ്ലസ്ടു അൺ എയ്ഡഡ് സ്കൂളുകളിൽ അനുവദിക്കുകതന്നെ വേണമെന്നും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം. സർ. സി.പി.പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാൻ തുനിഞ്ഞപ്പോൾ സി.പി.യുടെ കരങ്ങൾക്ക് ശക്തിപകരാൻ സ്വന്തം വിദ്യാലയങ്ങൾ സർക്കാരിലേക്ക് സ്വയം വിട്ടുകൊടുത്തവർ പിൽക്കാലത്ത് പ്രൈവററ് വിദ്യാലയങ്ങൾക്കുവേണ്ടി വാദിക്കുകയുണ്ടായെന്നും ഇന്ന് അൺ എയ്ഡഡിൽ പ്ലസ്ടു വേണ്ടായെന്ന് പറയുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ലെന്നും ഇന്നലെ അൺ എയിഡഡിൽ പ്ലസ്ടു വേണമെന്ന് പറഞ്ഞവർ ഇന്ന് തിരുത്തിപ്പറയുവാനുള്ള കാരണമെന്താണെന്നും ഇത് സമദൂരസിദ്ധാന്തത്തിന്റെ ഭാഗമാണോയെന്നും പ്രസിഡണ്ട് ജോൺ കച്ചിറമററം പ്രസ്താവനയിൽ ചോദിച്ചു. അൺ എയിഡഡിൽ പ്ലസ്ടു വേണ്ടാത്തവർ അത് സ്വീകരിക്കേണ്ട. ആവശ്യമുള്ളവർ വാങ്ങിക്കുന്നതിനെ എതിർക്കേണ്ട കാര്യവുമില്ല. സാമ്പത്തികബാദ്ധ്യത ഇല്ലെന്ന ഒററക്കാരണത്താൽ സർക്കാർ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാററരുതെന്നും തത്ത്വദീക്ഷയില്ലാതെ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന വിധത്തിൽ അൺ എയിഡഡ് മേഖലയിൽ പ്ലസ്ടു അനുവദിക്കരുതെന്നും എൻ.എസ്.എസ്. പ്രമേയം പാസ്സാക്കിയത്, തത്ത്വത്തിന്റെ

www.malankaralibrary.com

പേരിലാണെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ലെന്നും അത് യു.ഡി.എഫ്. ഗവൺമെന്റിൽ സമ്മർദ്ദതന്ത്രമായി പ്രയോഗിച്ചതാണെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിവേണ്ടെന്നും കച്ചിറമററം തുടർന്നു പ്രസ്താവിച്ചു. അൺ എയിഡഡ് സംവിധാനം രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുമെന്ന് ബോദ്ധ്യം ഉണ്ടെങ്കിൽ സർ സി.പി.യുടെ ഭരണകാലത്ത് സ്വന്തം വിദ്യാലയങ്ങൾ സർക്കാരിലേക്ക് എഴുതിക്കൊടുത്തതുപോലെ തങ്ങളുടെ കൈവശമുള്ള അൺ എയ്ഡഡ് സ്കൂളുകൾ നിറുത്തുവാൻ തയ്യാറാവുകയാണ് വേണ്ടത്. ആദർശപ്രേമികൾക്ക് അതിന് ധൈര്യമുണ്ടോ? കച്ചിറമററം ചോദിച്ചു.

10-03-2002

## 307

# സുപ്രീം കോടതി വിധിയും കേന്ദ്രഗവൺമെന്റും

ഇക്കഴിഞ്ഞ മാർച്ച് 15ന് അയോദ്ധ്യയിൽ സർക്കാർ ഏറെറടുത്ത സ്ഥലത്ത് ഭൂമിപൂജ നടത്താനുള്ള ശ്രമത്തെ ഇന്ത്യയിലെ ഏററവും വലിയ നീതിന്യായ കോടതി - സുപ്രീം കോടതി തടയുകയുണ്ടായി. ഈ വിധി രാജ്യത്തെ സമാധാനകാംഷികളായ ജനകോടികളുടെ വികാരവിചാരങ്ങളോട് അങ്ങേയററം നീതി പുലർത്തുന്നതായിരുന്നു. രാജ്യം നേരിടുന്ന ഗുരുതരമായ അവസ്ഥാവിശേഷത്തെക്കുറിച്ച് സുപ്രീംകോടതിക്ക് പൂർണ്ണബോദ്ധ്യം ഉള്ളതുകൊണ്ടാണ് ഇപ്രകാരം ഒരു വിധിപ്രസ്താവന നടത്തിയത്.

ലോകം മുഴുവൻ ഉത്കണ്ഠയോടെ വീർപ്പടക്കി നിൽക്കുന്നതിനിടയിലുണ്ടായ ധീരവും നീതിനിഷ്ഠവുമായ ഉത്തരവ് ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതേതര സംസ്കാരത്തിന്റെ നിറുകയിൽ ചാർത്തിയ ഒരു വെള്ളത്തൂവൽ തന്നെയാണ്. ഈ വിധിയിൽ ലോകം മുഴുവൻ സന്തുഷ്ടി പ്രകടിപ്പിച്ചിരിക്കുകയാണ്. സുപ്രീം കോടതി വിധി നടപ്പിലാക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. യാഥാർത്ഥത്തിൽ മതേതരത്വത്തിന്റെ സംരക്ഷകരാകേണ്ടതും കേന്ദ്രസർക്കാരാണ്. എന്നാൽ സുപ്രീം കോടതി വിധിയുടെ അന്തസത്തയെ തന്നെ ചോദ്യം ചെയ്യുന്ന വിധത്തിലുള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്.

അയോദ്ധ്യയിലെ തർക്കരഹിത സ്ഥലത്ത് പ്രതീകാത്മക പൂജ നടത്താൻ രാമജന്മഭൂമിന്യാസിനെയും വി.എച്ച്.പി.യെയും അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് കോടതിയിൽ വാദിക്കുകയുണ്ടായി. സർക്കാരിനുവേണ്ടി ഹാജരായ അറേറാർണി ജനറൽ സോളിസൊറാബ്ജിയാണ് കോടതിയിൽ ഈ വാദം നടത്തിയത്. സുപ്രീംകോടതി വിധിയെ അട്ടിമറിക്കാനുള്ള ഗൂഢനീക്കമാണ് സർക്കാർ നടത്തിയത്. എൻ.ഡി.എ.യുടെ പൊതു അജണ്ട വെടിഞ്ഞ് സംഘ്പരിവാറിന്റെ രഹസ്യ അജണ്ട നടപ്പാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ

www.malankaralibrary.com

നീക്കത്തെയും കോടതി തടഞ്ഞു.

സുപ്രീംകോടതി വിധി നടപ്പാക്കുന്നതിൽ ഗവൺമെന്റ് യാതൊരു ആത്മാർത്ഥതയും കാണിച്ചില്ല. സാങ്കേതികമായി ഗവൺമെന്റ് സുപ്രീംകോടതി വിധിയെ ലംഘിച്ചില്ലെങ്കിലും വിധി ഉൾക്കൊണ്ട് വികാരം മാനിക്കുവാൻ സർക്കാർ തയ്യാറായില്ല. വിശ്വഹിന്ദുപരിഷിത്തുകൾക്കും രാമജന്മഭൂമിന്യാസുകാർക്കും വേണ്ടി വാജ്പേയ് ഭരണകൂടം ഇന്ത്യൻ ഭരണഘടനയെ തന്നെ കാററിൽ പറത്തി. ഭരണഘടനയിൽതൊട്ട് അധികാരത്തിലേറിയവർ അതിനു വിരുദ്ധമായി പ്രവർത്തിച്ച കാഴ്ചയാണ് ലോകം ദർശിച്ചത്. സർക്കാർ ഏറ്റെടുക്കുന്ന സ്ഥലത്തിന് പുറത്തുവെച്ച് സർക്കാരിന്റെ പ്രതിനിധി ശില സ്വീകരിച്ചത് ഭരണഘടനാലംഘനമാണെന്ന കാര്യത്തിൽ സംശയമില്ല. പ്രധാനമന്ത്രി കാര്യാലയത്തിലെ ഒരു ഉദ്യോഗസ്ഥൻ തന്നെ പ്രത്യേക വിമാനത്തിലെത്തി ശില ഏററുവാങ്ങിയതോടെ സർക്കാർ ക്ഷേത്രനിർമ്മാണത്തിന്റെ ഒരു ഭാഗമായി മാറി.

പൂജിച്ച ശിലകൾ പ്രധാനമന്ത്രിയുടെ പ്രതിനിധി സ്വീകരിച്ചതോടെ രാമക്ഷേത്രനിർമ്മാണത്തിന് ഗവൺമെന്റ് അനുമതി നൽകിയെന്നാണ് വി.എച്ച്.പി. പരസ്യമായി പ്രഖ്യാപിച്ചത്. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മതനിരപേക്ഷാ സങ്കല്പത്തെ സർക്കാർ അട്ടിമറിച്ചിരിക്കുന്നു. മതമൗലീക വാദത്തിന്റെ വക്താവായി പ്രധാനമന്ത്രി നിലകൊണ്ടിരിക്കുന്നു. ഗവൺമെന്റിന്റെ ഈ അട്ടിമറി നീക്കത്തിനെതിരെ ശബ്ദിച്ച എല്ലാ ഘടകകക്ഷികളും ഇന്ന് മൗനം അവലംബിക്കുകയാണ്.

മതേതരത്വത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന എല്ലാ ജനങ്ങളും ഉണർന്ന് പ്രവർത്തിക്കേണ്ട സന്ദർഭമാണിത്.

10-04-2002

**308**

# കത്തോലിക്കാ സഭ യു.ഡി.എഫ്. ഘടക കക്ഷികൾക്കെതിരെ

യു.ഡി.എഫ്. ഘടകകക്ഷികൾക്കെതിരെ കത്തോലിക്കാസഭ രംഗത്തു വരുന്നു. ഇൻഫാം പ്രശ്നത്തിൽ യു.ഡി.എഫിനോട് ഇടഞ്ഞു നിൽക്കുന്ന സഭ ഇപ്പോൾ ഘടക കക്ഷികളായി ജെ.എസ്.എസ്, സി.എം.പി. കക്ഷികളെ യു.ഡി.എഫിൽ നിന്ന് പുറത്താക്കണമെന്ന ആവശ്യം ഉന്നയിച്ച് രംഗത്തുവന്നിരിക്കുകയാണ്.

യു.ഡി.എഫിന്റെ ശക്തി കേന്ദ്രമായ കർഷകരെ മുന്നണിയുടെ ശത്രുക്കളാക്കി മാററാൻ ശ്രമിക്കുന്ന കെ.ആർ. ഗൗരിയമ്മയെയും എം.വി. രാഘവ

www.malankaralibrary.com

നെയും ചുമന്നു നടക്കേണ്ട ആവശ്യം യു.ഡി.എഫിനില്ലെന്നും ഇവരെ എത്രയും വേഗം മുന്നണിയിൽ നിന്നും പുറത്താക്കണമെന്നുമാണ് കത്തോലിക്കാ സഭ നേതൃത്വം നൽകുന്ന ഓൾ കേരള കത്തോലിക്കാ കോൺഗ്രസ്സ് (എ.കെ.സി.സി.) ആവശ്യപ്പെടുന്നത്.

എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമററം ഇറക്കിയ പത്രക്കുറിപ്പിൽ ഇതുസംബന്ധിച്ച് യു.ഡി.എഫിന്റെ രണ്ടു ഘടകകക്ഷികൾക്കുമെതിരെ രൂക്ഷമായ വിമർശനമാണ് അഴിച്ചുവിട്ടിരിക്കുന്നത്. ഇതോടൊപ്പം ഇൻഫാമിന്റെയും ഫാ. വടക്കേമുറിയുടെയും നിലപാടുകളെ ശക്തമായി പിന്തുണയ്ക്കുന്നുമുണ്ട്.

'ളോഹയിട്ട കത്തനാർമാർ നക്സലൈററുകളേക്കാൾ മോശമായി പെരുമാറുന്നു' വെന്ന രാഘവന്റെ പ്രസ്താവനയാണ് കത്തോലിക്കാ സഭയെ ചൊടിപ്പിച്ചിരിക്കുന്നത്. അധികാരത്തിന്റെ ആൾബലത്തിൽ കൂത്തുപറമ്പിൽ പോയി വെടിവയ്പ് നടത്തിയ രാഘവന് ഫാ. വടക്കേമുറിയുടെ പ്രവർത്തനത്തെ വിലയിരുത്തുവാൻ അവകാശമില്ലെന്ന് ജോൺ കച്ചിറമററം പത്രക്കുറിപ്പിൽ പറയുന്നുണ്ട്. വിമോചനസമരത്തെത്തുടർന്ന് 1960-ൽ അധികാരത്തിലേറിയ കോൺഗ്രസ്സ് ഇന്ന് കർഷകവിരുദ്ധരായി മാറിയെന്നതിന് തെളിവാണ് ഇൻഫാം നേതൃത്വത്തെ അപമാനിച്ചത്.

എം.വി.രാഘവനും കെ.ആർ. ഗൗരിയമ്മയും സി.പി.എമ്മിൽ നിന്ന് പുറന്തള്ളപ്പെട്ടവരാണെന്നതിനപ്പുറം എന്തുയോഗ്യതയാണുള്ളതെന്ന് കത്തോലിക്കാ കോൺഗ്രസ്സ് ചോദിക്കുന്നു.

എം.വി.രാഘവൻ പറഞ്ഞതുപോലെ എല്ലാ ഭരണകക്ഷി എം.എൽ.എ. മാരും ഇൻഫാമിനെതിരാണെങ്കിൽ 1960-ൽ സർക്കാരിനുണ്ടായ അനുഭവം ആവർത്തിക്കപ്പെടും. ഈ സർക്കാരിനെ നാശത്തിലേക്ക് നയിച്ചവരെന്ന പേരിന് രാഘവനും ഗൗരിയമ്മയും അർഹരാകുമെന്നും ജോൺ കച്ചിറമററം പറയുന്നു.

അടുത്തിടെ ഇൻഫാമിനെതിരെ ഗൗരിയമ്മയും ആന്റണിയും സ്വീകരിച്ച നടപടികൾ കത്തോലിക്കാ വിഭാഗത്തെ ചൊടിപ്പിച്ചിരുന്നു. അതിനുപുറമേയാണ് എം.വി.ആറിന്റെ പ്രകോപനപരമായ പ്രസ്താവനയുണ്ടായത്.

ഇതാണ് സഭയുടെ ഔദ്യോഗിക വക്താക്കളായ കത്തോലിക്കാ കോൺഗ്രസ്സിനെ പരസ്യമായ പ്രസ്താവനയിറക്കാൻ പ്രേരിപ്പിച്ചിരിക്കുന്നത്.

(സപ്ലിമെന്റ് പത്രത്തിൽ വന്ന വാർത്ത 04-06-2002)

www.malankaralibrary.com

# 309

# മാർ മാത്യു അറയ്ക്കലിന്റെ പ്രശംസ

സംസ്ഥാനാടിസ്ഥാനത്തിൽ എ.കെ.സി.സി. മതാദ്ധ്യാപകർക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഒ.എം.ജോൺ ഓലിക്കൽ അവാർഡിന് അർഹനായ ഈ രൂപതയിലെ പ്രമുഖ മതാദ്ധ്യാപകനായ പി.ഡി.കുര്യനെ ഞാൻ അനുമോദിക്കുന്നു. ഈ സന്ദർഭത്തിൽ എ.കെ.സി.സി. പ്രസിഡന്റിനെപ്പററി ഏതാനും വാക്കുകൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദീർഘനാൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായും കച്ചിറമററം പ്രവർത്തിക്കുകയുണ്ടായി. അതിനുശേഷം പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ വീണ്ടും എ.കെ.സി.സി. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ കച്ചിറമററത്തെ ഞാൻ അഭിനന്ദിക്കുന്നു.

കത്തോലിക്കാ കോൺഗ്രസ്സിന്റെ സാരഥി എന്ന നിലയിൽ ശ്രീ. ജോൺ കച്ചിറമററം അർപ്പണബോധത്തോടെ തന്റെ കർത്തവ്യം സ്തുത്യർഹമാംവിധം നിർവ്വഹിച്ചിട്ടുണ്ട്. സമകാലീന പ്രശ്നങ്ങളെ വിലയിരുത്തുന്നതിനും സഭയ്ക്കും സമുദായത്തിനും എതിരായി വരുന്ന എല്ലാ ആരോപണങ്ങൾക്കും മറുപടി പറയുന്നതിനും കച്ചിറമററം ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിച്ചിട്ടുണ്ട് എന്നു പറയുവാൻ സന്തോഷമുണ്ട്. സഭയ്ക്ക് എതിരായി വരുന്ന എല്ലാ വെല്ലുവിളികളെയും നേരിടുവാൻ സമുദായത്തെ സജ്ജമാക്കുവാൻ അദ്ദേഹത്തിന് ഇനിയും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. ശ്രീ.കച്ചിറമററം കുറെ പ്രതിസന്ധികളെ നേരിടുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. എല്ലാ പ്രതിസന്ധികളെയും നേരിട്ട് സഭയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ ഉള്ള ശക്തിയും ദൈവാനുഗ്രഹവും കച്ചിറമററത്തിന് ലഭിക്കട്ടെയെന്നാശംസിക്കുന്നു. (ഒ.എം.ജോൺ ഓലിക്കൽ മതാദ്ധ്യാപക അവാർഡുദാനം നിർവ്വഹിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ നിന്നും.)

10-06-2002

# 310

# വെള്ളാപ്പിള്ളി പരിധി കടക്കുന്നു

കഴിഞ്ഞ കുറേ നാളുകളായി കേരളത്തിലെ സാംസ്ക്കാരിക നായകന്മാരേയും സഭാമേലദ്ധ്യക്ഷൻമാരെയും അധിക്ഷേപിച്ചും കടന്നാക്രമിച്ചും യു.ഡി.എഫ്.നേതൃത്വത്തെ വിരട്ടി പേടിപ്പിച്ച് വരുതിയിലാക്കി കാര്യം കണ്ടും മുന്നേറുന്ന എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ.വെള്ളാപ്പിള്ളി നടേശൻ ലോകജനസംഖ്യയിൽ 115 കോടി വരുന്ന കത്തോലിക്കാ മത

www.malankaralibrary.com

വിശ്വാസികളുടെ പരമോന്നത ആദ്ധ്യാത്മിക ആചാര്യനായ പരിശുദ്ധ മാർപ്പാപ്പയേയും വിടുന്ന മട്ടില്ല. മാർപ്പാപ്പാ മാപ്പു പറയണമെന്നാണ് വെള്ളാപ്പിള്ളിയുടെ ജല്പനം. സകല പൊതുമര്യാദകളെയും അതിലംഘിക്കുന്നതും ക്രൈസ്തവ വിശ്വാസികളെ അങ്ങേയററം വേദനിപ്പിക്കുന്നതുമാണ് ഈ അധിക്ഷേപം.

കേരളത്തിന്റെ ഖജനാവിൽനിന്ന് നാളിതുവരെ സംഘടിത മതമെന്ന നിലയിൽ ക്രൈസ്തവർ സമ്പത്ത് ചോർത്തിയെന്നാണ് വെള്ളാപ്പിള്ളിയുടെ ആരോപണം. അതിനാണത്രെ മാർപ്പാപ്പ മാപ്പു പറയേണ്ടത്.

തികച്ചും സത്യവിരുദ്ധവും അപകീർത്തിപരവുമായ ഈ പ്രസ്താവന അപലപിക്കപ്പെടുകതന്നെ വേണം. കേരളത്തിലെ മററൊരു സമുദായ നേതാവും ഇത്ര നിന്ദ്യമായ രീതിയിൽ ഇതരസമുദായങ്ങളേയോ സമുദായ നേതാക്കന്മാരെയോ ആക്ഷേപിച്ചിട്ടില്ല. മഹാന്മാരായ അനേകം നേതാക്കന്മാരെ രാജ്യത്തിനു സംഭാവനചെയ്തിട്ടുള്ള ശ്രേഷ്ഠമായ ഒരു സമുദായമാണ് ഈഴവ സമുദായം. ദീർഘകാലമായി ക്രൈസ്തവരും ഈഴവരും നല്ല മൈത്രിയിലും ധാരണയിലുമാണ് കഴിഞ്ഞുവന്നിട്ടുള്ളത്. ശ്രീ.വെള്ളാപ്പിള്ളി ജനറൽ സെക്രട്ടറി പദമേറിയ ശേഷമാണ് ഈഴവസമുദായത്തിന് ഈ ദുര്യോഗം ഉണ്ടായിട്ടുള്ളത്.

ഈഴവർക്ക് പൊതുവഴിയിൽ കൂടി നടക്കുവാൻ നിരോധനം ഉണ്ടായിരുന്ന കാലത്ത് ആ അവകാശം നേടി എടുക്കുവാനായി അവർ നടത്തിയ പോരാട്ടത്തിൽ പങ്കുചേർന്നു സഹായിച്ച ഒരു സമുദായമാണ് ക്രൈസ്തവ സമുദായം. കൂടാതെ ഈഴവർക്ക് സർക്കാർ സ്കൂളുകളിൽ പോലും പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് അവരെ സ്വന്തം സ്കൂളിൽ സ്വീകരിച്ച് സ്വസമുദായത്തിൽപ്പെട്ട കുട്ടികൾക്കൊപ്പം ഇരുത്തി പഠിപ്പിച്ച് സഹായിച്ച ക്രൈസ്തവസമുദായത്തിന്റെ സേവനം വിസ്മരിക്കുന്നത് തികഞ്ഞ നന്ദികേടാണ്. ക്രൈസ്തവവിദ്യാലയങ്ങളിൽ പഠിച്ച് ഉന്നതസ്ഥാനങ്ങളിലെത്തിയ ഒട്ടേറെ ഈഴവ സമുദായക്കാരുണ്ട്. അവരൊക്കെ അഭിമാനത്തോടും നന്ദിയോടുംകൂടി ഇക്കാര്യങ്ങളൊക്കെ പൊതുവേദികളിൽ അംഗീകരിച്ച് പറഞ്ഞിട്ടുള്ളതുമാണ്. ശ്രീ.വെള്ളാപ്പിള്ളിക്കും ഇക്കാര്യങ്ങൾ അജ്ഞാതമാണെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹം മനഃപൂർവ്വം സത്യം മറച്ചുവെച്ച് സമുദായവൈരം വളർത്തുവാൻ ശ്രമിക്കുകയാണ്.

ശ്രീ.വെള്ളാപ്പിള്ളിയുടെ പ്രഖ്യാപനങ്ങളും പ്രസ്താവനകളും സാംസ്ക്കാരിക കേരളത്തിന് അപമാനമാണ്. പൊതുരംഗത്ത് മാന്യതയും, സത്യനിഷ്ഠയും ഉയർത്തിപ്പിടിക്കുവാൻ ഒരു സമുദായത്തിന്റെ നേതൃത്വം വഹിക്കുന്ന ശ്രീ.വെള്ളാപ്പിള്ളി തയ്യാറാകണം.

10-06-2002

www.malankaralibrary.com

## 311

# ഡോ.എ.പി.ജെ. അബ്ദുൾകലാം

ഭാരതത്തിന്റെ 12-ാമത്തെ രാഷ്ട്രപതിയായി ഡോ.എ.പി.ജെ. അബ്ദുൾ കലാം സത്യപ്രതിജ്ഞ ചെയ്തു അധികാരമേററെടുത്തു. കേരളത്തിന്റെ പ്രിയങ്കരനായ കെ.ആർ.നാരായണൻ സ്ഥാനമൊഴിയുകയും ചെയ്തു. ശ്രീ.കെ.ആർ. നാരായണനും അബ്ദുൾകലാമും പാവപ്പെട്ട കുടുംബത്തിൽ ജനിച്ചു വളർന്ന് പട്ടിണിയോട് പടവെട്ടി പ്രതിസന്ധികളെ പരാജയപ്പെടുത്തി വിജയം വരിച്ചവരാണ്. അവരുടെ സ്ഥിരോത്സാഹവും കഠിനാദ്ധ്വാനവും ഇന്ത്യയിലെ യുവജനങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ, അവരെപ്പോലെ കഠിനാദ്ധ്വാനം ചെയ്താൽ നമ്മുടെ രാഷ്ട്രം പുരോഗതിയിലേക്ക് കുതിച്ചുചാടും.

ഭാരതത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗം ദാരിദ്ര്യരേഖക്കു താഴെ മാത്രം വരുമാനമുള്ളവരാണ്. സാധാരണക്കാരും പാവപ്പെട്ടവരും പലപ്പോഴും പറയും തങ്ങളുടെ മക്കൾക്കൊന്നും പഠിച്ച് വളരാൻ സാഹചര്യമില്ലെന്ന്. അത് ശരിയല്ലെന്ന് കലാമിന്റെയും നാരായണന്റെയും ജീവിതം തെളിയിച്ചു. സ്ഥിരോത്സാഹവും കഠിനാദ്ധ്വാനവും ഉണ്ടെങ്കിൽ ആർക്കും എവിടംവരെയും ഉയരാൻ സാധിക്കുമെന്ന് അവർ സ്വന്തംജീവിതംകൊണ്ട് തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ പാത പിന്തുടരുവാൻ നമ്മുടെ യുവതലമുറയെ നമുക്ക് പ്രേരിപ്പിക്കാം.

നമ്മുടെ രാഷ്ട്രം നിരവധി പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ മുൻ രാഷ്ട്രപതി കെ.ആർ നാരായണൻ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിലെ സന്ദേശം ഉൾക്കൊള്ളാൻ ഇന്ത്യൻ ജനത തയ്യാറാകണം. കെ.ആർ. നാരായണന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ."രാഷ്ട്രപതി സ്ഥാനത്തു നിന്നും വിടവാങ്ങുമ്പോൾ എന്റെ അഭ്യർത്ഥന ഇതാണ്. സഹിഷ്ണുതയും അഭിമാനബോധവും ഉള്ള ഇന്ത്യയിലെ പൗരന്മാരാണ് നമ്മൾ. നമുക്ക് പരമ്പരാഗതമായി കിട്ടിയ സഹിഷ്ണുത കാത്തുസൂക്ഷിക്കണം. അതാണ് നമ്മുടെ സംസ്ക്കാരത്തിന്റെ ആത്മാവ്. അതാണ് ഭരണഘടനയുടെ ചൈതന്യം. ഈ വലിയരാജ്യം ഒററക്കെട്ടായി നിൽക്കുന്നതിന്റെ രഹസ്യവും അതാണ്..... എല്ലാത്തിനും അപ്പുറം നമുക്ക് ഇന്ത്യയുടെ ഐക്യവും ജനാധിപത്യവും കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ലോകം മുഴുവൻ ആദരവോടെയും അത്ഭുതത്തോടെയും കാണുന്നതാണ് നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയും ഐക്യവും. മതസഹിഷ്ണതയാണ് അതിന്റെ അടിത്തറ. ഹിന്ദുമതത്തിന്റെ പാരമ്പര്യ ചൈതന്യത്തെക്കുറിച്ച് പറയാൻ കഴിവുള്ള ഹിന്ദുക്കൾ നമുക്കുണ്ടാകണം. വേദാന്തചിന്തയും ഇസ്ലാമികഗാത്രവും ക്രൈസ്തവഹൃദയവുമാണ് വിവേകാനന്ദന്റെ ദർശനങ്ങളിലുണ്ടായിരുന്നത്. ഹിന്ദുക്കൾ മാത്രമോ, മുസ്ലീംകൾ മാത്രമോ ഉള്ള ഒരിന്ത്യ തന്റെ സ്വപ്നത്തിൽ പോലുമില്ലെന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. സൗഹാർദ്ദത്തോടെ ചേർന്നു പ്രവർത്തിക്കുന്ന ഒരു ഇന്ത്യയായിരുന്നു അദ്ദേഹം സ്വപ്നം കണ്ടത്. നമ്മൾ അവർക്ക് (മുസ്ലീംകൾക്ക്) സുരക്ഷിതത്വവും ജനാധിപത്യാവകാശങ്ങളും നൽകണം. അതിൽ പരാജയപ്പെട്ടാൽ അത് ക്രമേണ രാജ്യത്തിന്റെ നാശത്തിനു

www.malankaralibrary.com

കാരണമാകും എന്നാണ് ജവഹർലാൽ നെഹ്റു പറഞ്ഞത്."

കെ.ആർ. നാരായണന്റെ വിടവാങ്ങൽ സന്ദേശം നാം സ്വീകരിച്ച് മുന്നേറിയാൽ ഏററം വലിയ ശാസ്ത്രജ്ഞനായ അബ്ദുൾ കലാമിന്റെ നേതൃത്വത്തിൽ ഭാരതം പുരോഗതി പ്രാപിക്കും. നമ്മുടെ ബാലിക ബാലന്മാർക്കും യുവതീയുവാക്കൾക്കും കലാമിന്റെയും നാരായണന്റെയും ജീവിത സന്ദേശം പ്രചോദനമാകട്ടെ.

10-08-2002

## 312

# ക്രൈസ്തവ-ആർ.എസ്.എസ്. ചർച്ച ഗൂഢാലോചന:കച്ചിറമററം

ന്യൂനപക്ഷ കമ്മീഷനംഗം ജോൺ ജോസഫ് വിളിച്ച് ചേർത്ത ക്രൈസ്തവ മതമേലദ്ധ്യക്ഷന്മാരുടെയും ആർ.എസ്.എസ്. നേതാക്കളുടെയും സമ്മേളനം ഗൂഢാലോചനയുടെ ഭാഗമായിരുന്നുവെന്ന് കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം ആരോപിച്ചു. ആ ചർച്ചകളിൽ കത്തോലിക്കാ ബിഷപ്പുമാർ പങ്കെടുക്കാതിരുന്നത് പൂർണമായും ശരിയായിരുന്നുവെന്നും, ബിഷപ്പുമാരുടെ നിർദ്ദേശങ്ങൾ അവഗണിച്ച് വിളിച്ച സമ്മേളനത്തെപ്പററിയുള്ള വിവാദങ്ങൾ സത്യംഗ്രഹിക്കാതെയുള്ളതും നിർഭാഗ്യകരവുമാണെന്നും കച്ചിറമററം പറഞ്ഞു.

ജോൺ ജോസഫ് ചില കത്തോലിക്കാ മെത്രാന്മാരുമായി ഫോണിൽക്കൂടിയും നേരിട്ടും ഈ ചർച്ചയെപ്പററി സംസാരിച്ചിരുന്നു. ഡിസംബർ ആദ്യം നടക്കുന്ന കെ.സി.ബി.സി.യോഗത്തിൽ ഈ വിഷയം അവതരിപ്പിച്ച് ചർച്ച ചെയ്തതിനുശേഷം സംയുക്തചർച്ചയെപ്പററിയുള്ള തങ്ങളുടെ നിലപാട് അറിയിക്കാമെന്ന് ബിഷപ്പുമാർ ജോൺ ജോസഫിനെ അറിയിച്ചു. അദ്ദേഹം ആ നിർദ്ദേശം അംഗീകരിച്ചുവെങ്കിലും പൊടുന്നനവെ ആ അഭിപ്രായം മാററി ആലുവയിൽ യോഗം വിളിക്കുകയായിരുന്നു. വ്യക്തമായ അജണ്ടയില്ലാതെ ആരെയൊക്കെയാണ് ചർച്ചയിൽ പങ്കെടുപ്പിക്കുന്നതെന്നുപോലും അറിയിക്കാതെ വിളിച്ചു കൂട്ടിയ ഈ യോഗത്തിൽ കത്തോലിക്കാ മെത്രാന്മാർ പങ്കെടുക്കാതിരുന്ന നടപടി പൂർണമായും ശരിയാണ്.

സംവാദം നടത്തേണ്ടത് വിശ്വാസ്യതയുള്ള സംഘടനകളുടെ പ്രതിനിധികളുമായിട്ടാണ്. കത്തോലിക്കാ സമുദായത്തെ പ്രതിനിധീകരിച്ച് ആരൊക്കെയാണ് ചർച്ചയിൽ പങ്കെടുക്കേണ്ടത് എന്നു നിശ്ചിയിക്കേണ്ടത് ജോൺ ജോസഫ് അല്ല, സഭാധ്യക്ഷനും സമുദായ നേതാക്കളുമാണ്. കത്തോലിക്കാസഭയുടെ തലവൻ ഒരു വിദേശിയാണെന്നും സഭയുടെ സ്വത്തുക്കൾ വിദേശഭരണത്തലവന്റെ കൈയിലാണെന്നും തുടരെ തുടരെ പറയുകയും സഭയെ അധിക്ഷേപിക്കുവാനും അവഹേളിക്കുവാനും മുഴുവൻ സമയവും വിനിയോഗിക്കുകയും സഭാഘടനയേയും സഭയിലെ അച്ചടക്കത്തെയും തകർക്കാൻ നിരന്തരം പരിശ്രമിക്കുകയും ചെയ്യുന്ന വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് ജോൺ ജോസഫ്

www.malankaralibrary.com

നടത്തുന്ന ചർച്ചകളിൽ കത്തോലിക്കാ മെത്രാന്മാർ പങ്കെടുക്കുന്നതിലർത്ഥമില്ല.

നല്ല ഒരു സംവാദത്തിനാണ് ജോൺ ജോസഫ് ആഗ്രഹിച്ചിരുന്നതെങ്കിൽ കത്തോലിക്കാസഭയുടെ പ്രതിനിധികൾ ആരായിരിക്കണമെന്ന് നിശ്ചയിക്കുവാനുള്ള അവകാശം സഭാധികാരികൾക്കു നൽകുമായിരുന്നു. സ്വന്തം ഇഷ്ടത്തിനൊപ്പിച്ച് സംസാരിക്കുന്ന ക്രൈസ്തവനാമധാരികളെ പങ്കെടുപ്പിച്ചുകൊണ്ട് ജോൺ ജോസഫ് തട്ടിക്കൂട്ടിയ ക്രൈസ്തവ ആർ.എസ്.എസ്.സംവാദം പ്രഹസനവും രാഷ്ട്രീയപ്രേരിതവും ഗൂഡാലോചനയോടുകൂടിയതുമാണ്.

ക്രൈസ്തവർ ആരുമായിട്ടാണ് സംവാദം നടത്തേണ്ടത്. ഹിന്ദു മതത്തെ പ്രതിനിധീകരിക്കുന്ന നേതാക്കളുമായി സംസാരിക്കാം. രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് കുറെ ഹിന്ദുക്കൾ ചേർന്ന് ഉണ്ടാക്കിയിരിക്കുന്ന നിരവധി സംഘടനകൾ ഇന്ത്യയിലുണ്ട്.

അവരോടെല്ലാം സംസാരിക്കുകയെന്നാൽ അവരുടെ രാഷ്ട്രീയ ലക്ഷ്യത്തിന് നിന്നുകൊടുക്കുകയെന്നാണർത്ഥം. ജോൺ ജോസഫ് ആഗ്രഹിക്കുന്നതും അതാണ്. കെ.സി.ബി.സി.യുടെ തീരുമാനംവരെ കാത്തുനിൽക്കാതെ സമ്മേളനം വിളിച്ചത് രാഷ്ട്രീയലക്ഷ്യം മാത്രം ലാക്കാക്കിയാണ്. ന്യൂനപക്ഷ കമ്മീഷൻ എല്ലാ മതന്യൂനപക്ഷങ്ങളെയും ഒന്നിച്ചിരുത്തി ഭൂരിപക്ഷ നേതാക്കളുമായി സംവാദം സംഘടിപ്പിക്കുകയാണ് വേണ്ടതെന്നും കച്ചിറമററം ഓർമിപ്പിച്ചു.

2002 ആഗസ്റ്റ്

## 313

# അമേരിക്കൻ തന്ത്രം

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. ഇന്ത്യയിൽ ജനാധിപത്യഭരണ സമ്പ്രദായം നിലവിൽ വന്നിട്ട് 55 വർഷം പിന്നിടുവാൻ പോവുകയാണ്. ലോകത്തിലുള്ള ഏതു ജനാധിപത്യ രാഷ്ട്രത്തേക്കാളും ജനാധിപത്യം അഭംഗുരം സംരക്ഷിച്ചുപോകുന്ന ഒരു രാജ്യമാണ് ഭാരതം. നമ്മുടെ രാജ്യത്തോടൊപ്പവും അതിനുശേഷവും ജനാധിപത്യ ഭരണ രീതി സ്വീകരിച്ച പല രാഷ്ട്രങ്ങളും ഏകാധിപത്യത്തിലേക്കും പട്ടാള ഭരണത്തിലേക്കും വഴുതി മാറുകയുണ്ടായി. എന്നാൽ ഇക്കാലമത്രയും യാതൊരു ആക്ഷേപത്തിനും ഇടനൽകാനാവാത്തവിധം ജനാധിപത്യഭരണം ഇവിടെ തുടർന്നുകൊണ്ടുപോകുവാൻ നമുക്കു സാധിച്ചു. ഇതിൽ ഇന്ത്യൻ ജനതക്ക് അഭിമാനിക്കാം.

നമ്മുടെ അയൽരാഷ്ട്രമായ പാക്കിസ്ഥാനിൽ ജനാധിപത്യത്തിന് സംഭവിച്ച ദുരന്തങ്ങൾ എല്ലാ ജനാധിപത്യ വിശ്വാസികളെയും വേദനിപ്പിക്കുന്നതാണ്. പാക്കിസ്ഥാന്റെ പ്രേരണയാൽ നടക്കുന്ന ഭീകരപ്രവർത്തനങ്ങളെപ്പോലും അതിജീവിച്ചു ജനാധിപത്യത്തിന് യാതൊരു കോട്ടവും സംഭവിക്കാതെ മുന്നോട്ടു പോകുവാൻ നമുക്ക് സാധിച്ചു. ജനാധിപത്യമൂല്യങ്ങൾ

www.malankaralibrary.com

ഉയർത്തിപ്പിടിക്കുന്നതിൽ ഭാരതം എന്നും വിജയിക്കുക തന്നെ ചെയ്തു. ജമ്മുകാഷ്മീരിൽ നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിനെ അട്ടിമറിക്കാനുള്ള നീക്കം പാക്കിസ്ഥാന്റെ പക്ഷത്തുനിന്നും ഉണ്ടാകുക സ്വാഭാവികമാണ്. പാക്കിസ്ഥാൻ ജമ്മുകാഷ്മീരിൽ സ്വതന്ത്രതിരഞ്ഞെടുപ്പ് നടക്കുകയില്ലെന്ന് പ്രചരിപ്പിക്കുന്നതിന്റെ ലക്ഷ്യം നമുക്ക് മനസ്സിലാക്കാം. പാക്കിസ്ഥാന്റെ നുണ പ്രചരണത്തിൽ അമേരിക്ക വിശ്വസിച്ചതായിട്ടാണ് ഇപ്പോൾ മനസ്സിലാകുന്നത്. അതിന്റെ ഫലമായിട്ടാണല്ലോ ജമ്മുകാഷ്മീരിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ അന്താരാഷ്ട്രനിരീക്ഷകരെ നിയമിക്കണമെന്ന് അമേരിക്ക നിർദ്ദേശിച്ചിരിക്കുന്നത്. ഇക്കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പുപോലും സത്യസന്ധമായി നടത്താൻ സാധിക്കാത്ത ഒരു രാഷ്ട്രമാണ്, ജമ്മുകാഷ്മീരിൽ അന്താരാഷ്ട്ര നിരീക്ഷകരെ നിയോഗിക്കണമെന്ന് അഭിപ്രായപ്പെട്ടത്.

അമേരിക്ക ഇടപെടുന്ന പ്രശ്നങ്ങളെല്ലാം അവർക്ക് നേട്ടമുണ്ടാക്കാൻ വേണ്ടി മാത്രമാണ്. രാഷ്ട്രങ്ങളെയും ജനങ്ങളെയും തമ്മിൽ ഭിന്നിപ്പിച്ച് കലാപം വളർത്തി അതിൽനിന്നും മുതലെടുക്കുകയെന്നതാണ് അമേരിക്കയുടെ നയം. കഴിഞ്ഞ 55 വർഷമായി ജനാധിപത്യവ്യവസ്ഥിതിയിൽ നിഷ്പക്ഷമായും സത്യസന്ധമായും തിരഞ്ഞെടുപ്പു നടത്തി. ലോകരാഷ്ട്രങ്ങളുടെയെല്ലാം പ്രശംസ പിടിച്ചുപററുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ സത്യം അമേരിക്കക്കും അറിയാം. തിരഞ്ഞെടുപ്പിന് മുൻപ് ഇന്ത്യയിലുള്ള എല്ലാ രാഷ്ട്രീയത്തടവുകാരെയും വിട്ടയക്കാനുള്ള യു.എസ്സ്. സ്റ്റേററ് സെക്രട്ടറി കോളിൻ പവലിന്റെ നിർദ്ദേശവും ദുരുദ്ദേശത്തോടെയാണ്. ആ നിർദ്ദേശങ്ങളെയെല്ലാം അർഹിക്കുന്ന അവജ്ഞയോടെ ഇന്ത്യാ ഗവൺമെന്റ് തള്ളിക്കളഞ്ഞത് തികച്ചും സ്വാഗതാർഹമാണ്.

പാക്കിസ്ഥാന്റെ ഒരു വക്താവ് എന്ന നിലയിലാണ് ഇപ്പോൾ അമേരിക്ക സംസാരിക്കുന്നത്. കാഷ്മീർ പ്രശ്നത്തെ അന്താരാഷ്ട്രവൽക്കരിക്കുന്നതിനുള്ള പാക്കിസ്ഥാന്റെയും തീവ്രവാദികളുടെയും ശ്രമങ്ങളെ അമേരിക്ക പിന്താങ്ങുകയാണ് ചെയ്തിരിക്കുന്നത്. ഈ അമേരിക്കൻ ഗൂഢതന്ത്രത്തിനെതിരെ ലോക മനഃസാക്ഷി തിരിച്ചുവിടുവാൻ ഇന്ത്യയിലെ ജനങ്ങൾക്കു കഴിയണം. ആയുധ കച്ചവടത്തിലൂടെ ലാഭം കൊയ്യാൻവേണ്ടി രാഷ്ട്രങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന അമേരിക്കൻ ഗൂഡാലോചനയുടെ പൊള്ളത്തരം നാം സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കണം. ജമ്മുകാഷ്മീരിലെ തീവ്രവാദികളെയും തിരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കണമെന്നഭിപ്രായപ്പെട്ട അമേരിക്ക അഫ്ഗാനിസ്ഥാനിൽ തീവ്രവാദികളെ പിടിക്കാനെന്ന പേരിൽ ആയിരക്കണക്കിനാളുകളെയാണ് കൊന്നൊടുക്കിയത്. ഏതു കൊള്ളരുതായ്മകളെയും നീതീകരിക്കാനുള്ള അമേരിക്കയുടെ കഴിവ് അപാരം തന്നെ. ഇന്ത്യാ പാക് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുക. അതിൽനിന്ന് മുതലെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അമേരിക്കയുടെ നീക്കങ്ങളെ കരുതലോടെ നേരിടാൻ നമുക്ക് കഴിയണം. അതിന് ഭാരതീയരായ നാം ഏകസ്വരത്തിൽ ശബ്ദമുയർത്തണം.

10-08-2002

www.malankaralibrary.com

## 314

# വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികൾ

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്നും പ്രതിസന്ധി സൃഷ്ടിക്കുവാനാണ് എല്ലാ ഗവൺമെന്റും ശ്രമിച്ചിട്ടുള്ളത്. ഈ ഗവൺമെന്റും അക്കാര്യത്തിൽ ഒട്ടും മോശമല്ല. സ്വന്തമായി സ്കൂൾ നിർമ്മിക്കാനും അദ്ധ്യാപകരെ നിയമിക്കാനും ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ നിഷേധിക്കുവാനുമാണ് സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്. ന്യൂനപക്ഷാവകാശങ്ങൾ പരിമിതപ്പെടുത്തുവാനോ, അവ നിഷേധിക്കുവാനോ സർക്കാരിന് അവകാശമില്ല. എന്നിട്ടും ഒരു ചർച്ചക്കുപോലും തയ്യാറാകാതെ അവ കവർന്നെടുക്കാൻ സർക്കാർ ശ്രമിക്കുന്നത് ദുരുദ്ദേശപരമാണ്.

ഈ നീക്കങ്ങളെ ന്യൂനപക്ഷങ്ങൾ ശക്തമായി എതിർക്കുകതന്നെ വേണം. ഭൂരിപക്ഷ പ്രീണനത്തിനുവേണ്ടി ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുവാനാണ് സർക്കാർ ശ്രമം. സ്വകാര്യവിദ്യഭ്യാസമേഖലയെ സാരമായി ബാധിക്കുന്ന നടപടികൾ സ്വീകരിക്കുമ്പോൾ ദീർഘകാലത്തെ സേവനപാരമ്പര്യമുള്ള ക്രൈസ്തവ വിദ്യഭ്യാസ ഏജൻസികളുമായി സർക്കാർ ചർച്ച ചെയ്യുവാൻ സന്നദ്ധമാകേണ്ടതായിരുന്നു. ന്യൂനപക്ഷ വിദ്യഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനത്തിനുള്ള മാനേജ്മെന്റിന്റെ അവകാശത്തെ തുരങ്കം വയ്ക്കുന്ന നടപടികൾക്കെതിരെ ശക്തമായ പ്രതിഷേധം ഉണ്ടാകേണ്ടതാണ്.

മാനേജ്മെന്റ് സ്കൂളുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയതിന് പിന്നിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്നുവെന്നാണ് സർക്കാർ ആരോപിക്കുന്നത്. എന്നാൽ ഇത് തെളിയിക്കാൻ സർക്കാരിന് ഇന്നുവരെ സാധിച്ചിട്ടില്ല. വിദ്യാഭ്യാസമേഖലയെ കച്ചവടകേന്ദ്രമാക്കാനുള്ള ഒരു നീക്കമാണ് ഇന്ന് സർക്കാർ നടത്തുന്നത്. ആ നീക്കത്തിനെതിരെ പൊരുതാനും ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കാനും നാം സംഘടിതമായി ശ്രമിക്കേണ്ടിയിരിക്കുന്നു. അതിന് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

10-08-2002

www.malankaralibrary.com

## 315

# കർഷകരുടെ ആത്മഹത്യ. മനുഷ്യാവകാശ കമ്മീഷൻ നടപടിയെടുക്കണം.

സാമ്പത്തികമായി തകർന്ന കേരളകർഷകർ ആത്മഹത്യചെയ്യുകയാണെന്നും സർക്കാർ ഇക്കാര്യത്തിൽ പൂർണമായ നിഷ്ക്രിയത്വം കാണിക്കുന്നതിനാൽ മനുഷ്യാവകാശ കമ്മീഷൻ നടപടിയെടുക്കണമെന്നും കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മിററി ആവശ്യപ്പെട്ടു. 2002 എ.കെ.സി.സി. കർഷക വർഷമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ കർഷകവർഷാചരണത്തിന്റെ ഭാഗമായി കേരളത്തിലെ കർഷകപ്രശ്നങ്ങളെപ്പററി പഠിക്കാനും കാർഷിക വികസനത്തിന്റെ രൂപരേഖ തയ്യാറാക്കി സർക്കാരിനു സമർപ്പിക്കാനും യോഗം തീരുമാനിച്ചു.

ആത്മഹത്യാ പ്രവണതയ്ക്ക് എതിരെ സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികളും സെമിനാറും സംഘടിപ്പിക്കും. കായംകുളം-എറണാകുളം റയിൽപാത ഇരട്ടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. എബ്രഹാം മാർ ക്ലിമ്മീസിന്റെ ദേഹവിയോഗത്തിൽ അനുശോചിച്ചു. പ്രസിഡന്റ് ജോൺ കച്ചിറമററം അദ്ധ്യക്ഷത വഹിച്ചു.

02-10-2002

## 316

# കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധികളെ അയയ്ക്കും

തമിഴ്നാട് സർക്കാർ പുറപ്പെടുവിച്ച മതപരിവർത്തനവിരുദ്ധ ഓർഡിനൻസിനെതിരെ ക്രൈസ്തവസഭകൾ സംഘടിപ്പിക്കുന്ന സമരപരിപാടികളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് പ്രതിനിധി സംഘത്തെ ചെന്നൈയിലേക്ക് അയയ്ക്കാൻ കേരള കത്തോലിക്കാ കോൺഗ്രസ് യോഗം തീരുമാനിച്ചു.

ഓർഡിനൻസ് ന്യൂനപക്ഷ സമുദായങ്ങളുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ ധ്വംസിക്കുമെന്നും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന്റെ ആദ്യ നീക്കമാണ് ഇതെന്നും യോഗം പ്രമേയത്തിൽ പറഞ്ഞു.

അഡ്വ. സി.ജോസ്. ഫിലിപ്പ് ജനറൽ സെക്രട്ടറി അലൻമത്യു വാണിയപ്പുര, ട്രഷറർ ബേബിച്ചൻ ഏർത്തയിൽ, ഫാ.ജോർജ്ജ് ശ്രാമ്പിക്കൽ, അഡ്വ.ജോസ് വിതയത്തിൽ, അഡ്വ.തോമസ് ജയിംസ്, ടോമി തുരുത്തിക്കര എന്നിവർ പ്രസംഗിച്ചു.

പ്രസിഡന്റ് ജോൺ കച്ചിറമററം അദ്ധ്യക്ഷത വഹിച്ചു.

www.malankaralibrary.com

## 317

# മതപരിവർത്തന ബിൽ

മദ്രാസ്: കത്തോലിക്ക കോൺഗ്രസ് ഓർഡിനൻസിനെതിരെ തമിഴ്നാട്ടിലെ ക്രൈസ്തവസമൂഹം സ്വീകരിക്കുന്ന പ്രത്യക്ഷ സമരപരിപാടികളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും അനന്തരനടപടികൾ കൈക്കൊള്ളുന്നതിനുമായി ഓൾ കേരള കത്തോലിക്ക കോൺഗ്രസ്സ് പ്രതിനിധിസംഘം വിവിധ ക്രൈസ്തവ നേതാക്കളുമായി തിങ്കളാഴ്ച ചെന്നൈയിൽ കൂടികാഴ്ച നടത്തി. ചർച്ചകൾക്കുശേഷം ചൊവ്വാഴ്ച പ്രതിനിധിസംഘം മുഖ്യമന്ത്രി ജയലളിതയ്ക്ക് നിവേദനം നൽകും.

ഭരണഘടന വിഭാവനംചെയ്ത മതസ്വാതന്ത്ര്യം ഹനിക്കുന്നവിധം ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന മതപരിവർത്തന നിരോധന ഓർഡിനൻസിനെതിരെ പ്രതികരിക്കുന്നതിനുവേണ്ടി വിവിധ ക്രൈസ്തവ സമൂഹങ്ങളും മററു മതവിഭാഗങ്ങളും ഒററക്കെട്ടായി സമരരംഗത്ത് അണിനിരക്കുന്ന കാഴ്ചയാണ് തമിഴ്നാട്ടിൽ ദൃശ്യമായതെന്ന് കേരളത്തിൽ നിന്നുമെത്തിയ പ്രതിനിധി സംഘം അറിയിച്ചു. പോണ്ടിച്ചേരി ആർച്ച് ബിഷപ് ഡോ.മൈക്കിൾ അഗസ്റ്റിൻ, വെല്ലൂർ രൂപതാ ബിഷപ്പ്, ഡോ.ചിന്നപ്പ. സി.എസ്.ഐ.ബിഷപ്പ് ഡോ.ദേവസഹായം, പെന്റകോസ്റ്റൽ ബിഷപ്പ് ദയാനാഥ് എന്നിവരുമായി കത്തോലിക്കാ പ്രതിനിധി സംഘങ്ങളായ പ്രസിഡണ്ട് ജോൺ കച്ചിറമററം അഖിലേന്ത്യാകത്തോലിക്കാ യൂണിയൻ ദേശീയ ട്രഷറർ ജോസ് പി.ജോർജ്, സീറോ മലബാർ കത്തോലിക്ക കോൺഗ്രസ്സ് അഖിലേന്ത്യാ സെക്രട്ടറി അഡ്വ.വി.വി.ജോസ്, എ.ഐ.സി.യു. സ്റ്റേററ് സെക്രട്ടറി പ്രെഫ.വി.എ.വർഗീസ് എന്നിവരാണ് ചർച്ച നടത്തിയത്.

10-12-2002

## 318

# മതപരിവർത്തന ഓർഡിനൻസ് പിൻവലിക്കണം

കത്തോലിക്കാ കോൺഗ്രസ്

തമിഴ്നാട് സർക്കാരിന്റെ മതപരിവർത്തന ഓർഡിനൻസ് പിൻവലിക്കണമെന്നു കേരള കത്തോലിക്കാ കോൺഗ്രസ് തമിഴ്നാട് മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. തമിഴ്നാട്ടിലെ മത ന്യൂനപക്ഷങ്ങളുടെ ഭയാശങ്കകൾ അകററാൻ നടപടി സ്വീകരിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.

തമിഴ്നാട്ടിലെ ക്രൈസ്തവ നേതാക്കളുമായും ന്യൂനപക്ഷ സംഘടന

www.malankaralibrary.com

കളുമായും ചർച്ച നടത്തിയ ശേഷമാണ് നിവേദനം സമർപ്പിച്ചത്. കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ജോൺ കച്ചിറമററം, എ.ഐ.സി.യു.ദേശീയ ട്രഷറർ അഡ്വ.ജോസ് പി.ജോർജ്, സീറോ മലബാർ കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറി ജോസ് വിതയത്തിൽ എ.ഐ.സി.യു.സ്റ്റേററ് സെക്രട്ടറി പ്രൊഫ.വി.എ.വർഗീസ് എന്നിവർ ചേർന്നാണ് നിവേദനം സമർപ്പിച്ചത്.

## (319)

# മതപരിവർത്തന നിരോധനനിയമം പിൻവലിക്കണം. കത്തോലിക്കാ നേതൃസമ്മേളനം

വ്യക്തികളുടെ മൗലീകാവകാശത്തെ ധ്വംസിക്കുന്നതും മനുഷ്യാവകാശത്തെ നിഷേധിക്കുന്നതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതുമായ തമിഴ്നാട് ഗവൺമെന്റിന്റെ മതപരിവർത്തന നിരോധനനിയമം പിൻവലിക്കണമെന്ന് കോട്ടയത്ത് ചൈതന്യാ പാസ്റ്ററൽ സെന്ററിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചുകൂട്ടിയ കത്തോലിക്കാ നേതൃസമ്മേളനം തമിഴ്നാട് ഗവൺമെന്റിനോടഭ്യർത്ഥിച്ചു. ബലം പ്രയോഗിച്ച് മതപരിവർത്തനം നടത്തുന്നതിനെ തടയാനുള്ള നിയമവ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിൽ നിലവിലുള്ളപ്പോൾ ധൃതിപിടിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത് ദുരുപദിഷ്ടമാണെന്നും, ഏതു മതപരിവർത്തനത്തെയും നിർബന്ധിത മതപരിവർത്തനമായി ദുർവ്യാഖ്യാനം ചെയ്യാൻ സഹായിക്കുന്ന വ്യവസ്ഥകൾ അടങ്ങിയ പുതിയനിയമം ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്തക്ക് നിരക്കാത്തതാണെന്നും നേതൃസമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ പറയുന്നു. തമിഴ്നാട്ടിലെ ക്രൈസ്തവന്യൂനപക്ഷ പിന്നോക്ക ദളിത് വിഭാഗങ്ങൾ നടത്തുന്ന സമരത്തിന് നേതൃസമ്മേളനം സമ്പൂർണ്ണ പിന്തുണ നൽകി.

ഇൻഫാമിനോടുള്ള സർക്കാരിന്റെ തെററായ സമീപനം മാററണമെന്നും സർക്കാർ വാഗ്ദാനം ചെയ്ത സബ്സിഡി ഉടൻ നൽകണമെന്നും യോഗം മറെറാരു പ്രമേയത്തിലൂടെ കേരള സർക്കാരിനോടഭ്യർത്ഥിച്ചു. തോട്ടം മേഖലയിലെ ജനങ്ങളുടെ പട്ടിണിയകററാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും യോഗം സർക്കാരിനോടഭ്യർത്ഥിച്ചു.

എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമററത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നേതൃസമ്മേളനം തിരുവല്ലാ രൂപതാ സഹായ മെത്രാൻ തോമസ് മാർ കൂറിലോസ് ഉൽഘാടനം ചെയ്തു. തമിഴ്നാട് ഗവൺമെന്റിന്റെ മതപരിവർത്തന നിയമത്തിന്റെ അപകടവശങ്ങൾ സമൂഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ കത്തോലിക്കാ കോൺഗ്രസ്സ് ചെയ്യുന്ന ശ്രമങ്ങളെ അഭിനന്ദിച്ചു. എ.കെ.സി.സി. യുടെ ഒരു പ്രതിനിധി സംഘം ചെന്നൈയിൽ എത്തി അവിടുത്തെ ക്രൈസ്തവന്യൂനപക്ഷ പിന്നോക്ക ദളിത് വിഭാഗങ്ങളുടെ സമരത്തിൽ പങ്കുചേർന്ന നടപടി

www.malankaralibrary.com

കത്തോലിക്കാകോൺഗ്രസ്സിന്റെ സമുദായത്തോടുള്ള പ്രതിബദ്ധതയാണ് വിളിച്ചറിയിക്കുന്നതെന്ന് തിരുമേനി തുടർന്നു പ്രസ്താവിച്ചു. ഷെവ.ജോയി ജോസഫ് കൊടിയന്തറ മുഖ്യ പ്രഭാഷണം നടത്തി. ജയിൽ മോചിതനായ ഫാ.മാത്യു വടക്കേമുറിയെ ആദരിച്ചുകൊണ്ട് ജനറൽ സെക്രട്ടറി അലൻമാത്യു വാണിയപ്പുര പ്രസംഗിച്ചു. അഡ്വ.സി. ജോസ് ഫിലിപ്പ് പ്രൊഫ.വി.എ.വർഗീസ്, ഇ.ജെ.ലൂക്കോസ് Ex.MLA, അഡ്വ.ജോസ് പി.ജോർജ്ജ്, ജോസ് വിതയത്തിൽ, ജോർജ്ജ് ശ്രാമ്പിക്കൽ, പ്രൊഫ.ജോർജ്ജ് പുതുശ്ശേരി, ബേബിച്ചൻ ഏറത്തയിൽ എന്നിവർ പ്രസംഗിച്ചു. ഫാ. മാത്യു വടക്കേമുറി മറുപടി പ്രസംഗം നടത്തി.

സമ്മേളന സ്ഥലത്തെത്തിച്ചേർന്ന ഫാ.മാത്യു വടക്കേമുറിയെ എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമറ്റം ഹാരമണിയിച്ചു സ്വീകരിച്ചു.

10-12-2002

## 320

# തമിഴ്നാട്ടിലെ മതപരിവർത്തന നിരോധനനിയമം

വിവിധ ജനവിഭാഗങ്ങൾ ഒന്നിച്ചധിവസിച്ചിരുന്ന ഒരു നാടായിരുന്നു ഭാരതം. നിർഭാഗ്യവശാൽ ഭാരതത്തിലെ ജനങ്ങളെ സവർണ്ണരും അവർണ്ണരുമായി വേർതിരിക്കുന്ന ഒരു സ്ഥിതിവിശേഷം ഇവിടെ രൂപംകൊണ്ടു. അറുപതു ശതമാനത്തിലധികം വരുന്ന അവർണ്ണരെ - അധഃസ്ഥിതരെ മുഴുവൻ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി മാററിനിർത്തുവാൻ സവർണ്ണർക്കു സാധിച്ചു. അന്നു സമൂഹത്തിൽ നിലനിന്ന ഏററം വലിയ സാമൂഹികതിന്മയായിരുന്നു അയിത്താചരണം. താണജാതിക്കാർക്ക് പൊതുനിരത്തുകളിൽക്കൂടി നടക്കുവാനോ ക്ഷേത്രങ്ങളിൽ കയറി ആരാധനനടത്തുവാനോ വസ്ത്രം, ആഭരണം മുതലായവ ധരിക്കുവാനോ അവകാശം ഉണ്ടായിരുന്നില്ല. കൃഷിഭൂമിയും വീട്ടുപകരണങ്ങളും വളർത്തുമൃഗങ്ങളും പോലെ വിൽക്കുവാനും വിൽക്കപ്പെടുവാനുമുള്ള വസ്തുവായിട്ടാണ് അവർണ്ണരെ കണക്കാക്കിയിരുന്നത്. സവർണ്ണകുലജാതരായിരുന്നതുകൊണ്ടുമാത്രം വിധികർത്താക്കളായിത്തീർന്നവരുടെ അവ്യവസ്ഥാപിതവും അലിഖിതവുമായ വിധിന്യായങ്ങളുടെ മുമ്പിൽ സത്യവും നീതിയും മരിച്ചുവീഴുന്ന സംഭവങ്ങൾ അനവധിയായിരുന്നു. അമർത്തിപ്പിടിച്ച വികാരങ്ങളും വീർപ്പുമുട്ടിക്കുന്ന സ്വാതന്ത്ര്യവാഞ്ഛയും അനന്തമായി അവശേഷിക്കുന്ന ഭയവും സാധാരണജനങ്ങളുടെ സ്ഥായീഭാവമായി മാറി. വലിയ ജന്മികൾ കൃഷിപ്പണിക്കുവേണ്ടി അവർണ്ണരെ അടിമകളാക്കിവച്ചുകൊണ്ടിരുന്നു. ഇതിനെതിരെ ശബ്ദിക്കാൻ പോലും അവർണ്ണർ ധൈര്യപ്പെട്ടില്ല. ഇതൊക്കെ തങ്ങൾ അനുഭവിക്കാൻ കടപ്പെട്ടവരാണെന്ന ഒരു ധാരണയിൽ അവർ കഴിഞ്ഞുകൂടി.

ബ്രാഹ്മണാധിപത്യം അടിച്ചേൽപ്പിച്ച ഈ വ്യവസ്ഥിതി രാജസ്ഥാന

www.malankaralibrary.com

ത്തിന്റെ പിന്തുണയോടുകൂടി സമൂഹത്തിൽ പടർന്നു പിടിച്ചു. അയിത്തം ഹിന്ദുമതത്തിന്റെ ഒരു അവിഭാജ്യഘടകമായിരുന്നതിനാൽ അയിത്താചരണത്തിനെതിരായ ഏതു നീക്കവും ഹിന്ദുമതത്തിനെതിരായ നീക്കമായി വ്യാഖ്യാനിക്കുമായിരുന്നു.

ക്രൈസ്തവമിഷനറിമാർ ഭാരതത്തിലെത്തി വിദ്യാഭ്യാസരംഗത്ത് പ്രവർത്തനമാരംഭിച്ചതോടെ അന്നത്തെ സാമൂഹികവ്യവസ്ഥിതിക്ക് ഒരു മാററം വന്നു. അയിത്തവിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി വസ്ത്രവും ഭക്ഷണവും പുസ്തകവും നൽകി അവരെ വിദ്യ അഭ്യസിപ്പിച്ചു. വിദ്യാഭ്യാസം ലഭിച്ച അധഃസ്ഥിതർ അന്ന് നിലവിലിരുന്ന സാമൂഹിക വ്യവസ്ഥിതിയെ വെല്ലുവിളിച്ചു. അയിത്തജാതിക്കാർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആനയിക്കപ്പെട്ടു. ഈ മാററം ഉൾക്കൊള്ളാൻ തയ്യാറാകാതെ രാജസ്ഥാനത്തിന്റെ പിന്താങ്ങോടെ അവർണ്ണരെ അടിച്ചമർത്തുവാൻ വീണ്ടും ശ്രമിച്ചു. അയിത്തം ഹിന്ദുമതത്തിന്റെ ഒരു അവിഭാജ്യഘടകമായിരുന്നതിനാൽ അയിത്തം നിലനിൽക്കാത്ത ഏതെങ്കിലും ഒരു മതവിഭാഗത്തിൽ ചേരുന്നതിന് അവർ ആഗ്രഹിച്ചു. തൽഫലമായിട്ടാണ് ബുദ്ധമതത്തിലേക്കും ക്രിസ്തുമതത്തിലേക്കും ഇസ്ലാംമതത്തിലേക്കും കൂട്ടമതപരിവർത്തനത്തിന് തയ്യാറായത്. അത് നിർബന്ധത്തിന്റെയോ പ്രേരണയുടെയോ ഫലമായിരുന്നില്ല. തങ്ങൾക്ക് നീതിയും സ്വാതന്ത്ര്യവും ലഭിക്കുന്ന ഒരു സമൂഹമായി ഒത്തുചേർന്ന് പ്രവർത്തിക്കുവാനുള്ള ഉൽക്കടമായ അഭിലാഷം മാത്രമായിരുന്നു.

ഇതേത്തുടർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ – നാട്ടുരാജ്യങ്ങളിൽ – മതപരിവർത്തന നിരോധനനിയമത്തിന് രൂപംകൊടുക്കുന്നതിനും ഭരണാധികാരികളെ പ്രേരിപ്പിക്കുവാൻ സവർണ്ണർക്കു സാധിച്ചു. ഒരു പരിധിവരെ അതു വിജയിച്ചു. 1947–ൽ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു. തുടർന്നുരൂപംകൊടുത്ത ഇന്ത്യൻഭരണഘടനയിൽ ഏതു മതവും പ്രചരിപ്പിക്കുന്നതിനും ഏതു മതത്തിൽച്ചേർന്ന് പ്രവർത്തിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം എഴുതിച്ചേർത്തു. ഈ സ്വാതന്ത്ര്യത്തെ ഹനിക്കാൻ പലരും ശ്രമിച്ചെങ്കിലും അതു വിജയിച്ചില്ല. ജവഹർലാൽ നെഹ്റുവും പിന്നീട് അധികാരമേറെറടുത്ത പല പ്രധാനമന്ത്രിമാരും സ്വീകരിച്ച ശക്തമായ മതനിരപേക്ഷ നിലപാട് ആ ശ്രമങ്ങളെ പരാജയപ്പെടുത്തി.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയുടെ ആഭ്യന്തരമന്ത്രിയായിരുന്ന ഡോ.കൈലാസ് നാഥ് കഡ്ജു പാർലമെന്റിൽ ചെയ്ത പ്രസ്താവനകൾ ന്യൂനപക്ഷസമുദായങ്ങളെ വേദനിപ്പിച്ചു. 1955–ൽ മദ്ധ്യപ്രദേശ് ഗവൺമെന്റ് നിയോഗിച്ച നിയോഗിക്കമ്മെററിയുടെ റിപ്പോർട്ടും മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നതായിരുന്നു. തുടർന്ന് ഒറീസ്സയിലും മദ്ധ്യപ്രദേശിലും മത സ്വാതന്ത്ര്യനിയമം എന്ന ഓമനപ്പേരിൽ കൊണ്ടുവന്ന നിയമങ്ങൾ മതപരിവർത്തനത്തെ നിരോധിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു. ശ്രീ. മൊറാർജി ദേശായിയുടെ ഭരണകാലത്ത് ഒ.പി. ത്യാഗി അവതരിപ്പിച്ച മതസ്വാതന്ത്ര്യ ബില്ലിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭങ്ങളെത്തുടർന്ന് ആ ബിൽ

www.malankaralibrary.com

പിൻവലിക്കുകയുണ്ടായി. തുടർന്ന് അരുണാചലിലും മതപ്രചാരണ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടുള്ള നിയമനിർമ്മാണം കൊണ്ടുവന്നു.

ബി.ജെ.പി.കേന്ദ്രഭരണം ഏറെറടുത്തതിനുശേഷം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവമിഷനറിമാർ പീഡിപ്പിക്കപ്പെടുകയും ക്രൂരമായവിധം വധിക്കപ്പെടുകയും ചെയ്തു. ഇന്ത്യയൊട്ടാകെ മതപരിവർത്തന നിരോധനനിയമം കൊണ്ടുവരണമെന്ന് സംഘപരിവാർ അടക്കമുള്ള ഹിന്ദുസംഘടനകൾ ആവശ്യപ്പെട്ടു. ഈ സന്ദർഭത്തിലാണ് തമിഴ്നാട്ടിൽ ജയലളിത ഗവൺമെന്റ് മതപരിവർത്തനനിരോധനനിയമം ഒരു ഓർഡിനൻസായി പുറപ്പെടുവിച്ചത്. പ്രത്യേകമായൊരു അടിയന്തരസാഹചര്യവുമില്ലാതെ നിയമസഭ സമ്മേളിക്കാൻ ഏതാനും ദിവസം മാത്രമുള്ളപ്പോൾ ഇങ്ങനെയൊരു നിയമം ഓർഡിനൻസായി കൊണ്ടുവരേണ്ട യാതൊരു ആവശ്യവുമില്ലായിരുന്നു. തുടർന്നുണ്ടായ പ്രക്ഷോഭങ്ങളെ അവഗണിച്ചുകൊണ്ട് തമിഴ്നാട് നിയമസഭ ഒരുബില്ലായി ഇത് പാസ്സാക്കുകയും ചെയ്തു. ഏതു മതപരിവർത്തനത്തെയും നിർബന്ധിത മതപരിവർത്തനമായി ദുർവ്യാഖ്യാനം ചെയ്യാൻ സഹായിക്കുന്നതാണ് ഈ ബില്ലിലെ വ്യവസ്ഥകൾ.

ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ മതപരിവർത്തനനിരോധനനിയമം കൊണ്ടുവന്നപ്പോൾ അതിനെതിരെ ശക്തമായി പ്രതികരിച്ചത് കേരള കത്തോലിക്കരായിരുന്നു. അതിന് നേതൃത്വം നൽകിയത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സുമായിരുന്നു. നിയോഗികമ്മിററി റിപ്പോർട്ട് വിവിധ ഭാഷകളിലേക്കു വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച് അതിനെതിരെ ബഹുജനരോഷം ആളിക്കത്തിക്കുന്നതിൽ എ.കെ.സി.സി. നിർണ്ണായകമായ പങ്കുവഹിച്ചു. തമിഴ്നാട് ഗവൺമെന്റിന്റെ മതപരിവർത്തനനിരോധനനിയമത്തിനെതിരെയും ശക്തമായ പരിപാടികളാണ് എ.കെ.സി.സി. ആവിഷ്കരിച്ചത്.

കത്തോലിക്കാ കോൺഗ്രസ്സ് ഒരു പ്രതിനിധിസംഘത്തെ മദ്രാസിലേക്കയയ്ക്കുകയുണ്ടായി. പ്രസ്തുത പ്രതിനിധിസംഘം ക്രൈസ്തവ-ന്യൂനപക്ഷ ദളിത് വിഭാഗങ്ങളുടെ നേതാക്കളുമായി സംഭാഷണം നടത്തി. മതംമാററനിരോധനനിയമത്തിനെതിരായ സമരങ്ങളിൽ ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ചെന്നൈയിലെ മദ്രാസ് - മൈലാപ്പൂർ ആർച്ചു ബിഷപ്പ് ഹൗസിൽവച്ച് ബിഷപ്പ് ലോറൻസ് പയസ്, ആൾ ഇന്ത്യാകാത്തലിക് യൂണിയൻ നേതാക്കളായ ഡോ.ആരോഗ്യസ്വാമി, എഫ്.എ.നാഥൻ, ഫാ.അരുൾരാജ് എം., ജ്ഞാനപ്രകാശ് മുതലായവരുമായി ചർച്ച നടത്തി. പാസ്റ്ററൽ സെന്ററിൽ വച്ച് പോണ്ടിച്ചേരി ആർച്ചുബിഷപ്പ് ഡോ.മൈക്കിൾ അഗസ്റ്റിൻ, വെല്ലൂർ ബിഷപ്പ് ഡോ.ചിന്നപ്പ, സി.എസ്. ഐ. ബിഷപ്പ് ഡോ.ദേവസഹായം, പെന്തക്കോസ്തു ബിഷപ്പ് ദയാനാഥ് തുടങ്ങിയവരുമായും പ്രക്ഷോഭപരിപാടികളെപ്പററി ചർച്ചചെയ്തു. അയനാപുരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ ചേർന്ന സീറോ-മലബാർ പ്രതിനിധിയോഗത്തിലും പ്രതിനിധിസംഘം പങ്കെടുത്തു സംസാരിച്ചു. തുടർന്ന് പുതിയ നിയമത്തിന്റെ അപകടവശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മുഖ്യമന്ത്രി ജയലളിതയ്ക്ക് മെമ്മോറാണ്ടം നൽകുകയും ചെയ്തു. എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം, അഡ്വ.ജോസ് പി.ജോർജ്ജ്,

www.malankaralibrary.com

ജോസ് വിതയത്തിൽ, പ്രൊഫ.വി.എ.വർഗ്ഗീസ് എന്നിവരടങ്ങിയ പ്രതിനിധി സംഘം ചെന്നൈയിൽ നടത്തിയ മുക്കാൽലക്ഷം പേർ പങ്കെടുത്ത ഉപവാസ സമരത്തിൽ പങ്കെടുക്കുകയും ചെയ്തു.

ചെന്നൈയിൽ നിന്നു മടങ്ങിയെത്തിയ പ്രതിനിധിസംഘത്തിന്റെ റിപ്പോർട്ട് വർക്കിംഗ് കമ്മിററി അംഗീകരിക്കുകയും തുടർന്ന് മദ്രാസിലെ ന്യൂനപക്ഷപിന്നോക്ക ദളിത് വിഭാഗങ്ങളുടെ സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും പിന്തുണപ്രഖ്യാപിച്ചുകൊണ്ടും ഒരു പ്രവർത്തനപരിപാടിക്ക് രൂപം നൽകുകയും ചെയ്തു. അതിന്റെ ഭാഗമായി നവംബർ 10-ന് ഒരു നേതൃസമ്മേളനം കോട്ടയത്ത് വിളിച്ചുകൂട്ടി. കോഴിക്കോട്ടും തിരുവനന്തപുരത്തും അധികം താമസിയാതെ സമ്മേളനങ്ങൾ നടക്കും. ബില്ലിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ലഘുലേഖകൾ വിതരണം ചെയ്യുന്നതുമാണ്.

ഇന്ത്യയൊട്ടുക്ക് മതപരിവർത്തനനിരോധന നിയമം പാസ്സാക്കണമെന്നാണ് ബി.ജെ.പി. അദ്ധ്യക്ഷൻ പ്രസ്താവിച്ചിരിക്കുന്നത്. കൂടുതൽ പ്രശ്നങ്ങളിലേക്ക് നമ്മുടെ നാട് മുന്നോട്ടു നീങ്ങുമെന്നാണ് നാം ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്. അതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടത് കേരളത്തിലെ ക്രൈസ്തവസമൂഹമാണ്. അതിനു സമൂഹത്തെ സജ്ജമാക്കുവാൻ എ.കെ.സി.സി. ആവിഷ്കരിക്കുന്ന കർമ്മപരിപാടികളോട് ഏവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

14-11-2002

## 321

# ഇൻഫാമിനെതിരെ

ഇൻഫാം ഒരു കർഷകസംഘടനയാണ്. എല്ലാ ജാതിയിലും മതത്തിലും പെട്ടവർ ആ കർഷക സംഘടനയിലുണ്ട്. രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുക, കർഷക താല്പര്യം സംരക്ഷിക്കുക, എന്നതാണ് ഇൻഫാമിന്റെ ലക്ഷ്യം. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിയുകയും നിത്യോപയോഗസാധനങ്ങളുടെ വില കുതിച്ചുയരുകയും ചെയ്ത സന്ദർഭത്തിലാണ് കർഷകർ സംഘടിച്ചത്. കടുത്ത സാമ്പത്തിക പ്രതിസന്ധി കർഷകരെ സംഘടിക്കാൻ പ്രേരിപ്പിച്ചു.

രാഷ്ട്രീയത്തിനതീതമായി കർഷകർ സംഘടിക്കുന്നതിനെ എല്ലാ രാഷ്ട്രീയകക്ഷികളും എതിർക്കുകയാണ്. എല്ലാ എതിർപ്പുകളെയും അതിജീവിച്ച് സംഘടന മുന്നോട്ടുനീങ്ങി. കർഷക പ്രശ്നം പരിഹരിക്കുന്നതിൽ സർക്കാർ ആത്മാർത്ഥത കാണിച്ചില്ലെന്ന് സംഘടന ഉറക്കെപ്പറഞ്ഞു. അതിൽ എന്തെങ്കിലും കഴമ്പുണ്ടോയെന്ന് അന്വേഷിക്കാൻ തയ്യാറാകാതെ ഇൻഫാമിനെതിരെ വിമർശനങ്ങളുമായി മന്ത്രിമാർവരെ രംഗത്തെത്തി.

www.malankaralibrary.com

റബ്ബർവില 65 രൂപയോളം എത്തിയിരുന്നത് കുറഞ്ഞ് 25 രൂപവരെയായി. ആ വിലയ്ക്കുപോലും റബ്ബർ എടുക്കാൻ കച്ചവടക്കാർ തയ്യാറായില്ല. ഈ സന്ദർഭത്തിലാണ് റബ്ബർ കയററി അയയ്ക്കാൻ ഇൻഫാം തയ്യാറായത്. റബ്ബർ കയററി അയച്ചാൽ റബ്ബർബോർഡും സർക്കാരും സബ്സിഡി നൽകുമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. റബ്ബർബോർഡ് സബ്സിഡി നൽകിയെങ്കിലും സർക്കാർ നൽകിയില്ല. 11 മാസം കാത്തിരുന്നു. ഇതിനിടയിൽ 35 പ്രാവശ്യമെങ്കിലും കൃഷിമന്ത്രിയെക്കണ്ട് സബ്സിഡി കാര്യം പറഞ്ഞുവെന്നാണ് ഇൻഫാം നേതാക്കൾ പറഞ്ഞത്. സബ്സിഡി കാര്യം ഒന്നുകൂടി ഓർമ്മിപ്പിക്കുവാൻ കൃഷിമന്ത്രിയെക്കാണാൻ പാസ്സെടുത്ത് എത്തിയവരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ഫാ.വടക്കേമുറിയേയും സഹപ്രവർത്തകരേയും ആക്ഷേപിക്കുവാനും അധിക്ഷേപിക്കുവാനും ആണ് സർക്കാരിന്റെ വക്താക്കൾ തുനിഞ്ഞത്. അന്ന് സ്ഥലത്തില്ലാതിരുന്ന മുഖ്യമന്ത്രി കേരളത്തിൽ കാലുകുത്തിയപ്പോഴെ ഇൻഫാം അച്ചനെതിരെയാണ് ആക്രോശിച്ചത്. കടക്കെണിയിൽ അകപ്പെട്ട് ജീവിതമാർഗ്ഗം അടഞ്ഞപ്പോൾ കൂട്ടആത്മഹത്യചെയ്തപ്പോൾ ഒരക്ഷരം ഉരിയാടാതിരുന്ന ആന്റണിയാണ് ഇൻഫാം അച്ചനെ മര്യാദപഠിപ്പിക്കാൻ മുന്നോട്ടു വന്നത്. സ്കൂൾ യൂണിഫോം വാങ്ങാൻ പണമില്ലാതായതിന്റെ പേരിൽ ഒരു കുട്ടി ആത്മഹത്യ ചെയ്തപ്പോഴും മുഖ്യമന്ത്രിക്ക് ഒന്നും ഉരിയാടാനില്ലായിരുന്നു. മനുഷ്യൻ ഒന്നിനൊന്ന് മരിച്ചുവീഴുമ്പോൾ മനഃസാക്ഷി മരവിച്ച മന്ത്രിമാർ സ്വന്തം സുഖസൗകര്യങ്ങൾ സംരക്ഷിക്കാനുള്ള വ്യഗ്രതയിലായിരുന്നു.

1972-ലെ കോളേജ് പ്രക്ഷോഭണകാലത്ത് അച്ചൻമാരെയും മെത്രാന്മാരെയും ചാട്ടവാറുകൊണ്ട് അടിപ്പിക്കാൻ പ്രേരിപ്പിച്ച എ.കെ. ആന്റണിയാണ് ഇൻഫാം അച്ചനെതിരെ വാളെടുത്തിരിക്കുന്നത്. സഹകരണമന്ത്രി എം.വി. രാഘവൻ ഇൻഫാം കത്തനാരെ നക്സലൈററുകളേക്കാൾ കഷ്ടമാണെന്നാണ് വിശേഷിപ്പിച്ചത്. മാർക്സിസ്റ്റ് പാർട്ടിയിൽ വിപ്ലവവീര്യം കുത്തിവച്ച, ഘെരോവോയെ ഒരു കാലത്ത് അനുകൂലിച്ച, എം.വി. രാഘവനാണ് ഫാ.വടക്കേമുറിയെ നക്സലൈററുകളേക്കാൾ ക്രൂരനെന്ന് വിശേഷിപ്പിച്ചത്. അത് വിളിക്കാൻ യോഗ്യനാണല്ലോ എം.വി. രാഘവൻ! എസ്.പി.യും ജില്ലാകളക്ടറും കൂത്തുപറമ്പിലേക്ക് പോകരുതെന്ന് അഭ്യർത്ഥിച്ചിട്ടും അതു വകവയ്ക്കാതെ നൂറുകണക്കിന് പോലീസുകാരെയും കൊണ്ട് കൂത്തുപറമ്പിൽപോയി വെടിവെപ്പിച്ച എം.വി. രാഘവന്റെ ഇൻഫാമിനെതിരായ പ്രവർത്തനങ്ങൾ ഐക്യമുന്നണിയിൽനിന്നും കർഷകരെ അകററാൻ മാത്രമേ സഹായിക്കൂ.

ഭരണകക്ഷിയിലെ എല്ലാ എം.എൽ.എ. മാരും ഇൻഫാമിനെതിരാണെന്നാണ് രാഘവന്റെ അഭിപ്രായം. ധൈര്യമുണ്ടെങ്കിൽ എം.വി. രാഘവനും ഇൻഫാമിനെ എതിർക്കുന്ന എം.എൽ.എ. മാരും രാജിവച്ച് ഒരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കട്ടെ. ആരുടെ പക്ഷത്താണ് ജനം നിൽക്കുന്നതെന്ന് അപ്പോൾ അറിയാം. വൈദീകരെ ആക്ഷേപിക്കുന്നതും വിമർശിക്കുന്നതും ചിലർ ഒരു ഫാഷനായി എടുത്തിരിക്കുകയാണ്. ഈ പോക്ക് അപകടകരമാണെന്ന് മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുന്നു.

10-12-2002

www.malankaralibrary.com

# 322

# ഉള്ളതുപറഞ്ഞാൽ

"സമാധാനപരമായ രീതിയിൽ ഗാന്ധിയൻ പശ്ചാത്തലത്തിൽ സമരം നടത്തിയ ജാനു, തീവ്രമായ പ്രതികരണസ്വഭാവമുള്ള ആദിവാസി സമൂഹത്തെ സമാധാനമാർഗ്ഗങ്ങളിൽകൂടി നയിച്ചിരുന്നു എന്നത് നമുക്കാർക്കും വിസ്മരിക്കാനാവില്ല."

"ദീർഘനാളുകളായി ചൂഷണം ചെയ്യപ്പെട്ട ഒരു ജനവിഭാഗത്തിന് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കാത്തതിന്റെ പേരിൽ ഉണ്ടായ ക്ഷോഭമാണ് ഭൂമികയ്യേറ്റത്തിന് പിന്നിൽ. അവരുടെ വേദന മനസ്സിലാക്കാൻ കഴിവുള്ള ഒരു ഭരണകൂടം ഇവിടെ ഇല്ലാതായി എന്നതാണ് ദുഃഖകരം."

"ജാനുവന്റെ കുടുംബം ഇന്നും പട്ടിണിയിലാണ്. അവരുടെ വൃദ്ധയായ മാതാവും സഹോദരങ്ങളും ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാതെ കഷ്ടപ്പെടുകയാണെന്ന് ഈ അടുത്ത ദിവസങ്ങളിൽ നാം പത്രത്തിൽ വായിക്കുകയുണ്ടായി. താൻ നേതൃത്വം കൊടുക്കുന്ന ജനതയുടെ മോചനമാണ് ജാനുവിന്റെ ലക്ഷ്യമെന്നും ആ ജനവിഭാഗത്തെ ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുവാൻ ജാനു ശ്രമിച്ചില്ലെന്നും നമുക്കു മനസ്സിലാക്കാം."

"തങ്ങളുടെ സഹപ്രവർത്തകൻ ക്രൂരമായി വധിക്കപ്പെട്ടതിന്റെ വേദന കൊണ്ട് പോലീസ് കുറെയൊക്കെ അതിക്രമം നടത്തിയിരിക്കാമെന്നുള്ള ഭരണാധിപൻമാരുടെ വ്യാഖ്യാനം ഒട്ടും നീതികരിക്കാവുന്നതല്ല. പോലീസ് സമാധാനപ്രിയരാകണം പ്രതികാരദാഹികളാകരുത്. അക്രമത്തെ അക്രമംകൊണ്ട് നേരിടുകയല്ല പോലീസിന്റെ ജോലി. എവിടെയും വിവേകത്തോടെയും കൂടുതൽ സമചിത്തതയോടെയും പ്രവർത്തിക്കാൻ കടപ്പെട്ടവരാണ് പോലീസുകാർ."

"ഒത്തുതീർപ്പുവ്യവസ്ഥകളിൽ നിസ്സംഗത പുലർത്തുന്ന സർക്കാരിനെതിരെ സമാധാനപരമായ രീതിയിൽ എല്ലാ വിഭാഗങ്ങളെയും കോർത്തിണക്കി സമരം നടത്തുവാനാണ് ഇന്ന് ജാനു ശ്രമിക്കേണ്ടിയിരുന്നത്. അത് സാധിക്കാഞ്ഞത് ജാനുവിന്റെ മാത്രം കുറ്റമല്ല. നൂറ്റാണ്ടുകളായി ചൂഷണത്തിന് വിധേയമായി കഴിഞ്ഞുകൂടുന്ന ഒരു ജനവിഭാഗത്തെ വീണ്ടും വീണ്ടും ഭരണാധികാരികൾ വഞ്ചിക്കുമെന്ന തോന്നൽ ആ സമൂഹത്തിനുണ്ടായാൽ അവർ അക്രമമാർഗ്ഗങ്ങൾ സ്വീകരിച്ചു എന്നു വരും."

"ആദിവാസികളെ പൊതുവിൽ നക്സലുകളോ തീവ്രവാദികളോ ആയി ചിത്രീകരിച്ച് അവരെ ഒറ്റപ്പെടുത്തുവാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും."

27-02-2003

www.malankaralibrary.com

## 323

# മുത്തങ്ങ-ചില ചിതറിയ ചിന്തകൾ

മുത്തങ്ങ - ഇന്ന് കേരളത്തിലെ ഒരു പ്രധാനചർച്ചാവിഷയമാണ്. മുത്തങ്ങയിൽ എന്തുസംഭവിച്ചുവെന്ന് ആർക്കും നിശ്ചയമില്ല. ഇന്ന് പ്രചരിപ്പിക്കുന്ന കഥകൾ മുഴുവൻ ശരിയാണോ?

ഏതൊരു പ്രശ്നത്തെയും രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗിക്കുവാൻ കേരളത്തിലെ ഭരണപ്രതിപക്ഷ കക്ഷികൾ മത്സരബുദ്ധിയോടെ പ്രവർത്തക്കുന്ന കാഴ്ച കുറെ നാളുകളായി നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഈ ശ്രമം സത്യസന്ധമോ മൂല്യാധിഷ്ഠിതമോ എന്നു പറയാൻ പറ്റുകയില്ല. തനി അവസരവാദം തന്നെ. പഞ്ചാബിൽ ഭിന്ദ്രൻവാലായെ വളർത്തിയത് ഇന്ദിരാഗാന്ധിയായിരുന്നു. പിന്നീട് ഇന്ദിരാഗാന്ധിക്ക് ഭിന്ദ്രൻവാലാ ഒരു ബാദ്ധ്യതയായിത്തീർന്നു. അതുതന്നെയാണ് മുത്തങ്ങായിലും സംഭവിച്ചത്.

"ആര് എതിര് നിന്നാലും പ്രതിബന്ധങ്ങളെ തട്ടിമാറ്റി സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുക തന്നെ ചെയ്യും. അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ആദിവാസികളെയും സ്വന്തം കാലിൽ നിൽക്കാൻ കെൽപ്പുള്ളവരാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനെ തുടക്കത്തിലെ തുരങ്കം വയ്ക്കാന് ചിലർ ശ്രമിക്കുകയാണ്. ആദിവാസികളെ സ്വന്തംകാലിൽ നിർത്താൻ ശ്രമിക്കുമ്പോൾ കുതികാൽ വെട്ടാൻ ശ്രമിച്ചാൽ ഒരു കാലത്തും മാപ്പുണ്ടാകുകയില്ല." 2002 ജനുവരി 1-ാം തീയതി കേരള മുഖ്യമന്ത്രി എ.കെ.ആന്റണി മറയൂരിൽ ആദിവാസികൾക്ക് സർക്കാർ ഭൂമി സൗജന്യമായി നൽകുന്നതിന്റെ സംസ്ഥാനതല ഉൽഘാടനം നിർവ്വഹിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലെ പ്രസക്തഭാഗമാണ് മുകളിൽ ഉദ്ധരിച്ചത്. ആന്റണിയുടെ ഈ പ്രസ്താവന രാഷ്ട്രീയ മുതലെടുപ്പ് ലക്ഷ്യമാക്കി നടത്തിയതായിരുന്നു. ആദിവാസി പ്രശ്നം പരിഹരിക്കുന്നതിൽ പിന്നീട് യാതൊരു നടപടിയും സ്വീകരിക്കാത്തതുകൊണ്ട് ആദിവാസികൾ അക്ഷമരായിത്തീർന്നു. അതിന്റെ അനന്തരഫലമാണ് മുത്തങ്ങയിലെ വനഭൂമിയിൽ ആദിവാസികൾ കയ്യേറിയത്.

വനം വകുപ്പ് ഉദ്യോഗസ്ഥരെ ബന്ദികളാക്കിയപ്പോഴും തുറന്നമനസ്സോടെ ആദിവാസികളുമായി ചർച്ചചെയ്യാൻ തയ്യാറാകാതെ ആദിവാസികളെ കൂട്ടത്തോടെ ദ്രോഹിക്കാനാണ് സർക്കാർ ശ്രമിച്ചത്. ആദിവാസികൾക്ക് കൊടുത്ത ഉറപ്പ് പാലിക്കാത്തതിന്റെ അനന്തരഫലമാണ് മുത്തങ്ങയിൽ ഭൂമി കയ്യേറിയതെന്ന് മനസ്സിലാക്കുവാനുള്ള വിവേകം സർക്കാരിനുണ്ടായില്ല. തൽഫലമായി മുത്തങ്ങയിൽ ഒഴുകിയ രക്തത്തിന് ഭരണാധികാരികൾ എന്തെങ്കിലും വില നൽകേണ്ടി വരും.

സി.കെ.ജാനുവിന്റെ നേതൃത്വത്തിൽ കേരളത്തിലെ ആദിവാസി സമൂഹം

www.malankaralibrary.com

കുടിൽകെട്ടി സെക്രട്ടറിയേറ്റിനുമുന്നിൽ സമരം നടത്തിയപ്പോൾ അതിനെ പ്രോത്സാഹിപ്പിക്കുകയും അതിന് സ്വീകരണം നൽകുകയും ചെയ്തവർ ഇന്ന് ജാനുവിനേയും കൂട്ടരേയും തള്ളിപ്പറയുന്നതിൽ അർത്ഥമില്ല. സമാധാനപരമായ രീതിയിൽ ഗാന്ധിയൻ പശ്ചാത്തലത്തിൽ സമരം നടത്തിയ ജാനു, തീവ്രമായ പ്രതികരണ സ്വഭാവമുള്ള ആദിവാസി സമൂഹത്തെ സമാധാനമാർഗ്ഗങ്ങളിൽക്കൂടി നയിച്ചിരുന്നുവെന്നത് നമുക്കാർക്കും വിസ്മരിക്കാനാവില്ല. ആദിവാസി പ്രശ്നപരിഹാരത്തിന് സർക്കാർ കുറെയൊക്കെ ശ്രമിച്ചിട്ടുണ്ടെന്ന വസ്തുത അംഗീകരിക്കുന്നു. ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പാക്കുന്നതിൽ സർക്കാർ തീവ്രമായ ശ്രമം നടത്തുന്നില്ലെന്ന തോന്നൽ ആദിവാസികൾക്കുണ്ടായതിന്റെ പശ്ചാത്തലത്തിലാണ് അവർ ഭൂമി കയ്യേറ്റം നടത്തിയത്.

ഇന്ന് ജാനുവിന്റെയും കൂട്ടരുടെയും പേരിൽ നിരവധിയാരോപണങ്ങൾ ഉന്നയിക്കുന്നത് കുറെയൊക്കെ ശരിയാകാം. എന്നാൽ പൂർണ്ണമായും ശരിയല്ല. ആദിവാസി സമരത്തിന് പിന്നിൽ ചില ദുഷ്ട ശക്തികൾ , തീവ്രവാദികൾ ഉണ്ടെന്നാണ് പ്രചാരണം. ഇന്ന് തീവ്രവാദികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമം നടത്തുന്നുണ്ട്. ബോംബുകൾ വർഷിക്കുന്നു. അനേകരെ കൊല്ലുന്നു. അത്യാധുനിക ആയുധങ്ങളുമായിട്ടാണ് തീവ്രവാദികൾ സമരം നടത്തുന്നത്. ഇന്ന് റോക്കറ്റുകളും മിസൈലുകളും വരെ തീവ്രവാദികൾ ഉപയോഗിക്കുന്നത് നമുക്കറിയാം. അങ്ങനെയൊരു തീവ്രവാദി വിഭാഗം ഈ സമരത്തിന് പിന്നിലുണ്ടായിരുന്നുവെങ്കിൽ വളരെ പ്രാകൃതമായ അമ്പുംവില്ലും ഉപയോഗിച്ച് അവർ സമരം ചെയ്യുവാൻ പുറപ്പെടുമായിരുന്നോ? അവർക്ക് അത്യാധുനിക ആയുധങ്ങൾ തോക്കും, ബോംബും ഒക്കെ ലഭിക്കുകയില്ലായിരുന്നോ? ആദിവാസികളുടെ കുടിലുകൾ കത്തിച്ചപ്പോൾ സ്വന്തം നിലനില്പിനുവേണ്ടി തങ്ങളുടെ കൈയിൽ ഉണ്ടായിരുന്ന അമ്പുംവില്ലും ഉപയോഗിച്ച് അവർ പോലീസിനെ നേരിടുകയാണ് ചെയ്തത്. തീവ്രവാദി വിഭാഗം ഇവരുടെ പിന്നിൽ ഉണ്ടായിരുന്നുവെങ്കിൽ തോക്കും ബോംബുമായിട്ടൊക്കെ ഇവർ സമരം നടത്തുമായിരുന്നു. അതുകൊണ്ട് തന്നെ ഇത് ആസൂത്രിക അക്രമമല്ലായിരുന്നു. നിലനില്പിനുവേണ്ടി അടിയന്തരമായി - (വികാരപരമായി തന്നെ എന്നു പറയട്ടെ) അവർ സ്വീകരിച്ച നടപടികളാണെന്ന് നമുക്ക് മനസ്സിലാക്കാം.

ദീർഘനാളുകളായി ചൂഷണം ചെയ്യപ്പെട്ട ഒരു ജനവിഭാഗത്തിന് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കാത്തതിന്റെ പേരിൽ ഉണ്ടായ ക്ഷോഭമാണിതിന്റെ പിന്നിൽ. അവരുടെ വേദന മനസ്സിലാക്കാൻ കഴിവുള്ള ഒരു ഭരണകൂടം ഇവിടെയില്ലാതായി എന്നതാണ് ദുഃഖകരം.

ഇവിടെ രാഷ്ട്രീയ പാർട്ടികളുടെ - ചെറുകിട രാഷ്ട്രീയ പാർട്ടികളുടെ മണ്ഡലം ഭാരവാഹികൾ പോലും സുഖസമൃദ്ധമായ ജീവിതം ആണ് നയിക്കുന്നത്. ഒരു ചെറുകിട ട്രേഡ് യൂണിയൻ പ്രവർത്തകൻ പോലും തന്റെ സ്വാധീനം ഉപയോഗിച്ച് സുഖസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ തേടുന്നത് നമുക്ക് കാണുവാൻ സാധിക്കും. വീട്ടിൽ ജീവിക്കാൻ മാർഗ്ഗമില്ലാതെ ട്രേയ്ഡ് യൂണിയൻ പ്രവർത്തനത്തിലേയ്ക്ക് കടന്നുവന്ന ചോട്ടാനേതാക്കൾ ബഹുനിലകെട്ടി

www.malankaralibrary.com

ടങ്ങൾ പണിയുന്നതും മൊബൈൽ ഫോൺ ഉപയോഗിച്ച് ചലിക്കുന്ന കൊട്ടാരങ്ങളിൽ സഞ്ചരിക്കുന്നതും നാം കാണുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം ജാനുവിന്റെ നേതൃത്വത്തെ നാം വിലയിരുത്തേണ്ടത്.

ദീർഘനാളത്തെ നേതൃത്വത്തിന്റെ ഫലമായിട്ട് വേണമെങ്കിൽ ജാനുവിനും കുറെയൊക്കെ സമ്പാദിക്കാമായിരുന്നു. അവരുടെ കുടുംബം ഇന്നും പട്ടണിയിലാണെന്നും വൃദ്ധയായ മാതാവും സഹോദരങ്ങളും ഒരു നേരത്തെ ഭക്ഷണത്തിന് പോലും വകയില്ലാതെ കഷ്ടപ്പെടുകയാണെന്നും ഈയടുത്ത ദിവസങ്ങളിൽ നാം പത്രത്തിൽ വായിക്കുകയുണ്ടായി. താൻ നേതൃത്വം കൊടുക്കുന്ന ജനതയുടെ മോചനമാണ് ജാനുവിന്റെ ലക്ഷ്യമെന്നും ആ ജന വിഭാഗത്തെ ചൂഷണം ചെയ്ത് തടിച്ചു കൊഴുക്കുവാൻ ജാനു ശ്രമിച്ചില്ലെന്നും നമുക്ക് മനസ്സിലാക്കാം.

മുത്തങ്ങയിൽ എത്രപേർ മരിച്ചുവെന്ന്, എത്രപേർക്ക് മർദ്ദനമേറ്റുവെന്ന് നമുക്ക് നിശ്ചയമില്ല. സംഘർഷം നടന്ന മേഖലകളിലേക്ക് മാധ്യമപ്രവർത്തകരെ പോലും കടത്തി വിടാതെയിരുന്നത് വളരെയധികം സംശയങ്ങൾക്കിട നൽകിയിട്ടുണ്ട്. തങ്ങളുടെ സഹപ്രവർത്തകൻ വധിക്കപ്പെട്ടപ്പോൾ - ക്രൂരമായി വധിക്കപ്പെട്ടപ്പോൾ - അതിന്റെ വേദന കൊണ്ട് പോലീസ് കുറെയൊക്കെ അതിക്രമം നടത്തിയിട്ടുണ്ടെന്നും അത് സ്വാഭാവികം മാത്രമാണെന്നും ഉള്ള ഭരണാധിപന്മാരുടെ വ്യാഖ്യാനം ഒട്ടും നീതികരിക്കാവതല്ല. പോലീസ് സമാധാനപ്രിയരാകണം. പ്രതികാരദാഹികളാകരുത്. അക്രമത്തെ അക്രമം കൊണ്ട് നേരിടുകയല്ല പോലീസിന്റെ ജോലി. എവിടെയും ശാന്തചിത്തരായി വർത്തിക്കാൻ കടപ്പെട്ടവരാണ് പോലീസുകാർ. മുത്തങ്ങ സംഭവത്തെപ്പറ്റിയും കോടതി വിധികളെപ്പറ്റിയുമെല്ലാം കേരള നിയമസഭാസ്പീക്കർ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ വേദനാജനകമാണ്. ഒരു നിയമസഭാദ്ധ്യക്ഷനിൽ നിന്നും കേൾക്കാൻ പാടില്ലാത്തതാണ് സ്പീക്കറിൽ നിന്നും നാം കേട്ടത്.

ഒത്തുതീർപ്പു വ്യവസ്ഥകളിൽ നിസ്സംഗത പുലർത്തുന്ന സർക്കാരിനെ സമാധാനപരമായ രീതിയിൽ എല്ലാ വിഭാഗങ്ങളെയും കോർത്തിണക്കി സമരം നടത്തുവാൻ ആണ് ജാനു ശ്രമിക്കേണ്ടിയിരിക്കുന്നത്. അത് സാധിക്കാത്തത് ജാനുവിന്റെ മാത്രം കുറ്റമല്ല. നൂറ്റാണ്ടുകളായി ചൂഷണത്തിന് വിധേയമായി കഴിഞ്ഞു കൂടുന്ന ഒരു ജനവിഭാഗത്തെ വീണ്ടും വീണ്ടും ഭരണാധികാരികൾ വഞ്ചിക്കുന്നവെന്ന തോന്നൽ സമൂഹത്തിനുണ്ടായാൽ അവർ അക്രമ മാർഗ്ഗങ്ങൾ സ്വീകരിച്ചുവെന്നു വരും.

ആദിവാസികളെ പൊതുവിൽ നക്സലുകളോ തീവ്രവാദികളോ ആയി ചിത്രീകരിച്ച് അവരെ ഒറ്റപ്പെടുത്തുവാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും.

01-03-2003

www.malankaralibrary.com

## 324

# സ്വാശ്രയ കോളേജ്

1972-ലാണ് കേരളത്തെ പിടിച്ചുകുലുക്കിയ കോളേജ് വിദ്യാഭ്യാസ പ്രക്ഷോഭണം നടന്നത്. സ്വകാര്യ കോളേജുകളെ നിലയ്ക്ക് നിർത്തുവാൻ ഷെഡ്ഡുകൾ കെട്ടി കോളേജുകൾ നടത്താൻ സർക്കാർ തീരുമാനിച്ചു. സ്വകാര്യ ഏജൻസികൾ എന്നു കേൾക്കുന്നതുതന്നെ പലർക്കും അസഹ്യമായിരുന്നു. ഷെഡ്ഡ് കോളേജുകളുടെ യഥാർത്ഥ ഉപജ്ഞാതാവ് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി ആയിരുന്നു. 1972-ലെ ആന്റണിയല്ല ഇന്നത്തെ ആന്റണി യെന്ന് തോന്നിക്കുന്നവിധത്തിലായിരുന്നു മുഖ്യമന്ത്രിയായ ആന്റണിയുടെ പ്രവർത്തനം. സ്വകാര്യ കോളേജുകളും സ്വാശ്രയ കോളേജുകളും ചോദിച്ചിട ത്തോളം കൊടുത്തപ്പോൾ ആന്റണിയുടെ നയത്തിൽ വലിയ മാററംവന്നുവെന്ന് ജനം വിചാരിച്ചു.

നാടുനീളെ സ്വാശ്രയ കോളേജുകൾ ഉദ്ഘാടനം ചെയ്തുകൊണ്ട് ആന്റണി പറഞ്ഞു "മററ് സംസ്ഥാനങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വൻതോതിൽ ആരംഭിച്ചപ്പോൾ കേരളത്തിനുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത് പഴയ സിദ്ധാന്തങ്ങളുടെ തടവറയിൽനിന്നും മോചിതരായിട്ടാണ്. സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിൽ കഴിഞ്ഞ കാലങ്ങളിൽ നാം സ്വീകരിച്ച നയം നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസരംഗത്ത് മൂന്ന് ദശാബ്ദം പിന്നോട്ട് പോകുന്നതിനിട നൽകി. ഇത് മാററത്തിന്റെ കാലഘട്ടമാണ്". ആന്റണിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ജനം കയ്യടിച്ചു. മുഖ്യമന്ത്രിയുടെ ഈ വാക്കുകൾ ഒരിക്കലും ആത്മാർത്ഥതയോടുകൂടിയായിരുന്നില്ലെന്നും അവസരവാദ പരമായിരുന്നുവെന്നും ഇന്ന് തെളിഞ്ഞിരിക്കുകയാണ്.

ഈ സന്ദർഭത്തിൽ ഇന്റർചർച്ച് കൗൺസിലിന്റെ ഔദ്യോഗിക വക്താവ് പുറപ്പെടുവിച്ച പ്രസ്താവനയിലെ ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു. "ഭരണഘടന ഉറപ്പുതരുന്ന അവകാശങ്ങൾക്കും ഭാരതത്തിലെ പരമോന്നത കോടതികളുടെ വിധിതീർപ്പുകൾക്കും വിരുദ്ധമായ നിലപാടുകൾ സ്വീകരി ക്കുന്നത് ജനാധിപത്യരാജ്യത്തെ സർക്കാരിന് ചേരുന്നതല്ല. കോടതിവിധി കളുടെ അടിസ്ഥാനവിശകലനങ്ങൾ വായിക്കാനും മനസ്സിലാക്കാനുമുള്ള ഒരു സൗമനസ്യമെങ്കിലും സർക്കാരിന്റെ ഉന്നത തലത്തിലുള്ളവർ കാട്ടണം. ഒപ്പം മററു സർക്കാരുകൾ സ്വീകരിക്കുന്ന നിലപാടുകൾ മനസ്സിലാക്കാനും തയ്യാറാകണം. അതിനുപകരം ഭീഷണിയുടെയും പ്രതികാര നടപടികളുടെയും വഴി സ്വീകരിച്ചാൽ അതിന്റെ പ്രത്യാഘാതം വലുതായിരിക്കും."

സർക്കാർ വാദിച്ച് തോററ കേസിലെ വിധി സമ്മർദ്ദ തന്ത്രങ്ങളിലൂടെ അട്ടിമറിക്കാനുള്ള നീക്കം അപലപനീയമാണ്. ഇങ്ങനെ നിയമവാഴ്ചയ് ക്കെതിരെ ഭരണാധികാരികൾതന്നെ നീങ്ങുന്നത് ജനാധിപത്യവിശ്വാസിക ളെയെല്ലാം തന്നെ ആശങ്കാകുലരാക്കുന്നു.

www.malankaralibrary.com

മുഖ്യമന്ത്രി, നഷ്ടം സഹിച്ച് ആരും കോളേജുകൾ നടത്തേണ്ടെന്നും എൻ.ഒ.സി. തിരിച്ചു നൽകണമെന്നുമാണ് പ്രഖ്യാപിച്ചത്. വേണമെങ്കിൽ മററ് സംസ്ഥാനത്ത് പോയി തുടങ്ങിക്കൊള്ളാനൊരു അനുമതിയും. മുഖ്യമന്ത്രിയുടെ അഹന്ത നിറഞ്ഞ ഈ വാക്കുകൾ കേട്ടാൽ കേരളം ആന്റണിയുടേത് മാത്രമാണെന്ന് തോന്നും.

1972-ലെ എ.കെ. ആന്റണിതന്നെയാണ് ഇന്നത്തെ മുഖ്യമന്ത്രി. അന്ന് ഷെഡുകൾ കെട്ടി കോളേജ്നടത്തി. ഇന്ന് മെഡിക്കൽ കോളേജിനും ഷെഡുകൾ കെട്ടുമായിരിക്കും. കുറെക്കൂടി മാന്യതയോടും ഉത്തരവാദിത്തത്തോടും കൂടി മുഖ്യമന്ത്രി പെരുമാറിക്കാണുവാനാണ് ജനം ആഗ്രഹിക്കുന്നത്.

10-03-2003

# 325

# മുഖ്യമന്ത്രിയുടെ പ്രസ്താവന പ്രതിഷേധാർഹം. പുഷ്പഗിരിമാനേജ്മെന്റിന് പിന്നിൽ സമുദായം ഉറച്ചുനില്ക്കും

15-03-2003

അമ്പത് ശതമാനം മെറിററ് സീററ് നൽകാനാകാത്തവർ നഷ്ടവും ത്യാഗവും സഹിച്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾ നടത്തേണ്ടതില്ലന്ന് മുഖ്യ മന്ത്രിയുടെ പ്രസ്താവന സുപ്രീംകോടതിയോടുള്ള അനാദരവാണെന്നും പഴയ സിദ്ധാന്തങ്ങളുടെ തടവറയിൽ നിന്നും മോചിതരായിട്ടാണ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതെന്ന് നാടുനീളെ പറഞ്ഞു നടന്ന് കൈയടി വാങ്ങിയ മുഖ്യമന്ത്രി ഇപ്പോൾ ചുവടുമാറി ചവുട്ടുന്നത് അവസരവാദപരമാണെന്നും പുഷ്പഗിരി മെഡിക്കൽ കോളേജ് മാനേജ്മെന്റിനു പിന്നിൽ സമുദായം ഉറച്ചുനിൽക്കുമെന്നും കത്തോലിക്കാ ക്രേൺഗ്രസ് പ്രസിഡന്റ് ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

1972ൽ ഷെഡ് കോളേജുകൾ കെട്ടി സ്വാകാര്യമേഖലയെ വിദ്യാഭ്യാസ രംഗത്തുനിന്നും തൂത്തെറിയാൻ ശ്രമിച്ച ആന്റണിയും കൂട്ടരും കേരളത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 30 വർഷം പിന്നോട്ട് ഓടിക്കുകയാണ് ചെയ്തതെന്നും, സമീപ സ്റ്റേറ്റുകളിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി നമ്മുടെ വിദ്യാർത്ഥികൾ പഠിക്കേണ്ടിവന്നതുമൂലം തൊള്ളായിരം കോടി രൂപയുടെ നഷ്ടമാണ് ഒരോ വർഷവും കേരളത്തിനുണ്ടാകുന്നതെന്നും കച്ചിറമററം ചൂണ്ടിക്കാട്ടി.

മററു സംസ്ഥാനങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വൻതോതിൽ ആരംഭിച്ചപ്പോൾ കേരളത്തിനുണ്ടാവുന്ന നഷ്ടം കണക്കിലെടുത്താണ് സംസ്ഥാനത്ത് സ്വാശ്രയ കേളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതെന്ന്

www.malankaralibrary.com

മുഖ്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹം ആത്മാർത്ഥതയോടെയാണ് ഇക്കാര്യം പറഞ്ഞതെങ്കിൽ സുപ്രീം കോടതിയുടെ വിധിയെ മാനിക്കാൻ ആന്റണി തയ്യാറാകണം. പുഷ്പഗിരി മാനേജുമെന്റിനെ ഒററപ്പെടുത്തുവാൻ സമുദായം തയ്യാറാവുകയില്ല. മാനേജ്മെന്റിനു പിൻപിൽ ഉറച്ചുനിന്നുകൊണ്ട് അവകാശങ്ങൾ സംരംക്ഷിക്കുവാൻ പോരാടും കച്ചിറമററം തുടർന്ന് പറഞ്ഞു.

## 326

# ന്യൂനപക്ഷാവകാശങ്ങൾ നിഷേധിച്ചാൽ പ്രത്യാഘാതം ഗുരുതരം

2003 ഏപ്രിൽ 12ന് കോട്ടയത്ത് ബി.സി.എം. കോളേജ് ഓഡിറേറാറിയത്തിൽ ചേർന്ന ന്യൂനപക്ഷ വിദ്യാഭ്യാസവകാശ പ്രഖ്യാപനസമ്മേളനത്തിൽ എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമററം അവതരിപ്പിച്ച പ്രമേയം.

ഇന്റർചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷന്റെ ആഭിമുഖ്യത്തിലുള്ള ഈ ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശപ്രഖ്യാപന കൺവെൻഷൻ എല്ലാ വിഭാഗങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ക്രൈസ്തവസഭകൾക്ക് എല്ലാ സമൂഹങ്ങളുടെയും വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായ വളർച്ചയിൽ പ്രത്യേക താല്പര്യവും ശ്രദ്ധയും ഉണ്ടായിരുന്നിട്ടുണ്ട്. ഇനിയും എക്കാലവും ഈ താല്പര്യവും ശ്രദ്ധയും പുലർത്തുകയും ചെയ്യും- വിദ്യാഭ്യാസരംഗത്തും പരമാവധി പങ്കാളിത്തം നൽകും.

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെയും അവയുടെ നടത്തിപ്പിനെയുംപ്പററി തെററിദ്ധാരണകൾ പരത്താനും കരിതേച്ചു കാണിക്കാനുമുള്ള ആസൂത്രിതവും ബോധപൂർവ്വവുമായ നീക്കങ്ങൾ പല കേന്ദ്രങ്ങളിലും നടക്കുന്നതായി ഈ സമ്മേളനം വിലയിരുത്തുന്നു. ഇപ്രകാരമുള്ള നീക്കങ്ങളിൽ നിന്നും പിൻമാറണമെന്ന് ഉത്തരവാദപ്പെട്ടവരോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

ഭാരതത്തിന്റെ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് ഉറപ്പുനൽകിയിട്ടുള്ളതും കോടതിവിധികളിലൂടെ വിശദമാക്കിയിട്ടുള്ളതുമായ വിദ്യാഭ്യാസ അവകാശങ്ങളിന്മേൽ വിവിധതലങ്ങളിലുള്ള കൈയ്യേററങ്ങളിൽ ഈ സമ്മേളനം ഉൽക്കണ്ഠ രേഖപ്പെടുത്തുന്നു. നീതിന്യായ വ്യവസ്ഥയെത്തന്നെ വെല്ലുവിളിക്കുന്ന വിധത്തിൽ ഭരണാധികാരികൾ പെരുമാറുന്ന അപകടകരമായ പ്രവണത അവസാനിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസരംഗത്ത് ഭരണഘടന നൽകുന്ന അവകാശങ്ങളിന്മേലുള്ള കടന്നാക്രമണം ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്നതാകയാൽ ഇത്തരം നീക്കങ്ങളിൽ നിന്ന് പിന്തിരിയണമെന്ന് ഈ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു. ന്യൂനപക്ഷാവകാശങ്ങൾ നിഷേധിച്ചാൽ പ്രത്യാഘാതങ്ങൾ വലുതായിരിക്കുമെന്നുകൂടി ഓർമ്മിപ്പിക്കുന്നു. വിദ്യാഭ്യാസരംഗത്ത് നീതിലഭിക്കുന്നതിനായി ന്യൂനപക്ഷങ്ങൾ നിരന്തരം കോടതി കയറേണ്ടിവരുന്ന സ്ഥിതിവിശേഷം ഉളവാക്കുന്ന സർക്കാരിന്റെ നയപരിപാടികളിലുള്ള ശക്തമായ പ്രതിഷേധവും അറിയിക്കുന്നു.

www.malankaralibrary.com

# 327

# 2003 ന്യൂനപക്ഷാവകാശ വർഷമായി എ.കെ.സി.സി. ആചരിക്കുന്നു.

ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള സംഘടിതനീക്കങ്ങൾ ശക്തിപ്പെട്ടു വരുന്ന ഈ കാലഘട്ടത്തിൽ ഭരണഘടന ഉറപ്പുതരുന്ന ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുവാൻ ന്യൂനപക്ഷങ്ങൾ വിട്ടുവീഴ്ചയില്ലാതെ പോരാടുവാനും എന്തുത്യാഗവും സഹിക്കുവാനും തയ്യാറാകണമെന്നും ന്യൂനപക്ഷാവകാശങ്ങളുടെ പ്രസക്തിയും ഇതു സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ഉചിതമായ കർമ്മപരിപാടികൾക്ക് രൂപം നൽകണമെന്നും കോട്ടയത്ത് ചൈതന്യാ പാസ്റ്റൽ സെന്ററിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിററി ഏകകണ്ഠമായി തീരുമാനിച്ചു. ഈ ലക്ഷ്യസാദ്ധ്യത്തിനായി 2003 ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കുവാനും നിശ്ചയിച്ചു.

കത്തോലിക്കാ കോൺഗ്രസ്സ് ഇതു സംബന്ധിച്ച് അംഗീകരിച്ച പ്രമേയത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ന്യൂനപക്ഷവിഭാഗങ്ങൾക്ക് അവരുടെ മതപരവും ഭാഷാപരവും മതസാംസ്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ഇന്ത്യൻ ഭരണഘടന 30-ാം വകുപ്പ് നൽകുന്ന പരിരക്ഷകളുമാണ് ന്യൂനപക്ഷാവകാശങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തങ്ങൾക്ക് സംവരണമോ മററ് ആനുകൂല്യങ്ങളോ വേണ്ടെന്നും പകരം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം മതിയെന്നുമുള്ള ക്രൈസ്തവ പ്രതിനിധികളുടെ അഭ്യർത്ഥനമാനിച്ചുകൊണ്ടാണ് ഭരണഘടനാശില്പികൾ അവർക്കുവേണ്ടി ന്യൂനപക്ഷാവകാശങ്ങൾ എഴുതിച്ചേർത്തത്. ഈ അവകാശങ്ങൾ മാറിമാറിവരുന്ന ഭരണകൂടങ്ങളുടെ താല്പര്യാനുസൃതം എളുപ്പം മാററിമറിക്കപ്പെടാതിരിക്കാൻ ഈ അവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ മൗലീകാവകാശങ്ങളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ന്യൂനപക്ഷ വിഭാഗങ്ങളുടെ മക്കളെ അവരുടേതായ മത സാംസ്കാരിക പശ്ചാത്തലത്തിൽ വളർത്താൻ വിദ്യാലയങ്ങൾ സ്ഥാപിക്കാനും അവ നടത്താനും അദ്ധ്യാപകനിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനുമുള്ള സമ്പൂർണ്ണസ്വാതന്ത്ര്യം ഉറപ്പുവരുത്തുവാനും ഭരണഘടനനൽകുന്ന പരിരക്ഷയാണ് ഈ അവകാശങ്ങൾ. ഈ അവകാശങ്ങൾ കവർന്നെടുക്കാൻ പല സന്ദർഭങ്ങളിലും സർക്കാർ ശ്രമിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശങ്ങളുടെ അന്തഃസത്ത മനുഷ്യാവകാശങ്ങളിലും സാമൂഹികനീതിയിലും മാനവസമത്വത്തിലുമാണ് അടങ്ങിയിരിക്കുന്നതെന്ന സത്യം വിസ്മരിച്ചുകൊണ്ടാണ് ഭരണാധികാരികൾ പ്രവർത്തിക്കുന്നത്.

ഈ സാഹചര്യത്തിൽ ന്യൂനപക്ഷാവകാശങ്ങളുടെ പ്രസക്തി ജനങ്ങളെ

www.malankaralibrary.com

ബോദ്ധ്യപ്പെടുത്തുവാനും ന്യൂനപക്ഷാവകാശങ്ങളുടെ നേർക്കുള്ള വെല്ലുവിളിയെ ഫലപ്രദമായി നേരിടുന്നതിന് ജനങ്ങളെ വിശിഷ്യ ന്യൂനപക്ഷങ്ങളെ സജ്ജമാക്കുന്നതിനുമായി 2003 ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കാൻ കത്തോലിക്കാ കോൺഗ്രസ്സ് തീരുമാനിക്കുന്നു. ന്യൂനപക്ഷാവകാശ വർഷാചരണത്തിന്റെ രൂപരേഖ തയ്യാറാക്കുവാനും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനുമായി എ.കെ.സി.സി. പ്രസിഡണ്ട് ജോൺ കച്ചിറമററം ചെയർമാനും അലൻ വാണിയപ്പുരയ്ക്കൽ, അഡ്വ.സി.ജോസ് ഫിലിപ്പ് എന്നിവർ കൺവീനറുമാരും ആയി ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു.

2003 മാർച്ച്

# 328

# എ.കെ.പി.സി.ടി.എ.യുടെ ചരിത്രബോധം വിചിത്രം

സർ സി.പി.യുടെ കാലത്ത് സർക്കാർ ഗ്രാന്റുവാങ്ങുന്ന വിദ്യാലയങ്ങളിൽ മതനിരപേക്ഷവിദ്യാഭ്യാസ പാഠ്യപദ്ധതി നടപ്പിലാക്കണമെന്ന് കാണിച്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെയാണ് സഭ സമരം ചെയ്തതെന്ന എ.കെ.പി.സി.ടി.എ. ഭാരവാഹികളുടെ പ്രസ്താവന സത്യവിരുദ്ധമാണെന്നും പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെയാണ് യഥാർത്ഥത്തിൽ സമരം ചെയ്തതെന്നും ന്യൂനപക്ഷാവകാശത്തിനെതിരെ എന്നും നിലകൊള്ളുന്ന എ.കെ.പി.സി.ടി.എ.യുടെ പുതിയ കണ്ടുപിടിത്തത്തിൽ സഹതപിക്കുന്നുവെന്നും കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡന്റ് ജോൺ കച്ചിറമററം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ വകയാണെന്നും വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കാൻ പോവുകയാണെന്നും അതിന് ആദ്യപടിയായി പ്രൈവററ് ഏജൻസികൾ നടത്തുന്ന എല്ലാ പ്രൈമറി വിദ്യാലയങ്ങളും ഗവൺമെന്റ് ഏറെറടുക്കാൻ പോവുകയാണെന്നും സി.പി. പ്രഖ്യാപിക്കുകയും അതിനുവേണ്ടിയുള്ള നിയമത്തിന് 1945 സെപ്ററംബറിൽ രൂപം നൽകുകയും ചെയ്തു. വിദ്യാഭ്യാസം നിർബന്ധിതവും സാർവ്വത്രികവുമാക്കുകയെന്നുള്ള ഗവൺമെന്റ് നയത്തിന്റെ മുന്നോടിയായി തെക്കൻ തിരുവിതാംകൂറിലെ ഏതാനും പ്രൈവററ് വിദ്യാലയങ്ങൾ സർ സി.പി. സർക്കാരിലേക്ക് ഏറെറടുക്കുകയും ചെയ്തു. പ്രൈമറി വിദ്യാലയങ്ങൾ ഏറെറടുക്കാനുള്ള നീക്കത്തിനെതിരെയാണ് തിരുവിതാംകൂറിലെ ക്രൈസ്തവസമൂഹം സമരം ചെയ്തത്. പ്രൈമറി വിദ്യാലയ ദേശസാൽക്കരണശ്രമത്തിന് സർ സി.പി.ക്ക് പിന്തുണ നൽകിക്കൊണ്ട് എൻ. എസ്സ്.എസ്സും, എസ്.എൻ.ഡി.പി.യും തങ്ങൾക്കുണ്ടായിരുന്ന വിദ്യാലയങ്ങൾ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും ചെയ്തു. എന്നിട്ടും ക്രൈസ്തവസമൂഹം ഒററക്കുനിന്ന് പോരാടി വിജയം വരിച്ചു.

www.malankaralibrary.com

പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെ മാർ ജെയിംസ് കാളാശ്ശേരി പുറപ്പെടുവിച്ച ഇടയലേഖനം, എ.കെ.സി.സി. പ്രസിഡണ്ടായിരുന്ന ഷെവലിയർ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മന്റെ അറസ്റ്റ്, കത്തോലിക്കാ കോൺഗ്രസ്സ് തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച രണ്ടരലക്ഷം പേർ ഒപ്പിട്ട ഭീമഹർജി ഇവയെല്ലാം വിദ്യാഭ്യാസ സമരത്തിന് ശക്തി പകർന്നു. പ്രക്ഷോഭണം ശക്തിപ്പെട്ടപ്പോൾ സർക്കാർ ഗ്രാന്റ് വാങ്ങുന്ന വിദ്യാലയങ്ങളിൽ മതനിരപേക്ഷ വിദ്യാഭ്യാസ പാഠ്യപദ്ധതി നടപ്പിലാക്കുമെന്ന് സി.പി. പ്രസ്താവിക്കുകയുണ്ടായി എന്നതിൽ കവിഞ്ഞ് മററൊന്നും സംഭവിച്ചില്ല. അന്ന് വിദ്യാഭ്യാസരംഗത്ത് ആധിപത്യം ക്രൈസ്തവസമൂഹത്തിനായിരുന്നു. ആധിപത്യം തകർക്കുകയെന്ന സി.പി.യുടെ ലക്ഷ്യത്തെ തകർക്കാൻ ക്രൈസ്തവസമൂഹത്തിന് സാധിച്ചു. ഈ സത്യം മറച്ചുവച്ച് സി.പി.യുടെ കാലത്തെ വിദ്യാഭ്യാസപ്രക്ഷോഭണത്തിന് ഒരു പുതിയ മുഖം നൽകുവാനുള്ള എ.കെ.പി.സി.ടി.എ.യുടെ ശ്രമം അപഹാസ്യമാണ്-കച്ചിറമററം അഭിപ്രായപ്പെട്ടു.

ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ കോട്ടയത്ത് ഇക്കഴിഞ്ഞ 12-ാം തീയതി വിളിച്ചുകൂട്ടിയ ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശ പ്രഖ്യാപന കൺവെൻഷനിൽ സി.ബി.സി.ഐ. പ്രസിഡണ്ട് സിറിൾ മാർ ബസേലിയോസ് നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ വിദ്യാഭ്യാസരംഗത്ത് ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളികൾ വിശദീകരിക്കുകയുണ്ടായി. ദീർഘമായ ആ പ്രസംഗത്തിലെ ഒരു വാചകം സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് എ.കെ.പി.സി.ടി.എ. ജനങ്ങളിൽ തെററിദ്ധാരണയുളവാക്കാൻ ഉപയോഗിച്ചത് നിർഭാഗ്യകരമായിപ്പോയി. ഉത്തരവാദപ്പെട്ട ഒരു സംഘടന ഇപ്രകാരം ചെയ്തതിൽനിന്നും ആ സംഘടനയുടെ സ്വഭാവം മനസ്സിലാക്കുവാൻ സാധിക്കും പ്രസിഡണ്ട് ജോൺ കച്ചിറമററം അഭിപ്രായപ്പെട്ടു.

2003 മാർച്ച്

## 329

# യു.ഡി.എഫ്. പരാജയകാരണം സ്വാശ്രയ കോളജ് പ്രശ്നവും സർക്കാരിന്റെ മദ്യനയവും

എറണാകുളം പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥി പരാജയപ്പെടുവാനുള്ള കാരണങ്ങൾ മാറാടും മുഖ്യമന്ത്രിയുടെ ന്യൂനപക്ഷ വിരുദ്ധ പ്രസ്താവനയും മാത്രമല്ലെന്നും സ്വാശ്രയകോളേജുകളോടുള്ള യു.ഡി.എഫിന്റെ സമീപനവും മദ്യനയവും പ്രധാന ഘടകങ്ങളാണെന്നും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് ജോൺ കച്ചിറമററം.

ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളോടും സ്വാശ്രയകോളേജുകളോടും എ.കെ.ആന്റണി കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി സ്വീകരിച്ചുവരുന്ന നിലപാടിനോടും കേരളത്തെ മദ്യാലയമാക്കാനുള്ള യു.ഡി.എഫ് സർക്കാരിന്റെ

www.malankaralibrary.com

നീക്കത്തോടും കടുത്ത അമർഷമുള്ളവർ നിരവധിയാണെന്നും അവരുടെ വികാരം മനസ്സിലാക്കാൻ മുഖ്യമന്ത്രിക്ക് സാധിക്കാതെ പോയത് പരാജയ കാരണമാണെന്നും പ്രസിഡണ്ട് ജോൺ കച്ചിറമററം ഒരു പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

കോടതിവിധികളെപ്പോലും ധിക്കരിച്ചുകൊണ്ട് സർക്കാർ നടത്തിയ നീക്കങ്ങളും എൻ.ഒ.സി. തിരിച്ചേൽപ്പിച്ച് മററു സംസ്ഥാനങ്ങളിലേക്കു പൊയ്ക്കൊള്ളുവാൻ നടത്തിയ പ്രസ്താവനയും സ്വാശ്രയകോളേജുകളിലെ ഫീസുകളെ സംബന്ധിച്ച് ഏകപക്ഷീയമായി സർക്കാർ സ്വീകരിച്ച നടപടികളും ജനങ്ങളിൽ ഉളവാക്കിയ അമർഷം ഈ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു.

കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് നടത്തിയ വാഗ്ദാനങ്ങൾ കാററിൽ പറത്തിക്കൊണ്ട് സ്വീകരിച്ച മദ്യനയത്തെ സമാധാനകാംക്ഷികളായ ജനങ്ങളെ അസ്വസ്ഥരാക്കിയെന്നു കച്ചിറമററം പ്രസ്താവിച്ചു.

## 330

# ആദിവാസി നേതാക്കളെ നിരുപാധികം വിട്ടയക്കണം

കത്തോലിക്കാകോൺഗ്രസ്സ്

05-05-2003

മുത്തങ്ങയിൽ നടന്ന സംഘർഷത്തിന്റെ ഫലമായി ജയിലിൽ അടയ്ക്കപ്പെട്ടിരുന്ന ആദിവാസികളെ നിരുപാധികം വിട്ടയക്കണമെന്നും സർക്കാർ ആദിവാസികൾക്ക് നൽകിയ ഉറപ്പ് എത്രയും പെട്ടന്ന് പാലിക്കണമെന്നും മുത്തങ്ങ സംഭവത്തെ തുടർന്ന് ഭീതിയിൽ കഴിയുന്ന ആദിവാസികൾക്ക് സംരക്ഷണം നൽകണമെന്നും കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മററി ആംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞിരിക്കുന്നു. പ്രമേയം തുടരുന്നു. ആദിവാസികൾക്ക് സർക്കാർ നൽകിയ ഉറപ്പ് യഥാവസരം നടപ്പാക്കാത്ത സാഹചര്യത്തിലാണ് മുത്തങ്ങയിൽ ആദിവാസികൾ കയറി പ്രതീകാത്മമായ സമരം നടത്തിയത്. ആ പ്രതീകാത്മക സമരത്തോട് സർക്കാർ സ്വീകരിച്ച നയമാണ് സംഘർഷത്തിലെക്കു നയിച്ചത്. ത്രീവ്രവാദികൾ ഈ സമരത്തിന്റെ പിൻപിൽ ഉണ്ടായിരുന്നുവെന്ന ആരോപണം കളവാണ്. ആദിവാസികളുടെ കൈവശംപരമ്പരാഗത ആയുധങ്ങളായ അമ്പും വില്ലും അല്ലാതെ മറെറാന്നും ഉണ്ടായിരുന്നില്ലന്നുള്ളതു തന്നെ അതിന് തെളിവാണ്.

ആദിവാസികൾ ഇന്ന് ഭീതിയിലാണ് കഴിയുന്നത്. അവരുടെ ഭീതിയകററുവാൻ സർക്കാർ അടിയന്തിരനടപടികൾ സ്വീകരിക്കണം. മുത്തങ്ങ പ്രശനത്തിൽ ജുഡീഷ്യൽ അന്വേഷണമായിരുന്നു ഉചിതം. എങ്കിലും സർക്കാർ

www.malankaralibrary.com

പ്രഖ്യാപിച്ച സി.ബി.ഐ. അന്വേഷണത്തെ എ.കെ.സി.സി. സ്വാഗതം ചെയ്യുന്നു.

മുത്തങ്ങയിലെ കലാപം അടിച്ചമർത്തിയതിനെ അനുമോദിച്ചുകൊണ്ട് ചില കേന്ദ്രങ്ങൾ നടത്തിയ പ്രസ്താവന അങ്ങേയററം ആക്ഷേപകരമാണ്. മുത്തങ്ങ ഒന്ന് സന്ദർശിച്ച വിവരം ശേഖരിക്കാതെ സർക്കാരിന് പിന്തുണ പ്രഖ്യാപിച്ചത് അവസരവാദപരമാണ്. എ.കെ.സി.സി. അഭിപ്രായപ്പെട്ടു.

## 331

# ഐക്യരാഷ്ട്ര സഭ

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരത കണ്ടുമനസ്സിലാക്കിയ രാഷ്ട്രങ്ങൾ ചേർന്ന് രൂപീകരിച്ചതാണ് സർവ്വരാജ്യ സംഘടന. ഇനിയൊരു ലോകമഹായുദ്ധത്തിന് ഇടവരാതിരിക്കാൻ രാഷ്ട്രങ്ങൾ പരസ്പരം സഹകരിച്ചു പ്രവർത്തിക്കാനാണ് സർവ്വരാജ്യ സംഘടന രൂപീകരിച്ചത്. വേണ്ടത്ര അധകാരമോ, സ്വാധീനമോ, സൈന്യമോ ഇല്ലാതിരുന്ന സർവ്വരാജ്യസംഘടനയ്ക്ക് മററൊരു ലോകമഹായുദ്ധത്തിൽനിന്നും ലോകത്തെ രക്ഷിക്കാൻ സാധിച്ചില്ല. രണ്ടാം ലോകമഹായുദ്ധത്തിന് ലോകം വഴിമാറി കൊടുക്കേണ്ടിവന്നു. ലോകത്തിന് മുഴുവൻ നാശം വിതച്ചുകൊണ്ട് ഹിരോഷിമ പോലുള്ള ദുരന്തങ്ങൾ സമ്മാനിച്ചുകൊണ്ട് രണ്ടാം ലോക മഹായുദ്ധം അവസാനിച്ചു. ഇനി ഒരു ലോകമഹായുദ്ധം ഉണ്ടാകാതിരിക്കാനാണ് - രാജ്യങ്ങളെ തമ്മിൽ ഏകോപിപ്പിച്ച് നിർത്തുന്നതിനുവേണ്ടിയാണ് ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചത്. ആ സംഘടനയും ലക്ഷ്യപ്രാപ്തിക്ക് സഹായകരമല്ലെന്ന് ഇറാഖ് യുദ്ധം തെളിയിച്ചുകഴിഞ്ഞു.

ഇറാക്കിന്റെ മേൽ അമേരിക്ക നടത്തിയ യുദ്ധത്തെ പല രാഷ്ട്രങ്ങളും എതിർത്തെങ്കിലും ഫലപ്രദമായി ഒന്നും തന്നെ ചെയ്യാൻ സാധിച്ചില്ല. ഐക്യരാഷ്ട്രസംഘടന ഒരു നോക്കുകുത്തിയായി നിൽക്കേണ്ടിവന്നു. അമേരിക്കയെപ്പോലെ സൈനികശേഷിയുള്ള ഒരു രാഷ്ട്രം ഈ ഭൂമുഖത്തുണ്ടായിരുന്നുവെങ്കിൽ അമേരിക്ക ഈ ആക്രമണത്തിന് മുതിരുകയില്ലായിരുന്നു. ചോദിക്കാനാരുമില്ലായെന്ന സ്ഥിതി വിശേഷം അമേരിക്കയെ എന്തും ചെയ്യാൻ പ്രേരിപ്പിച്ചുവെന്നതാണ് സത്യം.

സമാധാനത്തിന്റെ സന്ദേശവും പേറി, ലോകപോലീസ് കളിച്ച അമേരിക്കയുടെ തനിനിറം ലോകത്തിന് മനസ്സിലാക്കാൻ സാധിച്ചു. അമേരിക്കയുടെ മുൻപിൽ ഓഛാനിച്ച് നിൽക്കാത്ത എല്ലാരാഷ്ട്രങ്ങളെയും ഇന്നല്ലെങ്കിൽ നാളെ അമേരിക്ക ആക്രമിച്ചെന്നുവരും. അമേരിക്കയുടെ ഈ യുദ്ധക്കൊതി നിർത്താൻ ലോകരാഷ്ട്രങ്ങൾ ഒന്നായി അണിനിരക്കുകതന്നെ വേണം.

അമേരിക്ക യുദ്ധം തുടങ്ങുന്നതിന് മുൻപേ പ്രവചിച്ചിരുന്നതാണ് ഇറാഖ് ഭടന്മാർ കീഴടങ്ങിക്കൊള്ളുമെന്ന്. അമേരിക്ക ഇറാക്കിലെ പട്ടാള ജനറലുമാരുമായി ഉണ്ടാക്കിയ രഹസ്യധാരണ പ്രകാരം ഇറാഖിനെ വഞ്ചിച്ചിരിക്കുകയാണ്. സ്വന്തം വളർച്ച കാംക്ഷിക്കുന്നവരാണ് പലരും എന്ന് വ്യക്തമായി.

പിതാവിനെ അറസ്റ്റ് ചെയ്ത് തടവിലാക്കി രാജ്യാധികാരം പിടിച്ചടക്കിയ സ്വാർത്ഥമതികൾ ഈ രാജ്യത്തുണ്ടായിരുന്നു. ബ്രട്ടീഷുകാരുമായി രഹസ്യ കരാറുണ്ടാക്കി സ്വന്തം രാജ്യത്തെ ഒററിക്കൊടുത്ത പട്ടാള ജനറൽമാരുണ്ടായിരുന്നു ഇവിടെ. ഇവരുടെയെണ്ണം ലോകമാകെ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഓറംഗസീബുമാരും, മിർജാഫർമാരും ഇറാഖിലുമുണ്ടായിരിക്കുന്നു. രാജ്യസ്നേഹമില്ലാത്തവർ എല്ലാ രാഷ്ട്രങ്ങളിലും വളർന്നുകൊണ്ടിരിക്കുന്നു.

ഐക്യരാഷ്ട്രസഭയ്ക്ക് ഇനി എന്തു പ്രസക്തിയാണുള്ളത്? ഐക്യരാഷ്ട്രസഭയെ ധിക്കരിച്ച് പോകുന്ന രാഷ്ട്രങ്ങളെ നിലയ്ക്കു നിറുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ ഈ സംഘടനകൊണ്ട് യാതൊരു പ്രയോജനവുമില്ല. ലോകരാഷ്ട്രങ്ങൾ ഗൗരവമായി ഈ പ്രശ്നം ചർച്ച ചെയ്യണം.

10-05-2003

## 332

# ന്യൂനപക്ഷാവകാശവും കത്തോലിക്കാ കോൺഗ്രസ്സും

ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ ഭാഷാപരവും മതസാംസ്ക്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കാനും പരിപോഷിപ്പിക്കുവാനും ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവർക്ക് സംവരണമോ മററ് ആനുകൂല്യങ്ങളോ വേണ്ടെന്നും പകരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം മതിയെന്നുമുള്ള ക്രൈസ്തവ പ്രതിനിധികളുടെ അഭ്യർത്ഥന ഭരണഘടനാ ശില്പികൾ അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ ക്രൈസ്തവർ നടത്തുകയും ചെയ്തുകൊണ്ടിരുന്നു.

എന്നാൽ ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങളെ നിയന്ത്രിക്കുവാനും പ്രവർത്തനസ്വാതന്ത്ര്യം ഇല്ലാതാക്കുവാനുമുള്ള നീക്കങ്ങളുമാണ് മാറിമാറി വരുന്ന സർക്കാരുകൾ നടത്തിയിട്ടുള്ളത്. ഇതിനെ എക്കാലവും ക്രൈസ്തവ സമുദായം എതിർക്കുകയും അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംരംഭത്തിന് എന്നും എക്കാലവും നേതൃത്വം നൽകിയിട്ടുള്ളത് കത്തോലിക്കാ കോൺഗ്രസ്സാണ്. ഏതെങ്കിലും രാഷ്ട്രീയകക്ഷികൾ ക്രൈസ്തവസമുദായത്തിന്റെ വിദ്യാഭ്യാസസ്വാതന്ത്ര്യപോരാട്ടത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ അന്നവർ പ്രതിപക്ഷത്തായിരുന്നതുകൊണ്ട് മാത്രമാണ്. അതിന് ഒരു ഉദാഹരണമാണ് മുണ്ടശ്ശേരി പദ്ധതിയെ എതിർക്കുവാൻ കോൺഗ്രസ്സ് പി.എസ്സ്.പി. ലീഗ് കക്ഷികൾ തയ്യാറായി മുന്നോട്ടു വന്നത്. 1972-ലെ സർവ്വകലാശാലാ നിയമത്തിനെതിരെ നടന്ന പോരാട്ടത്തിൽ കേരളാ കോൺഗ്രസ്സ് സഹകരിച്ചത്

www.malankaralibrary.com

മറെറാരുദാഹരണവുമാണ്. ഈ രണ്ടുസമരത്തിനും പശ്ചാത്തലമൊരുക്കിയത് എ.കെ.സി.സി. യാണ്. പ്രതിപക്ഷത്തായിരുന്നിട്ടുപോലും വളരെ വൈകിയാണ് രാഷ്ട്രീയ പാർട്ടികൾ രംഗത്തെത്തിയത്. വൈകി എത്തിയതാണെങ്കിൽപോലും അവരെ സമരത്തിന്റെ മുൻനിരയിലേക്ക് എ.കെ.സി.സി. സ്വാഗതം ചെയ്തു.

കത്തോലിക്കാ കോൺഗ്രസ്സ് ഒരു സ്കൂളോ, കോളേജോ സ്ഥാപിച്ചു നടത്തുന്നില്ല. എന്തിന് ഒരു നഴ്സറി സ്കൂൾപോലും നടത്തുന്നില്ല. സമുദായം നടത്തുന്ന, ഹൈരാർക്കിയും സന്യാസസഭകളുമൊക്കെ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തങ്ങളുടേതാണെന്ന ഉറച്ച വിശ്വാസം കൊണ്ടാണ് ഈ നിലപാട് കത്തോലിക്കാ കോൺഗ്രസ്സ് എന്നും സ്വീകരിച്ചിട്ടുള്ളത്. ഈ വസ്തുത സമുദായം പൂർണ്ണമായി മനസ്സിലാക്കിയിട്ടുണ്ടോയെന്ന് ഞങ്ങൾ സംശയിക്കുന്നു.

ന്യൂനപക്ഷദ്രോഹം എന്നും നടത്തുന്ന രാഷ്ട്രീയക്കാർ അഡ്മിഷനും നിയമനത്തിനും വേണ്ടി മാനേജുമെന്റുകളെ സമീപിക്കുമ്പോൾ അവരുടെ താല്പര്യങ്ങൾക്ക് വഴങ്ങി പ്രവർത്തിക്കുന്നതും ന്യൂനപക്ഷതാല്പര്യങ്ങൾക്കു വേണ്ടി എന്നും നിലകൊണ്ടിട്ടുള്ളവരുടെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര വില കല്പിക്കാത്തതും കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർക്ക് കാണേണ്ടി വന്നിട്ടുണ്ട്. അതൊന്നും ഒരു വിലപേശലിന് വേണ്ടി കോൺഗ്രസ്സ് വിനിയോഗിച്ചിട്ടില്ല.

ഇന്ന് സ്വാശ്രയകോളേജ് പ്രശ്നം സജീവമായി നിൽക്കുകയാണല്ലോ. കഴിഞ്ഞ കാലത്തേതുപോലെ എ.കെ.സി.സി. ഈ പ്രശ്നത്തിലും സജീവരംഗത്തുണ്ട്. അതിന്റെ ഫലമായിട്ടാണ് 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടി നടത്തിയ പോരാട്ടത്തിന്റെ ചരിത്രം ഇന്നത്തെ തലമുറയെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സ്പെഷ്യൽ തന്നെ പ്രസിദ്ധീകരിക്കുന്നത്. അറിയുന്നതിനേ മാത്രമേ നാം സ്നേഹിക്കുകയുള്ളൂ. അതുകൊണ്ട് പോരാട്ടത്തിന്റെ ചരിത്രം നാം ഗ്രഹിക്കണം.

പരാതിയും പരിഭവവും പറയേണ്ട സമയമല്ലിത്. ക്രൈസ്തവ സമുദായതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉറച്ചുനിന്ന് പോരാടേണ്ട സമയമാണിത്. മാർ കാളാശ്ശേരി തിരുമേനിയും ഷെവലിയർ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മനും വെട്ടിത്തെളിച്ച മാർഗ്ഗത്തിലൂടെ നമുക്ക് മുന്നേറാം. വിജയം നമ്മുടേതാണ്. അതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുവാനും നാം തയ്യാറാകുക തന്നെ വേണം.

10-07-2003

# 333

# എ.കെ.സി.സി. പ്രതിനിധിസംഘം ഗുജറാത്ത് സന്ദർശിച്ചു.

ഗുജറാത്തിലെ സംഘർഷമേഖലകളും ഭൂകമ്പദുരിതബാധിത പ്രദേശങ്ങളും സന്ദർശിക്കുന്നതിനും ഗുജറാത്തിലെ മലയാളി കത്തോലിക്കരുടെ കൂട്ടായ്മയിൽ പങ്കുചേരുന്നതിനുമായി അഹമ്മദാബാദിൽ എത്തിച്ചേർന്ന എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമറ്റത്തിനും ജോസ് വിതയത്തിലിനും സെൻട്രൽ റയിൽവേസ്റ്റേഷനിൽ വച്ച് അഹമ്മദാബാദ് മലയാളി കാത്തിലിക് അസോസിയേഷൻ സ്വീകരണം നൽകി. മക്കാഫ് പ്രസിഡന്റ് ജിജി ഫിലിപ്പ്, ജനറൽ സെക്രട്ടറി ജോണി ജോർജ്, ട്രഷറർ റ്റി.ഇ.ജോസഫ്, സി.എസ്സ്.ജോസഫ്, സാമുവൽ ബാബു, മക്കാഫിന്റെ എപ്പിസ്കോപ്പൽ വികാരി ഫാ.കുര്യാച്ചൻ പോൾ എന്നിവരുടെ നേതൃത്വത്തിൽ ആണ് സ്വീകരണം നൽകിയത്. നാലുദിവസം ഗുജറാത്തിലെ വിവിധ ഭാഗങ്ങളിൽ സന്ദർശനം നടത്തിയ പ്രിതിനിധിസംഘം സബർമതി ആശ്രമമാണ് ആദ്യം സന്ദർശിച്ചത്. തുടർന്ന് ഭൂകമ്പദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി.

ലോകമനഃസ്സാക്ഷിയെ ഞെട്ടിപ്പിച്ച സംഭവമാണ് ഗോഡ്റയിലെ ട്രെയിനിൽ യാത്ര ചെയ്ത 62 പേരെ പെട്രോൾ ഒഴിച്ച് കത്തിച്ചു കൊലപ്പെടത്തിയത്. അഹമ്മദാബാദിൽ നിന്നും മുന്നൂറു കിലോമീറ്റർ അകലെയുള്ള ഗോഡ്റയും കത്തിത്തകർന്ന ട്രെയിൻ ബോഗികളും പ്രതിനിധിസംഘം സന്ദർശിച്ചു. തീവണ്ടി കത്തിക്കലിനെപ്പറ്റി വിഭിന്ന അഭിപ്രായങ്ങൾ നാട്ടുകാർ പറഞ്ഞതായി പ്രതിനിധിസംഘം അറിയിച്ചു. മനുഷ്യത്വം മരവിച്ച ആ ദുരന്തസംഭവത്തിന്റെ സാക്ഷിയായി നിലകൊള്ളുന്ന കത്തിത്തകർന്ന ട്രെയിൻ ബോഗി സ്റ്റേഷനിൽ നിന്നും രണ്ടു ഫർലോങ് അകലെ മാറ്റിയിട്ടിരിക്കുകാണ്. ആ കത്തിക്കരിഞ്ഞ ട്രെയിൻ കമ്പാർട്ട്മെന്റ് കാണുമ്പോൾത്തന്നെ അവിടെ നടന്ന ഭീകരത നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

തീവണ്ടികത്തിക്കലിനെതുടർന്ന് ഗുജറാത്തിന്റെ വിവിധ ഭാഗങ്ങളിൽ രണ്ടായിരത്തിൽ പരം ആളുകളെ വെട്ടിയും കുത്തിയും ബോംബെറിഞ്ഞും കൊലപ്പെടുത്തിയതായാണ് ഏകദേശകണക്ക്. അവരിൽ പലരുടെയും കുടുംബാംഗങ്ങളെ പ്രതിനിധിസംഘം സന്ദർശിച്ച് സംഭാഷണം നടത്തി. ഗുജറാത്ത് ഇന്ന് ശാന്തമാണെങ്കിലും ഗുജറാത്തിലെ ന്യൂനപക്ഷങ്ങളുടെ ഇടയിൽ ഇന്ന് ഭീതി നിലനിൽക്കുന്നുണ്ട്. അഹിംസയുടെ പ്രവാചകനായിരുന്ന ഗാന്ധിജിയുടെ നാട് ഇന്ന് മതഭ്രാന്തിന്റെ തേർവാഴ്ചയിൽ കത്തിക്കാളുകയാണ്. മതഭ്രാന്ത് വിഷ ലഹരിയായി തീജ്ജ്വാലയായി ഇനിയും കത്തിപ്പടരുമോയെന്ന് സാധാരണജനങ്ങൾ ഭയപ്പെടുന്നു എന്നും കച്ചിറമറ്റം അഭിപ്രായപ്പെട്ടു.

15-08-2003

www.malankaralibrary.com

## 334

# വിദ്യാഭ്യാസ സമര ചരിത്രം - അഭിമാനപൂർവ്വം

കേരളത്തിലെ ക്രൈസ്തവസമൂഹം വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം ആരംഭിച്ചിട്ട് 60 വർഷം പിന്നിട്ടുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ 60 വർഷത്തിനിടയിൽ നടന്ന സമരങ്ങളുടെ സമ്പൂർണ്ണചരിത്രം ഇതുവരെ ആരും രേഖപ്പെടുത്തുകയുണ്ടായിട്ടില്ല. കഴിഞ്ഞകാല സമരങ്ങളിൽ പങ്കെടുത്ത് ദിവംഗതരായ പലരെയും നാം സ്മരിക്കുകയും ചെയ്തിട്ടില്ല. 2003 ന്യൂനപക്ഷാവകാശവർഷമായി എ.കെ.സി.സി. ആചരിക്കുന്നതിന്റെ ഭാഗമായി 2003 ജൂലായ് ലക്കം ബുള്ളററിൽ ന്യൂനപക്ഷാവകാശവർഷാചരണ സ്പെഷ്യലായി പ്രസിദ്ധീകരിക്കുകയുണ്ടായി. നാളിതുവരെയുള്ള സമരങ്ങളുടെ സമ്പൂർണ്ണ ചരിത്രവും ഈ സമരത്തിൽ പങ്കെടുത്ത 60 മഹാത്മാക്കളെപ്പററിയുള്ള അനുസ്മരണവും ഈ ഗ്രന്ഥത്തിലുണ്ട്. ആഗസ്റ്റ് 30-ന് പ്രസ്തുത ചരിത്ര ഗ്രന്ഥം ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പ്രകാശനം ചെയ്തു.

ഈ ചരിത്രഗ്രന്ഥത്തോട് സമുദായത്തിനുണ്ടായ പ്രതികരണത്തിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഒരാഴ്ചകൊണ്ട് മുഴുവൻ കോപ്പികളും വിററഴിഞ്ഞു. പുസ്തകത്തിന്റെ കോപ്പി ആവശ്യപ്പെട്ടുകൊണ്ട് നിരവധിയാളുകൾ കത്തുകൾ അയയ്ക്കുന്നുണ്ട്. ഇത്രമാത്രം പ്രോത്സാഹനം ഈ സംരംഭത്തിന് ഉണ്ടാകുമെന്ന് ഞങ്ങൾ വിചാരിച്ചതല്ല. പ്രതീക്ഷിച്ചതിൽ കവിഞ്ഞ സഹകരണം ആണ് സമുദായാംഗങ്ങളിൽനിന്നുമുണ്ടായത്. ചരിത്രത്തോട് പ്രതിപത്തിയുള്ള ഒരു സമൂഹം ഇവിടെ വളർന്നുവെന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ഒന്നാം പതിപ്പ് വിററഴിഞ്ഞ സാഹചര്യത്തിൽ ഒരു രണ്ടാം പതിപ്പുകൂടി പ്രസിദ്ധീകരിക്കുവാൻ ഞങ്ങൾ നിർബന്ധിതരായി തീർന്നിരിക്കുകയാണ്. ഒന്നാം പതിപ്പിനുണ്ടായ അനുഭവം അടുത്ത പതിപ്പിനും ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

05-09-2003

## 335

# മലയാളി കാത്തലിക് ഫെലോഷിപ്പ് (മക്കാഫ്)

മലയാളികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറിയിട്ടുണ്ട്. അൻപതുവർഷം മുൻപ് ഉദ്യോഗം തേടി ആരംഭിച്ച കുടിയേററം ലോകത്തിന്റെ എല്ലാഭാഗത്തും വ്യാപിച്ചിട്ടുണ്ട്. ഒററപ്പെട്ട ജീവിതം ആയിരുന്നു അവർ ആദ്യം നയിച്ചിരുന്നത്. പരസ്പരം സഹായിക്കുവാൻ നാട്ടുകാർ ആരും തന്നെ ഉണ്ടായിരുന്നില്ല. ഉള്ളവർ പലയിടത്തും പരസ്പര ബന്ധമില്ലാതെ കഴിഞ്ഞുകൂടി. അങ്ങനെ ഒററപ്പെട്ട് ജീവിച്ചവർ മരണം, രോഗം തുടങ്ങിയ സന്ദർഭങ്ങളിൽ

www.malankaralibrary.com

സഹായത്തിനാരുമില്ലാതിരുന്നതിനാൽ വളരെയധികം യാതനകൾ അനുഭവിച്ചിട്ടുണ്ട്.

കാലക്രമേണ കുടിയേററക്കാരുടെ എണ്ണം വർദ്ധിച്ചു. പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടായി. അതിന് ഓരോ പ്രദേശത്തും ഓരോരുത്തർ നേതൃത്വം നൽകി വിജയത്തിലെത്തിച്ചിട്ടുണ്ട്. മലയാളി കത്തോലിക്കർ റീത്തുകൾക്കും രൂപതകൾക്കും അതീതമായി ജർമ്മനിയിലും, ന്യൂയോർക്കിലും, കുവൈററിലും, ബഹറിനിലും ഒക്കെ സംഘടിക്കുകയുണ്ടായി. ഇന്ത്യയ്ക്കകത്താണെങ്കിൽ ബോംബെയിലും, മദ്രാസിലും, ഡൽഹിയിലുമൊക്കെ മലയാളി കത്തോലിക്കരുടെ കൂട്ടായ്മയുണ്ട്. ഈ കൂട്ടായ്മയിൽ ഏററം ശക്തമായ കൂട്ടായ്മയാണ് ഗുജറാത്തിലെ മലയാളി കാത്തലിക് ഫെലോഷിപ്പ്. ഈ സംഘടന ആരംഭിച്ചിട്ട് ഇരുപതുവർഷം പിന്നിട്ടിരിക്കുന്നു. ഇത്രമാത്രം ശക്തമായ ഒരു കൂട്ടായ്മ മറെറാരിടത്തും കാണുവാൻ സാധിച്ചിട്ടില്ല. അവർ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി കത്തോലിക്കർക്കും സംഘടനകൾക്കും അനുകരിക്കാവുന്നതാണ്.

ന്യൂനപക്ഷങ്ങൾ ഏററവും കൂടുതൽ പീഢിപ്പിക്കപ്പെടുന്ന ഒരു സംസ്ഥാനമാണല്ലോ ഗുജറാത്ത്. ആ പ്രദേശത്ത് ക്രൈസ്തവരുടെ എണ്ണം വളരെ കുറവാണ്. അവിടെയുള്ള ക്രൈസ്തവരിൽ നല്ല പങ്കും കേരളക്കാരാണ്. ഭൂകമ്പം മൂലവും ന്യൂനപക്ഷപീഢനം മൂലവും കഷ്ടപ്പെടുന്ന അവിടുത്തെ ക്രൈസ്തവർക്ക് ഒരു അത്താണിയായി പ്രവർത്തിക്കുവാൻ മക്കാഫിന് സാധിച്ചിട്ടുണ്ട്. രൂപതാദ്ധ്യക്ഷന്മാരും വൈദികരുമായി നല്ല ബന്ധം പുലർത്താൻ മക്കാഫിന് സാധിച്ചിട്ടുണ്ട്. വരും കാലങ്ങളിൽ മക്കാഫിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കൂടുതൽ വിജയകരമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

05-09-2003

## 336

# നിധീരിക്കൽ മാണിക്കത്തനാർ ചരമ ശതാബ്ദി എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ

കോട്ടയം നവംബർ 10

നസ്രാണി സമുദായത്തിന്റെ അഭിമാന ഭാജനവും കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ആരംഭകനും ജാത്യൈക്യ സംഘത്തിന്റെ സ്ഥാപകനും ഭാഷാപോഷിണി സഭയുടെ ഉപരക്ഷാധികാരിയും സമുദായ സംഘടന എന്ന ആശയം അവതരിപ്പിച്ചുകൊണ്ട് അതിനുവേണ്ടി പ്രവർത്തിച്ച ധിഷണാശാലിയും കവിയും സാഹിത്യകാരനും പ്രഭാഷകനും, സാമൂഹ്യപരിഷ്കർ

www.malankaralibrary.com

ത്താവും ദേശാഭിമാനിയും സഭാ സ്വാതന്ത്ര്യസമരത്തിന്റെ പടനായകനുമായിരുന്ന നിധീരിക്കൽ മാണിക്കത്തനാരുടെ ചരമ ശതാബ്ദി വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നതിന് ഇന്നിവിടെ ചേർന്ന എ.കെ.സി.സി. വർക്കിംഗ് കമ്മിററി യോഗം തീരുമാനിച്ചതായി പ്രസിഡണ്ട് ജോൺ കച്ചിറമററം അറിയിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് നാലു പ്രധാന സമ്മേളനങ്ങൾ നടത്തുന്നതിനും കോട്ടയത്തുവച്ചു നടത്തുന്ന സമാപനസമ്മേളനത്തിൽ രാഷ്ട്രപതി അടക്കമുള്ള ദേശീയ നേതാക്കളെയും സീറോ-മലബാർ സഭാ മേലദ്ധ്യക്ഷന്മാരെയും പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ കേന്ദ്രത്തിൽവച്ച് നടത്തുന്ന സമ്മേളനങ്ങൾ മാണിക്കത്തനാരുടെ നാലു വ്യത്യസ്ഥ സേവന മേഖലകളെ പുരസ്കരിച്ചായിരിക്കും. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന സഭാ സ്വാതന്ത്ര്യസമരം, ഭാഷാസേവനം, എക്യുമെനിക്കൽ പ്രസ്ഥാനത്തിന് ആരംഭം കുറിച്ച ജാതൈക്യസംഘം, സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് വ്യത്യസ്ഥ സമ്മേളനങ്ങളിൽ ഊന്നൽ കൊടുക്കുക.

നസ്രാണി സമുദായത്തിന്റെ അഭിമാനഭാജനമായ മാർ കരിയാററി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽ നിന്നും കേരളത്തിൽ കൊണ്ടുവന്ന് ആലങ്ങാട്ട് പുനസംസ്കരിച്ചതും മാർ കരിയാററിയുടെ മെത്രാഭിഷേക ദ്വിശതാബ്ദി രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് അതിവിപുലമായ തോതിൽ ആഘോഷിച്ചതും പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ചരമ ദ്വിശതാബ്ദി സീറോ-മലബാർ സഭയിലെ 27 വൈദിക മേലദ്ധ്യക്ഷന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ തോതിൽ ഒരു വർഷം നീണ്ടു നിന്ന പരിപാടികളോടെ നടത്തിയതും കത്തോലിക്കാകോൺഗ്രസ്സാണെന്ന വസ്തുത അനുസ്മരണീയമാണ് എന്ന പ്രസിഡണ്ട് ജോൺ കച്ചിറമററം പ്രസ്താവിച്ചു.

പരിപാടികളുടെ നടത്തിപ്പിനുവേണ്ടി വിവിധ കമ്മിററികൾ രൂപീകരിക്കുന്നതിനായി വിപുലമായ ഒരു ആലോചനായോഗം നവംബറിൽ ചേരുന്നതാണെന്നും കച്ചിറമററം അറിയിച്ചു.

(2003 ഡിസംബർ 15-ലെ തീരുമാനപ്രകാരം എ.കെ.സി.സി. രംഗത്തുനിന്നും അപ്രത്യക്ഷമായല്ലോ. തന്മൂലം മാർ കരിയാറ്റിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയും പാറേമാക്കൽ തോമ്മാ കത്തനാരുടെ ചരമ ദ്വിശതാബ്ദി ആഘോഷിച്ചതുപോലെ മാണിക്കത്തനാരുടെ ചരമശതാബ്ദിയാഘോഷിക്കുവാൻ സാധിച്ചില്ല. മറ്റാരും ശ്രമിച്ചുമില്ല....)

www.malankaralibrary.com

## 337

## 2003 ഡിസംബർ 15

2002 ഫെബ്രുവരിയിൽ നടന്ന എ.കെ.സി.സി. തിരഞ്ഞെടുപ്പിനെപ്പററി ആക്ഷേപം ഉന്നയിക്കുകയും ഒരു പരാതി സീറോ മലബാർ സിനഡിന് ചിലർ സമർപ്പിക്കുകയും ചെയ്തു. സിനഡ് മേൽനടപടികൾ സ്വീകരിക്കുവാൻ ബിഷപ് അഡ്വൈസർ മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിനെ നിയോഗിച്ചു. തിരഞ്ഞെടുപ്പിനെപ്പററി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ഒരു അഭിഭാഷകനെ നിയോഗിച്ചു. അന്വേഷണ കമ്മീഷൻ നൽകിയ റിപ്പോർട്ടിൽ റീ ഇലക്ഷൻ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടതായി മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നെ വിളിച്ചറിയിച്ചു. ഇനി എന്താണ് ചെയ്യേണ്ടതെന്ന് തിരുമേനി ചോദിച്ചു. ഉടൻ തന്നെ തിരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും ഉചിതമെന്ന് ഞാൻ അഭിപ്രായപ്പെട്ടു. അന്വേഷണകമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാൻ മാർജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ പോൾ ചിററിലപ്പള്ളി എന്നിവരടങ്ങിയ ഒരു കമ്മററിയെ സിനഡ് ചുമതലപ്പെടുത്തി.

ആ മൂന്നംഗകമ്മററി കാക്കനാട്ട് സെന്റ് തോമസ് മൗണ്ടിൽ എന്നെ വിളിച്ച് എന്റെ അഭിപ്രായം ആരാഞ്ഞു. ഉടൻതന്നെ തിരഞ്ഞെടുപ്പ് നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അതുവരെ കോൺഗ്രസ്സിന്റെ ഭരണം നിർവ്വഹിക്കുവാൻ രൂപതാ പ്രസിഡണ്ടുമാർ അടങ്ങിയ ഒരു സബ്ബ്കമ്മററിയെ അഡ്ഹോക്ക് കമ്മററിയായി നിയമിക്കുന്നത് ഉചിതമായിരിക്കുമെന്നും ഞാൻ അഭിപ്രായപ്പെട്ടു. രൂപതാ പ്രസിഡണ്ടുമാരും സെക്രട്ടറിമാരും ഉൾപ്പെട്ട ഒരു കമ്മററി ആയാലോ എന്ന അഭിപ്രായം പിതാക്കന്മാർ ചോദിച്ചു. ഞാൻ അതിനെയും സ്വാഗതം ചെയ്തു.

2003 ഡിസംബർ 15-ാം തീയതി കാക്കനാട് സെന്റ് തോമസ്മൗണ്ടിൽ രൂപതാ പ്രസിഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും യോഗം അഭിവന്ദ്യപിതാക്കന്മാർ വിളിച്ചുകൂട്ടി. സംഘടനാപ്രവർത്തനം ഇല്ലാത്ത രൂപതകളിൽ നിന്നും ഈ രണ്ടുപേരെയും ആ യോഗത്തിലേക്ക് പിതാക്കന്മാർ വിളിച്ചു. ആ യോഗത്തിന്റെ തീരുമാനം രൂപതാപ്രസിഡണ്ടുമാരും സെക്രട്ടറിമാരും മുൻ പ്രസിഡണ്ടും ജനറൽസെക്രട്ടറിയും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട വൈസ് പ്രസിഡണ്ടുമാരും ഉൾപ്പെട്ട ഒരു അഡ്ഹോക്ക് കമ്മററിയെ തിരഞ്ഞെടുപ്പ് വരെയുള്ള ചുമതലകൾ നിർവ്വഹിക്കാൻ ചുമതലപ്പെടുത്തികൊണ്ടുള്ള തായിരുന്നു. ഈ കമ്മററിയിലേക്ക് മുൻട്രഷററെയും തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ജെയിംസ് ചെറിയാനെയും ഉൾപ്പെടുത്തി. കൂടാതെ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനം ഇല്ലാത്ത രൂപതകളിൽ നിന്നും ഈ രണ്ടുപേരെയും അഡ്ഹോക്ക് കമ്മററിയിലേക്ക് ഉൾപ്പെടുത്തി (ഈ യോഗത്തിൽ ഞാൻ

www.malankaralibrary.com

പങ്കെടുത്തിരുന്നില്ല.) അതേസമയം ഒരു അഡ്വൈസറികമ്മററിയെയും യോഗം തിരഞ്ഞെടുത്തു. ഒരു അതിരൂപതയിൽ നിന്നും ഒരാൾ വീതം അഡ്വൈസറി കമ്മററിയിലേക്ക് തിരഞ്ഞെടുത്തു. ജോൺ കച്ചിറമററം, എൻ.എം.ജോസ്, അഡ്വ.ബിജു പറയന്നിലം, പി.ഐ.ആന്റണി എന്നിവരായിരുന്നു അഡ്വൈസറി ബോർഡ് അംഗങ്ങൾ. ശ്രീ.ഇ.ജെ.ലൂക്കോസ് അഡ്വൈസറിബോർഡിന്റെയും അഡ്ഹോക്ക് കമ്മററിയുടെയും കൺവീനറായി തിരഞ്ഞെടുത്തു. ശ്രീ. ജെയിംസ് ചെറിയാനെ താൽക്കാലിക പ്രവർത്തക സമിതിയിലേക്ക് തിരഞ്ഞെടുത്തത് എന്തിന്റെ പേരിലാണെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. എ.കെ.സി.സി.യുടെ 335 അംഗപ്രതിനിധി സഭയിലേക്ക് ഒരാളായിപ്പോലും തിരഞ്ഞെടുക്കപ്പെടാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല. ബാലറ്റ് പെട്ടി തട്ടിയെടുപ്പിച്ചതും ഓഫീസ് പിടിച്ചെടുത്ത് സ്വയം പ്രസിഡണ്ടാണെന്ന് പ്രഖ്യാപിച്ചതും മാത്രമാണ് അദ്ദേഹത്തിന്റെ യോഗ്യത. ഈ യോഗ്യതക്ക് നൽകിയ അംഗീകാരമായിട്ടായിരിക്കാം താൽക്കാലിക പ്രവർത്തക സമതിയിലേക്ക് അദ്ദേഹത്തെ ഉൾപ്പെടുത്തിയത്. ക്രിമിനലുകൾക്ക് ഉന്നത പദവിയിലെത്തിച്ചേരാനുള്ള എളുപ്പമാർഗ്ഗം ഈ തിരഞ്ഞെടുപ്പുവഴി കാണിച്ചുകൊടുത്തിരിക്കുകയാണ്. ഭരണഘടനയേയും സംഘടനാ പ്രവർത്തന ശൈലിയേയും അട്ടിമറിച്ച ഈ നടപടി എത്രമാത്രം ക്രൂരമാണ് ചിന്തിക്കുക!

ഈ തിരഞ്ഞെടുപ്പിന്റെ വിവരം പത്രമാധ്യമങ്ങളിൽ പരസ്യപ്പെടുത്തണ്ടെന്നും പ്രസ്താവന പുറപ്പെടുവിക്കരുതെന്നും നിർദ്ദേശിച്ചതായാണ് പിന്നീട് അറിഞ്ഞത്. അഡ്ഹോക്ക് കമ്മററിയുടെ അടുത്തയോഗം ജനുവരി 31-ാം തീയതിക്ക് കൂടണമെന്നും അതിനുമുൻപ് അഡ്വൈസറിബോർഡ് യോഗം കൂടി അജണ്ടാനിശ്ചയിക്കണമെന്നും തീരുമാനിച്ചു.

2004 ജനുവരി 14-ാം തീയതി അഡ്വൈസറിബോർഡു യോഗം ചേർന്ന് 31-ാം തീയതിയിലെ യോഗത്തിനുള്ള അജണ്ടാ തയ്യാറാക്കി. അഡ്ഹോക്ക് കമ്മററിക്ക് അംഗീകാരം നൽകുവാൻ ജനറൽ ബോഡി യോഗം വിളിച്ചുകൂട്ടുക, ഭരണഘടനാഭേദഗതിക്ക് ഒരു കമ്മററിയെ നിയോഗിക്കുക തുടങ്ങിയവയായിരുന്നു അജണ്ടാ.

2004 ജനുവരി 31-ാം തീയതി അഡ്ഹോക്ക് കമ്മററി യോഗം കോട്ടയം മെത്രാസനമന്ദിരത്തിൽ മാർകുര്യാക്കോസ് കുന്നശ്ശേരി തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. അഡ്ഹോക്ക് കമ്മററിക്ക് അംഗീകാരം നൽകാനായി പ്രതിനിധിസഭായോഗം വിളിച്ചുകൂട്ടേണ്ട ആവശ്യമില്ലെന്ന് അഡ്വൈസറി ബോർഡിലെ ഒരു അംഗമായ പി.എ.ആന്റണി ഉൾപ്പെടെ പലരും വാദിച്ചു. എ.കെ.സി.സി.യുടെ പാലാ, ചങ്ങനാശ്ശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി, കോതമംഗലം രൂപതാ പ്രതിനിധികൾ പ്രതിനിധിസഭായോഗം വിളിച്ചുകൂട്ടണമെന്നഭിപ്രായപ്പെട്ടപ്പോൾ, എറണാകുളം, ഇരിങ്ങാലക്കുട, രൂപതയിൽനിന്നുള്ള പ്രതിനിധികൾ പ്രതിനിധിസഭായോഗം വിളിച്ചുകൂട്ടണ്ടായെന്ന് അഭിപ്രായപ്പെട്ടു. (പാലക്കാട്, ഇടുക്കി രൂപതയിലെ പ്രതിനിധികൾ എ.കെ.സി.സി.മെമ്പർമാർ അല്ല.) എ.കെ.സി.സി.യുടെ അഡ്ഹോക്ക് ഭരണസമിതിയിലെ അംഗങ്ങൾ

www.malankaralibrary.com

എ.കെ.സി.സി.മെമ്പർമാരല്ലാത്തതിനാൽ അവർക്ക് അംഗത്വം നൽകി കമ്മററിയിൽ സ്വീകരിക്കണമെന്ന അഭിപ്രായവും ചിലർ എതിർത്തു.

ഭരണഘടനാഭേദഗതിക്ക് ഒരു കമ്മററിയെ തിരഞ്ഞെടുത്തു. ആ കമ്മററിയുടെ നിർദ്ദേശങ്ങൾ ഈ അഡ്ഹോക്ക് കമ്മററിയുടെ തീരുമാനത്തിന് വിട്ടാൽ മതിയെന്ന അഭിപ്രായത്തെ ബഹുഭൂരിപക്ഷം രൂപതാസംഘങ്ങളിൽ നിന്നും ഉള്ള പ്രതിനിധികൾ എതിർത്തു. ഭരണഘടന പാസ്സാക്കുന്നതിനുള്ള അധികാരം പ്രതിനിധിസഭയ്ക്കുമാത്രമാണുള്ളതെന്നും ഭരണഘടനാഭേദഗതികൾ ബുള്ളററിനിൽ പ്രസിദ്ധീകരിച്ച് പ്രതിനിധിസഭവിളിച്ചുകൂട്ടി അംഗീകരിക്കണമെന്നും ഉള്ള അഭിപ്രായത്തെ എറണാകുളം ഇരിങ്ങാലക്കുട രൂപതകളിൽ നിന്നുമുള്ള പ്രതിനിധികൾ എതിർത്തു. ഭരണഘടന അഡ്ഹോക്ക്കമ്മററി അംഗീകരിച്ചാൽ മതിയെന്നും ബുള്ളററിനിൽ പ്രസിദ്ധീകരിക്കണ്ടായെന്നും പ്രതിനിധിസഭ വിളിച്ചുകൂട്ടുകവേണ്ടെന്നും മാർ കുര്യാക്കോസ് കുന്നശ്ശേരി അഭിപ്രായപ്പെട്ടതോടെ യോഗം പര്യവസാനിച്ചു. എന്നും ഭരണഘടനയെ ധിക്കരിക്കുകയും തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ബാലറ്റ് പെട്ടി തട്ടിയെടുക്കുകയും ഓഫീസ് കൈയ്യടക്കി പ്രസിഡണ്ടിന്റെ കസേരയിൽ കയറിയിരുന്ന് പ്രസിഡണ്ടാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തവർ, നിയമാനുസരണം പ്രതിനിധി സമ്മേളനം വിളിച്ചുകൂട്ടി തീരുമാനമെടുക്കുന്നതിനെ എതിർക്കുക സ്വഭാവികമാണ്. പക്ഷെ അതിനെ പിന്തുണക്കുന്നത് എന്തു ധാർമ്മികതയുടെ പേരിലാണ്?

ഡിസംബർ 15-ലെ യോഗതീരുമാനങ്ങൾ നടപ്പിലാക്കാൻ ചിലർ തയ്യാറായില്ല. റിക്കാർഡുകളും മററും ഞാൻ ഇ.ജെ.ലൂക്കോസിനെ 2003 ഡിസംബറിൽ തന്നെ ഏല്പിച്ചു. ഓഫീസിന്റെ താക്കോലോ, ട്രഷറർ കണക്കുകളോ ഏല്പിക്കാത്ത സാഹചര്യത്തിൽ കോൺഗ്രസ്സിന്റെ യാതൊരു പ്രവർത്തനവും പിന്നീട് നടന്നില്ല. വിവരം മൂന്നുപിതാക്കന്മാരെയും യഥാവസരം അറിയിച്ചിരുന്നു. ഒരു തീരുമാനത്തിലെത്തിയില്ല. തീരുമാനമെടുത്ത് എട്ടുമാസം കഴിഞ്ഞപ്പോൾ ഓഫീസിന്റെ താക്കോൽ ലൂക്കോസ് സാറിനെ ഏല്പിച്ചു. തുടർന്ന് സെപ്ററംബർ 2-ാം തീയതി കോട്ടയം മെത്രാസനമന്ദിരത്തിൽ യോഗം ചേർന്നു. പ്രസ്തുത യോഗം ഭരണഘടനാഭേദഗതി പ്രതിനിധി സമ്മേളനം വിളിച്ചുകൂട്ടിവേണമെന്ന് അഭിപ്രായപ്പെട്ടു. ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലും മാർ പോൾ ചിറ്റലപ്പള്ളിയും നിയമാനുസൃണംതന്നെ ഭരണഘടനാഭേതഗതി പാസ്സാക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

ശാഖകൾക്ക് നിർദ്ദേശം നൽകുവാനും പ്രവർത്തനങ്ങൾ ഏകീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനുമാണ് ബുള്ളററിൻ പ്രസിദ്ധീകരിക്കുന്നത്. ബുള്ളററിൻ പ്രസിദ്ധീകരിക്കണ്ടായെന്ന് തീരുമാനിച്ചതോടെ പ്രവർത്തകരും ശാഖകളും രൂപതാസംഘങ്ങളും തമ്മിലുള്ള ബന്ധം അററുപോയി. കത്തോലിക്കാ കോൺഗ്രസ്സിൽ ഇന്ന് എന്തുനടക്കുന്നുവെന്ന സത്യം അറിയുവാൻ ഒരു വഴിയുമില്ലാതായി. പ്രവർത്തകർ എന്തുചെയ്യണമെന്ന കാര്യത്തിൽ തപ്പിത്തടയുന്നു. ഇങ്ങനെയൊരു പ്രതിസന്ധിസംഘടനയിൽ സൃഷ്ടിച്ചതിന് ഉത്തരവാദികൾ ആരാണ്?

www.malankaralibrary.com

എ.കെ.സി.സി. അഡ്ഹോക്ക് കമ്മററി കൺവീനർക്ക് സമകാലീന പ്രശ്നങ്ങളെപ്പററി പ്രതികരിക്കാനും പ്രസ്താവന പുറപ്പെടുവിക്കാനും അവകാശം നിഷേധിക്കുകവഴി കത്തോലിക്കാകോൺഗ്രസ്സ് എന്ന വാക്കു പോലും പത്രങ്ങളിൽ വരാതായി. കത്തോലിക്കാ കോൺഗ്രസ്സ് നിശ്ചലമായി തീർന്നതിന്റെ ഉത്തരവാദികൾ ആരാണ്?

1968 ഡിസംബറിൽ ആലുവായിൽചേർന്ന റീജിയണൽ സെമിനാർ ഏകകണ്ഠമായി അംഗീകരിച്ച പ്രമേയം താഴെ ചേർക്കുന്നു. "സഭയിലെ എല്ലാ തീരുമാന സമിതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിദ്ധ്യം നൽകിയും എല്ലാ രൂപതകളിലും ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും എ.കെ.സി.സി.യെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ ശുപാർശചെയ്യുന്നു." കെ.സി.ബി.സി. വിളിച്ചുകൂട്ടിയ റീജയണൽ സെമിനാറിൽ പങ്കെടുത്ത ലത്തീൻ കത്തോലിക്കരും, സീറോ മലങ്കര, സീറോ-മലബാർ കത്തോലിക്കരും ഏകകണ്ഠമായി അംഗീകരിച്ച പ്രമേയമാണിത്. 36 വർഷം കഴിഞ്ഞപ്പോൾ ആ പ്രമേയത്തിന്റെ സ്ഥിതി എന്തായി എന്ന് സമുദായസ്നേഹികൾ ചിന്തിക്കണം. ആ തീരുമാനത്തിന്റെ അന്തസത്തയെ തകർക്കാനാണ് ബോധപൂർവ്വം പലരും കരുക്കൾ നീക്കിയത്. ആ സെമിനാറിൽ പങ്കെടുത്തവരാണ് പിൽക്കാലത്ത് എ.കെ.സി.സി.യുടെ കടയ്ക്കൽ ആഞ്ഞുവെട്ടിയതെന്ന സത്യം ദുഃഖത്തോടെ ഈയവസരം ഞാൻ സ്മരിക്കുകയാണ്.

കഴിഞ്ഞ 36 വർഷമായി എ.കെ.സി.സി. വർക്കിംഗ് കമ്മററിയിൽ അംഗമായ ഞാൻ 18 വർഷക്കാലം ജനറൽ സെക്രട്ടറിയായും 8 വർഷക്കാലം പ്രസിഡണ്ടുമായി പ്രവർത്തിച്ചു. ഈ കഴിഞ്ഞകാലങ്ങളിൽ കത്തോലിക്കാ കോൺഗ്രസ്സ് സമകാലീനപ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്തുവെന്ന് ബോദ്ധ്യപ്പെടുത്തുവാനാണ് ഈ ഗ്രന്ഥം പ്രധാനമായും രചിക്കുന്നത്.

## കച്ചിറമററം എന്താണ് അനങ്ങാത്തത്?

2003 ഡിസംബർ 15ന് ആണല്ലോ പുതിയ അഡ്ഹോക്ക് കമ്മററി ചാർജെടുത്തത്. ജനറൽബോഡിയുടെ അംഗീകാരമില്ലാതെയാണ് ഈ കമ്മററി തുടരുന്നത്. ഇങ്ങനെയൊരു കമ്മററി രൂപീകരിച്ചുവെന്നോ ഞാൻ ഉൾപ്പെടെയുള്ള ഭാരവാഹികൾ പിരിഞ്ഞുപോയെന്നോ നാട്ടുകാർക്കോ, ശാഖാപ്രവർത്തകർക്കോ, പ്രവർത്തകർക്കോ, നമ്മുടെ വൈദീകർക്കോ അറിയത്തില്ലായെന്നതാണ് സത്യം. 2003 ഡിസംബർ 15ന് ശേഷം നമ്മുടെ സമുദായം പല പ്രതിസന്ധികളിലും അകപ്പെടുകയുണ്ടായി. ന്യൂനപക്ഷാവകാശധ്വംസനം, സ്വാശ്രയകോളേജുപ്രശ്നം, കാർഷികപ്രശ്നങ്ങൾ അവയെല്ലാം പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. ചില മെത്രാപ്പോലീത്താമാരും മെത്രാന്മാരും വൈദീകരും അൽമായരും ഒക്കെ പലടത്തുംവച്ചുകാണുമ്പോൾ കച്ചിറമററം എന്താണ് അനങ്ങാത്തത് എന്ന ചോദ്യം എന്നോട് ചോദിക്കുകയുണ്ടായി. ഉത്തരം നൽകാനാകാതെ ഞാൻ കുഴങ്ങി. ഇന്നത്തെ സാഹചര്യം പലരോടും ഞാൻ പറഞ്ഞു. ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യം രഹസ്യമായി വിശദീകരിച്ചു. എന്നാലും എന്തെങ്കിലും ചെയ്യണം എന്ന് എന്നോട് പലരും

www.malankaralibrary.com

സ്നേഹപൂർവ്വം ഉപദേശിച്ചു. അതിന്റെയടിസ്ഥാനത്തിൽ എന്റെ സഹപ്രവർത്തകരും ആയി ആലോചിച്ച് സഭയ്ക്കെതിരായി വന്ന എല്ലാ ആരോപണങ്ങൾക്കും എതിരെ പോരാടാൻ ഞാൻ തീരുമാനിച്ചു. അവയിൽ ചിലതാണ് അടുത്ത പേജുകളിൽ ചേർത്തിരിക്കുന്നത്. കേരളമുഖ്യമന്ത്രിക്ക് ഒരു തുറന്ന കത്ത് എഴുതിക്കൊണ്ടാണ് ഞാൻ ആ നടപടി ആരംഭിച്ചത്. 2004 ഫെബ്രുവരി 23-ാം തീയതി എഴുതിയ തുറന്നകത്ത് അടുത്തതാളിൽ.

## 338

# കേരളമുഖ്യമന്ത്രി എ.കെ.ആന്റണിക്ക് ഒരു തുറന്ന കത്ത്

ബഹുമാനപ്പെട്ട സർ,

വ്യക്തിജീവിതത്തിലും ഭരണരംഗത്തും സംശുദ്ധിയും ആദർശനിഷ്ഠയും കാത്തു സൂക്ഷിക്കുവാൻ അങ്ങ് നടത്തുന്ന പരിശ്രമം ശ്ലാഘനീയമാണ്. എന്നാൽ നിർഭാഗ്യവശാൽ സംസ്ഥാനഭരണം ഒട്ടും കാര്യക്ഷമമല്ലെന്ന് ചൂണ്ടിക്കാണിക്കേണ്ടിവന്നതിൽ ഖേദമുണ്ട്.

1. സംസ്ഥാനത്തിന്റെ വികസനത്തിനായുള്ള അങ്ങയുടെ സ്വപ്നങ്ങളും പദ്ധതികളും അഭിനന്ദനാർഹമാണ്. പക്ഷേ അവ സാക്ഷാത്ക്കരിക്കുന്നതിൽ അങ്ങേക്ക് വിജയിക്കാനാവുന്നില്ല. പ്രതിപക്ഷവും ഭരണപക്ഷവും മത്സരബുദ്ധിയോടെ തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. വികസനവണ്ടി ഒരടി മുന്നോട്ടുപോകുവാൻ അവർ സമ്മതിക്കാത്തത് രാജ്യദ്രോഹപരം തന്നെ, സംശയമില്ല. അതുകൊണ്ടൊന്നും മനസ്സുമടുത്ത് പിൻമാറരുത്. അടിപതറാതെ ധീരമായി മുന്നോട്ടു പോവുക.

2. ഭരണമുന്നണിയിലെ അനൈക്യവും കുതികാൽവെട്ടും എല്ലാ സീമകളും അതിലംഘിച്ചിരിക്കുന്നു. ഘടകകക്ഷികൾ തന്നിഷ്ടംപോലെ വകുപ്പുകൾ ഭരിച്ചുവാഴുകയാണ്, മുടിച്ചുതേച്ചുകഴുകയാണ്. മുഖ്യമന്ത്രിയായ അങ്ങേയ്ക്ക് ഫലപ്രദമായ യാതൊരു നിയന്ത്രണവും ചെലുത്തുവാൻ കഴിയുന്നില്ല. സങ്കടകരം തന്നെ. ഓരോ വകുപ്പിന്റെയും നടത്തിപ്പ് അങ്ങ് സസൂക്ഷ്മം വിലയിരുത്തണം. നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടയണം. ധൂർത്തും ആർഭാടവും പാഴ്ച്ചെലവും പാടേ നിയന്ത്രിക്കണം. വൻവികസനപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ നിർദ്ദേശം നൽകണം.

3. അഴിമതികൊടികുത്തി വാഴുകയാണ്. രാഷ്ട്രീയപാർട്ടിക്കാരും, മന്ത്രിമാരും ഉദ്യോഗസ്ഥരും പട്ടാപ്പകൽ തീവെട്ടിക്കൊള്ളയാണ് നടത്തുന്നത്. ആദർശനിഷ്ഠനായ അങ്ങ് നിസ്സഹായനായി നെടുവീർപ്പിട്ട് നോക്കിനിൽക്കുന്ന കാഴ്ചക്കാരൻ മാത്രമാണ്.

4. ഉദ്യോഗസ്ഥന്മാർ പററുന്ന ശമ്പളത്തിന് അനുസൃതമായി ജോലി

www.malankaralibrary.com

ചെയ്യുന്നില്ല. തോന്നുമ്പോൾ വരുന്നു, തോന്നുമ്പോൾ പോകുന്നു, തോന്നിയത് തോന്നിയതുപോലെ ചെയ്യുന്നു. നിയമവും ചട്ടവും അവർക്ക് പ്രശ്നമല്ല. എപ്പോൾ വേണമെങ്കിലും അവർപുറത്തുപോകും, തോന്നു മ്പോൾ മാത്രം തിരിച്ചെത്തും. ചോദിക്കാനും പറയാനും ആരുമില്ലാത്ത അവസ്ഥ. വർക്ക് കൾച്ചറോ, മര്യാദയോ, മനുഷ്യത്വമോ മനഃസാക്ഷിയോ ഇല്ല. അവരെ അങ്ങനെ വിടാൻ പാടില്ല. ശരിക്കു നിയന്ത്രിക്കണം, പണി എടുപ്പിക്കണം, മേൽനോട്ടക്കാരെ വെക്കണം. പണി എടുക്കാ ത്തവന് പണം കൊടുക്കരുത്. തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയെ മാതൃകയാക്കാം. അവിടെ ജീവനക്കാർക്ക് ജോലിയ്ക്കിടയ്ക്ക് ചായ കുടിക്കുവാൻ പോലും പുറത്തുപോകാൻ പാടില്ല. ചായ ഓഫീസിൽ എത്തിച്ചുകൊടുക്കുകയാണത്രേ!

5. കഴിഞ്ഞ നായനാർ മന്ത്രിസഭയുടെ കാലത്ത് ശ്രീ.പി.ജെ.ജോസഫ് വിദ്യാഭ്യാസമന്ത്രിയും അങ്ങ് പ്രതിപക്ഷനേതാവുമായിരുന്നല്ലോ. പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ഭരണകക്ഷിയുടെ തെററുകളേയും വീഴ്ചകളേയും ചൂണ്ടിക്കാണിക്കുവാനും നിശിതമായി വിമർശിക്കുവാനും കുററപ്പെടുത്തുവാനും തിരുത്തിക്കുവാനും അങ്ങേയ്ക്കു കടമയുണ്ടാ യിരുന്നു. ആ കടമ അങ്ങ് സ്തുത്യർഹമായും സത്യസന്ധമായും നിർവ്വഹിച്ചു. എന്നാൽ സത്യസന്ധനും നീതിമാനും അങ്ങയെപ്പോലെ തന്നെ സംശുദ്ധനും സമർത്ഥനും രാജ്യസ്നേഹിയുമായ ശ്രീ.പി.ജെ. ജോസഫിനെ അഴിമതിക്കാരനായി ചിത്രീകരിച്ച് അദ്ദേഹത്തിനെതിരെ അങ്ങ് പട നയിച്ചതു വലിയ തെററായിപ്പോയി.

ശ്രീ.പി.ജെ.ജോസഫിന്റെ നിശ്ചയദാർഢ്യവും ഭരണപാടവവുംകൊണ്ട് വിദ്യാഭ്യാസരംഗത്തും നിർമ്മാണരംഗത്തും സംസ്ഥാനത്തിനു വൻപുരോഗതി യുണ്ടായി.

a) കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപെടുത്തിയതും സ്കൂളുകളിൽ പ്ലസ് ടു ആരംഭിച്ചതും ശ്രീ.പി.ജെ.ജോസഫിന്റെ കഴിവും നിശ്ചയദാർഢ്യവും കൊണ്ടുമാത്രമാണ്.

b) യു.ഡി.എഫിന്റെ നേട്ടമായി അങ്ങും അങ്ങയുടെ ഗവൺമെന്റും കൊട്ടിഘോഷിക്കുന്ന സ്വാശ്രയപ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചതിന്റെ ക്രെഡിററ് ശ്രീ.പി.ജെ.ജോസഫിനു മാത്രം അവകാശ പ്പെട്ടതാണ്. അദ്ദേഹം മലർക്കെ തുറന്നിട്ട കവാടത്തിലൂടെ നിങ്ങൾ സ്വച്ഛന്ദമായി മുന്നോട്ടുപോയി അത്രമാത്രം. കൂടാതെ ഭരണമുന്നണിയിൽ പ്പെട്ട ചില മന്ത്രിമാരും അവരുടെ പാർട്ടിക്കാരും യാതൊരു തത്ത്വദീക്ഷയു മില്ലാതെ സ്ഥാപനങ്ങൾ തട്ടിയെടുത്തു, വാരി കൊടുത്തു, കണക്കില്ലാതെ പണം സമ്പാദിക്കുകയും ചെയ്തു.

c) സ്വാശ്രയസ്ഥാപനങ്ങളും അൺ എയ്ഡഡ് സ്കൂളുകളും അനുവദിക്കുന്നത് അത്ര വലിയ കാര്യമാണോ? വൻ തുക ഫീസായി ഈടാക്കുന്ന സ്വാശ്രയ/ അൺ എയ്ഡഡ് സ്ഥാപനങ്ങൾ പാവപ്പെട്ടവരുടെയും സാധാരണക്കാര

www.malankaralibrary.com

ന്റെയും മേൽ അടിച്ചേൽപ്പിക്കുന്ന ഭാരം അവർക്ക് താങ്ങാനാവാത്തതാണ്. പാവപ്പെട്ടവരോട് കരുണയുള്ള ഒരു ഗവൺമെന്റും ഇത്തരം ഒരു ദ്രോഹത്തിന് മുതിരില്ല. അങ്ങേയ്ക്കു മുൻപേ ഭരണം നടത്തിയ നായനാർ ഗവൺമെന്റ് പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും പക്ഷത്തായിരുന്നു. സ്കൂളുകളിൽ എയ്ഡഡ് പ്ലസ് ടു കോഴ്സും കോളേജുകളിൽ എയ്ഡഡ് കോഴ്സുകളുമാണ് അവർ അനുവദിച്ചത്. അത് പാവപ്പെട്ട കുട്ടികൾക്ക് എത്ര വലിയ അനുഗ്രഹമായിരുന്നു. അഭ്യസ്തവിദ്യരായ എത്രയെത്ര ചെറുപ്പക്കാർക്ക് ജോലി കിട്ടി. അങ്ങ് ഭരണത്തിലേറിയ ഉടൻ ഒരു കോളേജിന് ഒരു കോഴ്സ് എന്ന കണക്കിൽ നായനാർ സർക്കാർ അനുവദിച്ച 191 എയ്ഡഡ് കോഴ്സുകൾ അങ്ങയുടെ സർക്കാർ മരവിപ്പിച്ചുകളഞ്ഞു. അതിനുവേണ്ടി വരുമായിരുന്ന വാർഷികച്ചെലവ് 2 കോടി രൂപ മാത്രമായിരുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് അധികമായി 2 കോടി രൂപ മുടക്കുക അത്ര വല്യ ഭാരമായിരുന്നോ?

6. "ന്യൂനപക്ഷ"ങ്ങളെപ്പററി അങ്ങുചെയ്ത പ്രസ്താവനയിൽ മുസ്ലീം സമുദായം മാത്രം പ്രത്യക്ഷമായി പ്രതികരിക്കുകയും വലിയ കോലാഹലം ഉണ്ടാക്കുകയും ചെയ്തത് അങ്ങയെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. ഇവിടെ ക്രസ്ത്യാനികൾ ന്യൂനപക്ഷമല്ലേ? എന്തുകൊണ്ട് അവർ പ്രതിഷേധിച്ചില്ല? പണ്ടൊരുത്തൻ കിണ്ണം കട്ടു വസ്ത്രത്തിനിടയിൽ ഒളിപ്പിച്ചുവെച്ചിട്ട് അമ്മാവനോടു ചോദിച്ചു. "അമ്മാവാ, എന്നെക്കണ്ടാൽ കിണ്ണം കട്ടതാണെന്നു തോന്നുമോ?" ഇതു തന്നെ ഇന്നത്തെ സ്ഥിതി? കൂട്ടായ വിലപേശലിലൂടെ ആനുകൂല്യങ്ങൾ മാത്രമല്ല അതിൽക്കൂടുതലും തട്ടിയെടുത്തിട്ട് വീണ്ടും അങ്ങയുടെ ഒരു റാത്തൽ മാംസത്തിനായി മുറവിളി കൂട്ടുന്നത് പരമകഷ്ടമാണ്. അങ്ങ് സൂക്ഷിക്കണം. ആത്മാഭിമാനമുണ്ടെങ്കിൽ ആ പ്രസ്താവന പിൻവലിക്കരുത്, ഖേദം പ്രകടിപ്പിക്കരുത്, മാപ്പു പറയുവാൻ പാണക്കാട്ടേയ്ക്കുപോവുകയുമരുത്.

7. ഇവിടെ ക്രിസ്ത്യാനിക്കുവേണ്ടി മാത്രം ശബ്ദിക്കാൻ ആരുമില്ല. ക്രിസ്ത്യാനിയായ അങ്ങ് ആ സഭയിലെ അംഗമാണെന്ന് ഏററുപറയാൻ ഭയപ്പെടുന്നു. ഹിലയർ ബെല്ലക്ക്, തോമസ് മൂർ, തച്ചിൽ മാത്തുത്തരകൻ, എ.ജെ.ജോൺ തുടങ്ങി സൂര്യസമാനം ശോഭിച്ച കത്തോലിക്കാ രാഷ്ട്രീയ നേതാക്കന്മാരെപ്പററി അങ്ങു കേട്ടിട്ടില്ലേ? ക്രിസ്തീയസഭാ നേതാക്കന്മാരെ കാണാൻ അങ്ങെന്തിനു ഭയപ്പെടുന്നു. അവർക്ക് അവിഹിതമായ ഒരാനുകൂല്യവും വേണ്ട. അങ്ങയെ മുൾമുനയിൽ നിറുത്തി വിഷമിപ്പിച്ച് അർഹമായതുപോലും നേടുകയില്ല. സമുദായം അങ്ങയെ സ്നേഹിക്കുന്നു, ആദരിക്കുന്നു, അങ്ങിൽ അഭിമാനംകൊള്ളുന്നു, അങ്ങു ജയിച്ചു കാണാനായി ആഗ്രഹിക്കുന്നു, സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

8. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്: മുസ്ലീം സമുദായവും, എസ്.എൻ.ഡി.പി.യും , എൻ.എസ്.എസും തർക്കഭൂമിയിലാണ്. ക്രിസ്ത്യാനി മാത്രം തർക്കത്തിനിറങ്ങിയിട്ടില്ല. അവർ രംഗത്തു വരാത്തത് അവർക്ക് നിലപാടില്ലാത്തതു കൊണ്ടാണോ അഥവാ അവരെല്ലാം സമ്പന്നരായതുകൊണ്ടാണോ? അവർ

www.malankaralibrary.com

ക്കാർക്കും ജോലിയും ആനുകൂല്യങ്ങളും വേണ്ടാത്തതുകൊണ്ടാണോ? സമുദായസൗഹാർദ്ദം നശിപ്പിക്കാതിരിക്കാൻ വേണ്ടി മാത്രമാണ് അവർ മുന്നോട്ടിറങ്ങാത്തത്. ഈ പ്രശ്നം സംബന്ധിച്ച് ക്രൈസ്തവ സമുദായ വുമായി ആലോചിച്ച് മാത്രമേ തീരുമാനം എടുക്കാവൂ എന്നഭ്യർത്ഥിക്കുന്നു.

9. അങ്ങ് സ്വന്തമായി കാണുന്നില്ലെങ്കിലും അങ്ങയെ സ്വന്തമായി കണക്കാക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ക്രിസ്തീയ സമുദായം എത്ര സംയമനത്തോടും അന്തസ്സോടും കൂടിയാണ് ദേശീയവും പ്രാദേശികവുമായ ഓരോ പ്രശ്നങ്ങളോടും പ്രതികരിക്കുന്നതെന്ന് അങ്ങ് ആലോചിക്കണം. ഗ്രഹാംസ്റ്റെയിൻസിനെയും മക്കളെയും ചുട്ടുകൊന്നു, സി.റാണി മരിയായെ കുത്തിക്കൊന്നു, നൂറുകണക്കിന് മിഷനറിമാരും ക്രിസ്ത്യാനികളും പള്ളികളും സ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടു. കള്ള ക്കേസുകളുണ്ടാക്കി, വൈദികരെയും സിസ്റ്റേഴ്സിനെയും അപമാനിച്ചു. ബലാത്സംഗം ചെയ്തു. എന്നിട്ടും നമ്മൾ ആത്മസംയമനം പാലിച്ച്, ക്ഷമിച്ച്, സഹിച്ച്, മാപ്പുനൽകി, സ്നേഹിച്ചു സഹായിച്ചു വരികയും ചെയ്യുന്നു. ദ്വേഷിച്ചില്ല, തിരിച്ചടിച്ചില്ല, പ്രതികാരം ചെയ്തില്ല, തീവെയ്പും ബോംബ് സ്ഫോടനവും നടത്തിയില്ല. അങ്ങ് വളരെയേറെ ആദരിക്കു കയും ആശ്രയിക്കുകയും ചെയ്യുന്ന ഹൈന്ദവരിലും മുസ്ലീംങ്ങളിലും തീവ്രവാദികൾ ധാരാളമായുണ്ട്, സ്ഫോടനപരമ്പര നടത്തുന്നവരുമുണ്ട്, സന്യാസിമാരും മതപുരോഹിതന്മാരുമാണ് ഇതിനൊക്കെ നേതൃത്വം നൽകുന്നത് എന്നത് വിരോധാഭാസമായിരിക്കുന്നു. എന്നിട്ടും അങ്ങേയ്ക്ക് അവരോടാണ് കൂടുതൽ സ്നേഹവും ബന്ധങ്ങളും. തികഞ്ഞ രാജ്യസ്നേഹികളായ സ്വസമുദായാംഗങ്ങളോട് ബന്ധപ്പെടാൻ ഭയമാണ്, ആശങ്കയാണ്. ക്രിസ്തീയ മെത്രാന്മാരും അല്മായനേതാക്കളും വന്നാൽ അങ്ങേയ്ക്കെന്തു വിഷമമാണ്!

10. എഴുപതുകളിൽ വിദ്യാഭ്യാസരംഗത്ത് അങ്ങും അങ്ങയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് പാർട്ടിയും ചെയ്ത ദ്രോഹങ്ങൾക്കു ചരിത്രം മാപ്പു നൽകുകയില്ല. മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസനിയമം ഒരു പുരോഗമനനടപടിയായിരുന്നെങ്കിൽ അങ്ങും അങ്ങയുടെ പാർട്ടിയിലെ 'യൂത്തും' 'യു'വും ചേർന്ന് കേരളത്തിലെ വിദ്യാഭ്യാസമേഖലയെ കുരുതി ക്കളമാക്കി മാററി. കാമ്പസുകളിൽ രാഷ്ട്രീയം കടത്തിവിട്ട് പഠിപ്പുമുടക്കും അസ്വസ്ഥതയും അസമാധാനവും സർവ്വസാധാരണമാക്കി. സ്ഥാപന ങ്ങളെ നശിപ്പിച്ചു. ആയിരക്കണക്കിനു യുവജനങ്ങളെ വഴിതെററിച്ചു വഴിയാധാരമാക്കി. പ്രീഡിഗ്രിവരെ സൗജന്യ വിദ്യാഭ്യാസവും ഏർപ്പെ ടുത്തി ഖജനാവ് വെളുപ്പിച്ചു. എന്നിട്ടിപ്പോൾ വിലപിക്കുന്നു കടമാണെന്ന്, നിത്യനിദാനച്ചെലവുകൾക്കു പണമില്ലെന്ന്, അദ്ധ്യാപകർക്കു ശമ്പളം നൽകില്ലെന്ന്, പുതിയനിയമനം പാടില്ലെന്ന്.......... പരമദ്രോഹമാണിത്.

രാമപുരം
23-02-2004

www.malankaralibrary.com

# 339

# വിദ്യാഭ്യാസ അവകാശസംരക്ഷണ സമിതി രൂപീകരിച്ചു

ന്യൂനപക്ഷാവകാശത്തിനെതിരെയുള്ള ശക്തമായ നീക്കം തുടങ്ങിയപ്പോൾ സ്വാശ്രയ കോളേജു പ്രശ്നത്തിന്റെ പേരിൽ രാഷ്ട്രീയ കക്ഷികളും സർക്കാരും ക്രൈസ്തവസമുദായത്തിന്റെ നേർക്ക് ആരോപണങ്ങളും അക്രമങ്ങളുമായി വന്നപ്പോൾ സമുദായം ഒരു നിസ്സംഗതാ മനോഭാവമാണ് പ്രകടിപ്പിച്ചത്. ഇതിന് ഒരറുതി വരുത്താൻ ശ്രമിക്കേണ്ട എ.കെ.സി.സിയുടെ സ്ഥിതിയെപ്പറ്റി ഓർത്തു ദുഃഖിച്ചു. അതുകൊണ്ടു ഫലമില്ലല്ലോ എന്തെങ്കിലും ചെയ്തേ പറ്റൂ. വിദ്യാഭ്യാസാവകാശസംരക്ഷണസമിതി രൂപീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നത് സമുചിതമായിരിക്കുമെന്ന് എനിക്കു തോന്നി. എ.കെ.സി.സി.യുടെ പേരിലല്ലെങ്കിലും എ.കെ.സി.സി. പ്രവർത്തകരായ പലരുമായി ബന്ധപ്പെട്ടു. 2004 ജൂൺ 13-ാം തീയതി ഒരു ആലോചനായോഗം ചേർന്നു. ആ സമ്മേളനത്തിന്റെ റിപ്പോർട്ട് താഴെ ചേർക്കുന്നു.

## വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതി രൂപീകരിച്ചു

കാഞ്ഞിരപ്പള്ളി: പ്രഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി ക്രൈസ്തവ വിദ്യാഭ്യാസ അവകാശ സംരംക്ഷണ സമിതിക്ക് രൂപംകൊടുത്തു. കാഞ്ഞിരപ്പള്ളി സെന്റ് ആന്റണീസ് ഓഡിറ്റോറിയത്തിൽ റവ. ഡോ. ആന്റണി നിരപ്പേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ക്രൈസ്തവ നേതാക്കളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും യോഗമാണ് പുതിയ സംഘടനയ്ക്ക് രൂപം നൽകിയത്.

സർക്കാർ വിദ്യാഭ്യാസരംഗത്ത് ഏർപ്പെടാതിരുന്ന ഒരു കാലഘട്ടത്തിലാണ് ക്രൈസ്തവർ വിദ്യാലയങ്ങൾ സ്ഥാപിച്ച് സാമൂഹ്യപ്രവർത്തനം ആരംഭിച്ചതെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ചൂണ്ടിക്കാട്ടി. എന്നാൽ കഴിഞ്ഞ 60 വർഷമായി മാറിമാറി വന്ന ഭരണകൂടങ്ങൾ ക്രൈസ്തവവിദ്യാലയങ്ങളോട് ശത്രുതാമനോഭാവത്തോടെയാണ് പെരുമാറിയത്. സർക്കാരിന്റെ വികലനയങ്ങൾമൂലം സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കേരളം പിന്നോക്കം പോയി. തൽഫലമായി വർഷം തോറും ആയിരക്കണക്കിനു കോടി രൂപ അയൽസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന സ്ഥിതി വന്നു.

www.malankaralibrary.com

ഏതാനും വർഷം മുമ്പ് കേരളസർക്കാർ സ്വാശ്രയകോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതോടെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഇവിടെ മുന്നേറ്റമുണ്ടായി. എന്നാൽ ആ മുന്നേറ്റത്തെ തടയുന്ന സമീപനമാണ് സർക്കാർ പിന്നീട് സ്വീകരിച്ചത്. സുപ്രീംകോടതി വിധികളെപ്പോലും അവഗണിച്ചുകൊണ്ട്, സ്വാശ്രയകോളേജുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുവാനും നിശ്ചലമാക്കാനുമാണ് ഇപ്പോൾ ശ്രമിക്കുന്നത്.

മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്നവരിൽനിന്ന് സർക്കാർ കോളേജുകളിലെ ഫീസ് മാത്രമേ ഈടാക്കാവൂ എന്ന നിർദ്ദേശം സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം അവതാളത്തിലാക്കും. മെരിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിക്കുന്നവരിൽ ബഹുഭൂരിപക്ഷവും സമ്പന്നരുടെ മക്കളാണെന്നത് യാഥാർത്ഥ്യമാണ്. മാനേജ്മെന്റ് ക്വോട്ടായിൽ പ്രവേശനം ലഭിക്കുന്നവർ ഭൂരിപക്ഷവും ഇടത്തരക്കാരുമാണ്. അവരിൽനിന്ന് കൂടുതൽ ഫീസ് പിരിച്ച് സമ്പന്നരുടെ മക്കളെ പഠിപ്പിക്കണമെന്ന വാദം ശരിയല്ല. കോടതിവിധികളെ അവഗണിച്ചുകൊണ്ടും ന്യൂനപക്ഷാവകാശങ്ങളെ ധ്വംസിച്ചുകൊണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണ്. സർക്കാർ നീക്കത്തിനെതിരെ ശക്തമായി പ്രതികരിക്കാനും സർക്കാരിന്റെ വാദഗതികളിലെ പൊള്ളത്തരം ജനങ്ങളെ ബോധ്യപ്പെടുത്താനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

സമിതിയുടെ പ്രസിഡന്റായി എം.ഡി.ജോസഫ് മണ്ണിപ്പറമ്പിലും വൈസ് പ്രസിഡന്റായി എബ്രാഹം ഇട്ടിച്ചെറിയയും ജനറൽ സെക്രട്ടറിയായി ജോൺ കച്ചിറമറ്റവും ജോയിന്റ് സെക്രട്ടറിമാരായി അഡ്വ. വി.സി. സെബാസ്റ്റ്യൻ, അഡ്വ. ജോസ് ഫിലിപ്പ് എന്നിവരും അഡ്വൈസറി കൗൺസിൽ ചെയർമാനായി റവ. ഡോ. ആന്റണി നിരപ്പേലും വൈസ് ചെയർമാനായി റവ. ഡോ. നാഗരൂരും തെരഞ്ഞെടുക്കപ്പെട്ടു.

എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് വർഗ്ഗീസ് കരിപ്പായിൽ(തിരുവല്ല), ഫാ. ജോർജ്ജ് സ്രാമ്പിക്കൽ, അഡ്വ. ജോസ് വിതയത്തിൽ (എറണാകുളം), അഡ്വ. ജോസ് . പി. ജോർജ്ജ് (ഇരിങ്ങാലക്കുട), പ്രൊഫ. വി.എ. വർഗ്ഗീസ്(തൃശൂർ), ജോസ് നമ്പ്യാപറമ്പിൽ (മാനന്തവാടി), അലൻ മാത്യു വാണിയപ്പുരയ്ക്കൽ (ചങ്ങനാശ്ശേരി), മാത്യു മടുക്കക്കുഴി, ബേബിച്ചൻ (കാഞ്ഞിരപ്പള്ളി), ബേബി മുണ്ടക്കൽ (പാലാ), അഡ്വ. ജേക്കബ് ആന്റണി (കോട്ടയം), ജോണി എ.വി. ഏറത്ത്, ജോസ് തോമസ് വെട്ടം എന്നിവരേയും തിരഞ്ഞെടുത്തു.

ജൂൺ 18-ന് വിദ്യാഭ്യാസ അവകാശ സംരക്ഷണസമിതി ചേർന്ന് അംഗീകരിച്ച പ്രമേയം താഴെ ചേർക്കുന്നു.

**2004 ജൂൺ 6**

www.malankaralibrary.com

# 340

# സ്വാശ്രയ കോളേജ് ഓർഡിനൻസിന് ഗവർണ്ണർ അംഗീകാരം നൽകരുത്

കോട്ടയം 2004 ജൂൺ 18

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇട നൽകുന്നതും സുപ്രീംകോടതി വിധിയെപ്പോലും മറികടന്ന് സംസ്ഥാന സർക്കാർ രൂപം കൊടുത്തതുമായ ഓർഡിനനൻസിന് അംഗീകാരം നൽകരുതെന്ന് ക്രൈസ്തവ വിദ്യാഭ്യാസ അവകാശ സംരംക്ഷണ സമിതി കേരളാ ഗവർണ്ണറോടഭ്യർത്ഥിച്ചു. സർക്കാരിന്റെ സ്വാശ്രയ കോളേജുകളോടുള്ള ശത്രുതാമനോഭാവത്തെപ്പറ്റി ചർച്ച ചെയ്യുവാനും ഭാവിപരിപാടികൾക്ക് രൂപം നൽകുവാനുമായി ജൂലൈ ആദ്യം ക്രൈസ്തവ നേതൃകൺവൻഷൻ വിളിച്ചുകൂട്ടുവാനും സമിതി തീരുമാനിച്ചു. ജോൺ കച്ചിറമറ്റം അവതരിപ്പിച്ച പ്രമേയത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് ഏറ്റം മുൻപന്തിയിൽ നിന്ന സംസ്ഥാനമാണ് കേരളം. എന്നാൽ കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കേരളം വളരെ പിന്നോക്കം പോയി. തൽഫലമായി കേരളീയ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ പോയി വർഷംതോറും അനേകായിരം കോടി രൂപാ ചെലവഴിക്കേണ്ടിവന്നു. കേരളത്തിൽ ചിലവിടേണ്ടതായിരുന്നു ഈ തുകയത്രയും. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ തയ്യാറായത് വിദ്യാർത്ഥികൾക്ക് ആശ്വാസമേകി. സ്വാശ്രയകോളേജുകൾ ആരംഭിക്കുവാൻ തയ്യാറായി മുന്നോട്ടു വന്നതിൽ ക്രൈസ്തവമാനേജുമെന്റുകളാണ് മുൻപന്തിയിൽ.

സ്വാശ്രയകോളേജുകളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാൻ തയ്യാറാകേണ്ട സർക്കാർ, അതിന്റെ പ്രവർത്തനത്തെ നിർവീര്യമാക്കാനാണ് ശ്രമിച്ചത്. അഡ്മിഷന്റെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലും സർക്കാർ സ്വീകരിച്ച നിലപാട് കോടതിവിധികളെപ്പോലും മറികടന്നുള്ളതാണ്. മെറിറ്റ് സീറ്റിലും മാനേജുമെന്റ് സീറ്റിലും ഒരേ രീതിയിൽ ഫീസ് പിരിക്കാൻ കെ.ടി. തോമസ് കമ്മീഷൻ നിർദ്ദേശിച്ചത് സുപ്രീംകോടതി വിധി അംഗീകരിച്ചാണ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികളോട് സർക്കാർ കോളേജിലെ ഫീസ് മാത്രമേ വാങ്ങാവൂ എന്ന സർക്കാർ തീരുമാനം കോടതിവിധിക്ക് എതിരാണ്. സർക്കാർ കോളേജിലെ ഫീസ് നിരക്ക് വളരെ താഴ്ന്നതാണ്. ഫീസ് കൊണ്ടാണ് സ്വകാര്യകോളേജുകൾ നടക്കുന്നത്. ജനങ്ങൾ നൽകുന്ന നികുതിയിൽനിന്നും അനേകം കോടികൾ മുടക്കിയാണ് ഗവൺമെന്റ് കോളേജുകൾ പ്രവർത്തിക്കുന്നത്. മെറിറ്റ് സീറ്റിലെ കുട്ടികളോട് സർക്കാർ കോളജിലെ

www.malankaralibrary.com

ഫീസ് മാത്രം കൊടുക്കാൻ നിർദ്ദേശിക്കുന്ന സർക്കാർ, അധികതുക സ്കോളർഷിപ്പായി കുട്ടികൾക്കു നൽകുകയാണ് വേണ്ടത്. അല്ലാതെ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്നവരോട് ഇരട്ടിയോ അതിൽ കൂടുതലോ ഫീസ് വാങ്ങിക്കൊള്ളുവാൻ നിർദ്ദേശിക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടനൽകും. വിദ്യാഭ്യാസകച്ചവടത്തെ ശക്തിയായി എതിർക്കുന്ന സർക്കാരും രാഷ്ട്രീയ പാർട്ടികളും, ഈ നയം സ്വീകരിക്കുന്നതുമൂലം വിപുലമായ തോതിൽ കച്ചവടം നടത്തുവാൻ വഴി ഒരുക്കുകയാണ് ചെയ്യുന്നത്.

രണ്ടു സ്വാശ്രയകോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്ന നയം ആരുടേതാണ്? ആരാണ് അത് അംഗീകരിച്ചത്. സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ചിലവിടുന്ന പണം രണ്ടു സ്വാശ്രയ കോളേജിലെ കുട്ടികൾക്കു കൂടി നൽകുവാൻ സർക്കാർ തയ്യാറാകണം. ഖജനാവ് ആരുടെയും കുത്തകയല്ല. സ്വകാര്യ കോളേജുകളിൽ പഠിക്കുന്നവരും, ഈ രാജ്യത്തെ പൗരന്മാരാണ്. നാമമാത്രമായി ഫീസ് നൽകി അല്ലെങ്കിൽ ഫീസ് ഒന്നുമില്ലാതെ പഠിപ്പിക്കണമെന്നു പറഞ്ഞാൽ കുറെ വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും പിന്തുണ ലഭിക്കുമായിരിക്കും. ആ പിന്തുണ ഉപയോഗിച്ച് മാനേജ്മെന്റിനെ മര്യാദ പഠിപ്പിക്കാമെന്നാണ് സർക്കാരിന്റെ വ്യാമോഹം. മെറിറ്റ് സീററിൽ അഡ്മിഷൻ ലഭിക്കുന്നതിൽ 80 ശതമാനം പേരും സമ്പന്നരുടെ മക്കളാണ്. ആ സമ്പന്നന്മാർക്കു വേണ്ടിയാണ് എല്ലാ കക്ഷികളും വാദിക്കുന്നത്. സ്വാശ്രയകോളേജുകൾക്കെതിരെ സ്വരമുയർത്തുന്ന രാഷ്ട്രീയകക്ഷികൾ ഒരു മാതൃകയെന്നനിലയിൽ ഒരു സ്വാശ്രയകോളേജ് ആരംഭിക്കുവാൻ തയ്യാറാവുകയാണ് വേണ്ടത്. കോടതിവിധികളെപ്പോലും മറികടന്ന് സംസ്ഥാനസർക്കാർ തയ്യാറാക്കിയ ഓർഡിനൻസ് ഒപ്പുവയ്ക്കരുതെന്ന് ബഹു. കേരള ഗവർണ്ണറോടഭ്യർത്ഥിക്കുന്നു.

സ്വാശ്രയകോളേജുകൾ നേരിടുന്ന വെല്ലുവിളികളെപ്പറ്റി ചർച്ച ചെയ്യുവാൻ ജൂലൈ ആദ്യം കോട്ടയത്ത് ഒരു ക്രൈസ്തവകൺവൻഷൻ വിളിച്ചുകൂട്ടുവാനും യോഗം തീരുമാനിച്ചു.

അഡ്മിഷന്റെ കാര്യത്തിൽ മെറിറ്റ് ആണ് പ്രധാനമായി കണക്കാക്കുന്നത്. അത് സ്വാഗതാർഹമാണ്. അങ്ങനെയെങ്കിൽ ഫീസിന്റെ കാര്യത്തിൽ സാമ്പത്തിക മാനദണ്ഡമാണ് കണക്കാക്കേണ്ടത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കാണ് ഫീസ് കുറക്കേണ്ടത്. യോഗത്തിൽ പ്രസിഡണ്ട് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ ആദ്ധ്യക്ഷം വഹിച്ചു. മോൺ. ജെയിംസ് തലച്ചെല്ലൂർ ഉത്ഘാടനം ചെയ്തു. റവ. ഡോ. ആന്റണി നിരപ്പേൽ, അഡ്വ. ജോസ് ഫിലിപ്പ്, ഫാ. ഗ്രിഗറി പരുവപ്പറമ്പിൽ, ജോൺ കച്ചിറമറ്റം തുടങ്ങിയവർ പ്രസംഗിച്ചു.

www.malankaralibrary.com

## 341

# ക്രൈസ്തവ വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷാവകാശ പ്രഖ്യാപന കൺവെൻഷൻ ജൂലൈ 11-ന് കോട്ടയത്ത്

കോട്ടയം: സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം നിശ്ചലമാകത്തക്ക വിധത്തിലും സുപ്രീംകോടതി വിധികളെ ധിക്കരിച്ചുകൊണ്ടും ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കുന്ന വിധത്തിലും കേരളസർക്കാർ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയ സ്വാശ്രയകോളേജ് ബില്ലിനെതിരെ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിനും ന്യൂനപക്ഷാവകാശങ്ങൾ എന്തു വിലകൊടുത്തും സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുന്നതിനുമായി വിവിധ ക്രൈസ്തവസഭകളിലെ പ്രതിനിധികൾ പങ്കെടുക്കുന്ന ന്യൂനപക്ഷാവകാശ പ്രഖ്യാപന കൺവെൻഷൻ ജൂലൈ 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കോട്ടയത്ത് ബി.സി.എം. കോളേജ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണെന്ന് ക്രൈസ്തവ വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതി ഭാരവാഹികൾ കോട്ടയത്ത് പ്രസ്സ് ക്ലബ്ബിൽ നടത്തിയ പത്ര സമ്മേളനത്തിൽ അറിയിച്ചു.

വൻകിട മുതലാളിമാർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമൂഹത്തിലെ സമ്പന്നരായ വിദ്യാർത്ഥികൾക്കും മാത്രം പ്രയോജനം ചെയ്യുന്ന ബില്ലാണ് സർക്കാർ പാസ്സാക്കിയിരിക്കുന്നത്. കേരളത്തിലെ ന്യൂനപക്ഷ സമൂഹങ്ങളെ വിദ്യാഭ്യാസപരമായും സാമൂഹികമായും സാമ്പത്തികമായും തകർക്കുകയും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്ന നിയമമാണിത്. ന്യൂനപക്ഷസ്ഥാപനങ്ങളുടെ ലക്ഷ്യത്തെ തകർക്കുന്ന ഈ നിയമം അഴിമതിയെ പ്രോത്സാഹിപ്പിക്കുന്നതാണ്. ന്യൂനപക്ഷ പീഡനത്തിന്റെ പുതിയ മുഖമാണ് ഈ നിയമത്തിൽ ദർശിക്കുക. ന്യൂനപക്ഷവിഭാഗത്തിലെ കുട്ടികളെ ഞെരുക്കി കൂടുതൽ സാമ്പത്തികശേഷിയുള്ളവരെ സഹായിക്കുന്ന ഈ നിയമം നടപ്പിലാക്കുക പ്രതിഷേധാർഹമാണ്. ഇതൊരു ക്രൂരവിനോദമാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും സമരം ചെയ്യുകയും ചെയ്യുന്നവർ ഭരണത്തിലിരിക്കുമ്പോൾ ന്യൂനപക്ഷദ്രോഹത്തിന് കൂട്ടുനിൽക്കുന്നത് ഒരിക്കലും ഭൂഷണമല്ല. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളെയും ഇന്ത്യയിലെ പരമോന്നത നീതി പീഠത്തിന്റെ കാലാകാലങ്ങളിലെ വിധിതീർപ്പുകളെയും ബോധപൂർവ്വം അവഗണിക്കുകയും ന്യൂനപക്ഷസമുദായങ്ങളുടെ കലാലയങ്ങളുടെ പ്രവർത്തനത്തിൽ അനധികൃതമായി കൈകടത്തുകയും ചെയ്യുന്ന സർക്കാരിന്റെ നടപടികളെ എതിർത്ത് തോൽപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഈ സാഹചര്യത്തിൽ ചേരുന്ന

www.malankaralibrary.com

ന്യൂനപക്ഷാവകാശ പ്രഖ്യാപന കൺവെൻഷൻ സുപ്രധാനതീരുമാനങ്ങൾ എടുക്കുന്നതാണ് എന്ന് ഭാരവാഹികൾ അറിയിച്ചു.

കൺവെൻഷൻ പ: ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവാ ഉത്ഘാടനം ചെയ്യും. ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ മുഖ്യപ്രഭാഷണം നടത്തും. ബിഷപ്പുമാരായ മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ യൂഹന്നോൻ പീലിക്സിനോസ് (മീനങ്ങാടി), മാർ മാത്യു അറയ്ക്കൽ, ഡോ. പീറ്റർ തുരുത്തിക്കോണം, ഐസക്ക് മാർ ക്ലിമീസ്, ജസ്റ്റീസ് പി.കെ. ഷംസുദ്ദീൻ, അബ്രഹാം ഇട്ടിച്ചെറിയാ, ഫാദർ ഗ്രിഗറി പരുവപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിക്കും. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, ഷെവ. ജോയി ജോസഫ് കൊടിയന്തറ, അഡ്വക്കേറ്റ് ജോസ് ഫിലിപ്പ്, ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മറ്റി മെമ്പർ പ്രൊ.ഇ.ജെ.ജോൺ, സി.എസ്.ഐ. കേരളാ മഹാ ഇടവക ട്രഷറർ ഫാ. നെൻസൺ ബാബു എബ്രഹാം കങ്ങഴ തുടങ്ങിയവർ പ്രസംഗിക്കും. പത്രസമ്മേളനത്തിൽ പ്രസിഡന്റ് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, ഫാ. ഗ്രിഗറി പരുവപ്പറമ്പിൽ, റവ.ഡോ. ആന്റണി നിരപ്പേൽ, ഷെവ.ജോയി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

**(342)**

# ന്യൂനപക്ഷ അവകാശ പ്രഖ്യാപന കൺവെൻഷൻ അംഗീകരിച്ച പ്രമേയം

അവതാരകൻ : ജോൺ കച്ചിറമറ്റം

2004 ജൂലൈ 11

പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ ബില്ല് സാമൂഹിക നീതിക്ക് നിരക്കാത്തതും സുപ്രീംകോടതിയുടെ വിധിതീർപ്പുകൾക്ക് വിരുദ്ധവും ന്യൂനപക്ഷ അവകാശങ്ങളെ ധ്വംസിക്കുന്നതുമാണെന്ന് ഈ കൺവെൻഷൻ അസന്നിദ്ധമായി പ്രഖ്യാപിക്കുന്നു. ഒരു വിഭാഗത്തെ, പ്രത്യേകിച്ച് സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തെ കൂടുതൽ ഭാരപ്പെടുത്തി, മററു വിഭാഗത്തിന്റെ ഫീസുകൂടികൊടുപ്പിക്കുന്ന, ഭിന്നമായ ഫീസ് നിരക്ക് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ബില്ലിലെ വ്യവസ്ഥകൾ അനീതിയായതിനാൽ അംഗീകരിക്കുവാൻ സാധ്യമല്ലന്ന് കേരള സർക്കാരിനെ ഈ കൺവെൻഷൻ അറിയിക്കുന്നു.

മാർക്കു കുറവുള്ള കുട്ടികൾ പ്രായേണ ഗ്രാമങ്ങളിൽ നിന്നു പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ഉള്ളവരാകയാൽ ക്രോസ് സബ്സിഡി പാടില്ലന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ള വസ്തുതയും കേരള സർക്കാരിനെ

www.malankaralibrary.com

അനുസ്മരിപ്പിക്കുന്നു. ബില്ലനുസരിച്ച് ഫീസ് കൂടുതൽ വാങ്ങാൻ പറയുന്നത് മാനേജുമെന്റ് ക്വോട്ടായിൽ വരുന്ന വിദ്യാർത്ഥികളിൽ നിന്നുമാണ്. അതുകൊണ്ട് ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ ന്യൂനപക്ഷക്കാരായ വിദ്യാർത്ഥികളിലാണ് ഈ ഭാരം അടിച്ചേൽപ്പിക്കുന്നത് എന്ന യാഥാർത്ഥ്യം സർക്കാർ ഗ്രഹിക്കണം.

കോളേജ് നടത്താനാവശ്യമായ ഫീസ് ഘടനയാണ് വേണ്ടത്. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാനുള്ള ചുമതലയിൽ നിന്നും സർക്കാർ ഒളിച്ചോടാതെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറാകണം.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളെയും ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ കാലകാലങ്ങളിലെ വിധി തീർപ്പുകളെയും ബോധപൂർവ്വം അവഗണിക്കുകയും ന്യൂനപക്ഷസമുദായങ്ങളുടെ കലാലയങ്ങളുടെ പ്രവർത്തനത്തിൽ അനധികൃതമായി കൈകടത്തുകയും ചെയ്യുന്ന സർക്കാരിന്റെ നടപടികളെ എതിർത്തു പരാജയപ്പെടുത്തുമെന്ന് ഈ കൺവെൻഷൻ സർക്കാരിന് മുന്നറിയിപ്പു നൽകുന്നു.

സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം നിശ്ചലമാക്കത്തക്കവിധത്തിലുള്ള സർക്കാരിന്റെ ന്യൂനപക്ഷ സ്വാശ്രയ കോളേജുകളോടുള്ള ഈ സമീപനം അയൽ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ കോളേജ് ഉടമകളെ സഹായിക്കുന്നതിനാണോയെന്ന് ഈ യോഗം സംശയിക്കുന്നു. പ്രതിപക്ഷത്തിരിക്കുമ്പോൾ മാത്രം ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും ഭരണത്തിലിരിക്കുമ്പോൾ ഭരണത്തിന്റെ നേട്ടങ്ങൾ അനുഭവിക്കുവാൻ ന്യൂനപക്ഷദ്രോഹത്തിന് കൂട്ടുനിൽക്കുകയും ചെയ്യുന്നത് രാഷ്ട്രീയകക്ഷികൾക്ക് ഭൂഷണമല്ലന്ന് ഗൗരവപൂർവ്വം ഈ കൺവെൻഷൻ ഓർമ്മിപ്പിക്കുന്നു.

സ്വാശ്രയകോളേജ് ബില്ലിന് നിയമപരമായ നിലനില്പില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ നിയമം പാസ്സാക്കാൻ കാണിച്ച വ്യഗ്രത ആത്മാർത്ഥയോടെയുള്ളതല്ലെന്ന് വ്യക്തമാണ്. ഈ ബില്ലിനെതിരെ മാനേജ്മെന്റ് സ്വീകരിക്കുന്ന നിയമനടപടികൾ അടക്കമുള്ള എല്ലാനടപടികൾക്കും ഈ യോഗം സർവ്വ പിൻന്തുണയും വാഗ്ദാനം ചെയ്യുന്നു.

തുടർന്ന് സംസ്ഥാന സർക്കാരിന് സമതി നിവേദനം സമർപ്പിച്ചു. കേരളാഗവർണ്ണർക്കും എ.ഐ.സി.സി. പ്രസിഡണ്ട് സോണിയാഗാന്ധിക്കും നിവേദനം സമർപ്പിച്ചു.

www.malankaralibrary.com

## 343

# അച്യുതാനന്ദന്റെ ഭീഷണി വിലപ്പോകില്ല:കച്ചിറമറ്റം

2004 ജൂലൈ 20

കോട്ടയം: സ്വാശ്രയ കോളേജുകൾ മാനേജുമെന്റുകൾ അടച്ചിട്ടാൽ അവരെ തെരുവിൽ കണ്ടുകൊള്ളാമെന്ന പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ ഭീഷണി ഇവിടെ വിലപ്പോകില്ലെന്ന് ക്രൈസ്തവ വിദ്യാഭ്യാസ സംരക്ഷണസമിതി ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം. സുപ്രീംകോടതിയെപ്പോലും ധിക്കരിച്ചുകൊണ്ട് സർക്കാർ പാസ്സാക്കിയ സ്വാശ്രയ കോളേജ് ബില്ലിനെ അംഗീകരിക്കില്ലെന്നും ഏതു ഭീഷണിയെയും നേരിടാൻ ക്രൈസ്തവ സമൂഹം സന്നദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്നവരുടെ പഠനചിലവുകൂടി മാനേജുമെന്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾ വഹിക്കണമെന്ന വ്യവസ്ഥ അംഗീകരിക്കാനാവില്ല. ഈ പ്രശ്നം സംബന്ധിച്ച് മാനേജുമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും സമ്പൂർണ്ണ പിന്തുണ നൽകും. കമ്യൂണിസ്റ്റ് പാർട്ടിയുടെ സമീപനത്തിൽ മാറ്റങ്ങൾ കണ്ടുതുടങ്ങിയെന്നുള്ള അവകാശവാദം നിരർത്ഥകമാണ്.

അടിസ്ഥാനസ്വഭാവത്തിൽ കമ്യൂണിസ്റ്റുകൾക്കു യാതൊരു മാറ്റവും വന്നിട്ടില്ല. വെട്ടിനിരത്തലാണ് അവരുടെ തൊഴിൽ. ആ തൊഴിലുമായി സ്വാശ്രയ കോളേജിലേക്ക് വരേണ്ടതില്ല. ഏതു വെല്ലുവിളികളെയും ക്രൈസ്തവ വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതി നേരിടാൻ തയ്യാറാണ്. കച്ചിറമറ്റം പറഞ്ഞു.

## 344

# നാടു യുദ്ധക്കളമായിരിക്കുമ്പോഴും സർക്കാർ സ്വാശ്രയകോളേജ് മാനേജുമെന്റിനെതിരെ

കോട്ടയം 2004 ജൂലൈ 26

രജനി എന്ന വിദ്യാർത്ഥിനിയുടെ ആത്മഹത്യ മുതലാക്കി സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരെ ഇടതുപക്ഷകക്ഷികൾ നടത്തുന്ന സമരം അക്രമത്തിലേക്ക് കടന്നിട്ടും, നാട് യുദ്ധക്കളമായി മാറിയിട്ടും, മുല്ലപ്പള്ളി രാമചന്ദ്രനടക്കമുള്ള കെ.പി.സി.സി. നേതാക്കളും എം.വി.രാഘവനടക്കമുള്ള മന്ത്രിമാരും സമരത്തെ നേരിടാൻ തയ്യാറാകാതെ, സ്വാശ്രയകോളേജ് മാനേജ്മെന്റുകൾക്കെ

www.malankaralibrary.com

തിരെ പ്രകോപനപരമായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് അധാർമ്മികമാണെന്നും ഈ സമീപനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടവരുത്തുമെന്നും ക്രൈസ്തവവിദ്യാഭ്യാസ അവകാശസംരക്ഷണസമിതി ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം പ്രസ്താവിച്ചിരിക്കുന്നു.

ഇടതുപക്ഷകക്ഷികളുടെ പിന്താങ്ങോടെ വിദ്യാർത്ഥിയുവ ജനവിഭാഗങ്ങൾ നടത്തുന്ന സമരം അക്രമത്തിലേക്ക് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. പോലീസ് സ്റ്റേഷൻ കയ്യേറി ജയിലിൽ അടച്ചവരെ ബലമായി മോചിപ്പിക്കുന്നു. ഉദ്യോഗസ്ഥന്മാരെ ബന്ദികളാക്കുന്നു. മന്ത്രിമാരെ വഴിതടയുന്നു. നൂറുകണക്കിന് വാഹനങ്ങളും പൊതുസ്ഥാപനങ്ങളും തകർക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ ബഹളങ്ങളൊക്കെ സ്വാശ്രയകോളേജുകൾക്കെതിരെ തിരിച്ചുവിടാനാണ് സർക്കാരിന്റെ നീക്കം.

ഈ പ്രക്ഷോഭകാരികളെ നിലയ്ക്കുനിറുത്തണം, പൊതുമുതൽ നശിപ്പിക്കപ്പെട്ടതിന്റെ കണക്കെടുത്ത് നഷ്ടപരിഹാരം അവരിൽനിന്ന് ഈടാക്കണം. അതിനൊന്നും തയ്യാറാകാതെ, ഈ നഷ്ടങ്ങളെല്ലാം സ്വാശ്രയകോളേജ് മാനേജുമെന്റിന്റെ അക്കൗണ്ടിൽ ചേർക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് തോന്നിപ്പോകുന്നു. രാജ്യം മുഴുവൻ കലാപഭൂമിയായി മാറുമ്പോഴും അതിനുള്ള പ്രതിവിധി കണ്ടെത്താതെ സ്വാശ്രയകോളേജു മാനേജുമെന്റിന്റെ മേൽ കുറ്റാരോപണം നടത്തി സമരക്കാരെ പ്രീണിപ്പിക്കാനുള്ള നയം അപകടകരമാണ് - കച്ചിറമറ്റം ഓർമ്മപ്പെടുത്തി.

## 345

# കേരള സർവ്വകലാശാലാ സെനറ്റിന്റെ ഭീഷണി വിലപ്പോകില്ല

കോട്ടയം ജൂലൈ 29

കേരള സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് ഈടാക്കി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചില്ലെങ്കിൽ അഫിലിയേഷൻ റദ്ദാക്കുമെന്നുള്ള സിൻഡിക്കേറ്റിന്റെ ഭീഷണി വിലപ്പോകില്ലെന്നും നിയമത്തെയും കോടതിവിധിയെയും ആദരിക്കാനാണ് ഭീഷണി മുഴക്കുന്നവർ തയ്യാറാകേണ്ടതെന്നും ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമിതി ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം പ്രസ്താവിച്ചു.

സാമൂഹ്യവും സാമ്പത്തികവും ആയി പിന്നോക്കം നിൽക്കുന്ന വിഭാഗത്തെ കൂടുതൽ പീഡിപ്പിച്ച് മറുവിഭാഗത്തിന്റെ ഫീസുകൂടി കൊടുപ്പിക്കുന്ന തരത്തിലുള്ള വ്യവസ്ഥകളെ സിൻഡിക്കേറ്റ് അംഗീകരിക്കുന്നത് സാമൂഹ്യനീതിയുടെ പേരിലല്ലെന്നും രാഷ്ട്രീയ ലക്ഷ്യങ്ങൾകണ്ടുകൊണ്ടു മാത്രമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ സ്വാശ്രയകോളേജുകളുടെ പ്രവർത്ത

www.malankaralibrary.com

നത്തെ ശ്വാസംമുട്ടിച്ച് അവയുടെ അംഗീകാരം റദ്ദാക്കാനുള്ള നീക്കം അന്യ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ (സ്വാശ്രയ) കോളേജുടമകളുടെ സമ്മർദ്ദ ഫലമായിട്ടാകാനാണ് സാദ്ധ്യത. ഉന്നത വിദ്യാഭ്യാസരംഗത്തെ ഒരു ഉന്നത ഘടകം ഈ സമ്മർദ്ദത്തിനും രാഷ്ട്രീയലക്ഷ്യങ്ങൾക്കും വഴങ്ങുന്നത് ഒരിക്കലും ഭൂഷണമല്ല.

1972-ലെ കോളേജു സമരകാലത്ത് മാനേജുമെന്റിനെ നിലംപരിശാക്കുന്ന വ്യവസ്ഥകളുമായി ആദ്യം മുന്നോട്ടു വന്നത് കേരള സർവ്വകലാശാല (അന്നത്തെ) വൈസ്ചാൻസലറായിരുന്നു. ഫീസ് ഏകീകരണം, ഡയറക്ട് പേയ്മെന്റ് എന്നീ ആവശ്യങ്ങൾ ഉന്നയിപ്പിച്ച് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മാനേജുമെന്റുകൾക്കെതിരെ അണിനിരത്തുവാൻ സർക്കാരിനോടൊപ്പം നിന്നതും കേരളസർവ്വകലാശാലാ വൈസ്ചാൻസലറും സിൻഡിക്കേറ്റുമായിരുന്നു. അതിന്റെ തിക്തഫലം സർക്കാർ അനുഭവിക്കുകയും ചെയ്തു.

കേരളത്തിലെ രാഷ്ട്രീയ കക്ഷികളുടെ കുഴലൂത്തുകാരായി സിൻഡിക്കേറ്റ് അധഃപതിക്കുന്നത് നിർഭാഗ്യകരമാണ്. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം അഭിപ്രായപ്പെട്ടു.

**346**

# പി.ജെ ജോസഫിന്റെ രാജിചോദിച്ചവരോട് ഒരു ചോദ്യം

ഇക്കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് അന്നത്തെ പ്രതിപക്ഷ കക്ഷികളുടെ നേതാക്കൻമാരായ എ.കെ. ആന്റണിയും കെ.എം. മാണിയും ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടു കൊണ്ടിരുന്നത് പി.ജെ. ജോസഫ് രാജി വയ്ക്കണമെന്നായിരുന്നു. കാലക്രമേണ അണികളെക്കൊണ്ടും ഇത് പറയിപ്പിക്കുവാൻ അവർക്ക് സാധിച്ചു. പി.ജെ. ജോസഫ് മന്ത്രിസ്ഥാനം രാജി വച്ചാൽ കേരളവും വിശിഷ്യാ വിദ്യാഭ്യാസ വകുപ്പും രക്ഷപ്പെടുമെന്നായിരുന്നു അവരുടെ പ്രസ്താവന കേട്ട ചിലരെങ്കിലും ധരിച്ചത്.

പൊതുമരാമരത്തു വകുപ്പും വിദ്യാഭ്യാസവകുപ്പും സമർത്ഥമായി കൈകാര്യം ചെയ്ത ജോസഫിനെതിരെ എന്തുകൊണ്ട് ഈ നേതാക്കൾ പ്രസ്താവനയിറക്കി, ജോസഫിന്റെ രാജി ആവശ്യപ്പെട്ടു? രാഷ്ട്രീയ മോഹം വച്ചുകൊണ്ട് ജോസഫിനെ താഴെയിറക്കാൻ ശ്രമിക്കുകയായിരുന്നു. ഈ രണ്ടു വകുപ്പുകളുടെ ഭരണത്തിലൂടെ ജോസഫ് ജനഹൃദയങ്ങളിലിൽ സ്ഥാനം പിടിച്ചതിന്റെ അങ്കലാപ്പിലായിരുന്നു ആന്റണിയും മാണിയും.

ജോസഫ് ഇടതുപക്ഷമുന്നണിയിൽ നിന്നുകൊണ്ട് വിദ്യാഭ്യാസരംഗത്ത് വലിയമാററങ്ങൾ വരുത്തുകയാണ് ചെയ്തത്. സ്വഭാവികമായും മാർക്സിസ്റ്റ് പാർട്ടിക്ക് യോജിക്കാവുന്ന പരിപാടികൾ ആയിരുന്നില്ല ജോസഫ് ആസൂത്രണം ചെയ്തത്. സ്വകാര്യ വിദ്യാഭ്യാസ മേഖലയെ തകർക്കാൻ എന്നും ശ്രമിക്കുന്ന

www.malankaralibrary.com

മാർക്സിസ്റ്റ് പാർട്ടിക്ക് മുൻതൂക്കമുള്ള സർക്കാരിന്റെ ഭരണകാലത്ത് സ്വകാര്യ വിദ്യാഭ്യാസമേഖലയേയും സർക്കാർ വിദ്യാഭ്യാസ മേഖലയേയും ഒന്നു പോലെ കണക്കാക്കി ഇരുവിഭാഗത്തോടും ഒരേ രീതിൽ പെരുമാറി ജോസഫ് വിദ്യാഭ്യാസ മേഖലയിൽ ഒരു അഴിച്ചു പണിക്ക് ധീരമായ നേതൃത്വം നൽകി. മാർക്സിസ്ററ് അണികളെ തെററിദ്ധരിപ്പിച്ച് ജോസഫിനെ മുന്നണിയിൽ നിന്നും പുറംതള്ളാമെന്നും പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റിനെ താഴെയിറക്കാമെന്നുമാണ് അന്നത്തെ പ്രതിപക്ഷ നേതാക്കൾ കണക്കുകൂട്ടിയത്.

എൽ.ഡി.എഫ്.-നു ശേഷം അധികാരം ഏററെടുത്ത, പി.ജെ. ജോസഫിന്റെ രാജി ആവശ്യപ്പെട്ട് ബഹളംവെച്ച ആന്റണിയും മാണിയും നേതൃത്വം നൽകുന്ന മന്ത്രി സഭ എത്ര നല്ല ഭരണമാണ് ഇപ്പോൾ കാഴ്ച്ച വെച്ചുകൊണ്ടിരിക്കുന്നത്! അവരുടെ ഭരണത്തെപ്പററി ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ജനം വിധിയെഴുതി. മുഖ്യമന്ത്രിയും ഇത് പരസ്യമായി അംഗീകരിച്ചതാണ്. പി.ജെ. ജോസഫിന്റെ രാജി ആവശ്യപ്പെട്ടവർ ഇന്ന് ഈ രാജ്യം കുട്ടിച്ചോറാക്കിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പുൾപ്പെടെ എല്ലാ വകുപ്പു കളിലും അഴിമതി വ്യാപകമായിരിക്കുന്നു. ഇപ്പോൾ ആരും രാജി വയ്ക്കണ്ടല്ലോ?

ഇന്നത്തെ പ്രത്യേകമായ ഈ സാഹചര്യത്തിൽ പി.ജെ. ജോസഫ് നടത്തിയ 'ദുർ' ഭരണത്തെപ്പററി ഒന്നു ചിന്തിക്കണം. കോളേജുകളിൽ നിന്ന് പ്രീഡിഗ്രി വേർപ്പെടുത്തി, ഹൈസ്കൂളുകളോടനുബന്ധിച്ച് പ്ലസ്ടു ആരംഭി ക്കണമെന്ന അഖിലേന്ത്യാപദ്ധതി വർഷങ്ങൾക്കു മുമ്പേ ഇന്ത്യയിൽ ഇതര സംസ്ഥാപനങ്ങൾ നടപ്പാക്കുകയുണ്ടായി. പക്ഷെ കേരളം ഭരിച്ച ഒരു ഗവൺ മെന്റും അതിനു തയ്യാറായില്ല. 1991-ൽ ഭരണം നടത്തിയിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് അതിനുള്ള നിർണ്ണായകമായ തീരുമാനം കൈക്കൊണ്ടത്. ആ ഗവൺമെന്റിന്റെ ഭരണകാലത്ത് പ്ലസ് ടു അനുവദിക്കലിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. തുടർന്നുവന്ന യു.ഡി.എഫ്. ഗവൺമെന്റ് ഒററ പ്ലസ് ടു പോലും അനുവദിച്ചില്ല. വീണ്ടും അധികാരത്തിലേറിയ എൽ.ഡി.എഫ്. ഗവൺമെന്റ് പി.ജെ.ജോസഫിന്റെ നേതൃത്വത്തിൽ 1998-ൽ എല്ലാ വെല്ലുവിളികളെയും പ്രതി സന്ധികളെയും അതിജീവിച്ചുകൊണ്ട് പ്രീഡിഗ്രി വേർപെടുത്തലും പ്ലസ് ടു അനുവദിക്കലും താഴെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പാക്കി.

1. ഗവൺമെന്റ് സ്കൂളുകൾക്കും സ്വകാര്യസ്കൂളുകൾക്കും തുല്യ പരിഗണനനൽകി. 2. പ്രീഡിഗ്രി വേർപെടുത്തിയ കോളേജുകളുടെ മാനേജ് മെന്റുകൾക്ക് പ്രത്യേക പരിഗണന നൽകി. 3. പ്രസ്തുത കോളേജുകളുടെ ഫീഡിംഗ് ഏരിയായിലുള്ള സ്കൂളുകൾക്ക് മുൻഗണന നൽകി. 4. നല്ല പ്രവർത്തനപാരമ്പര്യമുള്ള മാനേജ്മെന്റുകൾക്കും കോർപ്പറേററ് മാനേജ്മെന്റു കൾക്കും അംഗീകാരം നൽകി. 5. പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കും സ്കൂളു കൾ നൽകി. 6. എല്ലാ സമുദായ മാനേജ്മെന്റുകൾക്കും പരിഗണനനൽകി.

ചില സമുദായ മാനേജ്മെന്റുകൾ തങ്ങൾക്ക് അർഹമായ പ്രാതിനിധ്യം കിട്ടിയില്ലെന്ന പരാതിയുമായി രംഗത്തുവന്നു കോടതിയിൽ വ്യവഹാരം

www.malankaralibrary.com

ആരംഭിക്കുകയും ചെയ്തു. ജനസംഖ്യാനുപാതികമായി പ്ലസ്ടു അനുവദിക്കണമെന്നായിരുന്നു അവരുടെ ഡിമാൻഡ്. അടിസ്ഥാനപരമായ ഒരു വസ്തുത അവർ മനപൂർവ്വം മറച്ചുവച്ചു. ഹൈസ്കൂളിന്റെ അപ്ഗ്രഡേഷനായിട്ടാണ് പ്ലസ് ടു അനുവദിക്കുന്നത്. സ്വന്തമായ ഹൈസ്കൂൾ കുറവുള്ള മാനേജ്മെന്റുകൾക്ക് എങ്ങനെ ജനസംഖ്യാനുപാതികമായി കൂടുതൽ പ്ലസ്ടു അനുവദിക്കാൻ കഴിയുമെന്ന് അവർ തന്നെ വ്യക്തമാക്കണം. എന്നിട്ടും ഹൈസ്കൂൾ കുറവുള്ള സമുദായ മാനേജ്മെന്റുകൾക്ക് പുതിയതായി ഹൈസ്കൂൾ അനുവദിക്കാനും തുടർന്ന് പ്ലസ്ടു അനുവദിക്കാനും ഗവൺമെന്റ് നടപടികൾ കൈക്കൊണ്ടു.

എൽ.ഡി.എഫ്. ഗവൺമെന്റിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന പി.ജെ.ജോസഫിന്റെ നിശ്ചയദാർഢ്യത്തിന്റേയും ഭരണപാടവത്തിന്റേയും ഏററം മഹത്തായ ഒരു സംഭാവനയാണ് പ്ലസ്ടു അനുവദിക്കൽ. അദ്ദേഹത്തിന്റെ കരങ്ങൾ സംശുദ്ധമാണ്. മനസ്സാകട്ടെ സർവ്വസമുദാ മൈത്രിയിലും നീതിബോധത്തിലും അധിഷ്ഠിതവും. പക്ഷേ ഇന്നത്തെ മുഖ്യമന്ത്രി ആന്റണിയും റവന്യൂമന്ത്രി മാണിയും അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് അഴിമതി ആരോപണത്തിന്റെ പുകമറ ഉയർത്തി നീതിമാനായ ആ മനുഷ്യനെ ക്രൂശിക്കുകയായിരുന്നു. വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി അദ്ദേഹം ആവിഷ്കരിച്ച വിപ്ലവകരമായ തീരുമാനങ്ങൾക്കും നടപടികൾക്കും അവർ തുരങ്കം വയ്ക്കുകയായിരുന്നു. ജോസഫ് അല്ലാതെ മററാരായിരുന്നാലും പ്രീഡിഗ്രി വേർപിരിക്കലും പ്ലസ്ടു അനുവദിക്കലും ഇത്ര ഭംഗിയായി നടപ്പാക്കുകയില്ലായിരുന്നു. ഒരു പക്ഷേ പ്രീഡിഗ്രി വേർപെടുത്തൽ നടപ്പാക്കുകപോലുമില്ലായിരുന്നു. ഇന്നത്തെ ഗവൺമെന്റിന്റെ വലിയ നേട്ടമായി ചിത്രീകരിക്കപ്പെടുന്ന സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ അനുവദിക്കലിന്റെ ക്രെഡിററ് വാസ്തവത്തിൽ പി.ജെ.ജോസഫിനുള്ളതാണ്. സ്വാശ്രയസ്ഥാപനങ്ങൾ അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു. നടപടികൾ തികച്ചും സുതാര്യവുമായിരുന്നു.

ആന്റണി സർക്കാരിന്റെ വിദ്യാഭ്യാസനയം തികച്ചും പിൻതിരിപ്പനും, അഴിമതിയിലും, സ്വജനപക്ഷപാതത്തിലും, വർഗ്ഗീയതയിലും മുങ്ങിക്കുളിച്ച് നിൽക്കുന്നതുമാണ്. ചോദിക്കുന്നവർക്കൊക്കെ എൻ.ഒ.സി. കൊടുക്കുന്ന നയം ഭരണചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്തതാണ്. കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് ജോലി കിട്ടാനുള്ള സാദ്ധ്യത കണിക്കിലെടുത്ത് 'മാൻ പവർ പ്ലാനിംഗ്' നടത്തിമാത്രമേ ഉത്തരവാദിത്വമുള്ള ഗവൺമെന്റുകൾ പുതിയ കോഴ്സുകളും സ്ഥാപനങ്ങളും അനുവദിക്കുകയുള്ളു. പക്ഷേ ഇപ്പോഴത്തെ സർക്കാരിന് യാതൊരു നയങ്ങളും പരിപാടികളും ഇല്ല. യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥാപനങ്ങൾ അനുവദിച്ചുനൽകുന്ന അനീതിപരമായ സമ്പ്രദായമാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്.

ഈ തിന്മനിറഞ്ഞതും അഴിമതിയുടെ ഗന്ധമുള്ളതുമായ ജാതീയ വർഗ്ഗീയ പ്രീണന നയത്തെ പി.ജെ.ജോസഫിന്റെ സുതാര്യവും തത്വബോധാധിഷ്ഠിതവുമായ നയങ്ങളോടും പരിപാടികളോടും താരതമ്യപ്പെടുത്താൻ

www.malankaralibrary.com

പോലും സാധിക്കുകയില്ല.

വിദ്യാഭ്യാസരംഗത്ത് മാററത്തിന്റെ കാഹളമൂതിയ പി.ജെ.ജോസഫിന്റെ സേവനങ്ങളെ പലരും മനസ്സുകൊണ്ട് അംഗീകരിച്ചിരുന്നു. മാർക്സിസ്റ്റ് മുന്നണിയിലായതിനാൽ പലരും അത് തുറന്നു പറയുവാൻ വിസ്മരിച്ചുവെന്നു മാത്രം.

യു.ഡി.എഫ്. മുന്നണിയിൽ നിന്നുകൊണ്ട് സ്വാശ്രയ സ്വകാര്യ കോളേജുകളെ തകർക്കാൻ കൂട്ടുനിൽക്കുന്ന രാഷ്ട്രീയ നേതാക്കളോട് കാര്യങ്ങൾ തുറന്നുപറയുവാൻ നാം നിർബന്ധിതരായിത്തീർന്നിരിക്കുന്നു. പി.ജെ.ജോസഫിന്റെ രാജിക്കുവേണ്ടി മുറവിളികൂട്ടിയവർക്ക് ഇപ്പോൾ എന്തു പറയാനുണ്ട് എന്നതാണ് പ്രസക്തമായ ചോദ്യം.

01-08-2004

## 347

# കാർഷിക പ്രശ്നങ്ങൾ

കത്തോലിക്കാ കോൺഗ്രസ്സ് കാലാകാലങ്ങളിൽ കാർഷിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. 1957-ലെ കമ്യൂണിസ്റ്റ് സർക്കാരിന്റെ ഭരണകാലത്ത് നടന്ന കുടിയിറക്കുകൾക്ക് എതിരെ പോരാടിയ എ.കെ.സി.സി. 1960-ൽ അധികാരമേറെറടുത്ത ഐക്യജനാധി പത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് നടന്ന ഉടുമ്പൻചോല കുടിയി റക്കിനെയും അമരാവതിയിലെ കുടിയിരുത്തലിലെ ക്രൂരതയെയും ശക്തിയായി എതിർത്തു. കൊട്ടിയൂരിലെ മേൽച്ചാർത്ത്, ചുരുളികീരിത്തോട് കുടിയിറക്ക്, പുല്ലള്ളി കുടിയിറക്ക്, ഗൂഡല്ലൂർ കുടിയിറക്ക് ഇവയെല്ലാം കത്തോലിക്കാ കോൺഗ്രസ്സ് സമർത്ഥമായി കൈകാര്യം ചെയ്യുകയുണ്ടായി. ഇവയ്ക്കെല്ലാം എതിരായി നടത്തിയ വമ്പിച്ച മഹായോഗങ്ങളും പ്രകടനങ്ങളും വാഹനജാഥയും മെമ്മോറാണ്ടസമർപ്പണവും എല്ലാം പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഈ പ്രക്ഷോഭണങ്ങളിലെല്ലാം കത്തോലിക്കാ കോൺഗ്രസ്സിന്റെ എളിയ പ്രവർത്തക നെന്നനിലയിൽ ഞാൻ സജീവമായി പങ്കെടുത്തു. ഈ പ്രക്ഷോഭണങ്ങളി ലെല്ലാം സജീവമായി പങ്കെടുത്ത എ.കെ.സി.സി. നേതാക്കളായ എം.ഒ ജോസഫ് നെടുംകുന്നം, കെ.എം. ജോസഫ് (ദീപിക), കെ.ജെ. ജേക്കബ്ബ്, കെ.ജെ. ചാണ്ടി, അഡ്വ.ഇ.എം. ജോസഫ്, എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ആന്റണി വള്ളമററം, മാത്യു മടുക്കക്കുഴി തുടങ്ങിയവരുടെ സേവനങ്ങളെ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. കത്തോലിക്കാ കോൺഗ്രസ്സ് മുൻനിന്നു നടത്തിയ സമരങ്ങളിൽ ഞാൻ എന്നും സജീവമായിരുന്നു. അതേസമയം ഫാ.വടക്കന്റെയും ജോൺ മാഞ്ഞൂരാന്റെയും ബി.വെല്ലിംഗ്ടന്റെയും നേതൃത്വ ത്തിൽ നടന്ന സമരങ്ങളിലും നേതൃത്വം വഹിച്ചിട്ടുണ്ട്.

മലയോര കർഷകരെ കത്തോലിക്കാകോൺഗ്രസ്സുമായി ബന്ധപ്പെടുത്തി സമരസന്നദ്ധരാക്കിയതിൽ നല്ലൊരു പങ്ക് ഞാൻ വഹിച്ചിട്ടുണ്ട്. ഇന്ന് അത്

www.malankaralibrary.com

അഭിമാനപൂർവ്വം ഞാൻ സ്മരിക്കുന്നു. ഇന്ന് കർഷകർ കേരളത്തിൽ യാതനയനുഭവിക്കുകയാണ്. അവരുടെ പ്രശ്നത്തിൽ ഞാൻ ഇടപെടണമെന്ന് എ.കെ.സി.സി.യുടെ പ്രതിനിധിസംഘം വയനാട്ടിൽ എത്തണമെന്നും കാണിച്ച് നിരവധി ഫോൺവിളികളും കത്തുകളും എനിക്കു വന്നു. ഞാൻ വ്യക്തിപരമായ നിലയിൽ വയനാട്ടിലും കുടിയേററ മേഖലകളിലും പര്യടനം നടത്തി. നിരവധി യോഗങ്ങളിൽ പങ്കെടുത്തു. മാനന്തവാടിരൂപതാധികാരികൾ കർഷകപ്രക്ഷോഭണത്തിൽ പങ്കെടുത്തതിനെ രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തകർ വിമർശിക്കുകയുണ്ടായി. അതിനെതിരെ പുറപ്പെടുവിച്ച പ്രസ്താവന താഴെ ചേർക്കുന്നു.

**348**

# മാനന്തവാടി രൂപതക്കെതിരെയുള്ള പരാമർശനം പ്രതിഷേധാർഹം

06-08-2004

നൂറിലധികം കർഷകർ കടക്കെണിമൂലം വയനാട്ടിൽ ആത്മഹത്യ ചെയ്തിട്ടും കേരളസർക്കാരും രാഷ്ട്രീയപാർട്ടികളും യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ കർഷകരക്ഷയ്ക്കെത്തിയ മാനന്തവാടി രൂപതയ്ക്കെതിരെ പത്രപ്രസ്താവനകളുമായി രംഗത്തെത്തിയ വയനാട് ഡി.സി.സി. ഭാരവാഹികളുടെയും ജനപ്രതിനിധികളുടെയും നടപടി അപലപനീയമാണെന്നും മാനന്തവാടി രൂപത നൽകിയ നേതൃത്വം പ്രശംസനീയമാണെന്നും ക്രൈസ്തവവിദ്യാഭ്യാസ അവകാശസംരക്ഷണ സമിതി ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പ്രസ്താവിച്ചു. വിദ്യാഭ്യാസരംഗത്ത് ഇന്നുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ ശ്രമിക്കാതെ രാജ്യം കുട്ടിച്ചോറാക്കുവാൻ ഇറങ്ങിതിരിച്ചിരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ അരമനക്കെതിരെയുള്ള നീക്കം പ്രതിഷേധാർഹമാണ്. 1960-കളിൽ കിഴക്കൻ മലയോരങ്ങളിൽനിന്നും ആയിരക്കണക്കിന് ആളുകളെ കുടിയിറക്കിയപ്പോഴും മലബാറിൽ മേൽച്ചാർത്ത് ഏർപ്പെടുത്തി കർഷകരുടെ മണ്ണിലുള്ള അവകാശം നിഷേധിച്ചപ്പോഴും ഗൂഡല്ലൂരിലെ മലയാളി കർഷകരെ കുടിയിറക്കിയപ്പോഴും അവിഭക്തതലശ്ശേരി രൂപത നൽകിയ നേതൃത്വമാണ് ഇന്ന് മാനന്തവാടി രൂപത തുടർന്നുകൊണ്ടിരിക്കുന്നതെന്നും 60-കളിലെ കർഷകദ്രോഹനടപടികൾ നടത്തിയത് കോൺഗ്രസ്സ് മുന്നണി നേതൃത്വം നൽകിയ സർക്കാരാണെന്നും അതിനെല്ലാം പിന്തുണ നൽകിയത് അന്നത്തെ കോൺഗ്രസ്സുകാരും 14 ക്രൈസ്തവ എം.എൽ.എ മാരുമായിരുന്നുവെന്നും കച്ചിറമററം അനുസ്മരിച്ചു. 1972-ലെ കോളേജു സമരകാലത്ത് മെത്രാന്മാരെ ചാട്ടവാറുകൊണ്ടടിക്കണമെന്ന് പ്രസ്താവിച്ചതും കോൺഗ്രസ്സുകാരാണ്.

സാമൂഹ്യരംഗത്ത് സഭ നൽകുന്ന നേതൃത്വം കുറെ രാഷ്ട്രീയ നേതാക്കളുടെ പ്രസ്താവനകൾ ഭയന്ന് നിറുത്തി വയ്ക്കുമെന്ന് വിചാരിക്കുന്നു

www.malankaralibrary.com

വെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിലാണ്. വയനാട്ടിൽ ആത്മഹത്യചെയ്തവരോട് അല്പമെങ്കിലും കരുണയുണ്ടായിരുന്നുവെങ്കിൽ ഇത്തരം പ്രസ്താവനകൾ ഡി.സി.സി. ഭാരവാഹികൾ നടത്തുകയില്ലായിരുന്നു. നന്മ ചെയ്യുകയുമില്ല ചെയ്യിക്കുകയുമില്ലായെന്ന ഈ രാഷ്ട്രീയക്കാരുടെ നിലപാട് പ്രതിഷേധാർഹമാണ്.

ആഗസ്റ്റ് 9, 10 തീയതികളിൽ വയനാട്ടിലെ കാർഷികപ്രശ്നങ്ങളെപ്പററി പഠിക്കാൻ വയനാട് സന്ദർശിക്കുന്നതാണെന്നും കച്ചിറമററം അറിയിച്ചു.

## (349)

# വയനാട്ടിലെ കർഷകരുടെയിടയിൽ

രജനി എന്ന വിദ്യാർത്ഥി ആത്മഹത്യചെയ്തപ്പോൾ വൻ പ്രക്ഷോഭണം നടത്തുകയും പോലീസ്സ്റ്റേഷൻ കയ്യേറുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്ത രാഷ്ട്രീയപാർട്ടികളും അവരുടെ പോഷകസംഘടനകളും 140-ലധികം കർഷകർ ആത്മഹത്യചെയ്തിട്ടും മൗനം അവലംബിക്കുന്നു.

തകർന്നടിഞ്ഞ എഫ്.എ.സി.ററി.യെ പുനരുദ്ധരിക്കാൻ 700കോടി രൂപാ സർക്കാർ അനുവദിച്ചു. 2000-ലധികം തൊഴിലാളികളെ സംരക്ഷിക്കുന്നതിനാണ് ഈ നടപടി സ്വീകരിച്ചതെന്നാണ് സർക്കാർ വാദം. അങ്ങനെയെങ്കിൽ 7 ലക്ഷം വരുന്ന വയനാട്ടിലെ കർഷകരുടെ 650 കോടി രൂപായുടെ കടം എഴുതിത്തള്ളേണ്ടത് സാമാന്യനീതിയല്ലേ?

വിമോചനസമരത്തിനുശേഷം അധികാരമേറെറടുത്ത ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്താണ് ഏററവും വലിയ കർഷകദ്രോഹനടപടികൾ നടന്നത്. ഇടുക്കി പദ്ധിയുടെ പേരിൽ ഉടുമ്പൻ ചോലയിൽ നിന്നും കുടിയിറക്കി യാതൊരു പുനരധിവാസസൗകര്യവും നൽകാതെ 2200-ൽ പരം കർഷക കുടുബങ്ങളെ 1961-ൽ അമരാവതിൽ കുടിയിരുത്തി. തോരാമഴയത്താണ് കുടിയിറക്കും കുടിയിരുത്തും നടന്നത്. തണുത്തുവിറച്ചും പകർച്ചവ്യാധികൾ പിടിപ്പെട്ടും പലരും അമരാവതിൽ മരിച്ചുവീണു. പലരും പ്രസവിച്ചത് മരച്ചുവടുകളിലായിരുന്നു. എ.കെ. ഗോപാലൻ അവിടെ സത്യാഗ്രഹമിരുന്നു. ഫാ. വടക്കനും വെല്ലിംഗ്ടണും അമരാവതിയിൽ ഓടിയെത്തി. ഈ ലേഖകനും അവിടെയെത്തി. അവിടുത്തെ കർഷകരുടെ ദുരിതം കണ്ടപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി. വടക്കനച്ചന്റെ നിർദ്ദേശാനുസരണം ഏതാനും ദിവസങ്ങൾ അമരാവതിയിൽ തങ്ങി. കുടിയിറക്കപ്പെട്ടവരോടൊപ്പം അന്തിയുറങ്ങി. ഇന്നും ആ ഭീകരദൃശ്യത്തിന്റെ ഓർമ്മകൾ എന്നെ വേട്ടയാടുകാണ്.

അമരാവതിക്കുശേഷം കൊട്ടിയൂരിൽ മേൽച്ചാർത്ത് ഏർപ്പെടുത്തിയാണ് കർഷകദ്രോഹ നടപടികൾക്ക് തുടക്കം കുറിച്ചത്. രണ്ടായിരത്തിൽപരം പോലീസുകാരാണ് തോക്കും ബയനററുംമേന്തി കൊട്ടിയൂരിൽ നിലയുറപ്പിച്ചത്. ഫാ. വടക്കനും വെല്ലിംഗ്ടനോടും ഒപ്പം ഞാൻ കൊട്ടിയൂരിൽ എത്തി. അന്നത്തെ ആ ഭയം ഇന്നും വിട്ടുമാറിയിട്ടില്ല. 46 ദിവസം കൊണ്ട്. കൊട്ടിയൂരിൽനിന്നും ആരംഭിച്ച കൊട്ടിയൂർ ജാഥാ തിരുവനന്തപുരത്തെത്തിച്ചേർന്നു. കേരളത്തിലെ

www.malankaralibrary.com

കർഷകരുടെ നീറുന്ന പ്രശ്നങ്ങൾ കേരള ജനതയെ മുഴുവൻ ബോധ്യപ്പെടുത്തുവാൻ കൊട്ടിയൂർ ജാഥക്ക് കഴിഞ്ഞു. 1964-ലാണ് ചുരുളികീരിത്തോട് വൻകുടിയിറക്കു നടക്കുന്നത്. പോലീസ് വെടിവെച്ചും കർഷകക്കുടിലുകൾ കത്തിച്ചും നടത്തിയ കുടിയിറക്ക് ഭീകരമായിരുന്നു. കർഷകരുടെയിടയിൽ ദുരിതാശ്വാസപ്രവർത്തനത്തിനെത്തിയ ഞങ്ങളെ പോലീസ് വഴിയിൽ തടഞ്ഞു. ചുരുളി കീരിത്തോട് പ്രദേശങ്ങളിൽ കയറുന്നതിനെ നിരോധിച്ചു. എം.എൽ.എ മാരായ കെ.എം. ജോർജിനെയും. സി.എ. മാത്യുവിനെയും കുസുമം ജോസഫിനെയും ഞങ്ങൾ സമീപിച്ചു അവരും ഞങ്ങൾക്ക് എതിരായിരുന്നു.

പിൽക്കാലത്തുനടന്ന സംവങ്ങളാണ് ഷിമോഗായിലെ കുടിയിറക്ക്, പുൽപള്ളുയിലെ കുടിയിറക്ക്, അമ്പലവയൽ കുടിയിറക്ക്, ഗൂഡല്ലൂർ കുടിയിറക്ക് മുലായവ. എല്ലാ കുടിയിറക്കുകളെയും ശക്തിയായി എതിർത്ത് പരാജയപ്പെടുത്തിയെങ്കിലും ഷിമാഗോയിൽ കുടിയിറക്ക് നടന്നു. ഷിമാഗോ സമരത്തിൽ എനിക്ക് പങ്കെടുക്കാൻ സാധിച്ചില്ല. മറെറല്ലാകുടിയിറക്കുകൾക്കെതിരായിനടന്ന സമരത്തിലും എളിയതോതിൽ ഞാനും പങ്കെടുത്തിട്ടുണ്ട്.

1984-ലെ തട്ടേക്കണ്ണി കുടിയിറക്ക്, ഫാ. വടക്കനോടൊത്ത് ഹൈറേഞ്ചിൽ ബൈബിൾ ജാഥാ നടത്തുമ്പോഴാണ് നടക്കുന്നത്. ബൈബിൾ ജാഥാ നിർത്തിവെച്ച് ഞങ്ങൾ തട്ടേക്കണ്ണിയിൽ എത്തുമ്പോൾ 1200 പോലീസുകാരാണ്. തോക്കേന്തി മാർച്ചുചെയ്യുന്നത്. ആ ഭീകരാന്തരീക്ഷത്തിൽ ഭയപ്പെടാതെ വടക്കനച്ചൻ മുന്നോട്ടു നീങ്ങി സത്യാഗ്രഹമാരഭിച്ചു. അച്ചന്റെ സഹായിയായിട്ട് ഞാനും. കഴിഞ്ഞ നാലരദശാബ്ദങ്ങൾക്കുള്ളിൽ കേരളത്തിലും ഗൂഡല്ലൂരിലും നടന്ന കർഷകസമരങ്ങളിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അമരാവതിയിലെ കർഷകരുടെ ദുരിതങ്ങൾ ഓർക്കുമ്പോൾ ഇന്നും കണ്ണുകൾ നിറയും.

കർഷകർക്ക് ഒരിക്കലും രക്ഷയില്ലന്നാണ് സമരകാലീനസംഭവങ്ങൾ വിളിച്ചറിയിക്കുന്നത്. രജനി എന്ന വിദ്യാർത്ഥി ആത്മഹത്യ ചെയ്യതപ്പോൾ വൻ പ്രക്ഷോഭണം നടത്തുകയും പോലീസ് സ്റേറഷൻ കയറുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്ത രാഷ്ട്രീയപാർട്ടികളും അവരുടെ പോഷകസംഘടനകളും 140-ൽ പരം കർഷകർ ആത്മഹത്യ ചെയ്യ്തിട്ടും മൗനം അവലബിക്കുകയാണ്. കർഷകർക്കുവേണ്ടി ശബ്ദിക്കാനാരുമില്ലന്ന് ചുരുക്കം. ആത്മഹത്യ ചെയ്തവരിൽ ഭൂരിപക്ഷവും വയനാട് ജില്ലക്കാരായിരുന്നു.

നാലു ദശാബ്ദങ്ങൾക്ക് മുമ്പ് എന്നോടൊത്ത് കർഷകപ്രക്ഷോഭണത്തിൽ പങ്കെടുത്തവർ വയനാട് സന്ദർശിക്കുവാനും കർഷകപ്രക്ഷോഭണത്തിൽ പങ്കെടുക്കുവാനും ക്ഷണിക്കുകയുണ്ടായി. കഴിഞ്ഞയാഴ്ചയിൽ വയനാട്ടിലെത്തി കടക്കെണിയിൽ അകപ്പെട്ട് ആത്മഹത്യചെയ്തവരുടെ ബന്ധുമിത്രാദികളടക്കം പലരെയും ഞാൻ സന്ദർശിച്ചു. 1961-ൽ അമരാവതിയിൽ വച്ച് ഞാൻ പൊട്ടിക്കരഞ്ഞു, വയനാട്ടിലും എന്റെ കണ്ണുകൾ നിറഞ്ഞു.

ഞാൻ ബത്തേരി അസംപ്ഷൻ പള്ളിവികാരി ഫാ. ജോർജ് മമ്പള്ളിയെ സന്ദർശിച്ചു. അദ്ദേഹം എന്നോട് പറഞ്ഞ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴത്തിൽ പതിച്ചു. "വയനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ പൂർണ്ണമായി പഠിച്ചിട്ടേ പോകാവു. ഇവിടുത്തെ കർഷകർക്ക് നേതൃത്വം കൊടുക്കുവാൻ

www.malankaralibrary.com

കച്ചിറമററം തയ്യാറാകണം. ന്യൂനപക്ഷാവകാശപ്രഖ്യാപന കൺവെൻഷൻ കോട്ടയത്ത് വിളിച്ചു കൂട്ടിയത് കച്ചിറമററത്തിന്റെ നേതൃത്വത്തിലായിരുന്നുവല്ലോ.? അതുപോലെ കർഷകവകാശപ്രഖ്യാപന കൺവെൻഷൻ കോട്ടയത്തോ, എറണാകുളത്തോ വളിച്ചു കൂട്ടുവാൻ നേതൃത്വം കൊടുക്കണം ഇതിന് കച്ചിറമററത്തിനേ സാധിക്കൂ." വയനാടിന്റെ ഹൃദയവികാരങ്ങൾ തൊട്ടറിഞ്ഞു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രമുഖസംഘാടകനായ ഫാ. മമ്പള്ളിയുടെ വാക്കുകൾ എന്നെ സ്വാധീനിച്ചു. മമ്പള്ളിയച്ചന്റെ വാക്കുകൾ മനസ്സിൽ വച്ചു കൊണ്ടാണ് ഞാൻ കാർഷിക പ്രശ്നങ്ങളെപ്പററി പഠിക്കാൻ വയനാട്ടിൽ കൂടി നടന്നത്.

നാണ്യവിളകളുടെ വിലയിടിവുമൂലം ഉൽപാദകൻ എന്ന നിലയിലും, വിലക്കയററംകൊണ്ട് ഉപഭോക്താവ് എന്ന നിലയിലും ഇരട്ട ചൂഷണത്തിന് വയനാട്ടിലെ കർഷകർ വിധേയമായികൊണ്ടിരിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ വിലതകർച്ചയും വിളനാശവും നിമിത്തം ഗുരുതരമായ സാമ്പത്തികതകർച്ചക്ക് വയനാട്ടിലെ കർഷകർ വിധേയരായിരിക്കുന്നു. നിരവധിപേർ ആത്മഹത്യചെയ്തു. തങ്ങളുടെ ജീവിതം വഴിമുട്ടിയെന്ന് പലരും കരുതുന്നു. വയനാട്ടിലെ മുഖ്യ കാർഷികവിളകളായ കാപ്പിയുടെയും കുരുമുളകിന്റെയും വില കഴിഞ്ഞ പത്തു വർഷത്തിനിടയിൽ നാലിലൊന്നായി കുറഞ്ഞു. വളം ഡീസൽ, വൈദ്യുതി എന്നിവയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില മൂന്നും നാലും ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. ഈ സന്ദർഭത്തിലാണ് കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളണമെന്ന് ആവശ്യപ്പെടുന്നത്.

240 രൂപാ ഒരുകിലോ കുരുമുളകിനും 132 രൂപാ ഒരു കിലോ കാപ്പിക്കും വിലയുണ്ടായിരുന്നപ്പോഴാണ്, കർഷകർ ബാങ്കുകളിൽനിന്നും കടം എടുക്കുന്നത്. ഇന്ന് കുരുമുളകിന്റെ വില അൻപത്തിയേഴുരൂപായും കാപ്പിയുടെ വില മുപ്പതുരൂപയായും കുറഞ്ഞിരിക്കുന്നു. കടം എടുത്തതുകയുടെ പലിശ പോലും അടക്കുവാൻ കർഷകന് സാധ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തിന് ഉത്തരവാദി സർക്കാരാണ്. നാണ്യ വിളകൾക്ക് ഒരു അടിസ്ഥാന വില നിശ്ചയിച്ചു നടപ്പിലാക്കിയിരുന്നുവെങ്കിൽ പ്രശ്നം ഇത്രമാത്രം ഗുരുതരമാവുകയില്ലായിരുന്നു. സർക്കാരിന്റെ പക്കൽനിന്നുള്ള വീഴ്ചയായതു കൊണ്ട് കടങ്ങൾ എഴുതിത്തള്ളുവാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. അത് സാദ്ധ്യമല്ലന്നാണ് സർക്കാരിന്റെ വാദം.

തകർന്നടിഞ്ഞ എഫ്.എ.സി.ററി യെ പുനരുദ്ധരിക്കാൻ 700 കോടി രൂപായാണ് സർക്കാർ അനുവദിച്ചത്. 2000 -ലധികം ജോലിക്കാരെ സംരക്ഷിക്കാനാണ് ഈ നടപടി സ്വീകരിച്ചതെന്നാണ് സർക്കാർ വാദം. അങ്ങനെയെങ്കിൽ 7 ലക്ഷം വരുന്ന വയനാട്ടിലെ കർഷകരുടെ 650 കോടി രൂപായുടെ കടം എഴുതി തള്ളേണ്ടത് സാമാന്യനീതിയല്ലേ? 7 ലക്ഷം കർഷകർക്ക് ആശ്വാസമാകുമല്ലേ?

കർഷകരുടെ കാര്യങ്ങൾ പറയുമ്പോൾ സർക്കാർ ഖജനാവ് കാലിയാണെന്നാണ് പറയുക. സർക്കാർ ഖജനാവ് കാലിയാണെങ്കിലും സംഘടിത ശക്തിക്കുമുൻപിൽ തലകുനിച്ച് അവർക്ക് എന്താനുകൂല്യവും നൽകാൻ സർക്കാർ തയ്യാറാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ

www.malankaralibrary.com

തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ ശമ്പളം ഒററയടിക്കാണ് 200 മുതൽ 500 രൂപാ വരെ സർക്കാർ വർദ്ധിപ്പിച്ചത്. കൃഷിക്കാരുടെ കാര്യം പറയുമ്പോൾ മാത്രം സർക്കാർ മുഖം തിരിക്കും. ഇത് കർഷകർ സംഘടിക്കാത്തതുകൊണ്ടാണ്. രാഷ്ട്രീയ പാർട്ടികളുടെ പോഷക സംഘടനകളായ കർഷകസംഘടനകളെ ഉപയോഗിച്ച് കർഷകരെ ഭിന്നിപ്പിക്കാമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ. ആ നടപടി ഇന്നു വരെ വിജയിച്ചിട്ടുമുണ്ട്.

വയനാട്ടിലെന്നല്ല കേരളത്തിലെ കർഷകരുടെ പ്രശനങ്ങളെപ്പററി പഠിക്കാൻ ഒരു വിദഗ്ധ സമതിയെ നിയോഗിക്കണം. കാർഷികകടങ്ങൾ എഴുതിത്തള്ളണം. ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാണോയെന്ന് പരിശോധിക്കണം. ബ്ലേഡ്മാഫിയാകളുടെ പിടിയിൽ നിന്നും ജനങ്ങളെ മോചിപ്പിക്കണം. നാണ്യവിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ച് അതു ലഭ്യമാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കണം.

കേരളത്തിലെ കർഷകർക്ക് ഇന്ന് നിരവധിസംഘടനകളുണ്ട് . അതിൽ രാഷ്ട്രീയപാർട്ടികളുടെ പോഷകസംഘടനകളെ ഒഴിവാക്കി, മറെറല്ലാകർഷക സംഘടനകളും കൂടി യോജിച്ച് പ്രവർത്തിക്കണം. ഒരു പുത്തൻ സമരമുഖം വെട്ടിത്തുറക്കണം. രാഷ്ട്രീയത്തിനതീതമായി ഒത്തൊരുമിച്ച് പ്രവർത്തിക്കണം. കർഷകരെ ഭിന്നിപ്പിക്കാനായിരിക്കും സർക്കാരും രാഷ്ട്രീയകക്ഷികളും ശ്രമിക്കുക. കക്ഷിരാഷ്ട്രീയത്തിനതീതമായി പലസമയങ്ങളിലും രൂപം കൊണ്ട വലുതും ചെറുതുമായ കർഷക പ്രസ്ഥാനങ്ങളെ നിർവീര്യമാക്കാനുള്ള ശ്രമം എക്കാലത്തും നടന്നിട്ടുണ്ട്. അതിന് ഇനി അവസരം നൽകരുത്.

ഇന്നത്തെ കാർഷിക പ്രശ്നങ്ങളെപ്പററി പഠിക്കണം. അവയ്ക്ക് പരിഹാരം കാണാൻ കൂട്ടായിയത്നിക്കണം ഇതിനുവേണ്ടി ഒരു കർഷകമഹാസമ്മേളനം വിളിച്ചുകൂട്ടുന്നതാണ്. എല്ലാവരുടെയും സഹായം അഭ്യർത്ഥിക്കുന്നു.

08-08-2004

## 350

# കന്യാസ്ത്രീകൾക്കുനേരെയുള്ള ആക്രമണം രാഷ്ട്രപതി ഇടപെടണം

രാമപുരം

കോഴിക്കോട്ട് മിഷനറീസ് ഓഫ് ചാരിററി സന്യാസസമൂഹത്തിലെ കന്യാസ്ത്രീകളെ ആക്രമിക്കുകയും ഒരു മാസം മുമ്പ് തിരുവോണനാളിൽ ഇരിങ്ങാലക്കുടയിൽ ഒരു വൈദികനെ വധിക്കുകയും ചെയ്ത സംഭവത്തെപ്പററി രാഷ്ട്രപതി അന്വേഷിക്കണമെന്നും കേരളത്തിൽ വർദ്ധിച്ചുവരുന്ന ക്രൈസ്തവപീഡനങ്ങൾ അവസാനിപ്പിക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും ന്യാനപക്ഷാവകാശസംരക്ഷണസമിതി ജനറൽസെക്രട്ടറി ജോൺകച്ചിറമററം രാഷ്ട്രപതി അബ്ദുൾ കലാമിനോട് അഭ്യർത്ഥിച്ചു. രാഷ്ട്രപതിക്ക് ഫാക്സ് സന്ദേശം അയച്ചതിനുശേഷം കച്ചിറമററം പുറപ്പെടു

www.malankaralibrary.com

വിച്ച പ്രസ്താവന ചുവടെ ചേർക്കുന്നു.

ചേരിപ്രദേശങ്ങളിലും കോളനിപ്രദേശങ്ങളിലും പോയി സാമൂഹ്യപ്രവർത്തനം നടത്തുന്ന കന്യാസ്ത്രീകളെ ആക്രമിക്കുക വഴി രാജ്യം അപമാനിക്കപ്പെട്ടിരിക്കുകയാണെന്നും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർ ഭാരതത്തിന്റെ സൽപേര് നശിപ്പിച്ചിരിക്കുകയാണെന്നും പുരോഹിതന്മാരുടെയും കന്യാസ്ത്രീകളുടെയും പ്രവർത്തനലക്ഷ്യം മനസ്സിലാക്കാത്തവരാണ് ഈ കളങ്കം വരുത്തിവച്ചതെന്നും ന്യൂനപക്ഷാവകാശസംരക്ഷണസമിതി ജനറൽ സെക്രട്ടറി ജോൺ കച്ചിറമററം പ്രസ്താവിച്ചു.

ഭാരതത്തിൽ ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ സാധിക്കാത്തവരും അന്തിയുറങ്ങാൻ പാർപ്പിടമില്ലാത്തവരും നഗ്നതമറക്കുവാൻ സാധിക്കാത്തവരും രോഗം വരുമ്പോൾ ചികിത്സിക്കുവാൻ കഴിവില്ലാത്തവരും ലക്ഷക്കണക്കിനാണ്. സാമാന്യവിദ്യാഭ്യാസം നിർവ്വഹിക്കുവാൻ പോലും പലർക്കും സാധിക്കുന്നില്ല. ഇങ്ങനെ വിവിധ നിലകളിൽ കഷ്ടപ്പെടുന്നവർക്ക് ആശ്വാസമേകുകയാണ് മദർ തെരേസാ സ്ഥാപിച്ച സന്യാസസഭയിലെ അംഗങ്ങളുടെ ലക്ഷ്യം. ഇവർക്കെല്ലാം സാമൂഹ്യനീതി നേടിക്കൊടുക്കാൻ സർക്കാർ പരാജയപ്പെട്ടതുകൊണ്ടാണ് കന്യാസ്ത്രീകൾ രംഗത്തിറങ്ങിയത്.

കന്യാസ്ത്രീകളോ, വൈദീകരോ, ആരെയും മതപരിവർത്തനത്തിന് പ്രേരിപ്പിക്കുന്നില്ല. അതവരുടെ ലക്ഷ്യവുമല്ല. ക്രൈസ്തവരുടെ സുവിശേഷവൽക്കരണം ചിലർ തെററിദ്ധരിച്ചിരിക്കുന്നു. അടിച്ചമർത്തപ്പെട്ടവർക്ക് മോചനവും ബന്ധിതർക്ക് സ്വീകാര്യമായ വൽസരവും നൽകുകയെന്നത് മാത്രമാണ് ക്രൈസ്തവരുടെ ലക്ഷ്യം. അടിച്ചമർത്തപ്പെട്ട സകലർക്കും നീതി ലഭിക്കുമ്പോൾ ഇവിടെ ക്രൈസ്തവദൗത്യം പൂർത്തീകരിക്കപ്പെടും. ഭാരതത്തെ കൈസ്തവമാക്കുകയെന്നതല്ല മിഷനറിമാരുടെ ലക്ഷ്യം. ഭാരതത്തിലെ സകലമനുഷ്യരും സ്വാതന്ത്ര്യത്തിന്റെ മധുരഫലങ്ങൾ അനുഭവിക്കുവാൻ യോഗ്യരാക്കിതീർക്കുകയെന്നതു മാത്രമാണവരുടെ ലക്ഷ്യം.

ഫാ.ജോബ് വധത്തിന്റേയും കന്യാസ്ത്രീകളുടെ നേർക്കുനടന്ന ആക്രമണത്തിന്റേയും പിന്നിൽ ഒരു ഭാരതീയനും ഉൾപ്പെടുവാൻ സാധിക്കുകയില്ല. ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെപ്പററിയും നമ്മുടെ വേദങ്ങളെയും ഉപനിഷത്തുകളെപ്പററിയും അറിവില്ലാത്ത ഏതാനും വർഗ്ഗീയ വാദികളായിരിക്കും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. അവർ കൂടി ഭാരതത്തിന്റെ സന്ദേശം ഉൾക്കൊള്ളുവാൻ തയ്യാറാകണം.

രാജ്യത്തിന്റെ സൽപേര് കളഞ്ഞുകുളിച്ച ഈ ആക്രമത്തെപ്പററി അന്വേഷിക്കുവാനും കുററക്കാരുടെ മേൽ നടപടി സ്വീകരിക്കുവാനും സർക്കാർ അടിയന്തിരനടപടി സ്വീകരിക്കണം - കച്ചിറമററം അഭിപ്രായപ്പെട്ടു.

05-10-2004

www.malankaralibrary.com

## 351

# ക്രൈസ്തവനേതൃത്വം കമ്മ്യൂണിസ്റ്റ് പാർട്ടിയെ വെള്ള പൂശുമ്പോൾ

കമ്മ്യൂണിസ്റ്റുകളും കത്തോലിക്കാസഭയും തമ്മിലുള്ള ബന്ധം ഒരു മാസം മുമ്പുവരെ ഒരു ചർച്ചാവിഷയമേയല്ലായിരുന്നു. ഒരു കൊടുങ്കാററു പോലെയാണ് ആ ബന്ധത്തെപ്പററി അത്യുന്നത കർദ്ദിനാളും ചില ആർച്ചു ബിഷപ്പുമാരും മെത്രാന്മാരും ചർച്ച തുടങ്ങിവച്ചത്. കമ്മ്യൂണിസ്റ്റുകളുമായി അടുക്കുന്നത് സംബന്ധിച്ച് പ്രശ്നം പഠിക്കാൻ കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ ഒരു ഉപസമിതിയേയും തിരഞ്ഞെടുത്തു. രണ്ടു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കണമെന്നാണ് ഉപസമിതിയോട് നിർദ്ദേശിച്ചിരിക്കുന്നത്. പൊടുന്നനവെ ഇങ്ങനെയൊരു ചർച്ചയ്ക്കും ഉപസമിതി രൂപീകരണത്തിനും മെത്രാന്മാരെ പ്രേരിപ്പിച്ചത് എന്താണെന്ന് എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല.

പ്രത്യക്ഷമായിട്ടല്ലെങ്കിലും, കമ്മ്യൂണിസ്റ്റുകളെ സഹായിക്കാം എന്ന ഒരു ചിന്തയ്ക്ക് ആരംഭം കുറിച്ചത് ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പുവേളയിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ തിരുമേനിയാണ്. കുടുംബവാഴ്ച യ്ക്കെതിരെയും വർഗ്ഗീയാധിപത്യത്തിനെതിരെയും ഉറച്ചനിലപാട് സ്വീകരിക്ക ണമെന്ന് കർദ്ദിനാൾ തിരുമേനി സത്യദീപത്തിലൂടെ വെളിപ്പെടുത്തിയതായി മംഗളം പത്രം റിപ്പോർട്ടു ചെയ്തു. അതിന്റെ അർത്ഥം കുടുംബവാഴ്ചയുടെ പേരിൽ കോൺഗ്രസ്സിനെയും വർഗീയതയുടെ പേരിൽ ബി.ജെ.പി. മുന്നണി യേയും എതിർക്കണമെന്നാണല്ലോ. ഈ രണ്ടുമുന്നണിയിലും പെടാത്ത കമ്മ്യൂ ണിസ്റ്റ് മുന്നണിയെ വിജയിപ്പിക്കണമെന്നാണല്ലോ ചുരുക്കം. തിരഞ്ഞെടു പ്പുകാലത്ത് പല സ്ഥാനാർത്ഥികളും കർദ്ദിനാൾ തിരുമേനിയുടെ പ്രസ്താവന യിലെ ചിലഭാഗങ്ങൾ പ്രസിദ്ധീകരിച്ച് മുതലെടുപ്പ് നടത്തുവാൻ ശ്രമിക്കുകയും ചെയ്തു. കത്തോലിക്കാ സഭയ്ക്ക് കമ്മ്യൂണിസ്റ്റ് വിരോധമില്ലെന്നും പാർട്ടിയുമായി സഹകരിക്കുന്നതിൽ തെററില്ലെന്നുമാണ് സി.ബി.സി.ഐ. പ്രസിഡന്റ് കർദ്ദിനാൾ ടെലസ്ഫോർ ടോപ്പോയും അഭിപ്രായപ്പെട്ടത്.

തെരഞ്ഞെടുപ്പിനുശേഷം കത്തോലിക്കാസഭയും ഇടതുപക്ഷവും തമ്മിൽ അകൽച്ചയില്ലെന്ന് കൊച്ചി മെത്രാൻ ഡോ.ജോൺ തട്ടുങ്കൽ അഭിപ്രായപ്പെട്ടു.

"അരനൂററാണ്ടിന് മുമ്പ് ഉള്ള കത്തോലിക്കാസഭ-മാർക്സിസ്റ്റ് പാർട്ടി ബന്ധത്തിൽ മാററം വന്നിട്ടുണ്ടെങ്കിലും മററു മതേതര ജനാധിപത്യ പാർട്ടികളുമായിട്ടുള്ളത്ര ബന്ധം കമ്മ്യൂണിസ്റ്റു പാർട്ടിയുമായി കത്തോലിക്കാസഭ പുലർത്തുന്നുണ്ടോയെന്ന കാര്യത്തിൽ ചോദ്യങ്ങൾ അവശേഷിക്കുന്നു" എന്ന മുഖപ്രസംഗത്തോടെ പുറത്തിറങ്ങിയ സത്യദീപം ഇംഗ്ലീഷ് പതിപ്പിൽ ആണ് വൈദീക ശ്രേഷ്ഠന്മാരുടെ അഭിപ്രായം ഈ

www.malankaralibrary.com

വിഷയത്തെ സംബന്ധിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചത്. കത്തോലിക്കാ സഭയോട് കമ്മ്യൂണിസ്റ്റുകൾ കൂടുതൽ അടുക്കുന്നുവെന്നാണ് കൽക്കത്ത ആർച്ച് ബിഷപ്പ് ഡോ.ഹെൻട്രി ഡിസൂസാ അഭിപ്രായപ്പെട്ടത്. കമ്മ്യൂണിസ്റ്റ് പാർട്ടിയും കത്തോലിക്കാ സഭയുമായി കൂടുതൽ അടുക്കുന്നുവെന്നത് ശരിയാണെന്നും മതമൗലികതയ്ക്ക് എതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശൈലി അഭിനന്ദനാർഹമാണെന്നും ആർച്ച് ബിഷപ്പ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ അഭിപ്രായപ്പെട്ടു.

സാമൂഹികപ്രശ്നങ്ങളിൽ മാർക്സിസ്റ്റ്-കത്തോലിക്കാ വിഭാഗങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ സമാനങ്ങളാണെന്ന് ആർച്ച് ബിഷപ്പ് സുസൈ പാക്യം അഭിപ്രായപ്പെട്ടു. വോട്ടുനേടാനുള്ള തന്ത്രപരമായ നീക്കമായി മാത്രമേ പാർട്ടിയുടെ നയസമീപനങ്ങളിൽ വന്ന മാററങ്ങളെ കാണാനാവൂ എന്ന് അഭിപ്രായപ്പെട്ട സൂസൈപാക്യം കമ്മ്യൂണിസ്റ്റുകൾക്ക് നല്ല ഒരു സർട്ടിഫിക്കററും കൊടുത്തിട്ടുണ്ട്. "ധാർമ്മികമൂല്യങ്ങൾ പുലർത്തുന്നതിൽ അവർ മുൻപന്തിയിലാണ്. അണികളുടെ അക്രമത്തെ അവർ പാർട്ടിതലത്തിൽ ന്യായീകരിക്കുമെങ്കിലും വ്യക്തിപരമായി അവർ ഉന്നതമൂല്യങ്ങൾ പുലർത്തുന്നവരാണ്."

യാതൊരു മറവും തിരിവുമില്ലാതെയാണ് ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ അഭിപ്രായം പ്രകടിപ്പിച്ചത്. തികച്ചും പ്രാദേശിക പ്രശ്നങ്ങളാണ് ലോകസഭാ ഇലക്ഷനിലെ ഇടതുവിജയത്തിനുകാരണമെന്നും, മാർക്സിസ്റ്റ് നയങ്ങളിൽ കാതലായ മാററം വന്നിട്ടില്ലന്നും കൂട്ടായ ചർച്ചയിലൂടെ മാത്രമേ ഇത്തരം കാര്യങ്ങളിൽ അഭിപ്രായം പറയാനാവൂ എന്നും സഭയുടെ ഐക്യം ഇക്കാര്യത്തിൽ വ്യക്തമാക്കിയില്ലെങ്കിൽ അതു പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും ആർച്ച് ബിഷപ്പ് പൗവ്വത്തിൽ അസന്നിഗ്ദ്ധമായി പറയുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകാരനായിരുന്ന എ.പി. വർക്കിയുടെ സ്മരണാർത്ഥം സ്ഥാപിച്ച ഫൗണ്ടേഷന്റെ ആശുപത്രിയിൽ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്യാൻ കർദ്ദിനാൾ തിരുമേനിയെ ക്ഷണിക്കുകയും ചെയ്തു. ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റുകളുമായി നല്ലകാര്യങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാമെന്നും ജീവകാരുണ്യരംഗത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും സഭയുടെ ലക്ഷ്യങ്ങളോട് യോജിച്ചുപോകുന്ന ഇത്തരം പരിശ്രമങ്ങളുമായി സഹകരിക്കുന്നതിൽ തെററില്ലന്നും കർദ്ദിനാൾ പ്രഖ്യാപിച്ചു.

"കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മാററങ്ങളും ദരിദ്രരോടുള്ള ആഭിമുഖ്യവും മതമൗലികവാദത്തോടുള്ള ശക്തമായ എതിർപ്പുമാണ് ക്രിസ്ത്യാനികൾ മാർക്സിസ്റ്റ് പാർട്ടിയോട് ആഭിമുഖ്യം പുലർത്തുന്നതിനുള്ള കാരണങ്ങൾ" എന്നും സത്യദീപം അതിന്റെ മുഖപ്രസംഗത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈയടുത്തകാലത്ത് കമ്മ്യൂണിസ്റ്റ് – കത്തോലിക്കാസഭ ബന്ധങ്ങളെപ്പററിയുള്ള മെത്രാന്മാരുടെ അഭിപ്രായങ്ങൾ അടങ്ങിയ പത്രറിപ്പോർട്ടുകളും മററും കാണുമ്പോൾ സാധാരണക്കാരായ കത്തോലിക്കർ, കമ്മ്യൂണിസ്റ്റുകളോടു കത്തോലിക്കർ കൂടുതൽ അടുത്തുകഴിഞ്ഞിരിക്കുന്നുവെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വലിയമാററങ്ങൾ വന്നുകഴിഞ്ഞുവെന്നും നമുക്ക് ഉൾക്കൊള്ളാൻ

www.malankaralibrary.com

കഴിയുന്ന ഒരു പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നും ചിന്തിച്ചിട്ടുണ്ടെങ്കിൽ അവരെ കുററപ്പെടുത്തിയിട്ടു കാര്യമില്ല.

നിരവധി സാമൂഹ്യപ്രശ്നങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയോട് സഹകരിച്ച് സമരം ചെയ്തിട്ടുള്ളയാളാണ് ഈ ലേഖകൻ. അറുപതുകളിൽ ഇടുക്കി പദ്ധതിയുടെ പേരും പറഞ്ഞ് ഉടുമ്പൻചോലയിൽ നിന്നും 2200 -ൽ പരം കർഷകുടുംബങ്ങളെ കുടിയിറക്കി യാതൊരു പുനരധിവാസസൗകര്യവും നൽകാതെ അമരാവതിയിൽ കുടിയിരുത്തിയപ്പോഴാണ് കമ്മ്യൂണിസ്റ്റുകളുമായുള്ള സഹകരണം ആരംഭിച്ചത്. കൊട്ടിയൂർ മേൽച്ചാർത്തിനെതിരായി നടന്ന പ്രക്ഷോഭണത്തിലും മിച്ചഭൂമി സമരത്തിലും 1984-ലെ മത്സ്യത്തൊഴിലാളി സമരത്തിലുമെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിച്ച് പ്രവർത്തിച്ചപ്പോൾ ഞങ്ങളെ പിന്താങ്ങുവാൻ ആരും ഉണ്ടായിരുന്നില്ല. സമകാലീന സാമൂഹ്യപ്രശ്നങ്ങളിലല്ലായിരുന്നോ ഞങ്ങൾ സഹകരിച്ച് പ്രവർത്തിച്ചത്?

1975-ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് കമ്മ്യൂണിസ്റ്റ് നേതാക്കളുൾപ്പെടെയുള്ളവരെ കൽത്തുറുങ്കിൽ അടച്ചപ്പോൾ,ജയിലിൽ അടക്കപ്പെട്ടവരുടെ കുടുംബാംഗങ്ങളെ സഹയിക്കുവാനും അടിയന്തരാവസ്ഥയ്ക്കെതിരെ പ്രവർത്തിക്കാനും ഈ ലേഖകന് സാധിച്ചിട്ടുണ്ട്. അങ്ങനെ നിരവധി സമരങ്ങളിൽ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് പ്രവർത്തിച്ചത് സമകാലീന സാമൂഹ്യപ്രശ്നങ്ങളോട് കമ്മ്യൂണിസ്റ്റ്പാർട്ടി സ്വീകരിച്ച നിലപാടുകൾ കണക്കിലെടുത്തായിരുന്നു. കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് പ്രവർത്തിച്ചപ്പോഴും അവരുടെ തനിനിറം കണ്ടു മനസ്സിലാക്കുവാനും ഞങ്ങൾക്കു സാധിച്ചു. 1972-ലെ കോളേജു സമരകാലത്തും പിൽക്കാലത്ത് അങ്കമാലി ലിററിൽ ഫ്ളവർ ആശുപത്രിയിൽ നേത്രചികിത്സാരംഗത്ത് ബിരുദാനന്തര കോഴ്സുകൾ ആരംഭിച്ചപ്പോഴും കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ച നിലപാടുകൾക്കെതിരെ പ്രവർത്തിക്കേണ്ടി വന്നിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടി ഭരിച്ചുകൊണ്ടിരുന്നപ്പോഴാണല്ലോ കുട്ടനാടൻ കർഷകരുടെ വിളകൾ നശിപ്പിച്ചു വെട്ടിനിരത്തൽ സമരം നടത്തിയത്. ഇതൊക്കെ വിസ്മരിക്കാൻ ആർക്കു സാധിക്കും? ഇന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഓഫീസ് ആയുധപ്പുരകളാണ് അവർ ബോംബു നിർമ്മിക്കുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തുന്നു. രാജ്യത്തെ ക്രമസമാധാനനില തകർക്കാൻ ശ്രമിക്കുന്നു. ഇത്തവണ സ്വാശ്രയ കോളേജു പ്രശ്നത്തിൽ സത്യസന്ധമായ ഒരു നിലപാട് അവർ സ്വീകരിച്ചിട്ടുണ്ടോ? ഭരണകക്ഷിയെ ബുദ്ധിമുട്ടിപ്പിക്കുക, ക്രൈസ്തവരുടെ വിദ്യാഭ്യാസരംഗത്തെ അവകാശങ്ങൾ തകർക്കുക ഇതല്ലേ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിലപാട്. സത്യം ഇതായിരിക്കുമ്പോഴും കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ മാററം വന്നുവെന്നും കത്തോലിക്കാ സഭയോട് അവർ അടുക്കുന്നുവെന്നും മെത്രാന്മാർ തന്നെ പ്രചരണം നടത്തുന്നത് ഒരിക്കലും ഭൂഷണമല്ല.

കമ്മ്യൂണിസ്റ്റ്-കത്തോലിക്കാവിഭാഗങ്ങൾ തമ്മിലുള്ള ബന്ധം ഇത്ര ധൃതിപിടിച്ച് ചർച്ച ചെയ്യാനുള്ള സാഹചര്യം എന്താണ്? മാർക്സിസ്റ്റുകളിൽ കാതലായ മാററം വന്നിട്ടുണ്ടെങ്കിൽ അവ ഏതാണെന്നു കൂടി മെത്രാന്മാരും സത്യദീപവും വിശദീകരിക്കണം.

www.malankaralibrary.com

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ യാതൊരു മാററവും ഉണ്ടായിട്ടില്ല. മാററങ്ങൾ ഉണ്ടായിട്ടുള്ളത് അവരുടെ അവസരവാദനയത്തിൽ മാത്രമാണ്. കമ്മ്യൂണിസ്റ്റുകൾ അധികാരത്തിലേറിയപ്പോൾ എല്ലാ ഭരണാധികാരികളെയുംപോലെ അഴിമതിയും സ്വജനപക്ഷപാതവും നടത്തി. ഭരണത്തിന്റെ സുഖങ്ങൾ അനുഭവിക്കാനുള്ള വ്യഗ്രതയിൽ കുറെ നീക്കുപോക്കുകൾ നടത്തിയിട്ടുണ്ടാകാം. അതൊക്കെ നയപരമായ മാററം എന്ന് നാം പ്രചരണം നടത്തുന്നുവെങ്കിൽ അത് ആത്മഹത്യാപരമായിരിക്കും.

കൊച്ചി മെത്രാൻ ഡോ.ജോൺ തട്ടുങ്കൽ ഇടതുപക്ഷവും സഭയും തമ്മിൽ അകൽച്ചയില്ലെന്ന് പ്രഖ്യാപിച്ചത് എപ്പോഴാണ്? എം.പി.മാരായി തിരഞ്ഞെടുക്കപ്പെട്ട സെബാസ്റ്റ്യൻ പോളിനെയും ഡോ.കെ.എസ്. മനോജിനെയും അനുമോദിക്കാൻ വിളിച്ചുകൂട്ടിയ യോഗത്തിലാണ് ഈ അഭിപ്രായം പ്രകടിപ്പിച്ചത്. ആലപ്പുഴയിലും കൊച്ചിയിലും രണ്ട് ലത്തീൻ കത്തോലിക്കരെ സ്ഥാനാർത്ഥികളാക്കിയത് അവരുടെ നയം മാററത്തിന്റെ ഭാഗമാണോ? മററാരും അവിടെ നിന്നാൽ ജയിക്കുകയില്ലെന്ന് ഉത്തമബോദ്ധ്യമുള്ളതുകൊണ്ടാണ് ഇവർ ഇരുവരെയും സ്ഥാനാർത്ഥികളായി നിർത്തിയത് എന്ന സത്യം നാം മനസ്സിലാക്കണം. ലോനപ്പൻ നമ്പാടനെ ചുററിക അരിവാൾ നക്ഷത്രം ചിഹ്നം കൊടുത്ത് മുകുന്ദപുരത്ത് സ്ഥാനാർത്ഥിയാക്കി. എന്നിട്ടും അവിടുത്തെ കത്തോലിക്കർ ചുററിക അരിവാൾ നക്ഷത്രത്തിൽ ആഞ്ഞുകുത്തിയത് മററു ചിലകാരണങ്ങളാലാണ്. ഇതെല്ലാം മാററത്തിന്റെ സൂചനയാണെന്ന് പ്രഖ്യാപിക്കുന്നവർ ചരിത്രം പഠിക്കാത്തവരാണ്. ഇത് മാററത്തിന്റെ സൂചനയാണെങ്കിൽ ഈ മാററം ആരംഭിച്ചത് 1957-ൽ ആണ്. 1957-ൽ അധികാരമേറെറടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് രാജ്യസഭയിലേക്കു തിരഞ്ഞെടുത്തയച്ചത് പരിശുദ്ധ മാർപാപ്പാ ഷെവലിയാർ സ്ഥാനം നൽകിയാദരിച്ച ഷെവ.ഡോ.പി.ജെ. തോമസിനെയാണ്. അതൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചില തന്ത്രങ്ങളായിരുന്നു. കമ്മ്യൂണിസ്റ്റ് ഗ്രന്ഥങ്ങൾ വായിച്ചാൽ പൊതുമഹറോന് വിധേയമാകുമെന്ന് 12-ാം പീയൂസിന്റെ വിജ്ഞാപനം നിലനിന്ന കാലത്താണ് ഷെവ.തോമസിനെ രാജ്യസഭയിലേക്ക് തിരഞ്ഞെടുത്തയയ്ക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറായതെന്ന് നാം ഓർക്കണം. അന്നാരും ഈ നടപടിയിലൂടെ മാററത്തിന്റെ ലക്ഷണങ്ങൾ കണ്ടെത്തുവാൻ ശ്രമിച്ചില്ല.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മാററങ്ങളും മതമൗലികവാദത്തോടുള്ള ശക്തമായ എതിർപ്പുമാണ് ക്രിസ്ത്യാനികളെ മാർക്സിസ്റ്റ് പാർട്ടിയോടാഭിമുഖ്യം പുലർത്താൻ പ്രേരിപ്പിച്ചതെന്ന് കണ്ടെത്തിയ സത്യദീപം, കമ്മ്യൂണിസ്റ്റുകളുടെ നയത്തിലുള്ള മാററം ആകർഷകമായത് എന്നാണെന്നുകൂടി പറയണം.

1957-ലെ കമ്മ്യൂണിസ്റ്റ് ഭരണത്തിൽ നിന്ന് മോചനം നേടുവാൻ നാം നൽകേണ്ടിവന്ന വില എത്രയായിരുന്നു എന്ന് ഓർക്കണം. അതിനുശേഷം അധികാരം ഏറെറടുത്ത ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ് കുടിയിറക്ക് നടത്തിയും മേൽച്ചാർത്ത് നടപ്പിലാക്കിയും കർഷകരെ ദ്രോഹിച്ചത്. ഈ കർഷകദ്രോഹനടപടികൾ അവസാനിപ്പിക്കണമെന്ന് ഭരണകക്ഷിനേതാക്കളുടെ മുമ്പിൽ കർഷക നേതാക്കൾ ചെന്ന് താണ്കേണപേക്ഷിച്ചു. ആ

www.malankaralibrary.com

നിവേദനം ചെവിക്കൊള്ളുവാൻ ഭരണാധികാരികൾ തയ്യാറായില്ല. സഹായം അഭ്യർത്ഥിച്ചില്ലെങ്കിലും സഹകരണ വാഗ്ദാനം ചെയ്തത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. കർഷകദ്രോഹനടപടികൾക്കെതിരായി നടത്തപ്പെട്ട കൊട്ടിയൂർ ജാഥയ്ക്ക് നേതൃത്വം നൽകിയത് വടക്കനച്ചനും വെല്ലിംഗ്ടണും ആയിരുന്നു. ആയിരക്കണക്കിനാളുകളായിരുന്നു ആ ജാഥയ്ക്ക് സ്വീകരണം നൽകുവാൻ ഓടിക്കൂടിയത്. കെ.പി.സി.സി. ഈ ജാഥയിൽ സഹകരിക്കരുതെന്ന് കൽപ്പനയിറക്കി. 14 കത്തോലിക്ക എം.എൽ.എ.മാരും ജാഥയ്ക്കെതിരായി രംഗത്തുവന്നു. അവർ സഭാ അദ്ധ്യക്ഷന്മാരെ സ്വാധീനിച്ച് കൊട്ടിയൂർ ജാഥയ്ക്ക് ചിലസ്ഥലങ്ങളിൽ നിരോധനം ഏർപ്പെടുത്തിച്ചു. പുണ്യശ്ലോകനായ മാർ കാവുകാട്ട് തിരുമേനിയും തലശ്ശേരി രൂപതാദ്ധ്യക്ഷനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയും മാത്രമാണ് ഈ സമരത്തിന് പിന്തുണ നൽകിയത്. ഈ ചരിത്രമറിയാവുന്നവർ പറയും കമ്മ്യൂണിസ്റ്റുകാരുടെ ദരിദ്രരോടുള്ള തുറന്ന സമീപനം കേരളത്തിലാരംഭിച്ചത് അറുപതുകളിലാണെന്ന്. അതിനുശേഷം 42 വർഷം കഴിഞ്ഞിരിക്കുന്നു. ഇന്ന് വെട്ടിനിരത്തലാണ് അവരുടെ തൊഴിൽ. പൊതുമുതൽ നശിപ്പിക്കുകയും രാജ്യത്ത് അരാജകത്വം സൃഷ്ടിക്കുകയും ആണ് അവരുടെ മുഖ്യപരിപാടി. ഈ ദുർഘടഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകളുടെ ദരിദ്രരോടുള്ള സമീപനത്തെ പ്രശംസിക്കുവാൻ നമുക്കെങ്ങനെ സാധിക്കും? അതിലെന്ത് ആത്മാർത്ഥതയാണുള്ളത്? ഈ ഒരു ദശകത്തിനുള്ളിൽ അവർ ചെയ്ത എന്തെങ്കിലും ഒരു നല്ല കാര്യം എടുത്തുകാണിക്കാൻ സത്യദീപത്തിന് സാധിക്കുമോ?

1967-ലെ തിരഞ്ഞെടുപ്പിൽ ഫാ.വടക്കൻ രൂപീകരിച്ച രാഷ്ട്രീയകക്ഷി ഭരണത്തിൽ പങ്കുചേർന്നു. അതിനെ അന്ന് എല്ലാവരും വിശിഷ്യ, സഭാനേതൃത്വം വിമർശിച്ചു. കമ്മ്യൂണിസ്റ്റുകളുമായി നല്ല കാര്യങ്ങളിൽ സാമൂഹ്യപ്രശ്നങ്ങളിൽ സഹകരിക്കാമെന്ന് 44 വർഷങ്ങൾക്കു മുമ്പ് ഞങ്ങൾ പ്രഖ്യാപിച്ചു. അന്നാരും അത് അംഗീകരിച്ചില്ല. കമ്മ്യൂണിസ്റ്റുകൾ വെട്ടിനിരത്തൽ നടത്തിയപ്പോഴാണ് അവരിൽ നന്മ കണ്ടെത്തി അവരുമായി സഹകരിക്കാമെന്ന് പറയാൻ തുടങ്ങിയത്.

കമ്മ്യൂണിസ്റ്റുകളുമായി നല്ല കാര്യങ്ങളിൽ സഹകരിക്കുക തന്നെ വേണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അത് സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മാത്രമായിരിക്കണം. അധികാരം പങ്കിടുവാൻ വേണ്ടി മാത്രമായിരിക്കരുത്. സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുകയെന്ന ലക്ഷ്യ ത്തോടെ വേണമെങ്കിൽ ഭരണത്തിൽ പങ്കുചേരുകയും ചെയ്യാം. 1967-ൽ ഇ.എം.എസ്. മന്ത്രിസഭയിൽ വടക്കനച്ചന്റെ പാർട്ടി പങ്കുചേർന്നതിനെ ഈ നിലയിൽ വിലയിരുത്തണം. 1964-ൽ ആണല്ലോ ചുരുളികീരിത്തോട്ടിൽ അതിഭീകരമായ കുടിയിറക്കുനടന്നത്. കുടിയിറക്കിൽ പ്രതിഷേധിക്കാൻ കൂടിയ യോഗത്തിൽ ഫാ.വടക്കൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. "ചുരുളി കീരിത്തോട്ടിൽ നിന്നും കുടിയിറക്കിയവരെ ഞങ്ങൾ അവിടെത്തന്നെ കുടിയിരുത്തും." ആ പ്രഖ്യാപനം നടപ്പിലാക്കണമെങ്കിൽ കമ്മ്യൂണിസ്റ്റ് മന്ത്രി സഭയിൽ ചേരണ്ടിയിരുന്നു. ആ ഗവൺമെന്റ് അധികാരമേറെടുത്തതിന്റെ

www.malankaralibrary.com

ഒന്നാം വാർഷികം ആഘോഷിച്ചത് ചുരുളികീരിത്തോട്ടിലായിരുന്നു. ലോക ചരിത്രത്തിൽ ഒരു ഗവൺമെന്റ് കുടിയിറക്കിയവരെ അവിടെ തന്നെ കുടിയിരുത്തിയ സംഭവം ഉണ്ടായിട്ടില്ല. അന്ന് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ വടക്കനച്ചന്റെ പാർട്ടി അംഗമായിരുന്നില്ലെങ്കിൽ ആ കുടിയിരുത്ത് നടക്കുകയില്ലായിരുന്നു. ആ മന്ത്രിസഭയിലെ സവർണ്ണലോബികൾക്ക് കർഷകരെ അവിടെ കുടിയിരുത്തുവാൻ താല്പര്യമില്ലായിരുന്നു. മന്ത്രിസഭ അധികാരമേറെടുത്തതിന്റെ ഒന്നാം വാർഷികത്തിന് ചുരുളികീരിത്തോടുകർഷകരെ അവിടെ ത്തന്നെ കുടിയിരുത്തുവാൻ തയ്യാറായില്ലെങ്കിൽ ഈ വികാരത്തിനുമുൻപിൽ സപ്തകക്ഷി മന്ത്രിസഭ ഏഴായി പിളരുമെന്ന് ഫാ.വടക്കൻ കട്ടായി പ്രഖ്യാപിച്ചപ്പോഴാണ് കുടിയിരുത്തുവാൻ തയ്യാറായത്. മലനാട് ജില്ലയും മലപ്പുറം ജില്ലയും രൂപീകരിക്കാൻ തീരുമാനമെടുത്തത് ഒരു ദിവസമാണ്. പക്ഷെ മലപ്പുറം ജില്ല രൂപീകരിച്ചപ്പോൾ മലനാട് ജില്ല രൂപീകരിക്കാൻ തയ്യാറാകാതിരുന്നത് മനഃപൂർവ്വമാണ്. അത് കെ.ടി.പി.യെ ഒതുക്കുവാൻ വേണ്ടിയായിരുന്നു. ക്രൈസ്തവരെ തകർക്കാൻ വേണ്ടിയായിരുന്നു. മാർക്സിസ്റ്റുകൾ മതമൗലികവാദത്തെ എതിർക്കുന്നവരാണെന്ന് പറയുന്നവർ അവരിലെ വർഗീയത കണ്ടില്ലെന്ന് നടിക്കരുത്.

1957-ലും 67-ലും 80-ലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേൽക്കുകയുണ്ടായി. 1957-ൽ അവർ അധികാരമേറെടുത്തപ്പോൾ ജയിലിൽ കിടന്ന ക്രമിനലുകളെ ജയിൽ തുറന്നുവിട്ടു. 1967-ൽ അതിന് ശ്രമിച്ചുവെങ്കിലും നടക്കാതിരുന്നത് വടക്കനച്ചന്റെ ശക്തമായ നിലപാടുകാരണമായിരുന്നു. എ.കെ.ആന്റണിയും, കെ.എം.മാണിയും കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് മന്ത്രിസഭയുണ്ടാക്കിയപ്പോൾ 1980-ൽ ജയിൽ പുള്ളികളെ തുറന്നുവിട്ടു. അതിനെ ചെറുക്കാൻ ആന്റണിക്കോ മാണിക്കോ സാധിക്കാതിരുന്നത് അവർ അധികാരം മാത്രം ലക്ഷ്യം വച്ചുകൊണ്ട് മന്ത്രിസഭയിൽ ചേർന്നതുകൊണ്ടാണ്.

1967-ലെ മന്ത്രിസഭയുടെ ഭരണകാലത്താണ് മാടത്തരുവി കൊലക്കേസ് നടക്കുന്നത്. ഫാ.ഓണംകുളത്തിനെ വധശിക്ഷയ്ക്ക് വിധിച്ചത് ഹൈക്കോടതി റദ്ദാക്കി. ഉടനെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കണമെന്ന് വാദിച്ച മന്ത്രി ഉണ്ടായിരുന്നു. അതിന് തടയിടുവാൻ ആർക്കാണ് സാധിച്ചത്?

ഒരു സാമൂഹ്യ പ്രശ്നത്തിന്റെയും പേരിലല്ലായിരുന്നു 1980-ലെ കമ്മ്യൂണിസ്റ്റ് മുന്നണിയിൽ കേരളാകോൺഗ്രസ്സും എ.കെ.ആന്റണിയുടെ കോൺഗ്രസ്സും പങ്കുചേർന്നത്. അവരുടെ ലക്ഷ്യം അധികാരം മാത്രമായിരുന്നു. ആ മന്ത്രിസഭ അധികാരമേറെടുത്തതിന്റെ സന്തോഷസൂചകമായി ജയിൽപുള്ളികളെ തുറന്നുവിട്ടപ്പോൾ അതിനോട് പ്രതികരിക്കാൻ മാണിയുടെ കേരളാ കോൺഗ്രസ്സിന് സാധിച്ചില്ല. അധികാരമാണല്ലോ അവരുടെ ലക്ഷ്യം.

മാണിയും ആന്റണിയും അംഗമായിരുന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ ഭരണകാലത്ത് - രണ്ടു വർഷത്തിനുള്ളിൽ 118 രാഷ്ട്രീയ കൊലപാതകങ്ങളും 681 രാഷ്ട്രീയ സംഘട്ടനങ്ങളും 496 രാഷ്ട്രീയേതര സംഘട്ടനങ്ങളും 732

www.malankaralibrary.com

ദേവാലയാക്രമണങ്ങളും 51 മുഖം മൂടി ആക്രമണങ്ങളും 6 വെടിവെപ്പുകളും 94 ബോംബു സ്ഫോടനങ്ങളും 9 ലോക്കപ്പുമരണങ്ങളും 3147 ഭവനഭേദനങ്ങളും മോഷണവും 98 പ്രമുഖ കൊള്ളയും കവർച്ചയും നടന്നു. 144 പ്രഖ്യാപിച്ച പ്രദേശങ്ങൾ 36 ആയിരുന്നു. ഈ ദുർഭരണത്തെ - ഭീകര ഭരണത്തെ ചെറുക്കാൻ കെ.എം. മാണിക്ക് സാധിക്കാതെ വന്നത് അധികാരത്തിനുവേണ്ടി മാത്രം അധികാരത്തിൽ പങ്കുചേർന്നതുകൊണ്ടാണ്. ഏതെങ്കിലും ഒരു സാമൂഹ്യപ്രശ്നത്തിന്റെ പേരിലായിരുന്നു മാണി കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചിരുന്നതെങ്കിൽ ഈ ദുഷ്ടകൃത്യങ്ങളെ എതിർക്കുവാൻ സാധിക്കുമായിരുന്നു. അധികാരത്തിന്റെ സുഖം അനുഭവിക്കാൻ ശ്രമിക്കുന്നവർക്ക് സത്യത്തിനുവേണ്ടി നിലകൊള്ളുവാൻ സാധിക്കുകയില്ലെന്ന് വ്യക്തം.

സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ കമ്മ്യൂണിസ്റ്റുകളുമായി സഹകരിക്കുകയും അതിൽ വിജയം വരിക്കുകയും ചെയ്ത ഫാ.വടക്കനെ കഠിനമായി എതിർത്ത സഭാനേതൃത്വം അധികാരത്തിനു വേണ്ടി മാത്രം കമ്മ്യൂണിസ്റ്റുകളുമായി കൂടിച്ചേർന്ന കെ.എം. മാണിയെ പിന്താങ്ങുകയാണ് ചെയ്തത്. ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വന്ന മാററമോ നമ്മളിൽ വന്ന അവസരവാദപരമായ മാററമോ?

1984-ലാണ് കേരളത്തെ പിടിച്ചുകുലുക്കിയ മത്സ്യതൊഴിലാളി സമരം നടന്നത്. വൈദികരും കന്യാസ്ത്രീകളും നേതൃത്വം നൽകിയ പ്രസ്തുത സമരം അന്തർദേശീയതലത്തിൽ പ്രശസ്തിയാർജ്ജിച്ചു. ഫാ.തോമസ് കോച്ചേരി, ഫാ.കളരിക്കൽ, സി.ആലീസ്, സി.ഫിലിമൻ മേരി തുടങ്ങിയവരുടെ ഉപവാസം സൃഷ്ടിച്ച വിവാദം അതിരൂക്ഷമായിരുന്നു. മത്സ്യതൊഴിലാളികളുടെ പ്രധാന സമരരംഗമായിരുന്ന, കോഴിക്കോട്ടെ സമരപന്തലിൽ പല മെത്രാന്മാരും എത്തി സന്ദർശക ഡയറിയിൽ സമരത്തിന് പിന്തുണനൽകിക്കൊണ്ട് എഴുതി. മുഖ്യമന്ത്രി കെ.കരുണാകരന്റെ സമ്മർദ്ദമേറിയപ്പോൾ "മരണംവരെയുള്ള ഉപവാസം ക്രൈസ്തവമല്ലെന്നും സമരരീതി മാററണമെന്നും" കെ.സി.ബി.സി. ആവശ്യപ്പെടുകയും സമരത്തിനുള്ള പിന്തുണ പിൻവലിക്കുകയും ചെയ്തു. ഇതാണോ പാവങ്ങളോടുള്ള സമീപനം?

ശ്രീ.പി.ജെ.ജോസഫ് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ അംഗമായിരുന്ന കാലത്താണ് പ്ലസ് ടു വിപ്ലവം നടന്നത്. സ്വകാര്യമേഖലയോട് എന്നു ശത്രുതാമനോഭാവം പുലർത്തുന്ന കമ്മ്യൂണിസ്റ്റുകളുടെ കൂട്ടത്തിൽ നിന്നുകൊണ്ടാണ് സ്വകാര്യവിദ്യാലയങ്ങളിൽ പ്ലസ് ടു അനുവദിച്ചത്. അതിനെതിരായി എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐയും സമരരംഗത്തുവന്നു. പക്ഷേ വിലപ്പോയില്ല. കമ്മ്യൂണിസ്റ്റു കൂട്ടുകെട്ടിൽ നിന്നുകൊണ്ടാണ് സ്വകാര്യ വിദ്യാലയങ്ങളോട് നീതി കാട്ടിയത്. നിശ്ചയദാർഢ്യവും ആദർശശുദ്ധിയുമുള്ളവർ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് പ്രവർത്തിക്കുക തന്നെ വേണമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അന്ന് നാമാരും ജോസഫിനെ സഹായിച്ചില്ല. അന്ന് ജോസഫിന്റെ രാജി ആവശ്യപ്പെട്ടവർ ഇന്ന് എങ്ങിനെയാണ് ഭരിക്കുന്നത്?

1967-ലെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭയെ അട്ടിമറിച്ച്

www.malankaralibrary.com

അച്ചുതമോനോന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപം കൊണ്ടു അന്ന് അച്ചുതമേനോൻ നമുക്ക് സ്വീകാര്യനായി. വിമോചനസമരകാലത്ത് അങ്കമാലിയിൽ അവിരാ, പൗലോസുമാരെയും ചെറിയതുറയിൽ ഗർഭിണിയായി ഫ്ളോറിയെയും വെടിവെച്ചു കൊല്ലുവാൻ ഉത്തരവിട്ടത് ഇ.എം.എസ്. അല്ല, അച്ചുതമേനോൻ ആയിരുന്നു. അച്ചുതമേനോൻ അറുകൊല മേനോൻ എന്നായിരുന്നു അന്നു വിളിച്ച മുദ്രാവാക്യം. ആ കോൺഗ്രസ്സിനെയും കേരളാ കോൺഗ്രസ്സിനെയും ചേർത്ത് മന്ത്രിസഭ രുപീകരിച്ചപ്പോൾ അച്ചുതമേനോൻ നല്ലവനായി. അധികാരം കിട്ടിയപ്പോൾ പോയ പോക്ക്! അന്നുമുതൽ സി.പി.ഐ. നല്ലവരും സി.പി.എം. ദുഷ്ടരുമായി നാം ചിത്രീകരിച്ചു. അന്ന് ഇന്ത്യയൊട്ടാകെ നടന്ന നക്സലൈറ്റ് പ്രസ്ഥാനത്തിന് തുറന്ന പിന്തുണ നൽകിയത് സി.പി.ഐ. ആയിരുന്നു. അത് നാം അറിഞ്ഞഭാവം പോലും നടിച്ചില്ല. ഭരണത്തിന്റെ സ്വാധീനവലയത്തിൽ നാം അകപ്പെട്ടുപോയി എന്നതാണ് സത്യം. സി.പി.ഐ.യും സി.പി.എം-വും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒരു കോഴിയുടെ ഇടത്തെ കുറകാണ് സി.പി.എം. എങ്കിൽ വലത്തെ കുറകാണ് സി.പി.ഐ. അത് ആദ്യം മനസ്സിലാക്കണം.

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും ചവുട്ടി പുറത്താക്കിയവരാണ് എം.വി.രാഘവനും കെ.ആർ. ഗൗരിയമ്മയും. കമ്മ്യൂണിസ്റ്റ് പാർട്ടിക്കുപോലും സഹിക്കാൻ വയ്യാതായപ്പോഴാണ് അവരെ പുറത്താക്കിയത്. പാർട്ടിയിൽനിന്നും പുറന്തള്ളിയ ഇരുവരെയും വിശുദ്ധജീവികളായി ചിത്രീകരിച്ച് നിയമസഭയിൽ എത്തിച്ചു. വലിയ മാറ്റം അവരിൽ നാം കണ്ടെത്തി! രജനി സംഭവത്തിന്റെ പേരിൽ രാജ്യം ആസകലം അക്രമം അഴിച്ചുവിടുന്നവർക്കെതിരെ ഒരു വാക്കുപോലും സംസാരിക്കാതെ സ്വാശ്രയകോളേജ് മാനേജ്മെന്റിനെതിരായാണ് രാഘവനും ഗൗരിയമ്മയും രോഷം കൊള്ളുന്നത്. അവർ ഇന്നും മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിലും രാജ്യത്ത് അരാജകത്വം വളരണമെന്നുംവിശ്വസിക്കുന്നു. അധികാരം നേടാൻവേണ്ടി ഏത് തത്വദീക്ഷയില്ലായ്മയും കാണിക്കാൻ അവർ മടിക്കുകയില്ല.

അറുപതുകളിൽ മലയോരകർഷകർ നടത്തിയ സമരത്തിൽ കമ്മ്യൂണിസ്റ്റുകാർ പങ്കെടുത്തില്ലായിരുന്നുവെങ്കിൽ 40 ലക്ഷത്തിലധികം വരുന്ന മലയോരകുടിയേറ്റ കർഷകർ അടിച്ചും വെടിവെച്ചും കുടിയിറക്കപ്പെടുമായിരുന്നു. യാതൊരു സംശയത്തിനും അവകാശമില്ല. അന്ന് ആ കാര്യത്തിൽ സഹകരിക്കാതിരുന്ന കുറ്റബോധംകൊണ്ടായിരിക്കാം കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ നയമാറ്റം ഉണ്ടായിയെന്ന് നാലരദശാബ്ദത്തിന്ശേഷം പ്രഖ്യാപിക്കുന്നത്. ഈ അടുത്തകാലത്തൊന്നും കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ ഒരു നയമാറ്റം കണ്ടെത്താൻ എന്നെപ്പോലെയുള്ളവർക്ക് സാധിക്കുന്നില്ല.

ഇന്ന് കമ്മ്യൂണിസ്റ്റുകളെ നല്ലവരായ ചിത്രീകരിക്കുവാൻ ശ്രമിക്കുനനവർ ഒരുകാര്യം മനസ്സിലാക്കുന്നത് നന്ന്. ഒരു കാലത്ത് (അല്ല ഇന്നും) കരിസ്മാറ്റിക് പ്രസ്ഥാനത്തിന് അധികപ്രാധാന്യം നൽകി. അതിന്റെ ഫലമെന്തായിരുന്നു? വളരെയധികം കത്തോലിക്കർ പെന്തക്കോസ്തുവിഭാഗത്തിൽ

www.malankaralibrary.com

അകപ്പെട്ടുപോയി. അതുതന്നെയായിരിക്കും കമ്മ്യൂണിസ്റ്റുകാരിലെ നയംമാറ്റം കാണുന്നവർക്കും സംഭവിക്കാൻ പോകുന്നത്. കുറെ കത്തോലിക്കരെ കമ്മ്യൂണിസ്റ്റ് പാളയത്തിലേക്ക് അയയ്ക്കാൻ ഇടവരുമെന്നു മാത്രം. കമ്മ്യൂണിസ്റ്റുകാരുടെയും കത്തോലിക്കരുടെയും മദ്ധ്യേ ഒരു ഇരുമ്പുമറ സൃഷ്ടിച്ച് അവരെ എന്നും അകറ്റി നിർത്തണമെന്ന് എനിക്ക് അഭിപ്രായമില്ല.

രജനിയുടെ ആത്മഹത്യയുടെപേരിൽ എന്ത് അക്രമണമാണ് കമ്മ്യൂണിസ്റ്റുകാർ കാട്ടിക്കൂട്ടുന്നത്. ഈ ആത്മഹത്യയുമായി കത്തോലിക്കാ പാതിരിമാർക്ക് യാതൊരു ബന്ധവുമില്ലെങ്കിലും പാതിരിമാരെ നിലയ്ക്കു നിറുത്തുമെന്നാണ് സി.പി.ഐ.ക്കാരും സി.പി.എം.കാരും വാതോരാതെ പറയുന്നത്. രജനി സംഭവത്തിന്റെ പേരിൽ കത്തോലിക്കാ പാതിരിമാരോട് ആണ് കമ്മ്യൂണിസ്റ്റുകാർക്ക് എതിർപ്പ്. ഈ സന്ദർഭമെല്ലാം കത്തോലിക്കരെയും കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങളെയും തകർക്കാനായി അവർ ഉപയോഗിക്കുന്നു.

യാതൊരു തത്വദീക്ഷയുമില്ലാതെ എന്നും പ്രവർത്തിക്കുന്ന കമ്മ്യൂണിസ്റ്റുകളെ കൂട്ടുപിടിച്ച്, നമ്മുടെ താല്പര്യം സംരംക്ഷിക്കാമെന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിലാണ് വസിക്കുന്നത്. ഇവരെ വെള്ളപൂശാൻ ശ്രമിക്കുന്നവർ കേരള രാഷ്ട്രീയത്തിൽ ആർ.എസ്.പിക്കും കെ. എസ്. പിക്കും എന്തിന് മാണി കേരളാ കോൺഗ്രസ്സിനും വന്ന ഗതികേട് മനസ്സിലാക്കുന്നത് കൊള്ളാം. കമ്മ്യൂണിസ്റ്റുകളുമായി അടുക്കുന്നതിനെപ്പറ്റി പഠിക്കുവാൻ കെ.സി.ബി.സി. ഒരു സമിതി രൂപീകരിക്കുകയുണ്ടായല്ലോ.? ഇന്ന് യാതൊരു പ്രസക്തിയുമില്ലാത്ത ഒരു വിഷയത്തെപ്പറ്റി യാതൊരു വിധ അനുകൂലസാഹചര്യവും ഇല്ലാത്ത സന്ദർഭത്തിൽ ചർച്ചയ്ക്കുവേണ്ടി മുറവിളി കൂട്ടിയത് കത്തോലിക്കാ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നതിന് ഇടയായിട്ടുണ്ടോയെന്ന് കെ.സി.ബി.സി. ഉപസമിതി ആദ്യം ചർച്ചചെയ്യണമെന്നാണ് എന്റെ അഭിപ്രായം. കമ്മ്യൂണിസ്റ്റുകാരിൽ മാറ്റംവന്നുവെന്ന് അതിന് തെളിവായി എന്താണ് ഹാജരാക്കാനുള്ളത്?

ജാംബുവായിലും ഗജറൗളയിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ന്യൂനപക്ഷപീഡനം നടന്നപ്പോൾ അവിടെയെല്ലാം ആദ്യം ഓടിയെത്തിയത് കമ്മ്യൂണിസ്റ്റുകളായിരുന്നുവെന്ന് സമ്മതിക്കുന്നു. അവരാണ് കത്തോലിക്കാ പുരോഹിതന്മാരെ വഴിയിൽ കണ്ടുകൊള്ളാം എന്ന് ഭീഷണിപ്പെടുത്തുന്നത്. അവരാണ് വെട്ടിനിരത്തലിനുവേണ്ടി ഇന്നും വാദിക്കുന്നത്.

ഇടതുപക്ഷവും സഭയും തമ്മിൽ അകൽച്ചയില്ലെന്നും, കമ്മ്യൂണിസ്റ്റുകളിൽ മാറ്റം കണ്ടുതുടങ്ങിയിരിക്കുന്നുവെന്നും തട്ടിവിടാൻ കണ്ട സമയം ഉചിതംതന്നെ! കമ്മ്യൂണിസ്റ്റ് പാർട്ടിയെ വെള്ള പൂശാൻ കണ്ട സമയം!

കമ്മ്യൂണിസ്റ്റുകളുടെ നയത്തിൽ കാതലായ മാറ്റം വന്നുവെന്ന് അവകാശപ്പെടുന്ന മെത്രാന്മാരുടെ മുൻപിൽ നാലു ദശാബ്ദങ്ങൾക്ക് മുമ്പ് ലാറ്റിനമേരിക്കയിൽ രൂപംകൊണ്ട വിമോചന ദൈവശാസ്ത്രത്തെപ്പറ്റി സൂചിപ്പിക്കുവാൻ

www.malankaralibrary.com

ആഗ്രഹിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനങ്ങളുടെയും പ്രേരണകളുടെയും പശ്ചാത്തലത്തിൽ വളർന്നുവന്ന വിമോചനദൈവശാസ്ത്രം ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ കോടിക്കണക്കിന് പാവപ്പെട്ടവർക്ക് പ്രത്യാശ നൽകുകയുണ്ടായി. അറുപതുകളുടെ മദ്ധ്യത്തിൽ ആശ പകരുന്ന ഒരു നക്ഷത്രംപോലെ ആ ദൈവശാസ്ത്രശാഖ വളർന്നുവന്നു. മൂന്നാം ലോകരാഷ്ട്രങ്ങളിലെ ദരിദ്രലക്ഷങ്ങൾ പൊതുവേയും കത്തോലിക്കർ വിശേഷവിധിയായും ലാറ്റിനമേരിക്കയിൽ വെളിച്ചം വീശിയ ആ പ്രകാശത്തെ പ്രത്യാശപൂർവ്വം സ്വാഗതം ചെയ്തു.

ഒരു കൈയ്യിൽ കൊന്തയും ബൈബിളും മറുകൈയിൽ ചുറ്റിക അരിവാളും പിടിച്ചു സമരം ചെയ്യുന്ന ലിബറേഷൻ തിയോളജിക്കാരെ പലരും മനസ്സാ അഭിനന്ദിച്ചു. ലോകത്തിലെ കത്തോലിക്കാ ജനസംഖ്യയിൽ പകുതിയോളം ലാറ്റിനമേരിക്കയിലാണ്. ബ്രസീലിലെ കാപ്പിത്തോട്ടങ്ങളും ചിലിയിലെ ചെമ്പുഖനികളും മെക്സിക്കോയിലെ എണ്ണക്കുഴികളും കൊളോണിയൽ ശക്തികളെ അങ്ങോട്ടാകർഷിച്ചു. അമേരിക്കയുടെ ആധിപത്യം അവിടെ സ്ഥാപിക്കപ്പെട്ടപ്പോൾ ലാറ്റിൻ അമേരിക്ക അക്ഷരാർത്ഥത്തിൽ അമേരിക്കയുടെ അടിമയായി. ചൂഷണം ഉച്ചകോടിയിലെത്തിയപ്പോൾ ആ രാഷ്ട്രങ്ങൾ കണ്ണുതുറന്നു. മെസ്രേനിലെ അടിമത്തച്ചങ്ങല തകർക്കാൻ ഇസ്രായേൽ അര മുറുക്കിയതുപോലെ വിമോചകനായ ക്രിസ്തുവിനെ മുന്നിൽ കണ്ടുകൊണ്ട് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ ചൂഷണം അവസാനിപ്പിക്കാൻ ലിബറേഷൻ തിയോളജിക്കാർ രംഗത്തെത്തി.

രണ്ടാം ലോകമഹായുദ്ധത്തിൽ ഒന്നിച്ചു നിന്നു പോരാടിയ അമേരിക്കയും റഷ്യയും രണ്ടു ചേരിയായി. അവർ ജർമ്മനിയെ പങ്കിട്ടെടുത്തു. അതേസമയം റഷ്യ കിഴക്കൻ ജർമ്മനിയിലും യൂറോപ്പിലെ ഹംഗറി, ചെക്കോസ്ലാവാക്യ, ബൾഗേറിയ, ലിത്വാനിയാ, അൽബേനിയാ മുതലായ രാഷ്ട്രങ്ങളിലും പിടിമുറുക്കി.

പശ്ചിമ യൂറോപ്പ് അമേരിക്കൻ പ്രതാപത്തിന്റെ പാദസേവകരായി. ഇംഗ്ലീഷ് ചാനലിൽപോലും യു.എസ്. നാവികപ്പട ആധിപത്യം സ്ഥാപിച്ചു. ബ്രിട്ടനും ഫ്രാൻസും ജപ്പാനും കോളനികൾ നഷ്ടപ്പെട്ട് ചിറകറ്റ പക്ഷിയെപ്പോലെ തളർന്നു. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ അമേരിക്കൻ ആധിപത്യം ശക്തമായപ്പോൾ റഷ്യ, ക്യൂബയിലേക്കും, മെക്സിക്കോയിലേക്കും ഗ്വാട്ടിമാലയിലേക്കും ചാരന്മാരെ അയച്ച്, അമേരിക്കയും റഷ്യയും രണ്ടു ചേരിയിലായി നിലയുറപ്പിച്ചപ്പോൾ വിമോചനദൈവശാസ്ത്രത്തിലെ തീവ്രവാദികൾ റഷ്യയുടെ വശീകരണവലയിലായി. ചിലിയിലെ പട്ടാളവിപ്ലവത്തിന്റെ പിന്നിൽ അമേരിക്കയായിരുന്നു. അതിനെ പ്രതിരോധിക്കാൻ റഷ്യ ക്യൂബയ്ക്ക് ആയുധങ്ങൾ നൽകി. നിക്കരാഗ്വായിൽ കമ്മ്യൂണിസ്റ്റുകളും കത്തോലിക്കരും ചേർന്ന് ഭരണം പിടിച്ചെടുത്തു. ഉടൻതന്നെ എൽസാൽവദോറിലേക്കും അമേരിക്കൻ ആയുധങ്ങൾ പാഞ്ഞെത്തി. അമേരിക്കയുടെയും റഷ്യയുടെയും മത്സരരംഗമായി ലാറ്റിൻ അമേരിക്ക മാറി.

www.malankaralibrary.com

മാർക്സിയൻ സാമൂഹിക അപഗ്രഥനരീതി സ്വാഗതം ചെയ്യുന്ന വിമോചന ദൈവശാസ്ത്രക്കാർ അഭേദ്യങ്ങളും അനശ്വരങ്ങളുമായ ആദ്ധ്യാത്മിക മൂല്യങ്ങൾ ചവുട്ടിത്തകർത്തു. ഭൗതികാതീതമായി ഒന്നുമില്ലെന്നുപോലും അവരിൽ പലരും പറഞ്ഞുതുടങ്ങി. മാർക്സിസ്റ്റ് തന്ത്രങ്ങളുടെ പ്രചാരകന്മാരായി അവർ മാറിക്കൊണ്ടിരുന്നു. ഇതാണ് ദൈവശാസ്ത്രജ്ഞന്മാർക്കുണ്ടായ അപകടം. കേരളത്തിലും ഇത് സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് കമ്മ്യൂണിസത്തെ വെള്ള പൂശുന്നവർ മനസ്സിലാക്കണം.

നീരീശ്വരപരമായ ഭൗതീകമാത്രവാദവും രക്തരൂക്ഷിതമായ വർഗ്ഗ വിപ്ലവുമാണ് കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിന്റെ മുഖ്യധാര. ദൈവത്തിന്റെ ആസ്തിത്വത്തിലും ആദ്ധ്യാത്മിക മൂല്യങ്ങളുടെ ഭദ്രതയിലും അടിയുറച്ചു വിശ്വസിക്കുന്ന ആർക്കുംതന്നെ മാർക്സിസത്തെ ആലിംഗനം ചെയ്യാൻ സാധിക്കുകയില്ല. മാർക്സിസത്തിന്റെ സാമൂഹ്യവിശകലനം മാത്രം കൈമുതലാക്കി ആതത്വസംഹിതയുടെ നിരീശ്വരപരവും രക്തവിപ്ലവപരവുമായ ശിഷ്ടഭാഗങ്ങൾ പരിത്യജിച്ച് ജനമോചനസമരം നടത്താമെന്ന മിഥ്യാബോധം ചില ലിബറേഷൻ തിയോളജിക്കാർക്കുണ്ട്. മാർക്സിയൻ സാമൂഹിക അപഗ്രഥനത്തിന്റെ അടിത്തറതന്നെ ഭൗതികമാത്രവാദമാണ്. അക്രമാസക്തമായ വർഗ്ഗസംഘടനത്തിലൂടെ മാത്രമേ വാഗ്ദാനഭൂമിയിലെത്തുകയുള്ളൂവെന്ന് ആ സാമൂഹികവീക്ഷണവും വിശകലനവും സംശയരഹിതമായി പ്രഖ്യാപിക്കുന്നു.

സ്നേഹത്തിന്റെ ഉദാത്ത ചൈതന്യമാണല്ലോ മതത്തിന്റെ യഥാർത്ഥ ജീവൻ. അതിനാൽ വിദ്വേഷത്തിൽ ആവശ്യം അടിയുറച്ചു നിൽക്കുന്ന ഒരു വീക്ഷണത്തെ പിഞ്ചെല്ലുവാൻ ഒരു മതാനുയായിക്കും സാദ്ധ്യമല്ല. മതവും മാർക്സിസവും ഒരിക്കലും പൊരുത്തപ്പെട്ടുപോകുകയില്ല. ഈ വലിയ സത്യം വിസ്മരിച്ചതാണ് തീവ്രവാദികളായ വിമോചനദൈവജ്ഞന്മാർക്കു പറ്റിയ അബദ്ധം.

അറുപതുകളുടെ അന്ത്യത്തിലാണ് ലാറ്റിൻ അമേരിക്കൻ ലിബറേഷൻ തിയോളജി രൂപം കൊള്ളുന്നത്. കേരളത്തിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ അതിന് വലിയ പ്രാധാന്യം നൽകി പ്രശംസിച്ചു. പക്ഷേ കേരളത്തിൽ അറുപതുകളുടെ ആദ്യം നടന്ന - വിമോചന ദൈവശാസ്ത്രത്തിന്റെ വഴിത്താരകളെ ആരും പ്രശംസിച്ചില്ല.

സ്വാതന്ത്ര്യസമരത്തിലേർപ്പെട്ട് സോഷ്യലിസ്റ്റ് ചിന്തകനായി മാറി, കമ്മ്യൂണിസ്റ്റ് സഹയാത്രികനായി വളർന്ന് കമ്മ്യൂണിസത്തിന്റെ ഭീകരതകൾ നേരട്ടറിഞ്ഞ ഒരു സാമൂഹ്യപ്രവർത്തകനായിരുന്നു ഫാ. വടക്കൻ. അദ്ദേഹം കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി രൂപീകരിച് ജനലക്ഷങ്ങൾക്ക് നേതൃത്വം നൽകി. അറുപതുകളുടെ ആരംഭത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിഭീകരമായ കർഷകദ്രോഹനടപടികൾ സ്വീകരിച്ചപ്പോൾ അതിനെതിരെ ഫാ. വടക്കൻ ബഹുജനപ്രക്ഷോഭണം നടത്തി. കമ്മ്യൂണിസ്റ്റുകൾ മാത്രമായിരുന്നു സമരത്തെ പിന്താങ്ങിയത്. എല്ലാ രാഷ്ട്രീയകക്ഷികളും സഭാദ്ധ്യക്ഷന്മാരിൽ തൊണ്ണൂറ്റിയഞ്ചു ശതമാനവും ഈ കർഷക പ്രക്ഷോഭണത്തെ എതിർത്തു.

www.malankaralibrary.com

ഈ സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റുകളുമായി കൈകോർത്ത് നടത്തിയ സമരമായിരുന്നു ലിബറേഷൻ തിയോളജിയുടെ ആരംഭം. ലാറ്റിൻ അമേരിക്കയിൽ ലിബറേഷൻ തിയോളജി ആരംഭിക്കുന്നതിന് മുമ്പ് നൂറുകണക്കിന് വൈദികരും അൽമായരും കൃഷിക്കാരുടെയും തൊഴിലാളികളുടെയും മോചനത്തിനായി ധീരംധീരം സമരം ചെയ്തു. കേരളത്തിന്റെ കടലോരവും മലയോരവും വിമോചനദൈവശാസ്ത്രത്തിന്റെ വഴിത്താരകളായി മാറി. ഭൗതികമാത്രപ്രസക്തമായ മാർക്സിസത്തിലും അക്രമാത്മകമായ വർഗ്ഗസംഘട്ടനത്തത്തിലും അഭയം പ്രാപിക്കാതെ ഉദാത്തമായ ആദ്ധ്യാത്മിക-ജനാധിപത്യപ്രബുദ്ധതയോടെയായിരുന്നു ആ സമരം നടത്തിയത്.

ഫാ.വടക്കൻ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചപ്പോഴും തീവ്രവാദികളായ ലിബറേഷൻ തീയോളജിക്കാരെ വിമർശിച്ചിരുന്നു. നിരീശ്വരസിദ്ധാന്തങ്ങളിലും അക്രമസമരങ്ങളിലും അവർ ഏർപ്പെട്ടതിനെയാണ് വടക്കനച്ചൻ എതിർത്തത്. അല്ലാതെ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചതിനെയല്ലായിരുന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റുകളും കമ്മ്യൂണിസ്റ്റ് വിരുദ്ധരും ചേർന്ന് പല പ്രാവശ്യം സംയുക്ത മന്ത്രിസഭ ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിൽ ഈ പരീക്ഷണം നടത്തി 15 വർഷങ്ങൾക്കുശേഷമാണ് നിക്കരാഗ്വേയിൽ ഈ പരീക്ഷണം നടന്നത്. കേരളത്തിലെ കൂട്ടുകെട്ടിന് ഒട്ടേറെ നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്.

തീവ്രവാദികളായ വിമോചന ദൈവശാസ്ത്രജ്ഞരുടെ നേരെ വിരൽചൂണ്ടിക്കൊണ്ട് ഫാ.വടക്കൻ ചോദിച്ച ഹൃദയസ്പർശിയായ ചോദ്യം ഇന്ന കമ്മ്യൂണിസ്റ്റുകളെ വെള്ള പൂശാൻ ശ്രമിക്കുന്ന വൈദീകാദ്ധ്യക്ഷന്മാരോടും വൈദീകരോടും അൽമായസുഹൃത്തുക്കളോടും ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"ദാരിദ്ര്യത്തിന്റെ ഘടനാപരമായ കാരണങ്ങൾ തപ്പിത്തപ്പി ഹൃദയങ്ങളുടെ അടിശിലയിൽ ചെന്നെത്താത്തവർക്കു സ്ഥായിയായ വല്ല പരിവർത്തനവും കൈവരുത്താനാകുമോ? വിദഗ്ധമായ വൈജ്ഞാനിക നിരൂപണത്തിന് (എപ്പിസ്റ്റമോളജിക്കൽ ക്രിട്ടിക്ക്) വിധേയമാക്കാതെ മാർക്സിയൻ നിഗമനങ്ങളും അപഗ്രഥനങ്ങളും അതേപടി വിഴുങ്ങുന്നവർ വിശ്വമോചനത്തിന്റെ കടവേരുകളാണ് കണ്ടിക്കുന്നത്. മാർക്സിസത്തിന്റെ ചിന്താപദ്ധതിയും വീക്ഷണഗതിയും അപഗ്രഥനരീതിയും അന്യോന്യം കൂടിപ്പിണഞ്ഞാണു കിടക്കുന്നത്. ഒന്നിനെ എടുത്തമറേറതിനെ ഉപേക്ഷിക്കുവാൻ സാധിക്കാത്ത വിധം ആ ഏകപക്ഷീയ വീക്ഷണം സാന്ദ്രീകരിച്ചിരിക്കയാണ്. മാർക്സിസത്തിന്റെ പ്രാക്സിസ് ആദ്ധ്യാത്മികതയും, ജനാധിപത്യവും ഒരിക്കലും ഉൾക്കൊള്ളില്ല. മനുഷ്യന്റെ മൗലികസിദ്ധിയും അടിസ്ഥാനാവകാശവുമായ സ്വാതന്ത്ര്യത്തിന്റെ കരുതിക്കൂട്ടി രാഷ്ട്രീയനിഷേധമാണ് മാർക്സിസത്തിന്റെ സാരാംശം. ദൈവത്തെ ചരിത്രമായും വിശ്വാസത്തെ ചരിത്രത്തോടുള്ള കൂറായും വെട്ടിച്ചുരുക്കാൻ ചില "വിദഗ്ദ്ധർ" വട്ടം കൂട്ടുന്നു. അവർക്കു

www.malankaralibrary.com

ചരിത്രത്തിന്റെ അടിസ്ഥാനനിയമം സ്നേഹമല്ല സംഘട്ടനമാണ് (വർഗ്ഗസമരം). ദൈവത്തിന്റെ അസ്തിത്വത്തെയും ശക്തിയെയും ഭൗതികചരിത്രത്തിൽ മാത്രമായി ഒതുക്കിനിർത്തി ഭൗതികാതീതങ്ങളായ അസ്തിത്വങ്ങളെയും ശക്തികളെയും കട്ടായം നിഷേധിക്കുന്ന ഹിസ്റ്റോറിസ്റ്റ് ഇമനെന്റിസവും ഇക്കണോമിക് ഡിററർമിനിസവും വച്ച് എങ്ങനെ ദിവ്യബലിയർപ്പിക്കും എന്ന് എനിക്കു ചിന്തിക്കാൻപോലും കഴിയുന്നില്ല. ഈ ഭൗതികമാത്രവീക്ഷണം വച്ച് ദിവ്യകാരുണ്യം സ്വീകരിക്കുന്ന ഒരാൾ ബാഹ്യജീവിതത്തിൽ എത്ര വലിയ ജനസേവനം നടത്തിയാലും ആന്തരികജീവിതത്തിൽ കന്നിക്കൊയ്ത്തിനു ശേഷം കററക്കുററി തിന്നുന്ന ഒരു കന്നുകാലി മാത്രമായി തരംതാഴും.

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്നുപറഞ്ഞ് കുർബാനതുടങ്ങാൻ ഇവർക്കെങ്ങനെ സാധിക്കും? ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും പകരാൻ ഈ മനോഭാവക്കാർക്ക് എങ്ങനെ കഴിയും? "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന് അർത്ഥബോധത്തോടെ അഭിസംബോധന നടത്താൻ ഈ സഹോദരർക്കു ചുണ്ടുചേരുമോ? സൗന്ദര്യപൂർണ്ണമായ സീയോനിൽ നിന്നു ദൈവം അവരിൽ പ്രകാശം വീശുമോ? ഏലിയായുടെ തീക്ഷ്ണതയോടും മോശയുടെ ധൈര്യത്തോടും കൂടി ജനങ്ങൾക്കു വേണ്ടി പോരാടാൻ ഇക്കൂട്ടർക്കു സാധിക്കുമോ? "അക്രമം കൈവെടിഞ്ഞ് സ്നേഹത്തിലും സഹിഷ്ണുതയിലും സമാധാനത്തിന്റെ മാർഗ്ഗത്തിലൂടെ ലോകജനതയെ നയിക്കാൻ വരം തരണ"മെന്ന പരിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥന എങ്ങനെ ചൊല്ലിത്തീർക്കും? "ഇസ്രായേൽ ജനത്തെ വാഗ്ദാനത്തിന്റെ ഭൂമിയിലേക്ക് മോശ നയിച്ചതുപോലെ സ്വർഗ്ഗീയ ഭവനത്തിലേക്കു ഞങ്ങളെ നയിക്കണമെ" എന്ന പ്രാർത്ഥന മാർക്സിയൻ അപഗ്രഥനക്കാർക്കു ദഹിക്കുന്നതെങ്ങനെ?

"വിശുദ്ധീകരണത്തിന്റെ ബലിപീഠമേ, സ്തുതി, ഞങ്ങളുടെ കർത്താവിന്റെ കബറിടമേ സ്തുതി. നിന്നിൽ നിന്നു ഞാൻ സ്വീകരിച്ച ഈ കുർബാന കടങ്ങളുടെ പൊറുതിയ്ക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനിയൊരു ബലി അർപ്പിക്കാൻ ഞാൻ വരുമോ ഇല്ലയോ എന്നെനിക്കറിഞ്ഞുകൂടാ" എന്നു പൂജാന്ത്യത്തിൽ വിടപറയാൻ ഈ സഹോദരീ സഹോദരങ്ങൾക്കു കഴിയുമോ? ലേഖനം ചുരുക്കുകയാണ്. കമ്മ്യൂണിസ്റ്റു കൾക്ക് ദൈവവിശ്വാസമില്ല. അടിസ്ഥാനപരമായി അവർ അക്രമത്തിൽ വിശ്വസിക്കുന്നു. അതേസമയം ക്രൈസ്തവർ ഈശ്വരനിൽ വിശ്വസിക്കുന്നു. അക്രമത്തിൽ വിശ്വസിക്കുന്നില്ല. ക്രൈസ്തവർ ഭൂമിയിൽ ജനിച്ച എല്ലാവ രെയും സഹോദരരായി കാണുന്നു. കമ്മ്യൂണിസ്റ്റുകൾ ജനത്തെ മുതലാളി വർഗ്ഗമെന്നും തൊഴിലാളിവർഗ്ഗമെന്നും രണ്ടായിതിരിച്ചിരിക്കുന്നു. ഈ രണ്ടു വർഗ്ഗങ്ങൾ തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ലെന്നും നിരന്തരം ഏററു മുട്ടിക്കൊണ്ടിരിക്കുമെന്നും ഈ ഏററുമുട്ടലിൽ തൊഴിലാളിവർഗ്ഗം അന്തിമ വിജയം നേടുമെന്നും മുതലാളിത്തവർഗ്ഗത്തെ ഇല്ലായ്മ ചെയ്ത് തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം സ്ഥാപിക്കാമെന്നും കമ്മ്യൂണിസ്റ്റുകൾ വിശ്വസിക്കുന്നു. നിയമംമൂലം സ്വത്തിന്റെ വിതരണം ക്രമികരിക്കണമെന്നല്ല വിപ്ലവും നടത്തി

www.malankaralibrary.com

പിടിച്ചുപറിക്കണമെന്നാണ് മാർക്സിസ്റ്റ് തത്വം. ഈ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ എന്തുമാററമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വന്നിരിക്കുന്നത്. മാററം വന്നുവെന്ന് അവർപോലും സമ്മതിക്കുകയില്ല. എന്നിട്ടും കത്തോലിക്കാസഭയും ഇടുതപക്ഷഴും തമ്മിൽ അകൽച്ചയില്ലെന്ന് ഒരു മെത്രാൻ അഭിപ്രായപ്പെട്ടാൽ അതിന്റെ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും സംശയമില്ല.

ഈ പ്രശ്നത്തെപ്പററി പഠിക്കാൻ കെ.സി.ബി.സി. ഒരു ഉപസമിതി വച്ചപ്പോൾ പല വൈദികരും അൽമായരും കമ്മ്യൂണിസ്റ്റുകളിൽ വലിയമാററം വന്നു എന്നു പറയുന്നത് കേൾക്കുവാനിടയായി. ഇത് ഒരു വിവാദവിഷയമാകേണ്ട കാര്യംപോലുമില്ലായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ മാർ പൗവ്വത്തിൽ പറഞ്ഞ ഒരു കാര്യം പ്രസക്തമാണ് "കൂട്ടായ ചർച്ചയിലൂടെ മാത്രമേ ഇത്തരം കാര്യങ്ങളിൽ അഭിപ്രായം പറയാവൂ. സഭയുടെ ഐക്യം ഇക്കാര്യത്തിൽ വ്യക്തമാക്കിയില്ലെങ്കിൽ അതു പ്രശ്നങ്ങൾക്ക് ഇട നൽകും. ഇങ്ങനെയുള്ള വിഷയങ്ങളിൽ പൊതുഅഭിപ്രായരൂപീകരണത്തിനുശേഷമേ അഭിപ്രായപ്രകടനം മെത്രാന്മാർ നടത്താവൂ എന്നാണ് എന്റെ അഭിപ്രായം.

കമ്മ്യൂണിസ്റ്റുകളിലെ നയപരമായ മാററം, മണ്ഡൽ കമ്മീഷൻ, നരേന്ദ്രൻ കമ്മീഷൻ, വെണ്ണപ്പാളി പ്രശ്നം, സാമ്പത്തിക സംവരണം തുടങ്ങിയ വിവാദപരമായ കാര്യങ്ങളിൽ ഓരോ പിതാക്കന്മാരും ഓരോ അഭിപ്രായം പ്രകടിപ്പിക്കുന്നത് ശരിയല്ല. പൊതുവായി ചർച്ച ചെയ്ത് അഭിപ്രായഐക്യത്തിൽ എത്തിയതിനുശേഷം മാത്രമേ പത്രപ്രസ്താവന ചെയ്യുവാനുള്ള ഒരു കീഴ്‌വഴക്കം സൃഷ്ടിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഈയടുത്തകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വന്ന നയവ്യത്യാസം എന്ത്? കത്തോലിക്കാസഭയും കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ കൂടുതൽ അടുക്കുന്നുവെന്നുള്ളതിന് തെളിവ് എന്ത്? ഒരു വൈദീക മേലദ്ധ്യക്ഷനെയല്ലെങ്കിൽ വൈദീകനെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യോഗങ്ങളിൽ പങ്കെടുപ്പിക്കുന്നത് നയപരമായ മാററമായി കണക്കാക്കാമോ? ഉപസമിതി ഇക്കാര്യം കൂടി ചർച്ചയ്ക്ക് വിധേയമാക്കണമെന്നഭ്യർത്ഥിക്കുന്നു.

ഇനിയും കുടിയിറക്കുണ്ടായാൽ, മേൽച്ചാർത്ത് ഏർപ്പെടുത്തിയാൽ, കർഷകദ്രോഹം നടന്നാൽ അതിനെ ഞാൻ എതിർക്കാനും, കമ്മ്യൂണിസ്റ്റുകാരെ അടിയന്തരാവസ്ഥ കാലത്തേതുപോലെ അന്യായമായി കൽത്തുറുങ്കിൽ അടച്ചാൽ അവരെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കാനും ഞാനുണ്ടാകും. ആ രംഗത്ത് പ്രവർത്തിക്കുമ്പോഴും കമ്മ്യൂണിസ്റ്റുകൾ എന്താണെന്നും അവരുടെ പ്രത്യയശാസ്ത്രം എന്താണെന്നും ഉറക്കെപറയാനും ഞാൻ തയ്യാറാകും.

ഈ ലേഖനം കേരളത്തിലെ എല്ലാ കത്തോലിക്കാ വൈദികമേഖലാദ്ധ്യക്ഷൻമാർക്കും അയച്ചു കൊടുക്കുകയും അവരുടെ അഭിപ്രായം ചോദിക്കുകയും ചെയ്തു. ഈ ലേഖനം സണ്ടേ ശാലോലിൽപ്രസിദ്ധീകരിക്കുകയും ചെയ്തു.

(8-9-2004)

www.malankaralibrary.com

## (352)

# രാഷ്ട്രീയക്കാരായ കത്തോലിക്കാ നേതാക്കളോട്

എ.കെ.ആന്റണി മുഖ്യമന്ത്രിസ്ഥാനം രാജിവച്ചതിനെത്തുടർന്ന് മുഖ്യമന്ത്രിയാകാനും സഹമന്ത്രിയാകാനും പലരും കരുക്കൾ നീക്കി. കോൺഗ്രസ് എം.എൽ.എ. മാരുടെ ഭൂരിപക്ഷം മാനിച്ച് ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി. തുടർന്ന് മന്ത്രിസ്ഥാനത്തിനും മററുപദവികൾക്കുംവേണ്ടി നേതാക്കൾ നെട്ടോട്ടം തന്നെ നടത്തി. ഗ്രൂപ്പിന്റെയും സമുദായത്തിന്റെയും പേരിലാണ് ഓരോരുത്തരും സ്ഥാനത്തിനുവേണ്ടി വാദിച്ചത്. സമർത്ഥനായ, സത്യസന്ധനായ, അഴിമതിയില്ലാത്ത ഒരാളെ മന്ത്രിയാക്കണമെന്ന് ആരും വാദിച്ചുകേട്ടില്ല. ഗ്രൂപ്പിന്റെയും സമുദായത്തിന്റെയും പേരുപറഞ്ഞ് സ്ഥാനം പിടിച്ചെടുക്കുവാനാണ് പലരും ശ്രമിച്ചത്. ഗ്രൂപ്പുകളിൽനിന്ന് പല സന്ദർഭത്തിലും സൗകര്യപൂർവ്വം കാലുമാറിയവരും സമുദായത്തിനൊപ്പം ഒരിക്കലും നിലകൊള്ളാത്തവരും സമുദായത്തെ വിപൽഘട്ടങ്ങളിൽ തള്ളിപ്പറഞ്ഞവരുമാണ് ഗ്രൂപ്പുകളുടെയും സമുദായത്തിന്റെയും പേരിൽ മന്ത്രിസ്ഥാനത്തിനുവേണ്ടി വിലപേശിയത്. അവർ വിലപേശുകമാത്രമല്ല; ഉന്നതരെ വെട്ടിൽച്ചാടിച്ചു സമുദായത്തിന്റെ പേരിൽ സമ്മർദ്ദം ചെലുത്തുവാൻ ശ്രമിക്കുകയും ചെയ്തു.

കത്തോലിക്കരായ രാഷ്ട്രീയക്കാർക്ക് അവഗണനയുണ്ടായാൽ സമുദായം അവർക്കുവേണ്ടി വാദിച്ചുകൊള്ളണമെന്നാണ് രാഷ്ട്രീയക്കാരായ കത്തോലിക്കരുടെ നിലപാട്. രാഷ്ട്രീയത്തിൽ ചവിട്ടും തൊഴിയും കിട്ടുമ്പോൾ മാത്രമാണ് അവർ സമുദായത്തെ ഓർക്കാറുള്ളത്. സമുദായം വിപൽഘട്ടങ്ങളിൽ എത്തിയപ്പോൾ എന്നെങ്കിലും സമുദായ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ തങ്ങൾ തയ്യാറായിട്ടുണ്ടോയെന്ന് അവർ ചിന്തിക്കാറില്ല. ഉമ്മൻചാണ്ടി മന്ത്രിസഭ വികസിപ്പിച്ച അവസരത്തിൽ പലരും സമുദായപ്രാതിനിധ്യവാദം ഉയർത്തി മന്ത്രിമാരാകാൻ ശ്രമിച്ചു. നാടാരെയും മുസ്ലീമിനെയും പിന്നോക്കക്കാരനെയും ഒക്കെ കോൺഗ്രസ് മന്ത്രിമാരാക്കി. സുറിയാനി കത്തോലിക്കരിൽനിന്നും ഒരാളിനെപ്പോലും മന്ത്രിമാരാക്കാൻ കോൺഗ്രസുകാർ തയ്യാറായില്ല. പത്രങ്ങളിൽ ഈ രീതിയിലുള്ള വാർത്ത വന്നു. ഈ വാർത്ത പ്രചരിപ്പിച്ചതിന്റെ പിന്നിൽ സ്ഥാനമോഹികളായ കത്തോലിക്കാ എം.എൽ.എ. മാരായിരുന്നു. സമുദായ വികാരം തട്ടിയുണർത്തി മന്ത്രിയാകാമെന്നവർ മോഹിച്ചു. പക്ഷേ സമുദായം അനങ്ങിയില്ല. ഈ അവഗണനയ്ക്കെതിരെ പ്രതിഷേധം പുറപ്പെടുവിക്കണമെന്ന് പലരും സമുദായ പ്രവർത്തകരോടാവശ്യപ്പെട്ടു. രാഷ്ട്രീയക്കാരുടെ താളത്തിനൊപ്പിച്ച് തുള്ളുവാൻ സമുദായം തയ്യാറായില്ല. രാഷ്ട്രീയക്കാർ ഭാവന ചെയ്ത ബഹളം ചായക്കോപ്പയിലെ കൊടുങ്കാററ് മാത്രമായി.

www.malankaralibrary.com

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ക്രൈസ്തവരായ രാഷ്ട്രീയപ്രവർത്തകർ പൊതുവേ സമുദായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ താൽപര്യം കാണിച്ചില്ല. സമുദായത്തിൽനിന്നും അകന്നു ജീവിക്കുന്നതാണ് തങ്ങളുടെ രാഷ്ട്രീയഭാവിക്ക് പ്രയോജനകരമായിത്തീരുന്നതെന്ന് പലരും പ്രതീക്ഷിച്ചു. ചില സന്ദർഭങ്ങളിൽ സമുദായ താൽപര്യം തള്ളിപ്പറയുന്നത് ഗുണകരമാകുമെന്ന് വിചാരിച്ചവരാണ് അധികം പേരും. പനമ്പള്ളിയുടെ വിദ്യാഭ്യാസ പദ്ധതിയെ എല്ലാ ക്രിസ്ത്യൻ എം.എൽ.എ.മാരും അനുകൂലിച്ചത് രാഷ്ട്രീയലാഭം നോക്കിയായിരുന്നു. 1960-കളിൽ കുടിയിറക്കുകൾക്കെതിരായ പ്രക്ഷോഭണം നടന്നപ്പോൾ 14 ക്രിസ്ത്യൻ എം.എൽ.എ.മാർ ഒന്നിച്ചുനിന്ന് ഫാ.വടക്കനെതിരെ പൊരുതിയത്, രാഷ്ട്രീയലാഭം നോക്കി മാത്രമായിരുന്നു. ഏതെങ്കിലും കാലത്ത് സഭയോടൊത്ത് ക്രൈസ്തവ എം.എൽ.എ.മാർ നിലകൊണ്ടിട്ടുണ്ടെങ്കിൽ അന്നവർ പ്രതിപക്ഷത്തായിരുന്നതുകൊണ്ടു മാത്രമാണ്. 1972-ലെ കോളേജു സമരത്തിൽ സഭയോടൊത്തുനിന്ന് സമരം ചെയ്ത മൂന്ന് ക്രൈസ്തവ നേതാക്കൾ മന്ത്രിമാരായിരിക്കുമ്പോഴാണ് സ്വാശ്രയകോളേജു പ്രശ്നം രൂക്ഷമാകുന്നത്. 1972-ൽ പ്രതിപക്ഷത്തായിരുന്നതുകൊണ്ടുമാത്രം സഭയോടൊത്ത് സമരം ചെയ്ത ക്രിസ്ത്യൻ നേതാക്കൾ സ്വാശ്രയകോളേജു പ്രശ്നം വന്നപ്പോൾ സഭയുടെ നിലപാടിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ തയ്യാറായില്ല. 1972-ൽ ഭരണപക്ഷത്തിരുന്ന ക്രൈസ്തവ എം.എൽ.എ.മാർ വിദ്യാഭ്യാസ സമരത്തിന് നേതൃത്വം നൽകിയ മെത്രാന്മാരെ ചാട്ടവാറുകൊണ്ട് അടിക്കണമെന്നാണ് പ്രഖ്യാപിച്ചത്.

സമുദായത്തിന് അപകടകരമായ സ്ഥിതിവിശേഷം സംജാതമാകുമ്പോൾ ദേശീയ താൽപര്യങ്ങൾക്ക് വിരുദ്ധമല്ലാത്ത പ്രശ്നങ്ങളിൽ ഇടപെടുവാനുള്ള സന്മനസ്സ് രാഷ്ട്രീയപ്രവർത്തകരായ ക്രൈസ്തവർ കാണിക്കേണ്ടതാണ്. ഇന്നുവരെ രാഷ്ട്രീയക്കാരനായ ഒരു ക്രൈസ്തവനും അതിന് തയ്യാറായിട്ടില്ല. ഇങ്ങനെയുള്ള അവസരവാദികളായ ക്രൈസ്തവ നേതാക്കൾക്ക് പ്രതിസന്ധികളെ നേരിടേണ്ടി വരുമ്പോൾ തണലേകാൻ ആരും ഉണ്ടാവുകയില്ല. ഉമ്മൻചാണ്ടി മന്ത്രിസഭയിൽനിന്നും സുറിയാനി കത്തോലിക്കരെ ഒഴിവാക്കിയതിന്റെ പേരിൽ ക്രൈസ്തവസമുദായത്തെക്കൊണ്ട് ഒരു പ്രക്ഷോഭണം നടത്തിക്കാമെന്ന രാഷ്ട്രീയക്കാരുടെ കണക്കുകൂട്ടലുകൾ പൊളിഞ്ഞത് ഈ സാഹചര്യത്തിലാണ്. ഈ സത്യം ക്രൈസ്തവരായ രാഷ്ട്രീയക്കാർ മനസ്സിലാക്കണം. ക്രൈസ്തവരുടെ നിലപാട് അല്ല മററു സമുദായങ്ങളിൽനിന്നുള്ള രാഷ്ട്രീയപ്രവർത്തകരുടെ നിലപാട്. സ്വന്തം സമുദായം പ്രതിസന്ധികളെ നേരിടുമ്പോൾ സമുദായത്തോടൊപ്പം നിലനിൽക്കുവാൻ അവർ എന്നും തയ്യാറായിട്ടുണ്ട്. അതുകൊണ്ട് സമുദായം എന്നും അവരോടൊപ്പമുണ്ടാവുകയും ചെയ്യുന്നു.

(ഈ ലേഖനം സണ്ടേ ശാലോമിൽ 2004 നവംബറിൽ പ്രസിദ്ധീകരിച്ചു.)

www.malankaralibrary.com

# എൺപത്തിയാറുകാരിയുടെ കഥ

1918ലാണ് അവൾ ജനിച്ചത്. ബാല്യത്തിലും യൗവനത്തിലും അവൾ ചുറുചുറുക്കോടെ പ്രവർത്തിച്ചു. നാടിനും നാട്ടുകാർക്കും വീട്ടുകാർക്കും വേണ്ടി ഒരുപാട് കഷ്ടപ്പെട്ടു. നീതിനിഷേധത്തിനെതിരെ പടപൊരുതി അവഗണിക്കപ്പെട്ടവരുടെ ആശ്രയമായി അവൾ മാറി. അവളുടെ ശ്രമഫലമായി നേട്ടങ്ങൾ വാരിക്കൂട്ടിയവർ പിൽക്കാലത്ത് അവളെ സ്മരിക്കുക പോലുമില്ലെന്നായി. സ്വന്തം മക്കൾപോലും സേവനധന്യയായ ആ അമ്മയെ വിസ്മരിച്ചു. വാർദ്ധക്യത്തിൽ അവൾ നേരിട്ട ദുർഗ്ഗതിയിൽ ആരും അവളെ സഹായിക്കാനില്ലാതായി. സമ്പന്നരായ അവരുടെ മക്കൾക്ക് വൃദ്ധയായ മാതാവിനെ വേണ്ടാതായി. അമ്മയേക്കാൾ കൂടുതലായി അവർ ലയൺസ് ക്ലബ്ബിനേയും അവിടുത്തെ സുഖങ്ങളേയും മററും ആശ്ലേഷിച്ചു.

വൃദ്ധയായ അമ്മയെ നോക്കുവാൻ ഒരു മകൻ ഉണ്ടായിരുന്നു. അമ്മയുടെ കട്ടിലിനരികിൽ ഇരുന്ന് അമ്മയെ ശുശ്രൂഷിച്ചു. അവൻ അമ്മയെ ശുശ്രൂഷിക്കുന്നത് മററ് മക്കൾക്ക് പുച്ഛമായിരുന്നു. വെളുത്തവനെക്കേറി അപ്പാ എന്നു വിളിക്കുന്ന മനോഭാവത്തോടെയാണ് അമ്മയോട് മററു മക്കൾ പെരുമാറിയത്. വാർദ്ധക്യത്തിൽ അമ്മയെ പരിചരിച്ച ആ മകനെ സമൂഹം ആദരിച്ചു. ബഹുമാനിച്ചു. അവന്റെ മാതൃസ്നേഹത്തെയും അർപ്പണമനോഭാവത്തെയും പലരും പ്രശംസിച്ചു. ആ പ്രശംസകൾ ഏററു വാങ്ങുമ്പോഴും ആ അമ്മക്കുവേണ്ടി കൂടുതൽ പ്രവർത്തിക്കുവാൻ സാധിക്കുന്നില്ലല്ലോയെന്ന ദുഃഖം മാത്രം അവനുണ്ടായിരുന്നു.

അമ്മയെ സ്വജീവനുതുല്യം സ്നേഹിച്ച - അമ്മയെ വിശ്വസ്തതാപൂർവ്വം ശുശ്രൂഷിച്ച മകനെ മററുള്ളവർ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നതുകണ്ടപ്പോൾ മററുള്ള സഹോദരങ്ങൾ അസൂയാലുക്കളായി. അമ്മയെ ശുശ്രൂഷിച്ചതുകൊണ്ടാണല്ലോ അവന് ബഹുമാനം ലഭിക്കുന്നത്. ആ ബഹുമതിക്ക് തങ്ങൾകൂടി അർഹരാകണം. ആ ബഹുമതി നേടിയെടുക്കുന്നതിനുള്ള വഴികൾ അവർ തേടി. ഇതുവരെ അമ്മെയ യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ സേവിച്ച മകനെ പുറത്തുചാടിക്കുക. അമ്മയെ തങ്ങളും സ്നേഹിക്കുന്നുണ്ടെന്നു ബോദ്ധ്യപ്പെടുത്തുക. അമ്മയെ കൈക്കലാക്കുക. അമ്മയെ പരിചരിക്കുന്നതിനുവേണ്ടിയല്ല. അമ്മയെ സ്നേഹിച്ചവർ എന്ന ബഹുമതി ആർജ്ജിക്കുന്നതിനുവേണ്ടി മാത്രം.


അമ്മയെ പരിചരിക്കുന്ന മകനെ പുറത്താക്കുന്നതിനും അമ്മയെ കൈക്കലാക്കുന്നതിനുമുള്ള ശ്രമങ്ങളാണ് പിന്നീട് നടന്നത്. തന്റെ സ്നേഹിതരെയും വഴിപോക്കരെയും ഒക്കെക്കൂട്ടി ഒരു വിപ്ലവംതന്നെ നടത്താനായി ആലോചന. അതിനുവേണ്ടി മദ്യക്കുപ്പികൾ പലതു പൊട്ടിച്ചു.

www.malankaralibrary.com

അവർ അർദ്ധരാത്രിയിൽ വീട് കൈവശപ്പെടുത്തി. അമ്മക്ക് ആശ്രയമായിരുന്ന മകനെ പുറത്തു ചാടിച്ചു. അമ്മയുടെ പരിചരണം ഏററെടുത്തു.

വൃദ്ധയായ അമ്മയുടെ പരിചരണം അവർ ഉദ്ദേശിച്ച രീതിയിൽ എളുപ്പമായിരുന്നില്ല. ഒരു വർഷമായി അമ്മ ശരിയായ പരിചരണം ലഭിക്കാതെ ഊർദ്ധ്വശ്വാസം വലിക്കാൻ തുടങ്ങിയിരിക്കുന്നു. അമ്മയുടെ തുണിപ്പെട്ടിയിലും അലമാരിയിലും സൂക്ഷിച്ചിരുന്നതെല്ലാം അടിച്ചുമാററുന്നതിലായിരുന്നു അവരുടെ ശ്രദ്ധ മുഴുവനും. കുടുംബം വക ചരിത്രരേഖകളും പ്രമാണങ്ങളും ശുശ്രൂഷിച്ചിരുന്ന മകന്റെ അദ്ധ്വാനഫലമായ ലഘുസമ്പാദ്യങ്ങൾപോലും അവർ രായ്ക്കുരാമാനം അപഹരിച്ചുകൊണ്ടുപോയി. അമ്മ റിസീവർ ഭരണത്തിലും പോലീസ് കാവലിലും ശ്വാസം മുട്ടി അന്ത്യശ്വാസത്തിനുവേണ്ടി പിടയുന്നതുകണ്ടുകൊണ്ട് വിതുമ്പിക്കരയാൻ മാത്രമേ മാതൃഭക്തനായ ആ മകനു കഴിയുന്നുള്ളൂ. അവന്റെ വിതുമ്പലാണ് ഈ ഗ്രന്ഥത്തിന്റെ ഉപസംഹാരം. അവന്റെ കണ്ണുനീർത്തുള്ളിയാണ് ഇതിന്റെ പൂർണ്ണവിരാമം.

നഷ്ടപ്പെട്ടുപോയ റിക്കാർഡുകൾ അവ എവിടെകൊണ്ടുപോയി എന്ന് ആ മകൻ അന്വേഷിച്ചു. വീട് പിടിച്ചെടുക്കുവാൻ നേതൃത്വം നൽകിയവരുടെയും അവരുടെ സുഹൃത്തുക്കളുടെയും ഭവനങ്ങളിൽ ആ മകന്റെ സമ്പാദ്യമായ ചരിത്രപുസ്തകങ്ങളുടെ ഒന്നിലധികം കോപ്പികൾ ഉണ്ടെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ആ പുസ്തകങ്ങളുടെ കോപ്പി സമ്മാനമായി അവരിൽ പലരും നേരത്തെ ചോദിച്ചിരുന്നു. സൗജന്യമായി ലഭിക്കാഞ്ഞത് പിടിച്ചെടുത്തു എന്ന് ചുരുക്കം.



www.malankaralibrary.com

# തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ



## ജോൺ കച്ചിറമറ്റം

ആധുനിക കാലത്ത് രാഷ്ട്രീയ പ്രവർത്തനവും പത്ര പ്രവർത്തനവും സാഹിത്യ രചനയും പ്രധാനമായും വ്യത്യസ്ഥങ്ങളായ രണ്ടു ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണല്ലോ. ആദർശം ലക്ഷ്യമാക്കിയുള്ളവർ ന്യൂനപക്ഷവും, ആദായം ലക്ഷ്യമാക്കിയുള്ളവർ ഭൂരിപക്ഷവും ആയിട്ടാണ് ഇന്ന് കാണപ്പെടുന്നത്. ഒരു ഡസനിലേറെ ഗ്രന്ഥങ്ങളും, നൂറ് കണക്കിന് ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ച് കേരള ക്രൈസ്തവർക്ക് കാഴ്ചവച്ചിട്ടുള്ള ശ്രീ ജോൺ കച്ചിറമറ്റം ആദായം ലക്ഷ്യം വച്ചുകൊണ്ടായിരുന്നില്ലാ അപ്രകാരം ചെയ്തതെന്ന് കഴിഞ്ഞ നാല്പതുവർഷത്തെ അദ്ദേഹവുമായുള്ള അടുത്തപരിചയത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് സാക്ഷീകരിച്ച് പറയുവാൻ കഴിയും. പലപ്പോഴും ക്രിയാത്മക വിമർശനം (Constructive Criticism) ലേഖനങ്ങളിലൂടെ പ്രകടിപ്പിക്കുന്ന ശ്രീ കച്ചിറമറ്റത്തിന് ഇന്നത്തേ തലമുറ ഒരു പക്ഷേ വേണ്ടത്ര അംഗീകാരം നൽകുന്നില്ലെങ്കിൽ കൂടി പ്രബുദ്ധമായ ഭാവി തലമുറ അദ്ദേഹത്തെ ആദരിക്കുമെന്നുള്ളതിൽ എനിക്ക് തെല്ലും സംശയമില്ല.

ഷെവ. വർഗീസ് കരിപ്പായിൽ

കഴിഞ്ഞ രണ്ടു മൂന്നു ദശകങ്ങൾക്കുള്ളിൽ ഇവിടുത്തെ ക്രിസ്തീയ സമൂഹം അഭിമുഖീകരിച്ചിട്ടുള്ള പലവെല്ലുവിളികളെയും പ്രശ്നങ്ങളെയും നേരിടുന്നതിൽ കച്ചിറമറ്റം സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കുടിയേറ്റ കർഷകർ, മത്സ്യത്തൊഴിലാളികൾ, ഹരിജനങ്ങൾ, ദളിത് ക്രൈസ്തവർ, ന്യൂനപക്ഷ വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവർക്കെല്ലാം കച്ചിറമറ്റത്തിന്റെ സേവനം ലഭിച്ചിട്ടുണ്ട്. കച്ചിറമറ്റം വിളിച്ചു കൂട്ടിയിട്ടുള്ള നേതൃത്വ സമ്മേളനങ്ങൾ സമൂഹത്തിൽ ഉളവാക്കിയിട്ടുള്ള ചലനങ്ങൾ സമകാലികാർക്കൊക്കെ അറിയാം. രാഷ്ട്രീയത്തിനതീതമായി സാമുദായിക പ്രശ്നങ്ങളിൽ ഇടപെടുവാൻ കച്ചിറമറ്റം കാണിച്ചിട്ടുള്ള വിവേകം പ്രത്യേകം പരാമർശമർഹിക്കുന്നു. ദീർഘകാലം കത്തോലിക്കാ കോൺഗ്രസിന്റെ സാരഥ്യം വഹിച്ച കച്ചിറമറ്റം ഒരിക്കൽപോലും രാഷ്ട്രീയത്തെ സമുദായ പ്രവർത്തനവുമായി കൂട്ടിക്കുഴയ്ക്കുവാൻ ശ്രമിച്ചിട്ടില്ലന്നത് പ്രത്യേകം എടുത്തുപറയേണ്ടകാര്യമാണ്.

ബി. വെല്ലിംഗ്ടൺ (മുൻമന്ത്രി)

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com